# ശ്രീമഹാഭക്തവിജയം.

ഒന്നാം ഭാഗം.

പരിഭാഷകൻ,

ശ്രീമാൻ, കാവുങ്ങൽ നീലകണ്ഠപ്പിള്ള അവൎകൾ.

പ്രകാശകന്മാർ,

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്.

"വിദ്യാഭിവൎദ്ധിനി" അച്ചുകൂടം—കൊല്ലം.

൨ാം പതിപ്പ് കാപ്പി ൧൦൦൦.

കാപ്പിറൈറ്റ് പ്രകാശകന്മാരിൽ.

1099.



# ശ്രീമഹാഭക്തവിജയം.

## ഒന്നാം ഭാഗം.


പരിഭാഷകൻ,

ശ്രീമാൻ, കാവുങ്ങൽ നീലകണ്ഠപ്പിള്ള അവൎകൾ.



പ്രകാശകന്മാർ,

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്.

"വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം—കൊല്ലം.

൨-ാം പതിപ്പ് കാപ്പി—൫൦൦.



കാപ്പിറൈററ് പ്രകാശകന്മാരിൽ.



1099.

# അവതാരിക.

"തന്നുടെഭക്തരെക്കാൾ പ്രിയമാരെയും
തന്നുള്ളിലില്ലമറ്റൊന്നറിഞ്ഞീടുവിൻ
നിൎണ്ണയംഭക്തരെരക്ഷിപ്പതിന്നുതാൻ
തന്നെയുംകൂടെമറന്നുപോമീശ്വരൻ"

വിദുരഭാൎയ്യ സൽക്കരിച്ച വാഴപ്പഴം തൊലിച്ചു പഴം കളയുകയും തൊലി തിന്നുകയും ചെയ്തതു് ഭഗവാൻ തന്നെത്താൻ മറന്നുപോയിട്ടല്ലേ? അദ്ദേഹം എഴുന്നെള്ളിയ വിവരം കേട്ടയുടൻ കുളിപ്പുരയിൽനിന്നും ഓടിയിറങ്ങി പൂജാദ്രവ്യങ്ങളുമായി ഭഗവൽസന്നിധിയിൽ എത്തി പൂജതുടങ്ങിയ താൻ നഗ്നയാണെന്ന വിവരംപോലും, വിദുരർ സൂചിപ്പിക്കുന്നതിനു മുമ്പായി അറിയുന്നതിനു ഭക്തിപാരവശ്യംകൊണ്ടു പ്രജ്ഞയില്ലാതായിപ്പോയ വിദുരഭാൎയ്യയെപ്പോലെയുള്ളവരെക്കാണുമ്പോൾ ഭക്തവത്സലനായ ഭഗവാൻ തന്നെത്താൻ മറന്നുപോകുന്നതിൽ അതിശയിക്കാൻ ഉണ്ടോ? ഭഗവദ്ദൎശനത്തിൽ അത്യുൽക്കണ്ഠയോടുകൂടിയ വിദുരഭാൎയ്യ നഗ്നയായി ഓടിയെത്തിയതിലും അതിശയിക്കാനില്ല. "തിൎയ്യഗ്യോനിജങ്ങൾക്കെന്നാകിലും മൂഢമാരാം നാരികൾക്കെന്നാകിലും പ്രേമലക്ഷണയായ ഭക്തി സംഭവിക്കുമ്പോൾ" ഇതും ഇതിലധികവും ഉണ്ടാവുക പതിവാണു്. കടലിൽ വീണ ഉപ്പുകട്ടപോലെ അനന്യചിത്തവൃത്തികളായ ഭക്തജനങ്ങളുടെ ഹൃദയം ഭഗവദ്ദൎശനത്തിങ്കൽ മാത്രമല്ല ഭഗവന്നാമോച്ചാരണത്തിങ്കലും തന്നത്താൻ അലിഞ്ഞു ലയിച്ചുപോകും. അല്ലെങ്കിൽ 'ക' എന്ന ആദ്യക്ഷരം പഠിച്ചപ്പോൾ പ്രഹ്ലാദൻ കരയുമായിരുന്നോ? പഠിക്കാനുള്ള മടികൊണ്ടല്ല അദ്ദേഹം കരഞ്ഞതു്. കൃഷ്ണനാമത്തിന്റെ ആദ്യക്ഷരം ആണല്ലോ എന്നുവിചാരിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ പരമാനന്ദാനുഭവം സന്തോഷാശ്രുക്കളായി ധാരമുറിയാതെ ഒഴുകിപ്പോയതാണു്. വിചാരിക്കുമ്പോൾ മററുള്ളവൎക്കസങ്കടം വന്നുപോകുന്നപല കഠിനോപദ്രവങ്ങളും നിഷ്പ്രയാസം സഹിക്കുന്നതിനു മനക്കരുത്തുള്ള ആ ഭക്തശിരോമണിയുടെ ദൃഢചിത്തം ഭഗവന്നാമത്തിന്റെ ഒരു ഒററ അക്ഷരം ഉച്ചരിച്ചപ്പോൾ ചന്ദ്രരശ്മി തട്ടിയ ചന്ദ്രകാന്തക്കല്ലു പോലെ അലിഞ്ഞുപോയിട്ടല്ലേ കരഞ്ഞുപോയതു്.

ഭഗവാനെക്കാൾ ശക്തി ഭഗവൽഭക്തന്മാൎക്കാണെന്നുള്ളതിനുപല ദൃഷ്ടാന്തങ്ങളുമുണ്ടു്. ഭഗവൽഭക്തനായ ഹനൂമാൻ രാമനാമവും പാടി ചാടിക്കടന്ന ദക്ഷിണസമുദ്രം കടക്കുന്നതിനു ചിറയിടാതെ രാമസ്വാമിയെക്കൊണ്ടുകഴിഞ്ഞില്ല. ആശ്രിതരക്ഷകനായ മഹാവിഷ്ണുവിനു തന്നെ ശരണംപ്രാപിച്ച ദുൎവ്വാസാവിനെ ചക്രഭയത്തിൽനിന്നും രക്ഷിക്കുന്നതിനു അംബരീഷന്റെ അടുക്കൽതന്നെ പറഞ്ഞയക്കേണ്ടിവന്നു. ഇവയൊരോന്നും യഥാൎത്ഥഭക്തന്മാർ ഭഗവാനെക്കാളും ശക്തന്മാരാണെന്നുള്ളതിനും ഭഗവാനെക്കൊണ്ടു കഴിയുന്നതിലും അധികം കാൎയ്യങ്ങൾ അവരെക്കൊണ്ടു കഴിയുമെന്നുള്ളതിനും ഉള്ളംകൈയിൽ നെല്ലിക്കയെന്നപോലെയുള്ള ദൃഷ്ടാന്തങ്ങൾ ആണു്.

"ഇന്നത്തെ തിഥി എന്താണെ"ന്നു പണ്ടാരോ ചോദിച്ചപ്പോൾ "ഞാൻ ശ്രീരാമദാസൻ" എന്നുത്തരംപറഞ്ഞ ഹനൂമാനേയും കപ്പൽമുങ്ങി ഭാഗ്യംകൊണ്ടു ലങ്കാതീരത്തിൽ എത്തുന്നതിനു സംഗതിയായ ഒരു മനുഷ്യനെ സേവകന്മാർ തൂക്കിയെടുത്തു രാജസന്നിധിയിൽ കൊണ്ടുചെന്നപ്പോൾ സിംഹാസനത്തിൽനിന്നും ഓടിയെഴുന്നേററു, രാമ! രാമ! എന്നുള്ള നാമജപത്തോടെ സാഷ്ടാംഗപ്രണാമംചെയ്തുപോയ വിഭീഷണനെയുംപോലെയുള്ളവരാണു യഥാൎത്ഥഭക്തന്മാർ. അവരുടെ ഭക്തിമയമായ ചരിത്രമാണു പഠിക്കേണ്ടതു. അവരെയാണു നാം അനുഗമിക്കേണ്ടതു്. അവർ അനുഭവിച്ച അനശ്വരമായ പരമനിൎവ്വൃതിയെ ആണു് നാമും അനുഭവിക്കേണ്ടതു്. നാം മനുഷ്യജന്മം എടുത്തതിന്റെ പരമപ്രയോജനവും അതുതന്നെയാണു്.

ഇങ്ങനെയുള്ളവർ ലോകത്തിൽ അധികം ഉണ്ടാകാറില്ല. പലപല രാജാക്കന്മാരുടെയും യോഗികളുടെയും മഹർഷിഗണങ്ങളുടെയും ജ്ഞാനികളുടെയും കർമ്മികളുടെയും അവതാരപുരുഷന്മാരുടെയും ദേവഗന്ധർവരാക്ഷസാപ്സരസ്സുകളുടെയും പക്ഷിമൃഗാദിതിര്യഗ്യോനികളുടെയും കഥകളെ രസാവഹമായി വിവരിക്കുന്ന ഭാഗവതാദിപുരാണങ്ങളിൽ യഥാർത്ഥഭക്തന്മാരുടെ എണ്ണം മററുവകക്കാരെ അപേക്ഷിച്ചു എത്രയോ തുച്ഛമായിരിക്കുന്നു. ഭാഗവതാദിപുരാണങ്ങൾ വഴിയായി ശുകൻ, നാരദൻ, പ്രഹ്ളാദൻ, ധ്രുവൻ, അംബരീഷൻ, ഹനുമാൻ, വിഭീഷണൻ, വിദുരൻ, അക്രൂരൻ, കുചേലൻ എന്നിങ്ങനെ ചുരുക്കം ചില യഥാർത്ഥഭക്തന്മാരുടെ ചരിത്രവുമായി പരിചയിക്കുന്നതിനേ നമുക്കു ഭാഗ്യമുണ്ടായിട്ടുള്ളു. അതു് അക്കാലത്തുണ്ടായിരുന്ന മററുള്ള യഥാർത്ഥഭക്തന്മാരുടെ കഥകളെ അവർ വിട്ടുകളഞ്ഞതുകൊണ്ടല്ല. ഇന്നത്തെപ്പോലെതന്നെ അന്നും അവരുടെ സംഖ്യ വളരെ വളരെ കുറവായിരുന്നതുകൊണ്ടാണു്. അല്ലെങ്കിൽ "ഓരോരോ ജനങ്ങൾക്കു മുക്തിമാർഗ്ഗതത്വങ്ങൾ ഓരോരോ വിധമത്രെ കേവലം സ്വഭാവങ്ങൾ എന്നതിലെല്ലാവർണ്ണത്തിങ്കലുമെല്ലാവർക്കും നന്നായി സാധിക്കാവോന്നെളുപ്പമുള്ളോന്നല്ലോ ഏതുയുഗമെന്നതായി മുക്തിയെ ലഭിക്കുന്ന ഭക്തിമാർഗ്ഗത്തെ പ്രതിപാദിപ്പാൻ വേദവ്യാസൻ ചമച്ച ശ്രീമഹാഭാഗവതത്തിൽ "ഉത്തമശ്ലോകന്റെ" എല്ലാ ചരിത്രങ്ങളും നാമങ്ങളും ഉത്തമധ്യാനങ്ങളും അവതാരങ്ങളും ഉള്ളപ്പോൾ അക്കാലത്തുണ്ടായിരുന്ന യഥാർത്ഥഭക്തന്മാരുടെ പാവനചരിത്രങ്ങൾ മാത്രം ഒരിക്കലും ഉപേക്ഷിച്ചുകളയുകയില്ലായിരുന്നു. വിശേഷിച്ചും സാധുരക്ഷണത്തിനായി യുഗങ്ങൾതോറും എടുക്കാറുള്ള ഭഗവാന്റെ സുപ്രസിദ്ധദശാവതാരങ്ങളിൽ ഒമ്പതും ഭാഗവതകാലത്തിനു മുമ്പിൽ കഴിഞ്ഞു പോയിരിക്കുന്ന സ്ഥിതിക്കു് ഭാഗവതപുരാണത്തിൽ വിവരിക്കുന്നതിൽ കൂടുതലായി അക്കാലത്തു യഥാർത്ഥഭക്തന്മാർ ഇല്ലായിരുന്നെന്നുതന്നെ തീർച്ചയാക്കാവുന്നതാണു്.

എന്നാൽ, അന്നും, ഇന്നും അല്ല ഈ ഭാരതഭൂമിയിൽ യഥാർത്ഥഭക്തിയുടെ ഉച്ചമായ ആദർശത്തിനു സാക്ഷികളായ അനവധി ഭക്തശിരോമണികൾ അവതരിച്ചതും ത്യാഗശീലന്മാരായ അവരുടെ ശാന്തിമയമായ പ്രണയഭക്തിപ്രവാഹത്തിൽ മുഴുകിയ ഈ ഭാരതനിവാസികൾ പരമാനന്ദപ്ലുതരായി ആ പാവനദശയിലേക്കു പ്രയാണം തുടങ്ങിയതും. പിന്നെയേ പൗരാണികകാലത്തിനുശേഷം ഏകദേശം കലിവർഷം നാലായിരമാണ്ടടുപ്പിച്ചുള്ള കാലഘട്ടത്തിൽ തുടങ്ങിയെന്നാണു് അനുമാനിക്കേണ്ടിയിരിക്കുന്നതു്. പൌരാണികകാലത്തിനു ശേഷം ഉണ്ടായ യഥാർത്ഥഭക്തന്മാരുടെ കഥാമുക്തകങ്ങളെ എല്ലാം ഒന്നായി സാകാരോപാസനയുടെ വികാസരൂപമായ പ്രേമതന്തുവിൽ ബ്രഹ്മാംശസംഭൂതനായ നാഭാജിസിദ്ധൻ എന്ന മഹാഭക്തൻ കോർത്തിണക്കിയ ഒരു ദിവ്യമാലയാണു് ഞാൻ ഇപ്പോൾ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഈ മലയാളഭക്തവിജയത്തിന്റെ മൂലമായ ദ്രാവിഡഭക്തവിജയത്തിനും ഇതിന്റെ മൂലഗ്രന്ഥങ്ങൾക്കും മൂലമായ ഹിന്ദിഭാഷയിൽ ഉള്ള ഭക്തസാരം. എഴുനൂറുഭക്തന്മാരുടെ ചരിത്രങ്ങൾ അടങ്ങിയിട്ടുള്ള ഈ ഗ്രന്ഥം കലിയുഗം തുടങ്ങി ൪൭൨൨-ാം ആണ്ടിൽ സങ്കലനം ചെയ്തതായിട്ടാണു അറിയുന്നതു്.

അതിൽ പറയുന്ന പരമഭാഗവതന്മാരായ ഭക്തന്മാരിൽ എല്ലാംകൊണ്ടും അനന്തകല്യാണഗുണഗണങ്ങൾക്കും അപാരമഹിമയ്ക്കും അത്യത്ഭുതസംഭവങ്ങൾക്കും അത്യന്തം പ്രസിദ്ധന്മാരായ അതിദിവ്യന്മാർ, പുണ്ഡരീകഭക്തൻ, കബീർദാസൻ, ജയദേവൻ, തുളസീദാസൻ, നാമദേവൻ, ജ്ഞാനേശ്വരദേവൻ, ശോഭനദേവൻ, സാരംഗദേവൻ, കൂർമ്മദാസൻ, വിഷ്ണുദാസൻ- സൂരദാസൻ, രാമദാസൻ, മാധവദാസൻ, മത്സ്യേന്ദ്രനാഥൻ, ജയന്ദ്രനാഥൻ, മുക്താബായ്, ജനാബായ്, മീരാബായ്, ശങ്കരബായ്, ശക്കുബായ്, പുരന്ദരദാസൻ, നരഹരിദാസൻ, ചെറിയദാസൻ, തുകാരാമൻ, ഏകനാഥസ്വാമി മുതലായ ചില ജീവന്മുക്തശിരോമണികൾ ആയിരുന്നു. ഇവരിൽ ആദ്യം പറഞ്ഞ ആറുപേരുടേയും ഭാഗവതപ്രസിദ്ധനായ കുചേലന്റെയും ഇങ്ങനെ ഏഴുഭക്തന്മാരുടെ ചരിത്രം ഇതിൽ അടങ്ങീട്ടുണ്ടു.

ഇവർ ഏഴുപേരും ഒന്നുപോലെ—

“ഭക്തിയായതുമനോവാക്കുകായങ്ങളാലും
യാതൊരുപ്രകാരവുംസർവ്വംസദാകാലം
യത്തൊന്നാംഭഗവാങ്കൽഭക്തിയാൽചെയ്യുതന്നെ
ഭക്തിയാകുന്നതു്.”

എന്നുള്ള ഭാഗവതവചനം അക്ഷരംപ്രതി അനുവർത്തിച്ചവരും അതുകൊണ്ടുമോക്ഷം കിട്ടിയവരും ആണു്.

“പുരുഷസ്ത്രീജാതിനാമാശ്രമാദികളല്ല
കാരണംമമ ഭജനത്തിനു ജഗത്ത്രയെ
ഭക്തിയൊന്നൊഴിഞ്ഞുമററില്ലകാരണമേതും
മുക്തിവന്നീടുവാനുമില്ലമറെറാരുമൊന്നും
തീർത്ഥസ്നാനാദിതപോദാനവേദാദ്ധ്യയന-
ക്ഷേത്രോപവാസയാഗാദ്യഖിലകർമ്മങ്ങളാ-
ലൊന്നിനാലൊരുത്തനുംകണ്ടുകിട്ടുകയില്ല
യെന്നെമൽഭക്തിയൊന്നുകൊണ്ടൊഴിഞ്ഞൊരുനാളും.”

എന്നുള്ള ഭഗവദ്വചനം ഭഗവാന്റെ ഏററവും രഹസ്യമായപരമാർത്ഥമാണെന്നു് കബീർദാസൻതുടങ്ങിയ ഇതിലെ ഓരോ ഭക്തന്മാരുടെയും ചരിത്രം വായിക്കുമ്പോൾ ആർക്കും തോന്നിപ്പോകുമെന്നുമാത്രമല്ല, മുക്തിക്കുള്ളു എളുപ്പമായ വഴി ഭക്തിതന്നെ. എന്നു സഹർഷം തലകുലുക്കി സമ്മതിച്ചു അചിരേണ അവർ ഭക്തന്മാരായിത്തീരുകയും ചെയ്യുന്നതാണു്.

ഈശ്വരഭക്തിയുടെ നിലയും വിലയും ഒന്നു വേറെയാണു്. അതുപോലെ ആനന്ദവും രസികത്വവും പരിശുദ്ധിയും മറെറാന്നിനും ഇല്ല. പാലാഴിമഥനം കഥവായിച്ചാൽ,ദേവന്മാൎക്കുണ്ടായ സുധാസ്വാദനരസം നമുക്കാർക്കും ഉണ്ടാവുക പതിവില്ലല്ലോ. എന്നാൽഈശ്വരഭക്തിസുധാസ്വാദനസുഖം അങ്ങനെയല്ല. ഭഗവദ്ദർശനം ഉണ്ടായആഭാഗവതശിരോമണികൾ സദാകാലവുംഏതൊരുമാതിരി നിർവ്വൃതിയിൽലയിച്ചുസുഖിച്ചുവോആമാതിരിപരമാനന്ദത്തിൽ തന്നെ, അവരുടെ പരിപാവനമായ കഥകൾ, വായിക്കുന്നവൎക്കുംവായിച്ചുതീരുന്നതുവരെയെങ്കിലും രമിക്കാം. ഇതത്രെ ഭക്തന്മാരുടെ ചരിത്രപാരായണംകൊണ്ടുണ്ടാകുന്നമുഖ്യമായഗുണം.

ഭക്തി പലവിധത്തിൽ ഉണ്ടു്. “ഭക്തിയോഗോബഹുവിധോമാർഗ്ഗൈർഭാമിനിഭാവ്യതേ സ്വഭാവഗുണമാർഗ്ഗേണപുംസാംഭാവോ വിഭിദ്യതെ” എന്നാണു്. അതായതു്—മനുഷ്യസ്വഭാവത്തെ രൂപീകരിക്കുന്ന ഗുണഭേദം നിമിത്തം അവരുടെ മനോഗതിക്കുവ്യത്യാസം ഉള്ളതിനാൽ, ഓരോരുത്തരുടെ വിശ്വാസംപോലെ ഭക്തിയും പലതരത്തിൽ ഉണ്ടാവുന്നൊന്നാണു കപിലവാസുദേവന്റെ അഭിപ്രായം.

ഭക്തി പലപ്രകാരത്തിൽ ഉണ്ടെങ്കിലും ചുരുക്കത്തിൽ അവയെ നാലായിഭാഗിക്കാം. അതായതു്, താമസഭക്തി, രാജസഭക്തി, സാത്വികഭക്തി, നിർഗ്ഗുണഭക്തി. ഇതിൽതാമസഭക്തിയെന്നു പറയുന്നതു്, ഈശ്വരൻ, തന്നിലും പ്രപഞ്ചത്തിലുംനിന്നു അന്യനാണെന്നുള്ള വിശ്വാസത്തോടുകൂടെ പരോപദ്രവം ചെയ്യുന്നതിനുവേണ്ട ശക്തിലാഭത്തിനുവേണ്ടി ഈശ്വരഭജനം ചെയ്യുന്നതിനേയും രാജസഭക്തിയെന്നുപറയുന്നതു് ഈശ്വരൻ തന്നിലും പ്രപഞ്ചത്തിലും നിന്നു വേറാണെന്ന ഭാവനയോടുകൂടെ വിഷയസുഖസാധനങ്ങളായ, ധനധാന്യസമ്പൽസമൃദ്ധിക്കും ആയുരാരോഗ്യത്തിനുംവേണ്ടി ഭഗവാനെ പ്രതിമകളിൽ പൂജിക്കുന്നതും സാത്വികഭക്തിയെന്നു പറയുന്നതു്, ഈശ്വരൻ മേൽപ്രകാരംതന്നെ തന്നിലും പ്രപഞ്ചത്തിലുംനിന്നു അന്യനാണെന്നഭാവനയോടുകൂടെയാണെങ്കിലും കർമ്മത്തിൽനിന്നും വിമുക്തനാവാൻ വേണ്ടി ഈശ്വരനെ ഭജിക്കുകയും കർമ്മഫലങ്ങൾ എല്ലാം ഈശ്വരനിൽ സമർപ്പിക്കുകയും ഭഗവൽഭജനം തന്റെ കർത്തവ്യങ്ങളിൽ ഒന്നാണെന്നു കരുതിചെയ്യുകയുംചെയ്യുന്നതും ആകുന്നു.

ഇതൊന്നും യഥാർത്ഥഭക്തിയല്ല. ഇതുകൊണ്ടൊന്നും മുക്തിലഭിക്കുകയും ഇല്ല ഒരുത്തനെ യഥാർത്ഥഭക്തൻ എന്നു പറയണമെങ്കിൽ, അവൻ,ഗംഗാജലം യാതൊരുപരപ്രേരണയും കാരണവും കൂടാതെസമുദ്രത്തിലേക്കു അതിവേഗത്തിൽഒഴുകിച്ചെന്നുകൊണ്ടിരിക്കുന്നതുപോലെ ഈശ്വരൻെറ ഗുണഗണശ്രവണം ഒന്നുകൊണ്ടുമാത്രം എല്ലാഭൂതജാലങ്ങളുടേയുംഹൃദയാന്തർഭാഗനിവാസിയായ അദ്ദേഹത്തിങ്കൽ യാതൊരുതടവുമില്ലാതെ ഒഴുകിച്ചെല്ലുന്ന മനോഗതിയോടുകൂടിയ നിർഗ്ഗുണഭക്തിയുള്ളവനായിരിക്കണം. ഭാഗവതം ൩-ാം സ്കന്ധം ൨൯ ാം അദ്ധ്യായം ൧൧. ൧൨. ശ്ലോകങ്ങൾനോക്കുക.

"മൽഗ്ഗുണശ്രുതിമാത്രേണമയിസർവ്വഗുഹാശയേ
മനോഗതിരവിച്ഛിന്നായഥാഗംഗാംഭസോംബുധൌ
ലക്ഷണംഭക്തിയോഗസ്യനിർഗ്ഗുണസ്യഹ്യുദാഹൃതം
അഹൈതുക്യവ്യവഹിതായാഭക്തിഃപുരുഷോത്തമേ"

ഒരുത്തൻെറ ഹൃദയഗ്രന്ഥി പൊട്ടി ഈശ്വരഗുണശ്രവണമാത്രത്തിൽ തന്നെ അവൻെറ മനോഗതി ഈശ്വരസന്നിധിയിലേക്കു പായണമെങ്കിൽ അവൻ സ്വധർമ്മത്തെ നിഷ്കാമമായി അനുഷ്ഠിക്കുകയും ശാസ്ത്രകല്പിതവും അഹിംസാപരവുമായ ക്രിയായോഗാനുഷ്ഠാനംകൊണ്ടു ഈശ്വരവിഗ്രഹത്തെപൂജിക്കുക,സ്തുതിക്കുക, ദർശിക്കുക മുതലായവകൾചെയ്യുകയും സർവ്വേശ്വരനെ സർവ്വഭൂതങ്ങളിലും കാണുകയും സത്യവാനായും നിസ്സംഗിയായും ഇരിക്കുകയും മഹത്തുക്കളെ ബഹുമാനിക്കുകയും ദീനന്മാരിൽ അനുകമ്പകാണിക്കുകയുംതന്നെപ്പോലെ മററുള്ളവരെയെല്ലാം സ്നേഹിക്കുകയും ഇന്ദ്രിയങ്ങളെ അടക്കുകയും ആത്മജ്ഞാനവിഷയങ്ങളെ കേൾക്കുകയും ഭഗവന്നാമസങ്കീർത്തനങ്ങൾ ഗാനം ചെയ്യുകയും അഹംകാരത്തെ ഒതുക്കുകയും സാധുക്കളുമായി സഹവസിക്കുകയും മററുംചെയ്യുകകൊണ്ടു്, ഒരുത്തൻെറ സകലപാപങ്ങളും ക്ഷയിച്ചു സർവ്വസംശയങ്ങളും തീർന്നു അവൻെറ ഹൃദയം പരിശുദ്ധിയെ പ്രാപിക്കണം. അങ്ങനെയുള്ള ഹൃദയപ്രവാഹം കാററിൽ ലയിച്ച സുഗന്ധപുഷ്പങ്ങളുടെ വാസനമൂക്കിലേക്കുതന്നെ ഓടിച്ചെല്ലുന്നതുപോലെ പ്രേമത്തുമ്പുവഴിയായി ഭഗവാങ്കൽ പററിലയിക്കുന്നു. ഇങ്ങനെ പററിലയിച്ച ഭഗവൽഭക്തന്മാരുടെ ചരിത്രം ആണു് ഈ ഭക്തവിജയത്തിൽ ഉള്ളതു: അവർ ഓരോരുത്തരും ഭഗവൽപ്രേമത്തെ അല്ലാതെ മറെറാന്നിനേയും കാമിക്കാത്ത നിഷ്കാമികൾ ആയിരുന്നു. അവരിൽ ഓരോരുത്തരുടേയും ചരിത്രംവായിക്കുമ്പോൾ അവർഓരോരുത്തരും ഭഗവാനോടു്, "അല്ലയോ ഭഗവാനേ! പ്രേമസ്വരൂപമേ" എനിക്കു അവിടത്തെ പാദങ്ങളിൽ ഒന്നുകൂടി ചുംബിക്കണമേ. ഒന്നുകൂടി ചുംബിക്കണമേ: ഒന്നു ചുംബിച്ചാൽ പിന്നെ ആ ഭാരം അവനിൽനിന്നും എന്നു നീങ്ങും. എല്ലാ ദുഃഖങ്ങളും ഒന്നോടെ ശമിക്കാൻ ഒരു ചുംബനം മതിയേ! കഴിഞ്ഞതെല്ലാം മറന്നു നടക്കുന്നതും വരാനുള്ളതും അങ്ങനെതന്നെ! പ്രേമസുധയുടെ സ്മരണമാത്രം ശേഷിച്ചു! ക്ഷേമം എന്തിനു്? രക്ഷ ആർക്കുവേണം. മുക്തിയുംവേണ്ട! ശക്തിയുംവേണ്ട. ഞാൻ ഒരിക്കലുംപരിപൂർണ്ണതയെകാംക്ഷിക്കുന്നില്ല. എനിക്കു അനുഭവിച്ചാലും അനുഭവിച്ചാലും പൂർത്തിവരാത്ത അവിടത്തെ പ്രേമസുധയെമാത്രം അനുഭവിച്ചാൽ മതിയാകും. ഞാൻ പ്രേമത്തിനുവേണ്ടി ദുരിതസംകുലമായ ഈ സംസാരത്തിൽ എത്രയൊതവണവേണമെങ്കിലും ജനിക്കാം. പ്രേമത്തിനുവേണ്ടി എല്ലാക്കാലത്തും അവിടത്തെ സ്നേഹിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായാൽ മതിയാകും" എന്നു് അവരുടെ എല്ലാവിധ പരിപാവനലീലകൾകൊണ്ടു ഭഗവാനോടു പ്രാർത്ഥിക്കുന്നതായും, അദ്ദേഹം എവിടെയോ ഒരു ദിക്കിൽനിവസിക്കുന്ന ഈശ്വരനെസ്നേഹിക്കാൻ തുടങ്ങിയ അവരിൽഓരോരുത്തരുടെയും മാനസികദൌർബ്ബല്യങ്ങൾ അപരിമിതമായ പരിപൂർണ്ണജ്യോതിസ്സിൻെറപൂർണ്ണപ്രകാശത്തോടുകൂടെ അനന്തവും അഗാധവും ആയ ഈശ്വരപ്രേമത്തിൽ ലയിക്കുന്നതും കാണാം. തങ്ങളിൽനിറഞ്ഞിരുന്ന അഹങ്കാരമില്ലാത്ത ആശകൾഎല്ലാം ത്യജിച്ചു ഈശ്വരസാമീപ്യത്തിനായി യത്നിച്ചു തന്മൂലമുണ്ടായ ത്യാഗശാന്തിയുംകൊണ്ടു മനുഷ്യരൂപം തന്നെയും മാറി പരമാവധിയിൽ ദുഃഖമവും പ്രേമഭാവനം പ്രേമവസ്തുവും ഒന്നാകുന്ന നിർവൃതിയെപ്രാപിച്ചു ഇവരിൽ ഓരോരുത്തരുടെ ചരിത്രങ്ങൾ ഭക്തന്മാരായ വായനക്കാർക്കു എത്രയൊതമാതിരിപരമാന

ന്ദമാണുണ്ടാകുന്നതെന്നു ആരെക്കൊണ്ടു പറഞ്ഞറിയിക്കാൻകഴിയും!! ഇത്രമാത്രം മഹത്തുക്കളുായ ഈ പരമഭാഗവതന്മാരുടെ ചരിത്രംമുഴുവൻ മലയാളത്തിൽ തർജ്ജിമചെയ്യിച്ചുകേരളീയഭക്തന്മാരുടെ മുമ്പിൽ അവതരിപ്പിക്കണമെന്നാണ് പ്രകാശകന്മാരുടെ ഉദ്ദേശ്യം. നവംനവങ്ങളായ ഗ്രന്ഥങ്ങളെ പ്രസിദ്ധംചെയ്തു മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിൽബദ്ധകങ്കണന്മാരായി പത്തുനാല്പതു കൊല്ലക്കാലമായിട്ടു ശ്രമിച്ചു വിജയം സമ്പാദിച്ച പ്രകാശകന്മാരുടെ സുപ്രസിദ്ധ ഭാഷാപോഷണതൽപരതയെപ്പററി പ്രത്യേകമായൊന്നു പൊതുജനങ്ങളെ അറിയിപ്പാനില്ലെന്നാണു എന്റെ അഭിപ്രായം. പിന്നീടു പറയാനുള്ളതു് ഈ പുസ്തകത്തിന്റെ ഭാഷാന്തരീകർത്താവായ ശ്രീമാൻ കാപ്പുങ്ങൽ നീലകണ്ഠപ്പിള്ള അവർകളെപ്പററിയാണു. അദ്ദേഹം പ്രബോധദർപ്പണം, ജ്ഞാനതരംഗം, വസുമതി, മണിഭാഷിണി മുതലായ മാസികകളുടെ അധിപരും ഗാരുഡപുരാണം കിളിപ്പാട്ടു് വിഷ്ണുപുരാണം കിളിപ്പാട്ടു ധർമ്മാദർശം അറബിക്കഥ പാരസീകകഥ മുതലായ വിശിഷ്ടപദ്യഗദ്യഗ്രന്ഥങ്ങളുടെ കർത്താവും തർജ്ജിമക്കാരനും അയി കേരളഭാഷാസാഹിത്യസഭാപ്രവേശം സമ്പാദിച്ചിട്ടുള്ള ഒരു ദ്രാവിഡസംസ്കൃതഭാഷാപണ്ഡിതനും ഭാഷാഭിമാനിയും ആണെന്ന വസ്തുതയും ഞാൻ പറയാതെതന്നെകേരളീയർക്കെല്ലാം അറിയാവുന്നതും അദ്ദേഹത്തിൻ തർജ്ജിമയിലുള്ള പാടവം വേദാന്തതത്വഭണ്ഡാഗാരവും ജ്ഞാനനിക്ഷേപവും ഭക്തിപ്രവാഹോത്ക്കർഷവും ആയ ഈ ഗ്രന്ഥം മൂലഭാഷയിൽനിന്നും വളരെ പ്രസന്നവും സരളവും ആയരീതിയിൽ സ്പഷ്ടമായി ചമൽക്കാരത്തോടുകൂടെ തർജ്ജിമചെയ്തിട്ടുള്ളതു വായിക്കുമ്പോൾ ബോദ്ധ്യമാകുന്നതുമാണു്. കിംബഹുനാ, ഭാഷാപോഷണാർത്ഥം പൊതുജനോപകാരപ്രദങ്ങളായ ഏതാദൃശപ്രവൃത്തികളിൽ സർവ്വാത്മനാ പ്രവർത്തിക്കുന്ന പ്രകാശകന്മാർക്കും ഈ ഗ്രന്ഥം ഇത്രയും നല്ലരീതിയിൽ അവസരോചിത ഗദ്യപദ്യങ്ങളായിതർജ്ജിമചെയ്ത കവിക്കും കേരളീയധർമ്മസംസ്ഥാപനത്തിനായി അവതരിച്ചിരിക്കുന്ന പ്രസ്തുത ഗ്രന്ഥത്തിനും മേൽക്കുമേൽ വിജയം സിദ്ധിക്കുമാറാകട്ടെ എന്നുള്ള അകൈതവപ്രാർത്ഥനയോടുംകൂടെ എന്റെ അഭിപ്രായങ്ങളിൽ വന്നുപോയിട്ടുള്ള പ്രമാദങ്ങളെസഹൃദയന്മാർ ക്ഷമിക്കുമെന്നുള്ള വിശ്വാസപൂർവ്വം ഞാൻ ഈ ഗ്രന്ഥംപൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ററി. എൻ. നാണുപിള്ള ആശാൻ.

# ശ്രീമഹാഭക്തവിജയം.

പ്രാരംഭം.

## പണ്ഡരപുരചരിത്രം.

ശ്രീനാരായണസ്വാമിയാൽ അംഗീകൃതമായ സത്വഗുണംപോലെയും വിഷ്ണേശ്വരന്റെ തിരുപ്പുടയാടപോലെയും സുബ്രഹ്മണ്യന്റെ തിരുനാമങ്ങളിൽ ഒരു നാമാത്ഥംപോലെയും പരമശിവന്റെ പരിശുദ്ധമായ ശരീരംപോലെയും, അദഭ്രശുഭ്രവും പാപനാശനവുമായ അമരസ്ഫടികനിർമ്മലജലം നിറഞ്ഞൊഴുകി പ്രണവാക്ഷരങ്ങളെ ഉച്ചരിക്കയാണോ എന്നു തോന്നത്തക്കവണ്ണമുള്ള ശബ്ദവിശേഷത്തോടുകൂടി തീരസ്ഥന്മാരെ തിരമാലകളാകുന്ന കൈകൾനീട്ടി കുളിക്കാൻവിളിച്ചുകൊണ്ടു വേഗത്തിൽ നടന്നുപോയി സമുദ്രകാന്തനെവരിച്ചു സുഖിക്കുന്ന ചന്ദ്രഭാഗാനദിയുടെയും രുക്മിണീദേവിയുടെ നിവാസസ്ഥാനമായ തിണ്ഡിരവനത്തിന്റെയും മദ്ധ്യത്തിലായി പണ്ഡരപുരംഎന്നു വിഖ്യാതമായ ഒരുനഗരം ഭവിക്കുന്നു. ജഗന്നാഥത്തെ അന്നബ്രഹ്മമെന്നും, തൃപ്പതിയെ പൂണ്ണബ്രഹ്മമെന്നും ശിവാരണ്യത്തെ താരകബ്രഹ്മമെന്നും ശാസ്ത്രങ്ങളിൽ പറയുന്നതുപോലെ പണ്ഡരപുരം നാദബ്രഹ്മമെന്നു പറയപ്പെട്ടിരിക്കുന്നു. അതിനാൽ ഈ നഗരം സവ്വമംഗളങ്ങളുടെയും കളിനിലമാണെന്നു വെളിപ്പെടുന്നു.

പുണ്ഡരീകഭക്തൻ, തന്റെ അരികിൽവന്നു വിഷ്ണുഭഗവാനെ സേവിച്ചുപൂജിച്ചു ഭക്തന്മാരുടെ അനുഗ്രഹകമ്മത്തിനായി അവിടെത്തന്നെ നിവസിക്കണമെന്നു്, അപേക്ഷിച്ചു വരംവാങ്ങിക്കയും അവിടം കടന്നുപോകാതെ അപേക്ഷിച്ചിരുത്തുകയും ചെയ്തുകൊണ്ടു്, ഈ നഗരം സാക്ഷാൽ വൈകുണ്ഠത്തിനു തുല്യമാണെന്നുതന്നെ പറയാം. വിശേഷിച്ചും അവിടെ ഒരു ശതവഷത്തിനുമുമ്പു് അത്ഭുതകരമായ ഒരു പൊന്മഴപൊഴികയുമുണ്ടായിട്ടുണ്ടു്. എല്ലാംകൊണ്ടും പണ്ഡരപുരത്തിനു തുല്യമായഒരുപുരം ലോകത്തില്ലെന്നുതന്നെ ലോകപ്രസിദ്ധി.

ഇത്രത്തോളം മാഹാത്മ്യമുള്ള ആ പണ്ഡരപുരം ഉന്നതങ്ങളായ ഗോപുരങ്ങളാലും മണിമാളികകളാലും ബലിഷ്ഠപ്രാകാരങ്ങളാലും, പട്ടുകൊടികൾ പറന്നുകളിക്കുന്ന പൊൻകൊടിമരങ്ങളാലും സമൃദ്ധങ്ങളായ ആപണങ്ങളാലും വിസ്തൃതങ്ങളും വിശിഷ്ടങ്ങളുമായ തെരുവീഥികളാലുംമററും അലംകൃതമായിരുന്നുവെന്നുമാത്രമല്ല, വിഷ്ണുഭക്തന്മാരായ സാധുക്കളുടെ വേദഘോഷങ്ങൾ മുഴങ്ങുന്ന ആശ്രമങ്ങളാൽ സംപൂണ്ണമായുമിരുന്നു. പൊന്മഴപെയ്യുകകൊണ്ടുതന്നെ അതു ഭൂലോകസ്വർഗ്ഗമാണെന്നും, അവിടെയുള്ള ആളുകൾ ദേവതുല്യന്മാരാണെന്നും ഏകദേശം അനുമാനിക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ നിവാസികളായ ജനങ്ങളുടെ ഭക്തിവിശേഷത്തെക്കുറിച്ചും കുറഞ്ഞൊന്നു പ്രസ്താവിക്കാം.

എട്ടുവയസ്സുപ്രായമുള്ള കുട്ടികൾ മുതൽവാൎദ്ധക്യത്തെ പ്രാപിച്ചവർ വരെയുള്ള പണ്ഡരപുരവാസികൾ സ്ത്രീകളും പുരുഷന്മാരും അരുണോദയത്തിനുമുമ്പേ എഴുന്നേററു്, ചന്ദ്രഭാഗാനദിയിൽ കുളിച്ചു്, നിത്യകമ്മങ്ങൾ കഴിച്ചുശേഷം ഭഗവന്നാമജപങ്ങളോടുകൂടി പാണ്ഡുരംഗക്ഷേത്രത്തിൽചെന്നു തൊഴുതു്, ഭജിച്ചുകൊണ്ടു്, സന്തുഷ്ടരായിരുന്നു കാലംപോക്കുന്നു. അങ്ങാടികളിൽ സാമാനംവാങ്ങാൻ വരുന്നവർപോലും, പണംകൊടുക്കുമ്പോൾ രാമനാമം ജപിച്ചുകൊണ്ടു കൊടുക്കുകയും, വ്യാപാരികൾ രാമനാമജപത്തോടുകൂ

ടിത്തന്നെ സാരൂപ്യം കൊടുക്കുകയും ചെയ്യുന്നു. ദമ്പതീ വിനോദങ്ങളിൽ രാധാകൃഷ്ണന്മാരെന്നോ സീതാരാമന്മാരെന്നോ അന്യോന്യമുപമിച്ചു സല്ലപിക്കുന്നു. കലഹം, ഛിദ്രം, ദ്വേഷണം മുതലായ ദുർവൃത്തികൾ അവിടെയില്ലായ്കകൊണ്ടു്, സത്യവാക്കുകളും സന്തുഷ്ടന്മാരുമായിത്തന്നെ ജനങ്ങൾ ജീവിക്കുന്നു. അതിനാൽ, ഭഗവൽഭജനപുരമെന്നും ഭൂലോകവൈകുണ്ഠമെന്നും പണ്ഡരപുരത്തെ എല്ലാവരും കീർത്തിക്കുന്നു. ഇപ്രകാരമുള്ള പണ്ഡരപുരത്തിൽ ഭഗവാൻ സാന്നിധ്യം ചെയ്യുന്നതിനു കാരണം ഭാഗവതോത്തമനായ പുണ്ഡരീകന്റെ അപേക്ഷയനുസരിച്ചാകുന്നു. ഭഗവാൻ അവിടെ രണ്ടു കൈകളും അരയിൽ താങ്ങി രാധാരുക്മിണീസമേതനായി ഒരു കല്ലിന്മേൽനിന്നു ഭക്തന്മാർക്കിഷ്ടാർത്ഥത്തെക്കൊടുത്തു രക്ഷിച്ചുകൊണ്ടിരുന്നു. ഭഗവാൻ അപ്രകാരം അവിടെ സാന്നിധ്യം ചെയ്യുന്നതിനു വരം പ്രാർത്ഥിച്ച പുണ്ഡരീകഭക്തൻ ആരാണെന്നും അദ്ദേഹത്തിന്റെ ജനനക്രമമെന്താണെന്നും മറ്റും അറിവാനാഗ്രഹമുണ്ടെങ്കിൽ ആ ചരിത്രം പറയാം.

# പുണ്ഡരീകഭക്തന്റെകഥ.

ചന്ദ്രഭാഗാനദിക്കും സിന്ധുനദത്തിനും മദ്ധ്യത്തിൽ, സ്ഥിതിചെയ്യുന്ന പണ്ഡരമെന്ന നഗരത്തിൽ, പുണ്ഡരീകഭക്തൻ എന്നു വിഖ്യാതനായ ഒരു പുണ്യശീലൻ പാർത്തിരുന്നു. അയാൾ മഹാത്മാവും ജന്മനാബ്രാഹ്മണനുമായിരുന്നു എന്നുമാത്രമല്ല സകലശാസ്ത്രപുരാണേതിഹാസകോവിദനും മാതാപിതാക്കളിൽ അത്യന്തംവിനീതനും ആയിരുന്നു. പുത്രന്റെ വിനയാദിസദ്ഗുണങ്ങൾകണ്ടു്, സന്തുഷ്ടരായ മാതാപിതാക്കന്മാർ സ്വജാതിയിൽതന്നെ സുന്ദരിയായ ഒരു കന്യകയെ അയാൾക്കു വിവാഹംചെയ്യിച്ചുകൊടുത്തു. സ്നേഹപൂർവം, അവർ ആ ബാലദമ്പതിമാരെ തങ്ങളോടൊരുമിച്ചു താമസിപ്പിച്ചു സംരക്ഷിച്ചുവരവേ, ഒരുദിവസം പുണ്ഡരീകഭക്തനെനോക്കി അയാളുടെ പത്നിപറഞ്ഞു. "ജീവനാഥ! അങ്ങേ മാതാപിതാക്കന്മാരോടൊരുമിച്ചു താമസിക്കാൻ എനിക്കു പ്രയാസം തന്നെ. അവർ അടിക്കടി ഓരോ കുറ്റം എന്നിൽസ്ഥാപിച്ചു ബുദ്ധിമുട്ടിക്കുന്നു. എപ്പോഴും അസൂയാകലുഷമാകുംവണ്ണം എന്നെ നോക്കുന്നുമുണ്ടു്. അതുകൊണ്ടു്, ഇന്നുമുതൽ അവരെ വേറെ എവിടെയെങ്കിലും മാറ്റിത്താമസിപ്പിക്കാമെങ്കിൽ ഞാൻകൂടി ഇവിടെ താമസിക്കാം. അല്ലാത്തപക്ഷം, ഞാൻ ഇപ്പോൾതന്നെ എന്റെവീട്ടിൽപൊയ്ക്കൊള്ളാം."

ഭാര്യയുടെ ഈ വാക്കുകൾകേട്ടു്, പുണ്ഡരീകഭക്തൻ അപ്രകാരംതന്നെ ചെയ്വാൻ നിശ്ചയിച്ചു. നവോഢയായ തന്റെ പത്നിയോടുള്ള പ്രേമാധിക്യത്താൽ, മറുത്തുപറവാൻ അയാൾക്കശേഷം ധൈര്യമുണ്ടായില്ല. അതിനാൽ മാതാപിതാക്കന്മാരെ അന്നുതന്നെ മറ്റൊരുഭവനത്തിൽ മാറ്റിത്താമസിപ്പിച്ചു ശുശ്രൂഷിച്ചുവന്നു. പൂർവജന്മപാപശേഷത്താലെന്നപോലെ, അന്നുമുതൽക്കു പുണ്ഡരീകഭക്തന്റെ സ്വഭാവം ആകപ്പാടെമാറി. അയാൾക്കു ഭാര്യയിൽ സ്നേഹവും ആസക്തിയും വർദ്ധിക്കുകയും, മാതാപിതാക്കളിൽ അനാദരം അങ്കുരിക്കുകയുംചെയ്തു. ഈശ്വരവിചാരം നിശ്ശേഷം നീങ്ങി. ഭാര്യയെ പുകഴ്ത്തിപ്പറകയും മാതാപിതാക്കളെ നിന്ദിച്ചുപറകയും പതിവായി. ഭാര്യപറയുന്നതെല്ലാം വേദവാക്യംപോലെ കരുതി. നേരെമറിച്ചു്, മാതാപിതാക്കളുടെ വാക്കുകളെ പുല്ലുപോലെ, ഗണിച്ചു. ദാനധർമ്മങ്ങളാകട്ടെ, ഭഗവന്നാമജപങ്ങളാകട്ടെ, ഇല്ലാതായി. സാധുക്കളെ ദ്വേഷിക്കയും ദുഷ്ടന്മാരെ പൂജിക്കയും ചെയ്തുവന്നു. എന്നുവേണ്ടാ, കൊടവില്ക്കുക, നുണപറയുക, എളിയോരെ ഉപദ്രവിക്കുക, വേശ്യമാരെസേവിക്കുക, മുതലായ സകലവിധദുർവൃത്തികൾക്കും പുണ്ഡരീകഭക്തൻ ഒരു വിളനിലമായിത്തീർന്നു.

ഇപ്രകാരം ബ്രാഹ്മണജന്മംപോലും മലിനമാക്കി, പുണ്ഡരീകൻ താമസിക്കുന്ന കാലത്തു്, പൂർവജന്മംചെയ്ത പുണ്യത്തിന്റെ ഫലാതിശക്തിയാലോ,മാതാപിതാക്കൾ അനുഷ്ഠിച്ച സൽകർമ്മഫലംകൊണ്ടോ, പണ്ഡരപുരത്തിൽ വിഷ്ണുഭഗവാൻ എഴുന്നള്ളിയിരിക്കാൻ ഇടയാകണമെന്ന കാരണംകൊണ്ടോ അവിടുത്തെ പ്രജകളുടെ മാഹാത്മ്യത്താലോ അജ്ഞാതമായ മറ്റുവല്ല പുണ്യോൽക്കർഷത്താലോ എന്തോ ആ നഗരത്തിൽ ഒരിടത്തു്, ഒരു പുരാണപാഠകൻ ശിവപുരാണത്തിൽ കാശീഖണ്ഡം വായിച്ചു് അർത്ഥംപറയുന്നതു കേൾക്കാൻ ഭക്തിവിശ്വാസത്തോടെ പലരും പോകുന്നതുകണ്ടു്, പുണ്ഡരീകഭക്തന്റെ പത്നിക്കും പോയാൽ കൊള്ളാമെന്നു് മോഹം ജനിച്ചു. എന്നിട്ടു്, പുണ്ഡരീകനെനോക്കി ഗംഗയുടെ മഹത്വത്തേയും ശ്രീകാശിയുടെ മാഹാത്മ്യത്തേയും, കുറിച്ചു വായിച്ചുപറയുന്ന പുരാണകഥാപ്രസംഗം കേൾപ്പാൻ, തനിക്കു മോഹം അധികമുണ്ടെന്നും, ദേവപ്രീതിക്കു ഒരു നല്ലമാർഗ്ഗമാകകൊണ്ടു്, അതുകേൾക്കുന്നതിനു അന്നേദിവസംതന്നെ കൂട്ടിക്കൊണ്ടുപോകണമെന്നും അവൾ പ്രാർത്ഥിച്ചു.

അതുകേട്ടു്, ദുസ്സഹമായ വെറുപ്പോടെ പുണ്ഡരീകഭക്തൻ പറഞ്ഞു:— "ഛീ! മൂഢേ! പേപിടിച്ചുവോ നിനക്കു്! താന്തോന്നിത്തം പറയുന്നോ? വീട്ടിൽ പണിയെല്ലാം വേ

ലകിടക്കുന്നു? പുരാണം കേൾക്കാൻ പോയിമടങ്ങിവരുമ്പോൾ വയറുനിറയുമോ? അതോ പണംകിട്ടുമോ? നാമൊക്കെ സംസാരികളല്ലെ? നമുക്ക പുണ്യകഥ കേൾക്കാൻ എന്തധികാരം? കേട്ടാൽഎന്തുഫലം? അതെന്താണെന്നും പറയാം. ഒന്നിൽ നാം ശ്രദ്ധവച്ചാൽ അവഴിക്കുതന്നെ മനസ്സുനിറുത്തേണ്ടതാണ്. അതില്ലാതെ കേൾക്കുന്നതും കേൾക്കാത്തതും ഒരുപോലെതന്നെ. കേൾക്കുന്നതുകൊണ്ടു ഫലംവേണമെങ്കിൽ, അന്നുമുതൽക്ക പ്രവൃത്തിയും അതനുസരിച്ചിരിക്കണം. അല്ലെങ്കിൽപാപമുണ്ടെന്നുമാണ് കേട്ടിട്ടുള്ളതു്. അതുമാത്രമോ? തൊട്ടതുംവെച്ചതുമൊക്കെ പാപമാണെന്നു ശാസനംചെയ്യുന്ന, പുരാണങ്ങളെ അനുസരിച്ചിരിക്കാൻ ലൌകികന്മാരായ നമുക്കുസാധിച്ചെന്നു വരുമോ? ഭക്തിപൂർവ്വം പുരാണംകേട്ടാൽ, അതനുസരിച്ചു പ്രവൃത്തിക്കാതെയിരിക്കുന്ന പാപിയെപ്പോലെ പാപികളില്ലെന്നുള്ള പഴഞ്ചൊല്ലിൽ പതിരുണ്ടോ? രാജശാസനങ്ങൾ പ്രസിദ്ധപ്പെടുത്തിയാൽ അതനുസരിച്ചു പ്രവൃത്തിക്കാത്തവർ ശിക്ഷാർഹന്മാരാകുന്നതുപോലെ പുരാണവാക്യങ്ങൾ ഭഗവച്ഛാസനങ്ങളാകകൊണ്ടു്, കേൾക്കുന്നവർ അതനുസരിച്ചു നടക്കാഞ്ഞാൽ ദൈവശിക്ഷയുണ്ടാകുന്നു. അതുകൊണ്ടുഞാൻ വരുന്നില്ല. നിനക്കുപോകണമെന്നു നിർബന്ധമാണെങ്കിൽ പൊയ്ക്കൊള്ളൂ."

ഇങ്ങനെതട്ടുത്തുപറഞ്ഞ പുണ്ഡരീകനെ നോക്കി ഭാര്യ "ജീവനായക, പുരാണംകേൾക്കുന്നവരെല്ലാം അതനുസരിച്ചു നടക്കുമെന്നു നിശ്ചയമോ നടക്കണമെന്നു നിർബന്ധമോ ഇല്ല. നടക്കാഞ്ഞാൽ ദൈവശിക്ഷ ഉണ്ടാകാനുമില്ല. ഒരുതരം ഔഷധം കൊണ്ടു്, ഇരിമ്പ്, പൊന്നാകുന്നതു കണ്ടിട്ടില്ലെ? കല്ലിലോമണ്ണിലോ ആമരുന്നു പുരട്ടിയാൽ അഗ്ഗുണം ഉണ്ടാകുന്നില്ല. എങ്കിലും കല്ലിലോ മണ്ണിലോ ഇരിമ്പിന്റെ അംശം ഉള്ളിടത്തോളം സ്വർണ്ണമായിത്തീരുന്നു. അതുപോലെ പുരാണകഥാശ്രവണം ചെയ്യുന്ന അനേകംജനങ്ങളിൽ, ചിലർ പൂർവ്വപുണ്യവിശേഷത്താൽ ആത്മബോധമുള്ളവരായിരിക്കും. അവർ അതനുസരിച്ചു പ്രവൃത്തിക്കയും അചിരേണ ദൈവസാന്നിദ്ധ്യമടഞ്ഞു്, മുക്തരായിത്തീരുകയും ചെയ്യും. ലഘുവായ പാപസംബന്ധത്താൽ ചിത്തമാലിന്യമുള്ള മററുചിലർ ഭഗവൽകഥകേൾക്കുംതോറും നിർമ്മലഹൃദയന്മാരായി അനേകദിവസംകൊണ്ടു സദ്വൃത്തന്മാരായി ഭവിക്കുന്നു. പാപികളായ മററുചിലർ, പുരാണശ്രവണപുണ്യത്താൽ അവരുടെ ദുഷ്പ്രവൃത്തികളുടെ കാഠിന്യം ക്രമേണ കുറഞ്ഞുകുറഞ്ഞു് പലകാലംകൊണ്ടു്, സദ്വൃത്തന്മാരായിത്തീരുന്നു. മഹാപാതകികൾക്കു്, അതു കേവലം വനരോദനംപോലെ നിഷ്പ്രയോജനമായിത്തീർന്നു്, ദുഷ്പ്രവൃത്തികൾക്കു മാററമില്ലാതിരുന്നാലും കേൾക്കുന്ന അവസരത്തിൽ ഉണ്ടാകുന്ന ഉള്ളുണർവുകൊണ്ടു് അടുത്തജന്മം ഉൽകൃഷ്ടമായിത്തീരാതെയിരിക്കയില്ല. ഇങ്ങനെപുരാണശ്രവണം നാനാമുഖമായ ഫലത്തെയാണ പ്രദാനംചെയ്യുന്നതു്. അല്ലാതെ അങ്ങുപറയുന്നതുപോലെ കേട്ടതനുസരിച്ചു പ്രവൃത്തിച്ചേതീരു എന്നില്ല. പ്രവൃത്തിക്കാഞ്ഞാൽ നരകമുണ്ടാകയുമില്ല. ശ്രദ്ധയോടുകൂടി പുരാണശ്രവണംചെയ്താൽ തന്നെയും മോക്ഷംലഭിക്കുമെന്നാണ പുരാണങ്ങൾ ഘോഷിക്കുന്നതു്. അപ്പോൾപിന്നെ ശ്രദ്ധാഭക്തിപുരസ്സരം കേട്ടാലുള്ള ഫലം പറവാനുണ്ടോ? എന്നെ വിവാഹംചെയ്തുകൊണ്ടുപോരുന്നതിനുമുമ്പു്, ദിവസംതോറും ഞാൻ പുരാണംകേൾക്കയും പലവ്രതങ്ങൾനോൽക്കുകയും പതിവായിരുന്നു. വിവാഹംചെയ്തതിൽപിന്നെ "മൂർഖനാകിലുംഭർത്താനാരിമാക്കെല്ലാം ദൈവം" എന്നസിദ്ധാന്തമനുസരിച്ചു അങ്ങേശ്ശുശ്രൂഷ മാത്രംകൊണ്ടു് എനിക്കു സർവ്വാഭീഷ്ടങ്ങളും സിദ്ധിക്കുമെന്നുള്ള വിചാരത്താൽ മേകാര്യങ്ങളിലെ ശ്രദ്ധ ഞാൻ ഉപേക്ഷിച്ചിരിക്കയാണു്. നിശ്ചയമായി ഭർത്തൃശുശ്രൂഷകൊണ്ടു് എനിയ്ക്കു ഇഷ്ടസിദ്ധിയും മോക്ഷവും ലഭിക്കുമെന്നാണ് എന്റെ ധൈര്യം. അതുകൊണ്ടു് പുരാണശ്രവണാദി പുണ്യകാര്യങ്ങളിൽ ശ്രദ്ധവേണ്ടതു് പ്രധാനമായി അങ്ങേയ്ക്കാണു്. അങ്ങുകൂടിവരാതെ എനിക്കുപോയികേൾക്കാൻപാടില്ല. എന്തെന്നാൽ ഭർത്താവാകുന്ന ദേവനെക്കൂടാതെ പോയി ഭാര്യപുരാണശ്രവണം ചെയ്യുന്നതു് വിഷ്ണുദേവനെ സ്തുതിച്ചുകൊണ്ടു് ശിവനെ നിന്ദിക്കുന്നതുപോലെ നിഷ്പ്രയോജനമാണെന്നു വിദ്വാന്മാർ പറഞ്ഞുകേട്ടിട്ടുണ്ടു്. സൂക്ഷ്മമാലോ

ചിച്ചാൽ പാപകരമാണെന്നു പറയാം. അതിനാൽ വെറുതേ തൎക്കിക്കാതെ നമുക്കു പുരാണംകേൾക്കാൻ പോകാം."

ഇങ്ങനെ സാരോപദേശം ചെയ്തശേഷം, അവർ പുണ്ഡരീകഭക്തനെ നിൎബ്ബന്ധപൂൎവ്വം കൂട്ടിക്കൊണ്ടു്, പുരാണകഥാപ്രസംഗരംഗത്തിലെത്തി. രണ്ടാളുമായി അവിടെ ഒരു ശുഭസ്ഥാനത്തിരുന്നു ശ്രദ്ധിച്ചു കേട്ടുതുടങ്ങി. സഗരപുത്രന്മാൎക്കു സൽഗ്ഗതി കൊടുക്കാൻ വേണ്ടി ഭഗീരഥൻ പരമശിവനെക്കുറിച്ചു തപസ്സു ചെയ്തതും, ദേവഗംഗയെ ഭൂമിയിലേക്കു ആവാഹിച്ചു്, പാതാളത്തിൽ കൊണ്ടുപോയി സഗരപുത്രന്മാർ ദഹിച്ച ചാമ്പലിന്മീതേക്കൂടി പ്രവഹിച്ചപ്പോൾ, അവൎക്കു ഗതികിട്ടിയതും, ഗോഹത്തി, ശിശുഹത്തി, ബ്രഹ്മഹത്തി, സ്ത്രീഹത്തി, ഗുരുഹത്തി മുതലായ മഹാപാപങ്ങൾ ചെയ്യുന്ന കൊടുംപാപികളും, ശ്രീകാശിയിൽച്ചെന്നു ഗംഗയിൽ കുളിച്ചാൽ പരിശുദ്ധിയെ പ്രാപിക്കുമെന്നും ആ വസ്തുത ഗംഗതന്നെ ഭഗീരഥനോടു അരുളിച്ചെയ്തിട്ടുണ്ടെന്നും, കാശിയിലെത്തി വിശ്വനാഥദർശനം കഴിച്ചു്, അവിടെ വച്ചു മരിക്കാൻ സംഗതി വരുന്ന പുണ്യാത്മാക്കൾക്കു വിശ്വനാഥൻ മരണകാലത്തിൽ, വലത്തു ചെവിയിൽ താരകമന്ത്രമുപദേശിക്കുമെന്നും, അതുമൂലം എത്ര പാപികളായാലും അവൎക്കു മോക്ഷസിദ്ധിയുണ്ടാകുമെന്നും, ഗംഗാനദിയുടെ തീരപ്രദേശം സിദ്ധന്മാരായ മുനിശ്രേഷ്ഠന്മാരുടെ ആശ്രമങ്ങളാൽ അലംകൃതമാണെന്നും, ആ മഹാത്മാക്കളെ പരിചരിച്ചുകൊണ്ടു്, പുണ്യശാലികളായ അനേകം ജനങ്ങൾ അധിവസിച്ചുവരുന്നുണ്ടെന്നും, ബ്രഹ്മാവു മുതലായ ദേവന്മാർ ഓരോരോ രൂപംധരിച്ചു്, അവിടെ തപസ്സുചെയ്തു് അധിവസിക്കുന്നുണ്ടെന്നും, പ്രത്യൂഷസ്നാനങ്ങളാൽ വിശുദ്ധരാകുന്നവൎക്കു വിശ്വനാഥൻ ഇന്നും ദർശനം കൊടുക്കുന്നുണ്ടെന്നും മറ്റും വ്യാഖ്യാനിച്ചുപ്രസംഗിക്കുന്നതു കേട്ടപ്പോൾ, പുണ്ഡരീകഭക്തൻ ഉദ്ബുദ്ധനായിത്തീൎന്നു. കാശിയെ സന്ദൎശിക്കണമെന്നു് അയാൾക്കു ഉൽക്കണ്ഠയുണ്ടായി. ഉടൻതന്നെ എഴുന്നേറ്റു്, പുരാണപാഠകന്മാരെ വന്ദിച്ചുകൊണ്ടു കാശിക്കു പുറപ്പെട്ടു. അതുകണ്ടു്, സാദ്ധ്വിയായ അയാളുടെ ഭാൎയ്യയും, ഭൎത്താവിനെ വണങ്ങി, തന്നെക്കൂടി കൊണ്ടുപോകണമെന്നപേക്ഷിച്ചുകൊണ്ടു കൂടെത്തിരിച്ചു. അക്കഥ അറിഞ്ഞ പുണ്ഡരീകന്റെ മാതാപിതാക്കന്മാർ വാൎദ്ധക്യകാലത്തു പുത്രനോടുകൂടി ഗംഗയിൽ സ്നാനം ചെയ്യുന്നതു പുണ്യപ്രദമാണെന്നുള്ള വിചാരത്താൽ, വഴിക്കു വേണ്ട ഭക്ഷണസാധനങ്ങളും കെട്ടിച്ചുമന്നുകൊണ്ടു പുറകേ പോയി. അവരെല്ലാവരും ഒരുമിച്ചു ചേൎന്നതിൽപിന്നെ, ഓരോരോ വിശ്രമസ്ഥാനങ്ങളിൽ എത്തുമ്പോൾ, പുത്രനും പത്നിയും വെറുപ്പുകാണിച്ചിരുന്നാലും അതൊന്നും വകവയ്ക്കാതെ, ആ വൃദ്ധദമ്പതിമാർ ഭക്ഷണം തയ്യാറാക്കി അവരെ വിളിച്ചു ഭുജിപ്പിക്കയും വാത്സല്യഗൎഭങ്ങളായ വാക്കുകളാൽ ഉപചരിക്കയും ചെയ്തുവന്നു. പുണ്ഡരീകനും പത്നിയും വൃദ്ധരായ മാതാപിതാക്കൾ ചുമടും ചുമന്നുംകൊണ്ടു പുറകേ നടക്കുന്നതു വകവയ്ക്കാതെ, ശ്രീകാശി, കാശി, എന്നു സ്മരണയോടുകൂടി, വിശ്വനാഥനെയും വിശാലാക്ഷിയമ്മയേയും ഗംഗാനദിയേയും സ്തുതിച്ചുകൊണ്ടു നടന്നുപോയി. അങ്ങനെ പോകുമ്പോൾ, ഭാൎയ്യ, കാൽകുഴഞ്ഞു പരവശയായതുകണ്ടു്, പുണ്ഡരീകൻ അവളെ തോൾമേലേന്തിക്കൊണ്ടു തിരിച്ചു. വൃദ്ധമാതാപിതാക്കളുടെ ദുഃഖത്തേയും ക്ഷീണത്തെയും കുറിച്ചു അശേഷം ഗൌനിക്കാതെ പോയിച്ചെന്നു്, യഥാകാലം കാശിയിലെത്തി. അവിടെ, കുക്കുടമഹൎഷിയുടെ വാസസ്ഥാനമാകിയ അസി എന്ന സ്ഥലത്തുചെന്നപ്പോൾ, ആശ്രമത്തിന്റെ മഹിമയെക്കുറിച്ചു് പലരും പറഞ്ഞുകേൾക്കയാൽ, പുണ്ഡരീകഭക്തൻ മഹൎഷിയെ കാണ്മാനായി പത്നിയോടുകൂടി ആശ്രമത്തിൽ കടന്നുചെന്നു. അപ്പോൾ മഹൎഷി അവിടെ ഇല്ലായിരുന്നു. ഗംഗ, യമുന, സരസ്വതി, നൎമ്മദ, ഗൌതമി, എന്നീ അഞ്ചുപുണ്യനദികൾ സ്ത്രീരൂപം ധരിച്ചു്, അവിടെ പാചകജോലി ചെയ്തുകൊണ്ടിരിക്കുന്നതുകണ്ടു്, പുണ്ഡരീകഭക്തൻ, ഭക്തിപൂൎവ്വം അവരെ നമസ്കരിച്ചു. അവരുടെ അഴകും ആഭരണങ്ങളുടെയും വസ്ത്രത്തിന്റെയും മേന്മയും, മനോഹരഭാവങ്ങളുമെല്ലാം അയാൾക്കു ആനന്ദവിസ്മയമുണ്ടാക്കി. ഇവർ നരലോകസ്ത്രീകളോ സുരലോകസ്ത്രീകളോ ആരായിരിക്കാം? ഹാ! ഹാ! ഇവരുടെ തേജസ്സൌന്ദ

യ്യുങ്ങൾ എത്രമാത്രം ആകർഷകങ്ങളായിരിക്കുന്നു. ഇവർ പ്രസിദ്ധ സ്ത്രീരത്നങ്ങളായ, അഹല്യ, ദ്രൌപദി, സീത, താര, മണ്ഡോദരി എന്നീ പഞ്ചസുന്ദരിമാരായിരിക്കുമോ? അതൊ? മൂദേവി, ശ്രീദേവി, ഭവാനി, ഭാഗീരഥി, ഭാരതി എന്നിവരായിരിക്കുമോ? അഥവാ, അനസൂയ, രേണുക, വൃന്ദ, ഇന്ദ്രാണി, അരുന്ധതി എന്നിവരോ? ഇങ്ങനെസംശയിച്ചു സ്തോത്രം ചെയ്തു. അവർ ദേഹം വിയർത്തൊഴുകുംവണ്ണം ബദ്ധപ്പെട്ടു്, പാചകവൃത്തിയിൽ പരിശ്രമിക്കുന്നതു കണ്ടു് തെല്ലൊരു വല്ലായ്മയോടെ പറഞ്ഞു. പുണ്യവതികളെ! നിങ്ങൾ ഇത്ര ബദ്ധപ്പെട്ടു വിടുപണിചെയ്യുന്നതു ആൎക്കുവേണ്ടിയാണു്? നിങ്ങളെ കണ്ടാൽ ദേവസ്ത്രീകളെന്നോ രാജസ്ത്രീകളെന്നോ തോന്നത്തക്കവണ്ണം തേജസ്വിനികളായിരിക്കുന്നുവല്ലോ. ഭൃത്യന്മാരാരുമില്ലയോ? നിങ്ങൾ ആരാണെന്നും പേരെന്താണെന്നും മററുമുള്ള വിവരങ്ങൾ അറിയിച്ചുതന്നാൽ കൊള്ളാം. തളിർപോലെ മൃദുവായ കൈകൾ നോവത്തക്കവണ്ണവും, വല്ലിപോലെ മൃദുവായ ദേഹമുലയത്തക്കവണ്ണവും പ്രയത്നിക്കുന്നതു കാണുന്നതുപോലും സങ്കടകരമായിരിക്കുന്നു. നിങ്ങൾ, ദയയുണ്ടായി, ഈ ജോലി നിറുത്തണേ! സ്വാമിനികളേ! അടിയൻ നിങ്ങൾക്കുവേണ്ടി ആ ജോലി നിർവ്വഹിക്കാം. അതു സമ്മതമല്ലെങ്കിൽ, എന്റെ ഭാൎയ്യയുണ്ടു്; അവളെക്കൊണ്ടു് ചെയ്യിക്കാം. ചന്ദ്രസമാനമായ നിങ്ങളുടെ മുഖം പുകയേററു കറുക്കുന്നതും, തളിർപോലെ മൃദുവായ ദേഹം തീകൊണ്ടു വാടുന്നതും കണ്ടു കണ്ടു മനസ്സുരുകുന്നു.”

മുനീന്ദ്രന്മാൎക്കുപോലും ഗണിക്കവയ്യാത്ത മഹിമയോടുകൂടിയ, പുണ്യവതികളായ പഞ്ചഗംഗകൾ, മാതാപിതാക്കളെ ദുഃഖിപ്പിച്ചു ഭാൎയ്യയെ പൂജിച്ചുകൊണ്ടു് സമീപത്തു വന്നുനില്ക്കുന്ന പുണ്ഡരീകഭക്തനെ നോക്കി:—“കഷ്ടം! മാതാപിതാക്കളെ അനാദരിക്കുന്ന ദുഷ്ടനായ ഈ തടിമാടനു്, ഞങ്ങളെ കാണ്മാൻ സാധിച്ചതെന്തൊരു മറിമായം? പാപന്മാൎക്കു ഞങ്ങളുടെ ദർശനം സുലഭമല്ലല്ലോ എന്നിങ്ങനെ വിചാരിച്ചു കോപിച്ചുപറഞ്ഞു:—“എടാ! ദുർവ്വൃത്ത! മൂഢ! പഞ്ചമഹാപാതക! യമഘാതക! വേഗം ഇവിടംവിട്ടു പൊയ്ക്കോ. നിന്നെ കാണ്മാൻ തന്നെ കൌതുകം തോന്നുന്നില്ല.”

പുണ്ഡരീകൻ, ഇതുകേട്ടു്, വീണ്ടും അവരെവന്ദിച്ചുവീണു്—“ഹേ പുണ്യവതികളേ! നിങ്ങളുടെ നാമധേയത്തേയും, നിങ്ങൾ ആൎക്കുവേണ്ടിയാണു്, ഈ ഭക്ഷണസാധനം പാകപ്പെടുത്തുന്നതെന്നുള്ളതും എനിക്കു പറഞ്ഞുതന്നാൽ, ഞാൻ ഇക്ഷണം ഇവിടം വിട്ടു പൊയ്ക്കൊള്ളാം” എന്നറിയിച്ചു. വല്ല വിധത്തിലും അവനെ അവിടെ നിന്നയച്ചാൽ മതിയെന്നു നിശ്ചയിച്ചു്, അവർ, തങ്ങളുടെ നാമങ്ങളേയും, കുക്കുടമഹർഷിക്കുവേണ്ടിയാണു്, ഭക്ഷണസാധനങ്ങൾ പാകപ്പെടുത്തുന്നതെന്നും, അവനെ ധരിപ്പിച്ചു. എന്നിട്ടു്, വേഗം അവിടംവിട്ടു പൊയ്ക്കൊള്ളുവാൻ അവനോടു പറഞ്ഞു. അതുകേട്ടു്, പുണ്ഡരീകഭക്തൻ:—“സാധ്വികളേ! നിങ്ങൾ ദേവസ്ത്രീകളാണോ എന്നെന്നോടു സത്യംപറയുവിൻ!” എന്നു വീണ്ടും ചോദ്യംചെയ്തു. പഞ്ചഗംഗകൾ ഉടനേ, കോപാകുലമാരായി “എടാ നീച! നീ വെറുതേ ഉപദ്രവിക്കുന്നോ? ആദ്യം നീ ചോദിച്ച രണ്ടുകാൎയ്യങ്ങൾ ഞങ്ങൾ പറഞ്ഞുതന്നില്ലയോ? അതുകേട്ടാൽ ഉടൻ പൊയ്ക്കൊള്ളാമെന്നല്ലേ നീ പറഞ്ഞു? ഇപ്പോൾ പിന്നെയും നിന്നുകൊണ്ടോരോന്നു ചോദിക്കുന്നോ? വെളിക്കിറങ്ങി പോയില്ലെങ്കിൽ, തലമുടിക്കു പിടിച്ചു തൂക്കിയെടുത്തു ഗംഗയിൽ ഇടുന്നുണ്ടു്.” എന്നുപറഞ്ഞു.

പുണ്ഡരീകഭക്തൻ:—“ഹേ രൂപവതികളായ സതികളേ! ഞാൻ പണ്ഡരിയിൽ നിന്നു്, പലനാൾ ബുദ്ധിമുട്ടി നടന്നു്, പലപല ദേശങ്ങൾ കടന്നു്, ഈ കാശിയിൽ വന്നതു്, പ്രധാനമായി ഗംഗാസ്നാനത്തെ ഉദ്ദേശിച്ചാണു്. ആ സ്ഥിതിക്കുപുണ്യവതികളായ നിങ്ങളുടെ ഉള്ളംകൈകൾകൊണ്ടു് എന്റെ ദേഹത്തെ സ്പർശിച്ചു ഗംഗയിൽ തളളിയിട്ടാൽ, ഞാൻ ചെയ്ത മഹാപാപങ്ങളെല്ലാം എന്നെ വിട്ടൊഴിഞ്ഞു നിങ്ങളിൽ ചേരുകയും എനിക്കു സ്വർഗ്ഗതി ലഭിക്കയും ചെയ്യും. ഗംഗ

യുടെ ദർശനമാത്രത്തിൽതന്നെ നിങ്ങളെ കാണത്തക്ക പരിശുദ്ധി എനിക്കസിദ്ധിച്ചു. പുണ്യനദിയായ ഈഗംഗയിൽ വീണു മരിച്ചാൽ സ്വൎഗ്ഗതി ലഭിക്കുമെന്നുള്ളതിനു സംശയമുണ്ടോ? അതു്, എത്രമാത്രം പുണ്യപ്രദമാണെന്നു പരിച്ഛേദിക്കാൻപോലും എനിക്കു ശക്തിയില്ല.”

ഇത്രയുംപറഞ്ഞു വീണ്ടും വണങ്ങിക്കൊണ്ടു്, പുണ്ഡരീകഭക്തൻ പലഹാരങ്ങൾ പാകംചെയ്യുന്നതിന്നായി വീണ്ടും തന്റെ ഭാൎയ്യയെ വിളിച്ചു. ഉടനേ, പഞ്ചഗംഗകൾ “എടാ മൂഢ! നീ എന്തൊരു സാഹസമാണു തുടങ്ങുന്നതു്. ഞങ്ങളെ നീ കണ്ടതുതന്നെ കുറേ അധികത്തിലിരിക്കയാണു്. ആ സ്ഥിതിക്കു് ഇനി, നിന്റെ ഭാൎയ്യയെക്കൂടി വിളിച്ചു കാണിക്കണമെന്നാണോ പക്ഷം? എന്നല്ല അശുദ്ധയായ നിന്റെ പത്നി പാകംചെയ്തതായറിഞ്ഞാൽ, മഹൎഷി അതു ഭക്ഷിക്കുമോ? ഇനി, ഞങ്ങൾ ഇവിടെ വരാതിരിക്കാനുള്ള വിദ്യയാണോ നീ നോക്കുന്നതു്? അതുകൊണ്ടു്, നിന്റെ ഭാൎയ്യ ഇവിടെ വന്നിട്ടാവശ്യമില്ല. നീയും ഇവിടെ നിൽക്കേണ്ടാ. പൊയ്ക്കോ” എന്നുപറഞ്ഞു ബദ്ധപ്പെട്ടു വീണ്ടും പാചകജോലിയിൽ പ്രവേശിച്ചതുകണ്ടു്, സങ്കടം തോന്നി, പുണ്ഡരീകൻ പത്നിയെ വീണ്ടും വിളിക്കതന്നെ ചെയ്തു.

അവന്റെ ധൃഷ്ടതകണ്ടു്; അത്ഭുതകോപാകുലമാരായ പഞ്ചഗംഗകൾ:—“ഞങ്ങളെ കാണാൻ കിട്ടത്തക്ക പുണ്യാംശം എന്തോ നിനക്കുണ്ടെങ്കിലും എന്തൊരഹങ്കാരമാണിക്കാണിക്കുന്നതു്. അപകൃഷ്ടയായ നിന്റെ പത്നി ഇവിടെ കടന്നുവന്നാൽ, ഉടനേ ഞങ്ങൾ ഇവിടെനിന്നു പോകേണ്ടിവരും. പിന്നെ ഒരു നിമിഷം ഇവിടെ താമസിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല. അങ്ങനെയായാൽ, മഹൎഷിവരുമ്പോൾ ഭക്ഷണം തയ്യാറാകാതെ വരും. അപ്പോൾ അദ്ദേഹം കോപിച്ചു ശാപമിട്ടേക്കാൻമതി” എന്നുപറഞ്ഞു.

പുണ്ഡരീകഭക്തൻ:—“മാന്യദേവികളേ! കുക്കുടമഹൎഷി എവിടെ പോയിരിക്കുന്നുവെന്നുള്ള വസ്തുതകൂടി, എന്നെ അറിവിക്കാൻ ദയതോന്നണമേ.”

പഞ്ചഗംഗകൾ:—“അദ്ദേഹമോ? അദ്ദേഹം തന്റെ മാതാപിതാക്കന്മാരെ ശുശ്രൂഷിച്ചു പൂജിക്കാൻ പോയിരിക്കയാണു്.”

പുണ്ഡ:—“ദേവികളേ! നിങ്ങൾ സത്യമാണോ പറയുന്നതു്? പരമാത്മബോധികളായ ഋഷീശ്വരന്മാർ നിൎമ്മമന്മാരല്ലേ? അവൎക്കു അച്ഛനമ്മമാരെന്നുള്ള സ്നേഹബന്ധം ഉണ്ടാവുക സംഭാവ്യമാണോ? ഏഷണാത്രയം നീങ്ങിയ മഹാത്മക്കളല്ലേ അവർ?”

പഞ്ചഗംഗ:—“എടാ പുണ്ഡരീക! നിന്റെ അറിവു്, ഇത്രതുച്ഛമാണോ? മഹൎഷിമാർ ദൈവഭക്തന്മാരല്ലേ? അക്കാൎയ്യത്തിൽ നീ വിസംവദിക്കാൻഭാവമുണ്ടോ? മുഖ്യദൈവങ്ങൾ മാതാപിതാക്കന്മാരാണെന്നുള്ള വസ്തുത നീ അറിയുന്നില്ലേ? മതാ, പിതാ, ഗുരു, ദൈവം, ഇവർ പൂജനീയദൈവങ്ങളാണു്. അതിൽ ഏറ്റം പ്രാധാന്യം മാതാവിനുതന്നെ. പിന്നീടു്, രക്ഷിച്ചുവളൎത്തുന്ന പിതാവിനു്. മൂന്നാമതു പ്രാധാന്യം ജ്ഞാനപ്രദാനംചെയ്യുന്ന ഗുരുവിനു്. നാലാമതു മോക്ഷദായകനായ ഈശ്വരനു്. ഇങ്ങനെയാണു് സാധുക്കൾ നിൎണ്ണയിച്ചിരിക്കുന്നതു്. ആദ്യത്തെപ്പടികളിൽ കാലുകുത്തിക്കയറിവേണ്ടേ നാലാമത്തെപ്പടിയിൽ എത്താൻ? അതുപോലെ, മാതാപിതാക്കളെയും ഗുരുവിനെയും പൂജിച്ചിട്ടുവേണം ദൈവപൂജയ്ക്കു മനസ്സുവയ്ക്കാൻ. പരമാൎത്ഥം ചിന്തിച്ചാൽ മാതാവിനോടു എന്തുമാത്രം കടപ്പാടു ജീവികൾക്കുണ്ടെന്നു പരിച്ഛേദിക്കാൻ ആരാൽ കഴിയും? പത്തുമാസംചുമന്നുകൊണ്ടുനടന്നു പലപല അവസ്ഥകൾക്കും പാത്രമായി വേദനസഹിച്ചു പ്രസവിച്ചാൽ മലമൂത്രമലിനമായശയ്യയിൽകിടന്നുവിഷമിച്ചു, തന്റെ രക്തമായപാൽകൊടുത്തുകുഞ്ഞിനെവളൎത്തിയെടുക്കുന്ന മാതാവിനൊപ്പം ദൈവതമാകുമോ?

അങ്ങനെയുള്ള മാതാവും വളരെ പ്രയത്നപ്പെട്ടു സ്വന്തസുഖത്തേയും ഉപേക്ഷിച്ചു പ്രാണനേക്കാൾ സ്നേഹത്തോടെ, രക്ഷിച്ചു വളർത്തിയ പിതാവും, ചുമടു ചുമന്നുംകൊണ്ടു പുറകേ വന്നതും, വിശ്രമസ്ഥാനങ്ങളിൽ പ്രയത്നപ്പെട്ടു ഭക്ഷണസാധനങ്ങൾ പാകപ്പെടുത്തി വിഷമിക്കുന്നതും കണ്ടുകൊണ്ടു ലജ്ജയില്ലാതെ യാത്രചെയ്തുവന്ന തടിമാടനായ നിനക്ക് മാതാപിതാക്കളെക്കുറിച്ചു ചെയ്യുന്ന പൂജയുടെ മഹത്വം അറിയാമോ? വൃദ്ധരായ മാതാപിതാക്കൾ ചുമടും ചുമന്നു കാൽ കഴഞ്ഞു ബുദ്ധിമുട്ടുന്നതിനെക്കുറിച്ചു അശേഷം ഗണിക്കാതെ, ഇടയിൽ വന്നുകൂടിയ ഭാര്യയെ തോളിൽ എടുത്തുകൊണ്ടുവന്ന നിനക്ക് മാതാപിതാക്കളുടെ പാദങ്ങളിൽ ചെയ്യപ്പെടുന്ന അർച്ചനയുടെ ഫലം അറിയാമോ? ഹരിഹരഭക്തന്മാർക്കും, ജീവന്മുക്തന്മാർക്കും ഗുരുഭക്തനെന്ന പേർ ലഭിച്ചിട്ടില്ലെന്നും, മാതാപിതാക്കളെ തോൾമേൽ വഹിച്ചുകൊണ്ടു നടന്നവൻ ഗുരുഭക്തനെന്ന പേരിനു അർഹനായി തീർന്നിട്ടുണ്ടെന്നും ഉള്ള കഥ നീ കേട്ടിട്ടില്ലയോ? പുരാണങ്ങൾ വായിച്ചിട്ടില്ലേ? വസിഷ്ഠൻ വിശ്വാമിത്രൻ മുതലായ മുനിമാരോടുകൂടി ദശരഥമഹാരാജാവു എഴുന്നള്ളിയിരുന്ന സഭയിൽ, ശ്രീരാമൻ ചെന്നപ്പോൾ, മാമുനിമാരെ നോക്കുകപോലും ചെയ്യാതെ, ആദ്യമായി അച്ഛനായ ദശരഥനെ നമസ്കരിച്ച്, പിതാവിന്റെ മഹത്വത്തെക്കുറിച്ച്, അദ്ദേഹം ആ സഭാവാസികൾ കേൾക്കെ പ്രസംഗിച്ചകഥയും മറ്റും നീ കേട്ടിട്ടില്ലയോ? "നാലഞ്ചുഭർത്താവൊരുത്തിക്കതൊന്നത്രേ നാലുജാതിക്കും വിധിച്ചതല്ലേ" എന്നിരുന്നിട്ടും മാതാവായ കുന്തിയുടെ ആജ്ഞയനുസരിച്ച് പാണ്ഡവന്മാർ അഞ്ചാളുംചേർന്നു പാഞ്ചാലിയെ വിവാഹം ചെയ്തു നിർദ്ദോഷമായി ജീവിച്ചില്ലയോ? പരസ്ത്രീഗമനം മഹാപാതകമാണെന്നു അറിഞ്ഞുകൊണ്ടുതന്നെ വേദവ്യാസൻ, മാതാവിന്റെ കല്പനയനുസരിച്ച്, സഹോദരപത്നിമാരിൽ പുത്രന്മാരെ ജനിപ്പിച്ചില്ലയോ? വല്ല പാപാംശവും അതുമൂലം അദ്ദേഹത്തിനു അനുഭൂതമായോ? മാതാവിന്റെയോ പിതാവിന്റെയോ വാക്യമനുസരിച്ചു ചെയ്യുന്നതായാൽ, ഏതു പ്രവൃത്തിക്കും പാപമില്ലെന്നുള്ളതുതന്നെ അവരുടെ മഹത്വത്തിനു ഉത്തമസാക്ഷ്യമാകുന്നില്ലേ? അങ്ങനെയുള്ള മാതാപിതാക്കളെ അനാദരിച്ച ദുഷ്ടനായ നിന്റെ മുഖത്തുനോക്കുന്നതുതന്നെ പാപമാണ്. ഗുരുവിനേയും ഭാര്യാപുത്രാദികളെയും ഏതുദേശത്തും ലഭിക്കും. മാതാപിതാക്കളെയോ? സാക്ഷാൽ ഉള്ളവരെ ഒഴിച്ചു വേറേ കിട്ടുമോ? കുട്ടിയെ ഗർഭത്തിലിട്ടുകൊണ്ട്, ഒരു ചുവടു നടക്കുന്നപാട് ഓർമ്മിച്ചാൽ അതിനുപകരം ആ കുട്ടി സ്വന്തമാംസത്തെത്തന്നെ അറുത്തു ദാനംചെയ്താൽകൂടി സമമാകുമോ? അതുപോലെതന്നെ, നെഞ്ഞിലും തോളിലും മടിയിലും വച്ചു ലാളിച്ചു ഭക്ഷണാദികളും കൊടുത്തു വളർത്തുന്ന പിതാവിനു പുത്രൻ ചെയ്യേണ്ട നിഷ്കൃതിയെക്കുറിച്ചു പറഞ്ഞു തീർക്കുന്ന ശാസ്ത്രമേത്? "തള്ളമനം വെണ്ണ, പിള്ളമനം കല്ല്" എന്നൊരു പഴഞ്ചൊല്ലുതന്നെയുണ്ട്. അതിൽനിന്നും മാതാവിന്റെ സ്നേഹബന്ധം സ്പഷ്ടമാകുന്നുണ്ടല്ലോ. അതുപോലെതന്നെ എത്ര ജ്ഞാനിയായാലും, "മലയോത്ഭവമായ ചന്ദനത്തിലുമേറ്റമലിയും തപഗിന്ദ്രിയം സുതനെപ്പുൽകുംനേരം" എന്നുള്ളതിനു സംശയമില്ല. പുത്രനായ നിന്നെ പ്രാണതുല്യമായിക്കരുതി ഒരുമിച്ചിറങ്ങിത്തിരിച്ച ദയാലുക്കളായ മാതാപിതാക്കളെ ദുഃഖിപ്പിച്ചുകൊണ്ടല്ലേ നീ കാശിക്കു വന്നത്? അങ്ങനെ വന്നതുകൊണ്ടെന്തു ഫലം? മാതാവെ ഒരിക്കലും മറക്കരുതെന്നും, പിതൃവാക്യത്തിനെതിർവായില്ലെന്നുള്ള പഴമൊഴി നേരോ കള്ളമോ? നിസ്സാരമായ അല്പസുഖത്തെത്തരുന്ന ഗൃഹിണിയെ ചുമന്നുകൊണ്ടുവന്ന ദോഷിയായ നിന്നോടു ഉരിയാടുന്നതുതന്നെ പാപമല്ലേ? മാതാപിതൃപൂജാതൽപരനാണെന്നുള്ള മഹത്വംകൊണ്ട്, കുക്കുടമഹർഷിക്കു പഞ്ചഗംഗകളായ ഞങ്ങൾ വിടുപണിക്കു വന്നത്, നീ പ്രത്യക്ഷമായിക്കണ്ടിരിക്കയാണല്ലോ? അക്കാര്യത്തിൽ, ഇനിയും വല്ല സംശയവുമുണ്ടോ"?

ഇങ്ങിനെപറഞ്ഞവസാനിപ്പിച്ചശേഷം, പാചകവൃത്തികൾ പൊടുന്നനവേ ചെയ്തുതീർത്തു പഞ്ചാംഗനകൾ അന്തർദ്ധാനംചെയ്തു.

ആ ആശ്ചര്യത്തെക്കണ്ട പുണ്ഡരീകഭക്തൻ, ഉടനേ ഉദ്ബുദ്ധനായിട്ട്, അവിടം വിട്ടിറങ്ങി അവരഞ്ചമ്മമാർ ഇരിക്കുന്നസ്ഥലത്തു ചെന്ന്, സാഷ്ടാംഗം പാദങ്ങളിൽവീണു നമസ്കരിച്ചു. ആ നിമിഷംവരെ ചെയ്ത സകല അപരാധങ്ങളും ക്ഷമിച്ചുകൊള്ളണമെന്നപേക്ഷിച്ചുകൊണ്ട്, കാവടികെട്ടി അവരെ അതിലിരുത്തി തോളിൽ എടുത്തു്, മറ്റു സാമഗ്രികളെല്ലാം ഭാര്യയെക്കൊണ്ടുമെടുപ്പിച്ചു്, നേരേ പണ്ഡരപുരത്തിലേക്കു തിരിച്ചു. വഴിമേൽ വിശ്രമിച്ചസ്ഥലങ്ങളിലെല്ലാം, പുണ്ഡരീകൻ താനേതന്നെ ഭക്ഷണങ്ങൾ ഒരുക്കി മാതാപിതാക്കന്മാരെ ഭുജിപ്പിക്കയും, മറ്റു ശുശ്രൂഷകൾ ചെയ്തു്, അവരുടെ അനുഗ്രഹം വാങ്ങിക്കയും ചെയ്തുവന്നു. പലനാൾകൊണ്ടു പണ്ഡരയിൽ ചെന്നെത്തി. അവിടെ ഒരു ദിവസം താമസിച്ചശേഷം, വീണ്ടും മാതാപിതാക്കന്മാരെ തോളിൽചുമന്നുകൊണ്ടുതന്നെ കാശിയിലേക്കു തിരിച്ചു. 'ഗുരുഭക്തൻ' 'ഗുരുഭക്തൻ' എന്നു കണ്ടവരെല്ലാം പുണ്ഡരീകനെപ്പുകഴ്ത്തി. യഥാകാലം കാശിയിലെത്തി മാതാപിതാക്കളെ ഗംഗയിൽകുളിപ്പിച്ചു്, അവരുടെ പാദതീർത്ഥം ശിരസ്സിൽ ധരിച്ചുകൊണ്ടു്, കൃതാർത്ഥതയോടെ പുണ്ഡരീകൻ ഭൂമിയിൽ വീണുവണങ്ങി. അനന്തരം അവരുടെ അനുവാദവും വാങ്ങിക്കൊണ്ടു്, കുക്കുടമഹർഷിയുടെ ആശ്രമത്തിൽ ചെന്ന്, അദ്ദേഹത്തെ വന്ദിക്കുകയും, അദ്ദേഹത്താൽ ഉപദേശിക്കപ്പെട്ട മഹാവാക്യമന്ത്രങ്ങളെ മനസ്സിലാക്കി, ആത്മസംബന്ധമായി തനിക്കുണ്ടായിരുന്ന പല സംശയങ്ങളെയും അദ്ദേഹത്തോടു ചോദിച്ചറിയുകയും, ഉടൻതന്നെ നിരവദ്യമായ നിർവൃതിയുണ്ടായി, പുണ്ഡരീകനു ആത്മാനന്ദം അനുഭവിക്കയും ചെയ്തു.

അനന്തരം, മടങ്ങിപ്പോയി, മാതാപിതാക്കളെവന്ദിച്ചു്, തനിക്കനുഭൂതമായ ബ്രഹ്മാനന്ദപ്രകാരത്തെയും, മോക്ഷമാർഗ്ഗോപദേശലബ്ധിയെയും, അറിയിച്ചശേഷം. വിശ്വനാഥദർശനം കഴിപ്പിച്ചു്, പഴയപടി അവരെ കാവടിയിൽതന്നെ കെട്ടിയെടുത്തുകൊണ്ടു പണ്ഡരയിൽചെന്നുചേർന്നു. അന്നുമുതൽ ദിവസംതോറും, പ്രഭാതത്തിൽ മാതാപിതാക്കളെ ചന്ദ്രഭാഗാ നദിയിൽ കുളിപ്പിച്ചു്, യഥാവിധി പൂജിച്ചുകൊണ്ടു വീട്ടിൽ ചെന്നു്, ഷഡ്രസോപേതമായ ഭക്ഷണംകഴിപ്പിച്ചു ശയിപ്പിച്ചതിനു മേലല്ലാതെ, അയാൾ കുളിക്കുകയോ ഉണ്ണുകയൊ യാതൊന്നും ചെയ്തയില്ല. കുളിയും ഭക്ഷണവും കഴിഞ്ഞാൽ പിന്നെ ബ്രഹ്മധ്യാനനിഷ്ഠനായിരിക്കുകയും പതിവായിരുന്നു.

ഇങ്ങനെ കഴിഞ്ഞുവരുന്നകാലത്തു്, പണ്ഡരപുരത്തിനടുത്തുള്ള ഗോപാലപുരിയിൽ, ചന്ദ്രാവലി എന്നു പേരായ ഒരു ഉത്തമസ്ത്രീ, ശ്രീകൃഷ്ണഭഗവാനെ ഉദ്ദേശിച്ചു തപസ്സുചെയ്തുകൊണ്ടിരുന്നു. അദ്ദേഹം ഭർത്താവാകണമെന്നായിരുന്നു അവളുടെ മനസ്സങ്കല്പം. ദേവദേവനായ അദ്ദേഹത്തെത്തന്നെ നിത്യവും ഭജിക്കശീലമായി. കൃഷ്ണനെ അല്ലാതെ, ശിവപ്രഭൃതികളായ ദേവന്മാരെ, അവർ ഇങ്ങോട്ടു തപസ്സുചെയ്താലും വേണ്ടയെന്നായിരുന്നു അവളുടെ നിശ്ചയം. എപ്പോഴും കൃഷ്ണനെത്തന്നെ ധ്യാനിക്കയും അദ്ദേഹത്തിന്റെ നാമങ്ങളെ ജപിക്കയും ചെയ്തുവന്നു. ഇങ്ങനെ, മുപ്പതുവയസ്സാകുന്നതുവരെ, അവൾ കന്യകയായിത്തന്നെ തപസ്സുചെയ്തു. അക്കാലത്തു്, അവളെ ഒന്നു പരീക്ഷിക്കാനായി ഭഗവാൻ ശ്രീകൃഷ്ണൻ, പരമശിവന്റെ രൂപത്തിൽ അവളുടെ മുമ്പിൽ പ്രത്യക്ഷനായി "മാന്യസ്ത്രീരത്നമേ! നിന്റെ തപസ്സുകൊണ്ടു ഞാൻ സന്തുഷ്ടനായി ഭവിച്ചിരിക്കുന്നു. നിനക്കാഗ്രഹമുള്ള വരങ്ങളെ വരിച്ചാലും." എന്നരുളിച്ചെയ്തു.

ചന്ദ്രാവലി, അതിനുമറുപടിയായി, അദ്ദേഹത്തെ വന്ദിച്ചുപറഞ്ഞു:—"സ്വാമിൻ, ഭഗവാൻ ശ്രീകൃഷ്ണൻവന്നു്, എന്നെ വിവാഹംചെയ്യണമെന്നുള്ള ഏകസങ്കല്പത്തോടു കൂടിയാണു ഞാൻ തപസ്സുചെയ്യുന്നതു്, മറ്റൊരുവരവും എനിക്കാവശ്യമില്ല."

പരമശിവൻ:—"കഷ്ടം! അതാണോ നിന്റെ സങ്കല്പം? അങ്ങനെയാണെങ്കിൽ, ഇതുവരെ നീ തപസ്സുചെയ്തതെല്ലാം കേവലം നിഷ്പ്രയോജനംതന്നെ. എന്തെന്നാൽ ശ്രീകൃഷ്ണൻ ഇപ്പോൾ ബൌദ്ധാവതാരമെടുത്തു മൌനംദീക്ഷിച്ചിരിക്കയാണു. പോരെങ്കിൽ രുഗ്മിണീദേവിയും പിരിയാതെ എപ്പോഴുംകൂടെയുണ്ടു്. അതുകൊണ്ടു ആ ആശ ഇനി വേണമെന്നില്ല. സമ്മതമാണെങ്കിൽ എന്നെ വിവാഹം ചെയ്തോളൂ. നിന്റെ തപോബലത്താൽ ഞാൻ അതു സമ്മതിച്ചിരിക്കുന്നു." ചന്ദ്രാവലിക്കു പരമശിവന്റെ വാക്കുകൾ തീരെ രസിച്ചില്ല. അവൾ കുണ്ഠമായ മുഖഭാവത്തോടെ പറഞ്ഞു. "സ്വാമിൻ! അങ്ങനെ കല്പിക്കുന്നതു സങ്കടമാണ്. ഭഗവാനായ ശ്രീകൃഷ്ണനെ ഭർത്താവായി കിട്ടണമെന്നാണെന്റെ അഗ്രഹം. ആ അഗ്രഹത്തോടെ, തപസ്സുചെയ്ത എന്നെ അങ്ങു് ഉപഹസിക്കുന്നതു, ഒന്നുകൊണ്ടും ഭംഗിയല്ല. ഞാൻ പതിവ്രതയാണ്. ഒരാളെ ഭർത്താവായി മനസ്സിൽ സങ്കല്പിച്ചുപോയാൽ പിന്നെ മറ്റൊരാളെ വിചാരിക്കുന്നതുപോലും ധർമ്മമല്ല. അങ്ങനെ വിചാരിക്കുന്നുവെങ്കിൽ അതു വ്യഭിചാരമാണു. വ്യഭിചാരത്തെപ്പോലെ നിന്ദ്യമായ ഒരു ദുരാചാരം, ലോകത്തുമറ്റെന്തുണ്ടു്? പരസ്ത്രീകളെ കാംക്ഷിക്കുന്ന പുരുഷന്മാരും അതുപോലെതന്നെ നിന്ദ്യന്മാരാണ്. ദാരുകവനത്തിലുള്ള മുനിപത്നിമാരെ കറപ്പെടുത്തിയതിന്നു് ആ മുനിമാർ ശാപമിട്ടതു പോരെയോ! ഇനി എന്റെ ശാപവും വാങ്ങിച്ചുവയ്ക്കണമെന്നാണോ തിരുവടി അഗ്രഹിക്കുന്നതു്? അതൊരിക്കലും നീതിയാവില്ല. അത്രിമഹർഷിയുടെ ധർമ്മപത്നിയായ അനസൂയയെ ചോദിക്കയാലുണ്ടായ പങ്കപ്പാടുകളൊക്കെ മറന്നുകഴിഞ്ഞുവോ?"

ചന്ദ്രാവലിയുടെ ധീരവും ധൃഷ്ടവുമായ ഈ വാക്കുകൾകേട്ടു്, ശിവരൂപധാരി ശ്രീകൃഷ്ണൻ സന്തുഷ്ടനായി, സ്വന്തരൂപം വെളിപ്പെടുത്തിപ്പറഞ്ഞു. "മാന്യമഹിളാമണേ! നിന്റെ നീതിനിഷ്ഠയും, നിശ്ചയദാർഢ്യവും ഒന്നു പരീക്ഷിക്കണമെന്നുദ്ദേശിച്ചാണു്, ഞാൻ ശിവന്റെ രൂപം ധരിച്ചുവന്നു നിന്നോടുസമ്മതം ചോദിച്ചതു്. "അല്ലയോ സതീരത്നമേ! നീ എന്നെക്കുറിച്ചു ഇതേവരെത്തപസ്സുചെയ്തതിന്റെ വിശുദ്ധിയും വിശ്വാസവുംകണ്ടു്, ഞാൻ അത്യന്തം സന്തുഷ്ടനായിത്തീർന്നിരിക്കുന്നു. അഭീഷ്ടമേതോ അതു തരുവാൻ ഇതാ ഞാൻ സന്നദ്ധൻ!"

ഇങ്ങനെ ഭഗവാനും താപസിയും തമ്മിൽ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ, രുക്മിണീദേവി, ഭഗവാനെക്കാണാഞ്ഞന്വേഷിച്ചു ചുറ്റിത്തിരിഞ്ഞു് അവിടെച്ചെന്നുകണ്ടുകൂടി. രൂപവതിയായ ഒരു സ്ത്രീയുമായി ഭഗവാൻ വിജനസ്ഥലത്തു സംസാരിച്ചുകൊണ്ടു നിൽക്കുന്നതുകണ്ടു്, കോപകാലുഷ്യത്തോടെ, മിണ്ടാതെ നോക്കിക്കൊണ്ടുനിന്നു. അതുകണ്ടു്, ആ താപസി, "ആഹാ! സകലേശനായ ഭഗവാനെക്കണ്ടിട്ടു വന്ദിക്കാതെയും, ഉരിയാടാതെയും രുഗ്മിണിഅമ്മനിൽക്കുന്നതെന്തൊരൌദ്ധത്യമാണ്? എത്രയായാലുംഈദേവി ഒരു രാജപുത്രിയല്ലേ? ദേവദേവനായ ഭഗവാനെ അപേക്ഷിച്ചു, ഒരു രാജപുത്രിക്കു ഇത്രമേൽ അഹംകാരം വരത്തക്കതാണോ? ഭഗവൽപാദശുശ്രൂഷാശീലരായപതിനാറായിരത്തെട്ടു സ്ത്രീകളിൽ ഒരുത്തിയാണല്ലോ രുഗ്മിണിയും. അവർക്കിത്രമേൽ ഡംഭും അഹങ്കാരവുമിരിക്കുന്നതു ഭംഗിയല്ല" എന്നൊക്കെവിചാരിച്ചു കോപകലുഷമുഖിയായി ദേവിയെ തൊഴുകയോ സ്തുതിക്കയോ ചെയ്യാതെയും ഭഗവാന്റെ ചോദ്യത്തിനു മറുപടിപറയാതെയും, രുഗ്മിണി ആ അവസരത്തിൽ അവിടെ വന്ന അനൌചിത്യത്തെക്കുറിച്ചു വിചാരിച്ചും മൌനംദീക്ഷിച്ചുനിന്നു. ശ്രീകൃഷ്ണൻ അവളുടെ മനോഭാവത്തെ അറിയണമെന്നുനിശ്ചയിച്ചു് രുഗ്മിണിയെ നോക്കുകയോ അടുത്തുവിളിക്കുകയോ ചെയ്തില്ല. രുഗ്മിണിയാകട്ടെ അവർ രണ്ടാളും (ഭഗവാനും താപസിയും) കുററവാളികളായിരിക്കകൊണ്ടാണു് [illegible] കള്ളന്മാരെപ്പോലെ നിൽക്കുന്നതെന്നുദ്ദേശിച്ചും അതുകൊണ്ടു അവഗണിക്കേണ്ടതാണെന്നു നിശ്ചയിച്ചും, തപസ്വിയെത്തന്നെ നന്നായി വീക്ഷിച്ചുകൊണ്ടു്, അവി

ടെനിന്നും പൊയ്ക്കളഞ്ഞു. അതിലേക്ക ഉചിതമായ സ്ഥലമേതെന്ന്, പല ഋഷ്യാശ്രമങ്ങളിലും അന്വേഷിച്ചു. ഒടുവിൽ ഡിണ്ഡിരവനത്തിലെത്തി, ഭയങ്കരമായ തപസ്സാരംഭിക്കയുംചെയ്തു.

ഭഗവാൻ ശ്രീകൃഷ്ണൻ, രുഗ്മിണിയുടെ സമ്മതം വാങ്ങി അവളുടെ കോപവും ശമിപ്പിച്ചശേഷം വരാമെന്നുപറഞ്ഞു്, താപസിയെ സമ്മതിപ്പിച്ചുകൊണ്ടു അവിടെനിന്നും നടന്നു. ഡിണ്ഡിരവനത്തിനും പണ്ഡരിക്കും മദ്ധ്യത്തിൽ കൂടിയൊഴുകുന്ന ചന്ദ്രഭാഗാനദിയിലിറങ്ങി മറുകരെച്ചെന്നപ്പോൾ, അവിടെ മാതാപിതാക്കളെ പൂജചെയ്തുകൊണ്ടിരിക്കുന്ന പുണ്ഡരീകഭക്തനെക്കണ്ടു്, ഭക്തവത്സലനായ അദ്ദേഹം രുഗ്മിണിയുടെ കഥയൊക്കെ മറന്നുകഴിഞ്ഞു. എന്നിട്ടു സന്തുഷ്ടനായി പുണ്ഡരീകനെ നോക്കിപ്പറഞ്ഞു. "ഹേ പുണ്ഡരീക! അച്ഛനമ്മമാരെ പൂജിക്കുന്ന ഗുരുഭക്തനായ നിന്നെപ്പോലെ മററാരെയും ഞാൻ കാണുന്നില്ല. നിനക്കുസമം നീതന്നെയുള്ളു. ദൈവനിർവിശേഷമായി നീ മാതാപിതാക്കളെ കരുതിച്ചെയ്യുന്ന പൂജയുടെ ഫലമായി ഇതാ ഞാൻ പ്രത്യക്ഷനായിരിക്കുന്നു. നിൻറ അനുഗ്രഹങ്ങളെ സാധിപ്പിച്ചുതരാൻ കാത്തിരിക്കുന്നു. അഭീഷ്ടം ചോദിച്ചുകൊൾക."

ഭഗവാൻറ സകരുണമായ ഈ വാക്കുകൾകേട്ടു്, പുണ്ഡരീകഭക്തൻ തലയുയർത്തിനോക്കാതെതന്നെ, അദ്ദേഹം ആരാണെന്നുചോദിച്ചു. പുണ്ഡരീകൻറ ഗുരുഭക്തിനിഷ്ഠകണ്ടു് സന്തോഷിച്ച ദേവൻ ശ്രീകൃഷ്ണൻ സമന്ദഹാസം അവനെനോക്കി, "ഓ! പുണ്ഡരീക! ഉത്തമോത്തമനായ പുരുഷശ്രേഷ്ഠ! വസുദേവരുടെ പുത്രനായി ദേവകീദേവിയിൽ ഒരു യാദവൻ ജനിച്ചിട്ടുള്ളകഥ കേട്ടറിവുണ്ടല്ലോ. കൃഷ്ണനാമാവായ ആ ദേഹമാണു ഞാൻ" എന്നു മറുപടിപറഞ്ഞു. അതുകേട്ടു്, പരമാനന്ദപരിപ്ലുതനായ പുണ്ഡരീകൻ, സാഷ്ടാംഗനമസ്കൃതിചെയ്തു—"ഹരേ! പരമാത്മൻ! വിചാരിച്ചിരിക്കാത്ത ഘട്ടത്തിൽ, നിന്തിരുവടി അടിയനു ദർശനമരുളിയോ? സ്വാമിൻ! അങ്ങേ ഭക്തവാത്സല്യം അന്യാദൃശംതന്നെ. വസുദേവപുത്രനായ ഒരുയാദവൻ ആണെന്നോ മനുഷ്യനാണെന്നോ നിന്തിരുവടിയെക്കുറിച്ചു അല്പജ്ഞന്മാർ പറയുമായിരിക്കാമെങ്കിലും അഖിലാണ്ഡകോടിസ്രഷ്ടാവായ ഭഗവാൻ ശ്രീനാരായണസ്വാമിതന്നെയാണു അങ്ങു, എന്നു സുകൃതികൾ പ്രശംസിച്ചുകേട്ടിട്ടുണ്ടു്. അല്ലയോ ദേവദേവ! ഭവൽദർശനത്താൽ ഞാൻ ധന്യധന്യനായിത്തീർന്നിരിക്കുന്നു. നിന്തിരുവടി ആ ചേററിൽനിന്നു വിഷമിക്കുന്നതു അടിയൻറ അല്പബുദ്ധിയിൽ സങ്കടകരമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു്, ഇക്കാണുന്ന ചെങ്കല്ലിന്മേൽ അല്പനേരം അടിയങ്ങളിൽ നില്ക്കുന്നതിനു കരുണയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്യുന്നപക്ഷം, അല്പസമയംകൊണ്ടു്, മാതാപിതാക്കൾക്ക ചെയ്യാനുള്ള പൂജാകർമ്മം നിർവഹിച്ചശേഷം, ഇഷ്ടവരങ്ങളെ ഞാൻ ചോദിച്ചുകൊള്ളാം."

ഇപ്രകാരംഭഗവാനോടുണർത്തിച്ച പുണ്ഡരീകഭക്തൻ, മാതാപിതാക്കളുടെ പൂജചെയ്തു്, അവരെ കാവടിയിന്മേൽ ഏററി ഇരുത്തീട്ടു ഭഗവാനെനോക്കി—"ഭക്തവത്സലനായദേവ! അടിയൻ വൃദ്ധമാതാപിതാക്കളെ ഗൃഹത്തിൽ കൊണ്ടുപോയി ഭുജിപ്പിച്ചു തൃപ്തിപ്പെടുത്തി വരുന്നതുവരെ, ഇവിടെത്തന്നെ എഴുന്നള്ളിനില്ക്കുന്നതിനു കരുണചെയ്യണമെന്നുള്ളതാണു ഒന്നാമതായി അടിയനു വേണ്ടതായ വരം" എന്നുപറഞ്ഞുസ്തുതിക്കുന്ന പുണ്ഡരീകനോടു്, ദയാനിധിയായ ദേവൻ പറഞ്ഞു. "ഭക്തശിരോമണിയായ പുണ്ഡരീക! നിൻറ ഇഷ്ടംപോലെ ചെയ്യാം. നീ മടങ്ങിവരുന്നതുവരെനിന്നിടത്തുനിന്നു് നീങ്ങാതെ ഞാൻ ഇവിടെത്തന്നെ നില്ക്കാം. വേഗംവരണം." കല്പനപ്രകാരംപുണ്ഡരീകൻ മാതാപിതാക്കളേയുംകൊണ്ടു വീട്ടിലെത്തി അവരെ മൃഷ്ടമാംവണ്ണം ഭുജിപ്പിച്ചു സന്തുഷ്ടരാക്കിയശേഷം, പാദങ്ങളിൽ തൊഴുതുപറഞ്ഞു. "പ്രത്യക്ഷദൈവങ്ങളായ മാതാപിതാക്കളെ! അഖിലാണ്ഡകോടിബ്രഹ്മാണ്ഡനായകനായ ശ്രീനാരായണസ്വാമി, ചന്ദ്രഭാഗാനദീതീരത്തിൽ എഴുന്നള്ളിയിരിക്കുന്നു. നിങ്ങളുടെ കല്പനയുണ്ടെങ്കിൽ ഞാൻ ആ തിരുവടിയെച്ചെന്നുവന്ദിച്ചു അഭീഷ്ടവരങ്ങൾ അപേക്ഷിച്ചു വാങ്ങിക്കാം."

അതുകേട്ട്, മാതാപിതാക്കൾ—"പ്രിയപുത്ര! നീ ഒരുത്തൻ സ്വാമിയെക്കണ്ടു വരംചോദിച്ചതുകൊണ്ടു എന്തുഫലം? ഈ ദേശത്തുള്ളവരെല്ലാം ദർശിച്ചു വരംവാങ്ങിക്കയാണെങ്കിൽ അതൊരു പ്രയോജനമാകും. അതിനു പ്രയത്നിച്ചാൽ കൊള്ളാം" എന്നുപറഞ്ഞു. പുണ്ഡരീകൻ ആ അഭിപ്രായത്തെ അഭിനന്ദിച്ച്, "മാതാപിതാക്കളേ! നിങ്ങളുടെ കല്പനപ്രകാരം ചെയ്വാൻ ഞാൻ ശ്രമിക്കാം. അനുജ്ഞതരിക" എന്നറിവിച്ചിട്ട്, അവരെത്തൊഴുതുകൊണ്ടു ഭഗവൽസന്നിധാനത്തിലേക്കു തിരിച്ചു.

ശ്രീനാരായണസ്വാമിയെക്കാണ്മാൻ ഭാഗ്യമെത്തുകകൊണ്ടുണ്ടായ സന്തോഷത്താൽ മതിമറന്ന്, പുണ്ഡരീകൻ അദ്ദേഹത്തിന്റെ തൃപ്പാദപത്മങ്ങളെ ധ്യാനിച്ചുകൊണ്ട്, അകലെച്ചെന്നുനിന്ന്, കൈകൾകൂപ്പി പിതൃനിയോഗമനുസരിച്ച് തനിക്കുണ്ടായ അഭീഷ്ടത്തെപ്പറഞ്ഞു. "ഭഗവൻ! എനിക്കു ഇഷ്ടമായ വരം തരാമെന്നു കല്പിച്ചനുവദിച്ച പ്രകാരം, ഇതേരൂപത്തിൽ, എല്ലാവർക്കും കാണത്തക്കവണ്ണം, നിരന്തരം ഇവിടെ എഴുന്നരുളിനിന്ന്, കാത്തുരക്ഷിപ്പാറാകണമെന്നപേക്ഷയുണ്ട്."

ഇങ്ങനെ അറിവിച്ചിട്ട് പുണ്ഡരീകഭക്തൻ ഭഗവാനെനോക്കി ആലോചിച്ചു. ഞാൻ അടുത്തുചെന്ന് നമസ്കരിച്ചുവെങ്കിൽ അദ്ദേഹം വേറെവല്ല വരവുംതന്നു മറഞ്ഞുവെന്നുവരാം. അപ്പോൾ പിന്നെ വിചാരിച്ചതിന്റെ അനുഗ്രഹത്തിനു അതു വിപരീതമാകും; ഭഗവാൻ മുമ്പിൽനിന്നകന്നുപോയാൽ അതും കുറവുമാകും. ഇങ്ങനെ ഓരോന്നുവിചാരിച്ച്, ഭഗവാനെ നോക്കിക്കൊണ്ടുനിൽക്കവേതന്നെ, സമാധിനിഷ്ഠയെ പ്രാപിച്ചു. ബാഹ്യവിഷയങ്ങളിൽനിന്നു മനസ്സിനെ നിവർത്തിപ്പിച്ച്, ബ്രഹ്മാനന്ദത്തിൽ മുഴുകി, മനോവ്യാസനങ്ങളശേഷംനീങ്ങി, തന്നെത്താൻ മറന്ന്, ദേഹസ്മരണവിട്ട്, ചോലയ്ക്കു കാറ്റിൽനിന്ന ജഡമരത്തെപ്പോലെ നിശ്ചലനായി കൈകളെ കൂപ്പിക്കൊണ്ടുനിന്നു.

ഭഗവാനാകട്ടെ, തന്റെ പരമഭക്തനായ പുണ്ഡരീകഭക്തൻ അനുഗ്രഹിച്ചപ്രകാരം ദർശനംകൊടുക്കണമെന്നുനിശ്ചയിച്ച്, അവനു അഭിമുഖമായിത്തന്നെ നിന്നു. പുണ്ഡരീകൻ സമാധിയടങ്ങുംവരെയും സ്വരൂപത്തിൽ ജനസകലർക്കും ദർശനംകൊടുത്തുകൊണ്ടു നിൽക്കുകയും സമാധിയടങ്ങിയതിൽപിന്നെ, അവന്റെ ഭക്തിവിശേഷത്തെക്കുറിച്ചു ഭക്തജനങ്ങൾ കേൾക്കെ പ്രശംസിച്ചശേഷം, അവനെ നോക്കിക്കൊണ്ടുനിൽക്കുന്ന നിലയിൽത്തന്നെ അവിടെ കൽപ്രതിമയായി കാണപ്പെടുകയുംചെയ്തു.

പണ്ഡരി എന്നദിക്കിൽ അടിയരുളിയിരിക്കകൊണ്ട്, പണ്ഡരിനാഥനെന്നും, ഇഷ്ടികയെന്ന ചെങ്കല്ലിന്മേൽ നില്ക്കയാൽ, ഇഡോബാവൻ എന്നും നീവനു വരംചോദിച്ചു വാങ്ങിക്കുന്നതുവരെ ഞാൻ ഇവിടെത്തന്നെ നില്ക്കാം എന്നു പുണ്ഡരീകനോടു പറഞ്ഞതുകൊണ്ട് പുണ്ഡരീകവരദനെന്നും അന്നുമുതൽ ഭഗവാനു പേരുണ്ടായി.

പുണ്ഡരീകഭക്തന്റെ കഥ സമാപ്തം.

---

# ശ്രീമഹാഭക്തവിജയം.

## കബീർദാസചരിത്രം.

### മങ്ഗലാചരണം.

മാതാവിൽനിന്നുമുളവാകാതവൻമനുജസാധാരണാർമ്മിരഹിതൻ
ജാതാദരംപരനദാരാനുദാരതയൊടേകാന്തമേകിയമഹാൻ
നേതാനമുക്കദിതിജാരാതിഭക്തൻഗുരു,കബീർദാസദേവനനിശം
പൂതാശയത്വമമൃതാധാരകത്വമിഹനൽകട്ടെനമ്മളിവമലൻ.

ദണ്ഡകാരണ്യനിവാസികളായ ഉദ്ധവസിദ്ധർ മുതലായ പുണ്യാത്മാക്കൾ, ഒരുദിവസം പ്രഭാതത്തിൽ പതിവുപോലെ ചന്ദ്രഭാഗാനദിയിൽ മുങ്ങിക്കുളിച്ചു്, നിത്യകർമ്മങ്ങളും കഴിച്ചുകൊണ്ടു്, കബീർദാസൻമുതലായ ബ്രഹ്മജ്ഞാനികളുടെ ചരിത്രത്തെ മനുഷ്യരുടെ പാപശാന്തിക്കായി സംസ്കൃതഭാഷയിൽ എഴുതിത്തീർത്ത ത്രികാലവേദിയും പരമാത്മബോധിയുമായ നാഭാജിസിദ്ധരുടെ ആശ്രമത്തിൽചെന്നു്, അദ്ദേഹത്തിന്റെ പരിപാവനപാദപത്മങ്ങളെ വന്ദിച്ചു്, "അല്ലയോ മഹാഭാഗനായഭഗവൻ, നിന്തിരുവടിയുടെ കരുണയുണ്ടായി ശുകബ്രഹ്മർഷിയുടെ അവതാരമായ ശ്രീമൽ കബീർദാസരുടെ ചരിത്രത്തെ അരുളിച്ചെയ്തു്, ഞങ്ങളെ വിശുദ്ധരാക്കിത്തീർക്കണമേ" എന്നപേക്ഷിച്ചു.

നാഭാജിസിദ്ധർ അതുകേട്ടു, പ്രസാദമുഖനായിപ്പറഞ്ഞു:—"പ്രിയപ്പെട്ട ഭക്തമണികളെ! ത്രിമൂർത്തികളെപ്പോലും മോഹിപ്പിക്കാൻ ശക്തയായ മായയെ സവിശേഷം കണ്ടന്ന, മഹാത്മാവായ ശുകബ്രഹ്മർഷിയുടെ ചരിത്രം കേൾക്കാനാനന്ദമുണ്ടാകാത്തതു്? അതുകേൾക്കുന്ന ആരാണു പരിശുദ്ധിയെ പ്രാപിക്കാത്തതു്? ഹേ ധന്യന്മാരേ! നിങ്ങളുടെ അഭിമതമനുസരിച്ചു്, യഥാമതി കബീർദാസരുടെ ചരിത്രം, ഞാൻ പറയാം. കേട്ടുകൊൾവിൻ.

വിഷയാദിശത്രുക്കളെ ജ്ഞാനാഗ്നിയിൽ ദഹിപ്പിച്ചു്, പരമാനന്ദനിർവൃതന്മാരായ നിത്യമുക്തന്മാരുടെ അധിവാസത്താൽ ശോഭനമായ ഭൂഗോളത്തിനു അലങ്കാരമായ ശ്രീകാശിപ്പട്ടണത്തിൽ (മോസൽമാനുണിയാൽ ഏല്പ്പെട്ടതപ്പെട്ട) മൊമിൻമാർവംശത്തിൽ തമാൽ എന്നു പേരായ ഒരു ബ്രഹ്മജ്ഞാനിയുണ്ടായി. അദ്ദേഹം സ്ഥിരനിശ്ചയവും അസാധാരണമായ ക്ഷമയും, പാപകർമ്മങ്ങളിലും ചാപലങ്ങളിലുംവൈമുഖ്യവുമുള്ള ആളായിരുന്നു. നിത്യശുദ്ധനിർവ്വികാരനിരഹങ്കാരവസ്തുവായ പരബ്രഹ്മത്തെ പരിശുദ്ധമനസ്സോടെ, ദിവസംതോറും അഞ്ചുവേളകളിലും ആരാധിച്ചും പൂജിച്ചുംവന്നു. ഭവനം ധനാഢ്യമായിരുന്നിട്ടും, സ്വപ്രയത്നംകൊണ്ടുതന്നെ ഭക്ഷണം സമ്പാദിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹം. പ്രായേണ ജീവഹിംസചെയ്യുന്ന ശീലമായ തുലുഷ്ക വംശത്തിൽ ജനിച്ചുവെങ്കിലും "അഹിംസാപരമോധർമ്മഃ" എന്നുള്ളതു് അദ്ദേഹം ഒരു മുദ്രാവാക്യംപോലെ ആചരിച്ചുവന്നു. സർവ്വഭൂതങ്ങളേയും തന്നെപ്പോലെ വിചാരിച്ചും സർവ്വദാ ഈശ്വരനെഭജിച്ചും ദിവസംനയിച്ചു. അങ്ങനെയിരിക്കുമ്പോൾ ജീവഹിംസയില്ലാതെ നിത്യവൃത്തികഴിക്കുന്നതിനു് തക്ക നിർദ്ദോഷമായ തൊഴിൽ ഏതാണെന്നു് അദ്ദേഹം വിചാരിച്ചുനോക്കി. വസ്ത്രംനെയ്ത്തുതന്നെ നല്ലതൊഴിലെന്നുനിശ്ചയിച്ചുകൊണ്ടു്, നെയ്ത്തുവേലയിലതിസമർത്ഥന്മാരായ ചിലരെ ചെന്നുകണ്ടു് അവരോടു് അഭ്യസി

ക്കാൻ തുടങ്ങി. അല്പകാലംകൊണ്ടു്, ആ തൊഴിൽ വശമാക്കിയെന്നല്ല, മേൽത്തരമായ നേരിയതുണിത്തരങ്ങൾ നെയ്യുന്നതിനുപോലും നിഷ്പ്രയാസം ശീലിക്കുകയും ചെയ്തു. അനന്തരം ആ തൊഴിലിന്റെ നിർദ്ദോഷതയേയും മാഹാത്മ്യത്തേയുംകുറിച്ചു അവരോടു യുക്തിയുക്തമായി ഉപന്യസിച്ചു; താൻ ആ തൊഴിൽതന്നെ തിരഞ്ഞെടുക്കാനിടയായതിൽ കൃതാർത്ഥതതോന്നുന്നുവെന്നു് പ്രസ്താവിക്കയും ചെയ്തു. നെയ്ത്തു നല്ലപോലെ പഠിച്ച ശേഷം സാധ്വിയായ തന്റെ സഹധർമ്മിണിയെക്കൂടി അദ്ദേഹം അതു വശപ്പെടുത്തി. അന്നുമുതൽ പുണ്യമനസ്കരായ ആ ദമ്പതികൾ തങ്ങളുടെ തൊഴിലിൽനിന്നും കിട്ടിയ പണംകൊണ്ടു നിത്യവൃത്തി ഹിതമായും മിതമായും നിർവ്വഹിച്ചുവന്നു. അജ്ഞാനങ്ങളകററി ജ്ഞാനമാർഗ്ഗത്തിൽ മനസ്സിനെ പ്രവേശിപ്പിച്ചു്, അഹിംസാവ്രതത്തെ സർവ്വോൽകൃഷ്ടമായിക്കരുതി, ദൈവംതന്നെ ശരണമെന്നുള്ള വിശ്വാസത്തോടും, സർവ്വവിധമായ ഉൽക്കർഷങ്ങൾക്കും അദ്ദേഹംതന്നെ കാരണഭൂതൻ എന്നുള്ള ബോധത്തോടും, മദമത്സരാദി ദോഷങ്ങൾക്കു് മനസ്സിലിടംകൊടുക്കാതെ, അവർ സ്വന്തഭവനത്തിൽ സുഖമായിത്താമസിച്ചു. മത്സ്യമാംസങ്ങളെ ഉപേക്ഷിച്ചു്, സസ്യധാന്യങ്ങളാൽ ജീവസന്ധാരണംചെയ്തു. നെയ്ത്തു നല്ലപോലെ ശീലിച്ചതോടുകൂടി ആ തൊഴിലിൽനിന്നും അസംഖ്യം പണംസമ്പാദിക്കാനും അവൎക്കു സാധിച്ചു. അശേഷം ലോഭംകൂടാതെ ദീനന്മാൎക്കും സാധുക്കൾക്കും ദ്രവ്യവും അന്നപാനാദികളും ദാനംചെയ്കയും, സാധുദ്രോഹം ചെയ്യുന്നവരെ വിരോധിക്കയും അസജ്ജനത്തോടിടപെടാതെ സജ്ജനത്തോടു സംസർഗ്ഗംചെയ്തു് അവരെത്തന്നെ സദാകാലം ശുശ്രൂഷിക്കയും ചെയ്തുവന്നു.

അങ്ങനെയിരിക്കുമ്പോൾ, ഒരിക്കൽ, സൽക്കാരംസ്വീകരിക്കാൻവന്ന മഹാനുഭാവന്മാരിൽ ഒരാൾ അവരുടെ ഉദാരശീലവും സദാചാരങ്ങളുംകണ്ടു സന്തുഷ്ടനായി, ആ സാധുദമ്പതികൾക്കു് എല്ലാഭാഗ്യവും തികഞ്ഞിരുന്നിട്ടും പുത്രഭാഗ്യമില്ലാതെതീർന്നിരിക്കുന്ന ന്യൂനതയിൽ കരുണതോന്നി അതിനെ പരിഹരിക്കണമെന്നുദ്ദേശിച്ചു്, തമാലിന്റെ ധർമ്മപത്നിയായ ജിജ്ജാബീബിയെനോക്കി—"അല്ലയോ പുണ്യവതിയായ അമ്മേ! നിങ്ങൾക്കു മുപ്പത്തിരണ്ടുലക്ഷണങ്ങളും ഈശ്വരഭക്തിയും ബ്രഹ്മജ്ഞാനവുമുള്ള ഒരു പുത്രൻ ഉണ്ടാകും" എന്നാശീർവ്വദിച്ചു. അദ്ദേഹം യാത്രപറഞ്ഞുപോയഉടനെ ജിജ്ജാബീബിസന്തുഷ്ടയായി ആ ഉദാരശീലന്റെ സദ്ബുദ്ധിയെ പ്രശംസിച്ചുകൊണ്ടു് ഭർത്താവിന്റെ അരികിൽചെന്നു വന്ദിച്ചു പറഞ്ഞു:—"സ്വാമിൻ! അയാളൊരു മഹാത്മാവുതന്നെ, എനിയ്ക്കൊരു സൽപുത്രനുണ്ടാകുമെന്നാശീർവ്വാദംചെയ്തുപോയി. അദ്ദേഹത്തിന്റെ വാക്കനുസരിച്ചു നമുക്കു പുത്രനുണ്ടാകുമോ എന്നറിയുള്ളിച്ചെയ്താലും."

തമാൽ ഇതുകേട്ടു് ഉച്ചത്തിൽ ചിരിച്ചു. എന്നിട്ടു ഭാൎയ്യയെനോക്കി;—"പ്രിയതമേ! നിനക്കു പുത്രനുണ്ടാകുമെന്നു് ഒരു മഹാത്മാവു് ആശീർവ്വദിച്ചുവെന്നോ പറഞ്ഞതു്? നിനക്കു യൌവനംകഴിഞ്ഞു് വാർദ്ധക്യമായല്ലോ. ഇനിയാണോ പുത്രനുണ്ടാകുന്നതു്? നിന്റെ ആ അഗ്രഹം തള്ളിക്കളയുന്നതാണു് നല്ലതു്. ഒരുവേള പുത്രൻ ജനിക്കട്ടെ, എന്നാൽതന്നെ ഫലമെന്തു്? അവനെക്കൊണ്ടു മോക്ഷംകിട്ടുമോ? ജ്ഞാനസിദ്ധിയുണ്ടാകുമോ? അതോ പാപം തുലയുമോ? സംസാരബന്ധം വേർപെടുമോ? ഇതൊന്നുമില്ലെങ്കിൽ നീ ആഗ്രഹിക്കുന്നതു സൊല്ലയല്ലയോ. നീ മോക്ഷം അടയേണ്ടവളല്ലയോ? നിത്യാനന്ദപ്രദമായ മോക്ഷത്തെ ഉപേക്ഷിച്ചു്, നിത്യദുഃഖപ്രദമായ സന്താനത്തെയാണോ നീ ഇച്ഛിക്കുന്നതു്? എടീ! മൂഢേ! നമ്മുടെ ഓമനപ്പുത്രൻ അഹിംസാവ്രതമാണെന്നു് ഓൎത്തുകൊള്ളണം. നിത്യവും ജീവകാരുണ്യത്തോടുകൂടി ജീവിതം കഴിച്ചുകൂട്ടാൻ ശ്രമിച്ചുകൊൾക."

ഭർത്താവിന്റെ ജ്ഞാനമാൎഗ്ഗോപദേശങ്ങൾകേട്ടു്, ജിജ്ജാബീബി "ഓ! പ്രാണവല്ലഭ! അങ്ങേ വാക്യം അക്ഷരംപ്രതി അർത്ഥവത്തുതന്നെയെന്നു് ഞാൻ സമ്മതിക്കുന്നു. പക്ഷേ, പുത്രനുണ്ടാകും എന്നൊരു മഹാത്മാവല്ലേ അരുളിച്ചെയ്തിരിക്കുന്നതു്. അതു മിഥ്യയാകുമോ? ദൈവവാക്കു് അസത്യമായാലും മഹാന്മാരുടെ വാക്കു് അസത്യമാകയില്ല.

അസത്യമാകുമെങ്കിൽ അവരെ മഹാത്മാക്കളെന്നു പറഞ്ഞുകൂടാ. അങ്ങനെയിരിക്കുമ്പോ ൾ അങ്ങുപറയുന്നതു് യുക്തമാകുമോ എന്നുസംശയം.” എന്നുവിനയപൂർവം ഉണർത്തിച്ചു.

തമാൽ അതുകേട്ടു ഭാര്യയെനോക്കി—“ഭാമനേ! നീഅറിവില്ലാത്തവളെപ്പോലെ പറയുന്നതെന്തു്? മഹദ്വാക്യങ്ങളും വേദവാക്യങ്ങളുമെല്ലാം മണ്ണാശ, സ്വർണ്ണാശ, പുത്രാശ മുതലായവയെ പരിത്യജിക്കണമെന്നല്ലേ ശാസിക്കുന്നതു്? അതറിഞ്ഞിരുന്നിട്ടും കുഞ്ഞുകു ഞ്ഞു എന്നിങ്ങനെ നീനിലവിളിക്കുന്നതെന്തു്? ഒരിക്കലും അതുശരിയല്ല. മഹാന്മാർ ആശീർവദിച്ചാലും നമുക്കു പുത്രന്മാർഉണ്ടാകയില്ല. ഇനി നീഗർഭംധരിക്കയുമില്ല. പോ! പോ! വിവേകമില്ലാത്തവളെ! അബലകൾ ചപലകളാണെന്നുള്ള ആപ്തവാക്യത്തെ അ ന്വർത്ഥമാക്കാനാണു് നിന്റെ ഈ സംരംഭമെന്നു തോന്നിപ്പോകുന്നു” എന്നുപറഞ്ഞു.

ഭർത്താവിന്റെ ഈവാക്കുകൾ ജിജ്ജാബീബിക്കു തീരെസുഖമായില്ല. അവൾ വീണ്ടും അദ്ദേഹത്തിന്റെ പാദങ്ങളിൽവീണു തൊഴുതുണർത്തിച്ചു. “പ്രാണേശ! ജ്ഞാന വഴിക്കു് അവിടുത്തെ ഈഉപദേശം സ്വീകാര്യംതന്നെ. എന്നാൽ എനിക്കു് ആ ആ ശിസ്സുചെയ്ത ആ മഹാത്മാവിന്റെവാക്കു വിഫലമാകാൻ തരമില്ല. അതനുസരിച്ചു ന മുക്കു പുത്രൻജനിക്കുമെന്നുതന്നെയാണു് എന്റെ വിശ്വാസം. അസാദ്ധ്യങ്ങളായ കാര്യ ങ്ങളും മഹാന്മാരുടെവാക്കാൽ സാധിച്ചുകാണുന്നുണ്ടു്. ഒരുനാഗം തലകീഴായിമറിക്കാ ൻ ഒരുപുണ്യാത്മാവിനു സാധിച്ചു. അതുപോലെ മഞ്ജൂര എന്നുപ്രസിദ്ധനായ ഒരു മ ഹാൻകല്പിക്കയാൽ ആദിത്യഗോപാൽ പർവതത്തിൽനിന്നു മറഞ്ഞതും, മരിച്ചുപോയകുരുക്കു ട്ടി ജീവിച്ചതുംമററും സുപ്രസിദ്ധങ്ങളല്ലേ. സാധുക്കളുടെ മഹിമയെക്കുറിച്ചു് വിശ്വാസ മില്ലയോ?”

തമാൽ—ഹാ!ഹാ! ബുദ്ധിയില്ലാത്തവളെ! ലോകവാഞ്ഛകളൊന്നുംനിനക്കിനി യും ശമിച്ചില്ലയോ? “ആശാഹിപരമംദുഃഖം നൈരാശ്യംപരമംസുഖം” എന്നും ഇഹ ലോകാശയററവർ പുണ്യവാന്മാരെന്നും ഇഹലോകാശയുള്ളവർ ഹീനന്മാരാണെന്നുംമററുമു ള്ള വേദാർത്ഥങ്ങളെ നീഅറിഞ്ഞിരുന്നിട്ടും, അനിത്യമായ ഈലോകാശയെ, അതായതു പു ത്രാശയെ നീപരിത്യജിക്കുന്നില്ലയോ? വേദവാക്യത്തെയും നീ ബഹുമാനിക്കുന്നില്ലയോ? ഹാ കഷ്ടം! മലയെ മുഴുവൻ വെട്ടിത്തോണ്ടി എലിയെ പിടിക്കുന്നതുപോലെ എന്നോടൊ ന്നിച്ചു പലനാൾ ഈശ്വരഭജനംചെയ്തു് വിഷയാശാപാശങ്ങളെ വേരറുത്തതിന്റെ ഫ ലമായി നിസ്സാരമായ ഒരാഗ്രഹത്തിനാണോ നീവഴിപ്പെട്ടതു്? നിത്യമല്ലാത്ത പ്രയോ ജനങ്ങളെയാണോ മഹാത്മാക്കളോടഭ്യർത്ഥിക്കേണ്ടതു്? “എണ്ണററശാസ്ത്രംപഠിച്ചാലും പെ ണ്ണുങ്ങൾ പേയാട്ടികൾതന്നെ” എന്നപഴമൊഴിക്കു നീയൊരുദാഹരണമെന്നുതന്നെ പറ യേണ്ടിയിരിക്കുന്നു. “മൂഢേ! അനിത്യാശാരൂഢേ! ഇക്ഷണംതന്നെ പുത്രവാഞ്ഛയെ ഉപേ ക്ഷിച്ചുകളക,”

ഇങ്ങനെ അരുൾചെയ്തശേഷംതമാൽതന്റെ നെയ്ത്തുപണിക്കുള്ള പട്ടുനൂലു മെടുത്തുകൊണ്ടു്, ഗംഗാതീരത്തിൽചെന്നു്, അതിന്റെ ഉടക്കുകൾമാററി ചീകിക്കൊ ണ്ടിരിക്കുമ്പോൾ, ഗംഗയിൽ സ്നാനംചെയ്യുന്ന അനേകജനങ്ങൾ സ്നാനാനന്തരം ഗംഗ യെനോക്കി—“അല്ലയോ ഭാഗീരഥീദേവി! ഭവതിയുടെ കരുണയുണ്ടായി ഞങ്ങൾക്കു പു ത്രനുണ്ടാകുമാറു വരമരുളേണമേ!” എന്നു സ്തോത്രം ചെയ്യുന്നതുകേട്ടു് അത്ഭുതപ്പെട്ടു് “അ ഹാ! പുത്രന്മാർ ഉണ്ടാകാൻവേണ്ടി ജനങ്ങൾ എന്തുമാത്രം കഷ്ടപ്പെടുന്നു? പുത്രാശ എ ത്രയോ വലുതാണെന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെയായിരിക്കാം നമ്മുടെ പത്നി ഇത്രത്തോളം നിർബന്ധമായി തർക്കിച്ചുപറഞ്ഞതു്. നിത്യമല്ലാത്ത ശരീരത്തെ സത്യമായി ഗണിച്ചു്, അഴിവുള്ള പുത്രാശയിൽ മുഴുകി മയങ്ങിക്കിടക്കുന്ന ഈലോകത്തെ ആ അഭിനിവേശത്തിൽനിന്നും പിന്തിരിക്കുന്നതിനു ഒരുവിധത്തിലും സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. ഹാ! ദൈവമേ! മോഹാന്ധകാരഗുഹയിൽ അകപ്പെട്ടു പുത്രൻ പുത്രൻ എന്നുരുക്കഴിച്ചുകൊണ്ടിരിക്കുന്ന ജിജ്ജാബീബി നിന്തിരുവടിയുടെ തൃപ്പാദങ്ങളിൽചേരു

ന്നതെങ്ങനെ? എന്തുകൊണ്ടാണു നിന്തിരുവടി അവർക്കു പുത്രഭാഗ്യം കൊടുക്കാഞ്ഞതു്? ഏതായാലും ആശാപാശനിബദ്ധയായ പത്നിയോടൊരുമിച്ചു കഴിച്ചുകൂട്ടുന്നതേക്കാൾ എത്രയോ ഭേദമാണു്. നിർജ്ജനമായ കൊടുങ്കാട്ടിൽപോയി തപസ്സുചെയ്തു് കാലംകഴിക്കുന്നതു്?" എന്നിങ്ങനെ നാനാവിധ വിചാരങ്ങളിൽ മുഴുകി സ്മരണയില്ലാതെയിരുന്നുപോയി. ഉടനേ, കൈയിലിരുന്ന പട്ടുറുമാൽ താനറിയാതെ ഗംഗാനദിയിൽവീണു ഒഴുക്കിൽപ്പെട്ടു മറയുകയുംചെയ്തു.

ഉടനെ തമാൽ ഉദ്ബുദ്ധനായി ഇങ്ങനെ വിചാരിച്ചു—"ഹാ കഷ്ടമേ! മിഥ്യയായ പുത്രവിചാരംകൊണ്ടു മതിമറന്നുപോകയാൽ എന്റെ പട്ടുറുമാലും പാഴിൽ പോയല്ലോ. പുത്രനെക്കൊണ്ടെന്തുഫലം? പുത്രൻ ജനിച്ചാലും ജീവിച്ചിരുന്നാലും മരിച്ചാലും ദുഃഖംതന്നെ. സുഖമൊരിക്കലുമില്ല. അജ്ഞാനികൾ നിത്യമായി വിചാരിക്കുന്ന ഈഷണകളിൽ പരമാത്മജ്ഞാനികൾ ഭ്രമിക്കുന്നതു ശരിയാകുമോ? പുത്രാദയെ അവർ തീണ്ടാമോ? കന്നുകുട്ടിതന്നെ പന്നിയോടുചേർന്നാൽ അതും ക്രമേണ പുരീഷഭക്ഷണം ശീലിക്കും. അതുപോലെ ജ്ഞാനിഅജ്ഞാനിയോടുചേർന്നാൽ വൈരാഗ്യംനഷ്ടമാകും. അത്യാശയുള്ള ചിലർ അധികപ്പലിശ മോഹിച്ചു ഗുണദോഷവിചാരമില്ലാതെ മുതൽപണം നഷ്ടമാക്കുന്നു. അതുപോലെ വിവേകഹീനനായി ബാലകചിന്തയിൽ മുഴുകിയ ഞാൻ എന്റെ പട്ടുറുമാൽ വെറുതെ കളഞ്ഞു. അതിന്റെവില അൻപതു സാധുക്കൾക്കു ഭക്ഷണം കൊടുപ്പാൻ ധാരാളം മതിയാകുമായിരുന്നു. "പാത്രദാനംമോക്ഷമാർഗ്ഗപ്രദാനം" എന്ന ആപ്തവാക്യമനുസരിച്ചു്, അതു മോക്ഷമാർഗ്ഗത്തെ തെളിയിക്കയും ചെയ്യുന്നേ" എന്നിങ്ങനെ ഓരോന്നു വിചാരിച്ചു് തമാൽ പട്ടുറുമാൽ നോക്കിനോക്കി ഗംഗാതീരത്തൂടെ നടന്നുനടന്നു, മനുഷ്യസഞ്ചാരമില്ലാത്ത ഒരു കൊടുങ്കാട്ടിൽ ചെന്നുകടന്നു. ഉടനെ ഉദ്ബുദ്ധനായിട്ടു് "അല്ലാ ഇതെന്തൊരത്ഭുതമാണു്! എനിക്കു ഭ്രാന്തു്പിടിച്ചോ? അല്പമായ പട്ടുറുമാലിൽ മോഹിച്ചു്, ഭ്രാന്തികൾ നോക്കുമാറു്, കല്ലിലും മുള്ളിലും നടന്നു് ഘോരമായ ഈ കാനനത്തിൽ കടന്നു. ദേഹം നിശ്ശേഷം തളർന്നു. ഹാ! കഷ്ടം! "മാകുരുമനസിവിതൃഷ്ണാം" എന്ന വേദവാക്യാർത്ഥത്തെയും ഞാൻ മറന്നു. ഏതായാലും ഈ കാട്ടിൽ അകപ്പെട്ടല്ലോ. ഇനി നാട്ടിലേക്കു പോകുന്നുവെങ്കിൽ അതും ദുരാശയുടെ ഫലമല്ലേ? എന്നല്ല ദുരാശാബന്ധത്തോടുകൂടിയ പത്നിയുമായി നാട്ടിൽ ഇരിക്കുന്നതിൽഭേദം, കാട്ടിലിരുന്നു ദൈവധ്യാനത്തോടുകൂടി തപസ്സുചെയ്യുന്നതുതന്നെയാണു്" ഇങ്ങനെ വിചാരിച്ചുറച്ചു. അനന്തരം അവിടെ ഒരു പർണ്ണശാലകെട്ടിയുണ്ടാക്കി, അതിൽ കടന്നിരുന്നു്, പരമാത്മവസ്തുവായ പരബ്രഹ്മത്തെ ധ്യാനിച്ചു്, ദൈവസ്തുതികളുംപാടി അദ്വൈതാനന്ദലഹരിയിൽനിന്തി കണ്ണുമടച്ചു തപസ്സിനാരംഭിച്ചു.

അല്ലയോ ഉദ്ധവസിദ്ധൻ മുതലായ മഹാഭാഗന്മാരേ! തമാൽ ഇപ്രകാരം ഉൽകൃഷ്ടമായ തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോൾ, ശ്രീവൈകുണ്ഠത്തിൽ, മുനിജന പരിവൃതനായ സാക്ഷാൽ ശ്രീനാരായണൻ ശുകമഹർഷിയെനോക്കി "ഹേ! മായാതീതനായ ശുകമഹർഷേ! ദേഹാഭിമാനത്തെ നശിപ്പിച്ച അവധൂതയോഗീശ്വര! ഞാൻ നിശ്ചയിച്ചപ്രകാരം നീ ഇക്ഷണംതന്നെ പുണ്യക്ഷേത്രമായ വാരാണസിയിൽപോയി മനുഷ്യയോനിയിൽ അവതരിക്കേണ്ടിയിരിക്കുന്നു. അവിടെ, ജീവകാരുണ്യംതന്നെ നിത്യവ്രതമായിക്കരുതി, നിർദ്ദോഷമായ നെയ്ത്തുവേലയാൽ നിത്യവൃത്തി കഴിച്ചുവരുന്ന പുണ്യാത്മാവായ തമാൽഎന്ന ബ്രഹ്മജ്ഞാനിയുടെ പത്നിയുടെഗർഭത്തിൽ പ്രവേശിച്ചു് ഋഷിപിണ്ഡത്തെപ്പോലെ ഒരു മുഹൂർത്തംകൊണ്ടു്, കാശിവാസികളുടെ ആശ്ചര്യത്തിനും ശ്രേയസ്സിനും നിദാനഭൂതനായി ജനിക്കണം എന്നുകല്പിച്ചു. ശുകമഹർഷി അതുകേട്ടു് വിഷ്ണുപാദങ്ങളിൽനമസ്കരിച്ചുണർത്തിച്ചു—"സർവ്വലോകനിയന്താവായ ഭഗവൻ! അടിയനെ ദുർഗ്ഗന്ധപരിപൂർണ്ണമായ മനുഷ്യഗർഭത്തിൽ അകപ്പെടുത്തി, നരകിപ്പിച്ചു്, ഭൂമിയിൽ ജനിപ്പിച്ചു്, മായാവലയിൽ കുടുക്കി, ബുദ്ധിമുട്ടിച്ചു്, ഇഷ്ടദൈവമായ നിന്തിരുവടിയേയും അഹംഭാവാദി മനോമാലിന്യങ്ങളെ മാറ്റുന്ന ബ്രഹ്മജ്ഞാനത്തേയും അറിയിക്കാതെ അജ്ഞാനിയാക്കി, ഭേരുകൾ

പോലെ ജന്മപരിവൎത്തനപാത്രമാക്കിച്ചെയ്യണമെന്നാണോ നിന്തിരുവടി വിചാരിക്കുന്നതു? നിന്തിരുവടിയുടെ കരുണാമൃതലേശത്താൽ മായാവിലാസത്തിന്റെ ശക്തി അല്പമൊക്കെ എനിക്കു മനസ്സിലായിട്ടുണ്ടു്. ലോകരക്ഷയ്ക്കായി ഞാൻ ഭൂമിയിൽ ജനിക്കണമെന്നല്ലേ നിന്തിരുവടി കല്പിക്കുന്നതു്? അല്ലയൊ മായാനായകനായ ഭഗവാനേ! അങ്ങേക്കു ലോകരക്ഷണത്തിൽ താൽപൎയ്യമുണ്ടെങ്കിൽ, മായയാകുന്ന തിരശ്ശീല ജീവഗണങ്ങളിൽനിന്നും അല്പമാത്രം മാററിയാൽ മതിയാകുന്നതാണു്. തൽക്ഷണം സകലജീവജാലങ്ങളും ബ്രഹ്മജ്ഞാനികളായി മോക്ഷത്തെ അടയുകില്ലയോ? അങ്ങനെ ചെയ്വാൻ നിവൃത്തിയില്ലെങ്കിൽ അവൎക്കു ജ്ഞാനോപദേശം ചെയ്വാൻ അടിയനെ അനുജ്ഞാപിച്ചയച്ചാലും! അടിയൻ ഈ ശരീരത്തോടെ അവിടെച്ചെന്നു് സത്വഗുണപ്രധാനനായ നിന്തിരുവടിയുടെ തിരുനാമസഹസ്രമഹിമകളേയും അഹംഭാവാദികളെ നശിപ്പിക്കുന്ന പരബ്രഹ്മജ്ഞാനത്തെയും സഫലമായി ഉപദേശിച്ചു മടങ്ങിപ്പോരാം". ഭഗവാൻ അതുകേട്ടു ശുകമഹൎഷിയെ നോക്കി "ഹേ! ബ്രഹ്മൎഷിശ്രേഷ്ഠ! ഏതേതു യുഗത്തിൽ ഏതേതുവിധം ലോകത്തെ രക്ഷിക്കവേണമൊ അതാതുയുഗത്തിൽ അതതുവിധം അവതാരത്തെയെടുത്തു് ലോകരക്ഷണം നടത്താതെ നീ പറയുന്നതുപോലെ ചെയ്യുന്നതായാൽ അതു ധൎമ്മവിപരീതമാകും. അതുമല്ല, നീ നിത്യദിഗംബരനല്ലേ! ഈ രൂപത്തോടെ ലോകത്തിൽ ചെന്നാൽ, മായാബദ്ധന്മാരായി വസ്ത്രധാരണം ചെയ്തു വൎത്തിക്കുന്ന ലോകർ നഗ്നനായ നിന്നെ പരിഹസിക്കതന്നെ ചെയ്യും. വിശേഷിച്ചും കലിയുഗധൎമ്മം നീ അറിയാതെയിരിക്കയല്ലല്ലോ. വിഗ്രഹാരാധകന്മാരായ ഹിന്ദുക്കളെ പരിഹസിച്ചു് ത്രിമൂൎത്തികൾ മുതലായ ദേവന്മാരുടെ വിഗ്രഹങ്ങളെത്തല്ലിത്തകൎക്കു ശീലമായ നിഷ്ഠുരന്മാരായ ദുഷ്ടന്മാർ നിന്നെ ഉപദ്രവിക്കാതെ വിടുകില്ല. അങ്ങനെ അവർ ചെയ്യുമ്പോൾ ശാപം മുതലായ ദ്രോഹങ്ങൾ നീയും ചെയ്യേണ്ടിവരും. അതു് പ്രപഞ്ചനിയമങ്ങൾക്കു വിപരീതമായിരിക്കും. അതുകൊണ്ടു ഞാൻ പറഞ്ഞതുപോലെ ചെയ്യുന്നതാണു യുക്തം" എന്നരുളിച്ചെയ്തു.

ശുകമഹൎഷി അതിന്നു മറുപടിയായി "അല്ലയോ ഭഗവാനേ! ഏതൊക്കെയായാലും വയററിൽ പിറക്കുക എന്നസംഗതി പരമസങ്കടമാണു്. അതൊന്നൊഴിച്ചു് മററെന്തൊക്കെവേണമെങ്കിലും കല്പനപോലെ ചെയ്യാ"മെന്നറിയിച്ചു.

ശ്രീനാരായണൻ—"ശുകമഹൎഷേ! ഗൎഭക്ലേശമനുഭവിക്കുന്നതിൽ ഇത്രവളരെ വൈമനസ്യമോ? വാമനൻ, പരശുരാമൻ, ബലരാമൻ, കൃഷ്ണൻ ഈ അവതാരങ്ങൾ ഞാൻ നിൎവഹിച്ചതു്, ഓരോ പുണ്യവതികളുടെ ഗൎഭത്തിൽ ജനിച്ചിട്ടാണല്ലോ. അതു നീ അറിഞ്ഞിരിക്കയില്ലേ. ഇനിമേലും ഞാനും പരമശിവനും ബ്രഹ്മാവും പാൎവതീദേവിയും ഒരു പുണ്യവതിയുടെ ഗൎഭത്തിൽ അവതാരം എടുക്കാൻ നിശ്ചയിച്ചിരിക്കയുമാണു്. അക്കാൎയ്യത്തിൽ നിനക്കു വല്ല സംശയവുമുണ്ടെങ്കിൽ, ആ ദേവതകളോടു ചോദിച്ചുകൊൾക

ഇങ്ങനെ അരുളിച്ചെയ്തശേഷം, ശ്രീനാരായണൻ ശിവൻ മുതലായ ദേവതകൾ അവിടെ ആവിർഭവിക്കുന്നതിനായി ധ്യാനിച്ചു. പെട്ടെന്നു് അവർ മൂന്നാളും വൈകുണ്ഠത്തിൽ എഴുന്നരുളി. ശ്രീനാരായണഭഗവാനോടു കുശലപ്രശ്നം ചെയ്തശേഷം, ശുകനെനോക്കി, "പുണ്യാത്മാവായ ഋഷീശ്വരാ! ശ്രീനാരായണസ്വാമി ഇപ്പോൾ അരുളിച്ചെയ്തതുപോലെ ഞങ്ങളെല്ലാവരും ഒരു സാധ്വിയുടെ ഗൎഭപാത്രത്തിൽ പ്രവേശിച്ചു ഭൂമിയിൽ അവതരിക്കാൻ നിശ്ചയിച്ചിരിക്കുന്നതു സത്യമാണു്" എന്നു പറഞ്ഞു. ഉടനെ ശുകൻ അവരെ വന്ദിച്ചു "അല്ലയോ ലോകനായകന്മാരായുള്ള ദൈവങ്ങളേ! നിങ്ങൾ മായാധികാരശക്തിയോടുകൂടിയവരാകയാൽ ദുൎഗ്ഗന്ധബഹുലമായ ഗൎഭപാത്രത്തിൽ പ്രവേശിച്ചാലും ശരീരത്തിൽ ചേറുപുരളാതെ ചേററിൽ അധിവസിക്കുന്ന പൂച്ചിയെപ്പോലെ നിത്യനിൎമ്മലരായിത്തന്നെയിരിക്കും. സൎവമുക്തരും സൎവജ്ഞന്മാരുമായ നിങ്ങൾക്കു ഏതുവിധത്തിൽ ഉൽഭവിക്കണമെങ്കിലും ഉൽഭവിക്കാം. എന്നാൽ അസ്വതന്ത്രനും കിഞ്ചിജ്ഞനു

മായ അടിയൻ മായാബന്ധത്തിൽ അകപ്പെട്ടാൽ അതിൽനിന്നും മോചിക്കാൻ ശക്തനാകയില്ല. പണ്ടൊരിക്കൽ അടിയൻെറ ബ്രഹ്മനിഷ്ഠയെ ഭഞ്ജിക്കുന്നതിന് അപ്സരസ്സുകളിൽ രത്നമായ രംഭയെ നിങ്ങൾ നിയോഗിച്ചയയ്ക്കയാൽ ഉണ്ടായ വിഷമത ഇന്നും മറന്നിട്ടില്ല" എന്നറിയിച്ചു വീണ്ടും തൊഴുതു. ഉടനെ ഭഗവാൻ "ഹേ ശുകമുനേ! നിനക്കു ഗർഭപാത്രത്തിൽ പ്രവേശിക്കാൻ അത്ര വളരെ വെറുപ്പാണെങ്കിൽ അതു വേണമെന്നില്ല. ഗംഗാനദിയിൽ ചെറുകുട്ടിയായി പ്രവേശിച്ചു കാട്ടിൽ തപസ്സു ചെയ്തുകൊണ്ടിരിക്കുന്ന വ്യാസൻ എന്ന ബ്രഹ്മജ്ഞാനിക്കു മകനായി ഭവിക്കുക. ഞങ്ങളും യഥാകാലം അവതരിക്കുന്നതായിരിക്കും" എന്നരുളിച്ചെയ്തു. അതുകേട്ട് ഹരിദാസനായ ശുകമഹർഷി "അല്ലയോ ഭഗവൻ! അടിയൻ ശിശുരൂപംധരിച്ചു ഭൂമിയിൽചെന്ന്, ബ്രഹ്മജ്ഞാനത്തെതന്നെ പ്രധാനമായി സ്ഥാപിക്കട്ടയോ? നിന്തിരുവടിയുടെ തിരുനാമത്തിൻ മഹിമയെ നിലനിറുത്താൻ ശ്രമിക്കട്ടയോ?" എന്നു ചോദിച്ചു വന്ദിച്ചപ്പോൾ ത്രിമൂർത്തികളും അംബികാദേവിയും മുനിയെനോക്കി "ഹേ മുനിശ്രേഷ്ഠ! ബ്രഹ്മത്തെ നിർഗ്ഗുണമായി ഉപാസിക്കുന്ന ഉല്കൃഷ്ടജാതീയരെ സഗുണോപാസനക്രമംകൊണ്ടു വശീകരിക്കാൻ സാധിക്കയില്ല. അതുകൊണ്ടു അവരെ നിർഗ്ഗുണോപാസനത്തെത്തന്നെ ഉപദേശിച്ചു വശപ്പെടുത്തുകയും മററു ജാതികളുടെ ആവശ്യത്തിലേക്കായി സഗുണോപാസനത്തെ സ്ഥാപിക്കുകയും ചെയ്യണം. ഇങ്ങനെ സഗുണനിർഗ്ഗുണോപാസനക്രമങ്ങളെ ഭൂമിയിൽ സ്ഥാപിച്ചു ഞങ്ങളെ വന്ദിക്കാത്ത ദുഷ്ടന്മാരിൽ വൈമനസ്യം കാണിച്ചു് ജീവസംരക്ഷണം നിത്യവ്രതമായി സ്വീകരിച്ചിരിക്കയും വേണം" എന്നു കല്പിച്ചു.

ശുകമഹർഷി "അല്ലയോ ഭഗവാൻ! നിർഗ്ഗുണം എന്നു നിന്തിരുവടി കല്പിച്ചതു് അടിയനു പൂർണ്ണമായി മനസ്സിലായില്ല. അതിനാൽ നിർഗ്ഗുണംഎന്നാൽ എന്താണെന്നും നിർഗ്ഗുണോപാസനക്രമവും വിസ്തരിച്ചരുളിച്ചെയ്യണം."

ശുകൻെറ ഈ ചോദ്യംകേട്ടു വിഷ്ണുമുതലായ ദേവതകൾ അല്പനേരം ആലോചിച്ചുംകൊണ്ടിരുന്നു, ഒടുവിൽ മററുള്ളവരുടെ അന്തരംഗം മനസ്സിലാക്കിക്കൊണ്ടു് ശ്രീനാരായണൻ പറഞ്ഞു. "ധന്യശുകമുനേ! നിർഗ്ഗുണധ്യാനം എന്നുവച്ചാൽ നിർമ്മലനിർവികല്പനിരഞ്ജനനിരാകാര നീരൂപനിഷ്കളങ്കനിശ്ശങ്കനിർഭേദ നിർഖേദനിഷ്കാമനിഷ്കാമ നിർഗ്ഗുണനിരഹങ്കാരവസ്തുവായ പരബ്രഹ്മത്തിൽ ഏകീകരിച്ചിരിക്കുന്ന അവസ്ഥയാകുന്നു. ആ ബ്രഹ്മം പൊന്നുപോലെയോ മണ്ണുപോലെയോ ഇരിമ്പുപോലെയോ പഞ്ഞിപോലെയോ കല്ലുപോലെയോ രൂപമുള്ളതോ ലയമുള്ളതോ അല്ല. അതു നീരൂപമായി നിസ്സംഗമായി പ്രളയകാലത്തും അഴിവില്ലാത്തതായി സർവ്വത്ര നിറഞ്ഞിരിക്കുന്ന ഒരു ചൈതന്യമല്ലാതെ മററൊന്നുമല്ല. ആ ചൈതന്യത്തിൻെറ സംബന്ധമില്ലാതെ ലോകത്തു യാതൊന്നുമില്ല. ഇക്കാണപ്പെടുന്ന വിശ്വംതന്നെ, പ്രകൃതിയിൽ ആ ചൈതന്യം പുരുഷരൂപംതോന്നി നിഴലിക്കകൊണ്ടു കല്പിക്കപ്പെടുന്നു. ആ ചൈതന്യമില്ലെങ്കിൽ മായ എവിടെ? സത്വരജസ്തമോഗുണബിംബരൂപന്മാരായ ത്രിമൂർത്തികളെവിടെ? ആരുമില്ല. അഖണ്ഡാനന്ദസ്വരൂപം പ്രകാശമായിരിക്കുന്നതേതോ അതാണു സത്യജ്ഞാനാനന്ദനിത്യനിർമ്മലമായ പരബ്രഹ്മമെന്നും ആ പരബ്രഹ്മം അരൂപമെന്നും അദ്വൈതമെന്നും അതിൽ ഐക്യം സിദ്ധിച്ചവർക്കേ ആനന്ദസിദ്ധിയുണ്ടാകയുള്ളുവെന്നും ആ ആനന്ദംതന്നെയാണു മോക്ഷമെന്നും പറയപ്പെട്ടിരിക്കുന്നു. ചന്ദ്രകിരണത്തെ ഭുജിച്ചു് തൃപ്തിപ്പെടുന്ന ചകോരപക്ഷിയെപ്പോലെ ജ്ഞാനരസനായായ ബ്രഹ്മാനന്ദത്തെ അനുഭവിച്ചു തുര്യനിലയിൽ എത്തി അഹംകാരം നശിച്ചു ദേഹേന്ദ്രിയങ്ങളെ നിഗ്രഹിച്ചു്, പരബ്രഹ്മത്തോടേകീഭവിച്ചു്, വിശ്രാന്തനായി, ഇരിക്കുക എഴുന്നേൽക്കുക മുതലായ ശരീരവ്യാപാരങ്ങളെ വിസ്മരിച്ചു് ബ്രഹ്മാനന്ദപരിപൂർണ്ണഹൃദയത്തോടുകൂടി, സംഘോരസംസാരാദികളെ വെടിഞ്ഞു്, ദേഹാഭിമാനത്തെ നശിപ്പിച്ചു ശീതളപ്രകാശമായി പരന്നുവീശുന്ന നിലാവെളിച്ചംപോലെ ഉള്ളിൽ കുളർമയുണ്ടാക്കി അന്തഃകരണാദികളെ തണുപ്പിച്ചു പരിപൂർണ്ണസ്വരൂപമായി പ്രപ

ഹ്യാസംബന്ധമില്ലാതെ അതിഗുപ്തമായിരിക്കുന്നതാണ് നിർഗ്ഗുണധ്യാന"മെന്നുപറഞ്ഞു ഭഗവാനെ വന്ദിച്ചു സന്തുഷ്ടനായ ശുകമഹർഷി മുപ്പത്തിരണ്ടുലക്ഷണങ്ങളും തികഞ്ഞ ഒരു കുട്ടിയുടെ രൂപമായി ഗംഗാനദിയിൽ പതിച്ചു. തേജസ്വിയായ ആ കുട്ടിയെനോക്കി പരമശിവനും ബ്രഹ്മാവും അംബികാദേവിയും വിസ്മയപ്പെട്ടുനിന്നുപോയി. മായാപതിയായ ഭഗവാൻ ശ്രീനാരായണൻ പലപരിവൃത്തി, ആ കുട്ടിയെ ഗംഗാജലത്തിൽ താഴ്ത്തുകയും പൊക്കുകയുംചെയ്തു വിഭ്രമിപ്പിച്ചു. അങ്ങനെ പൊങ്ങിയും താണുംശ്വാസം മുട്ടി വശംകെട്ടു ഭയപ്പെട്ടകുട്ടി, തന്നെക്കുറിച്ചും പൂർവ്വജന്മത്തെക്കുറിച്ചുമുള്ള സ്മരണവിട്ടു, ശ്വാസം ഇടയ്ക്കിടെ തടഞ്ഞുകരഞ്ഞുകൊണ്ടു, ഗംഗാജലത്തിൽക്കൂടി ഒഴുകിപ്പോകുമ്പോൾ അതിന്റെ കരയ്ക്കുനിന്നു തപസ്സുചെയ്യുന്ന തമാലിന്റെ മനസ്സിൽ ഭഗവാൻ പ്രവേശിച്ചു, പുത്രവാഞ്ഛയെ ഉണ്ടാക്കി.

ഉടനെ തപസ്സഴിഞ്ഞു്, ഉദ്ബുദ്ധനായ തമാൽ കുഞ്ഞിന്റെ കരച്ചിൽകേട്ട് "അല്ല, ഒരു ശിശുവിന്റെ കരച്ചിലല്ലേ സുരനദിയിൽ കേൾക്കുന്നതു്? അതെന്തുസംഗതി", എന്നിങ്ങനെ ചിന്താചഞ്ചലമായ ഹൃദയത്തോടുകൂടി ഗംഗാതീരത്തിൽ ഇറങ്ങിച്ചെന്നു നോക്കിയപ്പോൾ, അതിതേജസ്വിയായ ഒരു ബാലനെയാണു് കണ്ടതു്. തമാലിനു തൽക്ഷണമുണ്ടായ ആനന്ദവും ആശ്ചര്യവും എന്തുപറയാം. "ദേവ! ഇതൊരു മനുഷ്യശിശുവാണല്ലൊ? ഗംഗാജലത്തിൽ എങ്ങനെ അകപ്പെട്ടു. ഏതായാലും ഇവനെ ഞാൻ മകനായി സ്വീകരിക്കതന്നെചെയ്യും. ജിജ്ജാബീബി മുജ്ജന്മത്തിൽ സുകൃതംചെയ്തവൾതന്നെയാണു്, സംശയമില്ല." എന്നോരോ സന്തോഷചിന്തകളാൽ പര്യാകുലനായ അദ്ദേഹം, വെള്ളത്തിൽ ഇറങ്ങി കുട്ടിയെ കൈകൊണ്ടുവാരിയെടുത്തു മാറോടണച്ചുപിടിച്ചു. "അപ്പനേ! മകനേ! കമനീയമുഖനേ! തോഴ! മണിയേ! ഗുരുശിഖാമണിയേ!" എന്നൊക്കെ നിരന്തരാഹ്ലാദപരിപൂർണ്ണമായ ഹൃദയത്തോടുകൂടി അഭിസംബോധനംചെയ്തു. അയി! ബാലകാ! നീ ദേവാംശഭൂതനാണെന്നുള്ളതിനു നിന്റെ തേജസ്സും ഉത്തമപുരുഷലക്ഷണങ്ങളുടെ തികവും സാക്ഷിയായിരിക്കുന്നു. ആനന്ദസന്ദായകമായ കമനീയമുഖം സകലാഭീഷ്ടസാധകമായും തോന്നുന്നു. നീ ഗംഗാജലത്തിൽ പൊന്തി ഒഴുകിവന്നിട്ടും മരിക്കാതെയിരുന്നതെങ്ങനെ? നിശ്ചിതമായ ആ മരണത്തിൽനിന്നു രക്ഷപ്പെട്ടു എന്റെ അരികിലെത്തിയതെങ്ങിനെ? ഇങ്ങനെ ഓരോന്നു സംസാരിച്ചും ശിശുവിനെ വീണ്ടും ആശ്ലേഷിച്ചും അദ്ദേഹം, ദാഹിച്ചു വിവശനായി വെള്ളം അന്വേഷിച്ചു നടക്കുന്നവനു അമൃതുലഭിച്ചതുപോലെയും കല്ലുതേടിയവനു് കനകംകിട്ടിയതുപോലെയും ചട്ടനുതൽ അന്വേഷിച്ചുചെന്നു തപസ്സുചെയ്യുന്നതും അതിന്റെ ഫലമായി ദിവ്യനായ ആ ശിശുവെ ലഭിച്ചതും സംഗതിയായതു മഹാഭാഗ്യമാണെന്നുസന്തോഷിച്ചു് ഭാര്യയുടെ സമീപത്തെ പ്രാപിക്കാനായിട്ടു "അള്ളാ! ബിസ്മില്ലാ! നിന്തിരുവടിക്കു ഇതിനു പ്രത്യുപകാരംചെയ്യാൻ ഞാൻ ശക്തനല്ല" എന്നൊക്കെ സ്തോത്രംചെയ്തുകൊണ്ടു നടന്നുവീട്ടിലെത്തി. എന്നിട്ടു ഭാര്യയെനോക്കിപ്പറഞ്ഞു. "പ്രിയേ! ഈശ്വരകാരുണ്യത്താൽ നമുക്കു ഒരുകുട്ടിയെ കിട്ടി. ഇതാനോക്കു! മുപ്പത്തിരണ്ടു പുരുഷലക്ഷണങ്ങളും ദിവ്യതേജസ്സും കലർന്ന ഇവനെ നമുക്കു ലഭിക്കുന്നതിനു കാരണംനമ്മുടെ മുജ്ജന്മസുകൃതമോ നിന്റെ തപസ്സിന്റെ ഫലമോ അതോനിനക്കു വരംതന്ന മഹാത്മാവിന്റെ വാഗ്വൈഭവമോ ആയിരിക്കാം. ഇവന്റെ ശരീരം ഒരുതരം സുഗന്ധത്താൽ സദാ പരിപൂരിതമായിരിക്കുന്നു. അതിൽനിന്നും ഇവൻ ദിവ്യനാണെന്നനുമാനിക്കാം. ഇതിൽക്കൂടുതലായ അനുഗ്രഹം ദൈവംനമുക്കു ചെയ്യാനെന്തുള്ളു. എന്നിങ്ങനെ ഭാര്യയോടുപറഞ്ഞിട്ടു പുത്രലാഭത്താലുള്ള സന്തോഷാധിക്യത്താൽ തമാൽദൈവസ്തോത്രങ്ങളെ പാടുകയും സുഹൃത്തുക്കളോടു തങ്ങളുടെ ഭാഗ്യലബ്ധിയെക്കുറിച്ചു പ്രസ്താവിക്കുകയും മറ്റുംചെയ്തു.

മഹാത്മാവിന്റെ ആശീർവാദത്താൽ ലഭിച്ച ആസുന്ദരിക്കുട്ടിയെനോക്കി ജിജ്ജാബീബി ആനന്ദപരിപ്ലുതയായി അല്പനേരം തന്നത്താൻ മറന്നുനിന്നുപോയി. അന്തഃകര

ണം നിർവൃതമായി ആനന്ദബാഷ്പങ്ങൾ പൊഴിച്ചുകൊണ്ടു്, അവൾ വേഗത്തിൽ കുട്ടിയെവാങ്ങി മാറോടണച്ചുചുംബിച്ചു, ഈശ്വരമായാവിലാസത്താൽ തൽക്ഷണം മുലകളിൽ പാൽചുരന്നു കവിഞ്ഞൊഴുകകയും താൻ പ്രസവിച്ച ശിശുവാണെന്നുള്ള മോഹത്തോടെ ജിജ്ജാബീബി കുഞ്ഞിനു മുലകൊടുത്തു താലോലിക്കയുംചെയ്തു. അനന്തരം വേണ്ടശുശ്രൂഷണങ്ങളോടും ലാളനകളോടും അവർ ആ കുട്ടിയെ ബാലസാധാരണങ്ങളായ ആഭരണങ്ങളും അണിയിച്ചു നിമിഷംതോറും സൂക്ഷിച്ചുവളർത്തിവന്നു. ജിജ്ജാബീബിക്ക പുത്രവാത്സല്യത്താൽ മററു കാര്യവിചാരങ്ങൾ യാതൊന്നുമില്ലാതെയായി, പുത്രശുശ്രൂഷയും ചിന്തയുംതന്നെ വ്യാപാരമായിത്തീൎന്നു.

തമാലാകട്ടെ, പണ്ടു ശ്രീരാമജനനത്താൽ ദശരഥനും ശ്രീകൃഷ്ണജനനത്താൽ വസുദേവനും ഉണ്ടായതിനേക്കാളധികമായ സന്തോഷത്തോടുകൂടിപ്പുത്രനു കബീർ എന്നു പേരിട്ടു. ഇങ്ങനെ പേരിടാൻ കാരണം കുട്ടിയുടെ ശരീരത്തിൽ 'കബീർ' എന്ന മുദ്രകൊണ്ടാണെന്നു പറയപ്പെട്ടിരിക്കുന്നു. നാമകരണക്രിയ ഏററവും മഹോത്സവഘോഷങ്ങളോടുകൂടി വളരെ ഭംഗിയായി നടത്തപ്പെട്ടു. ബാലനാകട്ടെ പ്രതിപക്ഷചന്ദ്രനെപ്പോലെ നാൾക്കുനാൾവളൎന്നു പിതാക്കൾക്കും ബന്ധുജനങ്ങൾക്കും പുതുതായ പലവിധം ലീലാവിലാസാദികളാൽ ആനന്ദത്തെ വൎദ്ധിപ്പിച്ചു.

ശുകമഹർഷി ഇങ്ങനെ കബീർ എന്ന നാമധേയത്തോടുകൂടി കാശിയിൽഅവതാരംചെയ്തിരിക്കുന്നകഥയറിഞ്ഞു്, പണ്ടു അദ്ദേഹത്തിന്റെ തപസ്സിളക്കാൻ ദേവേന്ദ്രൻ മുതൽപേരുടെ പ്രേരണയാൽ പോയിട്ടും ഫലിക്കാതെ ലജ്ജിച്ചു് അദ്ദേഹത്തെ കാമിച്ചു പിൻവാങ്ങിപ്പോന്ന രംഭ തന്റെ ആശയെ നിറവേററാനായി കാശിയിൽതന്നെ ഉൽകൃഷ്ടവംശത്തിൽവന്നുജനിച്ചു. സർവ്വജനങ്ങൾക്കും നേത്രാനന്ദമുണ്ടാക്കമാറു സൌന്ദര്യത്തോടും തേജസ്സോടുംകൂടി വളൎന്നുവന്ന ആ കന്യകയെക്കണ്ടു തമാലും ജിജ്ജാബീബിയും തങ്ങളുടെ പുത്രനായ കബീറിനു് അവൾ അനുരൂപയാണെന്നു നിശ്ചയിച്ചു് അവളുടെ മാതാപിതാക്കളോടു അക്കഥ പറകയും, സ്നേഹവിശ്വാസത്തോടുകൂടി കഴിഞ്ഞുവരികയുംചെയ്തു. അങ്ങിനെയാണെങ്കിൽ കുട്ടിയെക്കൊണ്ടുവന്നു ക്രമപ്രകാരം വിവാഹനിശ്ചയവാക്ക പറഞ്ഞു താംബൂലദാനംചെയ്തുപോകണമെന്നവർ ആവശ്യപ്പെട്ടു.

അതനുസരിച്ചു്, ഒരുദിവസം കബീർബാലനെ മാതാപിതാക്കൾ വസ്ത്രാഭരണങ്ങൾ അണിയിച്ചൊരുക്കി, ബന്ധുഭവനത്തിൽ കൊണ്ടുപോയി; ഞങ്ങളുടെ ഓമനപ്പുത്രനാണു ഇവൻ, നിങ്ങളുടെ ഓമനപ്പുത്രിയെ വിവാഹംകഴിച്ചുകൊടുക്കുന്നതിൽ വിരോധമുണ്ടോ' എന്നു മൎയ്യാദപ്രകാരംചോദിച്ചു. കന്യകയുടെമാതാപിതാക്കന്മാർ, കബീരുടെസൌന്ദര്യതേജോവിലാസങ്ങൾ കണ്ടു അത്യത്ഭുതപ്പെട്ടു് നമ്മുടെ കുട്ടിക്ക ഇവൻ അത്യന്തം അനുരൂപനായ വരൻതന്നെ എന്നു സന്തോഷിച്ചു. അഭിജാത്യംകൊണ്ടും അഴകുകൊണ്ടും ഇവനേക്കാൾ യോഗ്യനായ ഒരുവരനെ ലഭിക്കാനില്ലെന്നു നിശ്ചയിച്ചു്, തമാലിനെ നോക്കി, "ഹേ! നിങ്ങളുടെ പുത്രനു്, കന്യാദാനംചെയ്വാൻ ഞങ്ങൾക്ക മനസ്സുതന്നെ" എന്നു ഉറക്കെപ്പറഞ്ഞു. ഉടനെ ബന്ധുക്കളേയുംമററു മാളയച്ചുവരുത്തി, പതിവനുസരിച്ചു്, താംബൂലദാനപുരസ്സരം അന്യോന്യം വാക്കുകൊടുത്തു. അനന്തരം തമാലും പത്നിയും യാത്രപറഞ്ഞു പിരിഞ്ഞു പുത്രനോടുകൂടി പോകയുംചെയ്തു.

ഒന്നാമദ്ധ്യായം കഴിഞ്ഞു.

# രണ്ടാമദ്ധ്യായം.

---

## സുന്നത്തുക്രിയയ്ക്കു കബീർ വിരോധിച്ചതു്.

അല്ലയോ സിദ്ധന്മാരേ! ഇപ്രകാരം പുത്രലാഭസന്തോഷത്താൽ സുഖിച്ചിരുന്ന തമാലും ജിജ്ജാബീബിയും, കുലമര്യാദപ്രകാരം ചെയ്യുന്ന സുന്നത്തുക്രിയ ചെയ്യിക്കണമെന്നു നിശ്ചയിച്ചു്, കാദി മുതലായവരെ, ഒരു ശുഭദിവസത്തിൽ അളയച്ചുവരുത്തി. പ്രാരംഭക്രിയകളെല്ലാം ചെയ്തതിന്റെ പിന്നെ കാദി കബീർക്കു സുന്നത്തുചെയ്യുന്നതിനു കത്തികൊണ്ടാജ്ഞാപിച്ചു. അപ്പോൾ,

കബീർ:—(കാദിയെനോക്കി.) നിങ്ങൾ എന്തൊരു സംബന്ധമാണ് ചെയ്വാനാലോചിച്ചു വട്ടംകൂട്ടുന്നതു്? എന്നു ചോദിച്ചു.

കാദി:—(കുരുഗുരു) നമ്മുടെ ശാസ്ത്രവിധിപ്രകാരം അനുഷ്ഠിക്കേണ്ടുന്ന ഒരു കർമ്മത്തിനാണു ഭാവിക്കുന്നതു്.

കബീർ:—ഈ കർമ്മം, ആൺകുട്ടികൾക്കു മാത്രമോ പെൺകുട്ടികൾക്കും സംബന്ധിക്കുമോ?

കാദി:—ആൺകുട്ടികൾക്കുമാത്രം ചെയ്യേണ്ടതാണു്.

കബീർ:—ഇതുകൊണ്ടുള്ള പ്രയോജനം എന്താണു്?

കാദി:—ഇതുകൊണ്ടു പരിശുദ്ധന്മാരാകുമെന്നാണ് പറയപ്പെട്ടിരിക്കുന്നതു്.

കബീർ:—അപ്പോൾ, ഈ ക്രിയകൊണ്ടു ആൺകുട്ടികൾ മാത്രമേ പരിശുദ്ധരാകയുള്ളുവല്ലോ. അതുമതിയെന്നാണോ വച്ചിരിക്കുന്നതു്? പെൺകുട്ടികൾ എങ്ങനെ പരിശുദ്ധരാകും?

കാദി:—മന്ത്രോപദേശത്താൽ അവർ പരിശുദ്ധരായി ഭവിക്കുന്നു.

കബീർ:—മന്ത്രോപദേശത്താൽ മാത്രം പുരുഷന്മാരെയും പരിശുദ്ധരാക്കിയാൽ പോരെയോ? അതുകൊണ്ടു ദൈവം തൃപ്തിപ്പെടുകയില്ലേ?

കാദി:—പുരുഷന്മാർക്കു അനുഗ്രഹവും സുന്നത്തും ചെയ്യണമെന്നു്, ആദികാലം മുതല്ക്കേ വേദവിധിയുള്ളതുകൊണ്ടു്, അതനുസരിച്ചു നടക്കേണ്ടതു നമ്മുടെ കൃത്യമാണു്.

കബീർ:—അതു്; ദൈവംചെയ്ത ഒരു ശാസനമാണെങ്കിൽ. ആ ശാസനംചെയ്ത നാൾമുതൽക്കു് മനുഷ്യരിൽ ആ അശുദ്ധാംശം സൃഷ്ടിക്കാൻ ഇടയില്ലതന്നെ. സൃഷ്ടിച്ചതിനുശേഷം മുറിച്ചുകളയുന്നതിൽഭേദം സൃഷ്ടിക്കാതിരിക്കതന്നെയല്ലേ? എന്നാൽ, നാളിതുവരെ സൃഷ്ടിക്കപ്പെടുന്ന മനുഷ്യരിൽ ആ അശുദ്ധാംശം കാണപ്പെടുന്നതുകൊണ്ടു്, ദൈവം അങ്ങനെയൊരുശാസനം ചെയ്തിട്ടില്ലെന്നുള്ളതിനു അതൊരു പ്രത്യക്ഷത്തെളിവുതന്നെയാണു്.

കാദി:—നമ്മുടെ ആദ്യാചാര്യനായ ഇബ്രാഹിം പയമ്പരുടെ കാലത്തു്, ദൈവം ചെയ്ത ശാസനമാണിതു്. നീ കുട്ടിയല്ലേ? നിനക്കു കാര്യാകാര്യവിവേകം ഉണ്ടാകാത്തതു അത്ഭുതമല്ല. അതുകൊണ്ടു് ഇനിയെങ്കിലും തർക്കിക്കാതെ സുന്നത്തിനു സമ്മതിക്കൂ.

കബീർ:—ഇബ്രാഹിം എന്ന ആൾ, ദൈവസാക്ഷികമായിച്ചെയ്ത സത്യത്തെ പാലിക്കാതെ, അല്പമായ വിഷയാശയിൽ ഭ്രമിച്ചു സത്യത്തെ ലംഘിക്കകൊണ്ടു്, ഈ ശിക്ഷ, അവനെ സംബന്ധിച്ചുമാത്രം നമ്രോത്‌രാജൻ ചെയ്തതെന്നല്ലാതെ, പൊതുജനങ്ങളെ സംബന്ധിക്കുന്ന ഒരു ശാസനമേയല്ല.

കാദി;—നമ്രോത്ത് രാജൻ തെററിദ്ധാരണയാൽ വെറുതേ അദ്ദേഹത്തെ ശിക്ഷിച്ചതാണ് അല്ലാതെ അദ്ദേഹം യാതൊരു കുററവും ചെയ്തിട്ടേയില്ല.

കബീർ:—അങ്ങനെയല്ല, ഇബ്രാഹിം തന്റെ ഇളയ ഭാര്യയായ സാറാ എന്ന സ്ത്രീയിൽ ഉള്ള മോഹാധിക്യംകൊണ്ട്, അവളുടെ നിയോഗമനുസരിച്ചു നടന്നുകൊള്ളാമെന്നു ദൈവസാക്ഷികമായി ഒരു സത്യംചെയ്തുകൊടുത്തിരുന്നു. മൂത്തഭാര്യയായ ഹജറാ എന്നവൾ പതിവ്രതയും ഗർഭിണിയും ആണെന്നറിഞ്ഞിരുന്നിട്ടും അശേഷം ദയയില്ലാതെ അവളെ മററവളുടെ പ്രേരണയാൽ മനുഷ്യസഞ്ചാരമില്ലാത്ത കൊടുങ്കാട്ടിൽ കൊണ്ടുപോയിത്തള്ളിക്കളഞ്ഞു. എന്നിട്ടും ഈശ്വരാനുഗ്രഹത്താൽ അവൾക്കു യാതൊരുതരക്കേടും വന്നില്ല. അവിടെവെച്ചുതന്നെ കോമളനായ ഒരു പുത്രനെ പ്രസവിച്ചു സുഖമായി താമസിച്ചുവന്നു. അക്കഥയറിഞ്ഞപ്പോൾ ഇബ്രാഹിം അജറായെക്കാണ്മാനായി കാട്ടിലേക്കു തിരിച്ചു. സാറാ കഴിയുന്നത്രവിരോധിച്ചിട്ടും അവൻ കൈക്കൊണ്ടില്ല. ഇബ്രാഹിം അങ്ങനെ ചെയ്തതു സത്യവിരുദ്ധമായിരുന്നതുകൊണ്ട്, ആ വിവരം സാറാ അച്ഛനായ രാജാവിനെ അറിയിക്കയും ഇബ്രാഹിമിനെ രാജാവു ശിക്ഷിക്കയുമാണു ചെയ്തത്. ഈ കഥ നിങ്ങളുടെ ചരിത്രങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാണല്ലോ.

കാദി:—നമ്രോത് രാജനാൽ ആചാര്യനായ ഇബ്രാഹിം ശിക്ഷിക്കപ്പെട്ടതു മുതൽ മററുള്ളവരും അപ്രകാരം ചെയ്യേണ്ടതാണെന്നു ദൈവകല്പനയുണ്ടായിട്ടുള്ളതുകൊണ്ടു, അദ്ദേഹത്തിന്റെ പിൻഗാമികളായ നമ്മുടെ വംശക്കാർ ഇന്നും ആ അഗ്രഭാഗത്തെ വെട്ടിക്കളക പതിവാകുന്നു.

കബീർ:—ഇബ്രാഹിമിന്റെ രണ്ടാമത്തെ ഭാര്യയായ സാറാവിന്റെ മകൻ ഐസാക്ക തന്നെ, ആ നിയമത്തെ മറുത്തിരിക്കുന്ന സ്ഥിതിക്കു, നിങ്ങൾ പറയുന്നതു ഞാൻ എങ്ങനെ സമ്മതിക്കണം?

കാദി:—ഐസാക് എന്നവൻ പിശാചിന്റെ വാക്കുകേട്ട്, ഇബിലീഷായിത്തീർന്നു. അവനെപ്പോലെയാകുന്നതിനു നാം ആഗ്രഹിക്കുന്നുവോ?

കബീർ:—ഐസാക്ക്, ഒരു മതത്തിനു കാരണഗുരുവല്ലയോ?

കാദി:—ഐസാക്കിന്റെ മതത്തിൽപെട്ടവർ, ജ്ഞാനവിഷയത്തിൽ ഒഴികെ മററു ധ്യാനം മുതലായതുകളിൽ നമ്മെപ്പോലെതന്നെയെങ്കിലും സുന്നത്തുകർമ്മം ഇല്ലായ്ക കൊണ്ട്, ഹീനന്മാരായി ഗണിക്കപ്പെട്ടുവരുന്നു.

കബീർ:—ജ്ഞാനമില്ലാത്തവർ, ധ്യാനംമുതലായ ദൈവോപാസനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടെന്തുപ്രയോജനം? കണ്ണില്ലാത്തവൻ വഴിയറിയാത്തതുപോലെ, അവർ അജ്ഞാനാന്ധകാരത്തിൽപെട്ടു, പരിതഃസ്ഥിതികളുടെ പരമാർത്ഥമറിയാതെ കഴിഞ്ഞുകൂടുന്നു. അങ്ങനെയുള്ളവർക്ക് ജ്ഞാനോപദേശംചെയ്ത്, അവരെ അജ്ഞാനത്തിൽനിന്നും ഉദ്ധരിക്കേണ്ടതാണ് ലോകാചാര്യന്മാരുടെ കടമ. അതിനു വിപരീതമായി ദൈവസൃഷ്ടമായ ഒരവയവത്തെ മുറിച്ചുകളയുന്നതിനു കടന്നുവന്നു വ്യർത്ഥവാദംചെയ്യാൻ കാരണമെന്താണ്?

കാദി:—നമ്മുടെ ശാസ്ത്രോക്തമായ ധർമ്മമനുസരിച്ച്, ഇങ്ങനെ ചെയ്യണമെന്നല്ലാതെ മററുപറയത്തക്ക പ്രയോജനമൊന്നും അതിനില്ല.

കബീർ:—പ്രയോജനമില്ലാത്ത കാര്യത്തിൽ ഏർപ്പെടുന്നതിനു എനിക്കു മനസ്സില്ല. അതുകൊണ്ട് ഇക്കാര്യം നിർത്തിവച്ച്, എനിക്കു ജ്ഞാനമാർഗ്ഗത്തെ ഉപദേശിച്ചുതന്നാലും.

കാദി കബീറിന്റെ വാക്കുകൾകേട്ട്, അത്ഭുതത്തോടെ പറഞ്ഞു. അറിവില്ലാത്ത ബാലനായ നിനക്ക് ജ്ഞാനോപദേശം ചെയ്യണമെന്നാണോ പറയുന്നത്? ഭക്തി, കർമ്മം, യോഗം, ഈ മൂന്നുമാൎഗ്ഗത്തെയും അറിഞ്ഞതിനുമേൽ മാത്രമേ ജ്ഞാനമാർഗ്ഗം അറിവാൻ സാധിക്കയുള്ളൂ. അതിൽ ഒന്നാമത്തെ ഭക്തിമാർഗ്ഗംപോലും അറിയാത്ത ചെറുബാലനായ നീ, ജ്ഞാനമാർഗ്ഗത്തെ ചോദിക്കുന്നുവോ? അതു പറഞ്ഞുതന്നാൽ നിനക്ക്, എന്തുപ്രയോജനം സിദ്ധിക്കുമെന്നാണ് വിചാരം?

കബീർ.—ജനനമരണങ്ങളും അജ്ഞാനാഹംകാരങ്ങളും സുഖദുഃഖങ്ങളും ആശാഭയങ്ങളും അപജയവുംഇല്ലാതെ, അഖണ്ഡപരിപൂൎണ്ണസച്ചിദാനന്ദസ്വയംപ്രകാശമായി വിളങ്ങുന്ന ബ്രഹ്മത്തെ അറിഞ്ഞു സദാകാലം ആനന്ദാമൃതത്തിൽ മുങ്ങിസുഖിക്കാമെന്ന ഫലമാണ്, അതുകൊണ്ടെനിക്കു ലഭിക്കുമെന്നു ഞാൻ വിചാരിക്കുന്നത്.

കാദി കബീരുടെ വാക്കുകൾകേട്ടു, വീണ്ടും അത്ഭുതപരതന്ത്രനായി എഴുന്നേറ്റു തമാലിനെനോക്കി,—"ഹേ സർവ്വധൎമ്മജ്ഞനായ നിങ്ങളുടെ മകൻ ഞാൻ എന്തൊക്കെപ്പറഞ്ഞിട്ടും സുന്നത്തുചെയ്വാൻ സമ്മതിക്കുന്നില്ല. ഞാൻ ഇപ്പോൾ പോകട്ടെ. നിങ്ങൾക്കാകുന്നതുപോലെ പറഞ്ഞുനോക്കുവിൻ! സമ്മതിക്കുന്നപക്ഷം എനിക്കാളയച്ചാൽ ഞാൻവരാം. ന്യായവാദംചെയ്യുന്നതുകൂടാതെ ശിക്ഷിക്കാനും നിങ്ങൾക്കധികാരമുണ്ടല്ലോ. എന്നുപറഞ്ഞുപോയി. അവിടെ കൂടിയിരുന്ന മററുള്ളവരും അവരവരുടെ വഴിക്കു പിരിഞ്ഞുപോയി. എല്ലാവരും കബീറിന്റെ യുക്തിവാദങ്ങളെ വിചാരിച്ചുവിചാരിച്ച് അത്ഭുതപ്പെട്ടുംകൊണ്ടിരുന്നു."

എല്ലാവരും പോയപ്പോൾ തമാലും ജിജ്ജാബീബിയും കബീറിനെനോക്കി— കുഞ്ഞേ! നീ അറിയാത്ത ബാലനല്ലയോ? മഹാവൈദികാചാൎയ്യന്മാരായ കാദിമുതൽപേരോട് എതിർവാദംചെയ്യുന്നതു് നിനക്കു ചേൎന്നതാണോ? നമ്മുടെ കുലധൎമ്മത്തിനും അതു വിരുദ്ധമല്ലേ?

കബീർ:—"അമ്മയച്ഛന്മാരെ! നിങ്ങൾ സത്യമറിയാതെ എന്നെ കുററപ്പെടുത്തരുത്. മനുഷ്യജന്മത്തിലെ പരമപ്രയോജനം മോക്ഷമാണ്. മോക്ഷം ലഭിക്കത്തക്ക ഏതുപദേശവും, അനുസരിക്കാൻ ഞാൻ സന്നദ്ധനമാണ്. അഥവാ നിർദ്ദോഷങ്ങളായ ലൌകികകാൎയ്യങ്ങൾ പറഞ്ഞാലും അനുസരിക്കാം. നിഷ്പ്രയോജനവും നിരൎത്ഥകവുമായ സംഗതികൾ പറയുന്നവരോടു എതിർവാദം ചെയ്യാതെ തരമില്ല. അങ്ങനെ പറയുന്നവർ വൈദികന്മാരോ തദധികന്മാരോ ആരായാലും ശരി അവരെക്കുറിച്ചു, എനിക്കു ബഹുമാനമില്ല."

കബീരുടെ വാക്കുകൾ കേട്ടു, കോപാകുലനായ തമാൽ "എടാ ദുഷ്ടക്കുട്ടി അച്ഛനമ്മമാരുടെയും മററുവേണ്ടപ്പെട്ട ബന്ധുക്കളുടേയും വാക്കുനിരസിച്ചു തോന്ന്യാസംകാട്ടുന്ന നിന്നെ ഞാൻ സംഹരിച്ചുകളയും" എന്നുപറഞ്ഞടുത്തു.

പിതാവിന്റെ കോപംകണ്ടു ഭയപ്പെട്ടു, കബീർ വെളിക്കിറങ്ങി ഓടി ഒരിടത്തുചെന്നു മറഞ്ഞിരുന്നു. പുത്രവത്സലയായ ജിജ്ജാബീബി ചുററിനോക്കിമകനെക്കണ്ടുപിടിച്ചു വീട്ടിൽകൊണ്ടുവന്നു. സുന്നത്തുക്രിയയ്ക്കു സമ്മതിക്കാൻ പലപ്രകാരത്തിലും ഉപദേശിച്ചു. ഒന്നായിട്ടും കബീർ സമ്മതിച്ചില്ല. അതിനാൽ കോപാന്ധയായ മാതാവു് "എടാ മൂഢക്കുട്ടി! താന്തോന്നിയായ നിനക്കു, ഇന്നുമുതൽ വെറുതേ ഭക്ഷണംതരുവാൻനിശ്ചയിച്ചിട്ടില്ല. നിന്റെ ഭക്ഷണം നീ വേലചെയ്തുതന്നെ ഉണ്ടാക്കണം" എന്നുപറഞ്ഞു വസ്ത്രംനെയ്യാനായി ഒരു പട്ടുനൂൽതറിയിൽ കബീറിനെക്കൊണ്ടേല്പിപ്പെടുത്തുകയുംചെയ്തു.

# കബീർദാസചരിത്രം

## അദ്ധ്യായം ൩.

(ബ്രാഹ്മണവേഷം ധരിച്ചു വന്ന ഭഗവാൻ കബീർ വസ്ത്രദാനം ചെയ്തതു്.)

ഹരേ! ചെറുകിശോരനാമിവനഭീഷ്ടമേകീടുവാൻ
പുരാഭുവികനിഞ്ഞെഴുന്നരുളിവന്നലോകേശരോ!
പരാപര! പരാൽപരാത്മപരമാത്മതത്ത്വാത്മനഃ
സരോജമൃദുതാരംഘ്രിയാംമമനിബോധയേശപ്രഭോ!

ജ്ഞാനപ്രകാശഹൃദയന്മാരായ സിദ്ധന്മാരേ! സർവ്വദാബ്രഹ്മധ്യാനത്തിൽ ഉള്ളുണന്ന് അനന്താനുഭൂതിയോടുകൂടിയിരുന്ന കബീർദാസനെ നെയ്ത്തുവേലയിലേർപ്പെടുത്തിയതു്, പതിവ്രതയെ വേശ്യാവൃത്തിക്കേർപ്പെടുത്തിയതുപോലെ അത്യന്തം ദുസ്സഹമായിരുന്നു. എങ്കിലും മാതൃശാസനത്തെ ഭയപ്പെട്ടു്, ബാലനായ മഹാത്മാകബീർ ഈശധ്യാനത്തോടുകൂടി ഒരുമുഴംവസ്ത്രം നെയ്തു. അനന്തരം ബ്രഹ്മധ്യാനത്തിൽലയിച്ചു്, തന്നെത്താൻ മറന്നു് നിഷ്ക്രിയനായി ഇരിപ്പായി. ഉടനെ ഭഗവാൻ * മായാരൂപത്തിൽവന്നു്, കബീർദാസനുപകരം ഒരുമുഴം വസ്ത്രംകൂടി നെയ്തുതീർത്തു.

അതിനിടയ്ക്കു നിജ്ജാബീബിവന്നു്, കണ്ണുമടച്ചു ധ്യാനിച്ചിരിക്കുന്ന കബീറിനെ തട്ടിയുണർത്തി "എടാ കബീറേ! മുണ്ടുനെയ്യാൻ പറഞ്ഞാൽ ചുമ്മായിരുന്നുറങ്ങുകയാണോ? കാലത്തുമുതൽ വൈകുന്നതുവരെ നീ ഈരണ്ടുമുഴംവസ്ത്രമാണോ നെയ്തതു്? വേണ്ടാത്ത പുസ്തകങ്ങളൊക്കെ പഠിച്ചു നിനക്കു ഇതുമാത്രം അറിയാൻ വയ്യാതെ പോയതു എന്തുകൊണ്ടു? വേഗം ഇതു മുറിച്ചുകൊണ്ടുപോയി കടയിൽ കൊടുത്തു പണം വാങ്ങിക്കൊണ്ടുവാ; അല്ലാതെ ഇന്നത്താഴമില്ല" എന്നു നിർദ്ദയമായിപ്പറഞ്ഞിട്ടു വീട്ടിലേക്കുപോയി. ക

---

* ഭഗവാൻ നെയ്ത്തുവിഷയത്തിൽ കബീർ ആവശ്യപ്പെടാതെ തന്നെ സഹായിക്കാൻപോയതു്, പണ്ടു്, ശുകബ്രഹ്മർഷിയോടുചെയ്ത വാഗ്ദാനമനുസരിച്ചായിരുന്നു. മായാതീതനായ ശുകനെ മായയിൽ അകപ്പെടുത്തണമെന്നുള്ള വിചാരവും ഉണ്ടായിരുന്നു. ശുകമഹർഷി കബീറായി അവതരിക്കാൻ ഒരു പ്രത്യേകകാരണംകൂടിപ്പറയപ്പെട്ടിരിക്കുന്നു. അതായതു്, പണ്ടു ദേവന്മാരുടെ പ്രേരണയാൽ ദേവസ്ത്രീയായ രംഭ ശുകന്റെ തപസ്സിളക്കാൻ പോയതിൽ വിഷയസുഖത്തിൽ അദ്ദേഹം അശേഷം ആസക്തനല്ലായ്കയാൽ, അവൾക്കു സാധിക്കാഞ്ഞു്, തന്ത്രത്തിൽ അദ്ദേഹത്തെ ജയിക്കാമെന്നു നിശ്ചയിച്ചു. അതനുസരിച്ചു്, അവൾ ഒരു മുനിയുടെവേഷംധരിച്ചു്, ശുകാശ്രമത്തിനുസമീപമായി ഉഗ്രതപസ്സുചെയ്തുകൊണ്ടിരുന്നു. ആ രഹസ്യം മനസ്സിലാകാതെ ശുകൻ ആ മുനിയുടെ അടുക്കൽചെന്നു്,—"അല്ലയോ യോഗീശ്വര! ഇങ്ങനെ അനേകനാളായി എന്തൊരുദ്ദേശത്തോടുകൂടിയാണു തപസ്സുചെയ്യുന്നതു്" എന്നുചോദിച്ചു. ഉടനെ മുനിവേഷധാരിണിയായ അവൾ ഉണർന്നു—"ശുകമഹർഷേ! അങ്ങു്, എന്റെ തപസ്സിനു വിഘ്നംചെയ്തിരിക്കുന്നു. ഞാൻ ചോദിക്കുന്നവരം തരാത്തപക്ഷം അങ്ങേ ഞാൻ ശപിക്കും, എന്നുപറഞ്ഞു. ഏതുവരമോ ഇഷ്ടംപോലെ ചോദിച്ചാൽ തരാം എന്നു ശുകൻ പറഞ്ഞതുകേട്ടു്, സ്വന്തമായ സ്ത്രീരൂപംധരിച്ചുനിന്നു. മഹർഷിക്കുടനേ സംഗതിമനസ്സിലായി. അദ്ദേഹം തെല്ലൊന്നുഭ്രമിച്ചുവെങ്കിലും സത്യത്തെയോർത്തു്, കലിയുഗത്തിൽ അവളുടെ ഇഷ്ടം സാധിച്ചുകൊടുക്കാമെന്നു സമ്മതിച്ചു. അതനുസരിച്ചു കബീറായി ജനിച്ചു അവളിൽ രണ്ടുപുത്രന്മാരെ ഉല്പാദിപ്പിച്ചുവത്രെ.

ബീർ മാതാവിന്റെ വാക്കുകൾ കേട്ടു വിഷമിച്ച് തറിയിൽ നെയ്തുവച്ചിരുന്ന രണ്ടുമുഴം വസ്ത്രവും മുറിച്ചെടുത്തുകൊണ്ടു വില്പനത്തെരുവിൽ എത്തി. ബാലനായ കബീറിനു വസ്ത്രവില്പനയെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം തെരുവിന്റെ മദ്ധ്യഭാഗത്തുനിന്നുകൊണ്ട് വസ്ത്രം വിടർത്തിക്കാട്ടി "അല്ലയോ പുണ്യവാന്മാരെ! പുണ്യവതികളെ! ഈ പീതാംബരത്തെ വാങ്ങി അതിന്റെ വില തരുവാൻ നല്ലമനസ്സുണ്ടാകണേ!" എന്നപേക്ഷിച്ചു. പണ്ട് ഭാര്യയേയും മകനെയും വില്ക്കുന്നതിനു തെരുവുനീളെ വിളിച്ചു നടന്ന ഹരിശ്ചന്ദ്രനെപ്പോലെ വല്ലവിധവും വിലക്കാരെക്കിട്ടിയാൽ കൊള്ളാമെന്നുദ്ദേശിച്ച് കബീർ വസ്ത്രവും നിവർത്തിപ്പിടിച്ചുകൊണ്ടു തെരുവുനീളെ ചുററിനടന്നു. ഒടുവിൽ ബാലനായ കബീരുടെ വസ്ത്രവില്പനക്രമങ്ങൾ കണ്ടു ചിലർ അട്ടഹാസം ചെയ്ത് "ഇതെന്തെടാ, ഓരോ അംഗുലം അകലത്തിൽ ഓരോ അംഗുലം ഇടവിട്ട് വലപോലെ നെയ്തുവച്ചിരിക്കുന്നത്. ഇതുനെയ്തതാര്? കൊണ്ടുപൊയ്ക്കോ ഇത് ആരുവാങ്ങാനാണ്" എന്നൊക്കെ പരിഹസിച്ചു. ഉടനെ ഭഗവാന്റെ മായാവിലാസത്താൽ കാഴ്ചക്കാരുടെ കണ്ണിനു വസ്ത്രം വളരെ മേന്മയുള്ളതായിത്തോന്നി. പിന്നീട്ട അതുകണ്ടവരെല്ലാം "അഹ! ഈ വസ്ത്രം വാങ്ങാൻ ഞങ്ങൾ ശക്തരല്ല." എന്നു പിൻവാങ്ങിപ്പോയി. ഭഗവാൻതന്നെ നെയ്ത ആ വസ്ത്രത്തിന് വിലമതിക്കാൻ കഴിയാതെവന്നത് അത്ഭുതമല്ലല്ലോ. അല്ലയോ സിദ്ധന്മാരായ മഹാത്മാക്കളേ! കബീർ വസ്ത്രവുംകൊണ്ടു തെരുവുനീളെ നടന്നിട്ടും അതു വാങ്ങിക്കാൻ ആരും ഇല്ലായ്കകൊണ്ട് ഇന്നിനി വില്ക്കാൻ സാധിക്കയില്ലെന്നു നിശ്ചയിച്ചു അദ്ദേഹം പട്ടുവസ്ത്രം മടക്കി കക്ഷത്തുവെച്ചു നേരെ വീട്ടിലേക്കു മടങ്ങി. കബീരെ ഒന്നു പരീക്ഷിക്കാനായി ഭഗവാൻ ഒരു സാധുബ്രാഹ്മണന്റെ വേഷത്തിൽ കബീരുടെ അരികിൽ ചെന്നു കക്ഷത്തിൽ ഇരുന്ന പട്ടുവസ്ത്രം തട്ടിപ്പറിച്ചുകൊണ്ടോടി. കബീർ ബദ്ധപ്പെട്ട് "ഹേ! കിഴട്ടുകള്ളബ്രാഹ്മണ! എന്റെ പീതാംബരം നീ തട്ടിപ്പറിച്ചുകൊണ്ടോടുന്നുവോ? ഗോപസ്ത്രീകളുടെ വസ്ത്രം പണ്ടു കൃഷ്ണസ്വാമി അപഹരിച്ചുകൊണ്ടോടിയപോലെ ഇതെന്തൊരക്രമമാണ്? എന്റെ പീതാംബരം വിലതരാതെ തട്ടിക്കൊണ്ടു പൊയ്ക്കളയാമെന്നാണോ? അതു തന്നെയല്ലാൻ എനിക്കു നിവൃത്തിയില്ല. വിററു പണംകൊണ്ടുചെന്നെങ്കിലേ അമ്മ അത്താഴം തരികയുള്ളു? എന്നു പറഞ്ഞു പുറകെ ഓടിച്ചെന്നു ബ്രാഹ്മണന്റെ മടിക്കുത്തു പിടികൂടി "എന്റെ നേരിയ പീതാംബരം ഇങ്ങുതരിക" എന്നു നിർബന്ധിച്ചു. അപ്പോൾ മായാബ്രാഹ്മണൻ ആ തുണിയെ നിവർത്തി അതു വഴിപോയ ജനങ്ങളെ ഒക്കെ കാണിച്ച് "അല്ലയോ മഹാജനങ്ങളേ! ഈ വലത്തുണിദുർല്ലഭമായ നേരിയ പീതാംബരമാണുപോൽ! ഈമാതിരി വസ്ത്രം നിങ്ങളിലാരെങ്കിലും ഇതിനുമുമ്പു കണ്ടുവോ?" എന്നുചോദിച്ചുകൊണ്ട് അതു രണ്ടായി വലിച്ചുകീറി. കബീർ ബ്രാഹ്മണനെനോക്കി "ഹേ! ബ്രാഹ്മണ! താങ്കൾ വേദമോതുന്ന ബ്രാഹ്മണനായിരുന്നിട്ടും മഹാവിഷ്ണു ദേവന്റെ തിരുപുടയാടപോലെ രമ്യമായ ഈ പീതാംബരത്തെ കീറിക്കളഞ്ഞത് എത്ര അത്ഭുതകരമായിരിക്കുന്നു? അങ്ങേക്ക് ഐശ്വര്യം അശേഷം നഷ്ടമായി. കഷ്ടം! കണ്ടവരുടെ മുതൽകൈക്കലാക്കാനായി വേഷംകെട്ടിനടക്കുന്ന ഒരുമാതിരി കള്ളബ്രാഹ്മണരെ സൃഷ്ടിച്ച ബ്രഹ്മാവുതന്നെ ഇദ്ദേഹത്തെയും നിഷ്പ്രയോജനമായി സൃഷ്ടിച്ചു? എന്നുപറഞ്ഞു പീതാംബരത്തെ ബലാൽ പിടിച്ചുപറിച്ചു. ഉടൻ മായാബ്രാഹ്മണൻ "എടാ കള്ളക്കിശോര! കൌപീനത്തിനുപോലും കൊള്ളാത്ത ഈ കീറത്തുണിയാണോ മഹാവിഷ്ണുവിന്റെ പീതാംബരത്തിനു തുല്യമാണെന്നു നീ മേനിപറഞ്ഞത്." എന്നുപറഞ്ഞു കാണികളെല്ലാം കൈകൊട്ടിച്ചിരിക്കത്തക്കവണ്ണം അപഹസിച്ചു. കബീർ അതുകേട്ട "ഹേ ബ്രാഹ്മണ! പതിവ്രതയ്ക്കു സൌന്ദര്യമില്ലെന്നുവച്ച് എന്താണുകുറവ്? ഗുണവാനു സമ്പത്തില്ലെന്നുവച്ചോ? അതുപോലെതന്നെ ധർമ്മിഷ്ഠനു തപസ്സും ജീവകാരുണ്യമുള്ളവനു വ്രതവും ശാന്തശീലനു ജലവും ആശയററവനു സന്ന്യാസവും കുലസ്ത്രീക്കു കാവലും ആത്മജ്ഞാനിക്കുധ്യാനവും മനഃശുദ്ധിയുള്ളവന് ആഹാരവും ഇല്ലെന്നുവച്ചു വല്ലകുറവും വരാനുണ്ടോ? അപ്രകാരം പട്ടുനൂൽകൊണ്ടു നെയ്ത ഈ വസ്ത്രം വലപോലെ ഇരുന്നാലും അതിനു മേന്മയില്ലെന്നു വരികില്ലം. ഇതു് മഹാവിഷ്ണുദേവനണിയത്തക്ക ശുദ്ധിയും ഭംഗിയുമുള്ളതുതന്നെയാണ്. എ

ന്നുപറഞ്ഞു് കബീർ വീട്ടിലേക്കു തിരിച്ചു. ഉടനെ ബ്രാഹ്മണൻ പുറകിൽവിളിച്ചു് "എടാ! നീ ആ പട്ടുശാൽ വില്ക്കുമെങ്കിൽ ഞാൻ വിലതന്നുവാങ്ങിക്കൊള്ളാം. എന്തുവേണം? പറയൂ" എന്നുചോദിച്ചു. "എനിക്കു് അതിൻെറ വില അറിഞ്ഞുകൂടാ. നാലുപേർ കാണുന്ന വിലയ്ക്കു് തരാനെനിക്കു സമ്മതംതന്നെ" എന്നു കബീർപറഞ്ഞു. ബ്രാഹ്മണൻ അതുകേട്ടു പലരേയും വിളിച്ചു ഹേ! മഹാത്മാക്കളെ! വലപോലെ ഇരിക്കുന്ന ഈ പട്ടുവസ്ത്രത്തിനു് എന്തുവിലകൊടുത്താൽ മോശമില്ല? പറയുവിൻ എന്നു ചോദ്യംചെയ്തു. ഒരുവൻ അതിനു് ഒരു രൂപാകൊടുക്കണമെന്നുപറഞ്ഞു. ഒരു വരാഹൻ കൊടുക്കണമെന്നു മറെറാരുത്തൻപറഞ്ഞു. പത്തുവരാഹൻകൊടുക്കേണ്ടതാണെന്നുമൂന്നാമതൊരുത്തനും നൂറു വരാഹൻ കൊടുത്താലും ദോഷമില്ലെന്നു നാലാമത്തവനും പറയുന്നതുകേട്ടപ്പോൾ മായാബ്രാഹ്മണൻ ഉടക്കറുക്കാത്ത പട്ടുശാൽകൊണ്ടു് വസ്ത്രത്തിൻെറ ആകൃതിയിൽ വലപോലെ നെയ്തുകൊണ്ടുവന്ന ഈ കീറത്തുണിക്കു് ഒത്ത വിലപറയാതെ പത്തുംനൂറും വരാഹൻ പറയുന്നതു കേവലം പരിഹാസമായിട്ടുതന്നെയാണു് എന്നുപറഞ്ഞു. അനന്തരം കബീരെ നോക്കി "എടാ കബീരെ! ഒരു കവിടിപോലും വിലയില്ലാത്ത ഈതുണിക്കു് ഇതാഞാനിതുയും തരാം. നീ ഇന്നുകാഴ്ചകണ്ടതു് രാജാവിനേയോ സന്ന്യാസിയെയോ പതിവ്രതയെയോ, അതോ കുറുനരിയെയോ? ആരെയായാലും ഇന്നത്തെ കാഴ്ചഫലം നിനക്കുശുഭംതന്നെ" എന്നിങ്ങനെ പ്രസ്താവിച്ചശേഷം വളരെ കണ്ണായങ്ങളുള്ള ഒരു പഴന്തുണിമാറാപ്പിൽ ദുർല്ലഭമായ മുതൽപോലെ കെട്ടിവച്ചിരുന്ന രണ്ടു കവിടികൾ അഴിച്ചെടുത്തു് കബീരുടെ കൈയിലിട്ടു കൊടുത്തിട്ടു്, "ഇക്കീറത്തുണിക്കിത്രത്തോളം വില വാങ്ങിക്കുന്നതുത്തമമല്ല, വളരെക്കൂടുതൽ വിലയാണു് ഞാൻ നിനക്കുതരുന്നതു്" എന്നുഗൌരവത്തോടെ പറഞ്ഞു. കബീർ തനിക്കുകിട്ടിയ കവിടികൾരണ്ടുംനോക്കി മനോഭംഗത്തോടെ "ഹേ! മഹാജനങ്ങളെ! ഈബ്രാഹ്മണൻ എൻെറപട്ടിനുതന്ന വിലനോക്കുവിൻ" എന്നു് അവരെക്കാണിച്ചശേഷം അവറെറ ദൂരത്തെറിഞ്ഞുകളഞ്ഞതുകണ്ടു് ബ്രാഹ്മണൻ "എടാ ദുഷ്ടക്കുട്ടി! എൻെറ പൂർവികന്മാർ കഷ്ടപ്പെട്ടുസമ്പാദിച്ച മുതലെല്ലാം നീ നഷ്ടപ്പെടുത്താനാണോ നിശ്ചയിച്ചതു? ഇതിനാണോ നീ എന്നെ ബ്രാഹ്മണോത്തമ എന്നുംമററും സൽക്കാരവാക്കുകളാൽ പൂജിച്ചതു്? ഇതിൽക്കൂടുതലായി എന്തുമാത്രം വിലകിട്ടേണമെന്നാണു നിൻെറ മോഹം വെറും വഴക്കുവലിപ്പിക്കാനാണോ നിശ്ചയിച്ചതു്? എടാമൂഢ! മഹാലക്ഷ്മിയല്ലയോ സമ്പത്തു്? അതിനെ നീ എറിഞ്ഞുകളഞ്ഞോ? സാളഗ്രാമം, ദേവപ്രതിമ, രത്നം ഈശ്വരനാമം സമ്പത്തു് ഇതുകളെ കൈവിട്ടുകളയുന്നവൻ പാപിയാണു്." എന്നുപറഞ്ഞുകൊണ്ടു് ആ കവിടിരണ്ടും തിരിച്ചെടുത്തുകൊണ്ടുവന്നു. "എടാ കബീരെ! നീ ഈ കവിടിയെദൂരത്തെറിഞ്ഞുകളഞ്ഞോ? ഇതുകൊടുത്താൽ നിന്നെയും നിൻെറ അച്ഛനേയും അപ്പൂപ്പനേയും സകലസ്വത്തോടുകൂടി വിലയ്ക്കുവാങ്ങിക്കാം "എന്നല്ല മൂന്നുലോകവും വിലയ്ക്കു വാങ്ങിക്കാനമിതു മതിയാകും. ധനപതിയായ കുബേരനെ അവൻെറ ഒൻപതുനിധികളോടുകൂടി തന്നാലും ഇതിനു വിലയാകയില്ല. ശവാവിനു് പൊതിയാത്തേങ്ങ എന്നുപറഞ്ഞതുപോലെ ഈ കവിടികളുടെ മഹത്വമറിവാൻ നിനക്കുയോഗ്യതയും ഭാഗ്യവുമില്ല." ബ്രാഹ്മണൻെറ വാക്കുകൾക്കുത്തരമായി കബീർ "ഹേ! ബ്രാഹ്മണോത്തമ! ഈ പീതാംബരത്തിനു താങ്കളെയും താങ്കളുടെ അച്ഛനെയും വിററാലും വിലയാകയില്ല. പൊയ്ക്കൊള്ളു" എന്നാക്ഷേപിച്ചുപറഞ്ഞു. ഇങ്ങനെ അവരവരുടേതു നല്ലതെന്നു അവർ വാദിച്ചുവഴക്കടിക്കുമ്പോൾ അതുകണ്ടുനിന്ന ജനങ്ങൾ നാനാതരത്തിൽ പരിഹാസംതുടങ്ങി. ചെകിടനും കുരുടനും ഒരുമിച്ചു കൂത്തുകാണാൻപോയതുപോലെ ഇരിക്കുന്നു ഈ തർക്കം എന്നു ചിലരും, കള്ളനും ചതിയനുംതമ്മിൽ വ്യാപാരംചെയ്യുന്നതുപോലെയാണെന്നു മററുചിലരും ഭ്രാന്തനും ഉന്മത്തനും തമ്മിൽ തർക്കിക്കുന്നതുപോലെയാണെന്നു് ഇനിയും ചിലരും അഭിപ്രായപ്പെട്ടു. എന്നിട്ടു കബീരേയും ബ്രാഹ്മണനേയും നോക്കിപ്പറഞ്ഞു "ഹേ! തർക്കമെന്തൊന്നാണു് 'ശങ്കിഎരുതിനു തൊണ്ടിക്കുതിര' എന്നുപറഞ്ഞതുപോലെ കാശിനുകൊള്ളാത്ത ആ കീറത്തുണിക്കു് പ്രയോജനമില്ലാത്ത രണ്ടു കവിടിതന്നതുപോരായോ? ശരിയായ വിലയായി ഹേ! ബാലക! അതുമതിയെന്നു സമാധാനപ്പെട്ടു വഴക്കുതീർക്കൂ. എന്നൊക്കെ

ആക്ഷേപവാക്കുകൾ പറഞ്ഞുകൈകൊട്ടി ചിരിച്ചുകൊണ്ടു് അവരവരുടെ വഴിക്കുനടന്നു.
അനന്തരം ബ്രാഹ്മണൻ കബീറെ നോക്കി "എടാ കബീർ ശ്രേഷ്ഠമായ ഈ അല്പംക
വിടികളെ നിനക്കുതന്ന ഉദാരനായ എനിക്കു് നിസ്സാരമായ ഈ കീറത്തുണിതരാതെ നീ
അസ്ഥിരനെപ്പോലെ മാറിപ്പറയുന്നതെന്താണു്? നാലുപേർ കാണുന്നവിലയ്ക്കു തരാമെന്ന
ല്ലേ നീ ആദ്യം പറഞ്ഞതു്? എന്നുചോദിച്ചു. കബീർ "ഹേ! താങ്കൾ വൃദ്ധനായി പ
ല്ലുമെല്ലാം കൊഴിഞ്ഞതല്ലോ എന്നിട്ടും വകതിരിവില്ലാതെ വളരെനാളായി ഓരോ വ്യർത്ഥ
വാക്കുകൾ പുലമ്പുന്നതെന്താണു്? എന്റെ പീതാംബരത്തിനുതക്ക വിലവാങ്ങാതെ കൊ
ടുത്താൽ വീട്ടിൽ ചെല്ലുമ്പോൾ എന്നെ അമ്മകൊല്ലാതെകൊല്ലും. അതുകൊണ്ടു പണ
മെടുക്കൂ! പട്ടുവേണമെങ്കിൽ! അല്ലെങ്കിൽ പൊയ്ക്കൊള്ളൂ. കളിപ്പിക്കാൻ നടക്കുന്നകള്ള!
വഞ്ചക! എന്നിങ്ങനെ ഓരോന്നു പറയുന്നതുകേട്ടു ബ്രാഹ്മണൻ പിന്നെയും കവിടികളെ
എടുത്തുകാണിച്ചുകൊണ്ടു്, "എടാ! ഈ കവിടികൾക്കു് ആ പട്ടുതരാൻ മനസ്സില്ലയോ
എന്നു ചോദിച്ചു. കബീർ "ഈ പുഴുപ്പിടിച്ച കവിടിക്കു പട്ടുകിട്ടുമെന്നാണോ വിചാരം
പട്ടുവേണമെങ്കിൽ പണംകൊടുക്കണം "അരിമണിയൊന്നു കൊറിക്കാനില്ല; തരിവളയി
ട്ടുകിലുക്കാൻമോഹം" എന്നുപറഞ്ഞപോലെ അയാൾ കണക്കാവില്ല. എങ്ങാണ്ടുകിട്ടിയ
രണ്ടുക പിടിയും പെറുക്കിക്കൊണ്ടുവന്നു് പട്ടുതട്ടിക്കൊണ്ടുപൊയ്ക്കളയാമെന്നാണു മോഹമെ
ങ്കിൽ വന്നവഴിക്കു പൊയ്ക്കൊണ്ടാൽമതി" എന്നു മറുപടിപറഞ്ഞു. ഉടനെ ബ്രാഹ്മണൻ
"എനിക്കു ഈ രണ്ടുകവിടികളല്ലാതെ വേറൊരുമുതലുമില്ല. ഇതിനുപകരം നീ ആ പ
ട്ടുവസ്ത്രം തന്നാൽ ഗോകുലവൃന്ദാവനത്തിൽ സ്വാമി ശ്രീകൃഷ്ണന്റെ തിരുനാളുത്സവത്തിനു
അതു ഞാൻ തിരുമെയ്യിൽ ചാർത്താം. അതുമൂലം നിനക്കു് സുകൃതവും കീർത്തിയുംലഭിക്കും.
ഭഗവാനെ ഫലമൂലങ്ങൾകൊണ്ടു പൂജിച്ച ശബരിക്കും പിടി അവിൽകൊടുത്ത കുചേല
നും കൈവന്ന മോക്ഷം ലഭിക്കയുംചെയ്യും." എന്നുപറഞ്ഞു. കബീർ "ഹേ! ബ്രാഹ്മ
ണോത്തമ! താങ്കൾ പറയുന്നതുപോലെ ഭഗവാനു ചാർത്തത്തക്കമഹിമ ഈ പട്ടിനുണ്ടെങ്കിൽ
അതിനെ ദാനംചെയ്യാൻ എനിക്കു മനസ്സുതന്നെ. പക്ഷേ, തക്കവിലകിട്ടാതെ കൊടു
ത്താൽ അച്ഛനമ്മമാരും എന്നെത്തല്ലും. അതുകൊണ്ടു തരാൻ നിവൃത്തിയില്ല."

ബ്രാഹ്മണൻ (വിനയഭാവത്തിൽ) അല്ലയോ! മഹാനുഭാവനും സത്യസന്ധനുമാ
യ ബാല! നീ വലിയ ധർമ്മിഷ്ഠനാണെന്നു പലരും പറഞ്ഞുകേട്ടിട്ടുണ്ടു. നിന്നെക്കണ്ടതി
ലും പരിചയത്തിലും ആ കേൾവി സത്യമാണെന്നും തോന്നുന്നു. നീ വളരെക്കാലം ഈ
കാശിയിൽ ജീവിച്ചിരുന്നു ധർമ്മക്കൊടിയെ സ്ഥാപിക്കുമെന്നുള്ളതിനു സംശയമില്ല 'കരു
ക്കുമ്പോളറിയാം മുളക്കരുത്തു്' എന്നപഴമൊഴി പാഴിലാകുന്നതില്ല. "അല്ലയോ! ധർമ്മിഷ്ഠ!
ഭാര്യാപുത്രാദികളും ധനധാന്യാദികളും മാതാപിതാക്കന്മാരും മററാരുംതന്നെ മരിക്കുമ്പോ
ൾ കൂടെവരുന്നവരല്ല; എന്നാൽ ധർമ്മം അങ്ങനെയല്ല. എത്രജന്മം ജനിച്ചുമരിച്ചാലും ന
മ്മെവിട്ടുപിരിയുന്നില്ല. അതുനമ്മെ സകല ആപത്തുകളിൽനിന്നും സൂക്ഷിച്ചുരക്ഷിച്ചു
കൊണ്ടിരിക്കുന്നു. അതിനാൽ നീ ധർമ്മത്തെവിചാരിച്ചു് എനിക്കു ഈ പട്ടുതരണം."

ബ്രാഹ്മണന്റെ അപേക്ഷകേട്ടു്, കബീർ വിഷമിച്ചു. പട്ടുകൊടുത്തുകളയാമെ
ന്നുവെച്ചാൽ, മാതാപിതാക്കന്മാർ തല്ലും; വീട്ടിൽ ചോറും കിട്ടുകില്ല. ധർമ്മനിലയ്ക്കു പട്ടു കൊടുക്കേ
ണ്ടതുമാണു്. ഇങ്ങനെ ധർമ്മസങ്കടത്തിലകപ്പെട്ടു, കൊടുക്കാമെന്നോ കൊടുക്കയില്ലെ
ന്നോ പറവാൻ നാവുപൊങ്ങാതെ, കബീർ മൌനിയായിനിന്നു. അതുകണ്ടു്, ബ്രാഹ്മ
ണൻ, ഹേ ബാലക! ജീവജന്തുക്കൾക്കു ധർമ്മമാണു സത്യബന്ധു. ഇങ്ങനെ മൌനംഭ
ജിച്ചുനിൽക്കുന്നതു ശരിയാണെന്നു് തോന്നുന്നുണ്ടോ! നീ ധർമ്മിഷ്ഠനല്ലെന്നു വരുമോ? മു
ഖം ഉയർത്തി നോക്കാത്തതെന്തു്? ഈ സാധുബ്രാഹ്മണന്റെ മുഖത്തു നോക്കിക്കൂടെയോ?
നോക്കിയാൽ എന്തുഫലമെന്നായിരിക്കാം നിന്റെ വിചാരം. അങ്ങനെ വിചാരിക്ക
ണ്ടാ—ബ്രാഹ്മണർ ബ്രഹ്മതേജസ്സുള്ളവരല്ലേ? അവരെക്കാണുന്നതു പാപഹരമാണു്. ലോ
ഭം എന്ന ദുർഗ്ഗുണത്തെ വെടിയാൻ നിനക്കു മനസ്സില്ലയോ? ഹേ ധർമ്മശീല! "ലോഭിയെ

പ്പോലെ പാപിയില്ല" എന്ന പഴമൊഴി നീ അറിയുന്നില്ലയോ? അതിനെ അറിഞ്ഞു്; പട്ടുവസ്ത്രം നൽകി എന്റെ ആശീർവാദത്തെ വാങ്ങിക്കുക. ധർമ്മാർത്ഥമായി പണ്ടോരോരോ മഹാന്മാർ, സ്വാർത്ഥം നോക്കാതെ എന്തെല്ലാം പ്രവർത്തിച്ചു. പരമശിവൻ, പ്രാണഹരമായ കാളകൂടം കുടിച്ചില്ലയോ? പത്മശ്ശുരന് ആവശ്യപ്പെട്ടവരം കൊടുത്തിട്ടു, അവനെ ഭയന്നു്, ഓടിയൊളിച്ചില്ലയോ? ബാണാസുരന്റെ ഭൃത്യനായിച്ചെന്നു് അവന്റെ വാതിൽ കാത്തില്ലയോ? കുംഭകർണ്ണന്നു ത്രിശൂലദാനം ചെയ്തില്ലയോ? ഉപദ്രവം ചെയ്ത രാവണന്നു് ചന്ദ്രഹാസം സമ്മാനിച്ചില്ലേ? അന്യന്മാർക്കു കൊടുത്തുകൂടാത്ത പാശുപതാസ്ത്രം ഭക്തനായ അർജ്ജുനന്നു ദാനം ചെയ്തില്ലേ? ലോകത്തു നടപ്പില്ലാത്ത നിത്യയൗവനം, (അതായതു്, എന്നും പതിനാറുവയസ്സ്)—മാർക്കണ്ഡേയന്നു കൊടുത്തില്ലയോ? കാമദേവൻ പരാർത്ഥമായി തന്റെ ദേഹത്തെ നശിപ്പിച്ചില്ലയോ? ദധീചിമഹർഷി, തന്റെ നട്ടെല്ലു ദാനം ചെയ്തില്ലയോ? മഹാബലി പാതാളത്തിൽ പൊയ്യൊളിച്ചില്ലയോ? ശിബിചക്രവർത്തി തന്റെ ശരീരത്തെ കഷണിച്ചു കൊടുത്തില്ലയോ? രഘുരാജൻ സകലരാജചിഹ്നങ്ങളോടുകൂടി ഭാര്യമാരേയും ദാനം ചെയ്തില്ലയോ? കർണ്ണൻ ആത്മരക്ഷയ്ക്കുള്ള കവചകുണ്ഡലങ്ങളെ അഴിച്ചു ദാനം ചെയ്തില്ലയോ? ധർമ്മപുത്രൻ തന്നെ ആശ്രയിച്ച നായെക്കൂടെ ദേവലോകത്തേക്കു കൊണ്ടുപോകാൻ ഒരുങ്ങിയില്ലയോ? ഒരു ഗന്ധർവ്വനെ രക്ഷിക്കാൻവേണ്ടി അർജ്ജുനൻ ശ്രീകൃഷ്ണനോടു യുദ്ധം ചെയ്തില്ലയോ? മഹാലക്ഷ്മി, പരമശിവന്റെ ബ്രഹ്മഹത്യയെ ഏറ്റുവാങ്ങിക്കൊണ്ടില്ലയോ? ഈശ്വരൻ ദേവകന്യകയെ വിട്ടയച്ചില്ലയോ? ശ്രീകൃഷ്ണൻ പാണ്ഡവന്മാർക്കു ദൂതനായിപ്പോയില്ലയോ? അർജ്ജുനനു തേർ തെളിച്ചില്ലയോ? ഭൃഗുമുനിയുടെ ചവിട്ടു്, മഹാവിഷ്ണു സഹിച്ചില്ലയോ? മാടുപോലെ ശ്രീകൃഷ്ണൻ രഥത്തെ വലിച്ചുകൊണ്ടു പോയില്ലയോ? ഗോവർദ്ധനാദ്രിയെ എടുത്തുകുടയാക്കിപ്പിടിച്ചില്ലയോ? ഒരുപിടി അവിൽ കാഴ്ചവച്ച കുചേലനു്, അനശ്വരമായ സമ്പത്തും മോക്ഷവും കൊടുത്തില്ലയോ? ഹംസധ്വജൻ തന്റെ ദേഹത്തെ നടുവേ അറുത്തു ദാനം ചെയ്തില്ലയോ? പാണ്ഡ്യൻ തലയറുത്തു കാവേരീനദിയിലിട്ടില്ലയോ? ഇങ്ങനെ പലരും ധർമ്മാർത്ഥമായി ശരീരത്തെപ്പോലും ബലികഴിച്ചിട്ടുണ്ടു്. "കഷ്ടം! അപേക്ഷിച്ചവരെ ഉപേക്ഷിക്കുന്ന സ്വഭാവം നിനക്കുമാത്രമേ ഞാൻ കണ്ടുള്ളൂ. അപേക്ഷിച്ചു ചോദിക്കുന്ന എനിക്കു ഈ പട്ടുതരാൻ നിനക്കു വിഷമമാണോ? പറയൂ! പട്ടുതന്നില്ലെങ്കിലും വേണ്ടില്ല. കുറേനേരം അവിടെ നിൽക്കു! പോകാൻ വരട്ടെ."

ഇപ്രകാരം ദയാപൂർണ്ണമായും, ദയനീയമായും പറഞ്ഞ വാക്കുകൾ കേട്ടു്, മനസ്സലിഞ്ഞ കബീർ—ആഹാ! ഈ മഹാബ്രാഹ്മണന്റെ ഉപദേശം എത്ര സരസവും സാരവത്തുമായിരിക്കുന്നു. ധർമ്മനിഷ്ഠയുടെ മഹത്വത്തെ അദ്ദേഹം എത്രയോ ദൃഷ്ടാന്തങ്ങളാൽ വെളിപ്പെടുത്തിത്തന്നു. ധർമ്മിഷ്ഠന്മാരായ എത്രയോ പുണ്യപുരുഷന്മാരുടെ നാമങ്ങളെ ഉച്ചരിച്ചു ഹാ ഹാ! ആ മഹാബലി, ഭഗവാൻ ചോദിച്ച മൂന്നടിപ്രദേശം ദാനംചെയ്തുകൊണ്ടു്, അദ്ദേഹത്തിന്റെ തിരുവടികൾ ശിരസ്സിൽ ധരിച്ചു്, ചിരഞ്ജീവിപ്പട്ടം വഹിച്ചു. ദേവഗുരുവായ ബൃഹസ്പതിക്കുപോലും അറിവാൻപാടില്ലാത്ത സഞ്ജീവിമന്ത്രം ശീലമുള്ള ശുക്രമഹർഷി, ധർമ്മം ചെയ്യുന്നതു തടുക്കാൻ പോകയാൽ ഒരു കണ്ണു നഷ്ടമായെന്നു മാത്രമല്ല, ലോകർ, എന്നു ദുഷ്കീർത്തിക്കു പാത്രീഭവിക്കുകയും ചെയ്തു. ഇതു നീചമായ ലോഭത്തെ കൈക്കൊണ്ടു, അർത്ഥിക്കുന്നവർക്കു ദാനം ചെയ്യാതെയിരിക്കുന്നതു്, എത്രമാത്രം ബുദ്ധികേടാണ്. ഗൃഹസ്ഥാശ്രമിക്കു ധർമ്മവും, സന്ന്യാസിക്കു തപസ്സും സ്ത്രീക്കു സദ്വൃത്തിയും, പുരുഷന്നു ജ്ഞാനവും, പ്രധാനമായെന്നല്ലേ ശാസ്ത്രവിധി! പട്ടുവിൽക്കാൻവന്ന ഞാൻ ഗൃഹസ്ഥാശ്രമിയാണെന്നുള്ളതിനു സംശയമുണ്ടോ? അസ്ഥിതിക്കു ധർമ്മത്തെ എനിക്കൊരിക്കലും വിസ്മരിക്കാൻ പാടില്ല. വിശപ്പോ സഹിക്കാവതല്ല; സഹിച്ചു ജീവിച്ചിരിക്കാവതുമല്ല. എന്നിങ്ങനെ പലചിന്തകളോടുകൂടി, പതിവനുസരിച്ചു് "ലാഭമിസ്സില്ലാ" എന്ന ദൈവനാമത്തെ ഉച്ചരിച്ചു്, പട്ടുകൊടുക്കാൻ ഭാവിച്ചു.

ഉടനേ, മായാബ്രാഹ്മണൻ, "എടാ നീച! ഇതു വേദാന്തമാണോ? ജപത്തിനും തപസ്സിനും ഐഹികപാരത്രികസുഖങ്ങൾക്കും തുണയായ ജീവകാരുണ്യത്തെ വെടിഞ്ഞു

ജീവികളെ കൊന്നതിന്നാമെന്നുപദേശിക്കുന്ന നിഷിദ്ധമായ ഒരു പുസ്തകത്തിൽ പറയുന്ന ഏതോ ഒരു നാമത്തെയല്ലേ നീ പട്ടരവൻ ചോദിച്ചപ്പോൾ, പറഞ്ഞതു്? കഷ്ടം കഷ്ടം! നീ ഏതോ ഒരു ബ്രാഹ്മണക്കുട്ടിയാണെന്നും ആഭിജാത്യവും സൌശീല്യവും, യോഗ്യതയും നിനക്കുണ്ടെന്നുമാണല്ലോ ഞാൻ വിചാരിച്ചതു്. അതാണു സന്തോഷപൂർവ്വം നിന്നെ പ്പൂകഴ്ത്തി സംസാരിച്ചതും. എന്നുപറഞ്ഞു്, കബീരുടെ തലപിടിച്ചു് നാലുഭാഗത്തോട്ടും തിരിച്ചുനോക്കീട്ടു്, എടാ സകലമംഗളകരമായ വിഷ്ണുനാമം (കുറി) നിൻെറ നെററിയിൽ ഉണ്ടെന്നായിരുന്നു എൻെറ ഊഹം, അതോ ഇല്ല. എന്നാൽ ശിവപ്രീതികരമായ വിഭൂതിയുണ്ടോ അതുമില്ല. വിഷ്ണുവിൻേറയോ ശിവൻേറയോ പ്രീതിമുദ്രകളായ നാമഭസ്മങ്ങൾ ധരിക്കാത്തമൂഢ! എടാ കുലദുഷ്ടപുത്ര! ഇന്നുമുതൽ നീ അതുകളെ ധരിച്ചുകൊള്ളണം. നാമക്കുറിയുടെ അർത്ഥം നീ മനസ്സിലാക്കിട്ടുണ്ടോ? മണ്ണിൻെറ അംശമായ ഈ ദേഹം ഒടുവിൽ മണ്ണായിത്തീരുമെന്നുള്ള ജ്ഞാനോപദേശമാണു് അതുചെയ്യുന്നതു്. അതുപോലെതന്നെ, പരമമായ ബ്രഹ്മജ്യോതിസ്സു് ഇപ്രകാരമായിക്കയാണെന്നു ലോകരെക്കാണിച്ചു്, ബോധമുണ്ടാക്കുന്നതാണു് ഭസ്മം. അതുകളെ ധരിക്കാത്തതു കേവലം മൂഢതയും നീചതയുമാണു്. ജീവാത്മാവിനു സഹായം ധർമ്മമാണെന്നു കരുതിക്കൊൾക. ത്രിപുരവിജയിയായ പരമശിവനെ എപ്പോഴും സ്മരിച്ചുകൊൾക. മനസ്സിൻെറ ചാപല്യങ്ങൾക്കു വശപ്പെടാതെ സൂക്ഷിച്ചുകൊൾക. നാമക്കുറി ഭഗവാൻെറ തിരുവടികളാണെന്നോർത്തുകൊൾക. പരമാത്മാവിനെ എപ്പൊഴും മനസ്സിൽ ഭക്തിപൂർവ്വം ധ്യാനിച്ചുകൊൾക. ബ്രഹ്മാനന്ദമാണു് സർവ്വോത്തമസുഖമെന്നു ധരിച്ചുകൊൾക. എപ്പൊഴും ശ്രീരാമനാമത്തെ ജപിച്ചുകൊൾക. ഇക്കാണപ്പെട്ട പ്രപഞ്ചം കാനൽവെള്ളംപോലെ മിഥ്യയാണെന്നു ഉറച്ചുകൊൾക. ഏതൊരുവസ്തുകൊടുക്കുമ്പോഴും ഇന്നുമുതൽക്കു സീതാരാമനാമം ജപിച്ചുംവേണം കൊടുക്കാൻ. എന്നിങ്ങനെ ജ്ഞാനോപദേശംചെയ്തശേഷം, ബ്രാഹ്മണൻ കൈനീട്ടി ആ പട്ടിനെ വാങ്ങിച്ചു.

ഈ വാക്കുകളെകേട്ട കബീർ, ഗരുഡനെക്കണ്ട സർപ്പത്തെപ്പോലെ, ഭയഭക്തികളോടുകൂടി, ബ്രാഹ്മണനെ നോക്കി, അദ്ദേഹത്തിൻെറ ഉപദേശത്തിലടങ്ങിയ ജ്ഞാനസാരങ്ങളെ, അത്യന്തം ബഹുമാനിച്ചു. എങ്കിലും, ബ്രഹ്മജ്ഞാനത്തിനു സഗുണമെന്നും നിർഗ്ഗുണമെന്നും രണ്ടുമാർഗ്ഗങ്ങൾ ഉള്ളതിൽ, നിർഗ്ഗുണമാണു പ്രധാനമെന്നു പറഞ്ഞുകേട്ടിട്ടുള്ള സ്ഥിതിക്കു സഗുണത്തെ പ്രധാനമാക്കി ബ്രാഹ്മണൻ പറഞ്ഞതെന്തുകൊണ്ടാണെന്നു കബീർ സംശയിച്ചു. അതിൻെറ വാസ്തവം അദ്ദേഹത്തോടുതന്നെ ചോദിച്ചറിയാമെന്നു നിശ്ചയിച്ചുകൊണ്ടു്, ഇങ്ങനെ പറഞ്ഞു. "ഹേ ബ്രാഹ്മണശ്രേഷ്ഠ രൂപമില്ലാതിരിക്കുന്ന ദൈവത്തെ, ഇന്നതിനോടുതുല്യമെന്നു ചൂണ്ടിപ്പറവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു്, അരൂപബ്രഹ്മമെന്നും, അഴിവില്ലാത്തതാകകൊണ്ടു നിത്യമെന്നും അഴുക്കില്ലാത്തതാകയാൽ നിർമ്മലമെന്നും ഗുണസംബന്ധമില്ലായ്കയാൽ നിർഗ്ഗുണമെന്നും അഹങ്കാരരഹിതമാകകൊണ്ടു നിരഹംകാരമെന്നുംമററും നിന്നാമമായ ബ്രഹ്മത്തിനു വേദത്തിൽ പലനിർദ്ദേശനാമങ്ങൾ കാണുന്നുവെന്നുമല്ല, നിർഗ്ഗുണത്തെത്തന്നെശ്രേഷ്ഠമായിപ്പറഞ്ഞിരിക്കയും ചെയ്യുന്നു. നിങ്ങൾ അതിനുവിപരീതമായി, സഗുണരൂപനായ ശ്രീരാമൻെറ നാമത്തെ, ശ്രേഷ്ഠമാക്കിപ്പറവാൻ കാരണമെന്തെന്നു വിസ്തരിച്ചു പറഞ്ഞുകേട്ടാൽകൊള്ളാം." മായാബ്രാഹ്മണൻ ഇതുകേട്ടു്, ശുകാവതാരനായകബീറിനെ അദ്ധ്യമായി, സഗുണധ്യാനമാർഗ്ഗമുപദേശിച്ചു വിശുദ്ധനാക്കിയശേഷം, നിർഗ്ഗുണബ്രഹ്മധ്യാനമുപദേശിക്കുന്നതാണു നല്ലതെന്നു നിശ്ചയിച്ചുകൊണ്ടു്, ഒട്ടും സംശയിക്കാതെ കുരുക്കരീതിയിൽ ഇങ്ങനെ പറഞ്ഞുതുടങ്ങി.

അതെങ്ങനെയെന്നാൽ, അല്ലയോ സിദ്ധന്മാരേ! ഭഗവാൻ കബീരെ നോക്കി,—"ഹേ ബാല! ശുദ്ധശൂന്യമായി ജ്ഞാനസ്വരൂപമായ പരബ്രഹ്മം, വാക്കിനും മനസ്സിനും എത്താത്തതാണെന്നുപറഞ്ഞ നീ, വാക്കിനേയും മനസ്സിനേയും, മൌന

മാക്കാതെ, ചഞ്ചലമനസ്സിനെ ജ്ഞാനേന്ദ്രിയങ്ങളിൽ ചെലുത്തി, കർമ്മേന്ദ്രിയമായ വാക്കാൽ വ്യാപരിപ്പിച്ചുകൊണ്ടു്, ദേഹേന്ദ്രിയങ്ങൾക്കു നായകനായ ജീവാത്മാവു, അവനവനാനെന്നും, ഈ വലത്തുണി മുതലായതു്, എന്റേതെന്നും ഭ്രമിച്ചുഴലുന്നു. അങ്ങനെയിരിക്കുന്നതി, അഹംഭാവം നശിച്ചു്, പരമാത്മാവിൽ ലയിച്ചിരിക്കുന്ന ബ്രഹ്മജ്ഞാനികൾ പുകഴ്ത്തുന്ന, വാങ്മനോഗോചരമല്ലാത്ത പരബ്രഹ്മത്തെപ്പററി പറഞ്ഞാൽ എന്തുപ്രയോജനമാണുള്ളതു്? തന്നെ അറിഞ്ഞ ബ്രഹ്മജ്ഞാനി, ഏതെങ്കിലും പ്രവൃത്തി ചെയ്യുമോ? എടാമൂഢ! ഭൂമിയിൽ കപ്പലോട്ടുമോ? കാവൽകൊണ്ടു പരപുരുഷനെ പ്രാപിക്കാതിരിക്കുന്നവൾ പതിവ്രതയാകുമോ? അതുപോലെ സദ്ഗതിക്കായി ധർമ്മം ചെയ്യുന്നവനല്ലാതെ, ഡംഭിനായി ധർമ്മം ചെയ്യുന്നവൻ സൽപുരുഷനാകുമോ? തന്നെ അന്യന്മാർ പുകഴ്ത്തുന്നതു കീർത്തിയാകുമെന്നല്ലാതെ, തന്നത്താൻ പുകഴ്ത്തുന്നതായാൽ അതിനെ കീർത്തിയെന്നു പറയാമോ? ഒരുത്തൻ മറെറാരുത്തനെ വിനയാദരപൂർവം വിചാരിക്കുന്നതല്ലയോ വന്ദനം. മനസ്സിൽ നിന്ദവെച്ചുകൊണ്ടു താണുതൊഴുതാൽ അതു വന്ദനമാകുമോ? അതുപോലെ സർവത്ര പരിപൂർണ്ണമായിരിക്കുന്ന പരബ്രഹ്മത്തെ, ജീവാത്മാവിനോടേകീകരിച്ചു്, അതിൽ ലയിച്ചിരിക്കുന്ന അവസ്ഥയാണു മുക്തിയെന്നു പറയുന്നതു്. അല്ലാതെ വേർപെട്ടിരുന്നു ധ്യാനിക്കുന്നവൻ മുക്തനല്ല. മുക്തനെന്നു തന്നത്താൻ നടിച്ചാലും, മററുള്ളവർ പറഞ്ഞാലും അവൻ മുക്തനാകുന്നില്ല. അങ്ങനെയല്ലയൊ? നീതന്നെ പറയൂ.

**കബീർ:**—ഹേ വേദസാരജ്ഞനായ മഹാത്മാവേ! സർവജ്ഞതയുമുള്ള അമാനുഷമഹിമൻ! ദേഹം, ഇന്ദ്രിയങ്ങൾ ജീവൻ, ഇതുമൂന്നും, താനാണെന്നുള്ള മിഥ്യാഭിമാനത്തെ നീക്കി, നിഷ്ക്രിയവസ്തുവായ പരബ്രഹ്മത്തിൽ ലയിച്ചിരിക്കുന്നതുതന്നെ ഉത്തമമെന്നും വചനാദിശബ്ദങ്ങളെ അടക്കി, അഹംഭാവമനോവൃത്തിയെമാററി നിരഹംകാരവസ്തുവാകിയ പരബ്രഹ്മത്തോടു, ചേർന്നിരിക്കുന്നതാണു്, ശാന്തിയെന്നും ഇറുമ്പുമുതൽ ബ്രഹ്മാവുവരെയുള്ള സകലത്തിലും വ്യാപിച്ചിരിക്കുന്ന ഉണർ പരബ്രഹ്മമൊന്നു മാത്രമാകയാൽ, അതിൽ ഞാനെന്നുള്ള തോന്നൽ കേവലം ഭ്രാന്തിയാണെന്നുള്ള ബോധത്തോടെ, സർവത്ര പരിപൂർണ്ണഭാവനയിൽ ലയിച്ചിരിക്കുന്നതാണു ബ്രഹ്മധ്യാനമെന്നും, ഞാനെന്ന ഭാവത്തെനീക്കി ഫലേച്ഛയോടുകൂടി യാതൊരുക്രിയയും ചെയ്യാതെ താനെ വന്നുകൂടുന്ന കൃത്യങ്ങളെ ഈശ്വരാർപ്പണമായി നിർവഹിച്ചു് ബ്രഹ്മം താനാണെന്നറിഞ്ഞിരിക്കുന്നതാണു ബ്രഹ്മജ്ഞാനമെന്നും സുഷുപ്തിയിൽ, ലയിച്ചിരിക്കുമ്പോൾ എന്നപോലെ; ബ്രഹ്മനിഷ്ഠയിൽ മനസ്സ് നശിച്ചു നശിച്ചു ബ്രഹ്മാനന്ദം നിറഞ്ഞു തന്നത്താൻ മറന്നിരിക്കുന്നതു്, മൌനമെന്നും പറയപ്പെട്ടുന്നു എന്നെനിക്കറിയാം. ഈ ജ്ഞാനമാർഗ്ഗങ്ങളൊന്നും ഞാൻ താങ്കളോടു ചോദിക്കില്ല. സീതാരാമശബ്ദം ഉച്ചരിച്ചു ദാനംചെയ്യണമെന്നു പറഞ്ഞ കാരണമെന്താണെന്നാണെനിക്കറിയേണ്ടതു്. അതു പറഞ്ഞുതരണം.

**ബ്രഹ്മണൻ:**—എടാ! കാര്യാകാര്യബോധമില്ലാത്ത മൂഢ! ഞാൻ പറഞ്ഞതിന്റെ തത്വസാരം അറിയാതെ, കാക്കകളും മററും മൂക്കം മുമ്പേ, പഴുത്തു വെള്ളാച്ചനിറം ആടുന്നതുപോലെ, ജ്ഞാനകാണ്ഡത്തിലെ പ്രാരംഭപാഠങ്ങൾ പോലും അറിവാൻ കാലമാകാത്ത നീ താനം, നിദാനം, ധ്യാനം, ജ്ഞാനം, സ്നാനം, മൌനം, എന്നൊക്കെ വേദാന്തവ്യവഹാരം തുടങ്ങിയിരിക്കുന്നുവോ? നിന്നെയും നിന്റെ അച്ഛനേയും കണ്ണേയും കണ്ണപ്പനേയും. തന്നിലുൾപ്പെടുത്തി, സർവത്ര നിറഞ്ഞിരിക്കുന്ന ബ്രഹ്മത്തിൽനിന്നും നീ വേർപെട്ടിരുന്നാലല്ലാതെ ബ്രഹ്മത്തെ ധ്യാനിക്കാൻ നിനക്കു സാധിക്കുമോ. എടാമൂഢ! സമുദ്രജലത്തിൽ നിന്നും തുള്ളി വേറാകുമോ? അഗ്നിയിൽനിന്നു പൊരിവേറാകുമോ? ഭൂമിയിൽനിന്നു മൺതരി വേറാകുമോ? അതുപോലെ ബ്രഹ്മത്തിൽനിന്നു നീ വേറാകുമോ? താനായും വാനായും പരിപൂർണ്ണമായുമിരിക്കുന്ന ബ്രഹ്മത്തെ, തന്നിൽനിന്നും അന്യമാക്കി കരുതി ധ്യാനിക്കുന്നതു്, ആത്മജ്ഞാനമോ പരമാത്മജ്ഞാനമോ കർമ്മജ്ഞാനമോ വിജ്ഞാനമോ? പറക. മുക്കാൽ

മൂഢനെ അഭിനന്ദിക്കുന്ന മുഴുമൂഢനാണു നീ. രൂപംതന്നെ താനെന്നിരിക്കുന്ന അരൂപനായ ഭഗവാനെയാണു ധ്യാനിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ, നിരൂപമായി, നിർഗ്ഗുണമായി, നിശ്ചലമായിരിക്കുന്ന ബ്രഹ്മത്തിൽ നിന്നോ അതേസ്വരൂപനായി സഗുണനായി മായാരൂപനായ ഭഗവാനിൽ നിന്നോ പ്രപഞ്ചമുണ്ടായതു്? വേഗം പറയൂ! എന്നുപറഞ്ഞു തലക്കിട്ടൊരു കൊട്ടുകൊടുത്തു.

കബീർ:—ഹേ വേദാന്തസാരം മുഴുവനറിഞ്ഞ ബ്രാഹ്മണോത്തമ! പുനർജ്ജന്മമില്ലാത്ത പുണ്യശാലിൻ! രൂപമില്ലാത്ത പരബ്രഹ്മം നിശ്ചലമായിരിക്കയാൽ, അതൊന്നിനേയും സൃഷ്ടിക്കുന്നില്ല. മായാസ്വരൂപനായ ഭഗവാനാൽതന്നെ ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതായാലും, കാരണമായ ബ്രഹ്മത്തെ ധ്യാനിക്കാതെ, കാര്യമായ വിഷ്ണുദേവനെ ആരു ധ്യാനിക്കും? അതുകൊണ്ടെന്തൊരു പ്രയോജനം? ഞാനെന്ന ഭാവമില്ലാത്ത ബ്രഹ്മജ്ഞാനി മൌനമായിരിക്കേണ്ടതു സഹജമായ ധർമ്മംതന്നെ. ഞാനെന്ന ഭാവം മാറാത്തവൻ, നിഷ്കളമായ പരബ്രഹ്മത്തെ ധ്യാനിക്കണമെന്നു പല ശാസ്ത്രങ്ങളും ഘോഷിക്കുന്നു. അതു വേണ്ടായെന്നു താങ്കൾ മാത്രമേ പറഞ്ഞുകേട്ടുള്ളു. അതിന്റെ കാരണം കൂടി പറഞ്ഞാൽ കൊള്ളാം.

ബ്രാഹ്മണൻ:—“അല്ലയോ കബീരേ! സർവ്വം ബ്രഹ്മമയമായിരുന്നാൽ ഈ സ്ഥാനംകൊടുക്കുന്നവൻ ആരാണു്? വാങ്ങുന്നവനാരാണു്? മോക്ഷമെന്നതേതു്? മോക്ഷമടയുന്നവനാരു? ആനന്ദമെന്നതേതു? ആനന്ദത്തെ അനുഭവിക്കുന്നവനാരു്? ഗുരുവാരു? ശിഷ്യനാരു? ഇഹപരങ്ങൾ എന്നതേതു്? ഇഹപരസൌഖ്യം കൊടുപ്പാൻ ആരു്? ജനനമരണമേതു്? ജനനമരണദുഃഖത്തെ അനുഭവിക്കുന്നവനാരു്? പ്രപഞ്ചമേതു്? പ്രപഞ്ചത്തെ സൃഷ്ടിക്കുന്നവനാരു്? സൃഷ്ടിസ്ഥിതി ഏതു്? രക്ഷിക്കുന്നവനാരു്? സ്ഥിതിനാശമേതു്? സംഹരിക്കുന്നവനാരു്? ജാഗ്രൽസ്വപ്നങ്ങൾ ഏതു്? അതുകളെ കല്പിക്കുന്നവനാരു്? സ്വപ്നസുഷുപ്തികളേതു്? വികല്പപ്പെടുത്തുന്നവൻ ആരു? അച്ഛനമ്മയേതു്? പിറന്നകുട്ടി ആരു? നീയെന്നും ഞാനെന്നും ഉള്ളതേതു്? മായയെന്നതേതു്? ബ്രഹ്മമെന്നതേതു? ഇതുകളെ തിരിക്കാനോ തിരിച്ചറിവാനോ ആരു്? അങ്ങനെയുള്ള ബ്രഹ്മത്തെ അറിഞ്ഞവനാണു നീയെന്നല്ലേ ഭാവം? ആ നീയാണോ ഈ കീറപ്പട്ടുതന്നാൽ അമ്മവരും, എന്നെ അടിക്കും എന്നൊക്കെ വാദിച്ചും സംശയിച്ചും വളരെനേരം തരാതിരുന്നതു്? വായ് കൊണ്ടുമാത്രം ജ്ഞാനത്തെക്കുറിച്ചു പ്രസംഗിക്കാൻ മുതിട്ടതു്? ‘വാക്കാൽ ജ്ഞാനം’ ഹീനമാണു്. എന്നതറിഞ്ഞിട്ടില്ലയോ? ഞാൻ പറയുന്ന രഹസ്യങ്ങൾ നിനക്കു മനസ്സിലാകുന്നില്ലയോ? ഏതുകാലംവരെ ഒരുത്തനു ജാഗ്രത്തിൽ സുഷുപ്തി നിലവരാതിരിക്കുന്നോ അക്കാലംവരെ നീ ഞാൻ എന്നുള്ള വ്യവഹാരം തുടർന്നുകൊണ്ടിരിക്കും. അല്ലാതെ സുഷുപ്തി നിലയുള്ളവൻ ഒന്നിനെയും ധ്യാനിക്കുന്നില്ല. അതുകൊണ്ടു്, നീ ഭിന്നഭാവത്തെ മനസ്സിലാക്കി, ബ്രഹ്മത്തെ അന്യമായിക്കണ്ടു ധ്യാനിച്ചുകൂടാ. രണ്ടല്ലാത്തതിനെ രണ്ടാണെന്നു കരുതുന്നവൻ ഏവനോ അവൻ അദ്വയം ബ്രഹ്മത്തിൽ നിന്നും, വേർ തിരിഞ്ഞിരിക്കണം, ഇങ്ങനെ വേർ തിരിഞ്ഞിരിക്കുന്നവനു ബ്രഹ്മം വേറല്ലെന്നുള്ള ഭാവം ഉണ്ടായിരിക്കാൻ പാടില്ല. അഭിന്നമായ ബ്രഹ്മംതന്നെതാനെന്നറിയുന്നവൻ ബ്രഹ്മം വേറാണെന്നും വിചാരിക്കാൻ പാടില്ല. വേർപെട്ടിരിക്കുന്നവനു അദ്വൈതവാദം ചെയ്വാൻ അധികാരവുമില്ല.

എന്തെന്നാൽ, വേശ്യ പതിവ്രതയാകുമോ? പതിവ്രത വേശ്യയാകുമോ? രണ്ടും ഭവിക്കുന്നതല്ല. അതുപോലെ, അദ്വൈതഭാവമറിഞ്ഞ നിനക്കു്, ദ്വൈതഭാവമേതു്? ദ്വൈതഭാവമറിഞ്ഞവനു് അദ്വൈതഭാവമേതു്? ഇതുകളുടെ കർമ്മം നീ അറിയാറായില്ല. കൊച്ചുകുട്ടിയല്ലേ? പാലു്, ചോറു് എന്നൊക്കെപ്പറയുന്ന പ്രായമാണു്. വേദം പഠിച്ചില്ല.

വേദവിഷയമായി തൎക്കിക്കാറായില്ല. ശിശുവല്ലേ? അൎത്ഥമില്ലാത്ത വാക്കുകൾ വല്ലതുമൊക്കെ കൊഞ്ചിപ്പറയും, എന്നല്ലാതെ" എന്നൊക്കെ യധിക്ഷേപിച്ചു്, കോപഭാവം കാട്ടി, മീശമുറുക്കിക്കൊണ്ടു്, "എടാ കബീർ! ഞാൻ നീ എന്നൊക്കെ അഭിമാനമുള്ള നീ 'ബിസ്മല്ല' എന്ന വാക്കിന്റെ സാരം മനസ്സിലാക്കാതെയല്ലേ പറഞ്ഞതു്?" എടാമൂഢ! എല്ലാവരും ആദ്യം സഗുണോപാസനമാണു ശീലിക്കേണ്ടതു്. അതുവഴി ഇഹപരങ്ങൾ അനിത്യമെന്നറിഞ്ഞു്, ആശകളൊക്കെ അറുത്തു്, ദേഹാഭിമാനത്തെ നീക്കീട്ടു വേണം നിൎഗ്ഗുണധ്യാനത്തെ കൈക്കൊള്ളുവാൻ. നില്ക്കുന്ന ഒരുത്തൻ ഇരുന്നിട്ടുവേണ്ടേ കിടക്കുവാൻ? അല്ല, നില്ക്കുന്ന നിലയിൽ തന്നെ കിടന്നാലോ? തലയുടയുന്നതു ഫലം. അതുപോലെ, ഒന്നുമറിയാത്ത കൊച്ചുകുട്ടിയായ നീ ആദ്യമേ നിൎഗ്ഗുണത്തെ ധ്യാനിച്ചു്, ഇഹപരലോകഭ്രഷ്ടനായി ഭവിക്കരുതു്. കൊച്ചു കുട്ടികൾ മണൽകൊണ്ടു വീടുകെട്ടിക്കളിക്കുന്നതുപോലെ, വാക്കിൽ മാത്രമുള്ള ജ്ഞാനത്തെ പ്രസംഗിക്കരുതു്. പ്രസംഗിച്ചാൽ പ്രവൃത്തിയും അതിനനുസൃതമാകണം. അല്ലെങ്കിൽ ആ പ്രസംഗംകൊണ്ടെന്തുഫലം? അതുകൊണ്ടു്, ഇന്നുമുതൽ നിൎഗ്ഗുണഭാവത്തെ വിട്ടു്, നാരദാദിമഹൎഷിമാർപോലും ഏതൊരു തിരുനാമത്തെയാണോ കീൎത്തിക്കുന്നതു്, ആരുടെ അനുഗ്രഹത്താൽ നിൎഗ്ഗുണജ്ഞാനത്തെ അടഞ്ഞുവോ ഏതൊന്നുകൊണ്ടു പാപങ്ങളും നശിച്ചുപോകുമോ അതിരുനാമത്തെ ഉത്തമനായ ഒരു ഗുരുവിങ്കൽ നിന്നു ഉപദേശം വാങ്ങി പലകാലം ജപിച്ചു മനസ്സിലെ മാലിന്യങ്ങളെ നീക്കിയശേഷം നിൎഗ്ഗുണത്തിൽ പ്രവേശിക്കാം. അല്ലാതെ, നിൎഗ്ഗുണോപാസകന്മാരായ ദാരുകവനത്തിലെ ഋഷീശ്വരന്മാരെപ്പോലെ, മൂൎത്തിത്രയത്തിൽ അവജ്ഞതോന്നി അബദ്ധത്തിൽ ചാടരുതു്." ഇങ്ങനെ സാരോപദേശങ്ങളാൽ കബീരുടെ ഹൃദയത്തെ സഗുണധ്യാനത്തിൽ സ്ഥിരീകരിച്ചശേഷം, ബ്രാഹ്മണവേഷധാരിയായ ഭഗവാൻ അവിടെ മറഞ്ഞു.

ഭഗവാൻ മറഞ്ഞയുടനേ കബീർ ഇങ്ങനെ ആലോചിച്ചു. "ഞാൻ ധ്യാനത്തെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം ജ്ഞാനത്തെക്കുറിച്ചാണു പറഞ്ഞതു്. അങ്ങനെ പറഞ്ഞുപോയെങ്കിലും, ആദ്യപടിയിൽ കാലുവയ്ക്കാതെ നാലാമത്തെ പടിയിൽ ചാടിക്കയറി താഴെ വീണു തലയുടയുന്നതുപോലെ, ഭക്തികൎമ്മയോഗങ്ങൾ മൂന്നും കടന്നു ബ്രഹ്മധ്യാനത്തെയും ജ്ഞാനത്തേയും പ്രസംഗിച്ചതുപോലെ പ്രവൎത്തിക്കുന്നതിനു സാധിക്കാതിരിക്കത്തക്കവണ്ണം ഈ ക്ഷണികക്ഷണത്തിലുള്ള മോഹം എനിക്കു ബാധകമായി; വാക്കിൽ മാത്രമുള്ള ജ്ഞാനം അജ്ഞാനികളെ സമ്മതിപ്പിക്കാൻ മാത്രമുള്ളതാണു്. അറിവുള്ളവരോടു അതു പറഞ്ഞുഫലിപ്പിക്കാൻ സാധിക്കയില്ല. വാക്കിനനുസരിച്ചു പ്രവൃത്തിയില്ലാത്തവൻ നീചന്മാരിൽവച്ചു് അത്യന്തം നീചനാണെന്നുള്ളതിനു സംശയമില്ല. സഗുണധ്യാനത്തെക്കടന്നു നിൎഗ്ഗുണധ്യാനത്തെക്കുറിച്ചു പ്രസംഗിക്കുന്ന എനിക്കു അതനുസരിച്ചു പ്രവൎത്തിക്കുന്ന കാൎയ്യം അത്യന്തം ദുസ്സാധമായിട്ടാണിരിക്കുന്നതു്. എന്തെന്നാൽ, രൂപമുള്ള സഗുണത്തിൽപോലും എന്റെ മനസ്സുതീരെ ഉറയ്ക്കുന്നില്ല. അപ്പോൾ പിന്നെ നിൎഗ്ഗുണത്തിൽ അതിനെ നിയമിക്കുന്ന കാൎയ്യം പ്രയാസമല്ലേ? അതൊരു പക്ഷേ സാധിച്ചാലും, മോക്ഷേച്ഛയുള്ളവർ എന്തൊരു ധ്യാനമാണു് ചെയ്യേണ്ടതെന്നു എനിക്കു അറിഞ്ഞുകൂടാ. ആ സംഗതി ഉത്തമനായ ഒരു ഗുരുവിനോടു ചോദിച്ചു മനസ്സിലാക്കുന്നതുവരെ, ഇപ്പോൾ ബ്രാഹ്മണൻ പറഞ്ഞപ്രകാരം സഗുണധ്യാനം ആചരിക്കതന്നെ" ഇങ്ങനെ നിശ്ചയംചെയ്തു്, ഭക്തിപുരസ്സരം ഭഗവദ്ധ്യാനത്തിൽ മുഴുകിയിരുന്നു.

മൂന്നാമദ്ധ്യായം കഴിഞ്ഞു.

# നാലാമദ്ധ്യായം.

## ഭഗവാൻ ഒരുപക്കീറുടെ രൂപമായിവന്നു കബീൎക്കു ദൎശനംകൊടുത്തതു്.

അല്ലയോ ബ്രഹ്മധ്യാനൈകനിഷ്ഠന്മാരായ ധന്യന്മാരേ! പട്ടിന്മേൽ അശ വസ്ത്രംകൊണ്ടു് താൻ വാചാജ്ഞാനിയാണെന്നുള്ളതിനു സംശയമില്ലെന്നും ബ്രാഹ്മണൻ പറഞ്ഞതു പരമാൎത്ഥമാണെന്നും ഉദ്ബോധിച്ച പുണ്യവാനായ കബീർ ഏകാഗ്രതയോടെ ദേവധ്യാനത്തിൽ ലയിച്ചിരിക്കുമ്പോൾ, അദ്ദേഹത്തെവീണ്ടും പരീക്ഷിക്കാനായി ഭഗവാൻ ഒരു പക്കീർരൂപം ധരിച്ചുസമീപത്തെത്തി. “ഹേ! പുണ്യവാനായബാല! നീ വളരെ ഉദാരശീലനാണെന്നു പലരും പറഞ്ഞു കേൾക്കകൊണ്ടു ഞാൻബദ്ധപ്പെട്ടോടി വരികയാണു്. എനിക്കു വസ്ത്രമില്ല; നിൻെറകൈയിലിരിക്കുന്നവസ്ത്രം തന്നു്, എൻെറകഷ്ടത തീൎക്കണം. ജ്ഞാനമാൎഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്ന നിനക്കു വസ്ത്രമെന്തിനു്? അജ്ഞാനം ഇനിയും നശിച്ചില്ലയോ? പാപംതുലഞ്ഞില്ലയോ? ലോഭംവിട്ടുപോയില്ലയോ? ലോഭത്തെപ്പോലെ നീചമായ ദുൎഗ്ഗുണംമററില്ലെന്നു നീഅറിയുന്നില്ലയോ? ഹേ! ധൎമ്മസ്വരൂപ! ദാനംഅത്യന്തം പുണ്യപ്രദമാണു്. പുരുഷനു പുണ്യവും സ്ത്രീക്കു ചാരിത്ര്യവുമല്ലാതെ മറെറന്താണാശ്രയം? എൻെറവാക്കു വിശ്വസിച്ചു്, ലോഭത്തെപരിത്യജിക്കുക ഇങ്ങനെ പറഞ്ഞുതുടങ്ങിയതുകേട്ടു്, കബീർ, ‘ഹേ!വിജ്ഞാനിയായ പക്കീരേ!“എനിക്കില്ല തരണം” എന്നപേക്ഷിച്ചുവന്ന ഭിക്ഷുശ്രേഷ്ഠ! താങ്കൾക്കു ഈവസ്ത്രം മാത്രമല്ലേവേണ്ടതുള്ളു: ഇതാവാങ്ങിക്കൊൾക: ജയസീതാറാം’ എന്നുപറഞ്ഞു്, പട്ടെടുത്തുനീട്ടി.”

ഉടനേമായാപക്കീർ, കോപഭാവം നടിച്ചു്, എടാ ദുശ്ശീലക്കാര! കാൎയ്യബോധമില്ലാത്തമൂൎഖ! നിത്യനിൎമ്മല നിൎവികല്പ നിരൂപ നിരഹങ്കാരവസ്തുവായ പരബ്രഹ്മമാണു അതിദൈവമെന്നറിഞ്ഞിരുന്നിട്ടും, ‘സീതാരാമജയ, എന്നു്ഒരുമനുഷ്യൻെറ പേർ പുകഴ്ത്തിദാനം ചെയ്യാൻ കാരണമെന്തു്? അരൂപവും അനന്തവും അസംഗവുമായ ദൈവത്തെ ഉപേക്ഷിച്ചു്, വേദവാക്യത്തിനുവിപരീതമായി, സരൂപനായ ദേവനെ വിചാരിക്കാമോ? സൎവ്വത്രപരിപൂൎണ്ണമായിരിക്കുന്ന സച്ചിദാനന്ദബ്രഹ്മത്തെ വിസ്മരിക്കാമോ? അതും പറഞ്ഞുകേൾക്കാത്ത ഒരുവിഡ്ഢിത്തരമല്ലേ നീപറഞ്ഞതു്. അതുകൊണ്ടു്, ‘നിൻെറ സമീപത്തു നിൽക്കാൻപോലും പാടില്ല. എന്നുപറഞ്ഞു; പക്കീർതിരിഞ്ഞുനടന്നു.

അതുകൊണ്ടു വിഷണ്ണനായ കബീർ“അല്ലയോസ്വാമിൻ! അന്ധേക്കായി ഞാൻ ദാനംചെയ്തതിനെ വാങ്ങാതെഎന്നെ കുററക്കാരനാക്കിപ്പോകയാണോ? അങ്ങനെ പോകുന്നപക്ഷം എനിക്കുനരകാനുഭൂതിയുണ്ടു്. ദാനംചെയ്തതിനെ കൈവശംവച്ചുകൊണ്ടിരിക്കുന്നവൻ ധൎമ്മരാജൻെറ ബന്ധനത്തിനു പാത്രിഭവിക്കുമെന്നു ശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നു. ഒരുവിധത്തിൽ വാക്കുപറഞ്ഞിട്ടു് മറെറാരുവിധം പ്രവൎത്തിക്കുന്നതു നീതിയാകുമോ? ഞാൻകൊച്ചുകുട്ടിയാണെന്നറിഞ്ഞിരിക്കുകയും ഭഗവാനു ചാൎത്തതക്ക മേന്മയുള്ള ഈപീതാംബരം വേണമെന്നാഗ്രഹിക്കുകയുംചെയ്തിട്ടു അതു വാങ്ങിക്കാതെപോകുന്നതന്യായമാകുമോ? എന്നെലോഭിയാക്കിത്തീൎക്കണമെന്നാണോ ഭാവം? ഹേസ്വാമിൻ! അറിവില്ലാത്ത ഈബാലനിൽ കരുണയുണ്ടായി വസ്ത്രത്തെ വാങ്ങിക്കൊണ്ടുപോകണമേ” എന്നു അപേക്ഷിച്ചു.

മായാപക്കീർ:—പോ! പോ! വേദവിരുദ്ധമായ വാക്കുപറഞ്ഞ നിന്നോടു ഒരുകവടിപോലുംവാങ്ങാൻപാടില്ല. വാങ്ങിച്ചാൽപാപമുണ്ടു്.

കബീർ:—സ്വാമിൻ! ഞാൻചെറുബാലൻ. പ്രായമായിട്ടില്ല ജ്ഞാനമാൎഗ്ഗങ്ങളെറിയാറാകും. എങ്കിലും തീരെട്ടിയുറങ്ങി ലയിച്ചവനെയും തണുത്തുറച്ചു കട്ടിച്ചവനെയും തമ്മിൽ

വ്യത്യാസമുണ്ടോ? ഉരുക്കപ്പൊന്നും അതുകൊണ്ടു പണിഞ്ഞ കൈവള മുതലായ ആഭരണവുംതമ്മിൽ വല്ലവ്യത്യാസവുമുണ്ടോ? യഥാസ്ഥിതമായ പഞ്ഞിയും അതു നൂൽനൂറ്റു നെയ്തുണ്ടാക്കിയവസ്ത്രവും തമ്മിൽഭേദമുണ്ടോ? അതുപോലെ ഛായയും ചിത്രവും തമ്മിലും, പാറയും വിഗ്രഹവുംതമ്മിലും, ഇരുമ്പും ആയുധവുംതമ്മിലും, മണ്ണും മൺപാത്രവുംതമ്മിലും, വെള്ളത്തിൽ കലങ്ങിയ ഉപ്പും കല്ലുപ്പുംതമ്മിലും, എന്തുഭേദം? അപ്രകാരം അരൂപമായ ബ്രഹ്മവും സരൂപമായ ബ്രഹ്മവുംതമ്മിൽ വല്ലഭേദവുമുണ്ടോ? സരൂപബ്രഹ്മമല്ലേ ലോകരക്ഷയ്ക്കായി മൂർത്തികൾ സ്വീകരിച്ച ശ്രീരാമൻ, ശ്രീകൃഷ്ണൻ, വിഷ്ണുമുതലായവർ? ഉപാസിക്കപ്പെടുന്നതിന് ബ്രഹ്മത്തെക്കാളും അവക്കാണ് ശ്രേഷ്ഠതയെന്നാണെനിക്കുതോന്നുന്നത്. അതുകൊണ്ടു ഏതുകാര്യത്തിനും ആ ദേവന്മാരുടെ അരിയതിരുനാമങ്ങൾ ഉച്ചരിക്കയോ ധ്യാനിക്കയോ ചെയ്യേണ്ടതാവശ്യമാണ്."

**പക്കീർ:**—എടാ കബീരേ! ഗുരുവിനു ശിഷ്യൻ അറിവുപറഞ്ഞുകൊടുക്കുന്നതുപോലെ നീ നമുക്കു ജ്ഞാനോപദേശം ചെയ്തുതുടങ്ങിയോ? ആട്ടെ, നീ പലവസ്തുക്കളേയും കുറിച്ചിവിടെപ്പറഞ്ഞതിൽ യഥാർത്ഥവസ്തു, പൊന്നോ ആഭരണമോ? മണ്ണോ മൺപാത്രമോ? പഞ്ഞിയോ വസ്ത്രമോ? ഛായമോ ചിത്രമോ? ഇരുമ്പോ ആയുധമോ? അരൂപമോ സരൂപമോ? ഏതാണെന്നുപറക.

**കബീർ:**—"ഹേ മഹാത്മൻ! സർവ്വജ്ഞനായ അങ്ങേക്കു ഞാൻ ഒപ്പമാണോ? കൊച്ചുകുട്ടിയല്ലേ? എന്നിട്ടും എന്നെ പരീക്ഷിക്കാൻതുടങ്ങുന്നതു ശരിയോ? യഥാർത്ഥവസ്തു അരൂപമായ പരബ്രഹ്മം ഒന്നുമാത്രമേയുള്ളു. ആ ബ്രഹ്മംതന്നെയാണ് രൂപംതോന്നിച്ചു ഭഗവന്നാമം ധരിച്ച്, ഈ പ്രപഞ്ചരക്ഷ ചെയ്യുന്നത്. സൂര്യനും വെയിലും വേറാണോ? ചന്ദ്രനും നിലാവും വേറാണോ? അതുപോലെ അഗ്നിയും ചൂടും—ദീപവും പ്രകാശവും—ജലവും രുചിയും—ധനവും ഘനവും—ശാപവും കോപവും—ക്രോധവും പാപവും-ആശയും പാശവും-ഇച്ഛയും ജന്മവും-ജന്മവും കർമ്മവും-മോഹവുംസ്നേഹവും-സ്വർഗ്ഗവുംസുഖവും-(നരകവും) ദയവും സഹായവും-ദുഃഖവും ഉപദ്രവവും-ശാന്തിയുംക്ഷമയും-ജ്ഞാനവും ധ്യാനവും മൌനവും നിഷ്ഠയും-അഹംഭാവവും അജ്ഞാനവും-മായയും പ്രപഞ്ചവും-അനിത്യതയും സന്യാസവും സഹനവും(പൊറുമയും) തപസ്സും ജീവകാരുണ്യവും-വ്രതവും-ഗുരുവും-ദൈവവും ദൈവവും-ബ്രഹ്മവും ബ്രഹ്മവും-ആനന്ദവും ആനന്ദവും-മോക്ഷവും-ഇതുകൾ തമ്മിൽ ഭേദമുണ്ടോ? ഭേദമുണ്ടെങ്കിലല്ലേ ഭഗവാനും ബ്രഹ്മവുംതമ്മിൽ ഭേദമുള്ളു. അതിൽതന്നെ നാമരൂപാദികളോടുകൂടിയ ഭഗവാനാണു ധ്യാനത്തിനുനന്ന്" എന്നെനിക്കുതോന്നുന്നു.

**പക്കീർ:**—എടാ കബീരേ! ബ്രഹ്മപ്രളയത്തിൽ നശിച്ചുപോകുന്ന രൂപത്തെയും ക്ഷണഭംഗുരമായ ദേഹത്തേയും കൈക്കൊണ്ടിരിക്കുന്ന ഭഗവാനെയാണോ നീ സത്യദൈവമാക്കി വിശ്വസിക്കുന്നത്? ആട്ടെ, സഗുണധ്യാനത്താൽ ജനനമരണദുഃഖമൊഴിഞ്ഞുപോകുമോ? വിഷത്തെ അമൃതമെന്നു തെറ്റിദ്ധരിക്കുന്ന ബുദ്ധിഹീനന്മാരെപ്പോലെ, വളരെനേരമായ് നീ ദുസ്തർക്കംപുറപ്പെടുവിക്കുന്നല്ലോ. വിഷംകുടിച്ചു മരിക്കുന്നിനേക്കാൾ, അമൃതം ആസ്വദിച്ചു ആനന്ദിച്ചിരിക്കുന്നതല്ലേ നന്ന്? അതുപോലെ അനിത്യദൈവത്തെ വിശ്വസിച്ചു അധോഗതിയടയാതെ, പരിചിൽ സദാനന്ദത്തെ അനുഭവിക്കണമെന്നു പലപരിവൃത്തി പറഞ്ഞുതന്നിട്ടും നിന്റെ ബുദ്ധിയിൽ കടക്കാത്തതു അത്ഭുതംതന്നെ. ഇനി ഞാനെന്താണ് ചെയ്യു.

**കബീർ:**—ഹേ സാധോ! സർപ്പം വിഷധരമാണെങ്കിലും നാഗമണി ആ വിഷത്തിൽനിന്നും ഉണ്ടാകുന്ന ഒരപൂർവ്വവസ്തുവാണല്ലോ? അതുപോലെ, അവഗാഹിക്കാൻ വിഷമമായ അസംഗബ്രഹ്മത്തിൽനിന്നും, അഷ്ടൈശ്വര്യാനന്ദസിദ്ധികളെത്തരുന്ന, ഭ

വാൻ ഉണ്ടാകുന്നു; നിർവികാരബ്രഹ്മംതന്നെ ഗുണാംശകാരണത്താൽ, മൂർത്തീഭവിക്കുന്നു വെന്നല്ലാതെ, ഭഗവാനും ബ്രഹ്മവുംതമ്മിൽ എന്തുഭേദം? അങ്ങനെയുള്ള ഭഗവാൻ ശരണീകരണീയനല്ലയോ? എന്നാൽ ബ്രഹ്മപ്രളയകാലത്തു എല്ലാം നശിക്കുമ്പോൾ, ജീവജാലങ്ങളും നശിക്കതന്നെ ചെയ്യും. രക്ഷകനായ വിഷ്ണുദേവന്റെ മൂർത്തിയും നശിക്കും. എന്നിരുന്നാലും സുഷുപ്ത്യവസ്ഥയിൽ ഉണ്ടാകുന്നമോഹാനുഭൂതിയേക്കാളും ജാഗ്രത്തിൽ അനുഭവപ്പെടുന്ന ഇന്ദ്രിയാനുഭൂതികളല്ലേ നന്നു? അതുപോലെ അരൂപമായ ബ്രഹ്മത്തെക്കാളും ഭക്തന്മാരുടെ മനോഗതിക്കനുസരിച്ചുള്ള രൂപമംഗീകരിച്ചു രക്ഷിച്ചുപോരുന്ന ഭഗവാനാണു് ആരാധനീയൻ—

ചക്കീർ:—എടാ മൂഢ! ബ്രഹ്മമില്ലെങ്കിൽ മായ ഏതു്? ത്രിഗുണങ്ങളേതു്? ത്രിഗുണപ്രതിബിംബഭൂതന്മാരായ ത്രിമൂർത്തികളേതു്? വാസ്തവമറിയാതെ എന്തു ഭ്രമിക്കുന്നു? അതുകൊണ്ടു ബ്രഹ്മത്തെത്തന്നെ ഉറപ്പായി വിശ്വസിച്ചുകൊൾക.

കബീർ:—ഹേ വേദജ്ഞബ്രാഹ്മണ! നമ്മുടെ ശരീരം പഞ്ചഭൂതസഞ്ചിതമല്ലേ? മഴ വെയിൽ മുതലായ ഭൂതങ്ങളുടെ സമ്പർക്കം നമുക്കു ജീവിതത്തിനു ഒഴിച്ചുകൂടാത്തതല്ലേ? അതുകളെ നിശ്ചിതക്രമത്തിൽ നമുക്കു പ്രദാനംചെയ്തു രക്ഷിക്കുന്ന നാരായണസ്വാമിയെ നാം എങ്ങനെ വിസ്മരിക്കും. രക്ഷിക്കുന്ന ദൈവത്തിനുമേലേ ഒരു ദൈവമുണ്ടോ? ഉണ്ടെങ്കിൽതന്നെ നാം അതെന്തിനന്വേഷിക്കുന്നു? പൊയ്ക്കൊൾക എന്തൊരു വർത്തമാനമാണു പറയുന്നതു്?

ചക്കീർ:—ഹേ കബീരേ! നീ വിട്ടുവാപറയുന്ന ഒരു വിഡ്ഢിയാണു്. ത്രിമൂർത്തികളും മായയും പ്രപഞ്ചവുമെല്ലാം സ്വപ്നംപോലെ കേവലം മിഥ്യയാണെന്നും, കയറുകഷണം പാമ്പാണെന്നു വിചാരിക്കുന്നതുപോലെ ഇതുകളൊക്കെ ഉണ്ടെന്നുതോന്നുന്നതു വെറും ഭ്രമമാണെന്നും സത്യമായുള്ളതു ബ്രഹ്മം ഒന്നുമാത്രമാണെന്നുംപറഞ്ഞിരിക്കുന്ന വേദവാക്യത്തെ മറന്നു, ബ്രഹ്മമാണു് ഭഗവാനെന്നുംഭഗവാനാണു നിത്യദൈവമെന്നുമല്ലേ നീ പറയുന്നതു്—ബ്രഹ്മം അരൂപവും നിശ്ചലവും അസംഗവുമല്ലയോ? ആ ബ്രഹ്മം ഭഗവദ്രൂപമായി പ്രപഞ്ചരക്ഷ ചെയ്യുന്നതെങ്ങനെ? ഇരുളിൽ വെളിച്ചമിരിക്കുമോ? ആകാശം സരൂപമാകുമോ? അതുപോലെ അരൂപമായ ബ്രഹ്മത്തിൽനിന്നും സരൂപദൈവം ഉണ്ടാകുന്നതെങ്ങനെ? നിരാകാരവസ്തുവായ ബ്രഹ്മം സാകാരവിഗ്രഹമാകുന്നതെങ്ങനെ? നിനക്കു ഈ പിച്ചുപിടിച്ചുതുടങ്ങീട്ടു എത്ര ദിവസമായി? എന്നുപറഞ്ഞു ചിരിച്ചു?

കബീർ:—ഹേ! വൃദ്ധരേ! ആകാശത്തിൽ ചുഴലിക്കാറ്റും ശുദ്ധശൂന്യമായ സുഷുപ്തിയിൽ ഉണർവ്വും, കേവലം ദ്രവവസ്തുക്കളായ ശുക്ലശോണിതങ്ങളിൽ രൂപവും മുട്ടയിലില്ലാത്ത നാനാവർണ്ണങ്ങൾ അതിൽനിന്നു വിരിയുന്ന ജന്തുക്കളിലും, വിത്തിൽ ഇല്ലാത്ത സുഗന്ധം പുഷ്പത്തിലും വൃക്ഷത്തിൽ ഇല്ലാത്ത മധുരം പഴത്തിലും, ഉണ്ടായിക്കാണുന്നില്ലയോ? അതുപോലെ നിശ്ചലവസ്തുവായ ബ്രഹ്മത്തിലിരുന്നു ചലനാദികളുള്ള ഭഗവാൻ ഉണ്ടായി രക്ഷാശിക്ഷകൾ ചെയ്തു പ്രപഞ്ചം ഭരിക്കുന്നു എന്നുവരരുതോ? ഭഗവാൻ ഒരുത്തനില്ലെങ്കിൽ മായ എങ്ങു്? പഞ്ചഭൂതങ്ങളേതു്? പഞ്ചവർണ്ണങ്ങളേതു്? പ്രപഞ്ചമേതു്? മോക്ഷവും നരകവും ആനന്ദവും ദുഃഖവുംപുണ്യവും പാപവും ഗുരുവും ശിഷ്യനും സ്തുതിയും വന്ദനവും എങ്ങു്? ചരാചരജീവികളേതു്? നീയേതു്? ഞാനേതു്? ധർമ്മമേതു്? ദാനമേതു്!—പോ! പോ! മൂഢമൂഢ! പോപോ!

ചക്കീർ:—ഹേ ഹേ കബീരേ! ധർമ്മമേതു്? ദാനമേതു്? എന്നൊക്കെയോ? എന്താണു്? ഞാൻ ചോദിച്ചവസ്ത്രം തരാതെ കഴിച്ചുകൂട്ടാനുള്ള വിദ്യയാണോ ഈ എടുത്തിരിക്കുന്നതു്?

**കബീർ:**—ഹേ-അതൊന്നുമല്ല എന്റെ ജീവനെത്തന്നെ താങ്കൾ ആവശ്യപ്പെട്ടാലും തരാൻ എനിക്കുമടിയില്ല. പിന്നെയാണോ ഈ വസ്ത്രം?—ഇതാ കൊണ്ടുപൊയ്ക്കോക.

**പക്കീർ:**—(വസ്ത്രത്തെവാങ്ങിക്കൊണ്ടു്) ഹേ! ധർമ്മിഷ്ഠനായബാല! നിനക്കു ആത്മജ്ഞാനം ഇനിയും സിദ്ധിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ധർമ്മത്തിലും ഭക്തിയിലും ശ്രേഷ്ഠം വൈരാഗ്യമാണെന്നും വൈരാഗ്യത്തിലും ശ്രേഷ്ഠം ജ്ഞാനമാണെന്നും വേദത്തിൽ പറഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു അതു വകവയ്ക്കാതെ ഭക്തിയാണു ശ്രേഷ്ഠമെന്നു നീപറയുന്നതു മൂഢത്വമാണു്.

**കബീർ:**—ഹേവിദ്വാനായ വൃദ്ധ! തല വാലാക്കാനും മേൽകീഴാക്കാനും കൌശലം പെരുത്തുകള്ളു! ആദ്യമായി ഭക്തിമാർഗ്ഗത്തിൽപ്രവേശിച്ചു പിന്നീടു വൈരാഗ്യത്തിലെത്തി, പ്രപഞ്ചത്തെ ഉപേക്ഷിച്ചു് ജ്ഞാനശീലനംചെയ്യണമെന്നല്ലാതെ ആദ്യപടിയിൽ കാൽകുത്താതെ മൂന്നാംപടിയിൽ എത്തിച്ചുചാട്ടിയാൽ കമിഴ്ന്നുവീണു മുഖംഉടയുകതന്നെ ഫലം. അതായതു ബാലനായ ഞാൻ ഭക്തിമാർഗ്ഗങ്ങളെസ്പർശിക്കാതെ നേരേ ജ്ഞാനമാർഗ്ഗത്തിൽ പ്രവേശിച്ചാൽ, ഉഭയഭ്രഷ്ടനാകുമെന്നല്ലാതെ വല്ലപ്രയോജനവുമുണ്ടാകുമോ? അതുകൊണ്ടു ഭക്തി യോഗമാർഗ്ഗമായി ആദ്യമേ ഭക്തവത്സലനായ ഭഗവാനെ എന്റെ കൺകൾ കുളിരുമാറുകണ്ടു, അദ്ദേഹത്തിന്റെ തിരുവടികളെ അഭയംപ്രാപിച്ചു അജ്ഞാനാന്ധകൂപത്തിൽ വീഴാതെ മനസ്സിനെ നിയന്ത്രിച്ചു സന്ദേഹങ്ങളെയെല്ലാം പരിഹരിച്ചു്, നിർഗ്ഗുണധ്യാനത്തിൽ മനസ്സുറക്കി ബന്ധപാശങ്ങളെ അറുത്തു്, ജ്ഞാനനിഷ്ഠനായി ആനന്ദാഹ്ലാദരസാനുഭൂതിയോടുകൂടി ഞാനെന്നുള്ള ഭാവത്തെയും തന്നെയും മറന്നു്, പരമാർത്ഥജ്ഞാനിയായി ഞാൻ ഭവിക്കാം.

**പക്കീർ,**—അഹഹാ! ക്ഷണഭംഗുരമായ ഈ ദേഹത്തെ നിത്യമെന്നല്ലയൊ നീ ഇപ്പോൾനിശ്ചയിച്ചിരിക്കുന്നതു്? ഒരുപക്ഷേ നിന്റെ ഇഷ്ടപ്രകാരം ഭഗവാൻ സാധിച്ചെന്നുംവരാം. പുണ്യവാനായ നീ വിചാരിച്ചതുപോലെ സാധിക്കട്ടെ. എങ്കിലും നിശ്ചലമായിരിക്കുന്ന ബ്രഹ്മത്തിൽനിന്നു ഭഗവാനുണ്ടായതും ഭഗവാനാൽ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതും ഏതുപ്രകാരമാണെന്നുള്ളതു ഒന്നുപറഞ്ഞുതന്നാൽകൊള്ളാം.

**കബീർ:**—ഹേ വൃദ്ധരേ! ഇന്നപ്രകാരത്തിലുള്ളതെന്നു മനസ്സിനാൽ നിനയ്ക്കുന്നതിനും വാക്കിനാൽ പറയുന്നതിനും കഴിവില്ലാത്ത ബ്രഹ്മത്തിൽ നിന്നും സുഷുപ്തിക്കു തുല്യമായ അവ്യക്തമെന്ന മൂലപ്രകൃതിയുണ്ടായിയെന്നും അതിൽനിന്നു ത്രിഗുണങ്ങളുണ്ടായിയെന്നും ത്രിഗുണങ്ങളിൽ പ്രധാനമായ സാത്വികത്തിൽ പ്രതിഫലിച്ച ബ്രഹ്മമാണു ഭഗവാനെന്നും പറയപ്പെടുന്നു. ആ ഭഗവാങ്കൽനിന്നു ബ്രഹ്മാവുണ്ടായി. അദ്ദേഹത്താൻ ഇക്കാണപ്പെട്ട സകലചരാചരങ്ങളും അഖില ബ്രഹ്മാണ്ഡങ്ങളും സൃഷ്ടിക്കപ്പെട്ടു. നിർഗ്ഗുണരൂപത്തിങ്കൽ ബ്രഹ്മമെന്നും സഗുണരൂപത്തിങ്കൽ വിഷ്ണുവെന്നും പറയപ്പെടുന്നതു ആ ഭഗവാനെത്തന്നെയാണു്. വേദത്തിൽ വിഷ്ണുദേവനെ പരബ്രഹ്മസ്വരൂപനാണെന്നു പലേടത്തും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു അധിദൈവം വിഷ്ണുവാണെന്നുതന്നെ വിശ്വസിക്കണം. അല്ലാതെയും ഭഗവാൻ ആദിയിൽ ജലസ്വരൂപനായി പ്രകാശിച്ചുവെന്നും അതുമൂലം നാരായണനെന്നു പേരുണ്ടായതായും പറയപ്പെട്ടിരിക്കുന്നു. ഭഗവൽപാദങ്ങളിൽ നിന്നു ഗംഗയുണ്ടായതായി പറയപ്പെട്ടിരിക്കുന്നതിന്റെയും അർത്ഥം അദ്ദേഹം ജലരൂപനാണെന്നുള്ളതാണു്. രക്ഷാകർത്തൃത്വമനുസരിച്ചു്. ഭൂമിയിൽ വർഷിക്കയെന്നുള്ളതുകൊണ്ടും, വർഷത്താൽ ഭൂമി പച്ചച്ചെടികളാൽ നിറയപ്പെട്ടു പച്ചനിറമായിത്തോന്നിക്കകൊണ്ടും അദ്ദേഹത്തെപച്ചനിറമുള്ളവനെന്നും, വർഷിക്കാനായിമേഘരൂപം

കൈക്കൊൾകയാൽ മേഘവർണ്ണനെന്നും പറയപ്പെടുന്നു. സമസ്തമംഗളങ്ങളും അദ്ദേഹം വിചാരിക്കുന്ന മാത്രയിൽ ഉണ്ടാകുന്നതുകൊണ്ട് ഹൃദയസ്ഥാനമായ മാറിൽ മംഗളകാരിണിയായ മഹാലക്ഷ്മി സദാ അധിവസിക്കുന്നുണ്ടെന്നും, മററും ചില യുക്തിവാദങ്ങളും വേദത്തിൽ കാണ്മാനുണ്ട്. ഇനിയും, ജലമദ്ധ്യസ്ഥയായ ഈ ഭൂമിയെ ബ്രഹ്മാവെന്നും, ദിക്കുകൾ നാലും അദ്ദേഹത്തിന്റെ നാലുമുഖമെന്നും, ഭൂമിതന്നെ സ്വയം സൃഷ്ടികർത്ത്രിയാകകൊണ്ട്, ബ്രഹ്മാവിനെ സൃഷ്ടികർത്താവെന്നും, സമുദ്രത്തോടുകൂടിയ ഭൂമി, അനന്തമായ ആകാശത്തിൽ സ്ഥിതിചെയ്കയാൽ വിഷ്ണുവിനെ അനന്തശയനനെന്നും പറയുന്നു. ശിവൻ അഗ്നിസ്വരൂപനാണെന്നും, അഗ്നിയുടെ താപമാററുന്നതിനു ജലം പര്യാപ്തമാകകൊണ്ട്, വിഷ്ണുവിനെ രുദ്രപ്രിയൻ അഥവാ രുദ്രവന്ദ്യൻ എന്നു വർണ്ണിക്കുന്നുവെന്നും, പക്ഷമുണ്ട്. ഇങ്ങനെ ഭൂമി വെള്ളം, അഗ്നി, ഈ മൂന്നു ഭൂതങ്ങളെ മൂന്നു മൂർത്തികളായി രൂപണംചെയ്തശേഷം, വായ്വാകാശങ്ങൾ അവരുടെ വിഭൂതികളാണെന്നും, സർവ്വത്രപരിപൂർണ്ണമായി സർവ്വസാക്ഷിയായി സത്യസന്ധമായി നിത്യാനന്ദരൂപമായിരിക്കുന്ന വിശ്വചൈതന്യം, വിഷ്ണുവിന്റെ വിശിഷ്ടഭാവമല്ലാതെ മററൊന്നുമല്ലെന്നും സമർത്ഥിച്ചിട്ടുണ്ട്. സർവ്വത്രവ്യാപനശീലംകൊണ്ടാണ് വിഷ്ണുവെന്നു പേർ സിദ്ധിച്ചതെന്നും പറയപ്പെട്ടിരിക്കുന്നു.

വിശേഷിച്ചും വിഷ്ണുദേവൻ പരമകാരുണികനാകുന്നു. വരദാനതൽപരതാകൊണ്ട്, അദ്ദേഹത്തിനു വരദനെന്നു പേർതന്നെയുണ്ട്. അഴിവില്ലാത്തവനാകയാൽ അച്യുതനെന്നും, പാപങ്ങളെ ഹരിക്കശീലംകൊണ്ടു ഹരിയെന്നും, ഭക്തന്മാരുടെ ഹൃദയത്തിൽ സർവ്വദാ രമിക്കകൊണ്ടു രാമനെന്നും, തന്നെ സേവിപ്പവർക്കു അഴിവില്ലാത്ത നിത്യാനന്ദപദം നൽകുകകൊണ്ടു വൈകുണ്ഠനാഥനെന്നും, ഇന്നതാണ് അദ്ദേഹത്തിന്റെ രൂപമെന്നു നിർണ്ണയിക്കാൻ നിവൃത്തിയില്ലായ്കയാൽ ബ്രഹ്മമെന്നും, എല്ലാ ഐശ്വര്യങ്ങളും വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം, ഇതുകളും തികഞ്ഞിരിക്കയാൽ ഭഗവാനെന്നും ഭക്തന്മാരിലുള്ള കരുണാതിശയത്താൽ ഭക്തവത്സലനെന്നും, ലോകർക്കു പ്രപഞ്ചത്തിൽ സത്യബുദ്ധി തോന്നിക്കുന്ന മായാശക്തി തന്നിൽ അടങ്ങിയിരിക്കയാൽ മായാമയനെന്നും, ഇന്ദ്രിയങ്ങൾക്കു അഗോചരനാകയാൽ പരാൽപരനെന്നും, ഇന്ദ്രിയങ്ങൾക്കധിപതിയാകകൊണ്ട് ഹൃഷീകേശനെന്നും സമ്പൽസുഖങ്ങൾക്കു നാഥനാകയാൽ മാധവനെന്നും, സർവ്വാധാരഭൂതനാകയാൽ ആദിമൂലമെന്നും സമസ്തലോകങ്ങളും തങ്കൽനിന്നുണ്ടാകയും തന്റെ വിഭൂതിയാൽ പരിവർത്തിക്കയും നശിക്കയും ചെയ്കകൊണ്ട്, സർവ്വസൃഷ്ടി, സർവ്വസ്ഥിതി, സർവ്വസംഹാരൻ എന്നിങ്ങനെയും, മത്സ്യ, കൂർമ്മ, വരാഹ, നരസിംഹ, വാമന, പരശുരാമ, ശ്രീരാമ, ബലരാമ, ശ്രീകൃഷ്ണമൂർത്തികൾ കൈക്കൊണ്ടു ലോകരക്ഷയ്ക്കായി ഓരോകാലങ്ങളിൽ അവതരിക്കയും മേലിൽ കല്ക്കിയായി അവതരിക്കാനിരിക്കയും ചെയ്യുന്നതിനാൽ ദശാവതാരനെന്നും, മററും പലപേരുകളും അദ്ദേഹത്തിനു പറഞ്ഞുവരുന്നു. അങ്ങനെയുള്ള ഭഗവാനെ നമുക്കു വിസ്മരിക്കാമോ? അദ്ദേഹത്തെ ഭജിക്കുന്നവർക്കു വല്ല ദുഃഖവുമുണ്ടോ? ഭഗവാന്റെ മഹിമകളെ പുകഴ്ത്താത്ത വേദശാസ്ത്രമുണ്ടോ? ഹേ പക്കീരേ! താങ്കൾ ബ്രഹ്മം ബ്രഹ്മം, എന്നു പലപരിവൃത്തി പുലമ്പുന്നല്ലോ. ആ ബ്രഹ്മത്തിനു ശബ്ദമുണ്ടോ ശ്വാസമുണ്ടോ? ഒന്നുമില്ല. അതുകൊണ്ടു, എന്നോടു തർക്കംചെയ്തു എന്റെ വിശ്വാസത്തെയും മനോഗതിയേയും മാററാതെ തന്റെ പാട്ടിനു പൊയ്ക്കൊള്ളൂ—"

പക്കീർ—എടാമൂഢ! നിന്നോടു ഒരുവസ്തു പറഞ്ഞാൽ മനസ്സിലാകയില്ല. നിന്റെ വാക്കുകളോർത്തു് എനിക്കു ചിരിവരുന്നു. അഖണ്ഡമായി അചലമായി ആനന്ദമയമായി, അപ്രമേയമായിരിക്കുന്ന ബ്രഹ്മത്തെവിട്ടു്, അഹങ്കാരശീലനായ വിഷ്ണുവിനെയാണോ നീ സ്തുതിക്കുന്നതു്. പരമാർത്ഥബോധമില്ലാത്തബാല! വിത്തോ മുമ്പായുള്ളതു വൃക്ഷമോ? അച്ഛനോ മുമ്പുള്ളതു മകനോ? സ്രഷ്ടാവോ മുമ്പായുള്ളവൻ സൃഷ്ടിക്കപ്പെട്ടവനോ?—പറക!

**കബീർ:**—ഹേ പക്കീരേ! പനങ്കാട്ടുനരി, ശലശലശബ്ദംകേട്ടു ഭയപ്പെട്ടുമോ? പതിവ്രതയായവൾ പകിട്ടുവാക്കുകളിലകപ്പെട്ടുമോ? വീരനായവൻ യുദ്ധത്തിൽ പിന്തിരിയുമോ? ഉത്തമരായ ധീരന്മാർ വിഷയാശയിൽ മഗ്നരാകുമോ? അതുപോലെ വായ്ജ്ഞാനം പുലമ്പുന്ന താങ്കളുടെ അന്തസ്സാരവിഹീനങ്ങളായ വാക്കുകളെ ഞാൻ വിചാരിക്കുമോ? രൂപത്തിൽ നിലയ്ക്കാത്ത മനസ്സ്, അരൂപത്തിൽ നിലയ്ക്കുമോ? ആകാശത്തിൽ ഏണിവച്ചുകയറുവാൻ സാധിക്കുമോ? വൃക്ഷമില്ലാതെ വിത്തെന്നൊരുവസ്തു ഉണ്ടാകുമോ? പുത്രൻ ജനിക്കാതെ, അച്ഛൻ എന്നൊരുപേരുണ്ടാകുമോ? സൃഷ്ടിയില്ലെങ്കിൽ സ്രഷ്ടാവെന്നൊരുനാമമുണ്ടോ? ഇല്ലതന്നെ. അതുകൊണ്ട്, അടിമയായ എനിക്കു ദൈവംതന്നെ സഹായം. താങ്കൾ അടിമയല്ലായ്കകൊണ്ടു താങ്കൾക്കു ദൈവമില്ല. നിശ്ചലവസ്തുവായ ബ്രഹ്മത്തെ ധ്യാനിച്ചാൽ, അതു ചലിക്കുമോ? മിണ്ടുമോ? സുഖംതരുമോ? ഗതിവില്ലാത്തവനു ദൈവമാണാശ്രയം. ദാസനു ആശ്രയം സ്വാമിയാണ്. അടിമയായവനു രക്ഷിതാവാണുസഹായം. ഭക്തനു രക്ഷ ഭഗവാനാണ്. നരനു നാരായണനാണുതുണ എന്നൊരുചൊല്ലുതന്നെയുണ്ട്. ഹേ പക്കീരേ! താങ്കൾ പറയുന്നതു് ആദിമൂലം ബ്രഹ്മമാകകൊണ്ടു് അതിനെ ധ്യാനിക്കണമെന്നല്ലേ? ആദിമൂലബ്രഹ്മത്തെ അയിരംവർഷം ധ്യാനിച്ച ഗജേന്ദ്രനു മോക്ഷംകൊടുത്തതാരാണ്. ഭഗവാനല്ലേ? അതോ പരബ്രഹ്മമോ? പ്രഹ്ലാദനെ സംരക്ഷിക്കുന്നതിനു നരസിംഹരൂപത്തിൽ തൂൺ പിളൎന്നുപുറത്തുചാടിയതു ഭഗവാനോ ബ്രഹ്മമോ? വസ്ത്രാക്ഷേപസമയത്തു, പാഞ്ചാലി നിലവിളിച്ചപ്പോൾ അവളെ രക്ഷിച്ചതു തുളസീധരനോ? വിശുദ്ധബ്രഹ്മമോ? ഹേ പക്കീരേ! നാരായണസ്വാമിതന്നെയാണു സർവ്വാശ്രയഭൂതൻ. അദ്ദേഹത്തെ ഭജിച്ചാൽ സർവ്വപാപങ്ങളും നശിച്ചു മോക്ഷംലഭിക്കും. എനിക്കു അദ്ദേഹമല്ലാതെ വേറെ ദൈവമില്ല. ശ്രീരാമനാമമല്ലാതെ മറെറാന്നും ഞാൻ ജപിക്കയില്ല. പ്രാണൻപോയാലും പതിവ്രത പരപുരുഷനിണങ്ങാത്തതുപോലെ, ഭക്തനായ ഞാൻ ഭഗവാനെയല്ലാതെ മറെറാരുദൈവത്തെയും സേവിക്കുന്നതിനു തുനിയുന്നതല്ല. ഹേ പക്കീരേ! താങ്കൾ വെറുതെ എത്രനേരമായ് പുളുപുളുപ്പുലമ്പുന്നു? ഞാൻ പറയുന്നതിനു തക്ക ഉത്തരം പറയുന്നതുമില്ല. അതുകൊണ്ട്, ഇനിയെങ്കിലും ഈ വൃഥാലാപം മതിയാക്കി വന്നവഴിയ്ക്കുപൊയ്ക്കൊൾക. അതാണുനന്ന്.

**പക്കീർ:**—ഹേ കബീരേ! അരൂപമായ പരബ്രഹ്മത്തെ ഉപാസിക്കശീലമായതുലുഷ്കവംശത്തിൽ പിറന്ന നീ, സഗുണോപാസനത്തിൽ മനസ്സുവച്ചു മഹമ്മദുമതത്തെ ഖണ്ഡിക്കുന്നതു് രാക്ഷസവംശത്തിൽ പിറന്ന വിഭീഷണൻ ദേവസ്വഭാവം കാണിച്ചതുപോലെയിരിക്കുന്നു.

**കബീർ:**—ഹേ! അങ്ങിനെയല്ല. വിഭീഷണനെപ്പോലെ പ്രവൎത്തിക്കുന്നതു താങ്കളാണ്. ഞാൻ പ്രഹ്ലാദനെപ്പോലെ പ്രവൎത്തിക്കുന്നു. താങ്കൾ വിഭീഷണനെപ്പോലെ സ്വന്തവംശത്തെ നശിപ്പിക്കും. നേരേമറിച്ച്, ഞാൻ എന്റെവംശത്തെ രക്ഷിക്കും.

**പക്കീർ:**—ശരി, നീ കുലത്തെ രക്ഷിക്കുന്നതു ശകുനിയെപ്പോലെയാണ്; അല്ലേ?

**കബീർ:**—ശകുനിയെപ്പോലെ കുലക്ഷയം നാശംചെയ്യുന്നതിനു കോപ്പുകൂട്ടി കാപ്പുംകെട്ടിയിരിക്കുന്നതു താങ്കളാണ്. ഞാൻ അപജയവും, കുററവും, അന്യായവും അപരാധവും വരാൻപോകുന്നവിധത്തെ ദൂരെനിന്നുപദേശിച്ചു വിദുരനെപ്പോലെ വംശരക്ഷചെയ്യുന്നവനാണ്.

**പക്കീർ:**—ബലേ, ബലേ! ഭേഷ്—വളരെസ്സന്തോഷം! നിന്റെ വാക്കുകൾ സാരപൂൎണ്ണങ്ങൾതന്നെ. ദുഷ്ടന്മാരെയും ഭ്രഷ്ടന്മാരെയും ശിക്ഷിക്കുന്നതിനു കാപ്പുകെട്ടിയിറങ്ങിയിരിക്കുന്ന എന്റെസാമർത്ഥ്യം ഇനി അല്പനേരത്തിനകം ഞാൻ നിന്നെക്കാ

ണിച്ചുതരാം. പമ്പരംപോലെ നിന്നെയൊന്നുവട്ടംതിരിക്കാതെ ഞാൻ അടങ്ങുന്നതല്ല. നന്നായി. സ്വല്പനേരംകഴിയട്ടെ. നിന്നെ ഈ ചൂരൽകൊണ്ടു കനക്കെത്തല്ലാതെയും, മുഴങ്കൈകൊണ്ടിടിക്കാതെയും, ശകാരിക്കാതെയും തലക്കിട്ടുകിഴുക്കാതെയും, വിട്ടുകളയുമെന്നാണോ? കണ്ടോ കാണണമെങ്കിൽ—ഭ്രാന്തക്കുട്ടി! ഇങ്ങനെ അധിക്ഷേപിച്ചുകൊണ്ടു പക്കീർ തിരിഞ്ഞു നടന്നുതുടങ്ങി. ഉടനെ,

കബീർ:—"ഹേ പക്കീരേ! ഭഗവൽഭക്തന്മാർ, ഭഗവാനുതുല്യന്മാർതന്നെയാണ്. താങ്കളെപ്പോലെ, വായാടി പക്കീരല്ലെന്നു ഓർത്തുകൊൾക—പോ പോ! വീഴ്വാക്കുകൾ ഇവിടെപ്പറയേണ്ടാ"

പക്കീർ:—എടാ കബീരേ! പോപോ! എന്നു എന്നെ അട്ടിഓടിക്കുന്നോ? ഞാൻ ഇപ്പോൾതന്നെ നിന്റെ അമ്മയോടു വിവരങ്ങളൊക്കെപ്പറവാൻപോകുന്നു. നീ മൂലാൽ വസ്ത്രത്തെ ദാനംചെയ്തതും, സ്വന്തമതത്തെ ദൂഷിച്ചതും, എല്ലാവരാലും വന്ദ്യനായ എന്നെ അധിക്ഷേപിച്ചതും, പറഞ്ഞുകൂട്ടിക്കൊണ്ടുവന്ന്, നിന്നെക്കണക്കിനുപ്രഹരിപ്പിക്കുന്നുണ്ട്. കണ്ടോളു—എന്നുപറഞ്ഞു കോപത്തോടെ തമാലിന്റെ വീട്ടിലേക്കു തിരിച്ചു.

കബീർ:—"എടാ, എന്തൊരുവിഷമമാണിതു്? ഇവൻ ഉപദ്രവംചെയ്യാനാണല്ലോഒരുക്കം. "ജാത്യാലുള്ളതു തൂത്താൽപോകുമോ"? എന്നുപറഞ്ഞപോലെയും, ജീവകാരുണ്യമില്ലാത്ത നീചന്മാർ ത്യാഗികളായാലും, അവരുടെ നീചത്വം കളകയില്ല എന്ന പഴഞ്ചൊല്ലുപോലെയും ഈ തുലുക്കൻ വളരെ ദുരിശത്തിൽ പോകുന്നല്ലോ. വസ്ത്രംകൊടുത്തുകളഞ്ഞകഥ അമ്മ അറിഞ്ഞാൽ ഒരുപക്ഷെ, എന്നെ ശകാരിക്കാതെയും അടിക്കാതെയും വിട്ടുകളയുമോ? ഒരിക്കലുമില്ല" എന്നിങ്ങനെ ഭയാകുലനായ കബീർ പക്കീരിന്റെ പുറകേ ഓട്ടമിട്ടുചെന്ന് കാലുപിടിച്ചു തൊഴുതുകൊണ്ടു്, എന്റെ അമ്മയോടു, ഇക്കഥപറഞ്ഞു് എന്നെക്കൊല്ലിക്കാതിരിക്കാൻ കരുണയുണ്ടാകണം എന്നു സങ്കടത്തോടെ അപേക്ഷിച്ചു. ഉടനെ,

പക്കീർ:—പോടാ പോ! ഇക്കഥ ഇപ്പോൾതന്നെ നിന്റെ അമ്മയോടു പോയിപ്പറഞ്ഞു നിന്നെത്തല്ലിക്കാതടങ്ങുന്നവനല്ല ഞാൻ. നിന്റെ ധിക്കാരം ഒരു നിമിഷംപോലും സഹിക്കാൻ ഞാൻ ശക്തനല്ല. എന്നുപറഞ്ഞിട്ടു വേഗത്തിൽ ഓടിക്കിതച്ചു ജിജ്ജാബീബിയുടെ സമീപത്തെത്തി. കബീർ മനോഭംഗത്തോടെ അവിടെനിന്നിങ്ങനെ ആലോചിച്ചു. കഷ്ടം! ഇതു പാമ്പിനു പാൽകൊടുത്തതുപോലെയായല്ലോ തേളിനെപ്പിടിച്ചു ലാളിച്ചാൽ അതു നാഴികക്കൊരുകൊട്ടുവീതം തരികതന്നെ ചെയ്യും. ഈയാൾക്കു ഞാൻ പട്ടുകൊടുത്തതു എനിക്കു ഉപദ്രവമായിത്തീർന്നു. കയ്യിൽ കിടന്ന കാശുകൊടുത്തു കടിക്കുന്ന പട്ടിയെ വാങ്ങിച്ചതുപോലെയും മലർന്നുകിടന്നു തുപ്പി നെഞ്ഞെല്ലാം എച്ചിലാക്കിയപോലെയുമായി. ഇനിയെന്താചെയ്ക. ഈ മഹാപാപി ഇപ്പോൾ ചെന്നുപറയും. അമ്മ വടിയുമായി വരികയും ചെയ്യും. ഇങ്ങനെ ഓരോന്നു വിചാരിച്ച് രക്ഷയ്ക്കൊരുമാർഗ്ഗവും കാണായ്കയാൽ വിഷമിച്ചു ഒരു പാഴ്‌വീട്ടിൽ കടന്നിരുന്നു ഭഗവദ്ധ്യാനം തുടങ്ങി. നാരായണ! ഈ ദുർഘടത്തിൽനിന്നു നീ എന്നെ രക്ഷിക്കണേ എന്നിങ്ങനെ നാരായണനാമങ്ങളും തുടരെ ജപിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കുമ്പോൾ, പക്കീർ, കബീർകൊടുത്ത തുണ്ടുവസ്ത്രവുംകയ്യിൽ വച്ചുകൊണ്ടു ജിജ്ജാബീബിയുടെ മുമ്പിൽചെന്ന്, "ഹേ ഭാഗ്യവതിയായഅമ്മേ! നിങ്ങളുടെ മകനായ കബീർ വിൽക്കാൻകൊണ്ടുപോയ ഈ വസ്ത്രം, മൂലാൽ ഒരു ബ്രാഹ്മണനെ വിളിച്ചുകൊടുക്കാൻ ഭാവിക്കുന്നതുകണ്ടു , എനിക്കുതരണമെന്നു ഞാനപേക്ഷിച്ചു. എന്നി

ട്ടു തരാതെ, രണ്ടായ്കീറി, ഒരുകീറെനിക്കും ഒരുകീറ്, ആ ബ്രാഹ്മണനുമായി ദാനംചെയ്തു. പകുതിവസ്ത്രം എനിക്കുവേണ്ടായെന്നു ഞാൻ പറഞ്ഞു. അതു സമ്മതിക്കാതെ, അവൻ ബലാൽ എന്നെപ്പിടിച്ചേല്പിച്ചിട്ടു് തൽക്ഷണം അവന്റെ അമ്മയുടെ അടുക്കൽചെന്നു ചോദിച്ചാൽ, ഇഷ്ടംപോലുള്ള വസ്ത്രം കിട്ടുമെന്നും, അവൻ പറഞ്ഞയച്ചതായിപ്പറയരുതെന്നും, അവൻകൂടി വന്നാൽ, വിളിച്ചുകൊണ്ടുവന്നതായി സംശയിക്കാൻ ഇടയുള്ളതിനാൽ, ഞാൻ മടങ്ങിച്ചെല്ലുന്നതുവരെ അവൻ അവിടെത്തന്നെയിരിക്കാമെന്നും പറഞ്ഞു അതാ അവിടെ ഒരു പാഴ്‌വീട്ടിൽകേറി, പതുങ്ങിയിരിക്കുന്നു. കൊച്ചുകുട്ടിയായിരുന്നിട്ടും അവൻ ഇത്ര ധർമ്മിഷ്ഠനാണെല്ലോ എന്നു ഞാൻ അത്ഭുതപ്പെട്ടു. "ഹേ ദാനശീലയായ അമ്മേ! എനിക്കു നല്ലതിൽ ഒരു വസ്ത്രം തന്നു്, എന്റെ ബുദ്ധിമുട്ടു തീർക്കണമേ" എന്നു പറഞ്ഞു.

ജിജ്ജാബീബി:—അട്ടെ വസ്ത്രംതരാം. കബീർ ഒളിച്ചിരിക്കുന്ന വീടേതാണു്? ഒന്നുകാണിച്ചുതരാമോ? വരണം.

പക്കീർ:—ഇപ്പോൾ കാണിച്ചുതരാം. അമ്മകൂടി വരണം എന്നുപറഞ്ഞു് കൂട്ടിക്കൊണ്ടു പോയി കബീർ ധ്യാനിച്ചുകൊണ്ടിരിക്കുന്ന പാഴ്‌വീട്ടിൽ ചെന്നു—"അതാ ഇരിക്കുന്നമ്മാ! അമ്മയെക്കണ്ടയുടനെ കണ്ണടച്ചുകളഞ്ഞു. എടാകള്ള! കൊച്ചുകുട്ടിയായിരുന്നിട്ടും ഇവനു ഇത്രത്തോളം കള്ളമുണ്ടല്ലോ. ഇനി ഒരുപക്ഷെ അമ്മയെക്കാണുമ്പോൾ, അവൻ ആ വഴിക്കു ഓടിപ്പോയ്ക്കളഞ്ഞെങ്കിലോ—അതുകൊണ്ടു ഞാൻ അങ്ങേവശംകൂടിവരാം അമ്മ ഇതിലെ അനങ്ങാതെചെന്നു് അവനെ പിടിച്ചുകൊള്ളണം!" എന്നുപദേശിച്ചിട്ടു പക്കീർമറുവശത്തെത്തിനിന്നുകൊണ്ടു—"എടാ കബീർ! ഇതാ നിന്റെ അമ്മ അടിക്കാൻ വരുന്നു. ഈവഴി ഓടിപ്പോയി രക്ഷപ്പെട്ടോളൂ—" എന്നു ബാലനോടു പറഞ്ഞു.

കബീർ കണ്ണുതുറന്നുനോക്കിയപ്പോൾ, കൈയിൽവടിയുമായി അടുത്തുവരുന്ന കോപാകുലയായ അമ്മയെക്കണ്ടു് ഭയപ്പെട്ടു്, പെട്ടന്നെഴുന്നേറ്റു്, പക്കീർ നിന്നവശത്തേക്കു ഓടി. പക്കീർ, ഉടനെ എത്തി അവന്റെ മുടിക്കുപിടിച്ചു് ഇതാ ഓടുന്നമ്മ! ഓടിവരുവിൻ! ഞാൻ പിടിച്ചിട്ടുണ്ടു; എന്നുറക്കെ വിളിച്ചു. കബീർ പേടിച്ചു് വിറച്ചുകൊണ്ടു്, കള്ളനു വിളക്കുപിടിക്കുന്നതുപോലെയുള്ള ഈ മുറ അത്രശരിയല്ല. ഇതാ അമ്മ അടുത്തു കഴിഞ്ഞു. വേഗം എന്നെ വിട്ടയയ്ക്കണേ" എന്നപേക്ഷിച്ചു.

പക്കീർ:—"നിന്നെ, ഈ പരുനത്തിൽ വിട്ടയക്കാനോ? കൊള്ളാം. അമ്മേ വേഗംവരണേ? ഇവൻ തപ്പിപ്പിഴയ്ക്കാൻ ശ്രമിക്കുന്നു" എന്നു വിളികൂട്ടി.

ജിജ്ജാബീബി, അടുത്തുചെന്നു കബീറുടെ കൈക്കുപിടിച്ചുകൊണ്ടു് "എടാ, കൊച്ചുകള്ള! ദുഷ്ടക്കുട്ടി! ഞാൻ വിൽക്കാൻ പറഞ്ഞയച്ച വസ്ത്രമെവിടെ? അതിനെ ദാനംചെയ്യാൻ നിന്നോടാരുപറഞ്ഞു" എന്നു ശാസിച്ചു് പ്രഹരംതുടങ്ങി. ഉടനേ, പക്കീർ—"അമ്മേ! കൊച്ചുകള്ളനെ, ഈ ചൂരൽകൊണ്ടടിപ്പിൻ!" എന്നുപറഞ്ഞു, കയ്യിൽ ഇരുന്ന ചൂരൽ നീട്ടി. ജിജ്ജാബീബി, അതുവാങ്ങി, പുറകോട്ടുമാറിനിന്നു്, നല്ലപോലെ ഓങ്ങി രണ്ടടികൊടുത്തു—സർവചരാചരങ്ങളേയും വേറല്ലാതെദർശിക്കത്തക്ക ജ്ഞാനദൃഷ്ടിയോടുകൂടിയ ശുകമഹർഷിയുടെ അവതാരമായ കബീർ, ചൂരൽ ഓങ്ങുന്നതുകണ്ടു പരിഭ്രമിച്ചു വിറച്ചു്, "ഹരേരാമ"—"ഹരേരാമ"—എന്നുറക്കെ വിളികൂട്ടി. അങ്ങനെ വിളിച്ചുകൊണ്ടു നിൽക്കുമ്പോൾ അടിച്ച ആ അടികൾ രണ്ടും, കബീറുടെ ദേഹത്തേൽക്കാതെ, മായാപക്കീർ വേഷം ധരിച്ചുനിന്ന ശ്രീനാരായണസ്വാമിയുടെ തിരുമെയ്യിൽ ഏറ്റു. ഘോരന്മാരായ അസുരന്മാരുടെ മഹായുധങ്ങൾ ഏററകാലത്തു ഉണ്ടാകാത്തഉഗ്രവേദന ആ അടികൾകൊണ്ടു ഭഗവാനുണ്ടായി. പെട്ടെന്നു മായാരൂപം ഉപേക്ഷിച്ചു്, "അപ്പനേ" എന്നും പറഞ്ഞു, കബീറെതൃക്കൈകളാൽ വാരിയെടുത്തുമാറോടണച്ചാശ്ലേഷിച്ചു

കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. ഭഗവന്മായാവിലാസത്താൽ ജിജ്ജാബീബിയുടെയും മനസ്സലിഞ്ഞു:—"ആഹാ! ഓമനേ! മകനേ! നിന്നെ ഞാൻ കോപംകൊണ്ടടിച്ചുപോയി—കഷ്ടം!" എന്നു മുറയിട്ടുകൊണ്ടു അവൾ ബാലനെ ഭഗവാന്റെ കൈകളിൽനിന്നും വാങ്ങി കണ്ണുനീർ തൂകിനിന്നു. പക്ഷിയായിനില്ക്കുന്ന അദ്ദേഹത്തെ അവൾ സൂക്ഷിച്ചുനോക്കിയപ്പോൾ, മനിമകുടകുണ്ഡലവലയശംഖചക്രതുളസീമാല്യധാരിയായി വിളങ്ങുന്ന ഭഗവാനെയാണ് മുന്നിൽ കണ്ടതു്. ആനന്ദപരിപ്ലുതയായ അവൾ നിശ്ചലയായിതന്നത്താൻ മറന്നുനിന്നുപോയി. ഭഗവാൻ ഉടനേ, അവളുടെ കൈയിൽനിന്നും കബീരെ വാങ്ങി, തന്റെ കൈയിൽവച്ചുകൊണ്ടു്, ഇങ്ങിനെ വിചാരിച്ചു. ഹാഹാ! പണ്ടു മഹാബലിയോടു യാചിക്കാൻ പോയി അവന്റെ വാതിൽ കാത്തുകിടന്ന കാലത്തും അനസൂയാദേവിയെ അർത്ഥിക്കാൻ പോയി അവളുടെ ചാരിത്രമഹിമയാൽ പുത്രനായിപ്പിറന്ന നാളിലും, മധുകൈടഭന്മാർ, ഹിരണ്യകശിപു, ഹിരണ്യാക്ഷൻ, രാവണൻ മുതലായവരോടു യുദ്ധംചെയ്തപ്പോഴും, ധർമ്മപുത്രരുടെ അശ്വമേധയാഗത്തിനു ദിഗ്വിജയത്തിനുപോയപ്പോൾ ധർമ്മധ്വജരാജന്റെ കീഴ്ത്തിൽകീഴമർത്തി ഞെക്കിയ കാലത്തും, ആയുധമെടുക്കാതെ അർജ്ജുനന്റെ തേർതെളിച്ച കാലത്തും ദന്തവക്ത്രൻ ഓടിച്ചപ്പോഴും ഇത്രത്തോളം സങ്കടം എനിക്കുണ്ടായില്ല. ഈ കബീരെ പരീക്ഷിക്കാൻപോന്നതുകൊണ്ടു, കിട്ടിയ രണ്ടടി സഹിക്കവയ്യാതെ, എന്റെ മായാരൂപത്തെ മാറേണ്ടിവന്നതാശ്ചര്യമായിരിക്കുന്നു. ജലന്ധരന്റെ രൂപമെടുത്തുപോയി വൃന്ദയുടെ അഴകുകണ്ടു് മോഹിച്ചു, സ്വന്തരൂപമെടുക്കേണ്ടിവന്നതുപോലല്ലയോ ഇവിടെയും സംഭവിച്ചതു്? ഹാഹാ! സാമർത്ഥ്യമേറിയ എന്റെ മായാരൂപത്തെ മാറ്റുന്നതിനു ശക്തിയുള്ള ഈ അടികളെ സഹിക്കുന്നതിനു കബീരാൽ സാധിക്കുമോ?"

ഇങ്ങനെ ചിന്താമഗ്നനായ ഭഗവാൻ, വാത്സല്യാതിശയത്താൽ, ഓമനക്കുട്ടി! നിന്റെ അമ്മയുടെ അടിസഹിക്കവയ്യാതെ നീ ദുഃഖിതനായി. ശ്രീരാമനാമത്തെ കീർത്തിച്ചു്, അഥവാ, എന്നെ വിളിച്ചുവിലപിച്ചു്, അടികൊള്ളാതെ തപ്പിപ്പിഴച്ചുവല്ലോ? എന്നോരോന്നു്, അരുളിച്ചെയ്തു കരുണാപരവശനായിനില്ക്കുമ്പോൾ, ജിജ്ജാബീബി, ഭഗവാന്റെ പാദങ്ങളിൽ നമസ്കരിച്ചു്, ആനന്ദബാഷ്പാകുലങ്ങളായ നേത്രങ്ങളോടുകൂടി "അല്ലയോ ഭഗവാനേ! നിന്തിരുവടിയുടെ ദർശനം ലഭിക്കുന്നതിനു എത്രയോ മഹാത്മാക്കൾ ഊണുമുറക്കവുമുപേക്ഷിച്ചു തപസ്സുചെയ്യുന്നു. അവൎക്കു നിന്തിരുവടി ദർശനംകൊടുക്കുന്നില്ല. അനേകം ആളുകൾ, നിഷ്കളങ്കഭക്തിയോടുകൂടി, ആശാപാശങ്ങളെല്ലാമറുത്തു്, കൃഛ്രങ്ങളായ വിവിധവ്രതങ്ങളനുഷ്ഠിച്ചുകൊണ്ടു്, ഭഗവൽപാദങ്ങളെ അന്വേഷിച്ചു തിരുനാമജപങ്ങളോടുകൂടിയിരിക്കുന്നുണ്ടു്. അവൎക്കുംദർശനംകൊടുക്കുന്നില്ല: ഹേ ഭഗവൻ! അങ്ങേ ഭക്തമണികളായ സാധുക്കളെ അന്വേഷിച്ചറിഞ്ഞുചെന്നു്, അവരോടു് ഉപദേശംവാങ്ങി, അവരുടെ പാദശുശ്രൂഷചെയ്തു്, അവർ ചൊല്ലിസ്തുതിക്കുന്ന ഭഗവൽ ചരിത്രങ്ങളെക്കേട്ടുകൊണ്ടു എത്രപുണ്യശാലികൾ ദിവസംനയിക്കുന്നു. അവൎക്കും നിന്തിരുവടിദർശനംകൊടുക്കുന്നില്ല. അല്ലയോ പുരുഷോത്തമ! പുണ്ഡരീകാക്ഷ! ഗൃഹസ്ഥാശ്രമത്തിലിരുന്നു് നിന്റെ ദർശനം ലഭിക്കാൻ പ്രയാസമെന്നുദ്ദേശിച്ചു് ലോകവ്യവഹാരങ്ങളിൽ നിന്നു നിവർത്തിച്ചു സർവസംഗപരിത്യാഗംചെയ്തു് മനസ്സേകാഗ്രമാക്കി തിരുനാമകീർത്തനങ്ങളാൽ അദ്വൈതാനന്ദരാമഭക്തിയോടുകൂടിയിരിക്കുന്ന പരിശുദ്ധന്മാർ പലരുണ്ടു്. അവൎക്കും നീ ദർശനംകൊടുക്കുന്നില്ല. മോഹനരൂപ! ദേവാധിദേവ! നാട്ടിലിരുന്നാൽ, ഉദ്ദേശസിദ്ധിവരികയില്ലെന്നു് നിശ്ചയിച്ചു് കാട്ടിൽപോയി ഇന്ദ്രിയഗ്രാമത്തെ നിയമിച്ചു് യോഗാസനസ്ഥിതരായി, ധ്യാനവേളയിൽ കോടിസൂര്യപ്രകാശത്തെക്കണ്ടു ശബ്ദനാദങ്ങളെയും കേട്ടു് അമൃതപാനത്താൽ ആനന്ദിച്ചു് ഇഷ്ടപ്രാപ്തിക്കു അപേക്ഷയോടുകൂടിയിരിക്കുന്ന യോഗീശ്വരന്മാൎക്കും അങ്ങു ദർശനംകൊടുക്കുന്നില്ല. ഭഗവൻ! ഭക്തവത്സല! ജ്ഞാനേന്ദ്രിയാദികളെ നിയമിച്ചു്, മനസ്സിനെ നിഗ്രഹിച്ചു് നിർവികല്പസമാധിയാൽ ജീവാത്മപരമാത്മാക്കളെ ഏകീകരിച്ചിരിക്കുന്ന ബ്രഹ്മജ്ഞാനികൾ ഭഗവദ്ദർശനത്തിനു അത്യാശയോടെ ധ്യാനനിഷ്ഠയെ സുദൃഢമാക്കിച്ചെയ്യുന്നുണ്ടു്. അവൎക്കും നിന്തിരു

വടി ദർശനം കൊടുക്കുന്നില്ല. അല്ലയോ ദേവാധിദേവ! ലോകരക്ഷ ചെയ്യുന്ന ദൈവം നീയല്ലേ? വേദാന്തസാരാർത്ഥമായ അഖണ്ഡബ്രഹ്മവും നീതന്നെയല്ലേ? ശ്രീമന്നാരായണസ്വാമി, ഭഗവാനായ നീയല്ലേ? മണികർണ്ണികയിൽവീണ കുണ്ഡലം നിന്തിരുവടിയുടേതല്ലേ? മെക്കാവിൽ ഇരിക്കുന്നതു നിന്തിരുവടിയുടെ തൃപ്പാദങ്ങളല്ലേ? മഹാബലിയുടെ ശിരസ്സിൽവച്ച തൃപ്പാദം ഇതുതന്നെയല്ലേ? മൂന്നുലോകവും മൂവടിയാക്കി അളന്ന പാദവും ഇതുതന്നെയല്ലേ? നിന്തിരുവടിയെ ദർശിക്കത്തക്ക ഭാഗ്യമെനിക്കെന്തോ? ഞാൻചെയ്ത സുകൃതമേതോ?—ഹാ! പരാൽപര! പരമേശ്വര! ജഗദീശ്വര! കരുണാകര! ശംഖചക്രായുധ! ദാമോദര! മനോഹര! പീതാംബര! തുളസീധര! വെങ്കിടേശ്വര! കമലനേത്ര! സദ്ഗുണപാത്ര! ദിവ്യഗാത്ര! രാവണസംഹാര! ദശരഥകുമാര! അഖണ്ഡഗംഭീര! നവനീതചോര! വിരാധിവീര! നിരഹംകാര! സുമംഗളാകര! യാദവവംശാംബര ഭാസ്കര! എന്നിങ്ങനെ പലതരം സ്തുതിവാക്യങ്ങളാൽ ഭഗവാനെ ആരാധിച്ചുനിൽക്കുമ്പോൾ, ഭഗവാൻ, കരുണാമൃതവർഷകമനീയമാംവണ്ണം കടാക്ഷിച്ചുകൊണ്ട് "അല്ലയോ ഭാഗ്യവതി! ഇപ്പോൾ നിന്നേ ഭയപ്പെട്ടോടി, രണ്ടടി എനിക്കായേററു വാങ്ങിത്തന്ന ഈ പുണ്യപുരുഷൻ ആരാണെന്നാണു വിചാരം! ഭക്തജനമണിമാലയിലെ നടുനായകമായും ജീവന്മുക്തന്മാരിൽ ഉത്തമോത്തമനായും, എന്റെ കണ്ണിലുണ്ണിയായും ആത്മസമനായും എന്നിൽനിന്ന് ഒരിക്കലും വേർപെട്ടിരിക്കാത്തവനായും മദേകധ്യാനനായും മരണരഹിതനായും ഇരിക്കുന്ന ശുകബ്രഹ്മർഷിസത്തമനാണെന്നോർത്തുകൊൾക. ഇതിനു തക്കതായ ഒരു ദൃക്സാക്ഷ്യം ആവശ്യമാണെങ്കിൽ, നീ കോപാകുലനായി ഉഴക്കോടെ അടിച്ച അടികൾ രണ്ടും നിന്റെ മകന്റെ മുതുകിൽ ഏററിട്ടുണ്ടോയെന്ന് നോക്കുക" എന്നരുളിച്ചെയ്തു.

ജിജാബീബി, വേഗംതന്നെ കബീരുടെ മുതുകു പരിശോധിച്ചുനോക്കി. അതിൽ യാതൊരടിയുടെ പാടും ഇല്ലെന്നു പറഞ്ഞു. ഭഗവാൻ ഉടൻതന്നെ, പുറംതിരിഞ്ഞു തന്റെ മുതുകു കാട്ടിക്കൊടുത്തു. അവൾ നോക്കിയപ്പോൾ, രണ്ടടികളുടെയും തിണർപ്പ്, വ്യക്തമായി കാണത്തക്കവണ്ണം കനത്തുകിടക്കുന്നതുകണ്ട്, ഭയതാപങ്ങളാൽ ശരീരം ആസകലം വിറച്ച്, ശബ്ദമിടറി, നെഞ്ചിലും തലയിലും തൊഴിച്ചലച്ചുകൊണ്ട് പരവശയായി വീണു. അനന്തരം ഭഗവാന്റെ തൃപ്പാദങ്ങളിൽ നമസ്കരിച്ചുവിലാപംതുടങ്ങി. "ഹാഹാ! ഭക്തവത്സലനായ ദേവ! ഈ പാപചെയ്ത അപരാധം ക്ഷമിക്കണമെ? ഹാഹാ! ഹിരണ്യാക്ഷൻ രാവണൻ മുതലായ മഹാശക്തദൈത്യന്മാരുടെ ഘോരായുധങ്ങൾപോലും ഏൽക്കാത്ത തിരുമേനിയിൽ ഈ പാപ അടിച്ച അടികൾ ഏററുവോ? ഹാ! വംശത്തോടെ ഞാൻ നശിച്ചുപോ? ഭഗവാനേ! പാദദാസിയായ ഇവൾ ഭഗവാനെ പ്രഹരിച്ചുവോ? ഇനി ഞാൻ എന്തിനു എങ്ങനെ ജീവിക്കുന്നു! ഹാഹാ! വൈകുണ്ഠനാഥ!" ഇങ്ങനെ വിലപിച്ച്, തലതറയിൽ അറഞ്ഞ്, മരിച്ചതുപോലെ ബോധംകെട്ടുകിടന്നുപോയി.

അല്ലയോ സിദ്ധന്മാരേ! ഇങ്ങനെ മൂർഛിതയായി വീണ ജിജാബീബിയെ ഭക്തവത്സലനായദേവൻ തൃക്കൈകളാൽ തലോടി മോഹാലസ്യം തീർത്തെഴുന്നേൽപ്പിച്ചു പറഞ്ഞു. "അല്ലയോ പുണ്യവതി! വെറുതേ നീ മരിക്കാൻ ഉദ്ദേശിച്ചതെന്ത്? നീ ഉത്തമസ്ത്രീയാണെന്നുദ്ദേശിച്ചല്ലയോ പരിശുദ്ധനായ എന്റെ ഭക്തനെ നിന്റെ പക്കൽ ഏല്പിച്ചത്? അവനെ വളർത്തുന്നതിനു നിന്റെ മുലയിൽ പാലുണ്ടാക്കിയതു ഞാൻകൊണ്ടല്ലേ? കബീറും ഞാനും ഭേദമില്ലെന്നുള്ള പരമാർത്ഥവും, അവനെ അടിച്ച അടി ഞാൻ മുതുകിൽ ഏററുവാങ്ങിയതുകൊണ്ടു വെളിപ്പെട്ടതിനില്ലേ? അവനുവേണ്ടി നിന്റെ ഭർത്താവിന്റെ തപസ്സു നഷ്ടമാക്കിയില്ലേ! ഏതുകൊണ്ട്, ഇന്നുമുതൽക്ക് ഇവനെ ഞാനാണെന്നുവിചാരിച്ച് സ്നേഹിച്ചു വളർത്തിക്കൊണ്ടാൽ, ഒടുവിൽ, നിങ്ങൾക്ക എന്റെ പദംലഭിക്കാറാകും. ജന്മാവൃത്തിയില്ലാതെ നിത്യസുഖമനുഭവിക്കാം"

അനന്തരം ഭഗവാൻ, കബീറെനോക്കി, "ഹേ! കബീർ സ്വാനന്ദപൂരിതനായ കബീർദാസ! നിന്റെ നിശ്ചലധ്യാനത്തെ ഭഞ്ജിച്ച്, ഓടിരക്ഷപ്പെടാൻ സ

മ്മതിക്കാതെ പിടിച്ചുനിർത്തി അടിപ്പിച്ചതിനു എൻ്റെമേൽ കോപിക്കയോ എന്നെ ശകാരിക്കയോ ചെയ്യരുതു്. സഹദേവനെപ്പോലെ ബന്ധിക്കയോ ഭൃഗുമഹർഷിയെപ്പോലെ ശപിക്കയോ അരുതു്. രാവണാദികളെപ്പോലെ ദ്വേഷിക്കാനും തുനിയരുതു്." എന്നിങ്ങനെ അപേക്ഷാപൂർവ്വമായി അരുളിച്ചെയ്ത കളിവാക്കുകൾകേട്ടു്, കബീർ ആനന്ദബാഷ്പംതൂകി, ദണ്ഡനമസ്കാരംചെയ്തു്, "ഭക്തിദാസനായ ഭഗവാനേ! എന്നെ അടിച്ചഅടികൾ തിരുമേനിയിൽ ഏററവു കഷ്ടമായിപ്പോയി. അതിൻ്റെ പാപം എൻ്റെ അമ്മയ്ക്കില്ലയോ? അതിൽഭേദം എൻ്റെ മുതുകിൽത്തന്നെ ഏൽക്കുന്നതായിരുന്നു. അഥവാ, നിന്തിരുവടിവിചാരിച്ചാൽ, അടിച്ച ചൂരൽത്തടി ഭസ്മമായിപ്പോകയില്ലായിരുന്നോ ഹാ ഹാ! അഗതിയായ ഈ ബാലനുവേണ്ടി, ഒരു സാധുപക്കീരുടെ വേഷം നിന്തിരുവടി കൈക്കൊണ്ടുവോ? ഒരു മനുഷ്യസ്ത്രീയുടെ പ്രഹരം മുതുകിൽ ഏററുകൊണ്ടുവോ? മായാരൂപംകൈവിട്ടു തൃക്കൈകളാൽ എന്നെ സ്പർശിച്ചുവോ? ഹാ! ഭഗവാനേ! പക്കീറായി വന്നതു ഭഗവാനാണെന്നറിയാതെ, ചെയ്ത അപരാധങ്ങൾ ക്ഷമിക്കണമേ! ഞാൻ കോപിച്ചതും അധിക്ഷേപിച്ചതും പ്രഹരിച്ചതും എല്ലാം, തപസ്സുപോലെകരുതി രക്ഷിക്കണമേ! ദേവദേവ! ഭക്തവത്സല! നിർജ്ജിതകാമ! ബ്രഹ്മജ്ഞഹൃദയാരാമ! കപടലീല! ദനുജകാല! കലുഷഹാര! കരുണാലോല! ഗോപാലബാല! ആകാശനീല! നീലാമണാള! ആകാശതുല്യ! നിർദ്ധൂതശല്യ! മായാതീത! സർവ്വഭൃത്! ഭൂതാത്മക! ഭുവനപാലക! നിന്തിരുവടി അടിയനോടു ഈ കീറവസ്ത്രം യാചിക്കത്തക്കതോ? ഹരിഹരി!" എന്നിങ്ങനെവിലാപാനന്ദസങ്കീർത്തനങ്ങളോടുകൂടി മേലും ഭഗവൽഭക്തിക്കൊഴിവില്ലാതിരിക്കുമാറനുഗ്രഹിക്കണമെന്നപേക്ഷിക്കുമ്പോൾ—

ഭഗവാൻ:—"കുഞ്ഞേ! നീ എന്നെ ഭജിക്കാതിരുന്നാലും, നിൻ്റെഛായപോലെ നിന്നെപ്പിരിയാതിരിക്കുന്ന എന്നെ, ബ്രഹ്മജ്ഞാനത്തിൽ ലയിക്കുമ്പോഴും നീ മറന്നുപോകാതെയിരിക്കണമെന്നാണ ഞാൻ അനുഗ്രഹിക്കുന്നതു്" എന്നരുളിച്ചെയ്തു. നിർഗ്ഗുണധ്യാനം പ്രധാനമാണെന്നുപദേശിച്ചശേഷം സഗുണധ്യാനത്തിൻ്റെ ആവശ്യത്തെ സൂചിപ്പിച്ചഭഗവാനെ വന്ദിച്ചു കബീർ പറഞ്ഞു. "സ്വാമിൻ! സ്വപ്നത്തിലും അടിയൻ നിന്തിരുവടിയെ മറക്കുമോ? അങ്ങേടെ തിരുനാമജപം കൈവെടിയുമോ? ബ്രഹ്മജ്ഞാനമോ ഭഗവദ്ധ്യാനമോ ശ്രേഷ്ഠമെന്നുള്ള പരമാർത്ഥം പറഞ്ഞുതന്നു്, അടിയനെ രക്ഷിച്ചാലും."

ഭഗവാൻ:—ഭക്തശിരോമണിയായ കബീർദാസ! ഇതേക്കുറിച്ചു ഞാനൊന്നും പറയുന്നില്ല. സർവ്വസമ്മതമായ വേദാന്തപുരാണങ്ങളിൽ ഭക്തി, വൈരാഗ്യം, ജ്ഞാനം ഈ മൂന്നിനേയും, അവരവരുടെമനഃപാകതയ്ക്കു തക്കവിധം അറിഞ്ഞനുഷ്ഠിച്ചുകൊള്ളണമെന്നാണ പറഞ്ഞിരിക്കുന്നതു്. കൂടാതെ, ദേഹാഭിമാനത്തോടുകൂടിയ സംസാരികൾ കർമ്മം ചെയ്യണമെന്നും പറയുന്നു.

ദേഹിയെന്നഭിമാനിക്കുന്നവൻ, അതായതു്, ജീവാത്മാവാണുതാൻ എന്നുവിചാരിക്കുന്നവൻ, ഭക്തിമാർഗ്ഗത്തെ സമാശ്രയിക്കണമെന്നും, പരമാത്മാവാണ താനെന്നുള്ള ബോധത്തോടുകൂടിയവൻ ബ്രഹ്മത്തോടേകീഭവിച്ചു് ഭേദസ്മരണകൂടാതെ, നിർവ്വികല്പസമാധി ശീലിച്ചു്, ഞാൻ നീയെന്നുള്ള ദ്വിവിധഭാവനകളെക്കടന്നു്, മോക്ഷദൃഷ്ടിയായിരിക്കണമെന്നും, പറയപ്പെട്ടിരിക്കുന്നു. പരമമായ ബ്രഹ്മജ്ഞാനത്തിനാലും അരൂപമായ നിർഗ്ഗുണധ്യാനത്തിനാലും, രൂപരഹിതനായി പരബ്രഹ്മസ്വരൂപനായിരിക്കുന്ന എന്നെപ്പൂജിച്ചു്, അഭയപദവിയായ കൈവല്യത്തെ ആശ്രയിച്ചു്, ജീവന്മുക്തരായി ജീവിച്ചു്, ഒടുവിൽ, വിദേഹകൈവല്യത്തെ പ്രാപിക്കുന്നു. ചിലർക്കുജ്ഞാനം സുലഭമായിരിക്കും; ചിലർക്കു ഭക്തിസുലഭമായിരിക്കും പക്ഷേ, അനേകജന്മങ്ങളിൽ എന്നെപ്പൂജിച്ചവർക്കേ ജ്ഞാനലബ്ധിയുണ്ടാകൂ. ആനന്ദമാത്രമായിരിക്കുന്ന മൌനനിഷ്ഠയിലിരിക്കുക അത്രയ്ക്കു സാധ്യമല്ല. മൂന്നുലോകം മുഴുക്കെ അന്വേഷിച്ചാലും, ജ്ഞാനികളെ കണ്ടുമുട്ടുക വളരെ ദുർല്ലഭമാണു്. കർമ്മം, ഭക്തി, ജ്ഞാനം ഇവമൂന്നും പിഞ്ചുകായ്, വിളഞ്ഞകായ്, പഴുത്തകായ് ഇവകളോടു സാമ്യപ്പെടുത്താം. നിഷ്കാമമായി, സൽകർമ്മങ്ങളാലെന്നെ സന്തുഷ്ടനാക്കി,

ഭക്തിയാലെൻറ അനുഗ്രഹം വഹിച്ച്, ആ അനുഗ്രഹത്താൽ, അതിസൂക്ഷ്മരൂപനായ എന്നെ അന്തരംഗത്തിലുള്ള ജ്ഞാനദൃഷ്ടിയാൽ ദർശിച്ച്, സന്ദേഹങ്ങളെല്ലാംനിവർത്തിച്ച ശേഷം നിർഗ്ഗുണധ്യാനനായി, ആനന്ദസാഗരത്തിൽ മുഴുകി സത്യജ്ഞാനാനന്ദ ചിന്മാത്രത്തിൽ ലയിച്ച് തന്നെയും ദിഗ്ദേശാദികളെയും വിസ്മരിച്ച്, അത്യന്തജ്ഞാനനിഷ്ഠനായി ഭവിക്കണം. അല്ലാതെ, വാചാജ്ഞാനത്താൽമാത്രം അഹം ബ്രഹ്മമെന്നുള്ള ഭാവത്തെ നടിച്ച് ദേഹാത്മാഭിമാനത്തോടുകൂടി കർമ്മവും ഭക്തിയും ബ്രഹ്മാനന്ദലബ്ധിയുമില്ലാതെഭ്രഷ്ടന്മാരായി അനന്തജന്മങ്ങളെടുത്തുഴലുന്ന അജ്ഞാനികൾക്ക്, എൻറ അനുഗ്രഹം ബ്രഹ്മകല്പങ്ങളിലും ലഭിക്കയില്ല. മുൻപറഞ്ഞ മൂന്നെണ്ണത്തിനും ജീവകാരുണ്യ പ്രഥമമാണാശ്രയം. "അഹിംസാ പരമോധർമ്മഃ" എന്നുവേദത്തിൽ പറഞ്ഞിരിക്കുന്നു. തന്നെപ്പോലെ മറ്റുള്ളവരെയും, ദർശിക്കുന്ന തപസ്സാണ്, അത്യന്തം ശ്രേഷ്ഠമായ ധനം. സമഭാവനയുള്ളവർ എന്നെഅന്തർമ്മുഖത്തിൽ നിർഗ്ഗുണരൂപത്തിലും ബഹിർമ്മുഖത്തിൽ സഗുണരൂപത്തിലും ദർശിക്കുന്നു. മാംസചക്ഷുസ്സിന്നു സരൂപമായും ജ്ഞാനദൃഷ്ടിക്കു അരൂപമായും തോന്നപ്പെട്ട് അഖണ്ഡാകാരത്തെ പ്രദാനംചെയ്യുന്നതു ഞാൻതന്നെയാണ്. ജ്ഞാനദൃഷ്ടി പ്രകാശിക്കുന്ന അജ്ഞാനികളായാലും, ഭക്തിപൂർവ്വം എന്നെ ധ്യാനിച്ചാൽ അവർക്ക ദർശനംകൊടുത്തു്, നിത്യാനന്ദസമ്പത്തു ഞാൻ കൊടുക്കുന്നു. എന്നെ ഭജിക്കുന്നവർ, പെരുവഴിയിൽ കിടന്നാലും ഞാൻ അവരുടെ സമീപത്തുണ്ട്. ഭക്തിമാർഗ്ഗം പിഴയ്ക്കാതെ സേവിക്കുന്നവരെ കുഞ്ഞുങ്ങളെ തള്ളയെന്നപോലെ ഞാൻ സൂക്ഷിച്ചു രക്ഷിക്കുന്നു. വൈരാഗ്യമായ യോഗമാർഗ്ഗത്തിലിരിക്കുന്നവരെ, പലവിധത്തിൽ പരീക്ഷിച്ചു സ്നേഹപൂർവ്വം വർത്തിക്കുന്നു. ജ്ഞാനമാർഗ്ഗത്തിലിരിക്കുന്നവരെഎനിക്കുതുല്യമായിഞാൻകരുതുന്നു. ഭക്തിമാർഗ്ഗത്തിലിരിക്കുന്നവർ കുട്ടികളെപ്പോലെയാണ്. വൈരാഗ്യപ്രധാനമായയോഗമാർഗ്ഗത്തിലിരിക്കുന്നവർ, യൌവനയുക്തന്മാരെപ്പോലെയാണു. ജ്ഞാനമാർഗ്ഗത്തിൽ ഇരിക്കുന്നവർ, വൃദ്ധന്മാരെപ്പോലെ ശാന്തന്മാരുമത്രേ ബാലന്മാർക്കും വൃദ്ധന്മാർക്കുംഞാനെന്നഭാവം കുറഞ്ഞിരിക്കുന്നതുപോലെ, ഭക്തന്മാർക്കും ജ്ഞാനികൾക്കും അഹംഭാവം കുറവായിരിക്കും. വൈരാഗ്യശീലന്മാരായി ഹഠയോഗങ്ങളിൽ സ്ഥിതിചെയ്യുന്നവർക്ക അഹംഭാവം വർദ്ധിച്ചിരിക്കും. അതുകൊണ്ടാണു അവരെ ഞാൻ അധികവും പരീക്ഷിക്കുന്നതു്. ഭക്തന്മാർ, എന്നെത്തന്നെ വിശ്വസിച്ചു്, എല്ലാക്കാര്യത്തിലും ഭഗവാനേ തുണയെന്നു്, അഹംഭാവത്തോടുകൂടാതെ, എപ്പോഴും എന്നെത്തന്നെ കീർത്തിച്ചു ദിവസം കഴിക്കുന്നു. ജ്ഞാനികൾ, പ്രാരബ്ധകർമ്മാധീനമായ സ്വശരീരത്തിന്നു സൗഖ്യംവന്നാലും ദുഃഖംവന്നാലും സന്തോഷമോ സന്താപമോ ഉണ്ടാകാതെ, വരേണ്ടപോലെ വരുമെന്നു സമാധാനിച്ചു്, മൌനനിഷ്ഠയോടുകൂടി ഒന്നിലും അഭിമാനമില്ലാതെ സച്ചിദാനന്ദബ്രഹ്മത്തിൽ ലയിച്ചിരിക്കുന്നു. ഭക്തന്മാർക്ക മുഖ്യം കരുണയും, സിദ്ധന്മാരായ യോഗികൾക്കു മുഖ്യം വൈരാഗ്യവും, മുക്തന്മാർക്ക മുഖ്യം മൌനവുമാകുന്നു. കരുണയില്ലാത്ത ഭക്തിയുംവൈരാഗ്യമില്ലാത്ത യോഗവും ശാന്തിയില്ലാത്ത ജ്ഞാനവും നിഷ്ഫലമെന്നുപറയപ്പെടുന്നു. ഞാനെന്ന അഹംകാരവും എൻറതെന്ന മമതയും ജീവഹിംസയാണെന്നുപറയാം. അതു്, ശുഭത്തെ, ഒടുക്കിൽ പുണ്യത്തെ നശിപ്പിക്കുന്നു. അനഹങ്കാരവും നൈരാശ്യവും അഹിംസയാകുന്നു. അതുകൊണ്ടു്, കർമ്മം, ഭക്തി, ജ്ഞാനം, ഈ മൂന്നിൽ ഏതിന്മേൽ ഇച്ഛയോ അതിനെ, സ്ഥിരമായി ആശ്രയിച്ചുകൊള്ളണം. കുട്ടിയായ നിനക്ക്, ദാസ്യപ്രധാനമായ ഭക്തിമാർഗ്ഗം ലഭിക്കത്തക്കവണ്ണം വേഗത്തിൽ സകലശാസ്ത്രപാരംഗതനായ ഒരാചാര്യവര്യനെ തേടിക്കണ്ടുപിടിച്ചു് പരമാത്മബോധയായ് ഭവിച്ചാലും!" എന്നരുളിച്ചെയ്തശേഷം ഭഗവാൻ അന്തർദ്ധാനംചെയ്തു.

കബീർ തള്ളയെപ്പിരിഞ്ഞ കന്നുംകുട്ടിയെപ്പോലെയും കണ്ണിൻെറ കാഴ്ച നഷ്ടപ്പെട്ട കുരുടനെപ്പോലെയും സദാചാരകവചത്തിനു ഭംഗംവന്ന സാധ്വിയെപ്പോലെയും, വ്യസനിച്ചു് അല്ലയോ ഭഗവാനേ! എനിക്കു ശരിക്കു ഒരുമാർഗ്ഗംപറഞ്ഞുതരാതെ മറഞ്ഞുകളയുളിയോ? ഞാൻ സംശയനിവൃത്തനാകാതെ ഇരിക്കട്ടെയോ? ഒരാചാര്യനെ അന്വേഷിക്കട്ടെയോ? ഭഗവാനോടല്ലാതെ മറെറാരാളോടു ഉപദേശംവാങ്ങിക്കാൻ ഞാൻപോകണമെ

ന്നാണോ കല്പിച്ചതു്? ഇത്ര കഠിനമെക്കെ നിന്തിരുവടിക്കു ചെയ്യാമോ? ശത്രുവിനെപ്പോലെ, എന്നെത്തള്ളാമോ? അഹഹാ! പരമധാമൻ, തുളസീരാമ! പരശുരാമാ! ബലരാമാ! സഹസ്രനാമൻ പുരുഷോത്തമ! പുണ്യപൂരുഷ! പുണ്ഡരീകനയന! ശേഷശയന!" എന്നിങ്ങനെ വിലാപസ്തോത്രം ചെയ്തു് ധാരധാരയായി കണ്ണുനീരൊഴുക്കിക്കരയുമ്പോൾ ജിജ്ജാബീബി, ഭഗവാനെ സ്തുതിച്ചുകൊണ്ടു് കബീരെ മാർവ്വോടണച്ചാശ്ലേഷംചെയ്തു. "പ്രിയപുത്ര! നിന്റെ മഹിമയറിയാതെ നിന്നെ ഞാൻ അടിച്ചുപോയി. നിന്റെ ധ്യാനനിഷ്ഠയ്ക്കു ഭംഗംചെയ്തു. കോപത്തിനധീനയായി ഹാ കഷ്ടം! അഹഹാ! ഭക്തോത്തമ! നീ കാരണമാണല്ലോ എനിക്കു ഭഗവദ്ദർശനം ലഭിച്ചതു്. മോക്ഷസാധനമായ അദ്ദേഹത്തിന്റെ തൃപ്പാദങ്ങൾ സ്പർശിക്കാനും അതുമൂലമാണല്ലോ സംഗതിയായതു. ദിവ്യനായ നിന്നെ ഉപചരിക്കാനും പിന്നീടു എനിക്കു ഭാഗ്യമുണ്ടായി. എല്ലാംകൊണ്ടും ഞാൻ ധന്യധന്യയായി ഭവിച്ചു് ബ്രഹ്മജ്ഞാനവും ലഭിച്ചു" എന്നിങ്ങനെ പലപലധന്യവാദങ്ങളോടുകൂടി, കബീരെയുംകൂട്ടിക്കൊണ്ടു വേഗത്തിൽ നടന്നു വീട്ടിൽചെന്നു്, തമാലിനോടു സകലവൃത്താന്തങ്ങളും പറഞ്ഞുകേൾപ്പിച്ചു. കബീരിന്റെമഹിമയും ഭഗവാനെ ദർശിക്കാൻ ഇടയായ അപൂർവ്വഭാഗ്യവും ഭഗവാനുമായി നടന്നസംഭാഷണത്തിന്റെ ചുരുക്കവും വിവരിച്ചു് ഭർത്താവിന്റെ മനസ്സിനെ ലയിപ്പിച്ചു കണ്ണുനീർ തൂകിക്കൊണ്ടു ജിജ്ജാബീബി നിൽക്കുമ്പോൾ,

തമാൽ:—"പ്രിയതമേ! ഭാഗ്യനിലയേ! നീ ഭഗവാനെക്കണ്ടുവോ? ആനന്ദമൂർച്ഛകൊണ്ടുവോ? അതിനുതക്കവണ്ണം നീ ചെയ്ത സുകൃതമെന്തു്? ഞാൻ ചെയ്ത ദുഷ്കൃതമേതു്? നീ ആചരിച്ച ആചാരമേതു്? ഞാൻ അനാചരിച്ച അനാചാരമേതു്? നീ ചെയ്ത തപസ്സേതു്? ഞാൻ ചെയ്ത വീഴ്ചയേതു്? എന്നിങ്ങനെ പലപല പരിദേവനങ്ങളോടുകൂടി, കബീരെനോക്കിപ്പറഞ്ഞു. "മകനെ! നിന്റെ അമ്മയ്ക്കും നിനക്കും ദർശനം തന്ന ഭഗവാൻ എനിക്കു ദർശനം തരികയില്ലയോ? നീ അപേക്ഷിച്ചാൽ അദ്ദേഹം വരികയില്ലയോ? ഹാ ഹാ! അദ്ദേഹത്തിന്റെ തിരുമെയ്ദർശനംലഭിച്ചെങ്കിൽ, എന്റെ സകലപാപങ്ങളും ഭസ്മമായ്പോകയില്ലയോ? അജ്ഞാനം നീങ്ങുകില്ലയോ? പരമാർത്ഥജ്ഞാനം ഉദിക്കയില്ലയോ? ഹാ കഷ്ടം! എനിക്കുമാത്രം ആ തിരുമെയ്കാണ്മാൻ ഭാഗ്യമുണ്ടായില്ലല്ലോ. അത്ര പാപിയാണല്ലോ ഞാൻ; നരകഗാമിയാണല്ലോ. എന്റെഭഗവാനേ! ഞാനെന്തൊരപരാധംചെയ്തു? വാസുദേവ! ദേവദേവ! ആദിദേവ മഹാനുഭാവ! മാധവ! രാഘവ! യാദവ! കേശവ!"

ഇങ്ങനെ ഭഗവൽസ്തുതികൾ ചെയ്തശേഷം, കബീരിനെ അടുത്തുപിടിച്ചാശ്ലേഷിച്ചു്, പുത്രനെന്നുള്ളഭാവം പരിത്യജിച്ചു് ഭഗവാനിവിശേഷമായി ഭാവിച്ചു സൂക്ഷിച്ചു വളൎത്തിവന്നു. ജിജ്ജാബീബിയും ശ്രീനാരായണസ്വാമിയെന്നതന്നെ മകനെ കരുതി പൂജിച്ചുപചരിച്ചു.

---

## അഞ്ചാം അദ്ധ്യായം.

---

(കബീർദാസൻ രാമാനന്ദസ്വാമികളുടെ വേലക്കാരാൽ അടിക്കപ്പെട്ടതു്.)

അല്ലയോ സിദ്ധന്മാരിൽ തമാലും ജിജ്ജാബീബിയും, ഇപ്രകാരം, കബീരിനെജീവനെപ്പോലെ കരുതി, സൂക്ഷിച്ചുവളർത്തിവരുന്നകാലത്തു്, ഒരുദിവസം, കബീർദാസൻ, ആചാര്യമുഖത്തുനിന്നു പരമാർത്ഥം ഗ്രഹിച്ചുകൊള്ളണമെന്നു ഭഗവാനരുളിച്ചെയ്തതനുസരിച്ചു്, ഓരോന്നു ആലോചിക്കാൻ തുടങ്ങി. അതായതു് "ഈ ഭൂമിയിൽ ഭർത്താവി

ല്ലാത്ത യുവതി നിന്ദ്യയാകുന്നു. അതുപോലെ ദൈവനമസ്കാരംചെയ്യാത്ത ശിരസ്സുംതിലകം തൊടാത്തനെററിയും തെളിവില്ലാത്ത ബുദ്ധിയും കരുണയില്ലാത്ത ഭക്തിയും മനസ്സിലില്ലാത്ത ശുദ്ധിയും ജീവകാരുണ്യമില്ലാത്തതപസ്സും ധ്യാനമില്ലാത്ത ജപവും നദിയില്ലാത്ത പ്രദേശവും രാജാവില്ലാത്ത രാജ്യവും, ജ്ഞാനമില്ലാത്ത വിദ്യയും, മാനമില്ലാത്ത സമ്പത്തും ഭക്തിയില്ലാത്തപൂജയും ധനത്തിലുള്ള അത്യാശയും കലഹമുള്ള ഭോജനവും വിശുദ്ധന്മാരില്ലാത്തനാടും നീതിയില്ലാത്ത രാജത്വവും നിഴലില്ലാത്ത അരയാലുംപ്രിയമില്ലാത്ത മോഹവുംപിണിപിടിച്ചദേഹവുംദാനംചെയ്യാത്തകൈയുംശാന്തന്മാരെനമസ്കരിക്കാത്ത മെയ്യും, വെള്ളമില്ലാത്ത കുളവും ഗുണദോഷചിന്തചെയ്യാത്ത നിശ്ചയവും പർവ്വതത്തിൽ പെയ്യുന്ന മഴയും ഭർത്താവിനെ വഞ്ചിക്കുന്ന സ്ത്രീയും, വ്യഭിചാരദോഷമുള്ള കുലാംഗനയും വീട്ടിൽ അടങ്ങി നിൽക്കാത്ത സ്ത്രീയും ഒരിക്കലും തീരാത്ത സംശയവുംഎളിയോരെ ഉപദ്രവിക്കുന്ന ശക്തിയും ആശകളെ പരിത്യജിക്കാത്ത സന്ന്യാസവും മനസ്സില്ലാത്ത ദാനവും തപസ്സില്ലാത്ത യോഗവും ദുഷ്ടധനംകൊണ്ടുള്ള ജീവിതവും ഗുരുവിനെ മനുഷ്യത്വേന ഭാവിപ്പതും ദുഷ്ടന്മാർചെയ്യുന്ന സൽകർമ്മവും, ഗുരൂപദേശമില്ലാത്ത ജന്മവും നിന്ദ്യമാണെന്നുള്ളതിൽ സംശയമില്ല. അതിനാൽ ഗുരൂപദേശമില്ലെങ്കിൽ ഞാനും നിന്ദ്യൻതന്നെ. ഹാ! ദേവദേവ! എന്റെ സംശയങ്ങൾ ഏതുകാലത്തുതീരും. ബ്രഹ്മാനന്ദം ഏതുകാലത്തുണ്ടാകും."

ഇങ്ങനെ വിചാരിച്ചുകൊണ്ടു്, സന്ദേഹനിവൃത്തി വരുത്തത്തക്കൊരാചാര്യനെ അന്വേഷിച്ചു പുറപ്പെട്ടു. കാശിദേശംമുഴുവൻ ചുററിനടന്നിട്ടും, ഉത്തമനായ ഒരാചാര്യനെക്കണ്ടു കിട്ടാഞ്ഞു കബീർ വിഷമിച്ചു. ഒടുവിൽ രാമാനന്ദസ്വാമികളുടെ മഹിമയെക്കുറിച്ചു കേൾപ്പാനിടയായി. വിശുദ്ധനും വിശിഷ്ടനുമായ ഉത്തമാചാര്യനാണദ്ദേഹമെന്നു പലരും പറഞ്ഞറിഞ്ഞപ്പോൾ അദ്ദേഹത്തെത്തന്നെ ഗുരുവായ്വരിക്കാമെന്നു കബീർ നിശ്ചയിച്ചു. വന്ദ്യനാണെന്നു തോന്നുകയാൽ അദ്ദേഹത്തിന്റെ പാദങ്ങളെ ധ്യാനിച്ചുകൊണ്ടു കബീർ കാണ്മാനായിത്തിരിച്ചു. അനവധിശിഷ്യന്മാരാൽ സേവിതനും തുളസീമാല്യധാരനും ഭക്തജനരക്ഷണവിചക്ഷണനും അഹിംസാവ്രതത്തെസവിശേഷം ആചരിക്കുന്നവനും ബ്രഹ്മധ്യാനനിഷ്ഠനും ആശ്രിതവത്സലനും അഹംകാരാഭിമാനാദികളെയും വിഷയേച്ഛയേയും ഉപേക്ഷിച്ചു് മനോമണ്ഡപത്തിൽ ജ്ഞാനക്കൊടിയെസ്ഥാപിച്ചവനും അജ്ഞാനം ഒരിക്കലും അടുക്കാതവണ്ണം അകററിയ ഹൃദയത്തെ പരിശുദ്ധമാക്കിയവനുംദുഷ്ടന്മാരെ വർജ്ജിച്ചിരിക്കുന്നവനുംതത്വമസ്യാദിമഹാവാക്യാർത്ഥബോധത്താൽവേദാന്തരഹസ്യങ്ങളെല്ലാംധരിച്ചവനുമായിപ്രശോഭിച്ചിരുന്ന രാമാനന്ദസ്വാമികളുടെ മഠത്തിൽചെന്നു് അദ്ദേഹത്തെ സേവിച്ചു് ഉപദേശംവാങ്ങിക്കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടി അവിടെച്ചെന്നുചേർന്നു. പടിവാതുക്കൽ എത്തിയപ്പോൾ ഉള്ളിൽ കടപ്പാൻ പഴുതില്ലാതവണ്ണം ഭൃത്യജനംതിക്കിത്തിരക്കിക്കിടക്കുന്നതു കണ്ടു് കബീർ അസ്വസ്ഥനായി ഭവിച്ചു. കുറച്ചിരുന്നുകഴിഞ്ഞു പോകുംപോഴേക്കു ജനക്കൂട്ടം ഒഴിയുമെന്നു നിശ്ചയിച്ചു് അവിടെയിരുന്നു. വൈകുന്നതുവരെയിരുന്നിട്ടും അതൊഴിഞ്ഞു കിട്ടായ്കയാൽ പരിതാപത്തോടുകൂടി അടുത്തദിവസം അതിരാവിലെ വന്നു കണ്ടുകൊള്ളാമെന്നുറച്ചുകൊണ്ടു മടങ്ങി വീട്ടിലേക്കുപോയി. പിറേറദിവസം നാലഞ്ചുനാഴിക വെളുപ്പാനുള്ളപ്പോൾ തന്നെ എഴുനേററു് വേലക്കാർ വന്നു തുടങ്ങുംമുമ്പേ ഉള്ളിൽ കടന്നു സ്വാമിയെക്കാണാമെന്നു തീർച്ചപ്പെടുത്തി നടന്നു. വെളിച്ചമാകാൻ കുറച്ചുള്ളപ്പോൾ തന്നെ ചെന്നു്, മഠത്തിനുള്ളിൽ കടന്നു.

അപ്പോൾ, രാമാനന്ദസ്വാമിയുടെ പരിചാരകന്മാരായ ബ്രാഹ്മണർ കബീരെക്കണ്ടു്,—"എടാതുലുക്കപ്പയലേ! നീ രാത്രിയിൽ ഇവിടെ എന്തിനുവന്നു? മോഷ്ടിക്കാനോ? ഞങ്ങൾ ഉണർന്നിരിക്കുന്നതുകണ്ടാണോ നിനക്കു വേദന. ഇവിടെശക്തന്മാരായ കാവൽക്കാരല്ലാതെ കൺകുരുടന്മാരാരുമില്ല. കുട്ടിയായതുകൊണ്ടു നിന്നെ ഇപ്പോൾ ഞങ്ങൾ ഉപദ്രവിക്കുന്നില്ല." എന്നുപറഞ്ഞുധിക്കരിച്ചു.

കബീർ:—ഹേ ബ്രാഹ്മണോത്തമന്മാരെ! ഉള്ളിൽ കടക്കുന്നതിനുമുമ്പു്, കഥയറിയാതെ നിങ്ങൾ യുദ്ധത്തിനു വന്നാലോ? ശാന്തഗുണപ്രധാനന്മാരായ വേദാന്തികളല്ലേ നിങ്ങൾ! നിങ്ങൾക്കു ഇങ്ങനെ കോപമുണ്ടാകാമോ? സ്നേഹിച്ചു വരുന്നവരെ ദ്രോഹിക്കയാണോ വേണ്ടതു്! ശാന്തന്മാരേ! നിങ്ങൾ ക്ഷമയോടെ എന്റെ വാക്കുകൾ കേൾപ്പിൻ" എന്നിങ്ങനെ വിനയപൂർവം, അപേക്ഷിച്ചു വന്ദിച്ചുനിന്നു. ഉടനെ ബ്രാഹ്മണൻ:—എടാമൂഢ മൂഢ! വെളിക്കിറങ്ങിപ്പോടാ! നിന്റെകഥയില്ലാക്കഥയൊന്നും ഇവിടെ നടക്കുകില്ല. അകത്തോട്ടു വിടുകയുമില്ല പൊയ്ക്കോ.....കഷ്ടം! നീചനായ നിന്നെയാണല്ലോ ഇന്നു കാഴ്ചകണ്ടതു്. മറ്റുള്ളവരെയും കാഴ്ചകാണിക്കാൻ നിൽക്കാതെ വേഗം വെളിക്കിറങ്ങു. വെറുതെനിന്നു വെറും വഴക്കാടി! ഞങ്ങളെ വിഷമിപ്പിക്കരുതേ! കിണററുതവളക്കു നാട്ടുകാര്യം അന്വേഷിച്ചിട്ടു കാര്യമെന്തു്? തപസ്വിനിക്കു രാജകാര്യമന്വേഷിച്ചിട്ടു എന്തുകാര്യം? അതുപോലെ, സംഗപരിത്യാഗികളായ സാധുക്കൾക്കു യുദ്ധകാര്യവിചാരമെന്തു്? വ്യഭിചരിക്കുന്ന വ്യാജഭക്തിയെന്തു്? ദുഷ്ടന്മാർക്കു ബുദ്ധിക്കൂർമ്മതയെന്തു് അതുപോലെജീവഹിംസതന്നെ വ്രതമായിക്കരുതിപ്പോരുന്ന തുലുഷ്കവംശത്തിൽ പിറന്ന നിനക്കു്, അത്രകാര്യമായി സംസാരിക്കാനെന്തുള്ളു? അഥവാ, ജീവകാരുണ്യമുള്ള ബ്രാഹ്മണരുടെയിടയിൽ നിനക്കെന്തുകാര്യം? വേലക്കാർ വരാറായിരിക്കുന്നു. നീ വന്നിട്ടും വളരെ നേരമായി. ഇനിയും നിന്നു ഉപദ്രവമുണ്ടാക്കരുതു. വെറുതെ എന്തിനാപകടത്തിൽച്ചാടുന്നു? പൊയ്ക്കോ!ഇങ്ങനെ കോപിച്ചു പറഞ്ഞ ബ്രാഹ്മണനെനോക്കി, കബീർ; ഹേ ബ്രാഹ്മണോത്തമന്മാരെ! നിങ്ങൾക്കു നമസ്കാരം! നിങ്ങളുടെ കരുണയല്ലാതെ അടിയനു മററാശ്രയമില്ല. നിങ്ങൾ വൃഥാ കോപിക്കയും ശകാരിക്കയും ചെയ്യരുതേ—അടിയൻ കള്ളനാണെന്നും പരമാനന്ദചിത്തവൃത്തികളായ രാമാനന്ദസ്വാമിഗുരുപാദരുടെമുതൽ മോഷ്ടിക്കാനാണ വന്നതെന്നും പുണ്യപുരുഷന്മാരായ നിങ്ങൾ പറഞ്ഞു കേൾപ്പിച്ചുവല്ലോ, അങ്ങിനെ എവിടെയെങ്കിലും, അടിയൻകളവുചെയ്തതായി ആരെങ്കിലും പറഞ്ഞുകേട്ടിട്ടുണ്ടോ? ബ്രാഹ്മണരായ നിങ്ങൾക്കു അസത്യവാക്കു പറയാമോ? ഒരു സമസ്യസ്ഥനായ എന്നെ ഇങ്ങനെ അകാരണമായി വിഷമിപ്പിക്കാമോ? അംഗഹീനതയും കുലഹീനതയും ഇരിക്കട്ടെ. ഗുണഗണങ്ങളെ വിചാരിക്കാതെ ഗുണവാനെന്നും, അപരാധിയെന്നും നിർണ്ണയിക്കാമോ? ഈ നീതികൾ പരമാത്ഥവേദികളായ നിങ്ങളോടു ഞാൻ പറയണമെന്നില്ലല്ലോ. ഞാൻ പറയുന്നതിൽ വല്ല തെറ്റുണ്ടെങ്കിൽ അതുപറഞ്ഞു തരണം:—വലിയവർകൾ എന്തുപറഞ്ഞാലും ചെറിയവൻ ക്ഷമിക്കണമെന്നുള്ള ന്യായത്തെ, ഞാൻ അനുവർത്തിക്കുന്നു—ഞാൻ വളരെനാളായി തിരുവടിദർശിക്കണമെന്നാഗ്രഹിച്ചിരിക്കയാണു്. അതിൻപ്രകാരം ഇന്നലെക്കാലത്തേ ഞാൻ വന്നു. ഭൃത്യജനങ്ങളുടെ തിക്കുകാരണം വാതുക്കൽ പഴുതില്ലെന്നു കണ്ടു വൈകുന്നതുവരെ കാത്തിരുന്നു. ഒടുവിൽ ഭഗ്നാശനായി മടങ്ങി പോകയാണുണ്ടായതു്. ഇന്നും അതുപോലെ വരരുതെന്നു കരുതി കാലേക്കൂട്ടി എഴുന്നേററു വന്നിവിടെക്കടന്നതാണു്. കടന്നുനോക്കിയതിൽ സ്വാമിയെക്കാണാഞ്ഞു വേദനപ്പെട്ടു നിൽക്കുമ്പൊഴാണു നിങ്ങളെ കണ്ടതു്. അതുകൊണ്ടു്, നിങ്ങളെല്ലാവരുമായി സദയം എനിക്കൊരുസഹായം ചെയ്യണമേ, സ്വാമിയെ ദർശിക്കാൻ അവസരമുണ്ടാക്കിത്തരണം—അങ്ങനെ ചെയ്താൽ നിങ്ങൾക്കു അനല്പമായ സുകൃതമുണ്ടു്" എന്നൊക്കെ വളരെ വേദനയോടും വണക്കത്തോടും കബീർ അപേക്ഷിച്ചു.

അതുകേട്ടു്, ബ്രാഹ്മണർ, കൈകൊട്ടിച്ചിരിച്ചു അപഹസിച്ചു പറഞ്ഞു എടാ മൂഢപ്പയലേ! കാലില്ലാത്തവനു് മരക്കൊമ്പിലെത്തിനോക്കാൻ സാധിക്കുമോ? കൊന്നത്തെങ്ങിലെ തേങ്ങയിൽ തൊടുവാൻ ഭൂമിയിൽ നിന്നു കൈപൊക്കിയാൽ സാധിക്കുമോ? കുറുക്കൻ കുട്ടി സിംഹത്തിന്റെ ദർശനം ഇച്ഛിക്കാമോ? വിശുദ്ധമായി സമ്പാദിക്കപ്പെട്ട മുതൽ കള്ളന്മാരാൽ അപഹരിക്കപ്പെടുമോ? അതുപോലെനിന്റെ കഥകളൊന്നും സ്വാ

മിയുടെ മുമ്പാകെ വിസ്തരിക്കത്തക്കവയല്ല. സ്വാമികളുടെ ദർശനം നിനക്കുലഭിക്കാൻ തീരെ യോഗ്യതയുമില്ല. നീയെവിടെ? സ്വാമികളെവിടെ? മഹാവിശുദ്ധന്മാരും, ശിക്ഷിതന്മാരായ വിദ്വാന്മാരും, പലർ, സ്വാമിയെ ദർശിക്കുന്നതിനു പലനാൾ കാത്തിരുന്ന്, ഇപ്പോൾ ലഭിക്കും ദർശനം ഇപ്പോൾ ലഭിക്കും എന്നിങ്ങനെ ആഗ്രഹിച്ചിട്ടും സാധിച്ചില്ല. നീ ലജ്ജയില്ലാതെ, സ്വാമിയെ ദർശിക്കാൻ വന്നല്ലോ എന്നാണു ഞങ്ങൾക്കു വിചാരം. അദ്ദേഹത്തെ ദർശിക്കാൻ നീയാരാണ്? നിന്നെ നോക്കിയാൽ ഒരു ഒട്ടച്ചാൺ വരുമോയെന്നു സംശയം!—എന്നിട്ട് പോവാക്കുകൾ പുലമ്പാൻ നീ വന്നിരിക്കുന്നു! ഞങ്ങളെക്കണ്ടപ്പോൾ വല്ലാതെ ലജ്ജിച്ചു വഷളിച്ചു. ഛേ ഛേ! നീ ഇവിടെ നിൽക്കേണ്ടാ—ക്ഷണം ഓടിപ്പോയ്ക്കോ നല്ലതിന്—" എന്നു പറഞ്ഞു പ്രഹരിപ്പാനായി അടുത്തു.

കബീർ—ഹാ പരിശുദ്ധപ്രകൃതികളായ വേദിയന്മാരേ! നിങ്ങളുടെ കൈകൾകൊണ്ടടി കൊള്ളത്തക്കഭാഗ്യം ഞാനെന്താണാവോ ചെയ്തതു്? തപസ്സേതാണ് ചരിച്ചതു്? ഹാ! നിങ്ങളുടെ തൃക്കൈകൾകൊണ്ടു അടി ഏൽക്കാൻ എത്രമാത്രം പുണ്യം ചെയ്യണം? അല്ലയോ സ്വാമികളെ മഹാവിഷ്ണുവിന്റെ ദർശനം സർവ്വദാ ലഭിച്ചുകൊണ്ടിരിക്കുന്ന ദ്വാരപാലന്മാരെപ്പോലെയും പരമശിവന്റെ ദർശനം സിദ്ധിച്ചിരിക്കുന്ന നന്ദികേശനെപ്പോലെയും ശിവസന്തോഷം, ശ്രീമദ്ഗുരുസ്വാമികളുടെ ദർശനത്താൽ മുക്തന്മാരായി, കോപലോഭതാപശോകാദിരഹിതന്മാരായി ബ്രഹ്മാനന്ദാനുഭൂതിയോടുകൂടി വിളങ്ങുന്ന പൂജ്യന്മാരേ! ഗുരുസ്വാമികളുടെ തൃക്കാൽകണ്ടു നമസ്കരിച്ചു കൃതാർത്ഥനാകാമെന്നുദ്ദേശിച്ചു വന്നിരിക്കുന്ന അഗതിയായ ഈ ബാലന്റെ ആഗ്രഹം സാധിപ്പിച്ചുതന്നതിനുശേഷം, നിങ്ങളുടെ വിശുദ്ധകരങ്ങളാൽ എന്നെ താഡിച്ചയക്കുന്നതിനു കരുണയുണ്ടാകണേ" എന്നപേക്ഷയോടുകൂടി അവരുടെ പാദങ്ങളിൽ വീണു നമസ്കരിച്ചു.

ബ്രാഹ്മണർ:—എടാ മൂഢ! സ്വാമിയെ ദർശിച്ചാൽ നിനക്കെന്തുകിട്ടാൻ പോകുന്നു? വല്ല പ്രയോജനവുമുണ്ടോ? നിങ്ങൾതമ്മിൽ യാഗഭൂമിയും ചുടലക്കളവും തമ്മിലുള്ള അന്തരമില്ലേ? നീചനായ നീ പരിശുദ്ധമായ അദ്ദേഹത്തിന്റെ ദർശനം ലഭിക്കണമെന്നു പ്രാർത്ഥിക്കാൻ കാരണമെന്തു്? എന്തുപറഞ്ഞിട്ടും അടങ്ങാതെ വഴക്കിടുന്നതുമെന്തു്?—നിന്റെ അഭിപ്രായം വെളിപ്പെടുത്തിപ്പറക.

കബീർ:—വേദിയന്മാരേ! അടിയൻ സ്വാമികളോടു ഉപദേശംവാങ്ങി ബ്രഹ്മേശ്വരഭേദസംബന്ധമായ സംശയനിവൃത്തി വരുത്തണമെന്നാഗ്രഹിച്ചു വന്നിരിക്കുന്നവനാണ്. അതിനാൽ, നിങ്ങളുടെ കരുണയുണ്ടായി, വിവരംസ്വാമിയെ ഗ്രഹിപ്പിച്ച്, നിരാശ്രയനായ ഈ ബാലന്റെ ഇഷ്ടപൂർത്തി വരുത്തി അനുഗ്രഹിപ്പാറാകണം" എന്നുപറഞ്ഞു സാഷ്ടാംഗപ്രണാമം ചെയ്തു.

ബ്രാഹ്മണർ:—എടാ തുലുക്കക്കുട്ടീ! നിന്റെ ഈ ആഗ്രഹം, കർമ്മി മോക്ഷത്തേയും ദരിദ്രൻ രാജഭോഗത്തേയും ആഗ്രഹിക്കുന്നതുപോലെയിരിക്കുന്നു. മ്ലേച്ഛൻ ബ്രാഹ്മണ്യമിച്ഛിക്കുന്ന മുറയല്ലേ ഇതു്? എടാ! പശുവിനെക്കൊല്ലുന്ന മ്ലേച്ഛ! നിനക്കു സ്വാമികൾ ഉപദേശം തരുമോ? നിന്റെ അജ്ഞാനം നീക്കുമോ? അദ്ദേഹം സ്വയം ഭ്രഷ്ടനാകാനൊരുങ്ങുമോ? എടാ ബുദ്ധികെട്ട തുലുക്കാ! ഐശ്വര്യവാന്മാരായ രാജാക്കന്മാരും, വേദശാസ്ത്രപാരംഗതന്മാരായ വിദ്വാന്മാരും ത്യാഗികളായ സന്ന്യാസിമാരും, ധർമ്മിഷ്ഠരായ സുകൃതികളും, യോഗികളായ സിദ്ധന്മാരും, മുക്തന്മാരായ മുനിമാരും, സ്വാമികളോടു ഉപദേശം വാങ്ങണമെന്നു് ആഗ്രഹിച്ചു്, വളരെനാളായി ശ്രമിച്ചിട്ടും, അവരുടെ അഭീഷ്ടസിദ്ധി വരുത്തിക്കൊടുക്കാത്ത പൂജ്യപാദർ, ഒട്ടച്ചാൺ വളരാത്ത ഒരു തുലുക്കക്കുട്ടിക്കു ഉപദേശം തരുമോ? ഒരുനാളുമില്ല. ഇതാ ഭൃത്യന്മാർ വന്നു കഴിഞ്ഞു. ഇനി, ഇവിടെ നിൽക്കേണ്ടാ—ഒരു പക്ഷേ നീ അവരെ തൊട്ടു അശുദ്ധപ്പെടുത്താൻ ഇടവന്നേക്കാം—തൊട്ടാൽപിന്നെ, നിന്നെ വെറുതേവിടുമെന്നും വിചാരിക്കേണ്ട—നീ വേഗം വെളിക്കു പൊയ്ക്കോ—അതാണു നന്ന്—" എന്നു ധൃതി കൂട്ടി. കബീർ, അതുകേട്ടു്,—"ധന്യന്മാരേ! കോപമടക്കി, എന്നിൽ ദയ

ചെയ്യണേ!—ഭൃത്യന്മാർ വന്നാലെന്താണു? അവരെത്തൊടാതെ, ഞാൻ ഒരു ഭാഗത്തേക്കുമാറിനിന്ന് സ്വാമികളെ ദർശിച്ചു പൊയ്ക്കൊള്ളാം" എന്നുപറഞ്ഞു്, ഒരു വശത്തേക്കു ഒഴിഞ്ഞുനിന്നു.

ബ്രാഹ്മണർ, അതുകണ്ടു കോപിഷ്ഠന്മാരായി "ഭ്രഷ്ടപ്പുലയേ! ദൂരെ മാറിപ്പോകാൻ പറഞ്ഞാൽ വകവയ്ക്കാതെ അവിടെ തന്നെ നിൽക്കുന്നോ? നിന്നെത്തൊട്ടുപോയെങ്കിൽ മുങ്ങിക്കുളിച്ചു വിധിപ്രകാരമുള്ള പ്രായശ്ചിത്തങ്ങളും ചെയ്യണം. പറയുന്നതു കേൾക്കുക! ജാതാന്ധനനന്ന്. ഇനിയും കേട്ടില്ലെങ്കിൽ അടികൊള്ളും" എന്നുപറഞ്ഞു്, ഒരുകോൽകൊണ്ടു തള്ളിത്തുടങ്ങി. ഉടനേ,

കബീർ:—"ഹേ ബ്രാഹ്മണ സത്തമന്മാരേ! നിങ്ങൾ മാടിനെ ഓടിക്കുന്നതുപോലെ, മനുഷ്യനായ എന്നെ ഓടിക്കുന്നതിനു തുടങ്ങുന്നോ? എന്നെ ഉപദ്രവിക്കുന്നോ? ഭൃത്യവർഗ്ഗത്തെ തൊടാതെ, ഞാനിതാ ഒരു വശംമാറി യൊഴിഞ്ഞുനിൽക്കുകയാണ്. ഒരുവേള, എന്നെത്തൊട്ടുപോയാലും തരക്കേടുവരാനെന്തുള്ളു. ഞാനും കുളിച്ചു ശുദ്ധനായി വന്നിരിക്കയാണ്. ഈമാതിരി അക്രമം ചെയ്യുന്നതു നിങ്ങൾക്കുചേർന്നതല്ല. എന്നല്ല, സ്വാമികളുടെ മഠം എല്ലാവർക്കും പൊതുപ്പെട്ട സ്ഥലമല്ലോ:—നിങ്ങൾക്കുമാത്രമല്ല ഇവിടെ സ്വാതന്ത്ര്യം!—നിങ്ങൾക്കു എന്റെ അടുക്കൽ വരുന്നതു കുറവാണെങ്കിൽ നിങ്ങളുടെ വീട്ടിൽ പോയിരിപ്പിൻ. നിങ്ങൾ ചെയ്ത സഹായം മതിമതി" ഇങ്ങനെ പറഞ്ഞുകൊണ്ടു ഒരുമൂലയിൽ ഒഴിഞ്ഞു മാറിനിന്നു.

അതുകേട്ട്, ബ്രാഹ്മണർ അത്യന്തംകോപത്തോടേ കബീറിനെ അധിക്ഷേപിച്ചിട്ടു "എടാമൂർഖനായ നായേ, നീ ഇതു ധിക്കാരം പറയാറായോടാ? "നല്ലതിനൊരു ചൊല്ല്—നല്ലെരുതിനൊരുതല്ല്" എന്നപഴമൊഴി നീ കേട്ടിട്ടില്ലയോ? ഞങ്ങളുടെ മാഹാത്മ്യം നിനക്കറിഞ്ഞുകൂടയോ? വായ്കൊണ്ടു ഉരമ്പി നടത്തിയാൽ പോകാത്ത മാടിനെ കമ്പുകൊണ്ടു തട്ടിനടത്തണം. അതുകൊണ്ടും പോകാഞ്ഞാൽ, നല്ല അടി അടിച്ചു നടത്തണം. അതുപോലെ, മാട്ടിനെക്കാൾ താഴ്ന്നപോത്തിനു സമനായ നിന്നെ വാക്കുകൊണ്ടു പറഞ്ഞിട്ടും കമ്പുകൊണ്ടു കുത്തീട്ടും പോകുന്നില്ല—കള്ളനു ഗുരു കയ്യ്കള്ളൻതന്നെ എന്നുപറഞ്ഞതുപോലെ വെട്ടുന്നപോത്തിനു വേദമോതിയാലോ? വകതിരിവില്ലാത്ത നിന്നോടു മര്യാദപറഞ്ഞാൽ ഫലമുണ്ടോ? നല്ലപ്രഹരം തന്നെ തരണം" എന്നുപറഞ്ഞു കൊണ്ട്, വടിയുമായി കബീറിനോടടുത്തു. കബീർ, വടിപിടിച്ചു പറിച്ചുകൊണ്ടു;—"ഹേ ജീവകാരുണ്യമില്ലാത്ത ദുഷ്ടന്മാരേ! പരമാർത്ഥജ്ഞാനമില്ലാത്ത പാമരന്മാരേ! നന്മതിന്മകളറിയാത്ത അജ്ഞന്മാരേ! കഥയില്ലാതെ പുലമ്പുന്നവിടുവായന്മാരേ! നിങ്ങളാണോ ബ്രാഹ്മണർ! തേളിന് അധികാരം കൊടുത്താൽ നാഴികതോറും അതു കൊട്ടും. പാമ്പിനു പാൽകൊടുത്താൽ കൊടുക്കുന്ന കൈക്കുതന്നെ കടിക്കും—അതുപോലെയാണു നിങ്ങളുടെ പ്രവൃത്തിയും. ദുഷ്ടന്മാരെ ശിക്ഷിക്കാമെന്നു വേദവിധിയുണ്ട്. അതനുസരിച്ചു്, ഈ വടികൊണ്ടു നിങ്ങളെയെല്ലാവരെയും അടിച്ചു കൊല്ലുന്നുണ്ട്. ആദിത്യന്റെ വരവിനെ, അറിയിക്കുന്ന പ്രാതഃസന്ധ്യയെ വന്ദിക്കുന്നതുപോലെ, സ്വാമികളുടെ പരിചാരകന്മാരാണെന്നു വിചാരിച്ചാണു ഞാൻ ബഹുമാനപൂർവം ഉപചരിച്ചതു്. പക്ഷേ നിങ്ങൾ കാണിച്ചതു്, വലിയ അക്രമമായിപ്പോയി" ഇങ്ങനെ അനുനയവാക്യങ്ങൾ പറഞ്ഞശേഷം, വടി തെരുവിലേക്കു എറിഞ്ഞുകളഞ്ഞു. എന്നിട്ട്, സ്വാമികളിരിക്കുന്ന ദിക്കുനോക്കി നമസ്കരിച്ചു് അനുഗ്രഹത്തിന്റെ വരവും പ്രതീക്ഷിച്ചു കൊണ്ടുനിന്നു. ബ്രാഹ്മണർ കോപിച്ചു്, കബീറിന്റെ മേൽചാടിവീണു്, തന്നത്താൻ മറന്നു്, അവനെക്കടിക്കാനും, അള്ളിക്കീറാനും, അടിക്കാനുംഇടിക്കാനും തുടങ്ങി. ഇടയ്ക്കിടെ അധിക്ഷേപവാക്കുകൾ പറകയും, അവയവങ്ങൾപിടിച്ചു ഞെക്കിഞെക്കി ഞെരിച്ചു കശക്കുകയും ഒടുവിൽ ദേഹമാസകലം രക്തമണിഞ്ഞുതളർന്നു വിവശനായ അവനെ ഓട്ടിപ്പുറത്താക്കുകയും ചെയ്തു.

ഇങ്ങനെ അകാരണമായി ഉപദ്രവിച്ചു്, ഓട്ടിപ്പുറത്താക്കുകകൊണ്ടുഭഗ്നഹൃദയനായകബീർ, ഓരോന്നുവിചാരിച്ചുകൊണ്ടിരുന്നു. കഷ്ടം! ദുഷ്ടന്മാർ യോഗ്യന്മാരാണെന്നുവച്ചു്

അകത്തു ചെന്നു കടന്നതുകൊണ്ടു്, അവരുടെ അടിയുമിടിയും കൊള്ളാനിടയായി. ബാലനായ എനിക്കു്, ഇനി, സ്വാമിദർശനം ലഭിക്കാൻസാദ്ധ്യമാകുമെന്നു തോന്നുന്നില്ല.

ചന്ദനദ്രുമങ്ങളിൽസർപ്പങ്ങൾചേർന്നുകൂടും
ചാരുവാംനീരാഴിയിൽനക്രങ്ങൾചെന്നുകൂടും
നല്ലവേശ്യാസ്ത്രീകളിൽമൂർഖന്മാർചെന്നുകൂടും
നല്ലരാജാക്കന്മാരിൽദുർമ്മന്ത്രിചേർന്നുകൂടും."

എന്നു പണ്ടാരോ പറഞ്ഞതുപോലെ, വിശിഷ്ടനായ ഈ പരമഗുരുവിന്റെ മാഹാത്മ്യങ്ങൾക്കു അനുഭവപ്പെടാതെയിരിക്കുന്നതിനു കണ്ടകാദികളായ കുറേ ഭൃത്യന്മാർകടന്നുകൂടീട്ടുണ്ടു്. അതുകുറവല്ല. കുറവോ കുററമോഇല്ലാത്ത യാതൊന്നുംലോകത്തു കാണുകില്ല. അതാണു പ്രകൃതിയുടെ നിയമം."

അങ്ങനെനിൽക്കുമ്പോൾ ഭൃത്യന്മാർ കൂട്ടംകൂട്ടമായി അകത്തേക്കുകടക്കുന്നതു കണ്ടു്, അവരെത്തൊഴുതു്, അടുത്തുകൂടി. ബ്രാഹ്മണരറിയാതെ ഒരുവിധത്തിൽ അവരോടൊന്നിച്ചു മഠത്തിൽപ്രവേശിച്ചു, സ്വാമികളുടെസങ്കീർത്തനങ്ങളും പാടി, അദ്ദേഹത്തിന്റെ വരവും പ്രതീക്ഷിച്ചുകൊണ്ടു്, ഒരു മൂലയിൽ ഒഴിഞ്ഞുനിന്നു. അക്കഥഎങ്ങനെയോമനസ്സിലാക്കിയ ബ്രാഹ്മണർ,സഹിക്കവയ്യാത്ത രോഷത്തോടെ ഓടിയടുത്തുചെന്നു് കബീരിനെപ്പിടികൂടി ദേഹോപദ്രവങ്ങൾതുടങ്ങി. "എടാധൂമകേതു! നീ ഞങ്ങൾക്കൊരു ശനിതന്നെയോടാ? വെളിക്കുതള്ളിവിട്ടാൽ ഒളിച്ചുകേറിവരുന്നോ? ദുഷ്ട!" എന്നലറിക്കൊണ്ടു് ഇളന്തളിരിൽ തീക്കനൽപോലെ, എന്നല്ല, ഇളമാനിൽ ബ്രഹ്മാസ്ത്രംപോലെയും, അവനെ മർദ്ദിച്ചുതള്ളിവെളിയിലാക്കി വിട്ടിട്ടു്, സമർത്ഥന്മാരെന്നപോലെ ഞെളിഞ്ഞുകേറിമഠത്തിൽ പോരുകയും ചെയ്തു

ദുസ്സഹമായ വേദനകൊണ്ടു്, കബീർ സ്വാമികളെച്ചൊല്ലി നിലവിളിക്കേണ്ടിവന്നു. "ഹാ! സദ്ഗുരുസ്വാമികളേ! സത്യജ്ഞാനനിഷ്ഠയുള്ള ഗുരുപാദങ്ങളേ! രക്ഷിക്കണേ രക്ഷിക്കണേ! തിരുവടിയെ സന്ദർശിക്കാനായിഈ മഠത്തിൽ കടന്നുവന്ന എന്നെ ഇതാ ഈ ദുഷ്ടബ്രാഹ്മണർ അടിച്ചുകൊല്ലുന്നേ—" ഇങ്ങനെ വാവിട്ടുറനിലവിളിച്ചതു കേട്ട രാമാനന്ദസ്വാമികൾ, ഉടനേ വെളിയിലോടിവന്നു കബീരിനെനോക്കി, വേദനയോടെ "അയ്യോ! ഈ ചെറിയകുട്ടിയെ രക്തംഒലിപ്പിക്കത്തക്കവണ്ണം ദേഹോപദ്രവം ചെയ്തതാര്?" എന്നുചോദിച്ചുകൊണ്ടു കോപത്തോടെ പരിചാരകന്മാരെ നോക്കി.

ബ്രാഹ്മണർ, ഭയാകുലന്മാരായി അദ്ദേഹത്തെത്തൊഴുതുപറഞ്ഞു—"സ്വാമിൻ! ക്ഷമിക്കണേ! ഇവൻ മ്ലേച്ഛവംശത്തിൽപിറന്ന തുലുക്കക്കുട്ടിയാണു്. അഹങ്കാരിയും കള്ളനും, അധികപ്രസംഗിയും ശവിഷ്ഠനുമാണുതാനും—പശുവെ അറുത്തുതിന്നുകൊണ്ടു്, അള്ളാ! അള്ളാ! എന്നു വിളിച്ചു്, ഹരിഹരാദികളായ ദേവന്മാരെ ദുഷിച്ചുകൊണ്ടുനടക്കുന്നഈ നീചൻ, സ്വാമികളോടു ഉപദേശംവാങ്ങാനാണുപോലും വന്നതു്. ഉപദേശംകൊടുക്കാൻ ഒരു ഗുരുനാഥനില്ലാഞ്ഞു്, അവൻ വിഷമിക്കുന്നുപോലും:—ഞങ്ങൾ സ്വാമിതൃപ്പാദങ്ങളുടെ മഹിമയെക്കുറിച്ചും നീചനായഅവനു സ്വാമി ഉപദേശംകൊടുക്കയില്ലെന്നും ധരിപ്പിച്ചു വെളിയിൽ പോകാൻ പറഞ്ഞിട്ടും, കേൾക്കാതെ, കുളിച്ചു വിശുദ്ധന്മാരായിനിന്ന ഞങ്ങളെത്തൊട്ടുമുറിച്ചു്, മര്യാദകെട്ട പല അധിക്ഷേപവാക്കുകളുംപറഞ്ഞു ഈ മഠം പൊതുസ്വത്തല്ലയോ? നിങ്ങൾക്കുസ്വന്തമാണോ? എനിക്കുംനിങ്ങൾക്കുംഇവിടെ ഒരുപോലെയാണുസ്വാതന്ത്ര്യം" എന്നുംമററും അവൻകുറേകടന്നനിലയിൽ സംസാരിക്കുന്നതുകേട്ടപ്പോൾ ഞങ്ങൾക്കുകോപംഉണ്ടായി അവനെ ശകാരിച്ചടിച്ചു് പിടിച്ചു വെളിയിലാക്കിയതാണു്. തിരുവടിക്കിഷ്ടമുണ്ടെങ്കിൽ ദുഷ്ടനായ ഈ ഭ്രഷ്ടനെ, ശിഷ്യനായി അനുഗ്രഹിച്ചു്, ഉപദേശംകൊടുത്താലും.

രാമാനന്ദസ്വാമികൾക്കു ഇതുകേട്ടപ്പോൾ അല്പമായ കോപവും അനല്പമായ അത്ഭുതവും ഉണ്ടായി. "പശുവിനെക്കൊല്ലുന്ന ഈ ദുഷ്ടനാണോ ഞാൻ ഉപദേശം കൊടുക്കേണ്ടതു് നല്ല കാര്യംതന്നെ. മനഃപാകതയുള്ളവർക്കല്ലാതെ ഉപദേശംകൊടുക്കരുതെന്നാണു ശാസ്ത്രസിദ്ധാന്തം. അജ്ഞാനികൾക്കു ഉപദേശംചെയ്താൽ, ചെയ്യുന്ന ആചാര്യ

ന്നാ ഉപദേശം വാങ്ങുന്ന ശിഷ്യനും ഒരുപോലെ നരകം പ്രാപിക്കുന്നു. വിശേഷിച്ചും ഗോമാംസം ഭക്ഷിക്കുന്നവനു ഏതുവിധത്തിലായാലും സദ്ഗതി ലഭിക്കുമോ? മന്ത്രമെന്നതും ഉപദേശമെന്നതും വെറും നേരംപോക്കോ അനുഗ്രഹം വാങ്ങുന്നവൻ, ഇഹാമുത്രഭോഗവിരാഗം അനിച്ഛ, ഭേദജ്ഞാനം, സർവ്വസംഗപരിത്യാഗം, ആചാര്യലാഭേച്ഛ, അഷ്ടൈശ്വര്യയോഗസിദ്ധി, ശാന്തി, സാത്വികത്വം, തമോഗുണരാഹിത്യം, ഇതുകളോടു കൂടിയിരിക്കണം. ആ ഗുണങ്ങളൊന്നുമില്ലാതെ നീചജാതിയിൽ പിറന്ന അല്പനായ ഈ ബാലനാണോ, എന്നോടുപദേശം വാങ്ങാൻ വന്നിരിക്കുന്നതു? കൊള്ളാം. ഇവനെ മഠത്തിൽ കടത്തിവിട്ടവരെയും കടന്നുവന്നതുകണ്ടിട്ടും മിണ്ടാതിരുന്നവരെയും കഠിനമായി ശിക്ഷിക്കേണ്ടിയിരിക്കുന്നു." ഇങ്ങനെ അരുളിച്ചെയ്തശേഷം സ്വാമികൾ കബീരെനോക്കി "എടാ തുലുക്കാ നീ എന്നോടുപദേശം വാങ്ങി, മോക്ഷമടയാമെന്നുദ്ദേശിച്ചാണോ മഠത്തിനുള്ളിൽ കടന്നതു്. നിനക്കു തക്കതായ ഉപദേശം ഇതുതന്നെയാണു്. നിനക്കു തരാൻ ഞാൻ ഇഷ്ടപ്പെടുന്നതും ഇതുതന്നെ, സംസാരബന്ധം നീങ്ങാതവരെ ആചാര്യന്മാർ സ്വീകരിച്ചു ഉപദേശം കൊടുക്കാൻ പാടില്ല. ശ്രീകാശി പുണ്യക്ഷേത്രമല്ലേ? നീ തുലുക്കന്മാരുടെ പോയി ചേൎന്നു്, അവരുടെ കാദിയോടുപദേശം വാങ്ങി, പള്ളിക്കൂടത്തിൽ ചേൎന്നു പഠിക്കുക. എനിക്കു തക്ക ഒരു ശിഷ്യൻ നീയാകുമെന്നോ വിചാരിച്ചുവന്നതു്? എന്നോടുപദേശം വാങ്ങത്തക്ക മനോവികാസമോ വിശുദ്ധിയോ നിനക്കുണ്ടോ? അല്പനായ ഹീന! ബ്രാഹ്മണരെ ദ്വേഷിച്ച ചണ്ഡാല! നിന്നെ ഉപദ്രവിച്ചതുകൊണ്ടു ഒരു ദോഷവും വരാനില്ല" എന്നോരോന്നു പറഞ്ഞുകൊണ്ടു ബ്രാഹ്മണരോടു അവനെപ്പിടിച്ചു വെളിയിലാക്കാൻ കല്പിച്ചിട്ടു മഠത്തിന്റെ മുറിയിലേക്കു തിരിഞ്ഞു നടന്നുപോകുമ്പോൾ, കബീർ— ബദ്ധപ്പെട്ടു സ്വാമികളുടെ മുമ്പിൽ ചെന്നു പാദങ്ങളിൽ വീണു നമസ്കരിച്ചു് ബ്രാഹ്മണരടിച്ച അടികളെ കാട്ടി. "പൂജ്യപാദരായ സ്വാമികളേ! ജീവന്മുക്തിപരിശുദ്ധാത്മൻ! സച്ഛിഷ്യർക്കുപദേശമരുളുന്ന ജ്ഞാനയോഗിൻ! ദുർഗ്ഗുണദുർഗന്ധങ്ങളെ അകറ്റുന്ന സുഗന്ധധൂപമായും അജ്ഞാനാന്ധകാരത്തെ നശിപ്പിക്കുന്ന ജ്ഞാനദീപമായും വിളങ്ങുന്ന ദേവൻ! തിരുവടി ഈ അഗതിയിൽ കരുണ ചെയ്യണേ!" എന്നോരോ സ്തോത്രകീർത്തനങ്ങളോടുകൂടി, സ്വാമിയെ നോക്കി. "സർവ്വവന്ദ്യയശോനിധിയായ ആചാര്യവര്യ! സംസാരബന്ധത്തിലകപ്പെട്ടു്, ദുഃഖങ്ങളിൽ മുഴുകി ചിന്താഗ്നിയിൽ ദഹിച്ചു് നിന്തിരുവടി തന്നെ ശരണമെന്നു വിചാരിച്ചുവന്നു ഭയം പ്രാപിച്ച ഈ അജ്ഞനെ രക്ഷിക്കാതെ മൂഢൻ നീചൻ എന്നൊക്കെ അധിക്ഷേപം ചെയ്തുപേക്ഷിക്കുന്നതു ഭംഗിയാണോ? ഇങ്ങനെയും നിന്തിരുവടിയുടെ മനസ്സു ക്ഷോഭിക്കുമോ?" എന്നൊക്കെ കബീർ യുക്തിപൂർവ്വം സംസാരിക്കുന്നതു കേട്ടു സ്വാമികൾ, "എന്തെടാ! തുലുക്കപ്പയലേ! പിഞ്ചുകായ് പഴുത്തു വിടറിയതിനുമടിയതുപോലെ ചൊട്ടച്ചാണില്ലാത്ത നീ ഞാനതോ! യുക്തനോ മൂത്തനോ സിലനോ എന്നൊക്കെ വേദാന്തം പറഞ്ഞുതുടങ്ങിയിരിക്കുന്നോ? വായിൽ വന്നതു പുലമ്പുക. അത്രതന്നെ അല്ലേ? നീ ആരു്? നിനക്കു വയസ്സെത്ര? നിന്റെ ജാതിയെന്തു? നിന്റെ ശ്രേഷ്ഠതയെന്തു്? മുടിയുള്ളവൻ എങ്ങനെ എങ്കിലും അഴിച്ചുകെട്ടും. വായുള്ളവൻ എന്തെങ്കിലും പാടുകയും ചെയ്യും. അതുപോലെ സംസാരിക്കാൻ വശമായതോടുകൂടി നീ ദുസ്തർക്കങ്ങളും കൊണ്ടു പുറപ്പെട്ടിരിക്കയാണല്ലേ? അട്ടെ നീ വളരെ നേരമായി ഇങ്ങനെനിന്നു പുലമ്പുന്നല്ലോ. ഒരു ഞാൻ ക്ഷമിച്ചിരിക്കുന്നു, ഇനി ഒരു ക്ഷണവും താമസിയാതെ പൊയ്ക്കൊൾക അതാണു് നന്നു്. ഉപദേശിക്കാനും ഗുരുവിനെ അന്വേഷിക്കാനും നിനക്കു കാലമായില്ല" എന്നരുളിച്ചെയ്തശേഷം പരിചാരകന്മാരോടു് അവനെ വേഗത്തിൽ അടിച്ചോടിച്ചു് വെളിക്കിറക്കാൻ കല്പിച്ചു. അദ്ദേഹം മഠത്തിനുള്ളിൽ പോകയും ചെയ്തു.

സ്വാമികളുടെ കല്പന ഒരനുഗ്രഹംപോലെ വിചാരിച്ചു, അതിദ്വേഷികളായ ബ്രാഹ്മണർ, "കല്പിക്കും പൊഴുതറാനെന്നല്ലോ —

തില്പരിഷയ്ക്കോന്നറിയാതാമേ?" എന്ന ന്യായത്തിൽ, പൂർവ്വദ്വേഷം വച്ചുകൊണ്ടു കണ്ണുകൾ ഉരുട്ടി, മിരട്ടി, പിടിച്ചുമറിച്ചു മണ്ണിലിട്ടു, "എടാ! തുലുക്ക! ഈ മഠം എല്ലാക്കും പൊതുസ്വത്തെന്നല്ലേ നീ പറഞ്ഞതു്? അങ്ങനെ പറഞ്ഞ വായ് പിളർന്നു്, നിന്റെ നാ

ക്കറുത്തു്, പരുന്തുപക്ഷികൾക്കു് വിരുന്നിടാൻപോകയാണു്. ദുഷ്ട! ഇനിയെങ്കിലും മിണ്ടാതെയിറങ്ങി വെളിക്കുപൊയ്ക്കോ. നാവുവേണമെങ്കിൽ” എന്നുപറഞ്ഞു ശകാരവർഷം തുടങ്ങി. കബീർ; അതുകേട്ടു്, വേഗം ഓടി വെളിക്കിറങ്ങി—“ഹാ കഷ്ടം! അവധൂതന്മാർ യമദൂതന്മാരായിത്തീൎന്നുവോ? ബ്രാഹ്മണർ ദയാലുക്കളാണെന്നാണു് പ്രസിദ്ധി. പക്ഷേ, അനുഭവം നോക്കിയതിൽ, അവരെപ്പോലെ നിൎദ്ദയന്മാരില്ലെന്നു തോന്നിപ്പോകുന്നു അയ്യോ! സ്വാമികളെക്കാണ്മാനും പാദങ്ങളെ സ്പർശിക്കാനും എനിക്കു ഭാഗ്യമുണ്ടായിട്ടും, അദ്ദേഹത്തിനെ വഴിപോലെ ഒന്നുസ്തുതിക്കുന്നതിനു സംഗതിയായില്ലല്ലോ എന്നാണു മനസ്താപം തോന്നുന്നതു്. അതുമല്ല, വേണ്ടാത്ത വിഷമങ്ങളുമൊക്കെ അകപ്പെട്ടു. ഇതിനുതക്കവണ്ണം ഞാൻചെയ്ത പാപമെന്തായിരിക്കാം? അഥവാ, എന്റെ ഭക്തിപിഴച്ചുപോയതിന്റെ ഫലമായിരിക്കുമോ? കല്പവൃക്ഷക്കായ്ക്ക് അന്വേഷിച്ചുപോയവനു കാഞ്ഞിരക്കായ് കിട്ടിയതുപോലാണെനിക്കു സംഭവിച്ചതു്. ഉപദേശം വാങ്ങാൻപോയി ഉപദ്രവംകിട്ടി. കഷ്ടം! ഇനി ഞാനെന്താണുചെയ്യു? ആരോടാണു് സങ്കടം പറക?” എന്നോരോന്നു വിചാരിച്ചുകൊണ്ടു വീട്ടിൽ ചെന്നുചേൎന്നു. എല്ലാംകൊണ്ടും കബീറിനു അപ്പോൾ ഉണ്ടായ അനുതാപം സീമാതീതമായിരുന്നു. ഭൎത്താവു മരിച്ചതായി കേട്ടറിഞ്ഞ പതിവ്രതയെപ്പോലെയും, യുദ്ധത്തിൽ പരാജയം സംഭവിച്ച യുദ്ധവീരനെപ്പോലെയും കഠിനമായ് വ്യസനിച്ചു്, അച്ഛനമ്മമാരോടു യാതൊന്നും സംസാരിക്കാതെ ഇരുന്നു. ദേഹമെല്ലാം അടിയുടെ പാടുകളും വ്യസനഭാവവുംകണ്ടു്, തമാൽ, കബീറിനെ നോക്കി—“പ്രിയപുത്ര! നിനക്കെന്താണിങ്ങനെ അകപ്പെടാൻ കാരണം? ദേഹമെല്ലാം അടിയുടെ പാടുകാണുന്നു നിന്റെ മുഖവുംമങ്ങിയിരിക്കുന്നു. ഹാഹാ! നിന്നെകൊല്ലാനായിട്ടാരോ അടിച്ചതുപോലിരിക്കുന്നല്ലോ. ആരാണെന്നു വേഗംപറ—വേഗം പറ—എന്നിങ്ങനെ ധൃതികൂട്ടി. കബീർ മറുപടി ഒന്നുംപറയാതെ കമ്പിട്ടിരുന്നതേയുള്ളു. ഉടനേ, തമാൽ, മകനെ വാരിയെടുത്തു മാറോടണച്ചു്, മടിയിൽവച്ചുകൊണ്ടു്, ദേഹം മുഴുവൻ പരിശോധിച്ചു ഒരിടവും അടികൊണ്ടു പൊട്ടാതെയില്ലെന്നു കണ്ടപ്പോൾ, ആധികൊണ്ടു്, നിലവിളിച്ചു കരഞ്ഞു—“അയ്യോ മകനേ! നിന്നെ ഇങ്ങനെ അടിച്ചതാരാണെന്നുപറ. ആരായാലും ശരി, അവരെ ഞാൻ ഇക്ഷണം സംഹരിക്കുന്നുണ്ടു്. നീ ഇവിടംവരെ എങ്ങനെ നടന്നുവന്നുപററി. ആ ദുഷ്ടന്മാരെ കാണിച്ചു തരികില്ലയോ? “ഇങ്ങനെ അലറിക്കരയുന്ന ശബ്ദംകേട്ടു്, ഝിജ്ജാബീബി ഓടിവന്നു “അയ്യോ! എന്റെ കുഞ്ഞേ! നിന്നെ ഇങ്ങനെ അടിച്ചതാർ?—അയ്യോ! എന്റെ അറിവുകേടുകൊണ്ടു മുമ്പൊരിക്കൽ നിന്നെ രണ്ടടിഅടിച്ചതു, ശ്രീനാരായണസ്വാമി ഏററുവാങ്ങിക്കളഞ്ഞല്ലോ. അത്രത്തോളം വിഷ്ണുപ്രിയനായ നിന്നെ, ഇങ്ങനെ തല്ലിക്കൊല്ലുന്നതുവരെ അദ്ദേഹം നിൎദ്ദയമായി നോക്കിക്കൊണ്ടുനിന്നോ? അയ്യോ! കട്ടെ, നിന്നെ അടിച്ചതാരാണെന്നുവന്നു കാണിച്ചുതരിക. വല്ലതും പ്രതിക്രിയചെയ്യാൻ ഞങ്ങൾക്കു ശക്തിയുണ്ടോ എന്നു നോക്കട്ടെ—വേഗംവന്നു കാട്ടിത്തരണം—വേഗം”

ഝിജ്ജ ബീബിയുടെ സങ്കടവും ബദ്ധപ്പാടുംകണ്ടു്, കബീർ പറഞ്ഞു—“അച്ഛനമ്മമാരേ! നിങ്ങൾ ക്ഷമയോടുകൂടി കേൾപ്പിൻ- നഷ്ടപ്പെടാതെ ലാഭം കിട്ടുമോ?—“അപത്തുരായിലിരിക്കുവതായ ഭാഗ്യദീപത്തിനുള്ള നിഴലാ”ണെന്നു വിദ്വാന്മാർ പറഞ്ഞുകേട്ടിട്ടില്ലയോ? കഷ്ടപ്പെട്ടേ സുഖം കിട്ടുകയുള്ളു. തപശ്ചൎയ്യകൾ അനുഷ്ഠിക്കാതെ നിത്യാനന്ദസിദ്ധി ലഭിക്കുമോ? അതുപോലെ, ക്ലേശമനുഭവിക്കാതെ ഗുരൂപദേശവും ലഭിക്കയില്ല ഞാൻ ശ്രീരാമാനന്ദസ്വാമികളുടെ പക്കൽനിന്നും ഉപദേശം വാങ്ങുന്നതിനായി പോയിരുന്നു. തുലുക്കൻ, നീചൻ, എന്നൊക്കെ അധിക്ഷേപിച്ചു്, അദ്ദേഹത്തിന്റെ പരിചാരകന്മാരാണു, എന്നെ ഇങ്ങനെ ഉപദ്രവിച്ചതു” ഇത്രയും പറഞ്ഞുതീൎന്നയുടനേ, തമാൽ എഴുനൂററു അനവധി തുലുക്കന്മാരെ വിളിച്ചുകൂട്ടി, രാമാനന്ദസ്വാമികളുടെആശ്രമം,അക്ഷണത്തിൽ ധ്വംസിക്കണമെന്നു കോപ്പിട്ടു പുറപ്പാടായി. കബീർ അവരെ എല്ലാവരെയും വന്ദിച്ചു ശാന്തസ്വരത്തിൽ പറഞ്ഞു—“മാന്യജനങ്ങളെ! നിങ്ങൾ എന്തൊരു സാഹസത്തിനാണു് വട്ടംകൂട്ടുന്നതു്? രാമാനന്ദസ്വാമികൾ സാക്ഷാൽ ഈശ്വരാംശമാണു്.

അദ്ദേഹത്തിന്റെ പരിചാരകന്മാരുടെ കൈകൊണ്ടു അടിഏല്ക്കാൻ എനിക്കുണ്ടായ ഭാഗ്യവും, അതുമൂലം ഉണ്ടാകാൻപോകുന്ന ഐശ്വൎയ്യവും, ഭഗവാൻചെയ്ത അശിൎവ്വാദവും, ഇതുപൎയ്യന്തം ഞാനനുഷ്ഠിച്ച തപശ്ചൎയ്യയും, എല്ലാം അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ അചിരേണ പ്രകാശിച്ചു വെളിപ്പെടേണ്ടവയാണ്. ആ സ്ഥിതിക്കു നിങ്ങൾ അദ്ദേഹത്തിനു വിപരീതമായി പ്രവൎത്തിക്കാൻ ഒരുങ്ങിയതിന്റെ അൎത്ഥം മനസ്സിലാകുന്നില്ല. ഈ കാൎയ്യത്തിൽ നിങ്ങൾ വെറുതേ കോപിച്ചിട്ടും ഖേദപ്പെട്ടിട്ടും കാൎയ്യമില്ല. "കോപശോകാദികളുള്ള മനസ്സിൽ വിവേകമുണ്ടാകയില്ല" എന്ന പഴമൊഴിപോലെ നിങ്ങൾ തുടങ്ങരുതു്."

കബീരിന്റെ വാക്കുകൾകേട്ടു് ശിഷ്യന്മാർ അവനെ നിന്ദിച്ച ഒരു നോട്ടത്തോടുകൂടെ "എടാ കബീർ! നീ മഹമ്മദുമതസ്ഥനായിരുന്നിട്ടും ഉപദേശം വാങ്ങിക്കാൻ ബ്രാഹ്മണരുടെ അടുക്കൽപോയോ? കുറവല്ല, നിനക്കിതൊക്കെ അനുഭവിച്ചതു് തങ്ങൾക്കു ഫലമില്ലാതുള്ളതു പ്രവൎത്തിച്ചാൽ ഭംഗമേവ" എന്നു പഴഞ്ചൊല്ലുതന്നെയുണ്ടു്. മററു മതത്തെ വിശ്വസിച്ചതിനു ഈശ്വരശിക്ഷയാണിക്കണ്ടതു്. അല്ലാതെ ഞങ്ങളൊന്നും പിഴച്ചതല്ല. കുരുപോരാ—നിന്റെ തലയിൽ വലിയകല്ലു തൂക്കിയിടേണ്ടതാണ്. അള്ളാവിനെക്കവിഞ്ഞ ഒരു ദൈവം ലോകത്തുണ്ടോ? മൂഢമൂഢ! കഷ്ടം! നീ ഇങ്ങനെ പറഞ്ഞതു കേൾക്കാനിടയായതുതന്നെ പാപമാണ്. നിനക്കോ മോക്ഷമില്ലല്ലോ, നിന്റെ വാക്കു കേൾക്കുന്നവൎക്കുമില്ല. പതിവ്രത അവളുടെ അതിരു ലംഘിക്കുമോ? മഹമ്മദുമതസ്ഥൻ, കല്ലുവച്ചു പൂജിക്കുന്ന ഹിന്ദുമതത്തെ വിശ്വസിക്കുമോ? എടാ! ഗതികെട്ടാലും പുലി പുല്ലുതിന്നുമോ?" ഇങ്ങനെ ഓരോന്നു പറഞ്ഞധിക്ഷേപിച്ചു്, അവരവരുടെ വസതികളിലേക്കു പിരിഞ്ഞുപോയി.

നീമാലും ജിജ്ജാബീബിയും കണ്ണീരൊലിപ്പിച്ചുകൊണ്ടു് മകനെ വാത്സല്യപൂൎവ്വം ശുശ്രൂഷിച്ചു. രാമാനന്ദസ്വാമികളെപ്പുകഴ്ത്തിയും ഈശ്വരനെസ്തുതിച്ചും സമയം കഴിച്ചു. കഷ്ടം! ജീവകാരുണ്യം വ്രതമാക്കി അനുഷ്ഠിച്ചുവന്ന ഞങ്ങൾക്കിങ്ങനെയായല്ലോ അനുഭവം! ദൈവമേ! എന്നൊക്കെ വേദനപ്പെട്ടു കരഞ്ഞുകൊണ്ടിരുന്ന അച്ഛനമ്മമാരെ കബീർ സമാധാനപ്പെടുത്തി—"നമുക്കു സൎവ്വേശ്വരൻ സഹായമുണ്ടു്. ഇക്കണ്ടതെല്ലാം മേലിൽവരാൻപോകുന്ന ഭാഗ്യോദയത്തിന്റെ ചിഹ്നമാണെന്നു കരുതി സമാധാനപ്പെടുവിൻ!" എന്നെല്ലാം പരമാൎത്ഥവും പരിശുദ്ധവുമായ വാക്കുകളാൽ അവരെ സന്തോഷിപ്പിച്ചു്, ഉത്സാഹപൂൎവ്വം പല ശുശ്രൂഷകളുംചെയ്തു ഉല്ലാസത്തോടുകൂടി ദിവസം കഴിച്ചുവന്നു.

കബീർ, രാമാനന്ദസ്വാമികളുടെ ഭൃത്യന്മാരോടടികൊണ്ട
അഞ്ചാമദ്ധ്യായം കഴിഞ്ഞു.

## ആറാം അദ്ധ്യായം.

### (കബീർ രാമാനന്ദസ്വാമികളുടെ ആശീൎവ്വാദം ലഭിച്ച അദ്ധ്യായം)

ഇങ്ങനെ, കബീർ ചിലനാൾ കഴിച്ചു. വെറുതേ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നതിനെക്കുറിച്ചു തന്നത്താൻ കുററപ്പെടുത്തി രാമാനന്ദസ്വാമികളെഓൎത്തു്, ആനന്ദബാഷ്പം ഒഴുക്കിക്കൊണ്ടു്, "അയ്യോ! വെറുതേ ദിവസങ്ങൾ കഴിഞ്ഞുപോകുന്നല്ലോ. പ്രയത്നിച്ചാൽ ദുസ്സാധമായ കാൎയ്യവും സാധിക്കാമെന്നുണ്ടു്. ഗുരുവില്ലാതെ യാതൊരു വിദ്യയും ഫലിക്കുന്നില്ല. ഗുരുവിനെക്കുറിച്ചുള്ള ഭക്തിനിഷ്ഠ ഉത്തമന്മാൎക്കൊരിക്കലും വേർപെട്ടുപോകയോ കുറകയോ ചെയ്യുന്നില്ല. രാമാനന്ദസ്വാമികൾതന്നെ എനിക്കു ആചാൎയ്യൻ എന്നു

ഞാൻ നിശ്ചയിച്ചു കഴിഞ്ഞു. ഇനി മറെറാരാചാൎയ്യനെ അന്വേഷിക്കാൻ കഴികയില്ല തന്നെ. മനസ്സുകൊണ്ടു ഒരു ഗുരുവിനെ വരിച്ചുകഴിഞ്ഞാൽപിന്നെ, മറെറാരുത്തന്റെ പുറകെ നടക്കുന്നതു ഉത്തമമല്ല. ഉത്തമപുരുഷലക്ഷണവുമല്ല. ദേഹം വെള്ളത്തിലെ കുമിളപോലെ ക്ഷണഭംഗുരമാണ്. വെറുതേ നാളുകളും പലതു കഴിഞ്ഞുകൂടി. ക്ഷണപ്രഭാചഞ്ചലമായ ഈ ജീവിതത്തിലെ ഓരോനിമിഷവും വിലയേറിയതാകുന്നു. മൂഢന്മാർ അതു പാഴിൽ പോകുന്നതിനെക്കുറിച്ചു സന്തപിക്കുന്നില്ല. നേരേമറിച്ചു വിവേകികൾ സമയനഷ്ടത്തെക്കുറിച്ചു മനസ്സുരുകി വേദനപ്പെടുന്നു. മനുഷ്യജന്മം കിട്ടുന്നതിനു മുൻജന്മങ്ങളിൽ എന്തുമാത്രം തപസ്സുചെയ്തിട്ടുവേണം? വൃക്ഷാദികളായും പശുപക്ഷ്യാദികളായും അനവധിജന്മമെടുത്തതിനുശേഷമാണ്, മോക്ഷാധികാരമുള്ളതും ദുർല്ലഭവുമായ മനുഷ്യജന്മം ലഭിക്കുന്നതു്. അതിനെ ദുർമ്മാൎഗ്ഗത്തിൽ നയിച്ചു്, മന്ദബുദ്ധികൊണ്ടു, അമ്മ അച്ഛൻ, ഭാൎയ്യ, മകൻ, വീടു്, ധനം, ഇതുകൾ തനിക്കുള്ളതെന്നു അഭിമാനിച്ചു, ആത്മാവിനു ബന്ധമുണ്ടാക്കി ജന്മങ്ങളെ ആവൎത്തിപ്പിക്കുന്നതു എത്ര മൂഢതയാണ്. ഇതിനാൽ ഭവസങ്കടമസ്തമിക്കുമോ? നിത്യാനന്ദം ലഭിക്കുന്നതിനുള്ള മാൎഗ്ഗമേതാണ്? അജ്ഞാനം നീങ്ങുന്നതിനും വഴിയേതാണ്? മോക്ഷമെന്ന നഗരത്തിൽ പ്രവേശിക്കുന്നതിനു ഭക്തി, കൎമ്മം, യോഗം, ജ്ഞാനം എന്നു നാലുസാധനങ്ങളാണുള്ളതു്. അതിൽ ഭക്തിമാൎഗ്ഗത്തെ അനുഷ്ഠിക്കാമെന്നുവെച്ചാൽ, എങ്ങും നിറഞ്ഞിരിക്കുന്ന ദൈവം എന്റെ ഉള്ളിലും പുറത്തും ഒരുപോലെ വ്യാപിച്ചിരിക്കയല്ലയോ? ഇല്ലെന്നു പറയുന്ന വാക്കുകൾ സ്വീകാൎയ്യങ്ങളാണോ? പക്ഷേ അന്തരംഗത്തിൽ സത്യമായ ആ ജ്ഞാനം ഉണ്ടാകുന്നതിനു അതായതു് ഈശ്വരസ്വരൂപം ഉദിക്കുന്നതിനു സൽഗുരുവിന്റെ ഉപദേശം ആവശ്യമാണ്. കൎമ്മമാൎഗ്ഗത്തിൽ പ്രവേശിക്കാമെന്നുവെച്ചാൽ സകലചരാചരങ്ങളേയും ഉല്പ്പിച്ചുരക്ഷിച്ചുഴിക്കുന്ന സൎവ്വേശ്വരന്റെ പൂജാക്രമങ്ങൾ എന്തുവിധമാണെന്നു ഉപദേശിക്കുന്നതിനു ഗുരു കൂടാതെ കഴികയില്ല. ഇനി, യോഗമാൎഗ്ഗം ശീലിക്കാമെന്നായാൽ, ശ്വാസത്തേയും പ്രാണങ്ങളെയും അടക്കി, ബ്രഹ്മരന്ധ്രത്തിൽ നിറുത്തി, നാദശ്രവണം ലഭിച്ചു്, പരമാത്മജ്യോതിസ്സിനെ ദർശിക്കണമെങ്കിൽ, അതിനും അഭ്യാസമുറകൾ ആവശ്യമാകയാൽ ഉപദേശിക്കാൻ ഒരു ഗുരു ആവശ്യമാണ്. ജ്ഞാനനിഷ്ഠയിലേക്കുമനസ്സിനെ പ്രേരിപ്പിക്കാമെന്നുവെച്ചാൽ, ബ്രഹ്മം ഞാനാണ്, ഞാൻ ബ്രഹ്മമാണ്, എന്നുള്ള അദ്വൈതഭാവം, ബുദ്ധിയിലുദിക്കണം — അതിലും, ബ്രഹ്മാഹമെന്നുള്ള ശബ്ദാർത്ഥത്തിന്റെ മൎമ്മത്തെ ഉപദേശിക്കുന്നതിനു ഒരു കാരണഗുരുനാഥൻ കൂടിയേ കഴിയൂ — കൎമ്മകാണ്ഡമനുസരിച്ചു നടക്കുന്നവൎക്കേ മുക്തിസിദ്ധിക്കയുള്ളുവെന്നു ചിലരും, ഭക്തിമാൎഗ്ഗം അനുഷ്ഠിക്കുന്നവൎക്കേ പരമപദം ലഭിക്കയുള്ളുവെന്നു ചിലരും, ജ്ഞാനമാൎഗ്ഗം ശീലിക്കുന്നവൎക്കേ കൈവല്യസിദ്ധിയുണ്ടാകൂ എന്നു മററു ചിലരും പറയുന്നു. അതിൽ ഏതാണു ശ്രേഷ്ഠമെന്നറിയേണ്ടിയിരിക്കുന്നു. അതിനും ഗുരുവിന്റെ ആവശ്യം ഒഴിച്ചുകൂടുന്നതല്ല. കൎമ്മങ്ങളെ യഥാവിധി അനുഷ്ഠിക്കുന്നവൎക്കു സത്യലോകവും, വിഷ്ണുവിനെ ഭജിക്കുന്നവൎക്കു വൈകുണ്ഠലോകവും, ശിവനെ ഉന്നിത്തപസ്സുചെയ്യുന്നവൎക്കു കൈലാസവും, അദ്വൈതഭാവനയോടുകൂടി ബ്രഹ്മധ്യാനം ചെയ്യുന്നവൎക്കു മോക്ഷവും, ലഭിക്കുമെന്നു പറയപ്പെടുന്നു. ഈ പദവികളിൽ മേന്മയേതിനാണെന്നും ആനന്ദപ്രദമായതേതാണെന്നും, പറഞ്ഞുതരാനും ഒരു ഗുരു ആവശ്യമാണ്. ഗുരുവില്ലാത്ത വിദ്യയും ഭൎത്താവില്ലാത്ത സ്ത്രീയും നിഷ്ഫലമാണെന്നു യോഗ്യന്മാർ പറഞ്ഞിട്ടുണ്ടു്. ഇനി എന്താണു ചെയ്ക" എന്നിങ്ങനെ വിവിധവിചാരങ്ങളാൽ വിഷണ്ണനായി അടുത്ത ദിവസം രാവിലെ രാമാനന്ദസ്വാമികളെത്തന്നെ പോയി കണ്ടു്, പരമമായ അൎത്ഥം ചോദിച്ചറിയാമെന്നു നിശ്ചയിച്ചു് രാത്രി എപ്പോൾ കഴിയും എന്നു നോക്കി നോക്കിയിരുന്നു. രാമാനന്ദസ്വാമികൾതന്നെ എനിക്കു ഗുരുവെന്നു ദൃഢനിശ്ചയത്തോടു കൂടി, അദ്ദേഹത്തിന്റെ തിരുനാമങ്ങളും പാടി, അദ്ദേഹത്തെത്തന്നെ ദൃഢമായി ധ്യാനിച്ചുറപ്പിച്ചുകൊണ്ടു് വെളിച്ചമാകുന്നതിനു വളരെ മുമ്പുതന്നെ ഇറങ്ങിത്തിരിച്ചു്, മഠത്തിന്റെ വാതുക്കൽ എത്തി വാതിൽക്കാവൽക്കാരെ വന്ദിച്ചുസ്തുതിച്ചു വശീകരിച്ചു തനിക്കു സ്വാമിദർശനത്തിനു ഭാഗ്യമെത്തായ്കയാൽ വിഷാദിച്ചു, നില്ക്കുമ്പോൾ, അകത്തു്, ഉപനിഷ

ത്തുകൾ സുസ്ഫുടമായും സുസ്വരമായും വായിക്കുന്നതുകേട്ട്, മനസ്സുതണുത്തലിഞ്ഞു ആനന്ദാമൃതത്തിരമാലകൾ പൊങ്ങിവന്നു കവിഞ്ഞൊഴുകുന്നതെന്നുതോന്നത്തക്ക സന്തോഷാശ്രുധാര പ്രവഹിക്കയും കബീർ അതിൽ മുങ്ങിക്കുളിച്ചു ബ്രഹ്മാനന്ദത്തിൽ മുഴുകുകയും ചെയ്തു. അന്ത്യയാമത്തുടങ്ങുമ്പോ കോഴി കൂകിയശബ്ദം കേട്ട്, രാമാനന്ദസ്വാമികൾ ശിഷ്യഗണവുമായി ഗംഗാസ്നാനത്തിനെഴുന്നെള്ളുന്നതു കബീർകണ്ട്, ആനന്ദമൂർച്ഛിതനായി ഓടിച്ചെന്ന്, സ്വാമികളെ ചുററിനടക്കുന്ന ശിഷ്യന്മാരെത്തൊഴുതു കടന്നുകേറി അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു കെട്ടിപ്പിടിച്ചുകൊണ്ടു സ്വാമി! രക്ഷ രക്ഷ! എന്നുറക്കെ വിളിച്ചുകൂട്ടി സകല സ്മരണകളും ദുഃഖങ്ങളും വിട്ട് നിശ്ചലനായിക്കിടന്നു.

രാമാനന്ദസ്വാമികൾ, പരിഭ്രമിച്ചതുപോലെ, "ആരെടാ? എന്നെത്തൊട്ടതു? എൻെറ കാൽ വിടെടാ! എഴുന്നേററുപോടാ! രാത്രിയിൽ വന്നതിരുട്ടിൽ കണ്ണുകാണാത്ത കള്ളാ! നീ ഭയപ്പെടേണ്ടാ സുഖജീവിയായ് ഭവിച്ചാലും, എന്നാശീർവദിച്ചു. "സുഖജീവിയായ് ഭവിച്ചാലും" എന്ന വാക്യത്താലല്ലോ ഓരോ അക്ഷരത്തിനും ഓരോതവണ ആനന്ദക്കടലിൽ മുങ്ങിയതുപോലെ, കബീർ പരിപൂർണ്ണസന്തോഷഭരിതനായി, സ്വാമിയെ നോക്കി—"പൂജ്യപാദങ്ങളേ! നിന്തിരുവടിയുടെ ആശീർവാദം അടിയനു ലഭിക്കാൻ ഇടയായതിനാലല്ലോ. മോക്ഷമാർഗ്ഗം തെളിയുന്നതിനും ബന്ധപാശങ്ങളറുന്നതിനും ബ്രഹ്മാനന്ദസുഖം അറിയുന്നതിനും ഇടയായതുമിന്നാണല്ലോ—"സദ്ഗുരുനാഥ! ജഗന്നാഥ! ഭക്തമൂർത്തേ! വേദാന്തിൻ! പരമാത്മജ്ഞ! അവധൂതയോഗിൻ! ത്രാഹി!" ഏവമാദിസ്തോത്രകീർത്തനങ്ങൾ ചെയ്യുമ്പോൾ സ്വാമികൾ, പരിജനങ്ങളോട്, ഈ ബാലനെ നിങ്ങൾ അറിയുമോ എന്നു ചോദിച്ചു ബ്രാഹ്മണർ സൂക്ഷിച്ചു നോക്കി കബീറാണെന്നു മനസ്സിലായപ്പോൾ, മുഖം, മങ്ങി, ഉൾത്തിങ്ങിക്കലങ്ങി ദ്വേഷംപൊങ്ങി—ഓഹോ! സ്വാമിപാദങ്ങളേ! മുമ്പുമറ്റും അശുദ്ധപ്പെട്ടതാൻ വന്നിരുന്ന തുലുക്കച്ചെക്കനാണിതു കഷ്ടം! സ്വാമികൾ സംശയംകൂടാതെ സത്വരം ഇവനു ആശീർവാദം ചെയ്തല്ലോ. സ്വാമിയുടെ ബ്രാഹ്മണ്യത്തിൻെറ ശക്തിപോലും കെട്ടല്ലോ. പ്രതിവിശുദ്ധിയും നഷ്ടപ്പെട്ടല്ലോ. കഷ്ടം! അവനെ ശകാരിച്ചത്, ഞങ്ങളെ കേൾപ്പിക്കാനായിരിക്കാം? അറിയാം, എന്തുചെയ്യാം. ഒരെക്കുറമ്പറയാ ഈ നീചൻമൂലനാമെല്ലാം അശുദ്ധരായല്ലോ" എന്നോരോരുത്തർ, സങ്കടകോപകലുഷങ്ങളായി പുലമ്പിത്തുടങ്ങി. സ്വാമികൾ അതുകേട്ട്, കോപിഷ്ഠനായി, 'ഛേ! ദുഷ്ടപ്പോടാ തുലുക്കപ്പെലെ! എൻെറ കാലുകൾ വിടെടാ' എന്നരുളിച്ചെയ്തശേഷം, തൃക്കൈകൾകൊണ്ടു തന്നെ, കബീറുടെ കണ്ണത്ത് ഒന്നു പ്രഹരിച്ചു. അനന്തരം, അവനെ കഠിനമായി പ്രഹരിച്ചു പിടിച്ചു ദൂരത്താക്കാൻ ശിഷ്യന്മാരോടു നിയോഗിച്ചും വെച്ച്, സ്വാമികൾ നീരാട്ടുകടവിലേക്കുനടന്നു. ബ്രാഹ്മണർ, അതു തന്നെ തരമെന്നു നിശ്ചയിച്ചു ചെന്നു കബീറിനെ പിടിച്ചു മണ്ണിലിട്ടു വലിച്ചിഴയ്ക്കയും മണ്ണുവാരി വായിൽ നിറക്കയും, അസ്ഥിനുറുങ്ങെ പ്രഹരിക്കയും മററും ചെയ്തു. പിന്നീട്ട് കയർ കൊണ്ടു വരിഞ്ഞുകെട്ടി, തൊഴുത്തിലിൽ ബന്ധിച്ച്, നേരം വെളുത്തുമാകുമ്പോൾ ഇക്കള്ളനെ രാജസന്നിധിയിൽ കൊണ്ടുചെല്ലിക്കണം" എന്നുപറഞ്ഞു കൊണ്ട്, കുളിക്കുന്നതിനായ പോയി॥

അടികൊണ്ട വേദന സഹിക്കവയ്യാതെ, കബീർ ഭഗവാനെ വിളിച്ചു സങ്കടം പറഞ്ഞുതുടങ്ങി. "ഓം ഹരേ നാരായണ! നരഹരേ! മുരാരേ! പത്മനാഭ! പരമപുരുഷ! അംബാസമ! അംബുജാക്ഷാ! ഭക്തവത്സല! പക്ഷികുലപാല! ദേവാനുകൂല! ദേവകീതനയ ദശരഥപുത്ര! വിധുസൂര്യനേത്ര! വംശൈകശാസ്ത്ര! മായാവിലാസ! വൈകുണ്ഠവാസാ ഹേ! ജനാർദ്ദന! പാപനാശന! വിഷ്ണോ! ദൈത്യജിഷ്ണോ! സർവ്വസഹിഷ്ണോ! പാഹിപാഹി!! —ഹേ ലോകനായക! സർവ്വജീവാധാരക! രാമാനന്ദസ്വാമികൾക്ക അടിയനിൽ ഇത്രമാത്രം വെറുപ്പുതോന്നാൻ കാരണമെന്താ? അടിയനെന്തെങ്കിലും ഞാൻചെയ്ത പാപമതോ? ഗുരൂപദേശം ലഭിക്കാതെ വെറുതെ ദിവസങ്ങൾ കഴിഞ്ഞുപോകുന്നതു കഷ്ടമല്ലേ സ്വാമികൾക്ക എന്നോടുള്ള വെറുപ്പു തീരുമോ? എൻെറ സന്ദേഹങ്ങളെല്ലാം നിവർത്തിക്കാൻ ഇടയാകുമോ? ഞാനിങ്ങനെ കഷ്ടപ്പെടുന്നത് അങ്ങേക്ക സന്തോഷമാണോ? അഥവാ, ഇ

തൊക്കെ എന്റെ മോഹമാണോ? അതോ വിഡ്ഢിവിശ്വാസമോ?" ഇങ്ങനെ വിഷ്ണുസ്തുതിവിലാപങ്ങൾചെയ്തു വന്ദിച്ചു്, തലയുയർത്തുന്നതിനുമുമ്പുതന്നെ; ദീനവത്സലനായ ഭഗവാൻ പ്രത്യക്ഷനായി, തൃക്കൈകളെ കബീറിന്റെ ശിരസ്സിൽവച്ചു് ആശീർവ്വാദംചെയ്തു, ബന്ധനത്തിൽനിന്നുംവേർപെടുത്തി അവനെയെടുത്തു്, സാക്ഷാൽലക്ഷ്മീദേവിയുടെ വാസസ്ഥലമായ തന്റെ മടിയിൽവച്ചാശ്ലേഷിച്ചു. അനന്തരം, ബാലന്റെ ശരീരമാസകലംതടവി കണ്ണുനീർതുടച്ചാശ്വസിപ്പിച്ചിട്ടു്, "കുഞ്ഞേ ഭയപ്പെടരുതു്. രാമാനന്ദസ്വാമികളുടെശിഷ്യന്മാർ നിന്നെ കഠിനമായ ദേഹോപദ്രവംചെയ്തു അല്ലേ? കഷ്ടം! ഒരു സങ്കടംകൊണ്ടു നീ എന്നെച്ചൊല്ലി നിലവിളിച്ചല്ലോ" എന്നരുളിച്ചെയ്തു. തൽക്ഷണംതന്നെ, ഭഗവാൻ, അവനെ തോളിൽഎടുത്തു, ഒരുമാത്രയ്ക്കകംതമാലിന്റെഗൃഹത്തിൽ കൊണ്ടാക്കി മററാർക്കും ദർശനം കൊടുക്കാതെ മറഞ്ഞു.

ശ്രീനാരായണസ്വാമി, തന്നിലുള്ള വാത്സല്യത്താൽ എഴുന്നരുളി അൻപുററ ഉപചാരവും അനർഘമായ ഉപകാരവും ചെയ്തതോർത്തു്, കബീർ ആനന്ദബാഷ്പത്തിൽ കുളിച്ചു്, "ഹാ! ഭഗവാനേ! തിരുവടി അടിയനു് ഒരു വാക്കിനിടം തരാതെ മറഞ്ഞുകളഞ്ഞുവോ? അതിനിടയായെങ്കിൽ അടിയന്റെ സകലപാപങ്ങളും നശിക്കയില്ലായിരുന്നോ? സർവ്വസന്ദേഹങ്ങളും അസ്തമിക്കയില്ലായിരുന്നോ? എന്നോരോന്നു പറഞ്ഞുകൊണ്ടിരുന്നു.

അതുകേട്ടു തമാൽ_"ഹാ! ഓമനമകനേ! നീ പറഞ്ഞതെന്തു്? ഭഗവാനിവിടെ എഴുന്നള്ളിയോ നിനക്കുസഹായങ്ങൾ ചെയ്തുവോ? നീ അദ്ദേഹത്തെക്കണ്ടുവോ? ആനന്ദത്തിൽ മുഴുകിയോ? തിരുവടികളിൽ തൊഴുതുവോ? ദൈവമേ! ഒരിക്കലും എനിക്കതിനു സംഗതിയാകുന്നില്ലല്ലോ. ഞാൻ എത്ര പാപിയാണു്! കുഞ്ഞേ! നീ എത്ര സുകൃതി? ഞാനെത്രദുഷ്കൃതി! ഭഗവാനെ നിനക്കു ദർശനം തന്നിട്ടും ഒരിക്കൽ എനിക്കു കാൺമാൻ സംഗതിയായില്ലല്ലോ. ഇനി, എന്നെങ്കിലും അതിനു സംഗതിയാകുമോ? ഭഗവാനെന്നിൽ കരുണ തോന്നുമോ? ആവോ ആർക്കറിയാം!" എന്നു പലവിധത്തിൽ വിലപിച്ചു്, വിഷ്ണുനാമങ്ങളെ കീർത്തിച്ചുകൊണ്ടു്, കബീറിനെ വാരിയെടുത്തു മാറോടണച്ചാശ്ലേഷിച്ചു. അവന്റെ ശരീരമെല്ലാം അടിപെട്ടുവ്രണങ്ങൾ നിറഞ്ഞിരിക്കുന്നതു കണ്ടു്, തമാൽ, ദുഃഖാർത്തനായി അതിന്റെ കാരണമെന്താണെന്നു ചോദിച്ചു. പലതവണചോദിച്ചിട്ടും കബീർ മറുപടി ഒന്നും പറഞ്ഞില്ല. സത്യം പറഞ്ഞാൽ മുമ്പിലത്തെപ്പോലെതന്നെ കുററപ്പെടുത്തുമെന്നുള്ള ഭയം കബീറിനുണ്ടായിരുന്നു. ജിജ്ജാബീബിയും അടികളുടെ പാടുനോക്കി അടുത്തുവന്നു്, മകനെയെടുത്തു ചുംബിച്ചു്, ദുഃഖാശ്രുക്കൾ തൂകിചോദിച്ചു.—കുഞ്ഞേ! നിന്നെ ഇത്ര കഠിനമായി ഉപദ്രവിച്ചതാരാണു്? കാരണമെന്താണു്? കൈകളിൽകയർകെട്ടിയപാടുകാണുന്നല്ലോ? എന്തു സംഗതി? കഷ്ടം നീ എങ്ങനെ നടന്നിവിടെപ്പററി_ഞങ്ങളെ വ്യസനിപ്പിക്കാതെ വേഗം പരമാർത്ഥം പറ"

ജിജ്ജാബീബിയുടെ ചോദ്യങ്ങൾക്കും കബീർ മൌനം ദീക്ഷിച്ചതേയുള്ളൂ. ബാലന്റെ നിർബ്ബന്ധബുദ്ധികണ്ടു, ദുഃഖിതരായ മാതാപിതാക്കൾ, വേണ്ട ശുശ്രൂഷകൾ ചെയ്തു്, അവനെ ആശ്വസിപ്പിച്ചശേഷം, മേലാൽ വെളിക്കിറങ്ങിപ്പോകരുതെന്നു ശട്ടംകെട്ടി സുഖമായിതാമസിപ്പിച്ചു.

---

## ഏഴാമദ്ധ്യായം.

### കബീർ, രാമാനന്ദസ്വാമികളോടു ഉപദേശം ലഭിച്ചതു്.

ഇങ്ങനെ ദിവസങ്ങൾ കുറെകഴിഞ്ഞു തമാലനും ജിജ്ജാബീബിക്കും മനോവ്യഥയും കുറഞ്ഞു. കബീറുടെ കർമ്മബന്ധങ്ങളും ഒഴിഞ്ഞു. അജ്ഞാനശേഷങ്ങൾ അവനെ വിട്ടൊഴിഞ്ഞു. ഭഗവാൻ സവിശേഷം അവനിൽ കനിഞ്ഞു. കബീറുടെ

കണ്ണുകളിൽനിന്നും സർവ്വദാ ആനന്ദാശ്രുക്കൾ പൊഴിഞ്ഞു. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം രാത്രിയിൽ, കബീർ ഉണൎന്നു ബുദ്ധിതെളിഞ്ഞു ഗുരൂപദേശസംബന്ധിയെക്കുറിച്ചാലോചിക്കാൻ തുടങ്ങി. "രാമാനന്ദസ്വാമികളോടു ഏതെങ്കിലും ഒരുവാക്കു കേൾക്കാൻ എനിക്കു ഭാഗ്യമെത്തിയാൽ അതിനെ ഞാൻ ഉപദേശത്തേപോലെ അംഗീകരിക്കുമായിരുന്നു. അതിനെന്താണുമാർഗ്ഗം" എന്നുവിചാരധാരയിൽ മുഴുകി, ജ്ഞാനികളാൽമാത്രം അറിയപ്പെടത്തക്ക, സൂക്ഷ്മാധികപ്പ്രദമായ ബ്രഹ്മതേജസ്സോടുകൂടെ, ക്ഷേതാത്തമനായ ആ ബാലൻ വീണ്ടും ചിന്തിച്ചു.—"ഉത്സാഹിനം പുരുഷസിംഹം ഉപൈതി ലക്ഷ്മീഃ" എന്നാണല്ലോ ആപ്തവാക്യം. പ്രയത്നിച്ചാൽ സാദ്ധ്യമാകാത്തകാൎയ്യമില്ലതന്നെ. "ആശ്രയമില്ലാത്തവൎക്കീശ്വരൻ തന്നെ പുനരാശ്രയമാകുന്നതുമെന്നല്ലോ വിധിമതം" അതുമല്ല ദൈവവിശ്വാസമുള്ളവൎക്കു ഒരിക്കലും ആപത്തുണ്ടാകയുമില്ല. ഒരുപക്ഷെ, ഇതുവരെ കഴിഞ്ഞതുപോലെ മേലും കഴിയാനെ സംഗതി എങ്കിലുണ്ടാകട്ടെ. അഥവാ, ജീവനാശമാണുവരുന്നതു എന്നാലും വന്നുകൊള്ളട്ടെ. സ്വാമികളുടെ ഹൃദയം കോപാഗ്നിയാൽ ദഹിക്കുമെങ്കിൽ ദഹിക്കട്ടെ. അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ അടികൊണ്ടിനിക്കു മരിക്കാനായിരിക്കാം സംഗതി എങ്കിൽ മരിക്കട്ടെ. എന്തായാലും ഇപ്പോൾതന്നെ ഞാൻ സ്വാമിയെ കാണ്മാൻ പോകുന്നു. അദ്ദേഹത്തിന്റെ മുഖത്തുനിന്നും പുറപ്പെടുന്ന വാക്കു്, എന്തായാലും അതിനെ ഞാൻ ബ്രഹ്മോപദേശമായിക്കരുതിക്കൊള്ളും."

ഇങ്ങനെ ദൃഢനിശ്ചയത്തോടുകൂടി, കബീർ, അപ്പോൾതന്നെ എഴുന്നേറ്റു മഠത്തിലേക്കുതിരിച്ചു. വാതുക്കൽ എത്തിയതിൽ അകത്തു കടക്കാൻ സംശയിച്ചു്, സ്വാമികളുടെ തിരുമൊഴികൾ കേൾക്കുന്നുണ്ടോയെന്നു ശ്രദ്ധിച്ചു്, കോഴികൂകുന്നതുവരെ കാത്തിരുന്നിട്ടും, യാതൊരുശബ്ദവും കേൾക്കായ്കകൊണ്ടു്, "ഇനി, സ്വാമികൾ നീരാട്ടിനു മണികൎണ്ണികാതീൎത്ഥത്തിൽ എഴുന്നള്ളുമല്ലോ കുളിക്കടവിലെ കല്പടികളിൽ ഞാൻ ചെന്നുകിടന്നുകൊള്ളാം. അദ്ദേഹം ഇറങ്ങുമ്പോൾ എന്റെ ശിരസ്സിൽ പാദംവെയ്ക്കാൻ ഇടവരും. ഏതെങ്കിലും ഒരുവാക്കും അരുളിച്ചെയ്യും. ഇനിക്കു ആശിക്കാവുന്ന അനുഗ്രഹം ഇതുതന്നെ." എന്നു നിശ്ചയിച്ചു്, എഴുന്നേറ്റു ഗംഗാതീരത്തിൽ ചെന്നു്, മണികൎണ്ണികാതീൎത്ഥസ്ഥാനത്തിലെ കല്പടികളിൽ ഒന്നിൽ നീണ്ടു നിവൎന്നുകിടപ്പായി. സ്വാമികൾ ശിഷ്യന്മാരുമായി മണികൎണ്ണികയിലെ കല്പടികളിൽകൂടി താഴോട്ടിറങ്ങിച്ചെല്ലുമ്പോൾ, കാലടികൾക്കെതിരെ കിടക്കുന്ന കബീറിന്റെ ശിരസ്സിൽ, മെതിയടിയിട്ട പാദത്താൽ അദ്ദേഹം ഊക്കോടുകൂടി ചവിട്ടാനിടയായി. മെതിയടി ധരിച്ചിരുന്നതുകൊണ്ടു് കല്പടിയും ശിരസ്സും വേർതിരിച്ചറിവാൻ സ്വാമികൾക്കു സാധിച്ചതുമില്ല. ചവിട്ടുകൊണ്ടപ്പോൾ, കബീർ അയ്യോ എന്നു നിലവിളിച്ചു കരഞ്ഞുതുടങ്ങി. "ഹാ അറിയാതെ ഞാൻ ഒരു ബാലനെ ചവിട്ടിയല്ലോ എന്നു വ്യസനിച്ചു്, രാമാനന്ദസ്വാമികൾ, തൃക്കൈകളാൽ അവനെത്തടവി, "രാമരാമ" എന്നു ജപിച്ചു. അനന്തരം ഗംഗയിലിറങ്ങിസ്നാനം ചെയ്തു മടങ്ങിപ്പോരികയുംചെയ്തു.

കബീർ കൃതാൎത്ഥനായി, "ഹാ! ഇന്നേക്കു ഞാൻ ചെയ്ത ഭാഗ്യമാണുഭാഗ്യം! എന്റെപൂൎവ്വികന്മാർ ചെയ്ത സുകൃതമാണുസുകൃതം! ഞാൻ ആഗ്രഹിച്ചുവന്നകാൎയ്യം സവിശേഷം സഫലമായല്ലോ. അന്നു്, ഭഗവാൻ ബ്രാഹ്മണനായി വന്നുപദേശിച്ച ഉപദേശംതന്നെ ഇന്നു ഗുരുനാഥനരുളിച്ചെയ്തതു്. വേദാന്തസാരസൎവ്വസ്വമായതാരക മന്ത്രമിതുതന്നെ. ഇതിനാൽ സൎവ്വപാതകങ്ങളും നീങ്ങും നീചനായാലും, മൂഢനായാലും, രാമനാമ മന്ത്രത്തെ, അറിഞ്ഞോ അറിയാതെയോ ജപിച്ചാൽഫലം മോക്ഷമാണു്. ജപിക്കാഞ്ഞാൽ സങ്കടവുമാണു്. പരമേശ്വരൻ പാൎവ്വതിക്കു ഉപദേശിച്ച മന്ത്രം ഇതല്ലെ? നാരദൻ, ഭരദ്വാജമുനിക്കു പരാശരൻ വേദവ്യാസനും, വ്യാസൻ ശുകബ്രഹ്മൎഷിക്കും, ഉപദേശിച്ചതും ഈ മന്ത്രമല്ലേ? മറ്റും അനേകമഹൎഷിമാർ ഈ മന്ത്രത്തെ ധ്യാനിച്ചു്, പരമപദമടഞ്ഞില്ലയോ? ഇതേക്കാൾ മാഹാത്മ്യമുള്ള മന്ത്രം മററില്ല. ഇല്ലതന്നെ" എന്നുറപ്പായി ഉച്ചരിച്ചുകൊണ്ടു്, ആനന്ദസാഗരത്തിൽമുഴുകി, എഴുന്നേറ്റു ഗംഗയിലിറങ്ങിമുങ്ങി, ഈറൻമുണ്ടോടുകൂടി വീട്ടിലെത്തി അമ്മയേയും അച്ഛനേയും അഭിസംബോധനം

ചെയ്തുപറഞ്ഞു. "സുകൃതികളായ മാതാപിതാക്കന്മാരേ! ഇന്നൊരു സുദിനമാണ്. രാമാനന്ദസ്വാമികളെ കണ്ടു, എനിക്കു ഉപദേശം ലഭിച്ചു. അതിനാൽ, ഇന്നുമുതൽക്കു അദ്ദേഹത്തിന്റെ മുദ്ര ധരിക്കാൻ ഞാൻ നിശ്ചയിച്ചു. നിങ്ങളും അതുതന്നെ ധരിക്കണം"

കബീർ, മാതാപിതാക്കന്മാരോടിങ്ങനെ അറിയിച്ചശേഷം, പട്ടുവസ്ത്രം ധരിച്ച്, സ്വാമികളുടെ നെററിക്കുറിപോലെ നെററിയിൽ കുറിവരച്ചു, കഴുത്തിൽ തുളസീദാമങ്ങളും അണിഞ്ഞു, ഗുരുപാദപാദപത്മങ്ങൾ മനസ്സിൽ ധ്യാനിച്ചുകൊണ്ടു, പൂമാലമുതലായ പൂജാദ്രവ്യങ്ങളും ജപമാലയുമായി, നേരേമഠത്തിലേക്കു യാത്രയായി; അവിടെച്ചെന്നു, പരിസരപ്രദേശത്തിൽനിന്നെ ഭക്തജനത്തെ വന്ദിച്ചു, അകത്തുകടന്നു, സ്വാമിനാമങ്ങൾകീർത്തിച്ചു സ്വാമികളിരിക്കുന്ന മുറിക്കുനേരേനോക്കി, ദണ്ഡനമസ്കാരംചെയ്തു. ഭക്തന്മാരുടെ കൂട്ടത്തിൽ താനും ഒരു ഭക്തനായിച്ചേൎന്നു, ശ്രീരാമനാമം ജപമാലയിൽ ഉരുക്കഴിച്ചുകൊണ്ടിരുന്നു. അതുകണ്ടുനിന്ന ഭക്തന്മാരെല്ലാം അത്ഭുതപരവശന്മാരായി, "കൊള്ളാം! ഇതെത്ര വിപരീതമായിരിക്കുന്നു? തുലുക്കൻ നമ്മെപ്പോലെ സ്വാമികളുടെ കുറിയും നെററിയിൽധരിച്ചു, വന്നിരുന്നു ഇതാ തുളസിമാലപിടിച്ചു രാമനാമംജപിക്കുന്നു! ഇവനു സ്വാമി ഉപദേശം കൊടുത്തായിരിക്കുമോ? അതിന്റെ പരമാൎത്ഥമറിയണമല്ലോ" എന്നിങ്ങനെ സംഭ്രാന്തന്മാരായി, സ്വാമികളുടെ പരിചാരകന്മാരായ ബ്രാഹ്മണരെവിളിച്ചുകൊണ്ടുവന്നു കാണിച്ചു. ഉടനെ; അവർ, "എടാ! ശനിപിടിച്ച തുലുക്കച്ചെക്ക! നീ തുലഞ്ഞുപോകുന്നില്ലയോ? ഞങ്ങളെ അപേക്ഷിക്കാനാണോ നീ ഇങ്ങനെ കുറിയുംമാലയുമൊക്കെയണിഞ്ഞു പുതിയവേഷമെടുത്തിരിക്കുന്നതു? ഇവനെ രണ്ടായിമുറിച്ചു വെളിക്കെട്ടുത്തുകളഞ്ഞാലല്ലാതെ, ഇവൻ ഇഴഞ്ഞുകേറിവരാതിരിക്കയില്ല എന്നു കോപഭ്രാന്തന്മാരായിപറഞ്ഞുകൊണ്ടു, കബീറിനെച്ചെന്നുപിടികൂടി, "എടാ നീച! പശുവിനെത്തിന്നുന്നമ്ലേച്ഛ! നീ ഈ ബ്രാഹ്മണമഠത്തെ അശുദ്ധമാക്കാൻ പിന്നെയും കടന്നുവന്നോ? കുറിയും മാലയുമൊക്കെ ധരിച്ചു പരിഹസിക്കുന്നോ? സ്വാമിയുടെ തിലകമണിയാനും തുളസിമാലധരിക്കാനും നിന്നോടാരുപറഞ്ഞു? നിന്റെ അഭിപ്രായമെന്തു? പറക."

ബ്രാഹ്മണരുടെ ഈ അധിക്ഷേപവാക്കുകൾകേട്ടു, കബീർ:—"ഹേ വേദിയോത്തമന്മാരെ! നിങ്ങൾ വെറുതെയെന്തിനാണു എന്നെപ്പിടിച്ചുലാകോലംചെയ്യുന്നതു? വേണ്ടാ വേണ്ടാ. ഇന്നുരാവിലെ എനിക്കു സ്വാമികൾ അനുഗ്രഹിച്ചുപദേശംതന്നു ശിഷ്യകോടിയിൽ ഉൾപ്പെടുത്തിയിരിക്കയാണു. അക്കാൎയ്യത്തിൽ നിങ്ങൾക്കു വല്ല സംശയവുമുണ്ടെങ്കിൽ, സ്വാമികളോടുതന്നെ ചോദിച്ചുകൊൾവിൻ!" എന്നുപറഞ്ഞു. ബ്രാഹ്മണർ അതുകേട്ടു, അവനെപ്പിടിച്ചുവലിച്ചുകൊണ്ടുപോയി സ്വാമികളുടെ മുമ്പിൽ നിൎത്തീട്ടു—'ഭഗവൻ! തിരുവടി, ഇന്നുകാലത്തു, ഈ തുലുക്കക്കുട്ടനു ഉപദേശംകൊടുത്തു ശിഷ്യഗണത്തിൽ ഉൾപ്പെടുത്തിയതായി ഇവൻ പറയുന്നു. അതു പരമാൎത്ഥമാണോ എന്നരുളിച്ചെയ്യണം" എന്നറിവിച്ചു.

സ്വാമികൾ അതുകേട്ടു കോപിച്ചു, തന്റെമെതിയടിയെടുത്തു, കബീറിനെ ലക്ഷ്യമാക്കി ഒരേറുകൊടുത്തു. അതു, കബീറുടെ നെററിമേൽചെന്നുകൊണ്ടു മുറിഞ്ഞു രക്തം പ്രവഹിച്ചുതുടങ്ങി. കബീർ വേദനപ്പെട്ടു കരയുന്നതിനുപകരം ആനന്ദപരിപ്ലുതഹൃദയനായി സ്വാമികളെനോക്കി. "ഭഗവൻ തിരുവടിയുടെ പരിപാവനങ്ങളായ മെതിയടികൾ നേററിമേൽ സ്പൎശിക്കത്തക്ക പുണ്യം ഞാൻ ചെയ്തതെന്താണാവോ? എന്നെപ്പോലെ ഭാഗ്യം അങ്ങേ മററു ശിഷ്യന്മാൎക്കാൎക്കും ലഭിച്ചിട്ടില്ല നിശ്ചയം. ഞാൻ മുജ്ജന്മം ചെയ്ത ദുഷ്കൃതംതന്നെ സുകൃതം. തിരുവടിക്കു ഇത്രത്തോളം കൃപ അടിയനിൽ ഉദിക്കാൻ കാരണമെന്തോ? അല്ലയോ ഗുരുനാഥ! പരിശുദ്ധാത്മൻ! ഭക്താഭീഷ്ടവരദ! മോക്ഷപ്രദ! പരമേശ! ജഗദീശ! ഗുണവാസ! പരാത്മൻ!" ഇങ്ങനെ പലവിധത്തിൽ സ്തോത്രം ചെയ്യുമ്പോൾ, സ്വാമികൾ:—എടാ! തൊഴുന്നകള്ള! ഞാൻനിനക്കു ഇന്നു കാലത്തുപദേശംതന്നുവെന്നല്ലെ നീ പറഞ്ഞതു? എപ്പോഴാണതു? എവിടെവച്ചാണു? വേഗംപറക" എന്നുചോദിച്ചു.

കബീർ:......സ്വാമിൻ! ഇന്നു പ്രഭാതവേളയിൽ നിന്തിരുവടി മണികർണ്ണികാഘട്ടത്തിൽ നീരാട്ടിന്നെഴുന്നള്ളിയപ്പോൾ, ആ കൽപ്പടികളിൽ കിടന്നിരുന്ന എന്റെ ശിരസ്സിൽ പരിശുദ്ധതിരുവടികൾ കൊണ്ടു ഊന്നി "രാമ രാമ" മന്ത്രം ഉപദേശിച്ചില്ലയോ? തിരുമനസ്സിൽ അക്കഥ വിസ്മരിച്ചുപോയോ" എന്നറിയിച്ചു സാഷ്ടാംഗപ്രണാമം ചെയ്തു് എഴുന്നേറ്റു നിന്നുകൊണ്ടിങ്ങനെ സ്തുതിചെയ്തു.

പദ്യം.

അൻപേറും തമ്പുരാനാം കമലനയനനാം കാമസംഹാരിദേവൻ
മുമ്പാം ദൈവങ്ങൾ പോലും ദിനമനു പുകഴും പാവനം രാമനാമം
സമ്പ്രീത്യാ പാപശാന്തിക്കലിവൊടുമുപദേശിച്ചു മദ്ദേശികൻ തൻ
പമ്പാളുന്നോരു സാക്ഷാൽ കൃപയുടെ നിലയേതെന്നതോ നോ ന ജാനേ ൧
കാമക്രോധം തുടങ്ങിക്കരളിനു മദനം നൽകിടും മോക്ഷശത്രു
സ്തോമം പോലേയകറ്റിപ്പരചിദമലസത്തുക്കളെത്തിൽക്കലർത്തി
ധീമത്വം പൂണ്ടുവാഴും മുനികളുമലിവോടോതിടും രാമമന്ത്രം
ഹാ മന്ദനെന്നോതിരക്കീച്ചൊല്ലൊരു ഗുരുകരുണാവീചിവിസ്താരമേതോ? ൨
ആചാരം തെല്ലുമില്ലാതൊരു കുടിലതമോഹോ കോപി പാപിഷ്ഠനേററം
നീചാഗ്ര്യൻ, രാമനാമാക്ഷരമതുളവാൽ വാല്മീകിനാമർഷിയായി
ആചാർത്ത്വിദ്യമന്ത്രം കനിവൊടുമുപദേശിച്ചു രക്ഷിച്ച സാക്ഷാൽ
ആചാര്യൻ തന്റെ ശുദ്ധം ഭൽകൃപയുടെ നിലയേതെന്നതോ നോ ന ജാനേ. ൩
ദാതാക്കൾ സത്യതാതൻ ദശരഥനിവരിൽ പുത്രനായന്നു താപം
വീതാശങ്കം ഹരിച്ചു ഹരിഹരിപരചിത്തത്തമേതൊന്നമൂലം
അദിത്യം രാമമന്ത്രം ശ്രുതിസമമുപദേശിച്ചൊരാചാര്യവാനാം
ആചാര്യൻ തന്റെ സാക്ഷാൽ കൃപയുടെ നിലയേതെന്നതോ നോ ന ജാനേ. ൪
അത്യർത്ഥം ദുഷ്കർമ്മത്താൽ കടിവലദഹനജ്വാലയിൽ കാണുമപ്പോൾ
മുപ്പാരും ഭസ്മമാക്കാൻ തിര വിതറശകുന്തന്റെ കണ്ണം മുറിച്ചു,
നിത്യാനന്ദം ത്രിലോകിക്കരുളിയ മധുവിദ്വേഷി തൻ നാമമന്ത്രം
ഹൃദ്യം ഹാ! ഹാ! നമുക്കോതിയ ഗുരുകരുണാവീചിവിസ്താരമേതോ? ൫
ഗോമേധം തൊട്ടു യാഗങ്ങളുമരിയതപസ്സും മുറയ്ക്കാചരിച്ചും,
ഭൂമാകാന്തന്റെ പൂങ്കാലിണകമലമതിൽ ചേർത്തു നിത്യം ഭജിച്ചും
പ്രാമാണ്യത്തോടു വാഴും ജനതയുമനിശം ചൊല്ലിടും രാമമന്ത്രം
ഹാ! മന്ദനെന്നോതിരക്കീച്ചൊല്ലൊരു ഗുരുകരുണാവീചിവിസ്താരമേതോ? ൬
തീരാത്തുള്ളാധിബാധാദികൾ ഭവമരണം വ്യാധിതൊട്ടുള്ളതെല്ലാം
തീരാൻ കൈക്കൊണ്ട സിദ്ധൌഷധമിവ ഫലമേറും രാമാഖ്യമാം മന്ത്രം
നേരാതം, പാപിയാം ഞാനലഹ്നോദമുപദേശിച്ചൊരാചാര്യചിത്ത-
ത്താരാളം ചാരുതീവ്രൽകൃപയുടെ നിലയേതെന്നു ചൊല്ലുന്നവനാരോ? ൭
പാൽമേലിക്കാരനക്കുലമതൃപുകം ചരിതൈരോതിയാമോദ്യപാദ-
പ്പൂമന്ദം പാദുകാശോഭിതമലിനോട്ടമെൻമൌലിയിൽ ചേർത്തു ചാർത്തി
രാമദ്വയം മന്ത്രമാതിഭവമൊഴിയെക്കാതൊരാചാര്യചിത്തം
സീമാഹീനം തുളുമ്പും കൃപയുടെ നിലയേതെന്നു ചൊല്ലാവതാണോ? ൮
അച്ഛശ്രീമേനിയോടൊത്തിനിയുടെ കരമെട്ടിലെന്നർപ്പിച്ചു
സ്വച്ഛന്ദം ഞാൻ കിടന്നോരളവതുപോലെ ഗ്രഹിക്കാതവണ്ണം
തൃക്കാലിന്മൌലിയിൽ വെച്ചുണരൊട്ടലരാമേതിരിച്ചറിയപ്പിച്ചപ്പോൾ
സൽക്കാരം ചെയ്തു സാക്ഷാൽ ഗുരുകരുണാവീചിവിസ്താരമേതോ? ൯
സ്വാമിൻ! തെല്ലാദപത്മം നരസുരരഖിലം കാങ്കമന്ദേഢ നിമേത്യ
ശ്രീമദ്രാമാഖ്യമന്ത്രം സുഖകരമുപദേശിച്ചതാരാഞ്ഞിന്നം

നാമേനിൻദേശികൻനിർണ്ണയമിതിസുഖമോർത്തിട്ടുപാലിച്ചതോർത്താൽ
രാമാനന്ദാഖ്യദേവപ്രഥിതതരകൃപാവീചിവിസ്താരമേരോ?

ഇങ്ങനെ സ്തോത്രംചെയ്തു ഭക്തിയിൽ മയിച്ചുനില്ക്കുന്ന കബീറെക്കുറിച്ച്, രാമാനന്ദസ്വാമികൾക്കു കരുണതോന്നി:—"എടാ! നീ എന്നെ വഞ്ചിച്ചുവല്ലോ. നീയായിരുന്നോ അവിടെക്കിടന്നതു്? നീ കരുതിക്കൂട്ടിക്കൊണ്ടു ചെയ്തതാണതു്. അല്ലേ? ആട്ടെ, എന്നാലും ദോഷമില്ല. കഴിഞ്ഞകാര്യത്തെക്കുറിച്ചു ചിന്തിച്ചിട്ടും ഫലമില്ലല്ലോ." ഇങ്ങനെ അരുൾചെയ്തിട്ട്, ബ്രാഹ്മണരെനോക്കി,—"ഹേ ശിഷ്യോത്തമന്മാരേ! ഇവൻ പറഞ്ഞതു സത്യംതന്നെയാണു്. അളറിഞ്ഞുകൊണ്ടല്ലെങ്കിലും ഇവന്റെ തലയ്ക്കു ചവിട്ടിയതും, നിർവ്വാദപൂർവ്വം തടവി രാമനാമം ഉച്ചരിച്ചതും ശരിതന്നെ. അതുകൊണ്ടു്, ഇന്നുമുതൽക്കു്, ഇവനെ നിങ്ങളിലൊരുത്തനായിക്കരുതി സ്നേഹിച്ചുകൊൾവിൻ" എന്നു കല്പിച്ചു. സ്വാമികളുടെ ആ കല്പന ബ്രാഹ്മണർക്കു കർണ്ണശല്യമായിത്തോന്നി. അവർ ഉള്ളിലുദിച്ച കോപത്തെ മറച്ചു്, "സ്വാമിൻ! അങ്ങനെ കല്പിക്കുന്നതു സങ്കടമാണു്. അളറിയാതെ, പതിവനുസരിച്ചുതള്ളിച്ചെയ്ത ഒരു വാക്കിനെ സാധനമാക്കി, ഇവനെ ശിഷ്യനാക്കി സ്വീകരിക്കുന്നതു കഷ്ടമാണു്, പരിശുദ്ധരായ ബ്രാഹ്മണർക്കു പറയനെ അംഗീകരിക്കാമോ? ശിഷ്യത്വേന പരിഗണിക്കാമോ? ഇങ്ങനെ ലോകത്തെവിടെയെങ്കിലും നടന്നിട്ടുണ്ടോ? നടക്കുന്നുണ്ടോ? ഇവനെ ശിഷ്യനാക്കിയാൽ, നമുക്കു അപകീർത്തിയല്ലാതെ, പ്രശസ്തിയുണ്ടാകയില്ല. അതുകൊണ്ടു്, ഇക്ഷണംതന്നെ ഇവനെ ഇവിടെനിന്നോടിച്ചു്, മേലാൽ ഇവിടെക്കടക്കാതിരിക്കാൻവേണ്ട ഏർപ്പാടുചെയ്യണം. അതാണുനന്നു്. എന്നറിയിച്ചു. അതിനുമറുപടിയായി സ്വാമികൾ—"നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊൾവിൻ! എന്നു കല്പനകൊടുക്കയുംചെയ്തു. അനന്തരം കബീറെനോക്കി,—എടാ കൊച്ചുകള്ള! നീ വഞ്ചിച്ചു്, എന്നോടു താരകമന്ത്രത്തെ വാങ്ങിയതുകൊണ്ടു്, മേലാൽ നിന്നെ കാണ്മാൻ നമുക്കിഷ്ടമില്ല. മറവിൽ ഇരിക്കുന്നതു് നന്നു്; നാളെമുതൽ, മറന്നിട്ടും നീ ഇവിടെ വരരുതു്. പൊയ്ക്കോ എന്നു ആജ്ഞാപിച്ചയച്ചു. കബീർ പോയഉടനേ ബ്രാഹ്മണരെനോക്കി—"ഹേ സാധുക്കളായ വേദിയരേ! ഈ ബാലനെ നാം അനാദരിച്ചതു ശരിയാണെന്നെനിക്കുതോന്നുന്നില്ല. കൊച്ചുകുട്ടിയാണെങ്കിലും അവന്റെ ഭക്തിവിശ്വാസം അന്യാദൃശമായിരിക്കുന്നു. വിശേഷിച്ചും, വേദമൂർത്തിയായ ബ്രഹ്മാവിനെന്നപോലെ നാലുവേദങ്ങളും അവനു ഹൃദിസ്ഥമാണെന്നു വാക്കുകേട്ടാൽ അനുമാനിക്കാം. ഇത്രമേൽ ബുദ്ധിമുട്ടുകൾസഹിച്ചു്, ഇതുവരെ അവനു എന്നോടു ഉപദേശംവാങ്ങിച്ചിട്ടില്ല. മുജ്ജന്മകൃതമായ ഏതോ പാപാംശം അനുഭവിച്ചുതീർക്കാൻ അവനുണ്ടായിരിക്കും അതുകൊണ്ടാണു് മ്ലേച്ഛവംശത്തിൽ വന്നുപിറന്നതു്. "ജാതിനാമാദികൾക്കല്ല ഗുണഗണങ്ങൾക്കുമെന്നത്രേ ബുധന്മാരുടെമതം" എന്ന തത്വമനുസരിച്ചു്, അവന്റെ കുലത്തെക്കുറിച്ചല്ല നാം നോക്കേണ്ടതു് ഗുണത്തെക്കുറിച്ചാണു്. താഴ്ന്ന കുലത്തിൽ ജനിച്ച വാല്മീകിമുതലായവർ, മഹർഷിമാരായില്ലേ? ഈ ബാലന്റെ സ്വഭാവവും വൈരാഗ്യാദിനിഷ്ഠകളും മറ്റുഗുണഗണങ്ങളും ആലോചിച്ചുനോക്കിയാൽ, അത്ഭുതംതോന്നുമെന്നുമാത്രമല്ല അവൻ ഒരവതാരപുരുഷനാണെന്നു നിർണ്ണയിക്കേണ്ടിയുമിരിക്കുന്നു. രാക്ഷസവംശത്തിൽ ജനിച്ച വിഭീഷണൻ, പ്രഹ്ലാദൻ, മഹാബലി മുതലായവരെല്ലാം മഹാഭക്തന്മാരായിരുന്നുവെന്നുള്ള കഥ സുപ്രസിദ്ധമല്ലേ? ഭഗവല്ലീലാവിലാസങ്ങൾ ആർക്കുതന്നെ നിർണ്ണയിക്കാം? എന്നോരോന്നരുളിച്ചെയ്തശേഷം ശ്രീനാരായണസ്വാമിയെധ്യാനിച്ചു ആനന്ദനിലീനനായി സ്ഥിതിചെയ്തു.

അനന്തരം, കബീർ, വീട്ടിലെത്തി നടന്നവർത്തമാനങ്ങളെല്ലാം മാതാപിതാക്കളെ ധരിപ്പിച്ചു. സ്വാമികൾ ഉപദേശിച്ച താരകമന്ത്രത്തെത്തന്നെ എപ്പോഴും ധ്യാനിച്ചു്, പ്രഭാതമാകുമ്പോൾ ഗംഗയിലിറങ്ങിക്കുളിച്ചു്, രാമാനന്ദസ്വാമികളുടെ കുറിയും തുളസിമാലയും അണിഞ്ഞു്, വിഷ്ണുനാമസഹസ്രത്തെ പലകീർത്തനങ്ങളോടുകൂടി, പലർക്കും അതിന്റെ മാഹാത്മ്യത്തെ പറഞ്ഞുകേൾപ്പിച്ചുകൊണ്ടു്, കബീർ ദിവസങ്ങളെ നയിച്ചുവന്നു.

---

## എട്ടാം അദ്ധ്യായം.

---

### കബീർ മഹമ്മദ്ദുമതത്തെ ഖണ്ഡിച്ചതു്.

ശ്രീനാരായണഭക്തോത്തമനായ കബീർ, ഇങ്ങനെ താമസിക്കുന്ന കാലത്തു മററുള്ള തുലുക്കന്മാൎക്കൊക്കെ അവനെക്കുറിച്ചു വെറുപ്പുതുടങ്ങി. അവൻ തമാലിനേയും ജിജ്ജാബീബിയേയും ചെന്നുകണ്ടു് "ഹേ! നിങ്ങൾ തുലുക്കവംശജരായിരുന്നിട്ടും, ഹിന്ദുക്കളെപ്പോലെ നാരായണനാമവും രാമനാമവും ഒക്കെ ജപിച്ചുകൊണ്ടു നടക്കുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ ഞങ്ങളുടെ തെരുവിൽനിന്നും ഒഴിഞ്ഞു്, ഹിന്ദുക്കളുടെ കുടിയിടയിൽപോയി താമസിച്ചുകൊള്ളണം." എന്നു കോപപരുഷമായിപ്പറഞ്ഞു. അതുകേട്ടു്, കബീർ അവരെനോക്കി—"ഹേ മാന്യന്മാരേ! ഞങ്ങൾ ഒഴിഞ്ഞുപോകണമെന്നു പറവാൻ നിങ്ങൾക്കെന്തധികാരം? രാമനാമവും നാരായണനാമവും ജപിക്കുന്നതിൽ എന്തുകുററം? രാമനും റഹിമും ഒന്നുതന്നെയാണെന്നുള്ള പരമാൎത്ഥമറിയാതെയല്ലേ നിങ്ങൾ വഴക്കിനുവന്നിരിക്കുന്നതു്?" എന്നുചോദിച്ചു. ഉടനേ, തുലുക്കന്മാരുടെ വൈദികാചാൎയ്യനായ കാദി, കബീറിനെ ഭത്സിച്ചുപറഞ്ഞു. "മൂഢബാല! നീ എന്തുപറയുന്നു? രാമനെന്നതു്, ദശരഥനെന്നുപേരായ ഒരു മനുഷ്യന്റെ മകനല്ലേ? റഹിം എന്നതു ജനനമരണരഹിതമായി അരൂപമായ ദൈവം അല്ലേ? സത്യബോധമില്ലാത്ത നിന്നോടു് ഇതൊക്കെയെന്തിനുപറയുന്നു? പറഞ്ഞതുകൊണ്ടൊരുഫലവുമില്ല."

കബീർ:—"ഹേ! മുഴുമൂഢനായ കാദി! നിത്യനിൎമ്മലസ്വതന്ത്രമായ പരബ്രഹ്മാംശംതന്നെ മൂൎത്തീഭവിച്ചിരിക്കുന്ന വിഷ്ണുഭഗവാനു്, ലോകരക്ഷണമാണു് ധൎമ്മം. അതായതു് ദുഷ്ടനിഗ്രഹവും ശിഷ്ടജനപരിപാലനവുമാണു്. അതനുസരിച്ചു്, ലോകകണ്ടകനായ രാവണരാക്ഷസനെ നിഗ്രഹിപ്പിക്കാനായി ദശരഥപുത്രനായി രാമനാമത്തോടെ വിഷ്ണുഭഗവാനവതരിച്ചു. അദ്ദേഹത്തെ മനുഷ്യനാണെന്നു നിങ്ങൾ പറഞ്ഞതു്, എന്തസംബന്ധമാണു്!"

കാദി:—എടാ! "പൊയ് പറഞ്ഞാലും പൊരുന്നെപ്പറയണം" ദൈവംവേറെ, ലോകരക്ഷകനായകൎത്താവുവേറേ, എന്നുനീയൊരുത്തൻ പറഞ്ഞുകേട്ടുള്ളൂ. വേദമില്ലാത്ത ഹിന്ദുമതത്തിൽ ചേൎന്നനിനക്കു പരമാൎത്ഥബോധമില്ലാത്തതു അത്ഭുതവുമല്ല. "നിൎമ്മലം നദീജലം സാഗരം തന്നിൽ ചേൎന്നാൽ നിശ്ചയം പുളിച്ചുപോം" എന്നുപറഞ്ഞതുപോലെ, ഹിന്ദുക്കളോടു ചേൎന്നീയും നരകവാസിയായി ഭവിക്കതന്നെവേണം.

കബീർ:—എന്താണുവായിൽ വന്നതൊക്കെവിളിച്ചു പറയുന്നതു്? അരൂപമായ പരബ്രഹ്മംതന്നെയാണു് ആദിദൈവം എന്നിരുന്നാലും, അതിൽനിന്നു, ലോകസൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു മൂന്നുശക്തികൾ വ്യാപരിക്കുന്നുണ്ടു്. ആ ശക്തികൾക്കാണു മൂൎത്തിത്വംകല്പിച്ചു ബ്രഹ്മാവെന്നും വിഷ്ണുവെന്നും ശിവനെന്നും പേർപറഞ്ഞുവരുന്നതു്. അതുകൊണ്ടു്, ആദ്യകാലം മുതൽക്കെല്ലാവരും ത്രിമൂൎത്തികളുടെ വിഗ്രഹങ്ങളെവച്ചാരാധിച്ചുവന്നു. ഇക്കാലത്തു്, അതിനെ നശിപ്പിച്ച ഇബ്രാഹിം മുതലായവരെ, ദൈവംതന്നെ കഠിനമായശിക്ഷിച്ചതു ഓൎമ്മയില്ലേ? എന്നുമല്ല, ആദിസൃഷ്ടികൎത്താവായ ബ്രഹ്മാവിനാൽ ഉണ്ടാക്കപ്പെട്ടവേദങ്ങളല്ലേ പരിശുദ്ധം? അതോ, യോനിജനായ ഒരു കേവലമനുഷ്യൻ, മഹമ്മദുണ്ടാക്കിയവേദമോ? ഈ പരമാൎത്ഥം അറിയാത്ത നിങ്ങളാണോ എന്നോടു വമ്പുപറയാൻ വരുന്നതു.

കാദി;—രൂപഹീനനായ ദൈവത്തിന്റെ സംകല്പമാത്രത്താൽ ഉണ്ടായ ഈലോകം, സരൂപനായബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടതാണെന്നു പറയുന്നതിന്റെ മൂഢത്വത്തെ ഞാനെങ്ങനെ തെളിയിയ്ക്കാനാണു്? ഞങ്ങളുടെ സദ്ഗുരുവരനായ മഹമ്മദിനു്

ദൈവകല്പനയനുസരിച്ച്, ദേവദൂതനാൽ അറിയിക്കപ്പെട്ട വാക്യങ്ങളാണ്, സത്യവേദം. അതിലുള്ള സാരതത്വങ്ങൾ നിന്നെപ്പോലുള്ള അവിശ്വാസികൾക്കറിയാവുന്നതാണോ? എന്നുപറഞ്ഞു ചിരിച്ചപ്പോൾ,

**കബീർ:**—ദൈവത്തിനു നിറമുണ്ടെങ്കിൽ മറവിയും കാണുമല്ലോ. ഇങ്ങനെസങ്കല്പവികല്പങ്ങളുള്ളവർക്ക ദേഹവും ഉണ്ടായിരിക്കണം—ദേഹത്തിനു ഏതെങ്കിലും ഒരുരൂപവുമുണ്ട്. ദൈവം അരൂപനെന്നല്ലേ നിങ്ങൾപറഞ്ഞതു്? അരൂപനരൂപമേതു്? നിർവികല്പനുവികല്പമേതു്? നിശ്ചലനു ചലനമുള്ള തൊഴിലേതു്? ചനമില്ലാതെ ലോകമുണ്ടാകുമോ? ഉൽപത്തിക്കു വികാരംകൂടാതെകഴിയുമോ? രൂപമില്ലാതെനിറമുണ്ടാകുമോ? ആകാശത്തിൽ കോട്ടനിൽക്കുന്നെന്നും കാററിനുരൂപമുണ്ടെന്നും മററുംപറയുന്നതുപോലെ, നിങ്ങളുടെ വാക്കു അത്യന്തം അയുക്തമായിരിക്കുന്നു. സങ്കല്പവികല്പങ്ങളില്ലാതെ, അരൂപമായിരിക്കുന്ന ദൈവം,ദേവദൂതന്മാർവശം വാക്യങ്ങളെങ്ങനെ എഴുതികൊടുത്തയച്ചു?—എള്ളിൽ എണ്ണപോലെയും, പാലിൽ വെണ്ണപോലെയും അദൃശ്യസ്ഥിതിയിൽ എങ്ങുംനിറഞ്ഞിരിക്കുന്നദൈവം, എവിടെയിരുന്നാണ് മഹമ്മദിന്റെ അടുക്കലേക്കു ദേവദൂതന്മാരെപ്പറഞ്ഞയച്ചതു്? മഹമ്മദിരുന്നിടത്തു ദൈവമില്ലാതെപോയോ? രൂപവും വാക്കുമില്ലാത്തദൈവം കൊണ്ടുപോയികൊടുക്കാൻ ആജ്ഞാപിച്ചതെങ്ങനെ? അദ്ദേഹത്തിന്റെ ഇരിപ്പു, എപ്പോഴും ആകാശത്തിലാണോ? ഭൂമിയിൽ ദൈവമില്ലയോ കരുണാപുരസ്സരം അദ്ദേഹം അരുൾചെയ്തതായ വാക്കുകളായ വേദത്തിൽ, ജീവഹിംസ ചെയ്യാമെന്നനുവദിച്ചിരിക്കാനിടയുണ്ടോ ഈ വാക്യങ്ങളിൽ, ചിലതു, ഇബ്രാഹിംപയമ്പരുടെ പുത്രന്മാരിൽ ഒരുവനായഐസക്ക എന്നവൻ തള്ളത്തക്കതാകുമോ സത്യവേദമല്ലെന്നു ഖണ്ഡിക്കാൻ സാധിക്കുമോ തുലുക്കവംശത്തിനു ആദ്യാചാര്യനായ ഇബ്രാഹിം പയമ്പർ പലപ്രാവശ്യം വിവരിച്ചുപറഞ്ഞിട്ടും, സ്വന്തംമകനായ ഐസാക്ക്, കള്ളങ്ങൾ പറഞ്ഞു, എന്നെ വഞ്ചിക്കേണ്ടാ, എന്നു നിഷേധിച്ച്, അച്ഛനായ ഇബ്രാഹിമിനെ, പട്ടണത്തിൽനിന്നും അടിച്ചിറക്കി അയയ്ക്കാനിടയാകുമോ?ഹേ ആചാര്യനായ കാദി ലോകത്തിൽ അവരവരുടെ പേരിനെ നിലനിർത്തണമെന്നുദ്ദേശിച്ച്, ഓരോബുദ്ധിമാന്മാർ അവരുടെ പേരിൽ ഓരോമതത്തെ ഏർപ്പെടുത്തി, ധർമ്മത്തെ പുരസ്കരിച്ചു, ചില വാക്യങ്ങളെ യുക്തിപൂർവം എഴുതിക്കൂട്ടി അതിനുവേദമെന്നു പേരിട്ടു, തങ്ങളെ എല്ലാവരും വന്ദിക്കത്തക്കവണ്ണം അതിൽ എഴുതിവച്ചു, ഇതുസത്യവേദമാണു; ദൈവത്തിന്റെ കല്പനകളാണിതു, എന്നൊക്കെപ്പറഞ്ഞു, മനുഷ്യരെ ഒരുവിധത്തിലും കരകയറാൻ നിവൃത്തിയില്ലാതവണ്ണം അധഃപതിപ്പിച്ചെന്നല്ലാതെ, അതിലെങ്ങാനും മോക്ഷമാർഗ്ഗമുപദേശിക്കുന്നുണ്ടോ അല്ലാതെ ഉപദേശിക്കുന്നുണ്ടെങ്കിൽ, ആ വഴിയെ അനുസരിപ്പിക്കുന്നവർക്കുമോക്ഷം ലഭിക്കുന്നുണ്ടോമതഗ്രന്ഥങ്ങളിലെനിരർത്ഥപ്രസ്താവങ്ങളെക്കൊണ്ടു, മതഭേദാഭിമാനമാണവന്നു കൂട്ടുകയും മദംവർദ്ധിക്കുകയും ചെയ്യുന്നതല്ലാതെ, അഭിലഷണീയമായ സൽബുദ്ധിയെതുകൊണ്ടു മനുഷ്യർക്കുണ്ടാകുന്നുണ്ടോ? മോക്ഷമടയുന്നവൻ മനുഷ്യനെത്തൊഴുന്നതെന്തിനു തൊഴുതുകരയുന്നതെന്തിനു്? ജീവകാരുണ്യത്തോടു കൂടിദൈവത്തെധ്യാനിച്ചു തപസ്സുചെയ്യാതെ, കൊലപാതകത്തിലുൾപ്പെട്ടു,മായാബന്ധനങ്ങളിലകപ്പെട്ടു, അധോഗതിവരുത്തക്കകാര്യങ്ങളെ ചെയ്താൽ, ദൈവാനുഗ്രഹം യുഗാവസാനത്തിൽ പോലും ലഭിക്കുമോ?

**കാദി:**—സച്ചിദാനന്ദദൈവത്തെയല്ലാതെ, മൂർത്തിത്രയത്തെപ്പൂജിക്കയും ധ്യാനിക്കയും, ചെയ്യുന്നതിന്റെയുക്തി എന്താണു പറയൂ?

**കബീർ**—യുക്തിഎന്തായാലും, മുഹമ്മദ് എന്നമനുഷ്യനെപ്പൂജിക്കുന്നതിനെക്കാൾ മൂർത്തിത്രയത്തെപ്പൂജിക്കുന്നതാണു നന്നെന്നുള്ളതിനു തർക്കമുണ്ടോ?

**കാദി**—എന്നാൽ രാവണൻ സൃഷ്ടിവർഗ്ഗത്തിൽപെട്ട ഒരുജീവിയല്ലേ? അവനെക്കൊല്ലാൻ രക്ഷാകർത്താവായ വിഷ്ണുവിനു നേരിട്ടുനിവൃത്തിയില്ലയോ? അതിനുമനുഷ്യനായി വന്നുജനിച്ചുവളർന്നു ചെന്നിട്ടെന്തൊരുകാര്യം!

കബീർ:—അതുപറയാം.—മൂർത്തികൾ മൂവരാലും, ദേവാസുരരാക്ഷസാദികളാലും, എന്നല്ലാമനുഷ്യരൊഴിച്ചു മററാരാലും, താൻ വധിക്കപ്പെടരുതെന്നു രാവണൻ തപസ്സുചെയ്തുവരം വാങ്ങിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു്, അവനെ നിഗ്രഹിക്കാൻ സത്യസന്ധനായവിഷ്ണുഭഗവാൻ മനുഷ്യരൂപമെടുത്തതാണു്.

കാദി:—വിഷ്ണുരക്ഷാകർത്താവെന്നല്ലെ നീപറഞ്ഞു? പിന്നെ ആ ദേവൻ രാവണനെക്കൊല്ലാൻ വന്നതെന്തിനു്? സംഹാരത്തിനുമൂർത്തിവേറെയാണല്ലോ.

കബീർ:—രാജ്യം രക്ഷിക്കുന്ന രാജാവു്, ദുഷ്ടന്മാരെ ശിക്ഷിക്കുന്നതെന്തിനാണു്? അതുപോലെ ലോകം രക്ഷിക്കുന്ന വിഷ്ണുഭഗവാൻ ധർമ്മധ്വംസകന്മാരായ ദുഷ്ടന്മാരെ നിഗ്രഹിക്കേണ്ടധർമ്മമുണ്ടു്. രാവണൻ ലോകോപദ്രവിയായിരുന്നതുകൊണ്ടു്, അവനെക്കൊല്ലാൻ അവതരിച്ചു.

കാദി:—ശരി ശ്രേഷ്ഠമായ ഈ ദേഹത്തിൽ മണ്ണുകുഴച്ചു വാരിത്തേക്കുന്നതെന്തർത്ഥത്തിലാണു്? അതുമൂഢതയല്ലേ?

കബീർ:—അങ്ങനെ ചോദിച്ചതാണു മൂഢത്വം. അതു് മൂഢത്വത്തെ കെടുത്താനുള്ള ഒരു മുദ്രയാണു്. അനിത്യമായ ഈ ശരീരം എത്രനാളിരുന്നാലും ഒടുവിൽ മണ്ണായിത്തന്നെ തീരുമെന്നും, ഇതിനെ സത്യമായി കരുതരുതെന്നും താങ്കളെപ്പോലെയുള്ള മൂഢന്മാരെ അറിയിക്കാനുള്ള അടയാളമാണിതു്.

കാദി:—അട്ടെ, കല്ലിനെത്തൊഴുന്നതോ? അതിനെന്തർത്ഥം?

കബീർ:—എങ്ങും നിറഞ്ഞിരിക്കുന്ന പരബ്രഹ്മം, ഈ കല്ലിലുമിരിക്കുന്നതാണെന്നും, കല്ലും ബ്രഹ്മാംശമല്ലാതെ മററൊന്നുമല്ലെന്നും, നമ്മുടെ ഉള്ളിലിരിക്കുന്നതും ആ ബ്രഹ്മംതന്നെയെന്നുംഅറിയിക്കുന്നതിനും, അജ്ഞാനികൾക്കു ത്രിമൂർത്തികളുടെ രൂപം മനസ്സിൽ ധ്യാനിക്കാൻ ഒരു മാതൃകകാട്ടിക്കൊടുപ്പാനും, ജ്ഞാനികൾക്കു നിർഗ്ഗുണോപാസനാ സോപാനത്തിൽ കാൽവയ്ക്കുന്നതിനുള്ള ധ്യാനനില ശീലിക്കുന്നതിനും അതുപകരിക്കുന്നു. അതാണു് കല്ലിനെത്തൊഴുന്നതു്. പക്ഷേ, അസ്സൻ ഉഗ്രൻ എന്നയാൾ ചെയ്ത അക്രമത്തെ സഹിക്കവയ്യാതെ ദേവന്മാർ, അയാളെ നിഗ്രഹിക്കുന്നതിനായി അന്വേഷിച്ചപ്പോൾ, കുളത്തിൽ ചാടി മരിച്ചു രക്ഷനേടിയ അയാളുടെ കൈകളെ അറുത്തുവെച്ചു പൂജിക്കുന്നമനുഷ്യരാണു മൂഢന്മാർ. അതിനാണു് അർത്ഥമൊന്നുമില്ലാത്തതു്.

കാദി—നിങ്ങളുടെ വേദത്തിൽ, ആദി മനുഷ്യൻ ആരാണെന്നാണു പറഞ്ഞിരിക്കുന്നതു്?

കബീർ:—ബ്രഹ്മാവിൽ നിന്നു മനുവും മനുവിൽ നിന്നു മനുഷ്യരും ഉണ്ടായതായിപ്പറയപ്പെട്ടിരിക്കുന്നു.

കാദി:—അതിനുദൃഷ്ടാന്തമെന്തു്?

കബീർ:—മനുഷ്യരെന്നു പേർകിട്ടിയതുതന്നെ മനുവിൽ നിന്നുണ്ടാകകൊണ്ടാണെന്നും മനുഷ്യൎക്കു വേണ്ടിപ്പറയപ്പെട്ട നീതികൾ മനുനീതികളാണെന്നും, പറയപ്പെടുന്നു. അതുതന്നെദൃഷ്ടാന്തം.

കാദി:—ഹേ! എന്തുദോഷം്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആദാം അല്ലേആദിമനുഷ്യൻ? മനുവാണോ?

കബീർ:—കൊള്ളാം. ദൈവത്തിനു രൂപമേയില്ലെന്നല്ലേ താങ്കൾ പറഞ്ഞതു്? ആ ദൈവം ആദാമിനെ സൃഷ്ടിച്ചതെങ്ങിനെ? ശാസ്ത്രവിരുദ്ധമായി പറയുന്നതെന്താണു്? അതുപല ശങ്കകൾക്കും കാരണമായിരിക്കുന്നുമുണ്ടു്. ഭൂതത്താലുണ്ടാക്കപ്പെട്ട പാവയാണു് ആദാമൻെറ രൂപമെന്നും അതിനുപ്രതിമയ്ക്കു ദൈവം പ്രാണങ്ങളെ ഊതിജീവനിട്ടുവെന്നും, ആദാം അദ്ദേഹത്തിൻെറ കല്പനയെ ലംഘിച്ചു കളഞ്ഞുവെന്നും, ഭൂതം ദൈവത്തിനു വിപരീത കക്ഷിയാണെന്നും, തൻെറ കല്പനയെ ലംഘിച്ച ആദാമിനെ ദൈവം സ്വർഗ്ഗത്തിൽനിന്നും തള്ളിവിട്ടുഎന്നും, ദൈവാജ്ഞയ്ക്കു ഭൂതം വിരോധം ചെയ്തുവെന്നും മററും പറയപ്പെട്ടിരിക്കുന്ന പ്രസ്താവങ്ങളെല്ലാം, വ്യാജമായും അയുക്തമായും ഇരിക്കുന്നു. ദൈവം ഇരുന്നസ്ഥലമേതു്? എന്തൊരു രൂപത്തി

ലാണിരുന്നതു്? പ്രാണങ്ങളെ ഊതി ജീവനിട്ടതെങ്ങനെ? ഏതുലോകത്തിൽ നിന്നാണു ആദാമിനെ തള്ളിയതു്? സർവ്വജ്ഞനും സർവ്വശക്തനുമായ ദൈവത്തിന്റെ ആജ്ഞയെ മനുഷ്യൻ ലംഘിച്ചതെന്തു്?. കേവലം ഒരു ക്ഷുദ്രദേവതയായ ഭൂതം ദൈവത്തിനോടു വിരോധം പ്രവർത്തിച്ചതെങ്ങനെ? ത്രികാലവേദിയായ ദൈവം പിന്നെ വരാനിരിക്കുന്ന സംഭവം അറിയാതെ പോയതെന്തുകൊണ്ടു്? ഭൂതത്തെ നശിപ്പിക്കാതിരിക്കാൻ കാരണമെന്തു? ഭൂതത്താൽ നശിക്കപ്പെട്ടവർക്കെല്ലാം നരകം വിധിച്ചതെന്തു്? അരൂപനായ ദൈവം ഏതുലോകത്തിലിരിക്കുന്നു? മോക്ഷമെന്നതേതുലോകത്തിലിരിക്കുന്നു? നരകമേതുലോകത്തിൽ? ഇങ്ങനെ പലപല സംശയങ്ങൾക്കും കാരണമായിരിക്കുന്നു.

കാദി:—കബീരേ! നിന്റെ വാക്കുകൾ വിരോധാഭാസമായിരിക്കുന്നു. അപ്പോൾ മോക്ഷനരകങ്ങളില്ലെന്നാണോ പറയേണ്ടതു്?

കബീർ:—ജന്മമററുവരുന്ന അവസ്ഥ മോക്ഷവും; ജന്മമെടുത്തു ജീവിക്കുന്ന അവസ്ഥ നരകവും ആകുന്നു.

കാദി:—(ചിരിച്ചുകൊണ്ടു) ഹേ! കബീർദാസ! കറന്ന പാൽ തിരികെ അകിടിനുള്ളിൽ പോകുമോ? കടഞ്ഞെടുത്തവെണ്ണ പാലിൽ യഥാപൂർവം കലർന്നു ലയിക്കുമോ? കഴിഞ്ഞകാലം പിന്നെ വരുമോ? കാഞ്ഞഇരിമ്പുണ്ടനീർ കുടിക്കുമോ? മരിച്ചു പഞ്ചഭൂതങ്ങളായ് വേർപെട്ടുപോയാൽ പിന്നെ രണ്ടാമതു ജനിക്കാൻ സാധിക്കുമോ?

കബീർ:—ക്ഷണസൃഷ്ടിപ്രളയം, ദിനസൃഷ്ടിപ്രളയം, ദേഹസൃഷ്ടിപ്രളയം, ജീവസൃഷ്ടിപ്രളയം, ബ്രഹ്മസൃഷ്ടിപ്രളയം എന്നഞ്ചുള്ളതിൽ ഒന്നില്ലെന്നു നിങ്ങൾ പറഞ്ഞാൽ അതാരുവകവച്ചുതരും?

കാദി:—എങ്ങനെ? അഞ്ചുവിധപ്രളയമോ? അതൊന്നു വിചാരിച്ചു പറയണം.

കബീർ:—ക്ഷണസൃഷ്ടിപ്രളയമെന്നതു്, സ്മരണവിസ്മരണങ്ങളാണു്. അതായതു്, ഓർമ്മിക്കലും മറക്കലുമാണു്. ദിനസൃഷ്ടിപ്രളയമെന്നതു്, ജാഗ്രൽസ്വപ്നസുഷുപ്ത്യവസ്ഥകളാണു്. ദേഹസൃഷ്ടിപ്രളയം ജനിക്കലും മരിക്കലുമാണു്. ജീവസൃഷ്ടിപ്രളയം ജീവാത്മാവു് ദേഹത്തിൽ പ്രവേശിക്കയും നീങ്ങുകയും ചെയ്യുന്നതാണു്. ബ്രഹ്മസൃഷ്ടിപ്രളയം ബ്രഹ്മാണ്ഡങ്ങളുണ്ടാകുന്നതും ഒടുങ്ങുന്നതുമാകുന്നു.

കാദി;—നീ ഇപ്പറഞ്ഞതൊക്കെ ശരിതന്നെയെങ്കിലും, മരിച്ചവർ പിന്നെ ജനിക്കുമെന്നു പറയുന്നതു ഒരിക്കലും സമ്മതിക്കത്തക്കതല്ല.

കബീർ:—ജീവനു ജന്മമരണമില്ല. ജന്മമരണമെല്ലാം ദേഹത്തിനാണു്.

കാദി:—മരിച്ചദേഹം പിന്നെയും ജനിക്കുമെന്നാണോ പറയുന്നതു്?

കബീർ:—മരിച്ചദേഹം പിന്നെ ജനിക്കയില്ല. ദേഹത്തിനു ജന്മബന്ധവുമില്ല. കർമ്മപരമ്പരയുടെ ഫലങ്ങൾ ജീവാത്മാവിൽ ലയിച്ചുകിടക്കുകകൊണ്ടു്, ജീവാത്മാവു് കർമ്മങ്ങൾക്കനുസരിച്ചുള്ള ശരീരം സ്വീകരിക്കുന്നതാണു പുനർജ്ജന്മമെന്നു പറയുന്നതു്.

കാദി:—ജീവികൾ ചെയ്ത കർമ്മമനുസരിച്ചു്, നരകമോ മോക്ഷമോ അടയണമെന്നല്ലാതെ കാരണം കൂടാതെ അടിക്കടി ജനിക്കുകയെന്നുള്ളതു വരത്തക്കതല്ല.

കബീർ:—മോക്ഷമടഞ്ഞവർ തന്നെ സുഖമനുഭവിക്കട്ടെ. നരകത്തെപ്രാപിക്കുന്നവർക്കു മോചനമില്ലയോ?

കാദി:—എപ്പോഴും ദുഃഖം അനുഭവിക്കതന്നെ വേണം.

കബീർ:—കുറച്ചുപാപം ചെയ്യുന്നവരും മഹാപാപം ചെയ്യുന്നവരും തമ്മിൽ അപ്പോൾ ഭേദമില്ലയോ?

കാദി:—രണ്ടുകൂട്ടർക്കും ഒരുപോലെതന്നെ അനുഭവം.

കബീർ:—ഇങ്ങനെ പറയുന്നതു ശാസ്ത്രസിദ്ധാന്തമോ താങ്കളുടെ യുക്തിയോ?

കാദി:—ഞങ്ങളുടെ വേദത്തിൽ ഇങ്ങനെയാണു പറയുന്നതു്.

കബീർ:..... (ചിരിച്ചുകൊണ്ടു്) ഇതുനല്ലന്യായമായിരിക്കുന്നു. അല്പപാപംചെയ്യുന്നവരു അതിനുതക്കശിക്ഷകൊടുത്തു മേൽക്കാലം രക്ഷിക്കാതെ എന്നും നരകത്തിലിടുന്നതെന്തുന്യായമാണു്? കാ! കാദി ഞാൻ പറയുന്നതുകേൾക്കെ. ദേഹസംസ്കാരമല്ലാതെ വേറൊരു നരകവും ദേഹമോചനമല്ലാതെ വേറൊരുമോക്ഷവുമില്ല. അതു നിശ്ചയംതന്നെ.

കാദി:—മരിച്ചതിൽപിന്നെ ജനിക്കമെന്നതിനു ലക്ഷ്യമെന്താണെന്നുപറയാമോ?

കബീർ:—ജനിക്കുമ്പോൾതന്നെ കുഷ്ഠം മുതലായ വ്യാധികളാൽ പീഡിതന്മാരായും അംഗഹീനന്മാരായും ശിശുക്കൾ ഭവിക്കുന്നതുതന്നെ അതിനുലക്ഷ്യം.

കാദി:—അങ്ങനെയുണ്ടെങ്കിൽ അതു അച്ഛനമ്മമാരുടെ ശുക്ലശോണിതമാലിന്യം കൊണ്ടെന്നല്ലാതെ, മുജ്ജന്മസംബന്ധമാണെന്നെങ്ങനെ പറയാം.

കബീർ:—മുജ്ജന്മത്തിൽയാതൊരുപാപവും ചെയ്യാത്തവരു അച്ഛനമ്മമാരാൽ നൂതനമായി ഒരുദുഃഖം എന്തിനുവരുന്നു? രോഗികളായ പൂജകർ ഗർഭത്തിൽതങ്ങണമെന്നുള്ളതിനു കാരണമെന്തു്? അതു ശുക്ലശോണിതദോഷമാണെങ്കിൽ, രോഗികളായ മാതാപിതാക്കൾക്കു യാതൊരു കുറവുമില്ലാത്ത കുട്ടികൾ ജനിക്കുന്നതെങ്ങനെ?

കാദി:— അങ്ങനെജനിക്കുന്നതു ദൈവത്തിൻെറ മായയാണു്.

കബീർ:— യാതൊരുകുററവും ചെയ്യാത്ത ഒരു കുട്ടിയുടെ ജീവനെ മഹാപാപം ചെയ്തവരേപ്പോലെ, ദുഃഖിപ്പിക്കുന്നുവെങ്കിൽ, പാപപുണ്യങ്ങൾ ചെയ്യുന്നതിനുഒരു നിയമം ലോകത്തില്ലെന്നുവരികയില്ലേ? അച്ഛനമ്മമാരുടെ പാപത്തിനു കുട്ടിയുടെ ജീവൻ ഉത്തരവാദം ചെയ്യുന്നമെന്നു വരുമോ? ദൈവം ഒരു കൃത്യമെങ്കിലും കാര്യകാരണസംബന്ധമില്ലാതെ ചെയ്യുമോ? രാജാവുതന്നെ, നിർദ്ദോഷിയായവനെ ശിക്ഷിക്കാൻതുടങ്ങിയാൽ അദ്ദേഹത്തെ ലോകം ദുഷിക്കയില്ലേ?

കാദി;—ഞങ്ങളുടെവേദത്തിൽ അടിക്കടി ജന്മമുള്ളതായിപ്പറയുന്നില്ല. ഒടുവിൽ, എല്ലാവരെയും ദൈവംവിളിച്ചു്, പാപികളെ ഒരുഭാഗവും സുകൃതികളെ ഒരു ഭാഗവുമായിനിറുത്തി, നരകമോക്ഷങ്ങൾ കൊടുക്കുന്നുവെന്നു പറഞ്ഞിരിക്കുന്നു.

കബീർ:—മനുഷ്യർതന്നെ എഴുതിച്ചേർത്തുവയ്ക്കുന്ന പുസ്തകത്തിൽ അപ്രകാരമല്ലാതെപിന്നെ ഏതുപ്രകാരംപറയും? ഇങ്ങനെപല കെട്ടുകഥകളും എഴുതിക്കൂട്ടി വച്ചിരിക്കുന്നപുസ്തകത്തെയാണോ സത്യവേദമെന്നു ഘോഷിക്കുന്നതു്?. ശരി അതുതന്നെയാണു് ഭ്രഷ്ടന്മാരായിത്തീരാൻ കാരണവും; അതട്ടെ, നിങ്ങളുടെവേദത്തിൽ, ജനിച്ചു്, അഞ്ചാറുവയസ്സാകുമ്പോൾ മരിച്ചുപോകുന്ന, കുട്ടികൾക്കു സ്വർഗ്ഗമോ നരകമോവിധിച്ചിരിക്കുന്നതു്? പാപികൾക്കു നരകവും സുകൃതികൾക്കു സ്വർഗ്ഗവുമെന്നല്ലേഅതിൽപറയുന്നു?

കാദി:—അവക്കുരണ്ടുമില്ല. അതിനെപ്പററി പ്രത്യേകം വേദത്തിലൊന്നും പറയുന്നില്ല.

കബീർ:—കൊള്ളാം. നരകസ്വർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിനുപാത്രമല്ലാത്തസൃഷ്ടി ഈശ്വരൻചെയ്യുമോ?.

കാദി:—എന്തു്? എല്ലാവക്കും മരണമുണ്ടെന്നറിയത്തക്കവണ്ണവും, ഭയപ്പെട്ടുവല്ലഴിക്കുനടക്കത്തക്കവണ്ണവും അനിത്യാവസ്ഥകളെ അനുഭവിക്കാറാകത്തക്കവണ്ണവും അതണല്ലോസൃഷ്ടി.

കബീർ:—അങ്ങനെയാണെങ്കിൽ ലോകത്തിലേ ദുഃഖാനുഭൂതികൾക്കുസമാധാനം എന്താണു്! മനുഷ്യർ ജനിക്കുമ്പോഴും, ജീവിക്കുമ്പോഴും മരിക്കുമ്പോഴും ദുഃഖാനുഭൂതി നാം കാണുന്നു. മുജ്ജന്മകൃതപാതകമേ ഇല്ലെന്നാണെങ്കിൽ ശൈശവത്തിലേതന്നെമരിക്കുന്നകുഞ്ഞുങ്ങൾ അതിനിടയ്ക്കനുഭവിക്കുന്ന ദുഃഖങ്ങൾ അവരുടെ മേൽചുമത്താം!

കാദി:—ഇല്ല ഈശ്വരൻെറ ലീലാവിലാസങ്ങളാൽ അവരുടെ മേലും ചുമത്തുന്നതല്ല.

കബീർ:—അങ്ങനെയാണെങ്കിൽ, കളിയായി നമുക്കു പലക്കും ദുഃഖമുണ്ടാക്കുന്നതോ? കാര

ണംചോദിക്കുമ്പോൾ വെറുംലീലയാണെന്നു പറഞ്ഞു സമാധാനിക്കരുതോ?

കാദി:—കുട്ടികൾക്കു അപമൃത്യുവും കൊടിയവ്യാധികളും സംഭവിക്കാൻ കാരണം അച്ഛനമ്മമാർ ചെയ്യുന്ന ദുഷ്കൃതഫലം കുട്ടികൾക്കാകകൊണ്ടാണെന്നു വിചാരിക്കരുതോ?

കബീർ:—അച്ഛനമ്മമാർ ചെയ്യുന്ന കർമ്മഫലം സന്തതിക്കു ഫലിക്കുമെങ്കിൽ ദുഷ്ടരായ മാതാപിതാക്കൾക്കു പുണ്യവാന്മാരായ കുട്ടികളും പുണ്യവാന്മാരായ സജ്ജനങ്ങൾക്കു ദുഷ്ടന്മാരായ കുട്ടികളും ജനിക്കുന്നതെന്തുകൊണ്ടാണു! അച്ഛൻ ദാസനും മകൻ യജമാനനുമാകുന്നതായി നാം കാണുന്നുവല്ലോ അതു എന്തുകൊണ്ടാണു്? അവരവർ ചെയ്യുന്ന കർമ്മഫലം അവരവർതന്നെ അനുഭവിക്കുമെന്നല്ലാതെ, ഒരുത്തൻ ചെയ്യുന്നതിന്റെ ഫലം മറ്റൊരുത്തനിൽ സംക്രമിക്കയില്ല. ഇനി, ഒരാൾക്കു നാലു പുത്രന്മാരുണ്ടെന്നിരിക്കട്ടെ. അതിൽ ഒരുത്തൻ ധൂർത്തനും കള്ളനുമായിത്തീരുന്നു. ഒരുത്തൻ നല്ല വിവേകിയും, സത്യസന്ധനുമായിരിക്കുന്നു. ഒരുത്തൻ മന്ദബുദ്ധിയും മൂഢനുമായിരിക്കുന്നു. നാലാമൻ ഭ്രാന്തനായിത്തീരുകയും ചെയ്യുന്നു. അതിന്നു കാരണമെന്തു്? അല്ലെങ്കിൽ ഒരുത്തൻ സമ്പന്നൻ, മറ്റൊരുത്തൻ ദരിദ്രൻ. ഇനിയുമൊരുത്തൻ അംഗഹീനവിരൂപൻ. നാലാമൻ സുന്ദരശരീരൻ ഇങ്ങനെയും ഒരേ അച്ഛനമ്മമാരിൽ നിന്നു ജനിക്കുന്ന കുട്ടികളെ പലപ്രകാരത്തിൽ നാം കാണുന്നില്ലേ. അതെന്തുകൊണ്ടാണു്? ഹേ കാദി! ഇതെല്ലാം നോക്കിയതിൽ അവരവരുടെ മുജ്ജന്മകർമ്മാനുസരിച്ച്, ഇവിടെ അനുഭവപ്പെടുന്നുവെന്നല്ലാതെ, ദൈവത്തിന്റെ ലീലയാണെന്നു പറവാൻ പാടില്ല. ഏകസ്വരൂപനായ ദൈവത്തിനു ഒരിക്കലും പക്ഷപാതം ഇല്ല. വിശേഷിച്ചും ജീവികളെ ദുഃഖിപ്പിക്കുന്നതു കരുണാനിധിയായ ദൈവത്തിന്റെ ലീലയാണെന്നു പറയുന്നതും അവിവേകമാണു്. ആദിയിൽ ബ്രഹ്മാവു മനുവിനെസൃഷ്ടിച്ചു. ആ മനുവിന്റെ വംശപരമ്പരയിൽ മനുഷ്യരെയുണ്ടാക്കി. മനുനീതി അനുസരിച്ചു നടക്കുന്നവർക്കു മറുജന്മമില്ലെന്നും, അതിനെ ലംഘിക്കുന്നവർക്കു മനുഷ്യജന്മം ലഭിക്കാൻ പോലും പ്രയാസമാണെന്നും, അരുളിച്ചെയ്തപ്രകാരം ചിലർ, മനുനീതിയെ മാനിച്ചു്, ദേഹാദികൾ അനിത്യമാണെന്നറിഞ്ഞു്, പരമാർത്ഥതത്വത്തെ അന്വേഷിച്ചു്, ദൈവശക്തിയെ ധ്യാനിച്ചു്, ആ ധ്യാനശക്തിയാൽ ജ്ഞാനദൃഷ്ടിക്കുണർവുണ്ടായി ഇന്ദ്രിയവ്യാപാരങ്ങളെ നിയമിക്കുന്നതിനു ശ്രമിച്ചു്, ബ്രഹ്മാനന്ദത്തിൽ അനുഗ്രഹത്തോടുകൂടി ആചാര്യന്മാരെ അന്വേഷിച്ചുപോയി അവരോടുപദേശം വാങ്ങി, സുഖാനുഭൂതി ലഭിച്ചു്, നിരന്തരമായി ഭവസമുദ്രത്തെ കടന്നു്, മോക്ഷം അടയുന്നു. മറ്റുചിലർ, മനുനീതിയെ ലംഘിച്ചു് വിഷയാദിഭോഗങ്ങളെ ഇച്ഛിച്ചു്, രാഗദ്വേഷാദികളാൽ ബദ്ധന്മാരായി അഹിംസാദിവ്രതനിഷ്ഠകളോടു കൂടാതെ; അനിത്യമായ ദേഹത്തെ നിത്യമെന്നഭിമാനിച്ചു്, ദുഃഖഭാജനമായ അതിനെ പോഷിപ്പിക്കാൻ പ്രാണിനിഗ്രഹം ചെയ്തു, ആ പാപത്താൽ അശുദ്ധന്മാരായി നാലുവിധയോനികളിൽ ജനിച്ചു് അപമൃത്യുവെപ്രാപിച്ചും മഹാമോഹസാഗരത്തെ കടന്നുകയറുന്നതിനു് വഴികാണാതെ മോഹിച്ചും പശുപക്ഷ്യാദിയോനികളിൽതന്നെ ജന്മം അധഃപതിക്കത്തക്കവണ്ണം കർമ്മത്തെമലിനപ്പെടുത്തിയും സൃഷ്ടികർത്താവായ ബ്രഹ്മാവിനുപോലും മനശ്ചാഞ്ചല്യത്തെ ഉണ്ടാക്കുന്നു. "മാനുഷ! നിന്റെ മനസ്സുപോലെ" എന്നൊരു ചൊല്ലുതന്നെയുണ്ടല്ലോ. മനുഷ്യരു ഇച്ഛ ഏതിലോ അതിനെക്കൊടുത്തുകൊള്ളാമെന്നു ജഗദീശ്വരൻ അദിയിൽ തന്നെ അരുളിച്ചെയ്തിട്ടുണ്ടു്. മനുഷ്യജന്മത്തിന്റെ പരമാർത്ഥമായ മോക്ഷത്തെ അഭിലഷിക്കാത്ത മനുഷ്യർ അവിവേകികളായി അവിദ്യാനിരതന്മാരായ അവരുടെ അനുഗ്രഹത്തിനനുസരിച്ചു, വിഷയാനന്ദഭോഗങ്ങളിൽ മഗ്നരായി ഭ്രമിക്കുന്ന മൃഗാദികളുടെ ജന്മമെടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു.

അവർ ജഗദീശ്വരന്റെ അനുഗ്രഹത്തെ ലഭിക്കാതെ മായാബദ്ധന്മാരായി ഭവിച്ചു് മലമൂത്രാദി ദുർഗ്ഗന്ധവസ്തുക്കളാൽ നിറയപ്പെട്ടിരിക്കുന്ന സ്ത്രീശരീരത്തെ അനുഭവിക്കുന്നതിൽ ആസക്തന്മാരായി സംസാരബന്ധമാകുന്ന ഇരട്ടക്കുഴിയിൽ വീണു ദുഃഖസാഗ

ത്തിൽതാന്നു് മരണജനനബാധയാൽ പീഡിക്കപ്പെട്ടവരായിഭവിക്കുന്നു. അല്ലാതെ ഈശ്വരന്നു പക്ഷപാതം അവരെക്കുറിച്ചുംഇല്ലതന്നെ; ഒരു പിതാവു് തൻെറപുത്രന്മാരിൽഒരുത്തനെ ലാളിക്കയും മറ്റൊരുത്തനെ ദ്വേഷിക്കയും ചെയ്യുമോ! പുത്രന്മാരിൽ ഒരുത്തൻ ദുഷ്ടനായാൽ അവനെ ശിക്ഷിക്കുകയും, സദ്വൃത്തനായാൽ അന്യനെ അനുമോദിക്കയും ചെയ്യുന്നു. അതുപോലെ ഈശ്വരനും അവരവരുടെ കൎമ്മത്തിനനുസരിച്ചു് ദേഹാദിഭോഗങ്ങളെക്കൊടുക്കുന്നു. അകാരണമായോ മറ്റൊരുത്തൻ കാരണമായോ ജീവികൾക്കു ജനനമരണാദി ദുഃഖങ്ങളെ ഈശ്വരൻകൊടുക്കുമോ? നല്ലവണ്ണം ആലോചിച്ചുനോക്കുക.

കാദി:—ജീവികളുടെ ഭാഗ്യാഭാഗ്യങ്ങൾ ഉൽപാദനസമയത്തിൻെറ ശുഭാശുഭസ്ഥിതിയെ അനുസരിച്ചല്ലയോ ഉണ്ടാകുന്നതു്?

കബീർ:—ശരി: ശുഭസമയത്തു ഉൽപാദിക്കുന്നതും അശുഭസമയത്തുൽപാദിക്കുന്നതും, ജീവികളുടെ അനുഭവത്തോടു സംബന്ധമുള്ള ഒരു സംഗതിയെന്നുതന്നെസമ്മതിക്കാം. പക്ഷേ, അതിൽ ഒരു രഹസ്യം നോക്കാനുണ്ടു്. മുജ്ജന്മത്തിൽ സുകൃതംചെയ്തവൻ ഗർഭസ്ഥനാകുന്നതു ശുഭയോഗത്തിലായിരിക്കും. പാപം ചെയ്തവനോ! അശുഭയോഗത്തിൽ ജാതനാകയുംചെയ്യും. അല്ലാത്തപക്ഷം, കൎമ്മികൾക്കു പിറക്കുന്നകുട്ടി കൎമ്മിയായല്ലാതെ ജ്ഞാനിയായി വരുവാൻ സംഗതി വരുമോ? കൎമ്മിയായിത്തീരുകകൊണ്ടു്, ചെയ്യുന്ന പാപങ്ങൾക്കു അവൻശിക്ഷാർഹനാകുമോ? എന്തെന്നാൽ, അച്ഛനമ്മമാരുടെ പ്രകൃതിദോഷംകൊണ്ടു്, ഉണ്ടായ സ്വഭാവമാകയാൽ, അതിനു ശിക്ഷിക്കേണ്ടതു്, അച്ഛനമ്മമാരെ അല്ലയോ? സൂക്ഷ്മം ആലോചിച്ചാൽ അതിനും. കാരണമില്ലെന്നുവരും എന്തെന്നാൽ, അച്ഛനമ്മമാരുടെ പ്രകൃതിക്കു ഉത്തരവാദം ചെയ്യേണ്ടതു് അവരെ ജനിപ്പിച്ച അച്ഛനമ്മമാരാണെന്നുവരും. അപ്പോൾ അച്ഛനമ്മമാരിലാണു് കുറ്റം ആരോപിക്കേണ്ടതു്, എന്നായാൽ അതിനു അവരെ ജനിപ്പിച്ച മാതാപിതാക്കൾ ഉത്തരവാദികളാണെന്നു നാം കാണുന്നു. അങ്ങനെ വരുമ്പോൾ, കുറ്റമെന്നോ ശിക്ഷയെന്നോ ഒന്നില്ലെന്നു സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതു്, വിവേകികൾ സമ്മതിക്കുന്ന ഒരു യുക്തിയാകുമോ? ഹേ! ആചാര്യനായ കാദി! ഇവിടെ നാം കാണുന്ന ധന്യനും ദരിദ്രനും രാജാവും പ്രജയും യജമാനനും ഭൃത്യനുമെല്ലാം മുജ്ജന്മകൃതമായ പുണ്യപാപങ്ങൾക്കു അധീനരായിവന്നു ജനിക്കുന്നവരാണെന്നു യുക്തിപൂർവം ആലോചിച്ചാൽ പ്രത്യക്ഷത്തിൽ കാണാവുന്നതാണു്. ഒരുത്തൻ പല്ലക്കിൽ സുഖമായിരിക്കുമ്പോൾ അവനെപ്പോലെയുള്ള എത്രപേരാണു അവനെ ചുമന്നുകൊണ്ടു പോകുന്നതു്? "വല്ലതും തരണേ." എന്നു് അംഗഹീനന്മാരായ ദീനന്മാർ വഴിമേൽകിടന്നു നിലവിളിക്കുമ്പോൾ, പൂർണ്ണാരോഗ്യമുള്ള എത്ര സമ്പന്നന്മാരാണു്, അതുവഴികടന്നുപോകുന്നതു്? അതിൽനിന്നും ഭാഗ്യവാന്മാരും ഭാഗ്യഹീനന്മാരും, ലോകത്തുണ്ടെന്നു സമ്മതിക്കേണ്ടിവരുന്നു. അതിനാൽ പുണ്യപാപസംബന്ധം ജീവികളിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു. പുണ്യപാപങ്ങൾ കൎമ്മങ്ങളുടെ ഇഷ്ടാനിഷ്ടഫലങ്ങളാണെന്നുള്ളതും വാദമററ സംഗതിയാണു്. ഇനിയും, ബാല്യകാലത്തിൽ ദുഃഖിയായിരിക്കുന്നവൻ, വാർദ്ധക്യത്തിൽ സുഖിയായിത്തീരുന്നു. ബാല്യത്തിൽ സുഖിയായവൻ, വാർദ്ധക്യത്തിൽ ദുഃഖിയായിത്തീരുകയുംചെയ്യുന്നു. ഈ സംഭവങ്ങളിൽനിന്നും, മുജ്ജന്മകൃതപുണ്യപാപങ്ങളെ അനുസരിച്ചാണു് ജീവികളുടെ അനുഭവമെന്നു്, അനുമാനിക്കുന്നതിൽ സംശയിക്കാൻ എന്തുള്ളൂ? സമഭാവനനായ ഈശ്വരനു രാജാവെന്നും പ്രജയെന്നും, സമ്പന്നനെന്നും ദരിദ്രനെന്നും, ബ്രാഹ്മണനെന്നും, പറയനെന്നും വല്ല ഭേദവുമുണ്ടോ? അങ്ങനെയുണ്ടെങ്കിൽ, അദ്ദേഹത്തെ ദയാപൂർണ്ണനെന്നും കരുണാനിധിയെന്നും പറയാമോ? ദിവ്യദൃഷ്ടിയുള്ള ജ്ഞാനികൾക്കു അരൂപനായും മാംസചക്ഷുഷ്മന്മാരായ ഭക്തന്മാർക്കു സരൂപനായും തോന്നപ്പെടുന്നതു്, ഒരേ ഒരു ദൈവംതന്നെയാണു്. അതിനാൽ താങ്കളും സരൂപനായഭഗവാനെ ധ്യാനിച്ചു് അനുഗ്രഹംവാങ്ങുന്നതു നന്നു്.

**കാദി:**—ദൈവത്തിനു രൂപമുണ്ടെന്നു പറയുന്നവനെ അപ്പോഴേ നിഗ്രഹിക്കണമെന്നും, രൂപത്തെ തൊഴുന്നവനു ഘോരഘോര നരകങ്ങളുണ്ടെന്നും, ഞങ്ങളുടെ വേദത്തിൽ പറഞ്ഞിരിക്കുന്നല്ലോ.

**കബീർ:**—ഇബ്രാഹിംപയമ്പർ ജനിക്കുന്നതിനുമുമ്പ്, ഈ ലോകത്തിലുള്ള എല്ലാവരും മുമ്മൂർത്തികളുടെ സ്വരൂപങ്ങളെ ആരാധിച്ചു വരികയല്ലായിരുന്നോ?

**കാദി:**—അങ്ങനെ ആരാധിച്ചതു്, അറിവില്ലായ്മകൊണ്ടാണ്. ഇബ്രാഹീംപയമ്പർ ദൈവകല്പനപ്രകാരം അവതരിച്ചു്, അതിനെ ഖണ്ഡിച്ചു്, ദൈവത്തെ ആരാധിപ്പാൻ ഏർപ്പാടുചെയ്തു.

**കബീർ:**—ആ ഇബ്രാഹിമിന്റെ അച്ഛൻ വിഗ്രഹങ്ങളെ കൊത്തി കാലക്ഷേപം കഴിക്കയും വിഗ്രഹപൂജ ആവശ്യമെന്നു നിശ്ചയിച്ചു്, അതിനെ അനുഷ്ഠിക്കയും ചെയ്തുവന്നു. അയാളുടെ മകനായി ജനിച്ച ഇബ്രാഹിം പിതാവിന്റെ ഇഷ്ടത്തിനു വിപരീതമായി വിഗ്രഹപൂജ നിൎത്തൽചെയ്തു. അതുമൂലം പട്ടണവാസികൾ എല്ലാം കൂടി, അയാളെ അടിച്ചു വെളിക്കാക്കി. അവിടെ ഇബ്രാഹിം ഒരു പട്ടണത്തിൽ ചെന്നു, താൻ ഉൽഭവസ്ഥാനത്തിൽ ഉത്ഭവിച്ചവനായിരുന്നിട്ടും, രാജപുത്രി തനിക്കു പുത്രിയാണെന്നുള്ള നീതിയെ മറന്നു്, ആ നഗരാധിപന്റെ മകളായ ആ ഹജറായെന്നവളെ കൌശലത്തിൽ കൈക്കലാക്കിക്കൊണ്ടു്, അന്യദേശത്തേക്കുപോയി. അവിടത്തെ രാജാവിന്റെ മകളായ സാറായെ വിവാഹംചെയ്തു. അവളിലുണ്ടായ അനുരാഗാതിശയത്താൽ അവളുടെ വാക്കുകേട്ടുകൊണ്ടു തന്നെ വിശ്വസിച്ചിരുന്ന ആ ഹജറ എന്നവളെ അവൾ പൂൎണ്ണഗൎഭയായിരുന്നകാലത്തു്, കാട്ടിൽക്കൊണ്ടുതള്ളിക്കളഞ്ഞ അപരാധം വലിച്ചുവയ്ക്കയും, എന്നിട്ടും അവൾ കാട്ടിൽ സുഖമായിരിക്കയാണെന്നുള്ള പരമാൎത്ഥം അറിഞ്ഞപ്പോൾ, സാറയോടു്, ചെയ്ത സത്യത്തെ ലംഘിച്ചു, അവളെക്കാൺമാനായിപ്പോയി; തലയും മുഖവും മൂട്ടയടിച്ചു് അമാനുഷമായ സുന്നത്തുകൎമ്മത്തിനധീനനായി വെളിച്ചമേന്നുകേട്ടു—ഇബ്രാഹിമിനു അജറായിൽ ജനിച്ച, ഇസ്മായിൽ എന്നവൻ ഒരുവഴിയായും സാറായിൽജനിച്ച ഐസാക്ക എന്നവൻ മറെറാരുവഴിയായും ദുൎവിശ്വാസത്തിൽ രണ്ടുവകക്കാരായിപ്പിരിഞ്ഞു. അനന്തരകാലത്തിൽ അവർ സഹോദരന്മാരാൽ രാജ്യത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു്, വഴിക്കിലും അലഞ്ഞുനടന്നു, ഒടുവിൽ ചിലദ്വീപുകളിൽ അഭയംപ്രാപിച്ചു—അവിടുത്തെ നിവാസികളായ മൃഗതുല്യന്മാരായ കാട്ടാളന്മാർ ഭ്രാതൃന്മാരാകയും വാലുപോയ കുറുക്കൻ വാലറുത്തുകളയുന്നതു സുഖമാണെന്നു മററു കുറുക്കന്മാരോടുപദേശിച്ചതുപോലെ, പലദുരുപദേശങ്ങളാൽ അവരെ ദുഷിപ്പിക്കയും, അവരുടെ ജീവകാരുണ്യത്തെ ഇല്ലായ്മചെയ്കയും, ചെയ്തശേഷം അവർക്കു യുക്തായുക്തങ്ങളെന്നു തോന്നിയ ചിലസംഗതികൾ എഴുതിക്കൂട്ടി, ഒരുകൂട്ടർക്ക 'കുറാൻ, എന്നും സത്യവേദമെന്നും പേരിടുകയുംചെയ്തു. എന്നിട്ടു്, എന്റെ വേദമാണു സത്യം എന്റെ വേദമാണ് സത്യം എന്നു, അവർതമ്മിൽ തൎക്കമായി. ഒടുവിൽ അവരവരുടെ തെററു ന്യായമാക്കംചെയ്തു സ്ഥാപിക്കുന്നതിനു രണ്ടാൾക്കും കഴിവില്ലാതെ മടങ്ങുമ്പോൾ, തങ്ങളെ വിശ്വസിച്ചു ചില മൂഢന്മാൎക്കു ചില ദുരുപദേശങ്ങളെല്ലാം കൊടുത്തു നരകത്തിൽ പതിക്കയുംചെയ്തു. അതിനുമുമ്പിരുന്ന നീതിജ്ഞന്മാർ ആ പുസ്തകങ്ങൾ രണ്ടും നോക്കിയതിൽ അയുക്തപ്രസ്താവങ്ങൾ അടങ്ങിയിരിക്കുന്നതായിക്കണ്ടു, അവ രണ്ടിനേയും സമുദ്രത്തിലെറിഞ്ഞുകളഞ്ഞു. അന്നുമുതൽക്കനിങ്ങൾ രണ്ടുകൂട്ടരുംതമ്മിൽതൎക്കമായി. നിങ്ങളുടെ വേദമാണു സമുദ്രത്തിലെറിയപ്പെട്ടതു്, അല്ല നിങ്ങളുടെ വേദമാണ്, എന്നായി- അന്ധവിശ്വാസത്തിൽ അകപ്പെടുകകൊണ്ടു്, നിങ്ങളെ ഹിന്തുക്കൾ വൎജ്ജിച്ചു. നീചരെന്നു നിങ്ങളേയുംമ്ലേഛരെന്നു മററവരെയും അവർ വിളിച്ചുവന്നു. ഹിന്തുമതത്തിൽ തങ്ങളെ സ്വീകരിക്കയില്ല

ന്നു നിശ്ചയമായപ്പോൾ രണ്ടു പക്ഷികളും, കാട്ടിൽകേറി മൃഗങ്ങളെപ്പോലെ അലഞ്ഞുനടന്നു. ഇസ്സായിലിനെ വിശ്വസിച്ചുപോന്ന നീചന്മാരായ നിങ്ങൾമാത്രം, [illegible]റാവിരുന്ന ആ മണൽക്കാട്ടിനെ മുഖ്യസ്ഥാനമാക്കി അവിടെ ഒരു ദേവാലയമുണ്ടാക്കി, മക്ക എന്നു പേരിട്ടു. ഒടുവിലുണ്ടായ മഹമ്മദിനാൽ എഴുതപ്പെട്ട പുസ്തകത്തെ വേദമെന്നും, മഹമ്മദുതന്നെ ഗുരുവെന്നും വിശ്വസിച്ചു, ഇബ്രാഹിമിനുണ്ടായ ശിക്ഷകളെ ഒരു മതാചാരമായിത്തെറ്റിദ്ധരിച്ചനുഷ്ഠിച്ചുവരുന്നു- നിങ്ങളെല്ലാംതന്നെ ആ അന്ധവിശ്വാസത്തിൽ അകപ്പെട്ടമൂഢന്മാർതന്നെയല്ലോ-

ഐസാക്കിന്റെ അനുയായികളായ മ്ലേച്ഛരുടെ കഥ ഇതെക്കാൾ വിശേഷമാണു. ഞാനാണു ദൈവമെന്നു പറഞ്ഞിരുന്നു, ഒടുവിൽ മഹാശിക്ഷകൾക്കധീനനായ യേശു എന്ന ഒരു മനുഷ്യനെ ഗുരുവെന്നു വിശ്വസിച്ചു, അയാളുടെ ചരിത്രങ്ങളെ വേദമെന്നു സ്തുതിച്ചു, ആത്മജ്ഞാനത്തിനു മാർഗ്ഗം കിട്ടാതെ അലഞ്ഞുവരുന്നു. ഇങ്ങനെ അലയുന്നതിനു കാരണം വിഗ്രഹാരാധനം നിന്ദ്യമാക്കിയ ഇബ്രാഹിമിന്റെ അവിവേകമാകുന്നു- അങ്ങുമിങ്ങുമല്ലാതെ ഇടയ്ക്കുകിടക്കുന്ന (മ്ലേച്ഛന്മാരായ) ആളുകൾക്കു ഇടക്കാലത്തുണ്ടായ പുസ്തകങ്ങൾ വേദങ്ങളും, ബൈബിളിലും [illegible]ലും, ചിത്തവൃത്തിയിലും അല്പംമികച്ച ആളുകൾ ഗുരുക്കന്മാരുമായി വരാവുന്നതുതന്നെ- അത്ഭുതമല്ല. അങ്ങിനെയാണെങ്കിൽ യേശുവിനും മഹമ്മദിനും മുൻപിരുന്നവർക്കു ഗുരുക്കന്മാരായിരുന്നു? വേദമേതായിരുന്നു? നിങ്ങൾക്കു അതറിഞ്ഞുകൂടാ, പറഞ്ഞാൽ മനസ്സിലാകയുമില്ല. കുററക്കാരരോടു, അതിനെപ്പററിപ്പറയുന്നതു, രസകരമായിരിക്കയില്ല. കൊലപാതകനോടു കൊലചെയ്യരുതെന്നു ഉപദേശിച്ചാലോ? അതുപോലെ വ്യഭിചാരിണിയോടു പതിവ്രതാധർമ്മം പറഞ്ഞുകൊടുത്താലോ? വല്ലഫലവുമുണ്ടാകുമോ?”

ഇങ്ങനെ കബീരിന്റെ മതദൂഷണപ്രസ്താവങ്ങൾ കേട്ടമാത്രയിൽ, കോപഭ്രാന്തന്മാരായ തുലുക്കന്മാർ—“ഇവനെ വെട്ടുവിൻ! കുത്തുവിൻ! കീറുവിൻ!” എന്നോരോ പരുഷവാക്കുകളോടുകൂടിക്കൂട്ടംകൂട്ടമായി പാഞ്ഞടുത്തു. അതു കണ്ടു, അല്പവും കുലുങ്ങാതെ, കബീർ പറഞ്ഞു—“ഹേ തുലുക്കന്മാരേ! പണ്ടു, വിഷ്ണുഭക്തനായ പ്രഹ്ലാദൻ, വിഷ്ണുഭഗവാൻ സർവ്വത്ര നിറഞ്ഞിരിക്കയാണെന്നു പറഞ്ഞപ്പോൾ, പിതാവായ ഹിരണ്യകശിപു, “ഈ തൂണിലുമുണ്ടോ നിന്റെ വിഷ്ണു” എന്നു ചോദിച്ചതും ഉണ്ടെന്നു മറുപടി കിട്ടുകയാൽ തൂണിൽ പ്രഹരിച്ച ഉടൻ നരസിംഹാകൃതിയിൽ വെളിപ്പെട്ട വിഷ്ണു അവനെ സംഹരിച്ചതും നിങ്ങൾ കേട്ടിട്ടുള്ള കഥയല്ലേ? തുലുക്കർ അതുകേട്ടു,—“എവിടെ? എന്നാൽ നിന്റെ വിഷ്ണുവിനെ ഇവിടെ വരുത്തുക!” കാണട്ടെ എന്നു പറഞ്ഞുകൊണ്ടു കല്ലുകളും കട്ടകളും പെറുക്കി കബീരിനെ പ്രഹരിപ്പാനൊരുങ്ങിനിന്നു.

കബീർ, ഉടനേ, കാദിയെ നോക്കി, “ഹേ കാദി! ഇവരെല്ലാം താങ്കൾക്കധീനന്മാരല്ലേ? നാം തമ്മിലല്ലേ യുക്തിവാദം മതസംബോധമായി ചെയ്യുന്നതു? നിരക്ഷരകുക്ഷികളായ ഈ നീചന്മാർ അതിൽ എടപെടാൻ എന്തുകാര്യം? ഇനിയും ഈ വിഷയത്തിൽ താങ്കൾക്കു കഴിയുന്നത്ര [illegible]കൊൾക. അതിനു വിരോധമില്ല; പക്ഷേ, ഈ ദുഷ്ടന്മാരുടെ ധിക്കാരത്തിനു അവരെ ശിക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ല.” എന്നു പറഞ്ഞുകൊണ്ടു, തുളസിമാലയിൽനിന്നു ഒരു മണിയെടുത്തു, തുലുക്കന്മാരുടെ കൂട്ടത്തിൽ പ്രയോഗിച്ചു. അതു, തീക്കനലുകൾ തൂകി; പലതുപലതായി എരിഞ്ഞുതുടങ്ങുന്നതു കണ്ടപ്പോൾ, തുലുക്കന്മാർ ഭയാക്രാന്തന്മാരായി പ്രാണരക്ഷയ്ക്കു പലവഴിയോടിയൊളിച്ചു. ഇനി, ഈ ദുഷ്ടനിരിക്കുന്ന ദിക്കിൽ നമ്മൾ താമസിക്കുക ശരിയല്ലെന്നു നിശ്ചയിച്ചു, വീടുപൊളിച്ചുകൊണ്ടു അവരെല്ലാം ഒഴിഞ്ഞുമാറിപ്പോയി. അവിടെ കബീരിന്റെ ഭവനംമാത്രം ഒററയ്ക്കു ശേഷിച്ചു. കബീർ മഹാമന്ത്രവാദിയാണെന്നു നിശ്ചയിച്ചു അന്നുമുതൽക്കു കബീരിനെക്കണ്ടാൽ തുലുക്കന്മാർ ഭയന്നൊളിക്കുക പതിവായിരുന്നു.

കബീർ ഇസ്ലാംമതക്കാരെക്കുറിച്ചുള്ള ബോധയെഴുതിയതിനാൽ സന്തുഷ്ടനായി, രാമനാമങ്ങളും ജപിച്ചു, വിഷ്ണുപൂജകളും നിർവഹിച്ചു അടുത്തായി ഒരു വലിയ തുളസിത്തോട്ടം നട്ടുണ്ടാക്കി സുഖമായി സ്വഗൃഹത്തിൽ താമസിച്ചുവന്നു."

കബീർ, മഹമ്മദുമതത്തെ ഖണ്ഡിച്ച അദ്ധ്യായം

സമാപ്തം.

---

## ഒൻപതാമദ്ധ്യായം.

---

### (കബീർ, ഗോരക്ഷരെ ജയിച്ചതു്.)

ഇപ്രകാരം കബീർ, ശുഭസംപ്രദി, രാമ്, രാമ്, എന്ന താരകമന്ത്രത്തെ, ധ്യാനിച്ചു്, രാമാനന്ദസ്വാമികളുടെ പാദശുശ്രൂഷകൾ എന്നും സംഗതിവരുമെന്ന് അനുഗ്രഹിച്ചു വ്യസനിച്ചിരിക്കുന്ന കാലത്തു്, മഛേന്ദ്രനാഥാചാര്യരുടെ ശിഷ്യനായ, ഗോരക്ഷർ, പ്രസിദ്ധന്മാരായ അഷ്ടയോഗികളുടെ, അതായതു്, സത്യനാഥർ, സന്തോഷനാഥർ, ആദിനാഥർ, അനാദിനാഥർ, കുഗളിനാഥർ, മതങ്ഗനാഥർ, പാകചന്ദ്രനാഥർ, കടേന്ദ്രനാഥർ, ഇവരുടെക്കൂട്ടത്തിൽ ഒരാളായിരുന്നു നവയോഗികളിലൊന്നാക്കിച്ചെയ്തുകൊണ്ടു്, സൂര്യന്റെ മുമ്പാകെ നക്ഷത്രങ്ങളെന്നപോലെ, നവയോഗികളുടെ മുമ്പിൽ മറ്റുതപസ്വികൾ നിസ്സാരന്മാരാണെന്നു ഘോഷിച്ചു്, അണിമാദ്യഷ്ടൈശ്വര്യങ്ങളെ വെറും ലഘുവായി വിചാരിച്ചു്, ആയുസ്സിനെ നീട്ടിക്കി, ഉലകനായികോട്ടിലും നാട്ടിലും ഒരു പോലെ സഞ്ചരിച്ചു് തപസ്വികളെ തനിക്കു അടിമപ്പെടുത്തി, ഒടുവിൽ കാശിയിൽവന്നുചേന്നു. അവിടെ രാമാനന്ദസ്വാമികളുടെ കീർത്തിയെപ്പററി കേട്ടു, മഠത്തിനരികേ ചെന്നുനിന്നു. ഉടനേ അതിന്റെ വിസ്താരവും ഭംഗ്യാദികളും കണ്ടും വേദഘോഷങ്ങളും വിഷ്ണുസംകീർത്തനങ്ങളും കേട്ടും, അത്ഭുതപ്പെട്ടു, മഠത്തിന്റെ വാതലിന്മുമ്പാകെയായി ഒരു ശൂലം നാട്ടി, അതിന്റെ മുനയിൽ ഒരു വസ്ത്രം നിവിർത്തുവിരിച്ചു, കാണുന്നവർക്കത്ഭുതം തോന്നുമാറു, അതിന്മേൽ കയറിയിരുന്നുകൊണ്ടു, ..... "എടാ രാമാനന്ദ! മരമില്ലാത്തുള്ള നാട്ടിലാവണക്കാണവൻമരം" എന്ന ന്യായമനുസരിച്ചു നിഷ്കർമ്മികളായകുറേബ്രാഹ്മണരെശിഷ്യന്മാരായിച്ചേർത്തു, 'ഗുരു' 'ഗുരു' എന്നു പറഞ്ഞുകൊണ്ടു, നീ മഠത്തിൽ കേറിയിരുന്നുചെയ്യുന്നു? ഗുരുവാകുവാൻ നീ യോഗ്യനാണെങ്കിൽ, ആ തപോബലം ഒന്നുകാണിച്ചാൽ കൊള്ളാം. അല്ലാത്തപക്ഷം നിന്നെ ഈ മഠത്തോടുകൂടി ഞാൻ ഭസ്മമാക്കുന്നുണ്ടു്; സംശയമില്ല. ഒന്നും തിരിയാത്ത മൂഢന്മാർ നീ പറക്കും ആചാര്യനായതു വിസ്മയംതന്നെ. നിന്റെ ആചാര്യത്വവും നീ ജപിക്കുന്ന മന്ത്രത്തിന്റെ മഹത്വവും അറിയുന്നതിന്നു നീയോ നിന്റെ ശിഷ്യന്മാരിൽ ആരെങ്കിലുമോ ഇതാ, ഞാൻ ഇരിക്കുന്നതുപോലെ നിരാധാരമായ ഈ ശൂലത്തിന്മേൽ കയറിയിരുന്നു കാണിച്ചുകണ്ടാൽ കൊള്ളാം. അതിന്നു ശക്തിയില്ലെങ്കിൽ- മഠം കാൺകാണാംകെ ഞങ്ങളിക്കൊടുക്ക" എന്നു്, അട്ടഹാസത്തോടേ അധിക്ഷേപിച്ചു് ഉച്ചത്തിൽ പറയുന്നതു കേട്ടപ്പോൾ- രാമനന്ദ സ്വാമികളുടെ വേലക്കാരും ശിഷ്യന്മാരും, കോപം കത്തിജ്വലിച്ചു്, "സ്വാമികളെപ്പേരു ചൊല്ലിവിളിക്കുന്നവനാരോ? ഇക്ഷണം നിന്റെ കഥകഴിക്കാതെ ഞങ്ങളടങ്ങുന്നതല്ല". എന്നു പറഞ്ഞുകൊണ്ടു ചാടിയിറങ്ങി വന്നു കഴിഞ്ഞു. തോട്ടിയുടെ ഉരക്കത്തിൽക്കടന്നു കേറുന്ന ആനയേപ്പോലെയും, ഒരു ആനയെക്കണ്ടലറിച്ചാടുന്ന സിംഹത്തെപ്പോലെയും ഊക്കോടെചെന്നു നിന്ന ബ്രാഹ്മണർ, ശൂലത്തിന്മേൽസ്ഥിതിചെയ്യുന്നഗോരക്ഷരെക്കണ്ടമാത്രയിൽ, ഭയപ്പെട്ടു നടുങ്ങി, കിടുങ്ങി, "സ്വാമിൻ! നിന്തിരുവടി ആരാണു്?" എന്നുചോദിച്ചുകൊണ്ടു വിനീതന്മാരായിത്തൊഴുതു.

ഗോരക്ഷർ, അതുകേട്ടു കോപത്തോടു കൂടി, "എടോ! ബ്രാഹ്മണക്കുട്ടികളേ! സാധുക്കളെന്നു പേരെടുത്ത തപസ്വികളോടു വാദംചെയ്തു തോല്പിച്ച്, അവരെ, വീട്ടിൽ ദാസ്യവേലയ്ക്കായി നിയോഗിക്കുന്ന ദംഷ്ട്രാകരാള വ്യാഘ്രപരാക്രമനായ ഗോരക്ഷസിദ്ധനെക്കുറിച്ചു നിങ്ങൾ കേട്ടിട്ടില്ലേ? നിങ്ങളുടെ പ്രാണാന്തകനായ കാലനാണു ഞാനെന്നു അറിയുന്നില്ലേ! രാമാനന്ദനെന്നു പറഞ്ഞവനെവിടെ? എവിടെയോ കേറി ഒളിച്ചിരിക്കുന്നോ? അവന്, എന്റെ മുമ്പാകെ ഇറങ്ങിവരാൻ പറയുവിൻ!" എന്ന് ഉച്ചത്തിൽ, ഉദ്ധതസ്വരത്തിൽ പറഞ്ഞു.

ബ്രാഹ്മണർ, പുലിയെക്കണ്ട പശുക്കുട്ടികളെപ്പോലെ, പേടിച്ചോടിച്ചെന്ന്, രാമാനന്ദസ്വാമികളുടെ കാലടിപ്രദേശങ്ങളിൽ കമഴ്ന്നുവീണു, ആശ്രമാന്തം വെളിക്കിറങ്ങാതെന്നു തട്ടുത്തുകൊണ്ട് ഭയവിഹ്വലന്മാരായി ഇങ്ങനെ പറഞ്ഞു—"സ്വാമിൻ! നമ്മുടെ പാപശേഷം മൂർത്തീകരിച്ചതുപോലെ, ഇതാ ഗോരക്ഷസിദ്ധനെന്നു പേരായ ഒരു രാക്ഷസൻ മറത്തും വാതുക്കൽ എത്തിയിരിക്കുന്നു. അവൻ ഒരു ശൂലം നാട്ടി, അതിന്റെ മുനയിൽ, ഒരുവസ്ത്രം നിവർത്തിട്ട്, അതിന്മേൽ ഇരിക്കുന്നു. അതുപോലെ ശൂലാഗ്രത്തിൽ കയറിയിരുന്നു ജപിച്ചു കാണിക്കാത്തപക്ഷം, ഈ മഠത്തോടുകൂടി നമ്മെയൊക്കെ സംഹരിച്ചുകളയുമെന്നാണവൻ പറയുന്നത്?—ഈശാ!, നാമെന്താ ചെയ്യ? എങ്ങോട്ടാണുപോക? എവിടെയാണൊളിക്കുക?"

ബ്രാഹ്മണരുടെ വാക്കുകേട്ട്, വിത്രസ്തഹൃദയനായ സ്വാമികൾ വിചാരശൂന്യനായിത്തീർന്നു. ഗരുഡനെക്കണ്ട സർപ്പത്തെപ്പോലെ അദ്ദേഹം ഭയപ്പെട്ടു, തൊണ്ടയിടറി നാവുപതറി-'ഹാ! അത്യുഗ്രമൂർത്തിയായ ഇവൻമൂലം എന്റെ യശസ്സിനു കേടുസംഭവിക്കാറായല്ലോ; എന്നവിചാരത്താൽ ശോകാന്ധനായി ബ്രാഹ്മണരെ നോക്കി—"ഹേസാധുശിഷ്യർകളേ! നാം ഇപ്പോൾ എന്തൊരു കൌശലം കൊണ്ടാണു രക്ഷപ്പെടേണ്ടത്? ഭക്തവത്സലനായ നാരായണസ്വാമിയുടെ കൃപ, ഈ സാധുവിൽ ഇല്ലാതെയായോ? ഹേ സാധുക്കളേ! നിങ്ങൾക്കുവല്ല ഉപായവും തോന്നുന്നുവെങ്കിൽ പറയുവിൻ എന്നരുളിച്ചെയ്തു."

ബ്രാഹ്മണർ:—സ്വാമിൻ! തിരുവടിയാകുന്ന ഏകാശ്രയത്തോടു കൂടിയവരാണല്ലോ ഞങ്ങൾ. "പടനായകനൊരു പടയിൽ തോററാൽ ഭടജനമെല്ലാം ഓടിയൊളിക്കും" എന്നുപറഞ്ഞതുപോലെ, അങ്ങുന്നു ഭയപ്പെട്ടുന്നവനെ ജയിക്കാൻ ഞങ്ങളാൽ കഴിയുമോ? അങ്ങേക്കുതോന്നാത്ത രക്ഷാമാർഗ്ഗം ഞങ്ങൾക്കുതോന്നാനുണ്ടോ? അങ്ങനെയാണെങ്കിൽ നമുക്കെല്ലാം മഠത്തിന്റെ പിൻവാതിലിൽ കൂടിയിറങ്ങി, വല്ലടിക്കിലുംപോയിരക്ഷപ്പെടാം. അതല്ലേഭംഗി?

സ്വാമികൾ:—"ഛേയി! അതുഭംഗിയല്ല. നിങ്ങൾ വൈദികന്മാരല്ലേ?-മന്ത്രതന്ത്രാദികളാൽ അവനെ മടക്കാനോ സംഹരിപ്പാനോ വല്ലമാർഗ്ഗവുമുണ്ടെങ്കിൽ ആലോചിച്ചു പറയുവിൻ! അഥവാ അവനെ ഇവിടെനിന്നും ഓട്ടാൻ വല്ലവഴിയുമുണ്ടെങ്കിൽ നോക്കുവിൻ!"

ബ്രാഹ്മണർ.—"കൊള്ളാം—സ്വാമിയുടെ വീരവാദം ഇത്രയുമല്ലായിരുന്നല്ലോ. എന്നിക്ക് ശരി, ഇവിടെ അടുത്തെങ്ങും ഒരാചാര്യനില്ല എന്നും മററുമല്ലായിരുന്നോ സ്വാമിയുടെ ഭാവം? പണ്ട് ഗോഗ്രഹണത്തിനുപോയ ഉത്തരന്റെകഥ സ്വാമികേട്ടിട്ടുണ്ടോ? വീട്ടിലിരുന്ന് സ്ത്രീജനങ്ങളോട് മുറയ്ക്കു വീരവാദംപറഞ്ഞ് കൌരവന്മാരുടെ ശംഖിന്റെയും യുദ്ധവാദ്യങ്ങളുടെയും ശബ്ദം കേട്ടപ്പോൾ, 'അയ്യോ! എനിക്കെന്റെ അമ്മയെക്കാണണം' എന്നു നിലവിളിച്ചുതുടങ്ങി. അതുപോലെയാണ് സ്വാമിയുടെ കഥയുമെന്നിപ്പോൾ അനുഭവമായി ഞങ്ങളാരും ഇനി ഇവിടെ ഒരു നിമിഷം താമസിക്കയില്ല. എവിടെയോപോയി രക്ഷതേടിക്കൊള്ളാം" എന്നു പറഞ്ഞോടിപ്പോകാൻ ഭാവിച്ചു.

സ്വാമികൾ:—"ഹേ ബ്രാഹ്മണന്മാരേ! നിങ്ങൾ ഇത്രമേൽ വഞ്ചകന്മാരാണെന്നും ഭീരുക്കളാണെന്നും ഞാൻ വിചാരിച്ചില്ല. ഭക്തന്മാരാണെന്നു നടിച്ച്, സാധുക്കളായഭ

ഞങ്ങളെ ഇവിടെനിന്നു അടിച്ചോടിച്ചു്, നല്ലതപസ്വികളാണെന്നഭിമാനിച്ചു് ഇതുവരെ എന്നെ സേവിച്ചുവച്ചു് ആപത്തു വന്നപ്പോൾ പല്ലിളിച്ചുകാട്ടിക്കൊണ്ടു എന്നെ ഉപേക്ഷിച്ചുപോകുന്നവരാണോ ഭക്തന്മാർ?—യുദ്ധത്തിൽ രാജാവിനെ ഉപേക്ഷിച്ചോടിപ്പോകുന്ന ഭീരുഭടന്മാരെപ്പോലെ അതു ശരിയാണോ? നാട്ടുകാർകേട്ടാൽപരിഹസിക്കയില്ലയോ? ശത്രുവിനോടു തോററതിനെക്കാളും എതിർത്തു മരിക്കുന്നതല്ലയോ നല്ലതു്? ആപത്തു വരുമ്പോൾ മനോഭംഗപ്പെടാതെ അതിനു പരിഹാരം നോക്കുന്നതല്ലയോ പൌരുഷം? എതിർത്തു നില്ക്കാൻ ശക്തിയില്ലെങ്കിൽഅന്യന്മാരെ സേവിക്കുന്നതിലും ഭേദം ആ ശത്രുവിനെത്തന്നെശരണംപ്രാപിക്കുന്നതല്ലയോ? ഈ ഗോരക്ഷനെ ജയിക്കാൻ ശക്തിയില്ലാത്ത നമ്മൾ അവനെ ശരണം പ്രാപിക്കതന്നെ. ശരണാഗതന്മാർ വധ്യന്മാരല്ലെന്നു ശാസ്ത്രങ്ങൾ സിദ്ധാന്തിക്കുന്നുണ്ടല്ലോ. അതുകൊണ്ടു ഭീരുക്കളായ ശിഷ്യന്മാരേ! നിങ്ങളാരും ഭയന്നോടരുതു്"—എന്നരുളിച്ചെയ്തു.

ബ്രാഹ്മണർ അതുകേൾക്കാതെ, ഭയാകുലന്മാരായി വീണ്ടും സ്വാമികളെ വന്ദിച്ചു പറഞ്ഞു. "സ്വാമിൻ! ഈ സമയം നമ്മുടെ തൽക്കാലാവസ്ഥയ്ക്കു അല്പംപോലും യോജിക്കുന്നതല്ല. ഈ മഠത്തോടുകൂടി നാമൊക്കെ ദഹിച്ചുപോകത്തക്ക ആപത്താണു് വന്നിരിക്കുന്നതു. അതുകൊണ്ടുഞങ്ങൾ പോകതന്നെയാണു. സ്വാമിയും ഞങ്ങളെത്തടുക്കാതെ കൂടെപ്പോരുന്നതാണുത്തമം. അല്ലെങ്കിൽ വെറുതെ ദേഹം ദഹിപ്പിക്കേണ്ടിവരും"ഇത്രയുംപറഞ്ഞശേഷം പുററിൽനിന്നുംപുറപ്പെടുന്നഈയാംപാററകളെപ്പോലെ,മഠത്തിന്റെ പിൻപുറത്തെ വാതിലിൽക്കൂടി തിക്കിത്തിരക്കി വെളിക്കിറങ്ങി പലവഴിക്കായിഓട്ടമിട്ടുപാഞ്ഞു. വിസ്താരമേറിയ ആ മഠത്തിനുള്ളിൽസ്വാമികൾ തനിച്ചായപ്പോൾ,അദ്ദേഹത്തിന്റെമനസ്സുവല്ലാതെചലിച്ചുതുടങ്ങി. 'ഹാഹാ! ആപത്തുകാലത്തുഉപകരിക്കാത്ത പുത്രനുംഉപേക്ഷിച്ചുപോകുന്ന ഭാര്യയും സഹായിക്കാത്ത ശിഷ്യനുംശത്രുക്കളാണു്' എന്നു പറഞ്ഞതു് എനിക്കിപ്പോൾ അനുഭവമായി. ഇനി ഗോരക്ഷനെ ശരണംപ്രാപിക്കയല്ലാതെ ഗത്യന്തരമൊന്നും ഞാൻ കാണുന്നില്ല. ഇങ്ങനെനിശ്ചയിച്ചു്. ജീവനെ ഈശ്വരങ്കൽ സമർപ്പിച്ചു വന്ദിച്ചു് അഭയംപ്രാപിക്കാൻ മനസ്സില്ലാതെയും രക്ഷനേടാൻ മാർഗ്ഗമില്ലാതെയും വ്യാകുലഹൃദയനായി നേത്രങ്ങളിൽ അശ്രുക്കൾ നിറച്ചു്, ദൈവമേ! നീയും എന്നെ ഉപേക്ഷിച്ചോ എന്നുവിലപിച്ചു്, ക്ഷീണിച്ചുകിടക്കുമ്പോൾ,

ഗോരക്ഷൻ വന്നതും, ബ്രാഹ്മണർഒളിച്ചുപോയതും സ്വാമികൾ ഭയപ്പെട്ടുപരവശനായി കിടന്നതും എല്ലാം വാസ്തവംപോലെ കേട്ടറിഞ്ഞ കബീർ—ഒരുപട്ടുനൂൽ ഉണ്ട കൈയിലെടുത്തുകൊണ്ടു മഠത്തിലേക്കു അതിവേഗത്തിൽ ഓടിയെത്തി. വാതുക്കൽഇരിക്കുന്നഗോരക്ഷനെ ലക്ഷ്യമാക്കാതെ, ഉള്ളിൽകടന്നു്, സ്വാമിയെ അന്വേഷിച്ചുതുടങ്ങി. സ്വാമിയുടെ നാമസങ്കീർത്തനങ്ങളോടും"സ്വാമിൻ! നിന്തിരുവടിയുടെഅനുഗ്രഹമുണ്ടെങ്കിൽ സർവ്വരേയും ജയിക്കാൻ ഞാൻശക്തൻ; അങ്ങേക്കു അനിഷ്ടം ചെയ്യുന്നവർ, മനുഷ്യനായാലും ദേവന്മാരായാലും അവരെഞാൻ ഇക്ഷണത്തിൽ സംഹരിക്കുന്നതാണു്. നിസ്സാരനായ ഈഗോരക്ഷനെക്കുറിച്ചുള്ള ഭയംകൊണ്ടാണോവ്യാകുലപ്പെടുന്നതു്? അവനെ ജയിക്കാനോ സംഹരിക്കാനോ നിന്തിരുവടി കല്പിക്കാത്ത താമസമേയുള്ളു" എന്നോരോ വീരവാദങ്ങളോടും ബ്രാഹ്മണരെ ഭത്സിച്ചും ഗോരക്ഷനെ ദ്വേഷിച്ചും ഉള്ള അപഹാസത്തോടുംകൂടിച്ചെന്നു്, രാമാനന്ദസ്വാമികളുടെ പാദത്തിൽ സാഷ്ടാംഗനമസ്കാരം ചെയ്തു. അനന്തരം എഴുന്നേററു്, ദൂരത്തുമാറിനിന്നു് കൈക്കൂപ്പിക്കൊണ്ടു്—"ഹേ ജഗന്നായക! എന്നെ അനുഗ്രഹിച്ചഗുരുനായക! അങ്ങേക്കു ദുഃഖംവന്നതെന്തു? അങ്ങു ദൈവത്തെ വിളിച്ചു വിലപിക്കാൻ കാരണമെന്തു? ഈഗോരക്ഷൻ എത്രയോ നിസ്സാരൻ—അങ്ങേക്കരുണയുണ്ടെങ്കിൽ അവനെ ജയിക്കുന്നതിനു എനിക്കൊട്ടും പ്രയാസമില്ല. അവനെ ജയിച്ചുവരിക എന്നരുളിച്ചെയ്താലും. തൃക്കൈകൾ എന്റെ ശിരസ്സിൽ ചേർത്താലും! അവന്റെ ബലംകാണുന്നതിനു ആജ്ഞമാത്രമാണു് അങ്ങേടെ പക്ഷേ ഇച്ഛാധാരകമല്ലോ; കല്പനകിട്ടാത്തതാമസമേയുള്ളു. ശിവന്റെ തൃക്കണ്ണു തുറന്നപ്പോൾ ത്രിപുരന്മാർ ദഹിച്ചതുപോലെ, അങ്ങേടെഅനുജ്ഞ പുറപ്പെട്ടാൽ ഗോരക്ഷനെ ഞാൻ ഇക്ഷണത്തിൽ ഭസ്മശേഷനാക്കിത്തീ

ക്കാ. "മലകളിളകിലും മഹാജനാനാംമനമിളകാ" എന്നാണല്ലോ ആപ്തവാക്യം—കൊട്ടങ്കാററടിയാൽ പർവ്വതം ചലിക്കുമോ? അതുപോലെഇവന്റെവാക്കുകൾകേട്ടു നിന്തിരുവടിക്കു മനശ്ചാഞ്ചല്യം ഉണ്ടാകരുതു്", എന്നു്, ഓരോസമാധാനവാക്കുകൾ പറയുന്നതു കേട്ടു് രാമാനന്ദസ്വാമികൾ "എടാ! ഈ അവസരത്തിൽ ഉപദ്രവിക്കാൻ നീയും വന്നോ?—സംഹരിക്കാം നിഗ്രഹിക്കാം ജയിക്കാം വധിക്കാം എന്നൊക്കെ വെറുതെയെന്തിനു വീരവാദംപുലമ്പുന്നു?"—ഗോരക്ഷൻ സാരമില്ലെന്നോ നീപറഞ്ഞതു? "ആനമദിച്ചു വരുന്നേരത്തൊരു കുനനെറുമ്പു തടുപ്പാനെളുതോ?" എന്നു പറഞ്ഞതുപോലെ, സിദ്ധയോഗിയായ ഗോരക്ഷനെവിടെ? അല്പജ്ഞനുംബാലനുമായ നീ എവിടെ? വേദാന്തസാരജ്ഞനും സിദ്ധനുമായ അവൻ കോപിച്ചുനേരിട്ടതുകണ്ടു്, ഞാൻപോലും സമാധാനം പറവാൻ കുഴങ്ങിയിരിക്കുകയാണു. വിനയം സർവ്വജയപ്രദമാണല്ലോ. കാര്യസാദ്ധ്യത്തിങ്കൽ ചന്ദ്രഹാസത്തേക്കാൾ മന്ദഹാസമാണുത്തമം. നയംകൊണ്ടു സാധിക്കുന്നകാര്യം പരാക്രമംകൊണ്ടു സാധിക്കുകയുമില്ല. ഏതായാലും ഇനിനീ ഇവിടെനിന്നു വൻപു പറയാതെ പോകുന്നതാണുനല്ലതു്. അടുത്തുനില്ക്കുന്ന ചന്ദനമരത്തെയും മുളദഹിപ്പിക്കുന്നതുപോലെ നിന്റെ അടുക്കൽ നില്ക്കുന്നതുകൊണ്ടു് എനിക്കും ആപത്തുവന്നേക്കാം "അമ്പലംമ്പാടേ വിഴുങ്ങുന്നവനു് കതകപ്പടകം" എന്ന പഴഞ്ചൊല്ലുപോലെ എന്നെപ്പോലെയുള്ള സാധുക്കളെ അടിപ്പെടുത്തുന്ന ഗോരക്ഷനു നിന്നെക്കിട്ടിയാലോ? അതുകൊണ്ടു അവൻ കാണാതെ ഒളിച്ചുപൊയ്ക്കൊള്ളുന്നതാണു നിനക്കു നല്ലതു്. വന്ദിക്കേണ്ടവരെ നിന്ദിക്കുന്നതു അപകടമാണു്. കാര്യാകാര്യബോധമില്ലാത്തവർക്കെന്തും പറയാം. എന്തുംചെയ്യാം. അതാണു നീ ഇങ്ങനെ തുടങ്ങുന്നതു്. നിന്റെ വൻപെല്ലാം നാവിന്മേലെയുള്ളു. ഇക്കഥ വല്ലതും അറിഞ്ഞുപോയെങ്കിൽ, നിന്നെയും എന്നെയും ഈ മഠത്തെത്തന്നെയും ഭസ്മമാക്കി ആകാശത്തിൽ പറത്തിയിട്ടു ഗോരക്ഷൻ ഇവിടെ ജയക്കൊടിനാട്ടും; ഇനിയെങ്കിലും മിണ്ടാതെ ഇറങ്ങിനിന്റെപാട്ടിനുപൊയ്ക്കൊണ്ടാൽ ഉപദ്രവമില്ല. പൊയ്ക്കോവേഗം" എന്നുപറഞ്ഞു.

കബീർ, സ്വാമികളുടെപാദങ്ങളിൽവീണ്ടും സാഷ്ടാംഗപ്രണാമംചെയ്തു പറഞ്ഞു:—"സ്വാമിൻ! അങ്ങേ പ്രഥമശിഷ്യനായ ഞാൻ ഇരിക്കുമ്പോൾ ഗോരക്ഷനെ നിസ്സാരനാണെന്നു ഗണിക്കാതെ തുല്യത്വേനഗണിക്കുന്നതു ശരിയല്ല. അല്പസമയത്തിനകം ഞാൻ അതിന്റെ പരീക്ഷ കാണിച്ചുതരാം. ഇക്കാശിയിലുള്ളവരെല്ലാം അവനെയിട്ടുകൊട്ടയട്ടുന്നതു സ്വാമിക്കുകാണാം. അവന്റെ വസ്ത്രംപിടിച്ചുപറിച്ചു ജടയുംമീശയും ചിരച്ചു ദേഹത്തെതൊലിയുരിച്ചു എല്ലുകൾ മുറിയെ അടിച്ചു സ്വാമിയുടെ നാമധേയംകേട്ടാൽ ഭയപ്പെടത്തക്കവിധത്തിൽ ആക്കുന്നതുകാണാം. ഞാൻ ജീവിച്ചിരിക്കുമ്പോൾസ്വാമി അവനെ വെറും നിസ്സാരനെന്നല്ലാതെ സമനാണെന്നു വിചാരിക്കരുതു്. എന്റെ വാക്കു വിശ്വസിച്ചുകൊള്ളണം ദുഃഖഭാവം കളഞ്ഞു ഉത്സാഹമായിരിക്കണം"

അനന്തരം, ആനന്ദാശ്രുക്കളാൽ സ്വാമികളുടെ പാദങ്ങളെ സേചനം ചെയ്തു തലോടി വന്ദിച്ചു സ്തുതിച്ചുകൊണ്ടു നിന്നു. സ്വാമികൾക്കു കബീരുടെവാക്കുകൾ കേട്ടുകോപമാണുണ്ടായതു. അദ്ദേഹം അവനെനോക്കി "എടാ തുലുക്കപ്പയലേ നീ ഈ അവസരത്തിൽ എവിടെനിന്നും വന്നു? എന്നെനശിപ്പിക്കാനും വേദനപ്പെടുത്താനും ആണോനീ വന്നിരിക്കുന്നതു? ഗോരക്ഷകനു സമനായ ഒരു സിദ്ധൻ ഈലോകത്തിൽ വേറെയുണ്ടോഎന്നു സംശയമാണു. അവനെയാണോനീ തോല്പിച്ചുകളയാം പറപ്പിച്ചുകളയാം എന്നൊക്കെപ്പറയുന്നതു? നിന്നെ ഇവിടെ വല്ലവരും വിളിച്ചോ? ഇനിയും ഇവിടെനിന്നു വല്ലതുംപറഞ്ഞാൽ അനുഭവം വേറെയാണു. മുമ്പുംനീ ഇവിടെ വന്നാൽ അടികൊള്ളാതെ പോകപതിവില്ലല്ലോ, ഇന്നുംകൊള്ളേണ്ടയെങ്കിൽവേഗം പൊയ്ക്കോ എന്നരുളിച്ചെയ്തു. എന്നിട്ടും കബീർ കേൾക്കയില്ലെന്നായപ്പോൾ, അദ്ദേഹം അപേക്ഷിച്ചുപറവാൻ തുടങ്ങി. "എന്റെ അപ്പാ! വേണമെങ്കിൽനിന്നെ ഞാൻ വണങ്ങാം. നീ ഇവിടെനിന്നുപോ

യാൽ മതി. ബാലാൽ ശണ്ഠയ്ക്കുവന്നിരിക്കുന്നോ? ഗോരക്ഷനെ നീ അറികില്ല. അദ്ദേഹം അഷ്ടസിദ്ധികളുമടങ്ങിയ ദിവ്യനാണ്."

കബീർ അഞ്ജലിബന്ധത്തോടുകൂടി സ്വാമികളുടെ പാദങ്ങളിൽ വീണുകിടന്നുകൊണ്ടു "സ്വാമിൻ! പരമാർത്ഥമറിയാതെ അടിയനോടു കോപിക്കരുതു. ഗോരക്ഷനെ അല്പസമയംകൊണ്ടു മടക്കുകയോ സംഹരിക്കയോ ചെയ്യാൻഞാൻമതി. കാരുണ്യമെങ്കിൽകൊണ്ടുകൊള്ളണം" എന്നു പറഞ്ഞോടിവെളിക്കിറങ്ങി. കാഴ്ചക്കാരായ ജനങ്ങളുടെഇടയിൽനിന്നുകൊണ്ട് ഗോരക്ഷനെനോക്കി—"എടാഗോരക്ഷ! നിന്റെ മായാവിദ്യകളൊന്നും എന്റെ ഗുരുനാഥനായ രാമാനന്ദസ്വാമികളോടു ഫലിക്കുമെന്നു വിചാരിക്കേണ്ടാ. സിംഹത്തെ ആന ജയിക്കാൻ സാധിക്കുമോ നിന്റെ കഷ്ടകാലത്തിനാണിവിടെവന്നു ചാടിയതു. പൊട്ടവിദ്യകളുംകൊണ്ടു വേഗംപൊയ്ക്കോ അതാണുനന്നു—സ്വാമിയെന്നിപേർചൊല്ലി വിളിച്ചോ? നീ ആര്? —നിന്റെ ശക്തി എന്തു്? എന്നെ നീ അറിയുമോ? നിന്റെകാലനാണെന്നുകരുതിക്കൊൾക.—"എന്നൊക്കെ അധിക്ഷേപിച്ചപ്പോൾ, ഗോരക്ഷൻ:—

"ആരെടാ അതു്? പട്ടിയെപ്പോലെ കുരയ്ക്കുന്നവനേതെടാ? സിദ്ധയോഗികൾക്കെല്ലാം മേലാവായ ഗോരക്ഷനെ അറികില്ലയോ? എന്നോടെതിർക്കാൻ ജീവനിൽ ഭയമില്ലാതെ വന്നിരിക്കുന്ന അവനാര്? മുഖത്തെക്കാണിക്കാതെ ഒളിച്ചുനിന്നു പറയുന്നതെന്തു്! മറഞ്ഞുനിന്നധിക്ഷേപിക്കാതെ ഇറങ്ങി എന്റെ മുമ്പിൽ വാ കരുത്തുണ്ടെങ്കിൽ—ശപിച്ചിപ്പോൾ ഭസ്മമാക്കിയേക്കാം" എന്നു ക്രുദ്ധസ്വരത്തിൽ പറഞ്ഞു.

കബീർ:—എടാമൂഢ! കരുത്തുണ്ടെങ്കിൽ എന്റെ മുമ്പിൽ ഇറങ്ങിവാ നിന്നെ എനിക്കു വലിയകാര്യമോ? ഞാൻ രാമാനന്ദസ്വാമികളുടെ ശിഷ്യനാണ്—നിന്നെപ്പോലെയുള്ളമൂഢന്മാരെ മര്യാദപഠിപ്പിച്ചു് മേലാൽ ലോകവാസികളെ ഉപദ്രവിക്കാതെയാക്കുന്നതിനും നിവൃത്തിയില്ലാതെവന്നാൽകാലപുരിയിലേക്കു ഭാണ്ഡംകെട്ടിക്കാനും, അഭയം പ്രാപിക്കുന്നവരെരക്ഷിക്കാനും,താപസന്മാർക്കെല്ലാം അധിപതിയായരാമാനന്ദസ്വാമികളെ വന്ദിക്കാനുമായി സാധുമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന കബീർ എന്നവനാണു ഞാൻ—പക്ഷേ നീ എന്നെക്കുറിച്ചു കേട്ടിട്ടില്ലായിരിക്കും.

ഇങ്ങനെ, കബീർ പറഞ്ഞ അധിക്ഷേപവാക്കുകൾ ഗോരക്ഷന്റെ ചെവിയിൽ ചുട്ടുപഴുപ്പിച്ചനാരാചങ്ങൾ തടവിയതുപോലെ ദുസ്സഹവേദനയേയും കോപത്തേയുംഉദ്ദീപിപ്പിച്ചു.അവൻ കണ്ണുചുവപ്പിച്ചു്, പല്ലുകടിച്ചു്, കൈകൾ തിരുമിഞെരിച്ചുകൊണ്ടുകബീരിനെഅധിക്ഷേപിച്ചതുമല്ലാതെ കാശീനഗരം മുഴുവൻ ഭസ്മമാക്കുന്നുണ്ടെന്നു പ്രതിജ്ഞചെയ്കയും ചെയ്തു. അതുകേട്ട നിന്നവരെല്ലാം ഭയപ്പെട്ടോടിച്ചെന്നു്, കബീറിനെപ്പിടികൂടിഎടാകബീരേ! "ഒരുത്തൻ പാപകർമ്മംചെയ്തീടിലതിൻഫലം പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും"

എന്നവിധത്തിൽ നിന്റെപ്രവൃത്തി എല്ലാർക്കും അപൽക്കരമായിത്തീരാൻപോകുന്നു. നീ നശിച്ചാലും പോരാ, ഞങ്ങളെയും കൂടിനാശിപ്പിക്കാനാണോ നീ ഒരുങ്ങുന്നതു. ഒളിവിൽ മറഞ്ഞുനിൽക്കാതെ ചുണയുണ്ടെങ്കിൽ അദ്ദേഹത്തിന്റെ നേരേ ചെന്നുനിന്നു പറക എന്നുപറഞ്ഞു വലിച്ചിഴച്ചു ഗോരക്ഷന്റെ മുമ്പിൽ കൊണ്ടുനിർത്തി. ഇതാഇവനാണ്, നിന്തിരുവടിയോടു വിവാദം ചെയ്യാൻ പുറപ്പെട്ടിരിക്കുന്നതു്. എന്നു കാണിച്ചുകൊടുത്തു. ഗോരക്ഷകൻ അവനെനോക്കി അട്ടഹാസത്തോടേ, "എടാ ചാൺ അളവില്ലാത്ത നീയാണോ ചീവീടുപോലെ, ഇത്രയൊക്കെ ശബ്ദിച്ചതു്? തിരിഞ്ഞു നില്ല്. നിന്നെ ഞാൻ നല്ലപോലെ കാണട്ടെ. എടാ അല്പപ്രാണി! നീയാണോ എന്നോടെതിരിടാൻവന്നതു്. കൊള്ളാം." എന്നുപറഞ്ഞു ചിരിച്ചു.

കബീർ.—"എടാ അഹംഭാവമുള്ള ദുശ്ശീലക്കാര! അറിവില്ലാത്ത മൂഢ! ശാന്തന്മാരായ തപസ്വികളോടുകൂടാതെയും മുഖത്തു കരുണാരസം കണികാണ്മാൻപോലുമില്ലാതെ

യും അജ്ഞാനത്തെ നീക്കാതെയും അഹംഭാവത്തെ നീക്കാതെയുമിരിക്കുന്ന നീയാരോ സിദ്ധൻ? നീ ആരോടുതർക്കിക്കാനാണു വന്നിരിക്കുന്നതു്? നിന്റെ കള്ളപ്പൂച്ചുകളൊന്നും എന്നോടുഫലിക്കുമെന്നു വിചാരിക്കേണ്ടാ. ഈ നടപടി നിനക്കു നന്നല്ല. അല്പപ്രാണി! നിനക്കറിവില്ല, ഞാൻ രാമാനന്ദസ്വാമികളുടെ ദൂതനും, നിന്റെ ജീവനെ അപഹരിക്കാൻ വന്ന യമദൂതനുമാണു്. ഇനി, എന്റെ മുമ്പിൽനിന്നു തപ്പിപ്പിഴയ്ക്കാൻ സാധിക്കുമെന്നോ വിചാരിക്കേണ്ടാ. നിന്നെപ്പോലെയുള്ള ദുഷ്ടന്മാരെത്രക്കാണാലും ദോഷമൊന്നുമില്ല. ശൂലംകൊണ്ടു പ്രഹരിച്ചാലുമെന്തായാലും ശരി എന്നോടു യാതൊന്നും ഫലിക്കയില്ല. ഈസ്ഥലം ഏതാണെന്നറിയാമോ? അഹംകാരവുംകൊണ്ടു് നീ ഇവിടെയാണോവന്നതു്? രാമാനന്ദസ്വാമികളുടെ കോപത്തീയിൽ നീ ഭസ്മമാകയില്ലയോ? അദ്ദേഹത്തിന്റെ ശാപം തടുക്കാൻ നിനക്കു ശക്തിയുണ്ടോ? ഏതായാലും ഇനി നീ മരിക്കുകയല്ലാതെ ഇവിടെനിന്നുതപ്പിപ്പിഴയ്ക്കാൻ സാധിക്കുമെന്നുതോന്നുന്നില്ല."

കബീരിന്റെ ഈ ധൃഷ്ടവചനങ്ങൾ കേട്ടുകൊണ്ടു ഭയാകുലനായി മഠത്തിനകത്തിരുന്ന രാമാനന്ദസ്വാമികൾ, വേഗംവെളിയിൽവന്നു്, "എടാതുലുക്കപ്പയലേ! വെറുതേനീ എന്നെക്കുറിച്ചപവാദം പറയുന്നോ? ഞാൻശാപമിട്ടതെപ്പോൾ! ഗോരക്ഷസ്വാമികൾക്കു എന്നിൽ ദ്വേഷം വർദ്ധിക്കാനുള്ള വഴിയാണോ നീ നോക്കുന്നതു്?—നീമൂലം മഠത്തിനും എനിക്കും ഈ നാട്ടിനുതന്നെയും ആപത്തുസംഭവിക്കുമല്ലോ ദുഷ്ട! ഭ്രഷ്ട! അകലെമാറിപ്പൊയ്ക്കോ"—എന്നു ശാസിച്ചുകൊണ്ടു്, ഗോരക്ഷന്റെ മുമ്പിൽചെന്നു്, നമസ്കരിക്കാൻ ഭാവിച്ചപ്പോൾ.

"അയ്യോ! സ്വാമി! ചതിക്കരുതേ! എന്നോടു ശിഷ്യപ്പെടാൻപോകുന്ന ഈ ഗോരക്ഷനെസ്വാമിവന്ദിക്കരുതേ" എന്നു സംഭ്രമത്തോടുകൂടി കബീർതടുത്തു. ഉടനേ കോപപരിതാപവ്യാകുലനായസ്വാമികൾ കബീരനെപിടിച്ചുതള്ളിനിർത്തിയിട്ടു് മഹാപാപീ! നീ വെറുതേ വഴക്കുണ്ടാക്കാൻ വന്നിരിക്കുന്നോ? സ്വാമിയെവന്ദിക്കാൻ നീസമ്മതിക്കില്ലയോ? എന്നുചോദിച്ചു.

കബീർ, ഉടൻതന്നെ, രാമാനന്ദസ്വാമികളുടെ പാദങ്ങളിൽവീണു നമസ്കരിച്ചെഴുന്നേറ്റുചെന്നു്, ഗോരക്ഷൻ ഇരുന്ന ശൂലത്തെ കൈകൊണ്ടു തല്ലിയൊടിച്ചുതാഴത്തിട്ടു്, തന്റെ കൈയിലുണ്ടായിരുന്ന പട്ടുനൂലുണ്ടയഴിച്ചു്, നൂലിന്റെ അഗ്രം ഭൂമിയലൂന്നിനിർത്തിക്കൊണ്ടു്, ഉണ്ട മേലോട്ടെറിഞ്ഞു. മുഴുവൻ അഴിഞ്ഞഴിഞ്ഞുപോയി, ആകാശത്തിൽ കുത്തനേ ആ നൂൽ നീണ്ടുനില്പായി. കണ്ടുനിന്നവരെല്ലാം അത്ഭുതപരതന്ത്രന്മാരായി നില്ക്കുന്നതിനിടയിൽ കബീർ ജയരാമാനന്ദശബ്ദം മുഴക്കി നിഷ്പ്രയാസം ആ നൂൽവഴി കയറിച്ചെന്നു്, അതിന്റെ മുകളിൽനിന്നുകൊണ്ടു്, ഗോരക്ഷനെനോക്കി "എടാഗോരക്ഷ! ശൂലത്തിൻമുകളിലിരിപ്പാൻ സാധിച്ചുവെന്നുള്ള അഹംഭാവം ഇനി മതിയാക്കാമോ? യോഗാഭ്യാസവശ്യമായ സിദ്ധി എന്നോളം നിനക്കില്ലെന്നു സമ്മതിക്കാമോ? ഉണ്ടെങ്കിൽ ഇതുപോലെ ഒരു നൂൽ നാട്ടി അതിന്റെ മുകളിൽകയറിയിരുന്നു് എന്നോടുവാദം നടത്തിയാൽ നീ സമർത്ഥൻ! മറ്റേതുവിധത്തിലായാലും എന്നെനിനക്കു പരീക്ഷിക്കാൻകഴിയുമെങ്കിൽ, കാണട്ടെ—ശക്തിയില്ലെങ്കിൽ, എന്റെ പാദങ്ങളിൽ, വീണു്, അഭയം അപേക്ഷിച്ചുകൊൾക. രാമാനന്ദസ്വാമികളുടെ അനുഗ്രഹത്തിന്റെ മാഹാത്മ്യം ഇപ്പോൾ നിനക്കു മനസ്സിലായോ? ഇനിയെങ്കിലും അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു, ആശീർവാദംവാങ്ങിക്കൊൾക. അദ്ദേഹത്തിന്റെ തൃക്കാലുകൾ നിന്റെ ശിരസ്സിൽ അലങ്കരിച്ചുകൊൾക. ഇഷ്ടംപോലെയുള്ളവരം വാങ്ങിക്കൊൾക. അല്ലെങ്കിൽ, നിന്നാൽ തടുക്കാൻ കഴിയാത്ത ആപത്തുവന്നുകൂടും. കണ്ടുനില്ക്കുന്നവരെല്ലാംനിന്നെപ്പരിഹസിക്കയും ഉപദ്രവിക്കയും ചെയ്തുതുടങ്ങും. സ്വാമിയെ അഭയംപ്രാപിച്ചുകൊണ്ടാൽ രക്ഷകിട്ടു" എന്നുപറഞ്ഞു.

ഗോരക്ഷൻ, കബീരിന്റെ അത്ഭുതകർമ്മംകണ്ടും, അധിക്ഷേപവാക്കുകൾ കേട്ടും വല്ലാതെ പരിഭ്രമിച്ചുപോയി. തനിക്കു് അഷ്ടസിദ്ധികൾ സ്വാധീനമായിരുന്നിട്ടും,

ബാലനായ കബീരിനെ അനുകരിക്കാൻ ശക്തിയില്ലാതെയായതോൎത്തു ലജ്ജിച്ചും വ്യസനിച്ചു, അവൻ ഒരു ഉപായം ആലോചിച്ചു നിശ്ചയിച്ചുകൊണ്ടിങ്ങനെ വിളിച്ചുപറഞ്ഞു. "ഹേ കബീരേ! ആകാശത്തിലിരുന്നു നമ്മൾ തമ്മിൽ വാദിച്ചാൽ, ജയവും തോൽവിയും ആരറിയും? താഴെവരിക, ഇവിടെവെച്ചു് നമ്മുടെ സാമൎത്ഥ്യമൊന്നു പരീക്ഷിച്ചുകളയാം"—

കബീർ:—"കൊള്ളാം മേലോട്ടു കയറിവരുന്നതിനു നിവൃത്തിയില്ലെന്നായപ്പോൾ, താഴെ വന്നാൽ പരീക്ഷ നടത്താമെന്നായോ? ആട്ടെ, അതിനും വിരോധമില്ല—" എന്നു പറഞ്ഞിറങ്ങിവന്നു്, രാമാനന്ദസ്വാമികളുടെ പാദങ്ങളിൽ ദണ്ഡനമസ്കാരംചെയ്തെഴുന്നേറ്റു്, അഞ്ജലിബന്ധത്തോടുകൂടി, ദൂരെ മാറിനിന്നു. ഉടനേ,

ഗോരക്ഷൻ:—"എടാകബീരേ! നീ ഇത്ര അഹംകരിക്കാനെന്തുള്ളു? എന്നെ ജയിക്കുന്നതിനു നിന്നെക്കൊണ്ടു കഴിയുമോ? എന്നാൽകാണട്ടെ" എന്നു പറഞ്ഞു് രാമാനന്ദസ്വാമികളുടെ രൂപമെടുത്തു നിലയായി. കണ്ടുനിന്നവരെല്ലാം അത്ഭുതപരതന്ത്രന്മാരായി ഭവിച്ചു. ഇതെന്തു?—രണ്ടുരാമാനന്ദസ്വാമികളുണ്ടായോ? എന്നു സംഭ്രമിക്കുന്നതിനിടയ്ക്കു രാമാനന്ദസ്വാമികളും വിഷണ്ണനായിത്തീൎന്നു—"ഹാ! ദൈവമേ! മായാവിയായ ഈ ഗോരക്ഷൻ! ഇനി എന്തെല്ലാം അപത്ഥുവരുത്തിത്തീൎക്കുമോ? ഇവനെ ജയിക്കുന്നതിനു ബാലനായ കബീരിനെക്കൊണ്ടു സാദ്ധ്യമാകുമോ? അകയില്ല. ഇന്നത്തോടുകൂടി, ഞാൻ നശിച്ചുപോകത്തക്ക സംഗതിയാണു കാണുന്നതു്. ഇനി എന്താ ചെയ്ക? "ഹാ! ദൈവമേ! ഘോരനായ ഈ ഗോരക്ഷനെ ജയിക്കത്തക്ക സാമൎത്ഥ്യം ഈ കബീരിനുണ്ടാകണ്ടി, എന്നെയും, മഠത്തെയും ഈ കാശിയേയും രക്ഷികണമേ" എന്നപേക്ഷിച്ചു. അതുകേട്ടപ്പോൾ കബീരിനു ഉത്സാഹവും പതിന്മടങ്ങു വൎദ്ധിച്ചു. അവൻ വീണ്ടും സ്വാമിപാദങ്ങളെപ്പണിഞ്ഞു രാമാനന്ദസ്വാമികളുടെരൂപം ധരിച്ചു നിൽക്കുന്ന ഗോരക്ഷനെ നോക്കി, "എടാ ഗോരക്ഷ! നീ എന്നെ നോക്കുക" എന്നുപറഞ്ഞു്, മത്സ്യേന്ദ്രനാഥന്റെ രൂപമെടുത്തുനിന്നു.

ഗോരക്ഷൻ:—എടാ കബീർ! നിന്റെ ഉപാസനദൈവമായ വിഷ്ണുദേവനേ ഞാനായിരിക്കെ, എന്നെ ജയിക്കാൻ നീ മതിയാകുമോ? നോക്കുക—എന്നു വിഷ്ണുസ്വരൂപം കാണിച്ചുകൊണ്ടു എടാ! നിന്നെയും നിന്റെ ആചാൎയ്യനായ രാമാനന്ദനെയും, ഈ ചക്രംകൊണ്ടു ഇക്ഷണത്തിൽ കഷണംകഷണമായി നുറുക്കുന്നുണ്ടു്, എന്നാൎത്തടിച്ചു അട്ടഹാസം ചെയ്തു.

കബീർ:—എടാഗോരക്ഷ! നിന്റെ മായാവിദ്യകളൊന്നും ഏല്ക്കുകയില്ല. ഇതാ നോക്കുഎന്നു പരമശിവന്റെ രൂപം ധരിച്ചുനിന്നുകൊണ്ടു—"എടാനിന്റെ ഉപാസനദൈവമായ രുദ്രൻ ഞാനാണു്. ഈ പാശുപതാസ്ത്രത്താൽ നിന്നെ ഞാൻ കഷണിച്ചുതള്ളുന്നുണ്ടു്. കണ്ടുകൊൾക" എന്നു പറഞ്ഞു.

അതിലും ജയമില്ലെന്നുകണ്ടു ഗോരക്ഷൻ, തൽക്ഷണം ഒരു സിംഹത്തിന്റെ രൂപമായി നിന്നു. അപ്പോൾ കബീർ, വ്യാളിരൂപധാരിയായി അവനെച്ചെറുത്തു ഗോരക്ഷൻ ചുററും അഗ്നിജ്വാലകൾ വീശി; അടും അടുക്കാത്തവണ്ണം സമീപപ്രദേശമെല്ലാം ദഹിപ്പിക്കാൻ തുടങ്ങി. കബീർ ഉടനേ, ഒരു മഴമേഘത്തിന്റെ രൂപമായി, ഘോരസംകീൎത്തനങ്ങളാകുന്ന ഗൎജ്ജനത്തോടുകൂടി, ധാരാവൎഷത്താൽഅഗ്നിജ്വാലകൾമുഴുവൻശമിപ്പിച്ചശേഷം, കോടിസൂൎയ്യപ്രഭനായി, ഗോരക്ഷനു ചുററുംകിരണങ്ങളെ വമിക്കാൻ തുടങ്ങി. രശ്മികളുടെ ചൂടേൽക്കകൊണ്ടുള്ള വേവു സഹിക്കാനും എന്തെങ്കിലും വിധത്തിൽ അതിനെ പരിഹരിക്കാനും ശക്തിയില്ലാതെ, രാമാനന്ദസ്വാമികളെച്ചൊല്ലിനിലവിളിച്ചു "പൂജ്യപാദരായരാമാനന്ദസ്വാമികളേ! അഭയം അഭയം!" എന്നു നിലവിളിക്കുന്നതുകേട്ടുനിന്നവരും സ്വാമികളും കബീരാണവിളക്കുന്നതെന്നു തെററിദ്ധരിച്ചു, രാഘവാ! ഇനിപ്പോൾ ഈകാശിയേയും ഭസ്മമാക്കും എന്നു വ്യസനിച്ചു നില്ക്കവേ, ഞാൻതന്നെജയിച്ചുജയിച്ചു എന്നു വിളിച്ചുപറഞ്ഞുകൊണ്ടു, കിരണങ്ങളെഅടക്കി പ്രത്യക്ഷപ്പെട്ടു നിന്ന കബീരിനെ

എല്ലാവരുംകണ്ടുസന്തോഷിച്ചു. കബീർ, ഗോരക്ഷനെ നോക്കി—"എടാ! ഇനി നീ എത്രനിശ്ചയിച്ചു" എന്നു ചോദിച്ചു. ഗോരക്ഷൻ വേഗത്തിൽ ഓടിച്ചെന്നു രാമാനന്ദരുടെ പാദങ്ങളിൽവീണു, സ്വാമിൻ! രക്ഷരക്ഷ! എന്നുച്ചരിച്ചു. കബീരും സ്വാമികളെ വന്ദിച്ചു, കല്പനയുണ്ടെങ്കിൽ ഈ ഗോരക്ഷനെ ഞാൻ ഇപ്പോൾ ഭസ്മമാക്കിയേക്കാം എന്നറിവിച്ചു. അതുകേട്ടനിന്ന ഗോരക്ഷൻ, ഇനി നമുക്ക മഠത്തിനുള്ളിൽ പ്രവേശിച്ചു ചില പരീക്ഷകൾ നടത്താനുണ്ട. അതിൽകൂടി, ജയിച്ചെങ്കിലെ, നീ വിജയിയാണെന്നു ഞാൻ സമ്മതിക്കയുള്ളു എന്നു പറഞ്ഞു.

ഇനി, എന്തൊരു വാദപരീക്ഷയാണാവോ നിനക്കെന്നോട്? എന്നുചോദിച്ചു നില്ക്കുന്ന കബീരിനെ സ്വാമികൾ പിടിച്ചുഗാഢാശ്ലേഷംചെയ്തു, സുഖജീവിയായി ഭവിച്ചാലും എന്നനുഗ്രഹിച്ചുകൊണ്ട്, "ഞങ്ങളെ എല്ലാവരെയും രക്ഷിച്ചതിന്, നിനക്ക ഞാൻ എന്തൊരു പ്രത്യുപകാരമാണ് ചെയ്യുന്നത്! ഗുരുഭക്തിയുള്ളവൎക്ക് ദുസ്സാധമായി യാതൊന്നുമില്ലെന്നുള്ളതിന് നിന്റെ കഥ ഒരു ഉത്തമദൃഷ്ടാന്തമാണ്. ഞാൻ നിന്റെ മാഹാത്മ്യം അറിയാതെ, ഗോരക്ഷകനെ ജയിക്കാൻ നീ മതിയാകുമോയെന്നു സംശയിച്ചു വ്യസനിച്ചു" എന്നരുളിച്ചെയ്തു.

കാഴ്ചക്കാരായി അവിടെക്കൂടിയ കാശിദേശനിവാസികൾ എല്ലാവരും, കബീർ ചെയ്തത്, അത്ഭുതമത്ഭുതമെന്ന് പ്രശംസിക്കയും അനുമോദനസൂചകമായി അവന്റെ ശിരസ്സിൽ പുഷ്പങ്ങൾ വാരി വൎഷിക്കയുംചെയ്തു. ഗോരക്ഷന്റെചുററുംകൂടി അധിക്ഷേപിക്കാനുംതുടങ്ങി. സ്വാമികൾ അതുകണ്ടു, അവരെ വിലക്കി മാററിനിൎത്തി. അനന്തരം ഗോരക്ഷരെയും കബീരെയും കൂട്ടിക്കൊണ്ടു മഠത്തിനുള്ളിൽ പ്രവേശിച്ചു. "ഹേ ഗോരക്ഷനാഥരെ! കബീർ, എന്റെ ശിഷ്യനാണ്. അവനെ താങ്കൾക്ക ജയിക്കാമെന്നുണ്ടെങ്കിൽ ഏതുവിഷയത്തെക്കുറിച്ചോ വാദിച്ചുകൊൾക" എന്നു സന്തുഷ്ടനായി അരുളിച്ചെയ്തു. ഗോരക്ഷൻ ഉടനേ, കബീരിനോട്—"ഹേ ബാലക! നിനക്ക വയസ്സെത്രയായി?" എന്നുചോദിച്ചു.

കബീർ:—ഹേ അല്പജ്ഞനായ ഗോരക്ഷ! കോടികോടിവിഷ്ണുദേവന്മാരും ബ്രഹ്മദേവന്മാരും രുദ്രന്മാരും ഞാനുണ്ടായതിൽപിന്നെ ഉണ്ടായി നശിച്ചുപോയിട്ടുണ്ട്. അങ്ങനെയുള്ള എന്റെ ആയുസ്സിനെ കണക്കാക്കാൻ നിന്നാൽ കഴിയുമോ?

ഗോരക്ഷൻ:—ഞാൻ പലതവണ, ഇക്കാശിയിൽ വന്നിട്ടുണ്ട്. അന്നൊന്നും നിന്നെ കണ്ടിട്ടില്ലല്ലോ.

കബീർ:—നിന്നെ നിനക്കതന്നെ അറിവാൻപാടില്ലാതെയിരിക്കുന്നസ്ഥിതിക്ക്, എന്നെ നീ അറിയുന്നതെങ്ങനെ? സച്ചിദാനന്ദസ്വരൂപനായ പരമാത്മാവാണു ഞാൻ. ഈ പരമാൎത്ഥം അറിവാൻപാടില്ലാത്ത നീ മോക്ഷമടയുന്നതെങ്ങനെ? അതുമല്ലാ ദുൎഗ്ഗന്ധപരിപൂൎണ്ണമായ ദേഹത്തെ, ഞാൻഎന്നഭിമാനിച്ച്, അനേകനാൾ വെച്ചുകൊണ്ടു, നിനക്ക ശ്രേഷ്ഠതയുമുണ്ടെന്നു ഭാവിക്കുന്നുവോ?

ഗോരക്ഷൻ:—ഈ ശരീരത്തെ എന്നും നശിക്കാതെ വച്ചുകൊള്ളുന്ന വിദ്യയാണ് ബ്രഹ്മവിദ്യ. മററുവിദ്യകളെല്ലാം, നിഷ്പ്രയോജനങ്ങളല്ലയോ? അതിനാൽ, ഈ ശരീരത്തെ ഞാൻ എത്രനാളായി അഭ്യാസത്താൽ വിശുദ്ധമാക്കി സംരക്ഷിച്ചു വച്ചിരിക്കുന്നു.

കബീർ:—ജനിച്ചവൎക്കല്ലാതെ മരിച്ചുപോകുമെന്നു ശങ്കയുണ്ടോ? ഒരിക്കലും ജന്മമില്ലാത്ത എനിക്ക മരണമേത്? മരണമില്ലാത്ത എനിക്ക ജനനമേത്? ഈ വാക്കിന്റെ രഹസ്യമറിഞ്ഞവൎക്കേ ബ്രഹ്മവിദ്യയറിയാവൂ. മററുള്ളവൎക്ക് അറിവാൻപ്രയാസമാണ്.

ഗോരക്ഷൻ:—ദേഹത്തെ നശിക്കാതെയാക്കുന്ന വിദ്യയാണ് ബ്രഹ്മവിദ്യ. മററുവിദ്യകൾ ബ്രഹ്മവിദ്യകളാകയില്ല. കൂടാതെയും, പ്രത്യക്ഷത്തിൽ ജനിച്ചിരിക്കുന്ന നീ ജനിച്ചില്ലെന്നുപറയുന്നതെത്ര അബദ്ധമാണ്?

കബീർ:—ബ്രഹ്മത്തെ അറിയുന്നതു ബ്രഹ്മവിദ്യയെന്നു പറയപ്പെടുന്നു. ദേഹത്തെ ചിരകാലം വച്ചുസൂക്ഷിക്കുന്നതു്, അവിദ്യയാകുന്നു. ബ്രഹ്മമാത്രമായിരിക്കുന്നവന്നു് ത്രികാലങ്ങളിലും ജനനമരണമില്ല. ആ പരമാത്ഥം അജ്ഞാനികൾക്കു അറിഞ്ഞുകൂടാ.

ഗോരക്ഷൻ:—യോഗധാരണത്താൽ, കായശുദ്ധിചെയ്തു്, വളരെക്കാലം ബ്രഹ്മനിഷ്ഠാശാസനം ചെയ്താലല്ലേ ബ്രഹ്മൈക്യം സിദ്ധിക്കു. അനിത്യമായ ഈ ദേഹത്താൽ, മോക്ഷശാസനംചെയ്വാൻ സാധിക്കുമോ? വാക്കുമാത്രംകൊണ്ടു ബ്രഹ്മാഹം, ബ്രഹ്മാഹം, എന്നുപറഞ്ഞാലും, ബ്രഹ്മൈക്യം സിദ്ധിക്കുമോ? ബ്രഹ്മജ്ഞാനികളായാൽ സിദ്ധികളെ കാണിക്കാൻ കഴിയുമോ?

കബീർ:—അശുദ്ധമായ ഈ ശരീരം ത്രികാലങ്ങളിലും, അനിത്യംതന്നെയാണു്. ബ്രഹ്മം എപ്പോഴും നിത്യവുമാണു്. ദേഹം ത്രികാലങ്ങളിലും, താനാകുന്നില്ല. ത്രികാലങ്ങളിലും ബ്രഹ്മം താനാകുന്നു. ദേഹത്തിൽ അഹംബുദ്ധിയുണ്ടാകുന്നതു് മായാസംബന്ധംകൊണ്ടാണു്. താൻ ബ്രഹ്മമാണെന്നുള്ള ഉറപ്പുണ്ടാകുന്നതാണു്, പരമമായ ബ്രഹ്മജ്ഞാനം. ബ്രഹ്മത്തെ ഉന്നി, തപസ്സുചെയ്യുന്നവക്കേ അഷ്ടസിദ്ധികൾ വിളങ്ങുമെങ്കിൽ, ബ്രഹ്മമേ, താനായിരിക്കുന്നവക്കു് സിദ്ധികൾ ഉണ്ടാകാതെ പോകുമോ? അഹംഭാവംനശിച്ചവർ, യാതൊരുവസ്തും പറകയോ പ്രവൃത്തിക്കയോ ചെയ്യുയില്ല. അവർ, ആത്മമാത്രധ്യാനന്മാരായി ആനന്ദാനുഭൂതിയോടുകൂടിയിരുന്നാലും, അവരറിയാതെതന്നെ അനേകസിദ്ധികൾ അവക്കു വശപ്പെടുന്നു. ഇതിനെ വകതിരിച്ചറിയുന്നതിനോ പറയുന്നതിനോ ആക്കും പ്രയാസംതന്നെ.

ഗോരക്ഷൻ:—യോഗാഭ്യാസമില്ലാതെ, ബ്രഹ്മജ്ഞാനംസിദ്ധിക്കുക വളരെ ദുർല്ലഭമാണു്. ബ്രഹ്മമെന്നതു്, ഏതാണ്ടു നിസ്സാരകാര്യമാണോ?

കബീർ:—ഗുരുമുഖംതന്നെയാണു് ബ്രഹ്മമെന്നറിഞ്ഞു്, മൗനനിഷ്ഠനായിരുന്നാൽ ബ്രഹ്മജ്ഞാനം സിദ്ധിക്കും. അതിലേക്കു മററു പ്രയാസങ്ങളൊന്നുമാവശ്യമില്ലെന്നാണെന്റെ പക്ഷം.

ഗോരക്ഷൻ:—ഗുരുമുഖത്തുനിന്നും ബ്രഹ്മോപദേശം സിദ്ധിക്കകൊണ്ടുമാത്രം ബ്രഹ്മൈക്യം സിദ്ധിക്കുക സംഭാവ്യമാണോ?

കബീർ:—ഗുരൂപദേശം ലഭിച്ചതിൽപിന്നെയും, അതിനുമുമ്പും ബ്രഹ്മൈക്യം സിദ്ധിക്കാം—ഈ ദേഹം, ഇരുന്നാലും മരിച്ചാലും പ്രേതംതന്നെ. എങ്ങിനെയെന്നാൽ, ഭൂമിയെക്കുഴിക്കുന്നതിനുമുമ്പും അവിടെ ആകാശം ഉണ്ടായിരുന്നു. കുഴിച്ചതിൽപിന്നെയും ആ ആകാശംതന്നെ അവിടെകാണപ്പെടുന്നു. അല്ലാതെ, കുഴിച്ചതിൽ പിന്നെ ആ ആകാശം അവിടെ യുണ്ടായതാണെന്നു നിശ്ചയിക്കാമോ? അതുപോലെ, പാത്രം ഉടയാതിരുന്നാലും, ഉടഞ്ഞതിനുശേഷവും, മണ്ണുതന്നെയാണു്. ആ സംഗതിക്കു വല്ലവക്കും വാദമുണ്ടോ? ബ്രഹ്മസ്വരൂപനാണു് താൻ എന്നറിയിക്കുന്നതാണു്, ഗുരൂപദേശം. ബ്രഹ്മമാണു താൻ എന്നറിയുന്നതു ബ്രഹ്മജ്ഞാനവുമാണു്. സംശയമില്ല.

ഗോരക്ഷൻ:—ആട്ടെ, താൻ ബ്രഹ്മമാണെന്നുള്ള അറിവുസിദ്ധിക്കുന്നതുകൊണ്ടു്, എന്തു പ്രയോജനമാണുള്ളതു്?

കബീർ:—(ചിരിച്ചുകൊണ്ടു) ഗോരക്ഷ! നീ ഇത്ര മൂഢനാണെന്നു ഞാൻ വിചാരിച്ചില്ല. തന്നെ ബ്രഹ്മമായിക്കാണുന്നതുകൊണ്ടു്, എന്തുപ്രയോജനമാണെന്നാണോ ചോദിച്ചതു്? കൊള്ളാം ബ്രഹ്മജ്ഞാനികൾക്കു മരണഭയമുണ്ടോ? ലോകവ്യവഹാരസാധാരണമായ ദുഃഖമുണ്ടോ? സിദ്ധികളാൽ ഉണ്ടാകുന്ന അഭീഷ്ടസാദ്ധ്യങ്ങളോ അഭിമാനങ്ങളോ ഉണ്ടോ? നരകഭയമുണ്ടോ? മനോവികല്പങ്ങളുണ്ടോ? മാനാഭിമാനങ്ങളുണ്ടോ. കാമക്രോധാദിദോഷങ്ങളുണ്ടോ? യോഗധാരണം മുതലായ ക്ലേശങ്ങളുണ്ടോ? ഒന്നുമില്ല. സർവ്വദാ മൌനനിഷ്ഠനായി ആനന്ദസാഗര നിമഗ്നനായി, നിത്യസുഖമനുഭ

വിച്ചിരിക്കാം. അതുതന്നെ പ്രയോജനം? മനുഷ്യജന്മത്തിലെ പരമമായ അത്ഥവും അതുതന്നെ.

ഗോരക്ഷൻ:—ദേഹത്തെ ഒരിക്കലും നശിക്കാതെ, യോഗാഭ്യാസമുറകളാൽ സൂക്ഷിച്ചു രക്ഷിച്ചുവയ്ക്കുന്നതുകൊണ്ടു പ്രയോജനമില്ലയോ?

കബീർ:—ദുർഗ്ഗന്ധപരിപൂർണ്ണമായ ഈ ശരീരത്തെ, വളരെനാൾ സൂക്ഷിച്ചുവയ്ക്കുന്നതുകൊണ്ടു എന്തുപ്രയോജനം? മോക്ഷം കിട്ടുമോ? ബ്രഹ്മാദിദേവകൾക്കുപോലും ആയുസ്സിനു പ്രമാണമുണ്ടല്ലോ. ആ സ്ഥിതിക്കു്, കേവലം നിരുപയോഗമായ ഈ ശരീരത്തെ മണ്ണാക്കാൻ സമ്മതിക്കാതെ, ദുഃഖഭൂയിഷ്ഠമായ യോഗാഭ്യാസംകൊണ്ടു കാത്തു രക്ഷിച്ചുവയ്ക്കുന്നതു നിശ്ചയമായും നിഷ്പ്രയോജനമാണു്.

ഗോരക്ഷൻ:—യോഗപരിശീലനത്താൽ ജീവനെ ഉയർത്തി ബ്രഹ്മരന്ധ്രത്തിലാക്കി തനിയേ കേൾക്കപ്പെടുന്ന പത്തുവിധനാദങ്ങളെ കേട്ടാനന്ദിച്ചു്, ആത്മജ്യോതിസ്സിനെ കണ്ടു്, ദേഹം സംപൂർണ്ണസുഖത്തിൽ ലയിപ്പിച്ചു, ബ്രഹ്മാനന്ദം അനുഭവിക്കാമല്ലോ. പോരെങ്കിൽ, കൂടുവിട്ടുകൂടുപായുക, മുതലായ അഷ്ടസിദ്ധികളാൽ, കൃതാത്ഥതയടയുകയും ചെയ്യരുതോ?

കബീർ:—

## പദ്യം.

യോഗാഭ്യാസജനാദരീതമഭിമാനിച്ചീടലോപംവൃഥാ
ഹേ, ഗോരക്ഷ! ചിദാത്മബോധികൾപോനാരെന്നുചോദിക്കുകിൽ
ഭോഗാധീനശരീരമെന്നതഥവാ, ജീവാത്മചൈതന്യമെ-
ന്നേതാണോതുക? സൂക്ഷ്മമോക്ഷമളവീയോഗംനിരത്ഥംധ്രുവം. ൧
നാദത്തിൽധ്വനി; കേൾക്കുമധ്വനിയുമൊന്നല്ലോക്കിൽവെവ്വേറെയാം.
ജ്യോതിസ്സൊന്നതുകണ്ടറിഞ്ഞതവിലജ്യോതിസ്സുമറ്റൊന്നതാൻ
ഭേദംതമ്മിലിവണ്ണമാകുമളവദ്വൈതപ്രസംഗംവൃഥാ-
വാദംതാനതയുക്തമല്ലി? അതിനാൽതത്വാത്ഥമോത്തീടുനീ ൨
ലോകംവാസ്തവമല്ല, മൂഢജനരയ്യാളുന്നൊരഭ്യാസമെ-
ന്നാകുമ്പോൾ, ജനനന്ദനത്തെയഭിവാഞ്ഛിക്കുന്നതെന്തേപോൽ?
മോക്ഷംചെയ്യൊരുസേവയെന്തിനു? ചിരഞ്ജീവിതമെന്തിന്നു? ചൊ-
ല്ലാകേതൽഫലമാത്രമായതവയോഗാഭ്യാസമെന്തിന്നെടൊ!
എന്താണോതുകകൂടുവിട്ടുമറുകൂടെത്തുന്നനിൻവിദ്യകൊ-
ണ്ടെന്തേകൂടുകൾതമ്മിലന്തരം? മഹോപാധൌത്തീടുംജീവികൾ
ബന്ധത്താൽജനവാന്നിടുന്നകഥയുംതത്തുല്യമല്ലാതെമ-
റ്റെന്താണന്യവപുസ്സെടുത്തുനപമാറുംവിദ്യയല്ലേഅതും? ൩
ലോകംദേഹസുഖത്തിനായിനിയതംസേവിക്കുമാരോഗ്യദം
രോഗംവന്നിടക്കൂടുവാനൊരുവനാർത്തിനുംമനോജ്ഞനീ?
ആഗസ്സിൻനിധിയാംദേഹമൊഴിവാൻവിദഗ്ദ്ധർപ്രയത്നിച്ചിടു-
ന്നാഗർഹ്യാശു വിദേഹമോക്ഷയിദവാൻചെയ്‌വൂതപശ്ചാത്യകൾ. ൪
ഞാനെന്നുള്ളഭിമാനമാറുവതിനായ്ചെയ്യുന്നയത്നംപര
ജ്ഞാനംപൂണ്ടവർനീമുറയ്ക്കുത്തമമുത്തുന്നതപൊവ്വതിയാൽ
ജ്ഞാനംമോക്ഷസുഖത്തിന്നീശജ്ഞാനംചെയ്യനിദാനമ്രമാം
ദീനതവത്തിനുവാഞ്ഛയന്നുതപസ്സാകണ്ണിക്കുമോതാരെടോ? ൫
ജ്ഞാനംസത്താംഗൃഹസ്ഥാശ്രമമഖിലകലാവല്ലഭത്വംധ്യാനാഢ്യ-
സ്ഥാനം, പൂജാവിധാനം; വിമലസകലസന്യാസമന്ത്ഭക്തിമാർഗ്ഗം
മാനാതീതപ്രഭാവംതരുമഖിലമഹാസിദ്ധിയുള്ളാനവറ്റിൽ
ജ്ഞാനംപേരാറ്റിലെന്തേഹൃദിപൂകറിയലാത്തുള്ളചൈതന്യമെന്നെ. ൬

ആനന്ദാപ്തിക്കെഴുംയോഗവുമഭിമതസിദ്ധിപ്രദംയാഗവുംനി-
ത്യാനന്ദോദാരമാര്യത്യാഗവുമരിയതപശ്ചര്യയുംബുദ്ധിവായ്പം
ദാനം,ധ്യാനം,ജപംഹോമവുമഥബലികർമ്മങ്ങൾധർമ്മങ്ങൾമററും
ജ്ഞാനംചേരായ്കിലെന്തേഫലമുണ്ടറിയലാതുള്ളമെയ്പോലെതന്നെ. ൮

ഏനസ്സാന്തിക്കചെയ്യുംപ്രതിവിധികൾ,മഹായുക്തിവിദ്യാവിശേഷം
വാനംചേരാൻചമിക്കുംസുകൃതവിധികളുംദൈവസങ്കല്പവുംതാൻ
മൌനംതത്സാധനോദ്യച്ഛ്രവണമനനമുഖ്യങ്ങളുംസർവ്വമാത്മ-
ജ്ഞാനംചേരായ്കിലെന്തേഫലമുണ്ടറിയലാതുള്ളമെയ്പോലെതന്നെ. ൯

ഇങ്ങനെ പാടിയശേഷം ഗോരക്ഷനെ നോക്കിപ്പറഞ്ഞു. "ഹേഗോരക്ഷരേ!ബ്രഹ്മജ്ഞാനികൾ സർവ്വം ബ്രഹ്മമയമായിക്കണ്ടു്, തങ്ങളെ അറിഞ്ഞു സേവിക്കുന്നവർക്ക് അഹംഭാവാദിദോഷങ്ങളുണ്ടാകാതെ രക്ഷിച്ചനുഗ്രഹിച്ചു്, സർവ്വസന്ദേഹങ്ങളെയും നിവൃത്തിവരുത്തി, ചിന്മയമായി തേജോമയമായി ചിൽകളാനന്ദമയമായിരിക്കുന്ന ബ്രഹ്മത്തോടു ഏകീഭവിച്ചു സർവ്വത്ര പരിപൂർണ്ണന്മാരായിരിക്കുന്നു. ദേഹമോ ശ്രേഷ്ഠം, ജ്ഞാനമോ ശ്രേഷ്ഠം എന്നതിനെക്കുറിച്ചു, പണ്ടു് സുബ്രഹ്മണ്യസ്വാമികളോടു് അത്രി, അംഗിരസ്സ്,ശൃംഗി, ഭൃംഗി, മാർക്കണ്ഡേയൻ, വസിഷ്ഠൻ, പുലസ്ത്യൻ, മുതലായ മുനിമാരിൽവെച്ചു ശ്രേഷ്ഠനായ അഗസ്ത്യമഹർഷി പന്തീരാണ്ടുവർഷംവാദിച്ചു. ഒടുവിൽ ജ്ഞാനമാണു ശ്രേഷ്ഠമെന്നു സമ്മതിക്കേണ്ടിവന്നു. കൂടാതെ ഒരിക്കൽ ബ്രഹ്മാവു്,തനിക്കുതുല്യമായ ദീർഘായുസ്സുള്ളവർ ലോകത്തിലില്ലെന്നുള്ള അഹങ്കാരത്തോടുകൂടി വിഷ്ണുഭഗവാന്റെ അരികിൽചെന്നു്, എനിക്കു തുല്യമായ ആയുസ്സുള്ളവർ മററുവല്ലവരുമുണ്ടോ എന്നുചോദിച്ചു. ഉടനെ ഭഗവാൻ മന്ദഹാസത്തോടുകൂടി ഇങ്ങനെ പറഞ്ഞു.

(കിളിപ്പാട്ടുരീതി)

സാരസോത്ഭവ! തവചോദ്യമെത്രയുംമഹാ സാരമാണിക്കാണായലോകങ്ങളഖിലവും*നിരചിപ്പതുമൂലംനിന്നോളമായുസ്സുള്ളോ രാരെന്നോ?വൃഥാചോദ്യംചെയ്തതാണവിവേകം *യുഗങ്ങളെത്രയെത്രതീരുന്നുനിന്നായുസ്സിൽ ഗണ്യമത്രേഭവദായുഷഃപരിമാണം*അതുവർണ്ണിച്ചുഞാനിന്നോതിവിസ്മയമുൾക്കൊ ണ്ടഭിനന്ദിക്കുന്നിതുകൊണ്ടൊരുഫലംവരാ*നിന്നേക്കാൾവലിയവരുണ്ടെങ്കിലന്വേഷിച്ചുചെന്നുചോദിച്ചാലപ്പോളറിയാംപരമാത്ഥം*എന്നരുൾചെയ്തനാഥൻഗരുഡൻമുതുകേറി അന്നത്തിൻമുതുകേറികമലഭവനനും*ചെന്നവരിരുവരുമായന്നുരോമശീന്ദ്രൻതന്നധിവാസസ്ഥാനംപ്രാപിച്ചോരളവിങ്കൽ* ഇന്ദ്രാദിദേവവൃന്ദവന്ദ്യരെവരെങ്ങളാം പുണ്ഡരീകാക്ഷപിതാമഹന്മാർതമ്മെക്കണ്ടു* വന്ദിച്ചുമുനിശ്രേഷ്ഠൻവിഷ്ണുദേവനെ.മുനി ട്ടൊന്നിച്ചുകൂപ്പിസ്തുതിച്ചീടിനാൻക്ഷേത്രാസനം * നിന്തിരുവടികളിങ്ങെഴുന്നള്ളിയമൂലമെന്തപസ്സാഫല്യംകൈവന്നുലോകേശന്മാരേ * ബ്രഹ്മജ്ഞാനവുംനിത്യാനന്ദവുമുദ്ഭൂതമായ്വന്നു, മൽപൂർവ്വപുണ്യമെന്നുനിർണ്ണയിക്കുന്നേൻ * ഇങ്ങനെവാഴ്ത്തിനിൽക്കുംമുനിവര്യനെനോക്കി മന്ദഹാസംചൂണ്ടരുൾചെയ്തിതുമുകുന്ദനും*ധന്യനാംതപോധന നിന്നുടെയായുസ്സിന്റെ നിർണ്ണയംപിതാമഹനറിയിക്കവേണം*തന്നോളമായുസ്സുള്ളോരെവിടെയുമില്ലെന്നന്വേഷിച്ചുവന്നിപ്പോൾ പുറപ്പെട്ടുമെടോ!*മാമുനിചൊന്നാൻ, ദേവദേവേശ!ഭാൽപത്മം കാമിച്ചുതപംചെയ്യുമെന്റെമേനിയിലുള്ള *രോമമോരോന്നുമോരോവേധാവുനശിക്കുമ്പോൾ താനേ മേതുമില്ലാതുടനെകൊഴിയുന്നു* അങ്ങനെരോമമെല്ലാംകൊഴിഞ്ഞുതീരുംകാല മിങ്ങുപാർഗ്ഗപ്പെട്ടിട്ടൈവന്നുനശിക്കുംഞാൻ * മൂന്നുകോടിബ്രഹ്മാക്കന്മാർനഷ്ടന്മാരായിത്തീർന്നിട്ടെൻരോമമെല്ലാംകൊഴിഞ്ഞുതുലഞ്ഞുപോം* അക്കാലംവരെയെനിക്കായുസ്സുണ്ടതിനില്ലേൾ ഇക്കാണുമൊരുകോടി രോമമേകൊഴിഞ്ഞുള്ളു * തൽക്ഷണേവിഷ്ണുദേവൻചൊല്ലിനാനെടോമുനിസത്തമ!ഭവാനിത്ര ദീർഘകാലംജീവിക്കാൻ*പത്തനമൊന്നുകെട്ടിയുണ്ടാക്കിയതില്ലിന്നിത്തപോവൃത്തിപാവക്കരേതോ?പരമർഷേ! * ചൊല്ലിനാൻമുനിശ്രേഷ്ഠൻ,കഷ്ടമീവിധംഭവാൻ ചൊല്ലുവാനുള്ളഹേതുവെന്തെന്നുശങ്കിക്ക

ന്നേൻ * തെല്ലുനാംകൊണ്ടതുമായുംനീർപ്പോളയ്ക്കുതുല്യമാം ദേഹമായവീട്ടിൽപെട്ടതുമൂലം
* വല്ലായ്മപാരമുണ്ടിങ്ങതിനെ സൂക്ഷിക്കയാ നല്ലയോ വീടൊന്നിനിഞാൻ കെട്ടിയുണ്ടാക്കേ
ണ്ടു? * ഉള്ളതുകളയേണ്ടതെന്തിനെന്നോതുമ്പോൾ ഇല്ലാത്തതുണ്ടാക്കുവാനാരാനും തുനിയു
മോ? * സൂക്ഷിച്ചുവയ്ക്കുന്നതെന്തെങ്കിലും വസ്തുവാണോ? എന്ത സൂക്ഷ്മജ്ഞാനികൾക്കതിനാഗ്രഹം ജ
നിക്കുമോ? * ഏവംമുനിവാക്യം കേട്ടു മാധവൻതാനും സാപലേപം ലോകേശൻ തന്മുഖാംബു
ജം പാർത്തു * കേവലം മുനിക്കനുഗ്രഹപൂർവ്വകം ബ്രഹ്മദേവനരാം നിയാത്ര പറഞ്ഞു പുറപ്പെട്ടാ
ൻ * അഷ്ടാവക്രനെന്നുള്ള മാമുനിവരൻ തന്റെ നിത്യാധിവാസസ്ഥം സംപ്രാപിച്ചാരിരുവ
രും * തങ്ങൾ തങ്ങളുടെ മഹിമാക്കളായ ദേവന്മാരെ കണ്ടിട്ടാനന്ദമകുമ്മ്ന് രോമാഞ്ചം പൂണ്ടൃഷിവ
രൻ * പൊൻതാമരപ്പൂങ്കഴൽ വന്ദിച്ചു നമസ്കരിച്ചു തൃക്കണ്ണ വിഷ്ണുദേവനെ നോക്കിച്ചൊ
ന്നാൻ * ദേവന്മാരൊടമല്ലാതെ ശരണമില്ലാ ഗതിക്കാമ് നായാത്ഥം മുഴുവൻ തിരഞ്ഞാലും *
അറിവാനരുതാത്ത ചേവടികാംന്മാർയോഗം അടിയാൾക്കുളിയകൃപ തൻനിലയേതോ? * സം
കല്പമാത്രത്താലെ കിങ്കരനാകുമെന്നെ നിൻ തിരുവടി കണ്ടുവരത്താമെന്നുള്ളപ്പോൾ * എന്തി
നിങ്ങോട്ടെഴുന്നെള്ളി? അല്പനാമിവനെന്തുപചാരമാണാചെയ്യേണ്ടതരുൾചെയ്ക * നിന്ന
ടെ ഭക്തരുടെ ഇഷ്ടമാണെന്നിങ്ങറിയുവാൻ വന്നിതു ഞങ്ങളെന്നു വിഷ്ണുദേവനും ചൊന്നാൻ * എ
ന്നതുകേട്ടു ചൊല്ലിമുനിയുമെന്നായുസ്സ നിർണ്ണയിച്ചറിഞ്ഞിരിക്കുന്നനിന്തിരുവടി * കെനില്ലേ
വാനറിയാതെയീവിശപത്തിങ്കൽ എന്തിരിക്കിലും ചോദ്യം ചെയ്യുമാറിരിക്കാം * ഒന്നൊ
ന്നായ് മൃത്യുകിലെക്കുന്നെല്ലാം നിവിരുനാ ളെന്നായുസ്സോട്ടങ്ങിട്ടുമെന്നല്ലോ വിധിമമ * എങ്ങ
നെനിവരും നിൻഷ്കുന്നകളെന്നുകേട്ടു പുണ്ഡരീകാക്ഷനോട്ടപിന്നെയും മുനി ചൊന്നാൻ * ബ്ര
ഹ്മാക്കളനവധിയൊട്ടങ്ങും കാലംകല ധമ്മത്തെയട മൃനരോമഷിവരനനംൾ * എന്നുതുകി
ലെക്കുനിമൊനിഹനിവന്നിട്ട മങ്ങനെ രോമഷികളാവന്തിച്ചെട്ടാൾ ചതുൽ * കുന്നകളെ
ല്ലാംനിവന്നമൃതമായപദം അനുമാചിക്കും മൃത്യുവെത്തുകില്ലതുവരെ * വിസ്മയാകുലലോലം
ബ്രഹ്മാവിൻമുഖംനോക്കി വിഷ്ണുദേവനപ്പോൾ മുനിയോടരുൾചെയ്താൻ * നിഃഭേദമതിയാ
യിദീർഘായുസ്സായി ബ്രഹ്മവിത്തായി, ബ്രഹ്മമാത്രരൂപനായുമ്നായാത്മ * ചിദേസ്തുവായ
ദേവൻസുഖാമ്പുജനമായ വിഗ്രഹധ്വനിയിലിങ്ങനേകാപ്പുചോലെ * നിക്ഷേപിപ്പതുന
നോനല്ലിച്ചക്കുടിൽകെട്ടി നിത്യൈശ്വര്യത്തിൽതാമസിക്കരുതായോ * ഉത്തരം ചൊന്നാ
ൻമുനികഷ്ടം ദുഃഖാന്ത്രേതി ദുസ്തരമായീടും പ്രപഞ്ചസമുദ്രത്തിൽ * തൽക്ഷണം മറന്നുചേ..ാം
ജാഗ്രവെന്നപ്പോലെ മിഥ്യയാം ദേഹത്തെ രക്ഷിപ്പാനൊരുങ്ങിഞാൻ * പർണ്ണശാലയുമ്മേ
ലചെയ്കിലോ രക്ഷാധമ്മം നിന്നിടലെന്നതിനെന്തു സാധുതചമത്തുമല്ല * കർമ്മമോഹഫലപ്രാപ്തി
യില്ലാതകമ്മം ചെയ്യാൻ ബ്രഹ്മധ്യാനത്തെ ഭജിക്കുന്നതുചിതമാമോ * ദേഹം ഞാനെന്ന
ബുദ്ധിനീങ്ങീടുന്നതുവരെ മോഹപുംതീരാചരമായുസ്സമെനിക്കോർത്താൽ * കാൽക്ഷണ
മാത്രമല്ലാതില്ലല്ലോ ഭഗവാനേ! സൂക്ഷിപ്പാനതിനിടയെന്തുള്ളു ശരീരത്തെ? * അതുയല്ല
ഹംദേഹമെന്നബുദ്ധിയാൽ ബ്രഹ്മ മാത്രോഹമെന്ന ബുദ്ധിനിന്നുവാനിടവരും * ഞാനെ
ന്നബുദ്ധിദേഹത്തിങ്കൽനിന്നൊഴിപ്പതേ ജ്ഞാനമെന്നറിവുള്ളോർ പറയുന്നതുകൊണ്ടും *
ഞാനെന്തിനിദ്ദേഹത്തെയിലക്കൊട്ടിലുകെട്ടി മാനിച്ചുസൂക്ഷിക്കുന്നു? ദീനവത്സല! വിഭോ!”
ഇങ്ങനെ വേദാന്തസാരാർത്ഥങ്ങളരുൾചെയ്ത ധന്യനാമഷ്ടാവക്രമുനിയോടാമോദരൻ * കൺ
മുനയാചേകുള്ളക്കടാക്ഷിച്ചു മുക്തിവന്നീട്ടുമുപദേശതല്ലജങ്ങളാൽപിന്നെ * പ്രീതനായനു
ഗ്രഹം ചെയ്യുന്നാനുഖനമായ് യാതനാകാവാനാന്ത്രമൃതിന്നോളവിങ്കൽ * ഇനിയുമൊരുകുറി
ദേവൻ! നിന്നെക്കാണ്മാൻ കനിവോടനുഗ്രഹിക്കണമെന്നപേക്ഷിച്ചു * മുനിയെയവ്വണ്ണമാ
കെന്നനുജ്ഞയും നൽകി പങ്കജേക്ഷണൻ ദേവൻ പ്രാപിച്ചാൻ നിജധാമം * ചില്ലാട്ടുപിതാമ
ഹൻ തന്മുഖാംബുജം പാർത്തു പൊൻപൂമാനിനീമണവാളനും ചൊല്ലീടിനാൻ * ഒപ്പാതിരക
ത്താൽനിനിനക്കിസമമായുവിസ്താരമാക്കുള്ളെന്നതെ ചെററഭിമാനിക്കേണം * ഇപ്രയാസങ്ങൾ
വേണ്ടിവന്നു; വാസ്തവതപമിപ്പൊഴങ്ങിലും നിനക്കറിയാറായ് വന്നല്ലോ * പുണ്യശേഷ
ത്താലഹംകാരവും നശിച്ചിതുധന്യനായിന സ്സത്യലോകത്തെപ്രാപിച്ചാലും * ഞാനെന്നാ
രഹംകാരമുള്ളോൾക്കപരമാത്ഥ ജ്ഞാനമോ പരിശുദ്ധിയോ ലഭിക്കമോ? * ഗുണനാരകഗ
തിയല്ലാതെവല്ലസുഖസ്ഥാനവുമവർക്കാവതുമരിക്കുമോ? * അതുള്ളപ്പാടിങ്ങനെകേട്ടു

നാന്മുഖൻഭക്തിപെരുകീതൃപ്പാദങ്ങൾവന്ദിച്ചുവാഴ്ത്തിച്ചൊന്നാൻ* അറിയതവകൃപാപൂരത്താ
ലിപ്പോൾതപോ ഗരിമാവുള്ളമുനിന്ദ്രമാരെഴുർശിക്ഷവാനും* കളിൽകൂടികൊണ്ടഹംകാരാ
ദിദോഷ മറുതിവരുവാനുംസംഗതിവേച്ചുമേ* പരമാത്മൻ!നിന്നടിമലരിലുനുംഭക്തി കുറ
യാതെയെന്നുംദേവദേവതേനമസ്കാരം *ഇത്തരമുരചെയ്തുവന്ദിച്ചുപിതാമഹൻ സത്യലോകംപ്രാ
പിച്ചുവസിച്ചുയഥാസുഖം * ഗോരക്ഷ!നീയുമേവമഹംകാരത്തേനീക്കി പാരമാർത്ഥികന്മാ
രാംജ്ഞാനികൾക്കടിമയായ് * പാദശുശ്രൂഷചെയ്തുസേവിച്ചുകൊണ്ടാൽമുക്തി സാധിച്ചു
സനാതനസൌഖ്യത്തെപ്രാപിച്ചീടാം * ചൊല്ലിനാനതുനേരംഗോരക്ഷൻ,കബീരേ! നീ
ചൊല്ലിയതംഗീകാര്യമല്ലെന്നുശംകിക്കുന്നേൻ * വല്ലതേപംചെന്നുള്ളമഹായോഗികളുടെക
ല്യാണനിലകണ്ടതില്ലനീമൂഢാത്മാവേ! * * *

ഗോരക്ഷൻ:—ഹേ കബീരേ! അക്ഷരലക്ഷണംമുതൽ സംഹാരവിദ്യവരെ അറുപത്തുനാലു കലാവിദ്യകളും അറിഞ്ഞിരിക്കുന്ന എന്റെ മുമ്പാകെ, ചെറുബാലനായ നീ, ചന്ദ്രനെനേക്കി പട്ടികുരയ്ക്കുന്നതുപോലെ, അസംബന്ധങ്ങൾ പുലമ്പിത്തുടങ്ങിയിരിക്കുന്നുവോ? ഇതു്, ബ്രാഹ്മണൻ, ബ്രഹ്മാവിനോടു വാദിക്കാൻ ഒരുങ്ങുന്നതുപോലെയാണു്.

കബീർ:—"ഹേ ഗോരക്ഷ! അറുപത്തുനാലുസിദ്ധികളുമടഞ്ഞ സിദ്ധനാണെന്നുള്ള അഹംഭാവംവേണ്ടാ. എന്തെന്നാൽ, നിന്നെപ്പോലെ സകലവിദ്യകളുംഗ്രഹിച്ച സമർത്ഥന്മാരായ അനേകകോടി സിദ്ധന്മാർ ലോകത്തുണ്ടു്. എന്നല്ല, ബ്രഹ്മാവിനെപ്പോലെ സൃഷ്ടിശക്തിയുള്ള അനേകം ഋഷീശ്വരന്മാരുമുണ്ടു്. ഒരു നിനക്കുമറിയാം. വിശ്വാമിത്രൻ അല്പമായ അഹംകാരം കാണിച്ചതിനാൽ ദേവസഭയിൽ ചെന്നുകൂടാ എന്നു വിരോധിക്കപ്പെട്ടതും, അതിനാൽ വളരെക്കാലം അവമാനപ്പെട്ടിരിക്കേണ്ടിവന്നതും സുപ്രസിദ്ധമാണല്ലോ. ബ്രഹ്മാവു സൃഷ്ടികർത്താവായിരുന്നിട്ടും, അല്പമായ ഒരപരാധത്തിനു പരമശിവൻ ഒരു തലവെട്ടിക്കളഞ്ഞു. ആ സ്ഥാനത്തു മറ്റൊരു തല സൃഷ്ടിക്കാൻ ബ്രഹ്മാവിനു ഇതുവരെ സാധിച്ചിട്ടുമില്ല. അതിൽനിന്നും, ബ്രഹ്മാദിദേവന്മാരായാലും കുറ്റംചെയ്താൽ ദൈവശിക്ഷ അനുഭവിച്ചേ തീരൂ എന്നു വെളിപ്പെടുന്നു. കുറ്റംചെയ്യാത്തവൻ നിസ്സാരനായാലും യാതൊന്നും ഭയപ്പെടാനില്ല. നീ മഹാസിദ്ധനാണെന്നുള്ള അഹംകാരം മുഴുത്തു്, തപസ്വികളെ അകമാനം ഭയപ്പെടുത്തിയും അധിക്ഷേപിച്ചും നടക്കുന്നതു്, എത്ര വലുതായ അപരാധമാണെന്നും അതിനുതക്ക ദൈവശിക്ഷയുണ്ടാകുമെന്നും നീ അറിയുന്നില്ല. ആ കുറ്റംചെയ്ത പാപനിവൃത്തി വരണമെങ്കിൽ, പൂജ്യപാദരായ രാമാനന്ദസ്വാമികളുടെ പാദശുശ്രൂഷചെയ്തു് പന്ത്രണ്ടുവർഷം താമസിക്കണം."

സശ്രദ്ധം ഈ സംഭാഷണം കേട്ടുകൊണ്ടിരുന്ന രാമാനന്ദസ്വാമികൾ, ഉടനെ കബീരെ നോക്കി—"കുഞ്ഞേ! ഉത്തമന്മാൎക്കു അധിക്ഷേപവാക്കുകൾ, മരണത്തേക്കാൾ, വലുതായ ശിക്ഷയാണു്. അങ്ങനെയിരിക്കെ ഈ വാക്കുകൾ ഗോരക്ഷനെക്കുറിച്ചു നിനക്കു പറയാമോ?" എന്നു ചോദിച്ചു.

ഗോരക്ഷൻ, അതുകേട്ടു്, മനശ്ശല്യത്തോടെ, "ആകട്ടെ,—കൊള്ളാം—കബീറിനെ ഇനിയൊരിക്കൽ ഞാൻ വന്നുകണ്ടുകൊള്ളാം" എന്നു പറഞ്ഞു മായാശക്തിയാൽ മറഞ്ഞു തന്റെ വസതിയിലെത്തി, കബീറെ ജയിക്കണമെന്നുള്ള ആഗ്രഹത്താൽ, അത്യുഗ്രമായ തപസ്സുതുടങ്ങി. രാമാനന്ദസ്വാമികൾ അത്ഭുതപരതന്ത്രനായി ഇങ്ങനെ വിചാരിച്ചു. "ഹേ! ലോകവിജയിയായ ഗോരക്ഷൻ, കബീറിനെ ഭയന്നോടിയൊളിച്ചു അവനെ ഒരുനാഴികകൊണ്ടു ജയിക്കത്തക്ക സാമൎത്ഥ്യമുള്ള കബീർ എനിക്കു ശിഷ്യനായിവരത്തക്ക പുണ്യം മുജ്ജന്മം ഞാൻ ചെയ്തതെന്താണാവോ? ഈജന്മം ചെയ്ത തപസ്സേതോ?"

അനന്തരം സ്വാമികൾ ആ ബാലനെപ്പിടിച്ചു മാറോടണച്ചാശ്ലേഷിച്ചുകൊണ്ടു് കുഞ്ഞേ! നീ മൂലമാണല്ലോ ക്രൂരനായ ഗോരക്ഷനെ ജയിക്കാൻ എനിക്കു സാധിച്ചതു്. ആചാര്യനെന്ന യഥാൎത്ഥനാമം അന്വൎത്ഥമായതു് ഞാൻ അഹംകാരമുള്ളവനല്ലാത്തതുകൊണ്ടാണല്ലോ. കഷ്ടം!

നിൻെറ മാഹാത്മ്യമറിയാതെ നിന്നെ എത്രമാത്രം ഞാൻബുദ്ധിമുട്ടിച്ചു. എൻെറ ആ അവിവേകത്തെ നീ ക്ഷമിക്കണം" എന്നരുളിച്ചെയ്തു.

ഗുരുകൃപാകടാക്ഷത്താൽ ആനന്ദതുന്ദിലനായ കബീർ, പെട്ടെന്നു അദ്ദേഹത്തിൻെറ പാദങ്ങളിൽ നമസ്കരിച്ചു വീണുകിടന്നു്, ആനന്ദ ശ്രുധാരധാരയായി ഒഴുക്കിക്കൊണ്ടു പറഞ്ഞു. "ഹേ സദ്ഗുരോ! അങ്ങേ അനുഗ്രഹശക്തിയൊന്നുമാത്രം കൊണ്ടാണു്, ഗോരക്ഷനെ ജയിക്കാൻ എനിക്കു സാധിച്ചതു്. അല്ലാതെ അല്പജ്ഞനായ ഞാൻ അതിനു ശക്തനാകുന്നതെങ്ങിനെ? അങ്ങേ മഹിമയെക്കുറിച്ചു് അങ്ങേക്കറിവില്ലായ്കകൊണ്ടാണു് എന്നെപ്പുകഴ്ത്തുന്നതു് അതു്, സദ്ബുദ്ധിയുള്ള മഹാത്മാക്കളുടെ സ്വഭാവമാണെന്നാണു്, എൻെറ സമാധാനം. അല്ലയോ സദ്ഗുരുനായക! ജഗന്നായക! എന്നെ ആത്മജ്ഞാനം പ്രകാശിപ്പിച്ചു രക്ഷിച്ച ദേവ! മേലും, സർവ്വകാര്യങ്ങളിലും എപ്പോഴും എന്നെ രക്ഷിച്ചുകൊള്ളണമേ!" ഇങ്ങനെ സ്തോത്രംചെയ്തുവന്ദിച്ചുനിൽക്കുമ്പോൾ സന്തോഷസാഗരനിമഗ്നനായ രാമാനന്ദസ്വാമികൾ, കബീരിൻെറ അച്ഛനമ്മമാരെ അരുളിച്ചുവരുത്തി, സകലവസ്തുതകളും പറകയും അവൻെറ ബാല്യചരിത്രങ്ങൾ അവർ പറഞ്ഞുകേട്ടു അത്ഭുതപ്പെടുകയുംചെയ്തു. കബീർ അവതാരപുരുഷനാണെന്നു അപ്പോൾ സ്വാമികൾക്കു മനസ്സിലായി. എന്നിട്ടു്, തമാലിനെനോക്കിപ്പറഞ്ഞു. "ഹേ വൃദ്ധയോഗീശ്വര! താങ്കൾ മഹാഭാഗ്യശാലിയാണു്. താങ്കളുടെ പുത്രനായ ബാലൻ ദിവ്യത്വമുള്ള ഒരു മഹാത്മാവാകുന്നു. അവനെ പുത്രനായി ലഭിക്കാൻ നിങ്ങൾക്കും ശിഷ്യനാക്കിവരിക്കാൻ എനിക്കും സംഗതിയായതു്, നമ്മുടെ പൂർവ്വപുണ്യവിശേഷംതന്നെ ആയിരിക്കാം. അവൻെറനോക്കിൽ ജ്ഞാനവും, നാക്കിൽ വേദവും എപ്പോഴും നൃത്തംചെയ്തുകൊണ്ടിരിക്കയാണു്. പുത്രന്മാർ അധികമെന്തിനു്? കഥയില്ലാതെ, പല പുത്രന്മാർ ജനിക്കുന്നതിൽ ഭേദം, ആചാരവാനും ആത്മജ്ഞാനിയുമായ ഒരേ ഒരുപുത്രൻ ജനിക്കുന്നതാണു്. പന്നി, ഒരിക്കൽ അഞ്ചും ആറുംകുട്ടികളെ പ്രസവിക്കുന്നു. നേരേമറിച്ചു്, ആന, ഒന്നിനെ മാത്രമേ പ്രസവിക്കുന്നുള്ളൂ. നക്ഷത്രങ്ങളൊന്നിച്ചുചേരുകിൽ ചന്ദ്രനാകുമോ എന്ന പഴഞ്ചൊല്ലുപോലെ നിസ്സാരങ്ങളായ പലതിനേക്കാൾ സാരമായ ഒന്നാണു് നന്നു്." ഇങ്ങനെ കബീരിനെക്കുറിച്ചു സ്തുതിപരമായി സ്വാമികൾ പലതും സംസാരിച്ചു. അതിൽപിന്നെ അദ്ദേഹം ഒരുനിമിഷനേരംപോലും മറക്കാതെ അവനെ വിചാരിക്ക പതിവായിരുന്നു.

കബീർ ഗോരക്ഷനെ ജയിച്ച അദ്ധ്യായം സമാപ്തം.

---

## പത്താമദ്ധ്യായം.

---

### കബീരിൻെറ വിവാഹം.

തമാലും ജിജ്ജാബീബിയും രാമാനന്ദസ്വാമികളുടെ തിരുവടികളിൽ വീണുവന്ദിച്ചു യാത്രപറഞ്ഞു പുറപ്പെടാൻ ഭാവിച്ചപ്പോൾ, വീട്ടിലേക്കുപോരാൻ വാത്സല്യപൂർവ്വം കബീരിനെക്കൂടിവിളിച്ചു. കബീർ, വേഗംതന്നെ, സ്വാമിപാദങ്ങളെ വന്ദിച്ചു്, അഞ്ജലിബന്ധത്തോടുകൂടി, അനന്തരകരണീയത്തെക്കുറിച്ചു എന്തു കല്പിക്കുന്നുവെന്നറിവാൻ കാത്തുനിന്നു. കാലത്തും വൈകുന്നേരവും മുടങ്ങാതെ, തന്നെവന്നു സന്ദർശിക്കണമെന്നു സ്വാമികൾ ആജ്ഞാപിച്ചശേഷം, കബീരിനെ പൊയ്ക്കൊള്ളാൻ അനുവദിച്ചു. വളരെ നാളായി താൻ ആഗ്രഹിച്ചിരുന്ന ഗുരുകടാക്ഷം, പൂർണ്ണമായി ലഭിക്കകൊണ്ടു്, അത്യന്തം ആഹ്ലാദഭരിതനായ കബീർ, മാതാപിതാക്കന്മാരുമായി സ്വഗൃഹത്തിൽവന്നുചേർന്നു. അന്നുമുതൽക്കു കബീരിൻെറ ധ്യാനം നിർബ്ബാധവും നിരന്തരവുമായിത്തീർന്നു. ഗുരുകല്പനപ്രകാരം അദ്ദേഹത്തെപോയി സന്ദർശിക്കുകയെന്നതു്, കബീർമുടങ്ങാതെനടത്തി സുഖമായിതാമ

സിച്ചുവന്നു. അങ്ങനെ കഴിഞ്ഞുവരവേ, കബീരിന്നു വയസ്സുപതിനാറായി. അന്നൊരു ദിവസം ഭഗവാൻ, തമാലിന്നു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു, "ഹേ തമാൽ നിന്റെ മകന്റെ വിവാഹത്തിനായി നിശ്ചയിച്ചുവച്ചിരിക്കുന്ന പെൺകുട്ടിയുടെഅച്ഛനമ്മമാരെച്ചെന്നുകണ്ടു താമസിയാതെ,തന്നെ ആ വിവാഹം നിർവഹിക്കുക" എന്നരുളിച്ചെയ്തിട്ടു, മറഞ്ഞു. ഉടനെ തമാൽ ഉണർന്നു ഭാര്യയെ വിളിച്ചു, "പ്രിയതമേ! നമ്മുടെ പുത്രന്റെ വിവാഹംചെയ്യിക്കേണ്ടകാലം അടുത്തിരിക്കുന്നുവെന്നു ഭഗവാൻ സ്വപ്നത്തിൽവന്നെന്നോടു അരുളിച്ചെയ്തിരിക്കുന്നു. അതുകൊണ്ടു, അവന്റെ വിവാഹത്തിനായി നമ്മൾ വാക്കുകൊടുത്തുവച്ചിരിക്കുന്ന ആ പെൺകുട്ടിയുടെ അച്ഛനമ്മമാരെ നീ ചെന്നുകണ്ടു, അവരുടെ അഭിപ്രായം അറിയണം. ആ കുട്ടിയെ ഇവന്നുകൊടുക്കാമെന്നു അവർ സമ്മതിച്ചിട്ടുണ്ടല്ലോ" എന്നുപറഞ്ഞു. ജിജ്ജാബീബിക്കു അതുകേട്ടപ്പോൾ വളരെ സന്തോഷമായി. അവൾ പിറേറദിവസം രാവിലെ എഴുന്നേററു പെൺവീട്ടിലേക്കുപോയി. വീട്ടുകാർ ജിജ്ജാബീബിയെ യഥായോഗ്യം ഉപചരിച്ചിരുത്തി, കുശലപ്രശ്നംചെയ്തു. സംഭാഷണമദ്ധ്യേ ജിജ്ജാബീബി വിവാഹസംഗതിയെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ, സുന്നത്തുചെയ്യാത്ത ഭ്രഷ്ടന്, തങ്ങളുടെ മകളെക്കൊടുക്കുന്നതല്ലെന്നു അവർ നിർബന്ധപൂർവം പറഞ്ഞൊഴിഞ്ഞുകളഞ്ഞു.

ജിജ്ജാബീബി, അതുകേട്ടു, വിവർണ്ണയായി, ഉത്തരംപറവാൻ യാതൊന്നുംതോന്നാതെയിരുന്നുപോയി. ഒടുവിൽ, മിണ്ടാതെയെഴുന്നേററു മടങ്ങിവന്നു, ഭർത്താവിനോടു വിവരംപറഞ്ഞു. തമാൽ അതുകേട്ടു, അത്യന്തം വ്യാകുലചിത്തനായിഭവിച്ചു. പെൺവീട്ടുകാർ നിഷേധിക്കാൻ തക്കകാരണമുണ്ടായിരുന്നതിനാൽ, യാതൊരു സമാധാനവും കാണാതെ, എല്ലാം ഭഗവാൻതന്നെ, മുന്നിട്ടുനിന്നു ശരിപ്പെടുത്തണം എന്നു പ്രാർത്ഥിച്ചു ദിവസങ്ങൾ കഴിച്ചുവന്നു. സുന്ദരിയുടെ അച്ഛനമ്മമാർ, തങ്ങളുടെ മകൾക്കു പ്രായപൂർത്തിവന്നിരിക്കുന്ന സ്ഥിതിക്കു, ഉചിതനായ വരനോടുചേർത്തുവയ്ക്കുന്നതിനു മാർഗ്ഗം ആലോചിച്ചു തുടങ്ങി. പെൺകുട്ടിയുടെ സൌന്ദര്യത്താൽ മോഹിതന്മാരായ പലരും വന്നാലോചിച്ചതിൽ അഭിജാത്യാദിഗുണങ്ങൾ തികഞ്ഞ ഒരുവന്നുകൊടുക്കാമെന്നു നിശ്ചയംചെയ്തു, വിവാഹോത്സാഹത്തിന്നുവേണ്ട ഒരുക്കങ്ങൾ ചെയ്യുവാൻ ആരംഭിച്ചു. അന്നൊരുദിവസം രാത്രിയിൽ ആ പെൺകുട്ടിയുടെ അച്ഛനമ്മമാരെ ഭഗവാൻ ഒരു ഫക്കീറുടെ വേഷമായിവന്നു, സ്വപ്നംകാണിച്ചു. കന്യകയെ കബീരിന്നല്ലാതെ മററാർക്കെങ്കിലുംകൊടുത്താൽ അവരുടെ വംശവിച്ഛേദംവരുത്തുമെന്നു, അരുളിച്ചെയ്തുമറകയാണു ചെയ്തതു. ഉടനെ ഉണർന്നു ഭാര്യാഭർത്താക്കന്മാർ രണ്ടുപേരും അന്യോന്യം അവരുടെ സ്വപ്നത്തെക്കുറിച്ചു പറഞ്ഞു. ഒരുപോലെ രണ്ടാൾക്കും സ്വപ്നമുണ്ടായതിനെക്കുറിച്ചു, അവർ അത്ഭുതപ്പെടുകയും ഭയപ്പെടുകയുംചെയ്തു. പിറേറദിവസം രാവിലെ ബന്ധുജനങ്ങളേയുംമററും വരുത്തി, ഈ സ്വപ്നവൃത്താന്തം പറഞ്ഞുകേൾപ്പിച്ചു. ഭഗവാൻതന്നെയാണു ഇങ്ങനെവന്നു സ്വപ്നംകാണിച്ചതെന്നുവരികിലും; അനാചാരിതമായ പ്രവൃത്തിചെയ്യുന്നതു കുറവാണെന്നുതന്നെ അവർ അഭിപ്രായപ്പെട്ടു. ഇതെല്ലാം കേട്ടുനിന്ന കന്യക, ഇങ്ങനെ പറഞ്ഞു. "പ്രിയമാതാപിതാക്കളേ! മാന്യബന്ധുജനങ്ങളേ! എന്നെ കബീരിന്നു വിവാഹംചെയ്തുകൊടുക്കാമെന്നു വാക്കുകൊടുത്തുവെച്ചു, മററൊരു ഭർത്താവിനായി നിശ്ചയിച്ചതു മഹാപരാധമാണു. കബീരിനെയല്ലാതെ മററൊരാളെ ഈ ജന്മം ഞാൻ ഭർത്താവായി സ്വീകരിക്കയില്ല. എന്തെന്നാൽ കബീരിനെ മനസ്സുകൊണ്ടു ഭർത്താവായി വരിച്ചിരിക്കുന്ന ഞാൻ ഇനി മററൊരാളെ സ്വീകരിക്കുന്നതായാൽ, അതു സതീധർമ്മത്തിന്നു വിരുദ്ധമാണു. നരകാനുഭൂതിയുമുണ്ടാകും. പതിവ്രതയായവൾ ഒരുത്തനെ ഭർത്താവായിവരിച്ചാൽ, പിന്നെ മററൊരുത്തനെ ചിന്തിക്കപോലും ചെയ്യുമോ? ഇങ്ങനെ ചിന്തിച്ചാൽ അവൾ പതിവ്രതയാകുമോ? ഭർത്താവിനെയൊഴിച്ചു മററൊരുവനെക്കൂടെ അഗ്രഹിക്കുന്ന സതി, മുഴുവേശ്യകളെക്കാളും അപരാധിനിയാകും. അവളുടെ കൈകൊണ്ടു ജലംപോലും വാങ്ങിക്കുടിക്കരുതെന്നാണു ശാസ്ത്രവിധി. മനുഷ്യരുടേയും അറിവുള്ള മൃഗങ്ങളുടെയും കൂട്ടത്തിൽ അവളെ ചേർത്തുകൂടാ. മൃഗങ്ങളിൽവച്ചുതന്നെ ഹീനമായ കഴുതയാണെന്നുവേ

ണം അവളെപ്പോലാവാൻ. അതുകൊണ്ട്, കബീറിനെ ഒഴിച്ച്, മററൊരുത്തനെ ഈ ജന്മം ഞാൻ ഭർത്താവായി സ്വീകരിക്കയില്ല. സത്യം—”

സുന്ദരിയുടെ ഈ വാക്കുകൾ കേട്ടവരെല്ലാം അത്യന്തം അത്ഭുതപ്പെട്ടുപോയി. കേവലം ബാലയായ ഈ പെൺകുട്ടി സ്വധർമ്മത്തെ എത്ര ഭംഗിയായി പ്രശംസിക്കുന്നു. “ഹാ! ഇവളുടെ ഈ നിർബന്ധം ആചാരഭ്രംശത്തിനു കാരണമാകുമല്ലോ” എന്നു, അവർ അന്യോന്യം പറഞ്ഞു. അനന്തരം അവളെനോക്കി—“കുഞ്ഞേ! നിന്റെ മാതാപിതാക്കളും ബന്ധുക്കളും മററു വേണ്ടപ്പെട്ടവരെല്ലാം പറയുന്നതു നീ കേൾക്കണം. സ്വയം ഗുണദോഷവിവേചനം ചെയ്യത്തക്ക ശക്തി ഇപ്പോൾ നിനക്കില്ല. ആരെ വിവാഹംചെയ്യണമെന്നു അവർ പറയുന്നുവോ അവനെത്തന്നെ നീ ഭർത്താവായി സ്വീകരിക്കണം. നീമൂലം കുലത്തിനും ബന്ധുക്കൾക്കും അവമാനം ഉണ്ടാകരുതു്. കന്യകതന്നെ ഇങ്ങനെ ലജ്ജകൂടാതെ സഭയിൽവെച്ചു അഭിപ്രായം പറയുന്നതു, എത്രമാത്രം നിന്ദ്യമാണു?

സുന്ദരി, അതുകേട്ടു പറഞ്ഞു—“കബീറിനു എന്നെ വിവാഹംചെയ്തു കൊടുത്തുകൊള്ളാമെന്നു്; അച്ഛനമ്മമാരും എപ്പോൾ വാക്കുപറഞ്ഞോ അന്നുമുതൽ ഞാൻ അദ്ദേഹത്തെത്തന്നെ ഭർത്താവാക്കി മനസാ വരിച്ചുകഴിഞ്ഞു. മനോവരണമാണു വരണം; അല്ലാതെ ബാഹ്യമായ പാണിപീഡനമല്ല. കബീറനെ ഞാൻ ഭർത്താവായി വരിച്ചുപോയി. ഇനി മററൊരാളെ എനിക്കു കൊള്ളുകയില്ല. കബീറിനെത്തന്നെ ഭർത്താവായി സ്വീകരിക്കണമെന്നുള്ളതു എന്റെ വിധിയായിരിക്കാം. അതുകൊണ്ടു നിങ്ങളാരും എന്റെ ആ വ്രതത്തെ ഭംഗംചെയ്വാൻ ആരംഭിക്കരുതു്. ബന്ധുജനങ്ങൾ ഇതുകേട്ടു, “ഹാ! കബീർ, ഇവളുടെ സൌന്ദര്യത്താൽ മോഹിതനായി വല്ല വശീകരണപ്രയോഗവും ചെയ്തതായിരിക്കാം. എന്നാലിനി നാം ഇവളെ അനുസരിപ്പിക്കാൻ ശ്രമിക്കണം. ഏതായാലും, ഇവളെ ഭദ്രമായി സൂക്ഷിച്ചുകൊള്ളണം” എന്നുപറഞ്ഞു്, അവരവരുടെ വീട്ടിലേക്കുപോകയും ചെയ്തു. അനന്തരം, സുന്ദരിയുടെ, മാതാപിതാക്കൾ, അവളുടെ അനാശാസ്യമായ നിർബന്ധംകണ്ടു്, മനോഭംഗത്തോടെ പറഞ്ഞു—“എടി പൊട്ടിപ്പെണ്ണേ! നീ എത്രയുണ്ടു്? നിനക്കു വയസ്സെത്രയുണ്ടു്? അതിനായ്ക്കു അഭിപ്രായം പറഞ്ഞു തുടങ്ങിയോ? നമ്മുടെ ജാതിക്രമത്തിനു വിരോധമായി ഹിന്ദുമതത്തെ ധിക്കരിച്ചും അനുസരിച്ചിരിക്കുന്ന, കബീറിനെയാണോ നീ അനുഗ്രഹിക്കുന്നതു്? കൊള്ളാം! ഇതുവല്ലവരും കേട്ടാൽ ചിരിക്കയില്ലേ? നീകാരണം ഞങ്ങളുടെ അവസ്ഥയും ചെയ്യുന്നല്ലോ. ബന്ധുജനങ്ങൾതന്നെ, നിന്നെപ്പററി എത്രപുച്ഛമായി വിചാരിച്ചിട്ടുണ്ടായിരിക്കയില്ലയോ? ജാതിമര്യാദപ്രകാരം മുറിക്കകത്തുനിന്നു നിനക്കു വെളിയിലിറങ്ങാമോ? ഇങ്ങനെ വന്നതുതന്നെ...? ചെറുപെണ്ണുങ്ങളല്ലോ ഇങ്ങിനെ നിന്നുകൊണ്ടല്ലയോ വ്യവഹാരം ഉണ്ടായിരിക്കുന്നതു്? ഛേ! ഇനിയൊരിക്കൽക്കൂടി ഇങ്ങനെ ഇറങ്ങിവന്നഭിപ്രായം പറയുന്നതു കാണട്ടെ. അന്നാണു് നിന്റെ കഥ കഴിക്കുന്നതു്? അധികപ്രസംഗക്കാരിപ്പെണ്ണേ! കണ്ടോ കാണണമെങ്കിൽ”—അവർ, ഇങ്ങനെ ഭയപ്പെടുത്തി, അവളെപ്പിടിച്ചുകൊണ്ടുപോയി ഒരു മുറിക്കകത്താക്കിയടച്ചു്, സൂക്ഷിച്ചുകൊൾവാൻ ആളെപ്പെടുത്തുകയും ചെയ്തു.

ഇങ്ങനെ മുറിയ്ക്കുള്ളിൽ അടയ്ക്കപ്പെട്ട സുന്ദരി ശത്രുഭയമില്ലെന്നുകണ്ടു, ദേവയജനം തുടങ്ങി. അഭീഷ്ടസിദ്ധി വരാനായിക്കൊണ്ടുള്ള ദേവസ്തുതിയോടുകൂടി അങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോൾ ഒരുദിവസം, ഭഗവാൻ ഒരു വൃദ്ധസന്യാസിയുടെ വേഷംധരിച്ചു്, ശിഷ്യജനപരിവൃതനായി അവളുടെ വീട്ടിൽചെന്നു. സുന്ദരിയുടെപിതാവു്, തൽക്ഷണംവന്നു സന്യാസിയെ വന്ദിക്കുകയും, ഭക്തിപൂർവ്വം എന്താണെന്നു ചോദിക്കുകയുംചെയ്തു. തനിക്കും ശിഷ്യന്മാർക്കും ഭക്ഷണത്തിനുവേണ്ടുന്നതു തരുവാൻസൌകര്യപ്പെടുമോ എന്നു സന്യാസിചോദിച്ചു.

വീട്ടുടമസ്ഥൻ—ആഹാ! സാധുക്കളായ നിങ്ങൾക്കു ഭക്ഷണംതരുവാൻ ഇവിടെ എന്താണൊരു വൈഷമ്യമാണുള്ളതു്. എത്രയോപേർ ദിവസംതോറും ഇവിടെ വന്നു ഭക്ഷണം കഴിച്ചു സന്തോഷിച്ചുപോകുന്നു?

സന്ന്യാസി—ആശ്ചര്യം! ഈ കാശിയിൽ നമ്മുടെ വംശത്തിൽ, അന്നദാനപ്രഭുവായി തമാൽ മാത്രമേയുള്ളുവെന്നായിരുന്നു ഇതുവരെ എന്റെ വിചാരം. ഇവിടെവന്നുകണ്ടതിൽ നീ അവനെക്കാളും ധർമ്മിഷ്ഠനാണെന്നു തോന്നുന്നു. അവന്റെ സംബന്ധക്കാരനായ നീയും ഗുണവാനായിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. സന്ന്യാസിയുടെ വാക്കുകേട്ട്, അല്പം നീരസത്തോടെ വീട്ടുടമസ്ഥൻ, "ഹേ ഞാൻ തമാലിന്റെ സംബന്ധിയാണെന്നു നിങ്ങളോടാരു പറഞ്ഞു? അവൻ ഭ്രഷ്ടനല്ലേ? ഇനി നിങ്ങൾ ഇവിടെനിന്നു പോകുന്നതുവരെ ദയചെയ്ത്, അവന്റെപേർ പറയാതിരിക്കണം.

സന്ന്യാസി—തമാൽ ഭ്രഷ്ടനോ? അവൻ മഹാശ്രേഷ്ഠനാണെന്നാണെന്റെ അറിവ്.

വീട്ടുടമസ്ഥൻ:—നമ്മുടെ കുലമര്യാദപ്രകാരമുള്ള സുന്നത്തുകർമ്മം ആചരിക്കാത്ത നിന്ദ്യനായ കബീർ എന്നവൻ പറയുന്നതുകേട്ട്, ഹിന്ദുമതാചാരങ്ങളെ സ്വീകരിച്ച് നമ്മുടെ പള്ളികളിലും സമാജങ്ങളിലും എങ്ങും വരാതെ കഴിച്ചുകൂട്ടുന്ന അവൻ ഭ്രഷ്ടനല്ലെന്നാണോ പറയുന്നത്?

സന്ന്യാസി:—അല്ലതന്നെ. ഞങ്ങൾ എല്ലാവരുമായി തമാലിനെക്കാണ്മാൻ നാലഞ്ചാണ്ടിനു മുമ്പൊരിക്കൽ പോയിരുന്നു. അന്ന്, അവന്റെ സൽക്കാരം സ്വീകരിച്ചു ഞങ്ങൾ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു പക്കീർവന്ന്,—"ഹാ സുന്നത്തു ചെയ്യാത്ത മ്ലേച്ഛരക്കുട്ടിയുടെ അച്ഛൻതന്ന ചോറാണോ നിങ്ങൾ ഭക്ഷിച്ചത്? ഈ വീട്ടിൽ നമുക്കു തൊട്ടുതിന്നാമോ" എന്നുചോദിച്ചു ഞങ്ങളെ വിരോധിച്ചു. അതു ശരിതന്നെയെന്നു നിശ്ചയിച്ചു, ഞങ്ങളും ഉണ്ണാതെ എഴുന്നേറ്റുകളഞ്ഞു. കബീർ ഉടനേതന്നെ സുന്നത്തുകർമ്മം ചെയ്യിക്കയും, രണ്ടാമതു ഞങ്ങളെ ഇരുത്തി ഭുജിപ്പിച്ചു സന്തോഷിപ്പിക്കുകയുംചെയ്തു. അനന്തരം ഞങ്ങൾ കബീറിനെനോക്കി—"എടാ കുഞ്ഞേ നീ എന്താണ്, തുളസിമണിമാലയും ഭസ്മക്കുറികളുംമറ്റുംഹിന്ദുക്കളെപ്പോലെ ധരിച്ചിരിക്കുന്നത്? അതുശരിയാണോ" എന്നു ചോദിച്ചതുകേട്ടു, അപ്പോൾതന്നെമാലയും കുറിയുമൊക്കെ ഉപേക്ഷിച്ചു. ഹരിനാരായണാദികീർത്തനങ്ങളും നിറുത്തൽചെയ്തു, അന്നുമുതൽക്കു മഹമ്മദുമതാചാരപ്രകാരമുള്ള ചന്ദനക്കുറിയും അള്ളാവെ പ്രാർത്ഥനയും മറ്റുമാണു പരിശീലനം. അക്കഥയൊന്നും നിങ്ങളറിഞ്ഞിട്ടില്ലയോ? തമാലിനെ സംബന്ധിയെന്നുപറവാൻ ഭ്രഷ്ട്തോന്നിയത്, അതറിയായ്കകൊണ്ടായിരിക്കാം. അതു പരമാർത്ഥമാണെന്നു ബോധപ്പെടുത്തിത്തന്നാൽ, കബീറിനു മകളെ വിവാഹം ചെയ്തുകൊടുക്കരുതോ?,' ഇങ്ങനെ പലതും പറഞ്ഞു. കൂടിയുണ്ടായിരുന്ന പക്കീരുകളെക്കൊണ്ടു അതുപോലൊക്കെത്തന്നെ പറയിച്ച്, വീട്ടുടമസ്ഥനെ ഒരുവിധത്തിൽ സമ്മതിപ്പിച്ചുവച്ചുകൊണ്ടു, ബന്ധുക്കളേയും കാദിയേയും മറ്റും അളയച്ചുവരുത്തി അവരോടും അതുപോലെയൊക്കെപ്പറഞ്ഞു ധരിപ്പിച്ചു. അനന്തരം, സുന്ദരിയെ കബീറിനു വിവാഹംചെയ്തുകൊടുക്കുന്നതിനു വല്ല വിരോധവുമുണ്ടോയെന്നു ചോദിച്ചു, കാദി അതിനു മറുപടിയായി 'പലകാലംഹിന്ദുമതത്തിൽ ചേർന്നുനടന്നശേഷം പിന്നെവന്നു നമ്മുടെ മതത്തിൽചേർന്നു പെണ്ണിനെ ചോദിച്ചാൽ കൊടുക്കുന്നതെങ്ങനെ?'

സന്ന്യാസി—ഹിന്ദുമതത്തെ ഉപേക്ഷിച്ചു നമ്മുടെ മതത്തിൽ ചേർന്നിട്ടു പലനാളായല്ലോ എന്നുമല്ല ഹിന്ദുമതാചാരങ്ങൾ അനുഷ്ഠിച്ചുവെന്നല്ലാതെ, ഹിന്ദുമതത്തിൽ ചേർന്നു നടന്നുവോ?

കാദി:—ഇരിക്കട്ടെ, അവനു സുന്നത്തുചെയ്തുവെന്നുപറഞ്ഞതു വാസ്തവംതന്നെയാണോ?

പക്കീർസന്ന്യാസി:—ഹേ! നിങ്ങൾ, സുന്നത്തുസുന്നത്തെന്നിത്ര മഹാകാര്യമായി ചോദിക്കുന്നതെന്താണ്? നമ്മുടെ വംശത്താൽ ആദിമനുഷ്യനായ ആദാമിനു സുന്നത്തു ചെയ്തതായി കേട്ടിട്ടുണ്ടോ?

കാദി:—ആദാമിനു സുന്നത്തു ചെയ്തിട്ടില്ലെങ്കിലും, പിൽക്കാലത്തിലുണ്ടായ ആചാൎയ്യനായ ഇബ്രാഹിം പയമ്പരുടെ കാലംമുതൽ, നമ്മുടെ വംശത്തിൽ എല്ലാവരും നടത്തിവരുന്ന ഒരാചാരമല്ലയോ ഇതു?

സന്ന്യാസി:—ഷാം, കാബൂൾ, പക്കർ, അറബ്, പഞ്ചാബ്, ദില്ലി, മുതലായ നഗരങ്ങളിൽവച്ച്, ഉൽകൃഷ്ടമായി നമ്മുടെ ചക്രവൎത്തിയുടെ സ്ഥാനമായ റോംപട്ടണത്തിലെ അധിപതികളെല്ലാവരും മംഗലസ്സർശവിശുദ്ധിയന്നവരോ സുന്നത്തുചെയ്തവരോ അല്ലല്ലോ. അവരല്ലേ, സിംഹാസനമേറിയതും എല്ലാവൎക്കും ശിക്ഷനിശ്ചയിക്കുന്നവർ? നമ്മുടെ മൎമ്മങ്ങളെ നാംതന്നെ വെളിപ്പെടുത്തുന്നതു ധൎമ്മമാകുമോ? ഇബ്രാഹിംപയമ്പർ ഇളയഭാൎയ്യയോടുചെയ്ത സത്യത്തെ രക്ഷിക്കാഞ്ഞതുകൊണ്ടു്, അദ്ദേഹത്തിനുകിട്ടിയശിക്ഷയ്ക്കു നാമെല്ലാവരും ഇപ്പോൾ അധീനന്മാരായിത്തീൎന്നിരിക്കുന്നു. അതിനെത്തന്നെയാണിപ്പോൾ കബീരമനുഷ്ഠിച്ചതു്. ഇനി, സുന്ദരിയെ അവനു വിവാഹംചെയ്തുകൊടുക്കാൻ തമാലിനു അളെയക്കരുതോ?

കാദി:—അച്ഛനമ്മമാർ നിശ്ചയിക്കുന്നതിനുമുൻപു്, ഒരുത്തനെ വിവാഹത്തിനിച്ഛരിക്കുന്നവളുടെ വിവാഹത്തിനു വരുവാൻ ഞങ്ങൾക്കു സമ്മതമല്ല. നിശ്ചയമായും ഞങ്ങൾ വരികില്ലതന്നെ.

സന്ന്യാസി:—ശരി, സുന്ദരിക്കു നിങ്ങൾ അതാണോ ഒരു കുറ്റം കണ്ടതു്? നമ്മുടെ മതാചാൎയ്യനായ ഇസ്മായിലിന്റെ മാതാവായ ഹാജറാദേവി, ഇബ്രാഹിംപയമ്പരെ ഭൎത്താവാക്കി സ്വീകരിച്ചതു്, അമ്മയും അച്ഛനും ബന്ധുജനങ്ങളും പറഞ്ഞവാക്കു നിശ്ശേഷം ബഹുമാനിക്കാതെ സ്വാതന്ത്ര്യേച്ഛയുള്ള കാമമല്ലായിരുന്നോ? അങ്ങനെ ചെയ്തതുകൊണ്ടു ഹാജറാദേവി വന്ദ്യയല്ലാതെ ഭവിച്ചുവോ? നമ്മുടെപൂൎവ്വദായാദികളായ ഇസ്ലാംപയമ്പരുടെ പാരമ്പൎയ്യത്തിലെ നടപ്പുറിഞ്ഞുകൂടേ? ഏതുകാലത്തും സ്ത്രീ ഏതൊരുപുരുഷനെ ഇച്ഛിക്കുന്നുവോ അവനായി അവളെ വിവാഹംചെയ്തുകൊടുക്കേണ്ടതാണെന്നാണേൎപ്പെട്ടുവച്ചിരിക്കുന്നതു്- എന്നല്ലാ ഒരുത്തനെ മനസാ അംഗീകരിച്ചവൾ മറ്റൊരുത്തനെ പിന്നെ വിവാഹം ചെയ്യയെന്നതു്. കുറ്റകരവുമല്ലയോ? താങ്കളോടു ഈവസ്തുതകളൊന്നും ഞാൻ പറഞ്ഞുകേൾപ്പിക്കേണമെന്നില്ലല്ലോ. എന്നിങ്ങനെ പലനീതിവാക്യങ്ങളും ഗുണദോഷങ്ങളും പറഞ്ഞു മായകൊണ്ടുമയക്കി, എല്ലാവരെയും വിവാഹകാൎയ്യം സമ്മതിപ്പിച്ചു. അടുത്തദിവസത്തേക്കുവിവാഹമുഹൂൎത്തം നിശ്ചയിക്കുകയുംചെയ്തു. അനന്തരം തന്റെ ശിഷ്യന്മാരായ പക്കീരന്മാരെ അവിടെയിരുത്തിയുംവച്ചു്, ഭഗവാൻ, നേരേതമാലിന്റെ ഭവനത്തിൽ എത്തി. ആഗതനായ വൃദ്ധനെ തമാൽ യഥായോഗ്യം ഉപചരിച്ചു വന്ദിച്ചുനിന്നു. ഉടനേ വൃദ്ധതുല്യക്കാർ—"തമാൽ! താങ്കളുടെ പുത്രൻ വിവാഹത്തിനാവശ്യപ്പെട്ട സുന്ദരി എന്ന പെൺകുട്ടിയുടെ വിവാഹം നാളെയാണു്. അതിലേക്കു താങ്കൾ ഇന്നേതന്നെ ചെല്ലണമെന്നു പറഞ്ഞയച്ചിരിക്കുന്നു. ഞാൻ ആ പെൺകുട്ടിയുടെ അപ്പൂപ്പനാണു്—" എന്നുപറഞ്ഞു ഈ വൎത്തമാനം കേട്ടപ്പോൾ തമാലിനും ജിജ്ഞാബിബിക്കും അളവറ്റ മനസ്താപം ഉണ്ടായി. ഹാ! കഷ്ടം! ത്രൈലോക്യസുന്ദരിയായ സുന്ദരിയെ മറ്റൊരുത്തനു വിവാഹം ചെയ്തുകൊടുക്കുന്നതായാൽ, നമ്മുടെ കബീരിനുതക്ക ഗുണോൽക്കൎഷമുള്ള ഒരു പെൺകുട്ടിയെ കിട്ടിവാൻ പ്രയാസപ്പെടുമല്ലോ എന്നോരോതരം വിലപിച്ചു്, ആ സാധുദമ്പതികൾ കണ്ണുനീരൊഴുക്കുവാൻ തുടങ്ങി. അതുകണ്ടു്, വൃദ്ധതുല്യക്കാർ—"ഹേ തമാൽ! നിങ്ങൾ ഇനി വ്യസനിക്കുവാൻ കാരണമെന്തു്? ശുഭമായ ഒരു കാൎയ്യത്തിനു കണ്ണീർ കരയുകയാണോ വേണ്ടതു്? അഥവാ ആ പെൺകുട്ടിയെ നിങ്ങളുടെ പുത്രനു വിവാഹത്തിനു ലഭിക്കുവാനുള്ള കാര്യം ആയിരിക്കാം. എന്നാലും വ്യസനിച്ചിട്ടു കാൎയ്യമില്ല. "ബ്രഹ്മാവിനായിസ്സിനു പഞ്ഞമോ?" എന്നുപറഞ്ഞതുപോലെ ഇക്കാൎയ്യം നിൎവ്വഹിക്കാൻ ഞാൻ വിചാരിച്ചാൽ വല്ലപ്രയാസവുമുണ്ടോ? അതേ;

ഈ മുഹൂൎത്തത്തിൽതന്നെ നിങ്ങളുടെ പുത്രനു അവളെ വിവാഹംചെയ്തു തരുവിച്ചാൽ എനിക്കു എന്തുതരും?"

ഈ വാക്കുകൾകേട്ട്, രാമലും ബീബിജാബീബിയും അത്യന്തം സന്തോഷിച്ചു. ഹേ മാന്യവൃദ്ധരേ! അങ്ങനെ ചെയ്തുതരുന്നപക്ഷം, ഞങ്ങൾ ആജീവനാന്തം, അങ്ങേക്കു ദാസനായിരുന്നുകൊള്ളാം സത്യം എന്നു അവർ മറുപടി പറഞ്ഞു.

**മായത്തുലുക്കൻ:**—സത്യംതന്നെയോ? എന്നാൽ ഇന്നുമുതൽ നിങ്ങൾ പിശ്ശുനാമത്തെ ഉച്ചരിക്കാതെയിരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അതു സമ്മതമാണോ?

**കബീർ:**—അതുകേട്ടു,—"ഹേ! എനിക്കു, ആ പെണ്ണുംവേണ്ടാ താങ്കളുടെ സഹായവുംവേണ്ടാ. വേഗം വന്നവഴിക്കു പൊയ്ക്കൊള്ളണം" എന്നുപറഞ്ഞു.

**മായത്തുലുക്കൻ:**—ആദ്യം ഒരുവിധത്തിൽ പറഞ്ഞിട്ടു പിന്നെ മറ്റൊരുവിധം മാറിപ്പറയുന്നതു യോഗ്യന്മാൎക്കു ചേൎന്നതല്ല. ഹേ കബീർ! നിനക്കുതന്നെ ഞാൻ ആ പെണ്ണിനെ വിവാഹംചെയ്തുതരുവിക്കാം. എന്റെവാക്കിനു ഒരിക്കലും വ്യത്യാസം വരികയില്ല. അതുകൊണ്ടു നിങ്ങൾ ഇന്നുമുതൽ എന്റെ ദാസ്യം വഹിക്കേണ്ടിയിരിക്കുന്നു.

**കബീർ:**—ശരിതന്നെ അങ്ങുന്ന് പറഞ്ഞവാക്കനുസരിച്ച് ദാസ്യം വഹിച്ചുകൊള്ളാം. പക്ഷേ, രാമനാമത്തെ കീൎത്തിക്കാതിരിക്കണമെന്നു നിൎബ്ബന്ധിക്കരുത്.

**വൃ-തു:**—അത്ഭുതമായ ബ്രഹ്മത്തെ ഉപേക്ഷിച്ചു ഒരു മനുഷ്യന്റെ നാമം ജപിക്കുന്നതുകൊണ്ട്, പാപമല്ലാതെ പുണ്യംകിട്ടുമോ? വെറുതേ നരകത്തിൽവീഴാനുള്ള വഴി നോക്കുകയാണ്.

**കബീർ:**—മൂഢനായവൃദ്ധ! ലോകേശനായ രാമചന്ദ്രസ്വാമിയെയാണോ താങ്കൾ മനുഷ്യനെന്നുപറഞ്ഞതു? ഇപ്പോൾ പറഞ്ഞതു ഞാൻ ക്ഷമിച്ചു. എങ്കിലും ഇനിഒന്നു കൂടിപ്പറഞ്ഞാൽ ക്ഷമിക്കാൻ ഞാൻശക്തനാകയില്ലെന്നു ഓൎമ്മയിരിക്കട്ടെ.

**വൃ-തു:**—തന്റെ ഭാൎയ്യയെ രാക്ഷസൻ കട്ടുകൊണ്ടുപോയതിനാൽ കുട്ടികളെപ്പോലെ കാട്ടിലൊക്കെനടന്നു ഹാ സീതേ സീതേ, എന്നു നിലവിളിച്ച ദുൎബ്ബലനായ ആ മനുഷ്യനാണോ നിന്റെദൈവം? പരമാൎത്ഥംപറയുമ്പോൾ കോപിക്കുന്നതെന്തു്?

ഇതുമുഴുവൻകേട്ടപ്പോൾ, കബീറിനു കോപംസഹിക്കവയ്യാതെആയി. അവൻ ആ വൃദ്ധന്റെമേൽ ചാടിവീണു, "എടാ ദൈവദൂഷകനായദുഷ്ട നിന്നെ അരക്ഷണം ഇനിഞാൻഭൂമിയിൽവച്ചേക്കുകയില്ല" എന്നുച്ചത്തിൽപറഞ്ഞു.

**വൃ-തു:**—എടാ ദുഷ്ടഹൃദയാ! നിനക്കു ഗുണംചെയ്യാൻവന്ന എന്നെ നീ ഉപദ്രവിക്കാൻ തുടങ്ങുന്നോ? എടാ ആ സുന്ദരിയോടൊരുമിച്ചുചേൎന്നിരിക്കുന്ന സുഖംകിട്ടാൻപോകുന്നതു നിനക്കല്ലയോ അതോ എനിക്കോ നന്ദികെട്ടകള്ള!

**കബീർ;**—എടാ വൈദൂഷക! നിന്റെസുന്ദരിയുടെ സുഖവാസം എനിക്കാവശ്യമില്ല. അതിലേക്കു നീ സഹായിക്കയുംവേണ്ട. വേഗം ഇവിടെനിന്നു പൊയ്ക്കൊണ്ടാൽ മതി.

**വൃ-തു:**—അവളെ വേണ്ടെന്നോപറഞ്ഞതു? വേണമെന്നുംപറഞ്ഞു നീ വന്നെന്റെ കാൽപിടിക്കുമല്ലോ. കഷ്ടം ഞാനാണെങ്കിൽ?

**കബീർ.**—(പൊട്ടിച്ചിരിച്ചുകൊണ്ടു) എത്ര അത്ഭുതകരമായ വാക്കുകളാണു കേൾക്കുന്നതു്. അവളെ ഞാൻ തീണ്ടുകയില്ലെന്നും അതിലേക്കു നിന്റെസഹായം ആവശ്യമില്ലെന്നും ഞാനല്ലേപറഞ്ഞതു്. അതിനിനി മണിപിടിച്ചു സത്യമോമറ്റോ ചെയ്യണമോ?

കബീറിന്റെ ധൃഷ്ടമായ ഈ നിശ്ചയംകേട്ട ഇവൻ സ്വതേ സ്ത്രീവിരക്തനാകയാൽ ഇനിയും ഈ സംഗതിയെക്കുറിച്ചുപറഞ്ഞാൽ ഇവന്റെ വൈരാഗ്യം വൎദ്ധിക്കുകയേഉള്ളു എന്നുനിശ്ചയിച്ചു ശോഭൻ സംഭാഷണംവൎദ്ധിപ്പിക്കാതെ അതിലേക്കു ഒരു ഉപായം ആലോചിച്ചുകൊണ്ടു, നാരദമഹൎഷിയെ ധ്യാനിച്ചു. "ഹേ! നാരദ നീയും, പരമൈകാന്തികന്മാരായ മറ്റു ചിലരുമായി, രാമാനന്ദസ്വാമികളുടേയും ശിഷ്യന്മാരുടേയും ത്യ

പംധരിച്ചു ഇവിടെവന്നു കബീരിൻെറ വിവാഹത്തിനു വേണ്ടതു പ്രവൎത്തിക്കുക" എന്നു സംകല്പിച്ചു. ഭഗവൽസങ്കല്പമനുസരിച്ചു നാരദൻ രാമാനന്ദരൂപമെടുത്തു്, ശിഷ്യന്മാരുടെ രൂപത്തിൽ മററു ചില മുനിമാരെയുംചേൎത്തു്, സൂൎയ്യാസ്തമയത്തോടുകൂടി കബീർ കബീർ എന്നുവിളിച്ചുകൊണ്ടു് തമാലിൻെറ ഭവനത്തിൽ കടന്നുചെന്നു. ഏററവുംപ്രിയപ്പെട്ട തൻെറ പരമഗുരുവിൻെറ ഒച്ചമനസ്സിലാക്കിയ കബീർ സംഭ്രമത്തോടുകൂടി ചാടിയിറങ്ങി അദ്ദേഹത്തിൻെറ പാദങ്ങളിൽവീണുനമസ്കരിച്ചു ഭഗവൻ! തിരുവടിയുടെ പാദസ്പൎശത്താൽ ഞങ്ങളുടെ ഭവനംഇന്നു പരിശുദ്ധമായി. ഞങ്ങൾ ധന്യന്മാരുമായി എന്നറിയിച്ചു പൂജിച്ചുകൊണ്ടുപോയി ഭദ്രാസനത്തിൽ നിവേശിപ്പിച്ചു. സ്വാമികളെക്കണ്ടു സസന്തോഷം തമാലും ജിജ്ജാബീബിയും വന്ദിച്ചുപചരിക്കാൻതുടങ്ങി. ഉടനെ സ്വാമികൾ തമാലിനെനോക്കി "ഹേ! നിങ്ങൾ എന്താണിങ്ങനെ ഉദാസീനന്മാരായിരിക്കുന്നതു്? നിങ്ങളുടെ പുത്രനായ കബീരിൻെറ വിവാഹംനാളെ പ്രഭാതത്തിലാണെന്നുകേട്ടുവല്ലോ" എന്നുപറഞ്ഞു.

തമാൽ:—ആ പെൺകുട്ടിയുടെ പിതാമഹൻ ഇവിടെ വന്നിരുന്നു. അദ്ദേഹവും ഈ വസ്തുത പറയാതിരുന്നില്ല. പക്ഷെ വിഷ്ണുഭജനം നിറുത്തൽചെയ്യുന്നുവെങ്കിലേ പെണ്ണിനെ വിവാഹംചെയ്തുതരികയുള്ളു എന്നു അദ്ദേഹം ശാഠ്യം പിടിക്കുകയാൽ കബീരുമായി കുറേ എതിർവാദത്തിനും മുഷിച്ചിലിനും സംഗതിയായി. അതുകൊണ്ടിനി അക്കാൎയ്യം വഹിക്കുമോയെന്നുസംശയമാണു്.

സ്വാമികൾ:—അത്ര്യമേ ആ പെൺകുട്ടിയെ കബീരിനു കൊടുക്കാമെന്നുപറഞ്ഞിട്ടില്ലേ? പിന്നീടു മാറിപ്പറയുമോ? എന്നോടൊരുമിച്ചുവരുവിൻ! ഞാൻ ആകാൎയ്യം പറഞ്ഞു ശരിപ്പെടുത്താം.

തമാൽ:—ഭസ്മവും രുദ്രാക്ഷവും ധരിച്ചു ശിഷ്യന്മാരുമായി സ്വാമികൾ ഈ വേഷത്തിൽച്ചെന്നാൽ കാൎയ്യം നടപ്പിൽവരുമെന്നുതോന്നുന്നില്ല. ഹിന്തുക്കൾ എന്നുകേൾക്കുന്നതുതന്നെ അവൎക്കു വളരെവെറുപ്പാണു്.

സ്വാമികൾ:—അങ്ങനെയാണെങ്കിൽ ഞാൻ ഒരു പക്കീരിൻെറവേഷംധരിച്ചുപൊയ്ക്കൊള്ളാം. ഈ കാശിദേശത്തിന്നധിപതിയായ രാജാവിനെവരുത്തി അദ്ദേഹത്തെക്കൊണ്ടുവരോടുപറയിച്ചു വിവാഹംനിറവേററാം. സ്വാമികൾഇങ്ങനെ അരുളിച്ചെയ്തശേഷംരാജാവിനെ കൂട്ടിക്കൊണ്ടുവരുവാൻ രാജധാനിയിലേക്കു തൻെറശിഷ്യന്മാരിൽഒരുത്തനെ നിയോഗിച്ചയച്ചു. ഉടനെ ഭഗവാൻതന്നെമായയാൽകാശിരാജൻെറ രൂപംധരിച്ചു പരിവാരജനങ്ങളോടും വാദ്യഘോഷത്തോടുംകൂടി തമാലിൻെറ ഭവനത്തിൽവന്നുചേൎന്നു. സ്വാമികൾ ഒഴിച്ചുള്ളവരെല്ലാം രാജാവിനേയുംരാജാവു സ്വാമികളേയും ഭക്തിപൂൎവ്വംവന്ദിച്ചുനിന്നു. സ്വാമികൾ ഉടനേ ബഹുമാനപൂൎവ്വം രാജാവിനെനോക്കി ഹേരാജൻ! നമ്മുടെ പ്രിയശിഷ്യനായ കബീരിനെ നാമെല്ലാവരുമായി കൂട്ടിക്കൊണ്ടുചെന്നു വിവാഹകൎമ്മം നടത്തിക്കണം. അതിലേക്കാണു് അങ്ങയെ വരുത്തിയതു് എന്നുകല്പിച്ചു. അനന്തരം കബീരിനെ മണവാളവേഷാചമയിച്ചു അനേകം തുലുക്കന്മാരോടുകൂടി വാദ്യാദിമേളങ്ങൾ ഘോഷിച്ചു യാത്രയൊരുങ്ങി- സ്വാമികളും രാജാവും ശിഷ്യപരിജനപരിവൃതന്മാരായി മുൻനടന്നു. ഈ വരവുകണ്ടു മണവാട്ടിയുടെ വീട്ടുകാർ സംഭ്രമത്തോടുകൂടിവന്നു എതിരേൽക്കുകയും രാജകല്പനപ്രകാരം വിവാഹം ഉടൻതന്നെ നടത്താൻ നിശ്ചയിക്കയുംചെയ്തു. മണവാട്ടിയെ ചമയിച്ചുകൊണ്ടുവന്നു പ്രഭാതത്തിലെ സുമുഹൂൎത്തത്തിൽ വിവാഹക്രിയ ഭംഗിയായും മംഗളമായും നിൎവ്വഹിക്കപ്പെട്ടു, അനന്തരം യഥോചിതോപചാരങ്ങളും സൽക്കാരങ്ങളും പരിഗ്രഹിച്ചു എല്ലാവരും പിരിഞ്ഞുപോയി. ബാലദമ്പതിമാരോടും ബന്ധുജനങ്ങളോടും മററുപരിവാരത്തോടുംകൂടി തമാൽ സ്വന്തഭവനത്തിൽ മടങ്ങിയെത്തി ബന്ധുജനങ്ങളെ ഭക്ഷണസംഭാവനാദികളാൽ സൽക്കരിച്ചയയ്ക്കയുംചെയ്തു. കബീർ പതിവനുസരിച്ചു അന്നേദിവസവും സായാഹ്നസന്ധ്യയടുത്തപ്പോൾ സ്വാമികളെ സന്ദൎശിക്കാനായി യാത്രയാം

ഭിച്ചു. സുന്ദരി അതുകണ്ടു കബീരിന്റെ പാദങ്ങളിൽ വന്ദിച്ചു "സ്വാമിൻ രാമാനന്ദസ്വാമികളെ സന്ദർശിക്കണമെന്നു പലനാളായി ഞാനും ആഗ്രഹിച്ചിരിയ്ക്കയാണ്. ഇന്നെങ്കിലും അതു സാധിച്ചുതന്നു എന്നെ അനുഗ്രഹിക്കണം" മെന്നപേക്ഷിച്ചു. അതുകേട്ടു ആനന്ദരോമാഞ്ചംകൊണ്ടു കബീർ:—ഹേ സുന്ദരി! നീ തുലുക്കവംശത്തിൽ ജനിച്ചവളായിരുന്നിട്ടും രാമാനന്ദസ്വാമികളെക്കാണണമെന്നാഗ്രഹിച്ചുവല്ലോ. അദ്ദേഹത്തിൽ നിനക്കു ഭക്തിയുണ്ടായതിനെക്കുറിച്ചു ഞാൻ വളരെ സന്തോഷിക്കുന്നു. അതുകൊണ്ടു എന്നോടു ചേർന്നിരിക്കുന്നവളാണെങ്കിൽ എന്റെ ആജ്ഞയനുസരിച്ചിരിക്കണം. മറുത്തൊരുവാക്കു പറയരുത്. മരിക്കുന്നതുവരെ അതിനു ഭേദംവരുത്തുകയും അരുത്. എന്താ? അങ്ങനെ ചെയ്യാമോ?

സുന്ദരി,—സ്വാമിൻ! സാധ്വികളായ സ്ത്രീകൾക്കു ദൈവം ഭർത്താവല്ലയോ? ഭർത്തൃവാക്യത്തെ നിരസിക്കുന്നവർക്കു ഗതിയുണ്ടോ? പണ്ടു ഭർത്താവിന്റെ വാക്കുകേൾക്കായ്കകൊണ്ടു ദേവിയായ സീതയ്ക്കുപോലും ആപത്തുപറ്റിയെന്നു ഞാൻ കേട്ടിട്ടുണ്ടു്. ആ സ്ഥിതിക്കു ഞാൻ അങ്ങേ വാക്കുമറക്കുമോ? പതിവ്രതയല്ലെന്നുള്ള ദുഷ്പേരിനു പാത്രീഭവിക്കുമോ? സീതാദേവി കാട്ടിൽ ഭർത്താവിന്റെ വാക്കനുസരിച്ചു, തീക്കുണ്ഡത്തിൽ ചാടുകപോലുംചെയ്തില്ലയോ? ആ കീർത്തി ഇന്നും ദേവിക്കു നിലനിൽക്കുന്നില്ലേ? ഹേ ജീവനാഥ! ഭർത്തൃവാക്യത്തെ നിരസിക്കുന്നതു കഠിനമായവ്യഭിചാരത്തിലും പാപമാണെന്നു് എനിക്കു നല്ലവണ്ണം അറിയാം.

കബീർ—(സന്തോഷസാഗരനിമഗ്നനായി)ഹേസുന്ദരി! നിന്റെ പാതിവ്രത്യവും സൌശീല്യവും വിശ്വസിച്ചാണു നിന്നെ ഞാൻ വിവാഹംചെയ്തതു്. സ്വാമികീർത്തനത്തിൽ താൽപര്യമുള്ള ഹേ ഉത്തമസ്ത്രീരത്നമേ! എന്റെപരമഗുരുവിനെ വന്ദനം ചെയ്യാൻ സന്തോഷപൂർവ്വം വരിക എന്നുപറഞ്ഞു്, വാത്സല്യത്തോടെ, ആശ്ലേഷിച്ചുകൂട്ടിക്കൊണ്ടുപോയി, സ്വാമികളുടെ സമീപത്തിലെത്തി ഭയഭക്തിയോടെ, പാദങ്ങളിൽവീണുവന്ദിച്ചുനിന്നു. സുന്ദരിയും സ്വാമിതൃപ്പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്തു്, ആനന്ദാശ്രുക്കളാൽ തൃപ്പാദങ്ങളിൽ നമിച്ചു, ഗുരോ! അനുഗ്രഹിക്കേണമേ" എന്നുള്ള അപേക്ഷയോടുകൂടി വളരെനേരം പാദങ്ങളെതഴുകിക്കൊണ്ടുകിടക്കുമ്പോൾ രാമാനന്ദസ്വാമികൾ അത്ഭുതപ്പെട്ടു്, ഹേ ധന്യയായ സ്ത്രീരത്നമേ! എഴുന്നേറ്റാലും എന്നരുളിച്ചെയ്തു. അനന്തരം കബീരിനെനോക്കി, ഹേ പുണ്യപുരുഷ! ഈ സായാഹ്നത്തിൽ നീ കൂട്ടിക്കൊണ്ടുവന്ന ഈ പെൺകുട്ടി ഏതാണ്? എന്നു ചോദിച്ചു.

കബീർ:—സ്വാമിൻ! നിന്തിരുവടി,ഇന്നലെക്കാലത്തു്, ശിഷ്യജനത്തോടുകൂടിഎഴുന്നള്ളിവന്നിരുന്നു്, ഈ കന്യകയെ എനിക്കായി വിവാഹം ചെയ്യിച്ചുതന്നതു മറന്നുപോയതുപോലെ ചോദിക്കാൻ കാരണമെന്താണാവോ?

കബീരിന്റെ വാക്കുകൾകേട്ടസ്വാമികൾ ആശ്ചര്യപരതന്ത്രനായി ഭവിച്ചു. എന്നിട്ടു് കബീരിനോടു്,—'ഹേ കബീർ! ഈ പെൺകുട്ടിയെ നീ വിവാഹംചെയ്തകഥ ഞാൻ ഇപ്പോൾ അറിയുകയാണല്ലോ. ഞാൻകൂടിവന്നിരുന്നു വിവാഹം കഴിപ്പിച്ചുവെന്നോ നീപറഞ്ഞതു്-

കബീർ;—സ്വാമിൻ! നിന്തിരുവടി ശിഷ്യജനപരിവൃതനായി എഴുന്നെള്ളിവന്നിരുന്നു കാശിരാജനേയും ആളയച്ചുവരുത്തി അദ്ദേഹത്തിന്റെ കല്പനപ്രകാരം ഇന്നുകാലത്തു ഈ വിവാഹംനടത്തിയ കഥ മറന്നുപോയതു്, അത്ഭുതകരമായിരിക്കുന്നു.

സ്വാമികൾ:......എടോ ഭക്തിവിശ്വാസമില്ലാത്തവനെ! ഞാൻ നിന്റെ അരികിൽ വരികയോ വിവാഹംചെയ്യിച്ചുതരികയോ ചെയ്തില്ലന്നല്ലേ പറഞ്ഞതു? എന്നിട്ടും വീണ്ടും വീണ്ടും നീ വ്യാജംതന്നെ പറയുന്നുവോ?

അനന്തരം സ്വാമികൾ സുന്ദരിയെനോക്കിച്ചോദിച്ചു—"ഹേ സ്ത്രീരത്നമേ! ഞാൻ നിന്റെ വിവാഹത്തിനുവന്നിരുന്നതായി നീ എന്നെക്കണ്ടുവോ? സത്യംപറയണം" ഇങ്ങനെ സ്വാമികൾ ചോദിച്ചപ്പോൾ, അതിലേക്കു മറുപടിപറയുന്നതിനു സുന്ദരി ഭർത്താ

വിനോടു അനുവാദംചോദിച്ചു. കബീർപറഞ്ഞു—"ഹേ! സാധ്വീമണേ! ഭാൎയ്യക്കു ഭൎത്താവാണു ദൈവം. എന്നാൽ ഭൎത്താവിനു ദൈവം ജ്ഞാനോപദേശംചെയ്യുന്ന ആചാൎയ്യനാണ്. ആചാൎയ്യസമക്ഷം വ്യാജംപറയുന്നതു മഹാപാപമാകയാൽ പരമാൎത്ഥം അറിയിക്കുക."

ഭൎത്തൃനിയോഗം അനുസരിച്ചു സുന്ദരി പറഞ്ഞു—"സ്വാമികളേ! ഏതാനും ശിഷ്യന്മാരോടുകൂടി ഒരു പക്കീർസന്ന്യാസി ഞങ്ങളുടെ ഭവനത്തിൽവന്നിരുന്നു. അദ്ദേഹമാണു ഞങ്ങളുടെ വിവാഹംനടത്തിയതു്. കാശിരാജാവും അപ്പോൾ അവിടെ എഴുന്നെള്ളിവന്നിട്ടുണ്ടായിരുന്നു. അല്ലാതെ ഞാനാരെയും കണ്ടില്ല.

കബീർ:—ശിഷ്യന്മാരോടുകൂടി പക്കീർവേഷംധരിച്ചു നിന്നതു തിരുവടിതന്നെയായിരുന്നു. തിരുവടിയുടെ കരുണാകടാക്ഷത്താലാണ് ഈ വിവാഹം നടന്നതെന്നുതന്നെ പറയണം. ഞാൻ വ്യാജം ഒരിക്കലും പറകയില്ലെന്നു തിരുമനസ്സിൽ വിശ്വാസമുണ്ടാകാറാകണം.

സ്വാമികൾ—എടാ കബീർ! ഈ പെൺകുട്ടിയുടെ സൌന്ദൎയ്യത്താൽ വ്യാമോഹിതനാകയാലാണോ നിനക്കു കുറച്ചൊരു ബുദ്ധിഭ്രമമുള്ളതുപോലെ തോന്നപ്പെടുന്നതു്? ഇങ്ങനെ ആരംഭത്തിലേയായാൽ കുറേനാൾ കഴിയുമ്പോഴേക്കു പല ദുൎഗ്ഗുണങ്ങൾക്കും പാത്രീഭവിച്ചു അപകീൎത്തിയും പരക്കാനിടവരുമല്ലോ

ഗുരുനാഥന്റെ വാക്കുകൾകേട്ടു്, കബീർ ദുഃഖപരവശനായി ഭവിച്ചു. മറുവടി എന്തുപറയേണ്ടു എന്നസ്വധാളിച്ചുനില്ക്കുമ്പോൾ, കപടനാടകനായ ഭഗവാൻ, അവിടെ ആവിൎഭവിച്ചു. രാമാനന്ദസ്വാമികളെനോക്കി, "ഹേ രാമാനന്ദ! കബീർ വ്യാജമല്ല പറഞ്ഞതു്. നിന്റെ രൂപംധരിച്ചുചെന്നു വിവാഹം നടത്തിക്കൊടുത്തതു് ഞാൻതന്നെയാണ്. നീയാണെന്നാണ് കബീർ വിശ്വസിച്ചിരുന്നതു്" എന്നരുളിച്ചെയ്തു. അനന്തരം തൃക്കൈകൾകൊണ്ടു്, കബീറിനേയും പത്നിയേയും തലോടി, അവരുടെ കഴുത്തിൽ ഓരോ പൂമാലകൾ അലങ്കരിച്ചു. "കബീർ! ഞാൻതന്നെയാണ് നീ" എന്നു വാത്സല്യപൂൎവ്വം അരുളിച്ചെയ്തശേഷം, അന്തൎദ്ധാനംചെയ്തു.

ഭക്തിയും ആശ്ചൎയ്യവും ഇടകലൎന്നു, അതെല്ലാം നോക്കിക്കൊണ്ടു്, നിശ്ചലനായിനിന്നിരുന്ന രാമാനന്ദസ്വാമികൾ. ഉൽബുദ്ധനായി, "ഹാഹാ! ശ്രീനാരായണസ്വാമിയുടെ ദൎശനമല്ലേ എനിക്കു ലഭിച്ചതു്?—ഞാൻ ഇന്നുചെയ്ത ഭാഗ്യമെന്താണാവോ? അല്ലയോ ജഗദീശ്വര! തിരുവടിയുടെ ഭക്തശിരോമണിയായ കബീറിന്റെ വാക്കിനെ സത്യമാണെന്നു അറിയിക്കാൻ എഴുന്നെള്ളിവന്നുവല്ലോ. തിരുവടിയെക്കണ്ടപ്പോൾ, ആനന്ദപരിപ്ലുതനായി ഞാൻ ഊമയെപ്പോലെ നിന്നുപോയി. ഹാ! കഷ്ടം സ്തുതിയായി ഒരുവാക്കെങ്കിലും ഉച്ചരിക്കുന്നതിനു എനിക്കു സംഗതിയായില്ലല്ലോ" എന്നോരോന്നു പറഞ്ഞുകൊണ്ടു, കബീറിനെപ്പിടിച്ചു് ആലിംഗനംചെയ്തു.—"പ്രിയശിഷ്യോത്തമ! പുത്രനെന്ന പദത്തിനു അൎഹൻ നീ തന്നെ. മാതൃപദത്തിനു അൎഹയീജ്ജാഞ്ജലിയുമത്രേ. നീ പറഞ്ഞതു്, അസത്യമാണെന്നു ശങ്കിച്ച എന്റെ അവിവേകത്തെ ക്ഷമിക്കണം. സത്യമറിവാൻ ശക്തിയില്ലാത്തവനാണെന്നു്, നീ എന്നെനിന്ദിക്കയുംവെറുക്കുകയുമരുതു്" എന്നു സ്വാമികൾ വിനീതനായി അപേക്ഷിച്ചു.

കബീർ, ഉടൻതന്നെ, രാമാനന്ദരുടെ പാദങ്ങളിൽവീണു്, തെഴുതെഴുതേറ്റു, നേത്രങ്ങളിൽ സന്തോഷാശ്രുക്കളോടുകൂടി, "ഹാഹാ! എന്റെ സൎവ്വേശ്വരനായ ഗുരുനായക! തിരുവടിയുടെ പാദങ്ങളേ ശരണമെന്നു നിശ്ചയിച്ചു ഭജിച്ചുപോരുന്ന ഈ അല്പനായ ബാലനോടു ഇത്ര അപേക്ഷിച്ചതുകൊണ്ടു് എനിക്കു കഷ്ടമായിട്ടുപോയി." എന്നറിയിച്ചുകൊണ്ടു്, ഭഗവാന്റെ കാരുണ്യാതിശയത്തെ ഓൎത്തു്, നിശ്ചലനായി കിടന്നു.

ഭക്തോത്തമയായ സുന്ദരിയും ഭഗവദ്ദൎശനംലഭിക്കകൊണ്ടുണ്ടായ ആനന്ദാശ്ചൎയ്യങ്ങളാൽ പരതന്ത്രയായി. "ഹാ! ജഗദീശ്വരനായ ദേവനെ ദൎശിക്കാനിടയായ എന്റെ ഭാഗ്യംതന്നെ ഭാഗ്യം! ഭക്തശിരോമണിയായഭൎത്താവിന്റെ പുണ്യം തന്നെ പുണ്യം. സൽഗുരു

വായ സ്വാമികളുടെ അനുഗ്രഹംതന്നെ അനുഗ്രഹം!"എന്നു്, തന്നത്താൻമറന്നു്, ഓരോന്നു പറഞ്ഞുതുടങ്ങി. സ്വാമികൾ, ആ ദിവ്യദമ്പതിമാരെ അനുഗ്രഹിച്ചു, 'ദിവസംതോറും ദർശനംതന്നുപോകണം' എന്നാജ്ഞാപിച്ചു യാത്രയാക്കുകയും ചെയ്തു.

കബീറിന്റെ വിവാഹാദ്ധ്യായം സമാപ്തം

---

## പതിനൊന്നാം അദ്ധ്യായം

---

### (കബീർ, പശുക്കുട്ടിയെ കൊല്ലാതെതടുത്തതു്.)

പരിപാവനഹൃദയന്മാരുടെ അധിവാസസ്ഥാനമായ ശ്രീകാശിപട്ടണത്തിൽ, പ്രാണിഹിംസയെ വിലക്കി, എല്ലാവർക്കും ആത്മജ്ഞാനോപദേശം ചെയ്തു, അജ്ഞാനികളുടെ മനസ്സിനെ പരിശുദ്ധമാക്കി, ബ്രഹ്മൈക്യം സിദ്ധിക്കത്തക്കവണ്ണം നന്നാക്കി, ബന്ധപാശങ്ങളെ നശിപ്പിച്ചു, അഹംഭാവാദിദോഷങ്ങളെ പരിത്യജിച്ചു, അഹിംസ എന്ന ധർമ്മത്തെ പുരസ്കരിച്ചു് ജീവകാരുണ്യാമൃതത്തെ, ജീവികളിൽ വർഷിച്ചു് സകല വന്ദ്യനായി മഹാത്മാവായിരുന്ന കബീർ, നക്ഷത്രമണ്ഡലമദ്ധ്യസ്ഥനായ ചന്ദ്രനെപ്പോലെ തദ്ദേശവാസികളായജനങ്ങളുടെയിടയിൽ വിളങ്ങി സഹധർമ്മിണിയായ സുന്ദരിയോടുകൂടി, ഭഗവദ്ധ്യാനവും സ്വാമിപൂജയുംചെയ്തു്, പരമാനന്ദപരിപ്ലുതനായി അദ്ദേഹം ദിവസങ്ങളെ നയിച്ചുവരുമ്പോൾ, ഒരുദിവസം ബന്ധുഗൃഹത്തിൽ ഒരു സദ്യയുണ്ടായി, തമാൽജിജ്ജാബീബിസുന്ദരിമുതലായ എല്ലാവരെയും ക്ഷണിച്ചുകൂട്ടിക്കൊണ്ടുപോകയും അദ്ദേഹത്തെമാത്രം ക്ഷണിക്കാതിരിക്കയും ചെയ്തതറിഞ്ഞു്, വ്യാകുലഹൃദയനായിഭവിച്ചു തന്നെവിളിക്കാതിരിക്കാൻ കാരണമെന്താണെന്നു സംശയിച്ചു്, കബീർ എഴുന്നേററു വെളിക്കിറങ്ങി, നേരേ ബന്ധുഭവനത്തിൽചെന്നു. മററുള്ളവരെക്ഷണിച്ചുകൂട്ടത്തിൽ തന്നെ വിസ്മരിച്ചു കളഞ്ഞതെന്താണെന്നു്, പിതൃവ്യനോടുചോദിച്ചുകൊണ്ടു നിൽക്കുമ്പോൾ, ഒട്ടകലെ കുറേ ആളുകൾകൂടി നിൽക്കുന്നതുകണ്ടു്, കബീർ അടുത്തുചെന്നുനോക്കി. കഷ്ടം! അവരുടെ മദ്ധ്യത്തിലായിട്ടു്, ഒരു പശുക്കുട്ടിയെ നിറുത്തി, കാലുകളിലും തലയ്ക്കും ആളുകൾ പിടിച്ചുകൊണ്ടു്, വെട്ടാൻഭാവിക്കുന്ന ഭയങ്കരകാഴ്ചയാണു് അവിടെകബീറിന്റെദൃഷ്ടിയിൽപെട്ടതു്. അതുകണ്ടപ്പോൾ ജീവകാരുണ്യനിധാനമായ കബീറിന്റെ ഹൃദയം പൊട്ടിത്തകർന്നുപോയി. ഹാ! ദൈവമേ! ഈ ഘാതകന്മാർ നിരുപദ്രവിയായ എന്നെ നിർദ്ദയം നിരസിച്ചതിനാൽ പോകുന്നു. ഈ ദുഷ്പ്രവൃത്തിക്ക ഇവരെ വിലക്കി, എന്നെ രക്ഷിക്കാൻ കരുണാശാലികളായ ആരെയും ഞാൻ ഇവിടെക്കാണുന്നില്ല. എനിക്കു്, ഈ അനുഭവം വന്നതു്, പൂർവ്വജന്മകൃതപാപപരിപാകംതന്നെ. എന്നാൽപാഴിൽമണ്ണോടു ചേരാനുള്ള ഈ ശരീരം ജീവികൾക്കു ഭക്ഷണമായിത്തീരുകയാണെങ്കിൽ അതു പുണ്യമാണല്ലോ. എന്നിങ്ങനെ കബീറിനു അറിയത്തക്കവണ്ണം പരിദേവനം ചെയ്തുകണ്ണീരൊഴുക്കി നിലവിളിച്ചുകൊണ്ടു നിൽക്കുന്ന ആ ജന്തുവിന്റെമേൽ ആ ബാലനു അളവററ അനുകമ്പയുണ്ടായി. അദ്ദേഹം ആ പശുക്കുട്ടിയുടെ അരികിൽചെന്നു്, അതിനെപ്പിടിച്ചു മാറോടണച്ചു്, ഗോഹത്യ, മഹാപാപമാണെന്നു്, കൂടിനിന്ന തുലുക്കന്മാരോടു വിലക്കി, 'ഹേഗോവത്സമേ! നീ ജീവിച്ചാലും! എന്നരുളിച്ചെയ്തു അതിനെപ്പരിപാലിച്ചു വധകർമ്മദേവതയായ "ഇബിലീസ്" തന്നെക്കണ്ടുഭയപ്പെട്ടോടുന്നതുകണ്ടു്, "ഹേ ദുഷ്ടപിശാചേ! തുലുക്കരെ! അകമാനം ജീവകാരുണ്യമില്ലാത്തവരാക്കി, വധകർമ്മം അനുഷ്ഠിപ്പിക്കാൻ ശ്രമിക്കയും, അതിലുൾപ്പെട്ടവർക്കു മോക്ഷമാർഗ്ഗം നിരോധിച്ചുനരകവാസികളാക്കുകയും ചെയ്യുക നിന്റെ പ്രവൃത്തിയല്ലേ? വധകർമ്മവാകി നീയാകയാൽ, നിന്നെ

ഞാൻ വെറുതേ വിട്ടയയ്ക്കുകയില്ല. ഈ അഗ്നിയിൽ തന്നെത്തള്ളിമറിച്ച് ഭസ്മമാക്കിവിടുന്നുണ്ട്. കണ്ടോ കാണണമെങ്കിൽ" എന്ന അധിക്ഷേപവാക്കുകളോടുകൂടി മുഖത്തൊന്നുപ്രഹരിച്ചു. പ്രഹരം ഏററ ഇബിലീസ്, പ്രാണവേദനയോടു നിലവിളിച്ചു—"സ്വാമിൻ! കരുണാനിധിയായ അങ്ങ്, എന്നെ നിഗ്രഹിക്കുന്നതു ശരിയാണോ? "ഹേ! അയോനിജനായ ദേവ! കരുണാനിധേ! സകലജീവപ്രിയ! ദുഷ്ടനാശനാ!" ഇത്യാദി സ്തുതിപാഠങ്ങളോടുകൂടി അരൂപിയായിരുന്ന ആ ദേവത ശരിയായി നിന്നുകൊണ്ട്,—"ശ്രേഷ്ഠബ്രഹ്മർഷേ! ധർമ്മസ്വരൂപ! പരമാർത്ഥമറിയാതെ കോപിക്കരുതേ. ഈ പശുക്കുട്ടി മുജ്ജന്മംചെയ്ത കർമ്മത്തിന്റെ ഫലമാണ്, ഈജന്മം അനുഭവിക്കുന്നതു്—(അനന്തരം തുലുക്കന്മാരെനോക്കി) ഹേ വൃദ്ധന്മാരേ! മതധർമ്മമറിയുന്ന വിശുദ്ധന്മാരേ! ഈ പശുക്കുട്ടിയുടെ കഴുത്തറുക്കുവിൻ! പൂർവ്വജന്മത്തിൽ, ഇതു അതിനുതക്ക പാപംചെയ്തതാണ്—ആചാര്യനായ കാദിയെ വണങ്ങുവിൻ"

അക്ഷമന്മാരായ തുലുക്കന്മാർ, ഇപ്രകാരം പറഞ്ഞുകൊണ്ടുനിൽക്കുന്ന ആ ദുർദ്ദേവതയുടെ നീണ്ട നിലയങ്കിയും നെടിയ താടിയും വെളുത്തമുഖവും നരച്ച രോമവും നാനാവർണ്ണങ്ങളായ പല്ലുകളും കണ്ടിട്ടും അവൻ അവരുടെ കൂട്ടത്തിൽ ഉൾപ്പെട്ട ഒരു വൃദ്ധമുസൽമാനാണെന്നേ നിശ്ചയിച്ചുള്ളു. തമാൽമാത്രം അവനെനോക്കി സംശയഗ്രസ്തനായി ഇങ്ങനെ പറഞ്ഞു. "മാന്യസഹോദരന്മാരേ! ഈ വൃദ്ധൻ എന്തോ ഒരു ദുർദ്ദേവതമൂർത്തീകരിച്ചുനിൽക്കുന്നവനാണെന്നു തോന്നുന്നു. വധകർമ്മത്തിനു അവൻ നിങ്ങളെ പ്രേരിപ്പിക്കും. നിങ്ങൾ കരുണയോടുകൂടി എന്റെ വാക്കുകൾ കേൾക്കുമെങ്കിൽ ഈ സാധു പശുക്കുട്ടിയെ കൊല്ലരുതെന്നപേക്ഷയുണ്ട്. തമാലിന്റെ മതവിരുദ്ധമായ ഈ വാക്കുകൾ കേട്ട് പൊട്ടിച്ചിരിച്ചുകൊണ്ട് ആ ദുഷ്ടഭൂതം പറഞ്ഞു. ഹേ തമാൽ! നീ തുലുക്കവംശത്തിൽ ജനിച്ചവനല്ലേ? കാര്യാകാര്യവിവേകം ഇല്ലാത്തവനും അല്ലല്ലോ? എന്നിട്ടും അള്ളാവിന്റെ കല്പനയെ മറക്കാൻ ആരംഭിക്കുന്നുവോ? വേദവാക്യത്തെ നിരസിക്കുന്നുവോ? മററെല്ലാജ്ജീവികളേയും മനുഷ്യരുടെ ഉപയോഗത്തിലേക്കായിട്ടാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നതു്. അതിൽ ആടു മാടു മുതലായവയെ തിന്നുന്നതിനായി ഉണ്ടാക്കിയതാണ്. ഇങ്ങനെ ദൈവത്താൽ കല്പിക്കപ്പെട്ട വേദത്തിൽ പറഞ്ഞിരിക്കുന്നു. ഇതാ ഈ കാണുന്ന മൌലവിയും കാദിയും വേദം അത്യന്തം നല്ലപോലെ വായിച്ചു പഠിച്ചവരാണ്. പശുവിനെ ഹിംസിക്കരുതെന്ന്, അവർ പറയുന്നില്ല. പ്രത്യുത, ഹിംസിക്കണമെന്നാണാജ്ഞാപിക്കുന്നതു്; അതിനു വിപരീതമായി നീയും നിന്റെ മകനുമേ പറയുന്നുള്ളു. വേദരഹസ്യത്തെ അറിയാത്ത നിങ്ങളോടു വാദിച്ചു പരമാർത്ഥം മനസ്സിലാക്കുന്നതിനു അവർ മതിയാകും. വെറുതേ ഈ അനാശാസ്യവാക്കുകൾ മേലാൽ പറയരുതു." അതിനു മറുപടിയായി കബീർ പറഞ്ഞു "ഹേ മായാഭൂതമേ! നീ എന്തൊരസംബന്ധമാണു പറഞ്ഞതു്? നീ പാപിയാണ്: നിന്നെ വിശ്വസിക്കുന്നവരും പാപികളായിത്തീരും. സ്വതേ വധശീലന്മാരായ തുലുക്കന്മാരേ അതിലേക്കു വീണ്ടും പ്രേരിപ്പിക്കാൻ വന്നവനല്ലേനീ? ജ്ഞാനമാർഗ്ഗത്തെത്തടുക്കുന്ന ദുഷ്ട! നിന്നെ സംഹരിപ്പാൻ ഞാൻ മതിയാകും. നിന്റെ നാട്യങ്ങളൊന്നും എന്നോടു ഫലിക്കുമെന്നു വിചാരിക്കേണ്ടാ. അല്പം മുമ്പേ നീ നിലവിളിച്ചതുമറന്നോ? നപുംസക!" ഇങ്ങനെ അധിക്ഷേപിച്ചുകൊണ്ട്, ആ പശുക്കുട്ടിയെനോക്കി, ഭയപ്പെടേണ്ടാ എന്നാശ്വസിപ്പിച്ച്, അതിന്റെ മസ്തകത്തിൽ തടവി, മാറോടുചേർത്താശ്ലേഷംചെയ്ത്, രാമനാമമന്ത്രം ഉച്ചരിച്ചു. "സാധുഗോവത്സമേ! നീ മുജ്ജന്മം എന്തൊരു ദുഷ്കർമ്മംചെയ്തു. എങ്കിലും ഗോവിന്ദഭജനത്താൽ നിന്റെ ഭയംതീർന്നിരിക്കുന്നു. തന്നെ ഭജിക്കുന്നവർക്കു അഭയപ്രദനാണദ്ദേഹം; അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ ഈ കാശിവാസികൾക്കു ഞാനും അഭയംകൊടുക്കുന്നു," എന്നോരോന്നു പറഞ്ഞുകൊണ്ട്, അവിടെക്കിടന്ന ഒരു വടിയെടുത്തു ഇബിലീസിനെനോക്കി വീശിയെറിഞ്ഞു. അതു്, ഊക്കോടുകൂടി നേരേ പാഞ്ഞുചെല്ലുന്നതുകണ്ടു ഇബിലീസ് പരിഭ്രമിച്ചോടിച്ചെന്നു, മൌലവിയുടേയും കാദിയുടേയും പുറകിൽ ഒളിച്ചു. അതാ ആ വരുന്ന തടി എന്നെസംഹരിക്കാതെ രക്ഷിച്ചുകൊള്ളണം. വേദോക്തപ്രകാരമുള്ള വധകർമ്മം നിങ്ങൾ ഉപദേശിക്ക

കൊണ്ടാണല്ലോ എനിക്കും ഈ അപത്തുപററിയതു്. അതുകൊണ്ടു അതിനെ നിങ്ങൾ തടുത്തു രക്ഷിക്കണം എന്നപേക്ഷിച്ചു. അതുകണ്ടു തമാലിനും സംഭ്രമമുണ്ടായി. അപ്രകാരം ചെയ്തതു നന്നായില്ലെന്നു കബീറിനെക്കുറെപ്പെടുത്തി. ഈ കലഹങ്ങളെല്ലാം കണ്ടു്, കോപഭ്രാന്തന്മാരായ തുലുക്കന്മാർ കബീറിൻെറ കൈക്കുപിടിച്ചുവലിച്ചു്, എടാ കബീർ നീ ഞങ്ങളുടെ കുലത്തിൽ ജനിച്ചു വൃദ്ധനെ ഉപദ്രവിച്ചോടിച്ചതെന്തിനു്? വേദവിധിപ്രകാരം ചെയ്യാൻഭാവിച്ച ഗോവധത്തെത്തടുത്തതെന്തിനു്? സ്വന്തമതത്തെ ഉപേക്ഷിച്ചു ഹിന്ദുമതത്തെ വിശ്വസിച്ചു ഞങ്ങളെയൊക്കെ നശിപ്പിക്കാൻ പരിശ്രമിച്ചുവല്ലയോ? നീ നശിക്കും സംശയമില്ല. നീ ഇവിടെ ഇപ്പോൾ എന്തിനു വന്നു? വല്ലവരും അയച്ചുവോ? ദുഷ്ട! എന്നൊക്കെപ്പലവിധത്തിൽ അധിക്ഷേപങ്ങൾതുടങ്ങി. കബീർ—ജീവകാരുണ്യമില്ലാത്ത ദുഷ്ട ഗോഘാതകന്മാരേ! നമ്മേപ്പോലെ ഒരു ജീവിയല്ലേ പശുവും? അതിനെകരുണകൂടാതെ കൊല്ലുന്നതു നീതിയാകുമോ? പഞ്ചമഹാപാതകങ്ങളിൽപ്രധാനംകൊലയല്ലയോ? “പരോപകാരഃപുണ്യായ പാപായ പരപീഡനം” എന്നല്ലേ ശാസ്ത്രം? പരമമായധർമ്മം ജീവകാരുണ്യവും അധർമ്മംഹിംസയും ആണെന്നുള്ള ചൊല്ലു്, സത്യമോ അസത്യമോ? ഹേ വേദശാസ്ത്രപാരംഗതന്മാരായ മൌലവിമാരേ! കാജിയേ! നിങ്ങൾക്കും കാര്യാകാര്യബോധം ഇല്ലയോ. ഒരു ജീവപ്രാണിയെക്കൊല്ലുന്നതും കൊല്ലാൻവിധിക്കുന്നതുംചെയ്യുന്നതു ധർമ്മമനുസരിച്ചാണു്.

മൌലി:—ഞങ്ങളുടെ വേദത്തിൽ വിധിച്ചിരിക്കുന്ന പ്രകാരം പശുനിഗ്രഹത്തിനാജ്ഞാപിക്കയും ആ കർമ്മം നടത്തപ്പെടുകയും ചെയ്യുന്നു. അതിനെ വിരോധിക്കുന്നതു ഒരിക്കലും നിനക്കു ധർമ്മമല്ല. ജീവകാരുണ്യത്തെക്കുറിച്ചു പറയുന്നതു ഞങ്ങൾക്കുകേട്ടുകൂടാ. പശുരക്തത്തിൻെറ രൂപാന്തരമായ പാൽ കുടിക്കാമെന്നും അതിൻെറ മാംസത്തിനു കുറ്റമെന്നും ഉള്ളതിനു ന്യായമെന്താണു്?

കബീർ:—അമ്മയുടെ പാൽ ശിശുക്കളെല്ലാം കുടിക്കുമല്ലോ. അവർ അമ്മയുടെ മാംസംകൂടി ഭക്ഷിക്കുന്നുണ്ടോ!

മൌലി:—മനുഷ്യരും മൃഗങ്ങളുംതമ്മിൽ ഭേദമില്ലയോ? എന്നല്ല മനുഷ്യരുടെഉപയോഗത്തിനായിസൃഷ്ടിക്കപ്പെട്ടമൃഗങ്ങളെക്കൊല്ലുന്നതുകൊണ്ടു യാതൊരു ദോഷവും വരാനില്ല.

കബീർ:—എല്ലാജീവജാലങ്ങളേയും സമദൃഷ്ട്യാ രക്ഷിച്ചുപോരുന്ന ജഗദീശ്വരൻ പക്ഷപാതംകാണിക്കുമോ? മൃഗങ്ങളും മനുഷ്യരുമായുള്ള വ്യത്യാസം മനുഷ്യനു ഭാഷാജ്ഞാനവും വിശേഷബുദ്ധിയുമുണ്ടെന്നുള്ളതല്ലാതെ മറെറന്താണു്? മൃഗങ്ങൾക്കാവശ്യമുള്ള ചില ബുദ്ധിവിശേഷങ്ങൾ മനുഷ്യർക്കുണ്ടോ? മനുഷ്യൻെറ വിശേഷബുദ്ധി മൃഗങ്ങൾക്കുണ്ടോ? രണ്ടും രണ്ടുതരത്തിൽ ശ്രേഷ്ഠന്മാർ തന്നെയാണു്. ഒന്നിനു മറെറതിനേക്കാൾ മേന്മ കല്പിക്കാൻ ദൈവദൃഷ്ടിയിൽ ന്യായം കാണുകയില്ല. നമ്മെപ്പോലെ യുക്തിയും ശക്തിയും മൃഗങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ, അവയെ നാം കൊല്ലാൻ സാധിക്കുമോ? വിശേഷിച്ചും പശു വളരെ മാഹാത്മ്യമുള്ള ഒരു മൃഗമല്ലയോ? അതിൻെറ ചാണകം സസ്യധാന്യങ്ങൾക്കു എത്ര മെച്ചമേറിയ ഒരു വളമാണു്? പാൽ തൈർ മോരു നെയ്യു ഇതുകൾ ഭക്ഷണത്തിനു എത്ര രുചികരങ്ങളാണു്. കൃഷിക്കുപയോഗിക്കുന്ന കാളകൾ ജനിക്കുന്നതും പശുക്കളിൽനിന്നല്ലേ? ഇത്രത്തോളം ഉപകാരംചെയ്യുന്ന ആ ജന്തുവിനെക്കൊല്ലുന്നതു പാപമല്ലയോ? നിങ്ങളുടെ പാപാവശേഷങ്ങളായിരിക്കാം വധകർമ്മത്തിനു ആജ്ഞാപിക്കാൻഈജന്മം സംഗതിയായതു്. തൻെറ ജീവൻപോലെയാണു് മററുജീവനെന്നു വിചാരിപ്പാൻ നിങ്ങൾക്കു വിവേകമില്ലയോ? ജീവകാരുണ്യം ഉൽകൃഷ്ടമായ ഒരു ധർമ്മമല്ലയോ? ഇതിനുശരിയായമറുപടിപറഞ്ഞുകേട്ടാൽ കൊള്ളാമെന്നു എനിക്കു ആഗ്രഹമുണ്ടു്. അതു സമ്മതിക്കത്തക്കതാണെങ്കിൽ പശുവധത്തിനു ഞാൻ വിരോധിക്കുന്നതുമില്ല.

മൌലി:—ദൈവനാമംചൊല്ലിപ്പശുവിനെ വെട്ടുന്നതിനു യാതൊരു ദോഷവുമില്ല.

കബീർ:—വധാദിദുഷ്കർമ്മങ്ങൾ ചെയ്യാനിടയാക്കരുതെന്നുള്ള പ്രാർത്ഥനയോടുകൂടിമനോവാക്കായങ്ങളാകുന്ന ത്രിവിധകരണങ്ങളെക്കൊണ്ടും ഈശ്വരനെഭജിക്കണം, അല്ലാ

ജീവികളുടെ കഴുത്തറുക്കുമ്പോൾ ദൈവനാമം പറഞ്ഞാൽ പാപശാന്തിയുണ്ടാകുന്നതല്ല.

**മൌലി:**—വേദംചൊല്ലി അറുക്കുന്ന മാംസമല്ലാതെ തിന്നുപോകരുതെന്നു വേദത്തിൽ വിരോധിച്ചിട്ടുണ്ട്- ആ വിധിപ്രകാരം കൊല്ലുന്നതിനും തിന്നുന്നതിനും യാതൊരു പാപവുമില്ല.

**കബീർ:**—നാല്ക്കാലിമൃഗങ്ങളെ ഇങ്ങനെ വധിക്കുമ്പോൾ, അതിന്റെ ഗർഭത്തിൽ കിടക്കുന്ന കുട്ടികൾകൂടി മരിച്ചുപോകുന്നില്ലയോ? അതിനെ വേദംചൊല്ലി അറുക്കുന്നുണ്ടോ? ആ സ്ഥിതിക്കു അതിനെത്തിന്നുന്നതു ധൎമ്മമാണോ?

മൌലി:—അതിനെ വേദംചൊല്ലി അറുക്കണമെന്നു ദൈവം വിധിക്കുന്നില്ലല്ലോ.

**കബീർ:**—അഖിലബ്രഹ്മാണ്ഡനായകനായി കരുണാനിധിയായിരിക്കുന്ന ദൈവം ജീവപ്രാണികളെ കഴുത്തറുത്തു കൊല്ലുക എന്ന കഠോരകൎമ്മം ചെയ്യാൻ വിധിക്കുമോ? അങ്ങനെ വിധിച്ച് കരുണാനിധിയെന്നുള്ള ദൈവനാമത്തിനു കളങ്കം വരുത്തുമോ? വധിക്കുന്നവൻ നരകത്തിൽ വീഴാതെ തടുക്കുമോ? ജീവരക്ഷണവ്രതത്തെ ഒരു നിമിഷമെങ്കിലും മറക്കുമോ? കോടി കോടി ജീവജാലങ്ങളുള്ളതിൽ ആടുമാടുകൾമാത്രം വധിക്കപ്പെടണമെന്നു ദ്രോഹം നിശ്ചയിക്കുമോ?—ഹേ കാദി! വൃക്ഷാദികൾക്കു ജലവും മനുഷ്യമൃഗാദികൾക്കു സസ്യധാന്യാദികളും ശരീരപോഷണവസ്തുക്കളായി നിശ്ചയിച്ചിരിക്കുന്ന ഈശ്വരൻ നരകമുഖമായ പ്രാണിഹിംസ ചെയ്തു ആ മാംസം ഭക്ഷിപ്പാൻ ആജ്ഞാപിച്ചിട്ടുണ്ടെന്നു പറഞ്ഞവാക്കു ന്യായവിരുദ്ധവും ശാസ്ത്രവിരുദ്ധവുമാണെന്നുമാത്രമല്ല രൌരവാദി നരകപ്രാപ്തിക്കു കാരണമാണെന്നും പറയപ്പെട്ടിരിക്കുന്നു.

മൌലി—അങ്ങേ, പ്രാണികളെ ഉപദ്രവിക്കുന്ന ദുഷ്ടമൃഗങ്ങളെ ദൈവം എന്തിനു സൃഷ്ടിച്ചു?

**കബീർ**—ഗുണദോഷജ്ഞാനമില്ലാത്ത മൃഗങ്ങളുടെ പ്രവൃത്തികൾ ധൎമ്മപരങ്ങളാകാതിരിക്കത്തക്കവണ്ണമാണു ഈശ്വരൻ നിശ്ചയിച്ചിരിക്കുന്നതു എന്നുമാത്രമല്ല, ഉത്ഭവപോഷണശക്തികൾ പ്രപഞ്ചത്തിൽ കലന്നിരിക്കുന്നതുപോലെ നാശശക്തികളും ഇടയ്ക്കിടെ കലന്നിട്ടുണ്ട്. പ്രപഞ്ചത്തിന്റെ നിലനില്പിനു അത്യാവശ്യമാണെന്നു വിവേകികൾക്കു മനസ്സിലാക്കാൻ പ്രയാസവുമില്ല.

മൌലി:—ജീവൻ എല്ലാററിനും ഒന്നുപോലെയല്ലയോ?

**കബീർ:**—ചരാചരങ്ങളുടെ ജീവപ്രവൃത്തിക്കു അല്പഭേദമുണ്ടെന്നേയുള്ളു.

മൌലി:—വെള്ളം വായു മുതലായ ഭൂതങ്ങൾക്കും ജീവനുള്ളതായി തോന്നപ്പെടുന്നുണ്ടല്ലോ.

**കബീർ:**—അതേ—അവററിൽ പ്രവൎത്തനശക്തിയടങ്ങീട്ടുണ്ടു; അതു പ്രത്യേകമെടുത്തുപറവാൻ കാരണമെന്തു?

മൌലി:—കൊലചെയ്യുന്നതു കൊടിയപാപമാണെന്നു ഹിന്ദുക്കൾ പറയുന്നസ്ഥിതിക്കു അവർ ജന്തുക്കളെവെട്ടിബലികഴിക്കുന്നതു പാപമല്ലെന്നുണ്ടോ?

**കബീർ:**—ഇഷ്ടപ്രാപ്തിക്കായി അജ്ഞന്മാരായ ചില ഹിന്ദുക്കൾ അങ്ങനെ ചെയ്യുന്നില്ലെന്നില്ല. ദുഷ്ടദേവതകൾ അതുകൊണ്ടു പ്രസാദിക്കുമെന്നാണു അവരുടെ മോഹം. പക്ഷേ, ഒരു ജ്ഞാനിയുടെ ദൃഷ്ടിയിൽ അതു പാപംതന്നെയാണ്. അങ്ങനെ ചെയ്യുന്നവൎക്കു ഒടുവിൽ നരകമാണനുഭവം.

മൌലി:—ദേവതകളിലും അപ്പോൾ രണ്ടുതരക്കാരുണ്ടോ?

**കബീർ:**—ബ്രഹ്മവിഷ്ണുമഹേശ്വരാദികൾ ശ്രേഷ്ഠദേവതകളും കാളി വാരാഹിമുതലായവർ ദുഷ്ടദേവതകളുമാണെന്നു പറയപ്പെടുന്നു അതിൽ ശ്രേഷ്ഠദേവതകൾ ധൂപദീപനിവേദ്യാദികളെക്കൊണ്ടും ദുഷ്ടദേവതകൾ രക്തമാംസാദികളെക്കൊണ്ടും തൃപ്തിപ്പെടുന്നു.

മൌലി—അശ്വമേധംമുതലായ യാഗങ്ങളിൽ കൊല്ലപ്പെടുന്ന പശുക്കളുടെ ഹവിൎഭാഗത്തെ വിഷ്ണുമുതലായ ദേവന്മാർ ഭുജിച്ചു സംതൃപ്തരാകുന്നില്ലയോ?

**കബീർ:**—ബ്രഹ്മം, ദൈവം, ഹൌതം, പൈത്രം, മാനുഷം എന്നാഞ്ചുവിധയാഗമുള്ളതിൽ, വേദാധ്യയനം ബ്രാഹ്മയാഗവും; ഹോമകൎമ്മം ദൈവയാഗവും; ബലികൎമ്മം ഭൂ

തയാഗവും, തൎപ്പണം പിതൃയാഗവും, അതിഥികൾക്കു ഭിക്ഷയിടുകയെന്നതു് മാനുഷയാഗവുമാണെന്നു വേദത്തിൽ പറഞ്ഞിട്ടുണ്ടു്. ബലികൾ ഏറ്റുവാങ്ങിക്കൊള്ളുന്നതു ഭൂതങ്ങളുടെ സ്വഭാവമാകുന്നു. ബ്രഹ്മാദിദേവന്മാർ, മന്ത്രോച്ചാടനങ്ങളാൽ മരിച്ച ജീവനെ അഗ്നിഹോത്രങ്ങളാൽ ഭസ്മമാക്കി, ആ ഭൂതിയേയും, പുരോഡാശാദി മററു വസ്തുക്കളേയും ഹവിർഭാഗമായി സ്വീകരിച്ചു്, വീണ്ടും ആ ജീവനെ മന്ത്രബലത്താൽ, ഉണർത്തേണ്ടതാകുന്നു. ഇല്ലെങ്കിൽ അതിനു മേന്മയായ ഒരു പദവിയെ കൊടുക്കേണ്ടതാണു്. കൊല്ലുക, ജീവിപ്പിക്കുക മുതലായതിനു സാമൎത്ഥ്യമുള്ളവർ ഭൂതയാഗം ചെയ്യണം. യാഗമന്ത്രം ജപിക്കുന്ന ബ്രാഹ്മണൻ, യാഗാവസാനംവരെ ഊണും ഉറക്കവും ഉപേക്ഷിച്ചിരിക്കേണ്ടതാണെന്നും, ഭൂതയാഗം കാൎയ്യാൎത്ഥമായി ചെയ്യപ്പെടുന്നതാണെന്നും, അതു മദ്യമാംസാദികൾ ഭക്ഷിക്കുന്ന ആളുകൾക്കു ചേൎന്നതാണെന്നും ഇതിൽ ഉൾപ്പെടുന്നവർ മായാബന്ധത്തോടുകൂടിയവരാണെന്നും ഇതിനെ എത്രഭംഗിയായി നിൎവ്വഹിച്ചാലും, ശാകിനി, ഡാകിനി മുതലായ ഭൂതങ്ങൾ പുളച്ചു ഹംകരിക്കുന്നതു ഭൂതയാഗം എന്നു പറയപ്പെടു. പ്രാണിബലി, വേദത്തിൽ വിരോധിച്ചിരിക്കയാണു്. ചെയ്യേണ്ടപ്രകാരങ്ങളെ അതിൽ പറഞ്ഞിട്ടുമില്ല. നിങ്ങളുടെ കൊറാനിലോ, മായാരഹിതനായി, അരൂപനായി, നിർഭേദമായിരിക്കുന്ന പരബ്രഹ്മത്തെ ധ്യാനിച്ചുകൊണ്ടു്, ജന്തുക്കളുടെ കഴുത്തറുത്താൽ പാപമില്ലെന്നും, അതു ദൈവത്തിന്റെ കല്പനയാണെന്നും അല്ലേ പറയുന്നതു്? അതു സത്യമാണെന്നു വിശ്വസിക്കുന്ന മൂഢന്മാർ, ദിവസംതോറും അനേക പശുക്കളെ അറുത്തുകൊന്നു്, നരകാനുഭൂതിക്കു പാത്രീഭവിക്കുന്നു. ഹിന്തുക്കൾ ആയിരം വൎഷം കൂടുമ്പോൾ ഹോമമററ ഒരു യാഗം ചെയ്തെങ്കിലായി. നിങ്ങൾ, അരനാഴികയ്ക്കകം ആയിരം പശുക്കളെ അറുത്തുകൊല്ലുമല്ലോ. കഷ്ടം! പശുക്കളെ കഴിയുന്നതു ശുശ്രൂഷ ചെയ്തു പ്രസാദിപ്പിച്ചിട്ടുവേണം ദിവസംപ്രതി ഭക്ഷണം കഴിക്കേണ്ടതു്. അതിന്നു മാഹാത്മ്യം അവയ്ക്കുണ്ടു്; ആ പശുക്കളെയാണോ കൊന്നതിന്നേണ്ടതു്. ഗോമേധം മുതലായ യാഗങ്ങളെ ചെയ്യുന്നവൎക്കും സ്വൎഗ്ഗം മുതലായ നശ്വരങ്ങളായ ലോകങ്ങൾ ലഭിക്കുമെന്നല്ലാതെ മോക്ഷം സിദ്ധിക്കുന്നില്ല. പശുക്കൾ വിളവുതിന്നുകയോ മററോ ചെയ്താലും ശബ്ദം പുറപ്പെടുവിച്ചു് അവററെ വിരട്ടിയോടിക്കയല്ലാതെ കൈകൊണ്ടു തൊടുകപോലും ചെയ്യരുതെന്നും അല്ലാതെ തൊട്ടുപോയാൽ, ഒരു രോമമെങ്കിലും പൊഴിഞ്ഞാൽ കൊടിയ പാപമുണ്ടെന്നും വേദത്തിൽ പറയുന്നുണ്ടു്. അല്ലാതെ, അശുദ്ധമായവയെ ഭക്ഷിക്കരുതെന്നു ആദാമിനോടു തളിച്ചെയ്ത ദൈവം പശുമുതലായ ജന്തുക്കളെ അറുത്തുതിന്നാമെന്നും അറുക്കുമ്പോൾ, അദ്ദേഹത്തെ സ്തുതിച്ചുകൊണ്ടാൽ യാതൊരു പാപവുമില്ലെന്നും അരുളിച്ചെയ്യുമോ? മിണ്ടാപ്രാണികളായ മൃഗങ്ങളോടു ഈശ്വരനു വല്ല വിരോധവുമുണ്ടോ? കൊല്ലുന്ന പാപം എപ്പോഴായാലും അനുഭവിക്കാതെ കഴിയുമോ? അതിലും, ഗോഹത്യ മഹാനരകത്തിനു കാരണമാണു്. ഹാ ഹാ കഷ്ടം! നിങ്ങളുടെ വേദത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നതുകൂടാതെ വെദ്യസാക്ക്, പ്രചരിപ്പിച്ച മററു വേദത്തിൽ നിൎഗ്ഗുണമായി നിൎമ്മലമായിരിക്കുന്ന പരബ്രഹ്മത്തിനു മൃഗങ്ങളെ വെട്ടിബലി കൊടുക്കണമെന്നും, അങ്ങനെ ബലികൊടുക്കുന്നതു പാപമോചനത്തിനു കാരണമാണെന്നും അതു ദൈവകല്പനയാണെന്നും പറഞ്ഞിരിക്കുന്നതല്ലയോ അന്യായം! മൃഗങ്ങളെ വെട്ടുന്നതുകൊണ്ടു ദൈവം പ്രസാദിക്കുന്നതെങ്ങനെ? അതുകൊണ്ടു പാപമോചനം സിദ്ധിക്കുന്നതെങ്ങനെ? അയ്യോ! ഈ വേദപ്രസ്താവത്തെ ദൈവകല്പനയാണെന്നു വിചാരിച്ചു വിശ്വസിക്കാമോ? വിശ്വസിക്കുന്നവൎക്കു മോക്ഷം കിട്ടുമോ? ഭൂതാദികൾ ഏൽക്കുന്ന ബലി, കൃപാവാരിധിയായ പരമേശ്വരൻ ഏറ്റുകൊള്ളുമോ? പരിശുദ്ധസ്വരൂപനായ ആ പരമാത്മാവു്, അശുദ്ധമായ രക്തത്തെ ഇഷ്ടപ്പെടുമോ? വധകന്മാരായ മഹാപാപികളെ രക്ഷിക്കുമോ? കൊലയും ഹിംസയും ഉപദേശിച്ചതു്, ദീനദയാലുവായ ഈശ്വരനാണെന്നു പറഞ്ഞതല്ലേ അത്ഭുതം? അതോ ആദാമിനെ നശിപ്പിച്ച പിശാചിന്റെ ശാസനമോ അതു്. അഥവാ മാംസേച്ഛയുള്ള മനുഷ്യർ തന്നെ എഴുതിക്കൂട്ടിവച്ചതോ എന്തോ? സൂക്ഷ്മം ചിന്തിച്ചാൽ മഹാദുസ്സ്വഭാവമുള്ള ഭൂതപ്രേതാദികളുടെ ആവേശമുള്ള ഭ്രാന്തമനുഷ്യർ എഴുതിവച്ചതാണെന്നു സ്പഷ്ടമാകും. അങ്ങനെയല്ലെന്നുണ്ടെങ്കിൽ മൌലവിതന്നെ പറയണം കേൾക്കട്ടേ."

**മൌലി:**—ഇതു ദൈവകല്പനയാണു്; അല്ലാതെ മനുഷ്യരുടെ ആരുടെയും ശാസനമല്ല. ഇതു ഇബ്രാഹിംപയമ്പരുടെ കാലംമുതൽക്കേ ഉണ്ടായതാണെന്നുള്ളതിനു കോറാനിലനേകദൃഷ്ടാന്തങ്ങളുണ്ടു്.

**കബീർ:**—കൊടിയതായ ഈ ശാസനം ഇബ്രാഹിംപയമ്പരുടെ കാലത്തിൽ ഉണ്ടായതാണെന്നുള്ളതു് പരമാൎത്ഥമാണു്, എങ്ങനെയെന്നാൽ ആജറാവിന്റെ പുത്രനായ ഇസ്മായിലിനെ ബലികൊടുക്കണമെന്നാവശ്യപ്പെട്ടപ്പോൾ അവന്റെ പിതാവായ ഇബ്രാഹിം അതിനുപകരം ആടിനെ ബലികഴിച്ചു് തന്റെവംശക്കാരെ ഭുജിപ്പിച്ചു് അവരെയൊക്കെ ഭ്രഷ്ടന്മാരാക്കിച്ചെയ്തു. അതിനെ ഇസ്മയിൽമേൽക്കാലം നടപ്പിലാക്കി ദേവപ്രീതിക്കു തുലുക്കവംശ്യന്മാരെല്ലാം അപ്രകാരം ബലികഴിക്കേണ്ടതാണെന്നു അവൻ ഉപദേശിച്ചു. അതായതു് ദൈവത്തെ സ്തുതിച്ചുകൊണ്ടു ചെയ്യുന്ന പ്രാണിഹിംസ ദൈവപ്രീതികരമാണെന്നും പാഴിലാകയില്ലെന്നും ധരിപ്പിച്ചു. എങ്ങനെയെന്നാൽ എല്ലാവരും കേൾക്കെ ഓ ദൈവമേ! നിന്തിരുവടിയുടെ പ്രീതിക്കായി ഇതാ ബലിതരുന്നു. എന്നുപറയുന്നതും ആരും കേൾക്കാതെ ദൈവത്തെ ധ്യാനിച്ചറുക്കുന്നതും ഒരേ അൎത്ഥത്തെച്ചെയ്യുന്നു. ജഗദീശ്വരന്റെ നാമത്തെ ഉച്ചരിച്ചു് എപ്പോൾവധംചെയ്യുന്നുവോ അപ്പോൾതന്നെ അതു് ഈശ്വരാർപ്പണമായിഭവിക്കുന്നു. ഈ തത്വത്തെവിശ്വസിച്ച ഐസാക്കാലുണ്ടാക്കപ്പെട്ട വേദം അതിലേക്കു സാക്ഷ്യംവഹിക്കുന്നുണ്ടു്. അതിന്റെ ആഗമം എങ്ങനെയെന്നാൽ ഇബ്രാഹിമിന്റെ ഇളയപത്നിയായ സാറാവെന്നവൾ പ്രാണനിവിശേഷമായി സ്നേഹിച്ചു വളൎത്തിവന്ന പശുക്കുട്ടിയെ ബലികൊടുത്താണു് ഐസാക്കെന്നവനെപ്രസവിച്ചതു്. അവൻ വളൎന്നതിൽപിന്നെ ചിലൎക്കു രാജനായിത്തീൎന്നു തന്റെ ആജ്ഞയ്ക്കു കീഴ്പെട്ടവരെല്ലാം ദൈവപ്രീതിക്കു പശുവിനെ വെട്ടിബലികഴിക്കേണ്ടതാണെന്നുപദേശിച്ചു. അന്നുമുതൽ അവരെല്ലാം ബലികഴിക്കയുംചെയ്തുവന്നു ഐസാക്കിന്റെ കല്പനപരസ്യമായിരുന്നു. നേരേമറിച്ചു് നിങ്ങളുടെ ഇസ്മായിലിന്റേതോ രഹസ്യമായുമായിരുന്നു. സകലരും അറികെവ്യഭിചാരംചെയ്യുന്നവരേക്കാൾ കൂടുതൽപാപം ആരുമറിയാതെ വ്യഭിചരിക്കുന്നവൾക്കാണെന്നുള്ളതുപോലെ ഗൂഢമായി ബലികൎമ്മത്തെ ഉപദേശിക്കുന്ന നിങ്ങളുടെ ഇസ്മായിലിനാണു് അധികംപാപം. നിങ്ങളെ ഈ മഹാപാപത്തിനു പാത്രീഭവിപ്പിച്ചതു് ആദാമിനെച്ചതിച്ച മായാഭൂതം ആകുന്നു. ദുഷ്ടന്മാർ ഓരോ ഇഷ്ടലാഭത്തിനായി ക്ഷുദ്രദേവതകൾക്കൎപ്പിക്കുന്നബലി മായാതീതനായ പരബ്രഹ്മസ്വരൂപനായിരിക്കുന്ന ദൈവത്തിൽ ആരോപിക്കുന്നതു മഹാസാഹസം ആണെന്നല്ലാതെ വിവേകപൂൎവമായഒരുപ്രവൃത്തിയല്ല. എന്തുകൊണ്ടെന്നാൽ എള്ളിൽ എണ്ണപോലെയും പാലിൽ വെണ്ണപോലെയുംവ്യാപിച്ചിരിക്കുന്ന നിരഹങ്കാരനിൎവികാരനിൎമ്മല നിരതിശയാനന്ദ ബ്രഹ്മത്തെ ലക്ഷ്യമാക്കിബലികൊടുക്കുന്നതു പാപകരമായ ഒരുപ്രവൃത്തിയല്ലയോ! അതുപല പരിവൃത്തി പറയണമെന്നുണ്ടോ? നിങ്ങളുടെ ദായാദിവർഗ്ഗക്കാരായ ഐസാക്മതസ്ഥന്മാർ പരിശുദ്ധാത്മാവായദൈവത്തിനു ഓരോരോകാലത്തിൽ നരബലിപോലും കൊടുക്കുന്നുണ്ടു്. അതുദുഷ്ടഭൂതത്തിന്റെ പ്രേരണയാലാണെന്നുള്ളതിനു സാക്ഷ്യമുണ്ടു്. ദുഷ്ടദേവതകൾക്കാകട്ടെ ദൈവത്തിനാകട്ടെ ബലികൊടുക്കാൻമനുഷ്യൎക്കുതോന്നുവാൻകാരണം. നരകാനുഭൂതിക്കു പല ആളുകൾവേണമെന്നുള്ള ദൈവനിശ്ചയമനുസരിച്ചായിരിക്കാം. വ്രതാനുഷ്ഠാനങ്ങൾക്കു പ്രാണിഹിംസ കൂടിവേണമെന്നുള്ള മതാചാരം എത്രമേൽ നിന്ദ്യമാണു്. എല്ലാജീവാത്മാവും സാക്ഷാൽ പരമാത്മാവുതന്നെയാണു്. "അഹിംസാപരമോധൎമ്മഃ" എന്നാണു വേദസിദ്ധാന്തം. തന്റെ ആത്മാവുപോലെയാണു മററുള്ളവരുടെ ആത്മാവും എന്നുകാണുന്നസമദൃഷ്ടിയാണുത്തമതപസ്സു് എന്നുള്ളമഹാവാക്യത്തെ നല്ലപോലെ ആലോചിച്ചു നോക്കുവിൻ! കുറാനിലെനാലാമദ്ധ്യായം വായിച്ചുനോക്കുവിൻ!—"ഹേമൌലി! വധംഎന്നതുസൎവ്വപ്രകാരേണയും നരകകാരണമാണെന്നുള്ളതിനു തക്കതെളിവു ഞാൻതരാം കണ്ടുകൊൾക" എന്നുപറഞ്ഞുഅ പശുക്കുട്ടിയുടെ മസ്തകത്തിൽ കൈകൊണ്ടുതടവി "ഹേ സാധുപശുക്കുട്ടി കൊല്ലുന്നവൎക്കു നരകാനുഭൂതി ഉണ്ടെന്നുള്ളവാക്കു സത്യമോ അസത്യമോ? പറക!" എന്നുചോദിച്ചു.

ഈ ചോദ്യംകേട്ടു്, ആ പശുക്കുട്ടി കബീറിന്റെ പാദങ്ങളിൽ തന്റെ തല ചാ

ച്ചുവച്ചു വന്ദനംചെയ്തുകൊണ്ടു്, കണ്ണുനീരൊഴുക്കിക്കൊണ്ടു്,—"സ്വാമിൻ! സദയം എന്റെ ചരിത്രത്തെ ചെവിതന്നു കേൾക്കാമെന്നുണ്ടെങ്കിൽ, അങ്ങേ ചോദ്യത്തിനു അതു ശരിയായ മറുപടിയാകും. നരകമെന്നതു മറെറാരു ലോകത്തിലല്ല. "മലവും മൂത്രവും ചലവും ചോരയും ക്രിമിയും മാംസവുമെല്ലാം തൊലികൊണ്ടുമൂടി" വച്ചിരിക്കുന്ന ഈ ശരീരമാണു് നരകസ്ഥാനമെന്നു പറയപ്പെട്ടുന്നതു്. ഇതിനു വിധിച്ചിരിക്കുന്ന ഗുന്മം, കുഷ്ഠം, ക്ഷയം, വാതം മുതലായ മഹാവ്യാധികൾ യമപീഡകളെന്നും പറയപ്പെടുന്നു. ഈ പരമാൎത്ഥം അങ്ങേക്കറിയാമല്ലോ. ഇനി, എന്റെ ചരിത്രം പറയുന്നതായാൽ, അതു അത്ഭുതകരവും അധിവദ്ധനവുമായിരിക്കും. കഴിഞ്ഞജന്മത്തിൽ ഞാൻ വേദജ്ഞനായ ഒരു ബ്രാഹ്മണനായിരുന്നു. ഒരിക്കൽ ഞാൻ ഒരു കാൎയ്യവശാൽ ഹിമവൽപൎവ്വതസമീപങ്ങളിലേക്കു പോകുമ്പോൾ, വഴിമേൽ കുറേതുലുക്കന്മാർ കൂടിനിന്നു്, വധിച്ച ഒരു മാനിന്റെ ഇറച്ചി അറുത്തു പങ്കിടുന്നതു കാണ്മാനിടയായി. വാൎന്നുപൊന്തുന്ന ആ പച്ചമാംസത്തെ കണ്ടപ്പോൾ എന്റെ കണ്ണുകളിൽകൂടി മായാസംബന്ധമുള്ള ഒരാശ മനസ്സിൽ കടന്നു. ആ മാംസത്തിൽ എനിക്കു മനസ്സറിയാതെ ഒരാശ കടന്നുകൂടിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ആശാവേശത്താൽ ഞാൻ കുറച്ചുനേരം നോക്കിക്കൊണ്ടുനിന്നുപോയി. അല്പസമയംകൊണ്ടു്, എന്റെ മനോമോഹത്തെ ഞാൻ ജയിച്ചു. അനന്തരം ഞാൻ ഇങ്ങനെ തന്നത്താൻ പറഞ്ഞു. അല്ലയോ ചപലമാനസ്സേ! ഈ ശരീരത്തിൽ നിനക്കെത്ര മാത്രം വാത്സല്യമുണ്ടോ അത്രത്തോളംതന്നെ മററുജീവികൾക്കും ഉണ്ടായിരിക്കുന്നതാണു്. അങ്ങനെയുള്ള ഒരു ജീവിയെ ഉപദ്രവിച്ചു നിഗ്രഹിച്ചു്, അതിന്റെ മാംസംകൊണ്ടു ദേഹം തടിപ്പിച്ചുവച്ചാൽ, അതു ഇവിടെ എത്രകാലം വച്ചേക്കാൻ സാധിക്കും. പുല്ലുതിന്നു നടക്കുന്ന നിരുപദ്രവികളായ മൃഗങ്ങളെ അറുത്തുതിന്നുന്നതുകൊണ്ടു് നരകം അനുഭവിക്കണമെന്നുമാത്രമല്ല, ഹിംസാകൎമ്മപിശാചിന്റെ ഉപദ്രവവും വാതപിത്തകഫങ്ങൾ കോപിച്ചുണ്ടാകുന്ന നാനാവിധരോഗങ്ങളാകുന്ന കാലദൂതന്മാരുടെ ബന്ധനവും അനുഭവിക്കേണ്ടിവരും. ഒരു ജീവജന്തുവിന്റെ മാംസത്തെ തന്റെ മാംസംപോലെയാണെന്നു പ്രത്യക്ഷമായറിഞ്ഞിരുന്നിട്ടും അജ്ഞാനത്താൽ എനിക്കു അതിൽ മോഹം സംഭവിച്ചുവല്ലോ. അയ്യോ! കൊല്ലുന്നവക്കു ഒരുപങ്കും തിന്നുന്നവക്കു എട്ടുപങ്കും പാപമുണ്ടെന്നു വിധിക്കുന്ന വേദംപഠിച്ചിരുന്നിട്ടും, മത്സ്യമാംസങ്ങൾ മറന്നിട്ടും ഭുജിക്കരുതെന്നുള്ള ആചാരം അറിഞ്ഞിരുന്നിട്ടും മനസ്സറിയാതെ ഞാൻ മാംസത്തെ ആഗ്രഹിച്ചുപോയല്ലോ! ആഗ്രഹിച്ചതു ഭക്ഷിച്ചതിനുതുല്യംതന്നെ. ഹ! കഷ്ടം! ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽപോലും തിന്നാൽകൊള്ളാത്ത കൃമിഭോജനമായ മാംസത്തെ തിന്നുന്നവരുടെമേൽ ഈശ്വരൻ അനുഗ്രഹിക്കുമോ! ഹേ ചപലമനസ്സേ! ദൈവസ്തോത്രങ്ങളോടുകൂടി ഹോമകുണ്ഡത്തിൽ നെയ്യൊഴിച്ചു, ഒരുകോടി വാജിമേധയാഗം ചെയ്യുന്ന ഫലത്തേക്കാളും പ്രാണിഹിംസചെയ്യാത്ത ജീവകാരുണ്യവ്രതം, ഫലമുള്ളതാണെന്നു പറയപ്പെടുന്നു. ഇങ്ങനെ പശ്ചാത്താപവിലാപങ്ങളോടുകൂടി, നിൽക്കുന്ന എന്നെനോക്കി,മാംസകൃന്തകന്മാരായ ആ തുലുക്കന്മാർ, ആൎദ്രമനസ്കന്മാരായിപ്പറഞ്ഞു. അയ്യോ ഞങ്ങൾ അറിവില്ലാതെ ഈ മാനിനെക്കൊന്നുപാപംവലിച്ചുവച്ചല്ലോ. ഇനി അതുതീൎക്കാൻ എന്തുമാൎഗ്ഗം? ഹേ ബ്രാഹ്മണോത്തമ! നീ ആഗ്രഹിച്ച മാംസത്തെ നീതന്നെ എടുത്തുകൊള്ളുക എന്നുപറഞ്ഞു്, ഇറച്ചി എന്റെ ദേഹത്തിൽ എറിഞ്ഞുംവച്ചു്, അവർപൊയ്ക്കളഞ്ഞു. അവിചാരിതമായി ദേഹത്തിൽപതിച്ച മാംസത്തെ നോക്കുന്നതിനുപോലും മനസ്സില്ലാതെ ഞാൻ, കണ്ണുമടച്ചു നിശ്ചലനായിനിന്നു. അങ്ങനെ നിൽക്കുമ്പോൾ ഏതോ ഒരുമൃഗം അതിന്റെകൊമ്പുകൊണ്ടു എന്നെ കുത്തിത്തള്ളി ദൂരെമറിച്ചിട്ടു. കണ്ണുതുറന്നു നോക്കിയതിൽ, കണ്ണുനീരൊഴുക്കി എന്നെനോക്കിക്കൊണ്ടു്, രേല്പനേരംനിന്നു തിരിഞ്ഞുപോകുന്ന കലമാനിനെയാണു് ഞാൻ കണ്ടതു്. അതിന്റെ പിടയെ ഹിംസിച്ചതു ഞാനാണെന്നുള്ള ബോധത്താൽ, അതെന്നെ ഉപദ്രവിച്ചതാണെന്നു എനിക്കു മനസ്സിലായി. വീണസ്ഥലത്തുനിന്നും ഞാൻ ഒരു വിധത്തിൽ എഴുനേററു്, പണിപ്പെട്ടുനടന്നു്, പൎവ്വതപരിസരത്തിൽ എത്തിയപ്പോഴേക്കു നേരം ഇരുട്ടുകയാൽ, രാത്രി കഴിച്ചുകൂട്ടുവാനായി ഒരു ഗുഹയിൽ കയറിക്കിടന്നു. പ്ര

തിരാത്രിയായപ്പോൾ, ആ ഗുഹയിൽനിന്നും ഒരുമുനി വെളിക്കോട്ടിറങ്ങിവന്നു്, രക്തഭൂഷിതശരീരനായ എന്നെനോക്കി, ഇപ്രകാരം ആപത്തു വരുവാൻ കാരണമെന്താണെന്നുചോദിച്ചു. ഞാൻ അതുവരെനടന്ന സകലസംഭവങ്ങളും വാസ്തവംപോലെ പറഞ്ഞു. അതുകേട്ട മുനീശ്വരൻ അഹോ! നീ ഒരു ഉത്തമബ്രാഹ്മണനായിരുന്നിട്ടും, മാംസത്തിൽ അഗ്രഹിച്ചുവോ? അതൊട്ടുംനന്നായില്ല. നീ ഗുഹയിൽഇരുന്നാൽ എനിക്കും അപത്തുണ്ടാകും എന്നുപറഞ്ഞു് ഒരു ശൂലംകൊണ്ടു എന്നെ കുത്തിയെടുത്തു ദൂരത്തെ ട്ടുകളഞ്ഞു- ഒരു മലയിടുക്കിൽ ചെന്നുവീണ ഞാൻ എഴുനേൽക്കാൻ ശക്തിയില്ലാതെ നിലവിളിച്ചുതുടങ്ങി അല്ലയോസ്വാമിൻ! ഞാൻചെയ്തപാതകംതീരത്തക്കവണ്ണവും, വേഗത്തിൽ എന്റെ പ്രാണൻ നീങ്ങത്തക്കവണ്ണവും, കരുണചെയ്യണമേ എന്നപേക്ഷിച്ചപ്പോൾ കരുണാനിധിയായ മുനിശ്രേഷ്ഠൻ എന്തുകാരണത്താലോ അതിവേഗത്തിൽഓടി എന്റെ അരികിൽവന്നു്, ഹേ ബ്രാഹ്മണോത്തമ! ഞാൻചെയ്ത കുറവത്തെ ക്ഷമിച്ചാലും! തപസ്സിനു ജീവകാരുണ്യമാണു ശ്രേഷ്ഠമായവ്രതം എന്നറിഞ്ഞിരുന്നുകൊണ്ടു്, നിന്നെ അകാരണമായി ഉപദ്രവിച്ചതുകൊണ്ടു്, നിന്റെ പാപത്തിൽ പകുതി എന്നിൽ കടന്നുകൂടിയിരിക്കുന്നു. അതിനെ നീക്കുന്നതിനായി ഞാൻഗംഗാതീരത്തിൽ തപസ്സിനു പോകയാണു്. നിനക്കു വല്ലതും ഒരു ഉപദേശം തന്നിട്ടു പോകാം എന്നുവെച്ചാൽ, പാപം മറേറപ്പകുതികൂടെ ഞാൻ ഏററുവാങ്ങിക്കേണ്ടിവരും. അതുകൊണ്ടിനി അല്പസമയംപോലും, നിന്റെ അടുക്കൽ ഞാൻ നിൽക്കുന്നില്ല എന്നുപറഞ്ഞു. ഓ കാശിവിശ്വനാഥ! ഭൂതനാഥ! എന്നോരോ ഈശ്വരനാമങ്ങളുംപാടി അദ്ദേഹം പോയിമറഞ്ഞു. ഉടൻതന്നെ എന്റെ ജീവനും കാശിവിശ്വനാഥനെ സ്തുതിച്ചുകൊണ്ടു് ദേഹത്തിൽനിന്നും വേർപെട്ടു. എന്റെദേഹി ശ്രീകാശിയിൽ ശ്രേഷ്ഠജന്തുവായ ഒരു പശുവിന്റെ ഗർഭത്തിൽ പ്രവേശിച്ചു പത്തുമാസക്കാലം വിശ്വനാഥപൂജ ചെയ്തുകൊണ്ടിരുന്നശേഷം, ഭൂമിയിൽ ജനിക്കയുംപൂർവസ്മരണകളെല്ലാം മായുകയുംചെയ്തു. മുജ്ജന്മത്തിൽ ഞാൻ മാംസത്തെ അഗ്രഹിച്ച അപരാധത്താൽ ഈ തുലുക്കന്മാരുടെകൈയിൽ അകപ്പെട്ടു്, സങ്കടപ്പെട്ടുകൊണ്ടുനിൽക്കുമ്പോൾ സാക്ഷാൽ പരബ്രഹ്മംതന്നെ മൂർത്തീകരിച്ച നിന്തിരുവടി, എഴുന്നള്ളിവരുന്നതുകണ്ടു് എനിക്കു പൂർവസ്മരണയുണ്ടായി. അപ്പോഴാണു്, ഞാൻ കണ്ണുനീരൊഴുക്കിക്കരഞ്ഞതു്. ഈശ്വരനെ ഭജിച്ചതും അപ്പോഴാണു്. അനന്തരം അങ്ങേത്തൃക്കൈകൾ എന്റെ മസ്തകത്തിൽ വച്ചപ്പോൾ, പരിശവേദിയാൽ ഇരിമ്പുമുതലായ ലോഹങ്ങൾ സ്വർണ്ണമായിത്തീരുന്നതുപോലെ, എന്റെ സകലപാപങ്ങളും നീങ്ങി, ഞാൻ പരിശുദ്ധയായി ഭവിച്ചു. ഹേ പുണ്യപുരുഷ! എന്നിൽ അങ്ങേക്കു കരുണയുണ്ടാകാനും മരണകാലത്തു എനിക്കങ്ങെ ദർശിക്കാനുംഇടയായതു്, മുജ്ജന്മത്തിൽപ്രാണാവസാനസമയത്തു് ആ മുനിശ്രേഷ്ഠനെ ദർശിച്ചതിന്റെഫലം അല്ലയോ? ഇപ്പോൾ എന്റെ സകലബന്ധങ്ങളുംതീർന്നു്, മോക്ഷപദവി എനിക്കു ലഭിച്ചിരിക്കുന്നു. മേലും നിന്തിരുവടി ജീവകാരുണ്യവ്രതംതന്നെ ദീക്ഷിച്ചു്, ഹിംസാദിദുഷ്കർമ്മങ്ങളെ ലോകത്തിൽനിന്നും ബഹിഷ്കരിക്കുമെന്നു്, ഞാൻ വിശ്വസിക്കുന്നു. എന്നു പറഞ്ഞു, മായാപ്രയോഗത്താൽ എന്നപോലെ, മറഞ്ഞു്, മോക്ഷപദത്തെ പ്രാപിച്ചു ഹേ! മഹാഭാഗന്മാരായ സിദ്ധന്മാരേ! പശുക്കുട്ടിയുടെ ഈ വാക്കുകൾകേട്ടിരുന്ന പലരും കബീരും അതിനുണ്ടായ ഭാഗ്യസ്ഥിതിയെക്കുറിച്ചു് അനന്ദാത്ഭുതപരവശരായി വളരെനേരത്തേക്കു നിശ്ചലരായി നിന്നുപോയി. അനന്തരം, കബീർഅലിമുതലായവർകളെനോക്കി, ഹേ വേദിയന്മാരേ! പശുക്കുട്ടി പറഞ്ഞവാക്കു് നിങ്ങൾ കേട്ടില്ലയോ? ജീവകാരുണ്യത്തിനു ഉത്തമദൃഷ്ടാന്തവും വിചിത്രവുമായ ഒരുകഥ പൂർവകാലത്തിൽ സംഭവിച്ചിട്ടുള്ളതുകൂടി ഇനി നിങ്ങളെ കേൾപ്പിക്കാം—അതായതു്

നേപ്പാളരാജ്യത്തിനു സമീപത്തിലുള്ള ഇൗാൻ എന്ന ഒരു പട്ടണത്തിൽ ആ രാജ്യത്തിനു അധിപതിയായ രാജാവും അദ്ദേഹത്തിന്റെ മന്ത്രിയുമായി അവിടെനിന്നും ഏഴെട്ടുനാഴികദൂരത്തുള്ള ഒരു ഭദ്രകാളിക്ഷേത്രത്തിൽ, പാതിരാത്രികഴികെ പോയിരുന്നു് ഭജിക്കുക പതിവായിരുന്നു. അവരുടെ അഭീഷ്ടസിദ്ധി വരുത്തിക്കൊടുക്കണമെന്നായിരുന്നു പ്രാർത്ഥന. ഇങ്ങനെ പന്ത്രണ്ടുസംവത്സരം കഴിഞ്ഞപ്പോൾ ഒരുദിവസം ഭദ്രകാളി പ്രസാ

ധിച്ചു പ്രത്യക്ഷപ്പെട്ടക്ഷണത്തിൽ എനിക്കു ഒരു നരബലി തരുന്നതായാൽ നിന്റെ ഇഷ്ടം സാധിച്ചുതരാമെന്നു രാജാവിനോടു പറഞ്ഞു. രാജാവു് മന്ത്രിയോനോക്കി അതിനു ഉപായം എന്താണെന്നു ചോദിച്ചു.

മന്ത്രി, നാമിനി, പട്ടണത്തിൽപോയി ആൾകൊണ്ടുവരുംപോഴേക്കു നേരം സൂൎയ്യോദയമായിപ്പോകും എന്നുള്ളതിനാൽ എന്നെത്തന്നെ വെട്ടിബലികൊടുത്തു് അങ്ങേ ഇഷ്ടസിദ്ധി വരുത്തിക്കൊൾക.

രാജാ:—ഇഷ്ടസിദ്ധിക്കായി നമ്മൾ രണ്ടാളും ഒരുമിച്ചാണല്ലോ പന്ത്രണ്ടുവൎഷമായി ഭജിച്ചുവരുന്നതു. അസ്ഥിതിക്കു നീ ഇങ്ങനെ പറയുന്നതു ശരിയല്ല. ബലികൊടുക്കാൻ മററുവല്ലവരേയും അന്വേഷിക്കതന്നെവേണം.

മന്ത്രി:—നാം രണ്ടാളും അല്ലാതെ മററാരും ഇപ്പോൾ ഇല്ലല്ലോ. അതിനെന്താചെയ്യു?

രാജാ:—പൂജകഴിക്കുന്ന ബ്രാഹ്മണൻ ഉണ്ടല്ലോ. അദ്ദേഹത്തെ ബലികൊടുത്താലോ?

മന്ത്രി:—സ്ത്രീഹത്തിയെക്കാളും ശിശുഹത്തി മഹാപാപമാണെന്നും ശിശുഹത്തിയേക്കാൾ ഗോഹത്തിയും അതിനേക്കാൾ ഗുരുഹത്തിയും അതിനേക്കാളും ബ്രഹ്മഹത്തിയും പാപകരമാണെന്നും ബ്രഹ്മഹത്തിക്കു ഒരും ഒരുപ്രായശ്ചിത്തമില്ലെന്നും ശാസ്ത്രങ്ങൾ വിധിച്ചിരിക്കുന്നു. അവിധി അറിഞ്ഞിരിക്കുന്ന നമ്മൾ അതിനൊരുമ്പെടുന്നതു യുക്തമാണോ?

രാജാ:—നീ പറയുന്നതു പരമാർത്ഥംതന്നെ; എങ്കിലും, ഈ വൃദ്ധബ്രാഹ്മണനെ കൊല്ലുന്ന പാപം തീൎക്കാൻ ഞാൻ ഒരു വഴികണ്ടിട്ടുണ്ടു്. അതായതു് ബലിഏററുപ്രസന്നയാകുന്ന ഭഗവതി, തരുന്ന അനുഗ്രഹത്തിൽ പകുതി, ബ്രാഹ്മണന്റെ മകനു കൊടുത്തുകൊള്ളാം എന്നുള്ളതാണു.

മന്ത്രി, ഇതുകേട്ടു ശാന്തിക്കാരനെവിളിച്ചു്, രാജാവിന്റെ അഭിപ്രായം അറിയിച്ചു. എന്നിട്ടു് അദ്ദേഹം, അതിനുമറുപടിയായതൊന്നും പറയായ്കകൊണ്ടു്, മടങ്ങിച്ചെന്നു്, ആ വിവരം രാജാവിനോടുപറഞ്ഞു. അപ്രകാരം, ബ്രാഹ്മണൻ സമ്മതിക്കുന്നകാൎയ്യം പ്രയാസമാണെന്നുള്ള ഉദ്ദേശത്താൽ, മന്ത്രിയും രാജാവും അല്പനേരം മൌനംദീക്ഷിച്ചു. അനന്തരം രാജാവു്, ബ്രാഹ്മണനോടായിട്ടു,—"ഹേഭൂസുരശ്രേഷ്ഠ! താങ്കൾഎന്റെ ഇഷ്ടപ്രകാരംഅനുവദിക്കാമെങ്കിൽ, താങ്കളുടെ പുത്രനുഎന്റെരാജ്യത്തിൽപകുതികൊടുക്കാൻ ഞാൻ ഒരുക്കമാണു്. അതുകൊണ്ടുശങ്കിക്കേണ്ടാ എന്നുപറഞ്ഞു. ബ്രാഹ്മണൻ ഇതുകേട്ടു്, കൊള്ളാം നമുക്കു നാശകാലംസമീപിച്ചോ? വളരെനാളായി ഭക്തിപൂൎവ്വം സേവിച്ചുവരുന്നഎന്നെയാണോഭദ്രകാളിക്കുബലിക്കവേണ്ടതു്! അക്കാൎയ്യംഎനിക്കൊന്നുചോദിക്കണമെന്നു നിശ്ചയിച്ചു, കോപഭ്രാന്തനായി കോവിലിനകത്തു കടന്നു്, കാളിയുടെ കണ്ണത്തിൽകണക്കിനൊന്നു പ്രഹരിച്ചു.എടീ!കാളി! ചാമുണ്ഡി! ചണ്ഡികേ! കപാലമാലിനി! ശൂലിനിഏഴാമത്തെവയസ്സുമുതൽഎഴുപതാമത്തെവയസ്സുവരെ നിന്നെപ്പൂജിച്ചു സേവിച്ചുവരുന്നഎന്നെയാണോബലിക്കവേണമെന്നുനീ അഗ്രഹിച്ചതു്; നീയുംനിന്റെകോവിലും നശിച്ചുപോകട്ടെ എന്നുപറഞ്ഞു വീണ്ടുംപ്രഹരംതുടങ്ങി. ശുദ്ധാത്മാവും ഭക്തനുമായ ആ ബ്രാഹ്മണനെക്കുറിച്ചു പ്രസാദിച്ചുഭഗവതി പ്രത്യക്ഷയായി,—ഹേവിപ്രോത്തമ! നീകഴിഞ്ഞജന്മത്തിൽ ഒരുശൂദ്രനായിരുന്നു. ഇഷ്ടപ്രാപ്തിക്കായി, നീ അന്നു് എന്നെസേവിച്ചു പ്രീതിപ്പെടുത്താൻ രണ്ടാടുകളെ എന്റെമുമ്പിൽ കൊണ്ടുനിൎത്തി ഒരുവെട്ടിനു്രണ്ടിന്റെയും കഴുത്തുമുറിച്ചു് എനിക്കുബലിതരികയുണ്ടായിട്ടുണ്ടു്. ആ ആടുകൾ രണ്ടുമാണു്, ഈരാജാവും മന്ത്രിയും. അവരെവെട്ടിയതിനുപകരം അവരുടെ കൈകൊണ്ടു നിന്നെവെട്ടി എനിക്കുബലിതരാൻ പോകുന്നതാണു്. കൊന്നതിനുപകരം കൊലഏററാലല്ലാതെ ആപാപംതീരുകയില്ല. അതുകൊണ്ടു്, ഈവിധി അനുസരിക്കുന്നതാണു നല്ലതു്. അല്ലാത്തപക്ഷം, ഇനിയും അതിനായി ഒരുജന്മംജനിച്ചേതീരൂ—വെറുതെ കോപിക്കേണ്ടാ—എന്നരുളിച്ചെയ്തു ബിംബാന്തൎഭാഗത്തിൽ മറഞ്ഞു. ബ്രാഹ്മണൻ, ജാതനിൎവ്വേദനായി ആ വിധി

ക്കനുസരിക്കുന്നതുതന്നെ നല്ലതെന്നുനിശ്ചയിച്ചു. അനന്തരം വെളിക്കിറങ്ങിവന്നു്, മന്ത്രിയോട്:—"നിങ്ങൾ ഇരുവരുംഏകകാലത്തിൽ എന്നെവെട്ടിക്കൊല്ലാമെന്നു വാക്കുതരുന്നപക്ഷം, നിങ്ങളുടെ അഭിപ്രായത്തെ ഞാൻ അനുസരിക്കാം" എന്നു പറഞ്ഞു. അതിനിടയായപൂർവ്വാനുബന്ധം ഭദ്രകാളിഅരുളിച്ചെയ്തതും പറഞ്ഞുകേൾപ്പിച്ചു. മന്ത്രി, അതുകേട്ടുഭയവിഹ്വലനായി ഓടിച്ചെന്നുരാജാവിനെത്തൊഴുതുകൊണ്ടു്—"സ്വാമിൻ! നമ്മൾ രണ്ടാളും, കഴിഞ്ഞജന്മത്തിൽ ഈ ബ്രാഹ്മണൻ ഭദ്രകാളിക്കുവെട്ടി ബലികൊടുത്തരണ്ടാടുകളാണത്രേ—അദ്ദേഹം അക്കാലത്തു് ഒരുശൂദ്രനായിരുന്നു. അതിനുപകരമായിനമ്മൾ രണ്ടാളുംചേർന്നു്, ഒരേസമയത്തു്, അദ്ദേഹത്തിന്റെ കഴുത്തുവെട്ടിബ്ബലികൊടുക്കണമെന്നുള്ള കർമ്മബന്ധത്താലാണു് ഇങ്ങനെയൊക്കെ സംഗതിയായതെന്നും,ഏഴുവയസ്സുമുതൽ എഴുപതുവയസ്സുവരെകാളിയെപൂജിച്ചിട്ടും ആ പാപം തുലഞ്ഞില്ലെന്നും ഭദ്രകാളി പ്രത്യക്ഷയായി അരുളിച്ചെയ്തപ്പോൾ! ആസ്ഥിതിക്കു നമ്മൾ ഈവേദിയനെവെട്ടിക്കൊല്ലുന്നപാപം ഇനി എത്രജന്മം അനുഭവിച്ചാൽതീരും? നമുക്കുവരവും വേണ്ടാ—വാഴ്ചയും വേണ്ടാ—ബലിയും വേണ്ടാ—കൊലയും വേണ്ടാ—വന്നവഴിമടങ്ങിപ്പോകുന്നതാണുനന്നു്.

രാജാവു്—നാം ഇപ്പോൾ ഈബ്രാഹ്മണനെ വെട്ടിബ്ബലികൊടുക്കാത്തപക്ഷം, അതിനായി ഇനിഒരുജന്മം ജനിക്കേണ്ടിവരുമല്ലോ—കർമ്മഫലം എപ്പോഴായാലും അനുഭവിച്ചില്ലാതെതീരുമോ? അതുകൊണ്ടുനാം ഒന്നുചേർന്നു് അദ്ദേഹത്തെവെട്ടി ബ്ബലികൊടുത്തു്, രണ്ടുകൂട്ടരുടെയും കടപ്പാടുതീർക്കുന്നതാണുനന്നു്—അതിനുപകരം പിന്നെ നമ്മൾ അദ്ദേഹത്തിന്റെ കൈയാൽ വധിക്കപ്പെടാതിരിക്കാൻ ഉപായം ഞാൻകണ്ടിട്ടുണ്ടു്—വരിക—

ഇങ്ങനെ പറഞ്ഞുമന്ത്രിയെ സമ്മതിപ്പിച്ചു്, രണ്ടാളുംകൂടിച്ചെന്നു ബ്രാഹ്മണനെനമസ്കരിച്ചു കൂട്ടിക്കൊണ്ടുപോയിഭദ്രകാളിയുടെ മുമ്പിൽ എത്തി. ഏകകാലത്തിൽതന്നെരണ്ടാളുമായിഅദ്ദേഹത്തെവെട്ടിബ്ബലികൊടുത്തു. ഉടനേ,പ്രസന്നയായദേവി, പ്രത്യക്ഷയായി എന്തുവരമാണുവേണ്ടതെന്നു രാജാവിനോടുചോദിച്ചു.

രാജാവു്:—"ദേവി, ജയിച്ചാലും! ജയിച്ചാലും! ഈബ്രാഹ്മണശ്രേഷ്ഠൻ വീണ്ടും,ജീവിച്ചെഴുന്നേല്ക്കുന്നതിനും, മന്ത്രിയുടെ ഇഷ്ടമേതോ അതു ലഭിക്കുന്നതിനും എനിക്കുവരം തരണം" എന്നപേക്ഷിച്ചു.

രാജാവിന്റെ യുക്തിയുക്തമായ അപേക്ഷകേട്ടു സന്തുഷ്ടയായദേവി ആ വരങ്ങൾ രണ്ടും കൊടുത്തിരിക്കുന്നുവെന്നും, മൂന്നാമതൊരുവരം കൂടി ആവശ്യപ്പെട്ടാൽ കൊടുക്കാമെന്നും അരുളിച്ചെയ്തു. ഉടനേ,

രാജാവു്:—"ദേവി! അങ്ങനെയാണെങ്കിൽ ഞങ്ങൾക്കു മൂന്നാൾക്കും മോക്ഷപ്രാപ്തിയുണ്ടാകാൻവരം തരണം."എന്നഭ്യർത്ഥിച്ചു.

ദേവി:—"ഇതാ!ഈമന്ത്രം മുടങ്ങാതെ ജപിച്ചുകൊണ്ടാൽ ഒടുവിൽ നിങ്ങൾക്കു മൂന്നാൾക്കും മോക്ഷംലഭിക്കും"എന്നരുളിച്ചെയ്തു് ബ്രാഹ്മണനെയും ജീവിപ്പിച്ചെഴുന്നേല്പിച്ചശേഷം, മറഞ്ഞു.

രാജാവുംമന്ത്രിയും ബ്രാഹ്മണനുംസന്തോഷസാഗരനിമഗ്നന്മാരായി, പട്ടണത്തിലെത്തി,സുഖമായിതാമസിച്ചു. ജീവഹിംസചെയ്യുന്നവരെ വീരമഹാകാളിക്കു ബലികൊടുക്കുന്നതാണെന്നു അദ്ദേഹം നാടൊട്ടുക്കു വിളംബരം പ്രസിദ്ധപ്പെടുത്തി: അനന്തരം, ജീവകാരുണ്യവ്രതം പൂണ്ടു്, കാളി ഉപദേശിച്ചമന്ത്രജപത്തോടുകൂടിയിരുന്നു്, ഒടുവിൽ മോക്ഷപദം അടയുകയുംചെയ്തു. അതുകൊണ്ടു്, ജീവകാരുണ്യം തന്നെയാണു് ഉത്തമവ്രതമെന്നുള്ളതിനു സംശയമില്ല. കൂടാതെ, ജഡഭരതനും ജീവകാരുണ്യ വ്രതത്താലാണല്ലോ ബ്രഹ്മാനന്ദത്തെ അടഞ്ഞതു്.

ഇപ്രകാരം കബീർ പറഞ്ഞവസാനിപ്പിച്ചപ്പോൾ, ജഡഭരതന്റെ കഥ എങ്ങനെയാണു കേൾക്കട്ടെ എന്നുതമാൽ ചോദിച്ചു അതിനുത്തരമായി—കബീർ:—

(കിളിപ്പാട്ടുമട്ടു്)

എങ്കിലോ കേൾപ്പിൻപൂതചരിതൻഭരതന്റെ പങ്കിലേതരമായജീവകാരുണ്യവ്രതം* പണ്ടൊരുകാലമയോദ്ധ്യാപതി,നാഭാഖ്യൻ തണ്ടെടുപ്പിച്ചാൻ,ജഡഭരതൻതന്നെക്കൊ

ണ്ടേ* പൊണ്ണന്മാക്കൊപ്പം നടന്നെത്തായ്കനിമിത്തമായ് ഇണ്ടലോടുമാറു ഭൂപനവനെ പ്രഹരി
ച്ചാൻ* തെല്ലു നരാജാധികലപ്രിയമുണ്ടായില്ല തെല്ലുമക്കാലം തത്ത്വദർശിയാം ഭരതനും * ഇ
ല്ലന്യന്മാർ തങ്കൽനിന്നെന്നുള്ളോരാത്മൈക്യജ്ഞാനമുള്ളുന്നതഹോ ദേഹസ്നേഹമെന്നിയേ ധീ
രൻ* വല്ലകീടവും കാലിന്നുള്ളിൽ പെട്ടഹോ നാശിക്കില്ലല്ലീ എന്നു ശങ്കമുഴുത്തു മന്ദം മന്ദം * കാ
ലുകളൂന്നിപ്പിന്നെ നിശ്ചലം നിന്നാൻ മഹാ ജീവകാരുണ്യശാലി; ജീവാത്മമൂകതൻ ധീമാൻ * ഭൂ
പനുമതു കണ്ടധിക്കാരമെന്നോർത്തിട്ടു കോപേന ഭരതനെ പ്രഹരാദിയാൽ വീണ്ടും * ദണ്ഡിച്ചോ
രളവിലും ഏതുമൊന്നിളകീല പണ്ഡിതന്മാർക്കു ദേഹസ്നേഹമുൾഭവിക്കുമോ? * ജീവരാശിക
ളെല്ലാമേകനാമാത്മാവിന്റെ ഭാവഭേദമെന്നതത്ത്വത്തെ സ്മരിച്ചവൻ* സാവധാനനായ്
ഹിംസാകർമ്മത്തിൽ വെറുപ്പോടു മാവിരാനന്ദമാർദ്രനിർമ്മലമനസ്സോടും * ഭൂവിയജ്ജലാഗ്നി
വാതങ്ങൾ ചേർന്നുള്ള ദേഹാവിനാശത്തിന്റെ ക്ഷണഭംഗുരതയും * വേർപാടുമാത്മാവിങ്ക
ൽനിന്നുള്ളതെല്ലാമോർത്തു താപകോപങ്ങൾ ചെയാതിവണ്ണമുരചെയ്തു * ഭൂപ! നീ താൻ പ്രഹരി
ക്കിലെന്തഹോ തലവെട്ടിത്താഴത്തുതള്ളീടിലുമില്ലിനിക്കൊരുഭയം * കാലത്താലദ്ദേഹം മണ്ണാ
യിമാറേണ്ടുന്ന ഭാഗങ്ങൾ രണ്ടു തമ്മിൽ മുട്ടുന്ന പ്രകൃതിയിൽ* കേവലം സ്വയംജ്യോതീരൂപനാമെ
നിക്കിന്നു താപലേശത്തിനുണ്ടോ കാരണമതുമല്ല * ജീവഹിംസയിലിച്ഛവരുമോ നമുക്കു ഭൂ
പതേ! മനക്കാമ്പു തെളിഞ്ഞു നിരൂപിക്ക തന്നെപ്പോൽ തന്നെ മറ്റുള്ളവരെയെന്നു നണ്ണി ധ
ന്യരാം പദവിയെ പ്രാപിക്കാതവിവേകാൽ * ഏതുമെശരീരത്തിലിച്ഛപൂണ്ടുള്ള ജീവൻ ത
ന്നെ ഹിംസിച്ചാലെന്തു പാപമെന്നു ഹാഹാ! * ഇങ്ങനെ ഭരതന്റെ ചാരുഗീരുകൾ കേട്ടു മ
ന്ദനാം മഹീപാലൻ ഭയവിഹ്വലനായി* തന്നത്താനറിഞ്ഞൊരു ശാന്തനാം തപോധനൻ ത
ന്നെയീ മഹാത്മാവെന്നു നണ്ണിനാൻ ഭരതനെ* എന്നെ നിന്തിരുവടി കാത്തുകൊണ്ടഭീഷ്ടങ്ങൾ
തന്നനുഗ്രഹിക്കണമെന്നു വീണപേക്ഷിച്ചാൻ* പിന്നെയും ചൊന്നാൻ നൃപശേഖരൻ ഭവല്പാ
ദപുണ്ഡരീകത്തിലുറ്റ ഭക്തിയും വിവേകവും* എന്നകമലർക്കാവിലുണരാൻ ഭവൽക്കൃപാ ബി
ന്ദുജാലങ്ങൾ വർഷിക്കേണമേ ദയാനിധേ! * രാജവാക്യങ്ങൾ കേട്ടു സന്തുഷ്ടാത്മനാ ചൊന്നാൻ
പൂജനീയനാം ബ്രഹ്മനിരതൻ ഭരതനും * ഹേ ജനാശ്രയ! മനോമദത്താൽ വധം ചെയ്താൻ ഭൂജ
ന്മൂർത്തികളായ വിബുധന്മാരായാലും,* പാപത്തിൻ ഫലമനുഭവിപ്പാൻ ധരണിയെ പ്രാപിച്ചു
ശരീരിയായ് പലനാൾ നരകിക്കും* ഭൂപതേ തത്ത്വബോധിയാം ഭവാനതു മൂലം ജീവഹിംസ
യെ വർജ്ജിച്ചീടുക നിരന്തരം * ദേവദേവനാമീശന്തന്റെ സൃഷ്ടിയിൽ പെട്ട കേവലപു
ണ്യപാപാധീനരായ് വർത്തിക്കുന്ന* ജീവികൾക്കന്യോന്യമഹിംസയ്ക്കുമധികാരമൊന്ന
ത്തുമില്ല വിശ്വസിച്ചീടുക * ജീവിയെ ഹിംസിപ്പവൻ മഹാനരകത്തിൽ മേവി നീണാള
പ്പാപം ഭുജിച്ചുഴലുകയും ഞാനം* മന്നിൽ മനുഷ്യർക്കു ശാന്തതയത്രേ മഹാ മാന്യരത്യധികം ദയയെ
ന്നറിയണം* ഒന്നിലും കനിവയെന്യേ കോപശീലന്മാരായ മന്നോരെ വല്ലാതില്ല കാണ്മാനിങ്ങൊ
രേടത്തും* എറുമ്പു മുതലായ ചെറുജന്തുക്കൾ മെയ്യിൽ ലൊരു ഭാഗത്തെങ്ങാനുമൊന്നു ദംശിച്ചീട്ടു
കിൽ* തിരകെ, ഒട്ടി, അല്ലി, യതിനെ വധിക്കിലേ പൊറുതി മനുഷ്യർക്കുള്ളൂ നന്നാം കണ്ടീടു
ന്നു* നോവെല്ലാറ്റിനുമൊന്നു പോലെയെന്നനുഭവിയ്ഭാവമില്ലഹോ കഷ്ടമതിനാൽ മനുജന്മാ
ർ* ജീവന്മുക്തരായ് തീരുവതിന്നാവതാരുമൊരുണ്ടു ഭൂവിലിങ്ങനെ ദുഃഖിപ്പതിന്നെന്തൊരുക
റ്റം! * മുറ്റും താന്താങ്ങൾ ചെയ്യും ദുഷ്കൃതം സുകൃതവും മറ്റാരും ഭുജിപ്പതിനില്ലെന്നു ധരിക്ക
ണം* പല്ലുകോടികൾ കൊണ്ടും മായ്ക്കപ്പോകയുമില്ല തൽ ഫലമനുഭവിച്ചൊടുങ്ങീടാതെനൂനം
ജീവിയെക്കൊന്നതിന്നാദരവോ പോഷണം ചെയ്യും പാപിയെ കണ്ടാൽ കണ്ണു കഴുകിക്കുളിക്കണം
* അവിധം ചോറപ്പെട്ടു ദേഹമെത്ര നാൾ നിൽക്കുമാവതൊന്നതുകൊണ്ടു ഫലവുമെന്തൊന്നുള്ളൂ
അകയാലജ്ഞാനാന്ധകാരത്തെ നീക്കി ബ്ഭവാൻ ജീവകാരുണ്യം മുഖ്യവ്രതമായ് വരിച്ചുട
ൻ* ജീവിതശേഷം നന്നിച്ചുവെന്നാജ്ഞാപിച്ചു പാവനാത്മാവാം ജഡഭരതൻ നിൽക്കുന്നേ
രം * നിമിയാമബ്ഭൂമീന്ദ്രൻ വന്ദിച്ചു മന്ദം തെളിഞ്ഞമലപദപ്രാപ്തിക്കുന്നിത്തൻ പുരം പുക്കാൻ
അമലാത്മാവായ ജ്ഞാനപരിപൂതനാം ഗംഗ കല്ലത്തിങ്കൽ ബ്രഹ്മാനന്ദത്തേൻ നിറയവേ *
നിഭൃതം സ്ഥിതിചെയ്തും ഭരതൻ പരബ്രഹ്മ മപരമല്ലെന്നായിതെന്നിലെ തെളിഞ്ഞു കണ്ട
ദ്വൈതബുദ്ധ്യാ സമാധിസ്ഥനായ് ജീവന്മുക്തവിദ്യയാ വിനോദിച്ചു വാണിതന്നകളിനാൻ പ
ല്ലക്കചുമക്കവാൻ വിളിച്ചോരളവിങ്കൽ തെല്ലുമെതിരിയന്യേ ചെന്നരാൻ നൃപാലന്റെ * ത

ല്ലുകളേററപോതുമപ്രിയംകരുതാതെചൊല്ലിനാനുപദേശവാക്യങ്ങളതുമല്ലു* വല്ലാത്തമനോമോഹംതീൎത്തു തന്നരേന്ദ്രനു*നല്ലസദ്ഗതികൊടുത്തോരുപുണ്യാത്മാവായ രാമൻതന്റെചാരുചരിതകൃപാമൃതപരിപാവനമിടമോൎത്തുകൊള്ളുവിൻനിങ്ങൾ* ഒരുനാളുമേജീവഹിംസചെയ്യരുതെന്നപരമതത്വസാരമിതിനാലറിയുവിൻ * വേധാവിൻഗളച്ഛേദംചെയ്കയാൽമഹേശ്വരൻആധാരമെന്ന്യേപരിഭ്രമിച്ചുപലേടവും ഘോരാത്മാവായരാമചന്ദ്രനുംമറഞ്ഞുനിന്നാദിതേയേന്ദ്രപുത്രനായബാലിയെച്ചെല്ലാൽ * അമ്പെയ്തുവധിക്കയാലടുത്തജന്മത്തിങ്കൽശബരാകൃതിപൂണ്ടബാലിതാനയച്ചോരു * ബാണത്താൽ പ്രാണാപായംഭവിക്കാനിടയായി ന്ദനമിക്കർമ്മബന്ധം ഭുജിക്കാതൊടുങ്ങുമോ * ആനയെന്നോൎത്തുമുന്നമൊരുനാളിരവിങ്കൽ മാനിയാംദശരഥൻ താപസകുമാരനെ വധിക്കയാലേനിജപുത്രന്റെ വിയോഗത്താൽ മരിച്ചു കാമലീലാവേളയിൽഹരിണത്തെഹനിച്ചപാണ്ഡുരാജൻപത്നിയെപഞ്ചബാണരസത്താൽതൊട്ടനേരം പഞ്ചത്വംപ്രാപിച്ചുപോൽ * ബാലകാലത്തിലൊരുതുമ്പിയെക്കഴുവേററിലീലയാമഹാമുനിമാണ്ഡവ്യനതുമൂലം * ശൂലത്തിൽപതിക്കമാറായിപോലനന്തരം കാലത്തിൽ, പ്രാരബ്ധങ്ങൾഭുജിക്കാതൊടുങ്ങുമോ? * ഇല്വലൻവാതാപിയുംതമ്മിൽചേൎന്നുദിനം നല്ലതാപസന്മാരെച്ചതിച്ചുവധിക്കയാൽ* കല്യനാമഗസ്ത്യനുഭക്ഷണമായിത്തീൎന്നുവല്ലോവാതാപിയെന്നദുഷ്ടരാക്ഷസവരൻ * ജീവകാരുണ്യമില്ലാജ്ജന്മമേമൃഗജന്മം ജീവകാരുണ്യമില്ലാത്തപസ്സുവൃഥാഫലം * ജീവകാരുണ്യമില്ലാതുള്ളദുഷ്ടന്മാരത്രേ ജീവിതംദുഃഖപൂൎണ്ണമായിട്ടനയിപ്പവർ*ജീവകാരുണ്യമുള്ളോർസൎവ്വവന്ദ്യന്മാരാകും ജീവകാരുണ്യംകൊണ്ടുമുക്തിയുംലഭിക്കുന്നു * ജീവകാരുണ്യമെന്ന്യേധൎമ്മംകൊണ്ടെന്തുഫലം? ജീവകാരുണ്യമില്ലാതജ്ഞാനംനശിക്കുമോ? * തപവുംജപംധ്യാനംദാനവുംയാഗംയോഗംസൎവ്വമുമ്പായവജീവകാരുണ്യമുള്ളോർ * ചെയ്യേണ്ടതൂനംമനോശുദ്ധനത്താൽതന്നെസൌഖ്യം കൈവന്നുകൈവല്യവുംപ്രാപിക്കുമസംശയം*ദേവപൂജയിൽതന്നെനിത്യവുമിരിക്കിലും ചേതസ്സിൽജ്ഞാനദൃഷ്ടിയുള്ളവാകിലുംസൎവ്വ * ദേവതാപ്രതിമകൾവച്ചുപൂജിച്ചീടിലും ദേവതാലയങ്ങളിലിരുന്നുഭജിക്കിലും*സാധുഉത്തമൻധൎമ്മിയെന്നുപേർലഭിക്കിലും സാധുവായ്‌വരാജീവകാരുണ്യമില്ലെന്നാകിൽ*ജീവഹിംസകൾചെയ്കകുടുംബംപുലൎത്തുന്ന പാപിതൻദുഷ്കൎമ്മത്തിൻഫലസഞ്ചയമെല്ലാം * ഭോഗിച്ചുഭാൎയ്യാപുത്രർവാണ്ടുമാമരിക്കുമ്പോൾപാപംചെയ്തവൻതന്നെഭുജിക്കെന്നതേവരൂ * ആകയാൽസൎവ്വോത്തമമായപാഠംനമ്മൾക്കു ജീവഘാതകനെന്ന പേരിനുവശപ്പെടാൻ * ഏതെല്ലാമാപത്തുകൾക്കിടയാകിലും,പക്ഷേ ജീവനുഹാനിതന്നെവന്നുസംഭവിക്കിലും * ധീരനായവൻവഴിക്കൂട്ടാതെയിരിക്കണം സാരമാമുപദേശമില്ലിതിൽകവിഞ്ഞൊന്നും.

ജീവകാരുണ്യപ്രധാനമായ ഉരുകഥയെ ഇങ്ങനെ, കബീർ പറഞ്ഞതുകേട്ടപ്പോൾ, തമാൽ സന്തോഷസാഗരനിമഗ്നനായി- പുത്രനെ ഗാഢാശ്ലേഷംചെയ്തു- "ഹേ സല്പുത്ര! നിന്റെപിതൃഭാവംലഭിക്കകൊണ്ടു് ഞാൻ ഭാഗ്യവാനായിത്തീൎന്നിരിക്കുന്നു. അമൃതധാരാമധുരവും അമലസാരഭരിതവുമായ നിന്റെ വാഗ്വിലാസം ആരേയാണാനന്ദിപ്പിക്കാത്തതു്?" എന്നോരോധന്യവാദങ്ങളോടുകൂടി പുത്രഭാൎയ്യാസമേതനായി അട്ടഹാസം സദ്ഭവനത്തെപ്രാപിച്ചു.

തുലുക്കന്മാർ, കബീറിന്റെ വാഗ്വൈഭവത്താൽ വശീകൃതന്മാരായി ജീവഹിംസയിൽ വിരക്തന്മാരായി ഭവിച്ചു. അല്ലയോ സിദ്ധന്മാരേ! അവതാരപുരുഷനായ കബീർദാസന്റെ വചോദീപത്താൽ ഏതൊരുജ്ഞന്റെഹൃദയമാണു് പ്രകാശിതമാകാത്തതു്?

കബീർ ഗോവത്സവധത്തെത്തടുത്ത അദ്ധ്യായം സമാപ്തം.

# പന്ത്രണ്ടാം അദ്ധ്യായം.

---

## (കബീർ തന്റെ പത്നിയെ കച്ചവടക്കാരന്ന വിററതു്.)

അനന്തരകാലത്തിൽ, ജീവകാരുണ്യവ്രതനിഷ്ഠനായ കബീർ അർത്ഥികൾക്ക അന്നവസ്ത്രാദിദാനങ്ങൾ, ലോഭമില്ലാതെ ചെയ്തുതുടങ്ങി. തന്മൂലം പൂർവ്വസ്വത്തും തമാലിന്റെ സകലസമ്പാദ്യങ്ങളും, അല്പകാലംകൊണ്ടു തുലഞ്ഞു. ഒടുവിൽ, നെയ്ത്തുപണിയെടുത്തു്, അതിൽനിന്നുകിട്ടുന്ന ആദായംകൊണ്ടു സുകൃതിയായ ആ കുടുംബം ഉപജീവനം കഴിക്കാൻ നിർബ്ബന്ധമായിത്തീൎന്നു. അങ്ങിനെ കഴിഞ്ഞുവരവേ, ഒരുദിവസം വസ്ത്രംവിലപ്പോകായ്കകൊണ്ടു്, കാലത്തുമുതൽ വൈകുന്നതുവരെ ഭക്ഷണത്തിന്നു് യാതൊന്നുംലഭിക്കായ്കെ, കബീരും കുടുംബവും ഉപവസിക്കാൻ ഇടയായി. ആ അവസരത്തിൽ കബീരിനെ ഒന്നു പരീക്ഷിക്കണമെന്നു നിശ്ചയിച്ചു്, ഭഗവാൻ ഒരുനൂറുദീനന്മാരുടെ രൂപത്തിൽ, അദ്ദേഹത്തിന്റെ (കബീരിന്റെ) പടിവാതുക്കൽ എത്തി—"ഹേ! ധർമ്മശീല! പുണ്യപുരുഷ! ഇന്നു സൂര്യോദയംമുതൽ ഇതുവരെ ഞങ്ങൾക്ക ഭക്ഷണം ലഭിച്ചിട്ടില്ല. പലദിക്കിലും നടന്നു ഞങ്ങൾ യാചിച്ചു. യാതൊരുഫലവുമുണ്ടായില്ല. താങ്കൾ അന്നദാനപ്രഭുവാണെന്നു പലരും പറഞ്ഞുകേട്ടാണിങ്ങോട്ടുവന്നതു്. ഞങ്ങൾക്ക വിശപ്പു സഹിക്കാൻവയ്യാ. സദയം ഞങ്ങളുടെ കുക്ഷിപൂരണത്തിന്നു വല്ലതും തന്നു രക്ഷിക്കണമേ" എന്നപേക്ഷിച്ചു. ഈ അപേക്ഷ, കബീരിന്റെ കാതുകളിൽ "പുണ്ണിലൊരമ്പുതറച്ചതുപോലെ" ദുസ്സഹമായ സങ്കടത്തെ ചെയ്തു. അദ്ദേഹം സഹധർമ്മിണിയെവിളിച്ചു്,—"ഹേ സാധ്വീരത്നമേ! ഇന്നത്തെപ്പകൽമുഴുവൻ ഉപവസിച്ചു് ദുഃഖിച്ചുകിടക്കുന്ന മാതാപിതാക്കളെ ആശ്വസിപ്പിക്കുന്നതിന്നുപോലും ശക്തിയില്ലാതെ വിഷമിക്കുന്ന നാം, ഒരു നൂറുജനങ്ങൾക്ക ഭക്ഷണംകൊടുത്തു് തൃപ്തിപ്പെടുത്തുന്നതെങ്ങിനെ?—'തരാൻ ഒന്നും ഞങ്ങളുടെ കൈയിലില്ല' എന്നെങ്ങിനെയാണു പറക. അതു ഗൃഹസ്ഥാശ്രമികൾക്ക ധർമ്മമാണോ? "ഇരന്നുംകൊടുക്കണം ഇരപ്പോർക്കു്" എന്നാണല്ലൊ പഴമൊഴിതന്നെ—ഹേ പ്രിയതമേ! വിലയ്ക്കുകൊടുക്കാൻ ഇവിടെ വല്ലതുമുണ്ടെങ്കിൽ കൊടുത്തുകളഞ്ഞാലും വേണ്ടില്ല, ഇവരെ തൃപ്തിപ്പെടുത്തിവേണം അയയ്ക്കാൻ. അല്ലെങ്കിൽ അതുമഹാ കഷ്ടമാണു്.

ഇങ്ങിനെ ഭർത്താവുചെയ്ത ധർമ്മസങ്കടവിലാപത്തിന്നുത്തരമായി സുന്ദരി പറഞ്ഞു. സ്വാമിൻ! അങ്ങു്, അറിയാത്തതായി യാതൊന്നും എന്റെ കൈവശമില്ല. ഈ ഗൃഹത്തെത്തന്നെ വിലയ്ക്കുകൊടുക്കാമെന്നുവെച്ചാലും, അതു മറ്റൊരാളുടെ കടപ്പാടിൽ അകപ്പെട്ടിരിക്കുന്നു. കഴുത്തിൽകിടക്കുന്ന മംഗല്യം വില്ക്കാമെന്നുവെച്ചാൽ, മിന്നൊഴികെയുള്ളതെല്ലാം കൊടുത്തുകഴിഞ്ഞുപോയി. മിന്നുകൊടുത്താൽ ഇത്രവളരെ ആളുകൾക്കു് വേണ്ട ഭക്ഷണപദാർത്ഥം കിട്ടുകയുമില്ല. ഇനി എന്താചെയ്ക? എന്നെ ആൎക്കെങ്കിലും വിലയ്ക്കു കൊടുത്തു കിട്ടുന്ന പണംവാങ്ങിക്കണം. എന്നാലും ഈ സാധുക്കളെ വെറുതേ അയച്ചുകൂടാ.

**കബീർ:**—"പാതിയുംമനുഷ്യനു ഭാര്യയെന്നറിഞ്ഞാലും" എന്നല്ലെ പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നതു്? ആ ഭാര്യയെ വിലയ്ക്കുകൊടുത്താൽ പിന്നെ പുരുഷന്റെ ജീവിതംകൊണ്ടെന്തുഫലം.

**സുന്ദരി:**—അങ്ങിനെ വിചാരിക്കാൻ പാടില്ല. സത്യസംരക്ഷണത്തിന്നായി പണ്ടു്, അയോദ്ധ്യാധിപതിയായ ഹരിശ്ചന്ദ്രൻ തന്റെ ഭാര്യയേയും പുത്രനേയും വിലയ്ക്കു കൊടുത്ത കഥ വായിച്ചറിഞ്ഞിട്ടില്ലേ?

**കബീർ:**—ഹേ സഹധർമ്മിണി! നിന്നെക്കൂടാതെ ലോകം എനിക്ക ശൂന്യപ്രായമാണു്. എന്റെ സുഖദുഃഖങ്ങളിൽ ഭാഗഭാക്കായി നിന്നെക്കൂടാതെ ജീവിച്ചിരിക്കാൻ എനിക്കു് അസാദ്ധ്യംതന്നെ.

**സുന്ദരി:**—എന്നാൽ, ഒന്നോ രണ്ടോ ദിവസത്തെ ദാമ്പത്യത്തിനായി എന്നെ വില്ക്കണം.

**കബീർ:**—വിലതന്നു വാങ്ങുന്നവൻ ദൈവബുദ്ധിയുള്ളവനല്ലെങ്കിൽ വല്ല വിടത്വത്തിനും അനുഗ്രഹിച്ചെന്നുവരാമല്ലോ. ചാരിത്രഭംഗം മരണാധികമായ സങ്കടത്തെച്ചെയ്യുന്നതും മഹാ നരകപ്രദവുമല്ലേ?

**സുന്ദരി:**—അതു ശരി പക്ഷേ, അതുമൂലം ഉണ്ടാകുന്ന നരകാനുഭൂതി നാം രണ്ടാളും മാത്രം അനുഭവിച്ചാൽ മതിയാകുമല്ലോ. നൂറുസാധുക്കളുടെ ആർത്തിതീക്കുന്ന പുണ്യമല്ലേ അതേക്കാൾ വലുതു്? എന്നുമാത്രമല്ല ആ ദോഷം ചെയ്യുന്നവനല്ലാതെ അനുസരിക്കുന്നവർക്കു സംഭവിക്കയുമില്ല.

**കബീർ:**—എന്നാൽ ഈ പുണ്യകർമ്മത്തിനായി ഒരുദിവസത്തേക്കു് നീ അന്യനെ പരിചരിച്ചുകൊള്ളാൻ ഞാൽ സമ്മതിച്ചു. അതിനു ആൾ ആരാണു്?

**സുന്ദരി:**—നാം ഗംഗാതീരത്തിൽവെച്ചു പലപ്പൊഴും കാണാറുള്ള ആ വർത്തകയുവാവു്, എന്നെ സകാങ്‌ക്ഷം ദർശിക്കുന്നതു ഞാൻ പലപ്പൊഴും കണ്ടിട്ടുണ്ടു്. അവനോടു നാം ഈ സംഗതിയെക്കുറിച്ചാലോചിക്കതന്നെ.

സുന്ദരിയുടെ ഈ ധൃഷ്ടവചനങ്ങൾകേട്ടു മൌനാനുവാദംപൂണ്ടു നിന്ന കബീരിനെയും വിളിച്ചുകൊണ്ടു അവൾ ആ വർത്തകന്റെ വസതി അന്വേഷിച്ചു പുറപ്പെട്ടു. ദൈവകാരുണ്യത്താൽ അചിരേണ അവനെ വഴിമേൽകണ്ടു മുട്ടുകയും, കബീർ, തന്റെ അഭിലാഷത്തെക്കുറിച്ചു നിശ്ശങ്കം അവനെ ധരിപ്പിക്കയുംചെയ്തു. അപ്രതീക്ഷിതമായ ആ അനുഗ്രഹത്തെക്കുറിച്ചു സന്തുഷ്ടനായ യുവാവു്, ഒരു ദിവസത്തേക്കു തന്റെ ഭാര്യയായിരിക്കാൻ സുന്ദരിയെ അയക്കുന്നപക്ഷം നൂറോഇരുനൂറോ സാധുക്കൾക്കു ഭക്ഷണത്തിനു് വേണ്ടവക തന്നുകൊള്ളാം എന്നു സമ്മതിച്ചു. അതനുസരിച്ചു്, സുന്ദരിയെ അവന്റെ പക്കൽ ഏല്പിച്ചു് 'ഭക്ഷണപദാർത്ഥങ്ങളും വാങ്ങിക്കൊണ്ടു്, കബീർ സ്വഭവനത്തിലേക്കുമടങ്ങിച്ചെന്നു്, അച്ഛനമ്മമാരുടെ സഹായത്തോടുകൂടി ഭക്ഷണപദാർത്ഥങ്ങൾ പാകംചെയ്തു്, ആ സാധുക്കളെ ഊട്ടി സംതൃപ്തരാക്കിഅയച്ചു. സുന്ദരിയെ വിലയ്ക്കുവാങ്ങിയ വർത്തകൻ, പണ്ടു പാഞ്ചാലിയെക്കണ്ട കീചകനെപ്പോലെ ആതുരനായി, രാത്രിയായപ്പോൾ, വേഷഭൂഷാദികൾ അലങ്കരിച്ചു്, ആ ദേവിയുമായി പള്ളിയറയിൽ പ്രവേശിച്ചുവാതിലും ബന്ധിച്ചു-"പ്രിയതമേ! പലനാളായി നിന്നെഞാൻഅനുഗ്രഹിക്കുന്നു." എന്നോരോന്നു പറഞ്ഞുതുടങ്ങിയ അവസരത്തിൽ, ഭഗവാൻ, ആ നഗരാധ്യക്ഷന്റെ വേഷത്തിൽചെന്നു്, കതകിൽമുട്ടി. എടാ ദുശ്ശീല! തിരിവില്ലാത്ത മൂഢ! നീ എന്തൊന്നിനാണു് ആരംഭിക്കുന്നതു? വേഗം കതകുതുറക്കൂ പഞ്ചമഹാപാതകങ്ങളിൽഒന്നായപരസ്ത്രീസംഗമത്തിനല്ലേ നിന്റെഭാവം? എന്നുചോദിച്ചുകൊണ്ടു്, കതകുപൊളിയത്തക്കവണ്ണം ഉറക്കെ മുട്ടിത്തുടങ്ങി. വർത്തകൻ ഭയപ്പെട്ടു നടുങ്ങി, സുന്ദരിയോടു, കട്ടിലിൻ കീഴിൽ ഒളിച്ചിരുന്നുകൊള്ളാൻ പറഞ്ഞിട്ടു്, ചെന്നു കതകുതുറന്നു. വിളിച്ച ആളിനെ അവിടെയെങ്ങും കണ്ടില്ല. അവൻ പൂർവ്വാധികം ഭയപ്പെട്ടു്, വീണ്ടും കതകടച്ചുംവെച്ചു്, സുന്ദരിയുടെ സമീപത്തിൽ ചെന്നിരുന്നു. ഉടനേ വീണ്ടുംകതകിനു പ്രഹരംകേട്ടുതുടങ്ങി. വീണ്ടും വർത്തകൻ എഴുന്നേററു കതകുതുറന്നു. ചുററുംനോക്കിയതിൽ ആരെയും കണ്ടില്ല. പിന്നെയും, കതകുബന്ധിച്ചുംവച്ചു സുന്ദരിയുടെ അരികിൽ എത്തി, അവളെ ആലിംഗനംചെയ്യാൻ ഭാവിച്ചപ്പോൾ, കതകു ഭസ്മമായിപ്പോകത്തക്കവണ്ണം പ്രഹരിച്ചു പിളർന്നുതള്ളി, ഭഗവാൻ, നഗരാധ്യക്ഷന്റെരൂപത്തിൽ അകത്തുകടന്നുചെന്നു്, എടാപഞ്ചമഹാപാതക! നീ എന്തൊരു സാഹസമാണു പ്രവർത്തിക്കാൻ ആരംഭിച്ചതു്? "ഗുരുപത്നീ രാജപത്നീ ജ്യേഷ്ഠപത്നീ തഥൈവ ച പത്നീമാതാ സ്വമാതാ ച പഞ്ചൈതാ മാതരസ്മൃതാഃ" എന്ന നീതിവാക്യത്തെ ലംഘിക്കാനാണോ നീ പ്രയത്നിച്ചതു്? ഈ മഹതി ആരാണെന്നു നിനക്കറിയാമോ? നമ്മുടെ ഗുരുസ്വാമിയായ കബീർദാസരുടെ സഹധർമ്മിണിയല്ലേ? നമസ്കരിച്ചു പൂജിക്കേണ്ട ദേവിയെ നീ പത്നിയാക്കി സ്വീകരിച്ചുവോ? അവരെക്കാമിച്ച നിന്റെ കരളും ദർശിച്ചകണ്ണും ചൂഴ്ന്നെടുക്കാതെയും, സ്പർശിക്കാൻ ഭാവിച്ചകൈയും അസംബന്ധ

ങ്ങൾ പുലമ്പിയന്നാലും അറുത്തുകളയാതെയും, ഞാൻ അടങ്ങുന്നതല്ല. എന്നിങ്ങനെ കഠിനമായി അധിക്ഷേപിച്ചു വടികൊണ്ടു പ്രഹരംതുടങ്ങി. അവൻ പരവശനായി തളൎന്നുവീണപ്പോൾ, സുന്ദരിയെ കൈക്കുപിടിച്ചുകൊണ്ടുവെളിക്കിറങ്ങി, കബീരിന്റെഭവനത്തിൽ കൊണ്ടാക്കിയുംവെച്ചു മറയുകയുംചെയ്തു. സത്യസന്ധയായ അവൾ മടങ്ങിപ്പോകാതിരിക്കത്തക്കവണ്ണം, ഭഗവന്മായയാൽ അപ്പോൾ അവിടെ കഠിനമായ ഒരു കാററും മഴയും ഉണ്ടായി. മനസ്വിനിയായ ആ സാധ്വീരത്നം ധൎമ്മസങ്കടത്തിലകപ്പെട്ടു, ഓരോന്നു വിചാരിക്കാൻതുടങ്ങി. ഹാ! ദൈവമേ! ധനംതന്ന ആ വൎത്തകനു കടപ്പെട്ട എന്നെ, ഇപ്രകാരം ബലാൽപിടിച്ചുകൊണ്ടുപോന്നതു നീതിയാണോ? ഭൎത്താവറിഞ്ഞാൽ എന്തുപറയും? ഇങ്ങനെ വിലപിച്ചുംകൊണ്ടു, അകത്തുകടന്നു ചെന്നപ്പോൾ; സാധുപൂജചെയ്തു സംതൃപ്തനായി ഭഗവദ്ധ്യാനത്തോടുകൂടിയിരുന്ന കബീർ, അവളെക്കണ്ടു, കോപാകുലനായി ഭവിച്ചു. ഹാ പ്രിയപ്പെട്ടദേവി! നീ എന്തൊരു സാഹസമാണു കാണിച്ചതു? ഇന്നേക്കു നീ ആ വൎത്തകനു കടപ്പെട്ടവളല്ലയോ? അവന്റെ അനുവാദംകൂടാതെ, ഇപ്പോൾ ഇങ്ങോട്ടുപോരാൻ കാരണമെന്തു? നീ അവനെ വഞ്ചിച്ചുംവെച്ചു, ഒളിച്ചുപോന്നതായിരിക്കണം അല്ലേ? ഗുരുതരമായ ഒരു പ്രയോജനത്തിന്നായി പഞ്ചമഹാപാതകങ്ങളിൽ ഒന്നായ വ്യഭിചാരം ചെയ്യുന്നതിന്നു യാതൊരു ദോഷവുംഇല്ല. പാതകങ്ങൾക്കു പ്രായശ്ചിത്തം വിധിച്ചിട്ടുണ്ടു. എന്നാൽ സത്യലംഘനമാകുന്ന പാപം പരിഹരിക്കാൻ പ്രായശ്ചിത്തവിധികളില്ല. സത്യപരിപാലനത്തിന്നായി പണ്ടു, ഹരിശ്ചന്ദ്രൻ പലക്ലേശങ്ങൾ സഹിച്ചു. ദശരഥനും കൎണ്ണനും ജീവനെപ്പരിത്യജിച്ചു. പരമശിവൻപോലും വൃകാസുരനേ ഭയന്നോടി. അൎജ്ജുനൻ കൃഷ്ണനോടു യുദ്ധംചെയ്തു. ഇക്കഥകളൊന്നും നീ അറിഞ്ഞിട്ടില്ലയോ?" ഇങ്ങനെ പലതും പരുഷംപറഞ്ഞ ഭൎത്താവിനെ വന്ദിച്ചു സുന്ദരിപറഞ്ഞു "സ്വാമിൻ! പതിവ്രതകൾക്കു ഭൎത്തൃശാസനം വേദവാക്യമാണെന്നറിഞ്ഞിരിക്കുന്ന ഞാൻ അതിനെ ലംഘിക്കുമെന്നാണോ വിചാരം? ഒരിക്കലും ഇല്ല. ഞാൻ മടങ്ങിപ്പോന്നതു സ്വയമേവ ചെയ്തതുമല്ല. വൎത്തകഭവനത്തിൽ ഞങ്ങൾ ഉറക്കറയിൽ പ്രവേശിച്ചപ്പോൾ, അക്കഥ എങ്ങനെയോ മനസ്സിലാക്കിയ, നഗരാദ്ധ്യക്ഷൻവന്നു കതകിന്നുമുട്ടി വിളിച്ചു. വൎത്തകൻ കതകുതുറന്നതിൽ വിളിച്ച ആളിനെക്കണ്ടില്ല. ഇങ്ങനെ ഒന്നുരണ്ടു പരിവൃത്തികഴിഞ്ഞപ്പോൾ വൎത്തകൻ പിന്നെക്കതകുതുറന്നില്ല. ഉടനേ കോപാധീനനായി നഗരാദ്ധ്യക്ഷൻ വാതിൽ തള്ളിപ്പൊളിച്ചകത്തുകടന്നു. പരദാരങ്ങളെ ഇച്ഛിച്ച അനീതിയെപ്പററി വൎത്തകനെ കഠിനമായി അധിക്ഷേപിക്കയും, പ്രഹരിക്കയും ചെയ്തശേഷം, എന്നെപ്പിടിച്ചു വലിച്ചു, ഇവിടെക്കൊണ്ടുവന്നാക്കിട്ടു പൊയ്ക്കളഞ്ഞു. ഭൎത്താവിനെക്കാണാതെ വൎത്തകഭവനത്തിലേക്കുതന്നെ മടങ്ങിപ്പോകാമെന്നുവെച്ചാൽ, അതിന്നു നിവൃത്തിയില്ലാതവണ്ണം മഴയും കാററും തുടങ്ങിയതുകൊണ്ടാണു, ഞാൻ ഇങ്ങോട്ടുപോന്നതു." ഇത്രയും പറഞ്ഞശേഷം, സുന്ദരി, സത്യലംഘനസങ്കടത്താൽ വാവിട്ടു നിലവിളിച്ചു. അതുകേട്ടു ഞെട്ടിയുണൎന്നു തമാലും ഝിജ്ജാബീബിയും കാരണമറിയാതെ പരിഭ്രമിച്ചു, അവിടെ ഓടിയെത്തി. ഉടനെ, ക്രോധപരവശനായി കൈയിൽ ഒരുവടിയും എന്തിക്കൊണ്ടു, നിന്ന കബീർ, അവരെനോക്കിപ്പറഞ്ഞു—അച്ഛനമ്മമാരേ! നിങ്ങളും ഞാനും ഇന്നുവരെ ചരിച്ച സുകൃതത്തിന്റെ ഫലം ഒരു കടപ്പാടുകൊണ്ടുനശിച്ചുപോകുമെന്നു തോന്നുന്നു. ഞാൻ ഇവളെ ഇന്നേക്കു ദാസ്യത്തിന്നായി ഒരു വൎത്തകനു വിലയ്ക്കുകൊടുത്താണു, ഭക്ഷണപദാൎത്ഥങ്ങൾവാങ്ങി, ഇന്നിവിടെവന്ന സാധുക്കളെ ഭുജിപ്പിച്ചതു. എന്നിട്ടു, അതെങ്ങനെയോ മനസ്സിലാക്കിയ നഗരാദ്ധ്യക്ഷൻ, വൎത്തകന്റെ വീട്ടിൽ ബലാൽ കടന്നുചെന്നു, അവനെ കഠിനമായി ഉപദ്രവിച്ചു, ഇവളെപ്പിടിച്ചിറക്കിക്കൊണ്ടുവന്നു, ഇവിടെ വിട്ടേച്ചു പൊയ്ക്കളഞ്ഞു. അവൻ അത്യാധികാരം ചെയ്യാൻ കാരണം എന്താണെന്നെനിക്കറിയണം എന്റെ യോഗദണ്ഡാൽ ഇക്ഷണം അവനെ ഞാൻ സംഹരിക്കുന്നുണ്ടു. എന്നുപറഞ്ഞു, ഭാൎയ്യയേയും കൈക്കുപിടിച്ചുകൊണ്ടു, വെളിക്കിറങ്ങി ഓടി, ക്ഷണേന നഗരാദ്ധ്യക്ഷന്റെ വീട്ടിൽചെന്നു കതകുതള്ളിപ്പൊളിച്ചകത്തുകടന്നു. "എടാദുഷ്ടാ! അനീതി പ്രവൎത്തിക്കയാണോ നഗരാദ്ധ്യക്ഷന്റെ കടമ? ഞാൻ എന്റെദാസ

ധർമ്മിണിയെ ഇന്നേക്കു കച്ചവടക്കാരനു വിലയ്ക്കുകൊടുത്ത സംഗതിയിൽ ഏടപെടാനും, അതിനെ വിരോധിക്കാനും "നിനക്കെന്തുകാൎയ്യം? ക്ഷണം വെളിക്കിറങ്ങിവന്നു്, തക്കസമാധാനം പറഞ്ഞില്ലെങ്കിൽ, ഈ യോഗദണ്ഡാൽ പ്രഹരിച്ചു്, നിന്റെ വംശവിച്ഛേദം വരുത്തുന്നുണ്ടു്" എന്നട്ടഹസിച്ചു ക്രോധതാമ്രാക്ഷനായി നില്ക്കുന്ന കബീർദാസനെക്കണ്ടു്, ഭയപ്പെട്ട നഗരാധ്യക്ഷൻ, സാധ്വിനായ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു ശരണം പ്രാപിച്ചു. "ഹേ യോഗയോഗേശനായ മുനീശ്വര! ജ്ഞാനനിധേ! നിന്തിരുവടി അല്പനായ അടിയനിൽ കോപിക്കരുതു്. നിന്തിരുപ്പാദങ്ങളല്ലാതെ അടിയനു വേറെ ശരണമില്ല. ഇപ്പോൾ ഇവിടെ അരുളിച്ചെയ്തപ്രകാരമൊന്നും അടിയൻ പ്രവൃത്തിച്ചിട്ടില്ല. ആരോ അങ്ങനെ ചെയ്തിട്ടു, അടിയന്റെ പേരിൽ അപവാദം ചുമത്തിയതായിരിക്കാം. ഇപ്പോൾതന്നെ ആ വത്സനെപ്പോയിക്കണ്ടു്, നമുക്കു് ആ പരമാർത്ഥം അറിയാവുന്നതാണു്." എന്നറിവിച്ചശേഷം, എല്ലാവരുമായി നേരെ വത്സന്റെ വീട്ടിൽചെന്നുചേർന്നു. വത്സൻ അടികൊണ്ടു മോഹാലസ്യപ്പെട്ടു കിടക്കുകയായിരുന്നു. എല്ലാവരുമായി ഉപചരിച്ചു്, ഒരുവിധത്തിൽ ബോധം ഉണ്ടാക്കിയപ്പോൾ നഗരാധ്യക്ഷനെനോക്കി സാധുവത്സൻ നടുങ്ങി നിലവിളിച്ചുതുടങ്ങി. രണ്ടാമതും എന്നെ തല്ലിക്കൊല്ലാനാണോ വന്നിരിക്കുന്നതു്? എന്നുപറഞ്ഞു വീണ്ടും മൂർച്ഛിതനായികിടന്നു. ഇതുംകണ്ടപ്പോൾ, കബീറിന്റെമുഖം ക്രോധകരാളമായി ഭവിച്ചു. അദ്ദേഹം സംഹാരരുദ്രനെപ്പോലെ നഗരാധ്യക്ഷനെനോക്കി, എടാ ദുഷ്ട! ഈ സാധുവത്സനെ പ്രഹരിച്ചതു നീയല്ലെന്നല്ലെ പറഞ്ഞതു്? ഇപ്പോൾ കള്ളി വെളിക്കായില്ലേ? സുന്ദരിയും വത്സനും അതിലേക്കു സാക്ഷിയായിരിക്കുന്നു. ഇതാനോക്കു് എന്നുപറഞ്ഞു, അവന്റെ മസ്തകത്തെ ലക്ഷ്യമാക്കി യോഗദണ്ഡോങ്ങിയപ്പോൾ, ഭക്തവത്സലനും ഭക്തദാസനുമായ ഭഗവാൻ ശ്രീനാരായണൻ, പ്രസന്നമുഖനായി പ്രത്യക്ഷപ്പെട്ടു്, 'ഹേ! കോപപരിഭ്രാന്തനായ കബീർദാസ! നഗരാധ്യക്ഷൻ വത്സനെ പ്രഹരിച്ചില്ലെന്നുപറഞ്ഞതു പരമാർത്ഥമാണു്. പ്രഹരിച്ച നഗരാധ്യക്ഷൻ ഇതാ ഈ നില്ക്കുന്ന ഞാനാണു്—അതിനാൽ അവന്റെ നേർക്കോങ്ങിയ യോഗദണ്ഡിനെ എന്റെ മുതുകിൽ ഏല്പിച്ചു്, നിന്റെ കോപംശമിപ്പിച്ചുകൊള്ളുക. എന്നിങ്ങനെ മന്ദഹാസമധുരമാംവണ്ണം അരുളിച്ചെയ്തിട്ടു്, നവരത്നഖചിതമായ കനകകിരീടത്താൽ വിളങ്ങുന്ന ഭഗവച്ഛിരസ്സു്, കുനിഞ്ഞു കബീർദാസന്റെ നേർക്കു മുതുകുകാട്ടിനിന്നുകൊടുത്തു.

ഭഗവാനെക്കണ്ടു്, ഭക്തിപരവശനായ കബീർ, യോഗദണ്ഡു് ദൂരെ എറിഞ്ഞുകളഞ്ഞിട്ടു ആനന്ദബാഷ്പപരിപ്ലുതനായി തൃപ്പാദങ്ങളിൽ ദണ്ഡനമസ്കാരംചെയ്തു പറഞ്ഞു.. അനാഥരക്ഷക! അഖിലബ്രഹ്മാണ്ഡനായക! ശ്രീരാമ! പരശുരാമ! ബലരാമ ഭക്തജനഹൃദയരാമ! വിഗതവിരാമ! മുനിജനഭൃംഗാരാമ! മുഖവിജിതസോമ!—നിന്തിരുവടി അവത്സനെ തൃക്കൈകളാൽ സ്പർശിച്ചനുഗ്രഹിച്ചു അടിയനുവേണ്ടി നഗരാധ്യക്ഷവേഷവും ധരിച്ചുവോ? ഹാഹാ! നിന്തിരുവടിയുടെ കരസ്പർശം ഏൽക്കത്തക്കവണ്ണം ഇവൻ ചെയ്തഗണ്യമായ പുണ്യംഏതായിരിക്കാം? അടിയനെ, ഈ തൃക്കൈകളാൽ ഒന്നു പ്രഹരിക്കാൻ കരുണചെയ്തില്ലയോ? അടിയന്റെ മുമ്പിൽ സർവവന്ദ്യമായ ഈ ശിരസ്സു താഴ്ത്തത്തക്കതോ? പാദഭക്തയായ സുന്ദരിയുടെ പാതിവ്രത്യത്തെ പരിപാലിക്കാനല്ലേ എഴുന്നള്ളിയതു്? ഹാ ഭക്തദാസ നിന്തിരുവടിയുടെ കരുണയ്ക്കു നമസ്കാരം.

**ഭഗവാൻ:**—കബീർദാസ! നീ ചെയ്തതെന്തൊരു നാടകമാണു്? തന്റെ ഭാര്യയെ മറ്റൊരുത്തൻ നോക്കിപ്പോയെങ്കിൽ കൊലപാതകത്തിനു നില്ക്കുകയാണു ലോകസ്വഭാവം. അങ്ങനെയിരിക്കേ, നീ മനസ്സറിഞ്ഞു മറ്റൊരുത്തനായി ഭാര്യയെക്കൊടുക്കാമെന്നു നിശ്ചയിച്ചതെന്തൊരു മൂഢത്വമാണു്? നിനക്കു മാനമില്ലേയോ? മര്യാദയില്ലയോ? ദ്വേഷമില്ലേയോ? ധർമ്മാർത്ഥമായും ഭാര്യയെ വില്ക്കുന്നവർ എല്ലാവരുമുണ്ടോ? തന്റെ കാര്യത്തിനായി സാധുസ്ത്രീകളുടെ ചാരിത്രഭംഗം ചെയ്യുന്നതു എത്ര നീചമാണു്? എത്ര അപകീർത്തികരമാണു. പണ്ടു ശിവനും ശ്രീരാമനും അവരുടെ പത്നികളെ അന്യാധീനത്തിൽ അയച്ചില്ലയോ എ

ന്നു നീ ചോദിക്കുമായിരിക്കാം. ശരിതന്നെ പക്ഷേ, അവർ ഈശ്വരന്മാരാണ്. അന്ന്യന്മാരുടെ ആശയെനിറവേററി ബന്ധംനീക്കുന്നതിനും, ധർമ്മസ്ഥാപനത്തിനുമായിട്ടാണ് അവർ അങ്ങനെ ചെയ്തിട്ടുള്ളത്. എന്നിട്ടും, അവക്കും അതുസംബന്ധമായിദുഷ്കീർത്തിയുണ്ടായിട്ടുണ്ട്. പിന്നെമനുഷ്യരുടെ കഥപറവാനുണ്ടോ? നീ ആശം ആവശ്യപ്പെടാതെ, ആവശ്യമുള്ളവരെ അന്വേഷിച്ചുചെന്നല്ലെ ഭാര്യയെക്കൊടുത്തത്? ഹാ! നിനക്കുനാണമില്ലല്ലോ. അല്പംഭക്ഷണപദാർത്ഥങ്ങൾക്കായിസ്വന്തഭാര്യയെക്കൊടുത്തവർവല്ലവരുമുണ്ടോ? ഉണ്ടെങ്കിൽ, മറെറാരാളെക്കൂടിനീപറക!

കബീർ.—ഭഗവാനെ നോക്കി, സ്വാമിൻ! ഞാൻ, നീ, എൻേറതു, നിൻേറതു്, മാനം, അവമാനം, മുതലായവികല്പങ്ങളെല്ലാം നിന്തിരുവടിയുടെ മായാസംബന്ധമായുള്ള മിഥ്യാബോധങ്ങളല്ലയോ? അതേവിശ്വാസപൂർവ്വം സേവിക്കുന്നവക്ക്, അജ്ഞാനാന്ധകൂപത്തിൽ വീണു്, മാർഗ്ഗവിഭ്രമത്തോടുകൂടി ഉഴലുന്ന, സംസാരികളുടെ മിഥ്യാഭ്രാന്തികൾസംഭവിക്കുമോ? നിന്തിരുവടികളുടെ സഹോദരിയായ സുഭദ്രയെ ബലഭദ്രനറിയാതെഅർജ്ജുനനുകൊടുത്തതു് അപമാനകരമല്ലയോ? അർജ്ജുനൻ, അശ്വമേധയാഗത്തിനു കുതിരയെനടത്തിപ്പോയപ്പോൾ, ഒരു ദിവസംരാത്രിയിൽ കാമപരവശനാകവേ,സുഭദ്രപോയി അദ്ദേഹത്തെ ആശ്വസിപ്പിച്ചതു കുറവല്ലയോ? അങ്ങയുടെ മായാവിലാസങ്ങളെഞാൻ വിസ്തരിച്ചുപറയണമെന്നുണ്ടോ? "മർമ്മമറിഞ്ഞവക്മാനമില്ല അതുപോലെ ഇച്ഛകളെ പരിത്യജിച്ചവക്ക് കുറവുമില്ല" എന്നപഴമൊഴികളുമോ നേരോ? അതുപോകട്ടേ, സാധുക്കൾക്കവേണ്ടി, സഹായംചെയ്ത വത്തകനെ,നിന്തിരുവടി, വെറുതേ അടിച്ച്, എൻെറ വാഗ്ദാനത്തെയും വിഫലമാക്കിച്ചെയ്തല്ലോ? എന്നുപറഞ്ഞു വന്ദിക്കുമ്പോൾ,

ഭഗവാൻ:—ഹേകബീർദാസാ! വത്തകൻസാധുക്കൾക്കു അന്നം കൊടുത്തതൊക്കെ ശരിതന്നെ എങ്കിലും, സാദ്ധ്വിയായനിൻെറ സഹധർമ്മിണിയെ തൊട്ടുപോയെങ്കിൽ ഉടനേഭസ്മമായിത്തീരുമായിരുന്നുവെന്നുള്ളതിനു സംശയമില്ല; നിനക്കു സഹായംചെയ്തവൻെറ ജീവനാശം വരുത്തുകയാണോ നീചെയ്യേണ്ട പ്രത്യുപകാരം? നിൻെറ പത്നിയെ തൊട്ടു ഭസ്മമാകാൻ ഭാവിച്ചവനെ അതിനിടയാക്കാതെ, ഞാൻ അടിച്ചതു്, അധർമ്മമെന്നാണോ നീപറയുന്നതു? അതുനീതന്നെ ആലോചിച്ചു നോക്കിയാൽ അറിയാവുന്നതാണല്ലോ.

കബീർ:—സ്വാമിൻ!ഞാൻ "സമ്മതിച്ചുകൊടുത്തിട്ടല്ലേ അവൻപരിഗ്രഹിക്കുന്നതു്? അതിനു അവൻെറ പേരിൽ കുററമുണ്ടോ? അവൻ ബലാൽക്കാരം ഒന്നും ചെയ്തില്ലല്ലോ.

ഭഗവാൻ—ഭക്തോത്തമനായ കബീർദാസ! അവനാഗ്രഹമുണ്ടായിട്ടല്ലയോനീകൊടുക്കാൻ ഇടയായതു്. എന്നാലും എരിയുന്നതീക്കനലിൽ തൊട്ടാൽ ചൂടുപിടിക്കാതിരിക്കുമോ? നീ അവനുസ്വന്തമാക്കിക്കൊടുത്തെന്നുംവച്ച്, ചാരിത്രമാകുന്നവഹ്നി എരിഞ്ഞുകൊണ്ടുനില്ക്കുന്ന അസതീരത്നത്തിനെതൊട്ടാൽ വേകാതിരിക്കുന്നതെങ്ങനെ?സ്വന്തമാണു വിളക്കെന്നുവെച്ച്, അതിലെ ദീപത്തെപ്പിടിച്ചാൽ കൈപൊള്ളുമെന്നുള്ളതിനു സംശയമുണ്ടോ? പരസ്ത്രീഗമനം ശാസ്ത്രത്താൽ വിരോധിക്കപ്പെട്ടതല്ലയോ? പരസ്ത്രീഗാമികൾക്കു അധോഗതിയല്ലാതെ, മേന്മയുണ്ടായി കേട്ടിട്ടുണ്ടോ? ബലാൽ തന്നെ ഒരു സ്ത്രീസമീപത്തുവന്നാലും അവൾവേശ്യയാണെന്നു കരുതി, അവൾക്കുമുഖം കൊടുക്കാതിരിക്കണമെന്നാണു വേദവിധി; പരസ്ത്രീയെ മോഹിക്കയാൽ പെരുമ്പാമ്പായിപ്പോകട്ടെയെന്നുശാപംകിട്ടിയനഹുഷൻെറകഥ നീകേട്ടിട്ടില്ലയോ? പരസ്ത്രീഗമനംചെയ്തവൻഈ ലോകത്തിലുംപരലോകത്തിലും ദുഃഖിയായിത്തന്നെയിരിയ്ക്കുമെന്നും,പാപികളിൽവച്ചു മഹാപാപിയായ അവൻെറ വംശം പോലും നശിക്കുമെന്നും, രൌരവാദിനരകങ്ങൾ അനുഭവിച്ചശേഷം, അവൻ പിശാചായിജനിച്ച്, ലോകങ്ങളിൽ അലയുമെന്നും വേദവിധിയുണ്ട്. പരസ്ത്രീയെ സ്പർശിക്കുന്ന കൈയും ദർശിക്കുന്നകണ്ണും, ശൃംഗാരവാക്കുകൾ പറയുന്നനാവും പ്രത്യേകം കാലദൂതന്മാർ അറുത്തുമുറിച്ചുതള്ളുകയും ചെയ്യും. അതുമതിക്കുകതന്നെ കുടുംബത്തോടുകൂടി നശിപ്പിക്കുന്നതു നീതിയാകുമോ? ചാരിത്രശുദ്ധിയില്ലാത്ത പത്നി പരമശത്രുവാണെന്നു പറയപ്പെടുന്നിരിക്കുന്നു. സാധുക്കൾക്കുഭക്ഷണം കൊടുത്തു നീവിശുദ്ധനായിത്തീർന്നിരിക്കെ,

വത്സകൻ നിന്റെ പത്നിയെമോഹിക്കയാൽ നരകവാസത്തിനർഹനായി തീർന്നിരിക്കുകയാണ്. ബലാൽതന്നെ നീ ആ സാധുവത്സകനു നിന്റെ ഭാര്യയെക്കൊടുത്തിട്ട്, അവനെ നരകാന്ധകൂപത്തിൽ തള്ളിയതു നീതിയാണോ?

കബീർ:—ജഗന്നായക! നിന്തിരുവടിയുടെ തൃക്കൈകളാൽ പ്രഹരം ഏൽക്കാൻ ഭാഗ്യമെത്തിയ അവനു് ഇനി നരകങ്ങളുണ്ടോ? വളരെക്കാലം തപസ്സുചെയ്യുന്നവർക്കുപോലും ലഭിക്കാത്ത അങ്ങേദർശനം സിദ്ധിച്ച പുണ്യവാനായ അവനു അധഃപതനമുണ്ടാകുന്നതെങ്ങനെ? അല്ലയോ ദീനദയാലുവായ ഭഗവാനേ! എന്റെ വാഗ്ദാനത്തെ ഏതുവിധത്തിലെങ്കിലും സത്യമാക്കാൻ ഒരുവഴി പറഞ്ഞുതന്നു്, എന്നെ രക്ഷിക്കണമേ!

ഭഗവാ:—നിനക്കധീനയായിട്ടിരിക്കുന്ന മുക്തിയാകുന്ന ഭാര്യയെ അവനു കൊടുത്തു്, അവളുമായി സ്നേഹിച്ചിരിക്കത്തക്കവണ്ണം ചെയ്താലും!—എന്തെന്നാൽ, "സാധുസംഗതിതന്നെ മോക്ഷകാരണം" എന്നുള്ളതിനു സംശയമില്ല. ഇങ്ങനെ അരുളിച്ചെയ്തശേഷം, ഭഗവാൻമറഞ്ഞു.

അനന്തരം വത്സകൻ കബീരിന്റെ തിരുവടികൾവന്ദിച്ചു ചുംബിച്ചു്:—"അല്ലയോ സദ്ഗുരുനാഥ! പരിശുദ്ധജ്ഞാനിൻ! നിന്തിരുവടിയുടെമഹിമയറിയാതെ ഞാൻ ചെയ്ത അപരാധത്തെ സദയംക്ഷമിച്ചെന്നെ രക്ഷിക്കണമേ" എന്നിങ്ങനെസ്തുതിവാക്യങ്ങൾ വർഷിച്ചുകൊണ്ടു്, സുന്ദരീദേവിയുടെ കാൽപ്പൂക്കളിൽ ദണ്ഡനമസ്കാരംചെയ്തുപറഞ്ഞു.—"എന്നെജനിപ്പിച്ച അമ്മേ! കാമവിഭ്രാന്തനായ നിന്തിരുവടിയെ ദർശിച്ച എന്റെ കണ്ണുകൾ പൊട്ടാത്തതും ശൃംഗാരവാക്കുകൾ പറഞ്ഞ നാവുപുഴുക്കാത്തതുംമഹാഗുണംതന്നെ. തവ്വതിയെപ്പോലെയുള്ള ദേവിമാരുടെ പാതിവ്രത്യനിഷ്ഠകൊണ്ടല്ലയോ കടൽകര കവിഞ്ഞു കയറാതെനിൽക്കുന്നതും സൂര്യ്യാദിനക്ഷത്രങ്ങൾ നിവിലില്ലമായിനടക്കുന്നതും. ദേവിയുടെ മഹിമയുടെ ഗൌരവംവിചാരിച്ചാൽ അതിനോടുപമിക്കാൻ ഒന്നുംതന്നെ ഞാൻകാണുന്നില്ല. ആകാശവും ഭൂമിയുമെന്നും അതിനോടുതുല്യമാണെന്നെനിക്കുതോന്നുന്നില്ല. ശ്രീനാരായണസ്വാമിയുടെ ദർശനത്തെ അരക്ഷണംകൊണ്ടു സാധിച്ചുതന്ന അമ്മേ! അപരാധിയായ ഇവന്റെമേൽ അപ്രിയമുണ്ടാകാതെ രക്ഷിച്ചുകൊള്ളണമേ!"

വത്സകന്റെ സ്തുതിവാക്യങ്ങളാൽ പ്രസന്നയായ സുന്ദരീദേവി, കരുണാകടാക്ഷംതൂകി അനുഗ്രഹിച്ചു്, പരമഭക്തോത്തമനായി ഭവിക്കട്ടെ എന്നാശീർവദിച്ചു. അനന്തരം ഭർത്താവിനെനോക്കി—"പ്രിയതമ! മണവാളനാകാൻവന്നു മകനായിത്തീർന്നകഥപോലെ പുത്രഭാവേന നമ്മെ ശരണംപ്രാപിച്ചുനിൽക്കുന്ന ഈ വത്സകനെ സകരുണംകടാക്ഷിച്ചു സന്തുഷ്ടനാക്കിരക്ഷിച്ചാലും" എന്നപേക്ഷിച്ചു.

ദയാലുവായ കബീർദാസൻ ഉടൻതന്നെ വത്സകന്റെ നാവിന്മേൽ താരകമന്ത്രാക്ഷരം എഴുതി, നിഷ്കാമിയായി ഭവിക്കട്ടെ എന്നാശീർവാദംചെയ്തു്, ബന്ധപാശങ്ങൾതീർത്തുമോക്ഷവനിതയുമായി ആനന്ദിച്ചിരിക്കുമാറു അനുഗ്രഹിച്ചശേഷം, പത്നീസമേതനായി സ്വഗൃഹത്തെ പ്രാപിച്ചു. അപ്പോൾ, അവിടെ നാരദാദിമുനിജനപരിവൃതനായ ഭഗവാൻ എഴുന്നള്ളിയിരിക്കുന്നതുകണ്ടു്, വിസ്മയാനന്ദപരവശരായ ആ ദമ്പതിമാർ സാഷ്ടാംഗപ്രണാമംചെയ്തു വാഴ്ത്തിസ്തുതിച്ചു. വത്സകഭവനത്തിൽവച്ചു്, ആ ക്ഷണത്തിൽ മറഞ്ഞരുളിയ ഭഗവാനെ, വീണ്ടും സന്ദർശിക്കാൻ ഇടയായതിനെക്കുറിച്ചു സന്തോഷഭരിതരായി അവർ നിൽക്കുമ്പോൾ, ഭഗവാൻ, തൃക്കൈകളാൽ കബീർദാസന്റെ മസ്തകത്തിൽ തലോടി—"ഹേ പരമഭാഗവതനായ കബീർദാസ! ഗൃഹസ്ഥാശ്രമപ്രധാനമായ അന്നദാനധർമ്മത്തെ സംരക്ഷിക്കുന്നതിൽ നിനക്കുള്ളമാത്രം നിഷ്ഠയുണ്ടെന്നു പരീക്ഷിക്കുന്നതിനു ഞാൻതന്നെയാണു്, ഈ മുനിശ്രേഷ്ഠന്മാരുമായി, അർത്ഥികളുടെ വേഷത്തിൽനിന്നോടുവന്നു അന്നം യാചിച്ചതു്. അതുസംബന്ധമായി നീ കാണിച്ച ധർമ്മനിഷ്ഠ എന്നെ അത്യന്തം സന്തുഷ്ടനാക്കിയിരിക്കുന്നു. ദേവന്മാരും ഭക്തന്മാരും മൂലം ദുഷ്ടന്മാരായ അസുരാദികൾക്കു ഞാൻ മരണാവസരത്തിൽ ദർശനംകൊടുത്തിട്ടുള്ളതുപോലെ, നീമൂലം ഇപ്പോൾ, പരസ്ത്രീഗമനം ഇച്ഛിച്ചവത്സകൻമുതലായവർക്കും എന്റെ ദർശനം ലഭിക്കാൻ ഇടയായിരിക്കുന്നു" എന്നരുളിച്ചെയ്തു. എന്നിട്ടു്, ജിജ്ജാബീബിയേ

യും തമാലിനേയും നോക്കി—"ഹേ സുകൃതികളെ! നിങ്ങൾ ഇനി വാനപ്രസ്ഥാശ്രമത്തെ സ്വീകരിച്ച്, വൈരാഗ്യത്തെ സാധൂകരിച്ച് മോക്ഷപദം അടഞ്ഞുകൊൾവിൻ" എന്നനുഗ്രഹിച്ച് മുനിശ്രേഷ്ഠന്മാരുമായ് അന്തർധാനംചെയ്തു.

അനന്തരം, തമാൽ സർവോൽകൃഷ്ടമായ ഗുരുവാക്യത്തെക്കാളും ആദരണീയമായ ദൈവവാക്കെന്നുള്ള നിശ്ചയത്തോടുകൂടി സഭാര്യനായി വനയാത്രയ്ക്കൊരുക്കമായി. ഭഗവൽഭക്തനും ഭഗവത്തുല്യനുമായ മകനെ മാറോടണച്ചാശ്ലേഷംചെയ്തു ഭാഗ്യവാനായ തമാൽ ഇങ്ങനെ ഉപദേശിച്ചു—"സുകൃതിയായ പുത്ര! ശ്രീഭഗവാൻ നമുക്ക്, അടിക്കടി ദർശനം തരുന്നുവെന്നു നീ അഹ്ലാദിക്കേണ്ട. ദൈവകടാക്ഷത്താലോ ഗുരുകടാക്ഷത്താലോ മോക്ഷമാർഗ്ഗം അറിയാറാകും. എന്നല്ലാതെ, യോഗം, ത്യാഗം, ദാനം, ധ്യാനം, മൌനം ജ്ഞാനം, ജപം, തപം, മുതലായവകളാൽ ആത്മജ്ഞാനം ലഭിക്കയില്ല. ആചാര്യകടാക്ഷമില്ലാതെ ജ്ഞാനമാർഗ്ഗത്തിലേക്കു മനസ്സു ചായുകയില്ല. ഉപായംകൊണ്ടു സാധിക്കേണ്ടകാര്യം പരാക്രമംകൊണ്ടു സാധിക്കയില്ലെന്നു നിനക്കറിയാമല്ലൊ. വെള്ളത്തിലെക്കുമിളയ്ക്കു തുല്യമായ ഈ ദേഹത്തെ, കേവലം അസ്ഥിരമെന്നല്ലാതെ സ്ഥിരമെന്നു വിദ്വാന്മാർ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, മലമൂത്രാദിദുർഗ്ഗന്ധവസ്തുപരിപൂർണ്ണമായിരിക്കുന്ന ഈ സ്ഥൂലദേഹത്തെ ഞാൻ എന്നഭിമാനിച്ചു തന്നെത്താൻ മറന്നിരിക്കുന്ന അവിവേകികൾ അജ്ഞാനാന്ധകാരനരകക്കുഴിയിൽവീണു നരകഭവനമായ ഈ ശരീരത്തിൽ മോഹിച്ചു രാജയക്ഷ്മാവു കുഷ്ഠം മുതലായ വ്യാധികളാൽ പീഡിക്കപ്പെട്ടു, ഹതാശന്മാരായി നശിച്ചുചെന്ന്, കാലന്റെ ബന്ധനങ്ങൾക്കു അധീനന്മാരായിഭവിക്കുന്നു. അനന്തരം പാപപുണ്യപരിണാമങ്ങൾക്കൊപ്പം ദൈവത്തിന്റെ മുമ്പാകെ സങ്കോചപ്പെട്ടു, അദ്ദേഹത്തിന്റെ ആജ്ഞയാൽ മാതൃഗർഭത്തിൽ പതിച്ച് കലലബുദ്ബുദാദിമാംസപേശികളായി ക്രമേണ അവയവവ്യക്തിഭവിച്ച് പൂർവ്വസ്മരണയാൽ ദൈവത്തെ ഭജിച്ച്, യഥാകാലം ഭൂമിയിൽ പിറന്നുവീഴുന്നു. പിന്നീടു ശൈശവം മലമൂത്രാദിമലിനമായ ശയ്യയിൽ കിടന്നുകഴിച്ചുകൂട്ടി, പരസഹായത്താൽവളർന്നു കൌമാരംപ്രാപിക്കുന്നു. ആ കാലം വിദ്യാഭ്യാസത്താലും ബാലലീലകളാലുംകഴിയുന്നു. യൌവനയുക്തനായാൽ കാമിനീസമേതനായി കാമലീലകളിൽ മോഹിച്ച്, ദൈവഭജനം ചെയ്യാതെ വാർദ്ധക്യത്തിലെത്തുന്നു. അപ്പോൾ, പുത്രൻ, ദ്രവ്യധനം, എന്നീമോഹങ്ങളാൽ ജ്ഞാനത്തിനോ ഭഗവദ്ധ്യാനത്തിനോ സംഗതിയാകാതെ, നരകത്തിനുകെട്ടിയ വിത്തായി ജീവിക്കുന്നു. വയസ്സേഴുപതായാലും മരണം സമീപസ്ഥമായി എന്നു സമ്മതിക്കാൻ അവർക്കു ഒരുക്കമില്ല. ഇനിയും ആയുസ്സുകിടക്കുന്നസ്ഥിതിക്ക്, ഇപ്പോഴേമോക്ഷത്തിനു പ്രയത്നിക്കേണ്ട ആവശ്യമില്ല എന്നാണ് അപ്പോഴും അവരുടെഭാവം. ഇങ്ങനെ മോഹിതന്മാരായി പുഴുപ്പിണ്ഡമെന്നു പ്രത്യക്ഷമായ ഈ ശരീരത്തെ, ഏതൊരുമായാമോഹത്താൽ വിശ്വസിച്ചിരിക്കുന്നുവോ അങ്ങനെയുള്ളവർക്കു വത്സരമാണുപ്രമാണം. വാചാജ്ഞാനികൾക്കു മാസമാണുപ്രമാണം. മോക്ഷേച്ഛുക്കൾക്കു ദിവസവുംയോഗാഭ്യാസികൾക്കു നാഴികയും, സിദ്ധന്മാർക്കു ശ്വാസവുംപ്രമാണമായിരിക്കുന്നു. അതുകൊണ്ട്, ഒരുമുഹൂർത്തത്തിനിടയ്ക്കു മുപ്പത്തിയാറുപ്രാവശ്യം, ഭഗവാൻപ്രത്യക്ഷനായാലും പോരാ മനസ്സുവേണം കരുതുവാൻ; മായയെന്നതു് നിഴൽപോലെ പിരിയാതെയിരുന്നുകൊണ്ട്, ഏകകാര്യത്താൽ നമുക്ക് അധീനപ്പെട്ടുമോ, നമ്മുടെ പ്രപഞ്ചരൂപ...ദികളെകടക്കാനമാർഗ്ഗങ്ങളെ അന്വേഷിക്കുമോ എന്നവിചാരത്തോടുകൂടി കല്ലുമേലറക്കുന്നതുപോലെ നമ്മുടെ മനസ്സിനെക്കലക്കി മോക്ഷമാർഗ്ഗത്തെ നിരോധിച്ച്, ചുഴലിക്കാറ്റിൽ പെട്ടകരിയിലപോലെജനനമരണത്തിരമാലകളോടുകൂടിയസംസാരസമുദ്രത്തിൽ മുങ്ങിക്കിടക്കുകയെന്നു, പ്രതിനിമിഷം ശാസിച്ചുകൊണ്ടേയിരിക്കും. എന്നുമാത്രമല്ല, എന്റെ പുത്ര! ദൈവത്തെക്കാളും വലിയവൻ ഗുരുവാണെന്നു ശാസ്ത്രങ്ങൾ സിദ്ധാന്തിക്കുന്നു. ദൈവത്തിന്റെ അനിഷ്ടം ആചാര്യകടാക്ഷത്താൽപരിഹരിക്കപ്പെടും. എന്നാൽ ഗുരുവിന്റെ ശാപത്തെപ്പരിഹരിക്കുന്നതിനുദൈവത്താലും സാധ്യമല്ല. അതിലും കാര്യകാരണങ്ങളെന്ന ...മാർഗ്ഗങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യന്മാരിൽ കാരണഗുരുവാണ പ്രധാനാചാര്യൻ. കാരണഗുരുവിന്റെലക്ഷണങ്ങൾ തിരിച്ചറിയുന്നതിനു ആത്മജ്ഞാനികൾക്കേസാധിക്കൂ എന്നത്രെവിദ്വാന്മാർ

പറയുന്നതു്. ഈ ലോകബന്ധങ്ങളെ നശിപ്പിച്ചു്, ആത്മമാത്രബോധമായിരിക്കുന്ന കാരണഗുരു പരബ്രഹ്മമാണെന്നു വേണം പറവാൻ. മാതൃദ്രോഹി പിതൃദ്രോഹി ദൈവദ്രോഹി എന്നൊക്കെപ്പറയാതെ, ഗുരുദ്രോഹി എന്നു സാധാരണപറയുന്നതു്, ശരീരമനോവ്യഥകളെ നശിപ്പിച്ചു്, എപ്പൊഴും ഏകാഗ്രമനസ്സായി ഗുരുപാദശുശ്രൂഷകൾചെയ്തു്, ഗുരുനാമങ്ങളെത്തന്നെ മനസ്സിൽധ്യാനിച്ചു, ശിരസ്സിൽ കൈകളെവെച്ചു്, മായാകാൎയ്യങ്ങളിലേക്കു വ്യതിചരിക്കുന്ന മനസ്സിനെ നിയന്ത്രിച്ചു നശിപ്പിച്ചു്, സങ്കല്പവികല്പങ്ങളും നാമരൂപാദികളുമില്ലാത്ത പരബ്രഹ്മമായി, മനസ്സിനഗോചരമായി, വാക്കാൽവെളിപ്പെടുത്താൻ പാടില്ലാത്തതായി ആനന്ദമാത്രമായിരിക്കുന്ന പദപ്രാപ്തിയെ അറിയിച്ചു് തരുന്ന സദ്ഗുരുനാഥനു ചെയ്യേണ്ടുന്ന പ്രത്യുപകാരഗൌരവത്തെ സൂചിപ്പിച്ചാണു്. ഗുരുനിഷ്ഠയെക്കാളും ശ്രേഷ്ഠത്വം ബ്രഹ്മനിഷ്ഠക്കില്ല. ശുഭാശുഭങ്ങളെന്നു രണ്ടുവിധത്തിലുള്ള വിഷയാനന്ദങ്ങൾക്കായി, കാകൻ, ശ്വാവു മുതലായ നികൃഷ്ടജീവികളെപ്പോലെ പരിഭ്രമിക്കുന്ന ശരീരികൾ, ദേഹസുഖത്തെക്കാൾ ഇന്ദ്രിയസുഖമാണുവലുതെന്നറിയുന്നപോലെ മനസ്സുഖത്തെക്കാൾ ജീവസുഖമാണുവലുതെന്നറിഞ്ഞാലെന്താണു്? ജീവസുഖം ബ്രഹ്മാനന്ദമല്ലാതെ മറ്റെന്താണു്! ആ ബ്രഹ്മാനന്ദത്തെത്തരുന്ന ആചാൎയ്യന്റെ പാദശുശ്രൂഷകൾ ചെയ്യരുതോ? അതുമൂലം സകലപാപങ്ങളും നശിക്കയില്ലയോ? ദേഹസുഖം മരണപൎയ്യന്തമല്ലാതെ നിലനില്ക്കുമോ? മനസ്സുഖം മനസ്സിന്റെമാറ്റം വരെയല്ലയോ? ജീവസുഖം മരണംവരെ യല്ലയോ? മരണകാലത്തിൽ ദേഹസുഖത്തേയും ഇന്ദ്രിയസുഖത്തേയും മനസ്സുഖത്തേയും അഗ്രഹിക്കാതെ ജീവസുഖത്തെ വാഞ്ഛിക്കുന്നു എന്നുള്ളതു്, പരമാൎത്ഥമല്ലയോ? സുഷുപ്തിയിൽ ബ്രഹ്മാനന്ദമല്ലാതെവേറുണ്ടോ? ആ സുഖത്തെ ഇപ്പൊഴെ അന്വേഷിക്കുന്നതുനന്നല്ലെന്നുണ്ടോ? സങ്കല്പം ജനനമെന്നും വികല്പം മരണമെന്നും ഉള്ളവാക്യം പരമാൎത്ഥമത്രേ. ദേഹം അസത്യമെന്നു കരുതുന്നവൻ അരനിമിഷമെങ്കിലും ഈ ലോകകാൎയ്യങ്ങളിൽ ശ്രദ്ധയുള്ളവനായിരിക്കുന്നുണ്ടോ? കാട്ടിൽചെന്നു തപോവൃത്തി അനുഷ്ഠിച്ചിരിക്കുന്നവൎക്കു്, ബന്ധക്ലേശങ്ങൾ സംഭവിക്കുമോ? വാക്കിന്റെയും മനസ്സിന്റെയുംവ്യാപാരത്തെ നിയന്ത്രിച്ച ശാന്തന്മാൎക്കു കൎമ്മസംബന്ധമുണ്ടോ? ഇന്ദ്രിയവ്യാപാരങ്ങളോടു കൂടാതെ നിശ്ചലന്മാരായി നിത്യമൌനികളായിരിക്കുന്നവൎക്കേ കൈവല്യസിദ്ധിയുണ്ടാകൂ എന്നു്, താരകമന്ത്രോപദേഷ്ടാവായ കാരണഗുരു ഉപദേശിക്കുന്നു. അദ്വൈതബ്രഹ്മത്തെ കരതലാമലകംപോലെ കാണിച്ചുതരുന്ന കരുണാനിധി അദ്ദേഹമല്ലേ? ത്രികരണങ്ങളുടെയും വ്യാപാരങ്ങളെ ഇല്ലാതാക്കുന്ന മോക്ഷത്തെ തരുന്നയാനിടയാകുന്നഗുരു അക്കുല്യൻ എന്നുവച്ചാൽ, എന്നെക്കാട്ടിൽപോയി തപസ്സുചെയ്യുന്നതിനാജ്ഞാപിച്ച ഈ നില്ക്കുന്ന പരമാത്മസ്വരൂപനുതുല്യനാകുന്നു എന്നുപറഞ്ഞു്, കബീരിന്റെ പുറകിൽ മറഞ്ഞുനിന്ന വിഷ്ണുഭഗവാനെ ചൂണ്ടിക്കാണിച്ചു.

കബീർ, തിരിഞ്ഞുനോക്കിയപ്പോൾ, സീതാസമേതനായിനില്ക്കുന്ന ഭഗവാനെയാണു കണ്ടതു്. ജഗദേകമൂൎത്തിയായ ഭഗവാന്റെ സാന്നിദ്ധ്യത്താൽ ആനന്ദതുന്ദിലനായ കബീർദാസൻ വിമലങ്ങളായസ്തോത്രങ്ങൾ ചൊല്ലി അവരെ ആരാധിച്ചു ദണ്ഡനമസ്കാരംചെയ്തശേഷം പിതാവിനെ നോക്കി, "പ്രിയപ്പെട്ട അച്ഛ! അനാഥനാഥരക്ഷക! നിന്തിരുവടി എന്നെപ്പിരിഞ്ഞുപോകാനാണോനിശ്ചയിച്ചതു? കാട്ടിൽപോയിട്ടു കാൎയ്യമെന്താണു്? നമുക്കുപരലോകസുഖവും മുക്തിയും തരുന്നഭഗവാനല്ലേ ഈ നില്ക്കുന്നതു്? അവിടെയും ഇവിടെയും എന്നല്ല എവിടെയുംനിറഞ്ഞു സൎവ്വസാക്ഷിയായിരിക്കുന്നതു ഇദ്ദേഹം തന്നെയല്ലേ? എന്നു ചോദിച്ചു.

**തമാൽ:**—പ്രിയപുത്ര! സൎവ്വത്ര നിറഞ്ഞിരിക്കുന്നതു്, ബ്രഹ്മൈകരൂപനായ ഈ ഭഗവാൻതന്നെ എന്നിരുന്നാലും, ഇഹലോകത്തിനും പരലോകത്തിനുംതമ്മിൽ എത്രഭേദമുണ്ടോ അത്രയും ഭേദം നാട്ടിനും കാട്ടിനുംതമ്മിൽ ഉണ്ടു്. അതുകൊണ്ടു്, നീ ഭഗവദ്ധ്യാനത്തോടുകൂടി ഇവിടെത്തന്നെ സുഖമായിരിക്കുക. ഞാൻ കാട്ടിൽപോകയാണു്. എന്നു പറഞ്ഞു്, സഹധൎമ്മിണിയോടുകൂടി, യാത്രപുറപ്പെട്ടു. എങ്കിലും പ്രിയപുത്രനായ കബീരിന്റെനേൎക്കുള്ള അതിരറ്റ വാത്സല്യം ആ ദമ്പതിമാരുടെ ജ്ഞാനദൃഷ്ടിയെ അസ്ഥിരപ്പെ

ഷ്പിച്ചതുകൊണ്ടു്, തിരിഞ്ഞുതിരിഞ്ഞുനോക്കി, മനസ്സ കബീരിൻെറ മേലും ശരീരം തപസ്സിലും ഉന്നി ഗതി മന്ദീഭവിപ്പിക്കേണ്ടിവന്നു. പിതൃവാത്സല്യനിധിയായ കബീരും അപ്രകാരംതന്നെ മനോവൃത്തിയെ വശീകരിച്ച വാത്സല്യബന്ധത്താൽ, പിന്നാലെ ഓടിച്ചെന്നു്, തമാലിനെ കെട്ടിപ്പിടിച്ചു കരഞ്ഞുതുടങ്ങി. സുന്ദരിയും അതുകണ്ടു്, ജിജ്ജാബീബിയെ അശ്ലേഷിച്ചു്, കരയാൻ ആരംഭിച്ചു. "മലയാദ്ഭവമായ ചന്ദനത്തിലുമേററമലിയും നഗേന്ദ്രിയംസുതനെപ്പുൽകുന്നേരം" എന്ന ആപ്തവാക്യമനുസരിച്ചു്, തമാലിനുമനസ്സലിഞ്ഞു്, അശ്രുക്കൾ ധാരധാരയായി വാർന്നൊഴുകി. പാണ്ഡുവനവാസത്തിനായി കരഞ്ഞിപ്പോയ പാഞ്ചാലിയെ സാന്ത്വനവാക്കുകളാൽ ആശ്വസിപ്പിച്ചു് വ്യസനിച്ച കുന്തീദേവിയെപ്പോലെ, ജിജ്ജാബീബി, ഗദ്ഗദത്തോടുകൂടിപ്പലതുംപറഞ്ഞു കരഞ്ഞു. ഇങ്ങനെ അവർ നാലാളും പരിദേവനംചെയ്യുന്നതിനിടയിൽ, ശ്രീരാമൻേറയും സീതാദേവിയുടേയും രൂപംധരിച്ചുനിന്ന, ഭഗവാനും മഹാലക്ഷ്മിയുംതമാൽകുടുംബക്കാരോടു ഉടപ്പമുററ അളുകളെപ്പോലെ, ഓടി അടുത്തുചെന്നു്, ഭഗവാൻ, തമാലെയും കബീരിനേയും ഒന്നാകെ കെട്ടിപ്പിടിച്ചും, സീതാദേവി, ജിജ്ജാബീബിയേയും സുന്ദരിയേയുംകെട്ടിപ്പിടിച്ചുംനിലവിളിതുടങ്ങി. ഭൂമികലുങ്ങിയാൽ, അതിൽ ഉൾപ്പെട്ട സകലചരാചരങ്ങളും കലുങ്ങിപ്പോകുന്നതുപോലെ പുരുഷനും പ്രകൃതിയും, അഥവാ, മഹാവിഷ്ണുവും മഹാലക്ഷ്മിയും കരഞ്ഞപ്പോൾ കാശിയിലുള്ള പശുപക്ഷ്യാദി സകലജീവപ്രാണികൾപോലും, കണ്ണീർതൂകി പരിദേവനംതുടങ്ങി. ഇങ്ങനെ രണ്ടുയാമത്തോളം സകലപ്രാണികളും മുറയിട്ടുകൊണ്ടിരിക്കുമ്പോൾ, ശ്രീകാശിവിശ്വനാഥൻ പാർവതീസമേതനായി എഴുന്നള്ളി, കബീരിൻെറ വീട്ടിൽവന്നു്, ഭഗവാനെയും ഭഗവതിയെയും കണ്ടു്, അല്ലയോ ത്രിലോകദൈവതങ്ങളേ! ദേവാധിദേവ! സമുദ്രവസനയായ ദേവി! നിങ്ങൾ എന്തൊരുകളിക്കുത്താണു് കാണിക്കുന്നതു്?— ഇതെന്തൊരു മറിമായമാണു്? അജ്ഞാനികളെപ്പോലെ ഇവരെ മായയിൽ മുഴുകിച്ചു വ്യസനിപ്പിച്ചതുകൂടാതെ, നിങ്ങളും അജ്ഞാനജനത്തെപ്പോലെ പരിദേവനംചെയ്തു്, ഇക്കാശിമുഴുവൻ, രണ്ടുയാമമായിട്ടു നിലവിളിയുടെ ശബ്ദംകൊണ്ടു നിറച്ചിരിക്കുന്നു: നിങ്ങൾ ആരാണെന്നുള്ള കഥ, വിസ്മരിച്ചുപോയെന്നുണ്ടോ? ഭഗവൻ! ശ്രീനാരായണ! നിന്തിരുവടിയാണെയാണോ തമാലിൻെറ മകൻ? ദുഃഖാചരണത്താൽ നിന്തിരുവടി ഇക്കാശിമുഴുവൻദുഃഖപരിപൂർണ്ണമാക്കിച്ചെയ്തുവോ? ഈ ലീല അനുഷ്ഠിച്ചതു്, ഞാൻപുകഴ്ത്താനോ കബീർപുകഴ്ത്താനോ തമാൽ പുകഴ്ത്താനോ എന്തോന്നിനായിട്ടാണു്? അരുളിച്ചെയ്താലും!" എന്നിങ്ങനെ ചോദ്യംചെയ്ത വിശ്വനാഥനോടു യാതൊരു മറുപടിയും പറയാതെ, ഭഗവാൻ വീണ്ടും തമാലിനേയും കബീരിനേയും ആലിംഗനംചെയ്തുകരഞ്ഞുകൊണ്ടു നില്ക്കുന്നതുകണ്ടു്, പരമശിവൻതന്നെ അദ്ദേഹത്തെപ്പിടിച്ചുമാററി. പാർവതീദേവി മഹാലക്ഷ്മിയേയും സമാധാനപ്പെടുത്തി. അനന്തരം കബീറിനെനോക്കി—പരമശിവൻ—"ഹേ കബീർദാസ! അച്ഛനമ്മമാരെക്കുറിച്ചുള്ള സ്നേഹബന്ധം ജ്ഞാനികൾക്കു യുക്തമാണോ? യുക്തമായാൽതന്നെ ഇങ്ങനെ ദുഃഖിക്കാമോ? നിനക്കുവേണ്ടി എത്രനേരമായി ഭഗവാൻ പരിദേവനംചെയ്യുന്നു! ദയചെയ്തു് അദ്ദേഹത്തേയും എന്നെയും നിനക്കൊന്നുനോക്കരുതോ?" എന്നരുളിച്ചെയ്തു. കബീർ, പെട്ടെന്നു കയ്യയച്ചു കണ്ണുതുറന്നുനോക്കിയപ്പോൾ, താൻ കെട്ടിപ്പിടിച്ചിരുന്ന അച്ഛനേയും, അകലെനിന്ന അമ്മയേയും കാണായ്കകൊണ്ടു്, അവർ കാട്ടിൽ പൊയ്ക്കളഞ്ഞതായിരിക്കുമെന്നു നിശ്ചയിച്ചു്, പൂർവാധികം ഉച്ചത്തിൽ നിലവിളിച്ചു. അതുകണ്ടു ഭഗവാൻ പറഞ്ഞു. കബീർദാസ! നീ എന്തിനുകരയുന്നു? നിൻെറ അച്ഛനമ്മമാർ കാട്ടകത്തു പോയതു്. എൻെറ ആസ്ഥാനമായ വൈകുണ്ഠത്തിലാണു്. കിംബഹുനാ, നിൻെറ അച്ഛൻ ഞാൻതന്നെയാണു്. മഹാലക്ഷ്മിയാണമ്മ. ഇതുവരെ നീ വിചാരിച്ചതു നിൻെറ അച്ഛനമ്മമാർ മനുഷ്യരാണെന്നല്ലേ? നീതന്നെ ആരാണെന്നു നിനക്കറിയാമോ? അതറിഞ്ഞാൽ, ഈ സംശയങ്ങളൊക്കെത്തീരും. നീ ഭൂമിയിൽ ജനിക്കണമെന്നു ഞാൻ ആജ്ഞാപിച്ചപ്പോൾ, മാതൃഗർഭത്തിൽ പിറക്കുകയില്ലെന്നു പറഞ്ഞതനുസരിച്ചു്, നിന്നെ യഥോചിതം വളർത്തുന്നതിനായി ഞങ്ങൾ രണ്ടാളും തമാലും ജിജ്ജാബീബിയും

ആയി വന്നുജനിച്ചതാണ്. ആ സ്വരൂപം ഞങ്ങളിൽനിന്നു കാണണമെങ്കിൽ കണ്ടോളൂ. എന്നുപറഞ്ഞ്, ഭഗവാൻ തമാലിന്റെ രൂപമെടുത്തുനിന്നു. മഹാലക്ഷ്മി, ഉടനെ ജിജ്ജാബീബിയായി. പരമശിവനും പാർവതിയും അതുകണ്ടു സന്തോഷിച്ചു, ഭഗവാന്റെ ലീലാവിലാസങ്ങളെക്കാൺമാൻ താല്പര്യമുള്ളവരെപ്പോലെ, നോക്കിക്കൊണ്ടുനില്പായി. തൽക്ഷണംതന്നെ ഭഗവാനും ലക്ഷ്മീദേവിയും അന്തർദ്ധാനംചെയ്കയുംചെയ്തു. ഉദ്ബുദ്ധനായ കബീർ, "ഭഗവാനും ലക്ഷ്മിയും എന്റെഅച്ഛനമ്മമാരായി ജനിച്ചുവോ? അതു അളവററഭാഗ്യവും അത്ഭുതവുംതന്നെ. ഇനി ഞാൻ അച്ഛനമ്മമാരെക്കുറിച്ചു ദുഃഖിക്കുന്നതു ശരിയല്ല." എന്നിവിചാരത്തോടെ സന്തുഷ്ടനായി പാർവതീപരമേശ്വരന്മാരെ സ്തുതിച്ചു. "സ്വാമിൻ! പരമേശ! അച്ഛനമ്മമാരെക്കുറിച്ചു ദുഃഖിച്ച ഈ അജ്ഞാനിക്കു നിങ്ങൾ ദർശനംതന്നുവോ? അതുയുക്തമാണോ? ഹേ ദേവദേവ! നിടിലാക്ഷ! അമ്മേ! ഭദ്രകാളി! അന്നപൂർണ്ണേശ്വരി! വിശാലാക്ഷി! എന്നൊക്കെ സ്തുതിച്ചപ്പോൾ, അവർ പ്രസന്നരായി—"ഹേ ഭാഗവതോത്തമനായ കബീർദാസ! നീ ബ്രഹ്മജ്ഞാനനിഷ്ഠനായി പരമാനന്ദപദം പ്രാപിച്ചാലും! എന്നാശീർവാദംചെയ്തശേഷം മറഞ്ഞു. അനന്തരം കബീർ അച്ഛനമ്മമാരുടെ വിയോഗത്താൽ അല്പം മനഃക്ലേശത്തോടെ അന്നത്തേടം കഴിച്ചുകൂട്ടി. പിറേറദിവസം രാമാനന്ദസ്വാമികളെച്ചെന്നുകണ്ടു്, അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്താൽ ബുദ്ധിതെളിഞ്ഞു സന്തുഷ്ടനായി സേവിക്കുകയുംചെയ്തു.

---

## പതിമൂന്നാം അദ്ധ്യായം.

### (കബീരിന്റെ പുത്രനായ കമാൽ തീർത്ഥയാത്ര പോയതു്.)

കബീർ, ഇങ്ങനെ സുന്ദരിയുമായി സുഖിച്ചിരിക്കുന്ന കാലത്തിങ്കൽ, അവളുടെ അപേക്ഷകൊണ്ടും, അവൾ രംഭയായിരുന്നകാലത്തു്, ഇഷ്ടത്തെ നിറവേററിക്കൊള്ളാമെന്നുള്ള വാക്യത്തെ സത്യമാക്കാനായും, കബീർദാസൻ ഒരു ശുഭമുഹൂർത്തത്തിൽ അവളിൽഗർഭനിഷേകംചെയ്തു. യഥാകാലം നാരദമഹർഷിയുടെ അംശഭൂതനായി മുപ്പത്തിരണ്ടുലക്ഷണങ്ങളുംതികഞ്ഞ ഒരാൺകുട്ടി അവളിൽനിന്നുംജാതനായി. അവന്റെ മുഖം കമലംപോലെ സുകുമാരമായിരുന്നതുകൊണ്ടു അവനു കമാലു് എന്നുപേരിട്ടു്, വാത്സല്യപൂർവം വളർത്തി, നെയ്ത്തുകൊണ്ടു നിത്യവൃത്തി സുഖമായി കഴിച്ചുവന്നു. അങ്ങനെ ഏഴുവർഷം കഴിഞ്ഞപ്പോൾ ഒരുദിവസം കമാലു്, അച്ഛന്റെ പാദങ്ങളിൽ വന്ദിച്ചു "പ്രിയപിതാവേ എനിക്കു ഒരുതീർത്ഥയാത്ര പോയിവരണമെന്നാഗ്രഹമുണ്ടു്. അതിലേക്കു അനുവാദംതരണ"മെന്നപേക്ഷിച്ചു. കബീർ മകനെ വാരിയെടുത്തു മടിയിൽവച്ചുകൊണ്ടു,—"കുഞ്ഞേ നീ അറിയാത്ത ശിശുവല്ലയോ? നീ തനിയേ ഇപ്പോൾ തീർത്ഥയാത്രയ്ക്കൊരുങ്ങിപ്പോകുന്നതെങ്ങനെ? നിസ്സഹായനായി നിന്നെ അയയ്ക്കാൻ എന്റെമനസ്സനുവദിക്കുമോ? അല്പംകൂടി, പ്രായമായിട്ടുപോകാം" എന്നുപറഞ്ഞു. കമാൽ അച്ഛന്റെ പാദങ്ങളെ നമസ്കരിച്ചിങ്ങനെയറിയിച്ചു. പ്രിയപിതാവേ! വെള്ളത്തിലെ കുമിളപോലെ, ക്ഷണഭംഗുരമായ ഈ ദേഹത്തെ, നിത്യമെന്നുവിചാരിക്കുന്നവരല്ലയോ നിശ്ചയിച്ചകാര്യത്തെ പിന്നെയൊരിക്കലേക്കു നീക്കിവെക്കുന്നതു്? ഇതു ക്ഷണഭംഗുരമാണെന്നറിഞ്ഞാൽ ഒരുനിമിഷമെങ്കിലും വെറുതെകളയാനോ പ്രയോജനകരങ്ങളായ കാര്യങ്ങളെ മാററിവെക്കാനോതുനിയുമോ? അതുകൊണ്ടു്, എന്നെ ഇപ്പോൾ തടുക്കാതെ കരുണാപുരസ്സരം അനുവദിക്കയാണു വേണ്ടതു്.

കബീർ:—കുഞ്ഞേ! എള്ളിൽ എണ്ണ എന്നപോലെ സർവത്ര നിറഞ്ഞിരിക്കുന്ന ജ

ഗരീശ്വരനെ, തന്റെ ഇരിപ്പടത്തിൽ ഇരുന്നുതന്നെ ധ്യാനിച്ചുകണ്ടു്, ആനന്ദമൂൎച്ഛകൊണ്ടു മോക്ഷമടയാതെ, വെറുതെ ദേശസഞ്ചാരംചെയ്യുന്നതുകൊണ്ടെന്തുഫലം?

കമാല്:—അച്ഛാ! അച്ഛൻപറഞ്ഞതു സത്യംതന്നെയെങ്കിലും, പുണ്യസ്ഥലങ്ങളെ ദർശിക്കുന്നതു മോക്ഷപ്രദമാണെന്നും, പരിശുദ്ധതീൎത്ഥങ്ങളിൽ സ്നാനംചെയ്താൽ പാപം ക്ഷയിക്കുമെന്നും; സാധുസംസൎഗ്ഗംകൊണ്ടു സന്ദേഹങ്ങളെല്ലാം തീരുമെന്നും, പലദേശങ്ങളിലും സഞ്ചരിക്കുന്നതു ബുദ്ധിവികാസത്തിന്നു നന്നാണെന്നും, വിദ്വാന്മാർ പറഞ്ഞുകേട്ടിട്ടുള്ളതുകൊണ്ടു ഞാൻ യാത്രയ്ക്കൊരുങ്ങിയതാണ്. എന്നെത്തടുക്കാതെ, അനുവദിച്ചയയ്ക്കണം. കബീർ, മകന്റെ വാക്കുകൾകേട്ടു്, അത്ഭുതപ്പെട്ടു്, മകനേ

"ഏകനായ് ചിന്തിച്ചുകല്പിക്കരുതൊരുകാൎയ്യം
ഏകനായ് പെരുവഴിപോകയുമരുതല്ലോ"

എന്നുവിധിതന്നെയുണ്ടു്. അതിനാൽ നീ സാധുക്കളിൽ ഒരുവനെ സഹായത്തിന്നായിക്കൂട്ടിക്കൊണ്ടുപോകുന്നതാണ് നല്ലതു് എന്നുപറഞ്ഞു.

കമാൽ:—അച്ഛാ! അച്ഛൻ അജ്ഞാനികളെപ്പോലെ പറയുന്നതെന്താണ്? രാമനാമമന്ത്രമാകുന്ന വാളും ക്ഷമയാകുന്ന കവചവും, ജീവകാരുണ്യമാകുന്ന തോഴനും എനിക്കു നിത്യസഹായമായുള്ളപ്പോൾ മറ്റുസഹായം എന്തിനാണ്? അങ്ങു്, ഇങ്ങനെ പറയുന്നതു്, അതിരറ്റ പുത്രവാത്സല്യംകൊണ്ടായിരിക്കാം? എന്നുപറഞ്ഞെഴുന്നേറ്റുചെന്നു മാതാവിന്റെ പാദങ്ങളിൽ വണങ്ങി ഞാൻ പോയിവരട്ടെ എന്നു യാത്രചോദിച്ചപ്പോൾ. ഓമനപ്പുത്ര! സൽക്കൎമ്മത്തെ വിരോധിക്കരുതെന്നു ശാസ്ത്രംഉണ്ടു്. എന്നുമാത്രമല്ല, നിന്റെ ഈ സൽബുദ്ധിയെക്കുറിച്ചു്, എത്രതന്നെ സ്തുതിച്ചാലും മതിയാകുന്നതല്ല. അച്ഛന്റെ അനുജ്ഞവാങ്ങിയാൽപിന്നെ, അമ്മയോടു ചോദിക്കണമെന്നുതന്നെയില്ല. അതുകൊണ്ടു്, നീപോയി മംഗലപ്രദമായ തീൎത്ഥാടനംചെയ്തുവന്നാലും! എന്നു് ആജ്ഞകൊടുത്തു.

അനന്തരം, ബാല്യത്തിലെ മകനുണ്ടായ സൽബുദ്ധിയെക്കുറിച്ചു്, അവൾ വിസ്മയിച്ചു ഭൎത്താവിനോടുപറഞ്ഞു. സ്വാമി! ഇത്ര ബാല്യത്തിലേ തനിച്ചു തീൎത്ഥയാത്ര പുറപ്പെട്ടുപോയ കുട്ടികൾ ലോകത്താരുണ്ടു്? അഞ്ചാമത്തെ വയസ്സിൽ [illegible] വരുണനോടു തൎക്കിച്ചതുപോലെ, അങ്ങേ പുത്രൻ ഏഴാമത്തെ വയസ്സിൽ പരദേശങ്ങളിൽപോയി, വിവിധമതങ്ങളെ ഖണ്ഡിച്ചുവരാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പുറപ്പെട്ടിരിക്കുന്നതു്. ഈ കാശിയിൽ അങ്ങേ കീൎത്തിവിളയാടുന്നതുകൊണ്ടു്, അവൻ, അന്യദേശത്തിൽ കീൎത്തിപരത്താമെന്നുദ്ദേശിച്ചതാണ്. ഇങ്ങനെ ഒരത്ഭുതം ഒരു യുഗത്തിലും നടന്നതായി അറിവില്ല.

കബീർ—ദശരഥപുത്രനായ ശ്രീരാമസ്വാമിപോലും പന്ത്രണ്ടാമത്തെ വയസ്സുകഴിഞ്ഞതിൽപിന്നെയാണ്, യാത്രയ്ക്കൊരുങ്ങിപ്പോയതു്. നമ്മുടെ മകൻ ഏഴാമത്തെവയസ്സിൽ ഇങ്ങനെ നിശ്ചയിച്ചതു്, അത്ഭുതംതന്നെയാണ്. പതിവ്രതാശിരോമണിയായ നിന്റെ അനുവാദം വാങ്ങിക്കൊണ്ടുപോകുന്ന മകനു വല്ല സങ്കടങ്ങളും നേരിടുമോ? ഒരിക്കലുമില്ല. അവൻ മംഗലമായിത്തന്നെ മടങ്ങിയെത്തും" എന്നുപറഞ്ഞു്, ഭഗവദ്ധ്യാനത്തോടുകൂടിയിരിപ്പായി.

അവർ, ഇങ്ങനെയിരിക്കുമ്പോൾ, കമാല്, ഏകനായി നടന്നുപോയി ഗംഗാതീരത്തിലെത്തി; മോക്ഷദായിനിയായ ആ ദേവനദിയെക്കണ്ടു്, ബാലൻ ആനന്ദതുന്ദിലനായി അതിന്റെ മഹിമാതിശയത്തെക്കുറിച്ചു്, അത്ഭുതപ്പെട്ടു. ഏതുവിധത്തിലെങ്കിലും മറുകരകടന്നാൽ കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടി, ഗംഗയെ പൂജിച്ചു സ്തുതിക്കാൻ തുടങ്ങി—"അല്ലയോ ഗംഗാദേവതി! ശ്രീനാരായണസ്വാമിയുടെ തൃപ്പാദങ്ങളെവിട്ടുപിരിഞ്ഞുപോന്ന സങ്കടത്താലെന്നപോലെ ശബ്ദായമാനയായിരിക്കുന്ന ത്രിപഥഗേ! ശ്രീപാൎവ്വതിയെ ശങ്കിച്ചു്, ശിവന്റെ ജടാഭാരത്തിൽ അടങ്ങിയൊതുങ്ങിയിരിക്കുന്ന പുണ്യവതി! കാൎത്തികേയനെ ജനിപ്പിച്ചു്, പൂരുവംശത്തെ നിറവേറ്റിയിരിക്കുന്ന മന്ദാകിനി!

അൎജ്ജുനൻ പുത്രനായ ബഭ്രുവാഹനന്റെ കയ്യാൽ മരണംപ്രാപിക്കട്ടെയെന്ന ശപിച്ചജാഹ്നവിയമ്മേ! ഭഗീരഥന്റെ തപസ്സാൽ സന്തുഷ്ടയായി അവന്റെ അപേക്ഷയനുസരിച്ച്, അധോലോകങ്ങളിലേക്കിറങ്ങിയ ഭാഗീരഥീ! സഗരപുത്രന്മാരുടെ ദേഹശേഷത്തെ സ്പർശിച്ച് അവൎക്ക സ്വർഗ്ഗതിയരുളിയ സുരതടിനി! തങ്കൽ മജ്ജിക്കുന്നവരുടെ പാപങ്ങളെ നിശ്ശേഷം നശിപ്പിക്കുന്നുണ്ടെന്ന ഭഗീരഥനോട്ട വാഗ്ദാനംചെയ്ത വരദായിനി! പശുരൂപമായി, ബ്രഹ്മാണ്ഡത്തെ ഭേദിച്ച ഹിരണ്യന്റെ പൽപഴുതിൽകൂടി നിർഗ്ഗളിച്ച ആകാശഗംഗേ! എന്റെ പിതാവായ കബീർദാസരെ ഇക്കരെചേൎത്ത രക്ഷിച്ചതുപോലെ എന്നെ അക്കരെയാക്കി രക്ഷിക്കണമേ!" എന്നപേക്ഷിച്ചുകൊണ്ട, വെള്ളത്തിലിറങ്ങി മറുകരയ്ക്കുനടന്നു. വിവേകശൂന്യമാണെന്നു തോന്നത്തക്ക ഈ പ്രവൃത്തികണ്ടവരെല്ലാം കമാലിനെ അധിക്ഷേപിച്ചുതുടങ്ങി. "എടാ മൂഢ! കമാലേ! നീ എവിടേയ്ക്കാണ പോകുന്നത്! സമുദ്രത്തിലിറങ്ങി മറുകരകടക്കാൻ സാധിക്കുമോ? അതു സാധിക്കുമെങ്കിലേ ദുസ്തരമായ ഈ ഗംഗാനദിയേയും കടന്നുകയറാൻ സാധിക്കയുള്ളൂ- സമുദ്രത്തെക്കാൾ അഴമുള്ള ഈ ഗംഗാനദിയിൽ ഇറങ്ങി മറുകരകയറാമെന്നുള്ള നിന്റെ ബാലബുദ്ധി, അപൽക്കരമാണെന്നുള്ളതിനു സംശയമില്ല. അതുകൊണ്ട തിരിഞ്ഞുകയറിപ്പോരിക എല്ലാരും, വള്ളത്തിലാണല്ലൊ മറുകരെപ്പോകുന്നത് അതുപോലെ നിനക്കും പോകരുതോ? അല്ലാതെ ഇതു് കഥകഴിയാനുള്ളവിദ്യയാണ്—മൂഢ!" ഈ അധിക്ഷേപങ്ങൾ സഹിച്ച്, തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ മുന്നോട്ടുനടന്ന കമാലിനു മാർഗ്ഗനിരോധംചെയ്കത്തക്കവണ്ണം ഗംഗയുടെ അഴവും നടന്നുണ്ടായക്ഷീണവും സംഭവിക്കയാൽ നിശ്ചലനായി നിൽക്കുമ്പോൾ, ഗംഗാദേവി പ്രസന്നയായി പ്രത്യക്ഷപ്പെട്ട്, "എന്റെ കൈകളിന്മേൽകൂടി നടന്നുപോയി അക്കരെപ്പറ്റിക്കൊൾക" എന്നനുഗ്രഹിച്ചരുളിച്ചെയ്തു. കമാല് തൽക്ഷണംതന്നെഭഗവതിയുടെ കൈയ്ത്തട്ടുകളിന്മേൽപാദങ്ങളെഊന്നി സ്വച്ഛന്ദംനടന്നുതുടങ്ങി- അതുകണ്ട്, അത്ഭുതപ്പെട്ടുനിന്ന ജനങ്ങളെനോക്കി, "മഹാജനങ്ങളേ! നിങ്ങളുടെ നിരോധവാക്കുകൾ കേട്ടുഞാൻ മടങ്ങിപ്പോരാഞ്ഞതിന്റെഫലം നിങ്ങൾ കണ്ടുകൊൾവിൻ! വിഘ്നങ്ങളെയെന്ന്, ഉദ്യമങ്ങളിൽനിന്നു പിന്മാറുന്നത്, എത്രയോ അധമത്തരമാണെന്നു കേട്ടിട്ടില്ലയോ? ഗംഗാഭഗവതിയുടെ സഹായം ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി അക്കരെകടന്നു കയറാൻ ശ്രമിച്ചശേഷം മനോഭംഗപ്പെട്ടു പിന്തിരിഞ്ഞെങ്കിൽ, കബീർദാസരുടെ പുത്രനാണെന്നുള്ള യശസ്സിനുഞാൻ പാത്രീഭവിക്കുമോ?" എന്നുപറഞ്ഞ്, ഗംഗാദേവിയെ സ്തുതിച്ചുകൊണ്ട്, അചിരേണ മറുകര പ്രാപിക്കയറി—ഉടനെ, ശ്രീനാരായണഭഗവാൻ കമാലിനെ ഒന്നുപരീക്ഷിക്കണമെന്നു നിശ്ചയിച്ച്, നാരദാദിമഹർഷിമാരോടുകൂടി, എല്ലാവരും സന്ന്യാസിമാരുടെ വേഷത്തിൽ അവിടെ പ്രത്യക്ഷീഭവിച്ചു; എന്നിട്ട്, കമാലിനെനോക്കി, എടാ തെറിയനായകുട്ടി, നീ എവിടെപ്പോകുന്നു് നില്ലവിടെ"—എന്നുതടുത്തു.

കമാൽ, വന്ദനംചെയ്ത്,—സ്വാമിൻ! ഞാൻ, അയോദ്ധ്യാ, ഗയ, ബദരി, നാരായണം, വൃന്ദാവനം, ഹരിദ്വാരം മുതലായ പുണ്യസ്ഥലങ്ങളെ ദർശിച്ച്, അവിടങ്ങളിലുള്ള പരമഭാഗവതന്മാരായ സാധുക്കളെ വന്ദിച്ച്, പരിശുദ്ധനാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിപുറപ്പെട്ടിരിക്കയാണ്" എന്നെ നിരോധിക്കരുത് എന്നറിവിച്ചു. ഭഗവാൻ, അതുകേട്ട്,തന്റെ സഹചാരികളായ സന്ന്യാസികളെനോക്കി—"ഹേ സാധുക്കളെ! ഈ ബാലനെ നിങ്ങളാരാനുമറിയുമോ? ഇവൻതുലുക്കന്മാരിലും ഹിന്ദുക്കളിലും ചേരാതെ മദ്ധ്യേമസ്ഥിതിയിൽ ഇരിക്കുന്നകബീർ എന്നവന്റെ മകനാണ്. ആക്കബീറിന്റെ അച്ഛനമ്മമാരും ഭാൎയ്യയും തുലുക്കർതന്നെയാണ്. അവനോരണ്ടുമല്ലാത്ത ഒരുനിലക്കാരനാണ്. അവന്റെഗുരു രാമാനന്ദനാണ്. കലംതുലുക്കക്കലം മതമോ ഹിന്ദുമതം. വേഷമോ കെ തുലുക്കന്മാരുടെ: ആചാരം ബ്രാഹ്മണരുടെ: പറയുന്നതൊക്കെവേദാന്തം: ചെയ്തിഭഗവദ്ധ്യാനം പൂജമുതലായതു്. ശിഷ്യന്മാൎക്ക ഉപദേശിക്കുന്നത് അദ്വൈതം തന്റെ ഉരിപ്പ ദ്വൈതം—ഇങ്ങനെരണ്ടുംകെട്ട ദുഷ്ടനായ കബീർദാസന്റെ മകനാണിവൻ. കുത്തിക്കയ്യുംകാൽകൈകൾ മുളച്ചതുപോലെ ഒരുച്ചാൺ നീളംപോലുമില്ലാത്ത ഇവൻ, സ

ഹായത്തിനു അരെയും ചേക്കാതെ, തനിയെ ഇറങ്ങിത്തിരിച്ചിരിക്കുന്നതല്ലേ അത്ഭുതം? അതുമാത്രമോ? പലദിക്കിലും സഞ്ചരിച്ചു് അവിടവിടെയുള്ള മതാചാൎയ്യന്മാരോടു വാദിച്ചു ജയിച്ചു്, ഷൺമതങ്ങളെയും ഖണ്ഡിച്ചു്, അദ്വൈതമതത്തെ സ്ഥാപിക്കണമെന്നാണു് ഉദ്ദേശവും. ഇതു്, കലികാലവൈഭവമെന്നല്ലാതെ എന്താണു പറക?" എന്നു പരിഹാസപൂൎവ്വമായി അരുളിച്ചെയ്തു ചിരിച്ചപ്പോൾ കമാൽ അല്പം നീരസത്തോടെ,—"ഹേ കപടസന്ന്യാസിൻ! അങ്ങുപറഞ്ഞതു്, ഒരുവിധത്തിൽ ശരിയും മറെറാരുവിധത്തിൽ ശരികേടുമാണെന്നു പറയേണ്ടിയിരിക്കുന്നു. സ്തുതിപരമായും നിന്ദാപരമായും പറഞ്ഞവാക്കുകൾ കേവലം വികടങ്ങളാണെന്നുപറയാതെ തരമില്ല. അഥവാ പരമാൎത്ഥംപറയുന്നതിൽ മുഷിയാനെന്തുള്ളു? അങ്ങനെ മുഷിഞ്ഞാൽ അതജ്ഞതതന്നെയല്ലേ! അങ്ങു പറഞ്ഞതൊക്കെസത്യംതന്നെയാണു്. ഞങ്ങൾക്കു ജാതിഭേദമില്ല. ഞങ്ങളുടെഭഗവാനും ജാതിഭേദമില്ല. മത്സ്യഗന്ധി എന്ന മുക്കുവസ്ത്രീയുടെ മകനായ വേദവ്യാസന്റെ മകന്റെ മകനല്ലേ അൎജ്ജുനൻ അദ്ദേഹത്തിനു ഇടയവംശത്തിൽ ജനിച്ച ഞങ്ങളുടെഭഗവാൻ സ്വന്തസഹോദരിയെ ഭാൎയ്യയായി കൊടുത്തില്ലേ?" എന്നുപറഞ്ഞു.

ഭഗവാൻ:—എടാ കമാൽ! മത്സ്യഗന്ധി മുക്കുവസ്ത്രീയെന്നാരോ നീ പറഞ്ഞതു്? ഒരു ക്ഷത്രിയരാജാവിന്റെ വീൎയ്യം ഒരു മത്സ്യം വിഴുങ്ങി, അതിൽനിന്നുണ്ടായ മത്സ്യഗന്ധി മുക്കുവസ്ത്രീയാകുന്നതെങ്ങനെ? അതുപോലെതന്നെ ക്ഷത്രിയനായ വസുദേവന്റെ മക്കളല്ലേ കൃഷ്ണനും സുഭദ്രയും? കൃഷ്ണനെ ഇടയവംശക്കാർ എടുത്തു വളൎത്തിയെന്നു വച്ചു്, അദ്ദേഹം ഇടയനായിപ്പോകുമോ? ക്ഷത്രിയനായ അൎജ്ജുനനു ക്ഷത്രിയസ്ത്രീയായ സുഭദ്രയെ കൊടുത്തു എന്നാണു പരമാൎത്ഥം—അല്ലാതെ ജാതിഭേദമില്ലാതെയല്ല അങ്ങനെ ചെയ്തതു്?

കമാല്:—അങ്ങനെയാണെങ്കിൽ, അയോനിജനായി ഗംഗയിൽക്കൂടി ഒഴുകിവന്ന എന്റെ അച്ഛനെ തുലുക്കർഎടുത്തുവളൎത്തിയതുകൊണ്ടദ്ദേഹം തുലുക്കനായിപ്പോകുമോ ജാതിഭ്രഷ്ട് അദ്ദേഹത്തിനു സംബന്ധിക്കുമോ?—സന്ന്യാസിമാരായ നിങ്ങൾ ജാതിഭേദത്തെക്കുറിച്ചു പറയുന്നതുതന്നെ കൊള്ളാമോ?—എന്നുമാത്രമല്ലാ നിങ്ങൾക്കു യാതൊരു വിരോധവും ചെയ്യാത്ത കബീർദാസരെ നിങ്ങൾവെറുതെദുഷിക്കാൻ കോപ്പിട്ടിരിക്കുന്നതെന്തുന്യായമാണു്? വിശ്വാമിത്രൻ, ഹരിശ്ചന്ദ്രനെ എത്രമാത്രം കഷ്ടപ്പെടുത്തീട്ടും അദ്ദേഹം വിശ്വാമിത്രനെ ദുഷിച്ചു, ഒരുവാക്കെങ്കിലും പറഞ്ഞുവോ? ഹരിശ്ചന്ദ്രൻ കേവലം ഒരുലൌകികനല്ലേ? അദ്ദേഹംപോലും ഒന്നുംപറയാതിരുന്നസ്ഥിതിക്കു്, വൈദികമാൎഗ്ഗത്തെ ആശ്രയിച്ചിരിക്കുന്ന അങ്ങു്, പരമസാധുവും നിരപരാധിയുമായ എന്റെ അച്ഛനെ ദുഷിക്കാമോ?—ജാതിഭേദംതന്നെ, ഈ ലോകത്തിലെ മൎയ്യാദകളെ ആശ്രയിച്ചുള്ള ശുദ്ധാചാരമാത്രമല്ലേ? പരമാൎത്ഥത്തിൽ മനുഷ്യർ തമ്മിൽവല്ല ഭേദവുമുണ്ടോ? ഭേദമില്ലായ്മയല്ലേ ബ്രഹ്മജ്ഞാനിയുടെ ലക്ഷണം? അതു പാരമാൎത്ഥികസംബന്ധിയല്ലയോ?

അഭേദസ്ഥിതി അദ്വൈതമല്ലയോ? ഭഗവാൻ ശ്രീകൃഷ്ണൻ അൎജ്ജുനനുപദേശിച്ച ഭഗവൽഗീതയിൽ, ദ്വൈതാദ്വൈതങ്ങൾ രണ്ടിനെയും സമ്മിശ്രമാക്കിയല്ലേ പറഞ്ഞുകൊണ്ടുപോയിരിക്കുന്നതു്? ഒന്നിനെയും സ്ഥിരമായി സ്ഥാപിച്ചിട്ടും ഖണ്ഡിച്ചിട്ടുമില്ല. രണ്ടുംഒരുപോലെ സ്വീകാൎയ്യമാണെന്നാണു പറഞ്ഞിരിക്കുന്നതു്. ഗീതാവാക്യം കള്ളമാകുമോ? അദ്വൈതപ്രസംഗം ചെയ്താലും താൻ എന്നുള്ള സ്മരണ വിടുന്നതുവരെ ദ്വൈതത്തിലല്ലേ ഇരിപ്പു്? ജാഗ്രൽസുഷുപ്തിനിലയങ്ങളെ പ്രാപിച്ചവൻ ധ്യാനത്തിനു യോഗ്യനാകുമോ? അതില്ലാത്തവൻ അദ്വൈതോപദേശത്തിനാകുമോ? വേദവ്യാസകൃതമായ ഭാഗവതത്തിലും, ദ്വൈതാദ്വൈതങ്ങളെ സമമായി കലൎത്തിയല്ലേ പറഞ്ഞിരിക്കുന്നതു്? ദേഹസ്മരണവിടുന്നതുവരെ ഇഷ്ടദൈവത്തെയും ഉപാസനയും മറക്കാമോ? അങ്ങു്, പരിശുദ്ധനായ ഒരുസന്ന്യാസിയാണെങ്കിൽ, ഇപ്രകാരം പറയുമോ? അഹംകാരംകൊണ്ടു ശകാരിക്കുമോ? എന്നെ വിഷമിപ്പിക്കുമോ? ജന്മബന്ധം ഉണ്ടാക്കിവയ്ക്കുമോ? ശിവാംശജനായ ശുകബ്രഹ്മ

ഷിയല്ലേ എന്റെ അച്ഛൻ? അമ്മ ദേവരംഭയുമല്ലേ? ഷൾംചക്രേശപരന്മാർ ചേർന്നുണ്ടായ സുബ്രഹ്മണ്യന്റെ അംശഭൂതനല്ലേ ഞാനും? അഭിമന്യുവിനു സുന്ദരിയെ കൂട്ടികൊടുത്തശ്രീകൃഷ്ണഭഗവാനല്ലേ അങ്ങു? ഈ നില്ക്കുന്നവർ നാരദാദിമുനീശ്വരന്മാരല്ലയോ? ഇനിയും വിസ്തരിച്ചു പറയണമൊ? ശുദ്ധാദ്വൈതമായ ഭഗവദ്ഗീതയിൽ ദ്വൈതഭാവത്തെ കൂട്ടിക്കലർത്തിയിട്ടിരിക്കുന്നതു അങ്ങേടെ മായയല്ലേ? അങ്ങേ രൂപമേതാണു? മത്സ്യരൂപമോ! കൂർമ്മരൂപമോ? അതോ വരാഹം, നരസിംഹം! ഇതുകളിലേതാനമോ? അതോ വാമനൻ. പരശുരാമൻ, രഘുരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, ഇവരിലാരുടെയെങ്കിലുമോ? അതോ പരബ്രഹ്മസ്വരൂപമോ? അതോ മോഹിനീരൂപമോ? അങ്ങേടെ സ്ഥിരമായ രൂപം ഏതെന്നാണു പറയപ്പെടുന്നതു്. അങ്ങല്ലാതെ ചരാചരപ്രപഞ്ചത്തിൽ മറ്റൊരുരൂപമുണ്ടോ? ഉണ്ടെങ്കിൽ കാണിച്ചുതരണം. എന്താണു് അനങ്ങാതെനില്ക്കുന്നതു്? കൈ ചുണ്ടികാണിക്കണം. ഒരുരാമൻ പലരാമന്മാരായിനിന്നു രാവണന്റെമൂലബലത്തെ എതിർത്തകാലത്തു്, ആ രാമന്മാരൊക്കെ എവിടെനിന്നുണ്ടായി? രാസക്രീഡയിലും നാരദപരീക്ഷയിലും, ഓരോ സ്ത്രീക്കു ഓരോ കൃഷ്ണൻവീതം എവിടെനിന്നുണ്ടായി? ദുര്യോധനൻ അധിക്ഷേപിച്ചു പാതാളത്തിൽ തള്ളാൻഭാവിച്ചസന്ദർഭത്തിൽ അങ്ങേക്കു വിശ്വരൂപമുണ്ടായതെവിട്ടുന്നാണു്? സകല ഭയങ്കരമായ ആ വിശ്വരൂപംകണ്ടിട്ടും കൌരവന്മാർ അങ്ങേ വിരോധിച്ചു പ്രവർത്തിക്കാൻ ധൈര്യപ്പെട്ടതു അങ്ങേടെമായയാണു്. ഒരുപുത്രന്റെനാശത്തെക്കുറിച്ചു വിലപിച്ച അർജ്ജുനനു്, അങ്ങുസമാധാനംപറഞ്ഞുധൈര്യംകൊടുത്തില്ലേ! അങ്ങു്, പതിനായിരം പുത്രന്മാരെ ബലികൊടുത്ത അളല്ലേ? അങ്ങേക്കു് പുത്രന്മാർമരിച്ചതിനെക്കുറിച്ചു ദുഃഖമില്ലയോ? വിഷയാനന്ദരഹിതനായിരുന്നാൽ അങ്ങേക്കു് ബാലബ്രഹ്മചാരി എന്നുപേരുണ്ടാകുമോ? അങ്ങേ ജഠരാന്തർഭാഗത്തിൽ, സകല ബ്രഹ്മാണ്ഡങ്ങളും അടങ്ങിയിരിക്കുന്നസ്ഥിതിക്കു്, രാവണരാജധാനിയായ ലങ്ക അതിൽ ഉൾപ്പെടാതെപോകുമൊ? ലോകനായികയായ ദേവിയെ എടുത്തുകൊണ്ടുപോകാൻ രാവണൻ എവിടെനിന്നുംവന്നു? ഏകലവ്യന്റെ വാക്കുകേട്ടു്, ദേവിയെ കാട്ടിൽകൊണ്ടുചെന്നു വെട്ടിക്കളവാൻ കല്പിച്ചു നിന്തിരുവടി, ആ ദേവിയെ രാവണൻ കട്ടുകൊണ്ടുപോയപ്പോൾ, കാട്ടിൽ നടന്നു കരഞ്ഞു എന്നുപറഞ്ഞിരിക്കുന്നവാക്കു വിശ്വസിക്കത്തക്കതാണോ? രാമായണം ഭാരതംമുതലായ ഇതിഹാസങ്ങൾ, കുട്ടികൾ മണ്ണുകൊണ്ടു വീടുകെട്ടികളിക്കുന്നതുപോലെ കേവലം അന്യാപദേശഗർഭങ്ങളായ അഭിപ്രായങ്ങളല്ലയോ? എന്നുപേരിപ്പുണ്ണനായിരിക്കുന്ന അങ്ങു്, അയോദ്ധ്യയിലോ മധുരയിലോ വൃന്ദാവനത്തിലൊ ഇരിക്കയാണെന്നുപറയാമോ? അങ്ങനെ മനുഷ്യർക്കു തോന്നിപ്പിക്കുന്നതു അങ്ങേടെ മായാവിലാസംഅല്ലയോ? അരൂപനായി നിന്നാമാവായി നിർഗ്ഗുണനായിരിക്കുന്ന അങ്ങേക്കു്, നാമരൂപാദികളെകല്പിച്ചതും അങ്ങേ മായാശക്തിയുടെ മഹിമയല്ലയോ? പരബ്രഹ്മരൂപൻ എന്നല്ലാതെ മറ്റൊരുനാമത്താൽ അങ്ങേനിർദ്ദേശിക്കാമോ? അങ്ങനെ നിർദ്ദേശിച്ചാൽ സ്ഥിരമായ ഏതൊരുരൂപമാണു അതിൽ ആരോപിക്കേണ്ടതു്? ഒന്നുമറിയാത്ത ഈ ശിശുവിനെ പരീക്ഷിക്കാനും വാദിച്ചു മടിക്കാനും, ഒരുമ്പെട്ടതു അങ്ങേക്കു യുക്തമാണോ? അല്പനും അജ്ഞനുമായ ഈ ബാലനു അങ്ങേ ദർശനം തരേണ്ടതാണോ! ഹേ അനാഥരക്ഷക! അഖിലബ്രഹ്മാണ്ഡനായക! ആദ്യന്തരഹിത! വിത്യാനന്ദസഹിത! ഹേ ഭഗവൻ! മഹാവിഷ്ണോ? എന്നിങ്ങനെ സ്തുതിച്ചപ്പോൾ, ഭഗവാൻ ശംഖചക്രധരനായി, സീതാദേവി ലക്ഷ്മണശത്രുഘ്നന്മാരോടുകൂടി, പ്രത്യക്ഷപ്പെട്ടു. തൃക്കൈകളാൽ കമാലിന്റെ ശിരസ്സിൽതലോടി, ഇങ്ങനെ അരുളിച്ചെയ്തു. "എടാ കമാൽ! ശരണാഗതനായ കമാലിന്റെ പിതാവിനു ഉപദേശിച്ച കാർത്തികേയനെപ്പോലെ, നിന്റെ പിതാവായ കബീറിനുലഭിച്ചുള്ള സകലഉപദേശങ്ങളും, നിനക്കു അറിവിൽപെടത്തക്കവണ്ണം ഞാൻ അനുഗ്രഹിക്കുന്നു. ഇനിയാതൊരു വിഘ്നവുംകൂടാതെ സകലരേയുംജയിച്ചു, സാധുചെന്നു പുകൾപെററു്, എനിക്കു പ്രിയനായി ഭവിച്ചാലും." നീ തിരിച്ചുവരുമ്പോൾ എനിക്കു ഒരു കാണിക്കകൂടി കൊണ്ടുപോരണംഇങ്ങനെ അരുളിച്ചെയ്തശേഷം ഭഗവാൻ അന്തർധാനം ചെയ്തു. അനന്തരംകമാൽ സന്തോഷസാഗരനിമഗ്നനായി, നൈമിശാരണ്യംമുതലായ വനങ്ങളിലും ഹിമവാ

ൻമുതലായ പർവ്വതങ്ങളിലും, ഹരിദ്വാരംമുതലായ പുണ്യസ്ഥലങ്ങളിലും സഞ്ചരിച്ചു, അവിടെയുള്ള വിദ്വാന്മാരെ വാദിച്ചുജയിച്ചു്, ഭൈരവം, വാമം, പാശുപതം, ശൈവംമുതലായ മതങ്ങളേയും, ലോകായുധം, ബുദ്ധം, ശമനം, മീമാംസം, പഞ്ചരാത്രം, ഭ്രോചാഖ്യം മുതലായ ശാസ്ത്രസിദ്ധാന്തങ്ങളേയും ഖണ്ഡിച്ചു്, അനുവേദഹിതന്മാരെ ദണ്ഡിച്ചു്, മരിച്ചവരേയും മറഞ്ഞവരേയും ഉജ്ജീവിപ്പിക്കുകയാകുന്ന അത്ഭുതകർമ്മം നടത്തി, വളരെ പ്രഖ്യാതിസമ്പാദിച്ചു. കമാലിന്റെ വാദപ്രസംഗം താഴെപ്പറയുംപ്രകാരമായിരുന്നു—ഹേ പണ്ഡിതന്മാരേ! ജീവൻഎന്നാൽഎന്തു്? ജീവനെസൃഷ്ടിക്കുന്നതാര്? ജീവനു മരണമുണ്ടോ ഇല്ലയോ ജീവൻ ദേഹത്തിൽ പ്രവേശിക്കാൻ കാരണമെന്തു് ജീവനുബന്ധംവരാൻകാരണംഎന്തു്? ജീവൻ പഞ്ചഭൂതത്തിലുള്ള ദേഹത്തിൽ പ്രവേശിക്കാൻ കാരണമായതെങ്ങനെ! മോക്ഷം ഏതുലോകത്തിൽ ഇരിക്കുന്നു? ഏതുവിധത്തിലായാൽ പരമാനന്ദം സംഭവിക്കും? ജീവശബ്ദത്തിനു അർത്ഥമെന്തു്? ജീവൻ മായാസംബന്ധമുള്ളതോ? ബ്രഹ്മസംബന്ധമുള്ളതോ? ജീവനേതുസ്ഥാനത്തിൽനിന്നുവരുന്നു? ഏതുസ്ഥാനത്തിൽചെന്നവസാനിക്കുന്നു? ജീവൻപോയി ജീവൻവന്നു എന്നുപറയുന്നതിന്റെ രഹസ്യംഎന്തു്? സ്വർഗ്ഗനരകാനുഭൂതികൾ ദേഹത്തിനോ ജീവനോ? ദേഹത്തിനെന്നുപറയുന്നവർ വല്ലവരുമുണ്ടോ? ജീവൻഎന്നുപറയുന്നതിനുരൂപമുണ്ടോ? ശുദ്ധശൂന്യമായ ആകാശത്തെ വെട്ടിപ്പിളക്കാൻ സാധിക്കുമോ? അങ്ങനെചെയ്യുന്നവർക്കു ആയാസംതന്നെ ഫലമല്ലയോ? ജന്മം നരകവും ജന്മനിവൃത്തിമോക്ഷവുമല്ലയോ! പിറവിബന്ധവുംപിറവിമാറുതൽ വിമോചനവും എന്നുപറയപ്പെടുന്ന ദേവവാക്കു കള്ളമാകുമോ ബ്രഹ്മപ്രളയകാലത്തുപോലുംജീവനു ജന്മവിമോചനം ഇല്ലെന്നുള്ളതിന്റെ കാരണം അഹംഭാവത്തെ നാശം ചെയ്യായ്ക അല്ലയോ? അഹംഭാവനാശനംതന്നെയാണു മായാവിമോചനം. മിഥ്യയായ മായയെ കടന്നവരല്ലയോ പൂർണ്ണബ്രഹ്മത്തിൽ ഐക്യപ്പെട്ടിരിക്കുന്നതു്? അരുണോദയത്തിൽ അന്ധകാരങ്ങൾ നീങ്ങുന്നതെപ്രകാരമോ അപ്രകാരം ബ്രഹ്മജ്യോതിസ്സ് പ്രകാശിക്കുമ്പോൾ അഹംഭാവാന്ധകാരം പാടെ നീങ്ങുന്നു. നിർഭേദമായ ബ്രഹ്മജ്യോതിസ്സിൽ ഐക്യപ്പെട്ടാൽ, പിന്നെ ഏതുവിധമായ അന്ധകാരവും ഉണ്ടാകുമോ? സൂര്യനാൽ പ്രകാശിക്കപ്പെടുന്നതു കേവലം മാംസചക്ഷുസ്സല്ലയോ? അതിനുമറവുണ്ട്. ജ്ഞാനചക്ഷുസ്സിനു അതുണ്ടോ? ജ്ഞാനചക്ഷുസ്സിനെതെളിക്കാതെ മറച്ചുവച്ചിരിക്കുന്നതു് മായ എന്നതിരശ്ശീലഅല്ലയോ? ആ തിരശ്ശീലയുടെ മറവുകൊണ്ടു്, മതിമയങ്ങുകയാലല്ലയോ? ബ്രഹ്മാവിന്റെ ശിരസ്സു നഷ്ടപ്പെടാനിടയായതു മഹാവിഷ്ണു ശ്രീരാമനായി അവതരിച്ചുകളഞ്ഞു്, ബാലിയെ എയ്യാനായി മറഞ്ഞുനിന്നപ്പോൾ, ബാലിയേതു്, സുഗ്രീവനേതു്, എന്നുള്ള സംശയം ബാധിച്ചുപോയില്ലയോ! മഹാദേവൻ, മോഹിനിയായിവന്ന മഹാവിഷ്ണുവിനെക്കണ്ടു ഭ്രമിച്ചുപോയില്ലയോ? ഈ വിശപ്പുതന്നെ മായാസംഭൂതമല്ലയോ! അഖണ്ഡപരിബ്രഹ്മത്തിൽ അതതു് പ്രതീതിയോടുകൂടിയിരിക്കുന്നവർക്കു ബ്രഹ്മാണ്ഡം പലവിധത്തിലല്ലേതോന്നപ്പെടുന്നതു്. ക്ഷണഭംഗുരമായ ശരീരംഇപ്പോഴോ പിന്നെയോ എന്നറിയാതെ നശിച്ചുപോകുന്നതല്ലയോ? അനിത്യവും ദുർഗ്ഗന്ധവസ്തു പരിപൂർണ്ണവുമായ ഈ ശരീരത്തെ ഞാനെന്നഭിമാനിക്കുന്നതു്, ശരിയാണോ? ത്രികരണങ്ങളെ നിശ്ചലമാക്കിനിർത്തി അരനിമിഷനേരമെങ്കിലും ബ്രഹ്മാനന്ദമനുഭവിക്കുന്നതും ത്രികരണങ്ങളെ നിശ്ചലമാക്കി നിർത്താതെ ആയിരം ചതുർയ്യുഗം തപസ്സുചെയ്യുന്നതും ഒരുപോലെയല്ലയോ? അല്പമായ ആയുസ്സോടുകൂടിയവർ, ജാഗ്രദവസ്ഥയിലും അത്യന്തം ആഗ്രഹമുള്ളവർ—ജാഗ്രത്തിലും സ്വപ്നത്തിലും ജപം അനുഷ്ഠിക്കുന്നു, സുഷുപ്തിയിൽതപസ്സുചെയ്യാൻ സാധിക്കുമോ? മൂന്നവസ്ഥകളിലും നിർഭേദമായി ഉലാവിക്കൊണ്ടിരിക്കുന്നപരമാത്മാവു്, അജപാമന്ത്രത്തെ പലപരിവൃത്തി ജപിച്ചുകൊണ്ടിരിക്കുമ്പോൾ, അതറിയാതെ ചഞ്ചലഹൃദയന്മാരായി ജപകർമ്മത്തെ അനുഷ്ഠിക്കുന്നതു് എത്ര മൂഢത്വമാണു്? ശരീരത്തെ ഞാനെന്നഭിമാനിച്ചു ദുഷ്കർമ്മങ്ങൾചെയ്തു് കാലപാശത്തിൽ അകപ്പെടുന്നതുശരിയാണോ? ഇന്ദ്രിയഭോഗങ്ങളിൽ ഇച്ഛരിച്ചു പരദ്രോഹം ചെയ്തു്, ജീവജാലങ്ങളെ കൊല്ലിച്ചു ദുഷ്കൃതംവലിച്ചുവയ്ക്കാമോ? യോഗിയപോലെനടന്നു്, മായാവലയിൽ കുടുങ്ങി, വിഭ്രമി

കരണങ്ങളുടെ ശരിയോ? അതതിന്ദ്രിയങ്ങളിലും അന്തഃകരണത്തിലും അതതിന്റെ ദേവതകൾ അധിവസിച്ചു ചലനമുണ്ടാക്കി നാനാകാരങ്ങളുണ്ടാക്കുന്ന കഥ വിസ്മരിക്കത്തക്കതാണോ? ദേഹപൂജാപരനായ മനുഷ്യന്റെ മനസ്സിനെ വ്യതിചലിപ്പിക്കുന്ന അന്തഃകരണബഹിഷ്കരണദേവതകളുടെ പ്രവർത്തനശക്തിയെ നിരോധിക്കുന്നതിനു മൌനനിഷ്ഠയെന്നല്ലാതെ, സ്നാനം, സാമഗാനം, ധ്യാനം എന്നിങ്ങനെ ത്രികരണങ്ങളാൽ ചെയ്യപ്പെടുന്ന കർമ്മങ്ങൾ മതിയാകുമോ? കർമ്മങ്ങൾക്കു മേലേയാണ് അകർമ്മം. അകർമ്മത്തിനുമേലേയാണു ധർമ്മം. വേദധർമ്മങ്ങൾക്കുമേലേ മർമ്മം, അഹംകാരഗ്രന്ഥിയുള്ളവർക്കു പറഞ്ഞുകൊടുത്തുകൂടാത്ത അതിഗൂഢമായ മർമ്മത്തിനുമേലേയാണ് ആ ബ്രഹ്മം. ആനന്ദമാത്രമായിരിക്കുന്ന അഖണ്ഡബ്രഹ്മമേ താനായിരിക്കുമ്പോൾ, അതിനെ അന്യമാക്കി വ്യവഹരിക്കുന്നത്, അവിവേകമല്ലയോ? ബ്രഹ്മം അവാങ്മനോഗോചരമായ വസ്തുവാണെന്നു പറഞ്ഞിട്ട്, അതിനെ ധ്യാനിച്ചു മോക്ഷമടയണമെന്നു വിചാരിക്കുന്നത്, എത്ര ലജ്ജാകരമാണ്? ധ്യാനിക്കുന്ന മനസ്സും അതിൽ അധിവസിക്കുന്ന ചൈതന്യവും ധ്യാനിക്കുന്ന ആളും എല്ലാം ബ്രഹ്മമൊന്നല്ലാതെ മറ്റെന്താണ്?" എന്നൊക്കെ ഓരോരോ തത്വപ്രസ്താവവാദങ്ങളാൽ എതിർകക്ഷികളുടെ നാവടപ്പിച്ചു മൌനികളാക്കി. കബീർദേവന്റെ അനുഗ്രഹം വാങ്ങിക്കൊള്ളുന്നതിനുപദേശിച്ച്, പണ്ട്, ശ്രീരാമന്റെ വീര്യപരാക്രമങ്ങളെ രാവണസദസ്സിൽ പ്രസംഗിച്ച ഹനുമാനെപ്പോലെയും വിഷ്ണുനാമമാഹാത്മ്യത്തെ ഹിരണ്യകശിപുവിനുപദേശിച്ച പ്രഹ്ലാദനെപ്പോലെയും, തന്റെ പിതാവിന്റെ മഹിമയെ പലരുമറിയത്തക്കവണ്ണം പ്രശംസിച്ച്, റോം, ഷാം, കാബൂൾ, പഞ്ചാബ് മെക്കാ അറേബ്യാ, മുതലായ ദിക്കുകളിൽ സഞ്ചരിച്ച് അവിടങ്ങളിലുള്ള മഹമ്മദുമതസ്ഥന്മാരെ നോക്കി, കമാൽ "ഹേ മാന്യസഹോദരങ്ങളേ! ഇറുമ്പിഴയുന്ന ശബ്ദംപോലും കേൾക്കത്തക്കവണ്ണം സർവ്വത്ര ശ്രവണശക്തിയോടുകൂടി, സർവ്വവ്യാപിയായിരിക്കുന്ന ദൈവത്തെ നിങ്ങൾ ഹള്ളാ! അല്ലള്ളാ! എന്നൊക്കെ ഉച്ചത്തിൽ വിളിച്ചറിയിക്കുന്നതിന്റെ ഉദ്ദേശമെന്ത്? നിർന്നാമമായ ദൈവത്തിനു പേർ കല്പിക്കുന്ന മൂഢന്മാരാരു? എള്ളിൽ എണ്ണഎന്നപോലെ ഈ വിശ്വത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്ന പരബ്രഹ്മം സപ്തമാണ്ഡത്തിൽ സ്ഥിതിചെയ്യുയാണെന്നു എഴുതിവച്ചതാര്? വായുമണ്ഡലം, വരുണ (മേഘ) മണ്ഡലം, ചന്ദ്രമണ്ഡലം സൂര്യമണ്ഡലം, നക്ഷത്രമണ്ഡലം, അഗ്നിമണ്ഡലം, എന്നീ ആറുമണ്ഡലങ്ങൾക്കുമപ്പുറമാണ് ത്രിശംകുമണ്ഡലം; ആ മണ്ഡലത്തിനധിപതിയായ വിശ്വാമിത്രനെ ചൂണ്ടിക്കാണിക്കുന്നുവോ? കർമ്മങ്ങളിൽനിന്നു നിവർത്തിച്ച്, ബ്രഹ്മധ്യാനംചെയ്തു ബ്രഹ്മമാത്രന്മാരായി ആനന്ദിച്ചിരിക്കാതെ, പലകർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതു മായയുടെ ശക്തിവിശേഷമല്ലയോ? ഏകനായ ദൈവത്തോടു ഏകീകരിക്കുന്നിനുള്ള മാർഗ്ഗമറിയാതെ, മോക്ഷപദം ലഭിക്കാൻ എളുപ്പമുണ്ടോ? പടിഞ്ഞാറോട്ടുനോക്കി നമസ്കരിക്കണമെന്നു പറഞ്ഞിരിക്കുന്ന നിങ്ങളുടെ വേദത്തിൽ കിഴക്കു ദൈവമില്ലെന്നാണോ പറയുന്നതു? മനസ്സിലുണ്ടാകുന്ന വിവിധസംകല്പങ്ങൾ മായാസംഭൃതങ്ങളാണെന്നറിയാതെ, വലതുമിടത്തും തോളിൽ മാറിമാറി നോക്കുന്നതെന്തൊരുവ്യാമോഹമാണ്? ഗുണരഹിതനായ ദൈവത്തിന്റെ നാമം ചൊല്ലിസ്തുതിച്ചുകൊണ്ട്, കോഴിമുതലായതിന്റെ കഴുത്തറുക്കുന്നത് എന്തൊരുമായാമോഹമാണു?

അരൂപനായ ഈശ്വരൻ മഹമ്മദിനോടു സംസാരിച്ചതെങ്ങനെയാണ്? ഉപദേശിച്ചതെങ്ങനെ? മറഞ്ഞിരുന്ന് ഉത്തരം പറഞ്ഞതെങ്ങനെ? സംസാരിക്കണമെങ്കിൽ ശരീരമുണ്ടായിരിക്കണം. ശരീരം വേണമെങ്കിൽ ജന്മമുണ്ടായിരിക്കണം. ഹേ മുസൽമാന്മാർകളേ! ദൈവത്തിനു രൂപമാകട്ടെ, സ്ത്രീപുംഭേദമാകട്ടെ ഇല്ലെന്നും, ദൈവം, അഖണ്ഡബ്രഹ്മാത്മകമായ ഒരു ചൈതന്യം മാത്രമാണെന്നും, ആനന്ദധർമ്മത്തോടുകൂടിയിരിക്കുന്നവനെന്നുമുള്ള ബ്രഹ്മജ്ഞാനികളുടെ അനുഭവത്തെ നിങ്ങൾക്കു വിചാരിച്ചുനോക്കി മനസ്സിലാക്കാൻ പാടില്ലയോ അതുവഴി അനുഭവജ്ഞാനമുണ്ടാകയില്ലേ? ജ്ഞാനാനന്ദബുദ്ധികളായി മൌനികളായിരിക്കുന്ന പുണ്യപുരുഷന്മാരുടെ അനുഭവമാർഗ്ഗത്തെ അനുകരിക്കാതെ, എന്നുമെന്നും പടിഞ്ഞാറോട്ടുനോക്കിനമസ്കരിച്ച് ആയുസ്സുപോക്കുന്നതുകൊണ്ടു

ന്തുഫലം? അനുഭവജ്ഞാനം സിദ്ധിക്കാതെ മോക്ഷം ലഭിക്കുമോ? ആനന്ദമുദിക്കുമോ? മഹമ്മദിന്റെ അനാംഗതങ്ങളായ സിദ്ധാന്തങ്ങളോർത്താൽ, അദ്ദേഹത്തിനു മഹാമദൻ എന്നുള്ള പേരാണു യോജിക്കുന്നതെന്നു തോന്നിപ്പോകുന്നു. അഹംകാരമുള്ളവർ ആദരണീയന്മാരാകുന്നതെങ്ങനെ? അഹംകാരിയായ ഒരു രാജാവു്, ഒരു മായാമാനിനെ അനുധാവനംചെയ്തു്, കാട്ടിൽ അലഞ്ഞു ക്ഷീണിച്ചുകിടക്കുമ്പോൾ, അന്യാളെ വിദേശികളായ ചില കാവൽക്കാർ, വന്നു ചുററിവളഞ്ഞു് പിടിച്ചുകെട്ടിക്കൊണ്ടുപോയി. കള്ളനാണെന്നുപറഞ്ഞു്, കൈകാലുകളെല്ലാം വെട്ടിക്കളഞ്ഞു. അനന്തരം ആ രാജാവിന്റെ അഹംഭാവം എല്ലാം ശമിച്ചു, ശാന്തനായി ഭവിച്ചപ്പോൾ വെട്ടിക്കളഞ്ഞ കൈകാലുകൾ വീണ്ടും മുളച്ചുവന്നു എന്നു്, നിങ്ങളുടെ ശാസ്ത്രത്തിൽ പറയുന്നതു ശരിയല്ലേ? അങ്ങനെയിരിക്കെ അല്പകാലത്തിനുമുമ്പു്, ഒരു സാധുകുടുംബത്തിലുണ്ടായ മഹമ്മദു് എന്നവർ അഹംഭാവത്താൽ പ്രാണിവധത്തിനു ദോഷമില്ലെന്നുംമററും, എഴുതിവച്ച പുസ്തകത്തെ വിശ്വസിച്ചു്, നരകത്തിൽ പതിക്കുന്നതു നന്നാണോ? എല്ലാമൃഗങ്ങളേയും മനുഷ്യരുടെ ഉപയോഗത്തിനാണു സൃഷ്ടിച്ചിരിക്കുന്നതെന്നു പറയുന്ന വേദവാക്യത്തെ വിശ്വസിച്ചിരിക്കുന്ന നിങ്ങൾ മനുഷ്യരെത്തിന്നുന്ന ദുഷ്ടമൃഗങ്ങളെ ദൈവം സൃഷ്ടിച്ചതെന്തിനാണെന്നു ഒന്നോർത്തു നോക്കേണ്ടതല്ലയോ? അപ്പോൾ അതു ശരിയല്ലെന്നും അഹിംസയാണു പരമമായ ധർമ്മമെന്നും അറിയാറാകും. പലനാൾ തപസ്സുചെയ്താലും ഒരേ ഒരു കൊലകൊണ്ടു്, അതിന്റെ പുണ്യമെല്ലാം നശിച്ചുപോകയില്ലയോ? ഇങ്ങനെ പല പല യുക്തികളെ പ്രത്യക്ഷപ്രമാണമായിക്കാണിച്ചു്, അനുഭവജ്ഞാനവാക്കുകളാൽ സമ്മതിപ്പിച്ചു്, കബീർദാസനെ പ്രശംസിച്ചു അജ്ഞജനത്തെ ഉദ്ധരിക്കാനായി ശുകബ്രഹ്മർഷിതന്നെ ഭൂമിയിൽ അവതരിച്ചിരിക്കുന്ന ആളാണു കബീർ എന്നും, അദ്ദേഹത്തിനു ജാതിഭേദമാകട്ടെ, മാനാപമാനമാകട്ടെ, അച്ഛനമ്മമാരാകട്ടെ, ഇല്ലെന്നും, വിശ്വസിച്ചുകൊൾക എന്നുപറഞ്ഞു്, എല്ലാമതാഭിമാനികളേയും തലതാഴ്ത്തിച്ചു സമ്മതിച്ചു്, കുമാരൻ അവിടെനിന്നുപുറപ്പെട്ടു സ്വദേശമായ കാശിയിലേക്കു തിരിച്ചു. വഴിമേൽ ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ ആ പട്ടണവാസിയായ ഒരു വർത്തകൻ കബീറിന്റെ മഹിമകളെ കേട്ടറിഞ്ഞു്, അദ്ദേഹത്തെ കാണ്മാനായി പോകുന്ന ജനങ്ങളെ നോക്കി, ഹേ മഹാജനങ്ങളേ! കേവലം അജ്ഞനും ബാലനുമായ കമാലിനു എന്തൊരു മഹിമയുണ്ടെന്നു നിശ്ചയിച്ചാണു നിങ്ങൾ പോകുന്നതു്? അവന്റെ അടുക്കൽ ചെന്നാൽ പിണിനീങ്ങുമോ? പീഡനീങ്ങുമോ? പെരുമയുണ്ടാകുമോ? ദ്രവ്യം ലഭിക്കുമോ? അതോ ജന്മസാഫല്യം കിട്ടുമോ? അന്ധപരമ്പരാന്യായപ്രകാരം, അവിവേകിയായ ഒരുത്തൻ പുകഴ്ത്തുന്നതുകേട്ടു്, പരമാർത്ഥമറിയാതെ പലരും പുകഴ്ത്തി പട്ടണങ്ങളിലുള്ളവരെല്ലാം ഇളകി കൂട്ടംകൂട്ടമായിപ്പോകുന്നു. ഇപ്പോഴതിൽ ആർക്കെങ്കിലും വല്ല ഗുണവും സിദ്ധിച്ചിട്ടുണ്ടോ? വല്ലവർക്കും പ്രപഞ്ചദുഃഖമൊഴിഞ്ഞാനന്ദമടയുവാൻ ഇടവന്നിട്ടുണ്ടോ? പറവിൻ!" എന്നു ചോദിച്ചു അതുകേട്ട ജനങ്ങൾ—"ഹേ മാന്യവർത്തക! താങ്കൾ വിചാരശൂന്യനാണോ? കല്പകവൃക്ഷത്തിൽചെന്നുപററിയാൽകാക്കയ്ക്കും അമൃതതുല്യമായ അതിന്റെഫലം അനുഭവിക്കാൻ ഇടവരുമെന്നുള്ള പഴഞ്ചൊല്ലുപോലെ, കമാലിനെക്കാണ്മാൻ ഭാഗ്യം ലഭിച്ചവർക്കെല്ലാം ഗുണവും സിദ്ധിച്ചിട്ടുണ്ടു്. എന്റെ അജ്ഞാനംനീങ്ങി എന്റെ അശാബന്ധം നീങ്ങി എന്നിങ്ങനെ കണ്ടവരിൽ പലരും പറയുന്നു" എന്നുപറഞ്ഞു. അതുകേട്ട വർത്തകൻ അത്ഭുതപ്പെട്ടു, "എന്റെ ശരീരത്തിൽ പലനാളായി ഉപദ്രവിച്ചുവരുന്ന ഗണ്ഡവ്യാധി തീർന്നുതന്നാൽ ഞാൻ അദ്ദേഹത്തിനു ആയിരം പൊൻനാണയം വിലയുള്ള ഒരു പച്ചക്കല്ലു്, സമ്മാനമായി കൊടുക്കാം" എന്നു ശപഥംചെയ്തു. ഇതുംപറഞ്ഞുതീർന്നപ്പോൾതന്നെ അയാളുടെ വ്യാധി നിശ്ശേഷം ശമിച്ചതായിക്കണ്ടു, വിസ്മയാകുലനായി ഒരു സ്വർണ്ണത്തട്ടത്തിൽ, വിലയേറിയ ഒരു പച്ചരത്നവും വഹിച്ചുകൊണ്ടു് കമാലിനെക്കാണ്മാനായി തിരിച്ചു. കണ്ടയുടനേ ഭക്തിപൂർവം ദണ്ഡനമസ്കാരംചെയ്യുകയും, ആ ബാലയോഗിയുടെ സൌജന്യാദി ഗുണങ്ങളാൽ സന്തോഷാത്ഭുതപരതന്ത്രനായിത്തീരുകയും ചെയ്തു. —"ഹാ! ഈ ബാലന്റെ മാഹാത്മ്യം അവർണ്ണനീയംതന്നെ. ഈ വിധമുള്ള കുട്ടികളെത്തന്നെവേണം സ്ത്രീകൾ പ്രസവിക്കാൻ. അ

ല്ലാതെ കഥയില്ലാത്ത അനേകം കുട്ടികളെ പ്രസവിക്കുന്നതുകൊണ്ടെന്തുഫലം? കണക്കുകൂട്ടാൻമാത്രംകൊള്ളാം. ഇതുപോലെ ഒരു പുത്രൻ എനിക്കില്ലാത്തതുകൊണ്ടു് മററുള്ളഭാഗ്യങ്ങളെല്ലാം ശൂന്യപ്രായങ്ങൾതന്നെ. വത്സകൻെറ ഇപ്രകാരമുള്ള വിചാരങ്ങൾ മുഴുവൻ മനസ്സിലാക്കിക്കൊണ്ടു് കമാൽ അവനെനോക്കിപ്പറഞ്ഞു ധനവാനായ വത്സക! താങ്കളുടെ ഗേഹദ്രവ്യാദി നിശ്ശേഷം ഒഴിഞ്ഞുമാറിയോ? എന്നേപ്പോലെ ഒരു പുത്രൻ വേണമെന്നുള്ള ആശകൊണ്ടു, പരവശനായി നില്ക്കയാണു—അല്ലേ?—അതിനെന്തു വിഷമതയുള്ളൂ? എന്നെത്തന്നെ താങ്കൾക്കു പുത്രനായി സ്വീകരിച്ചുകൂടയോ? അതു ഗുണകരമാകയില്ലെന്നു തോന്നുന്നുണ്ടോ?" ഇങ്ങനെ പറഞ്ഞശേഷം കമാൽ വത്സകനെ ഉപചരിച്ചു് ഒരാസനത്തിലിരുത്തി സൽക്കരിച്ചു. ഉടനേ വത്സകൻ മായാമുഗ്ദ്ധനായി കമാലിനെ സ്വന്തപുത്രനായി വിചാരിച്ചു പിടിച്ചു മാറോടണച്ചാശ്ലേഷംചെയ്തു. ഇനി ഈ കുട്ടിയെ പിരിഞ്ഞിരുന്നുകൂടാ എന്നുള്ള ഉദ്ദേശത്തോടുകൂടി തൻെറ വീട്ടിൽകൂടി വരണമെന്നു കമാലിനോടാവശ്യപ്പെട്ടു. അപ്രകാരം സമ്മതിച്ചു കമാൽ വീട്ടിൽ എത്തിയ ഉടനേ വത്സകനെനോക്കീ ഹേ മഹാനുഭാവ! അങ്ങേ അച്ഛൻ അങ്ങേക്കായി ഇവിടെ കുറേപ്പൊന്നുകല്ലുകൾ കുഴിച്ചിട്ടിട്ടുണ്ടു്. അതു വെട്ടിയെടുത്തുകൊൾക. എന്നു പറഞ്ഞു് ഒരു സ്ഥലം ചൂണ്ടിക്കാണിച്ചുകൊടുത്തു. വത്സകൻ ആ ഭാഗം കുഴിച്ചുനോക്കിയപ്പോൾ അവനു അത്ഭുതമുണ്ടാകുമാറു അനേകം പച്ചരത്നങ്ങളും പലമാതിരി രത്നങ്ങളാൽ അലംകൃതമായി സാധാരണ ശിശുക്കൾക്കു അണിയത്തക്ക ആഭരണങ്ങളും അവിടെ കാണപ്പെട്ടു. ഈ ആഭരണങ്ങൾ അണിയത്തക്ക ഒരു ശിശുപോലുമില്ലാത്ത എനിക്കു ഇതെന്തിനു കാണിച്ചുതന്നു എന്നിങ്ങനെ വിലപിച്ചു കണ്ണുനീർതൂകിക്കൊണ്ടു നില്ക്കുമ്പോൾ കമാൽ മറയുകയും ആ സ്ഥാനത്തു് കാൽകുടഞ്ഞുകൊണ്ടുകിടന്ന ഒരു ചെറുശിശുവിനെ കാണുകയും ചെയ്തു. ദിവ്യപ്രഭാവനായ കമാൽ എൻെറ പുത്രവാഞ്ഛയെ നിറവേററുന്നതിനായി സ്വയം ബാലഭാവത്തെ അംഗീകരിച്ചു എടുക്കയാണെന്നു മനസ്സിലാക്കി സന്തോഷാത്ഭുതപരവശനായ വത്സകൻ തൻെറ സഹധർമ്മിണിയെ വിളിച്ചു സകല വസ്തുതകളും അറിയിച്ചശേഷം—

"പ്രിയതമേ! നമ്മുടെ ഭാഗ്യക്കേടു നീങ്ങത്തക്കവണ്ണം കോമളനായ ഉണ്ണിയെ നമുക്കു ലഭിച്ചിരിക്കുന്നു. അവൻ ഇതാ വിശന്നുകിടന്നുകരയുന്നതു നീ കണ്ടില്ലേ? വേഗം എടുത്തു മുലകൊടുത്തുതാലോലിക്കുക!" എന്നുപറഞ്ഞു. ഉടനേ, ഗൃഹനായിക, പുത്രാശയാൽ അതിവേഗത്തിൽ പൈതൽകുഞ്ഞിനെ എടുത്തു് താലോലിച്ചു മുലകൊടുത്തപ്പോൾ, ഈശ്വരാനുഗ്രഹത്താൽ മുലയിൽ പാൽനിറകയും, അതുകുടിച്ചു സംതൃപ്തനായ ബാലൻ, ഓമനച്ചുണ്ടു വിടുർത്തി മാതാപിതാക്കളുടെ മനസ്സലിയിക്കത്തക്കവണ്ണം മന്ദഹാസം തൂകി കൈകാൽ കുടഞ്ഞു കളിച്ചു്, അച്ഛനമ്മമാരെ വ്യാമോഹിപ്പിക്കുകയും ചെയ്തു. പുത്രലാഭത്താൽ സന്തുഷ്ടനായ വത്സകൻ, മംഗലസൂചകമായി, കുറേ പഞ്ചസാരയെടുത്തു പരിജനങ്ങൾക്കുംമററും പങ്കിട്ടുകൊടുത്തു. അതറിഞ്ഞവർ പലരും അതിൻെറ കാരണമന്വേഷിച്ചപ്പോൾ ദിവ്യചരിത്രനായ കമാൽ വത്സകനു പുത്രനായി ശിശുഭാവം പൂണ്ടിരിക്കയാണെന്നു മനസ്സിലാകയാൽ, ആശ്ചര്യപരതന്ത്രന്മാരായി കുഞ്ഞിനെച്ചെന്നുകണ്ടു്, ഹേ കമാൽദേവ! "നിതിവവടിഞങ്ങൾക്കു പുത്രനായിപ്പിറക്കണം ഞങ്ങൾക്കുപുത്രനായിപ്പിറക്കണം," എന്നിങ്ങനെ ഓരോരുത്തരും അപേക്ഷിച്ചു സ്തോത്രംചെയ്തു. ഭക്തവത്സലനായ കമാൽ അവരുടെ അഭിമതത്തെ സാധിക്കുന്നതിനായി രത്നാഭരണങ്ങളണിഞ്ഞ പലശിശുക്കളുടെ രൂപമെടുത്തു്, എല്ലാവരുടെയും അഭിലാഷത്തെ നിറവേററിയ ശേഷം, നേരേവരാണസിക്കുതിരിച്ചു. അപ്പോൾവത്സകൻ അതറിഞ്ഞു്, താൻ മുമ്പുകമാലിനു സമ്മാനിക്കണമെന്നു നിശ്ചയിച്ചിരുന്ന പച്ചരത്നം, കയ്യിലെടുത്തുകൊണ്ടു "ഹാ ഇതു ഞാൻ കമാലിനുസമ്മാനിക്കാൻ നിശ്ചയിച്ചിരുന്നതാണല്ലോ. ഇനി ഇതു ഞാൻ തന്നെ വച്ചുകൊള്ളുന്നതു പാപമല്ലയോ? നമ്മുടെ ദേഹവും ധനവും പ്രാണനുമെല്ലാം ഇപ്രകാരമുള്ള മഹാന്മാർക്കു വേണ്ടിയില്ലയോ ചെലവഴിക്കേണ്ടതു്? പുത്രഭാഗ്യമില്ലാതെയിരുന്ന മാസഹാതാവിനുപുത്രനെ ണ്ടാക്കാൻ ശ്രീമന്ദാര മഹർഷിവിചാരിച്ചിട്ടുപോലും സാധി

എന്നു

ച്ചില്ലം. ദശരഥൻ പുത്രകാമേഷ്ടിയാഗം ചെയ്താണു് വസിഷ്ഠമഹർഷി സന്താനത്തെ ജനിപ്പിച്ചതു്. അതുതന്നെയും ഋശ്യശൃംഗമഹർഷിയെക്കൊണ്ടാണു സാധിച്ചതു്. ഇപ്പോൾ ഇതാ, ഒരു കളിപോലെ കമാൽ, ദുർല്ലഭമായ പുത്രഭാഗ്യത്തെപ്പലൎക്കും നിഷ്പ്രയാസം പ്രദാനംചെയ്തിരിക്കുന്നു. അത്രമാഹാത്മ്യമുള്ള കമാലിനെപ്പിരിഞ്ഞു്, ഞാൻ ഇനി ജീവിച്ചിരിക്കുമോ! അദ്ദേഹത്തിന്റെ അനുഗ്രഹം സിദ്ധിച്ചാൽ ഉടലോടേതന്നെ സ്വൎഗ്ഗത്തെപ്രാപിക്കാമെന്നുള്ളതിനു വല്ലസംശയവുമുണ്ടോ? വിലയേറിയവസ്ത്രാഭരണാദികൾ ധരിച്ചു്, അത്യുന്നതമായ മേടയിൽ താമസിച്ചാലും, മരിക്കുമ്പോൾ അതുകൾകൂടിവരുമോ? ഭാൎയ്യാപുത്രാദികളെ പ്രാണനിവിശേഷമായിപ്പോററിരക്ഷിച്ചാലും, നമ്മുടെപാപപുണ്യങ്ങളിൽ അവർ പങ്കുകൊള്ളുമോ? "യാവദ്വിത്തോപാൎജ്ജനശക്തസ്താവന്നിജ പരിവാരോരക്തഃ" എന്നുപറഞ്ഞതുപോലെ, പണമുള്ളകാലംവരെയല്ലാതെ അവരുടെ സ്നേഹമിരിക്കുമോ? "പണമില്ലാത്തവൻ പിണം" എന്നല്ലേപഴഞ്ചൊല്ലുതന്നെ. നിൎദ്ധനനായവനെ, എല്ലാവരും കൈവെടിയുന്നു. അവനോടു് ആഭിമുഖ്യംപോലും കാണിക്കയില്ല. പണംലോകശക്തിയാണെങ്കിലും മനുഷ്യർ മിക്കവാറും അതിനെ ദുൎവ്വിഷയത്തിലേക്കല്ലാതെ സദ്വിഷയത്തിലേക്കു വിനിയോഗിക്കുന്നില്ല. എല്ലാവരും അവരവരുടെ ഭാൎയ്യാപുത്രാദികളെ സംരക്ഷിക്കുന്നവിഷയത്തിലല്ലാതെ, ഭഗവൽപൂജയ്ക്കോ സാധുസേവയ്ക്കോ ആസക്തന്മാരായിക്കാണുന്നില്ല. സാധുപൂജനത്തിനായി ശരീരസമ്പത്തുകളെ വിനിയോഗിച്ചു്, ഇഹഭോഗവാഞ്ഛകളെ പരിത്യജിച്ചു് പരലോകസുഖത്തെ ഇഛിക്കുന്നവരെയാണു്, ഉത്തമന്മാരെന്നുപറയേണ്ടതു്. അല്ലാതെ പരാക്രമം കൊണ്ടു്, കാനനത്തിന്നധിപതിയായി സിംഹംഭാവിക്കുന്നതുപോലെ ധനസമൃദ്ധികൊണ്ടു്, ദേശാധിപത്യം ലഭിച്ചിരിക്കുന്നമനുഷ്യൻ യഥേഷ്ടസ്ത്രീസംഭോഗാദികളിൽ മനസ്സിറക്കി, അഹംകാരപ്രമത്തനായി പരോപദ്രവങ്ങൾചെയ്തു ഒടുവിൽ, രാജയക്ഷ്മാ മുതലായ രോഗങ്ങൾക്കധീനനായിമരിച്ചു പലനാൾനരകമനുഭവിച്ചശേഷം, ഹീനയോനികളിൽ വീണ്ടും ജന്മങ്ങളെ ആവൎത്തിക്കാൻ ഇടയാകുന്നതാണോനല്ലതു്! എന്നിങ്ങനെ പലവിചാരങ്ങളോടുകൂടി തന്റെ ഭാൎയ്യയേവിളിച്ചു്, "നീ ഈ കുട്ടിയുമായി നിന്റെ അച്ഛന്റെവീട്ടിൽ പോയി താമസിച്ചുകൊള്ളുക" ഞാൻ കമാലോടൊന്നിച്ചു പോകയാണു്. എന്നുയാത്രപറഞ്ഞയച്ചശേഷംതന്റെ മുതലുകളെല്ലാം സാധുക്കൾക്കായിദാനംചെയ്തു് താമസിച്ചവീടുപോലുംവിട്ടുകൊടുത്തശേഷം നിഷ്കാമനായി നിരാശനായി നിസ്സഹായനായി വെളിക്കിറങ്ങി കമാലിന്റെ പുറകേ ഓടിയെത്തി പാദങ്ങളിൽവീണുനമസ്കരിച്ചു്—ഹേ ദയാലുവായ ദേവ! നിന്തിരുവടി എന്നെ വിട്ടുപിരിഞ്ഞു പോകാനാണോ ഭാവിക്കുന്നതു്? എന്നു ചോദിച്ചു കരഞ്ഞുതുടങ്ങി,

കമാൽ:—"ഹേ മാന്യവാത്തക! ഞാൻതന്നെ ശിശുരൂപത്തിൽ താങ്കളുടെ വീട്ടിലിരിക്കുമ്പോൾ വിട്ടുപിരിഞ്ഞുപോന്നതായി വിചാരിച്ചതെന്തുകൊണ്ടു്? താങ്കൾ ഇങ്ങു പോന്നാൽ പിന്നെഎന്നെ രക്ഷിക്കുന്നതിനവിടെയാരുണ്ടു്? അതുകൊണ്ടു്" വാക്കുമറുക്കാതെ വേഗം മടങ്ങിപ്പോയി എന്റെ അംശഭൂതനായ ആ കുട്ടിയെ സൂക്ഷിച്ചുകൊൾക.

വത്തകൻ:—നിന്തിരുവടികൂടിവന്നാലല്ലാതെ ഞാൻ പോകയില്ല.

കമാൽ:—താങ്കളെപ്പോലെതന്നെ അടമണീയനായ എന്റെ പിതാവു് കബീർദാസർ എന്നെക്കാൺമാൻ ആഗ്രഹിച്ചിരിക്കയാണു്. ഞാൻ അദ്ദേഹത്തെ ചെന്നുകണ്ടശേഷം നിശ്ചയമായും താങ്കളുടെ അടുക്കൽ മടങ്ങിവരാം. പറയുന്നതുകേട്ടു വീട്ടിൽ പോകണം.

വത്തകൻ:—അട്ടേ, അങ്ങേ ഇഷ്ടംപോലെ ചെയ്യാം, പക്ഷേ, ഇക്കാണിക്കെങ്ങങ്ങു സ്വീകരിക്കണം.

കമാൽ:—മഹാനുഭാവനായ വത്തക! എനിക്കു ദ്രവ്യത്തെ ഇച്ഛിക്കാൻ പാടില്ല. ദ്രവ്യമര നരകാനുഭൂതിയെ ഉണ്ടാക്കുന്നതാണു്. താങ്കളുടെ സ്വത്തെല്ലാം അൎത്ഥികൾക്കായി ദാനംചെയ്തുകൊണ്ടു, ഇപ്പോൾ കേവലം ദരിദ്രനായിരിക്കയല്ലേ? അതിനാൽ ഈ രത്നത്തെ സൂക്ഷിച്ചു അതുവിറ്റു നിത്യവൃത്തികഴിച്ചുകൊണ്ടിരുന്നാൽ താമസിയാതെ ഞാൻ വന്നു കണ്ടുകൊള്ളാം.

ഇങ്ങനെ പറഞ്ഞു കമാൽ പിരിഞ്ഞുപോകാൻതുടങ്ങിയപ്പോൾ, ധത്തകൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തുകിടന്നുകൊണ്ടു, കമാലിന്റെവസ്ത്രാഞ്ചലത്തിൽ ആ രത്നത്തെ ദൃഢമായി കെട്ടി ഉറപ്പിച്ചശേഷം യാത്രചോദിച്ചുപോകയും ചെയ്തു നേരേ ശ്വശ്രൂഭവനത്തിലേക്കാണ് പോയതു്. അവിടെ എത്തികമാലിന്റെ അംശത്താൽ ഉത്ഭവിച്ചകുഞ്ഞിന്റെ മെയ്യാഭരണങ്ങളിൽ, ചിലതുവിററ് അതുകൊണ്ടുവ്യാപാരംചെയ്തു. മുമ്പിലത്തെക്കാളും അത്യുന്നതമായ മേടമാളിക, മുതലായതുപണികഴിച്ചു ധനസമൃദ്ധിയോടുകൂടി കമാലിന്റെ വരവും നോക്കിത്താമസിച്ചുവന്നു.

കമാലാകട്ടെ, മാതാപിതാക്കന്മാരെ ദർശിക്കുന്നതിലുള്ള അഭിനിവേശത്താൽ ആകൃഷ്ടചിത്തനായിരുന്നതുകൊണ്ടു്, വസ്ത്രക്കോണിൽ രത്നംകെട്ടിയ കഥയറിയാതെ, ഉഴറിനടന്നുപോയിഗംഗാതീരത്തിലെത്തി. മുമ്പിലത്തെപ്പോലെതന്നെ ഗംഗയെസ്തുതിച്ചു് മറുകര കടന്നു വീട്ടിൽ ചെന്നുചേർന്നു. ചിരവിരഹിതനായപുത്രനെക്കണ്ടു് സന്തോഷസാഗരത്തിൽമുങ്ങിയപിതാക്കന്മാരെ കമാൽ വലംവെച്ചു വന്ദിച്ചു് തന്റെ ദീർഘമായ തീർത്ഥയാത്രയിലെ സംഭവങ്ങൾ വിസ്തരിച്ചുപറവാൻതുടങ്ങി. പുത്രദർശനവാഞ്ഛയാൽ പരവശനായിരുന്ന കബീർ തൽക്ഷണംതന്നെ അക്ഷമനായി എഴുന്നേററുചെന്നു് കമാലിനെ പിടിച്ചു് മാറോടണച്ചു് ആശ്ലേഷംചെയ്തപ്പോൾ വസ്ത്രാഞ്ചലത്തിലെ കെട്ടു കണ്ടുമുട്ടി. അതഴിച്ചുനോക്കിയതിൽ അതിനകത്തു് ഒരു നീലരത്നമാണെന്നുകണ്ടു് അദ്ദേഹത്തിന്റെ മുഖം വിവർണ്ണമായി ഭവിച്ചു. പെട്ടെന്നു ദൂരെമാറി പൂജാവിഗ്രഹത്തിന്റെ മുമ്പിൽനിന്നുകൊണ്ടു, കണ്ണുനീരൊഴുക്കിക്കരച്ചിൽ ആരംഭിച്ചു. അതുകണ്ടു സുന്ദരിയും കാരണമറിയാതെ നിലവിളിച്ചു. മാതാപിതാക്കന്മാരുടെ കരച്ചിൽകണ്ടുസംഗതി മനസ്സിലാകാഞ്ഞു കമാലുംകരഞ്ഞുപോയി. അപ്പോൾ മായാവിലാസചതുരനായ ഭഗവാൻ ശ്രീനാരായണൻ, ശ്രീരാമരൂപമെടുത്തു, സീതാഭരതലക്ഷ്മണശത്രുഘ്നസമേതനായി, അവിടെആവിർഭവിച്ചു്, കബീർ, കമാൽ, സുന്ദരി ഇവരെക്കെട്ടിപ്പിടിച്ചുകൊണ്ടു്, അവരെപ്പോലെ വിലാപംതുടങ്ങി. ഈസംഗതികൾ അറിഞ്ഞ രാമാനന്ദസ്വാമികളും തന്റെ ശിഷ്യന്മാരോടുകൂടി പുറപ്പെട്ടു് കബീരിന്റെ വാതുക്കലെത്തി, കതകിന്മുട്ടിവിളിച്ചു. ഹേ കബീർദാസ! കതകും മൂടിയടച്ചു് എല്ലാവരുമായി കൂട്ടനിലവിളിതുടങ്ങിയിരിക്കുന്ന കാരണമെന്തു്? വിളിച്ചാൽകൂടി കേൾക്കാൻ പാടില്ലയോ? എന്നുചോദിച്ചു. കബീർഅതുകേട്ടു സ്വാമിൻ! ഇതാഞാൻവന്നുകഴിഞ്ഞു. എന്നുപറഞ്ഞു കണ്ണുതുറന്നുനോക്കിയപ്പോൾ കെട്ടിപ്പിടിച്ചുകരഞ്ഞുകൊണ്ടു നില്ക്കുന്ന ശ്രീരാമസ്വാമിയേയും കൂട്ടരേയും ആണുകണ്ടതു്. വേഗംതന്നെ സാഷ്ടാംഗനമസ്കാരം ചെയ്തെഴുന്നേററുപൂജിച്ചശേഷംപോയി വാതിൽതുറന്നു് രാമാനന്ദസ്വാമികളെ എതിരേററു അകത്തേക്കു കൂട്ടിക്കൊണ്ടുവന്നു. അവിടെ സന്നിധാനംചെയ്തിരുന്ന ശ്രീരാമാദികളെക്കണ്ടു ഭക്തിയാൽ പരവശനായസ്വാമികൾ തൃപ്പാദങ്ങളിൽ നമസ്കരിച്ചു ഭഗവാൻ! നിന്തിരുവടി ഇക്കബീർകുടുംബക്കാരോടൊരുമിച്ചു കരയുന്നതിന്റെ രഹസ്യം എന്താണെന്നു അടിയനുമനസ്സിലാകുന്നില്ല. നിന്തിരുകരുണാകടാക്ഷത്താൽ ഏതൊരാപത്താണൊഴിയാത്തതു്? ഏതൊരു കാര്യമാണു നിറവേറാത്തതു്?" എന്നിങ്ങനെ ഉണർത്തിച്ചു നില്ക്കുമ്പോൾ ഭഗവാൻ:—ഹേ രാമാനന്ദ! എന്റെ മാറിൽ അണിഞ്ഞിരിക്കുന്ന പതക്കത്തിന്റെ നടുവിൽ പതിക്കുന്നതിനുള്ള ഒരു പച്ചക്കല്ലുകിട്ടാഞ്ഞു വളരെനാളായി ഞാനാഗ്രഹിച്ചിരിക്കുന്നു. ഈകമാൽ ദൂരദേശയാത്രതിരിച്ചപ്പോൾ വഴിമേൽവെച്ചുഞാൻ കണ്ടുഒരുപച്ചരത്നംകൂടി എനിക്കുകാണിക്കയായികൊണ്ടുവരേണമെന്നു പറഞ്ഞയച്ചിട്ടുണ്ടായിരുന്നു. അവൻ എന്റെ ആജ്ഞമറക്കാതെ ഒരുപച്ചക്കല്ലുകൂടി കൊണ്ടുവന്നു. അതിനാണു കബീർ നിന്നുകരഞ്ഞതു. അതുകൊണ്ടു ഞങ്ങളും കരഞ്ഞുവെന്നേയുള്ളൂ. രത്നം ഇതാ കബീരിന്റെകയ്യിൽഇരിക്കുന്നു. അതുനീ ഇങ്ങുവാങ്ങിത്തന്നാൽ കൊള്ളാം" എന്നരുളിച്ചെയ്തു.

കബീർ ഉടനേ തന്റെ കയ്യിലിരുന്ന പച്ചരത്നത്തെ രാമാനന്ദസ്വാമികളെ കാണിച്ചു്—"സ്വാമി! ഭഗവാൻ ഇങ്ങനെ അരുളിച്ചെയ്തു, കമാലിന്റെ ദുരാശയെക്കുറി

ച്ച പരിഹസിച്ചാണെന്നു ഞാൻ വിചാരിക്കുന്നു. അല്ലാതെ പരമാത്മമായിവരാൻവഴി കാണുന്നില്ല. തിരുമാറിൽ അണിയത്തക്ക ഒരുരത്നം അവിടേക്കുവേണമെന്നുണ്ടെങ്കിൽഅതു ചുമതലപ്പെട്ടുവഹിച്ചുകൊണ്ടു കൊടുക്കാൻ കുബേരൻ മുതലായ ലോകേശ്വരന്മാരിൽ എത്രപേരാണുള്ളതു? അസ്ഥിരനായ കമാലിനെക്കൊണ്ടു അക്കാൎയ്യം സാധിക്കണം എന്നു വരികില്ല. കസ്തൂരികൊടുത്തു ചാണകംവാങ്ങിക്കുന്നതുപോലെയും പാലുകൊടുത്തു കള്ളു വാങ്ങിക്കുന്നതുപോലെയും കല്പകക്കായ്കൊടുത്തു കാഞ്ഞിരക്കായ് വാങ്ങിക്കുന്നതുപോലെയും അമൃതുകൊടുത്തു വിഷംവാങ്ങിക്കുന്നതുപോലെയും ഭഗവത്തിരുനാമങ്ങളെ വിലകൊടുത്തു് ഇവൻ ഈ പച്ചരത്നത്തെക്കൊണ്ടുവന്നിരിക്കുന്നു. ഇതുമൂലം അവൻ നരകവാസത്തിനൎഹനായിഭവിച്ചിരിക്കുന്നു. എത്ര ഉയരത്തിൽ പറന്നാലും പരുന്തു ഗരുഡനാകുമോ? ദീപങ്ങൾ എത്ര ശോഭിച്ചാലും സൂൎയ്യനു സമമാകുമോ? നക്ഷത്രങ്ങൾ എത്രശോഭിച്ചാലും ചന്ദ്രനോടു തുല്യമാകുമോ? അതുപോലെ ഇക്കമാൽ എത്രതീൎത്ഥയാത്രചെയ്താലും എന്തെല്ലാം ഉപദേശംകേട്ടാലും അവൻെറദ്രവ്യാശമാറി മോക്ഷത്തിനധികാരിയാകുമോ? ഒരുനിമിഷനേരം പോലെസുകൃതിയാകുമോ? ഇനിഇവൻെറ മുഖത്തു നോക്കാൻ കൊള്ളുകയില്ല. ഹേ സുന്ദരി! ക്ഷണത്തിൽ ഇവനെ വെളിക്കടിച്ചിറക്കുക!" എന്നുപറഞ്ഞയുടനെകമാൽ "പ്രിയപിതാവേ! നിന്തിരുവടി വെറുതെ കോപിക്കരുതു്. ഇപ്പറഞ്ഞതിൽ അശേഷം വാസ്തവമില്ല. ഞാൻ അല്പമായ ഈരത്നത്തിൽ മോഹിച്ചില്ല. മോഹിക്കയുമല്ല. പുലി പുല്ലുതിന്നുമോ? സിംഹം കുറുനരിയുടെമാംസത്തെഇച്ഛിക്കുമോ? വിവേകിഎത്രസങ്കടപ്പെട്ടാലുംലോഭിയോടപേക്ഷിക്കുമോ? പുണ്യവാൻഎത്രദരിദ്രനായാലുംധൎമ്മനിഷ്ഠയെവിട്ടുമാറുമോ? അതുപോലെ വൈരാഗ്യത്തോടുകൂടിയഞാൻ അല്പസാരവും നശ്വരവുമായഈ രത്നത്തിൽ ആശവയ്ക്കുമോ? ഇതുഞാൻ അറിയാതെ ഒരുകച്ചവടക്കാരൻ വരുത്തിവച്ച അപത്താണു. അവൻ എന്നിലുള്ള ഭയഭക്തികൊണ്ടു ഈരത്നം സമ്മാനിപ്പാൻ കൊണ്ടുവന്നു. ഞാൻ അതിനെ നിഷേധിക്കയാണുചെയ്തതു. എതുവിധത്തിലെങ്കിലും എന്നെ ഈ രത്നംഏൾപ്പിക്കണമെന്നുദ്ദേശിച്ചു ഞാൻ അറിയാതെ അവൻ ഇതുമുണ്ടിൻെറകോന്തലിൽ കെട്ടിയതായിരിക്കണം. മനസ്സറിയാതെ ആയാലും അന്യൻെറ മുതൽ അപഹരിക്കരുതെന്നുള്ളതിനു ഇതൊരുദൃഷ്ടാന്തമായി. അതുമൂലം ഇപ്പോൾ ഇവിടെ എന്തെല്ലാം കുഴപ്പംസംഭവിച്ചു? ഇപ്പോൾതന്നെ തിരിച്ചുകൊണ്ടുപോയി ഞാൻ അവനു കൊടുത്തിട്ടുവന്നുകൊള്ളാം. എന്നുപറഞ്ഞു, പിതാവിൻെറ കയ്യിൽനിന്നും രത്നത്തെയും വാങ്ങിക്കൊണ്ടുകമാൽ മറഞ്ഞു. അരക്ഷണത്തിനകം വൎത്തകൻെറ ഭവനത്തിലെത്തി രത്നംകൊടുത്തിട്ടു "ഹേമൂഢാത്മാവേ! തപസ്വിയും ത്യാഗിയുമായ എന്നെ നീ ഈ രത്നംകൊണ്ടു ബന്ധിച്ചുനരകത്തിലിടാൻ ശ്രമിച്ചുവോ? മേലാൽ ഈവക അവിവേകങ്ങൾ സംഭവിക്കരുതു". എന്നിങ്ങനെ അനുശാസിച്ചയത്രപറഞ്ഞു മടങ്ങി ഉത്തരക്ഷണത്തിൽ കബീരിൻെറ മുമ്പിൽ ഹാജരായി. പിതാവേ! ഞാൻ രത്നത്തെ വൎത്തകനു തിരികെക്കൊടുത്തു അശാബന്ധത്തിൽ നിന്നൊഴിഞ്ഞു കഴിഞ്ഞു. ഇനി, അക്കാൎയ്യത്തിൽ അന്തസ്താപം വേണ്ടാ" എന്നറിവിച്ചു.

കബീർ:—പുത്ര! നീപറഞ്ഞതു വാസ്തവംതന്നെയോ? ഒരു നിമിഷത്തിനകംഎതു വിധത്തിലാണു നീ അവിടെപ്പോയി മടങ്ങിവന്നതു?

അതുകേട്ട ഭഗവാൻപറഞ്ഞു:—ഹേകബീർദാസ! നീ അങ്ങനെ സംശയിക്കേണ്ടാ. അവൻ ഞാൻ അഗ്രഹിച്ച രത്നത്തെ കച്ചവടക്കാരനു മടക്കിക്കൊടുത്തുംവച്ചു തന്നെ വന്നിരിക്കയാണു. അതിൽ എനിക്കു പറവാനുള്ളതു, എൻെറ സന്തോഷത്തെക്കാളും നീ ദ്രവ്യവൈരാഗ്യത്തെയാണല്ലോ മേന്മയായികരുതിയതു" എന്നതാണു.

കമാൽ:—ഭഗവാനെ! കളഞ്ഞുകിട്ടിയ കാശു കാണിക്കയിട്ടതുകൊണ്ടെന്തുഫലം? അതുപോലെ ആ കച്ചവടക്കാരൻെറ രത്നം നിന്തിരുവടിക്കു കാഴ്ചവച്ചാൽ അതുകൊണ്ടെന്തൊരു പ്രയോജനം സിദ്ധിക്കും? സത്യത്തിൽ നിന്തിരുവടി ആ രത്നത്തെ അനുഗ്രഹിച്ചിരുന്നുവോ?" ഇങ്ങനെ പുത്രൻെറ വാക്കുകൾകേട്ടു ആനന്ദതുന്ദിലനായ കബീർ അവനെ

ച്ചിടിച്ചു മാറോടണച്ചാശ്ലേഷിച്ചുകൊണ്ടു ഭഗവാനെനോക്കി ഭഗവൻ! നിന്തിരുവടിക്കുന്ന രത്നത്തിൽ അശയുണ്ടെങ്കിൽ കല്പിച്ചാലും! ഇക്ഷണം അടിയൻപോയി അതുവാങ്ങിക്കൊണ്ടുവരുന്നുണ്ടു" എന്നുണർത്തിച്ചു.

**ഭഗവാൻ:**—കബീർദാസ്! ഞാൻ അങ്ങനെ പറഞ്ഞതു് നിങ്ങളെ പരീക്ഷിക്കാനല്ലാതെ മറ്റൊന്നിനുമല്ല. എനിക്കു ഒന്നിലുംതന്നെ ആശയില്ലെന്നു നിനക്കറിഞ്ഞുകൂടയോ? നിങ്ങളുടെ ത്യാഗാദിഗുണങ്ങളെക്കുറിച്ചു ഞാൻ അത്യന്തം സന്തുഷ്ടനായിത്തീർന്നിരിക്കുന്നു എന്നരുളിച്ചെയ്തശേഷം സഹജാദികളോടുകൂടി അവിടെത്തന്നെ അന്തർദ്ധാനംചെയ്തു. അനന്തരം രാമാനന്ദസ്വാമികളും കൂട്ടരും അവിടെനടന്ന അത്ഭുതങ്ങളെക്കണ്ടു ആനന്ദപരവശന്മാരായി യാത്രപറഞ്ഞു പിരിഞ്ഞു. കബീറും കമാലും സാധുക്കൾക്കു ഇഷ്ടദാനങ്ങളും ഗോഷ്ഠ്യാനവുംചെയ്തു സന്തുഷ്ടരായിപ്പാർത്തു.

അനന്തരം കബീർദാസൻ ധർമ്മാർത്ഥമായി പുത്രന്റെ കണ്ഠച്ഛേദംചെയ്തതും അശിരസ്സു സജീവമെന്നപോലെ പാടിക്കളിച്ചതും ഭഗവദനുഗ്രഹത്താൽ അവൻ ജീവിച്ചെഴുനേറ്റതും വീണ്ടും ശോകനൻ വന്നു കാശിനിവാസികൾക്കും വെള്ളംഇല്ലാതാകത്തക്കവിധത്തിൽ ചെയ്തപ്പോൾ കബീർ ഇരുന്ന ഇരുപ്പിൽതന്നെ പെരുവിരൽകൊണ്ടുമണ്ണുചുഴഞ്ഞുമാററി അദ്ദേശവാസികൾക്കെല്ലാം ആവശ്യത്തിനു തികയത്തക്കവണ്ണംവെള്ളം പുറപ്പെടുവിച്ചതും ഒരു പണ്ഡിതന്റെ അച്ഛൻ വാരാണസിയിലുള്ള ഒരുകച്ചവടക്കാരന്റെ ഭവനത്തിൽ കണ്ണുരണ്ടുംപൊട്ടിയ ഒരുകാളയായി വന്നുജനിച്ചുവിവരം ആ പണ്ഡിതൻ തന്റെ അച്ഛനെവിവാഹനദാനംചെയ്തപ്പോൾ ധരിപ്പിച്ചു അവനെ രക്ഷിച്ചതും ഞാനുംനീയും ഒരുപോലെസംസാരികളായിരുന്നിട്ടും എനിക്കു നിന്നെപ്പോലെ ഭഗവദ്ദർശനം ലഭിക്കാത്തതെന്തു് എന്നിങ്ങനെ സംശയഗ്രസ്തനായി ചോദിച്ച ഒരുബ്രാഹ്മണനു തന്റെ ഭാൎയ്യയുടേയും പുത്രന്റെയുംമഹിമയെ വെളിപ്പെടുത്തിക്കാണിച്ചുകൊടുത്തതും നാനക്ഷാ രോഹിതാശപർഇവരോടുതർക്കിച്ചതും ശിവൻ, ശക്തി ബ്രഹ്മാഗണപതി ഇവൎക്കു സീതാരാമമന്ത്രംജപിക്കേണ്ടതാണെന്നറിവിച്ചതും രാമദാസനു ഭഗവദ്ദർശനം കൊടുപ്പിച്ചതുംമററും വിവരിക്കുന്നഅദ്ധ്യായങ്ങൾമേൽ ഓരോ ഭക്തന്മാരുടെ കഥകളെക്കുറിച്ചു പറയുന്നഭാഗത്തു കാണപ്പെടും.

# ശ്രീജയദേവചരിത്രം.

## ഒന്നാം അദ്ധ്യായം.

### (ജയദേവരുടെ ഉദ്ഭവം.)

ഭഗവൽസ്തുതി.

ഓമിത്യാത്മാർത്ഥബാഹ്യാക്ഷരനിരതമനഃപൂരകംചക്രയുഗ്മൽപുലന്ന
ക്ഷീരാബ്ധിസ്സുജ്ഞാനാനന്ദമന്തകമതിമധുരത്തേനിൽ മുങ്ങുന്ന ഭക്തം
കാമപ്രദേ പേഷിമൂമ്പാംജഗദധിപതികൾക്കന്തിരത്തെത്തിടാതോ
രോമാഞ്ചം മാത്രമർത്ഥമാധവമമശരണീഭൂതമാക്കേണമെന്നും.

ജയദേവസ്തുതി.

ജയ സാധുധർമ്മമിഹനിലനിർത്തുവാനവനിതലമാർന്നദേശികവര!
ജയ സർവ്വമംഗളദ! ചലരായവരസ്സരമിഖലിച്ചുന്നശാന്തഹൃദയ!
മൃതയാംകുടുംബിനിയെയുയിർപോന്നെഴുപ്പിയൊരുപരമേഷ്ഠിതുല്യപാമൻ
ജയദേവദേവതവചരണംനമുക്കഭയമരണോപ്രശാന്തികരണം.

### ജയദേവരുടെ ഉദ്ഭവവും വിവാഹവും.

ഉദ്ധവസിദ്ധൻ മുതലായ തപസ്വികൾ ദേവാംശഭൂതന്മാരായ ഭക്തോത്തമന്മാരുടെ പവിത്രചരിത്രങ്ങൾ കേൾക്കുന്നതിൽ ആസക്തമനസ്സന്മാരായി, അടുത്തദിവസവും രാവിലെ എഴുന്നേറ്റു് ചന്ദ്രഭാഗാനദിയിൽ സ്നാനം ചെയ്തു നിത്യകർമ്മങ്ങളനുഷ്ഠിച്ചുകഴിഞ്ഞ ശേഷം കാർത്തികേയകലാഭൂതനായ നാരദസിദ്ധരുടെ സമീപത്തെ പ്രാപിച്ചു്, വന്ദിച്ചു തങ്ങളുടെ അഭിലാഷം അറിയിച്ചു. വിഘ്നേശ്വരൻ ത്രിമൂർത്തികൾ മുതലായ ദേവന്മാരെ അതതാധാരങ്ങളിൽ ഉറപ്പിച്ചു ആത്മതേജോമയനായ സാക്ഷാൽ സുബ്രഹ്മണ്യനെ ധ്യാനിച്ചു, ബ്രഹ്മരന്ധ്രത്തിൽ പ്രതിഷ്ഠിച്ചു്, കണ്ടുകണ്ടാനന്ദിച്ചിരുന്ന നാരദസിദ്ധർ, ആഗതന്മാരായ താപസന്മാരെക്കണ്ടു്, സന്തുഷ്ടനായി അവരെ അനുഗ്രഹിച്ചശേഷം ശ്രീജയദേവസ്വാമിയുടെ ചരിത്രം പറവാൻതുടങ്ങി.

ഹേ സുശീലന്മാരായ സിദ്ധന്മാരേ! സത്സംഗത്തിൽ രതിയോടുകൂടിയ മുക്തന്മാരേ! നിങ്ങളുടെ അഭിലാഷപ്രകാരം ഞാൻ പറവാൻ പോകുന്ന പരിപാവനമായ ഈ ചരിത്രത്തെ നിങ്ങൾ ഭക്തിശ്രദ്ധകളോടുകൂടി കേട്ടുകൊള്ളണം; വിശ്വവിഖ്യാതമായി, ജഗന്നാഥം എന്ന ദിവ്യനാമത്തെ ധരിച്ചിരിക്കുന്ന നഗരം സുകൃതിജനങ്ങളുടെ തപഃഫലായത്തമായ ഒരു മഹനീയസ്ഥാനമാണ്. അവിടെ പൂർണ്ണബ്രഹ്മജ്ഞാനിയായ ശ്രീഹനൂമാന്റെ രൂപം ഭംഗിയായി എഴുതിയിരിക്കുന്ന ഗരുഡക്കൊടികളും പരമശിവനെ ചിറകടിക്കാറ്റുകൊണ്ടു ഭയപ്പെടുത്തിയ ഗരുഡപ്രതിമകൾ വെച്ചിട്ടുള്ള കൊടിമരങ്ങളും ധർമ്മമൂർത്തിയായ ധർമ്മപുത്രനെപ്പോലും അതിശയിക്കുന്ന നീതിയോടുകൂടിയ മഹാത്മാക്കളാൽ നിർമ്മിക്കപ്പെട്ട അത്യുന്നതങ്ങളായ ഗോപുരങ്ങളും മാളികകളും പരിശുദ്ധന്മാരായ സത്യലോകനിവാസികൾപോലും, കാണ്മാനിച്ഛിക്കത്തക്ക വേദഘോഷങ്ങളും തപശ്ചര്യകളും യാഗശാലകളും സ്വാഗതങ്ങളായ പെരുഞ്ചോലകളും ധർമ്മിഷ്ഠന്മാർ ഏർപ്പെടുത്തി നടത്തിവരുന്ന അനേകം അന്നസത്രങ്ങളും, ചുവരുകളിൽ വിവിധങ്ങളായ വർണ്ണചിത്രങ്ങളും, സാധുപൂജിത

ന്മാരായ മഹർഷിമാരാൽ അധിവസിക്കപ്പെടുന്ന സുരഭിലകുസുമങ്ങളായ പൂന്തോട്ടങ്ങളും അതുകളിൽ സ്ഫടികപ്രസന്നങ്ങളായ നീരോട്ടങ്ങളും അളകാപുരത്തെപ്പോലും അതിശയിക്കുമാറുള്ള കനകമണിമയങ്ങളായ പ്രാസാദങ്ങളും ശൃംഗാരോപവനങ്ങളും ഉൎവശിമുതലായ ദേവസ്ത്രീകൾപോലും അത്ഭുതപ്പെട്ട്, ആകാശത്തുവന്നുനിന്നു ശ്രദ്ധിച്ചാനന്ദിക്കത്തക്ക മൃദംഗധ്വനികളു, വീണാനാദങ്ങളുംപാലാഴിയെഉപേക്ഷിച്ച്, വിഷ്ണു അവിടെത്തന്നെ വാസമുറപ്പിച്ചിരിക്കുന്നതു ശരിയല്ലെന്നു സങ്കടംപറഞ്ഞു് പാലാഴിയിലേക്കു ക്ഷണിക്കുകയാണോ എന്നുതോന്നുമാറു പ്രാന്തഭാഗത്തിൽ അലതല്ലുന്ന സമുദ്രത്തിലെ ശബ്ദകോലാഹലങ്ങളു, സൎവദാ മോഹനവും വിശിഷ്ടവുമായ ആ നഗരത്തെ ഉപേക്ഷിച്ചുപോകരുതെന്നു ഭഗവാനോടഭ്യൎത്ഥിക്കയാണോ എന്നുതോന്നുമാറുള്ള ഭക്തന്മാരുടെ നാമസംകീൎത്തനങ്ങളും നിരന്തരാനന്ദകരവും മാഹാത്മ്യസൂചകവുമായിരുന്നു.

ആ പട്ടണത്തിനടുത്തുള്ള ബില്വഗ്രാമമെന്ന ദിക്കിൽ ശ്രീനാരായണ ഭക്തശിരോമണിയായ നാരായണശാസ്ത്രി എന്നൊരു മഹാബ്രാഹ്മണൻ പാൎത്തിരുന്നു. അദ്ദേഹം ആശാപാശങ്ങളെ പരിത്യജിച്ച വിരക്തനും ജ്ഞാനിയും വേദശാസ്ത്രങ്ങളെ ഉരുക്കഴിച്ച പണ്ഡിതനും ആയിരുന്നു. സുശീലയും സുന്ദരിയുമായ കമലാദേവി എന്ന ഉത്തമപത്നിയോടുകൂടി, അദ്ദേഹം ഗൃഹസ്ഥാശ്രമത്തെ വിധിപ്രകാരം പരിപാലിച്ചു സാധുപൂജ അതിഥിസൽക്കാരം പുരാണപാരായണം, ഹരിനാമസംകീൎത്തനം മുതലായവയാൽ ദിവസം കഴിക്കയും, അജ്ഞാനപാശങ്ങളെ ഖണ്ഡിച്ച്, അധികസമയവും ബ്രഹ്മാനന്ദത്തിൽ ലയിച്ചിരിക്കയും ചെയ്തുവന്നു. അങ്ങിനെയിരിക്കവേ കമലാദേവിക്കു പുത്രന്മാരില്ലായ്കകൊണ്ടു് സന്താപം വൎദ്ധിച്ചു; വിരക്തനായ ഭൎത്താവിനോടു ആ സംഗതിപറഞ്ഞാൽ ഫലമില്ലെന്നു നിശ്ചയിച്ച്, ആ സാധ്വി ശ്രീ ജഗന്നാഥസ്വാമിയെ ദിവസംതോറും ഭക്തിയോടുകൂടി ഭജിച്ചു. ഹേ ജനാൎദ്ദന, മുരഹര, നരഹര! എനിക്കു പരമസാത്വികനായ ഒരു പുത്രനെ പ്രദാനംചെയ്യണമെ എന്നഭ്യൎത്ഥിക്കപതിവായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം രാത്രിയിൽ ഭഗവാൻ നാരായണശാസ്ത്രിയുടെ സ്വപ്നത്തിൽ പ്രത്യക്ഷനായി, ഹേ ഭക്തോത്തമ! നിന്റേയും സഹധൎമ്മിണിയുടേയും പാവനമായ തപസ്സുകൊണ്ടു് ഞാൻ പരമസന്തുഷ്ടനായിത്തീൎന്നിരിക്കുന്നു. നിന്റെഭാൎയ്യ അഭ്യൎത്ഥിച്ച വരത്തേയും പ്രദാനംചെയ്തിരിക്കുന്നു. അതുമൂലം നിന്റേയും നിന്റെപൂൎവ്വികന്മാരുടേയും പാപങ്ങളും ദുഃഖങ്ങളും ശാന്തമായിഭവിക്കും എന്നരുളിച്ചെയ്തുമറഞ്ഞു.

തൽക്ഷണംതന്നെ ശാസ്ത്രികൾ കണ്ണുതുറന്നു സ്വപ്നത്തെക്കുറിച്ചോൎത്തപ്പോൾ അദ്ദേഹത്തിനു അത്ഭുതവും ആനന്ദവുംഉണ്ടായി വേഗംതന്നെ ഭാൎയ്യയെവിളിച്ചുണൎത്തി പ്രിയതമേ! ഭഗവാൻ എന്റെസ്വപ്നത്തിൽ പ്രത്യക്ഷനായിവന്നു നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. നീ അപേക്ഷിച്ചവരം ദാനംചെയ്തിരിക്കുന്നുവെന്നും, അതു നമ്മുടേയും നമ്മുടെപൂൎവ്വികരുടേയും ദുഃഖങ്ങളും പാപങ്ങളുംതീരാൻമാൎഗ്ഗമാകുമെന്നും അരുളിച്ചെയ്കയുണ്ടായി, ഹേ കുലദീപമായ സാധ്വി! നീ എന്തൊരുവരമാണു ഭഗവാനോടപേക്ഷിച്ചതു്? അതുകേൾപ്പാൻഞാൻ അക്ഷമനായിത്തീൎന്നിരിക്കുന്നു എന്നുപറഞ്ഞു. ദാഹിച്ചുഴലുന്ന വേഴാമ്പൽപക്ഷിക്കു മഴത്തുള്ളികിട്ടിയാൽ എന്നപോലെ, ഈ വാക്കുകൾ കേട്ടു സന്തുഷ്ടയായ കമലാദേവി ഭൎത്താവിന്റെ പാദങ്ങളെ വന്ദിച്ചു് സ്വാമിൻ നമ്മുടെ അനപത്യമാകുന്ന ദോഷംതീൎന്നു് ഋണനിൎമ്മുക്തരാകുന്നതിന്നു സാത്വികനായ ഒരുപുത്രനെ ലഭിക്കണമെന്നാണു് ഞാൻപ്രാൎത്ഥിച്ചതു് എന്നറിവിച്ചു.

ശാസ്ത്രിക്കു ആ നിവേദനത്തെക്കുറിച്ചു നീരസമാണുണ്ടായതു്. അദ്ദേഹം വ്യാകുലഭാവത്തോടെ ഭാൎയ്യയെനോക്കി മൂഢേ! നീ എന്തൊരു സാഹസമാണു് പ്രവൎത്തിച്ചതു്? “എണ്ണമററശാസ്ത്രങ്ങൾ പഠിച്ചാലും പെണ്ണുങ്ങൾ പേയാട്ടികൾതന്നെ” എന്നപഴമൊഴി ശരിയാണെന്നു നിന്റെ ഈ ആശ വെളിപ്പെടുത്തിയിരിക്കുന്നു. നിത്യസുഖത്തെ തരുന്നമുക്തിപദത്തെയോ മുക്തിപദത്തെത്തരുന്ന ഭഗവദ്ദൎശനത്തെയോ അഭ്യൎത്ഥിക്കാതെ, സംസാരചക്രത്തിലെ നാഭികീലമായ പുത്രസമ്പത്തിനെയാണോ നീ വാഞ്ഛിച്ചതു്? ക

ഷ്ടം! അമൃതകലശം മുമ്പിലിരിക്കുമ്പോൾ വിഷം ചോദിച്ചു വാങ്ങിയതുപോലെയാണു നീ ഈ ചെയ്തതു്. പ്രാരബ്ധത്തെ നശിപ്പിക്കാനല്ലാതെ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നവർ വല്ലവരുമുണ്ടോ? സർവചരാചര ഗുരുവായ ഭഗവാനോടു നിത്യസുഖത്തെയോ അനിത്യസുഖത്തെയോ അപേക്ഷിക്കേണ്ടതു്? ഏഷണത്രയത്തെ വർജ്ജിച്ചിരിക്കണമെന്നാണു ശാസ്ത്രങ്ങൾ ശാസിക്കുന്നതു്. അതു വായിച്ചറിഞ്ഞു ഏഷണത്രയത്തിൽ പ്രധാനമായതിനെത്തന്നെ ചോദിച്ചുവാങ്ങിയിരിക്കുന്നു. ക്രൂരമായ തപശ്ചര്യകൾ അനുഷ്ഠിക്കാൻ പ്രയാസമെടുത്തതു് ഇതിലേക്കായിരുന്നോ? നല്ലകൃത്യംതന്നെ, പാതാളാഞ്ജനം നോക്കി, സ്വർണ്ണകനക കുംഭങ്ങളുടെ അരികിൽ കണ്ടുമുട്ടിയ എല്ലുകഴിച്ചെടുത്തതുപോലെയായി. പലനാൾ തപസ്സുചെയ്തു ഭഗവാൻ പ്രത്യക്ഷപ്പെട്ടപ്പോൾ, യുദ്ധംവേണമെന്നു ബാണാസുരൻ അപേക്ഷിച്ചതായി കേട്ടിട്ടുണ്ടു്. അതുപോലെ അഭീഷ്ടം ചോദിച്ച ഭഗവാനോടു കുബ്ജ ശൃംഗാരസുഖം മതിയെന്നപേക്ഷിക്കയും ചെയ്തിട്ടുണ്ടു്. ഏകദേശം അതുപോലെയാണു നീ ഈ ചെയ്തതും; പുത്രനെക്കൊണ്ടു മോക്ഷമോ പരമാനന്ദമോ ലഭിക്കാൻ സാധിക്കുമോ? കഷ്ടം! ഈ നരകവാസത്തിനു കാപ്പുകെട്ടിയിറങ്ങിയല്ലോ" എന്നൊക്കെ ഭത്സിച്ചുപറഞ്ഞു്, കുണ്ഠിതത്തോടുകൂടി ഭഗവന്നാമങ്ങളെപ്പാടി ബ്രഹ്മധ്യാനത്തിൽ ലയിച്ചിരുന്നു. ധ്യാനനിഷ്ഠവിട്ടതിൽ പിന്നീടു ഭാര്യയോടു സൌമുഖ്യം കാണിക്കാതെ മൌനംദീക്ഷിച്ചിരുന്നുകളഞ്ഞു.

ഭർത്താവിന്റെ യുക്തികൾകേട്ടു കമലാദേവിക്കു ലജ്ജയും ഭയവും വിവേകവും ഉണ്ടായി. പുത്രനില്ലാത്തവർക്കു മുക്തിസിദ്ധിക്കയില്ലെന്നു കർമ്മകാണ്ഡത്തിൽ പറഞ്ഞവാക്കു പ്രമാണമാക്കി ഞാൻ ഭ്രമിച്ചുപോയല്ലോ—ഹാ കഷ്ടം തുച്ഛമായ സംസാരസുഖത്തെയാണല്ലോ ഞാൻ ആഗ്രഹിച്ചതു്. എന്നിങ്ങനെ പശ്ചാത്തപിച്ചു വിലപിക്കാൻ തുടങ്ങി. ഭർത്താവിന്റെ മുഖത്തുനോക്കാൻപോലും ധൈര്യമില്ലാതെകരഞ്ഞു കണ്ണുനീരിൽ കുളിച്ചു് ഭഗവദ്ധ്യാനകീർത്തനങ്ങൾചെയ്തു. തനിക്കുവന്നുപോയ അവിവേകത്തെ ക്ഷമിക്കണമെന്നും, ഞങ്ങൾക്കും ഞങ്ങളുടെ പൂർവികന്മാർക്കും പാപശാന്തിയും മുക്തിയും നൽകി അനുഗ്രഹിക്കണമെന്നും അപേക്ഷിച്ചു. ഭാര്യയുടെ വിവേകശീലംകണ്ടു ശാസ്ത്രികളും സന്തുഷ്ടനായിഭവിച്ചു. അനന്തരം അവർ രണ്ടാളുമായി ഭഗവാനെസ്തുതിച്ചു്, അന്നപാനകൾമുഴുവൻ യാതൊരു ഭക്ഷണവും കഴിക്കാതെ വ്രതത്തോടുകൂടിയിരുന്നു ജപിച്ചു്, നേരംഇരുട്ടിയതിൽപിന്നീടും ഉറങ്ങാതെ നാമജപം അനുഷ്ഠിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോൾ കരുണാനിധിയായ ഭഗവാൻ ഒരുബ്രാഹ്മണവേഷംധരിച്ചു്, ആ സാധുദമ്പതിമാരുടെ മുമ്പിൽപ്രത്യക്ഷപ്പെട്ടു. നാരായണശാസ്ത്രിയും പത്നിയും അത്ഭുതപൂർവമായ ആ ഭാഗ്യോദയത്താൽ സന്തുഷ്ടരായി സംഭ്രമിച്ചെഴുന്നേറ്റു വന്ദിക്കുമ്പോൾ, ഭഗവാൻ അവരെനോക്കി, ഹേ ഭക്തശിരോമണികളെ! പുത്രദാനത്താൽ നിങ്ങളുംപൂർവികന്മാരും മുക്തരാകുമാറും, നിങ്ങൾക്കു അഖണ്ഡജ്ഞാനവും അനവദ്യമായ ഭക്തിയുംഉൽപാദിക്കുമാറും ഞാൻഅനുഗ്രഹിക്കുന്നു. സൽപുത്രന്മാരെഅഭിലഷിക്കുന്നതു്, മുക്തിക്കുകാരണമാണെന്നുള്ള ഉപദേശം തരികയുംചെയ്യുന്നു എന്നരുളിച്ചെയ്തുമറഞ്ഞു.

ആ അത്ഭുതത്തെക്കണ്ടു ശാസ്ത്രികൾ തന്റെ ദുശ്ശങ്കകളൊക്കെ നീക്കിഭാര്യയെ അഭിനന്ദിച്ചു്, കമലാദേവി! നിന്റെ പുത്രാർത്ഥനം അവിവേകമായ ഒരുപ്രവൃത്തിയായിപ്പോയിയെന്നു്, ഞാൻഅനുശാസിച്ചതിനെ ക്ഷമിച്ചുകൊൾക. നീമൂലം നാമും നമ്മുടെ പൂർവികരും മുക്തരായിഭവിച്ചിരിക്കുന്നു. സാക്ഷാൽ സാധ്വികളുടെ മനസ്സു ഒരിക്കലും അധർമ്മത്തിൽ പ്രവർത്തിക്കയില്ലെന്നുള്ളതത്വം, ഇതിൽനിന്നു പഠിക്കുവാൻ എനിക്കു സംഗതിയായി. എന്നോരോ ധന്യവാദങ്ങൾ വർഷിച്ചു്, ഭാര്യയിൽപൂർവാധികമായ സ്നേഹാദരങ്ങൾ പ്രദർശിപ്പിച്ചുസുഖിച്ചിരുന്നു.

കുറേനാൾ കഴിഞ്ഞപ്പോൾ, ആ ദമ്പതിമാരുടെ തപോബലത്താലും ഭഗവദാജ്ഞയാലും, വിഷ്ണുകലാഭൂതനും പരാശരപുത്രനുമായ സാക്ഷാൽ ശ്രീവേദവ്യാസമഹർഷി ലോകത്തിലവതരിക്കുവാനായി കമലാദേവിയുടെ ഗർഭത്തെ പ്രാപിച്ചു. ചിരഞ്ജീവിയും നീതിജ്ഞനും വേദവിഭജനകർത്താവുമായ മഹർഷിശ്രേഷ്ഠനെ ഗർഭത്തിൽധരിച്ച ആ ദേവി വി

ൎണ്ണകലയെ ഗൎഭത്തിൽ ധരിച്ച, കൌസല്യയെപ്പോലെയും ദേവകീദേവിയെപ്പോലെയും പ്രദീപ്തി പ്രകാശിച്ചുതുടങ്ങി. അഹംകാരരഹിതമായി കൎമ്മങ്ങളെല്ലാം ഈശ്വരങ്കൽ സമൎപ്പിച്ചു ചെയ്യുന്ന സാധുലോകത്തിന്റെ ഐശ്വൎയ്യം എന്നപോലെ വൎദ്ധിച്ചുവന്ന ഗൎഭം പൂൎണ്ണമായപ്പോൾ, ദിവ്യമംഗളവിഗ്രഹത്തോടുകൂടിയ തേജോനിധിയായ ഒരു ബാലൻ ലോകത്തിൽ അവതരിച്ചു.

സൎവ്വലക്ഷണസമ്പന്നനായ പുത്രനെക്കണ്ടു്, മതാതാപിതാക്കൾ ആനന്ദത്തിരകളിൽ മുങ്ങിപ്പൊങ്ങി നീന്തിക്കളിച്ചു; പുത്രനെ വാത്സല്യപൂൎവ്വം വാരിയെടുത്തു ഗാഢാശ്ലേഷം ചെയ്തു് സന്തോഷാശ്രുക്കൾ വൎഷിക്കയും, യഥാവിധി ഉദകക്രിയകളും, ദാനധൎമ്മങ്ങളും നിൎവ്വഹിക്കയുംചെയ്തു. ദരിദ്രൻ നിധികിട്ടിയപോലെ എന്നല്ല, കുരുടൻ കണ്ണുകിട്ടിയതുപോലെയും സന്തോഷിച്ചു്, ശാസ്ത്രികളും പത്നിയും ജീവനെസൂക്ഷിക്കുന്ന ദേഹത്തെപ്പോലെ ബാലനെ സൂക്ഷിച്ചുരക്ഷിച്ചുവളൎത്തിവന്നു. വിവിധദാനധൎമ്മാദികളോടുകൂടി, യഥാകാലം ജയദേവൻ എന്നു പേരിട്ടു അഞ്ചുവയസ്സായപ്പോൾ ഒരു ശുഭമുഹൂൎത്തം നിശ്ചയിച്ചു്, ഉപനയനകൎമ്മം നടത്തി അക്കാലത്തുതന്നെ വിദ്യാഭ്യാസത്തിനാക്കുകയും മഹാനുഭാവനായ ബാലൻ അചിരേണ വേദവേദാംഗവേദാന്താദി വിദ്യകളെല്ലാം നിഷ്പ്രയാസം പാഠമാക്കുകയും ചെയ്തു.

പ്രായമായപ്പോൾ പുത്രനെ ഗൃഹസ്ഥാശ്രമത്തിലിരുത്താനമെന്നു മാതാപിതാക്കൾ നിശ്ചയിച്ചു. അതനുസരിച്ചുകുലശുദ്ധിയും ശീലഗുണവും സൌന്ദൎയ്യസമ്പത്തും ധനപുഷ്ടിയും തികഞ്ഞ ഒരു പെൺകുട്ടിയെ ജയദേവനു വിവാഹത്തിനുനിശ്ചയിച്ചു. ആ കന്യകയുടെ നാമം പത്മാവതി എന്നായിരുന്നു. മനോവികാസവും വിജ്ഞാനവും വിരക്തിയും സൌന്ദൎയ്യാദിഗുണങ്ങളുംകൊണ്ടു് ആ സ്ത്രീരത്നം ജയദേവനു അനുരൂപതന്നെയായിരുന്നു. നെടിയ പന്തൽ കെട്ടിവിതാനിച്ചു്, കുലവാഴകൾ മുതലായവ അലംകരിച്ചു്, വലിയ അഘോഷത്തോടുകൂടി വിവാഹകൎമ്മം വിധിപ്രകാരം മംഗളമായി നടത്തി. അനന്തരം സകലരുടേയും ആശീൎവ്വാദങ്ങളും പുഷ്പവൎഷങ്ങളുമേറ്റു്, അന്നം താംബൂലം ചന്ദനം മുതലായവ ദാനംചെയ്തു ജാതിമൎയ്യാദപ്രകാരം ബന്ധുജനങ്ങളോടുകൂടി വധൂവരന്മാർ വരന്റെ ഭവനത്തെ പ്രാപിക്കയുംചെയ്തു.

അന്നുമുതൽ ജയദേവനും പത്നിയും മഹാവിഷ്ണുവും ലക്ഷ്മീദേവിയും എന്നപോലെ കാമനും രതിയുംഎന്നപോലെ, ശിവനും ശക്തിയും എന്നപോലെ ബ്രഹ്മാവും വാഗ്ദേവിയും എന്നപോലെ അന്യോന്യം അനുരാഗത്തോടും സ്നേഹബഹുമാനങ്ങളോടുംകൂടി, കാരോരോഭോഗങ്ങളെ അനുഭവിച്ചു സുഖിച്ചിരുന്നു, ദേഹംരണ്ടെങ്കിലുംമനസ്സും ജീവനും ഒന്നെന്നുള്ളനിലയിൽ അനുരക്തരായി അനുസരണവാക്കുകളോടുംകൂടി, ധൎമ്മത്തിൽനിന്നു് അണുപോലും വ്യതിചലിക്കാതെ ദിവസംനയിച്ചുവന്നു. ദിവസംതോറും ബ്രാഹ്മമുഹൂൎത്തത്തിൽ ഉണൎന്നു ഭഗവന്നാമങ്ങളേയും വേദമന്ത്രങ്ങളേയും ഉച്ചരിച്ചു്, നിത്യകൎമ്മങ്ങൾകഴിക്കുക, അതിഥിസൽക്കാരം സുവൎണ്ണവസ്ത്രാദിദാനംമുതലായവ ചെയ്യുക, അജ്ഞന്മാൎക്കു് ജ്ഞാനമാൎഗ്ഗങ്ങൾ ഉപദേശിക്കുക, നിത്യപ്പൊരുളിനെത്തന്നെ ആത്മാവിൽ നിലനിൎത്തി സ്നേഹിക്കുക, മുതലായ സദനുഷ്ഠാനക്രമങ്ങളാൽ ദേവാദികൾപോലും ആശ്ചൎയ്യപ്പെടത്തക്കവിധത്തിൽ സന്തുഷ്ടരായിപ്പാൎത്തു.

ഇങ്ങനെയിരിക്കുമ്പോൾ ജയദേവന്റെ മാതാപിതാക്കൾ, വിരക്തിയാൽ ഭക്തിയും ഭക്തിയാൽമുക്തിയും ഉണ്ടാകുമെന്നുള്ള ഭഗവദ്വാക്യത്തെ അനുസരിച്ചു്, തപസ്സിന്നായി വനത്തിൽപോകണമെന്നു നിശ്ചയിച്ചു. പരമസാത്വികനായ ജയദേവൻ പതിവ്രതാരത്നമായ പത്മാദേവിയോടുചേൎന്നുകൊണ്ടു്, ശിവനും ശക്തിയുംഎന്നപോലെ അപൎസവൈശ്വൎയ്യസംപൂൎണ്ണരായി വാഴുമെന്നുള്ള വിശ്വാസത്തോടുകൂടി ആ വൃദ്ധദമ്പതികൾ

പുത്രനും പത്നിക്കും ഉചിതങ്ങളായ പല ഉപദേശങ്ങൾ ചെയ്തു്, ആശീർവദിച്ചശേഷം വനത്തിൽപോയി, ബ്രഹ്മധ്യാനത്തോടുകൂടി ആനന്ദിച്ചിരുന്നു. ജയദേവനും പത്നിയും അതു കണ്ടു്, തങ്ങൾക്കും അചിരേണ ആ ആശ്രമത്തെത്തന്നെ സ്വീകരിക്കണമെന്നുള്ള അഭിലാഷത്തോടുകൂടി നിത്യവൈരാഗ്യത്തിൽ മനസ്സുറയ്ക്കുന്നതിന്നു ശ്രമിച്ചുവന്നു.

ഒന്നാം അദ്ധ്യായം സമാപ്തം.

---

## രണ്ടാംഅദ്ധ്യായം.

---

### (ജയദേവരുടെവിരക്തി.)

അനന്തരം ജയദേവാചാര്യനും പത്മാവതീദേവിയും, ഗൃഹസ്ഥാശ്രമവിധിക്കുചേർന്ന സുഖഭോഗങ്ങളിൽ മുഷിഞ്ഞു്, തപോവൃത്തിക്കനുകൂലമായ ജീവകാരുണ്യവും, മോക്ഷപ്രാപ്തികരമായ ബ്രഹ്മജ്ഞാനവും അന്തഃക്കരണത്തിൽ താനേവർദ്ധിച്ചു പ്രകാശിച്ചുതുടങ്ങി. അതിനാൽ ഉത്തമശ്രോത്രിയന്മാൎക്കും ഭക്തന്മാൎക്കും അതിഥികൾക്കുമായി ജയദേവൻതന്റെ സകലമുതലുകളും ദാനംചെയ്കയും, താമസിച്ച വീടുപോലുംകൊടുത്തു മംഗല്യസൂത്രംമാത്രംശേഷിച്ച ഭാൎയ്യയോടുകൂടി കൌപീനധാരിയായി പുറപ്പെട്ടു്, ധൎമ്മസത്രങ്ങളിലും ചാവടികളിലും താമസിച്ചു്, ഭിക്ഷയെടുത്തു നിത്യവൃത്തി കഴിച്ചുവന്നു. ഭിക്ഷാടനം കഴിച്ചുള്ള സമയങ്ങളിൽ ഭഗവൽകഥാപാരായണം നാമസങ്കീൎത്തനം തീർത്ഥസ്നാനം അതിഥിപൂജനം മുതലായ സൽക്കൎമ്മങ്ങൾ അനുഷ്ഠിച്ചും, ഭഗവൽപ്പരമായി അഷ്ടകങ്ങളും കീൎത്തനങ്ങളും നിൎമ്മിച്ചുപാടിയും, സമയംനയിച്ചു. ഭിക്ഷയേറ്റുകൊണ്ടുവരുന്ന സാധനങ്ങൾ അമൃതുപോലെ സ്വാദിഷ്ഠമാക്കിപ്പാകംചെയ്തു്, ഭൎത്താവിന്നും അതിഥികൾക്കുംകൊടുത്തു സംതൃപ്തരാക്കിയശേഷം, ഉണ്ടെങ്കിൽമാത്രമേ പത്മാവതീദേവി ഭക്ഷിക്കപതിവുണ്ടായിരുന്നുള്ളു. അതിഥികൾക്കു കൊടുക്കാൻമാത്രം ഭക്ഷണം ലഭിക്കുന്നദിവസം ദമ്പതിമാർ അതുകൊണ്ടു സംതൃപ്തരായി ഉപവസിക്കും. അതിഥികൾക്കു അന്നംകൊടുക്കുക അവരെ ശുശ്രൂഷിക്കുക, എന്നശബ്ദം ജയദേവന്റെ മുഖകമലത്തിലും അതിഥികളെ ഭക്ഷണദാനശുശ്രൂഷാദികളാൽ ഞാൻ സംതൃപ്തരാക്കിക്കൊള്ളട്ടെ എന്നശബ്ദം പത്മാദേവിയുടെ മുഖകമലത്തിലും, നിരന്തരമായി മുഴങ്ങിക്കൊണ്ടിരുന്നു. അതിഥിസൽക്കാരവും ഭക്ഷണവും കഴിച്ചാൽ ജയദേവൻ, വേദമന്ത്രങ്ങളും നാമസങ്കീൎത്തനങ്ങളും ഉച്ചരിച്ചു്, പ്രപഞ്ചപരിത്യാഗത്തിന്നും മനോനിശ്ചലതത്തിന്നും വേദവാക്യംതന്നെ പരമസാധനമെന്നുഘോഷിച്ചു്, ബ്രഹ്മൈകധ്യാനമാത്രനായി പരമാനന്ദത്തിൽമുങ്ങി, ബ്രഹ്മത്തോടേകീഭവിച്ചു്, ജാഗ്രൽസ്വപ്നാവസ്ഥകളെ അതിക്രമിച്ചു സുഷുപ്ത്യാനന്ദം ജാഗ്രത്തിൽത്തന്നെ അനുഭവിച്ചു്, ആനന്ദബാഷ്പം നിറഞ്ഞ കണ്ണുകളോടുകൂടി, കാറ്റുകൊണ്ടിളകാതെ കത്തിനില്ക്കുന്ന ദീപംപോലെയും, തിരകളില്ലാതെ നിശ്ചലമായ സമുദ്രംപോലെയും ബ്രഹ്മനിഷ്ഠയിൽ ലയിച്ചിരിക്കും.

പത്മാദേവി, അതിഥികളെ ഗുരുനിർവിശേഷമായി പൂജിച്ചു യാത്രയാക്കിയശേഷം, അമ്മയച്ഛൻമുതലായവരും ദൈവവുമെല്ലാം ഭൎത്താവുതന്നെയെന്നു സങ്കല്പിച്ചു് ഭൎത്താവുതന്നെ സകലമംഗളങ്ങൾക്കും കാരണമെന്നും വിശ്വസിച്ചു്, കാലംകഴിച്ചുവന്നു. ഇങ്ങനെയിരിക്കെ ഒരു ഉരലിലുള്ള വല്ലവരും ജയദേവസ്വാമിയാൽ ഉണ്ടാക്കപ്പെട്ട കീൎത്തനങ്ങളും അഷ്ടകങ്ങളും ചേൎത്തു് ഒരു പുസ്തകമാക്കി, അതിനെ ഭക്തിപൂൎവ്വം നിത്യപാരായണത്തിന്നുപയോഗിച്ചുവന്നു. ഒരിക്കൽ ജഗന്നാഥക്ഷേത്രത്തിൽ ഉത്സവസമയത്തു്, ശ്രീ[illegible]വേകനഗരത്തിൽനിന്നും വന്ന ചില ഭക്തന്മാർ ശ്രീകോവിലിന്റെ മുൻഭാഗത്തുള്ള മ

ഗധാന്തത്തിലിരുന്നു്, ജയദേവസ്വാമിയുടെ രസഭൂയിഷ്ഠങ്ങളായ അഷ്ടകങ്ങളും ശ്ലോകങ്ങളും കീൎത്തനങ്ങളും ചൊല്ലിസ്തുതിച്ചപ്പോൾ ശ്രീകോവിലിൽ, ഞാൻ അംഗീകരിച്ചു; ഞാൻ അംഗീകരിച്ചു എനിക്കു സന്തോഷമായി എനിക്കു സന്തോഷമായി എന്നിശബ്ദം ഒരുമുഹൂൎത്തപൎയ്യന്തമുണ്ടായി. അതുകേട്ടു്, ഉത്സവത്തിനു വന്നിരുന്നവരെല്ലാം അത്ഭുതപ്പെടുകയും, ജയദേവസ്വാമിയുടെ വാക്യങ്ങൾ, വേദവാക്യങ്ങളെന്നപോലെ ദിവ്യങ്ങളാണെന്നു സമ്മതിച്ചു്, പാടിസ്തുതിച്ചു്, അദ്ദേഹത്തെക്കൊണ്ടാടി ആനന്ദാശ്രുക്കൾ പൊഴിച്ചു്, മനസ്സറിയാതെ സന്തോഷനൃത്തം ചെയ്തു. ഇക്കഥ അറിഞ്ഞപ്പോൾ ആ രാജ്യത്തെ രാജാവിനു കുണ്ഠിതമുണ്ടായി. ആണ്ടുതോറും ജഗന്നാഥക്ഷേത്രത്തിൽ ഉത്സവത്തിനു ചൊല്ലുന്നതിനു കീൎത്തനങ്ങളും മററും നിൎമ്മിച്ചുകൊടുക്കുന്നതു അദ്ദേഹം ആയിരുന്നു. ജയദേവന്റെ അഷ്ടകങ്ങളും കീൎത്തനങ്ങളും പ്രചാരത്തിൽ വന്നതോടുകൂടി, രാജാവിന്റെ കീൎത്തനങ്ങൾ ആരും അംഗീകരിക്കാതെ ആയി. അതിനാൽ കോപിഷ്ഠനായ രാജാവു്, ബ്രാഹ്മണരെയെല്ലാം ആളയച്ചുവരുത്തി താൻ ഉണ്ടാക്കിയ സ്തോത്രങ്ങളെ നിരാകരിച്ചു്, അകാരണമായി ജയദേവന്റെ സ്തോത്രങ്ങളെ അവർ ചൊല്ലുന്നതിന്റെ ഉദ്ദേശം എന്താണെന്നു ചോദിച്ചു. ജയദേവരുടെ സ്തോത്രങ്ങൾ ഭഗവാൻ അംഗീകരിച്ചതായി അശരീരിവാക്കുണ്ടായിട്ടുണ്ടെന്നും അതുപോലെ രാജാവിന്റെ സ്തോത്രങ്ങളും അംഗീകരിക്കുന്നപക്ഷം, അതുചൊല്ലി സ്തുതിക്കുന്നതിനു തങ്ങൾക്കു യാതൊരു വൈമനസ്യവും ഇല്ലെന്നും, ബ്രാഹ്മണർ മറുപടിപറഞ്ഞു. ആ പരീക്ഷയ്ക്കായി ബ്രാഹ്മണർ അന്നുതന്നെ ഭഗവാന്റെയും ജയദേവരുടെയും സ്തോത്രങ്ങൾ ജഗന്നാഥസ്വാമിയുടെ ശ്രീകോവിലിനകത്തു തൃപ്പാദങ്ങൾക്കു സമീപം വച്ചു്, പൂജിച്ചു്, കാവൽക്കാരെയും ഏൎപ്പെടുത്തി കോവിൽ അടച്ചുപൂട്ടി രാജമുദ്രയും വച്ചു്, അവരവരുടെ വസതികളിലേക്കുപോയി. പിറേറദിവസം രാവിലെ എല്ലാവരും ഒന്നുചേൎന്നു വന്നുനോക്കുമ്പോൾ, രാജാവിന്റെ സ്തോത്രങ്ങൾ വെളിയിൽ കിടക്കുന്നതു കണ്ടു. കതകുതുറന്നു ജയദേവരുടെ പുസ്തകം എടുത്തുനോക്കിയതിൽ അംഗീകരിച്ചു എന്ന അക്ഷരങ്ങൾ അതിന്റെ പുറത്തെഴുതിയിരിക്കുന്നതായി കാണപ്പെട്ടു. എല്ലാവരും അതിനെക്കുറിച്ചു അത്ഭുതപ്പെട്ടു്, ജയദേവകീൎത്തനങ്ങളെ പൂൎവ്വാധികം ഭക്തിയോടുകൂടി ആദരിച്ചു് പാരായണം ചെയ്തുകൊണ്ടിരുന്നു.

ഈ സംഭവം രാജാവിനു തന്റെ യശസ്തംഭത്തിന്മേൽ ഇടിവാളു വീണതുപോലെ തോന്നുകയാൽ, വലുതായ മനഃക്ഷോഭമുണ്ടായി. അദ്ദേഹം ഹതാശനായി മടങ്ങി കൊട്ടാരത്തിൽ ചെന്നു്, കുളിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യാതെ വ്യസനാക്രാന്തനായി ഇരുന്നു. പകലെല്ലാം ഇങ്ങനെ കഴിച്ചുകൂട്ടി. രാത്രിയായിട്ടും ഉറക്കം വന്നില്ല. അദ്ദേഹം ഭക്തിപാരവശ്യത്തോടുകൂടി ഭഗവാനെ സ്തുതിക്കുവാൻ തുടങ്ങി. ഹേ ദീനദയാലോ! ഭക്തവത്സല! പുണ്ഡരീകാക്ഷ! പുരുഷോത്തമ! "ശ്രദ്ധയോടുംകൂടി വാരിയെന്നാകിലും ഭക്തനായുള്ളവൻ തന്നാലതിപ്രിയം" എന്നു തിരുവടിതന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ഭക്തോത്തമനായ ഭൃഗുമുനിയുടെ പാദക്ഷേപണമുദ്ര അങ്ങേ വക്ഷസ്ഥലത്തിൽ ഒരു ഭൂഷണമാക്കി അംഗീകരിച്ചിരിക്കുന്നുവല്ലോ. ദുഷ്ടന്മാരായ അസുരന്മാരുടെ ദൂഷണവാക്കുകളെപ്പോലും ആദരണീയമാക്കി സഹിക്കുശീലമായ വാത്സല്യമൂൎത്തേ! തിരുവടി അടിയന്റെ സ്തോത്രങ്ങളെമാത്രം അംഗീകരിക്കാതെ വെളിക്കെട്ടെറിയുവാൻ കാരണമെന്താണു്?—ജഗദീശ! അതെന്റെ പാപഫലമായിരിക്കുമോ? അതോ ഭഗവാന്റെ ലീലാവിനോദമോ? അത്യന്തം ഭക്തന്മാരായ രണ്ടാൾ നിൎമ്മിക്കുന്ന കാൎയ്യത്തിൽ ഒന്നു നല്ലതും മററേതു തീയ്യതുമെന്നു വരാമോ? ഒരു കൽക്കണ്ടത്തുണ്ടമെടുത്തുമുറിച്ചാൽ അതിൽ ഒരു ഖണ്ഡത്തിനു മററതിൽനിന്നും എന്തൊരു രുചിവ്യത്യാസമുണ്ടാകാനുള്ളൂ? ഹേ അനാഥരക്ഷക! തിരുവടി സമഭാവനനല്ലേ? വിശേഷിച്ചും ആശ്രിതവത്സലനുമല്ലയോ? അച്ഛന്റെ മടിയിൽ കയറാൻ അനുവാദം കിട്ടായ്കകൊണ്ടു ദുഃഖിച്ച ധ്രുവന്, അവിടുന്നു ചെയ്ത അനുഗ്രഹം സുപ്രസിദ്ധമല്ലയോ? സത്യസന്ധനെന്നും ആശ്രിതവത്സലനെന്നും കരുണാനിധിയെന്നും മററുമുള്ള അങ്ങേ ഗുണനാമങ്ങൾ അന്വൎത്ഥങ്ങളല്ലയോ?—തൃപ്പാദദാസിമാരായ ഗോപസ്ത്രീകളുടെ പ്രഹരംപോലും അങ്ങു ക്ഷമയോടുകൂടി സഹിച്ചതായി പുരാണം പറയുന്നു. അസ്ഥിതി

ക്ക എന്റെ സ്തോത്രത്തെ ഇപ്രകാരം നിരാകരിക്കത്തക്ക ക്ഷമകേടുണ്ടാവാൻ കാരണം എന്തു്? ജഗത്തിനെല്ലാം നാഥൻ എന്നപോലുള്ള നിന്തിരുവടിക്കു പക്ഷപാതം ഉണ്ടാകാവുന്നതാണോ? ഭക്തനായ അർജ്ജുനനുവേണ്ടി ഭീഷ്മദ്രോണാദികളുടെ എത്രശസ്ത്രങ്ങളാണു തിരുമേനിയിൽ ഏററുകൊണ്ടതു്? ചക്രം എടുത്തു്, ആദിത്യബിംബം മറച്ചു ജയദ്രഥനെക്കൊല്ലിച്ചതും ധർമ്മപുത്രനെക്കൊണ്ടു കള്ളംപറയിച്ചു ദ്രോണരെക്കൊല്ലിച്ചതും എല്ലാം ഭക്തപക്ഷപാതമല്ലയോ? ഭക്തനായ ഞാൻമാത്രം അങ്ങേക്കു അഭിമതനല്ലാതെവരാൻ എന്തുകാരണം?—ഹേ രഘുനാഥ! യദുനാഥ! ദേവദേവ! വാസുദേവ! ശേഷശയന! കമലനയന! എന്നിങ്ങനെ പരവശനായി സ്തുതിച്ചും വിലപിച്ചും നിദ്രയെപ്രാപിച്ചു.

ഭഗവാൻ രാജാവിന്റെ സ്വപ്നത്തിൽ പ്രത്യക്ഷനായി ഹേ രാജൻ! ജയദേവന്റെ സ്തോത്രകീർത്തനങ്ങൾ ഭക്തിപൂർവ്വം നീ പാരായണം ചെയ്യുന്നതായാൽ നീ നിർമ്മിച്ച സ്തോത്രമാലയിൽ നിന്നും പതിമൂന്നു പദ്യഖണ്ഡങ്ങളെ ഞാൻ അംഗീകരിക്കാം. എന്നരുളിച്ചെയ്തുമറഞ്ഞു. രാജാവു പെട്ടെന്നുണർന്നെഴുനേററു്, ആ സ്വപ്നത്തെക്കുറിച്ചു വിചാരിക്കാൻതുടങ്ങി—വിചാരിക്കുംതോറും അദ്ദേഹത്തിനു ജയദേവനിൽ ഭക്തിയും ബഹുമാനവും വർദ്ധിച്ചു. ജയദേവൻ ഭഗവാന്റെ അവതാരംതന്നെയെന്നു തീരുമാനിച്ചു്, വെളുപ്പിനേ എഴുനേററു ജഗന്നാഥക്ഷേത്രത്തിലെത്തി ഭഗവദ്വന്ദനം കഴിച്ചശേഷം, മുഖമണ്ഡപത്തിലിരിക്കുന്ന ബ്രാഹ്മണരോടൊരുമിച്ചു്, ജയദേവകൃതങ്ങളായ സ്തോത്രങ്ങൾ ചൊല്ലിസ്തുതിക്കാൻ തുടങ്ങി. ഒട്ടുനേരം കഴിഞ്ഞപ്പോൾ ശ്രീകോവിലിനകത്തുനിന്നും അശരീരിശബ്ദംഉണ്ടായി. അതിപ്രകാരമായിരുന്നു, "രാജാവേ നീ എഴുതീട്ടുള്ള സ്തോത്രമാലയിൽ അടിയിലുള്ള പതിമൂന്നു പദ്യഖണ്ഡങ്ങളെ ഞാൻ അംഗീകരിച്ചിരിക്കുന്നു."

ബ്രാഹ്മണർ ഇതുകേട്ടയുടനെ ആ പദ്യഖണ്ഡങ്ങൾ പതിമൂന്നും പകർത്തി ജയദേവന്റെപുസ്തകത്തിൽ ച്ചേർത്തെഴുതി പാരായണംചെയ്യാൻതുടങ്ങി ജനങ്ങൾക്കു ജയദേവനിൽഭക്തി പൂർവ്വാധികം വർദ്ധിച്ചു. ഇത്രത്തോളം മഹിമയുള്ള ജയദേവസ്വാമികൾ എവിടെ എഴുന്നള്ളിയിരിക്കുന്നുവോ അവിടംതന്നെ മോക്ഷസ്ഥാനമെന്നും അഷ്ടൈശ്വര്യങ്ങളെ പ്രദാനം ചെയ്യുന്ന പുണ്യസ്ഥലവും അതുതന്നെയെന്നും, അദ്ദേഹത്തിന്റെ ദർശനലാഭം തന്നെ പരമപുരുഷാർത്ഥമെന്നും, അദ്ദേഹത്തെ ദർശിക്കാത്തവന്റെ ജന്മം വ്യർത്ഥമാണെന്നും, മററും പലസ്തുതിവാക്കുകൾ പലരുടെ മുഖത്തുനിന്നും പൊഴിഞ്ഞു.

പത്മാദേവിയുടെ അച്ഛൻ ജയദേവന്റെയും പത്നിയുടെയും സ്ഥിതികളെക്കുറിച്ചു കേട്ടറിഞ്ഞു്, കാണ്മാനായി അവരിരിക്കുന്ന സ്ഥലത്തേക്കുപോയി അവരുടെച്ചെന്നുകണ്ടപ്പോൾ കേൾവി ഒന്നും സാരമില്ലെന്നു അദ്ദേഹത്തിനുതോന്നി. അത്രത്തോളം ബ്രഹ്മതേജസ്സു ആ സാധുദമ്പതിമാരിൽ കളിയാടുന്നുണ്ടായിരുന്നു. ഹാ! ഇവരെ ഈസ്ഥിതിയിൽ കാണുന്നതിനു, ഞാൻ ചെയ്തപുണ്യം എന്താ? വന്ദിക്കാൻ ഇടയാക്കിയ തപസ്സേതോ? ഇവർ എന്റെ മരുമകനും മകളുംതന്നെയോ? കണ്ടാൽ സാക്ഷാൽ ലക്ഷ്മീനാരായണന്മാരാണെന്നു ആർക്കും തോന്നിപ്പോകും. ഇത്ര സുകൃതമുള്ള ഒരു മിഥുനത്തെ ഇതുവരെ ഞാൻ കണ്ടിട്ടില്ല. ഇവരെ ദർശിക്കുന്നമാത്രയിൽതന്നെ ഭക്തിയും ജ്ഞാനവും ഉള്ളിൽ പ്രകാശിക്കുന്നു. ഹാ! എന്റെ മകൾ എത്ര വന്ദ്യസ്ഥിതിയിലായിരിക്കുന്നു. മഹാലക്ഷ്മിയോ പാർവ്വതിയൊ ഭാരതിയോ അരുന്ധതിയോ അനസൂയയോ ഇവരാരുംതന്നെ ഇവളിൽക്കൂടിയ പ്രഭാവം ഉള്ളവരായിവരാൻ പാടില്ല ഏതായാലും ഞാൻ ഒരു പിതാവെന്നുള്ള നിലയിൽതന്നെ ഇവളോടു പെരുമാറി നോക്കാം എന്നുവിചാരിച്ചു പുത്രിയുടെ അരികേചെന്നു്, മകളേ എന്നു വിളിച്ചു. തൽക്ഷണം ധ്യാനത്തിൽ നിന്നും ഉദ്ബുദ്ധയായ പത്മാദേവി, പിതാവിനെനോക്കി വേഗത്തിൽ എഴുനേററു ദണ്ഡനമസ്കാരംചെയ്തുവന്ദിച്ചുനിന്നു പ്രിയപിതാവേ! എത്രകാലമായി കണ്ടിട്ടു്—എന്നെക്കുറിച്ചു, ഇപ്പോഴെങ്കിലും ഒന്നോർമ്മിക്കാൻ കരുണതോന്നിയല്ലോ. മറന്നുപോയിരിക്കുമെന്നാണു ഞാൻ വിചാരിച്ചതു് എന്നോരോ സൌജന്യവാക്കുകൾ പറഞ്ഞുകൊണ്ടു നിൽക്കുമ്പോൾ ജയദേവസ്വാമികൾ സമാധിയിൽനിന്നും വിരമിച്ചു. ശ്വശുരനെക്കണ്ട മാത്രയിൽ എഴുനേററു വന്ദിച്ചു്, പല ഉപചാരവാക്കുകളു വർഷിക്കാൻ തുടങ്ങി. ഹേ ഉത്തമോത്തമ! അങ്ങേ പുത്രിയുടെ മഹിമാ

ത്ശയത്താലാണു സാധു സംഗത്തിനും ബ്രഹ്മധ്യാനത്തിനും ഇത്ര എളുപ്പത്തിൽ എനിക്കു സംഗതിയായതു്. ഇങ്ങനെ ഓരോ ധന്യവാദങ്ങൾ ഉച്ചരിക്കുന്നതിനിടയിൽ വിധം മാറി വീണ്ടും ബ്രഹ്മനിഷ്ഠയിൽ ലയിച്ചിരുന്നു

പത്മാദേവിയുടെ അച്ഛൻ അത്യുകണ്ഠിത്ഭുതപ്പെട്ടു്, ഭക്തിപൂർവ്വം ജയദേവനെ വന്ദിച്ചു്, പലവിധത്തിൽ സ്തുതിച്ചു്, താൻ കൊണ്ടുവന്ന വസ്ത്രാഭരണങ്ങൾ മകൾക്കായികൊടുത്തശേഷം എന്നാൽ ഞാൻ പോയ്‌വരട്ടെയെന്നയാത്രപറഞ്ഞു പുറപ്പെട്ടു. പത്മാദേവി, മനുഷ്യസഹജമായ സ്നേഹബന്ധത്താൽ പിതാവിനെ അനുഗമിച്ചു നേർവഴിയിൽകൊണ്ടുവിട്ടിട്ടു മടങ്ങിപ്പോന്നു! അതിനകം ജയദേവസ്വാമികൾ സമാധിവിരതനായി കണ്ണുകൾ തുറന്നു. പത്മാദേവിയെക്കാണാഴികയാൽ വേഗംതന്നെ അവിടെ നിന്നെഴുനേററു വെളിയിലിറങ്ങിനടന്നു. കുറേദൂരം നടന്നപ്പോൾ അവിടെയെങ്ങും മനുഷ്യസഞ്ചാരമില്ലാതെയും പക്ഷിമൃഗാദികൾ നിറഞ്ഞും ഉള്ള കാടായി കാണപ്പെട്ടതുകൊണ്ടു്, ഉയന്ന ഒരു പർവ്വതത്തിൽ ഉള്ള ഗുഹയിൽകയറി പത്മാസനമുറപ്പിച്ചു്, ബ്രഹ്മധ്യാനം ചെയ്തുകൊണ്ടിരുന്നു.

പത്മാദേവി തിരികേ വന്നുനോക്കിയപ്പോൾ ഭർത്താവിനെക്കാണായ്കയാൽ ദുഃഖപരവശയായി ഓടിനടന്നന്വേഷണം തുടങ്ങി; നിസ്സഹായയായ ഒരുസ്ത്രീയെക്കൊണ്ടു്, എത്രദൂരം അന്വേഷിക്കാൻ സാധിക്കും? എങ്കിലും പാതിവ്രത്യരക്ഷാകവചത്തോടുകൂടിയ ആ സാധ്വീരത്നം നിർഭയം വെളിയിലിറങ്ങിഓടി കാട്ടിൽകടന്നു. വനപ്രദേശമെല്ലാം ചുററിനടന്നു നോക്കുകയും കല്ലും മുള്ളും കുഴിയും മറ്റും ചവിട്ടിക്കൊണ്ടുള്ള സംകടങ്ങൾ സഹിച്ചു വിലപിക്കുകയും ഇടയ്ക്കിടെ ഭയങ്കരമൃഗങ്ങളുടെ ദർശനത്താൽ നടുങ്ങുകയും ചെയ്തുകൊണ്ടു്, പണ്ടു്, നളനെപ്പിരിഞ്ഞു കാട്ടിൽ നടന്ന ദമയന്തിയെപ്പോലെ, പക്ഷിമൃഗാദികളോടുപോലും ഭർത്താവിനെക്കണ്ടോ കണ്ടോ എന്നുചോദിച്ചും കണ്ണുനീർ ധാരധാരയായി ഒഴുക്കിയും നടന്നുവിഷമിച്ചു. വളരെനേരം അങ്ങനെ അലഞ്ഞപ്പോൾ, ഒടുവിൽ ദൈവകാരുണ്യത്താൽ ജയദേവനിരിക്കുന്ന ഗുഹയ്ക്കകത്തു പത്മാദേവിചെന്നു കടന്നു. ഭർത്താവിനെക്കണ്ടു് ആ സാധ്വിക്കുണ്ടായ സന്തോഷം അവർണ്ണ്യമായിരുന്നു. പെട്ടെന്നു പാദങ്ങളിൽ വീണു വന്ദിച്ചെഴുനേററു തൊഴുകൈയോടുകൂടി അകലെമാറി നിന്നമാത്രയിൽ ജയദേവൻ നിഷ്ഠവിട്ടു കണ്ണുതുറന്നു. ക്ഷണമില്ലായ്കകൊണ്ടുള്ള കഷ്ടതയെത്തീർക്കുന്നതിനായി വേഗംതന്നെ രണ്ടാളും നാട്ടിലേക്കു പോകയുംചെയ്തു.

രണ്ടാമദ്ധ്യായം സമാപ്തം.

..................

## മൂന്നാംഅദ്ധ്യായം

---

### (ജയദേവരുടെ കൈകാലുകളെ കള്ളന്മാർഛേദിച്ചതു.)

ഹേ സിദ്ധോത്തമന്മാരേ! ഇങ്ങനെകഴിഞ്ഞുവരുമ്പോൾ, ഒരുദിവസം ജയദേവസ്വാമി നിഷ്ഠയിലിരുന്നസമയത്തു്, പത്മാദേവി അല്പം അകലംവിട്ടു എവിടെയോ മാറിപ്പോകുന്നതിനിടയായി. ആ അവസരത്തിൽ സ്വാമി, സമാധിവിരതനായി വെളിയിലിറങ്ങി തെരുവിൽ ഉലാവിക്കൊണ്ടിരുന്നു. അപ്പോൾ രഥത്തിന്മേൽ അതുവഴികടന്നുപോയഭഗവൽ ദാസൻ എന്നു പേരായ ഒരു ഭക്തൻ ആ ഭദ്രഹത്തെ കണ്ടു. അയാൾ അടുത്തദേശക്കാരനും ധനവാനായ ഒരു വർത്തകനും ആയിരുന്നു. സ്വാമിയെക്കണ്ടയുടനെ പാദങ്ങളിൽവീണു ദണ്ഡനമസ്കാരംചെയ്തു്, ഹാ! ഈ പൂജ്യപാദരെ ദർശിക്കാൻ എനിക്കു ഭാഗ്യമെത്തിയതു എന്തൊരപൂർവ്വപുണ്യത്താലായിരിക്കാമെന്നുച്ചരിച്ചുകൊണ്ടു സൽക്കരിച്ചുതേ

രിന്മേൽ കയററിയിരുത്തി തിരിച്ച്, വഴിമദ്ധ്യേയുള്ള ചില കാടുകളും കടന്ന്, സ്വാരദ വനത്തിൽ ചെന്നുചേൎന്നു. ഉടനേ ഭാൎയ്യയെവിളിച്ച്, ഭക്തിപൂൎവ്വം സ്വാമികളുടെ ചരിത്രങ്ങൾ പറഞ്ഞുകേൾപ്പിക്കയും രണ്ടാളുമായി അദ്ദേഹത്തെ പൂജിച്ചുവന്ദിച്ച്, സ്തോത്രങ്ങളാൽ കീൎത്തിച്ച് അനുഗ്രഹംവാങ്ങി കൃതാൎത്ഥരാകുകയും ചെയ്തു. സ്വാമികളെക്കൂട്ടിച്ചുകൊണ്ടു പോന്നതു്, പത്മാവതിയെ അറിയിക്കാതെ ആയിരുന്നതിനാൽ, ക്ഷണത്തിൽ തിരിച്ചയയ്ക്കണമെന്നു നിശ്ചയിച്ച്, ഭക്തനായ ആ വത്സകൻ, പത്മാവതിക്കണിയുന്നതിനു അനവധി വസ്ത്രാഭരണങ്ങളും ആ ദേവിക്കു സമ്മാനമായി ആയിരം വരാഹനും സ്വാമിയുടെ മുമ്പാകെ കൊണ്ടുവന്നു തിരുമുൽകാഴ്ചവെച്ചു വിവരമറിയിച്ചു. സ്വാമികൾ ബന്ധപാശമായ ആ ധനത്തെനോക്കി,—"ഹേ ഭക്തോത്തമ! അൎത്ഥം ലോകത്താൽ അഭിലഷിക്കപ്പെടുന്നതും ലോകത്തിന്നൊരിക്കലും മതിയാകാത്തതുമായ ഒരുസാധനമാണ്. അതു്, ആരുടെ കൈവശമിരിക്കുന്നുവോ അവൻ മററുള്ളവരുടെ ഉപദ്രവം തട്ടാതെ അതിനെ രക്ഷിക്കേണ്ടിയിരിക്കുന്നു. അതുമൂലം അൎത്ഥമുള്ളവനു പല ശത്രുക്കളുമുണ്ടാകുന്നു. ആകയാൽ ശത്രുക്കളെ ഉണ്ടാക്കുന്നതും പ്രാണങ്ങളെ നശിപ്പിക്കുന്നതും, മനസ്സിനെ ദുഃഖിപ്പിക്കുന്നതുമായ അൎത്ഥത്തെ കഴിയുന്നതും വൎജ്ജിച്ചിരിക്കേണ്ടതു്, ആത്മജ്ഞാനികളുടെകടമയാകുന്നു. ഏതായാലും എനിക്കിതാവശ്യമില്ല. തിരികെ എടുത്തുകൊൾക" എന്നരുളിച്ചെയ്തു.

**വത്സകൻ:—**"സ്വാമി! അങ്ങനെ കല്പിക്കുന്നതു അടിയനു സങ്കടമാണ്. അടിയന്റെ അമ്മയായ പത്മാവതിക്കണിയുന്നതിനും ധൎമ്മച്ചെലവിനുമായിട്ടാണു ഇതുകളെ തന്നയയ്ക്കുന്നതു്. സദയം ഈ ദക്ഷിണയെ ദേവി സ്വീകരിക്കുവാനനുഗ്രഹിക്കണം"എന്നപേക്ഷിച്ചു.

**സ്വാമികൾ:—**ഇതുകളെ കൂട്ടിക്കൊണ്ടു പോകുന്നപക്ഷം, വഴിയാത്രതന്നെ സുരക്ഷിതമായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. പത്മാവതിയെ ഉദ്ദേശിച്ചു നിങ്ങൾ തന്നെ ഇവിടെവച്ച് ഈ മുതൽ അൎത്ഥികൾക്കു ദാനംചെയ്താൽമതിയാകും. ദക്ഷിണചെയ്യുന്നതിൽ കൂടുതൽ ഫലമതുകൊണ്ടു സിദ്ധിക്കും.

**വത്സകൻ:—** "സ്വാമി! അടിയങ്ങളുടെ മനസ്സംതൃപ്തിക്കുവേണ്ടി ഈധനംദേവി തന്നെ സ്വീകരിക്കണമെന്നാശയുണ്ട്. "സമസ്തകൎമ്മങ്ങൾക്കും സമസ്തവ്രതങ്ങൾക്കും ക്രമത്താലനുഷ്ഠിച്ചാവസാനം ദക്ഷിണയല്ലോ"എന്നുവിധിയുണ്ടല്ലോ"

ഇങ്ങനെ നിൎബന്ധത്തോടുകൂടിയ വത്സകൻ വരാഹനും വസ്ത്രാഭരണങ്ങളും സ്വാമിയുടെ സമ്മതം കൂടാതെതന്നെ തേരിൽ എടുത്തുവച്ച്, സ്വാമികളേയും അതിൽ ആരോഹിപ്പിച്ചു, വേഗത്തിൽ അടിച്ചുവിടുന്നതിനു സാരഥിയെ പ്രേരിപ്പിച്ചു വന്ദിച്ചു വാങ്ങിപ്പോരികയുംചെയ്തു.

സൂതൻ, കാററിനേക്കാൾ വേഗത്തിൽ തേരാടിച്ചുപോയി. കാട്ടിൽ കടന്നപ്പോൾ ഘോരന്മാരായ ചിലകള്ളന്മാർ ശബ്ദംകേട്ടോടിവന്നു രഥത്തെത്തടഞ്ഞുനിൎത്തി. അവരുടെ ആകൃതിയും ആരംഭവും ആയുധങ്ങളോടെ കണ്ടപ്പോൾ, സൂതൻ കുതിച്ചുചാടിക്കടന്നുകളഞ്ഞു. നിൎഭയനായസ്വാമികൾ മാത്രം രഥത്തിൽ ശേഷിച്ചു. ഗതിരോധം ഭവിച്ചതുകണ്ടു്, സ്വാമികൾ പതുക്കെ ഭൂമിയിലിറങ്ങി, രഥത്തേയോ അതിലുള്ള ധനത്തേയോഗണിക്കാതെ ഒരുവഴിക്കു നടന്നുപോയി. അദ്ദേഹത്തിന്റെ മഹിമയറിയാതെ കള്ളന്മാർ ഓടിച്ചെന്നു പിടികൂടി. വിട്ടയച്ചാൽ ദോഷമുണ്ടെന്നും അതുവഴി തങ്ങളുടെ കള്ളംവെളിപ്പെട്ടേക്കാൻ ഇടയുണ്ടെന്നും അവർ ഭയപ്പെട്ടു—എടാകള്ളാ! നിന്നെ വിട്ടയയ്ക്കുവാൻഞങ്ങൾനിശ്ചയിച്ചിട്ടില്ല.നട മുമ്പോട്ടു, എന്നുപറഞ്ഞുന്തിത്തള്ളി കാട്ടിൻ നടുവിലേക്കുകൊണ്ടു പോകുമ്പോൾ

"ഏതുമൊന്നുംകുലുങ്ങീലഭൂതനാഥൻമഹായോഗീ
ഹേതുവില്ലഭയത്തിനുദേഹജസ്നേഹമില്ലാഞ്ഞാൽ"

എന്നുപറഞ്ഞതുപോലെ, ചാഞ്ചല്യം തെല്ലുംപ്രദൎശിക്കാതെ സ്വാമികൾ അവരുടെ കൂടെപ്പോയി. അപ്പോൾ ഒരുകള്ളൻ.

"എടാ കള്ളബ്രാഹ്മണ! നീ പതിനെട്ടടവും പഠിച്ചവനാണെന്നു തോന്നുന്നല്ലോ. ഞങ്ങളെക്കണ്ടിട്ടും ഞങ്ങൾ ഉപദ്രവിച്ചിട്ടും ഒരു ശബ്ദം കരകയോ ഒരക്ഷരം സംസാരിക്കയൊ ചെയ്യുന്നില്ല. നീ പെരുങ്കള്ളൻതന്നെ. നിന്നെ വിട്ടയക്കാൻ നിവൃത്തിയില്ല. നടക്കുമുമ്പോട്ട്—" എന്നുപറഞ്ഞു പുറകിൽനിന്നു തള്ളി; ഇതെന്തൊരു പ്രാരബ്ധശേഷമാണെന്നു അത്ഭുതപ്പെട്ടുകൊണ്ടു സ്വാമികൾ പറഞ്ഞു.

"ഹേ മാന്യജനങ്ങളെ! പ്രാരബ്ധാധീനമായ എന്റെ ഈ ശരീരം നിങ്ങൾക്കെന്തിന്? അതിനെ നിങ്ങൾ ഉന്തിത്തള്ളി എവിടെക്കൊണ്ടുപോകുന്നു? മനുഷ്യശരീരം ഭക്ഷിക്കാൻപോലും കൊള്ളുന്നതല്ലല്ലൊ. എനിക്കു അല്പനാൾകൂടി അതിൽ ആത്മാവിനെ വച്ചുസൂക്ഷിക്കേണ്ട ആവശ്യമിരിക്കുന്നതുകൊണ്ടു തൽക്കാലം നിങ്ങൾ അതിനെ നശിപ്പിക്കാതെ തന്നാൽകൊള്ളാം. തേരും അതിലുള്ള ധനവുമെല്ലാം നിങ്ങൾതന്നെ കൊണ്ടുപൊയ്ക്കൊൾവിൻ! പരോപദ്രവം പാപമാണെന്നു ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കണം.

കള്ളൻമാർ:—ശരി! നിന്റെ തത്വജ്ഞാനങ്ങൾ കേൾപ്പാനാണു ഞങ്ങൾ വന്നിരിക്കുന്നതു്; നീ എത്രയായാലും ബ്രാഹ്മണനല്ലേ, ഇതു ഭേദജാതിയല്ല; വല്ലവരും കണ്ണുരുട്ടിക്കാട്ടിയാൽ ഉടനെ നീ നേരൊക്കെപ്പറഞ്ഞുകൊടുക്കും, അതുകൊണ്ടു നിന്നെ വിട്ടയയ്ക്കുന്നതു ഞങ്ങൾക്കാപത്താണു്. അല്ല! തത്വജ്ഞാനമൊക്കെപ്പറഞ്ഞുതുടങ്ങിയിരിക്കുന്ന നിന്റെ അർത്ഥമോഹം ഇതുവരെ മാറിയില്ലല്ലോ. മുണ്ടല്ലേ ഉടുത്തിരിക്കുന്നതു്.

എന്നുപറഞ്ഞു വസ്ത്രമുരിച്ചെടുത്തുംകൊണ്ടു കട്ടാളന്മാർ ചേർന്നു പശുക്കുട്ടിയെത്തള്ളിക്കൊണ്ടുപോകുന്നതുപോലെ ക്രൂരന്മാരായ ആ കള്ളന്മാർ സ്വാമിയെ വനാന്തർഭാഗത്തിൽ കൊണ്ടുപോയി നിറുത്തി വാളെടുത്തു കഴുത്തുവീശുവാൻഭാവിച്ചു. ഉടനേ "സ്വാമികൾ ചിരിച്ചുകൊണ്ടു നിങ്ങൾ അനുസരണമില്ലാത്ത അവിവേകികളാണെന്നു തോന്നുന്നു. ആത്മരക്ഷണത്തിനു ഈ ശരീരം ഏതാനുംനാളേക്കുകൂടി നിങ്ങൾ എനിക്കു തരണമെന്നും നശിപ്പിക്കരുതെന്നും ഞാൻ പറഞ്ഞതു കേൾപ്പാൻ നിങ്ങൾക്കു മനസ്സില്ലായിരിക്കും? അല്ലേ? നിങ്ങൾക്കിതു വല്ല ആവശ്യത്തിനും കൊള്ളിക്കാമെങ്കിൽ അതുകഴിഞ്ഞിട്ടു് നിങ്ങളെത്തന്നെ ഞാൻ കൊണ്ടുവന്നേല്പിക്കാം" എന്നരുളിച്ചെയ്തു.

കള്ളന്മാർ:—കഴുത്തുവെട്ടരുതെന്നാണോ നീ പറയുന്നതു്. ആട്ടെ, അങ്ങനെ ചെയ്യാം. ഒടുവിൽ ശരീരം നീ ഞങ്ങൾക്കു കൊണ്ടുവന്നു തരികയുംവേണ്ട. അങ്ങനെ ഒരു സഹായവുംചെയ്യാം. എന്താ പോരേ? എന്നു പരിഹാസമായിപ്പറഞ്ഞു്, സ്വാമികളുടെ കൈകാലുകൾ വെട്ടിമുറിച്ചിട്ടു്, ആസന്നമരണനാക്കി ഒരു പൊട്ടക്കിണററിൽ തള്ളി മരിച്ചുപോകുമെന്നു തീർച്ചയാക്കി തേരിൽകേറി ഓടിച്ചുകൊണ്ടു പോകയുംചെയ്തു.

ഭക്തശിരോമണിയും പരബ്രഹ്മജ്ഞാനിയുമായ ജയദേവൻ തലകീഴായിച്ചെന്നു്, കല്ലും മുള്ളും നിറഞ്ഞ ആ പാഴ്കിണററിൽവീണു. മുറിഞ്ഞകൈകാലുകളിൽനിന്നു രക്തം വാർന്നുപോകകൊണ്ടുള്ള ക്ഷീണവും, വീഴ്ചയുടെ ദീനവും കല്ലും മുള്ളും ഏററുള്ള നോവും ശരീരത്തിനു പീഡയെച്ചെയ്തുവെങ്കിലും ആത്മാവിൽ ആ ദുഃഖങ്ങളെ സംബന്ധിപ്പിക്കാതെ പരമാത്മദർശിയായ ആ മുക്തൻ, പാപങ്ങളെച്ചെയ്യുന്ന കൈകാലുകളെ ഛേദിച്ചുകളഞ്ഞ കള്ളന്മാർ തന്റെ ഉപകർത്താക്കളാണെന്നു തന്നെത്താൻ പറകയും കൃതജ്ഞതയെ പ്രദർശിപ്പിക്കാനായി അവരെ ഉച്ചത്തിൽ വിളിച്ചു കൂകുകയുംചെയ്തു. പ്രാരബ്ധാധീനമായി തനിക്കു ശേഷിച്ച ശരീരത്തേയും അവർ വല്ല കല്ലോ മററോ എടുത്തിട്ടു നശിപ്പിച്ചുകളഞ്ഞെങ്കിൽ ആ സ്വല്പ തീർന്നേനെ എന്നപേക്ഷിച്ചു പറയാതെയുമിരുന്നില്ല. എന്നല്ല രക്തവാർച്ചയാലും മററും പ്രാണവിയോഗം സംഭവിക്കുമെന്നു നിശ്ചയിക്കയുംചെയ്തു. മരിക്കുകയാണെങ്കിൽ ഇഷ്ടദൈവമായ നാരായണനെ ധ്യാനിച്ചു്, ബ്രഹ്മനിഷ്ഠയാൽ ദേഹസ്മരണയെമാററി വിദേഹമുക്തിയെ പ്രാപിച്ചു യോഗാനന്ദമനുഭവിക്കണമെന്ന സങ്കല്പത്തോടുകൂടി, മുറിക്കൈകളെത്തമ്മിൽ ചേർത്തുതൊഴുതുകൊണ്ടു്, നാരായണനെ ധ്യാനിച്ചു ഉച്ചത്തിൽ അഭയമപേക്ഷിച്ചു. "അച്യുത ഗോവിന്ദ കേശവ! ശരണം—സച്ചിദാനന്ദ

സ്വരൂപനേ ശരണം—പുണ്ഡരീകാക്ഷ! പരിപൂർണ്ണ! ശരണം ചണ്ഡദീധിതി ചന്ദ്രലോചന! ശരണം പരമപുരുഷ! പത്മലോചന! ശരണം സുരമണ്ഡലസ്തുത! ശുദ്ധദേഹ ശരണം മോക്ഷപ്രദ! ശംഖചക്രപാണേ! ശരണം സാക്ഷീഭൂത! സകലാത്മക! ശരണം മത്സ്യാകൃതേ കൂർമ്മരൂപാദേഹ ശരണം പൃത്ഥ്വീധര വരാഹാകൃതേ ശരണംമാനുഷഹരിരൂപവാമന! ശരണം. ക്ഷോണീന്ദ്രസൂദന! രാഘവ! ശരണം കാമപാല നന്ദനന്ദന! ശരണം ശ്രീമന്മഹാ ബുദ്ധരൂപ ദേഹ ശരണം ദേവ! ദേവ! വാസുദേവ! ഭൂരമേശ ശരണം പാപനാശന! പരാത്മൻ പത്മനാഭ! ശരണം" എന്നിങ്ങനെ ഉച്ചത്തിൽ സ്തുതിച്ചു മുറയിട്ട ന്നശബ്ദം ശ്രീ വൈകുണ്ഠത്തിൽ ദേവമുനിജന പരിവൃതനായി ഭൂലക്ഷ്മീദേവിമാരാൽ പരിലാളിതനായി രത്നസിംഹാസനത്തിൽ ഇരിക്കുന്ന സാക്ഷാൽ ശ്രീനാരായണൻെറ ശ്രവണപുടവങ്ങളിൽ വിഷലിപ്ത നാരാചങ്ങളെന്നപോലെ പതിച്ചു ഭക്തവത്സലനായ ആ ഭഗവാൻെറ തിരുമേനി ഉടനേ വിയർക്കുകയും ചുററുംനിന്ന ദേവന്മാർ മുനിമാർ മുതലായവരോടോ ലക്ഷ്മീദേവിയോടോ ഗരുഡനോടോ യാതൊരക്ഷരവും ശബ്ദിക്കാതെ തൽക്ഷണം അവിടെനിന്നും മറയുകയുംചെയ്തു. ഹാ ഹാ പരമഭക്ത! ജീവന്മുക്ത! എന്നെ ഭജിക്കുന്നവർക്കു യാതൊരുദുഃഖവും ഉണ്ടാകയില്ലെന്നു ദൃഢമായി വിശ്വസിച്ചുകൊള്ളുക. കഷ്ടം! നീ ഇത്ര ദുഃഖാവസ്ഥയിൽ അകപ്പെട്ടുവോ ഞാൻ ഇതാ വന്നുകഴിഞ്ഞു. അഭീഷ്ടങ്ങൾ തന്നുകഴിഞ്ഞു. എന്നരുളിച്ചെയ്തുകൊണ്ടു തുളസീദാമം ഉതിർന്നു വഴിമേൽചിതറത്തക്കവണ്ണവും പീതാംബരം കിഴഞ്ഞിഴഞ്ഞുപൊടിപുരളത്തക്കവണ്ണവും പിന്തുടൎന്നോടിച്ചെല്ലുന്ന സുദർശനത്തെപ്പോലും നോക്കാതെ, ബദ്ധപ്പെട്ടെഴുന്നെള്ളിപ്പോകുമ്പോൾ ദേവകൾ പൂമാരി തൂകുകയും ബ്രഹ്മരുദ്രാദികൾ സ്തോത്രംചെയ്കയും അഷ്ടദിഗ്ഗജങ്ങൾ തുമ്പിക്കരത്തെ ഉയർത്തി അലറുകയും, ഭൂദേവി ദുഃഖിക്കുകയും ലക്ഷ്മീദേവി ആശ്ചര്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു.

ഉത്തരക്ഷണത്തിൽ ഭഗവാൻ ജഗന്നാഥത്തിലെത്തി, ജയദേവൻ വീണുകിടക്കുന്ന കിണററിൻെറ അരികിൽചെന്നു അദ്ദേഹത്തെ നോക്കി, കരുണാമൃതംവർഷിച്ചു അദ്ദേഹത്തിൻെറ ഹൃദയകമലത്തിൽ ആനന്ദസ്വരൂപനായി പ്രവേശിച്ചു, ജ്ഞാനദൃഷ്ടിക്കു പ്രത്യക്ഷപ്പെട്ടു, മേലാൽ ഒരിക്കലും ദുഃഖം ലേശംപോലും ഉണ്ടാകാതെയിരിക്കത്തക്കവണ്ണം ആശീർവാദംചെയ്തു. ഹേ! ഭക്തോത്തമ! നീ എൻെറ രൂപം സ്വരൂപം, നിരൂപം ഇതുകളെ മൂന്നിനേയും ഇങ്ങനെ ദർശിച്ചുകൊൾക—എന്നു അശരീരിയായി കല്പിച്ചതിനെക്കേട്ടു ജയദേവർ മുമ്പിൽതന്നെ ജ്ഞാനദൃഷ്ടിയാൽ തൻെറ ഹൃദയകമലത്തിൽ ശ്രീകൃഷ്ണപരമാത്മസ്വരൂപമായി വിളങ്ങിക്കൊണ്ടിരുന്ന സാക്ഷാൽ ഭഗവാനെക്കണ്ടു, ആനന്ദതുന്ദിലനായി സകല ദുഃഖങ്ങളും ശമിച്ചു, തന്നത്താൻ ഇങ്ങനെ പറഞ്ഞുതുടങ്ങി—"ഹാ ഹാ! എൻെറ രക്ഷിതാവായ ഭഗവാനേ, വഴിക്കും വെളിക്കും കണ്ണൊളിക്കും സമീപമായി പൂർണ്ണചന്ദ്രനെ ചുററിയിരിക്കുന്ന അതിശീതളകിരണങ്ങൾപോലെ, എന്നെ ആനന്ദസ്വരൂപനായി ചുററി എന്നാൽ സ്തുതിക്കപ്പെടുന്നതിനുവേണ്ട ഭക്തിയെത്തന്നു എൻെറ അന്തരംഗത്തിൽ ഇരിക്കുന്നതിനെ വിചാരിക്കാതെ ജ്ഞാനക്കണ്മിഴിച്ചുനോക്കാതെ, സർവരൂപനായ ഈശ്വരൻതന്നെ ഞാനെന്നുള്ള ബോധവുമുദിക്കാതെ, ശരീരത്തെ താനെന്നറിഞ്ഞു നടക്കുന്ന അജ്ഞന്മാരായ മനുഷ്യരെപ്പോലെ, ദൃഢജ്ഞാനം മറച്ചു, ദുഃഖാർത്തനായി ഞാൻ ഉച്ചത്തിൽ രോദനംചെയ്തുവല്ലോ. ഹാ! ഹാ! ഭഗവാൻ എന്നു അന്തരംഗത്തിൽ ധ്യാനിക്കുന്ന ഭക്തന്മാർക്കു ആരാധനവിഷയമായ രൂപത്തെയും പരമയോഗികൾ കാണുന്ന സ്വരൂപത്തെയും, പരമയോഗികൾ ഐക്യമായിരിക്കും നിരൂപത്തെയും കാണാതെ, വിഷയാനന്ദങ്ങളെ ഇച്ഛിക്കുന്ന ശ്രോത്രാദീന്ദ്രിയങ്ങളായ പാഞ്ചതന്ത്രങ്ങളും മനസ്സുതുടങ്ങിയുള്ള നാലുമന്ത്രികളും, പലതിനേയും ചോദിക്കുന്ന ഇഛയെന്നവഞ്ചകനും കാമക്രോധാദിവീരന്മാരും ശബ്ദാദിശൂരന്മാരും വാക്കുമുതലായ ശുശ്രൂഷകന്മാരും പ്രാണൻമുതലായ കാവൽക്കാരും വാസനതുടങ്ങിയുള്ള സേനാധിപതികളും കൂടി ചുററുംനിന്നു സേവിക്കുന്ന ജീവൻ എന്ന രാജാവു, അഹംകാരമെന്ന രാജ്യഭാരംചെയ്യുമ്പോൾ വിവേകമെന്ന രാജ്യംഗത്തിൻെറ സുഖത്തെ ഞാൻ അറിഞ്ഞില്ലല്ലോ, മേ

ക്ഷസുഖത്തെ അഗ്രഹിക്കാതെ സംസാരസുഖത്തെ ഇച്ഛിച്ച്, ഗുണദോഷവിവേചനമില്ലാത്ത മൃഗങ്ങളെപ്പോലെ, മൂഢമനസ്സായിപ്പോയല്ലോ. ഹാ കഷ്ടം! ദുഃഖലേശം ഇല്ലാതെ എന്റെ ഉള്ളിൽ ഇരിക്കുന്ന പരമാത്മാവിനെ; ഞാനാണെന്നു ദർശിപ്പാൻ എനിക്കു ഭാഗ്യമെത്തീലല്ലോ. ദൈവതുല്യനായ ഭർത്താവിനെ വെടിഞ്ഞു വ്യഭിചാരത്തിൽ മനസ്സഴിച്ച സ്ത്രീയെപ്പോലെ, ആനന്ദസ്വരൂപനും നിത്യനുമായ ആത്മാവിനെ വിശ്വസിക്കാതെ അനിത്യവും ദുഃഖമയവുമായ ശരീരത്തെ വിശ്വസിച്ചിരുന്നുപോയല്ലോ. ഇങ്ങനെ പശ്ചാത്താപവചനങ്ങൾ പറഞ്ഞുകൊണ്ടു ഭഗവദ്ദർശനസുഖത്താൽ ആനന്ദബാഷ്പങ്ങളോടുകൂടെ തന്റെ ജ്ഞാനദൃഷ്ടിക്കു ഗോചരമായി ആനന്ദമാത്രരൂപനായി ദേവകീദേവിയുടെ ഗർഭത്തിൽനിന്നു ഭവിച്ചപ്പോൾ, സ്ഥൂലരൂപനായും നന്ദപത്നിയായ യശോദയുടെ ദൃഷ്ടികൾക്കു ബാലരൂപനായും അവതരിച്ചവനായിരിക്കുന്ന ശ്രീനാരായണനെ ഹൃദയത്തിൽ ധ്യാനിച്ചുറപ്പിച്ചു നിർവൃതനായിഭവിച്ചു ഹാ! ഗോവർദ്ധനഗിരിപൊന്തിക്കകമുതലായ അത്ഭുതകൃത്യങ്ങൾ ഈ ഭഗവാനല്ലയോ നിർവഹിച്ചതു്; ഇദ്ദേഹത്തെ ഞാനെങ്ങനെ സ്തുതിക്കേണ്ടു എന്നു ഭഗവാന്റെ ആകൃതി കേശംമുതൽ പാദംവരെ സൂക്ഷിച്ചുനോക്കി മനസ്സിനെ അതിനോടു ഏകീകരിച്ച്, ഭഗവൽസ്തുതി ആരംഭിച്ചു; കോടിസൂര്യപ്രകാരം വിളങ്ങുന്ന കിരീടവും നവരത്നഖചിതമകരകുണ്ഡലവും വിശാലമായ നിടിലവും ദിവ്യതിലപുണ്ഡ്രവും പത്മനേത്രവും വികസിച്ചപത്മംപോലെയുള്ള മുഖവും കംബുസമാനകണ്ഠവും ലക്ഷ്മീനിവാസസ്ഥാനമായ മാറിടവും, വനമാലയും പീതാംബരവും അലങ്കരിച്ചരുളുന്ന ദേവ! രാധാമനോഹര! രുക്മിണീവല്ലഭ! ഗോപികാരമണ! അഖിലബ്രഹ്മാണ്ഡനായക! പരമശിവൻ ശിരസ്സിൽ ധരിക്കുന്ന ഗംഗാഭഗവതി ഉത്ഭവിച്ച തൃപ്പാദങ്ങളോടുകൂടിയ ദേവ! ജഗൽസൃഷ്ടികർത്താവായ ബ്രഹ്മദേവൻ ഉത്ഭവിച്ചധിവസിക്കുന്ന പത്മത്തെ നാഭിയിൽ ധരിച്ചിരിക്കുന്നവനേ! അഖിലലോകങ്ങളെ ഉള്ളിൽ ധരിച്ചിരിക്കുന്ന ജഗദീശ! ലീലാവിനോദ! വേണുഗോപാല! നിശ്ചല നിർഭേദ! നിഷ്കള! നിരഞ്ജന! എന്നിങ്ങനെ സ്തുതിച്ച് സന്ദേഹങ്ങളെ തീർത്ത് ദേഹത്തെ മറന്ന്, ഇന്ദ്രിയങ്ങളെയും മനസ്സിനെയും അന്തർമ്മുഖമാക്കി നിയമിച്ച്, ശ്വാസങ്ങളെ അടക്കി ജീവാത്മാവിനെ ഓരോരോ ആധാരങ്ങൾ വഴിയായി ഉയർത്തിക്കൊണ്ടുപോയി ബ്രഹ്മരന്ധ്രത്തിങ്കലാക്കി ശംഖനാദവും ഭേരിധ്വനിയും വീണാനാദവും, മദ്ദളധ്വനിയും തംബുരുനാദവും, നാരദന്റെ വീണാഗാനവും താളങ്ങളുടെ ശബ്ദങ്ങളും ശംഖമണ്ഡലധ്വനിയും സ്ത്രീകളുടെ ഗീതവും വണ്ടുകളുടെ ഝംകാരനാദവും കുയിൽനാദവും മയിൽനാദവും സമുദ്രഘോഷവും കേട്ട്, ചിദാകാശവെളിയിൽ സഹസ്രാരപത്മമദ്ധ്യത്തിൽ ഗംഗായമുനകളുടെ സംഗമസ്ഥാനത്തിൽ സുഷുമ്നാനാഡിയുടെ അഗ്രഭാഗത്തു അനേകകോടി സൂര്യന്മാരുടെ പ്രഭയോടുകൂടി വിളങ്ങുന്ന ഭഗവാൻ സ്വരൂപമായ ജ്യോതിസ്സിനെ കണ്ടാനന്ദിച്ച്, മാനാഭിമാനങ്ങളെ ഉളവാക്കുന്ന അജ്ഞാനപാശത്തെ നിശ്ശേഷം ഖണ്ഡിച്ച് ജ്ഞാനം ആത്മാവിലൈക്യപ്പെട്ടു പരബ്രഹ്മസ്വരൂപനായി വിളങ്ങിയിരിക്കുന്ന ഭഗവാന്റെ അരൂപതേജസ്സിനെ കാണാതെ കണ്ടു ആനന്ദിച്ച്, നിർവാതദീപംപോലെ ചലനരഹിതനായി അല്പനേരം ഇരുന്നശേഷം ഭഗവത്തത്വത്തെക്കുറിച്ച് പരമാർത്ഥമായ ഉണർവുണ്ടായി വീണ്ടും സ്തുതിതുടങ്ങി. ഹേ! ഭഗവൻ! ദേവാസുരഗന്ധർവകിന്നരസിദ്ധസാദ്ധ്യവിദ്യാധരപന്നഗയക്ഷരാക്ഷസപിശാചമനുഷ്യപശുപക്ഷ്യാദികൾ, പൃഥിവ്യാപ്തേജോവായ്വാകാശഭൂതങ്ങൾ, ശബ്ദസ്പർശരൂപരസഗന്ധങ്ങൾ, മനോബുദ്ധിചിത്താഹംകാരങ്ങൾ, ഇതുകൾക്കെല്ലാം സാക്ഷിയും നിത്യവുമായ ആത്മാവ്, എന്നീരൂപങ്ങളോടുകൂടി സഗുണനിർഗ്ഗുണാദ്ധ്യാനരൂപനായി വിളങ്ങുന്ന ഭഗവാനേ! വിദ്യാവിദ്യകൾ സത്യാസത്യങ്ങൾ പ്രവൃത്തിനിവൃത്തികൾ, സുഖദുഃഖങ്ങൾ ഗുണദോഷങ്ങൾ, പാപപുണ്യങ്ങൾ ഇതുകളെല്ലാം ഏകനായ നീതിരുവടിതന്നെ. സകലകർമ്മയോഗാനുഭോക്താവും, സകലകർമ്മസാധനങ്ങളും കർമ്മഫലങ്ങളും കർമ്മങ്ങളെ ശാസിക്കുന്ന വേദവിധികളും, നീതന്നെ. ഹേ മഹാപ്രഭോ! ലോകത്തിന്റെ നിമിത്തകാരണവും ഉപാദാനകാരണവും പ്രവൃത്തികരണവും നീതന്നെ. അഷ്ടൈശ്വര്യങ്ങളും അനന്തജ്ഞാനശക്ത്യാദി കല്യാണഗുണങ്ങളും നീതന്നെ. പരമജ്ഞാനികളായ യോഗിവര്യന്മാർനി

ന്നെ ധ്യാനിക്കുന്നു ഭക്തന്മാർ സ്തുതിക്കുന്നു. യാഗശീലന്മാർ യജിക്കുന്നു. പിതൃദേവരൂപങ്ങളെധരിച്ചു ഹവ്യകവ്യങ്ങളെ ഭുജിക്കുന്നതും നീതന്നെ. സകലലോകങ്ങളും നിന്നിലും സകലലോകങ്ങളിലും നീയും അധിവസിക്കുന്നു. അസംഗമായി അപരിച്ഛേദ്യമായി അവാങ്മനോഗോചരമായിരിക്കുന്ന ആത്മാവും നീതന്നെ ആകുന്നു. ഇങ്ങനെയിരിക്കുന്ന പരമാത്മസ്വരൂപനായ നിന്നെത്തന്നെ ഞാൻ സർവ്വാത്മനാ വന്ദിക്കുന്നു. ഹേസകലാത്മക! സകല ചരാചരങ്ങളിലും നിറഞ്ഞിരിക്കുന്നതു നിന്റെ അപ്രാകൃതശക്തിയാകുന്നു, അതിനെത്തന്നെ ഞാൻ നമസ്കരിക്കുന്നു. വാങ്മനോവ്യാപാരങ്ങളെ കവിഞ്ഞുനിൽക്കുന്നതേതോ, ഏതുവിശേഷണങ്ങളാലും വിശേഷിപ്പിക്കുവാൻ കഴിവില്ലാത്തതേതോ, പരജ്ഞാനികളുടെ ജ്ഞാനത്താൽപോലും വെളിപ്പെടാത്ത പരമതത്വം ഏതോ ആ പരമാത്മസ്വരൂപത്തെ ഞാൻ നമസ്കരിക്കുന്നു. ഏവനിൽനിന്നും അന്യമായി യാതൊരുപദാർത്ഥങ്ങളുമില്ലയോ സകല പദാർത്ഥങ്ങളിൽനിന്നും അന്യനായി യാവനൊരുത്തൻ ഇരിക്കുന്നുവോ, അങ്ങനെയുള്ള വാസുദേവനായ ഭഗവാനെ നമസ്കരിക്കുന്നു. കർമ്മാധീനങ്ങളായ നാമരൂപങ്ങളില്ലാതെ, കർമ്മാകർമ്മവികർമ്മങ്ങളിൽ സംബന്ധവുമില്ലാതെ, കേവലസ്വരൂപനായി യാവനൊരുത്തൻ സ്ഥിതിചെയ്യുന്നുവോ അവനെ ഞാൻ നമസ്കരിക്കുന്നു. മേലും അവനെത്തന്നെ നമസ്കരിക്കാൻ ഞാൻ അനുഗ്രഹിക്കയുംചെയ്യുന്നു. ദേവാദികൾപോലും യാവനൊരുത്തന്റെ സാക്ഷാൽസ്വരൂപം ധ്യാനിക്കാൻ കഴിവില്ലാഞ്ഞിട്ടു, മത്സ്യകൂർമ്മാദ്യവതാരരൂപങ്ങളെ പൂജിക്കുന്നുവോ, അങ്ങനെയുള്ള പരമാത്മാവിനെ ഞാൻ നമസ്കരിക്കുന്നു. ദേവാദിസകലഭൂതങ്ങൾക്കും അന്തര്യാമിയായി ശുഭാശുഭങ്ങളെ ദർശിച്ചുകൊണ്ടു യാവനൊരുത്തൻ ഇരിക്കുന്നുവോ സർവ്വസാക്ഷിയായ ആ പരാപരനെ ഞാൻ നമസ്കരിക്കുന്നു. അനിത്യമായ ഈ പ്രപഞ്ചം നിത്യനായ യാവനൊരുത്തനായി തോന്നപ്പെട്ടപ്പോൾ, നിത്യനായ യാവനൊരുത്തൻതന്നെ അനിത്യമായ ഈ പ്രപഞ്ചമായും തോന്നപ്പെടുന്നുവോ ആ ദിവ്യസ്വരൂപനെ ഞാൻ നമസ്കരിക്കുന്നു. മണികൾക്കുള്ളിൽ ചരടുപോലെ സകല ചരാചരാന്തര്യാമിയായി യാവനൊരുത്തൻ ഭവിക്കുന്നുവോ ആ പരമാത്മാവിനെ ഞാൻ നമസ്കരിക്കുന്നു. സർവ്വവും യാവങ്കൽനിന്നുണ്ടായോ യാവങ്കൽതന്നെ സ്ഥിതിചെയ്യുന്നുവോ യാവനൊരുത്തങ്കൽതന്നെ ഒടുവിൽ ഒടുങ്ങുകയുംചെയ്യുമോ അവനെ ഞാൻ നമസ്കരിക്കുന്നു. ഇങ്ങനെസ്തുതിച്ചു പരമാത്മസ്വരൂപനായി അദ്വൈതാനന്ദത്തിൽ ലയിച്ചു നിശ്ചലനായിരുന്നു.

ഹേ സിദ്ധന്മാരേ! ജയദേവൻ ഇങ്ങനെ ആനന്ദമഗ്നനായി കാട്ടിലുള്ള കിണററിൽ ഇരിക്കുമ്പോൾ, നാട്ടിൽ അദ്ദേഹത്തിന്റെ പത്നിയായ പത്മാവതി, പതിവ്രതമാരിൽ അരുന്ധതി, പാപനാശനത്തിങ്കൽ ഭാഗീരഥി, ഭക്തരക്ഷണത്തിങ്കൽ പാർവ്വതി, വൈദുഷ്യത്തിൽസരസ്വതി, പരമജ്ഞാനവതിയായ ഗാർഗ്ഗിവതി, ബന്ധത്തെ വെടിഞ്ഞഗുണവതി, മടങ്ങി വീട്ടിൽവന്നുനോക്കുമ്പോൾ, ഭർത്താവിനെക്കാണായ്കയാൽ കാത്തിരുന്നു, നേരംവൈകീട്ടും വരായ്കകൊണ്ടു പലസ്ഥലങ്ങളിലും അന്വേഷിക്കുകയും, ഏററവുംദുഃഖിക്കയും, എന്റെഭർത്താവു വല്ലസ്ഥലത്തും നിഷ്ഠയിലിരിക്കുന്നുവോ വല്ലവിശിഷ്ടന്മാരുടെയും സമീപത്തിൽ അകപ്പെട്ടുവോ. വിശപ്പിനാൽതളർന്നു വല്ലടിക്കിലുംകിടന്നുറങ്ങുന്നുവോ ഈസംസാരബന്ധത്തെ ഉപേക്ഷിച്ചൊഴിഞ്ഞു മറഞ്ഞിരിക്കുന്നുവോ ബ്രഹ്മാനന്ദത്തിൽലയിച്ചു എന്നെ മറന്നിരിക്കുന്നുവോ, എന്നു പലവിധത്തിൽ വിലപിച്ചു കാണായ്കകൊണ്ടു; പലവീടുകളിലും കയറിനോക്കുകയും പല ദൂരദേശങ്ങളിലു അന്വേഷിക്കയും മററും ചെയ്തു. അയൽ പക്കത്തുള്ള വീടുകളിൽപോലും കടക്കാതെയും ആരുകളെ അറിയാതെയും ഇരുന്ന ആ ദേവി അല്പസമയം കൊണ്ടു അനേകവീടുകളിൽ കയറിയിറങ്ങി കണ്ണിൽ കണ്ട കുട്ടികളോടുപോലും തന്റെ ഭർത്താവിനെ കണ്ടോ കണ്ടോ എന്നുചോദിക്കയും അനുകൂലമറുപടി കിട്ടാഞ്ഞു ഖേദിക്കയും ചെയ്തുകൊണ്ടു ചുററിനടക്കുമ്പോൾ, ആ ദേവിയുടെ അമ്മ മകളെ അന്വേഷിച്ചുചെന്നു കണ്ടുകൂടി ഏററവും വ്യസനിച്ചു—മകളേ! നീ ഇങ്ങനെഅലഞ്ഞുകഷ്ടപ്പെടേണ്ട. നിന്റെ ഭർത്താവിനെയാ

ൻ ഇപ്പോൾതന്നെപോയി അന്വേഷിച്ചുകൂട്ടിക്കൊണ്ടുവരാം. എന്നു പറഞ്ഞു സമാധാനപ്പെടുത്തി വീട്ടിലേക്കയച്ചു. അനന്തരം ആ വൃദ്ധൻ ജയദേവരെ പലദിക്കിലും അന്വേഷിപ്പിച്ചിട്ടും കാണാഞ്ഞു ദുഃഖിച്ചു, നേരെവീട്ടിലേക്കു മടങ്ങിപ്പോന്നു. ജയദേവൻ ഏതാനുമൊരു മലയുടെ ഗുഹയിൽ ഇരുന്നു തപസ്സുചെയ്യുന്നായിരിക്കാം എന്നും അവിടുന്നു തിരിച്ചുവരുന്നതാണ് എന്നും മകളോടു പറഞ്ഞു സമാധാനപ്പെടുത്തി. എന്നിട്ടും പത്മാദേവി സമാധാനപ്പെടാതെ കരഞ്ഞുംവിളിച്ചും, ഈശ്വരനെ ഭജിച്ചും, തലമുടി അഴിച്ചിട്ടു നിലത്തുശയിച്ചും, ഉടുത്തവസ്ത്രം അല്ലാതെ ഉത്തരീയം ധരിക്കാതെയും ആരോടും സംസാരിക്കാതെയും ദിവസങ്ങൾ കഴിക്കയും, കഷ്ടമിതെ ഹേ ജഗദീശ! കരുണാകര ഭക്തവത്സല! എന്റെ ഭർത്താവിനെ ഞാൻ ഇനി എന്നു കാണുമോ? എനിക്ക ഈ ജന്മത്തിൽ അതിനു സംഗതിയാകുമോ അഥവാ അതിനു സംഗതിയില്ലാതെതന്നെ പോകുമോ അദ്ദേഹം നാട്ടിലോ കാട്ടിലോ എവിടെയിരിക്കുന്നുവെന്നു യാതൊരു നിശ്ചയവുമില്ലല്ലോ. പകൽ ചിലപ്പോൾ അടുത്തുള്ള കാട്ടിലും നാട്ടിലും അന്വേഷിക്കയും രാത്രിയിൽ ഗൃഹത്തിൽവന്നു അഭീഷ്ടസിദ്ധിക്കായി ഈശ്വരനെ പ്രാർത്ഥിക്കയുംചെയ്തുകൊണ്ടിരുന്നു.

മൂന്നാമദ്ധ്യായം സമാപ്തം.

## നാലാമദ്ധ്യായം.

(ജയദേവൻ നാട്ടിൽവന്നതു.)

പത്മാവതി ഇങ്ങനെ ദിവസങ്ങളെ നയിച്ചുവരുമ്പോൾ ക്രൌഞ്ചരാജാവു് ഒരുദിവസം വേട്ടയ്ക്കായി കാട്ടിൽപോകയും, വേട്ടയാടി മടങ്ങിവരുംവഴി ദാഹത്താൽ ജലം അന്വേഷിച്ചുചെന്നു്, ജയദേവൻ കിടക്കുന്ന കിണററിൽ നോക്കാൻ സംഗതിയാകയുംചെയ്തു. അതിൽ ഒരുമനുഷ്യൻ കിടക്കുന്നതിനെക്കണ്ടു് ഭ്രുതദയാലുവായ രാജാവു്, പരിഭ്രമത്തോടുകൂടി ഭൃത്യന്മാരെക്കൊണ്ടു അദ്ദേഹത്തെ മുകളിൽ എടുപ്പിച്ചു്, അങ്ങു ആരാണു്, എന്നും അവയവഭംഗം വന്നു കിണററിൽ അകപ്പെടാൻ സംഗതിയെന്തെന്നും, ചോദിക്കയുംചെയ്തു. ജയദേവസ്വാമി മൌനത്തെ അവലംബിച്ചതിനാൽ കുണ്ഠിതത്തോടുകൂടി രാജാവു്, ഹേ മൌനനിഷ്ഠനായ ബ്രാഹ്മണ! ശത്രുക്കളോടുയുദ്ധംചെയ്തു ഈപ്രകാരം സംഭവിച്ചോ, അതോ ദുഷ്ടന്മാരാരെങ്കിലും ഉപദ്രവം ചെയ്തോ, അതോ മററുവല്ല അപത്താലും ഇതിനുസംഗതിയായോ? കൈകാലുകൾ പൊയ്പോകാനും കിണററിൽവീഴാനും കാരണമെന്തു്? സത്യംപറയണം. അങ്ങു ഒരുകള്ളനോ അതല്ല നിധനനോ അല്ലെങ്കിൽ ദേവനോ കരുടനോ ബധിരനോ എന്നു പറയണമെന്നു പലരുവരു ചോദിച്ചപ്പോൾ ജയദേവൻ സമാധിവിട്ടുകണ്ണുതുറന്നു നോക്കി—"ഹേ രാജാവേ! അങ്ങെന്നെ എന്തിനാണു് കരയ്ക്കെടുപ്പിച്ചതു്? എന്റെസമാധിയെ മുടക്കിയതെന്തിനാണു്? ഞാൻ ദേവനല്ല, സിദ്ധനല്ല, പരിശുദ്ധനായ ഭക്തനുമല്ല, സാധുവായ ഒരുബ്രാഹ്മണനാകുന്നു- ബുദ്ധിഹീനനായ ബ്രാഹ്മണനാണെന്നുതന്നെ പറയാം. എന്റെ പ്രാരബ്ധത്താലാണു് എനിക്കീ ഉപദ്രവം നേരിട്ടതു്. ഭഗവാൻതന്നെ ശ്രീരാമനായി അവതരിച്ചകാലത്തും, സീതാദേവിമൂലം അദ്ദേഹം ഏതെല്ലാംകഷ്ടതകൾ അനുഭവിച്ചതായി പുരാണം പറയുന്നു. പരമശിവൻപോലും ബ്രഹ്മഹത്യയെയേല്പെട്ടോടിയില്ലയോ? കഴുത്തുമുറിച്ചു സങ്കടം ബ്രഹ്മാവു് അനുഭവിച്ചില്ലയോ? പിന്നെ ഈ മനുഷ്യകീടമായ എന്റെകഥ പറവാനുണ്ടോ? പ്രാരബ്ധശേഷത്താൽ എനിക്കിങ്ങ

നെയൊക്കെ സംഗതിയായെന്നേയുള്ളൂ. എൻെറ കൈകാലുകളെ നശിപ്പിച്ചതും അതുകളെ സൃഷ്ടിച്ച കരുണാലയൻതന്നെയാണ്. ഞാൻ ഈ കിണററിൽ ബ്രഹ്മസമാധിയിലിരിക്കയായിരുന്നു, എന്നെ വീണ്ടും അതുപോലെതന്നെ വയ്ക്കണം. സബോധസമാധി ഫാലമല്യത്തെ ഉണ്ടാക്കും. സ്ഥിരമായുള്ള സമാധി മോക്ഷത്തെ നൽകും. എനിക്കതിനു സഹായിച്ചവർ നല്ലആളുകളാണ്. ഭഗവൽകാരുണ്യത്താൽ അതിൻെറ സുഖം ഞാൻ അനുഭവിച്ചറികയും ചെയ്തു. കൈകാലുകൾ നശിച്ചാൽ ജീവകാരുണ്യം പൊയ്പോകുമോ? സകലകഷ്ടതകളെ ഉണ്ടാക്കുന്നതും പാപങ്ങളെച്ചെയ്യുന്നതും കൈകാലുകളല്ലേ? അതുകളില്ലെങ്കിൽ പാപം ചെയ്യുന്നതെങ്ങനെ? ജഡഭരതൻെറ കഥകേട്ടിട്ടില്ലയോ? അദ്ദേഹം ശരീരത്തെയല്ലാതെ ആത്മാവിനെ അശേഷം അഭിമാനിച്ചിരുന്നില്ല, ജഡമായ ശരീരത്തെ അറിവുള്ളവർ അഭിമാനിക്കയുമില്ല."

ഇങ്ങനെ ഓരോ ജ്ഞാനവിഷയങ്ങൾ പറഞ്ഞ്, രാജാവിൻെറ മനസ്സിനെ അലിയിച്ച്, കണ്ണുകളെ അടച്ച ബ്രഹ്മനിഷ്ഠയിലിരുന്നു. അപ്പോൾ ശിവഭക്തനായ രാജാവ് പരിഭ്രമത്തോടും ദുഃഖത്തോടുംകൂടി, ഹാ! നമ്മുടെരാജ്യത്തിൽ ഇങ്ങനെയുള്ള അപത്തു സംഭവിച്ചുവോ? കഷ്ടം! ദുഷ്ടന്മാരിൽ ആരോ ഈ മഹാത്മാവിനെ ഉപദ്രവിച്ചിരിക്കുന്നു. ശിവശിവ! ഞാൻ അതിനെന്താ ചെയ്യേ? എങ്ങനെയാണ് പരമാർത്ഥം അന്വേഷിച്ചറികു? എന്നുപറഞ്ഞ കണ്ണുനീരൊഴുക്കിക്കൊണ്ട്, ദൈവമേ എന്നുതൊഴുതു മഹാത്മാക്കൾക്കും അപത്തു സംഭവിക്കുന്നല്ലോ എന്നുപരിതപിച്ച്, പരവശനായിത്തീർന്നു. അനന്തരം അദ്ദേഹത്തെ പ്രദക്ഷിണംവച്ചു വന്ദിച്ചു, ഭക്തിപൂർവം പാദങ്ങളെ കണ്ണിൽചേർത്തു നമസ്കരിച്ചു, പുരണ്ടെഴുനീററു വാവിട്ടുനിലവിളിച്ചു. ഹര! ഹര! ആശ്ചര്യം ബ്രഹ്മതേജോമഹിമ അവർണ്യംതന്നെ. അല്പനായ ഞാൻ ഇവിടെ എന്താണുചെയ്യേണ്ടതു്? "ശംകരാ ശംഭോ ഗൌരീശ! മങ്കയ്ക്കു ശരീരം പങ്കിട്ടുകൊടുത്ത കരുണാകര! ദേവദേവ! ഭൂതേശ! ഭൂതിഭൂഷണ! വേദസാരാത്മക! കാമദഹന! വൃഷഭവാഹന! സോമസുന്ദര! നീലകണ്ഠ! ആദിനായക മുക്തിദായക! പാപനാശന! വഹ്നിലോചന! നിത്യനിർമ്മല സത്യസമ്മത! ശിവ ചിദംബര! വേദിശംഭോ!" എന്നിങ്ങനെ അശ്രുധാരയോടുകൂടി സ്തുതിച്ചു, ഹാ! ഈ പുണ്യാത്മാവെന്നെ രക്ഷിക്കുന്നതിനായി സദ്ഗുരുരൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നു, എന്നു അഹ്ളാദപൂർവം ഉച്ചരിച്ചു.

എന്നിട്ടു മന്ത്രിമാരെനോക്കി, ഹേ ശ്രേഷ്ഠന്മാരേ! നിങ്ങൾ എൻെറ സദ്ഗുരുനാഥനെക്കണ്ടുവോ? എൻെറ പുണ്യോൽക്കർഷത്തിൻെറ മഹിമ കണ്ടുവോ? എന്നുപറഞ്ഞ്, ജയദേവരെ പല്ലക്കിൽ എഴുന്നെള്ളിച്ചു നാട്ടിൽ കൊണ്ടുപോയി മണിമാളികയിലിരുത്തി ശുഭ്രവസ്ത്രം ധരിപ്പിച്ചു, കൈകാലുകളിലെ മുറിവു് ഔഷധംപുരട്ടിക്കരിച്ചു, ഭക്തിപൂർവം ശുശ്രൂഷിച്ചു ഉപദേഷ്ടാവായ ഗുരുഭൂതൻ അദ്ദേഹംതന്നെയെന്നു നാട്ടിൽ പ്രസിദ്ധപ്പെടുത്തി. എന്നെ രക്ഷിക്കാൻവന്ന പ്രത്യക്ഷദൈവമാണിദ്ദേഹമെന്നും ഇനി എനിക്കു യാതൊരുകുറവുമില്ലെന്നും വിശ്വസിച്ചു ദേഹവും ജീവനുംപോലെ വെള്ളവുംപാലുംപോലെ, പുഷ്പവും സുഗന്ധവുംപോലെ ആത്മാവും ജ്യോതിസ്സുംപോലെ ശർക്കരയും മധുരവുംപോലെ ഐക്യപ്പെട്ടു, പരശുശ്രൂഷചെയ്തുകൊണ്ടു താമസിച്ചുവന്നു. അക്കാലത്തു രാജാവിനു പ്രപഞ്ചവ്യവഹാരങ്ങളിൽ വൈരാഗ്യംവർദ്ധിക്കയും ജ്ഞാനംഉദിച്ച് പരലോകസുഖത്തെപ്പോലുംവെറുത്തു മോക്ഷത്തിലിച്ഛയുള്ളവനായി ശ്രദ്ധാലുവായി ഗുരുതന്നെ ശരണമെന്നുനിശ്ചയിച്ച്, ജ്ഞാനശാസ്ത്രപ്രതിപാദകങ്ങളായ ശാസ്ത്രങ്ങൾ വായിക്കയും സുകൃതികളെ സ്നേഹിക്കയും ചെയ്തു. ഗുരുമുഖത്തുനിന്നു ഉപദേശംവാങ്ങി, ബ്രഹ്മനിഷ്ഠ ശീലിച്ചുവന്നു. ഒരുദിവസം ജയദേവസ്വാമിയെ പ്രദക്ഷിണംചെയ്തു വന്ദിച്ച്, രാജഭോഗത്തിൽ വിമുഖനായി ഹേ "പരിശുദ്ധയോഗീശ്വര! ശരീരം വെള്ളത്തിലെ കുമിളപോലെ ക്ഷണഭംഗുരവും ശരീരസുഖം ജലരേഖപോലെ അവാസ്തവവും ദുഃഖം അഗാധമായ സമുദ്രംപോലെ ഭയങ്കരവും സുഖത്തിൻെറ കണക്കറിയുന്ന മാനദണ്ഡവുമാകുന്നു. ഇനിയും ഈ സംസാരകൂപത്തിൽതന്നെ ഞാൻ കിടന്നാൽ കരകേറാൻ എത്രകാലത്താണ് സാധിക്കുന്നതു്? എത്രകാലത്താ

ണ്ടു ആനന്ദമനുഭവിക്കുന്നതു്? പശുവിൻപാൽ കുടിച്ചാലെന്തു്? പഴംകഞ്ഞി കുടിച്ചാലെന്തു്? കസവുപട്ടുടുത്താലെന്തു്? കന്ഥതന്നെ ധരിച്ചാലെന്തു്? മെത്തയിൽ ശയിച്ചാലെന്തു്? മേനിക്കല്ലിൽ കിടന്നാലെന്തു്? കനകഭൂഷണമണിഞ്ഞാലെന്തു്? കസ്തൂരിപ്പൊട്ടിട്ടാലെന്തു്? നാട്ടുപാചിച്ചാലെന്തു്? നാട്ടാർ വന്ദിച്ചാലെന്തു്? പാട്ടുപെട്ടുഴന്നാലെന്തു്? പടിവാതിൽ കാത്താലെന്തു്? സമദൃഷ്ടികൾക്കു ഇതുകൾതമ്മിൽ എന്തുഭേദം? അതുകൊണ്ടു മോക്ഷമാൎഗ്ഗമായ ജ്ഞാനം ലഭിച്ചു് ആനന്ദവാനായി അങ്ങേപ്പോലെ സമദൃഷ്ടിയായി ഭവിച്ചു്, ദേഹസുഖങ്ങളെ ഉപേക്ഷിച്ചു്, ഭിക്ഷവാങ്ങി ഉദരം ഭരിച്ചു്, തെരുത്തിണ്ണകളിൽ ശയിച്ചു്, കാണുന്നവൎക്കു ഭ്രാന്തൻ എന്നു തോന്നത്തക്കവണ്ണം, മായാകാൎയ്യങ്ങളിൽ മമതയും വിശ്വാസവും ഇല്ലാത്തവനായി ദേഹസ്മരണവിട്ടു, ആത്മജ്ഞാനം ലഭിക്കുന്നതിനു കരുണചെയ്യാറാകണമെന്നപേക്ഷിച്ചു.

രാജാവിന്റെ വൈരാഗ്യബുദ്ധികണ്ടു സന്തുഷ്ടനായ ജയദേവസ്വാമി അദ്ദേഹത്തെ നോക്കിപ്പറഞ്ഞു:—രാജശബ്ദത്തെ അൎത്ഥാൎത്ഥീകരിച്ചു വൎത്തിക്കുന്ന പുണ്യാത്മാവേ! ഈ സംസാരത്തെ ഉപേക്ഷിക്കുന്നതുകൊണ്ടു എന്തുപ്രയോജനം! ദേഹോഹം എന്ന ഭാവംവിട്ടാൽ സംസാരത്തിലിരുന്നാലും ഒഴിഞ്ഞുപോയി വനത്തിലിരുന്നാലും ഒരുപോലെതന്നെ. അവനെ ബന്ധിക്കാനോ മോചിക്കാനോ ഒരുവസ്തുവിനും ഒരുജീവിക്കും ശക്തിയില്ല. കൎമ്മഫലാപേക്ഷയോടുകൂടാതെ ചെയ്താൽ അതിന്റെഫലം ജീവാത്മാവിനെ ബന്ധിക്കയും ഇല്ല. വസിഷ്ഠൻ, അത്രി മുതലായ മഹൎഷിമാർ ഗൃഹസ്ഥാശ്രമത്തിലിരുന്നല്ലയോ ആത്മാനന്ദം അനുഭവിക്കുന്നതു്? മരുത്തൻ, സുദൎശനൻ, ജനകൻ മുതലായ രാജാക്കന്മാർ രാജ്യഭാരം ചെയ്തിരുന്നുവെങ്കിലും, ജ്ഞാനംലഭിച്ചു മോക്ഷത്തെ പ്രാപിച്ചില്ലയോ? അതിനുകാരണം സാധുസേവനംതന്നെ ആയിരുന്നു. നീയും ദേഹാഭിമാനത്തോടുകൂടാതെ സാധുസംസൎഗ്ഗത്തോടുകൂടിയിരുന്നു രാജ്യഭാരം ചെയ്യുന്നതിൽ വിരോധമില്ല. അതു, ഭക്തിക്കോ മുക്തിക്കോ തടസ്സമാകയുമില്ല. "സാധുസംഗതിതന്നെ മോക്ഷകാരണം" എന്നുവിധിയുണ്ടു്. എന്നല്ല, സാധുസംസൎഗ്ഗം സൎവ്വാഭീഷ്ടസാധനവുമാകുന്നു. ഭവാൻ രാജചിഹ്നങ്ങളെ ഉടനേ സ്വീകരിക്കണം. എന്നെപ്പോലെ ഗൃഹസ്ഥാശ്രമത്തിലിരുന്നു കൎമ്മങ്ങളെ ഈശ്വരാൎപ്പണമാക്കിച്ചെയ്കയുംവേണം. എന്നാൽ അചിരേണ അഭീഷ്ടസിദ്ധിയുണ്ടാകും. എന്നരുളിച്ചെയ്തു്, തന്റെ മുറിക്കൈകളാൽതന്നെ കിരീടം എടുത്തു രാജാവിനെ ധരിപ്പിച്ചു്, പൂൎവ്വസ്ഥിതിയിൽ സിംഹാസനസ്ഥനാക്കിയശേഷം, താൻ മൌനനിഷ്ഠനായി ബ്രഹ്മധ്യാനത്തിൽ ലയിച്ചിരുന്നു.

നാലാമദ്ധ്യായം സമാപ്തം.

# അഞ്ചാമദ്ധ്യായം.

## (ജയദേവൻ പത്മാവതിയെ ദൎശിച്ചതു്.)

എന്നെപ്പോലെ നീയും ഗൃഹസ്ഥാശ്രമത്തിലിരിക്കുക എന്ന ജയദേവരുടെ വാക്കിനെ വ്യാഖ്യാനിച്ചുനോക്കി രാജാവു അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചു, സ്വാമീ! അങ്ങേപ്പോലെ ഗൃഹസ്ഥാശ്രമത്തിലിരിക്കണമെന്നാണല്ലോ എന്നോടാജ്ഞാപിച്ചതു്. അങ്ങേക്കു ഭാൎയ്യയുണ്ടോ എന്നു ചോദിച്ചു. സ്വാമികൾ, ഉണ്ടു്, എന്നുത്തരം പറഞ്ഞു. ഉടനേ, സ്വാമികൾ, ആ ദേവിയെ വിട്ടുപിരിയാൻ കാരണമെന്താണെന്നു ചോദിച്ചതിനു്, ജയദേവർ, നടന്ന സംഭവങ്ങളെല്ലാം രാജാവിനെപ്പറഞ്ഞറിയിച്ചു. അതുകേട്ടപ്പോൾ കഷ്ടം! ഇക്കഥ ഇതുവരെ അറിയാതെയിരുന്നഞാൻ എത്രപാപിയാണു്, എന്നു തന്നത്താ

ൻ പറഞ്ഞുകൊണ്ടു് രാജാവു, ദേവിയെ കൂട്ടിച്ചുകൊണ്ടുവരുന്നതിനു വിലയേറിയ വസ്ത്രാഭരണങ്ങളും ശ്രേഷ്ഠമായ ഒരുപല്ലക്കും കൊടുത്തുഭൃത്യന്മാരോടുകൂടി മന്ത്രിമാരെത്തന്നെ വിലപനഗരത്തിലേക്കു് കല്പിച്ചയച്ചു. അനന്തരം, ജയദേവസ്വാമികളെ വന്ദിച്ചുചോദിച്ചു. സ്വാമി! പരമജ്ഞാനികൾ, സിദ്ധന്മാർ, ഭക്തന്മാർ, എന്നിവർ വ്യസനിക്കുകയോ കോപിക്കയോചെയ്താൽ അതിന്നിടയാക്കുന്നവൎക്കു് ആപത്തുണ്ടാകുമെന്നാണു പറഞ്ഞുകേട്ടിട്ടുള്ളതു്. അതു, സത്യമാണെങ്കിൽ നിന്തിരുവടിയെ ഇങ്ങനെ അവയവഭംഗംചെയ്തു പാഴ്കിണററിൽ തള്ളിയിട്ട ആ കള്ളന്മാർ ഉടനേ ഭസ്മമായിപ്പോകാതിരിപ്പാൻ കാരണമെന്തു്? പരമജ്ഞാനിയും പരമശുദ്ധനുമായ നിന്തിരുവടിക്കു ഈ ആപത്തുവന്നുകൂടാൻ കാരണമെന്തു്? അങ്ങുവിചാരിച്ചാൽ അവരെ ഉപദ്രവിക്കാൻ തുടങ്ങുന്ന മാത്രയിൽതന്നെ നശിപ്പിച്ചുകളയാൻ പാടില്ലായിരുന്നോ? ഈ സംശയങ്ങളെത്തീൎത്തുതരുന്നതിനു കരുണയുണ്ടാകണം.

ജയദേവസ്വാമി പറഞ്ഞു:—ഹേ സത്യസന്ധനും പരിശുദ്ധനുമായ രാജാവേ! പ്രാരബ്ധം ത്രിമൂൎത്തികളെയും മുനിമാരെയും മററാരെയുംതന്നെ ബാധിക്കാതെയിരിക്കുന്നതല്ല. അപ്പോൾപിന്നെ ഈ നിസ്സാരനായ എന്നെ വിട്ടുകളയുമോ? ഇതിനുദാഹരണമായി ഞാൻ ഒരു ചരിത്രം പറയാം.

ത്രികാലജ്ഞനും പരമജ്ഞാനിയും ജീവന്മുക്തപദത്തെ പ്രാപിച്ചവനുമായ ഒരുമുനിശ്രേഷ്ഠനെ മോക്ഷാശയുള്ള ഒരു ശിഷ്യൻ ചെന്നുകണ്ടു് വന്ദിച്ചു, സമാധിസ്ഥനായ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടരികിൽതന്നെനിന്നു. മഹൎഷി സമാധിയിൽനിന്നും വിരമിച്ചു കണ്ണുതുറക്കുമ്പോൾ, ശിഷ്യൻ അദ്ദേഹം ഏതുസത്യവസ്തുവിനെ ധ്യാനിക്കുന്നുവോ അതിനെ ഉദ്ദേശിച്ചു വന്ദിക്കുക പതിവായിരുന്നതുകൊണ്ടു്, ഗുരു ഒരുദിവസമെങ്കിലും നിനക്കെന്തുവേണമെന്നു ചോദിക്കയോ എനിക്കിന്നതുവേണമെന്നു ശിഷ്യൻ പറകയോ ചെയ്തില്ല. ഇങ്ങനെ അസാധാരണമഹിമയോടുകൂടിയ ആ ശിഷ്യനെ ഒന്നുപരീക്ഷിക്കാനായി ഗുരു ഒരുദിവസം ധ്യാനലക്ഷ്യംവെയ്ക്കാതെ കണ്ണുകളെത്തുറന്നു മൌനംദീക്ഷിച്ചു ശ്വാസങ്ങളടക്കിയിരുന്നു. അതുകണ്ടു ശിഷ്യൻ ഹാ കഷ്ടമേ! ഗുരുനാഥൻ ധ്യാനിച്ച പരമവസ്തുവിൽനിന്നും അന്യമായ വിചാരത്തോടുകൂടി ഞാൻ ഇരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം ഉണരാതെ, ചലനരഹിതനായിരിക്കുന്നതു്. എന്നാൽ ഞാൻ ചെയ്തതു വലുതായ ഒരപരാധമാണു്. അത്രത്തോളം അപരാധിയായ ഞാൻ ഇനി ജീവിച്ചിരിക്കുന്നതുകൊണ്ടെന്തുഫലം? എന്നുപറഞ്ഞു മുനിയെ വന്ദിച്ചു്, മരിച്ചുകളയാനായി തന്റെ കഴുത്തറുക്കാൻ ഭാവിച്ചു വാളെടുത്തു. പെട്ടെന്നു മുനി ഉണൎന്നു ശിഷ്യനെനോക്കി, ഹേ ശിഷ്യോത്തമ! ഞാൻ ചോദിക്കുന്നതിനുമുമ്പേതന്നെ അഭീഷ്ടത്തെ വന്ദനക്രിയകൊണ്ടു അറിയിച്ചുവന്ന നിന്റെ മഹിമയെക്കുറിച്ചു് സന്തോഷപ്പെട്ടു്, അതൊന്നു പരീക്ഷിക്കാനായി മാത്രമാണു്. മനസ്സിനെ ശൂന്യമാക്കി, ഞാൻ കണ്ണുംതുറന്നു നിശ്ചലനായിരുന്നതു്. അതുതന്നെയാണു നിനക്കു ധ്യാനലക്ഷ്യം കിട്ടാതെയിരിപ്പാനും കാരണം. നിന്നെപ്പോലെ വിവേകികൾ ഈ ലോകത്തിൽ മററില്ല. നിന്നെ ഞാൻ അഭിനന്ദിക്കുന്നു. നീ എനിക്കുതക്കശിഷ്യൻ തന്നെ സംശയമില്ല. ഇനി നിനക്കു ഉപദേശം തരുന്നതിനു യാതൊരുതടസ്സവുമില്ല. അറുപത്തുനാലുസിദ്ധികളേയും ജീവന്മുക്തിയുടെ ദുർല്ലഭമായ നിലയേയുംഉപദേശിക്കാം-നിന്റെ സകലപ്രാരബ്ധങ്ങളേയും നശിപ്പിക്കാം. നിനക്കൊരുകുറവുണ്ടാകുമെങ്കിൽ അക്കാൎയ്യത്തിൽ ത്രിമൂൎത്തികളോടായാലും ഞാൻ വാദിക്കാം. വേണ്ടിവന്നാൽ അഖിലബ്രഹ്മാണ്ഡങ്ങളേയും ഭേദിക്കാം എന്നുപറഞ്ഞു്, തന്റെ കൈകളെ ശിഷ്യന്റെ മസ്തകത്തിൽവച്ചു്, മഹാവാക്യോപദേശംചെയ്യാൻ ഭാവിച്ചപ്പോൾ, ഇനിയും ഇവനെത്രകാലം ആയുസ്സുണ്ടെന്നു ജ്ഞാനദൃഷ്ടികൊണ്ടൊന്നുനോക്കി എഴുപത്തിരണ്ടുനാഴികമാത്രമേയുള്ളുവെന്നു കണ്ടാശ്ചൎയ്യപ്പെട്ടു്, ആകാശഗമനസിദ്ധികരമായ ഒരു ഗുളിക എടുത്തുവായിലിട്ടു്, ശിഷ്യന്റെ വായിലും ഒന്നിട്ടുകൊടുത്തിട്ടു്, രണ്ടാളുമായി, ഭൂലോകം ഭുവർല്ലോകം, സ്വർല്ലോകം, ജനലോകം തപോലോകം മഹാലോകം, ഈ ആറിനേയുംകടന്നു്, സത്യലോകത്തിലെത്തി ബ്രഹ്മാവിനെക്കണ്ടുവന്ദിച്ചു്, ഹേ ലോകനായക! നിന്തിരുവടി എന്റെ ശിഷ്യനു

അല്പായുസ്സുകൊടുക്കാൻ കാരണമെന്താണെന്നു മഹർഷി ചോദിച്ചപ്പോൾ, ബ്രഹ്മാവു്, അവന്റെ കർമ്മത്തിനനുസരിച്ചുള്ള വിധിയാണെന്നും; അതിനെ ഭേദംചെയ്യുന്നതിനു യാതൊരു നിവൃത്തിയുമില്ലെന്നും പറഞ്ഞു. അപ്പോഴേക്കു് എഴുപത്തിരണ്ടിൽതന്നെ കുറെ നാഴികകൾ കഴിഞ്ഞു. ഉടനേ മഹർഷി ബദ്ധപ്പെട്ടു വൈകുണ്ഠത്തിൽചെന്നു വന്ദിച്ചു സംഗതി പറഞ്ഞു. വിഷ്ണുഭഗവാൻ അതുകേട്ടു്, ഇനി ഇവനു പതിനാറുമുഹൂർത്തംമാത്രമേ ആയുസ്സുള്ളുവെന്നും ആ വിധിയെ ഭേദപ്പെടുത്താനുള്ളശക്തി തനിക്കില്ലെന്നും ഒഴിഞ്ഞു. മുനി കൈലാസത്തിൽചെന്നു്, വല്ല പരിഹാരവും ചെയ്വാൻ നിവൃത്തിയുണ്ടോയെന്നു പരമശിവനോടു ചോദിച്ചു. ഇനി ഇവനു അറുമുഹൂർത്തംമാത്രമേ ജീവിതമുള്ളുവെന്നും, അതു ഭേദപ്പെടുത്തുന്നതിനു താൻ ആളല്ലെന്നും അദ്ദേഹവും ഒഴിഞ്ഞു പറഞ്ഞതുകേട്ടു മനോഭംഗത്തോടെ പ്രാണഹർത്താവായ കാലനെ ഒന്നുകാണേണ്ടതുണ്ടെന്നു നിശ്ചയിച്ചുകൊണ്ടു നേരേകാലപുരിയിലേക്കുചെന്നു. അവിടെ എത്തിയപ്പോഴേക്കു ശേഷിച്ചമുഹൂർത്തം ആറും കഴിഞ്ഞുപോകയാൽ, കോട്ടവാതിൽപടിയിൽ കാലുതട്ടി മറിഞ്ഞുവീണു ശിഷ്യൻ മരിച്ചുപോയി. മഹർഷിക്കു അതുകണ്ടുണ്ടായകോപം അഗ്നിരൂപത്തിൽ വ്യാപിച്ചു, യമപുരത്തെ ദഹിപ്പിക്കുന്നതിനാരംഭിക്കുന്നതുകണ്ടു്, ധർമ്മരാജൻ ഓടിച്ചെന്നു മഹർഷിയെ തൊഴുതു, ഹേമഹർഷേ! അങ്ങേശിഷ്യൻമരിച്ചതിനു ഞാനല്ലഉത്തരവാദി അങ്ങുതന്നെയാണു. അങ്ങേആശ്രമത്തിൽ ഇരുന്നു്, ഞാൻ അവിടെ കടക്കാതിരിക്കത്തക്കവണ്ണം ശിഷ്യനെ ആശീർവദിച്ചിരുന്നെങ്കിൽ ഇവൻ മരിക്കുമായിരുന്നോ? ത്രിമൂർത്തികളാകട്ടെ, തങ്ങളുടെ ലോകങ്ങളിൽതാമസിപ്പിച്ചാശീർവദിച്ചെങ്കിൽ എന്റെവാതിലിൽവന്നു് ഇങ്ങനെമരിക്കാൻഇടയാകുമോ? ഇതിനൊന്നും സംഗതിയാകാഞ്ഞതു വിധിബലമാണെന്നു സമാധാനപ്പെടണം. ഗുരുശുശ്രൂഷയിൽ ശ്രദ്ധാലുവും ഗുരുവിന്റെ അനുഗ്രഹം ലഭിച്ചവനുമായിരുന്നതുകൊണ്ടാണു, അവനു ത്രിമൂർത്തികളെ ദർശിപ്പാൻ ഭാഗ്യംഉണ്ടായതു്. എന്നല്ല എന്നെ കാണാനിടയാകാതെ മരിച്ചതും. ഈ പടിവാതിക്കൽ വന്നുവീണുതന്നെ മരിക്കണമെന്നാണു അവന്റെവിധി. അങ്ങേക്കോ ത്രിമൂർത്തികൾക്കോ ആശീർവദിക്കാൻ തോന്നാഞ്ഞതും അങ്ങേ ഇത്രദൂരം നടക്കാൻ ഇടയാക്കിയതും അതുകൊണ്ടാണു്. പ്രാരബ്ധഫലം ആർക്കും തട്ടിക്കാവതല്ലെന്നുള്ളതിനു ഇതൊരു ദൃഷ്ടാന്തമാണു്. അപ്പരമാർത്ഥമറിയാതെ എന്നോടു കോപിക്കുന്നതു ശരിയാണോ? പ്രാരബ്ധാധീനമായ വിധിയെനീക്കാൻ ആരുംശക്തരല്ലെങ്കിലും ആയുർദ്ദാനംചെയ്തു പുനരുജ്ജീവിപ്പിക്കാൻ ഈശ്വരതുല്യന്മാരായ ഭവാദൃശന്മാർക്കു സാദ്ധ്യമായേക്കാം. അതുകൊണ്ടു നിതിരുവടി ആ മൃതദേഹത്തിന്റെ ശിരസ്സിൽ കൈവച്ചു, അനുഗ്രഹിച്ചാൽ അവൻ ജീവിച്ചെഴുന്നേൽക്കും എന്നുപറഞ്ഞു. അതുകേട്ടു സന്തുഷ്ടനായ മഹർഷി അപ്രകാരം ചെയ്തയും ശിഷ്യൻ ജീവിച്ചെഴുന്നേററശേഷം രണ്ടാളുമായി ആശ്രമത്തിലേക്കു പോകയുംചെയ്തു. അറുപത്തുനാലു സിദ്ധികളേയും ബ്രഹ്മാനന്ദനിലയേയും ശിഷ്യനുപദേശിച്ചു, മഹർഷി സുഖസമാധിയിൽ ലയിച്ചിരുന്നു.

ഹേ രാജാവേ! പ്രാരബ്ധം ആരെയുംതന്നെ വിട്ടുകളകയില്ല. വെറുതേ ദുഃഖംസംഭവിക്കുകയില്ല. അതുകൊണ്ടു ഈശ്വരകടാക്ഷവും സാധുക്കളുടെ ആശീർവാദവും ഉള്ളവരുടെ ആപത്തു് എത്ര ഘോരമായിവന്നാലും ലഘുവായിപ്പോകുമെന്നുള്ളതിനു സംശയമില്ല. എന്റെ കൈകാലുകൾ വെട്ടീട്ടും ശ്രീനാരായണകടാക്ഷത്താൽ യാതൊരു വേദനയും സങ്കടവും എനിക്കുണ്ടായില്ല. ഏതേതുകാലത്തു ഏതേതുസുഖദുഃഖങ്ങൾ അനുഭവിക്കണമെന്നു വിധിയുണ്ടോ അതതുകാലത്തു്, അവയെ അനുഭവിക്കാതെ കഴികയില്ല. പക്ഷേ ആ അനുഭവത്തിന്റെ ഘോരതയെ ലഘുപ്പെടുത്തുന്നതിനു സാധുസേവനം പ്രധാനംതന്നെയാണു്. എന്തെന്നാൽ ത്രിമൂർത്തികളാലും തീർക്കാൻകഴിവില്ലാത്ത ആപത്തു്, ജീവന്മുക്തന്മാർ തീർത്തതായി അനുഭവമുണ്ടു്.

പണ്ടു്, മാന്ധാതാവെന്നരാജാവു് പുത്രന്മാരില്ലാഞ്ഞു ദുഃഖിച്ചിരിക്കുമ്പോൾ, ഒരിക്കൽ നാരദമഹർഷി അവിടെച്ചെന്നു, പുത്രസിദ്ധിക്കാശീർവദിക്കണമെന്നു രാജാവപേക്ഷിച്ചതിൽ, പുത്രഭാഗ്യം നിനക്കില്ലായ്കകൊണ്ടതിനു നിവൃത്തിയില്ലെന്നുപറഞ്ഞു്, അദ്ദേഹം പൊയ്ക്കളഞ്ഞു. രാജാവു പിന്നീടു ത്രിമൂർത്തികളെപ്പൂജിച്ചു വരമപേക്ഷിച്ചു. അവരും

വാംകൊടുക്കായ്ക്കകൊണ്ടു, പുത്രഭാഗ്യംനമുക്കില്ലെന്നുതന്നെ നിശ്ചയിച്ചു, രാജാവു കാട്ടിൽ പോയി തപസ്സുചെയ്തുകൊണ്ടിരുന്നു. അപ്പോൾ യോഗ്യനായ ഒരു മുനി യദൃച്ഛയാ മാന്ധാതാവിന്റെ രാജധാനിയിൽ ചെല്ലാനിടയായി. മാന്ധാതാവിന്റെ പത്നി അദ്ദേഹത്തെ ഭക്തിപൂർവം പൂജിച്ചു നാലുവിധം പലഹാരങ്ങൾ ഉണ്ടാക്കി സൽകരിച്ചു. സന്തുഷ്ടനായമുനി നാലുപുത്രന്മാർ നിനക്കുണ്ടാകട്ടെയെന്നനുഗ്രഹിച്ചുപോകയുംചെയ്തു. ആ അനുഗ്രഹപ്രകാരം രാജാവിനു നാലുപുത്രന്മാരുണ്ടാകയുംഅദ്ദേഹം ആനന്ദസാഗരത്തിൽ മുഴുകി സുഖിച്ചിരിക്കയും ചെയ്തു.

അതുകൊണ്ടു മഹാത്മാക്കളെ പൂജിച്ചാൽ അതൊരിക്കലും പാഴായിപ്പോകയില്ല. ഹനുമാൻമുതലായ ഭക്തന്മാർ ചിരഞ്ജീവികളായിഭവിച്ചതും ഓരോമഹാന്മാരുടെ അനുഗ്രഹംകൊണ്ടല്ലയോ? ഹേമഹാരാജ! നീയും സാധുപൂജചെയ്തുകൊണ്ടിരുന്നാൽ മേലും ശ്രേയസ്സതന്നെയുണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഇങ്ങനെ സ്വാമികളുടെ വാക്കുകൾ കേട്ടു രാജാവു നിത്യവും സാധുസേവനതൽപരനായിഭവിച്ചു, നിത്യവും അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

അവരിങ്ങനെയിരിക്കുമ്പോൾ പത്മാവതിയെകൊണ്ടുവരുന്നതിനായിപ്പോയമന്ത്രിമാരും ഭൃത്യന്മാരും വിലാസനഗരത്തിലെത്തി ആ ദേവിയുടെ വാസസ്ഥാനമന്വേഷിച്ചറിഞ്ഞുചെന്നുകണ്ടുവന്ദിച്ചു, സാക്ഷാൽ പാർവതി ദേവിയെപ്പോലെ വിളങ്ങുന്ന പത്മാവതിയിൽ അത്യന്തം ഭക്തിബഹുമാനങ്ങളോടുകൂടി മന്ത്രിമാർ പറഞ്ഞു. സുകൃതിനിയായ ദേവി! ഭവതിയുടെ ഭാഗ്യസർവസ്വമായ ജയദേവസ്വാമികൾ ക്രൌഞ്ചമഹാരാജന്റെരാജധാനിയിൽസുഖമായിരിപ്പുണ്ടു്. ഭവതിയെകൂട്ടിക്കൊണ്ടു ചെല്ലുന്നതിനു ആമഹാരാജാവിനാൽകല്പിക്കപ്പെട്ടവരാണു ഞങ്ങൾ. ഭവതിക്കലങ്കരിക്കുന്നതിനു ദിവ്യങ്ങളായ ഈ വസ്ത്രാഭരണങ്ങൾ ആ രാജാവുതന്നെ തന്നയച്ചവയാണു് എന്നുപറഞ്ഞു, അവയുകളെ മുമ്പിൽ വച്ചുവീണ്ടും വന്ദിച്ചു. പത്മാവതിക്കു ആ വർത്തമാനം കേട്ടപ്പോൾഉണ്ടായ സന്തോഷംഅവർണ്ണ്യമായിരുന്നു. നിഞ്ഞാത്ത ഇരുളിൽപെട്ടു വിഷമിക്കുന്ന കുരുടനു കാഴ്ചകിട്ടിയതുപോലെ സന്തുഷ്ടയായ ദേവി അവരെനോക്കി, ഹേ ഉത്തമന്മാരെ! പണ്ടുശ്രീരാമനെപ്പിരിഞ്ഞു അശോകവനത്തിൽ ഇരുന്നു ദുഃഖിച്ച സീതാദേവിയുടെ മുമ്പിൽ പ്രത്യക്ഷനായ ഹനുമാനെപ്പോലെ നിങ്ങൾ എന്നെ ആശ്വസിപ്പിച്ചിരിക്കുന്നു. മരിച്ചുകളയാൻ നിശ്ചയിച്ചഎന്റെ ജീവനെ രക്ഷിച്ചിരിക്കുന്നു. ഇനി, യാത്രാക്ലേശം തീക്കുന്നതിനു നിങ്ങൾ കുളിച്ചുഭക്ഷണംകഴിക്കുവിൻ! എന്നു സൽകരിച്ചുവേണ്ടഉപചാരങ്ങൾ ചെയ്യുന്നതിനു ഏപ്പാടു ചെയ്തു. പണ്ടു നളനെപ്പിരിഞ്ഞ ദമയന്തി അദ്ദേഹത്തെ വീണ്ടുമതു കാണുന്നതുവരെ ഒരു ചീറവസ്ത്രംതന്നെ ധരിച്ചിരുന്നതുപോലെ, ജയദേവരെപ്പിരിഞ്ഞതുമുതൽ പത്മാവതി മലിനമായ ഏകവസ്ത്രംതന്നെയായിരുന്നു ധരിച്ചിരുന്നതു്. എന്നല്ല നിലത്തുതന്നെ ശയിക്കയും മിക്കവാറും നിരാഹാരയായി കഷ്ടിച്ചു ജീവസന്ധാരണംചെയ്കയും ആയിരുന്നു. മന്ത്രിമാരുടെ വാക്കുകേട്ടു് ആ പതിവ്രതാരത്നം വേഗംതന്നെ യാത്രയ്ക്കൊക്കെ ഒരുങ്ങി. കഥകളെല്ലാം അച്ഛനമ്മമാരോടു പറഞ്ഞു്, അവരുടെ അനുവാദംവാങ്ങി, ഭർത്താവിനെ കാണുന്നതുവരെ പല്ലക്കിൽ കയറുന്നതു ശരിയല്ലെന്നു പറഞ്ഞു്, കാൽനടയായിത്തന്നെ തിരിക്കാൻ ഭാവിച്ചു; പക്ഷെ മന്ത്രിമാരുടെ നിർബന്ധത്താൽ ഒരുവിധത്തിൽ പല്ലക്കിൽ കയറിപ്പുറപ്പെട്ടു—ഹാ കഷ്ടം! ഇത്രനാളും ഭർത്താവിനു എന്നെക്കുറിച്ചു വിചാരിക്കാൻ കരുണതോന്നിയില്ലല്ലോ. ഞാൻ പാപിഷ്ഠതന്നെ. ഭർത്തൃവിയോഗമാകുന്ന അഗ്നിയിൽ ഇതുവരെദഹിച്ചുപോകാഞ്ഞതും, പ്രാരബ്ധത്തിന്റെ ശക്തിവിശേഷംകൊണ്ടായിരിക്കാം.

“ആപത്തുഭാവിയിലിരിക്കുമതായഭാഗ്യ-
ദീപത്തിനുള്ളനിഴലാം”

ണെന്നു യോഗ്യന്മാർ പറയുന്നതും പരമാർത്ഥമാണു്. ഇങ്ങനെ ഓരോന്നു ചിന്തിച്ചിരിക്കുമ്പോഴേക്കു ക്രൌഞ്ചരാജധാനിയിലെത്തി. പത്മാവതിക്ഷണംതന്നെ ജയദേവരുടെമാളികയിൽചെന്നു് അദ്ദേഹത്തെകണ്ടുവന്ദിച്ചു. കൈകാലുകൾവെട്ടപ്പെട്ടിരിക്കുന്നതുകണ്ടു

പ്പോൾ ദേവിക്കു അപാരമായ സങ്കടവും വേദനയും ഉണ്ടായി. അശ്രുക്കൾ ഒഴുക്കിക്കരഞ്ഞുകൊണ്ടു അതു, ഏതു് ദുഷ്ടന്മാർ ചെയ്ത അപകാരമാണെന്നും അവർ യാതൊരാപത്തും കൂടാതെ ജീവിച്ചിരിക്കയാണോ എന്നും സ്വാമിയോടു ചോദിച്ചു. ജയദേവൻ അതുകേട്ടു്, ഹേ! തരുണീരത്നമേ! എന്റെ കൈകാലുകളെ ഛേദിച്ചവർ ദുഷ്ടന്മാരാണെന്നാണോ നീ പറയുന്നതു്? അവർ എനിക്കു ഉപകാരം ചെയ്ത ബന്ധുക്കളാണെന്നാണെന്റെ പക്ഷം. കൈകാലുകൾ പ്രവൃത്തിക്കുള്ള കരണങ്ങളാണു്. പ്രവൃത്തിയെ ഒഴിച്ചിരിക്കുന്നതിനു അതുകൾ ഇല്ലാതെ ആകുന്നതു് ഒരു സൌകര്യമാണു്. കൈകാലുകൾ പോയാലും ഇരുന്നാലും എനിക്കൊരുപോലെതന്നെ. ആത്മജ്ഞാനത്തിനോ ധ്യാനത്തിനോ അതുകൾ ഉപകരിക്കയില്ല. അതല്ല, കൈകാലുകളെ ഛേദിക്കുന്നതു ഒരു ദുഷ്ടകർമ്മമാണെന്നു് ലൌകികദൃഷ്ട്യാ തോന്നുന്നതായാലും അതു് വിധിബലത്താൽ സംഭവിക്കുന്നതാണെന്നല്ലാതെ, കാരണഭൂതന്മാരാകുന്നവർ അതിലേക്കു ഉത്തരവാദികളല്ല. ശരം എയ്തവനെയല്ലാതെ ശരത്തെ ദൂഷിക്കാൻ ഒരിക്കലും കാരണമില്ല. അതുപോലെ ഈ അവയവഭംഗത്തിനു എന്റെ പ്രാരബ്ധത്തെ അല്ലാതെ അതു ചെയ്തവരെ ദൂഷിക്കാൻ പാടില്ല. പ്രാരബ്ധം ആരാലും നീക്കപ്പെടാവുന്നതുമല്ല. നമ്മുടെ കർമ്മം തന്നെ നമ്മെ പീഡിപ്പിക്കുന്നതിനു മറ്റുള്ളവർ എന്തു പിഴച്ചു? ദൈവം എന്തു പിഴച്ചു? ശ്രേഷ്ഠനാകുന്നതും ഹീനനാകുന്നതും സുഖിയാകുന്നതും ദുഃഖിയാകുന്നതും എല്ലാം ദൈവകല്പനയനുസരിച്ചാകുന്നു. പണ്ടു നാടുവാണിരുന്ന ഹരിശ്ചന്ദ്രനും പുരുരവസ്സും മറ്റും അനുഭവിച്ച കഷ്ടതകൾ നീ കേട്ടറിഞ്ഞിട്ടില്ലേ? കേൾക്കണമെങ്കിൽ കേട്ടോളൂ. എന്നുപറഞ്ഞു്, ഹരിശ്ചന്ദ്രന്റെ കഥ പറവാൻ തുടങ്ങി.

## ഹരിശ്ചന്ദ്രോപാഖ്യാനം

### കിളിപ്പാട്ടു്.

ഉണ്ടായിമുന്നം ഹരിശ്ചന്ദ്രനാമാവാം നൃപൻ രണ്ടാമതൊരു വിഷ്ണുദേവനെന്നതുപോലെ * കണ്ടാൽ കോമളഗാത്രൻ വിശ്വവിക്രമാം ദേധിവിനുലർകലൻ മഹാനീതിമാൻ വിനയവാൻ * സത്യം താൻ തന്നെ യൊരു മൂർത്തിയായ് ജനിച്ചപോൽ കൃത്യം തെറ്റാതെ ധർമ്മം പാലിച്ചുവസിപ്പവൻ * ശ്രുത്യന്തപാരായണൻ ഭഗവൽഭക്തൻ രാജാ പൃഥ്വിയരകോസലത്തെ രക്ഷിച്ചുവാഴും കാലം * അമരസഭയിൽ വച്ചു മലൻ വസിഷ്ഠനും ക്ഷമയില്ലാത്ത മുനി വിശ്വാമിത്രനും തമ്മിൽ * സുമഹാ ഹരിശ്ചന്ദ്രധർമ്മനിഷ്ഠയെപ്പറ്റി സമയുക്തികൾ ചൊല്ലി വാദിച്ചു തുടങ്ങിനാർ * പറയും കള്ളം ഹരിശ്ചന്ദ്രനെന്നാൻ ഗാധിജൻ പറകയില്ലയെന്നു വസിഷ്ഠൻ താനും ചൊന്നാൻ * അങ്ങനെ പരീക്ഷിപ്പാൻ വിശ്വാമിത്രനും ചെന്നു മന്നവൻ തന്നെ കണ്ടു തനിയ്ക്കു യാഗാർത്ഥമായ് * തന്നീടവേണം ധനമുയരമേറിയൊരു കുന്നോളമെന്നർത്ഥിച്ചു സമ്മതം വാങ്ങിപ്പോയാൻ * രണ്ടു ചണ്ഡാലദാസിമാരെ മോഹിനിമാരായുണ്ടാക്കി രാജാവിന്റെ ധർമ്മത്തെ വിധ്വംസിപ്പാൻ * ചിന്തിച്ചു വിശ്വാമിത്രനയച്ചു പിന്നെയതും ചിന്തിച്ചപോലെ സാധിയാഞ്ഞു കുണ്ഠിതം പൂണ്ടോൻ * പ്രതിജ്ഞപോലെ ധനം തരികെന്നർത്ഥിച്ചു താൻ ക്ഷിതിക്ഷിത്തിനെച്ചെന്നു കണ്ടു കൌശികൻ വീണ്ടും * രതിക്കു തുല്യമാരാം തന്നുടെ ദാസിമാരെ പ്രതിഷേധിച്ചു കുറ്റം സ്ഥാപിച്ചു പുനരവൻ * രാജ്യവും രാജതേജവും തന്നത്താനടക്കിക്കൊണ്ടാക്കമോടരചനെപ്പുറം പൂകിച്ചശേഷം, * പാക്കാതെ ധനം നൽകുകെന്നു പൃച്ഛിക്കയാലെ പാർത്ഥിവൻ സാധ്വിയായ തൻ കുടുംബിനിയേയും * ആത്മജനെയും വിലകൊടുത്തു ധനം വാങ്ങി ഗാധിജൻ തനിക്കേകിയതിലും തികയാഞ്ഞു * തന്നെയുമൊരു പറയനു വിറ്റദ്രവ്യവും നൽകിച്ചു നൽകി സത്യം പാലിച്ചു മേവും കാലം * മുടിമന്നനാം ഹരിശ്ചന്ദ്രനെപ്പറയനും ചുടലക്കാടു സൂക്ഷിച്ചീടുവാനാക്കിടിനാൻ * ഒരുകാലമൊരു സർപ്പം കടിച്ചു മൃതനായ പുത്രനെ ചന്ദ്രമതിയായ ഭൂമീശപത്നി * കൈക്കലേന്തിത്തൽകാട്ടുപുക്കിതു ദഹിപ്പിക്കാൻ നിൽക്കനീയാരെന്നെതിർത്തെത്തിനാൻ നരേന്ദ്രനും * വയ്യെടോ ശവം പണം പിന്നീടേ ശവം ചുടാൻ കൂലിയുള്ളവെന്നാൻ പതിയെന്നറിയാതെ * അത്യർത്ഥം വിഷാദിച്ചു രാജപത്നിയുമപ്പോൾ കൈക്കലില്ലൊരു വസ്തു ഞാനിനിയെന്തു ചെയ്യാം * ഇല്ലയോ കുല്ലു് നിന്റെ കഴുത്തിൽ കിടക്കുന്നതു

ല്യമില്ലാത്തമാലയഴിച്ചിട്ടതിൽനിന്നും * വല്ലാത്തൊരുസ്വർണ്ണമണിയൊത്തനൽപ്പോരു മി
ല്ലെന്നുവൃഥാവ്യാജമെന്തിനെന്നരചനും * പറഞ്ഞതാനതുകേട്ടുസാധ്വിയാംരാജപത്നികര
ഞ്ഞുവിളിച്ചുരോദിച്ചുഭൂമിയിൽവീണാൾ * ഹാകഷ്ടംഎൻമംഗല്യംഭർത്താവിനൊഴിഞ്ഞൊ
ക്കും ലോകത്തിൽകാണ്മാൻകഴിവില്ലാതെയിരിക്കവേ * പാപിയുനാമിപ്പുറയന്റെദൃഷ്ടി
യിൽപെട്ടോ ചാരിത്രശുദ്ധിക്കെന്തുമാലിന്യമകപ്പെട്ടോ? * ഇങ്ങനെകേഴുന്നേരംരാജാവുമ
റിഞ്ഞുവ ന്നംബുജാക്ഷിയെക്കരതലത്താൽതലോടിനാൻ * അന്യോന്യംപറഞ്ഞവരറി
ഞ്ഞുകഥകളു മൊന്നൊഴിയാതെതമ്മിലറിയിച്ചനന്തരം * നന്ദനശവമെടുത്തങ്കത്തില
ണച്ചുവച്ചുന്യൂനഖേദംപൂണ്ടുമന്നവൻചൊല്ലീടിനാൻ * ഉത്തമേവേഗംപോയ്പറയപ്ര
മാണിക്ക കൃത്യമായ്കൊടുക്കേണ്ടദ്രവ്യമാനയിച്ചാലും * തൽപ്രകാരേണചന്ദ്രമതിയും
സ്വാമിയായ വിപ്രന്റെസവിധംപ്രാപിച്ചർത്ഥമപേക്ഷിച്ചാൾ * ദുഷ്ടേനീനിഹനിച്ചുതാ
ന്നബാലനെസ്സ്പഷ്ടം ദുഷ്ടനെന്നുരചെയ്തസത്യമത്രേന്തനം * ശിക്ഷയുണ്ടതിനെന്നുഭൂസുര
ൻകൂന്തൽക്കല്ലെക്കെട്ടിങ്കൽ പിടിച്ചുഴിച്ചുമലാംഗിയെബ്ബലാൽ * ചുടലക്കളമെത്തിച്ചിവളെ
വാളാൽവെട്ടി യുടലുംതലയുംവേർപെടുത്തീടുകയെന്നു * കടുതായ്ഹരിശ്ചന്ദ്രഭൂപനോടാ
ജ്ഞാപിച്ചാൻ തടവെങ്ങനെവരുംവിധിച്ചവിധിക്കോർത്താൽ * വാത്സല്യനിലയമാംമക
ന്റെശവംവച്ചു സൂക്ഷിച്ചുകണ്ണുനീരുംപൊഴിച്ചുമരുവുമ്പോൾ * സാധ്വിയാംകാന്തയേ
യുംവെട്ടിനിഗ്രഹിക്കെന്നുള്ളാജ്ഞരാജാവിനെത്രസങ്കടകരമാകാം! * ദുർഘടവിധിയിതു
വന്നുകൂടിയപ്പോഴും ധൃഷ്ടനായ്സത്യനിഷ്ഠപാലിച്ചനരവരൻ * പത്നിതൻതലപിടിച്ചീ
ഴ്ത്തീടിപ്പാളികൊണ്ടു വെട്ടുവാൻവലത്തുകയ്യുയർത്തിത്താഴ്ത്തീടവേ * ചക്രപാണിയാംഭഗവാൻ
കരുണാലയൻബ്രഹ്മശക്രാദിദേവന്മാരുംമാമുനിമാരുമായി * പ്രത്യക്ഷീഭവിച്ചുകൈവാളു
മക്കയ്യുംകൂടെ പിടിക്കെന്നുപിടിപെട്ടുതടുത്തുനിന്നീടിനാൻ * ഭൂപതേതവസത്യവ്രതത്തി
നുണ്ടോഭേദമാപത്തിങ്കലുമെന്നുപരിശോധിച്ചീടുവാൻ * താപത്തിൽമഗ്നനാക്കിനിന്നെ
ഞാൻ പാരബ്ധമാം പാപത്തിന്ഫലംഭവാനനുഭൂതവുമായി * ഇനിനീഖേദിക്കേണ്ടാ
ശോകനീയമായൊന്നുമില്ല പുണ്യമല്ലാതെപാപലേശമില്ലിനിതവ * എന്നരുൾചെയ്തുരാജ
പുത്രനെജീവിപ്പിച്ചു പുണ്ഡരീകാക്ഷൻക്ഷോണീനാഥനെസമ്മാനിച്ചാൻ * പ്രാരബ്ധ
ശേഷത്തിന്റെശക്തിയാൽനരേന്ദ്രൻ പാരിച്ചദുഃഖമിടകൂടിയെന്നറികനീ *വാരിജേക്ഷ
ണേ,പുരൂരവസ്സ്,നളൻധർമ്മാ ധാരനാംയുധിഷ്ഠിരൻ:മുമ്പായഭൂപന്മാരും * ആപൽഗർത്ത
ത്തിൽപ്പെട്ടുദുഃഖിച്ചാർ,കർമ്മശക്തി ജീവികൾക്കെല്ലാംസുഖദുഃഖകാരണമല്ലോ *

ഇങ്ങനെ ഓരോകഥകൾ പറഞ്ഞ്, ജയദേവസ്വാമികൾ പത്മാവതിയുടെ ദുഃഖം ശമിപ്പിച്ച്, ധ്യാനനിഷ്ഠനായിരുന്നു. പത്മാവതിയും ഭർത്തൃവാക്യമനുസരിച്ച്, വിധിബലത്താൽ ഭർത്താവിനുവന്ന ആപത്താണിതെന്നു സമാധാനപ്പെടുകയും, ഭർത്താവുതന്നെ ദൈവമെന്നും, ഭർത്തൃവാക്യംതന്നെ വേദമെന്നും, ഭർത്തൃശുശ്രൂഷതന്നെ പൂജയെന്നും, ഭർത്തൃചിന്തനംതന്നെ ധ്യാനമെന്നും, ഭർത്തൃഹിതമറിയുന്നതുതന്നെ ജ്ഞാനമെന്നും ഭർത്താവിനോടുചേർന്നിരിക്കുന്നതുതന്നെ മോക്ഷമെന്നും, നിശ്ചയിച്ച്, ഭക്തിപൂർവംജയദേവസ്വാമിയെ ശുശ്രൂഷിച്ചുകൊണ്ടിരിക്കയുംചെയ്തു. ഈ അത്ഭുതങ്ങളെക്കണ്ട രാജാവ്, അമാനുഷമഹിമയോടുകൂടിയ ആ ദമ്പതിമാരെ നമസ്കരിച്ച്, ഹാ ഈ സ്വാമികൾതന്നെമഹാദേവൻ! മഹാവിഷ്ണുവും ഇദ്ദേഹംതന്നെ. ബ്രഹ്മദേവനും ഇദ്ദേഹമാണ് ശ്രീപാർവ്വതി ഈ ദേവിതന്നെ. ലക്ഷ്മീദേവിയും സരസ്വതിയും ഇവർതന്നെ. ഇങ്ങനെസ്തുതിച്ച്, രണ്ടുപേരെയും പ്രദക്ഷിണംവച്ചു നമസ്കരിച്ചു. ഇവരുടെ ശുശ്രൂഷതന്നെ മോക്ഷത്തിനുള്ള വഴിയെന്നു വിശ്വസിച്ച്, പൂജിക്കയും മററുംസാധുക്കളായവരെഅന്വേഷിച്ചറിഞ്ഞുവരുത്തി അവരെയും സേവിക്കയുംചെയ്തുവന്നു. അന്യദേശങ്ങളിലേക്കപോകണമെന്നാവശ്യപ്പെടുന്നവർക്ക് അളവററ ദ്രവ്യം ദാനംചെയ്തു. നാട്ടിൽ വിഷ്ണുഭക്തന്മാർ ശിവഭക്തന്മാർ ബ്രഹ്മജ്ഞാനികൾ അതിഥികൾ ഇവരിൽ ആരുവന്നാലും, സൽക്കരിച്ചു രാജധാനിയിൽ കൂട്ടിക്കൊണ്ടുവന്നു തന്നെക്കൊണ്ടു ശുശ്രൂഷിപ്പിക്കണമെന്നു മന്ത്രിമാരെ ശട്ടംകെട്ടി. രാജകല്പനയനുസരിച്ചു മന്ത്രിമാർ പ്രവർത്തിച്ചുതുടങ്ങിയപ്പോൾ, നാലുജാതിയിലുമുള്ള ഭക്തന്മാ

രുടെ സഞ്ചാരംകൊണ്ടു തെരുവീഥികൾ സർവ്വദാ നിരന്തരമായി ശോഭിക്കയും വേദകീർത്തനങ്ങളും നാമഘോഷങ്ങളും മുഴങ്ങുകയുംചെയ്തു. സസ്യാദികളും ഗോക്കളുംമററും ധാന്യങ്ങളും വർദ്ധിച്ചു. ദാരിദ്ര്യം അസ്തമിച്ചു. മഹാവിഷ്ണു ഇരുന്നരുളുന്ന വൈകുണ്ഠംപോലെയും പരമശിവന്റെ കൈലാസംപോലെയും ബ്രഹ്മദേവന്റെ സത്യലോകംപോലെയും, ആ രാജധാനി പ്രകാശിച്ചു. രഘു യുധിഷ്ഠിരൻ മുതലായ രാജാക്കന്മാരുടെ ഭരണത്തെ ഈ രാജർഷിയുടെ ഭരണം അതിശയിക്കുന്നു എന്നു സകലജനങ്ങളും കൊണ്ടാടി.

അഞ്ചാം അദ്ധ്യായം സമാപ്തം.

---

# ആറാം അദ്ധ്യായം.

---

## (കള്ളന്മാർ ഭൂമിപിളർന്നുതാഴ്ന്നു നരകത്തെപ്രാപിച്ചതു്.)

ഇങ്ങിനെയിരിക്കുമ്പോൾ ജയദേവസ്വാമിയുടെ കൈകാലുകളെഛേദിച്ച ദുഷ്ടന്മാരായ ആ കള്ളന്മാർ ക്രൌഞ്ചരാജന്റെ ദാനശീലത്തെപ്പററികേട്ടു്, മോഷ്ടിച്ചു നിത്യവൃത്തി കഴിക്കുന്നതിനേക്കാൾ സാധുവേഷം ധരിച്ചുചെന്നാൽ രാജാവു അനവധി ധനം ദാനം ചെയ്യുമെന്നു നിശ്ചയിച്ചു് കാഷായവസ്ത്രവും കമണ്ഡലുവും ദണ്ഡും ധരിച്ചു സന്ന്യാസിമാരെപ്പോലെ ക്രൌഞ്ചരാജധാനിയിൽചെന്നു് ഉള്ളിൽ കടക്കണമെന്നു കാവൽക്കാരോടാവശ്യപ്പെട്ടു. കാവൽക്കാർ അവരെക്കൂട്ടിക്കൊണ്ടുപോയി രാജാവിന്റേയുംസ്വാമികളുടെയും ഇരിപ്പിടംകാണിച്ചുകൊടുത്തു. ധനേച്ഛുക്കളായഅവർ, ആദ്യമായി രാജാവിനെത്തന്നെ ചെന്നുകണ്ടാൽ അല്പധനമേലഭിക്കയുള്ളുവെന്നും സ്വാമികളെ കണ്ടു്, അനുഗ്രഹംവാങ്ങിപ്പോയാൽ കൂടുതൽധനംലഭിക്കുമെന്നും ആശിച്ചു്, ആദ്യമായിസ്വാമികളുടെ മേടയിൽതന്നെ കടന്നുചെന്നു സ്വാമികളെക്കണ്ടപ്പോൾ കള്ളന്മാരുടെ മുഖം വാടിത്തുടങ്ങി. തങ്ങൾ കാട്ടിൽവെച്ചു് കരചരണങ്ങളെ ഛേദിച്ചു കിണററിൽതള്ളിയപൂജ്യപാദനാണദ്ദേഹമെന്നു മനസ്സിലായി. അദ്ദേഹം രാജപൂജിതനായി അവിടെയിരിക്കുന്ന സ്ഥിതിക്കു്, തങ്ങളോടു പകവീട്ടാൻ പ്പുളുപ്പുമുണ്ടെന്നു നിശ്ചയിച്ചു്, ഭയത്തോടുകൂടി പിന്തിരിഞ്ഞുനടന്നു. ജയദേവർക്കും അവർ തനിക്കു അപകാരംചെയ്ത കള്ളന്മാരാണെന്നു മനസ്സിലാകാതെയിരുന്നില്ല. എങ്കിലും മഹാജ്ഞാനിയും സമഭാവനനുമായ അദ്ദേഹം അവരിൽ ദ്വേഷം വിചാരിക്കാതെ സ്നേഹപൂർവ്വം തിരികെവിളിച്ചു. ശാന്തസ്വരത്തിൽ വിളിക്കുന്നതു കഴുത്തറുക്കാനാണെന്നൂഹിച്ചുകൊണ്ടു്, കള്ളന്മാർ അതിവേഗത്തിൽ മുന്നോട്ടുതന്നെ ഓടി. അവരുടെ ഓട്ടവും പരിഭ്രമവും കണ്ടു് ജയദേവസ്വാമികൾക്കു സംഗതിമനസ്സിലായി എങ്കിലും അതൊന്നും വെളിക്കു പറയാതെ അദ്ദേഹം ഭൃത്യന്മാരെ അയച്ചു് അവരെപ്പിടിപ്പിച്ചുവരുത്തി അറിവില്ലാതെ തങ്ങൾചെയ്തുപോയ അപരാധത്തെ ക്ഷമിക്കണമെന്നും, സ്വാമികളുടെ മഹിമയെക്കുറിച്ചറിയാതെ വിരുതുകൊണ്ടാണു് തങ്ങൾക്കബദ്ധംവന്നുപോയതെന്നും, മററും കള്ളന്മാർ വളരെ ദയനീയമായവിധത്തിൽ സ്വാമികളുടെ പാദങ്ങളിൽ വീണുപറയുകയും കരയുകയുംചെയ്തു.

അതൊന്നും ഗണിക്കാതെ സ്വാമികൾ അവരെ പൂജിച്ചിരുത്തിച്ചശേഷം വേഗത്തിൽ രാജാവിനെ കൂട്ടിക്കൊണ്ടുവരുന്നതിനു ഭൃത്യനെ നിയോഗിച്ചയച്ചു.

കള്ളന്മാർക്കു അതുകണ്ടപ്പോൾ ഭയംപൂർവ്വാധികംവർദ്ധിച്ചു. രാജാവുവരുന്നതുതന്നെമാത്രമേ തങ്ങൾക്കു പ്രാണദണ്ഡനംചെയ്യാൻ സാധിക്കയുള്ളുവെന്നവർ ശങ്കിച്ചു. ഏതുവിധത്തിലും അവിടെനിന്നുതപ്പിച്ചുപിഴച്ചാൽ മതിയെന്നുകരുതി ശ്രമിച്ചുവെങ്കിലും കാവൽക്കാർ നിഷ്കർഷമായി സൂക്ഷിച്ചിരുന്നതുകാരണം അതു സാധിച്ചില്ല. രാജാവുവന്നുടനേ സ്വാമികൾ

ആ സാധുക്കളെ ചൂണ്ടിക്കാട്ടി "ഹേരാജൻ! അങ്ങേപൂൎവ്വപുണ്യഫലത്താലോ ഈ രാജ്യത്തിന്റെ ഭാഗ്യോൽകൎഷബലത്താലോ ആണ് സാധുക്കളായ ഈ മാന്യന്മാരെ പൂജിപ്പാൻനമുക്കു സംഗതിയായതു്. ഭയഭക്തിയോടുകൂടി പ്രേമത്തിൽ അവരെ വന്ദിച്ചുപൂജിക്കണം. അവൎക്കു അഭീഷ്ടം എന്താണെന്നു ചോദിച്ചു് അതിനെ നൽകുകയും വേണം." എന്നരുളിച്ചെയ്തു രാജാവു് അവരെ ഒരു പല്ലക്കിൽ എടുപ്പിച്ചുകൊണ്ടുപോയി തന്റെ മണിമാളികമേൽ ഒരുക്കപ്പെട്ടു വിശാലമായ ഒരുമുറിയിൽ വിചിത്രാസനങ്ങളിൽഉപവേശിപ്പിച്ചുഭക്തിപൂൎവ്വം ശുശ്രൂഷിച്ചുനിന്നു. കള്ളന്മാൎക്കതുകണ്ടപ്പോൾ സംശയവുംസങ്കടവുംഉണ്ടായി കൊലപ്പുള്ളികളെ കോടിമുണ്ടുടുപ്പിച്ചു കൊലച്ചോറൂട്ടി തൂക്കമരത്തിലേക്കു കൊണ്ടുപോകുന്നതുപോലെ, തങ്ങളെയും ഇങ്ങനെ പൂജിക്കുന്നതു ഗളച്ഛേദംചെയ്യാൻ തന്നെ ആയിരിക്കണമെന്നു കള്ളന്മാർ തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. കാവൽക്കാരുടെ തടസ്സംകൊണ്ടു തപ്പിപ്പിഴയ്ക്കാൻ മാൎഗ്ഗമില്ലാതെ അവർ കുഴങ്ങിനിന്നു. രാജാവിന്റെ സേവനവും പൂജനവും വൎദ്ധിക്കുന്തോറും ആ കള്ളന്മാൎക്കു് ആധിയും ഭീതിയും വൎദ്ധിച്ചു. ഭയചകിതവും തേജോരഹിതവുമായ അവരുടെ മുഖഭാവംകണ്ടു് രാജാവിനു ശങ്കതോന്നി അദ്ദേഹം ജയദേവരുടെ അടുക്കൽചെന്നു വന്ദിച്ചു "സ്വാമിൻ! സാധുക്കളുടെ മുഖം ബ്രഹ്മതേജോവിലാസത്താൽ വിളങ്ങുമാറാണു ഞാൻ കണ്ടിട്ടുള്ളതു്. എന്നാൽ ഇപ്പോൾ വന്നിട്ടുള്ള സന്ന്യാസിമാർ നിസ്തേജന്മാരും ഭയശീലന്മാരുമാണെന്നു അവരുടെ മുഖംനോക്കിയാലറിയാം. അവർ കേവലം അജ്ഞാനികളെന്നുതന്നെ ഞാൻവിചാരിക്കുന്നു. അതിന്റെ വാസ്തവം തിരിച്ചരുളിച്ചെയ്യാറാകണം" എന്നപേക്ഷിച്ചു.

സ്വാമി അതിനു മറുപടിയായി ഇങ്ങനെപറഞ്ഞു:—"രാജാവേ! മഹാത്മാക്കളുടെ ലക്ഷണങ്ങളെ തിരിച്ചറിയുന്നതിനുള്ള ശക്തി എനിക്കുനല്ലപോലെയില്ല; എങ്കിലുംഅറിഞ്ഞതുപറയാം. ബ്രഹ്മജ്ഞാനികളായ ജീവന്മുക്തന്മാർസമാധിസാധനങ്ങൾചെയ്തുതുടങ്ങിയാൽ അതുപൂൎണ്ണമാകുന്നതുവരെ മറ്റൊരുത്തരോടധികമായി സംസാരിക്കയോ ദേഹാദികളിൽ മമത്വംകാണിക്കയോ കഠിനവാക്കുകൾ എപ്പോഴെങ്കിലും സംസാരിക്കയോചെയ്യാതെ മിക്കസമയവും മൌനദീക്ഷയോടുകൂടിത്തന്നെയിരിക്കും. മനസ്സുറയ്ക്കാതെ നിഷ്ഠയിലിരിപ്പായാൽ ഭ്രാന്തന്മാരെപ്പോലെ തോന്നിയതുപറഞ്ഞു തെരുവീഥികളിൽ അലഞ്ഞുനടക്കാൻ ഇടയാകും. മനസ്സുറച്ചു നിഷ്ഠസാധിച്ചാൽ ആനന്ദാധിക്യംകൊണ്ടു്, ആടുകയും പാടുകയും ചെയ്യുന്നു. ഒടുവിലാണു അങ്ങനെയുള്ളവൎക്കു ബ്രഹ്മൈക്യം സിദ്ധിക്കുന്നു. മനസ്സ് ബാഹ്യാൎത്ഥങ്ങളിലേക്കു വ്യതിചലിച്ചാൽ ദുഃഖിക്കയും അന്തൎമ്മുഖമാക്കാൻ പരിശ്രമിക്കയും ചെയ്യുന്നു. അങ്ങനെ മനസ്സിനെ ഏകാഗ്രമാക്കിനിയമിക്കാൻ സാധിച്ചാൽ ദേഹസ്മരണവിടുന്നു. കാടെന്നും നാടെന്നും നല്ലതെന്നും തീയതെന്നും മറ്റുമുള്ള ഭേദമറിയാതെ ബ്രഹ്മത്തിൽലയിച്ചു്, നിശ്ചലരായിരിക്കുന്നു. അവൎക്കു ദേഹസുഖത്തേയോ ഇന്ദ്രാദി ലോകസുഖത്തെയോ കുറിച്ചു് ശ്രദ്ധയുണ്ടാകുന്നില്ല. ലോകത്തിനു അവരെക്കൊണ്ടുഭയവും ലോകത്തെക്കൊണ്ടു അവൎക്കുഭയവും ഭവിക്കുന്നില്ല. പ്രാരബ്ധത്താൽ ഗൃഹസ്ഥാശ്രമത്തിൽതന്നെയിരുന്നാലും ആശാദിപാശങ്ങൾ അവരെ സ്പൎശിക്കുന്നില്ല. അവധൂതന്മാരായജ്ഞാനികൾ സകലസംഗപരിത്യാഗികളായ ഒരുതരം ഭ്രാന്തന്മാരെപ്പോലെയാണു ലോകത്തു സഞ്ചരിക്കുന്നതു്. ബ്രഹ്മജ്ഞാനികളുടെ ലക്ഷണങ്ങൾ ഇനിയും പലവിധത്തിൽ വിസ്തരിച്ചുപറവാനുണ്ടു്. നിശ്ശേഷം പരിച്ഛേദിച്ചുപറവാൻ ത്രിമൂൎത്തികൾക്കുപോലും സാദ്ധ്യമല്ല. ആ സ്ഥിതിക്കു ഞാനെങ്ങനെ പറയും? ഹേ രാജാവേ! ഇപ്പോൾ നമ്മുടെ സമീപത്തിൽ വന്നിരിക്കുന്ന ആ സന്ന്യാസികൾ നമ്മെ അനുഗ്രഹിച്ചു മംഗളത്തെ പ്രദാനംചെയ്യത്തക്ക മഹിമയോടുകൂടിയവരാണു്. അവൎക്കു സഞ്ചാരസമാധിയാണിഷ്ടം. അതിനു സമ്മതിക്കാതെ മേടയിൽ തടുത്തു വച്ചിരിക്കുന്നതായിരിക്കാം ഭാവഭേദത്തിനുകാരണം. അതുകൊണ്ടു് അവൎക്കു ആവശ്യമുള്ളധനംമുതലായതുകൊടുത്തു ആശീൎവാദംവാങ്ങിഅയയ്ക്കണം. 'ധനേച്ഛ അവൎക്കുണ്ടെന്നുള്ളതിനുസംശയമില്ല' എന്നരുളിച്ചെയ്തു.

അതുകേട്ടുരാജാവു്:—സ്വാമിൻ! നിഷ്കാമശീലന്മാരായതപസ്വികൾ, ശരീരത്തിൽപോലും അഭിമാനവും ആഗ്രഹവുംഇല്ലാത്തവരായിരിക്കെ, ദുഃഖഹേതുവായ ധനം അവർ

അവശ്യപ്പെട്ടുമോ? ദ്രവ്യവാഞ്ഛയുള്ളവരെ ജ്ഞാനികളെന്നു പറയാമോ? എന്നു ചോദിച്ചു.

സ്വാമികൾ:—രാജൻ! പർവ്വതങ്ങളെയെല്ലാം സ്വർണ്ണമാക്കത്തക്കസാമർത്ഥ്യമുള്ളവനും സമുദ്രങ്ങളേഴും ചുളുകത്തിലാക്കിപ്പാനംചെയ്തവനും കുംഭത്തിൽനിന്നുജനിച്ചവനുംവാതാപിഎന്ന ഘോരാസുരനെ ജഠരാഗ്നിയിൽ ദഹിപ്പിച്ചവനും, ദാരുകവനത്തിലെഋഷീശ്വരന്മാരെ ജയിച്ചവനുമായ അഗസ്ത്യമഹർഷി ഒരു സ്ത്രീയെമോഹിക്കയാൽ പലരാജാക്കന്മാരെച്ചെന്നുകണ്ടു ധനം സമ്പാദിക്കയുണ്ടായി. ജനകരാജൻ യാഗംചെയ്തുനവധിപശുക്കളെയും വളരെദ്രവ്യവും ജ്ഞാനിയായ ഒരു ഋഷീശ്വരന്നു ദാനംചെയ്യാൻ പോകുന്നുവെന്നുഡിണ്ഡിമംഅടിച്ചു പ്രസിദ്ധംചെയ്തപ്പോൾ, യാജ്ഞവല്ക്യ മഹർഷിതാൻ ജ്ഞാനിയാണെന്നു സാക്ഷ്യംകൊടുത്തു, അവറ്റെവാങ്ങിക്കൊണ്ടുപോയില്ലയോ? അങ്ങനെ എത്രയെത്ര മഹർഷിമാർധനേച്ഛുക്കളായി ഭവിച്ചകഥകൾഉണ്ട്. ആ സ്ഥിതിക്ക്, ഈ സാധുക്കളും ധനംഇച്ഛിക്കയാണെങ്കിൽ അതിലെന്താണു ദോഷം? ഓരോരുത്തരുടെ പ്രാരബ്ധം ഏതുനിലയിലാണെന്നു നമുക്കറിയാമോ? വന്ദ്യന്മാരായവർ ഏതുസാധനം അഗ്രഹിച്ചാലും അതുകൈവശമുള്ളവർ അപ്പോഴേ അവർക്കുദാനം ചെയ്യേണ്ടതാണ്. അതാണു ഉത്തമപുരുഷലക്ഷണം. ദധീചി, കർണ്ണൻ, ഹരിശ്ചന്ദ്രൻ മുതലായവരുടെ കഥകൾ ആലോചിച്ചു നോക്കുക. അതുകൊണ്ട്, ജ്ഞാനികൾ ദ്രവ്യത്തെ ഇച്ഛിക്കാമോഎന്നുശങ്കിച്ചത് ഒരിക്കലും ശരിയല്ല. എന്നല്ല അന്യപുരുഷരുടെ കുറവത്തെക്കുറിച്ചു സംസാരിക്കുന്നതുപോലും യോഗ്യപുരുഷന്മാർക്കുലക്ഷണമല്ല. അതുകൊണ്ട് ആ സാധുക്കൾഇച്ഛിക്കുന്നദ്രവ്യംകൊടുത്തയയ്ക്കുന്നതാണു നന്നെന്നു എനിക്കുതോന്നുന്നു. ബ്രാഹ്മണർ യാചകർ കവികൾ വഴിപോക്കർ അംഗഹീനന്മാർ ദരിദ്രന്മാർ ഇവർക്കു യഥാശക്തി ദാനംചെയ്യുന്നമെന്നും അതിലും ആത്മജ്ഞാനികളായ ധ്യാനനിഷ്ഠന്മാർക്കു സ്വർണ്ണാദിദാനങ്ങൾ ചെയ്തനുഗ്രഹം വാങ്ങുന്നത്, യാഗാദികർമ്മങ്ങളെക്കാളും ഫലമുള്ളതാണെന്നും പറയപ്പെട്ടിരിക്കുന്നു. ജ്ഞാനികളായ സിദ്ധന്മാർക്കു ഭക്തിയോടുകൂടി ഒരു കൈ വെള്ളമായാലും, ദാനംചെയ്താൽ അതുകൊണ്ടു ബ്രഹ്മാനന്ദം സിദ്ധിക്കുമെന്നു വേദത്തിൽ പറയുന്നുണ്ട്. എന്തിനധികം! ഈ സാധുക്കൾക്കു സ്വർണ്ണാദിദാനങ്ങൾചെയ്തു സന്തോഷിപ്പിച്ചയക്കണമെന്നെനിക്കു തോന്നുന്നു. ഇങ്ങനെ സ്വാമികളുടെ കല്പനകേട്ട്, രാജാവു മറുത്തൊന്നുംപറയാതെ, ഏതാനും ആനകളേയും ഒട്ടകങ്ങളേയും കുതിരകളേയും വരുത്തി അതുകളുടെ പുറത്തു ധനംകെട്ടിയിട്ട്, സാധുക്കളെ ഓരോ പല്ലക്കുകളിൽ കയററി ചില ഭൃത്യന്മാരെ വിളിച്ചുനിങ്ങൾ ഇവരോടൊന്നിച്ചുപോയി അവർ പറയുന്നദിക്കിൽ ഈ പണച്ചുമടുകൾ ഏല്പിച്ചുപോരണമെന്നാജ്ഞാപിച്ചയച്ചു. ഭൃത്യന്മാർ കല്പനപ്രകാരം സാധുക്കളോടൊരുമിച്ചുപോയി ഒട്ടുദൂരത്തായപ്പോൾ അവരുടെ (സാധുക്കളുടെ) ആശ്രമം എവിടെയാണെന്നു ചോദിച്ചു. അകലത്തുകാണുന്ന കാട്ടിലാണെന്നു അവർ ഉത്തരംപറകയും എല്ലാവരുമായി കാട്ടിൻനടുവിൽ ചെന്നെത്തുകയുംചെയ്തു. ഉടനേ, കള്ളന്മാർ ഭൃത്യന്മാരെനോക്കിതങ്ങളുടെ വാസസ്ഥാനം അതാണെന്നും തങ്ങളുടെ പണച്ചുമടുകൾ അവിടെ ഇറക്കിവച്ചു ആനകളേയും കുതിരകളേയും ഒട്ടകങ്ങളേയും ഓരോവൃക്ഷങ്ങളിൽ കെട്ടിമുറുക്കിയുംവച്ച്, പൊയ്ക്കൊള്ളുവാനും പറഞ്ഞു. ഭൃത്യന്മാർ, അതുപോലെ ചെയ്തശേഷം അവരെ വന്ദിച്ചുചോദിച്ചു. അല്ലയോ മഹാത്മാക്കളേ! അനേകമനേകം സാധുക്കൾ ദിവസംതോറും രാജധാനിയിൽ വന്നുപോകുന്നതും അവരെ രാജാവു സൽക്കരിക്കുന്നതും ഞങ്ങൾ കണ്ടിട്ടുണ്ട്. ഇതുപോലെ ആരെയും സൽക്കരിച്ചുകണ്ടില്ല. ജയദേവസ്വാമികൾക്കു നിങ്ങളോടു ഇത്ര വിശേഷപ്രതിപത്തിക്കു കാരണമെന്തു? ഇതിനുമുമ്പു നിങ്ങൾതമ്മിൽ അറിയുമോ? അതോ നിങ്ങൾ അന്യോന്യം വല്ല ചാർച്ചയുമുള്ളവരാണോ?

ഈ ചോദ്യം കേട്ട്, തന്നത്താൻ അനർത്ഥംവലിച്ചു വയ്ക്കുന്ന ശീലത്തോടുകൂടിയ ആ കള്ളന്മാർ, അവരെ നോക്കിപ്പറഞ്ഞു:—"ഹേ രാജസേവകന്മാരേ! സ്വാമികൾഎന്നു പേരെടുത്ത്, എല്ലാവരാലും പൂജ്യനായി ഇപ്പോൾ ആ രാജധാനിയിൽ കടന്നിരിക്കുന്ന ജയദേവൻ മഹാകള്ളനും വഞ്ചകനുമാണ്. ഇവൻ ഇതിനുമുമ്പു ഒരുരാജാവിനെ വഞ്ചിച്ചി

ട്ടുണ്ടു്, വലിയദൈവഭക്തനും സ്വധനമാണെന്നുള്ള ഭാവത്തിൽ അവിടെ കടന്നുകൂടി. ശുദ്ധമനസ്സനായ ആ രാജാവു്, വിശ്വാസത്തോടുകൂടി ഇവനെപ്പൂജിച്ചു്, രാജധാനിയിൽ പാർപ്പിച്ചിരുന്നു. ഒരിക്കൽ തക്കംകിട്ടിയപ്പോൾ കുറേരത്നങ്ങളും പണവുംമററും മോഷ്ടിച്ചുകൊണ്ടവൻ വെളിയിൽ ചാടി കാവൽക്കാർ വിട്ടില്ല. കണ്ടുപിടിച്ചു്, തൊണ്ടിയോടുകൂടി കള്ളനെ രാജാവിന്റെ മുമ്പിൽ ഹാജരാക്കി. അദ്ദേഹം കോപിച്ചു്, ഇവനെകഷണംകഷണമായിവെട്ടി കോട്ടവാതുക്കൽകെട്ടിത്തൂക്കണമെന്നാജ്ഞാപിച്ചു്, സേവകന്മാരായ ഞങ്ങളെ ഏല്പിച്ചു. ജീവകാരുണ്യത്താൽ ഞങ്ങൾ കൊല്ലാതെകയ്യുംകാലുംമാത്രം വെട്ടികാട്ടിലെ ഒരു പൊട്ടക്കിണററിൽകൊണ്ടുതള്ളിക്കളഞ്ഞു. ആ കിണററിൽ നിന്നാണു്, ക്രൌഞ്ചരാജൻ കണ്ടെടുത്തുകൊണ്ടുപോയി പൂജിച്ചുവച്ചിരിക്കുന്നതു്? ഞങ്ങൾ ഇക്കഥ വല്ലതും രാജാവിനോടു പറഞ്ഞേക്കുമെന്നുള്ള ഭയത്താലാണു്, ഞങ്ങളെഇത്രയൊക്കെപ്പൂജിച്ചയച്ചതു." എന്നുനിശ്ശങ്കം വ്യാജംതന്നെ പറഞ്ഞു. ദൈവത്തിനും ലോകത്തിനും സഹിക്കാത്ത ഈ വാക്കുകൾകേട്ടു സേവകന്മാർ മുഖത്തു് ഓരോസ്തോഭങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു നില്ക്കുന്നതിനിടയിൽ, മഹാപാപികളായ ആ ദുഷ്ടന്മാർ നിന്നിരുന്ന ഭൂഭാഗം താനേപിളന്നു, പെട്ടെന്നു അവർ പാതാളത്തിലേക്കു താഴ്ന്നുചെന്നു്, പഞ്ചമഹാപാതകികൾപോലുംഅനുഭവിക്കാത്ത ഉഗ്രമായമഹാരൌരവത്തേക്കാൾ ക്രൂരവും ഘോരവുമായനരകത്തിൽപതിച്ചു

## ഏഴാം അദ്ധ്യായം.

### (ജയദേവസ്വാമി കള്ളന്മാരെക്കുറിച്ചു പരിതപിച്ചതു്.)

അഹിംസാരതന്മാരായി പരമാത്മൈക്യപരമാനന്ദപരിപാവനന്മാരായിരിക്കുന്നസിദ്ധന്മാരേ! നിത്യമുക്തന്മാരേ! പാപന്മാരായ ആതസ്കരന്മാർ, ഭൂമിപിളന്നു താഴ്ന്നുപോയ ആ അദ്ഭുതസംഭവത്തെക്കണ്ടു്, ഭയവിഹ്വലന്മാരായ രാജഭൃത്യന്മാർ, ജയദേവസ്വാമിയുടെ മഹിമയെക്കുറിച്ചത്ഭുതപ്പെട്ടു്, ആന, കുതിര, മുതലായ മൃഗങ്ങളേയും ധനത്തേയും അവിടെ തന്നെ തള്ളിയുംവച്ചു്, കാററിനേക്കാൾ വേഗത്തിൽ പാഞ്ഞുപോയി രാജധാനിയിലെത്തി, രാജാവിന്റെ പാദങ്ങളിൽ നമസ്കരിച്ചെഴുന്നേററു്, ഒരക്ഷരം പറവാൻ ശക്തരാകാതെ കിടുകിടെ വിറച്ചുകൊണ്ടുനിന്നു. അവരുടെ നിലയും ഭാവവും കണ്ടപ്പോൾ ക്രൌഞ്ചരാജനും പലശങ്കകളുണ്ടായി. എന്നിട്ടദ്ദേഹം ഇങ്ങനെ ചോദിച്ചു. എന്തു്? സാധുക്കളായ ആ സന്യാസിമാൎക്കു വല്ല ആപത്തും സംഭവിച്ചുവോ? നിങ്ങളെ ഏല്പിച്ചുമുതൽ വഴിമേൽവച്ചു വല്ലകള്ളന്മാരും അപഹരിച്ചുവോ? സത്യം പറയുവിൻ? നിങ്ങൾ ഇത്രപരിഭ്രമിക്കുന്നതെന്തു്?

ഈ ചോദ്യംകേട്ടു്, ഭൃത്യന്മാർ ഗദ്ഗദത്തോടുകൂടി നടന്നകഥകളെല്ലാം പറഞ്ഞുകേൾപ്പിച്ചു. സ്വാമികളെദ്ദുഷിച്ചുപറകകൊണ്ടു്, അവർ പാതാളത്തിൽ താഴ്ന്നുപോയിയെന്നുകേട്ടപ്പോൾ രാജാവിനു ആശ്ചര്യവും സ്വാമികളിൽ ബഹുമാനവും ഉണ്ടായി അദ്ദേഹം വേഗത്തിൽ ജയദേവരുടെ സമീപത്തെത്തി ആ സംഭവത്തെക്കുറിച്ചു പറഞ്ഞു. സന്യാസിവേഷം ധരിച്ചുവന്ന ആ ദുഷ്ടന്മാർ പെരുംകള്ളന്മാരാണെന്നും അവരെസൽക്കരിച്ചുപൂജിച്ചതു അസ്ഥാനത്തിലായിപ്പോയിയെന്നുംമററും അഭിപ്രായപ്പെടുകയുംചെയ്തു. സ്വാമികൾക്കു ആ അഭിപ്രായംതീരെരസിച്ചില്ല. അദ്ദേഹം രാജാവിനെ ശാസിച്ചുപറഞ്ഞു. ഹേ രാജൻ! അങ്ങു്, ഇങ്ങനെ അറിവില്ലാത്തവരെപ്പോലെ സംസാരിക്കുന്നതെന്തുകൊണ്ടു്? ആ പരമസാധുക്കൾ ദുഷ്ടന്മാരോ? അതോ നിന്ദ്യന്മാരോ? ഒരിക്കലുമല്ല. അവർ സത്തുക്കളാണു്; എനിക്കുവലുതായ ഉപകാരം ചെയ്തവരുമാണു്. അവർ പറഞ്ഞതിൽ വളരെ വാസ്തവമുണ്ടല്ലോ. അവരെ എന്തിനുദുഷിക്കുന്നു? ഭൂമിഅവൎക്കുവേണ്ടസ്ഥലംകൊടുത്തു

അവരുടെ മഹിമകൊണ്ടല്ലയോ? സാധ്വീരത്നമായ സീതാദേവിമാത്രമേ ഭൂമിപിളൎന്ന അതിൽ പ്രവേശിച്ചതായി അറിവുള്ളു; ആ സ്ഥിതിക്കു ഇവർ എത്രദിവ്യന്മാരാണെന്നുതന്നെ നാംനിശ്ചയിക്കണം.? കള്ളനെന്നും ദുഷ്ടനെന്നും സത്യസന്ധനെന്നും സുശീലനെന്നുംകെട്ടെപ്പറയുന്നതു്, എല്ലാം സൎവ്വേശ്വരന്റെ വിഭൂതിജാതന്മാരല്ലയോ? ഈശ്വരസ്വരൂപമല്ലാതെലോകത്തു വല്ലതുമുണ്ടോ? അതുകൊണ്ടുനാം അന്യനെനിന്ദിക്കുന്നതും ഈശ്വരനെനിന്ദിക്കുന്നതിനു സമമാണ്. പരനിന്ദനം ഒരിക്കലും നല്ലതല്ല. ഹാകഷ്ടം! എന്നെസഹായിച്ച ആ മാന്യബന്ധുക്കൾ, പരമസാധുക്കൾ ഭൂമിയിലാണ്ടുപോയോ? കേൾപ്പാൻപോലും അതു കൎണ്ണകഠോരമായിരിക്കുന്നു. ഈശ്വരാരക്ഷതു, ഇങ്ങനെ ദുഃഖപരവശനായ സ്വാമിയുടെ ജീവകാരുണ്യത്തെ അഭിനന്ദിച്ചു്, അദ്ദേഹത്തെ വന്ദിച്ചു രാജാവു പറഞ്ഞു. സ്വാമിൻ ആ സാധുക്കൾ പാതാളഗതിയെ പ്രാപിച്ച പുണ്യസ്ഥലം കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്തിരുവടിക്കും അഭിമതമാണെങ്കിൽ എന്നോടൊന്നിച്ചു വരണം.

"എനിക്കും അതിലാഗ്രഹമുണ്ടു്. പരിശുദ്ധാത്മാക്കൾ ഗതിയടഞ്ഞ പുണ്യസ്ഥലം ദർശിക്കുന്നതു പാപനാശനകരമാണു്" എന്നു ജയദേവർ അരുളിച്ചെയ്യുകയും രണ്ടാളുമായി ഉടനെ ഒരുതേരിൽകയറി ചതുരംഗസേനയോടുകൂടി പുറപ്പെട്ടു്, വനത്തിൽ അവർ ഭൂപ്രവേശംചെയ്ത സ്ഥലത്തെ പ്രാപിക്കയുംചെയ്തു.

രാജാവു്, ആ ഭൂപ്രദേശത്തെ ആകപ്പാടെ നോക്കിക്കാണുകയും ചെയ്തു; കള്ളന്മാർതാഴ്ന്ന വിള്ളലിനു സമീപമായി, സ്വാമികളെമുമ്പുതള്ളിയിട്ടിരുന്ന പാഴ്കിണറും ഉണ്ടായിരുന്നു. ദുഷ്ടന്മാരായ തസ്കരന്മാരുടെ ക്രൂരകൃത്യത്തെക്കുറിച്ചു ഉടനെ ഓൎത്തു. അവരെക്കുറിച്ചു അത്യധികം നിന്ദയും വെറുപ്പും അങ്കുരിച്ചു സ്വാമിയുടെ ദയാശീലത്തെയും സമദൃഷ്ടിയേയും അഭിനന്ദിക്കയുംചെയ്തു. ഇങ്ങനെ ചിന്താമഗ്നനായി രാജാവു നില്ക്കുമ്പോൾ സ്വാമികൾ, ഭൂമിയിലെ ആ പിളൎപ്പുകണ്ടു് പരിതാപഗർഭങ്ങളായ പ്രലാപങ്ങൾ തുടങ്ങി. ഹാകഷ്ടംകഷ്ടം! പരമസാധുക്കളായ ഇവരെഇങ്ങനെ ഭൂമിയിൽ താഴ്ത്താമോ? ദേവദേവ! മഹാദേവ! നിന്തിരുവടി ഇത്രനിഷ്ഠുരനാണോ? പാപിയായ എന്റെനാമം ഉച്ചരിച്ചസമയത്താണല്ലോ പരിശുദ്ധന്മാരായ ഇവർ ഭൂമിയിൽതാഴ്ന്നതു—അതിനുകാരണം ഞാനാണല്ലോ—ദൈവമേ! ഇതെന്തൊരു നിഷ്ഠുരത്വം? ഇനിഞാൻജീവിച്ചിരുന്നതുകൊണ്ടെന്തുപ്രയോജനം? ഹേ പരമസാധുക്കളെ! പരബ്രഹ്മജ്ഞാനികളേ! നിങ്ങൾ ഭൂപ്രവേശംചെയ്ത പുണ്യഗൎത്തത്തിൽതന്നെഞാനും പതിക്കട്ടെയോ?" ഇങ്ങനെവിലപിച്ചു ജയദേവർതന്നെ ഭൂമിയിലിറക്കിവിടണമെന്നു രാജാവിനോടുപറഞ്ഞു—രാജാവു, അപ്രകാരംചെയ്തഉടൻ ഭ്രാന്തന്മാരെപ്പോലെ ഭൂമിയിലെ ആപിളൎപ്പിൽ പതിക്കുന്നതിനായിജയദേവർഉദ്യുക്തനായി എണീറ്റു; കരചരണങ്ങളോടു കൂടാതെസ്വാമികൾ വെറുംതറയിൽ കിടന്നുരുളുന്നതുകണ്ടു് ദുഃഖിതനായ രാജാവു്, അദ്ദേഹത്തെവന്ദിച്ചു്, സംകടങ്ങൾപറകയുംബലാൽകാരമായി തടുത്തുനിറുത്തുകയുംചെയ്തു. അപ്പോഴേക്കു സ്വാമികൾജഗത്തിനെമറന്നു്, ബ്രഹ്മധ്യാനത്തിൽലയിച്ചു നിശ്ചലനായിശയിച്ചു.

സ്വാമികൾ ചലനരഹിതനായി കിടക്കുന്നതുകണ്ടു്, രാജാവു പരിഭ്രമിച്ചു. ഇഷ്ടത്തിനു വിപരീതമായി പ്രവൎത്തിക്കകൊണ്ടു അദ്ദേഹം ദീർഘസമാധി അടഞ്ഞതായിരിക്കാമെന്നുള്ള ശങ്കയാൽ രാജാവു ദുഃഖിതനായി പരിദേവനംതുടങ്ങി, ഹാഹാ ദൈവമേ! സുകൃതിയായ ഈസ്വാമികളുടെ ദേഹവിയോഗത്തിനു കാരണഭൂതൻ ഞാനായല്ലോ. ഇനിഞാൻജീവിച്ചിരുന്നതുകൊണ്ടെന്തുഫലം? ഹേമന്ത്രിപ്രഭൃതികളെ നിങ്ങൾ ഈപൂജ്യപാദരുടെ തിരുമെയ്എടുപ്പിച്ചു നാട്ടിൽകൊണ്ടുപോയിയഥാവിധി സംസ്കരിപ്പിക്കണം. ഞാൻ ഈ പാതാളത്തിൽ പതിച്ചു മരിക്കാൻതുടങ്ങുകയാണു്. ഗുരുമരണത്തിനു ഹേതുഭൂതനായ ഞാൻ ഇനിജീവിച്ചിരുന്നതുകൊണ്ടു "ജനപരിഹാസവും ദുഃഖവുംതന്നെ ഫലം" എന്നുപറഞ്ഞു് പ്രാണത്യാഗാർത്ഥം ഭൂഗൎത്തത്തിൽ പതിക്കുവാൻ ഭാവിച്ചു.

രാജാവിന്റെ സാഹസംകണ്ടു മന്ത്രിപ്രഭൃതികൾ അദ്ദേഹത്തെതടുത്തു. വിവേകിയായ രാജാവു്, ഉടനെഉദ്ബുദ്ധനായി തന്റെ ഇഷ്ടദൈവമായ പരമേശ്വരനെ ഭക്തിപൂർവ്വംധ്യാനിച്ചുവന്ദിച്ചുസ്തുതിച്ചുതുടങ്ങി.

ശിവശംകര കരുണാകര പരമേശ്വര ഭഗവൻ
ഭവസങ്കടഹരണ! ഹര വരമേദുരമഹിമൻ
നിവസിച്ചിതുസുചിരമെങ്ങൾ ഭജനത്തൊടു കൃപയാ
തവസംകടമണയാതഥമഖിലേശ്വര ശരണം. ൧

അധുനാഗ്ഗതനായനത്തിനുവിധിയുററിതവിപിനേ
കദനാകുലമുഴലുന്നിതു കരിദാനവമഥനാ!
മദനാന്തകതവപൊൽപദമഭയംതരികഭിവാ-
ന്നതിനായിതതൊഴുതേൻ പുരഹരശംകരശരണം. ൨

നിടിലേക്ഷണ! വിധിസേവിതവിധിപോൽതവഭജനം
തുടരുന്നവനൊരു സംകടമൊരുകാലവുമിയലാ
കെട്ടപ്പൂജകൾപലചെയ്തുവന്നതിനാലഴലുളവായ്
വടിവോടിനിയരുളംശിവശിവശംകരശരണം. ൩

ദശകന്ധരകുടിലൻബത മദനാശയലഹരീ-
വശനായ് ഗിരിസുതയെത്തിരിശമമയെന്നാടിതൊഴവേ
വിനയംചെറുതിയലാതവനുടനേകിയഭഗവാൻ
വിശദീകരുതവകോമളതനുമേഹരശരണം. ൪

തവമേദുരമഹിമാവതുമറിയാതകമിതിയാം
ബലിനന്ദനനടർക്കുറിയൊരളവിൽക്ഷമയൊടുനീ
പിടിപാട്ടുകളരുൾചെയ്തഥപടിവാതിലിലനിശം
കുടികൊണ്ടൊരുഹരമാമവശിവശംകരശരണം. ൫

പരമൻതവപദസേവനവിധിചെയ്തഭിമതമാം
വരമാന്നൊരുമൃകനോടിയൊരളവോടിയഭഗവൻ
ഗ്രഹമാരണകരനാകിയൊരിവനെത്തവകൃപയാ-
ലരമാളുകവരമീളുക! പരമേശ്വര ശരണം. ൬

ദൃഢഭക്തിയൊടനിശംതവ പദപൂജനവിധിചെ-
യ്തിടുമെന്നിയെനിവസിച്ചു മൃഗണ്ഡാത്മജനയിനീ
നെടുവാഴ്കയതരുളീ തവ പദപങ്കജമഗതി-
ക്കടനേകീടുകഭയാർത്ഥകമഭയാഞ്ചിതശരണം. ൭

പദസേവനമതരാകിയമനുജർക്കമൃതമയം
പദമേകുകപതിവാണയിതവപർവ്വതസുതേ!
കരുണാമൃതമരുളാനിനിയണുതാമസമുളവായ്
വരികിൽതലതരുവൻമമശിവശംകരശരണം. ൮

സുരരുംദിതിസുതരുംഫണിവരനാൽജലനിധിയെ
ക്കടയുമ്പൊഴുതുളവാകിയഗരളംഭയതരളം
ഹരിമുഖ്യരുമൊഴിയുന്നളവതുവാങ്ങിയഭയമോ
ടരമുണ്ടൊരുഹരമാമവപുരനാശന! ശരണം. ൯

അജപങ്കജനയനാദികളജരാമരതതിയും
അജപാക്ഷരദൃഢഭക്തികമയിനിന്നടിപണിവോർ
ഗജനാശനരിപുഭീഷണഫണിഭൂഷണഭഗവൻ
വൃജിനാപഹശിവമാമവഭവനാശനശരണം. ൧൦

ഇങ്ങനെ സ്തോത്രകീർത്തനങ്ങൾ വർഷിക്കുമ്പോൾ കൈലാസവാസിയായ ഭഗവാൻ

ശ്രീപരമേശ്വരൻ രാജാവിന്റെ പരിതാപത്തെയും ജയദേവസ്വാമികളുടെ ജീവകാരുണ്യത്തെയും കുറിച്ച്, തിരുവുള്ളത്തിൽ അറിഞ്ഞ്, വൃഷഭവാഹനാരൂഢനായി ശ്രീപാർവ്വതിയാലും ഭൂതഗണങ്ങളാലും ദേവാദികളാലും പരിവൃതനായി പ്രത്യക്ഷപ്പെട്ട, രാജാവിനെ അനുഗ്രഹിച്ചു. ഹേഭക്ത! നീ എന്നെ പ്രാർത്ഥിച്ചതു എന്തൊരു സങ്കടത്താലാണ്? നിന്റെ അഭീഷ്ടമെന്ത്? അറിവിച്ചാൽ തരുവാൻ ഞാൻ സന്നദ്ധനായിരിക്കുന്നു എന്നരുളിച്ചെയ്തു. ക്രൗഞ്ചരാജൻ തൃപ്പാദത്തിൽ നമസ്കരിച്ച്, ഇങ്ങനെ ഉണർത്തിച്ചു.

"സ്വാമിൻ! തിരുവടിയെക്കാണ്മാൻ എനിക്കു ഭാഗ്യമെത്തിയതെന്തോ! പാപിയായ എന്റെ മുമ്പിലെഴുന്നള്ളുവാൻ കരുണയുദിച്ചുവോ? എന്നെയും തിരുമനസ്സിലെ ഭക്തകോടിയിൽ ചേർത്തു ഗണിച്ചുവോ? ഇതിനു തക്ക സുകൃതം ഒന്നുംതന്നെ ചെയ്തതായി എനിക്കോർമ്മയില്ല. തിരുവടി എഴുന്നള്ളിനിന്നിട്ടും എന്റെ ഗുരുനാഥൻ ഉണരാത്തതിനെക്കുറിച്ച്, എനിക്കു കുണ്ഠിതമുണ്ടു. ഗുരുവിനെ കൊന്നപാപിയായിട്ടാണു ഞാൻ ഇപ്പോൾ അങ്ങടെമുമ്പിൽ നിൽക്കുന്നത്. ആ പാപവും അപവാദവും എനിക്കെന്നു തീരുന്നാണു! ഈ സങ്കടം കൊണ്ടാണു ഞാൻ പ്രാർത്ഥിച്ചത്. കൃപയുണ്ടായി അദ്ദേഹത്തെ ജീവിപ്പിച്ചു തരണം. അല്ലാത്തപക്ഷം എന്റെ ജീവനെക്കൂടി അപഹരിച്ചു കൊള്ളണം."

**പരമശിവൻ:**—ഹേരാജൻ! നീ ദുഃഖിക്കേണ്ട. ജയദേവൻ മരിച്ചു പോയെന്നാണോ വിചാരം. അവൻ മരിച്ചിട്ടില്ല. ഈശ്വരൻ ഏതെല്ലാം വിധത്തിൽ മായാമഗ്നന്മാർക്കു തോന്നപ്പെടുമോ ആ വിധത്തിലെല്ലാം അദ്ദേഹത്തിന്റെ ഭക്തോത്തമന്മാർക്കും തോന്നപ്പെടും. അജ്ഞാനികൾ അതുകണ്ടു ഭ്രമിച്ചുപോകയും ചെയ്യും, നീയും ജയദേവൻ മരിച്ചുപോയിയെന്നു ശങ്കിച്ചതുകുറ്റമല്ല. അവൻ ശ്വാസത്തെ ബ്രഹ്മരന്ധ്രത്തിലേറ്റി ദേഹാഭാവിട്ട്, പരമാനന്ദത്തിൽ മുഴുകിക്കിടക്കുകയാണ്. ആ പരമാർത്ഥമറിയാതെയാണ്, നീ ഈ സാഹസത്തിനൊരുമ്പെട്ടത്. ഒട്ടും അധൈര്യപ്പെടേണ്ടാ എന്നരുളിച്ചെയ്തു. അപ്പോൾ രാജാവു് മഹേശനെ വന്ദിച്ച്,

"ഭഗവൻ ജാഗ്രൽസ്വപ്നം സുഷുപ്തി, തുര്യം, തുര്യാതീതം എന്നീ അഞ്ചവസ്ഥകളും സകലജീവജാലങ്ങൾക്കും സാധാരണ ഉള്ളതാണ്. ഈ അവസ്ഥകളെ അഞ്ചിനേയും പ്രാരംഭത്തിൽതന്നെ നല്ലപോലെ വിചാരിച്ചറിഞ്ഞ്, ജ്ഞാനമാർഗ്ഗംതെളിയിച്ച്, അജ്ഞാനത്താൽ, ഭക്തിയും സിദ്ധിയും വൈരാഗ്യവും നിർവ്വികല്പധ്യാനവും മൌനവും ലഭിച്ച് പരമാണുമുതൽ ബ്രഹ്മാണ്ഡംവരെ സർവ്വവും ബ്രഹ്മമയമാണെന്നും, പ്രപഞ്ചം മിഥ്യയും ബ്രഹ്മം സത്യവുമാണെന്നും ഞാനെന്ന ഭാവവും എന്റേതെന്ന മമത്വവും അജ്ഞാനജങ്ങളായ മിഥ്യാഭ്രമങ്ങളാണെന്നും അറിഞ്ഞ് വിഷയഭോഗങ്ങളിൽ കടക്കാതെ മനസ്സിനെനിയമിച്ച്, യാതൊരു ചിന്തകൾക്കുമിടം കൊടുക്കാതെ ഏകാഗ്രമാക്കി ലോഭമോഹാദിശത്രുക്കളാറിനെയും ഉന്മൂലനംചെയ്തതാൻ പരമാത്മാവാണെന്നുള്ള യഥാർത്ഥ ബോധത്തോടും സദ്ഗുരുഭക്തിയോടും സൽസംഗത്തോടും കൂടി സംകല്പവികല്പങ്ങളില്ലാതെ ബ്രഹ്മത്തിൽലയിച്ച്, അഖണ്ഡാനന്ദനിരന്തരമായ സൽഭാവവൈരാഗ്യവും അഭാവവൈരാഗ്യവും സ്ഥാനവൈരാഗ്യവും ദൃഢവൈരാഗ്യവും സമ്മതവൈരാഗ്യവും വിചാരവൈരാഗ്യവും നിർവ്വാണവൈരാഗ്യവും മഹാവൈരാഗ്യവും അടങ്ങിയിരിക്കുന്ന എന്റെ ഗുരുസ്വാമികളായ ജയദേവർക്കു ഈ ജന്മത്തിൽ വെട്ടുകൊണ്ടു കൈകാലുകൾ നഷ്ടപ്പെട്ടപ്പോകത്തക്കവണ്ണം കഴിഞ്ഞ ജന്മത്തിൽ അദ്ദേഹം എന്തൊരുമഹാപാപമാണു ചെയ്തതെന്നു അരുളിച്ചെയ്ത്, അടിയന്റെ സംശയനിവൃത്തിവരുത്തിത്തരുമാറാകണം.

**പരമശിവൻ:**—ഹേ രാജൻ! കർമ്മം ത്രിമൂർത്തികളെപ്പോലും ബന്ധിച്ചിരിക്കുന്ന ഒരു പാശമാണ്. ഈ ജയദേവൻ കഴിഞ്ഞജന്മത്തിൽ പരാശരമുനിക്കും പരിമളഗന്ധിക്കും ജനിച്ച വേദവ്യാസമഹർഷിയാണ്. അന്നു ഇവൻ വേദങ്ങളെ നാലായിപ്പകുത്ത്, ഓരോ ശിഷ്യന്മാർക്കുപദേശിച്ചശേഷം ഒടുവിൽ ഗംഗയിലിറങ്ങി നിന്നു കൈകളുയർത്തിപ്പിടിച്ചുകൊണ്ടു് ശ്രീനാരായണനാണു സത്യദൈവമെന്നു മൂന്നുരുസത്യം ചെയ്തു

ണ്ടായി. മൂൎത്തിത്രയത്തിന്റെ പരമാൎത്ഥതത്വമറിയാതെ അങ്ങനെ സത്യംചെയ്തജ്ഞാനത്തിനു ഗംഗയിൽ മുങ്ങിയിരുന്നിടത്തോളം മുഴങ്കാലുകളും തലയ്ക്കുമേൽ ഉയൎത്തിപ്പിടിച്ചിരുന്ന ഭാഗം മുഴങ്കൈകളും അടുത്തജന്മത്തിൽ നഷ്ടപ്പെട്ടുപോകട്ടെയെന്നു ഗംഗാഭഗവതി ശപിച്ചു. ആ ശാപത്തിന്റെ ഫലമാണ് ഈ ജന്മത്തിൽ അവൻ അനുഭവിച്ചതു്. എങ്കിലും ബ്രഹ്മജ്ഞാനിയാകകൊണ്ടു്, അവയവാഭംഗത്താലുള്ള വേദനയോ സങ്കടമോ അവനുണ്ടായില്ല. അവൻ ഇപ്പോൾ ഉണൎന്നെഴുന്നേക്കും. കൈകാലുകൾ പൂൎവസ്ഥിതിയിൽ ഉണ്ടാകയും ചെയ്യും അതിനു ഞാൻ അനുഗ്രഹിക്കുന്നു. എന്നരുളിച്ചെയ്തു, തൃക്കൈകൾ കൊണ്ടു ജയദേവന്റെ അപ ദാസ്തകം ഒന്നുതലോടി. തൽകാരണം തന്നെ ജയദേവൻ ഉറക്കിൽഉണൎന്നവരെപ്പോലെ എഴുനേറ്റു്, കൈകാലുകൾ പൂൎവസ്ഥിതിയിൽ ഉണ്ടായതിനെക്കുറിച്ചുള്ളസന്തോഷം ഈശ്വരദൎശനം ലഭിച്ചതിനാൽ സകലദുഃഖശാന്തികരമായ ആനന്ദത്തോടും കൂടി എഴുനേറ്റു്, ശിവപാദങ്ങളിൽ നമസ്കരിച്ചു. "ഹരഹരശംഭോ! ഗൌരീശ, പുരഹരഗിരീശ! ഗംഗേശ! പരിഹരശോകം പരമേശ! മുരഹരസേവിതലോകേശ!" എന്നു ഭക്തിരസകോമളങ്ങളായ സ്തുതിവാക്യങ്ങൾ വൎഷിക്കുമ്പോൾ പ്രസന്നനായ പരമശിവൻ ഹേ ഭക്തോത്തമ! നിനക്കെന്തൊരഭീഷ്ടമാണു സാധിപ്പാനുള്ളതെന്നു ചോദ്യംചെയ്തു. ജയദേവൻ തൃപ്പാദങ്ങളിൽ വീണ്ടും വന്ദിച്ചു്, സ്വാമിൻ! എന്റെ കൈകാലുകൾവെട്ടിമുറിച്ചു്, അധോഗതിയെ പ്രാപിച്ച ഈ കള്ളന്മാൎക്കു പരമപദംകൊടുക്കണമെന്നല്ലാതെ എനിക്കു യാതൊരപേക്ഷയുമില്ല എന്നറിയിച്ചു.

**പരമശിവൻ:**—ഹേ ജയദേവ! അവൎക്കു ഞാൻ എന്റെ പദംതന്നെ നൽകിയിരിക്കുന്നു. അതുകൊണ്ടു നിനക്കു ദുഃഖമുണ്ടാകേണ്ടാ അവൎക്കീഅധോഗതിവരുവാൻ കാരണം നീതന്നെയാണു് നിന്റെ ശുശ്രൂഷകളും ഉപചാരവാക്കുകളും അവരുടെ പാപത്തെ വൎദ്ധിപ്പിച്ചു. അവരെ ദുഷിച്ചു ഒരുവാക്കെങ്കിലും നീപറഞ്ഞിരുന്നുവെങ്കിൽ ആ പാപാംശം നിന്നെയും ബാധിക്കുമായിരുന്നു. എന്നാൽ അവർ പാതാളത്തിൽ താഴുവാൻ ഇടവരികയും ഇല്ലായിരുന്നു. നിന്റെ ചാടുവാക്യങ്ങളും പത്മാവതിയുടെ ശാപവുമാണു്, അവരെ അധഃപതിപ്പിച്ചതു്.

"താന്താൻനിരന്തരംചെയ്യുന്നകൎമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേവരൂ"

എന്നന്യായപ്രകാരം അവർ ഭൂഗൎഭത്തിൽ താഴ്ന്നമരിച്ചതും, അവരുടെ കൎമ്മജന്യമായ പാപശക്തികൊണ്ടാണ്. നീയതിനു കാരണമെന്നും ദുഃഖിക്കേണ്ട ആവശ്യമില്ല. നീ മൂലംഅവൎക്കു എന്റെ പദംലഭിക്കാനിടയായി. അതുതന്നെനിനക്കു കൃതാൎത്ഥതയ്ക്കുകാരണം; എന്നരുളിച്ചെയ്തു. ജയദേവൻ, സന്തുഷ്ടനായി, ഈശ്വരപാദങ്ങളിൽ വണങ്ങി വീണ്ടും പറഞ്ഞു:—മഹാദേവ! ദേവദേവ! വാമദേവ! വൃഷഭാരൂഢ! മഹാനട! സൎവേശ്വര! പരമേശ്വര! ഞങ്ങൾ ഈ കാട്ടിൽ വീണ്ടുംവരുവാനും സൎവലോകേശനായനിന്തിരുവടിയെദൎശിക്കാനും എനിക്കു കരചരണങ്ങൾയഥാ പൂൎവം ലഭിക്കാനുമെല്ലാമിടയായതു്, പരമസാധുക്കളായ അവർമൂലമാണെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. അവർ ഒരിക്കലും പാപികളല്ല. പാപികൾക്കു യാതൊരുവിധത്തിലും നിന്തിരുവടിയുടെ പദപ്രാപ്തിയുണ്ടാകയില്ല.

**പരമശിവൻ:**—ഭക്തോത്തമ! സാധുസംസൎഗ്ഗം മോക്ഷകാരണമാണു്. നിന്നെദൎശിച്ചമാത്രയിൽ അവരുടെ പാപംനശിച്ചു കഴിഞ്ഞു. അവൎക്കെന്റെ പദംലഭിച്ചതും നിന്റെ മഹിമകൊണ്ടല്ലാതെ മറെറാന്നുകൊണ്ടുമല്ല. നീയും രാജാവും ഇനിമേലയോനിമിലേക്കുപോകുക. ഇനി നിനക്കുശ്രീനാരായണന്റെദൎശനവും അചിരേണസിദ്ധിക്കും. ആനന്ദമായി പലരെനാൾ ജീവിച്ചിരിക്കാൻ ഇടയാകയും ചെയ്യും. നിന്റെനാമം കീൎത്തിക്കുന്നവർ പോലും പാപമുക്തന്മാരായി ഭവിക്കും എന്നരുളിച്ചെയ്തശേഷം, രാജാവിനെനോക്കി, ഹേക്രൌഞ്ചരാജ ഗുരുഭക്തിയുള്ളവൎക്കു വല്ല താഴ്ചയുമുണ്ടാകുമോ? ഗുരുഭക്തന്മാരിൽ വച്ചു്, അഗ്രഗണ്യനാണുനീ. അതുകൊണ്ടു മേൽക്കുമേൽ ശ്രേയസ്സോടു കൂടി പരമാനന്ദ

വാരിയിൽ നീരാടി, വളരെനാൾ നീ ജീവിച്ചിരിക്കാനിടയാകും. എന്നാശീർവാദംചെയ്തു, അന്തർദ്ധാനംചെയ്തു. ഉടനെ, ആകാശത്തിൽനിന്നു പുഷ്പവൃഷ്ടിയുണ്ടായി, ദേവദുന്ദുഭികളും മുഴങ്ങി. ഋഷികൾ ജയദേവരുടെ മഹിമാതിശയത്തേയും രാജാവിന്റെ ഗുരുഭക്തിവിശേഷത്തേയും കുറിച്ചാശ്ചൎയ്യപ്പെട്ടു, ജയവിജയീഭവശബ്ദം അന്തരീക്ഷത്തിൽ മുഴക്കി. ക്രൌഞ്ചരാജൻ ജയദേവരെ വന്ദിച്ചു വാഴ്ത്തിസ്തുതിച്ചു. അനന്തരം തേരിന്മേൽ കയറി മന്ത്രിമാരോടും ചതുരംഗസേനയോടുംകൂടി നാട്ടിലേക്കു തിരിക്കുകയും ചെയ്തു.

ഏഴാമദ്ധ്യായം സമാപ്തം.

---

# എട്ടാമദ്ധ്യായം.

## (പത്മാവതിയുടെമരണം.)

ഇങ്ങനെ ജയദേവരും രാജാവും ചതുരംഗസേനാസമേതം നാട്ടിലേക്കു വരികയാൽ, രാജധാനിയിൽ താമസിച്ചിരുന്ന രാജപത്നി പത്മാവതിയുടെ സമീപത്തു ചെന്നു ഭക്തിപൂർവം വന്ദിച്ചു, അല്ലയോമഹാഭാഗേ! ഞാൻ യാതൊരു ജ്ഞാനവുമില്ലാത്തവളാകുന്നു. എനിക്കു സദ്ഗതിലഭിക്കുന്നതിലേക്കു ജ്ഞാനോപദേശം ചെയ്തു കരുണാപൂർവം രക്ഷിച്ചുകൊള്ളണമെന്നപേക്ഷിക്കുന്നു. എന്നറിയിച്ചു. പത്മാവതി, അതുകേട്ടു പറഞ്ഞു. അല്ലയോ ഭാഗ്യവതി! എനിക്കു ജ്ഞാനമാർഗ്ഗങ്ങളുപദേശിക്കത്തക്ക യോഗ്യതയൊന്നുമില്ല. എങ്കിലും എനിക്കറിയാവുന്ന മോക്ഷമാർഗ്ഗത്തെമറയ്ക്കാതെ ഞാൻ പറഞ്ഞുതരാം. സ്ത്രീകൾക്കു ഭർത്താവുതന്നെ ദൈവം. മുക്തിപ്രദനായ ജഗദീശ്വരനും ഭർത്താവുതന്നെ. ജ്ഞാനത്തെ പ്രദാനം ചെയ്യുന്ന ഗുരുനാഥനും മറ്റാരുമല്ല. ഭർത്തൃശുശ്രൂഷതന്നെ ദേവപൂജ. ഭർത്തൃനിയോഗത്തെലംഘിക്കായ്കതന്നെ മുക്തിക്കുള്ള നിഷ്ഠ. പാതിവ്രത്യത്തെ രക്ഷിക്കുന്നതാണാത്മജ്ഞാനം. ഭർത്താവിനെച്ചിന്തിക്കുന്നതുതന്നെ ബ്രഹ്മധ്യാനം. ഭർത്താവിനോടൊന്നിച്ചിരിക്കുന്നതാകുന്നുമോക്ഷം. ഭർത്താവിനോടുകൂടി മരിക്കുന്നതുതന്നെ, മോക്ഷമടയുന്നവർലഭിക്കുന്ന ബ്രഹ്മൈക്യം. ശീലാദിസദ്ഗുണഗണങ്ങളും സ്ത്രീകൾക്കു പാതിവ്രത്യം തന്നെ, പാതിവ്രത്യമില്ലെങ്കിൽ സ്ത്രീകളുടെ രൂപഗുണം കൊണ്ടോ ദാനധർമ്മാദികൾകൊണ്ടോ യാതൊരുഫലവുമില്ലെന്നും പാതിവ്രത്യമുള്ളവളെ ത്രിമൂർത്തികൾപോലും ശങ്കിച്ചിരിക്കുമെന്നും വേദശാസ്ത്രങ്ങളിൽ പറയുന്നു. പതിവ്രതക്കു ജ്ഞാനലബ്ധിക്കോ മോക്ഷത്തിനോ ധ്യാനമോ പൂജനമോ യാതൊന്നും ആവശ്യമില്ലെന്നും പാതിവ്രത്യമാത്രംകൊണ്ടു, അതുസാധിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. സാവിത്രീദേവി പാതിവ്രത്യനിഷ്ഠയാൽ മൃതനായതന്റെ ഭർത്താവിനെ ജീവിപ്പിച്ചു. ദമയന്തിയോടുദുഷ്ടം പറഞ്ഞുകൊണ്ടടുത്ത കാട്ടാളനെ പാതിവ്രത്യശക്തിയാൽ അവൾ ദഹിപ്പിച്ചു. ചന്ദ്രമതി; അഗ്നിയെ പച്ചവെള്ളംപോലെ തണുപ്പിച്ചു രേണുകജലത്തെ ഉരുട്ടിയെടുത്തുവൃദ്ധഭർത്തൃവേഷംധരിച്ചു വന്നമഹാവിഷ്ണുവിനെ എറിഞ്ഞു. ജലന്ധരൻ, ഭാര്യയുടെ പാതിവ്രത്യശക്തിയാൽ ത്രിമൂർത്തികളെ ജയിച്ചു. അനസൂയ, നാരദമഹർഷികൊടുത്ത ഇരിമ്പുപൊന്നുണ്ടാക്കിയ കടലകളെ വറുത്തുപൊരിച്ചു ത്രിമൂർത്തികളെ ബാലരൂപത്തിൽ ആക്കിത്തീർക്കുകയും ചെയ്തു. സീതാദേവി രാവണനോടെതിർത്തുനിന്നു. നാളായണി, ഏഴുദിവസത്തേക്കുസൂര്യൻ ഉദിക്കാതെ തടുത്തു. അരുന്ധതിമണ്ണുകൊണ്ടുചോറുണ്ടാക്കി. ലക്ഷ്മീദേവി പരമശിവന്റെ ബ്രഹ്മഹത്യയെ നീക്കി അഗ്നിയുടെ മോഹം തീർക്കുന്നതിനായിട്ടു സ്വാഹാ അരുന്ധതിയുടെ രൂപമെടുക്കാൻ ശ്രമിച്ചതിൽ സാധിച്ചില്ല. പാർവതി, പരമശിവന്റെ ഇടത്തുഭാഗം പകുത്തുവാങ്ങി. ഇതെല്ലാം പാതിവ്രത്യമഹിമയ്ക്കു ഉത്തമദൃഷ്ടാന്തങ്ങളല്ലയോ? ഹേ രാജപത്നി! അരുന്ധതി നീചകുലത്തിൽ ജനിച്ചവളായിരുന്നിട്ടും നക്ഷത്രരൂപത്തിൽ ആകാശത്തിൽ സ്ഥാനംലഭിച്ചിരിക്ക

ന്നില്ലയോ? അഹല്യ പഞ്ചസുന്ദരിമാരിൽ ഒരുവളല്ലേ? തൃപ്പാൽക്കടലിൽജനിച്ചവളുമല്ലേ? എന്നിട്ടും പാതിവ്രത്യമാകുന്ന ഭൂഷണമില്ലായ്കയാൽ കല്ലായിപ്പോയകഥ കേട്ടിട്ടില്ലയോ? ഇന്നും വിവാഹകർമ്മങ്ങളിൽ പണ്ടു കല്ലായ അഹല്യയെ ഉദ്ദേശിച്ചു്, വ്യഭിചാരംഎന്നുപേരിട്ട അമ്മിയെ വധുവിനെക്കൊണ്ടു ചവിട്ടിക്കുന്നതും, പതിവ്രതനിഷ്ഠയ്ക്കായി അരുന്ധതീനക്ഷത്രത്തെക്കാണിച്ചു വന്ദിപ്പിക്കുന്നതും നടപ്പുണ്ടല്ലോ. ദേവഗുരുവായ ബൃഹസ്പതിയുടെ ഭാര്യയായ താര, ചന്ദ്രനെസ്നേഹിച്ചുവ്യഭിചരിക്കയാൽ സർവ്വനിന്ദ്യയായിഭവിച്ചുരേണുക, ആകാശത്തിൽ കൂടിപ്പോയഗന്ധർവ്വന്റെ പ്രതിച്ഛായ വെള്ളത്തിൽ കണ്ടുമോഹിക്കയാൽ പാതിവ്രത്യമഴിഞ്ഞു, വെള്ളമുരുട്ടിക്കൊണ്ടു പോകാൻകഴിവില്ലാതാകയും മകനായപരശുരാമന്റെ കൈകൊണ്ടു വെട്ടേറ്റു മരിക്കയുംചെയ്തു പാഞ്ചാലിയുടെ അഴകുകണ്ടു മോഹിച്ച ഒരു ഋഷി, സാധാരണഭുജിക്കാറുള്ള ഫലം വൃക്ഷത്തിൽ ഒട്ടിയിരിക്കുകപതിവായിരുന്നതു്, അതുമൂലം താഴെ വീഴുകയും, അതു പാണ്ഡവന്മാർ കണ്ടു കയർക്കയാൽ മഹർഷി ലജ്ജിക്കയും ചെയ്തകഥ സുപ്രസിദ്ധമല്ലേ? അതുകൊണ്ടു്, സ്ത്രീകൾപാതിവ്രത്യരക്ഷണത്തിൽനിഷ്കർഷയുള്ളവരായിരിക്കണമെന്നു വ്യക്തമാകുന്നു. മരിച്ചവരെ ജീവിപ്പിക്കാനോ ത്രിമൂർത്തികളെ പ്രസാദിപ്പിക്കാനോ ഭൂമിതലകീഴായിമറിക്കാനോ നിഷ്പ്രയാസംസാധിക്കുമെങ്കിലും പാതിവ്രത്യത്തെ രക്ഷിക്കുക അത്രസുസാധമല്ല. മഹർഷിമാർ ബാഹ്യാർത്ഥങ്ങളിൽ നിന്നും മനസ്സിനെ നിയന്ത്രിച്ചു്, ഏകാഗ്രമാക്കുന്നതിനെക്കാൾ, പ്രയാസമേറിയതാണ പാതിവ്രത്യരക്ഷണം എന്നു പറയാം. പുരുഷന്മാർക്കു ബ്രഹ്മധ്യാനനിഷ്ഠമോക്ഷത്തെ കൊടുക്കുമെങ്കിൽ സ്ത്രീകൾക്കുമോക്ഷത്തിന്നു പാതിവ്രത്യനിഷ്ഠ മതിയാകുന്നതാണു്. തപോധനന്മാരും തപോനിധികളുമായ മഹർഷിമാർ, പരസ്ത്രീകളെ എത്രമാത്രം വെറുക്കുന്നുവോ അത്രമാത്രം പരപുരുഷരെ പതിവ്രതയും വെറുക്കുന്നു. അതുകൊണ്ടു ഭർത്താവുതന്നെ ദൈവം എന്നുകരുതി ശുശ്രൂഷിച്ചുകൊണ്ടിരിക്കയാണു്, സ്ത്രീകൾക്കു പരമോത്തമമായധർമ്മം.”

ഇങ്ങനെ പത്മാവതിയുടെ നിഷ്കളങ്കവും നിരവദ്യവുമായ നിവേദനംകേട്ടു രാജപത്നിപറഞ്ഞു.

ദേവി! ഭവതിപറഞ്ഞതുപോലെ ഭർത്താവിനോടെതിർത്തു് ഒരു വാക്കുപറയാതെയുംഭർത്താവുതന്നെ ഗുരുവെന്നും ദൈവമെന്നും വിശ്വസിച്ചും പതിവ്രതാ ധർമ്മത്തെ സർവ്വാത്മനാ പരിപാലിച്ചും ഇരിക്കാൻ ഒരുസ്ത്രീക്കു സാധിച്ചേക്കാം. എന്നാൽ ഭർത്താവിനോടുകൂടെമരിക്കുകയെന്നതു പ്രയാസമാണു്. അങ്ങനെ പലരും പറയുന്നുവെങ്കിലും ആരുംചെയ്തതായി കണ്ടുംകേട്ടും അറിഞ്ഞിട്ടില്ല.

**പത്മാവതി**:—അറിഞ്ഞിട്ടില്ലേ? നാഗാസ്ത്രത്താൽ ശ്രീരാമലക്ഷ്മണന്മാരെ ഇന്ദ്രജിത്തുവധിച്ചുവെന്നു കേട്ടപ്പോൾ സീതാദേവിപ്രാണത്യാഗം ചെയ്യാൻഒരുങ്ങിയതുംത്രിജട ഉടനേപരമാർത്ഥം പറഞ്ഞാശ്വസിപ്പിക്കകൊണ്ടു പ്രാണസന്ധാരണംചെയ്തതുംകേട്ടിട്ടില്ലേ? രാവണൻമരിച്ചുടനേ ഉത്തമസ്ത്രീയായമണ്ഡോദരി ഉടനടിചാടിയകഥയുംപ്രസിദ്ധമല്ലയോ? ഈപ്രകാരമുള്ള പതിവ്രതമാർ വിചാരിച്ചാൽ ലോകത്തസാദ്ധ്യമായെന്താണുള്ളതു്? സീതാദേവി അവാച്യപ്പെട്ടപ്പോൾ ഭൂമി ഇടം കൊടുത്തില്ലയോ? ശകുന്തളവ്യസനിച്ചപ്പോൾ അശരീരിവാക്കുണ്ടായില്ലയോ? ഭർത്താവു മരിച്ചുഭാര്യജീവിച്ചിരിക്കുന്നതുകൊണ്ടെന്തുപ്രയോജനം? ദുഃഖിക്കുമെന്നേഫലമുള്ളു. ഭർത്താവുമരിച്ചുവെന്നറിഞ്ഞാൽ ജീവിച്ചിരിക്കുന്നവൾ അധമസ്ത്രീയാണെന്നും ഉടനടി ചാടിമരിക്കുമ്പോൾ മദ്ധ്യമസ്ത്രീയാണെന്നും അതേമാത്രയിൽതന്നെ പ്രാണനെ ഉപേക്ഷിക്കുന്നവൾ ഉത്തമസ്ത്രീയാണെന്നും മഹാന്മാർ പറഞ്ഞിരിക്കുന്നു. ഉത്തമസ്ത്രീകൾ സ്വന്തംപ്രാണങ്ങളേക്കാൾ കാമ്യമായിട്ടാണു ഭർത്താവിനെഗണിക്കുന്നതു്, എന്റെയുംവിചാരം അങ്ങനെതന്നെയാണു്.

രാജപത്നിയതുകേട്ടു് “മഹാദേവി! ഭവതിമനുഷ്യസാദ്ധ്യമല്ലാത്തവിധത്തിൽ അനുഷ്ഠിക്കേണമെന്നു ഉപദേശിക്കുന്നു. ആ ഉപദേശപ്രകാരംനടക്കാമെന്നുള്ളധൈര്യം എനിക്കിപ്പോൾ ഇല്ല. ഇങ്ങനെ ഞാൻ പറയുന്നതു അവിവേകമോ അജ്ഞതയോമൂലമാണെന്നു തോന്നുന്നെങ്കിൽ ക്ഷമിക്കാറാകണം” എന്നുപറഞ്ഞെഴുന്നേറ്റു തന്റെ മാളികയിലേക്കു

പോയി. അനന്തരം വിശ്വസ്തകളായ ചിലദാസിമാരെ അരികിൽവിളിച്ചു് ഓരോന്നു മന്ത്രിച്ചു. ഹേദാസിമാരേ! പത്മാവതീദേവിയും ഞാനുമായിഇന്നുകുറേനേരം സംസാരിക്കയുണ്ടായി. അദേവിപാതിവ്രത്യസംഗതിയാൽ അല്പം ആത്മപ്രശംസചെയ്യുന്നുവെന്നാണെനിക്കുംതോന്നുന്നതു്. "സർവ്വമുപേക്ഷിച്ചു ആത്മാവെരക്ഷിക്കണം" എന്നുശാസ്ത്രവിധിയുള്ളതുകൊണ്ടു സ്വന്തംപ്രാണനെക്കാൾ സ്നേഹം ഈലോകത്തു് ആൎക്കുംഒന്നിലുമില്ല. അദേവിപറയുന്നതു്, ഭൎത്താവിനെപ്രാണനെക്കാൾ സ്നേഹിക്കേണ്ടതാണു് പതിവ്രതയുടെ മുറയെന്നും അവർഅങ്ങനെ സ്നേഹിക്കുന്നുവെന്നുമാണു്. മുമ്പൊരിക്കൽ ഭൎത്താവുമരിച്ച ഒരുസ്ത്രീകരയുന്നതുകണ്ടു്, കഷ്ടം നീയാണോ പതിവ്രത? ഭൎത്താവുമരിച്ചാൽ പിന്നെദുഃഖിക്കാനും കരയാനുമായി ദുഃഖിച്ചിരിക്കുന്നസ്ത്രീ ഉത്തമയാണോ? അപ്പോൾകൂടെ മരിക്കേണ്ടതല്ലായിരുന്നോ എന്നുചോദിക്കയുണ്ടായി. ഇങ്ങനെതന്നെതാൻപുകഴ്ത്തുന്നസ്ത്രീളെ ഞാൻ കണ്ടിട്ടില്ല.പക്ഷെ, വാക്കുപോലെ പ്രവൎത്തിക്കുകയും ചെയ്യുമോ എന്നെനിക്കു സംശയമായിരിക്കുന്നു—ഈ ലോകത്തു്, ഭൎത്താവിനോടുകൂടി മരിച്ചവർ ആരെങ്കിലുമുണ്ടോ? പത്മാവതി ഇങ്ങനെ പറയുന്നുവെങ്കിലും ഇന്നു ജയദേവസ്വാമി മരിച്ചാൽ ഒരുഭാഗത്തിരുന്നു കരഞ്ഞു ദുഃഖിക്കുമെന്നല്ലാതെ അദ്ദേഹത്തോടൊരുമിച്ചു മരിക്കുമെന്നു എനിക്കു തോന്നുന്നില്ല. വാചാപ്രസംഗംചെയ്യുന്നതിനു എല്ലാവൎക്കും കഴിയും; പ്രയോഗത്തിൽ കാണിച്ചുകൊടുക്കുന്ന കാൎയ്യമാണു് വിഷമം. തനിക്കുകഴിയാത്തകാൎയ്യം മററുള്ളവൎക്കു ഉപദേശിക്കുന്നതും നല്ലതല്ല. ഏതായാലും അതു നമുക്കൊന്നു പരീക്ഷിച്ചറിയേണ്ടിയിരിക്കുന്നു. തനിക്കു എടുക്കാൻപാടില്ലാത്ത ഭാരംഎടുക്കുന്നതിനു് തുല്യശക്തിമാത്രമുള്ള മററുള്ളവരെ പ്രേരിപ്പിക്കുന്നതുപോലെയാണു് ദേവിയുടെ സംസാരം. ഏതായാലും അവരുടെ കാൎയ്യത്തിൽ ഇതു നമുക്കൊന്നു പരീക്ഷിക്കണം. അതിനു നിങ്ങൾ അല്പമായ ഒരുവ്യാജം സധൈൎയ്യം പ്രവൎത്തിക്കണം.

ദാസികൾ:—സ്വാമിനി! ഭവതിയുടെവാക്കു പ്രത്യക്ഷരം പരമാൎത്ഥമായിരിക്കുന്നു. ഭൎത്താവിനോടൊരുമിച്ചു മരിക്കാനൊരുങ്ങുന്നസ്ത്രീകൾ ആരുംതന്നെ ഈ ലോകത്തുണ്ടാകയില്ല. പുരാണങ്ങളിലോ മററോ അപൂൎവ്വമായി അങ്ങനെചിലപ്രസ്താവങ്ങൾ കണ്ടേക്കാമെങ്കിലും, അതിനെ നമ്മൾ വിശ്വസിക്കുന്നതു്, ഒരിക്കലും ശരിയല്ല. അതിലും ഇതു കലിയുഗമാണു് "ഏട്ടിലപ്പിടിവീട്ടിലില്ലപ്പിടി" എന്നു പറഞ്ഞതുപോലെ പുസ്തകങ്ങൾവായിക്കുമ്പോൾ അങ്ങനെവേണം ഇങ്ങനെവേണം എന്നൊക്കെ ഉപദേശിക്കുന്നവരും തൻകാൎയ്യത്തിൽ അതുനോക്കാറില്ല. അതു ലോകസ്വഭാവമാകയാൽ ആരെയുംകുററംപറവാനില്ല.ഞങ്ങൾ അല്പമായഒരുവ്യാജം ധൈൎയ്യപൂൎവ്വംപ്രവൎത്തിക്കണമെന്നുദേവിഅരുളിച്ചെയ്തതെന്താണു്? തന്റെ അഭിപ്രായത്തിന്നനുകൂലമായിത്തന്നെദാസികളുംപറഞ്ഞപ്പോൾപത്മാവതിക്കു പൂൎവ്വാധികം ഉത്സാഹവും അഹങ്കാരവും പത്മാവതിയെക്കുറിച്ചു നിന്ദയും ഉണ്ടായിത്തുടങ്ങി:—എന്നിട്ടു ദാസിമാരെനോക്കി—"എന്റെ പ്രിയപ്പെട്ട കൺമണികളേ! നിങ്ങൾ ചെയ്യേണ്ടതു മററൊന്നുമല്ല. ജയദേവസ്വാമി മരിച്ചുപോയിയെന്നു പത്മാവതിയെ വിശ്വസിപ്പിക്കാൻ വേണ്ടതു പ്രവൎത്തിക്കണം. അപ്പോൾ ദേവിയുടെ പാതിവ്രത്യത്തിന്റെ നിഷ്ഠനമുക്കറിയാറാകും. അതിനു നിങ്ങൾ സ്വാമികൾ ഉടുക്കാറുള്ളമാതിരിഒരുസോമൻ എടുത്തു, വല്ല ജന്തുക്കളുടെയും ചോര അതിൽപുരട്ടികൊണ്ടുപോയി ദേവിയെക്കാണിക്കണം. കാട്ടിൽപോയ ജയദേവരെ പുലി പിടിച്ചുകൊന്നുവെന്നും, ചോരപുരണ്ടവസ്ത്രമാണു് അതെന്നും വ്യാജംതന്നെ പറയണം. അപ്പോൾദേവിഎന്താണു് പ്രവൎത്തിക്കുന്നതെന്നുനമുക്കുനോക്കാം. ഉടനേമരിച്ചുകളയുമെങ്കിൽ ആ കഥആരും അറികയില്ലാത്തതുകൊണ്ടു്, നിങ്ങൾ കുററക്കാരികളാകയില്ല. ഒരുപക്ഷെ, മരിച്ചില്ലെങ്കിൽ—മരിക്കയില്ലെന്നുതന്നെയാണെന്റെ വിശ്വാസം—നമുക്കു വ്യാജോപദേശം ചെയ്തതു്, എന്തൎത്ഥത്തിലാണെന്നു നമുക്കു ചോദിക്കയും ചെയ്യാമല്ലോ എന്നു പറഞ്ഞു.

ദാസികൾ അതുകേട്ടു്, ഭയത്തോടുകൂടി, "ഹേ രാജേശ്വരി! ഭവതിയുടെ ഈ ഉപായം അപകടമായി പരിണമിച്ചേക്കാം. മഹാരാജാവും സ്വാമികളും അറിയാൻ ഇടയായാൽ എന്തെല്ലാമാണു വരുന്നതെന്നുകണ്ടേ അറിഞ്ഞുകൂടു" എന്നുണൎത്തിച്ചു.

രാജ്ഞി,—ഹേ ദാസിമാരെ! മഹാപതിവ്രതകളായിരുന്ന കൌസല്യ കൈകേയി സുമിത്ര, കുന്തി മുതലായവർ ഭർത്താവു മരിച്ചതിനുശേഷം ജീവിച്ചിരുന്നില്ലയോ? സ്ത്രീകൾക്കു പ്രധാനമായി സ്നേഹം വസ്ത്രാഭരണങ്ങളിലാണെന്നും, അതിലും അധികം പ്രീതി ഭർത്താവിലാണെന്നും, അതിലും പ്രീതി പുത്രരിലാണെന്നും, ഒക്കെക്കാൾ സ്നേഹം പ്രാണങ്ങളിലാണെന്നും പറയപ്പെട്ടിരിക്കുന്നു. പത്മാവതിതന്നെ ഇപ്പോൾ ഇങ്ങനെ പറയുന്നതു ശരിയാണെങ്കിൽ, അവരുടെ ഭർത്താവിന്റെ കൈകാലുകൾ വെട്ടിക്കിണററിൽ തള്ളിക്കളഞ്ഞകാലത്തു്, എത്രനാൾ കാലം അദ്ദേഹം മരിച്ചുപോയെന്നുള്ള വിചാരത്തോടുകൂടി അവർ ദുഃഖിച്ചിരുന്നു. ഭർത്താവിനോടൊരുമിച്ചു മരിക്കുമെങ്കിൽ അന്നു കാണേണ്ടതായിരുന്നു. ഭർത്താവു മരിച്ചതുസഹിക്കാതെ പ്രാണത്യാഗം ചെയ്ത സ്ത്രീകളെ നിങ്ങളെങ്ങാനും കണ്ടിട്ടോ കേട്ടിട്ടോ ഉണ്ടോ? മഹാലക്ഷ്മിയായ സീതാദേവിപോലും ശ്രീരാമലക്ഷ്മണന്മാർ മരിച്ചുപോയിയെന്നു കേട്ടപ്പോൾ, ദുഃഖിക്കയും അവരെക്കാണണമെന്നാഗ്രഹിക്കുകയും ചെയ്തതല്ലാതെ, പ്രാണത്യാഗത്തിനൊരുമ്പെട്ടുവോ; മണ്ഡോദരിയും രാവണന്റെ ശവത്തിന്മേൽകിടന്നു നിലവിളിച്ചപ്പോൾ, ആധികൊണ്ടു ജീവൻ വേർപെട്ടുപോയതായിരിക്കണം മരിക്കണമെന്നവർ ഒരിക്കലും വിചാരിച്ചിരിക്കയില്ല. എന്നല്ല, ഭർത്താവിന്റെ മരണവൃത്താന്തം കേട്ടയുടനെ മരിച്ചുവോ? അങ്ങനെമരിക്കാൻ ആരാൽതന്നെ സാധിക്കും?—

ദാസിമാർ:—അപ്രകാരം നടന്നതായി ഞങ്ങൾക്കൊരറിവുമില്ല. നാളായണി സൂര്യോദയത്തെ തടുത്തെന്നും, ദമയന്തി കാട്ടാളനെ എരിച്ചെന്നും, ചന്ദ്രമതി അഗ്നിയിൽ കുളിച്ചെന്നും, സാവിത്രി ഭർത്താവിനെ ജീവിപ്പിച്ചെന്നും, സീത, രാമനോടൊന്നിച്ചു വനത്തിൽപോയിയെന്നും, ഒക്കെ പുരാണങ്ങളിൽ പറയുന്നെങ്കിലും ഭർത്താവു മരിച്ചെന്നുകേട്ടയുടനെ ജീവനെയുപേക്ഷിച്ചതായി, ഏതെങ്കിലും ഒരു സ്ത്രീയുടെ കഥ പറയുന്നുണ്ടോ? അങ്ങനെ പറഞ്ഞാൽതന്നെ അതു സത്യമാണെന്നുള്ളതിനു നമുക്കു വല്ല ലക്ഷ്യവുമുണ്ടോ?

രാജപത്നി:—ഹേ ദാസിമാരേ! അഖിലമൂലപ്പൊരുളായ ശ്രീകൃഷ്ണഭഗവാന്റെ സഹോദരിയായ സുഭദ്രാദേവി, തന്റെ ഭർത്താവായ അർജ്ജുനൻ ദിഗ്ജയത്തിനുപോയി മരിച്ചുവെന്നു കേട്ടപ്പോൾ പ്രാണത്യാഗം ചെയ്കയുണ്ടായോ? ഉത്തമോത്തമയായ ഉത്തരയും അഭിമന്യുവിന്റെ മരണശേഷം മരിക്കാൻ ഒരുമ്പെട്ടുവോ? (അല്പം അസൂയാകലുഷമാനസാരത്തിൽ) പിന്നെയല്ലേ ഭിക്ഷാവൃത്തിക്കു തെണ്ടി നടക്കുന്ന ഈ പത്മാവതി മരിക്കാൻപോകുന്നതു്? മരിക്കുക എന്നുപറഞ്ഞാൽ ഏതും പ്രയാസമില്ലാത്ത കാര്യമോ? അങ്ങനെ ആ ദേവി ഒരുപക്ഷേ ചെയ്യുന്നതാണെങ്കിൽ, വാളുകൊണ്ടോ വിഷംകൊണ്ടോ കല്ലുകൊണ്ടോ മറ്റോ മരിക്കണമല്ലോ. അങ്ങനെയാരംഭിക്കുമ്പോൾ നിങ്ങൾ ബലാൽക്കാരമാണെങ്കിലും തടഞ്ഞുകൊണ്ടു്, വിവരം എന്നെ അറിയിച്ചാൽ ഞാൻ ഉടനേ വന്നു അതിനിടയാകാതെ വേണ്ടതു പ്രവർത്തിക്കാം. ദേവിയെ പരീക്ഷിക്കാനാണു്, നാം ഇങ്ങനെ വ്യാജം കെട്ടിച്ചമച്ചതെന്നുള്ള പരമാർത്ഥംതന്നെ പറഞ്ഞേക്കാം. എന്നാലും നിങ്ങൾ ഭയപ്പെടാനൊന്നുമില്ല. വേഗംപോയി പറഞ്ഞതുപോലെ ചെയ്യുവിൻ! എന്നാജ്ഞാപിച്ചു.

ദാസിമാർ, പിന്നെയും ഭയവിഹ്വലമാരായി, സ്വാമിനി! പത്മാവതി പരമസാധ്വിയാണെന്നാണു പ്രസിദ്ധി. ഭർത്താവിനെപ്പിരിഞ്ഞിരുന്ന കാലം മുഴുവനും ഏകവസ്ത്രത്തോടുകൂടി ഭൂമിയിൽതന്നെ ശയിക്കയും, അതേവസ്ത്രത്തോടുകൂടിത്തന്നെവന്നു ഭർത്താവിനെക്കാണുകയും മററും ചെയ്തസ്ഥിതിക്കു്, ഈ ഭയങ്കരവർത്തമാനം ഞങ്ങൾ പറയുമ്പോൾ, പ്രാണങ്ങളെ ഉള്ളിൽവച്ചുതന്നെ അടക്കിവേർപെടുത്തിക്കളഞ്ഞേക്കാം. അതു വലുതായ അപായത്തിനും താപത്തിനും പാപത്തിനും കാരണമാകയില്ലയോ?

രാജ്ഞി:—ഹേ ചപലകളേ! അങ്ങനെ നിങ്ങൾക്കു സംശയമുണ്ടെങ്കിൽ ഞാൻ മുൻകൂട്ടിപ്പോയി ആ ദേവിയുടെ മുറിയിൽ ഇരിക്കാം. നിങ്ങൾ രക്തംപുരണ്ട വസ്ത്രവുമായി അവിടെവന്നു നിന്നാൽ മാത്രംമതി എന്നു കല്പിച്ചു്, വേഗംതന്നെ പത്മാവതിയുടെ മുറിയിലേക്കുപോയി. എന്നിട്ടു ദേവിയെ വന്ദിച്ചു് ദുഃഖഭാവം അഭിനയിച്ചു പറഞ്ഞു ഇ

ടങ്ങി. "സുകൃതിനിയായദേവി! ഞാൻ ഒരു ദുഃഖവൎത്തമാനം അറിയിക്കാനാണുവന്നതു്. കാട്ടിൽപോയ സ്വാമികളെയും രാജാവു തിരുമനസ്സിനേയും പുലിപിടിച്ചുവെന്നു ആരോ പറയുന്നതുകേട്ടു. പോയപ്പോൾതന്നെ ഞാൻ കഴിയുന്നതു വിലക്കി. പക്ഷേ, ഇനിഅതുപറഞ്ഞിട്ടെന്തുഫലം? പുലിപിടിച്ചെങ്കിൽ കൈകാലുകളില്ലാത്ത സ്വാമിയുടെ കഥയാണു ഭയങ്കരം. ഏതായാലും അതിൻെറ പരമാൎത്ഥം അന്വേഷിച്ചറിയുന്നതിനു ദാസിമാരെ ഞാൻ ദൂതന്മാരുടെ അടുക്കലേക്കയച്ചിട്ടാണു്, ഇങ്ങോട്ടുപോന്നതു്. അവരിപ്പോൾ തന്നെ കടന്നുവരാതിരിക്കയില്ല.

ഭൎത്തൃവിയോഗാഗ്നിയിൽ ദഹിച്ചു ദഹിച്ചിരുന്ന പത്മാവതിക്കു ഈ നിവേദനം കൎണ്ണനാരാചംപോലെ ശല്യശല്യമായിരുന്നു. രാജപത്നി വ്യാജം പറയുമെന്നു ദേവി സ്വപ്നത്തിൽപോലും ശങ്കിച്ചില്ല. കഷ്ടം! പാപിയായ എനിക്കു്, ഇങ്ങനെയാണോ സംഗതി. സ്വാമി, ദുഷ്ടമൃഗങ്ങളെ ഭയമുള്ള ആളുമല്ല. പുലിയായാലും ആനയായാലുംനേരിട്ടാൽ ഭയംകൊണ്ടു്, അദ്ദേഹം ഒരടിമാറുകില്ല. ഭയമെന്നുള്ളതു്, അദ്ദേഹത്തിനറിഞ്ഞേകൂടാ. ആ സ്ഥിതിക്കു്, ഇങ്ങനെ സംഭവിച്ചുകൂടാൻ എളുപ്പമുണ്ടു്." എന്നിങ്ങനെ ഓരോദുഃഖവിചാരങ്ങളോടുകൂടി കണ്ണുനീർ പൊഴിച്ചുകൊണ്ടിരിക്കുമ്പോൾ, ദാസിമാർ മുൻപറഞ്ഞതുപോലെ രക്തം പുരണ്ടവസ്ത്രവുമായി, ആ മുറിയിൽ കടന്നുചെന്നു പത്മാവതിയുടെ മുമ്പിൽനിന്നു. എങ്കിലും തേജസ്വിനിയും സുകൃതിനിയുമായ ആ മഹാഭാഗയുടെ മുഖത്തുനോക്കി; വ്യാജം പറവാൻ അവൎക്കു ധൈൎയ്യമുണ്ടായില്ല. അതുകാരണം ഒന്നുംമിണ്ടാതെ അവർ മൌനം ദീക്ഷിച്ചുനിന്നുകരഞ്ഞുതുടങ്ങി. രാജപത്നി വേഗത്തിൽ എഴുനേറ്റുചെന്നു്, ആ വസ്ത്രം വാങ്ങിനോക്കീട്ടു്, അല്ല! ജയദേവസ്വാമി ഉടുത്തിരുന്ന വസ്ത്രമല്ലേ ഇതു്? ഇതിൽരക്തം പുരണ്ടിരിക്കുന്നുവല്ലോ അദ്ദേഹം എവിടെ? അറിഞ്ഞപരമാൎത്ഥം പറയുവിൻ മറയ്ക്കേണ്ടാ. എന്നു ദുഃഖം അഭിനയിച്ചുപറഞ്ഞു. രാജ്ഞിയിൽ ഭയത്തോടുകൂടിയ ദാസിമാർ തൊണ്ടയിടറിക്കൊണ്ടു്, "സ്വാമികളെ പുലിപിടിച്ചുകൊന്നു പോയതായി ദൂതന്മാർപറഞ്ഞു. എന്നൊരുവിധത്തിൽ പണിപ്പെട്ടുച്ചരിച്ചു. കൎണ്ണശല്യമായ ഈ വാക്കുകൾകേട്ടു്, തേൻമാന്തയ്യിൽ ഇടിവാൾ വീണപോലെ പത്മാവതി മൂൎച്ഛിതയായിത്താഴെവീണു. അല്പനേരംകൊണ്ടു ബോധംവന്നപ്പോൾ ഭൎത്താവിനെച്ചൊല്ലിവിലാപംതുടങ്ങി, പ്രാണനാഥാ! ഹാഹാ! എനിക്കിങ്ങനെയോ സംഗതി! ഈ ജന്മത്തിൽ ഞാൻ മനസ്സറിഞ്ഞു യാതൊരു പാപവും ചെയ്തിട്ടില്ല. ഭൎത്തൃമരണംകേട്ടുകൊണ്ടു ഒരുനിമിഷവും ജീവിച്ചിരിക്കാൻ എനിക്കുമനസ്സില്ല. കരുണാനിധിയായ ഭഗവാനേ! നിന്തിരുവടിയുടെ ഭക്തോത്തമനെ ഒരു ഹിംസ്രമൃഗത്തിൻെറ വായിൽ അകപ്പെടുത്തിയോ? ആ സങ്കടം നിന്തിരുവടികണ്ടു സഹിച്ചിരുന്നുവോ? അഥവാ, ആത്മജ്ഞാനിയായസ്വാമിക്കും ആത്മസ്വരൂപനായ നിന്തിരുവടിക്കും ശരീരനാശംഒരു സങ്കടമല്ലായിരിക്കാം. എന്നാൽ ജ്ഞാനഹീനയായ സാധുസ്ത്രീക്കു ഭൎത്തൃനാശം ദുസ്സഹമായ ഒരാപത്തായിത്തന്നെ തോന്നിപ്പോകുന്നു. ഹാ പ്രാണനാഥാ! നിന്തിരുവടി എന്നെക്കൈവെടിഞ്ഞുവോ? ഞാനും ഇതാ കൂടെ വന്നുകഴിഞ്ഞു. ഹരേ കൃഷ്ണകൃഷ്ണ! കരുണാകര!ലക്ഷ്മീവര! ഹരഹര! ഗംഗാധര! എന്നിങ്ങനെ നാരായണശംകരദേവന്മാരെ സ്തുതിച്ചുകൊണ്ടു്, ഉത്തരക്ഷണത്തിൽ പ്രാണങ്ങളെത്യജിച്ചു നിലത്തുപതിച്ചു. ദേവിയുടെ ജീവാത്മാവു്, ജ്യോതിസ്സെന്നപോലെ ആകാശത്തിലേക്കുയൎന്നുപോയി. അത്യത്ഭുതകരമായ ആ മിന്നൽപ്രഭ കണ്ടു, പരിസരവാസികളെല്ലാം ഭയാകുലന്മാരായിഓടി പത്മാവതിയുടെ മാളികയിലെത്തി, സംഗതിയറിഞ്ഞപ്പോൾ വിഷാദിക്കയും വിസ്മയിക്കയുംചെയ്തു. ദാസിമാർ, ഭയവിഹ്വലമാരായി ബോധംകെട്ടു നിലത്തുപതിച്ചുകഴിഞ്ഞു. രാജസ്ത്രീയും പരിഭ്രമിച്ചു യാതൊന്നും തോന്നാതെ കൊത്തിവച്ച മരപ്പാവപോലെ അവിടത്തന്നെ ഇരുന്നു പശ്ചാത്തപിച്ചു. കഷ്ടം! ഈ സാധ്വീരത്നത്തിൻെറ പാതിവ്രത്യത്തെക്കുറിച്ചൂഹിപ്പാൻ എനിക്കു ബുദ്ധിയുണ്ടായില്ലല്ലോ. പാപിയായ ഞാൻ അസൂയകൊണ്ടോ അജ്ഞതകൊണ്ടോ ഒരു പരമസാധ്വീരത്നത്തെ നിഗ്രഹിക്കാൻ ഇടയായല്ലോ. ഈ മഹാപാപം ഞാൻ എങ്ങനെ പരിഹരിക്കും? രാജാവു ചെയ്തധൎമ്മംപോലും ഞാൻ പാഴാക്കിയല്ലോ. രാജ്യം നശിക്കാനും കാരണം വച്ചി

ച്ചുവച്ചല്ലോ. രാജാവും സ്വാമിയും വരുമ്പോൾ ഇനി ഞാൻ എന്താണുപറയേണ്ടതു്? ഹാ ദൈവമേ?" എന്നീ വിലാപവാക്കുകളോടുകൂടി മൂർച്ഛിതയായി നിലത്തു പതിച്ചു. അപ്പോഴേക്കു ദാസിമാർ ഉൽബുദ്ധരായി എഴുന്നേററു്, രാജ്ഞിയെ ശുശ്രൂഷിച്ചുകൊണ്ടും വിലപിച്ചുകൊണ്ടും അവിടെ ചെന്നിരിപ്പായി. ഈ ഘോഷങ്ങൾകേട്ടു്, രാജഭൃത്യവർഗ്ഗങ്ങളും, മററു പലരും അവിടെക്കടന്നുചെന്നു, പത്മാവതിയുടെ ശവവുംരാജ്ഞിയുടെ മൂർച്ഛയും, ദാസിമാരുടെ വിലാപവും മററും കണ്ടു്, സംകടപ്പെട്ടുകൊണ്ടുനിന്നു ഈ അവസരത്തിൽ തന്നെ രാജാവും ജയദേവനും, പരിവാരങ്ങളും പട്ടണവാതുക്കൽ എത്തി രാജധാനി നിഃശ്രീകമായും വേദഘോഷാദി സന്തോഷലക്ഷണ രഹിതമായും കാണപ്പെട്ടതുകൊണ്ടു രാജാവു സംശയിച്ചു. രാജ്ഞിക്കോ പത്മാവതിക്കോ മററു രാജകുടുംബത്തിൽ പെട്ട ആർക്കെങ്കിലുമോ ആപത്തു സംഭവിച്ചിരിക്കും എന്നുള്ള വിചാരത്തോടുകൂടി സ്വാമികളെ വന്ദിച്ചു, ഹേ ഗുരുവര! രാജധാനി ഇങ്ങനെ ലക്ഷ്മീവിലാസം മറഞ്ഞുകാണപ്പെടുവാൻ കാരണംഎന്തായിരിക്കാം? ബ്രാഹ്മണാദി ചതുർവർണ്ണികളെല്ലാം ഒരുപോലെ ദുഃഖാർത്തന്മാരായിരിക്കുന്നു; രാജകുടുംബത്തിൽ ആരോമരിച്ചുപോയതുപോലെ തോന്നുന്നു. പട്ടണത്തിൽ ചെന്നാലുടൻ ശ്രീനാരായണദർശനംലഭിക്കുമെന്നു പരമശിവൻ അനുഗ്രഹിച്ചതിന്റെ ഫലം ഇതാണോ? എന്റെ ഇടതുഭാഗം ചലിക്കുന്നു; നെഞ്ചകം തുടിക്കുന്നു. കാരണം എന്താണെന്നു നിന്തിരുവടിതന്നെ ചിന്തിച്ചുനോക്കി അരുളിച്ചെയ്യണം എന്നപേക്ഷിച്ചു.

സ്വാമികൾ ചിന്തിച്ചുനോക്കി വസ്തുതകളൊക്കെ ഗ്രഹിച്ചുവെങ്കിലും; തൽക്ഷണം പ്രകാശിപ്പിക്കാതെ രാജാവിനോടിങ്ങനെപറഞ്ഞു. "ഹേക്രൗഞ്ചരാജ! ഭയപ്പെടാനൊന്നുമില്ല. ഉത്തമരായ ആർക്കോ ദേഹവിയോഗം സംഭവിച്ചിട്ടുണ്ടെന്നേയുള്ളു. ആർക്കാണെന്നും എന്താണെന്നുമെല്ലാം ഭവാൻതന്നെ പ്രജകളോടു ചോദിച്ചറിഞ്ഞുകൊൾക. അപത്തു്, ഭവാനെക്കാളും എന്നെ സംബന്ധിച്ചതായിട്ടാണു തോന്നുന്നതു്. എന്തെന്നാൽ, എന്റെ ഇടതുഭാഗവും ഹൃദയവും കഠിനമായിത്തുടിക്കുന്നു."

ജയദേവരുടെ വാക്കുകൾകേട്ടു്, രാജാവിനു പൂർവ്വാധികം സംഭ്രമമുണ്ടായി. അദ്ദേഹം മുൻഭാഗത്തുകാണപ്പെട്ട കിങ്കരന്മാരോടും പുരവാസികളോടും ചോദിച്ചതിൽ, അവരെല്ലാം കണ്ണുനീർതൂകിനിന്നു തൊഴുതതല്ലാതെ ഒരക്ഷരം ശബ്ദിക്കായ്കകൊണ്ടു്, വേഗത്തിൽ വാസ്തവം അന്വേഷിച്ചറിഞ്ഞുവരണമെന്നു മന്ത്രിമാരെ നിയോഗിച്ചയച്ചു. അവർ പോയി മടങ്ങിവന്നിങ്ങനെ പറഞ്ഞു. "സ്വാമിൻ! നമ്മുടെ രാജ്യത്തിനും രാജവംശത്തിനും അമംഗളകരമായ ഒരു സംഭവമാണിപ്പോൾ സംഭവിച്ചിരിക്കുന്നതു്. പത്മാവതീദേവി മരിച്ചുപോയിരിക്കുന്നു. ദേവിയായ രാജ്ഞിയും ശവംകിടക്കുന്ന ആ മുറിയിലുണ്ടു്. നിന്നുകണ്ണുനീർതൂകിക്കരയുന്നതല്ലാതെ ഒന്നും പറയുന്നില്ല. ഏതോ വിശേഷകാരണത്താൽ മരിച്ചതാണെന്നു കണ്ടാൽതോന്നും. ദാസിമാരോടുചോദിച്ചതിലും വ്യക്തമായി യാതൊന്നും പറഞ്ഞില്ല. അതുകൊണ്ടു തിരുമേനിതന്നെപോയി രാജ്ഞിയെക്കണ്ടു ചോദിച്ചാൽ വസ്തുതകളൊക്കെ അറിയാമെന്നുതോന്നുന്നു."

രാജാവുടൻതന്നെ ബദ്ധപ്പെട്ടു തേരിൽനിന്നിറങ്ങി, സ്വാമിയെ മുൻനടത്തിക്കൊണ്ടു പത്മാവതീദേവിയുടെ മണിയറയിലേക്കുചെന്നു. അവരെക്കണ്ടപ്പോൾ ചുററും നിന്നിരുന്നവരെല്ലാം ഭയഭക്തിപൂർവ്വം വന്ദിച്ചുമാറിനിന്നു. രാജാവോരോന്നുചോദിച്ചിട്ടും രാജ്ഞി പൂർവ്വാധികം ഉച്ചത്തിൽ നിലവിളിച്ചതല്ലാതെ യാതൊന്നും പറഞ്ഞില്ല. ഒടുവിൽ അദ്ദേഹം ദാസിമാരെ അരികിൽവിളിച്ചു് വസ്തുതകളൊക്കെച്ചോദിച്ചുമനസ്സിലാക്കി. അവർ യാതൊന്നും മറയ്ക്കാതെ ഉണ്ടായതുപോലെയെല്ലാം രാജാവിനെ ധരിപ്പിക്കയാൽ അദ്ദേഹം ക്രോധതാമ്രാക്ഷനായി അട്ടഹസിച്ചു വാൾ ഊരി രാജ്ഞിയെ നിഗ്രഹിക്കാനായി അവരുടെ തലമുടിക്കുപിടിച്ചു കഴുത്തുകുനിച്ചതുകണ്ടു കരുണാലയനും ശാന്തനുമായ സ്വാമികൾ, അടുത്തുചെന്നു രാജാവിനെത്തടുത്തു് വാളോടുകൂടിയ കൈക്കുപിടിച്ചുകൊണ്ടു പറഞ്ഞു. "രാജാവേ! നിന്റെ അജ്ഞാനം ഇനിയും മാറിയില്ലയോ?"

"ജനിച്ചനേരംതന്നെ വിധിച്ചമരണത്തെ
നിനച്ചുദുഃഖിക്കുന്ന ജനത്തെനിരൂപിച്ചാൽ
എനിക്കുള്ളുതമുണ്ടായ് വരുന്നു ധൎമ്മാത്മജ!
മനക്കാമ്പിങ്കലതും മായാവൈഭവമല്ലോ."

എന്നു ഒരു മഹൎഷി യുധിഷ്ഠിരമഹാരാജാവിനോടു പരിഹാസപൂൎവ്വം അരുളിച്ചെയ്തതു നീ കേട്ടിട്ടില്ലയോ? —പത്മാവതി മരിച്ചതു്, അവളുടെ കൎമ്മഫലംകൊണ്ടാണെന്നല്ലാതെ രാജ്ഞി എന്തുപിഴച്ചു?

"കസ്യദുഃഖസ്യകോഹേതുൎജ്ജഗത്ത്രയ
കസ്യസുഖസ്യവാകോപിഹേതുസ്സഖേ
പൂൎവ്വജന്മാൎജ്ജിതകൎമ്മമത്രേട്ടവി
സൎവ്വലോകൎക്കുംസുഖദുഃഖകാരണം."

എന്നുപറഞ്ഞതുപോലെ, ഭൎത്തൃദുഃഖത്താൽ മരിക്കണമെന്നു പത്മാവതിക്കു വിധിയുണ്ടായിരിക്കാം. രാജ്ഞി അതിനു ഹേതുഭൂതയാകണമെന്നുമായിരിക്കാം വിധി. അങ്ങനെയുള്ള ദൈവഗതികൾ ആരാൽതന്നെ തടുക്കാൻകഴിയും? ആ പരമാൎത്ഥം വിചാരിക്കാതെ നീ എന്തൊരുസാഹസമാണു് പ്രവൎത്തിക്കാൻ ഭാവിച്ചതു്?

ഇപ്രകാരം സ്വാമികൾചെയ്ത ഉപദേശങ്ങളൊന്നും കോപതാപാക്രാന്തനായ രാജാവിനു ഗ്രഹിക്കാൻ ശക്തിയുണ്ടായില്ല. അദ്ദേഹം വീണ്ടും മൂൎഛിതനായിവീണു. വിത്രസ്തയും ലജ്ജിതയുമായ രാജ്ഞി ഉടനേതന്നെ സ്വാമികളുടെ തൃപ്പാദങ്ങളിൽ വന്ദിച്ചു വീണഭയമപേക്ഷിച്ചു.

ദിവ്യപ്രഭാവനും ശാന്തശാന്തനുമായ സ്വാമി! അടിയനെ രക്ഷിക്കണേ! അടിയന്റെ അപരാധം ക്ഷമിക്കണമേ! അഭയമരുളണമേ!—എന്നെ വധിക്കുന്നുവെങ്കിൽ പോകട്ടെ—അതിനെനിക്കു സങ്കടമശേഷമില്ല. രാജാവിനെയും രാജ്യത്തെയും രക്ഷിക്കാൻ കരുണതോന്നണമേ! നിരപരാധികളായ ഈ ദാസിമാരെയും രക്ഷിക്കണമേ! നഷ്ടപ്പെട്ടുപോയ കൈകാലുകൾ ഉണ്ടാക്കാൻ സാധിച്ച തിരുവടിക്കു ഈ പത്മാവതിയെ ജീവിപ്പിക്കാൻ കഴിവില്ലെന്നു വരുമോ? കഴിവില്ലെങ്കിൽതന്നെ തിരുവടി അഭ്യൎത്ഥിച്ചാൽ ഭഗവാൻ ജീവിപ്പിച്ചുതരാതെയിരിക്കുമോ? സ്ത്രീസഹജമായ ചാപല്യത്താൽ അടിയൻ ഇടംപ്രഥമമായി ചെയ്തുപോയ ഈ കുററത്തെ സദയം ക്ഷമിക്കണമേ! എല്ലാം അറിഞ്ഞിരിക്കുന്ന തിരുവടിയോടു ഇതിലധികം അടിയൻ പറയണമെന്നുണ്ടോ?

ഇങ്ങനെ അഭ്യൎത്ഥിച്ചുകൊണ്ടു രാജ്ഞി കിടക്കുമ്പോൾ, രാജാവു ഉദ്ബുദ്ധനായി എഴുനേററു വീണ്ടും വാൾ കൈയിലെടുത്തു. "പാൎവ്വതിദേവിയെപ്പോലെ പരമപാവനയായ പത്മാവതീദേവിയ്ക്കു പ്രാണവിയോഗംവരുത്തിയ ഈ പാപികളെ നിഗ്രഹിച്ചു്, ഇക്ഷണത്തിൽ ഞാനും മരിക്കുന്നുണ്ടെന്നു അട്ടഹസിച്ചുകൊണ്ടു ദാസിമാരേയും രാജ്ഞിയേയും വെട്ടിക്കളയുന്നതിനായി ഓടി അടുത്തു. സ്വാമികൾ രണ്ടാമതും രാജാവിനെത്തടുത്തു ശാന്തിമന്ത്രം ഉപദേശിച്ചു, ആ മന്ത്രപ്രഭാവത്താൽ രാജാവു ശാന്തനായി ഒരുഭാഗത്തു മാറിനിന്നു. ജയദേവൻ പത്മാവതിയുടെ ശവത്തിന്റെ സമീപത്തുചെന്നിരുന്നു തൊട്ടുതലോടിക്കൊണ്ടു്, —"പ്രിയേ! ഭവതി ഇത്രവേഗത്തിൽ എന്നെ വിട്ടുപിരിഞ്ഞുപോയോ? ഭൎത്തൃപ്രണയിനിയായ ഭവതി, എന്റെ മരണത്തെക്കുറിച്ചു കേട്ടപ്പോൾ സൂക്ഷ്മചിന്തചെയ്തു പരമാൎത്ഥമറിയാതെ പ്രാണങ്ങളെത്യജിച്ചതു്, ശരിയോ? ഭവതിയോടുകൂടാതെ ജീവസന്ധാരണംചെയ്യാൻ എനിക്കശേഷം തൃപ്തിതോന്നുന്നില്ല. ഹാ കഷ്ടം! ജഗദീശ! പ്രപഞ്ചികസ്നേഹബന്ധങ്ങളും പ്രത്യാശകളും എത്രശിഥിലം! ഹരേ! വൈകുണ്ഠ! ഈ സാധ്വി, സഖീയായി ഭവിക്കുവാൻ തിരുവടി അനുഗ്രഹിക്കണമേ!" എന്നോരോ വിചാരങ്ങളോടുകൂടി, ഭഗവാനെധ്യാനിച്ചു ദശാവതാരസ്തോത്രംചെയ്തു.

ദശാവതാരസ്തോത്രം.

ശ്രീമഹാവിഷ്ണോ ഭവ്സാഗർ ജ്ഞോജഗൽക്ഷേമപ്രോദിവ്യധാമൻ ജ്ഞകരുണാധാര! വിഷ്ണോ * നാമരൂപാദിരഹിത! നാഹസിംഹപ്രിയമാ മായയാഗത! ക്കാരുണ്യഹിക്കുടതാദ! * മ

ല്പാദശുശ്രൂഷണരതയായനുദിനം തൃപ്പാദങ്ങളുംതവ ചിന്തിച്ചുവസിച്ചോരു * പത്മാവത്യാഖ്യയാമെൻപത്നിയെജ്ജീവിപ്പിക്ക പത്മാക്ഷ!ഭവൽകൃപാകണമഭ്യർത്ഥിക്കുന്നേൻ * പണ്ടു വേദങ്ങൾകട്ടുകൊണ്ടുപാതാളംപുക്കോരസുരവൈരിയാം ഹയഗ്രീവനൊടെതിർക്കുവാൻ* ചണ്ഡമത്സ്യാകാരംപൂണ്ടബ്ധിയിൽവിഹരിച്ച പുണ്ഡരീകാക്ഷ പുരുഷോത്തമ ജയജയ * മന്ദരമുയർത്തുവാൻദേവകളർത്ഥിക്കയാൽ ഇന്ദിരാവര!കൂർമ്മാകൃതിയായ്ഭവിച്ചതും * പന്നിയായ്ഹിരണ്യാക്ഷദൈത്യനെവധിച്ചിളാ മണ്ഡലംമുന്നേപ്പോലെവാരിധിയിൽപൊന്തിച്ചതും * നന്ദനൻവിഷ്ണുഭക്തനാകയാലവനോടു ദുർന്നയംപ്രവർത്തിച്ചഹിരണ്യകശിപുവേ * കൊന്നുലോകത്രാണംചെയ്തീടുവാൻനരസിംഹമായ് വന്നതുംഭക്തരക്ഷാലോലനാംഭവാനല്ലോ * ബലിയാംചക്രവർത്തിതന്നിൽമത്സരംപൂണ്ടു വലനാശനനഭ്യർത്ഥിക്കയാൽവടുവായി * ഛലമംഗീകൃത്യമൂന്നടിയായ്ത്രിഭുവനം ജലഭൂതലമയംവാങ്ങിനീജഗല്പതേ * പരശുരാമനായിമൂവേഴുവട്ടംക്ഷത്രധാത്രീശരെക്കൊന്നുചോരയിൽകുളിച്ചുനീ * ദശഗ്രീവനെക്കൊൽവാൻരഘുവംശത്തിൽപിന്നെ ദശസ്യന്ദനസുതനായവതാരംചെയ്തു * കാമപാലനായ്പ്രലംബാദിദൈതേയന്മാരെ ശമനപുരത്തിങ്കലാക്കിനീതിരുവടി * കോമളാകൃതിപൂണ്ടകൃഷ്ണനായവതരി- ച്ചാമയംജഗത്തിനുപോക്കുവാൻകംസാദിക * താമസന്മാരെക്കൊന്നാൻപാർത്ഥസൂതനായ്ദുഷ്ട ഭൂമിപന്മാരെയൊക്കെവധിപ്പിക്കയുംചെയ്തു * ശ്രീമഹാവേദാന്തസാരാർത്ഥപ്പൊൻമണികൾക്കു തുറയുംവിലയേറ്റംമധ്യമതമായി* സോമസൂര്യന്മാരുള്ളകാലത്തോളവും സർവ്വക്ഷേമസുജ്ഞാനദീപ്രാശ്മിവീശുന്നതായി * വിളങ്ങും ഗീതാഖ്യമാംവേദത്തെയുപദേശിച്ചുലംഘ്യധർമ്മസ്ഥിതിഭൂമിയിൽസംസ്ഥാപിച്ചു * നിരന്തരേനാമിശ്രമാകുംകലിക്കലിയുഗ ദുരന്തഘോരതാപത്തെശമിപ്പിച്ചതുംഭവാൻ * കൽക്കിയായിനിക്കലിയുഗാന്തത്തിങ്കൽ ഉത്ഭവിച്ചഘോരദുഷ്ടനിഗ്രഹംചെയ്യുന്നതും * പത്മലോചനപ്രഭോ!ഭവാൻപോന്നതന്നെ ഭക്തനാമിവനോടെന്തിങ്ങനെതുടങ്ങുവാൻ? * മൽപാദശുശ്രൂഷണരതയായനുദിനം തൃപ്പാദങ്ങളുംതവചിന്തിച്ചുവസിച്ചോരു * പത്മാവത്യാഖ്യയാമെൻപത്നിയെജ്ജീവിപ്പിക്ക ഭക്തവത്സല!ഭവനാശന!ജയജയ!”

ഇങ്ങനെ സ്തോത്രംചെയ്തിട്ടും ഭഗവാൻ പ്രത്യക്ഷപ്പെടായ്കകൊണ്ട്, അശ്രുക്കൾ വാർത്തുവിലപിച്ചു. “ഗരുഡവാഹന! ഗജേന്ദ്രതാപനാശന! രാധാനയനമോഹന!നന്ദനന്ദന! ദേവദേവ! വാസുദേവ! ഹരേകൃഷ്ണകൃഷ്ണ! കരുണാപൂർവ്വം പാദസേവകനായ ഈ ഭക്തനെ അനുഗ്രഹിക്കണമേ! എന്റെ ഈ വിലാപം നിന്തിരുവടി കേൾക്കുന്നില്ലയോ? സുധർമ്മാജന്റെ വില്ലുകൊണ്ടടികൊണ്ടു മോഹിച്ചുകിടക്കുന്ന അർജ്ജുനനെ ആശ്വസിപ്പിക്കാൻ നിന്തിരുവടി പോയിരിക്കയാണോ? അതോ വിരഹാതുരയായ രാധയെ ആശ്വസിപ്പിക്കാൻ പോയിരിക്കുന്നോ? പണ്ട്, സീതയുടെ മുലക്കണ്ണിൽ കൊത്തിയ കാകാസുരനെ ശിക്ഷിപ്പിക്കുന്നതിനു ഒരു പുൽക്കൊടിയല്ലയോ നിന്തിരുവടി ജപിച്ചയച്ചത്? ആ പുൽക്കൊടിയെത്തടുത്ത്, അവനെ രക്ഷിക്കുന്നതിന് ബ്രഹ്മാദികൾ ആളായില്ലല്ലോ. അങ്ങനെയുള്ള നിന്തിരുവടിക്കു പത്മാവതിക്കുടെ ആയുസ്സുനൽകുന്നതിനെന്തൊരുവിഷമതയാണ്? ഹേ ലക്ഷ്മീദേവി! സഹധർമ്മിണിയുടെ വിയോഗത്തിൽ വിലപിക്കുന്ന ഈ ഭക്തനിൽ കരുണതോന്നി ഭവതി, ഭഗവാനെ ഇവിടെ എഴുന്നരുളിക്കണമേ! ഹേ കരുണാവതികളായ ദേവസ്ത്രീകളെ! നിങ്ങളുടെ ഗോഷ്ഠികൾകാണ്മാൻ മനസ്സഴിച്ച ഭക്തവത്സലനായ ഭഗവാൻ ശ്രീകൃഷ്ണനെ, ഈ ജയദേവന്റെ സമീപത്തിൽ അരനിമിഷനേരത്തേക്കയച്ചുതരണമേ!” ഇപ്രകാരം ഭക്തിപരവശനായി പാടിയ ജയദേവനെക്കുറിച്ചു കരുണതോന്നിയ ഭഗവാൻ ഗരുഡാരൂഢനായി എഴുന്നള്ളിവന്ന് ജയദേവന്റെമുമ്പിൽ ആവിർഭവിച്ചു. ജഗദേകമൂർത്തിയായ ശ്രീനാരായണനെ, പ്രത്യക്ഷനായി കണ്ടമാത്രയിൽ ജയദേവനും രാജാവും പരിജനങ്ങളും ആനന്ദാകുലരായി ദണ്ഡനമസ്കാരംചെയ്ത്, സ്തോത്രകീർത്തനങ്ങൾ വർഷിക്കയും അതുകണ്ടു നാരദൻ തുംബുരുമീട്ടി ഗാനംചെയ്കയും അപ്സരസ്ത്രീകൾ നൃത്തംചെയ്കയും ചെയ്തു. ഭഗവാൻ സന്തുഷ്ടനായി ജയദേവനെപ്പിടിച്ചെഴുന്നേല്പിച്ച് ശിരസ്സിൽ കൈവച്ചനുഗ്രഹിച്ച്, ഹേ പുണ്യാത്മാവേ! ഭക്തലോകമണിയായ നീ എന്നെ ധ്യാനിച്ചത്, എന്തൊരഭിലാഷത്താലാണ്—എന്തൊരുവരമാണ് നിനക്കാവശ്യം

ചോദിച്ചുകൊൾക എന്നരുളിച്ചെയ്തു. ജയദേവൻ അതുകേട്ട തൃപ്പാദങ്ങളിൽ വീണ്ടും വന്ദിച്ച്, ഭക്തപാലകനായ ഭഗവാനേ കൃപണബന്ധോ കൃപാസിന്ധോ നിന്തിരുവടിയെ പ്രത്യക്ഷമായിക്കാൺമാൻ ലഭിച്ചതിൽ കൂടുതലായി അഭിലാഷമെന്താണെനിക്ക ചോദിക്കാനുള്ളത്? എങ്കിലും ഈ രാജാവിനെയും രാജ്ഞിയെയും ആശ്വസിപ്പിക്കുന്നതിനു പത്മാവതിയെ സജീവയാക്കിച്ചെയ്യണമെന്നു ഒരഭിലാഷമുണ്ട്, എന്നറിവിച്ചു.

ഭഗവാൻ:—"ഹേ ജയദേവ! പത്മാവതിയെ ജീവിപ്പിക്കുന്നതിനു എന്റെ സഹായത്തെ അപേക്ഷിക്കേണ്ട ആവശ്യം നിനക്കുണ്ടോ? നിന്നിൽ കഴിയാത്തകാൎയ്യം എന്നാൽ കഴിയുമോ? എന്നെ നീ ഇക്കാൎയ്യത്തിൽ അപേക്ഷിച്ചത്, നിന്റെ അഹംഭാവമില്ലായ്മയുടെ ലക്ഷണമാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. ഹേ! ജീവകാരുണ്യനിധിയായ ഭക്ത! ആശാപാശങ്ങളെ പരിത്യജിച്ചമുക്ത! പത്മാവതിയെ ഇപ്പോൾതന്നെ ജീവിപ്പിക്കാം. അതുകൊണ്ടു നിനക്കു ദുഃഖമുണ്ടാകേണ്ട"(അനന്തരം ക്രൌഞ്ചരാജനെ നോക്കി) "ഹേരാജൻ നിനക്കെന്താണഭിലാഷം? എന്തായാലും എന്നെ അറിയിച്ചാൽ ഇക്ഷണം സാധിച്ചതരാവുന്നതാണ്" എന്നരുളിച്ചെയ്തു.

രാജാവ്:—സ്വാമി! ഞങ്ങൾക്കെല്ലാം അമ്മയായ പത്മാവതിദേവിയെ ജീവിപ്പിച്ചതരുന്നതിൽ കൂടുതലായി യാതൊരഭിലാഷവും എനിക്കുറിവിക്കാനില്ല. അതുംകേട്ടപ്പോൾ ഭഗവാൻ പത്മാവതിയെ നോക്കി,—ഹേ സാധ്വീരത്നമേ! പത്മാവതീ! പത്മാവതീ! എഴുനേറാലും എന്നരുളിച്ചെയ്തു. ഉടനേ ഭഗവാന്റെ മുഖത്തുനിന്നും ഒരു തേജസ്സ്, ആവിർഭവിച്ച്, പത്മാവതിയുടെ ശരീരത്തിൽ പതിക്കയും പത്മാവതി ഉറങ്ങിഎഴുന്നേററതുപോലെ, എഴുന്നേററു ഭഗവൽപാദങ്ങളിൽ നമസ്കരിക്കയുംചെയ്തു. അനന്തരം കൈകാലുകളോടുകൂടി സമീപത്തുനില്ക്കുന്ന സ്വാമികളെക്കണ്ടു അത്ഭുതത്തോടെ വന്ദിച്ചു, അദ്ദേഹത്തിന്റെ പുറകിലായി മാറിനിന്നു. ഭഗവാൻ മന്ദസ്മിതപൂൎവം ജയദേവരെനോക്കി—ഹേ ഈശ്വരസമനായ തപസ്വീശ്വര! നീയും പത്മാവതിയും രാജാവും ബ്രഹ്മജ്ഞാനസമന്വിതരായി പലനാൾ ജീവിച്ചിരിക്കമാറാകട്ടെ. നീ എന്റെ കലയോടുകൂടിയ വേദവ്യാസന്റെ അവതാരമാണെന്നും ഓൎത്തുകൊൾക. അതുകൊണ്ടു നിന്റെ ശാസ്ത്രജ്ഞാനത്തെയും ബ്രഹ്മജ്ഞാനത്തെയും ലോകോപകാരമാക്കിത്തീൎക്കുന്നതിന്, ഭക്തിമുക്തിമാൎഗ്ഗങ്ങളെ പ്രതിപാദിക്കുന്ന ഒരു ഭാഗവതം നിൎമ്മിച്ച്, അവതാരകാൎയ്യം നിറവേററി ഒടുവിൽ എന്റെ പദത്തെ പ്രാപിച്ചുകൊൾക; എന്നാജ്ഞാപിച്ച്, സകലദേവൎഷിസമേതനായി ആകാശമണ്ഡലത്തിൽ അന്തൎദ്ധാനംചെയ്തു.

ജയദേവാദികൾ ഭഗവാനന്തൎദ്ധാനംചെയ്ത ദിക്കുനോക്കി നമസ്കരിച്ച്, സന്തുഷ്ടരായി അന്യോന്യസല്ലാപം ചെയ്തുകൊണ്ടിരുന്നു. ക്രൌഞ്ചരാജൻ ഭക്തിപൂൎവം പത്മാവതിയുടെ പാദങ്ങളെവന്ദിച്ച്, ഹേദേവി! ഭവതിയുടെ പ്രാണനാശത്തിനു കാരണഭൂതയായ ഈ ദുഷ്ടരാജ്ഞിയെ ഇഷ്ടംപോലെ ശിക്ഷിച്ചുകൊള്ളുന്നതിനു ഞാൻ തൃപ്പാദങ്ങളിൽ സമൎപ്പിച്ചിരിക്കുന്നു. സ്വാമികൾ മരിച്ചുവെന്നു ഭവതിയെ വിശ്വസിപ്പിക്കാൻ ഇവൾ ചെയ്തതെല്ലാം വെറുംവ്യാജമായിരുന്നു. അതുകൊണ്ടു ഇവളെ ഏതുവിധത്തിൽ ശിക്ഷിക്കണമെന്നാജ്ഞാപിച്ചാലും! എന്നറിവിച്ചു.

പത്മാവതി:—"രാജാവേ! എന്താണു വിവേകമില്ലാത്തവരെപ്പോലെസംസാരിക്കുന്നത്? രാജ്ഞി എന്റെനിഗ്രഹത്തിനു കാരണഭൂതയാണെങ്കിൽ ഭഗവൽദൎശനമാകുന്ന അനുഗ്രഹത്തിനും കാരണഭൂതയായില്ലേ? നാം എല്ലാവരും ഇപ്പോൾ അനുഗ്രഹീതരായത്, ആ ദേവിയുടെ മഹിമകൊണ്ടല്ലയോ?" എന്നുപറഞ്ഞ്, രാജ്ഞിയെ അരികിൽവിളിച്ചാലിംഗനം ചെയ്കയും പലപല ഉപചാരവാക്കുകൾ വൎഷിക്കുകയും ചെയ്തു. സ്വാമികളും രാജപത്നിയെ ആശീൎവദിച്ചനുഗ്രഹിച്ചു. അനന്തരം ബ്രഹ്മധ്യാനത്തിൽ ലയിച്ചു സമാധിസ്ഥനായിരുന്നു. രാജാവ്, ഗുരുശുശ്രൂഷണതൽപരനായി പൂൎവാധികം ഉത്സാഹത്തോടും ധൎമ്മനിഷ്ഠയോടുംകൂടി പ്രജകളെ രക്ഷിച്ച്, രാജ്യഭരണത്തെ അലങ്കരിച്ചു. ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ, ജയദേവൻ ഭഗവന്നിയോഗമനുസരിച്ച്, ഭക്തിമുക്തിമാൎഗ്ഗങ്ങളേയും ഭക്തന്മാരുടെ ചരിത്രങ്ങളേയും, ഉൾപ്പെടുത്തി ഭഗവല്ലീലകളെ പ്ര

തിപാദിക്കുന്നതായി ലക്ഷണസമ്പൂൎണ്ണമായ ഒരു ഭാഗവതഗ്രന്ഥത്തെ സംസ്കൃതഭാഷയിൽ നിൎമ്മിച്ച്, അതിനെത്തന്നെ എപ്പോഴും പാടിക്കൊണ്ടിരുന്നു.

ഒൻപതാമദ്ധ്യായം സമാപ്തം.

---

## പത്താമദ്ധ്യായം.

---

(ജയദേവരുടെ ഭാഗവതത്തെ ഭഗവാൻ ബ്രാഹ്മണരൂപമായിവന്നു ചൊല്ലിക്കേൾപ്പിച്ചതും സ്വന്തരൂപം കാണിച്ചതും.)

ജയദേവസ്വാമി, താൻ എഴുതിയ ഭാഗവതം രാജാവിനേയും മററുഭക്തന്മാരേയും വായിച്ചു കേൾപ്പിക്കണമെന്നു നിശ്ചയിച്ച്, അതെടുത്തുംകൊണ്ടു രാജധാനിയിൽ ചെന്നു വിവരം പറഞ്ഞു. രാജാവു സന്തുഷ്ടനായി, സൽകഥാശ്രവണത്തിൽ ഉത്സുകരായ പല ബ്രാഹ്മണരെയും പൌരന്മാരെയും മന്ത്രിമാരെയുംമററും അളയച്ചുവരുത്തി, സ്വാമിയെ ഒരു ഭദ്രാസനത്തിൽ പൂജിച്ചിരുത്തി, എല്ലാവരുമായി ചുററുമിരുന്നു പുരാണം വായിച്ചുകേൾപ്പിക്കാൻ അപേക്ഷിച്ചു. വായന ആരംഭിച്ചപ്പോൾതന്നെ ഭഗവാൻ ഒരു ബ്രാഹ്മണവേഷം ധരിച്ച്, ആ സഭയിൽ പ്രവേശിച്ചു. തേജസ്വിയും ലക്ഷണയുക്തനുമായ ആ ബ്രാഹ്മണനെ സഭാവാസികൾ വന്ദിച്ച്, ഉചിതോപചാരങ്ങൾചെയ്തു പൂജിച്ചു സന്തോഷിപ്പിച്ചിരുത്തി. അദ്ദേഹത്തിന്റെ സ്വദേശം ഏതാണെന്നും ആഗമിക്കാൻ കാരണം എന്താണെന്നുംമററും രാജാവു ചോദിച്ചതിനു മറുപടിയായി,—"അദ്ദേഹം, ഹേ രാജാവേ! എന്റെ ദേശം ഗോകുലവൃന്ദാവനമാണ്. ഞാൻ ബാല്യംമുതൽക്കേ വേദശാസ്ത്രാദികളഭ്യസിച്ച്, ഒരുവിധം പാണ്ഡിത്യം സമ്പാദിച്ചു അറിയുന്നവരെല്ലാം എന്നെ ഒരു പണ്ഡിതനാണെന്നു സമ്മതിച്ചിട്ടുമുണ്ട്. ശാസ്ത്രവിഷയമായി ഞാൻ പലടിക്കിലും നടന്നു വാദിക്കുന്നതുമാണ്. ഇതുവരെ വാദത്തിൽ എന്നെ ജയിക്കാൻ ആരെയും ഞാൻ കണ്ടില്ല. അങ്ങനെ സഞ്ചരിക്കുന്നകൂട്ടത്തിൽ ഇവിടെ ജയദേവൻ എന്നൊരു പണ്ഡിതൻ ഉണ്ടെന്നറിഞ്ഞാണിങ്ങോട്ടുപോന്നതു്. അദ്ദേഹത്തോടും ഒന്നുവാദിച്ചു നോക്കാമെന്നാണ് എന്റെ ആശ. ജയിച്ചാലുമായി, തോററാലുമായി, രണ്ടായാലും അതൊന്നു പരീക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ല" എന്നുപറഞ്ഞു.

ജയദേവൻ ഇതുകേട്ട്, ഓടിയെഴുന്നേററുചെന്ന് അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ച്, സ്വാമി! എന്നെ അനുഗ്രഹിക്കണം—ഞാൻ ഒരു പണ്ഡിതനല്ല. അങ്ങെപ്പോലെയുള്ള പൂജ്യന്മാരുടെ പാദസേവകൻ മാത്രമാണ് എന്നറിയിച്ചു.

മായാ-ബ്രാ:—ശരി, ശരി, നീയാണോ ജയദേവൻ—വിഷയസുഖകാരിണിയായ ഭാൎയ്യയെ ജീവിപ്പിക്കുവാൻ അഷ്ടപദി പാടിയവൻ നീയാണോ? കള്ളന്മാർ കൈകാലുകൾ വെട്ടി കിണററിൽ തള്ളിയതു നീയാണോ? പണ്ടു പശുപതിയായ ശിവനെ സേവിച്ച്, ആ കൈകാലുകൾ വാങ്ങിയവനും നീയല്ലയോ?—മുക്കാൽമൂഢനെ മുഴുമൂഢൻ കൊണ്ടാടുന്നതുപോലെ ജ്ഞാനത്തിന്റെ ഗന്ധംപോലുമില്ലാത്ത ഈ രാജാവ്, നിന്നെ ജ്ഞാനിയെന്നും സ്വാമിയെന്നും ലോകൈകഗുരുവെന്നും ഒക്കെപ്പുകഴ്ത്തിപ്പുകഴ്ത്തി നിനക്കഹങ്കാരം കൂററപ്പിച്ചിരിക്കയാണ്, ചൊല്ലീ—നിന്റെ വിദ്യാഭ്യാസവും വംശപാരമ്പൎയ്യവുമെല്ലാമറിയുന്നതു എന്താണെന്നിടെങ്ങനെ ബോധമാണോ. അതിനു സാമൎത്ഥ്യമുണ്ടെങ്കിൽ കൊണ്ടിക്കൊൾക എന്ന് ഉപന്യാസത്തിൽ പറഞ്ഞു. ജയദേവൻ ഇതുകേട്ട്, വിനയാദരപൂൎവ്വം ബ്രാഹ്മണനെത്തൊഴുതു്, സ്വാമിൻ! ഞാൻ ഹാ! ഹാ—കം—പുന അക്ഷരങ്ങളുടെ അൎത്ഥംപോലും അറിഞ്ഞവനല്ല. വ്യാകരണാദി ശാസ്ത്രപാഠങ്ങളും എനിക്കില്ല. എന്നെ

ടെതിരാളിയായി കരുതാതെയിരിക്കാൻ കരുണയുണ്ടാകണം എന്നപേക്ഷിച്ചു. ഭഗവാൻ, അതുകേട്ട്, കോപിച്ചതുപോലെ ഭാവിച്ച്, എടാ ജയദേവ! നിൻെറ ഗൂഢാൎത്ഥപ്രയോഗങ്ങൾ മറ്റുള്ളവൎക്ക മനസ്സിലാകയില്ലെന്നാണോ വിചാരം? നീ എന്താണു പറഞ്ഞതു്? ഹരിഃ—ഓം എന്ന അക്ഷരങ്ങളുടെ അൎത്ഥം നിനക്കറിവാൻ പാടില്ലെന്നോ? അതറിഞ്ഞ മനുഷ്യർ ലോകത്താരുണ്ട്? അതറിഞ്ഞാൽ പിന്നെയറിവാൻ എന്തൊന്നുണ്ട്? പണ്ട് സുബ്രഹ്മണ്യൻ ബ്രഹ്മാവിനോട് ഓംകാരത്തിൻെറ അൎത്ഥം ചോദിച്ചതിൽ അറിവാൻ പാടില്ലാഞ്ഞതിനാൽ അദ്ദേഹത്തെ പിടിച്ചുകെട്ടി തടവിലാക്കിയെന്നും, പരമശിവനറിവാൻ പാടില്ലാതെ പോകയാൽ, സുബ്രഹ്മണ്യൻ തന്നെ ഉപദേശിച്ചുവെന്നും നീ കേട്ടില്ലയോ? ഹരിഃ—ഓം—എന്ന അക്ഷരങ്ങൾകൊണ്ട്, നീ എന്നോടെതിരിടാൻ ഭാവിച്ചതു്, അതുവഴി എന്നെ മടക്കി കീൎത്തിനേടിക്കൊള്ളാമെന്നുള്ള ഗൂഢോദ്ദേശത്തിന്മേലാണെന്നു എനിക്കു മനസ്സിലായി. ആ മഹാക്ഷരങ്ങളുടെ അൎത്ഥം അറിഞ്ഞാൽപിന്നെ, വേദങ്ങളോ ശാസ്ത്രങ്ങളോ പഠിക്കേണ്ട ആവശ്യമുണ്ടോ? അതറിഞ്ഞവനെ മറ്റൊരുത്തനു ജയിക്കാൻ സാധിക്കുമോ? അയ്യയ്യോ! നീ ആരംഭത്തിലേതന്നെ ബ്രഹ്മാസ്ത്രമാണല്ലോ എടുത്തു പ്രയോഗിച്ചതു്? അതുകൊണ്ടു തറച്ചാൽ ഏതൊരെതിരാളിയുടെ ഹൃദയമാണു തകരാത്തതു്? നീ മഹാപണ്ഡിതനാണെന്നു ഇതുകൊണ്ടു പറയാതെ പറഞ്ഞു. ഇതിൻെറ അന്തരാൎത്ഥം എനിക്കു മനസ്സിലാകയില്ലെന്നാണോ നീ കരുതിയതു്?—ഏതായാലുമാകട്ടെ—നിൻെറ സാമൎത്ഥ്യമിതിൽവച്ചറിയണം. നീസമൎത്ഥനാണെങ്കിൽ എന്നെ ജയിക്കണം. ആകട്ടെ—വാദം തുടങ്ങിക്കൊള്ളു. കഴിയുമെങ്കിൽ—എന്നുംമറ്റും പരുഷസ്വരത്തിൽ പറഞ്ഞുതുടങ്ങിയതുകേട്ട്, ജയദേവൻ "ഹാ! ഇതെന്തൊരു ദുൎഘടമാണു്? ഹരിഃ, ഓം എന്നക്ഷരങ്ങളുടെ അൎത്ഥം എനിക്കറിവാൻ പാടില്ലെന്നു പറഞ്ഞതിനു ഇതുവളരെയൊക്കെ വ്യാഖ്യാനിക്കാനുണ്ടോ? ഏതായാലും ഇനി, ഞാൻ ഒന്നും പറയുന്നില്ല. എന്നു മൌനംദീക്ഷിച്ചിരുന്നുകളഞ്ഞു. മായാബ്രാഹ്മണൻ അതുകണ്ട്, ഹേ ജയദേവ! "മൌനോന്മത്തന്മാരോടുമുത്തരംപറയരു"തെന്ന ന്യായമനുസരിച്ച്, ഞാൻ ദുസ്സ്വഭാവിയാണെന്നുദ്ദേശിച്ചാണോ നീ മിണ്ടാതെയിരുന്നുകളഞ്ഞതു്? സഭ്യന്മാരെല്ലാംഎന്നെ നിന്ദിക്കട്ടെ എന്നായിരിക്കാം നിൻെറവിചാരം—ഈവിധത്തിൽ എന്നെജയിക്കാമെന്നാണുദ്ദേശം—അല്ലേ?—എന്തായാലുംശരി—നിന്നെ വാദിച്ചുമടക്കാതെ ഇവിടുന്നു പോകാൻ ഞാൻ നിശ്ചയിച്ചിട്ടില്ല. ഹരിഃ—ഓം—എന്ന അക്ഷരങ്ങളുടെ അൎത്ഥം എനിക്കറിഞ്ഞുകൂടാ എന്ന അൎത്ഥത്തിൽ എന്നെ തോല്പിച്ചുകളയാമെന്നു നിശ്ചയിക്കണ്ടാ. അതു ഞാൻ വിസ്തരിച്ചു പറഞ്ഞുകേൾപ്പിക്കാം—കേട്ടുകൊൾക."

എന്നുപറഞ്ഞ്, സഭ്യന്മാരെനോക്കി, ഹേ സഭാവാസികളേ! നിങ്ങളെല്ലാവരും സശ്രദ്ധം കേട്ടുകൊള്ളണം എന്നാജ്ഞാപിച്ചശേഷം പറവാൻതുടങ്ങി—

ഭക്തന്മാരുടെ പാപം ഹരിക്കുന്നവൻ എന്ന അൎത്ഥത്തിലാണു് ഭഗവാനു ഹരി എന്നു പേരുണ്ടായതു്. ആ ഭഗവാനെത്തന്നെ പ്രണവസ്വരൂപൻ എന്നും പറയപ്പെട്ടു. പ്രണവമെന്നതു്, അകാരഉകാരമകാരവൎണ്ണങ്ങൾചേൎന്നു ഓംകാരമാകുന്നു. ഇതിൻെറ അൎത്ഥം പൂൎണ്ണബ്രഹ്മജ്ഞാനം സമ്പാദിച്ചവൎക്കല്ലാതെ മറ്റുള്ളവൎക്കറിവാൻ പ്രയാസമാണു. ഓംകാരം ബ്രഹ്മം തന്നെയെന്നാണു് വേദം ഘോഷിക്കുന്നതു്. ഓംകാരത്തിൻെറ അൎത്ഥമറിയാത്തവർ സകലവേദശാസ്ത്രജ്ഞാനികളായിരുന്നാലും, അവർ കേവലം മൂഢന്മാരാണെന്നുവേണം പറവാൻ അവരുടെ ശബ്ദാഡംബരമായിരിക്കാനേ തരമുള്ളൂ. സദ്ഗുരൂപദേശമാൎഗ്ഗേണയല്ലാതെ, പ്രണവത്തിൻെറ അൎത്ഥമറിവാൻ സാധിക്കയുമില്ല. വേദാഗമാദികൾക്കെല്ലാം ആധാരം ഓംകാരമാണു്. വേദത്തിൻെറ സാരസൎവ്വസ്വം ഓംകാരമാണെന്നുവേണം പറവാൻ. ദേവസ്ഥാനങ്ങൾക്കും ആധാരമായും ആധേയമായുമിരിക്കുന്നതും അതുതന്നെ. സകലമന്ത്രങ്ങൾക്കും ഉയിരായിരിക്കുന്ന മൂലാക്ഷരവും അതുതന്നെ. തപം, ജപം, യോഗം, ധ്യാനം, വേദാധ്യയനം, വേദാന്തശ്രവണം, മനനം, നിദിദ്ധ്യാസനം, സമാധി മുതലായതിനെല്ലാം ആശ്രയം ഓംകാരം ഒന്നുതന്നെയാണു്. ചക്രങ്ങൾക്കു നാഭിയിലെന്നപോലെ ഈ പ്രപഞ്ചചക്രത്തിൻെറ തിരിക്കാണിയായതോങ്കാരം. അ

തിന്റെ അർത്ഥമറിഞ്ഞാൽ ഭൂതഭവിഷ്യദ്വർത്തമാനകാലജ്ഞാനം താനേയുണ്ടാകുന്നു. പ്രണവാർത്ഥശോധനകൊണ്ടാണ്, അജ്ഞാനം, സന്ദേഹം, ലോകവാസന, ദേഹവാസന മുതലായവയെല്ലാം നശിച്ച്, ദൃഢപ്രജ്ഞയുണ്ടാകുന്നത്. അഷ്ടാക്ഷരപഞ്ചാക്ഷരങ്ങൾക്കും സഫലമായ ശ്രേഷ്ഠതയുണ്ടാക്കുന്നതു പ്രണവമാകുന്നു. വൃക്ഷങ്ങൾക്കു ജലവും സ്ത്രീകൾക്കു പാതിവ്രത്യവും പുരുഷന്മാർക്കു വിവേകവും ആധാരം ആയിരിക്കുന്നതുപോലെ, സമസ്തകർമ്മങ്ങൾക്കും സമസ്തമന്ത്രങ്ങൾക്കും സമസ്തശാസ്ത്രങ്ങൾക്കും ആധാരം ഓങ്കാരംതന്നെയാകുന്നു. ബ്രഹ്മൈക്യം സിദ്ധിച്ച പരമജ്ഞാനികൾക്കു അതിന്റെ അർത്ഥം അറിയാൻ നിഷ്പ്രയാസം സാധിക്കുന്നതുപോലെ ബ്രഹ്മൈക്യം സിദ്ധിക്കാത്തവർ എത്രതന്നെ ശ്രമിച്ചാലും അർത്ഥം അറിവാൻ സാധിക്കുന്നില്ല. ബുദ്ധിമാനെന്നോ യുക്തിമാനെന്നോ വ്യുല്പന്നനെന്നോ മുമുക്ഷുവെന്നോ ശ്രേഷ്ഠനെന്നോ പണ്ഡിതനെന്നോ ഭക്തനെന്നോ മുക്തനെന്നോ സിദ്ധനെന്നോ ശുദ്ധനെന്നോ ഒരുത്തനെപ്പറയണമെങ്കിൽ അവൻ പ്രണവാർത്ഥമറിഞ്ഞവനായിരിക്കണം. പ്രണവാർത്ഥമറിഞ്ഞവനേ ഭ്രാന്തിരഹിതനായ ബ്രഹ്മജ്ഞനാകയുള്ളു. അല്ലാത്തവൻ ഭ്രാന്തനായ ഹീനൻതന്നെയെന്നു പറയാം. ബ്രഹ്മജ്ഞാനത്തിനു മുഖ്യമായിവേണ്ടുന്ന ഉപകരണം അഹംഭാവനാശമാകുന്നു. അതു നീങ്ങാതെയുള്ളവർക്കു കല്പകോടികൾ കൊണ്ടും ജന്മമോ ദുഃഖമോ അവസാനിക്കുന്നില്ല. അവർ മായാകന്യകയുടെ അടുക്കുന്നതിനുള്ള ഒരു പന്തുപോലെ ഭ്രമിച്ച്, ബ്രഹ്മപ്രളയപര്യന്തം ചുഴലിക്കാററിലകപ്പെട്ട ഇലവിൻപഞ്ഞിപോലെയും കാട്ടുതീയാൽ ചുററപ്പെട്ട സർപ്പത്തെപ്പോലെയും ഉഴന്നു ദുഃഖിച്ച്, ഒടുവിൽ നരകത്തിനു പാത്രമായിത്തീരുന്നു. ഹേ! സഭാവാസികളേ! മൂന്നുമാത്രയോടുകൂടിയ ഓങ്കാരത്തിന്റെ അകാരം ജാഗ്രദവസ്ഥയെന്നും ബ്രഹ്മദേവനെന്നും സൃഷ്ടിയെന്നും രാജസമെന്നും ഋഗ്വേദമെന്നും മർത്ത്യലോകമെന്നും മനസ്സെന്നും അർത്ഥത്തോടുകൂടിയതാകുന്നു. ഉകാരം സ്വപ്നാവസ്ഥയെന്നും വിഷ്ണുവെന്നും അവസ്ഥിതിയെന്നും സത്വമെന്നും യജുർവേദമെന്നും സ്വർഗ്ഗലോകമെന്നും ബുദ്ധിയെന്നും അർത്ഥത്തോടുകൂടിയതാണ്. മകാരം സുഷുപ്ത്യവസ്ഥയെന്നും രുദ്രനെന്നും സംഹാരമെന്നും കലയെന്നും സാമവേദമെന്നും പാതാളലോകമെന്നും അഹംകാരമെന്നും അർത്ഥമുള്ളതുമത്രേ. അർദ്ധമാത്ര തുര്യാവസ്ഥയെന്നും ആദിശക്തിയെന്നും ജ്ഞാനമെന്നും അഥർവ്വണവേദമെന്നും മോക്ഷലോകമെന്നും ചിത്തമെന്നും പറയപ്പെടുന്നതുമാണ്. കൂടാതെ ഓങ്കാരത്തെ അണ്ഡപിണ്ഡബ്രഹ്മാണ്ഡങ്ങളെന്നും ഇച്ഛാക്രിയാജ്ഞാനശക്തികളെന്നും, സത്വരജസ്തമോഗുണങ്ങളെന്നും, ഇഡാപിംഗലാ സുഷുമ്നാനാഡികളെന്നും, ഗംഗാ യമുനാ സരസ്വതി നദികളെന്നും മനോവാക്കായങ്ങളെന്നും വാണീ ലക്ഷ്മീ ഭവാനീ ഭഗവതിമാരെന്നും ആദിമദ്ധ്യാന്തങ്ങളെന്നും, മാതാപിതാഗുരുക്കന്മാരെന്നും വാസനാവഞ്ചിതപ്രാരബ്ധങ്ങളെന്നും ആദ്ധ്യാത്മികാധിദൈവികാധിഭൌതികതാപങ്ങളെന്നും ചന്ദ്രസൂര്യാഗ്നിതേജസ്സുകളെന്നും പറയപ്പെടുന്നു. മനസ്സ് എന്ന ശബ്ദത്തിൽ മ എന്നതു തമോഗുണവും ന എന്നതു രജോഗുണവും അർദ്ധസകാരം സത്വഗുണവുമാണ്. അതനാൽ ശരീരത്തിലടങ്ങിയ തൊണ്ണൂററാറു തത്വങ്ങളിൽ ഓരോന്നിലും, ഓങ്കാരാധിപതികളായ ത്രിമൂർത്തികൾ ഇരുന്ന്, അവരവരുടെ തൊഴിലിനെ ചെയ്യുന്നു. ത്രിമൂർത്തികൾക്കാധാരമായ അകാരഉകാരമകാരാക്ഷരങ്ങളില്ലാത്തവസ്തു ഏതുലോകത്തും ഏതുകാലത്തുമില്ലെന്നുതന്നെ പറയണം.

ഓങ്കാരത്തെ ഇനിയുമൊരുവിധത്തിൽ വ്യാഖ്യാനിക്കാം. അകാരംസ്ഥൂലദേഹവും ഉകാരം സൂക്ഷ്മദേഹവും, മകാരം കാരണദേഹവും അർദ്ധമാത്രമഹാകാരണദേഹവുമാകുന്നു. മൂന്നുദേഹങ്ങൾക്കും സാക്ഷിയായ മഹാകാരണദേഹത്തെ, പരമാത്മാവെന്നും ആനന്ദമെന്നും ആദ്യാദികാരണമെന്നും, ബ്രഹ്മൈക്യസാധനമെന്നും, നിത്യസത്യവസ്തുവെന്നും, നിർവ്വാണപദമെന്നും സംശുദ്ധയോഗീശ്വരന്മാർ പറയുന്നു. തുര്യദേവിയോടുകൂടിസുഖിച്ചിരിക്കുന്ന ആത്മാരാമനെ തുര്യാതീതനെന്നും, പരമാത്മാവെന്നും, പരിപൂർണ്ണനെന്നും, പരമേശ്വരനെന്നും, ഭഗവാനെന്നും പറയുന്നു. അതിനാൽ തുര്യദേവിയെന്നതു് ആനന്ദമാണെന്നും അതിനെ അനുഭവിക്കുന്നവൻ ആത്മാരാമനാണെന്നും പറയാം. കല്പിതാർദ്ധമാത്രയായ മായയോട് സത്യാർദ്ധമാത്രനായ ബ്രഹ്മം കൂടി ചേരാൻപാടില്ലായ്കകൊണ്ട്, മദ്ധ്യേ അ

കാരഉകാരമകാരാക്ഷരങ്ങൾക്കിടംകൊടുത്തിരിക്കുന്നു. നിശ്ശബ്ദമായ ബ്രഹ്മത്തിൽനിന്നു്, ഓങ്കാരം ഉണ്ടായി. അതിൽ ശബ്ദവും പദവും വാക്കും വേദാഗമങ്ങളുമെല്ലാമുണ്ടായി. വേദാഗമങ്ങൾ വാച്യാൎത്ഥമെന്നും ഓങ്കാരം ലക്ഷ്യാൎത്ഥമെന്നും, ജ്ഞാനികൾപറയുന്നു. വാചാജ്ഞാനികൾക്കു വാച്യാൎത്ഥമറിവാൻപാടില്ലാത്തതുപോലെ ജാഗ്രൽസ്വപ്നസുഷുപ്ത്യന്തരുതിയുള്ളപ്പോൾ, തുൎയ്യാനുഭവം ഉണ്ടാവുക ദുൎല്ലഭമാകുന്നു. അകാരത്തിൽ മനുഷ്യരും ഉകാരത്തിൽ ദേവന്മാരും മകാരത്തിൽ രാക്ഷസന്മാരും അൎദ്ധമാത്രയിൽ മുക്തന്മാരായ ജ്ഞാനികളും ഉണ്ടാകുന്നുവെന്നു വേദത്തിൽ പറയുന്നു. അതുകൊണ്ടു ത്രിമൂൎത്തികളെക്കാളും ശ്രേഷ്ഠത്വം ബ്രഹ്മജ്ഞാനികൾക്കാണെന്നു സിദ്ധിക്കുന്നു. കൂടാതെ, ഓം നമോനാരായണായ ഓം നമശ്ശിവായ എന്നീസഗുണബ്രഹ്മപ്രധാനമന്ത്രങ്ങൾക്കു് ആദിയിലിരിക്കുന്നതു ഓങ്കാരമാകുന്നു. അതുകൊണ്ടു സഗുണനിൎഗ്ഗുണബ്രഹ്മസ്വരൂപത്വം ഓങ്കാരത്തിനുണ്ടു്. ഓങ്കാരത്തെ ഉച്ചരിക്കുന്നവർ ത്രിമൂൎത്തികളേയും ആദിശക്തിയേയും ഒരേസമയം ഉപാസിക്കുന്നു. നിൎഗ്ഗുണമമ്മമായ ഹംസോഹം എന്ന ജപമന്ത്രത്തെ അൎജ്ജുനാ! നീ ജപിച്ചാലും എന്നു്, ശ്രീകൃഷ്ണഭഗവാനും, ശിവോഹമെന്ന അദ്വൈതമന്ത്രത്തെത്തന്നെ ശ്രീരാമാ! നീ ജപിച്ചാലുമെന്നു വസിഷ്ഠമഹൎഷിയും അരുളിച്ചെയ്തു. മഹാവാക്യങ്ങൾക്കു പ്രധാനഅവയവവും ആധാരവുമായിരിക്കുന്നതു ഓങ്കാരമാകകൊണ്ടു്, പ്രണവത്തിന്റെ മഹിമ ആൎക്കുതന്നെ പറവാൻകഴിയും. ഹേ ജയദേവ! പ്രണവത്തിന്റെ അൎത്ഥം ഇതുകൊണ്ടൊന്നുമവസാനിച്ചില്ല. ഇനിയുംപറയാം കേട്ടുകൊൾക. "ഓ" അഹമെന്നും അ ബ്രഹ്മമെന്നുമൎത്ഥമായി, അഹംബ്രഹ്മാഎന്നമഹാവാക്യത്തെപ്രകടിപ്പിച്ചു്, നിൎഗ്ഗുണബ്രഹ്മൈക്യത്തെ പ്രകാശിപ്പിക്കുന്ന തത്വമായി വിളങ്ങുന്നു. എല്ലാവററിലും പ്രധാനമായതു്, ഓങ്കാരമാണെന്നറിഞ്ഞുകൊൾക. ആദിയിൽ പരബ്രഹ്മത്തിൽനിന്നും ഓങ്കാരസ്വരൂപഭൂതന്മാരായ ത്രിമൂൎത്തികൾ ഉണ്ടായി. ആ ക്രമത്തിന്നാണു് ബ്രഹ്മാവിന്റെ സൃഷ്ടിയും. ഓങ്കാരസ്വരൂപമായ ശിരസ്സിനെ ആദ്യം സൃഷ്ടിക്കയും അപ്രധാനങ്ങളായ അവയവങ്ങളെ പിന്നീടു സൃഷ്ടിക്കയുംചെയ്തു. അതുപോലെ ഏതുജാതിയിലോ ഏതുവസ്തുവിലൊ പ്രധാനമായതെല്ലാം ഓങ്കാരമയമാകുന്നു. ഹേ ജയദേവ! ഇത്രയുംപറഞ്ഞതുകൊണ്ടു ഓങ്കാരത്തിന്റെ അൎത്ഥം നിനക്കു വെളിപ്പെട്ടുവോ? നിനക്കതുസമ്മതമായോ? ഞാൻ പറഞ്ഞതിൽ വല്ല അയുക്തഭാഗങ്ങളുമുണ്ടെങ്കിൽ അതുപറഞ്ഞുതന്നെതോല്പിച്ചുകൊൾക എന്നരുളിച്ചെയ്തു. ജയദേവർ മായാബ്രാഹ്മണനെത്തൊഴുതു, സ്വാമി! ഇതെന്തൊരുവഴക്കാണു. സൂൎയ്യന്റെമുമ്പിൽ മിന്നാമിനുങ്ങു് എന്നപോലെയും സമുദ്രത്തിന്റെമുമ്പിൽ നീൎക്കുമുളയെന്നപോലെയും അങ്ങേ മുമ്പിലിരിക്കുന്ന എന്നെ എതിരാളിയായികല്പിച്ചു് വാദത്തിനൊരുമ്പെടുന്നതു സങ്കടമാണു്. ഞാൻ അജ്ഞനായ ഒരു സാധുബ്രാഹ്മണനാണു്. ഇതാ എന്റെ അറിവുകൊണ്ടുണ്ടാക്കിയ ഗ്രന്ഥമാണിതു്. എനിക്കറിയാവുന്നതെല്ലാം അതിൽ അന്തൎഭവിച്ചിട്ടുണ്ടു്. അതിനെ വായിച്ചുനോക്കി എന്നെ അനുഗ്രഹിക്കണം. എന്നുപറഞ്ഞു ഭാഗവതഗ്രന്ഥത്തെ മായാബ്രാഹ്മണന്റെ കൈയിൽകൊടുത്തു. അദ്ദേഹംഅതുവായിച്ചുനോക്കി, ഇതു് നീ ഉണ്ടാക്കിയ ഭാഗവതമല്ല; പണ്ടാരോ എഴുതിയതാണു്. ഇങ്ങനെയാണോ നീ കവിയും വിദ്വാനുമാകാൻ ശ്രമിക്കുന്നതു്. എന്നുപറഞ്ഞപരിഹസിച്ചുചിരിച്ചതുകേട്ടു രാജാവു്, സ്വാമി! ഈ ഭാഗവതം ജയദേവസ്വാമിതന്നെനിൎമ്മിച്ചതാണു്. അതിന്റെ വാസ്തവം എനിക്കറിയാം, ലോകംകീഴ്മേൽമറിഞ്ഞാലും അദ്ദേഹം ഒരക്ഷരം കള്ളംപറയുന്ന ആളല്ല. എന്നുറപ്പു പറഞ്ഞു. ഭഗവാൻ, അതുകേട്ടു, ഹേ ജയദേവ! നിനക്കുവേണ്ടി കള്ളസ്സാക്ഷിപറയണമെന്നു നീ ഈ രാജാവിനെ ശട്ടംകെട്ടിയിട്ടുണ്ടായിരുന്നു. ഇല്ലേ? അല്ലെങ്കിൽ നീ ഇപ്പോൾ നൂതനമായി എഴുതിയ ഭാഗവതം ഞാൻ പണ്ടേ കാണാപ്പാഠമാക്കിവച്ചിരിക്കുന്നതെങ്ങനെ? പഴയകാലത്തെ ഇതുഞാൻ വായിച്ചുപഠിച്ചിട്ടുള്ളതാണു്. ഇപ്പോൾ എനിക്കു മുറയ്ക്കുതോന്നുകയുംചെയ്യും. പരീക്ഷിക്കണമെങ്കിൽ ഈ ഭാഗവതം നീ കൈയിൽവച്ചുനോക്കിക്കൊൾക അതിൽനിന്നു ഒരക്ഷരം ഭേദമില്ലാതെ ഞാൻ ചൊല്ലിക്കേൾപ്പിച്ചുതരാം—എന്നുപറഞ്ഞു്, ആ ഗ്രന്ഥത്തെ ജയദേവരുടെ കൈയിൽകൊടുത്തിട്ടു്, ഭഗവാൻ കാണാപ്പാഠമായിച്ചൊല്ലാൻതുടങ്ങി. ജയദേവർ, ത

ന്റെ ഭാഗവതം നോക്കിയതിൽ അതിൽ എഴുതിയിരിക്കുന്നതിനു യാതൊരുഭേദവുമില്ലാതെ ബ്രാഹ്മണൻ ചൊല്ലുന്നതുകേട്ടു, ഭ്രാന്തചിത്തനായിത്തീർന്നുകൊണ്ടു ശൂന്യമനസ്സോടെ നിശ്ചലനായി നിന്നുപോയി. ഭഗവാൻ ജയദേവസ്വാമിയുടെ ശബ്ദപുഷ്ടിയും ലളിതകോമളമധുരവുമായ കാവ്യരസത്തിൽ മുഴുകി ആനന്ദിച്ച്, തന്റെ സ്വന്തകൈയ്യെഴുതിയിരിക്കുന്നഭാഗം വന്നപ്പോൾ അതിന്റെ അർത്ഥസാരത്തിൽ മനസ്സുചായിച്ചു അല്പനേരത്തേക്കിളകാതിരുന്നു. ഉടനേ, മായാരൂപംനീങ്ങി ഭഗവാന്റെ സാക്ഷാൽ സ്വരൂപം പ്രകാശിച്ചു തുടങ്ങി. ശംഖചക്രഗദാപത്മശോഭമാന ചതുർഭുജനായ ശ്രീനാരായണനെ ആ ഭാഗത്തു കാണപ്പെട്ട ഉടനേ, സദസ്സാകമാനം വിസ്മയാനന്ദപരവശരായി ഹരേജയ ശബ്ദത്തോടുകൂടി എഴുന്നേററു വന്ദിച്ചുനിന്നു. ബ്രഹ്മാദി ദേവന്മാരെല്ലാം തൽക്ഷണം എഴുന്നള്ളിവന്ന്, ആകാശത്തിൽ പരന്നു, കല്പകപ്പൂക്കൾ കലമോടെവാരി വർഷിച്ചു തുടങ്ങി. ദുന്ദുഭിമുതലായ വാദ്യങ്ങളും മുഴക്കി. നാരദൻ വീണാഗാനവും അപ്സരസ്സുകൾ നൃത്തവും ആരംഭിച്ചു. ജയദേവരുടെ ഭക്തിരസപ്രസന്നമായ, സരസപദ്യങ്ങൾ ചൊല്ലുംതോറും ആനന്ദം വർദ്ധിക്കയാൽ ഭഗവാൻ ആ സഭാമണ്ഡപത്തിൽ എഴുന്നേററുനിന്നുതന്നെമറന്നു സന്തോഷനൃത്തം തുടങ്ങി. ചുവടു ഉലഞ്ഞാൽ വൃക്ഷംമുഴുവൻ ഉലയും എന്നപോലെ ഭഗവാൻ നൃത്തം തുടങ്ങിയപ്പോൾ, അവിടെ സന്നിഹിതരായിരുന്ന എല്ലാവരും ആനന്ദനൃത്തം ആരംഭിച്ചു. ഇങ്ങനെ നാലു യാമത്തോളം നൃത്തംനടന്നുകൊണ്ടേയിരുന്നു. ഈ അത്ഭുതംകണ്ടു പരമശിവൻ പാർവ്വതിയോടുകൂടി വൃഷഭാരൂഢനായി ആ സഭയിൽ എഴുന്നരുളി ശ്രീമൻ നാരായണന്റെ കൈകളിൽപിടിച്ചുകൊണ്ടു ഭഗവൻജനാർദ്ദന!സുഖവർദ്ധന!കാളിയമർദ്ദന!രക്ഷിതനിർദ്ധന! ഇതെന്തൊരുലീലാവിലാസമാണു? സ്വന്തമായയിൽ മുഴുകിപ്പോയെന്നുണ്ടോ? തന്നത്താൻ മറന്ന് ആത്മപ്രശംസചെയ്തുകൊണ്ടു ഇങ്ങനെ ആനന്ദനൃത്തം ആരംഭിച്ചതു് ശരിയോ എന്നു ഓരോന്നുപറഞ്ഞു സ്തുതിക്കുമ്പോൾ ഭഗവാൻ കണ്ണുതുറന്നു നോക്കി_ തന്റെ സ്വന്തരൂപംപ്രകാശിതമായി എന്നുള്ളതു അപ്പോഴാണറിയുക. തന്മൂലം ആശ്ചര്യഭരിതനായ ഭഗവാൻ, ജയദേവനെ ആശ്ലേഷിച്ചു, ഹേ ഭക്തോത്തമ! നിന്നാൽ എഴുതപ്പെട്ട ഭാഗവതം ആദ്യമായി ഞാൻതന്നെവായിച്ചുരസിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ബ്രാഹ്മണരൂപം എടുത്തുവന്നതാണു. വായിച്ചു വന്നപ്പോൾ അതിന്റെ സ്വാരസ്യത്താൽ അപഹൃതനായ ഞാൻ എന്നെത്തന്നെ മറന്ന് ആനന്ദനടനം ചെയ്വാൻ ഇടയായി. പഴയഭാഗവതം മുഴുവൻവായിക്കുന്നഫലം നിന്റെഈ ഭാഗവതത്തിൽ ഒരദ്ധ്യായംവായിച്ചാൽ ലഭിക്കുന്നതാണ്. ഇതിൽ കൂടുതലായലോകോപകാരം നീ ചെയ്വാനില്ല എന്നരുളിച്ചെയ്തു, പരമശിവനെ സംഭാവിച്ചു അന്തർദ്ധാനംചെയ്തു. മഹേശ്വരൻ മുതലായ മറെറല്ലാവരും ജയദേവർക്കും രാജാവിനും മേൽക്കുമേൽആശിസ്സുവദിച്ചുകൊണ്ടു നഭോമണ്ഡലത്തിൽ മറഞ്ഞു.

പത്താമദ്ധ്യായം കഴിഞ്ഞു.

## പതിനൊന്നാമദ്ധ്യായം

### (ജയദേവരുടെ അഷ്ടകങ്ങളെ ഗംഗയിലിട്ടു പരിശോധിച്ചതു്)

വിഷ്ണുഭഗവാൻ മുതലായവർ ഇങ്ങനെ അനുഗ്രഹിച്ച് അന്തർദ്ധാനംചെയ്തശേഷം ജയദേവസ്വാമികൾ സന്തുഷ്ടനായി ഗോപസ്ത്രീകളെ വിഷയീകരിച്ച്, ഓരോ അഷ്ടകങ്ങൾ നിർമ്മിച്ച് പാടിക്കൊണ്ടിരുന്നു. അതിലൊന്നിൽ രാധയുടെ കാലടികൾ ഭഗവാന്റെ ശിരസ്സിൽവച്ചതായി എഴുതേണമെന്നുതോന്നി പദങ്ങളും അതിന്നനുകൂലമായിത്തന്നെ നാവിലുദിച്ചു. അതുയുക്തമല്ലെന്നുതോന്നുകയാൽ അഷ്ടകത്തെ മററി മറെറാരുവിധത്തിൽ എഴുതിത്തുടങ്ങി. എന്നിട്ടും സ്വാഭാവികമായിത്തന്നെ നാവിലുദിച്ചപദങ്ങൾ

മേൽപറഞ്ഞ വിധത്തിൽതന്നെയായിരുന്നു. രാധയുടെ പാദങ്ങൾ ഭഗവാന്റെ ശിരസ്സിൽ വച്ചതായി വല്ലപുരാണങ്ങളിലോ സ്തോത്രങ്ങളിലോ പറഞ്ഞിട്ടുണ്ടോയെന്നു സംശയിച്ച് വീണ്ടും അഷ്ടകംമാറിയെഴുതിത്തുടങ്ങി. ഇങ്ങനെ ഇരുപത്തഞ്ചുപ്രാവശ്യം മാറിഎഴുതീട്ടും രാധയുടെ പാദങ്ങൾ ഭഗവച്ഛിരസ്സിൽ വച്ചതായിതന്നെ മനസ്സിലും നാവിലും മുളിച്ചു. അതെന്തൊരത്ഭുതമെന്നു നിശ്ചയിച്ച്, സ്വാമികൾ വേദപുരാണാദികൾ പരിശോധിക്കുന്നതിനും വിജ്ഞന്മാരോടു ചോദിച്ചുസംശയനിവൃത്തിവരുത്തുന്നതിനുമായിഅവിടെനിന്നും ഇറങ്ങിത്തിരിച്ചു. അതുകണ്ടു രാജാവും പത്മാവതിയും, അദ്ദേഹത്തോടുകൂടിപോകാനായി പിന്തുടൎന്നു. ഉടനേ രാജമന്ത്രികൾ ചെന്നു രാജാവിനേയും സ്വാമികളെയും വന്ദിച്ച്, നടന്നു ബുദ്ധിമുട്ടാതെ വാഹനങ്ങളിൽ കയറിപ്പോകാൻ കരുണയുണ്ടാകണമെന്നപേക്ഷിച്ചു. സ്വാമി, അതിനിങ്ങനെ മറുപടിപറഞ്ഞു. ഹേ മന്ത്രിപ്രധാനന്മാരേ പുണ്യസ്ഥലദർശനത്തിനു പോകുന്നതു കാൽനടയായിത്തന്നെവേണ്ടതാണു. എന്തെന്നാൽ ഒരു വാക്യത്താൽ സ്വൎഗ്ഗാദിഭോഗങ്ങളെ അനുഭൂതമാക്കിക്കൊടുക്കാൻ ശക്തിയുള്ള ഉത്തമന്മാർപോലും കാൽനടയായി സഞ്ചരിച്ചു, പുണ്യസ്ഥലങ്ങളെ ദർശിക്കുന്ന സ്ഥിതിക്ക്, അവരിൽ എത്രയോ താഴ്ന്ന നിലയിലുള്ള ഞാനും ഈ രാജാവും വാഹനത്തിന്മേൽ സവാരിചെയ്യണമെന്നാണോ നിങ്ങൾ പറയുന്നതു? രാജാവിനെക്കാണ്മാൻ സാധാരണ പ്രജകൾ വരുന്നതുകാൽനടയായല്ലേ അങ്ങനെയല്ലേവേണ്ടതും? അതുപോലെ നമ്മേക്കാൾ ശ്രേഷ്ഠന്മാരായ പുണ്യാത്മാക്കളെക്കാണ്മാൻപോകുന്ന നാം വാഹനങ്ങളിൽ പോകുന്നതുശരിയല്ല; എന്നുപറഞ്ഞു മുന്നോട്ടു നടന്നു. ഉടനേ രാജാവ്, മന്ത്രിമാരെനോക്കി, നിങ്ങൾ ഞാൻ മടങ്ങിവരുന്നതുവരെ, രാജ്യംഭംഗിയായി ഭരിച്ചിരിക്കണം. സ്വാമിയെഅനുഗമിക്കാതെ എനിക്കു നിവൃത്തിയില്ല എന്നുപറഞ്ഞു. അതുകേട്ടു, മന്ത്രിമാർ, സ്വാമി! തളിരുപോലെ മൃദുവായ ഈ പാദങ്ങൾ, കല്ലിലും മുള്ളിലും പതിക്കാൻ ശക്തങ്ങളാകുമോ എന്നുചോദിച്ചു. രാജാവ്, ഹേ അമാത്യന്മാരേ! ദുഃഖമനുഭവിക്കാതെ സുഖം ലഭിക്കുമോ പുണ്യംവേണമെങ്കിൽ നടന്നുതന്നെപോകണമെന്നു സ്വാമിതന്നെ അരുളിച്ചെയ്തതു നിങ്ങൾകേട്ടിട്ടില്ലേ? പണ്ടുപാണ്ഡവന്മാരും പാഞ്ചാലിയുംകാട്ടിൽ പോയതും തേരിൽകയറിയായിരുന്നോ! അൎജ്ജുനനുംബലഭദ്രനും തീർത്ഥയാത്രപോയതു തേരിൽകയറിയായിരുന്നോ? ശ്രീരാമൻവനത്തിൽചുററിനടന്നതും പരമശിവൻ ബ്രഹ്മഹത്യ തീർക്കാൻ ഭിക്ഷാടനത്തിനിറങ്ങിയതും തേരിൽ കയറാൻകഴിവില്ലായ്കകൊണ്ടായിരുന്നോ? ഹേ മന്ത്രിമാരേ! മഹാദേവൻ വാസുദേവൻ നളൻ ഹരിശ്ചന്ദ്രൻമുതലായവരെല്ലാം കാൽനടയായി നടന്ന്, കല്ലിലുംമുള്ളിലും ചവിട്ടിസംകടമനുഭവിച്ചിട്ടുള്ളതോർത്താൽ എനിക്കുകാൽനടസഞ്ചരിക്കാൻ പാടില്ലാതിരിക്കത്തക്ക മേന്മയെന്താണ്? സമ്പത്തുവെള്ളത്തിലെകുമിളപോലെയല്ലയോ? രാജത്വം കേവലം മനുഷ്യകല്പിതമായ ഒരുസ്ഥാനമെന്നല്ലാതെ, ആത്മജ്ഞാനികളുടെ ദൃഷ്ടിയിൽ അതിനെന്തൊരു ശ്രേഷ്ഠത്വമാണുള്ളതു്?" എന്നോരോ തത്വസാരങ്ങൾ പറഞ്ഞ്, സ്വാമികളോടൊന്നിച്ച്, കാൽനടയായിത്തന്നെ യാത്രതിരിച്ചു. അതുകണ്ട് വിദൂഷികയായ രാജ്ഞിയും സന്യാസവേഷം ധരിച്ച്, അദ്ദേഹത്തെഅനുഗമിച്ചു. ജയദേവനും പത്നിയും രാജാവും പത്നിയും ഇങ്ങനെ നാലുപേരുമായിത്തിരിച്ചു, പലരാജ്യങ്ങളിലും സഞ്ചരിച്ചു, ഒടുവിൽ കാശിയിൽചെന്നു ചേൎന്നു. അത്യമായി എല്ലാവരും ഗംഗാസ്നാനംചെയ്തു, വിശ്വനാഥദർശനം കഴിച്ചുശേഷം, പരിസരപ്രദേശത്തിൽ സ്ഥിതിചെയ്യുന്ന സാധുക്കളെച്ചെന്നുകണ്ടു, വന്ദിച്ച്, ജയദേവൻ തന്റെ സംശയത്തെക്കുറിച്ചുചോദിച്ചു. ശരിയായമറുപടി അതിൽനിന്നും ലഭിക്കായ്കയാൽ കുണ്ഠിതത്തോടുകൂടി രാത്രിയായപ്പോൾ, അവിടെ ഒരുസത്രത്തിൽകേറിക്കിടന്നുറങ്ങി. ഉടനേ കാശിവിശ്വനാഥൻ ജയദേവരുടെ സ്വപ്നത്തിൽപ്രത്യക്ഷപ്പെട്ട്, വിശ്വനാഥപരമായി അഷ്ടപദികൾ നിർമ്മിച്ചാൽ സംശയനിവൃത്തിയുണ്ടാകുമെന്നരുളിച്ചെയ്തു മറഞ്ഞു. അപ്പോൾതന്നെ ജയദേവൻഉണൎന്നു, പ്രഭാതമാകുന്നതിനുമുമ്പ്, അഷ്ടപദികളെല്ലാം എഴുതിത്തീൎത്തുവച്ചു. പ്രഭാതമായപ്പോൾ വിശ്വനാഥൻ ഒരുപണ്ഡിതബ്രാഹ്മണന്റെ രൂപം ധരിച്ചു, പല ശിഷ്യന്മാരോടുകൂടി ജയദേവൻ ഇരിക്കുന്നസത്രത്തിന്റെ പടിവാതുക്കൽ എത്തി

സകലശാസ്ത്രപാരംഗതനായ ഒരുമഹാബ്രാഹ്മണൻ ജയദേവനെക്കാണ്മാൻആഗ്രഹിക്കുന്നു എന്നു ചെന്നറിയിക്കാൻ ശിഷ്യന്മാരിൽ ഒരുത്തനെ നിയോഗിച്ചയച്ചു. ജയദേവൻ അതുകേട്ട്, അദ്ദേഹത്തോടു ചോദിച്ചു തന്റെ സംശയനിവൃത്തിവരുത്താമെന്നുള്ള ആശയോടുകൂടി, തൽക്ഷണംതന്നെചെന്നു, അദ്ദേഹത്തെ വന്ദിച്ചു; അകത്തുകൂട്ടിക്കൊണ്ടുപോയി ഒരു ഭദ്രാസനത്തിൽ ഉപവേശിപ്പിച്ചു. അനന്തരംതന്റെ സംശയത്തെക്കുറിച്ചു, ആബ്രാഹ്മണശ്രേഷ്ഠനോടുചോദിച്ചു. ബ്രാഹ്മണൻ ആ അഷ്ടകങ്ങൾഇരുപത്തഞ്ചും വാങ്ങിവായിച്ചു നോക്കുകയും, സമീപമുള്ള വിദ്വാന്മാരെയൊക്കെ ആളയച്ചുവരുത്തി, ജയദേവരുടെഅയുക്തപ്രസ്താവത്തെക്കുറിച്ചു, അഭിപ്രായംചോദിക്കയുംചെയ്തു. ഭഗവൽപാദങ്ങൾ വേദങ്ങളുടെ ശിരസ്സിൽ അലങ്കരിച്ചിരിക്കുന്നതായിശാസ്ത്രങ്ങളിൽഘോഷിച്ചിരിക്കുന്നസ്ഥിതിക്കു,രാധയുടെപാദങ്ങൾ ഭഗവാന്റെ ശിരസ്സിൽ വച്ചതായിപ്പറഞ്ഞതു്, ഒട്ടുംയുക്തമല്ലെന്നുതന്നെഎല്ലാവിദ്വാന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. ജയദേവൻ, ലജ്ജിതനായി പ്രമാദത്താൽ തനിക്കുവന്നുപോയ തെറ്റിനെ! ക്ഷമിക്കണമെന്നു്, അവരോടപേക്ഷിച്ചു. മായാബ്രാഹ്മണൻ അതുകേട്ടു്, ഹേ ജയദേവ! ഇരുപത്തഞ്ചഷ്ടകങ്ങളിലും ഒരുപോലെ പ്രമാദം വരുന്നതെങ്ങനെയെന്നു ചോദിച്ചുപരിഹസിക്കയും, കവിസാർവഭൌമനെന്നു ജയദേവരെ എല്ലാവരുംകൊണ്ടാടുന്നതു മിഥ്യാബോധത്താലാണെന്നു സ്ഥാപിച്ചാക്ഷേപിക്കയുംചെയ്തു. അതിലേക്കു ഒരു പരീക്ഷയായി അഷ്ടകങ്ങളെയെല്ലാം ഗംഗയിൽ ഇട്ടുനോക്കണമെന്നും ഗംഗ അതുകളെ അംഗീകരിക്കാത്തപക്ഷം, അതുകളും ജയദേവൻ അതിനുമുമ്പെഴുതിയ ഭാഗവതവും നിഷിദ്ധകോടിയിൽ തള്ളേണമെന്നും ഒരു തീരുമാനം ഉണ്ടാക്കി. അതനുസരിച്ചു്, മായാബ്രാഹ്മണൻതന്നെ അഷ്ടകങ്ങളുമെടുത്തു്, എല്ലാവരെയും വിളിച്ചുകൊണ്ടു്, ഗംഗാതീരത്തിലെത്തി. ഹേ ഗംഗാഭഗവതി! ഭവതിയുടെ കമിതാവായ, കാളകണ്ഠനെ സ്തുതിച്ചു്, പാടിയിരിക്കുന്ന ഈ അഞ്ചഷ്ടകങ്ങളിലും ശ്രീകൃഷ്ണഭഗവാനെ കീർത്തിച്ചുപാടിയിരിക്കുന്ന ഇരുപത്തഞ്ചഷ്ടകങ്ങളിലും, ശബ്ദത്തിലോഅർത്ഥത്തിലോയാതൊരുസ്ഖലിതങ്ങളും ഇല്ലെന്നുള്ളതു്. സത്യമാണെങ്കിൽഭവതിയുടെജലപ്രവാഹത്തിൽനിക്ഷേപിക്കുന്ന അതുകളെകൈയിൽ ഏറ്റുവാങ്ങി എന്റെപക്കൽ തരണം. അല്ലാത്തപക്ഷം ജലപ്രവാഹത്തിൽമുക്കി നശിപ്പിച്ചുകളകയുംവേണം. എന്നുച്ചത്തിൽ പറഞ്ഞു്, അഷ്ടകങ്ങളെ ഒന്നാകെ ഗംഗാജലത്തിൽ വലിച്ചെറിഞ്ഞു. ഉടനേ, ഗംഗാഭഗവതി,ത്രിലോകസുന്ദരിയായ ഒരുമോഹിനിയുടെരൂപത്തിൽ എല്ലാവരുംകാണത്തക്കവണ്ണം പ്രത്യക്ഷപ്പെട്ടു്, വിഷ്ണ്വഷ്ടകങ്ങളിരുപത്തഞ്ചും ശിവാഷ്ടകങ്ങളഞ്ചും പ്രത്യേകം രണ്ടുകൈകളിലുമായി ധരിച്ചുകൊണ്ടു, തീരപ്രദേശമണഞ്ഞു, മായാബ്രാഹ്മണന്റെ കൈകളിൽ സമർപ്പിച്ചു. അഷ്ടകങ്ങളിൽ ഒന്നിലും വള്ളിപുള്ളി വിസർഗ്ഗാദികൾക്കുപോലും തെറ്റില്ലെന്നും, ശിവാഷ്ടകങ്ങളഞ്ചും തനിക്കു നിത്യപാരായണത്തിനു കിട്ടിയാൽ കൊള്ളാമെന്നും എല്ലാവരുംകേൾക്കെ ദേവിപറകയുംചെയ്തു. മായാബ്രാഹ്മണൻ അതുകേട്ടു, ദേവീ! ഭഗവാന്റെ ശിരസ്സിൽ രാധയുടെപാദങ്ങൾവച്ചു എന്നുപറഞ്ഞഭാഗംഭവതിക്കു സമ്മതംതന്നെയോ അതുസത്യംതന്നെയോ എന്നുചോദിച്ചു. എനിക്കെന്നല്ല ത്രിമൂർത്തികൾക്കുപോലും അതു സമ്മതംതന്നെ സത്യവുംതന്നെ എന്നുദേവിമറുപടിപറഞ്ഞു.

മായാബ്രാഹ്മണൻ:—ദേവി!ഭഗവതി പരമശിവന്റെശിരസ്സിൽ പാദങ്ങൾവച്ചിരിക്കുന്നതുകൊണ്ടു, ഇങ്ങനെസമ്മതിച്ചതാണെന്നല്ലാതെ രാധ, ശ്രീകൃഷ്ണന്റെ ശിരസ്സിൽ ഒരിക്കലും പാദസ്പർശംചെയ്തിട്ടില്ല. അങ്ങനെചെയ്താൽ അതുഭഗവാൻസഹിക്കയുമില്ല. അതുകൊണ്ടു്, ആ അഷ്ടകങ്ങൾ ഇരുപത്തഞ്ചും നിഷിദ്ധങ്ങൾതന്നെയാണു്. മറ്റേതഞ്ചും സ്വീകാര്യമാണെന്നു സമ്മതിക്കാം. എനിക്കുപ്രിയപ്പെട്ടവയും തന്നെ എന്നുപറഞ്ഞു്, വിഷ്ണ്വഷ്ടകങ്ങൾ ഇരുപത്തഞ്ചും എടുത്തു്,രണ്ടാമതും ഗംഗാജലത്തിലേക്കുവീശിയെറിഞ്ഞുകളഞ്ഞു. ഉടനേ ഭക്തവത്സലനായ ഭഗവാൻ ശ്രീകൃഷ്ണൻ ഗരുഡാരൂഢനായി രാധാദേവിയോടുകൂടി എഴുന്നള്ളി ഗംഗാജലത്തിന്റെ മേൽഭാഗത്തു പ്രത്യക്ഷനായിനിന്നു് അഷ്ടകം അതിൽ വീഴാതെ തൃക്കൈകളിൽ ഏറ്റു്—ഹേ! പാർവ്വതീവല്ലഭ! ആ അഷ്ടകങ്ങൾ അഞ്ചും അങ്ങേയ്ക്കുപ്രിയപ്പെട്ടവയാണെങ്കിൽ ഈ അഷ്ടകങ്ങൾ

ഇരുപത്തഞ്ചും എനിക്കു പ്രിയപ്പെട്ടവയുംതന്നെ എന്നുമായാബ്രാഹ്മണനെനോക്കി അരുളിച്ചെയ്തു. ഉടനേ പരമശിവൻ പാർവ്വതീസമേതനായി വൃഷഭവാഹനത്തിൽ എഴുന്നരുളിനിന്നു. ജയദേവസ്വാമി, ഉടനേ ലോകകർത്താക്കന്മാരായ ദേവന്മാരെ വന്ദിച്ച്, ആനന്ദബാഷ്പങ്ങൾ വർഷിച്ചു ഭക്തിപൂർവ്വം സ്തുതിച്ചു. അല്ലയോ ലോകേശ്വരന്മാരായ ദേവന്മാരേ! കാമക്രോധാദിമഹാജന്തുസമൂഹസംകുലമായ സംസാരസമുദ്രത്തെക്കടത്തുന്ന ദൈവതങ്ങളേ! നിങ്ങൾക്കു നമസ്കാരം. ഹേ ദശാവതാരലീലാവിനോദനായ വിഷ്ണുഭഗവൻ! ദിക്കാലാദ്യനവച്ഛിന്ന പരബ്രഹ്മസ്വരൂപിൻ! കർമ്മരാജഭക്തിജ്ഞാനയോഗങ്ങളുടെഫലലക്ഷ്യമായ പരമാത്മൻ! സകല ചരാചരങ്ങളുടെ അധിവാസസ്ഥാനമായും സകലചരാചരങ്ങളേയും തന്റെ അധിവാസസ്ഥാനമാക്കിയും ഇരുന്നരുളുന്ന നിരതിശയാനന്ദസ്വരൂപിൻ! ഹേ പരമശിവ! കാലകാല! ലോകാന്തകാരണ! ത്രിപുരസംഹാരപർവ്വതചാപ! പാർവ്വതീസാർവ്വഭൗമ! നിങ്ങൾക്കു നമസ്കാരം. ബ്രഹ്മാദികളെപ്പോലെ കാലവശഗനാകാതെ സകല ശക്തിയുക്തനായി നിത്യനായി തേജോമയനായി ദിവ്യമംഗളവിഗ്രഹനായിരിക്കുന്ന വിഷ്ണോ പ്രഭവിഷ്ണോ ജഗൽകാരണ വിരാൾപുരുഷരൂപ! അഷ്ടാവരണസംയുക്ത ബ്രഹ്മാണ്ഡസ്വരൂപ! കാര്യകാരണമൂർത്തേ! ജ്ഞാനബലൈശ്വര്യരൂപ! ശീലവാത്സല്യശൗര്യധൈര്യാദി സകലകല്യാണഗുണങ്ങൾക്കും ഇരിപ്പിടമായി വേദങ്ങൾക്കധിപതിയായി വേദവേദാന്തവേദ്യനായിരിക്കുന്ന അങ്ങേക്കു നമസ്കാരം. താമസഗുണത്തെ അംഗീകരിച്ചു ലോകസംഹാരത്തിൽ പ്രവർത്തിക്കുന്ന ഉഗ്രമൂർത്തിയായ കപാലിൻ മഹാനട! പരമേശ! പാർത്ഥപ്രിയ! കൈലാസവാസ! കങ്കാള! കപാലമാലിൻ ശൂലഖട്വാംഗപരശ്വാദ്യായുധധരിൻ നിന്തിരുവടിക്കു നമസ്കാരം.

"യോസൌശംഖകലാപഭൂഷണകരോമുക്താസ്ഥിമാലാധരോ
ദേവോദ്വാരവതീശ്മശാനനിലയോനാഗാരിഗോവാഹനോ
ദ്വിത്ര്യക്ഷോബലിദക്ഷയജ്ഞമഥനോശ്രീശൈലജാവല്ലഭോ
പാപംമേഹരതാംജനാർദ്ദനഹരൗശ്രീവത്സഗംഗാധരൗ"

ജയദേവർ ഇങ്ങനെ സ്തുതിച്ചുകൊണ്ടുനിൽക്കുമ്പോൾ, പത്മാവതിയും ക്രൗഞ്ചരാജനും പത്നിയും യഥാമതി, സ്തോത്രകീർത്തനങ്ങൾ വർഷിച്ചു. മററുള്ള ബ്രാഹ്മണരും തിരുനാമങ്ങൾ പാടി ഈശ്വരന്മാരെ ആരാധിച്ചുകൊണ്ടുനിന്നു. ഉടനേ, മായാബ്രാഹ്മണന്റെ ശിഷ്യരൂപം ധരിച്ചുവന്നവരെല്ലാം ഋഷീശ്വരന്മാരായി സ്വന്തരൂപം അംഗീകരിച്ചുനിന്നു ദേവന്മാർ പുഷ്പവൃഷ്ടിചെയ്തു. അപ്സരസ്ത്രീകൾ ആകാശത്തിൽ നൃത്തഗാനങ്ങൾ ആരംഭിച്ചു. ഉടനേ, ഭഗവാൻ തൃക്കൈകളിൽ ഇരുന്ന അഷ്ടകങ്ങൾ ഇരുപത്തഞ്ചും, ജയദേവരുടെ കൈയിൽ കൊടുത്ത്—"ഹേ ജയദേവ! എന്റെ രഹസ്യങ്ങൾ നിനക്കല്ലാതെ മററാർക്കും അത്ര അറിഞ്ഞുകൂടാ നിന്റെ അഷ്ടകങ്ങളിൽ പാടിയിരിക്കുന്നതു പരമാർത്ഥം തന്നെയാണ്. നിന്നാൽ എഴുതപ്പെട്ട ഭാഗവതവും ഈ അഷ്ടകങ്ങളും നിത്യപാരായണംചെയ്യുന്നവരുടെ മനസ്സിൽ ഞാൻ അധിവസിക്കുന്നതാണ്", എന്നരുളിച്ചെയ്തു മറഞ്ഞു. പരമശിവൻ ജയദേവരെ നോക്കി, ഹേ പുണ്യാത്മൻ! നീ എന്നെക്കുറിച്ചെഴുതീട്ടുള്ള അഷ്ടകങ്ങൾ അഞ്ചും, ഭക്തിയോടുകൂടി പാരായണംചെയ്യുന്നവർക്ക് അഭീഷ്ടൈശ്വര്യങ്ങളും സിദ്ധിക്കുമാറാകട്ടെ എന്നു ഞാൻ അനുഗ്രഹിക്കുന്നു." എന്നരുളി അന്തർദ്ധാനംചെയ്തു. ദേവർഷികൾ മുതലായവരും ജയദേവരെ അനുഗ്രഹിച്ചും ജയദേവശബ്ദം ജപിക്കുന്നവർക്കൊക്കെയും മോക്ഷം ലഭിക്കുമെന്നാശീർവദിച്ചാകാശമണ്ഡലത്തിൽ മറഞ്ഞു.

അതിനുശേഷം, ശ്രീകാശിയിലുള്ള ഭക്തന്മാരെല്ലാവരും ജയദേവരെ ഭഗവാനെന്നു ചിന്തിച്ചു പൂജിച്ചുവന്നു. ജയദേവർ വാസുദേവനേയും മഹാദേവനേയും ദർശിച്ച സന്തോഷത്താലും, ബ്രഹ്മൈക്യനിലയാലും നിർമ്മലഹൃദയനായി, ദിഗ്ദേശാദിഭേദങ്ങളും ശരീരവും മറന്ന്, ഭ്രാന്തനെപ്പോലെയും ഉന്മത്തനെപ്പോലെയും ചുററിനടന്ന്, ഒരിക്കൽ

ജ്യോതിഃസ്വരൂപനായും മററൊരിക്കൽ ഭഗവൽസ്വരൂപനായും മററൊരിക്കൽ മനുഷ്യസ്വരൂപനായും, ഇങ്ങനെ പലരുടെ ദൃഷ്ടിക്കു പലരൂപത്തിൽ കാണപ്പെട്ടു, ബ്രഹ്മതേജോവിലാസമഹിമ ലോകൎക്കു മനസ്സിലാക്കാൻ ഒരു മാതൃകാപുരുഷനായി ശോഭിച്ചു. ആരോടും സംസാരിക്കയോ ആരുടെയെങ്കിലും മുഖത്തുനോക്കുകയോ ആരെങ്കിലും പറയുന്നതു ശ്രദ്ധിക്കയോ ചെയ്യാതില്ലെന്നമട്ടായി. പത്മാവതി ഇതുകണ്ടു രാജാവിനെനോക്കി, ഹേ രാജൻ! സ്വാമികൾ ദേഹസ്മരണവിട്ടു്, ബ്രഹ്മൈക്യം അടഞ്ഞിരിക്കുന്നു. മേലാൽ നമ്മോടു സംസാരിക്കപോലും ചെയ്യുമെന്നു തോന്നുന്നില്ല. അതുകൊണ്ടു നീ രാജ്യത്തുപോയി നീതിയോടുകൂടി രാജ്യംപാലിച്ചു സുഖമായിരുന്നാലും, എന്നാജ്ഞാപിച്ചു. രാജാവു്, അതുകേട്ടു്, ആ മഹതിയുടെ പാദങ്ങളിൽ വന്ദിച്ചു്, സുകൃതിനിയായ അമ്മേ! വമിച്ചതു ഭക്ഷിക്കുന്നതു കൊള്ളാമോ? ഞാൻ ഉപേക്ഷിച്ച രാജഭോഗം ഇനി അംഗീകരിക്കാമോ? മോക്ഷമാഗ്രഹിച്ചു, സ്വാമികളെ ആശ്രയിച്ചുവന്ന എന്നെ, സംസാരദുഃഖകൂപത്തിലേക്കു തള്ളിയയയ്ക്കുന്നതു ധർമ്മമാണോ? രാജഭോഗത്തിൽ അജ്ഞാനികളല്ലാതെ ജ്ഞാനികൾ ഭ്രമിക്കുമോ? മലത്തിൽ സുഖമുണ്ടെന്നു ഭ്രമിക്കുന്ന കൃമികളെപ്പോലെ രാജത്വത്തിൽ സുഖബുദ്ധ്യാ ഭ്രമിക്കുന്നതു അജ്ഞന്മാരല്ലയോ? ജ്ഞാനികൾ രാജത്വത്തെ എന്നല്ല സ്വൎഗ്ഗലോകസുഖത്തെപ്പോലും ഇച്ഛിക്കുന്നവരാണോ? വൈകുണ്ഠംതന്നെ ലഭിച്ചാലും അവർ സദ്ഗുരുസേവനത്തെ പരിത്യജിക്കുമോ? വിഷയാനന്ദത്തിൽ പരിഭ്രമിക്കുമോ? വൈരാഗ്യത്തെ കൈവെടിയുമോ? സത്സംഗത്തെ ഉപേക്ഷിക്കുമോ? ജനസമൂഹത്തിൽ അധിവസിക്കാൻപോലും ഇഷ്ടപ്പെടുമോ? പ്രിയപ്പെട്ട അമ്മേ! ഭവതി എന്നെ ഉപേക്ഷിച്ചുപോകാൻ കല്പിച്ചുവോ? എന്നുപറഞ്ഞു ജയദേവരുടെ പാദങ്ങളിൽവീണു കരഞ്ഞുതുടങ്ങി. ജയദേവരേയും പത്മാവതീദേവിയേയും പിരിയുന്ന സങ്കടമോൎത്തു രാജ്ഞിയും വിലപിച്ചു സങ്കടങ്ങൾ പറഞ്ഞുകൊണ്ടിരുന്നു.

പതിനൊന്നാമദ്ധ്യായം സമാപ്തം.

## പന്ത്രണ്ടാമദ്ധ്യായം.

### (ബ്രഹ്മോപദേശം)

തനിക്കേററവും വത്സലനായ ക്രൌഞ്ചരാജന്റെ ദുഃഖംകണ്ടു്, സ്വാമികൾ അതിന്റെ കാരണം എന്താണെന്നു ചോദിച്ചു. രാജാവു്, പരിതാപപരവശനായി ഇങ്ങനെ ഉണൎത്തിച്ചു. ഹേ സദ്ഗുരോ! പരാൽപ്പര! ആനന്ദദനായ സൎവ്വേശ്വര! തിരുവടിയുടെ കരുണാകടാക്ഷമുണ്ടെങ്കിൽ പ്രാരബ്ധകൎമ്മഫലം ആഗാമികാലത്തിൽ എന്നെ പിടിക്കുമോ? മോഹാന്ധകാരത്തിൽപതിപ്പിക്കുമോ? അതു സൎവ്വപാപനാശകവും ആനന്ദപ്രദായകവുമല്ലയോ? ഹേ ആദികാരണ! സൎവ്വത്രപരിപൂൎണ്ണ! മുമുക്ഷുവായ അടിയനെ ബ്രഹ്മജ്ഞാനോപദേശംചെയ്തു പരിപാലിക്കണമേ! പൊട്ടക്കുടത്തിലെ വെള്ളംപോലെ നിമിഷംതോറും എന്റെ ആയുസ്സു കുറഞ്ഞുകുറഞ്ഞു്, കാലസൎപ്പത്തിന്റെ വിഷപ്പല്ലുകളോടേററവുമടുക്കുന്നു. കുളി, കുറി, വസ്ത്രാഭരണം മുതലായതുകളിൽ പരിപാലിക്കപ്പെടുന്ന ഈ സ്ഥൂലദേഹം, ഇപ്പോഴല്ലെങ്കിൽ മററൊരിക്കൽ ഭൂമിയിൽ പതിച്ചു ദ്രവിച്ചുപോകാനുള്ള മണ്ണല്ലയോ?— അതിന്നു്, ഇവിടെ എത്രകാലം ഇരുപ്പുണ്ടെന്നാൎക്കറിയാം. ഒരുനിമിഷമോ ഒരുനാഴികയോ, ഒരുയാമമോ, ഒരുദിവസമോ, മാസമോ, വത്സരമോ, വത്സര

ങ്ങളോ അയുസ്സെന്നുള്ളതാക്ക നിശ്ചയിക്കാം. പകലോ രാത്രിയോ കാട്ടിലൊ നാട്ടിലോ രോഗംകൊണ്ടോ, ആയുധാദികൾകൊണ്ടോ, എപ്പോൾ എവിടെവച്ചെങ്ങിനെ നശിക്കുമെന്നും ഖണ്ഡിക്കാവുന്നതാണോ? ഇത്രത്തോളം അസ്ഥിരമായ വസ്തു ലോകത്തു മററില്ല. കാററത്തുവച്ച വിളക്കുപോലെയും, പഴുത്തു തൂങ്ങിനില്ക്കുന്ന വൃക്ഷഫലംപോലെയും; വെള്ളത്തിലുണ്ടാകുന്ന കുമിളപോലെയും, വെയിലിൽ അകപ്പെട്ട മഞ്ഞുതുള്ളിപോലെയും ക്ഷണഭംഗുരമായ ജീവനെ അഭിമാനിച്ചും വിശ്വസിച്ചും ഇതുവരെയുള്ളകാലം പാപിയായ ഞാൻ പഴുതേ കഴിച്ചുകൂട്ടി. വല്ല മൃഗങ്ങൾക്കോ ചിതലിനോ അഗ്നിക്കോ ഇരയാകാനുള്ള ഈ മലീമസമായ ശരീരത്തെ സുഖിപ്പിക്കുന്നതിനു എത്രപ്രയത്നിച്ചു. അതുകൊണ്ടെന്തുഫലംകിട്ടി? മാംസമേദോസ്ഥിവിൺമൂത്രമയമായ ഈ ശരീരത്തെ വിശുദ്ധമാണെന്നഭിമാനിച്ചു, അജ്ഞാനത്താൽ ഈ പ്രപഞ്ചവും മനുഷ്യവാഴ്ചയും സത്യമാണെന്നുഭ്രമിച്ചുപോയി. ദുർല്ലഭമായ ഈ മനുഷ്യജന്മത്തെ പരമാത്ഥജ്ഞാനപരിശ്രമത്തിനായി വിനിയോഗിക്കയല്ലാതെ, നരകമുഖമായ മിഥ്യാഭോഗങ്ങളാൽ നശിപ്പിക്കുന്നതും എത്രമൂഢതയാണു? അന്തകൻ അവസരത്തെ പ്രതീക്ഷിച്ചുകൊണ്ടു്, എപ്പോഴും കൂടെത്തന്നെയുണ്ടു്. സൂൎയ്യൻ ദിവസരൂപമായ നാഴികകൊണ്ടു് ആയുസ്സിനെ ഓരോന്നായിഅളന്നെടുക്കുന്നു. ഹിംസ്രജന്തുസഞ്ചയത്താൽനിറയപ്പെട്ട കടൽ വെള്ളത്തിൽ പൊന്തിക്കിടക്കുന്ന മാംസക്കഷണംപോലെ, ഈ ശരീരവും എപ്പോഴെന്നറിയാതെ മൃത്യുവിനാൽ ഗ്രസിക്കപ്പെടുന്നു. ഓരോദുർവ്യാപരങ്ങളാലും മനഃപീഡകളാലും മരണകാരണങ്ങളായ രോഗങ്ങൾ ശരീരത്തിൽ സ്ഥവാംപിടിച്ചു വൎദ്ധിച്ചു്, അതിനെ വിലക്ഷണമാക്കി നശിപ്പിക്കുന്നു. മണ്ണാശ, പെണ്ണാശ, പൊന്നാശ, എന്നീഏഷണത്രയത്തിൽ മനസ്സിനെ മലിനപ്പെടുത്തി ദുഃഖദേവതയെ ക്ഷണിച്ചുവരുത്തി അതിൻെറ ശല്യങ്ങൾക്കിരയായി കഷ്ടപ്പെടുന്നു. പലനാളായി നിന്തിരുവടിയുടെ സഹവാസസുഖം അനുഭവിക്കുന്ന എനിക്കു്, നിന്തിരുവടി അനുഭവിക്കുന്ന ആത്മാനന്ദസുഖം ഒരുനിമിഷനേരമെങ്കിലും ആസ്വദിക്കാൻ ഫലം സിദ്ധിച്ചില്ല. അതിനുകാരണം എൻെറ മനോവിശുദ്ധിക്കുറവാണെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ എത്രയൊക്കെപ്പരിശ്രമിച്ചിട്ടും, അജ്ഞാനാന്ധകാരത്താലും ദുർവ്വാസനകളാൽ മനസ്സിലുദിക്കുന്ന ഇച്ഛകൾക്കു വശപ്പെട്ട പഞ്ചേന്ദ്രിയങ്ങളുടെ വ്യാപാരത്താലും, സംസാരക്കടൽനടുവിൽ പതിച്ചു്, മുങ്ങിയും പൊങ്ങിയും കുടിച്ചും മറിഞ്ഞും കരകാണാതെ, കഷ്ടപ്പെടുന്നതല്ലാതെ യാതൊരുനിവൃത്തിയും കാണുന്നില്ല. മോക്ഷപദവിയിൽ പ്രവേശം ലഭിക്കുന്നതിനു ബന്ധപാശത്തെ അഴിച്ചുതള്ളാൻ ശ്രമിച്ചിട്ടുഴിയുന്നില്ല. നിത്യമായ പരമാത്മാവിനെ മനസ്സിലുറപ്പിക്കാമെന്നുവച്ചാൽ, ക്രോധകാമാദികളായ അനിത്യവികാരങ്ങൾ അതിൽനിന്നൊഴിയുന്നില്ല. ദുഃഖത്തെ നിശ്ശേഷംനീക്കി ഒരുനിമിഷനേരമെങ്കിലും സുഖമനുഭവിക്കാൻ കഴിയുന്നില്ല. നിന്തിരുവടിക്കു കരുണയുണ്ടായി, അടിയൻെറ ദുഃഖം ശമിക്കത്തക്കവണ്ണം കരുണാമൃതം പൊഴിയുന്നുമില്ല. ഉത്തമപുരുഷാത്ഥമായ മോക്ഷമന്വേഷിക്കാത്ത മനുഷ്യജന്മം വിഫലവും മൃഗജന്മത്തെക്കാൾ കഷ്ടവുമാകുന്നു. പിറക്കുമ്പോഴുള്ള ദുഃഖത്തേക്കാൾ ആയിരംമടങ്ങുദുഃഖം മരിക്കുമ്പോൾ മനുഷ്യർ അനുഭവിക്കുന്നതായി കണ്ടുവരുന്നു. അതു്, മനുഷ്യൻെറ വിവേകമില്ലായ്മയാലാണെന്നുള്ളതിനു സംശയമില്ല. ബ്രഹ്മജ്ഞാനം സിദ്ധിക്കാതെ ജന്മത്തേയോ ദുഃഖത്തെയോ മനുഷ്യനു മോചിക്കാവതല്ല. രാജകുലത്തിൽ ജന്മംകിട്ടി സുകൃതവിശേഷത്താൽ മോക്ഷത്തിൽ ഇച്ഛയുണ്ടായി മോക്ഷപ്രാപ്തിക്കു ജ്ഞാനോപദേശം ചെയ്യത്തക്കവണ്ണം സാക്ഷാൽ ദേവദേവനു സദൃശനായ നിന്തിരുവടിയെ ഗുരുനാഥനായി ലഭിക്കയുംചെയ്തു. ഇത്രയൊക്കെയായാലും അജ്ഞാനം ഒഴിച്ചു്, ജ്ഞാനംസിദ്ധിക്കാൻ കഴിവില്ലാതെപോയാൽ ഇനി ഏതുജന്മത്തെത്തന്നെയാണു ലഭിക്കുന്നതു്? സ്വാമി! ഇരുളിനെ വിളക്കെന്നപോലെ എൻെറ മനസ്സിലെ അജ്ഞാനം നീക്കുന്നതിനു സമൎത്ഥനായ നിന്തിരുവടിയല്ലാതെ എനിക്കു മററാശ്രയമില്ല. ഞാൻ അനേകശാസ്ത്രങ്ങൾ വായിച്ചിട്ടുംഇഷ്ടദൈവത്തെ പൂജിച്ചിട്ടും, പലപല സാധുക്കളെ സേവിച്ചിട്ടും, ഒരുനിമിഷമെങ്കിലും ദുഃഖംനീങ്ങി ആനന്ദമായിരിക്കാൻ എനിക്കു സാധിച്ചിട്ടില്ല. അതിനുവഴി ആനന്ദസ്വരൂപനായ നിന്തിരുവടിതന്നെ എനിക്കുണ്ടാക്കിത്ത

രണം. എന്നിങ്ങനെ കണ്ണുനീരൊഴുക്കിക്കരഞ്ഞു ശരണം പ്രാപിച്ചപ്പോൾ, ജയദേവസ്വാമികൾ അദ്ദേഹത്തെ കരുണാപൂർവ്വം കടാക്ഷിച്ച്, ഉപദേശം വാങ്ങത്തക്ക മനഃപാകത തന്റെ പ്രിയശിഷ്യനു (രാജാവിനു) സിദ്ധിച്ചുവെന്നു മനസ്സിലാക്കി, ഇങ്ങനെ അരുളിച്ചെയ്തു. "രാജാവേ! ശർക്കരയെന്നു പറഞ്ഞാൽ മധുരിക്കുമോ? ചോറെന്നുപറഞ്ഞാൽ വിശപ്പുതീരുമോ? ഗംഗാശബ്ദം ഉച്ചരിച്ചാൽ പാപംനശിക്കുമോ? വിളക്കെന്നു പേർപറഞ്ഞാൽ ഇരുൾനീങ്ങുമോ? വൈദ്യപുസ്തകം എടുത്തു വായിച്ചാൽ ദീനം പൊറുക്കുമോ? അതുപോലെ വാക്കുകൊണ്ടു ജ്ഞാനപ്രസംഗം ചെയ്തുവെന്നുവച്ച്, ആനന്ദമുദിക്കയില്ല. മോക്ഷേച്ഛയുള്ളവൻ ഒന്നാമതായി വശപ്പെടുത്തേണ്ടതു വൈരാഗ്യമാണ്. വൈരാഗ്യത്തോടുകൂടാതെയുള്ള ജ്ഞാനം കത്തിയെരിയാൻ വസ്തുവില്ലാത്ത തീപ്പൊരിപോലെ എളുപ്പം മറഞ്ഞുപോകുന്നു. വൈരാഗ്യവും പലതരത്തിലുണ്ടു. എങ്ങനെയെന്നാൽ ശാസ്ത്രങ്ങളോ പുണ്യപുരാണങ്ങളോമറ്റോ വായിച്ചുകേൾക്കുമ്പോൾ അങ്ങനെവേണം ഇങ്ങനെവേണം പാപംചെയ്യരുതു് പുണ്യംചെയ്യണം എന്നൊക്കെയോരോ വിചാരങ്ങൾ മനസ്സിലുദിക്കുന്നതു പുരാണവൈരാഗ്യമെന്നും, പ്രസവവേദന തുടങ്ങുമ്പോൾ വിഷയസുഖം കേവലം ദുഃഖോദർക്കമാണെന്നു ഗർഭിണികൾക്കു തോന്നാറുള്ളതുപോലെ, വല്ലകഠിനദുഃഖങ്ങളും വന്നുസംഭവിക്കുമ്പോൾമാത്രം ഈശ്വരനെ വിചാരിക്കയും വിശ്വസിക്കയും പാപങ്ങൾചെയ്വാൻ ഭയപ്പെടുകയും സംസാരത്തെ വെറുക്കുകയും ചെയ്യുന്നതു പ്രസൂതിവൈരാഗ്യമെന്നും, കോപകലഹാദികളാൽ വെറുത്തോ ദുഃഖിച്ചോ വീടുപേക്ഷിച്ചന്യദിക്കിലേക്കു ഒഴിഞ്ഞുപോയി വീടുംമറ്റും നിസ്സാരമാണെന്നുതള്ളി സന്യസിക്കുന്നതു ചലനവൈരാഗ്യമെന്നും, ശീലക്കേടുകളാൽ സ്വജനത്തെ വെറുപ്പിച്ചുപദ്രവിച്ച്, ശത്രുബാധയാൽ സ്വഭവനത്തിൽ താമസിക്കാൻ സുഖമില്ലാഞ്ഞോ കഴിവില്ലാഞ്ഞോ സന്യസിച്ചുപൊയ്ക്കളയുന്നതു മൂഢവൈരാഗ്യമെന്നും ഇച്ഛിച്ചകാര്യം സാധിക്കാതെപോയാൽ അതു സാധിക്കുന്നതിനുവേണ്ടി, എന്തുവന്നാലും സഹിച്ചുകൊള്ളാമെന്നു നിശ്ചയിച്ച്, സർവ്വവുമുപേക്ഷിച്ചാലും വേണ്ടില്ലെന്നുറയ്ക്കുന്നതു രാക്ഷസവൈരാഗ്യമെന്നും, വിഷ്ണുപക്ഷത്തിലുംശിവപക്ഷത്തിലും മേന്മകല്പിക്കാൻ കക്ഷിപിടിച്ചു വാദിച്ചു വീരത്വം പ്രകടിപ്പിക്കുന്ന നിഷ്ഠാമതവൈരാഗ്യമെന്നും കാരണഗുരുവിനെ അന്വേഷിച്ചു ബ്രഹ്മജ്ഞാനത്തിനു ഉപദേശം വാങ്ങിക്കാതെ കാര്യഗുരുക്കളോടു ദൈവോപാസനക്രമങ്ങൾ അഭ്യസിച്ച്, അതിനെ നിയമേന അനുഷ്ഠിച്ച്, ഞാൻഎന്ന അഭിമാനത്തോടുകൂടിയിരിക്കുന്നതു അജ്ഞാനവൈരാഗ്യമെന്നും അനിത്യമലഭാണ്ഡമായ ഈ ദേഹത്തെ ഒരിക്കലും സ്പർശിക്കാതെ സൂക്ഷിക്കാനായിക്കൊണ്ടു യോഗമുറകൾ ശീലിച്ച്, ആത്മജ്യോതിസ്സിനെ ദർശിച്ച്, ഒടുവിൽ ശൂന്യഭാവമണയുന്നതു്, ഹഠവൈരാഗ്യമെന്നും, മോക്ഷേച്ഛയാൽ സന്യസിച്ച്, തപശ്ചര്യകൾ അനുഷ്ഠിച്ചാലും ഉപനിഷദ്സാരത്തെ സൽഗുരുവിൽനിന്നും ലഭിച്ച്, പ്രപഞ്ചം അനിത്യമെന്നും താൻ നിത്യമെന്നും ബ്രഹ്മംതന്നെ താനെന്നും, സർവ്വം ബ്രഹ്മമയമെന്നും ഉള്ള ദൃഢജ്ഞാനത്തിനാഗ്രഹിക്കാതെയിരിക്കുന്നതു അഫലവൈരാഗ്യമെന്നും, പറയപ്പെടുന്നു. അജ്ഞാനലക്ഷണങ്ങളായ വൈരാഗ്യങ്ങൾ ഇനിയും പലതുണ്ടു്. ഈവൈരാഗ്യങ്ങളെ ശീലിച്ച്, അനേകകല്പകാലം പരിശ്രമിച്ചാലും; ജ്ഞാനം സിദ്ധിക്കുന്നില്ല. എന്തെന്നാൽ ഈ വൈരാഗ്യങ്ങളെക്കൊണ്ടു ഞാൻ എന്നഭാവം നീങ്ങുന്നില്ല. ഞാനെന്നഭാവം നീങ്ങാതെ സാക്ഷാൽ ജ്ഞാനംപ്രകാശിക്കയുമില്ല, ജ്ഞാനിയായാൽ സമഭാവനനായി ബ്രഹ്മൈകരൂപമായി ഭവിക്കുന്നു. ബ്രഹ്മജ്ഞാനികളുടെ മാർഗ്ഗങ്ങൾ അജ്ഞാനികളുടെ ദൃഷ്ടിയിൽ വിവിധങ്ങളായി തോന്നപ്പെടുന്നു. ജാഗ്രത്, സ്വപ്നം, സുഷുപ്തി തുര്യ്യം, തുര്യ്യാതീതം എന്നീ അവസ്ഥകളും സകലജന്തുക്കൾക്കും പൊതുവായുള്ളതാകയാൽ ഇവകളുടെ നിലയേയും ഭേദത്തേയും സദ്ഗുരുമുഖത്തിൽനിന്നും ഗ്രഹിച്ചാലല്ലാതെ ജ്ഞാനമാർഗ്ഗം തെളിഞ്ഞുകാണുകയില്ല. ജ്ഞാനമില്ലാത്ത ഭക്തിയും സിദ്ധിയും വൈരാഗ്യവും ശ്രദ്ധയില്ലാത്ത അധ്യയനവും ഒന്നും നിഷ്പ്രയോജനമാകുന്നു. മോക്ഷം എളുപ്പത്തിൽ സിദ്ധിക്കുന്നതിനു പ്രധാനമായി ജ്ഞാനവൈരാഗ്യങ്ങൾ ആവശ്യമാകുന്നു പരമാണുമുതൽ ബ്രഹ്മാവുവരെയുള്ളതെല്ലാംബ്രഹ്മമയമാണെന്നും താനും ബ്രഹ്മമല്ലാതെ

മററൊന്നുമല്ലെന്നും, പ്രപഞ്ചം മിഥ്യയാണെന്നും സത്യവസ്തു ബ്രഹ്മംഒന്നു മാത്രമാണെന്നും ഞാനെന്ന അഹംഭാവത്തേയും എന്റേതെന്ന മമത്വത്തേയും നിശ്ശേഷം പരിത്യജിക്കത്തക്കതാണെന്നും കാണുന്നതു പൂൎണ്ണവൈരാഗ്യമാകുന്നു. കാനൽവെള്ളത്തിനു സമമായ പ്രപഞ്ചം മിഥ്യയെന്നും, വിഷയഭോഗാദികൾ നിഷിദ്ധങ്ങളെന്നും നിശ്ചയിച്ചു്, ബാഹ്യാൎത്ഥങ്ങളിൽ ഇന്ദ്രിയങ്ങൾ വശപ്പെടാതെ നിയമിച്ചു്, കാമക്രോധാദികളെ ഒഴിച്ചു്, മനസ്സിനെ ശുദ്ധമാക്കി കുടുംബരക്ഷണാദിബന്ധപാശങ്ങളറുത്തു, ആനന്ദാനുഭൂതിയോടുകൂടി ആത്മജ്ഞാനിയായിരിക്കുന്നതു യഥാൎത്ഥവൈരാഗ്യമാകുന്നു. ഗുരുഭക്തിയോടുകൂടി എപ്പോഴും സൽസംഗംചെയ്തു താൻ ബ്രഹ്മമാണെന്നറിഞ്ഞു്, ദേഹാഭിമാനപാശത്തിൽനിന്നൊഴിഞ്ഞു്, സങ്കല്പവികല്പാദികളെ വെടിഞ്ഞു്, ജ്ഞാനനിഷ്ഠനായി, ആത്മാവിനെ ബ്രഹ്മത്തിലൈക്യപ്പെടുത്തി അഖണ്ഡാനന്ദനിരാമയ സാക്ഷിയായിരിക്കുന്നതു് സത്ഭാവവൈരാഗ്യമാകുന്നു. കൎമ്മങ്ങൾക്കുകാരണം സത്വരജസ്തമോഗുണങ്ങളാകുന്നു. ഞാൻ ഗുണാതീതനെന്നും, കൎമ്മഭക്തിയോഗങ്ങളാൽ ഒരുപ്രയോജനവുമില്ലെന്നുമറിഞ്ഞു്, യാതൊന്നും സംസാരിക്കാത്തവാങ്മൌനവും ഒന്നുംവിചാരിക്കാത്തമനോമൌനവും ഒന്നിനെയുംഇച്ഛരിക്കാത്ത ജീവമൌനവും കൈക്കൊണ്ടു സമാധിനിഷ്ഠാപരനായി ദ്വൈതഭാവനയോടുകൂടിയിരിക്കുന്നതു്, അഭവവൈരാഗ്യം. എല്ലാം സ്വപ്നതുല്യമായി വിചാരിച്ചു്, സുഖദുഃഖാതീതനായി നിത്യസന്തുഷ്ടനായി ഞാൻ നീ എന്നുള്ള ഭേദഭാവനയോടുകൂടാതെ സൎവം ബ്രഹ്മമയമെന്നറിഞ്ഞു്, പ്രപഞ്ചഭാവനനശിപ്പിച്ചു്, സ്വപ്നത്തിലും ഇഹലോകഭാവനവെടിഞ്ഞിരിക്കുന്നതു സ്ഥാപനവൈരാഗ്യമാകുന്നു. സുഖദുഃഖമയമായ മായാശരീരംപ്രാരബ്ധാധീനമെന്നും, പ്രാരബ്ധം തന്നെസുഖദുഃഖകാരണമെന്നും, ദേഹപോഷണവുംദേഹഭയവുംഉപേക്ഷിച്ചു്, വിധിനിഷേധങ്ങളെ ഗണിക്കാതെ, സമഭാവനനായി സകലസന്ദേഹങ്ങളെയുമറുത്തു്, തുൎയ്യത്തിൽ മനസ്സിനെ ഉറപ്പിച്ചിരിക്കുന്നതുദൃഢവൈരാഗ്യമാകുന്നു പ്രാരബ്ധാസനത്തിൽഇരുന്നുകൊണ്ടു്, ജ്ഞാനാഗ്നിയാൽ അജ്ഞാനമയമായആവരണവിക്ഷേപാദികളെ ഭസ്മമാക്കികാലഭയത്തോടു കൂടാതെ ഭ്രാന്തനെപ്പോലെയും ഉന്മത്തനെപ്പോലെയും ശിശുവിനെപ്പോലെയും രാജാവിനെപ്പോലെയും ഉള്ള സ്വഭാവത്തോടുകൂടിനിൎദ്വന്ദ്വനായിരിക്കുന്നതു വിശ്രമവൈരാഗ്യമാകുന്നു. ആലസ്യം നിദ്ര ഇവയെ ഉപേക്ഷിച്ചു നിന്ദസ്തുതി ഇവററിൽ ഭാവഭേദം കൂടാതെയും ദേഹസ്മരണയില്ലാതെയും അഖണ്ഡശ്രവണമനനങ്ങളാൽ പൂൎത്തിയടഞ്ഞു്, പരമാത്മാവിൽ ഐക്യപ്പെട്ടു മൌനമായിരിക്കുന്നതു സമ്മതവൈരാഗ്യമാകുന്നു. പെട്ടെന്നു ഇടിവീണാൽപോലും ഭയപ്പെടാതെ ഞാൻ; നാശരഹിതൻ, വിശേഷണരഹിതൻ, അതുലൻ, അചലൻ, അനാമയൻ, പരിപൂൎണ്ണൻ എനിക്കു്, മരണമേതു, ജനനമേതു്, പാപമേതു്, പുണ്യമേതു്, നരകമേതു് മോക്ഷമേതു്, സകലപ്രപഞ്ചവും എന്നിൽതന്നെയടങ്ങിയിരിക്കുന്നു. എന്നിങ്ങനെ ദൃഢനിശ്ചയത്തോടുകൂടിയിരിക്കുന്നതു വിചാരവൈരാഗ്യം ബ്രഹ്മം യാതൊരുവ്യാകുലതയുമില്ലാതെ സ്ഥിതിചെയ്യുന്നതാണെന്നും അനിൎവ്വചനീയമാണെന്നും, അതിന്റെ കാരണവും കാൎയ്യവും അതുതന്നെയാണെന്നും അറിഞ്ഞു്, അതിൽ ഐക്യപ്പെട്ടു്, നിശ്ചിന്തനായി, ഞാൻ ബ്രഹ്മമാത്രനാകകൊണ്ടു് എനിക്കും, വിചാരവിശേഷണാദികൾ ഇല്ലയെന്നു്, നാമരൂപാദി ഭാവനകളെക്കളഞ്ഞു്, പ്രശാന്തനായി നിൎവാതദീപംപോലെയും നിസ്തരംഗസമുദ്രംപോലെയും ഇരിക്കുന്നതു നിൎവാണവൈരാഗ്യം. ഇനിയും വൈരാഗ്യങ്ങൾ പലതരത്തിൽ ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടു്. ഈ ഒടുവിൽപറഞ്ഞ വൈരാഗ്യങ്ങളാണു് ജ്ഞാനസാധനത്തിനു പ്രധാനങ്ങൾ. ഇതുകളൊഴിച്ചു്, മററുള്ളവ നിസ്സാരങ്ങളാകുന്നു. (അതുകളെ വിട്ടംഭോഗമെന്നും ഉദ്ദണ്ഡകല്പനമെന്നും പറയുന്നു) എത്രതന്നെമനോവാക്കുകൾക്കു ഗോചരമായിരിക്കുന്നുവോ അതുകളെല്ലാം കല്പിതങ്ങളെന്നോൎത്തുകൊള്ളണം. മനോവാക്കുകൾക്കു അഗോചരമായി വേദാതീതമായി ത്രിമൂൎത്തികളാൽപോലും നിഷേവ്യമാണമായ പൊരുൾ ഏതോ മൌനനിദ്രയെ പ്രതിഷ്ഠിക്കുന്ന വസ്തുഏതോ അതുതന്നെ സത്യജ്ഞാനാനന്ദനിത്യനിൎമ്മലമായിരിക്കുന്ന പരബ്രഹ്മമെന്നും ആ പരബ്രഹ്മമേ ആദിദൈവമെന്നും അതിലൈക്യപ്പെടുന്നവൎക്കേ ആനന്ദാനുഭൂതിയുണ്ടാകയുള്ളുവെന്നും, ആനന്ദംതന്നെ മോക്ഷമെന്നുംപ

റയപ്പെടുന്നു. ഹേരാജൻ! നീ ചന്ദ്രകിരണത്തെ ഭുജിച്ചുതൃപ്തിയടയുന്ന ചകോരപക്ഷിയെപ്പോലെ ജ്ഞാനാസനയായ ബ്രഹ്മാനന്ദത്തെ ഭുജിച്ച്, അഹംഭാവാദികൾക്കിടംകൊടുക്കാതെ തുര്യഭൂമിയിൽ വസിച്ച്, ബ്രഹ്മത്തിലൈക്യപ്പെട്ട്, സഞ്ചാരമോ സംസാരമോ ശ്രമമോ വിശ്രമമോ ദേഹാഭിമാനമോ കൂടാതെസ്വസ്ഥനായി അകംകുളുത്ത്, പരിപൂർണ്ണസ്വരൂപനായിഅതിഗുപ്തനായിരുന്നാലും" എന്നു ജയദേവസ്വാമികൾ അരുളിച്ചെയ്തു. രാജാവ്, ധൈര്യവും മഹനീയവും മനോമോഹനാശകരവുമായ ഈ ഉപദേശംകേട്ട്, സന്തുഷ്ടനായി അദ്ദേഹത്തിന്റെ ദിവ്യതിരുവടികളിൽ നമസ്കരിച്ച്, അഹംഭാവാദി അജ്ഞാനവികാരങ്ങളിൽനിന്നും വിമുക്തനായി ഇങ്ങനെയറിവിച്ചു. സ്വാമി! ഇങ്ങനെ ഗൂഢാർത്ഥമായും ക്രമരഹിതമായും അരുളിച്ചെയ്താൽ മുഴുമൂഢനായ അടിയൻ അറിയുന്നതെങ്ങനെയെന്നു ചോദിച്ചു.

ജയദേവൻ:—ഹേരാജാവേ! പ്രജാവത്സല! ബ്രഹ്മാനന്ദത്തെ ഇച്ഛിക്കുന്നവൻ, സഗുണബ്രഹ്മമായ ത്രിമൂർത്തികളിൽ ഒരാളെയെങ്കിലുമോ നിർഗ്ഗുണബ്രഹ്മത്തെത്തന്നെയോ ഭക്തിപൂർവ്വം ഉപാസിച്ച്, ശീലിക്കേണ്ടതാകുന്നു. പാപങ്ങളെ നിശ്ശേഷം നശിപ്പിക്കാനും പുണ്യത്തെ വർദ്ധിപ്പിക്കാനും അതുകൊണ്ടേ സാധിക്കയുള്ളു. പുണ്യം വർദ്ധിക്കുമ്പോൾ അനിത്യമായ സംസാരം, ദുഃഖബഹുലമായിത്തോന്നുകയും മുഖ്യമായ മോക്ഷമാർഗ്ഗം താനേതെളിഞ്ഞുകാണുകയുംചെയ്യും. ദൈവയോഗത്താൽ ഒരു സൽഗുരുനാഥനെയും ലഭിക്കും. അദ്ദേഹത്തെ ഭക്തിപൂർവ്വം ശുശ്രൂഷിച്ചാൽ കടുത്തവെയിലിൽ ധൂളിപ്പിച്ച മഞ്ഞുതുള്ളിപോലെ സകലപ്രാരബ്ധങ്ങളും നശിക്കും. കോപകലഹാദികളാൽ പീഡിതമാകാതെ മനസ്സ് സർവ്വദാ സന്തോഷമടയും. അതുണ്ടായാൽ അവൻ ഗുരൂപദേശത്തിനധികാരിയായി. ഉടനേ മഹാവാക്യോപദേശംവാങ്ങി അതിനെ വിജനസ്ഥാനത്തിലിരുന്നു മനസ്സേകാഗ്രമാക്കി ധ്യാനിക്കണം. ആ ധ്യാനംകൊണ്ടു കാറ്റുവീശി ഇളകാത്ത ദീപംപോലെ മനസ്സേകാഗ്രമായി ഭവിക്കും. അനന്തരം സൽഗുരുമുഖത്തുനിന്നും മഹാവാക്യാർത്ഥശ്രവണം ചെയ്യണം. അതു ദേഹത്തെയും അതിലുള്ള നവദ്വാരങ്ങളേയും ഉള്ളിലുള്ള ശ്വാസങ്ങളേയും അന്തഃകരണത്തേയും അതുകളെയെല്ലാം ഞാനെന്നഭിമാനിക്കുന്ന ജീവനെയും അതിനാധാരമായ ശുദ്ധശൂന്യമായ അജ്ഞാനത്തേയും ജാഗ്രദവസ്ഥയിലുള്ള ഇന്ദ്രിയവ്യാപാരങ്ങളേയും സ്വപ്നത്തിലെ മനോവ്യാപാരത്തേയും സുഷുപ്തിയിലെ ശൂന്യാവസ്ഥയേയുംഅറിഞ്ഞുകൊണ്ടിരിക്കുന്ന സാക്ഷിയായതാനും അപ്രകാരം സർവ്വചരാചരങ്ങളിലും സാക്ഷിയായിരിക്കുന്ന പരബ്രഹ്മവും ഒന്നെന്നു വെളിപ്പെടുത്തിക്കാണിക്കുന്നതാകുന്നു. അതുവഴി സൂര്യോദയത്താൽ ഇരുളെന്നപോലെ അജ്ഞാനം നിശ്ശേഷം നശിക്കുന്നു. അനന്തരം, ദേഹം അനിത്യം, നാം നിത്യം, ഇന്ദ്രിയങ്ങൾ ദുഃഖമയം, നാം ആനന്ദമയം, അന്തഃകരണങ്ങൾ ചലനസ്വഭാവം, നാം നിശ്ചലസ്വഭാവം, വായു ദേഹത്തിനാധാരം, നാം സർവ്വത്തിനും ആധാരം, ജീവൻ അഹംഭാവത്തോടുകൂടിയതു, നാം അഹംഭാവത്തോടുകൂടാത്തവൻ അജ്ഞാനം ശുദ്ധശൂന്യം നാം അഖണ്ഡപരിപൂർണ്ണൻ എന്നിങ്ങനെ വിചാരിച്ചറിയേണ്ടതാകുന്നു. ഇതുമൂലം സർവ്വസന്ദേഹങ്ങളും താനേനിവർത്തിക്കുന്നു. അതിൽപിന്നെ ദേഹാദികൾ നാം അല്ലായ്കകൊണ്ട്, നമുക്കു ധർമ്മാധർമ്മബന്ധമോക്ഷജരാമരണങ്ങൾ ത്രികാലത്തിലും ഇല്ല. പലതുള്ളി പെരുവെള്ളം എന്നപോലെ സകലസാക്ഷികളുടെ സമൂഹമാണ്, സർവ്വസാക്ഷിയായ പരബ്രഹ്മമെന്നും ബ്രഹ്മംതന്നെ സാക്ഷിസ്വരൂപനായഞാനെന്നും ജനനമില്ലാത്ത എനിക്കു മരണമേതെന്നും രൂപമില്ലാത്ത എനിക്കു വികാരമേതെന്നും സങ്കല്പമില്ലാത്ത എനിക്കു വികല്പമേതെന്നും മരണമില്ലാത്തഎനിക്കു മാറ്റമേതെന്നും എങ്ങും പരിപൂർണ്ണനായിരിക്കുന്ന എനിക്കു ദേഹമേതെന്നും ത്രികാലങ്ങളും ഒരുപോലെ നിർഭേദമായിക്കാണുന്ന എനിക്ക്, കാലമേതെന്നും ഒരിക്കലും അഴിവില്ലാതെയും എല്ലാം ഞാനായും ഇരിക്കുന്ന എനിക്ക്, ഇന്ദ്രജാലസമാനമായ ഈ പ്രപഞ്ചം മിഥ്യയെന്നും അവയോടുകൂടിയിരിക്കുന്ന ഞാൻതന്നെ ബ്രഹ്മമെന്നുള്ളതിനുസംശയമില്ലെന്നും ദൃഢമായ നിദിദ്ധ്യാസനത്താൽ തെളിഞ്ഞുകൊള്ളേണ്ടതാകുന്നു.

ഇരുളിൽ കയററുകഷണം പാമ്പാണെന്നുള്ള തോന്നൽ വെളിച്ചത്തു ഒഴിഞ്ഞുപോകുന്നതുപോലെ പ്രപഞ്ചം സത്യമെന്നും ദേഹം താനെന്നും ബന്ധമോക്ഷങ്ങൾ വാസ്തവമെന്നും മററുമുള്ള വിപരീതഭാവനകൾ ഒഴിഞ്ഞുപോകും. പിന്നെ ദേഹമിരുന്നാലെന്തു? മരിച്ചാലെന്തു്? കാട്ടിലിരുന്നാലും നാട്ടിലിരുന്നാലും, പ്രാരബ്ധാധീനമായ ഈ ദേഹം സുഖദുഃഖങ്ങളെ അനുഭവിച്ചുതന്നെ നീക്കണമെന്നും, എങ്ങനെയെല്ലാം ശ്രമിച്ചാലും വരാനുള്ളതു വരികയില്ലെന്നും എങ്ങനെയെല്ലാം ത്യജിച്ചാലും പോകാത്തതു പോകയില്ലെന്നും നിശ്ചയിച്ചു്, സകല ഇച്ഛകളെയും അറുത്തു്, സങ്കല്പവികല്പങ്ങൾ ഉള്ളിൽ ഉദിക്കാതെയും ഇന്ദ്രിയങ്ങളിൽ പ്രവേശിക്കാതെയും തടുത്തു്, തിരയററ കടലുപോലെ നിശ്ചലനായി കൂടസ്ഥബ്രഹ്മമാത്രനായിരിക്കുന്നതു സമാധിയാകുന്നു. ഇതിനാൽ സുഷുപ്തിയിലുണ്ടാകുന്ന സുഖത്തെപ്പോലെ അഖണ്ഡാനന്ദമുണ്ടാകും. ഇപ്രകാരമുള്ള തുല്യമില്ലാത്ത ആനന്ദക്കടലിൽ മുങ്ങി, തന്നെ മറന്നു്, കാലദേശാദിഭേദഭാവനയില്ലാതെ എങ്ങും നിറഞ്ഞു്, മൂഢഭാവത്തെ കടന്നു്, താൻ ഇന്നവൻ എന്നറിയാതെയും ശുദ്ധാശുദ്ധഭേദം ഇല്ലാതെയും പ്രവൃത്തികളെല്ലാം സ്വപ്നംപോലെതള്ളി ഭ്രാന്തനെപ്പോലെയും ഉന്മത്തനെപ്പോലെയും ശിശുവെപ്പോലെയും ഉള്ള പ്രകൃതിയോടുകൂടി, ശരീരാദികൾ പ്രത്യക്ഷരായാലും മായാമയമെന്നു ഗണിച്ചു്, ഒന്നുംതന്നെ അറിയാത്ത ആനന്ദത്തിൽ മുഴുകി ജാഗ്രൽ സുഷുപ്തി നിലയെ പ്രാപിച്ചു്, ബ്രഹ്മമാത്രനായി ഭവിക്കുന്നതു സാക്ഷാൽകാരമാകുന്നു. ഇതിനാൽ, സാലോക്യ സാമീപ്യ സാരൂപ്യ സായൂജ്യങ്ങളെന്നുള്ള നാലുമോക്ഷപദങ്ങളെയും കടന്നു്, അഞ്ചാംപദമായ ആനന്ദകൈവല്യത്തെ പ്രാപിക്കുന്നു. അതുകൊണ്ടു് ബ്രഹ്മംതന്നെ ഇഷ്ടദൈവമെന്നും ദൈവമേ സദ്ഗുരുവെന്നും, ഗുരുസേവതന്നെ സ്വകർമ്മങ്ങളെന്നും, ഗുരൂപദേശംതന്നെ വേദമെന്നും, വേദസാരസ്വരൂപം വേദാന്തമെന്നും വേദാന്തശ്രവണംതന്നെ മോക്ഷമാർഗ്ഗമെന്നും, മോക്ഷേച്ഛതന്നെ തപസ്സെന്നും തപസ്സു മനനമെന്നും മനനംതന്നെ നിദിധ്യാസനമെന്നും, നിദിധ്യാസനം സമാധിനിഷ്ഠയെന്നും, സമാധിനിഷ്ഠ സാക്ഷാൽക്കാരമെന്നും, സാക്ഷാൽകാരമേ ബ്രഹ്മമെന്നും, ബ്രഹ്മംതന്നെ ആനന്ദമെന്നും ആനന്ദമേ മുക്തിയെന്നും നിശ്ചയമായി അറിഞ്ഞുകൊള്ളേണ്ടതാകുന്നു. മഹാരാജാവേ! സദ്ഗുരുവിങ്കലും ഇഷ്ടദൈവത്തിലും, ശ്രവണാദികളിലും ശ്രദ്ധ പൂർണ്ണമായിരിക്കേണ്ടതാണു്. എന്തെന്നാൽ സദ്ഗുരുശ്രദ്ധ പരമജ്ഞാനത്തെയും, ഇഷ്ടദൈവശ്രദ്ധ പാപനാശത്തെയും, ശ്രവണാദിശ്രദ്ധ അജ്ഞാനനാശത്തെയും ചെയ്യുന്നു. ജ്ഞാനഗർഭത്തിൽനിന്നും ആനന്ദശിശു ഉത്ഭവിക്കുന്നതിനു ശ്രദ്ധയും ഉപദേശവും ശോണിതശുക്ലങ്ങളാണെന്നു പറയാം. ഗുരുകൃപയില്ലെങ്കിൽ ശ്രവണാദികൾ ഫലപ്പെടുകയില്ല. ദേഹസ്മരണയില്ലാതാകുന്നതുവരെ മേൽപറഞ്ഞ മൂന്നിലും ശ്രദ്ധ പൂർണ്ണമായിരിക്കുന്നവനു മാത്രമേ ബ്രഹ്മാനന്ദമുണ്ടാകയുള്ളു. ആചാര്യകൃപ എപ്പോൾ പരിപൂർണ്ണമായി ലഭിക്കുന്നുവോ അപ്പോൾ, ഹൃദയത്തിൽ ജ്ഞാനം പ്രകാശിക്കുന്നു. അജ്ഞാനം നശിക്കുന്നു. സഞ്ചിത പ്രാരബ്ധങ്ങളെല്ലാം അററുപോകുന്നു. ചിന്ത അസ്തമിക്കുന്നു. എന്നുവേണ്ടാ, സകല ബന്ധങ്ങളിൽനിന്നും വികാരങ്ങളിൽനിന്നും മുക്തനായി ഭവിക്കുന്നു. മഹാരാജൻ! ദേഹം അചേതനജഡമായ ഘടം. നീ നിത്യസുജ്ഞാനചൈതന്യം. ദേഹം ഖണ്ഡരൂപനാമം- നീ അഖണ്ഡപരിപൂർണ്ണനിരൂപനിർന്നാമബ്രഹ്മം. ദേഹം വികാരമലം ദുഃഖമയം. നീ നിർവ്വികാരനിർമ്മലാനന്ദം. ഈ ഭാവന മനസ്സിൽ ഉദിക്കുന്നതുതന്നെ സത്യജ്ഞാനമെന്നറിഞ്ഞുകൊൾക. മററുവിധത്തിലുള്ള ജ്ഞാനം മൂഢമാകുന്നു. ഇങ്ങനെ അഹംകാരം ശമിച്ചു്, ബ്രഹ്മമാത്രഭാവനനായ ജ്ഞാനി ത്രിമൂർത്തികൾക്കു തുല്യനാകുന്നു. മഹാരാജൻ! ഇനിയും കേട്ടുകൊൾക. ദേഹത്തെ പ്രകാശിപ്പിക്കുന്നതു പ്രാണൻ പ്രാണനെ പ്രകാശിപ്പിക്കുന്നതു ജീവൻ, ജീവനെ പ്രകാശിപ്പിക്കുന്നതു ആത്മാവും. അതിനാൽ ദേഹാദികളിലഹംഭാവം ഉണ്ടായിക്കൂടാത്തതാകുന്നു. പ്രാരബ്ധാധീനമായ ഈ ദേഹത്തെക്കുറിച്ചു നിനക്കു സ്നേഹം ഉണ്ടാകരുതു്. അതു് ഈ മാത്രമുതൽ ഉപേക്ഷിച്ചുകളയണം. നീ ആരാണെന്നുള്ള പരമാർത്ഥം ചിന്തിച്ചുനോക്കുക. ആനന്ദമുണ്ടാകും. ദേഹാദികളുടെ ചലനമററിരുന്നാൽ നിദ്രയുണ്ടാകുന്നതുപോലെ, മനസ്സിന്റെ ചലനമററി

ഒന്നാൽ ആനന്ദനിദ്രയുണ്ടാകുന്നു. ഉറങ്ങുന്നവനു തന്നെക്കുറിച്ചുള്ള ഓൎമ്മയുണ്ടാകുന്നുണ്ടോ? അതുപോലെ ആനന്ദനിദ്രയിൽ ലയിക്കുന്നവനും ദേഹസ്മരണയില്ലാതായിത്തീരുന്നു. ജന്മാന്തരസുകൃതം കൊണ്ടാണ് നിനക്കിപ്പോൾ ജ്ഞാനോപദേശം ലഭിക്കാൻസംഗതിയായത്. ത്രിഗുണങ്ങളും ത്രിഗുണചേഷ്ടകളും പഞ്ചഭൂതങ്ങളും പഞ്ചകൎത്താക്കളും എല്ലാം മായയാൽ നിൎമ്മിക്കപ്പെട്ടിരിക്കുന്നു. മായയോ ഒരുവെറുംതോന്നൽ മാത്രവുമാണ്, എന്നാൽ നീ സൎവ്വസാക്ഷിയും നിത്യനുമാണ്. സാക്ഷിയായിനിന്ന്, ഇതുകളെയെല്ലാം അറിയുന്ന നിനക്ക്,മായയും ത്രിഗുണങ്ങളും പഞ്ചഭൂതവികാരങ്ങളുമൊന്നും ഒരുകാലത്തുമുണ്ടാകയില്ല. നീ പൃഥിവ്യപ്തേജോവാതാകാശങ്ങളിൽ നിറഞ്ഞിരിക്കുന്ന ബ്രഹ്മമാകുന്നു. ഇപ്രകാരമുള്ള ദ്വൈതാദ്വൈത ഭാവനയാൽ ഞാനെന്ന ജീവഭാവം നിശ്ശേഷം നശിച്ച്, സൎവ്വദാ നിൎമ്മുക്തനായി ശോഭിക്കുന്നു; എന്നിങ്ങനെ പലവേദാന്തരഹസ്യങ്ങളെ ഉപദേശിച്ചിട്ട് ഹേ രാജൻ! ഈ തത്വംതന്നെ നാലുവേദങ്ങളിലും, വസിഷ്ഠസംഹിതസൂതസംഹിത ഭഗവൽഗീത, ആത്മഗീത, രാമഗീത ഉത്തരഗീത, ഋഭുഗീത, പാണ്ഡവഗീത,പരമഗീത, അഷ്ടാവക്രഗീത, മുതലായവയിലും വേദവ്യാസൻ നിൎമ്മിച്ചപതിനെട്ടു പുരാണങ്ങളിലും ഉപപുരാണങ്ങളിലും, പറഞ്ഞിരിക്കുന്നതെന്നും ഇതിനെ തിരസ്കരിക്കുന്നവർ, രൌരവാദിനരകങ്ങളിൽ പതിക്കുന്നപാപികളാണെന്നും, അരുളിച്ചെയ്തശേഷം രാജാവുമുതലായവൎക്ക്, വിശ്വാസമുണ്ടാകുന്നതിനായി വിശ്വനാഥക്ഷേത്രത്തിന്റെ മുമ്പിൽചെന്ന്, മുജ്ജന്മത്തിൽ ഏകം, നാരായണൻ ദ്വൈതംനാസ്തി എന്നുസത്യംചെയ്തതിനു പകരം ഏകോബ്രഹ്മദ്വൈതോനാസ്തി എന്നെല്ലാവരും കേൾക്കെ ഉച്ചത്തിൽ സത്യചെയ്തു. തൽക്ഷണംതന്നെ ശ്രീകാശിവിശ്വനാഥനും വിശാലാക്ഷിയമ്മയും, തൃക്കോവിലിൽനിന്നും പലരുംകാണ്കെവെളിപ്പെട്ട്, ഇതുതന്നെ വേദാന്തസാരസൎവ്വസ്വമെന്നരുളിച്ചെയ്ത്, ജയദേവരെ ആശീൎവ്വദിച്ചന്തൎദ്ധാനംചെയ്തു.

ഉടനേ, ഭഗവാൻ ശ്രീനാരായണനും പ്രസന്നനായി ദൎശനംകൊടുത്തു. ജയദേവരുടെ വാക്യംതന്നെയാണു ഗീതാസാര സൎവ്വസ്വമെന്നരുളിച്ചെയ്തനുഗ്രഹിച്ചന്തൎദ്ധാനംചെയ്തു. ദേവകൾ പുഷ്പവൃഷ്ടിചെയ്തു. നാരദാദി മഹൎഷിമാർ ആകാശഭാഗത്തിൽഎഴുന്നരുളിനിന്ന്, വ്യാസോക്തങ്ങളായ സൎവ്വപുരാണങ്ങളുടെയും തത്വസാരം ജയദേവനാൽ ഉച്ചരിക്കപ്പെട്ടമഹാവാക്യമാണെന്ന്, ഘോഷിച്ചാശീൎവ്വദിച്ചു. അനന്തരം ജയദേവരുംക്രൗഞ്ചരാജനുംമററും രാജധാനിയിലേക്കു മടങ്ങിച്ചെന്ന്, യഥാപൂൎവ്വം ബ്രഹ്മധ്യാനനിഷ്ഠരായിക്കാലത്തെനയിച്ചു. അല്ലയോ ഉദ്ധവസിദ്ധാദി ഭാഗവതോത്തമന്മാരേ! ജയദേവരുടെ ചരിത്രം വിസ്തരിച്ചു പറയുന്നതിന്, ആദിശേഷനാൽപോലും സാധിക്കയില്ല. ഗുരുകാരുണ്യത്താൽ ഇത്രയും നിങ്ങളുടെ അറിവിനായിഞാൻപറഞ്ഞു. ശേഷം ഇനിയും ഞാൻ ഓരോരോ ഭക്തന്മാരുടെ ചരിത്രം പറയുന്നതിനിടയ്ക്കു പറഞ്ഞുതരാൻ സംഗതിയാകും. ഇപ്പോൾ ഇങ്ങനെ അവസാനിക്കട്ടെ.

ഇങ്ങനെ പറഞ്ഞു വിരമിച്ചനാഭാജിസിദ്ധരെ വണങ്ങി ഉദ്ധവസിദ്ധർ മുതലായവർ വിഷ്ണു,ശിവൻ, എന്നീദേവന്മാരിൽ ആരാണുമേന്മ കല്പിക്കാവതെന്നു ചോദിച്ചു. നാഭാജിസിദ്ധർ അതുകേട്ടു ചിരിച്ചു, ഹേ സിദ്ധോത്തമന്മാരേ! നിങ്ങളുടെചോദ്യം എനിക്കു അത്ഭുതത്തെ ഉണ്ടാക്കുന്നു. ആ ദേവന്മാർ തമ്മിൽ ഭേദമില്ലെന്നു ഗണിക്കാൻ ജ്ഞാനം ആൎക്കുണ്ടോ അവൎക്കാണ്, മേന്മകല്പിക്കാവതെന്നു മറുപടി പറകയും ഉദ്ധവസിദ്ധാദികൾ വന്ദിച്ചു സന്ധ്യാവന്ദനാദികൾക്കായി സ്വാശ്രമത്തിലേയ്ക്കു മടങ്ങുകയുംചെയ്തു.

മന്മനോനിലയശോഭിയായമണിദീപമായിവിലസുന്നസ-
ച്ചിന്മയാത്മക! ചിദംബര!ഏതദ്ദുരാത്മദൈത്യജനഡംബര!
അമ്മയച്ഛനലിവുററസദ്ഗുരുവുമായിമദ്ധൃദയതാപമ-
ന്യൂന്മദാദികളൊഴിച്ചുകാത്തരുളുമീശ!നിമമസദാശ്രയം.

ഇതി ജയദേവചരിത്രം.

# തുളസീദാസചരിത്രം

## ഒന്നാം അദ്ധ്യായം.

---

### മങ്ഗലാചരണം.

ലോകംസൃഷ്ടിക്കുമംഭോരുഹഭവനനെയന്നാഭിപത്മത്തിലേന്തി-
ശ്ശോകംകൂടാതെതൻഭാരവുമഖിലമുദാരാത്മമംഗീകരിച്ചും
മേവുംവിഷ്ണോ!ഭവൽകാരുണികതപറയാവല്ലസൃഷ്ടിച്ചുഴിപ്പാ-
നാവാം—പാലിക്കുവാനെന്നൊരുവിഷമതരീഹേരക്ഷമാംവിഷ്ണുദേവ!

തുളസീദാസമങ്ഗളം.

കാമാസക്തിമുഴുത്തിരുന്നുപലനാൾ;പിൽക്കാലമുദ്ബുദ്ധനായ്
പൂമാതിൻവരനെത്തിരഞ്ഞുപുനരശ്രീഹനൂമാനെയും
കാമംപോലവിവീക്ഷ്യതൽകരുണയാവിശ്വേശനെക്കണ്ടുനി-
ഷ്കാമാദ്വൈതപരാത്മസക്തതുളസീദാസർഷിയെക്കൈതൊഴാം.

---

### (തുളസീദാസരുടെ ഉത്ഭവം)

മൂലാധാരംമുതലായ ആറാധാരങ്ങളേയും ദർശിച്ച്, നാദാനന്ദത്തിനധീനരായി ബ്രഹ്മജ്യോതിസ്സിനെക്കണ്ട്, പരമാനന്ദത്തിൽ മുഴുകിയിരിക്കുന്ന ഉദ്ധവസിദ്ധർ മുതലായ സിദ്ധന്മാർ പിറേറദിവസം കാലത്തേ കുളികഴിഞ്ഞു നിത്യകർമ്മങ്ങളും നിർവ്വഹിച്ചശേഷം, വാല്മീകിമഹർഷിയുടെ അവതാരമായ തുളസീദാസൻെറ ചരിത്രം കേൾക്കണമെന്നുള്ള അഗ്രഹത്താൽ, നാരദസിദ്ധരുടെ അടുക്കൽചെന്നു വന്ദിച്ച്, അഭിലാഷം അറിയിച്ചപ്പോൾ, അദ്ദേഹം സന്തോഷപൂർവ്വം ആ ചരിത്രത്തെപ്പറവാനാരംഭിച്ചു.

അല്ലയോ സിദ്ധന്മാരേ! ശ്രീകൃഷ്ണഭക്തന്മാരായ പാണ്ഡവന്മാരുടെ രാജധാനിയും, ശ്രീകൃഷ്ണൻ വിശ്വരൂപം കാണിച്ച സ്ഥാനവുമായ ഹസ്തിനപുരം എന്നു പ്രസിദ്ധിയുള്ള ദില്ലിപ്പട്ടണത്തിൽ, ഈശ്വരനാമജപത്തോടും, "സാധുസംഗതിതന്നെമോക്ഷകാരണമെന്നു"ള്ള ബോധത്തോടും, ഭക്തമണികളുടെ ശുശ്രൂഷയാകുന്ന വ്രതത്തോടും പരിപൂർണ്ണവേദാന്തപാഠത്തോടും അനന്ദനരത്തമമായ ചിത്തവൃത്തിയോടും, അതിഥികൾക്കു അന്നാദികളെദാനംചെയ്യുന്നതിൽശ്രദ്ധയോടുംസത്യനിഷ്ഠയോടുംകൂടി, സകലശാസ്ത്രജ്ഞാനിയുംദയാശീലനുംവിരക്തനുമായ,ഒരുഉത്തമബ്രാഹ്മണനൻപാർത്തിരുന്നു. അദ്ദേഹംതുലുക്കർ,ഹിന്ദുക്കൾ മുതലായവർക്കെല്ലാം, സമസ്തവും ആത്മാവുതന്നെയെന്നുള്ള തത്വത്തെ ഉപദേശിച്ചു. ബ്രഹ്മവിഷ്ണുമഹേശ്വരന്മാരും, ഹള്ള, യേശു, മുതലായ ഇതരമതദൈവങ്ങളും, സകലവിശിഷ്ടവസ്തുക്കളും തത്വങ്ങളും പദങ്ങളും ഫലങ്ങളും എല്ലാം ആത്മാവല്ലാതെ മറെറാന്നുമല്ലെന്നും, അഹംഭാവംനീങ്ങി, ജ്ഞാനം ലഭിക്കുന്നതിന്, രാമമന്ത്രംതന്നെ പ്രധാനം എന്നും, ആയിരുന്നു അദ്ദേഹത്തിൻെറ ഉപദേശം. അതുമൂലം അദ്ദേഹത്തെ എല്ലാവരും ആത്മാരാമൻ എന്നുവിളിച്ചുവന്നു.

അക്കാലത്ത്, ദില്ലിയെ തലസ്ഥാനമാക്കി നാടുവാണിരുന്ന അക്ബർചക്രവർത്തി ആത്മാരാമരുടെ വിദ്വത്തയേയും, സൽഗുണങ്ങളേയും, അദ്വൈതജ്ഞാനത്തേയും, സഫലമായ ജ്ഞാനോപദേശത്തേയുംകുറിച്ച്, കേട്ട്, അദ്ദേഹത്തിനെ ആളയച്ചുവരുത്തി,

ഒരു ഉപദേഷ്ടാവും ഗുരുവും എന്നുള്ള നിലയിൽ, തന്നോടൊന്നിച്ചു താമസിപ്പിച്ചു. ചക്രവർത്തിക്കു അന്നുമുതൽക്കു ആത്മാരാമൻ, ജ്ഞാനമാർഗ്ഗത്തെ ഉപദേശിച്ചുവന്നു. അതുമൂലം ദൈവഭക്തിയും അദ്ദേഹത്തിൽ ഭയഭക്തിയും വർദ്ധിച്ചു ചക്രവർത്തി, അദ്ദേഹംതന്നെ സകലത്തിനും ഗുരുഭൂതനെന്നും, ഉപദേഷ്ടാവെന്നും വിശ്വസിച്ചു്, പ്രതിമാസം ആയിരം സ്വർണ്ണനാണയം ശമ്പളം പതിച്ചുകൊടുക്കുകയുംചെയ്തു.

ഇങ്ങനെ താമസിച്ചുവരവേ, ദൈവനിയോഗത്താൽ ശ്രീവാല്മീകിമഹർഷി ധർമ്മസ്ഥാപനത്തിനായി ഭൂമിയിൽ അവതരിക്കാൻ ആരംഭിച്ചു. രാമരാമേതിമന്ത്രജപത്താൽ മഹർഷിപദത്തെ ലഭിക്കുകയും സകലവേദശാസ്ത്രപാരംഗതനാകയും—രാമായണകഥയെ ശ്ലോകരൂപേണ നിർമ്മിക്കയും—ഭരദ്വാജമഹർഷിക്കു് വായിച്ചുതന്നെ ഉപദേശിക്കയുംചെയ്ത പുണ്യാത്മാവായ ആ മഹർഷിശ്രേഷ്ഠൻ, അവതാരാർത്ഥം പൂജ്യപാദരായ ആത്മാരാമബ്രാഹ്മണന്റെ സഹധർമ്മിണിയുടെ ഗർഭത്തിൽ പ്രവേശിച്ചു. യഥാകാലം ആ സാധ്വി, തേജസ്സൗന്ദര്യൈകനിധാനമായ ഒരു പുത്രനെ പ്രസവിക്കുകയുംചെയ്തു.

ആത്മാരാമൻ, പുത്രന്റെ സുകുമാരമായ മുഖകമലത്തെക്കണ്ടാനന്ദിച്ചു്, ജാതകക്രിയാദികളും, ദാനധർമ്മാദികളും യഥാവിധി നിർവ്വഹിച്ചു. ബ്രഹ്മതേജോനിധിയായ പുത്രന്റെ ശുഭോദിയിൽ വിശ്വാസത്തോടുകൂടി അദ്ദേഹം അവനു തുളസീദാസനെന്നു പേരിട്ടു വാത്സല്യപൂർവ്വം വളർത്തിവന്നു. ഉപനയനംകഴിഞ്ഞു് വിദ്യാഭ്യാസം ആരംഭിച്ചതോടുകൂടി പുത്രന്റെ ബുദ്ധിവിസ്താരത്തെക്കുറിച്ചു പിതാവു് അത്ഭുതപ്പെട്ടു. വേദശാസ്ത്രപുരാണേതിഹാസാദികളെല്ലാം അല്പകാലംകൊണ്ടു അഭ്യസിക്കയും അവശ്യം അവശ്യമുള്ള ലോകപരിചയം സമ്പാദിക്കയുംചെയ്തു.

യൗവനമാരംഭിച്ചപ്പോൾ ആഭിജാത്യവും അഴകും സൗശീല്യാദിഗുണങ്ങളും വൈദുഷ്യവുമുള്ള മമതാദേവിയെന്നു പേരായ ഒരു കന്യകയെ വലിയ ഉത്സവഘോഷങ്ങളോടുകൂടി മഹാജനസമക്ഷം വിവാഹംചെയ്യിച്ചു. അന്നുമുതൽക്കു്, ആത്മാരാമൻ തുളസീദാസരെക്കൂടി കൊട്ടാരത്തിൽ കൂട്ടിക്കൊണ്ടുപോയി രാജ്യകാര്യാലോചനകളിലും മറ്റും പ്രവർത്തിപ്പിച്ചു പരിചയിപ്പിക്കുകയുംചെയ്തു. അചിരേണ ചക്രവർത്തി തുളസീദാസരെ തന്റെ കാര്യാലോചനയ്ക്കായി നിയമിച്ചു. ബാലനായ തുളസീദാസർക്കു രാജധാനിയിൽ അമോഘമായി പെരുമാറുന്നതിനു വേണ്ട സാമർത്ഥ്യം ഉണ്ടായിരിക്കയില്ലെന്നു ശങ്കിച്ചു്, പിതാവു് അദ്ദേഹത്തെ അടുക്കൽ വിളിച്ചിരുത്തി ചില ഉപദേശങ്ങൾചെയ്തു. അപ്പനേ! തുളസീദാസ! നീ ലോകനീതികളറിയാത്ത ബാലനാണു്. രാജാക്കന്മാരോടിടപെടുന്ന സംഗതി വളരെ ഭയപ്പെടത്തക്ക ഒരു കാര്യമാണു്.

"മൂർച്ചയുള്ളൊരു ഖഡ്ഗംലേഹനംചെയ്തീടാമോ
മൂർക്കപ്പാമ്പിന്റെമുഖംചുംബനംചെയ്തീടാമോ
സിംഹത്തെച്ചെന്നുപരിരംഭണംചെയ്തീടാമോ
സാദ്ധ്യമാമിതെങ്കിലുംസിദ്ധിയാനൃപാർച്ചനം"

എന്നാണു് അനുഭവസ്ഥന്മാർ പറഞ്ഞിരിക്കുന്നതു്. കുളിർമാററാൻ നമ്മൾ തീകായുന്നപോലെ, ക്രമമായ ഒരകലത്തിൽനിന്നുവേണം അവരോടു പെരുമാറാൻ. അധികം അടുത്താൽ അഗ്നി ചുടും. അകന്നാൽ ചൂടുകിട്ടുകില്ല. അതുപോലെ രാജാക്കന്മാരോടും അധികമടുത്താലും അകന്നാലും തരക്കേടുണ്ടു്. ആസ്ഥാനമണ്ഡപത്തിൽ ചെന്നാൽ രാജനീതികളിൽതന്നെ മനസ്സുവച്ചിരിക്കണം. എപ്പോഴെങ്കിലും അല്പം ഉദാസീനതയോ മറവിയോ വന്നുപോയാൽ, അതിനുത്തരംപറയേണ്ടതു സ്വന്തശിരസ്സാണെന്നു കരുതിക്കൊള്ളണം. ന്യായംതീർക്കുന്നതിൽ വലിയവരെന്നും ചെറിയവരെന്നും ഉള്ള ഭേദംനോക്കരുതു്. രാജാവു് എന്തെങ്കിലും ഒന്നു ചോദിച്ചാൽ, വളരെ ആലോചിച്ചുവേണം അതിനുത്ത

രംപാവാൻ. എന്തെന്നാൽ മന്ത്രിയുടെ ദോഷംകൊണ്ടു്, രാജാവു നശിച്ചുപോകാൻഎളുപ്പമുണ്ടു്. രാജത്വത്തെ യാതൊരുഹാനിയുംകൂടാതെ നിലനിൎത്തിക്കൊണ്ടുപോകുന്നകാൎയ്യം അത്ര എളുപ്പമല്ല. അതിനെ നശിപ്പിക്കാൻ തീരെ പ്രയാസവുമില്ല.

"തന്നെപ്പോൽമററുള്ളോരെക്കൂടവേകാണുന്നവൻ
ധന്യപൂരുഷൻഎന്നുചൊല്ലുന്നുമഹത്തുക്കൾ"

എന്ന ആപ്തവാക്യം എപ്പോഴും ഓൎമ്മയിരിക്കണം. ആ നിലയിൽനിന്നും രാജാവും വ്യതിചലിക്കാതെ, സൂക്ഷിക്കേണ്ടതു്, ഒരു ഉത്തമമന്ത്രിയുടെ ധൎമ്മമാകുന്നു. ഒരുപക്ഷേ, രാജാവു് അധൎമ്മം പ്രവൎത്തിക്കാൻ തുടങ്ങിയാലും, അദ്ദേഹത്തെ പല ദൃഷ്ടാന്തദാർഷ്ടാന്തികങ്ങളാൽ, നീതിമാർഗ്ഗത്തിലേക്കു നയിക്കാൻ ശ്രമിച്ചു്, ജനങ്ങളുടെ പ്രീതിയും പ്രശംസയും സമ്പാദിക്കണം. സത്തുക്കൾക്കു സമ്പത്തുണ്ടായാൽ, അതിനെ സദ്വിഷയത്തിൽ വിനിയോഗിക്കുന്നതെപ്രകാരമോ അപ്രകാരം ഉത്തമന്മാൎക്കു രാജ്യാധികാരം കിട്ടിയാൽ, അതു്, സാധുസംരക്ഷണത്തിനും ധൎമ്മസ്ഥാപനത്തിനും ആയി വിനിയോഗിക്കുകയും അധൎമ്മങ്ങൾ ആരും പ്രവൎത്തിക്കാതെ സൂക്ഷിക്കുകയും നിയമനിഷ്ഠയുള്ളവരെ വിശ്വസിച്ചു്, രാജാവുമുതൽ ദരിദ്രൻവരെയുള്ള സകലരുടേയും ക്ഷേമത്തെ നിലനിൎത്തുകയും കൊല, കളവു്, ധൎമ്മവിരുദ്ധമായ കാമം മുതലായവററിൽ പ്രവൎത്തിക്കുന്നവരെ കഠിനമായി ശിക്ഷിച്ചു്, ധൎമ്മനിഷ്ഠനെന്നുള്ളപേർ സമ്പാദിക്കുകയും, അതിഥികളെ പൂജിക്കുകയും, ആത്മാരാമന്മാരായ തപസ്വിശ്രേഷ്ഠന്മാൎക്കു യോഗ്യസ്ഥാനങ്ങൾ ഏൎപ്പെടുത്തി, ഒരിക്കലും അവൎക്കപ്രിയംവരാതെ സൂക്ഷിച്ചു്, അവരുടെ അനുഗ്രഹത്താൽ രാജവംശത്തിനു മംഗളം പുലൎത്തുകയും ചെയ്യേണ്ടതാകുന്നു.

എന്തെന്നാൽ ഗൃഹസ്ഥാശ്രമികൾക്കു തപസ്വികളുടെ തപസ്സാണാശ്രയം. അതുപോലെ തപസ്വികൾക്കു ഗൃഹസ്ഥാശ്രമികളുടെ ധൎമ്മമാണാശ്രയമെന്നും പറയാം. അതുകൊണ്ടു ഭക്തന്മാർ, സിദ്ധന്മാർ മുതലായവരുടെ അപ്രിയം രാജ്യനാശത്തിനു ഹേതുവാണെന്നും, ഗൃഹസ്ഥാശ്രമികളുടെ അധൎമ്മം മേല്പറഞ്ഞ തപസ്വികളുടെ അപ്രിയത്തിനു ഹേതുവാണെന്നും ഓൎമ്മയിരിക്കണം. തപസ്വികളുടെ ആശീൎവാദത്താൽ ശൂന്യമായ പട്ടണവും, പൂൎവ്വാധികം സമൃദ്ധമായി ഭവിക്കും. പട്ടണത്തിനു പ്രകാശമുണ്ടാക്കുന്നതു സൂൎയ്യചന്ദ്രന്മാരല്ല. സാധുക്കളായ തപസ്വികളാണു്. അയോദ്ധ്യാധിപതിയായ ദശരഥൻ, ഐശ്വൎയ്യസമൃദ്ധിയോടുകൂടിയിരുന്നതു്, വസിഷ്ഠമഹർഷിയുടെ സാന്നിദ്ധ്യവും അനുഗ്രഹവുംകൊണ്ടായിരുന്നു. തപസ്വികളില്ലാത്ത നാടു്, ദുഷ്ടമൃഗങ്ങൾനിറഞ്ഞ കാടാണെന്നുതന്നെ പറയണം. സാധുക്കളുടെ സമൂഹംതന്നെയാണു് സന്തോഷത്തിന്റെ സ്ഥാനമെന്നു വിദ്വാന്മാർ പറയുന്നു. അമാത്യന്മാൎക്കു പ്രധാനമായി ക്ഷമയും യുക്തിയും ബുദ്ധിയും വേണ്ടതാകുന്നു. ശാന്തത, സാഗരത്തെക്കാൾ വലിപ്പമേറിയതാണെന്നു ഒരു മഹാത്മാവെഴുതിയ ഒരു ചീട്ടുകൊണ്ടും, മന്ത്രിയുടെ ബുദ്ധികൌശലംകൊണ്ടും ഒരു രാജാവു്, അധൎമ്മത്തിൽ ഏൎപ്പെടാതെയിരിക്കാനും നിരപരാധിനിയായ ഒരു സ്ത്രീയെ വധിക്കാതിരിക്കാനും ഇടയായി. അതെങ്ങനെയെന്നാൽ ഒരു നഗരത്തിൽ ഭക്തോത്തമനായ ഒരു മനുഷ്യൻ, വിധിപ്രകാരം ഗൃഹസ്ഥാശ്രമത്തിൽ ഇരുന്നു്, ഒടുവിൽ സന്ന്യസിച്ചു്, ബ്രഹ്മാനന്ദത്തെ അനുഭവിച്ചു, നിൎയ്യാണകാലമായപ്പോൾ, അദ്ദേഹത്തിന്റെ പുത്രൻ—"പ്രിയപിതാവേ! എന്റെ ഉപജീവനത്തിനോ വിവാഹത്തിനോ ഒന്നിനുംതന്നെ, അല്പ്പനംപോലും സമ്പാദിച്ചുവച്ചേക്കാതെയാണല്ലോഅങ്ങുന്നു മരിക്കാൻ ഭാവിക്കുന്നതു്. ഇനി, ഞാൻ കാലക്ഷേപംചെയ്യേണ്ടതെങ്ങനെ?" എന്നു വേദനയോടുകൂടി നിലവിളിക്കുന്നതുകേട്ടു്, അദ്ദേഹം ഒരു തുണ്ടെടുത്തു, "ശാന്തത കടലിനേക്കാൾ വലിപ്പമുള്ളതാകുന്നു" എന്നെഴുതി അവന്റെ കയ്യിൽ കൊടുത്തിട്ടു്, ഇതിനെ നീ സൂക്ഷിച്ചുവച്ചുകൊൾക മുതൽസംബന്ധമായി വല്ല ബുദ്ധിമുട്ടും വരുമ്പോൾ, എടുത്തുകൊണ്ടുപോയി, നമ്മുടെ രാജാവിന്റെ പക്കൽ കൊടുത്താൽ നിന്റെ കഷ്ടത തീൎന്നുപോകും. എന്നുപറഞ്ഞു മരിക്കുകയുംചെയ്തു. പുത്രൻ പിതാവിനു ചെയ്യേണ്ട ചരമക്രിയകളെല്ലാം

ചെയ്തശേഷം, പിറേറദിവസം ഉദയത്തിൽതന്നെ ആ ചീട്ടുംഎടുത്തുകൊണ്ട്, രാജധാനിയിലേക്ക ചെന്നു. രാജാവ്, അതു വാങ്ങിച്ചുനോക്കിയപ്പോൾ, "ശാന്തത സാഗരത്തിലും വലിപ്പമുള്ളത്" എന്നെഴുതിയിരിക്കുന്നതുകണ്ട്, അതിന്റെ അന്തസ്സാരം മനസ്സിലാക്കി, ആ സാധുവിനു വേണ്ട മുതൽകൊടുത്തു സന്തോഷിപ്പിച്ചയച്ചു. അനന്തരം അദ്ദേഹം ആ ചീട്ട്, തന്റെ നിത്യായുധമായ വാൾ ഇടുന്ന ഉറയിൽ നിക്ഷേപിച്ചിരുന്നു.

അങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോൾ, ഒരിക്കൽ രാജാവ് പരിവാരങ്ങളോടുകൂടി, കാട്ടിൽ വേട്ടയ്ക്കായിപ്പോയി. പള്ളിയറവിചാരിപ്പുകാരൻ രാജാവിന്റെ പള്ളിമെത്തയിൽ ഒന്നു കിടന്നുറങ്ങണമെന്നുള്ള ആഗ്രഹത്തോടെ, പലനാളായി അവസരംനോക്കി ഇരിക്കയായിരുന്നതുകൊണ്ട്, അന്നു മെത്ത നല്ലതുപോലെ അലംകരിച്ചു, നേരത്തേതന്നെ അതിന്മേൽ കയറി രത്നക്കമ്പിളിമുതലായതുമെടുത്തു പുതച്ച്, സുഖമായിക്കിടന്നുറങ്ങിത്തുടങ്ങി.

ആ അവസരത്തിൽ രാജപത്നി, രാജാവുമടങ്ങിവന്നോ എന്നും പള്ളിയറയിൽ ഉണ്ടോയെന്നും നോക്കിവരുന്നതിനായി ഒരു ദാസിയെനിയോഗിച്ചയച്ചു. ഉണ്ടെന്നും നിദ്ര ചെയ്യുന്നു എന്നും അവൾ മടങ്ങിച്ചെന്നു പറകയാൽ, ആ ദേവി സംശയലേശംകൂടാതെ ചെന്നു മെത്തയുടെ അരികിൽ നിന്നു സൂക്ഷിച്ചു. ഭർത്താവ്, നായാട്ടിലുള്ള ശ്രമത്താൽ ക്ഷീണിച്ചുറങ്ങുകയാണെന്നും, അതുകൊണ്ട്, ഉപദ്രവിക്കേണ്ടാ എന്നും നിശ്ചയിച്ച്, ആ മഞ്ചത്തിൽതന്നെ ഒരുഭാഗത്തു കയറിക്കിടന്നുറങ്ങി. അപ്പോഴാണു വേട്ടയ്ക്കുപോയ രാജാവു മടങ്ങിവന്നത്. മന്ത്രിയോടുകൂടിത്തന്നെ പള്ളിയറവാതുക്കൽ എത്തി അകത്തേക്കു സൂക്ഷിച്ചുനോക്കിയപ്പോൾ, പള്ളിമെത്തമേൽ ശയിച്ചിരിക്കുന്ന തന്റെ പ്രിയതമയേയും അന്യനായ പുരുഷനെയുംകണ്ട്, കോപതാപപരവശനായി ഇവരെ ഇപ്പോൾതന്നെ കഷണം കഷണമായി വെട്ടിമുറിക്കണമെന്നുദ്ദേശിച്ച്, ഉറയിൽ നിന്നും വാളൂരിയെടുത്തു. ഉടനേ, പണ്ടൊരിക്കൽ അതിൽ നിക്ഷേപിച്ചിരുന്ന ചീട്ട്, ദൈവഗത്യാ രാജാവിന്റെ മുമ്പിൽ വീഴാനിടയായി. അദ്ദേഹം അതെടുത്തുനോക്കിയപ്പോൾ, "ശാന്തത, സാഗരത്തേക്കാൾ വലിയതാണെ"ന്നെഴുതിയിരിക്കുന്നതുകണ്ട്, ഉദ്ബുദ്ധനായി സ്വല്പനേരം അനങ്ങാതെ നിന്നുപോയി. സന്യാസിയുടെമകൻ കൊണ്ടുകൊടുത്ത ചീട്ടാണ് അതെന്നുള്ളകഥ അദ്ദേഹം അപ്പോൾ ഓർത്തില്ല. ദൈവശക്തിയാൽ ആകാശത്തിൽനിന്നുപതിച്ചതാണെന്നുള്ള വിചാരത്താൽ, വാൾ പ്രയോഗം ചെയ്യാൻ ഭയപ്പെട്ട്, സമാധാനത്തോടുകൂടി, വെളിക്കിറങ്ങി, മന്ത്രിയോടു ആ വിവരം പറഞ്ഞു. അതുകേട്ട്, ബുദ്ധിമാനായ മന്ത്രി, രാജാവിനെ ഒരുഭാഗത്തു മാറിനിൽക്കാൻ ഏർപ്പാടുചെയ്തുംവെച്ച്, പള്ളിയറവാതുക്കൽചെന്നുനിന്ന് ഉച്ചത്തിൽ കയ്യടിച്ച്, ശബ്ദം ഉണ്ടാക്കി. ആ ഒച്ചകേട്ട്, രാജസ്ത്രീ പെട്ടെന്നു കണ്ണുതുറന്നുനോക്കി. അപ്രതീക്ഷിതമായും അവിചാരിതവുമായി പള്ളിയറവാതുക്കൽ വന്നുനിൽക്കുന്ന മന്ത്രിയെക്കണ്ട്, ഹേ മന്ത്രിസത്തമ! ഇതെന്തൊരക്രമമാണ്? രാജശേഖരനുമായി ഞാൻ ശയിച്ചിരിക്കുന്ന ഈ പള്ളിയറയിൽ, അനുവാദം ചോദിക്കാതെ കടന്നുകയറിവന്നത്, എത്രമാത്രം ഉചിതമാണെന്ന്, അറിവുള്ള താങ്കൾതന്നെ, വിചാരിച്ചുനോക്കേണ്ടതാണു എന്നുപറഞ്ഞെഴുന്നേറ്റ്, തന്റെ അന്തഃപുരത്തിലേക്കു പോകാൻ ഭാവിച്ചു.

മന്ത്രിപറഞ്ഞു:—സ്വാമിനി! ഭവതി പറഞ്ഞതുശരിതന്നെ. രാജാവു തിരുമനസ്സുകൊണ്ടു വേട്ടയ്ക്കുപോയശേഷം മടങ്ങിവന്നതു എപ്പോഴാണെന്നുകൂടിപ്പറഞ്ഞു തന്നാൽ കൊള്ളാമായിരുന്നു.

റാണി—തിരുമനസ്സുകൊണ്ട്, രാത്രിയുടെ ആദ്യയാമത്തിൽതന്നെ തിരിച്ചെഴുന്നള്ളി ഇവിടെ കിടക്കയായിരുന്നു. അദ്ദേഹം അറിയാതെയാണു ഞാൻ വന്നുകിടന്നതു.

മന്ത്രി:—തിരുമനസ്സുകൊണ്ടു മടങ്ങിവന്നതു ദേവികണ്ടുവോ?

റാണി—കണ്ടില്ല. ഞാൻ വന്നപ്പോൾ അദ്ദേഹം നല്ല ഉറക്കമായിരുന്നു. നായാട്ടുകൊണ്ടു ക്ഷീണിച്ചുകിടക്കുകയാൽ, ഉപദ്രവിക്കേണ്ടെന്നുവച്ചു ഞാൻ വിളിച്ചില്ല. ഏ

തായാലും അദ്ദേഹം ഉറങ്ങിക്കിടക്കുമ്പോൾ, നാം തമ്മിൽ ഇവിടെ ഇങ്ങനെ സംസാരിച്ചു കൊണ്ടു നില്ക്കുന്നതു ഒന്നുകൊണ്ടും ഭംഗിയല്ല. മുമ്പേ ഞാൻ പറഞ്ഞതുപോലെ, തനിയേകടന്നുവന്നു കയറിയതും, താങ്കൾക്കു യോഗ്യതയായില്ല. വല്ലകാൎയ്യവുമുണ്ടെങ്കിൽ കാവൽക്കാരോ തവണക്കാരോ മുഖേന, തിരുമനസ്സിലെ അവസരം അന്വേഷിക്കയായിരുന്നു നന്ന്. അദ്ദേഹംനന്നേ ക്ഷീണിച്ചുറങ്ങുകയാണു. തക്കകാൎയ്യമുണ്ടെങ്കിൽ മാത്രമേ ഉണൎത്താവൂ. എന്നുപറഞ്ഞു തന്റെ മുറിയിലേക്കുപോകയും ചെയ്തു. ഉടനേ, മന്ത്രി അകത്തുകടന്നു്, പള്ളിമഞ്ചത്തിൽ കിടന്നുറങ്ങുന്ന പള്ളിയറ വിചാരിപ്പുകാരനെ തട്ടിയുണൎത്തിയെഴുന്നേല്പിച്ചു. അവൻ മന്ത്രിയെക്കണ്ടു് അത്യന്തം ഭയാകുലനായിനിന്നു്, കിടുകിടവിറച്ചു. ഉടനേ, മന്ത്രി, അവനെനോക്കി, എടാ ദ്രോഹി നിന്റെ അടുക്കൽ ഈ മെത്തയിൽ കിടന്നിരുന്നതാരാണു്? പരമാൎത്ഥം പറ നല്ലതിനു്! എന്നുപറഞ്ഞുഭയപ്പെടുത്തി.

**വിചാരിപ്പുകാരൻ:**—ഞാനൊരുത്തനല്ലാതെ മററാരും ഇതിൽ കിടന്നിരുന്നില്ല.

**മന്ത്രി:**—ആകട്ടെ, നീ തിരുമനസ്സിലെമെത്തയിൽ കയറിക്കിടക്കാൻ എന്തുകാരണം?

**വിചാരിപ്പുകാരൻ:**—എനിക്കു ഈ മെത്തയിൽ ഒന്നുകിടന്നാൽ കൊള്ളാമെന്നു പലനാളായി ഉണ്ടായിരുന്ന ആഗ്രഹം സാധിക്കാൻ ഇന്നവസരമുണ്ടെന്നുകണ്ടു്, അങ്ങനെ ചെയ്തുപോയെന്നേയുള്ളു. ദയയുണ്ടായി എന്റെ അപരാധം ക്ഷമിച്ചെന്നെ രക്ഷിക്കണം.

ഇതുകേട്ടു്, മന്ത്രി, അവനെത്തടവിലേക്കയച്ചിട്ടു്, മറഞ്ഞുനിന്ന രാജാവിനെ നോക്കി"സ്വാമി! അങ്ങേ സംശയം ഇപ്പോൾ തീൎന്നുവോ? എന്നുചോദിച്ചു.

**രാജാവു:**—ഒന്നുകൂടിപ്പരീക്ഷിച്ചുനോക്കേണ്ടതായിട്ടാണിരിക്കുന്നതു്. എന്റെ സംശയം തീൎന്നില്ല. എന്നുപറഞ്ഞു റാണിയെ വിളിച്ചു്, ദേവി! നീ വലിയഅപരാധം ചെയ്തിരിക്കുന്നു. പള്ളിയറവിചാരിപ്പുകാരനോടുകൂടിയാണു നീ മെത്തയിൽ കിടന്നിരുന്നതു്. അതുമൂലം എനിക്കു ദുശ്ശങ്കയ്ക്കുകാരണമായിരിക്കുന്നു. ഇനി, എനിക്കു ബോദ്ധ്യംവരണമെങ്കിൽ, എണ്ണ അടുപ്പിൽവച്ചു തിളപ്പിച്ചു്, അതുവെട്ടിത്തിളയ്ക്കുമ്പോൾ, അതിൽ ചാടി നീ കുളിക്കണം. സത്യവതിയാണെങ്കിൽ നിന്റെ ദേഹം പൊള്ളുകയില്ല. ഒരു പരീക്ഷ കഴിക്കാതെ നിന്നെ എനിക്കു സ്വീകരിക്കാൻ പാടില്ല. അതിലേക്കു വല്ല മടിയുമുണ്ടെങ്കിൽ, ഇപ്പോൾതന്നെ നിന്റെ ഭവനത്തിലേക്കു പൊയ്ക്കൊൾക, എന്നുകല്പിച്ചു.

റാണി അതുകേട്ടു്,—"അന്യപുരുഷസ്പൎശത്തിനിടയായ ഈ ശരീരം ഏതായാലും ഇനിവച്ചിരുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഇതുഇപ്പോൾതന്നെ അഗ്നിക്കാഹാരമാക്കിയേക്കാം." എന്നുപറഞ്ഞു് തൽക്ഷണംതന്നെ എണ്ണ അടുപ്പിലാക്കിച്ചു്, വെട്ടിത്തിളച്ചപ്പോൾ അതിൽ ചാടാനായി ഭാവിച്ചു.

അതുകണ്ടു്, ആൎദ്രഹൃദയനായ രാജാവു്, അവളെനോക്കി, "ദേവീ! നിന്റെ ചാരിത്രശുദ്ധിയെ സാക്ഷീകരിച്ചാണു് ദൈവം ഈ ചീട്ടു്, എന്റെ മുമ്പിൽ ഇടുവിച്ചതു്. അതിൽനിന്നും നീ കുററക്കാരിയല്ലെന്നു തെളിയുന്നുണ്ടു്. അതുകൊണ്ടു്, ഇനി എണ്ണയിൽ ചാടി പരീക്ഷിക്കണമെന്നില്ല എന്നുപറഞ്ഞു.

റാണി:—"പ്രാണനാഥ! ഞാൻകുററക്കാരിയല്ലെങ്കിലും, മനസ്സറിയാതെയെങ്കിലും, ഒരു പുരുഷസ്പൎശം എനിക്കു സിദ്ധിച്ചുപോയതുകൊണ്ടു്, ഇനി, ഈ ദേഹത്തിൽ പരിശുദ്ധനായ അങ്ങുസ്പൎശിച്ചുകൂടാ. ഇപ്പോൾതന്നെ ഞാൻ അഗ്നിക്കു ആഹാരമാക്കിയേക്കാം" എന്നു സധൈൎയ്യം പ്രസ്താവിച്ചശേഷം, വീണ്ടും എണ്ണയിൽ ചാടുവാൻ ഭാവിച്ചു.

ആ സാഹസംകണ്ടു്, രാജാവു്, തോഴിമാരെക്കൊണ്ടുദേവിയെ തടസ്സംചെയ്യിച്ചു്, "ഹേ ദേവി! വെറുതേ സാഹസം പ്രവൎത്തിക്കരുതു്. ഭവതിക്കുവേണ്ടിയാണു്, ദൈവം ഈ ചീട്ടു്, എന്റെമുമ്പിൽ ഇടുവിച്ചതെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു ഭവതിക്കുപക

രം ഈ ചീട്ടുതന്നെ എണ്ണയിലിട്ടാൽ പരമാത്ഥമറിയാമെന്നു ഞാൻ വിചാരിക്കുന്നു. എന്നുപറഞ്ഞു അതിനെ എണ്ണയിൽ ഇടാൻഭാവിച്ചപ്പോൾ,

മന്ത്രി:—സ്വാമി! ഈ ചീട്ട്, ഒരു സന്ന്യാസിയുടെ മകൻ ഇവിടെക്കൊണ്ടുവന്നു തന്നതാണെന്നോക്കുന്നില്ലയോ? ഒരുപക്ഷേ, അതു്, എണ്ണയിലിട്ടാൽ കരിഞ്ഞുപോകാൻ എളുപ്പമുണ്ടു്. അതുമൂലം ദേവിയുടെ പേരിൽ ശങ്കജനിക്കണെങ്കിൽ അതു ശരിയല്ല. അതുകൊണ്ടു്, അങ്ങനെയല്ല വേണ്ടതു്. ശാന്തതസാഗരത്തിലും വലിയതാണെന്നുള്ള വാക്യം, ദേവിയുടെ പാതിവ്രത്യവും സത്യമാണെങ്കിൽ ഈ ചീട്ടുകരിയാതിരിക്കുമെന്നുള്ള സംകല്പത്തോടുകൂടി എണ്ണയിൽ ഇടണം എന്നറിവിച്ചു. രാജാവും അതു സമ്മതിച്ചു്, ഇഷ്ടദൈവത്തെ ധ്യാനിച്ചുകൊണ്ടു്, ചീട്ടുതൈലത്തിലിട്ടു. അതു്, ഇട്ടപ്രകാരംതന്നെ, യാതൊരുപാട്ടവും തട്ടാതെ, എണ്ണയിൽ തിളച്ചുപൊങ്ങിക്കൊണ്ടേയിരുന്നു. എല്ലാവരുമതുനോക്കി അത്ഭുതപ്പെട്ടു നില്ക്കുമ്പോൾ, റാണി, മുന്നോട്ടുവന്നു്, ഹേ മഹാജനങ്ങളേ! ഈ ചീട്ടിങ്ങനെ വേകാതിരിക്കുന്നതുകൊണ്ടു്, ഞാൻ പരിശുദ്ധയാകുന്നതെങ്ങനെ? പരിശുദ്ധയാണെന്നു നിങ്ങൾ സമ്മതിക്കുന്നതെങ്ങനെ? എന്നുപറഞ്ഞു, ഓടുകതിപ്പിന്നു അതിളയ്ക്കുന്ന എണ്ണയിൽ എടുത്തുചാടിക്കഴിഞ്ഞു. ഉടനേ, വെട്ടിത്തിളച്ചു കിടന്ന ആ തൈലം പനിനീർപോലെ തണുത്തു, എരിഞ്ഞുകൊണ്ടു നിന്ന അഗ്നിയും പോലിഞ്ഞു, ആകാശത്തുനിന്നു പുഷ്പവൃഷ്ടി നിരന്തരമായിപൊഴിഞ്ഞു. ദേവദുന്ദുഭികളും ഉച്ചത്തിൽ മുഴങ്ങി. രാജാവു്, ഉടനേതന്നെ തന്റെ പ്രിയതമയെ ആശ്ലേഷംചെയ്തു്, ഹേ സാധ്വീമതാമേ! നിന്നെപ്പോലെയുള്ള മഹിളാമണികളുടെ വൃത്തിശുദ്ധികൊണ്ടാണു ധൎമ്മനിലപിഴയ്ക്കാതെ ഈ പ്രപഞ്ചം പരിവൎത്തിക്കുന്നതു്. ആദിത്യചന്ദ്രന്മാർ കാലംതെറ്റാതെ ഉദിച്ചസ്തമിക്കുന്നതും വേണ്ടപ്പോഴെല്ലാം മഴപൊഴിയുന്നതും, സമുദ്രം ഭൂമിയെ ലംഘിക്കാതെ നില്ക്കുന്നതും, ഭൂമിതന്നെ അധഃപതിക്കാതെ അന്തരാളത്തിൽ സ്ഥിതിചെയ്യുന്നതും, എല്ലാം അതുകൊണ്ടുതന്നെ എന്നുപ്രശംസിച്ചിട്ടു്, മന്ത്രിയെനോക്കി,—"വിവേകിയായ മന്ത്രിസത്തമ! ഈ ദേവിയെ എന്റെ കൈവാളിന്നു് ഇരയാകാതെ രക്ഷിച്ചതു്, താങ്കളുടെ ബുദ്ധിവിശേഷമാണെന്നുള്ളതിനു സംശയമില്ല" എന്നരുളിച്ചെയ്തു. അനന്തരം, "ശാന്തത, സാഗരത്തിലും വലിപ്പമുള്ളതാണെന്നു എഴുതിയ ചീട്ടുകൊണ്ടുക്കൊടുത്ത സാധുകുമാരനെവരുത്തി അവനു പകുതിരാജ്യം സമ്മാനിച്ചു സന്തുഷ്ടനായിപ്പാൎത്തു. ഇങ്ങനെയാണു ആ കഥ.

അതുകൊണ്ടു്, ഹേ തുളസീദാസ! മന്ത്രിമാർ അനല്പമായബുദ്ധി സാമൎത്ഥ്യവുംശാന്തതയും ഉള്ളവരായിരിക്കേണ്ടതാവശ്യമാകുന്നു. അതു്, ആത്മരക്ഷയ്ക്കും, സ്വാമിരക്ഷയ്ക്കും രാജ്യരക്ഷയ്ക്കും പ്രയോജനപ്പെടും. ഈ ലോകത്തിൽ കീൎത്തിയും പരലോകത്തിൽ സൌഖ്യവും സിദ്ധിക്കും.

ഇങ്ങനെ ഓരോ നീതികൾ പുത്രനു ഉപദേശിച്ചശേഷം, ആത്മാരാമൻ, മററുചില സന്ന്യാസിമാരോടൊരുമിച്ചു്, തീൎത്ഥയാത്രയ്ക്കായി പുറപ്പെട്ടുപോയി. തുളസീദാസർ അക്ബർ ചക്രവൎത്തിയിൽ അത്യന്തം ഭക്തിയോടും സത്യസന്ധതയോടുംകൂടി വിവേകപൂൎവ്വം രാജ്യകാൎയ്യങ്ങൾ നടത്തുകയാൽ, അചിരേണ പ്രധാനമന്ത്രിസ്ഥാനം അദ്ദേഹത്തിനു ലഭിക്കുന്നതിനും, രാജാവിനെ എന്നപോലെ പ്രജകൾതന്നെയും ബഹുമാനിക്കുന്നതിനും ഇടയായി. ക്ഷേത്രസത്രങ്ങൾ, സന്ന്യാസിമഠങ്ങൾ, ദേവാലയങ്ങൾ വിസ്താരമുള്ള കുളങ്ങൾ, മുതലായവ രാജ്യത്തിൽ നാനാഭാഗങ്ങളിലും ഉണ്ടാക്കിച്ചു്, ധൎമ്മനിഷ്ഠയെ വൎദ്ധിപ്പിച്ചു് പിതാവിനെക്കാളും ഗുണവാനും സമൎത്ഥനുമാണെന്നുള്ള ഖ്യാതിസമ്പാദിച്ചു, സാധുസംസൎഗ്ഗത്താൽ സന്തുഷ്ടനായി കാലംകഴിച്ചുവന്നു.

ഒന്നാമദ്ധ്യായം സമാപ്തം.

## രണ്ടാമദ്ധ്യായം.

---

(ഭഗവന്മായയാൽ തുളസീദാസൻ കാമാസക്തനായതു്.)

ഇങ്ങനെ, തുളസീദാസർ, നീതിനിഷ്ഠനായി പ്രധാനമന്ത്രിസ്ഥാനം വഹിച്ചു, ജനങ്ങളുടെ ആദരത്തിനും പ്രശംസയ്ക്കും പാത്രീഭൂതനായിരിക്കുന്നകാലത്തു്, ദേവമായാവിലാസത്താൽ അദ്ദേഹത്തിന്റെ സ്വഭാവം ദുഷിക്കാനിടയായി. സാധുസംസർഗ്ഗം കൈവെടിഞ്ഞു്, ദുർജ്ജനത്തോടു ഇടപെടാൻതുടങ്ങി. ദുസ്സംസർഗ്ഗത്താലും യൌവനമദത്താലും, ക്രമേണകാമലമ്പടനായി ദാസിമാരുടെ ഭവനങ്ങളിൽ പോയിവരികപതിവായിത്തീന്നു. അല്പകാലംകൊണ്ടു് അവിടെത്തന്നെ ഇരിപ്പാകയും, ഒരിക്കലും വീട്ടിലോകൊട്ടാരത്തിലോ പോകാതായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ അമ്മഇക്കഥയറിഞ്ഞു് ഒരുദിവസംമകനെ അന്വേഷിച്ചു പുറപ്പെട്ടുചെന്നു ഒരുവേശ്യയുടെ ഭവനത്തിൽ വച്ചുകണ്ടുമുട്ടി. എന്നിട്ടു് ഇങ്ങനെപറഞ്ഞു— "മകനേ! നിന്റെ അച്ഛൻ മഹാഭാഗ്യനെന്നു പേരെടുത്തഒരു ആളായിരുന്നു. ആ സ്ഥിതിക്കു ഈ ദുഷ്പേരുസമ്പാദിക്കുന്നതു നിനക്കുഭംഗിയാണോ? വിവേകമുള്ള വരാരെങ്കിലും വേശ്യമാരോടിടപെടാൻപോകുമോ?

"കണികാണ്മാൻപോലുംഗുണമില്ലാത്ത ഗണികമാരെക്കണ്ടുമോഹിക്കുന്ന
പുരുഷന്റെജന്മംപഴുതെതന്നെ നരകമാംകൂപത്തിൽചെന്നുചാടും
പരിഹാസത്തിനുള്ളപാത്രമാകും ധനമെല്ലാമങ്ങുകരസ്ഥമായാൽ
കനമില്ലാത്തുള്ളൊരുപഞ്ഞിപോലെ പറപ്പിക്കുംദൂരത്തുദുഷ്ടക്കൂട്ടം
ഉറപ്പിക്കും ദ്രവ്യമൊട്ടുണ്ടുവോളം"

എന്നാണല്ലോയോഗ്യന്മാർ പറഞ്ഞിരിക്കുന്നതു്. പലക്കുംപണയപ്പെട്ടനപരസ്ത്രീകളെവാഞ്ഛിക്കുന്നതു്, നരകാനുഭൂതിക്കുകാരണമല്ലയോ? മുജ്ജന്മംപരപുരുഷന്മാരെമോഹിച്ചു്, ഇത്രയേറ്റവുംമറ്റുംഅതിന്മാർഗ്ഗംസാധിക്കാതെയും അനുരൂപമായഅവയവസൌമ്യവമില്ലാതെയും, കഴിഞ്ഞുകൂട്ടുന്നവരാണു്, ഈജന്മംവേശ്യകളായിജനിച്ചു്, നാണവും മാനവുംഭയവുമില്ലാതെ പലരുടെപണത്തിനു പണയപ്പെട്ടു്, ലോകപരിഹാസത്തിനു പാത്രീഭവിച്ചിരിക്കുന്നതു്. അവരെത്തൊട്ടാൽതന്നെ പാപമുണ്ടു്. തീർത്ഥയാത്രയ്ക്കുപോയിരിക്കുന്ന നിന്റെഅച്ഛൻ തിരിച്ചുവരുമ്പോൾ ഇക്കഥവല്ലതും കേട്ടാൽ നിന്നെജീവിച്ചിരിക്കാനയയ്ക്കുമെന്നെനിക്കുതോന്നുന്നില്ല. അതുകൊണ്ടു്, നിന്റെ ഈദുഷ്പ്രവൃത്തി പരസ്യമാകുന്നതിനുമുമ്പുമടങ്ങിവീട്ടിൽപോകുന്നതാണു നല്ലതു്. ഇങ്ങനെപലവിധത്തിൽമാതാവുപറഞ്ഞിട്ടും തുളസീദാസർ യാതൊരുമറുപടിയും പറയാതെ ഇരുന്നുകളഞ്ഞതുകൊണ്ടു മനോഭംഗത്തോടേ ആ സാധ്വിമടങ്ങിവീട്ടിൽപോയി. എന്നിട്ടുംസമാധാനംതോന്നായ്കയാൽ, പിറേറദിവസവും രാവിലെഎഴുന്നേറ്റുപോയി തുളസീദാസരുടെ വേശ്യാഗൃഹത്തിൽചെന്നു— "കുഞ്ഞേ! നിന്റെസാഹസം ദുസ്സഹമായിട്ടാണു തീന്നിരിക്കുന്നതു്. ഇഹലോകത്തും പരലോകത്തും ഒരുപോലെ നരകാനുഭൂതിയെയുണ്ടാക്കുന്ന ഒരുപ്രവൃത്തിയാണു് വേശ്യാസംസർഗ്ഗം. ചൂണ്ടലിൽ കോർത്തിരിക്കുന്ന തീറ്റകണ്ടുമോഹിച്ചു്, മത്സ്യങ്ങൾ തൊണ്ടതുളഞ്ഞുചാകുന്നതുപോലെയാണു്, ഇതിന്റെഫലം. വിവേകിയായനിനക്കു ഈദുശ്ശീലംവന്നുകൂടിയതിനെക്കുറിച്ചു, ഞാൻഅത്ഭുതപ്പെടുന്നു. ദൈവത്തെഎങ്കിലും, ഭയപ്പെട്ടു് നീ എന്റെ വാക്കുകേട്ടെന്നോടൊന്നിച്ചുവരിക. ഇങ്ങനെപലതത്ത്വസാരങ്ങൾ ഉപദേശിച്ചുകണ്ണുനീർതൂകിക്കൊണ്ടു നില്ക്കുന്നമാതാവിനെ നോക്കുവാൻപോലും ഭാവമില്ലാതെ, തുളസീദാസർ ഇരിക്കുന്നതുകണ്ടു്, വെറുപ്പും വ്യസനവും ഇടകലർന്നു ആ സാധ്വി,അന്നുംവീട്ടിൽപോയി ദുഃഖിച്ചിരുന്നു.

തുളസീദാസരാകട്ടെ, ദേവമായയാൽ വേശ്യാവിനോദത്തിൽ ഭ്രമിച്ച്, വീടുംനാടും മറന്നിരുന്നുപോയി. അങ്ങിനെകഴിയുന്നകാലത്ത്, തീർത്ഥയാത്രയ്ക്കു പോയിരുന്നതന്തമാരാമർ, മടങ്ങി വീട്ടിൽ വന്നുചേർന്നു. തുളസീദാസനെ അന്വേഷിച്ചപ്പോൾ സകലവിവരങ്ങളും മാതാവു പറഞ്ഞുകേൾപ്പിക്കയാൽ, കോപാകുലനായ അദ്ദേഹം നേരേ വേശ്യാഭവനത്തിലേക്കു തന്നെ തിരിച്ചു. പിതാവിനെക്കണ്ടപ്പോൾ വിത്രസ്തനായി എഴുന്നേറ്റു നിന്ന തുളസീദാസനെ, അദ്ദേഹം അധിക്ഷേപവാക്കുകൾ പറഞ്ഞു പിടിച്ചിഴച്ചു കൊണ്ടു വെളിക്കിറങ്ങി; തിരികെ വീട്ടിൽ കൊണ്ടുപോകുന്നതു നാണക്കേടാണെന്നു നിശ്ചയിച്ച്, ചക്രവർത്തിയുടെ ഒരു പൂന്തോട്ടത്തിലുള്ള ഒരാശ്രമത്തിൽ കൊണ്ടുപോയി താമസിപ്പിച്ചു. സമവയസ്കന്മാരും സദാചാരനിപുണരുമായ ഏതാനും ബ്രാഹ്മണരെക്കൂടി അവിടെത്താമസിപ്പിക്കയും വേദാദ്ധ്യയനം ജപം തപം മുതലായതിൽ പ്രവർത്തിച്ചു വിശുദ്ധാചാരനായിരിക്കത്തക്കവണ്ണം, വേണ്ടപ്പോലെ ഏർപ്പാടുകൾ ചെയ്ത്, താൻ ബ്രഹ്മധ്യാനപരനായി അവിടെത്തന്നെ സ്ഥിതിചെയ്യുകയും ചെയ്തു. അങ്ങനെയിരിക്കുന്നകാലത്ത്, തുളസീദാസനെ ഒന്നു പരീക്ഷിക്കാൻവേണ്ടി ദേവാർ ഒരു ദേവസ്ത്രീയെ വിളിച്ചു, "ഹേ സുന്ദരി! നീ ഇപ്പോൾ തന്നെ ദില്ലിനഗരത്തിൽ പോയി, അക്ബർ രാജാവിന്റെ ഉദ്യാനത്തിൽ താമസിക്കുന്ന തുളസീദാസനെക്കണ്ട്, അവന്റെ തപസ്സും ധൈര്യവും അഴിച്ച്, അവനെ നീതിവാക്കുകളാൽ ഉപദേശിച്ചു ജ്ഞാനിയാക്കിത്തീർക്കണം" എന്നു കല്പിച്ചു. അതുകേട്ടു ദേവകന്യക സന്തുഷ്ടയായി നേരേ അക്ബർ ചക്രവർത്തിയുടെ ഉദ്യാനത്തിൽ ചെന്നുചേർന്നു. അവിടെ തപസ്സു ചെയ്തുകൊണ്ടു നില്ക്കുന്ന അനേകം സന്യാസിമാരെക്കണ്ട്, ഇതിൽ തുളസീദാസൻ ഏതായിരിക്കും എന്നിങ്ങനെ സംശയിച്ച്, അവരുടെയും കണ്ണുകൾക്കു പ്രത്യക്ഷപ്പെടാതെ, ആ തോട്ടത്തിൽ തന്നെ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. ആ അവസരത്തിൽ തുളസീദാസനും കൂട്ടുകാരും കുളിക്കുന്നതിനായി ആ തോട്ടത്തിലുള്ള ഒരു കുളത്തിലേക്കു പോകുന്നതു കണ്ട്, ദേവകന്യക അതിന്റെ കരയിൽ നിൽക്കുന്ന ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നു, അത്യത്ഭുതകരമായ സൌന്ദര്യത്തെ പ്രകാശിപ്പിച്ചുകൊണ്ടു നിന്നു. അവളുടെ മനോഹരരൂപവും വിലാസാദികളും കണ്ടു മനസ്സലിഞ്ഞു തുളസീദാസർ, അത്യത്ഭുതത്തോടേ കൂട്ടുകാരെ നോക്കി "ഹേ സതീർത്ഥ്യന്മാരേ! മനോരഞ്ജിനിയായ ഒരു കന്ദർപ്പകോടി അതാ നിൽക്കുന്നതു നിങ്ങൾ കണ്ടില്ലേ? ഇത്ര ആകർഷകമായ ഒരു ലാവണ്യധാമം ഭൂമിയിലെങ്ങാനും കാണ്മാൻ കിട്ടുമോ? ഹാ! ഈ രൂപം എത്ര നയനാനന്ദകരമായിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു അവൾ നിന്നസ്ഥാനത്തേക്കു ചെന്നു. അവൾ അതിനനുകൂലയല്ലെന്നുള്ള ഭാവത്തിൽ, അന്തമാരാമർ ഇരിക്കുന്നസ്ഥാനത്തെ വിട്ട്, ദൂരത്തുള്ള ഒരു വൃക്ഷക്കൂട്ടത്തിലേക്കു നടന്നു. തുളസീദാസർ അവളുടെ ഛായയെന്നപോലെ പിൻതുടർന്നു ചെന്ന്, അരികിൽ നിന്നുകൊണ്ട്, സതീർത്ഥ്യന്മാരെ നോക്കി, ഹേ സ്നേഹിതന്മാരേ! ഇതാ സർവ്വസൌന്ദര്യസാരമുരുക്കൂട്ടിയ ഒരു സ്വരൂപം നിൽക്കുന്നതു നിങ്ങൾ കണ്ടില്ലേ? ഇവളുടെ സൌന്ദര്യം വർണ്ണിക്കുന്നതിനു ആയിരം നാവുള്ള അനന്തനാലും സാധിക്കുമോ? വിഷയാശ നശിച്ച സിദ്ധയോഗികളുടെയും മനസ്സിനെ മയക്കത്തക്ക സൌന്ദര്യവിലാസാദികൾ ഇവളിൽ കളിയാടുന്നതു കാണുന്നില്ലേ? ഇത്രത്തോളം അംഗസൌന്ദര്യം ദേവസ്ത്രീകൾക്കുള്ളതായി പുരാണങ്ങളിലും മറ്റും വർണ്ണിച്ചു കേട്ടിട്ടുള്ളതല്ലാതെ, ഭൂമിയിൽ കണ്ടറിഞ്ഞതായി ഓർമ്മയില്ല. മനുഷ്യജാതിയിൽ ഇത്രമാത്രം സൌന്ദര്യസമ്പത്തുണ്ടാകുമോ എന്നും സംശയമാണ്.

"പങ്കജകോരകം, പമ്പരം, പന്ത്, ചെ-
ങ്കുങ്കുമാലംകൃതകുംഭികുംഭദേശം
ശൃംഗത്തിൽ സുവർണ്ണാരുകുംഭമെന്നിത്തരം
കമ്പിടും കൊങ്ക"

യുടെ ഗരിമാവിനെത്താങ്ങുന്നതിനു വിഷമിക്കുന്ന മദ്ധ്യവല്ലിയുടെ ഉലച്ചിലോടുകൂടി നിൽക്കുന്ന ഇവളിൽ നിങ്ങളുടെ മനസ്സു രമിക്കുന്നില്ലയോ? അത്ഭുതം തന്നെ. ഇവളുടെ ശൃംഗാരവിലാസാദികൾ നിങ്ങളെ ആകർഷിക്കുന്നില്ലയോ? എന്നിങ്ങനെ പലതും പറഞ്ഞു മദനമാലാൽ വിവശനായി രോമാഞ്ചംകൊണ്ട് മോഹാലസ്യപ്പെട്ടു വീണുപോയി. അല്ല

ദയോസിദ്ധന്മാരേ! ഇപ്രകാരം മോഹിച്ചുണൎന്ന തുളസീദാസനും ദേവകന്യകയുമായി താഴെപ്പറയുംപ്രകാരം നീതിപ്രസംഗങ്ങളാരംഭിച്ചു. ഉദ്ബുദ്ധനായ തുളസീദാസൻ, അവളെനോക്കി.

## കിളിപ്പാട്ട്.

ഹന്ത! കാമുകജനമാനസമഴിക്കുന്ന ബന്ധുരാവിലാസങ്ങൾകലൎന്നു വിളങ്ങീടും * പന്തണിക്കൊങ്കമാർ കണ്ടനേരം കഴൽതൊഴും ചെന്തളിർമേനിയാളാമിക്കരിംകുഴലിയാൾ * അഹോമനോജരാജന്റെ ദേവിയോ സാക്ഷാൽ ഭാരതിതാനോ താരിൽതന്വി ലോകാംബികയോ? * മാരവൈരിതൻമനോഹാരിണി ഭവാനിയോ മാരന്റെമണിത്തേരിൻകൊടിയോ ശിവശിവ! വദനംതിങ്കൾബിംബം കുന്തളം കരിമുകിൽ മദനന്റെയസ്ത്രങ്ങൾ കണ്ണുകൾ കതിർവാളും * രദനം മുത്തുതന്നെ നെററിതിങ്കൾക്കീറുതാൻ രദനച്ഛദം പുത്തൻപവിഴക്കൊടിയല്ലോ * പഞ്ചതാരയെക്കാളും മധുരമല്ലോ വചസ്സ്- സ്വച്ഛിതഗണ്ഡസ്ഥലം പൊൻകണ്ണാടികൾ നൂനം * പുഞ്ചിരിപ്പുതുമയപ്പൂർണ്ണചന്ദ്രന്റെ കാന്തി വഞ്ചിയ്ക്കുന്ന പീയൂഷത്തിനുസമംതന്നെ * ഇവളെക്കാണ്മാനെന്റെ കണ്ണിനുണ്ടായ പുണ്യമതിക്കിതം പൂൎവ്വതപസ്സിൻഫലമത്രേ! * നവകോമളമായലാവണ്യസൎവ്വസ്വമിങ്ങീ ഭൂവിൽമററാൎക്കുമേവംകണ്ടിട്ടില്ലല്ലോ നൂനം * കടക്കണ്ണാലോട്ടുകൂടി ജീവനെഹരിച്ചെന്നെ മരപ്പാവയെപ്പോലെ നിശ്ചലം നിൎത്തിച്ചു * വരസ്ത്രീമണിയിവളാരെന്നുധരിക്കുവാ നരുത്തകൌതുഹലമുദിക്കുന്ന കതാരിൽ * എന്നു ചിന്തിച്ചുമെല്ലെത്തുളസീദാസൻ ചെന്നു കന്നൽനേർമിഴിയോടു ചോദിച്ചു മധുരമായ് * എന്നകതാരിലൂറും പ്രേമധാരയിൽ മുങ്ങും മിന്നലേ കാമച്ചൂടുകുറയ്ക്കും നൽതെന്നലേ! * പുണ്യപൂരമേ! തവ തനുവല്ലിയാലീയുദ്യാനം ധന്യമാക്കിയതിപ്പോളെന്തുകാരണത്താലോ? * എന്നല്ല ഭവതിയാരാകുന്നുവെന്നുമെന്നു കൌതുകംപൂണ്ടറിയിക്കവേണം * എന്നുകേട്ടപ്പോൾ ചെയ്താൾ സുരസ്ത്രീമണിസൎവ്വവന്ദ്യനാം തപോധനസത്തമ! നമോസ്തുതേ * നിന്നുടെ താതനായ സുകൃതി ആത്മാരാമർ തന്നടിമലരിണകണ്ടു കൈതൊഴുവാനും * നന്നായിജ്ഞാനോപദേശം വാങ്ങുവാനായുമിന്നു വന്നേൻ, ഞാനൊരു ദേവകന്യയാണറിഞ്ഞാലും * എങ്കിലോ നമുക്കനീ അനുകൂലമായ് മാമസങ്കടംകെടുത്തുകവേണമേമനോഹരേ! * തിങ്കൾനേർമുഖീ! നീയീയുദ്യാനം തവപാദപങ്കജസ്പൎശത്താലെ പൂതമാക്കുവാനുള്ള * ദൈവയോഗമേൽ ... ഭവംതന്നെ നൈവസംശയമെന്നിൽ കനിവുതോന്നേണമേ * ദേവകന്യയും ചൊന്നാളാനന്ദകഷ്ടം! ഭൂമിദേവവംശജ! തവ നന്നല്ലീദുരാരംഭം * പാവനചരിത്രയെന്നോനീയറിയേണം അവതില്ലിവയൊന്നുംകേൾക്കുവാനെനിക്കെടോ! ഞാനിഹതവതാതപാദരെ നമസ്കരി * ച്ചാനന്ദലബ്ധിക്കുള്ളമാൎഗ്ഗങ്ങളറിയുവാൻ വാനലകത്തുനിന്നുവന്നേനാവതുപോലെ * ജ്ഞാനമാൎഗ്ഗോപദേശം ചെയ്താലുമെനിക്കുനീ അസദ്ഗതികളെല്ലാമകലെത്തള്ളിക്കള * ഞെ സത്തും സത്തും തിരിച്ചറിഞ്ഞുവൎത്തിക്കെടോ! വിസ്പഷ്ടങ്ങളാൾതന്റെ വ്യാഖ്യങ്ങളേവംകേട്ടു * തുളസീദാസൻ ഹാസമഞ്ജുളമുരചെയ്താൻ * കാമദേവ! തേ ദേവി! കമൽകണ്ണാവിച്ചതുനീ മാമകമഭിലാഷം സാധിച്ചാലനന്തരം താമസഗുണജന്യമജ്ഞാനമെല്ലാം നീക്കി * താമസിയാതെ നിന്നെ വിശുദ്ധയാക്കീടുന്നേൻ * ദേവി ചൊല്ലിനാളമേ താപസ! തപോജപ ഭാവശുദ്ധികൾചേൎന്നു നിസ്സംഗരായ്മേവീടും * പാവനന്മാരാം നിങ്ങൾക്കു ധൎമ്മത്തിങ്കൽ ചിത്തം താവുകവിധിവിപരീതമാണറിഞ്ഞാലും! * പണ്ടു ദേവാചാൎയ്യന്റെ പത്നിയാം താരാദേവി തണ്ടലർശരാൎദ്ദിതചിത്തയായ് ശീതാംശുവെ * കണ്ടുകാമിക്കമൂലംഎന്തെല്ലാം കെടുതായ ശണ്ഠയും വഴക്കുമൈതവമാനവും വന്നു? * രേണുകഗന്ധൎവ്വന്റെ സൌന്ദൎയ്യവിലാസങ്ങൾ കാണ്മാൻ മനസ്സലിഞ്ഞൊന്നു നോക്കുകമൂലം * പ്രാണഹാനിക്കുതന്നെ സംഗതിവന്നു പുനരേണനേർമിഴി ദേവയാനിയാം ശുക്രാത്മജാ * കചനെക്കണ്ടുമോഹിച്ചതിനാൽ പ്രതിലോമവിധിയാം വിവാഹത്തിനുൾപ്പെടാനിടയായി * രജനീചരിയായ രാവണസഹോദരി കമനീയാങ്ഗനായരാമചന്ദ്രനെസ്വപ്നം * രമണനാകെന്നു കാമിച്ചുപക്ഷിക്കയാലെ ശ്രവണനാസാകുചച്ഛേദനമകപ്പെട്ടു * വൃന്ദയാം ജലന്ധരപത്നിതാൻ വിഷ്ണുമോഹത്താൽ തന്നുടെ ചാരിത്ര്യത്തെ ധ്വംസിച്ചീടുകമൂലം * വനിതഭർത്തൃനാശം, സ്വയമിക്കനൎമ്മദാം ചെമ്മണിച്ചുട്ടവൃത്തശുദ്ധിയാണറിഞ്ഞാലും * ദേവമാമുനിവൃന്ദസ്തുതയായ് പാലാഴിയിൽ അവിർഭൂതയായ് പഞ്ചകന്യകാമണികളിൽ * ഏകയായ അന്യോന്യാനുരാഗത്താൽ സഹസ്രാ

ബ്ബംശോകമെന്നിയേതപംചെയ്തഗൌതമൻതന്റെ * സാധധർമ്മിണീപദംലഭിച്ചുസുഖിച്ചി
രുന്നഹംമാനിതപാദിദോഷങ്ങളെന്നിയേനിത്യം * ധന്യതാപസിയായോരഹല്യചേതോ
ഭവബാണപീഡിതയായിശക്രനെ പ്രാപിക്കയാൽ * പ്രാണസംകടത്തോടുംശിലയായനേ
കനാൾ ക്ഷോണിയിൽവസിക്കമാറായ്‌വന്നുകഷ്ടംകഷ്ടം! * അതിനാലിന്നുംവിവാഹ
ത്തിങ്കൽഅഹല്യയായ് ശിലയെക്കല്പിച്ചതിൽമെതിപ്പിക്കുന്നുണ്ടല്ലോ * കുലസംശുദ്ധിതെ
ല്ലുമില്ലാത്തോരരുന്ധതി യുലകിൽസപ്തർഷ്യനക്ഷത്രാകൃതിയായി * വിലസുന്നതും,വിവാ
ഹത്തിങ്കൽവധൂവരെക്കൊ ണ്ടമാനക്ഷത്രത്തെനോക്കിക്കുന്നതുമെല്ലാം * തുലയ
റൊരുപാതിവ്രത്യശുദ്ധിയാലാണെന്നറിക,തപോധനക്കിരീടമേ! * ഭർത്താവുതന്നെ
ദൈവംനാരിമാർക്കെല്ലാമെന്നു ശബ്ദിച്ചീടുന്നുപുരാണങ്ങളുംവേദങ്ങളും * മുഗ്ദ്ധയായന്യ
സംഗംചെയ്യുന്നകുലസ്ത്രീതാൻ ദുർഗ്ഗതിയടഞ്ഞുപാപഭാജനമാകും * ഇക്കഥാപ്രസ്താവ
ങ്ങളറിയുംഭവാനോടു വിസ്തരിക്കേണമെന്നില്ലല്ലോഞാൻ വിശേഷമായ് * സുന്ദരീപരമാ
ർത്ഥമാണുനീപറഞ്ഞവ യെന്നിരിക്കിലുംപ്രായശ്ചിത്തമുണ്ടെല്ലാററിനും * എന്നാശാന്തി
നിവൃത്തിച്ചുനീതരുമെങ്കിൽ ഇന്നേതൽപാപശാന്തിവരുത്തിക്കൊൾവൻനൂനം * കന്ദർപ്പ
ക്കൊടി!നിനക്കശുദ്ധിഭവിക്കാതെ വിണ്ണിലേക്കയപ്പനെന്നോതിമാമുനിസുതൻ * പാര
ത്തുചെല്ലുന്നേരം ദേവകന്യകതാനും ദൂരത്തെന്നതികോപകലുഷംനോക്കിച്ചൊന്നാൾ * പാ
രിത്രവിധ്വംസമാംക്രൂരകർമ്മത്തിന്നാകാംക്ഷചേരുമോഭവാദൃശാംസാധുമാമുനിസുതാ! * ജ്ഞാ
നോപദേശംചെയ്യവേണമെന്നപേക്ഷിച്ചു ഞാനിഹഭവൽസകാശത്തെപ്രാപിച്ചിതെ
ന്നാൻ * മാനവുംവിവേകവുമില്ലാതെസംഭോഗശരപ്പുണ്ണമിട്ടരാഭാകണ്ടാള,മണ്ടോട്ടത്തോ
ൻ* ജ്ഞാനമിന്നുപദേശിക്കേണ്ടതായിരിക്കുന്നു നൂനമാകയാൽചെവിതന്നുകേട്ടരുളുക *പ
രസ്ത്രീഗമനത്തിന്നിച്ഛിച്ചദശഗ്രീവൻ മരിച്ചുകുലബലമന്ത്രിഭിസ്സമന്വിതം * പരസ്ത്രീവാ
ഞ്ഛയാലെബ്രഹ്മാവിൻശിരസ്സൊന്നു പതിച്ചിതിന്നാൽതാൻ കീചകൻമരിച്ചതും * അ
ളകേശന്റെമിഴിപോയതും,നഹുഷൻതാൻ വളരെക്കാലംപെരുമ്പാമ്പായിക്കിടന്നതും*
ബലവാൻബാലിരാമബാണത്താൽമരിച്ചതും വിലയംകിർമ്മീരന്നുവന്നുസംഭവിച്ചതും * പര
ദാരരതരായദുർവൃത്തികൊണ്ടാണെന്നു പറയുന്നിതിഹാസപൌരാണഗ്രന്ഥങ്ങളിൽ * സു
ന്ദോപസുന്ദന്മാരുംമരിച്ചാർ,തിലോത്തമ തന്നെക്കാമിക്കയാലഗ്ഗുരുവിൻപത്നിയയെ * ക
ന്ദർപ്പവിവശനായ്‌കാമിച്ചചന്ദ്രൻതാനും അന്യൂനകുഷ്ഠദുഷ്ടഗാത്രനായ്‌വിഷാദിച്ചാൻ *
ഹാ!താപസപത്നിമാരെക്കാമിക്കയാലേമുന്നം നരകാസുരൻതാനുംമരിച്ചുമുനിസുത! * വരവ
ർണ്ണിനിമാരെക്കാമിച്ചുചതിയിച്ചു ച്ചുറുതിവന്നസ്സേഭവിച്ചുകിരാതനും * ഏവമന്യമായായ
നരിമാർതന്നെക്കാമി ച്ചാപദംപൂണ്ടുപെട്ടുവിനാശിച്ചപുരുഷന്മാർ * പേരെയുണ്ടേറ്റം;ദേ
ഹംമുഴുവൻപുംവ്യഞ്ജനം പേറിനാൻമുന്നമിന്ദ്രനഹല്യാസംസർഗത്താൽ * മൂവുലകിന്നും
നാഥനെങ്കിലുംദേവേന്ദ്രന പ്പാപകർമ്മത്തിൻഫലമൊഴിക്കാനാളായില്ല * ഇങ്ങനെപല
നീതിവാക്യങ്ങളുരചെയ്തും അംഗനാകുലമൌലിതൻമുഖാംബുജംനോക്കി * തിങ്ങിനവി
ഷാദത്താൽതുളസീദാസൻചൊന്നാൻ മംഗലേ!വിദുഷിമാരണിയുംപൂന്തൊങ്ങലേ * നന്നു
നിന്നുപദേശവാക്യങ്ങൾപരമാർത്ഥം എന്നിരിക്കിലുമൊന്നുപുനരോമതിയാവു * കന്ദർപ്പ
വൈവശ്യത്തെയൊഴിച്ചശേഷംനമ്മ ക്കൊന്നിച്ചുപാപശാന്തിമാർഗ്ഗങ്ങളനുഷ്ഠിക്കാം * മു
ഗ്ദ്ധവാക്യങ്ങളേവംകേട്ടുദേവിയുംചൊന്നാൾ ദുർഘടംതന്നെമൂഢജനത്തെരഞ്ജിപ്പിക്കാ
ൻ * മുപ്പാരാരാതിതന്നെചൊൽകിലുംമൂഢന്മാർതൻ മർക്കടമുഷ്ടിക്കുണ്ടോമാററംസംഭ
വിക്കുന്നു! * എന്നുരചെയ്തുദേവലോകത്തേക്കയന്നുപോയ്‌സുന്ദരീമണിശീഘ്രംമറഞ്ഞോരന
ന്തരം *ഉന്നിദ്രപ്രേമകിളുത്തിലകൻതഴച്ചൊരുകന്ദർപ്പരാഗത്തിലിടിവാൾവീണപോലെ*
നിന്നിമേഷനായ്‌സ്തബ്ധനായ്‌മനോഭംഗംത്താടെ നിന്നിതുതെല്ലുനേരംതുളസീദാസ
ൻതാനും*പിന്നെത്തൻകരൾനൊന്തുവിഭ്രാന്തനെന്നപോലെയങ്ങിങ്ങുനടന്നലഞ്ഞത്യന്തം
വിലപിച്ചാൻ * മിന്നൽവള്ളിപോലെന്റെമുന്നിൽനിന്നരുളിയ കനകനേർമിഴിയവ
ളെങ്ങുപോയ്മറഞ്ഞാളോ? * ഇന്നിനിയിങ്ങുമെന്റെമുന്നിലാമ്മാറുവന്നു കണ്ണിനുകളിൽ
തൂമമൃതംപൊഴിക്കുമോ? * നിന്നധിവാസസ്ഥാനമേതെടോമനോഹരേ! വന്നുകൂട്ടുവൻത
ത്തരാനുമെന്നോടോരാതരം * പറഞ്ഞുംകരഞ്ഞുമൻപ്രാണനായികേ!ദേവി!പരമസൌന്ദ

സർവ്വസാമേവരികെന്നു * വിളിച്ചുംമോഹിച്ചുവീണീടിനോരുളവിങ്കൽ മിളസന്താപംസഹ ചാരിവേദിയരെല്ലാം * അടുത്തുസതീർത്ഥ്യനെയുമുണർകാണാഞ്ഞുതാപംകട്ടത്തുമനസ്സനൊ ന്നെത്രയുംവിലപിച്ചാർ * മുറയ്ക്കുശുശ്രൂഷിച്ചുബോധമുണ്ടാക്കീട്ടതിലൊരുത്തൻചൊന്നാനെ ന്റെതോഴരേഭവാനേവം * ദുഃഖിപ്പാനെന്തുമൂലംതാപമൊക്കയുംപോകാൻ തക്കൊരുവഴി പറഞ്ഞീടാംഞാനതുകേൾക്ക * "ഇപ്പൊഴേകാമചിന്തസന്ത്യജിച്ചുകക്കാമ്പു ദുർഘടക്കുണ്ടി ൽപതിപ്പിച്ചുകന്യകയേയും * വിസ്മരിച്ചിത്താമരപ്പൊയ്കയിൽമുങ്ങിക്കേറി ശ്രദ്ധയാനിത്യ കർമ്മംനിർവ്വഹിച്ചിരിക്കണീ! * കാമമാംതടാകത്തിൽമുഴുവൻമുങ്ങിക്കുളി ച്ചാമയമടഞ്ഞിടി ക്കുംനമുക്കിനിയപ്പോൾ * താമരക്കുളംതന്നിൽക്കുളിപ്പാൻതോന്നുന്നില്ല ധീമതാംവര!എ ന്നുതുളസീദാസൻചൊന്നാൻ * അന്ന്യൻചൊല്ലിനാനപ്പോൾകാമമോഹത്തെനീക്കി ധ ന്യമാംതപശ്ചര്യ നിർവ്വഹിച്ചിരിക്കണീ *"ഇന്നതുംനമ്മാൽസാധ്യമല്ലതൊഴരേ!ദേവ കന്ന്യാ ലാഭത്തിനായിത്തപസ്സുചെയ്യാംപക്ഷേ" * അതുകേട്ടന്ന്യൻചൊന്നാൻ"ഭഗവൽപാദാംബു ജംമതിയിൽധ്യാനിച്ചുനീവാഴ്കെന്ദോയപ്രാസുഖം" * അതുമാമല്ലനമ്മാൽസുന്ദരമുഖിയാമ സ്സതിയാളെന്റെമുമ്പിൽവരുവാൻയോഗംവന്നാൽ* വന്ദിക്കാംപൂജിക്കാംഞാൻസേവിക്കാം മറ്റൊന്നിലെൻമന്ദമാംമനസ്സടുത്തീടുന്നീലെന്തുചെയ്യാം * അപരൻചൊന്നാൻ"സഖേശ്രു സുരകുലോത്ഭവൻ തപസാംനിധിഭവാനാകയാലതുപോലെ*ത്രപയെന്നിയേകാമചാപല്യം ഭൂരുന്നതവവാദാപദാസഹേതുവായ്വരുമല്ലോ" "ശരിഞാനീദൃശാപദസ്ഥിതനായ്ശ്രേ ഷ്ഠതമസുരവംശത്തിൽജനിച്ചവനായിരിക്കയാൽവരുമോലജ്ജാവൃത്തിയതിനെനിഷ്കാസി ച്ചു.സുരസുന്ദരിതന്നിൽമാഴ്കിവൈവശ്യംപൂണ്ടേൻ* അപ്പോഴുതന്ന്യൻചൊന്നാൻ സർവ്വസാ ക്ഷിയായ് സത്യനിത്യഭാവംപൂണ്ടൊരുദൈവത്തിൽശങ്കയെന്ന്യേ * ഇപ്പകചാപല്യത്താൽ മനസ്സുദൂഷിപ്പിച്ചു ദുർഗ്ഗതപ്രതാപകംനരകപ്രദമല്ലോ" * "നരകംസുരകന്യാമോഹത്താ ലെന്നെച്ചുറ്റി യെരിയുംകാമത്തീയെക്കടന്നുവരാനൂനം * മോക്ഷത്തെയടയണമെങ്കിലോ ഭവാനിന്നീ മോഹത്തെയുപേക്ഷിക്കാതാമോ?എന്നാനന്ന്യൻ * "നീക്കമെന്നിയേ മമമാന സംഭവനൊരു ചേല്ക്കണ്ണാൾകണ്ണുകൾക്കർപ്പൂരത്തിരിപോലെ * ലാക്കായെൻമുന്നിൽ വന്നുനിന്നെങ്കിൽനിത്യാനന്ദമോക്ഷംപൂമടഞ്ഞുഞാൻഭാഗ്യവാനായിത്തീരും * "തുളസീ ദാസ!ഭവാൻദൈവചിന്തകളെല്ലാം അലസാതെന്തേപരിത്യജിച്ചതെ"ന്നാനന്ന്യൻ * പല ൽക്കണ്ണാളെൻദൈവചിന്തകൾകവർന്നുവാനകത്തുപൂക്കാളല്ലോഎന്നവനുരചെയ്താൻ* "സം സാരവിരോധിയാംതവതാതന്റെമുമ്പിൽ പൂസോപുങ്ഗവ!നമ്മൾപോകഎന്നവർചൊ ന്നാർ*സംസാരഹേതുവാമസ്സുന്ദരാങ്ഗിയെക്കണ്ടുസംസാരിപ്പതിനുകൂടാതെയൊരിക്കലും *ഇവിടംവിട്ടുമാറപ്പോയിടാൻജനകന്റെസവിധംപൂകാഎന്നുതുളസീദാസൻചൊന്നാൻ

അല്ലയോ സിദ്ധന്മാരേ!തുളസീദാസന്റെസതീർത്ഥ്യന്മാരായ ബ്രാഹ്മണർഇങ്ങനെപ്പ ല നീതികൾ പറഞ്ഞിട്ടും പ്രയോജനപ്പെടായ്കകൊണ്ടു, അവർ അദ്ദേഹത്തെ നോക്കി "അല്ലയോ തുളസീദാസ! ഈ സംഗതി ഞങ്ങൾ ഇപ്പോൾ താങ്കളുടെ അച്ഛനോടു പോയി അറിവിച്ച് അദ്ദേഹത്തെക്കൂട്ടിച്ചുകൊണ്ടു വരുന്നുണ്ട്' എന്നുപറഞ്ഞു, അതിവേഗത്തിൽ ഓടി അത്മാരാമരുടെ സവിധം പ്രാപിച്ചു, ഇങ്ങനെ ഉണർത്തിച്ചു"സ്വാമി! അങ്ങേപുത്ര നായ തുളസീദാസൻആകാശത്തിൽ നിന്നും വന്നിറങ്ങിയഒരുകന്യകയെ ക്കുറിച്ചു,മോഹ പരവശനായി അവളോടു ചില പ്രേമസല്ലാപങ്ങൾ തുടങ്ങിയപ്പോൾ, ആ ദേവി! പ രസ്ത്രീഗമനദോഷത്തെ പുരസ്കരിച്ചു, പലനീതിയുപദേശങ്ങളും ചെയ്തതിൽ, തുളസീദാ സൻ അതനുസരിക്കായ്കകൊണ്ടു അവൾ പെട്ടന്നു ആകാശത്തിലുയർന്നു മറഞ്ഞുകളഞ്ഞു. അപ്പോൾമുതൽതുളസീദാസൻ ഒരു ഭ്രാന്തനെപ്പോലെ നിരർത്ഥവാക്കുകളും പുലമ്പിക്കൊ ണ്ടവിടെത്തന്നെനിൽക്കുന്നു. അതുകൊണ്ടു സ്വാമി എഴുന്നള്ളിവന്നു, ആ അഭിനിവേ ശത്തെമാററി,കുമാരനെ യഥാസ്ഥിതനാക്കണം."

ശിഷ്യന്മാരുടെ വാക്കുകൾ കേട്ട അത്മാരാമർ അത്യന്തം ആശ്ചര്യഭരിതനായി, വേ ഗം തന്നെ എഴുന്നേററുപോയി, തടാകത്തിന്റെ കരയിൽ എത്തി. അവിടെ ഓമനേ!പ്രി യതമെ! എന്നൊക്കെ ഓരോ ശൃംഗാരവാക്കുകൾ പുലമ്പി ഭ്രാന്തനെപ്പോലെ നിൽക്കുന്ന മകന്റെ വദനത്തെ അശാന്തിതനായിനിരീക്ഷിച്ചു.

## മൂന്നാമദ്ധ്യായം.

### (തുളസീദാസരുടെ അനുരാഗത്തെ അസ്തമിപ്പിച്ചതു്.)

പണ്ടു്, ഭഗവാന്റെ മായാവിലാസത്താൽ ദാസിമാരിൽ അനുരാഗം ഉദിക്കയും വേശ്യാഭവനം തന്നെ ശരണമാക്കി കുറേക്കാലം നിവസിച്ചശേഷം ആത്മാരാമരുടെ ഉപദേശപ്രകാരം അതിൽ നിന്നു നിവൃത്തനായി മേലാൽ, പരസ്ത്രീഗമനം ചെയ്കയില്ലെന്നു സത്യം ചെയ്തു വിരക്തനായിരിക്കയും ചെയ്ത തുളസീദാസൻ വീണ്ടും വിഷ്ണുമായ മയക്കുകയാൽ കാമാസക്തി ഉദ്ദീപിച്ചു സ്ത്രീലമ്പടനായി നിൽക്കുന്ന നില കണ്ടു്, ആത്മാരാമർ വാത്സല്യപൂർവ്വം പറഞ്ഞു.

(കിളിപ്പാട്ടു് മട്ടു്.)

നന്ദന! മഹാവേദസാരങ്ങളറിയുന്ന ധന്യനാം മുനിജനവന്ദ്യനായിരിക്കുന്ന * പുണ്യപൂരുഷ! നീയെന്തിങ്ങനെ വിഷം പോലെ നിന്ദ്യമാം സ്ത്രീദേഹത്തെക്കാമിച്ചു വലയുന്നു. * മലമൂത്രാഗാരമായ് വ്രണപൂർണ്ണമാമേദ്ധ്യമായ തൊലിയാൽ മൂടപ്പെട്ട രക്തമാംസാസ്ഥിയായ * മലിനവസ്തുവെന്നതുള്ളാതെയിതിലിച്ഛയുളവാകാതത്ത്വബോധികൾക്കൊരിക്കലും * കടലുംതിരമുകൾ ചലവും നൈവലയും അടയും ദുർഗ്ഗന്ധിയാം സ്ത്രീമെയ്യിലഭിലാഷം * കെട്ടുമയെന്നു ബോധിക്കാനൊരജ്ഞാനി ദുഃഖകടലിൽ കരകേറാൻ സാദ്ധ്യമായ് വരാതുനം * പലനാൾ തപസ്സു ചെയ്തുണ്ടായ പുണ്യാത്മാവാം കുലദീപമേ! വിദ്യാസർവ്വസ്വനിധാനമേ! തുളസീദാസ! മായാപെട്ടിയാം സ്ത്രീദേഹം കണ്ടലനാലാപം ചെയ്യുന്നിനക്കു ചേരുന്നതോ? * പണ്ടൊരു കാലം ബ്രഹ്മവിഷ്ണുനാം ഭൃഗുമുനിക്കുണ്ടായിതൊരു സുതൻ സങ്കല്പമാത്രത്താലെ * കണ്ടാൽ കോമളൻ, കലാവല്ലഭൻ, ശുക്രാഭിധൻ മൂന്നു നാട്ടിലും നിജകീർത്തിയെ വർത്തിച്ചവൻ * തണ്ടാർസായകവശനായ് വന്നാനൊരു ദേവ വണ്ടാർകുഴലിയെ മുമ്പിൽ കാൺകയാലൊരുദിനം * കണ്ടമാത്രയിൽ തന്നെ മറഞ്ഞാളവളതു കൊണ്ടു ശുക്രനുമുള്ളിലാധിപൂണ്ടതിവേലം * തൻ പിതാവിങ്കൽ ദേഹം സൂക്ഷിപ്പാൻ സമർപ്പിച്ചു ശങ്കവിട്ടതുമാപൂപോയ് ദേവയോനിയിലഹോ * ജനിച്ചു ദേവകന്യാസംഗമം സുഖമനുഭവിച്ചു മതിയാകാത്തതിനാൽ പലപല * ജന്മകർമ്മാധീനനായ് സ്വച്ഛന്ദം വിഷയങ്ങൾ ഭുജിച്ചു തപശ്ശക്തി നശിപ്പിച്ചെന്നു കേൾപ്പൂ * അതുപോലെ നീയും തീവ്രതപസ്സിൻ ഫലം പെണ്ണിൻ കൊതിയാൽ നശിപ്പിക്കാനൊരുങ്ങുന്നുവോ ബാലാ! * ഗാധിതൻ പതിയാം വിശ്വാമിത്രനും മുന്നം അതിതീവ്രമാം തപസ്സാചരിച്ചതിൻ ഫലം * മതിനേർമുഖിയാളാം ദേവസ്ത്രീ മേനകയെ മദനവേഗാൽ കണ്ടു കാമിച്ചിട്ടകന്നാലെ * നഷ്ടമാക്കിനാനിന്നു മൂലമായൃഷികുലസത്തമരുടെ മുമ്പിൽ ചെല്ലുവാൻ നാണം പൂണ്ടാൻ * കേളിന്നു ദേവാചാര്യപുത്രനാം കചൻ മുന്നം കാലേ സഞ്ജീവിമന്ത്രമഭ്യസിക്കുവാനായേ * ദേവാരികുലഗുരുവാം ഭാർഗ്ഗവൻ തന്നെ സേവിച്ചു ശുശ്രൂഷിച്ചുവാഴുന്നകാലത്തിങ്കൽ * പൂർണ്ണമെയ്യാളാം ശുക്രനന്ദിനി മനോഹരി ദേവയാനിയെന്നാഖ്യപ്പെററനാരീവല്ലരി * ജീവപുത്രനെ കാമിച്ചുണർന്നു മനോഭവതാപമൊക്കെയും ലജ്ജ കൈവിട്ടു പറഞ്ഞപ്പോൾ മാതൃതുല്യയാം നീ എന്നോടു ചെയ്യല്ലുരുദോഷം * പാതകനിദാനമാമധർമ്മോക്തികളെന്നു * സാധുപൂജിതൻ കചൻ നിരസിക്കയാലവളാധിയുമമർഷവുമവമാനവും പൂണ്ടാൾ * ദുർഭഗ! നീയെന്നോടഭ്യസിച്ചൊരു മന്ത്രം നിഷ്ഫലമാകെന്നാശു ശപിച്ചു പോയീടിനാൾ * തൽക്ഷണേ ധർമ്മിഷ്ഠനാം കചനക്കഥയെല്ലാം ശുക്രനെ ധരിപ്പിച്ചു ദുഃഖിച്ചു വണങ്ങവേ * ഫലിക്കില്ലവളുടെ ശാപമെന്നനുഗ്രഹവചസ്സമോതി ശുക്രനയച്ചാനവനെയും * തുളസീദാസ! നീയുമവ്വണ്ണം തൃണം പോലെ യലസാപാംഗിമാരെയകലെ വെടിയണം * ദേവകൾ മുന്നം ശുകബ്രഹ്മർഷിയുടെ തപസ്സാവിലതരമഴിക്കേണമെന്നിച്ഛരിക്കയാൽ * ദേവസ്ത്രീകളിലഭിരാമാലാവണ്യകല്പാം ദേവിരംഭയെത്തന്നെ കല്പിച്ചാരതുകാലം * താപസജനപരിവൃതനായ് താരാമദ്ധ്യം പ്രാപിച്ചു നിൽക്കും പൂർണ്ണചന്ദ്രമസ്സിനെപ്പോലെ * ദ്ദ്രോവോളം പ്രവേശിങ്ങമലതപോവഹ്നി ദീപിച്ചാശു കാന്തികം പ്രാപിച്ചാളവർ താനും *

കററവാർകുഴലാളാംരംഭയെദർശിക്കയാൽ മററുള്ളമഹർഷികൾമന്മഥാതുരരായി * നിൽ
ക്കവേഗേവാന്നാംശുകനംവൃത്താന്തങ്ങ ളുൾക്കണ്ണാൽകണ്ടുകണ്ണുതുറന്നുനോക്കീടിനാൻ *
ആരുനീശുഭാംഗി?ചൊൽകെന്നുകേട്ടവൾദേവ നാരിഞാൻരംഭയെന്നാൾ,എങ്കിൽനീദേവ
ന്മാരെ * ദൂരത്തുവെടിഞ്ഞിങ്ങുവരുവാനെന്തുമൂലം നേരേചൊൽകെന്നുകേട്ടു പറഞ്ഞാളവൾ
താനും * ഏകനായ് മുനേ!ഭവാൻചെയ്യുന്നതപസ്സിതു ലോകസമ്മതമല്ല,ഫലവുംകുറഞ്ഞീ
ടും * പാതിയുംപുരുഷനുനാരിയെന്നല്ലോസർവ്വവേദവേദാംഗങ്ങളാൽഘോഷിക്കപ്പെടുന്നതു
അകയാൽഭാര്യാസമമാചരിക്കണംതപ സ്സാകലംവേണ്ടാഭാര്യാപദത്തിനധീനന്താൻ * രം
ഭതൻവാക്യമേവംകേട്ടുചൊല്ലിനാൻമുനി സംഭ്രമാവജ്ഞംപീവർസ്തനാംപെൺകോമളേ *
നിൻപ്രിയാലാപങ്ങളുംകൊങ്കയുംകുഴച്ചിലുംഉമ്പർമുമ്പിലോമറോകാണിച്ചാൽഫലപ്പെട്ടും
*ഉണക്കയിലവെള്ളംമുതലായവകൊണ്ടുദിവസങ്ങൾകഴിച്ചീടിക്കുംമുനിമാർക്കു*ഫലസ്ത
നിമാർക്കെന്തുസംബന്ധംപാർത്താൽ അലസാപാംഗി!തവചിത്തവിഭ്രമംചിത്രം* നാരി
യില്ലാതേകനായ്പുരുഷൻചെയ്യുംതപം സാരമല്ലെന്നാരെടോനിന്നോടുപറഞ്ഞതും?*അ
രവാർമുലയാളുംചൊല്ലിനാളതുകേട്ടു ചിരന്നാംമുനേ!വിഷ്ണുബ്രഹ്മേശദൈവതങ്ങൾ * നാരി
മാരോടുകൂടിയല്ലയോവസിക്കുന്നു നാരദാദികൾപോലുംസേവിക്കുന്നോർകളെ*നിരുചടി
താനുമെന്നോടുകൂടിനിത്യ സന്തുഷ്ടനായ്ഗൃഹസ്ഥ്യംപാലിച്ചുമോക്ഷാനന്ദം* സംപ്രാപി
ക്കണമെന്നുകേട്ടമാമുനിചൊന്നാൻ പെൺപിശാചികേപോകപോകനീമറന്നു * നാ
റുന്നപുതച്ചോരനിറഞ്ഞതുകൽക്കുടം മാറുംമുഞ്ഞിയുംകാലുംകയ്യുമായ്കാണപ്പെട്ടാൽ * അ
രൊട്ടോമോഹിക്കുന്നതാർനിന്നെയയച്ചവർ ദൂരെമാറിപ്പോനമ്മെമലിനപ്പെടുത്താതെ * പ
റഞ്ഞാളതുകേട്ടുരംഭയുംമനോജന്റെ യജ്ഞകുണ്ഡത്തിൽചിത്താഴ്ചമാതാതാനുണ്ടോ? * പരമേ
ഷ്ഠിയുംപരമേശനുംകാർവർണ്ണനാം പരമാത്മാവുംപത്മാലോചനാംഗനത്തിന്റെ *കിങ്കരന്മാ
രായ്വാഴുന്നില്ലയോ?ഭോഷനെന്തേ പെൺകുലത്തെയിത്രനിന്ദിച്ചുവെറുത്തതും? * എ
ന്തെല്ലാംപറകിലുംഞാനിന്നുവരവാൽതവപാദങ്ങളിൽകനിക്കെട്ടിപ്പുണരാതടങ്ങുമോ? * പെ
ൺതനുപൂയരക്തംനിറഞ്ഞതുകലെന്നതൊരുവ്യാമോഹമാണെന്നുപറഞ്ഞതും*കണ്ടാ
ലുമെന്നുനിജനഖത്താൽജഠരത്തെ യണ്ടായികീറിക്കാട്ടിക്കൊടുത്താൾമുനിക്കവൾ * വരി
കസ്ഥലംതരാനെന്നുലജ്ജയുംവിട്ടു പെരികെപ്പുരപശ്ചാത്ഭാഗത്തോട്ടടുക്കുമ്പോൾ *എരിയും
കോപംപൂണ്ടുടൻതന്നെനാരുനോക്കോടുംചെയ്തില്ലുനിത്യമുക്തനാംമുനിവരൻ * വരവർണ്ണി
നിവാമകോമളാംഗികളിൽ വച്ചിരിയശ്ശുദ്ധിയുണ്ടുനിനക്കെന്നിരിക്കിലും * ഒരുനാളുമേനാ
രിദേഹമാംവിഷമയ നരകപിണ്ഡത്തിൽഞാൻതൊട്ടുകില്ലറികനീ*"രമ്യമായിരിപ്പോരുനാ
രിവന്നപേക്ഷിച്ചാൽ സമ്മതിക്കേണംപരംധാർമ്മികന്മാർക്കൂനം" *എന്നുള്ളപുരാണവാക്യ
ത്തെയാചരിക്കാത്ത തെന്തുനീശാരഭധർമ്മത്തിനടുത്തതോ? * എന്നിവൾചൊല്ലിഭ്രാന്ത
ചിത്തയായ്മടുക്കവേ ധന്യനാംശുകനാട്ടിയകററി,സരഭസം * മന്മഥാതുരേ!ഘോരേ!ദൂരെ
മാറിപ്പോകാഞ്ഞാൽ നിന്നെഞാൻശാപവഹ്നിക്കിരയാക്കുവനിന്നേ * കോപിച്ചുചൊന്നവാ
ക്കുകേട്ടുരംഭയുംപരം പേടിച്ചുമനംനൊന്തുമിണ്ടാതെപാഞ്ഞിപ്പോയാൾ * താപസരെല്ലാം
ശുകബ്രഹ്മർഷിപ്രവരന്റെ പാവനമനോധൈര്യംകണ്ടുകൊണ്ടാടീടവേ * ദേവന്മാർപുക
ഴ്ത്തവേ,മൂർത്തികൾമൂന്നുംബ്രഹ്മ സേവനമഹിമയെമോദിച്ചുകഥിക്കവേ * സാവധാനം
ശ്രീശുകൻ,പിന്നെയുംസമാധിയി ലാവിരാനന്ദംരമിച്ചമലാത്മാവാനിന്നാൻ * നന്ദന
നീയുമിന്നവ്വണ്ണമിപ്പെൺകോലത്തെ നന്ദിച്ചുമനസ്സഴിക്കാതെബോധിയായ്ചെമ്മേ *ഉ
ന്നതമോക്ഷപദമർത്ഥിക്കചരികെന്നു വന്ദ്യനാമാത്മാരാമനരുളിച്ചെയ്തീടിനാൻ*പിതൃവാക്യ
ത്തെബഹുമാനിച്ചുമന്ദംമന്ദംതുളസീദാസൻചെറുതെടുത്തുവെന്നെന്നാലും*മതിനേർമുഖിത
ന്നിലഴിഞ്ഞുവലഞ്ഞൊരു മതിയെപ്പിൻവലിക്കാനാകാതെനിന്നീടിനാൻ * കംകഥബോ
ധിക്കയാൽയേവുംവ്യസനവും ഉൾക്കലെന്നാത്മരാമർ വിവിധംവിലപിച്ചാൻ * പത്മലോച
നാവിഭോനിന്തിരുകടാക്ഷമീ ദുർഭഗകുമാരനിലുദിക്കുന്നതുമെന്നോ?*പത്മസംഭവശംകരാദ്യ
രാലാരാധ്യനാം നിഷ്കള!നിഗമാന്തസാരനിർമ്മലരൂപ! *ഉൾബോധമുള്ളപുത്രർപുണ്യവാന്മാ
ർക്കല്ലാതെസിദ്ധിക്കയില്ലെന്നല്ലോചൊല്ലുന്നുവേദങ്ങളിൽ*എത്രയുംമൂഢമനായ്വന്നാന
ഹോമമപുത്രൻമുജ്ജന്മപാപശക്തിയെന്നതേവരൂ * സച്ചിദാനന്ദരൂപ!സകലചരാചര

നിത്യാധിവാസ!സൎവ്വമംഗലാവരസ്തുത! * മച്ചിത്തമണിപീഠനിലയ!നിഗമാന്ത തത്വ
വേദ്യ!താമരപ്പൂംകണ്ണ!പുരാതന!* മല്പുത്രമനോമൌഢ്യമകററിപ്പാലിക്കുവാൻഉൾക്കാമ്പി
ൽകൃപാരസമുണ്ടായിവരേണമേ * * * * *

അത്മാരാമർ, ഇങ്ങനെ വിലപിച്ചുകൊണ്ടു; ഇനി തുളസീദാസൻെറ വിഷയാവേശത്തെ ഏതൊരുപായത്താലാണു മാററുന്നതെന്നുള്ള വിചാരത്തോടുകൂടി വളരെ നേരം ഇരുന്നു. ഒടുവിൽ ഹാ ഇനി ആ ദേവകന്യകയിവിടെ വരുമോ? വരുമെങ്കിൽനിശ്ചയമായും ഇവൻെറമോഹം ഞാൻ എന്നേക്കുമായി നിലപ്പിക്കാംസംശയമില്ല. എന്നിങ്ങനെ ആലോചിച്ചുറച്ചു- ആ സമയം ഭക്തജനഹിതകാരിയായ ഭഗവാൻ ആ ദേവകന്യകയെവിളിച്ചു് നീ ഇപ്പോൾതന്നെ പോയി തുളസീദാസനെ വീണ്ടും മോഹിപ്പിക്കണം എന്നു കല്പിച്ചയച്ചു. അവൾ സന്തോഷത്തോടു കൂടി വന്നങ്ങിക്കൊണ്ടു തുളസീദാസൻെറമുമ്പിൽവന്നു നിൽക്കുമ്പോൾ ആത്മാരാമൻ അവളെകണ്ടു ഭ്രമിച്ചു നീ ആര്? ഇവിടെ എന്തിനു വന്നു? എന്നു ചോദിച്ചു. അതു കേട്ടു ദേവകന്യക വന്ദിച്ചു്, "അല്ലയോമഹാത്മാവേ ഞാനൊരു ദേവസ്ത്രീയാണ്. ദിവസംതോറും ഈ ചോലയിൽ കളിക്കാൻവരിക പതിവുണ്ടു; അതനുസരിച്ചു്, ഇന്നും വന്നുവെന്നേയുള്ളു. എന്നുപറഞ്ഞു. ഈ ചോദ്യോത്തരങ്ങൾ കേട്ടുകൊണ്ടു നിന്ന തുളസീദാസൻ, മോഹാവിഷ്ടനായി നിലത്തു വീണുപോയി. ഉടനേ, ബാലബ്രാഹ്മണർ ആത്മാരാമനെ നോക്കി,—സ്വാമിൻ! മുമ്പു തുളസീദാസനെ മോഹിപ്പിച്ച ദേവകന്യക ഇതുതന്നെയാണ്. എന്നു പറഞ്ഞു അതുകേട്ടആത്മാരാമർ, അവളെ സ്നേഹഭാവത്തിൽ വിളിച്ചു അരികിൽ നിർത്തി ഒരു വിശേഷതന്ത്രത്താൽ അവളുടെ ശരീരത്തിലുള്ള രക്തമെല്ലാം ഊററി ഒരു പാത്രത്തിൽ നിറച്ചു വച്ചു അപ്പോൾ ആ സുന്ദരിയുടെ ശരീരം പൈശാചിക വികൃതമായി കവിൾത്തടങ്ങളും മററും ഒട്ടി ദേഹം വിളറിത്തളൎന്നു് ഒരുണങ്ങിയ മരംപോലെ സ്ഥിതിചെയ്തു. ആത്മാരാമർ ഉടനേ, തുളസീദാസൻെറ മോഹാലസ്യം തീൎത്തു ആ കന്യകയുടെ അരികിൽ കൊണ്ടു നിറുത്തി.

മകനേ!നിൻെറ ചിത്തംമയക്കീടിനമഞ്ജു മധുരാധരിയാളെക്കാൺകനീകനിവോ
ടേ * മതിനേർമുഖബിംബംചന്ദ്രകോരകസ്തനം മൃദുഹസ്തങ്ങൾമന്ദഹാസാദിവിലാസങ്ങ
ൾ * സകലമിവനോക്കിക്കാൺകനീമനഃകാമ്പിൽ സുഖമോനിരസമോതോന്നുന്നതുപറ
ഞ്ഞാലും! * തുളസീദാസൻതാനുംഭയനീരസങ്ങളാൽ കളഭാഷിണിതന്നെനോക്കുവാൻസ
ഹിയാഞ്ഞു * വിളറിവിരൂപമായ്നിൽക്കുമപ്പെൺകോലത്തെ യകമത്താക്കിമുഖംതിരി
ച്ചുനാണംപൂണ്ടാൾ * എന്തെൻെറകുമാരക!മുഖംനീതിരിക്കുന്നു! പന്തണിമുലചന്ദ്രവദന
മിവകണ്ടാൽ * അന്തരംഗത്തിലിച്ഛതോന്നുന്നില്ലയോനിന ക്കെന്തെന്തു?നല്ലപോലെനോ
ക്കിക്കണ്ടറികനീ *ചോരയുമിറച്ചിയുംമലവുംപ്രസ്രാവവും നാറുംനൈവലശുക്രംമുതലായ
വകളാൽ * പൂരിച്ചതൊലിക്കൂടിലിച്ഛിക്കുംനരാധമനാരെടാ!സുഖമവനേതെടാ?മൂഢമൂഢ!*
നാരിയെയിച്ഛിക്കുന്നപുരുഷൻവിവേകിയായ് തീരുമോതപശ്ശക്തിയവനുഭവിക്കുമോ? *
ചേരുമോസാധുസംഘമെപ്പോഴെങ്കിലുമവ നാമപാഠങ്ങളിലാസക്തിജനിക്കുമോ? *മാന
മോ;മാന്യമാകുംസ്ഥാനമൊപരാപര ജ്ഞാനമോകാമിയായപുരുഷനുണ്ടാകുമോ? *ദിനനാ
യനുവേലംദീനവൃത്തിയാമവർ ഏനാനാരിമാർദോഷഭാണ്ഡമാണറികനീ *കലഹബീജ
മത്രേനാരിമാരഭിനവ കുലസംവൃദ്ധികവഹാസവുംവരുത്തിടും *പലജീവനെനശിപ്പിക്കുന്ന
മഹായുദ്ധ മലസാക്ഷികൾമൂലമുണ്ടാകുപതിവല്ലോ * പെരിയരാമായണഭാരതമഹായുദ്ധ
ചരിതംസീതാപാഞ്ചാലികളാലുൽപാദിതം * വരവൎണ്ണിനിമാരെമോഹിച്ചുനാശമുററപുരു
ഷന്മാർതൻസംഖ്യനിൎണ്ണയിക്കരുതല്ലോ*വേദങ്ങൾപഠിച്ചാലുംതപസ്സുചരിച്ചാലും സാദരം
ദേവപൂജാവിധിയാചരിച്ചാലും * ഭാൎയ്യയെയൊഴിഞ്ഞുമററന്യനാരിയിലിച്ഛ ചേരുവോനാ
കിലവൻനരകംഗമിക്കുന്നു * പരനാരിയെക്കാമിച്ചെത്രപേർനശിച്ചുപോയ് പരദാരേച്ഛ
യററോരെത്രപൂജ്യന്മാരായാർ * പരൻെറകളത്രത്തെക്കാമിക്കുംനരാധമൻധരയിൽ കൺ
പൊട്ടിയപട്ടിയായ്ജനിക്കുംപോൽ * സുവൃത്തമാരാംസാധ്വിമാരെയിച്ഛിക്കുന്നവൻ മഹ
ത്താംദുഃഖാഗ്നിയിലെരിയുമന്തംശരം * വിരഹചിത്തനായിനരകക്കുഴിക്കുള്ളിൽ തചി

ക്കാത്തീവിനയൊഴിക്കനീയുംജവാൽ * ഉത്തമാജനമൌലിരത്നമാം സതീദേവി കത്തലുണ്ടാക്കിദക്ഷനതിനാലവരുടെ * അദ്ധ്വരംമുടിഞ്ഞുപോയ്, സീതാദേവിയും മുന്നം ചിത്തത്തിലിച്ഛിച്ചപ്പോൾ, ജ്വലംപിളൎന്നിതു * അഗ്നിയുമതുപോലെതന്നുത്തു വിശുദ്ധിക്കായ് മുപ്പാരോർകാണ്കെയതിൽദേവിചാടിയന്നേരം * ദമയന്തിയെക്കാമിച്ചുട്ടത്തകാട്ടാളനമവൻതൻശാപാഗ്നിയിൽഭസ്മമായ്ഭവിച്ചിതു * ചാരിത്രവതിമാർതൻശുദ്ധിയാവത്രേഭ്രമൈമാറിപ്പെയ്യുന്ന സൽകർമ്മങ്ങളുംഫലിക്കുന്നു സൂൎയ്യചന്ദ്രന്മാർകാലംതെററാതെആകാശസഞ്ചാരമാളുന്നുകടൽനിൽക്കുന്നിതതിൎത്തിയിൽ * ആദിത്യചന്ദ്രന്മാർതദ്രശ്മിയെവെടിഞ്ഞിലും ഭൂതധാത്രിതാൻതലകീഴായിമറികിലും * പൂതവൃത്തയാംസാധ്വിയൊരുനാളുമേനിജ പാതിവ്രത്യത്തെലംഘിച്ചീട്ടുകില്ലറികനീ * ദേവേന്ദ്രൻതന്നെവന്നുപറഞ്ഞന്നിരിക്കിലും ഭൂചണ്ഡാരംപാടേകൊട്ടുത്തുയാചിക്കിലും * വേദനപ്പെട്ടപേക്ഷിച്ചാലുംഎന്തായാലുമപ്പാതിവ്രത്യത്തെസാധ്വിലംഘിച്ചീടുകയില്ല അത്രമാഹാത്മ്യംപാതിവ്രത്യത്തിന്നിരിക്കവേ * യിദ്ദുരാചാരംനിനക്കൊത്തതല്ലറിഞ്ഞാലും!

എന്നിങ്ങനെ പലവിധനീതിവാക്യങ്ങളെ ആത്മാരാമർ തുളസീദാസനായി ഉപദേശിക്കുന്നതുകേട്ടു്, നിശ്ചലയായിനിന്ന ദേവകന്യക, ആത്മാരാമൻചെയ്ത തന്ത്രത്തെക്കുറിച്ചു് അത്യാശ്ചൎയ്യപ്പെട്ടു തളൎന്നു വിളറി, വിഷാദിച്ചു, ശ്രീനാരായണപാദപത്മങ്ങളെ സ്മരിച്ചു. "അല്ലയോ ഭഗവാനേ! ജീവച്ഛക്തിക്ഷയിച്ചിരിക്കുന്ന അടിയനെ ഇപ്പോൾ പരിപാലിച്ചില്ലെങ്കിൽ, അത്യന്തം ദയനീയാവസ്ഥയിലകപ്പെട്ടു്, അടിയൻ നശിക്കാനിടവരും" എന്നോരോന്നു പറഞ്ഞുകരഞ്ഞുതുടങ്ങി. ഭഗവാൻ അവളുടെ വിലാപം കേട്ടു്, കരുണാപൂൎവം അവളുടെ അവയവങ്ങളിൽ രക്തപുഷ്ടിയുണ്ടാക്കിപൂൎവാധികം തേജസ്സുംബലവും പ്രകാശിപ്പിച്ചു. അവൾ ആത്മാരാമരുടെ മുമ്പിൽ നിൽക്കാൻ ഭയപ്പെട്ടു്, ഉടനേതന്നെ ആകാശത്തിൽ ഉയൎന്നു മറഞ്ഞുകളഞ്ഞു.

അനന്തരം, ആത്മാരാമൻ, തുളസീദാസനെ അരികിൽ വിളിച്ചു്, അനുനയവാക്യങ്ങളാൽ, രഞ്ജിപ്പിച്ചു, ധൎമ്മവിരുദ്ധമായ കാമത്തിൻെറ ദോഷങ്ങളെ പ്രതിപാദിച്ചു, ദേവകന്യകയിലുള്ള അഭിനിവേശം അശേഷം പോക്കി, വിശുദ്ധനാക്കിച്ചെയ്തു. ഭഗവദനുഗ്രഹത്താൽ തുളസീദാസൻെറ മായാമോഹവും നീങ്ങി, എന്നിട്ടു, ആത്മാരാമൻ പുത്രനെ നോക്കി—"തുളസീദാസ! ഇന്നുമുതൽനിൻെറ സഹധൎമ്മിണിയെ അല്ലാതെ മററുസ്ത്രീകളെ നോക്കുകപോലും ചെയ്യരുതു്. അതു പാപമാണു്. പ്രത്യേകിച്ചും, വേശ്യമാരിൽമനസ്സുരമിക്കുന്നതു മഹാനരകാനുഭൂതിയെ ഉണ്ടാക്കുന്നു. ഒരു വേശ്യയുടെ ശരീരവും വെളുത്തേടൻ വസ്ത്രം അലക്കുന്ന കല്ലും ഒരുപോലെയാണെന്നാണു യോഗ്യന്മാർ പറഞ്ഞിരിക്കുന്നതു്. കളവുപറക, ജീവഹിംസചെയ്ക, ഇതുകളും നിഷിദ്ധങ്ങളാണെന്നോൎമ്മയിരിക്കണം. സാധുക്കളിൽ ബലംപ്രയോഗിക്കരുതു. സ്ത്രീജനങ്ങളോടുള്ള സംസൎഗ്ഗം കുറയ്ക്കണം. അതു ദുഃഖകാരണമാണു. ചുരുക്കത്തിൽ, അനിത്യധനങ്ങളിലൊന്നിലും ആശവയ്ക്കരുതു. നിത്യമായ മുക്തിപദത്തിൽതന്നെ മനസ്സിനെ ഏകാഗ്രമാക്കിവയ്ക്കണം. അത്യുന്നതമായ പൎവതത്തോടാണു ജ്ഞാനിയെ ഉപമിച്ചിരിക്കുന്നതു്. താഴ്വരയിലും, കടകപ്രദേശത്തിലും വൃക്ഷാദികളും മേഘങ്ങളും അടിഞ്ഞു്, അലട്ടിക്കൊണ്ടിരുന്നാലും പൎവതത്തിൻെറ കൊടുമുടി, നിത്യനിരന്തമായ സൂൎയ്യപ്രകാശത്താൽ ശോഭമാനമായിരിക്കുന്നു. അതുപോലെ, അനിത്യമായ ലോകവ്യവഹാരത്തിൽ ജ്ഞാനിയുടെ വാക്കും മനസ്സും ഏൎപ്പെട്ടിരുന്നാലും അത്മാവു് നിത്യമായ ബ്രഹ്മത്തിൽ തന്നെലയിച്ചിരിക്കുന്നു. അതുകൊണ്ടു ജപതപങ്ങളിൽ ബദ്ധശ്രദ്ധനായി ദൈവഭക്തിയോടുകൂടിയിരിക്കണം. ജന്മാവൃത്തിക്കിടയാക്കുന്ന കർമ്മങ്ങളെ പരിത്യജിക്കണം. സത്യധർമ്മങ്ങളെ വെടിയരുതു. ദുർജ്ജനസംസർഗ്ഗത്തെപരിത്യജിക്കണം. ദീനന്മാരിൽ ദയവേണം. ഗുരുക്കന്മാരെനിന്ദിക്കരുതു" എന്നിങ്ങനെ ഓരോ സാരോപദേശങ്ങൾചെയ്തു സന്മാർഗ്ഗത്തിൽ നയിച്ചു്, മേലാൽ മന്ത്രിസ്ഥാനത്തിൽ തുളസീദാസനെ ഇരുത്തുന്നതിനോ അക്ബർചക്രവൎത്തിയുടെ തലസ്ഥാനത്തിൽ പാൎക്കുന്നതിനോ നിശ്ചയിക്കാതെ, ആത്മാരാമൻ, തൻെറ പൂൎവന്മാർ അധിവസിച്ചിരുന്ന രാജപൂരിൽ ഭാൎയ്യാപുത്രാദികളോടുകൂടിപ്പോയി, അവിടെത്തന്നെ താമസമുറപ്പിച്ചു. അനന്താരം

ആത്മാരാമൻ പ്രിയതമയെ വിളിച്ച്, "സാധ്വിയായ സഹധർമ്മിണീ! നമ്മുടെ ഓമനപ്പുത്രനായ തുളസീദാസനെ ഭദ്രമായി സൂക്ഷിച്ചുകൊള്ളുന്നതുകൂടാതെ നമ്മുടെ മരുമകളായ മമതാദേവിയേയും കൂട്ടിച്ചുകൊണ്ടുവന്നു സൂക്ഷിച്ചുകൊൾക. ഞാൻ മുനിജനനിഷേവിതമായ നൈമിശാരണ്യത്തിൽ തപസ്സിനായിപോകയാണ്" എന്നുപറഞ്ഞു. അതു കേട്ട ആ സാധ്വി:—ഹേ പ്രാണനാഥ! അങ്ങേപ്പിരിഞ്ഞിരിക്കാൻ എനിക്കു പ്രയാസമാണ്. ഞാൻകൂടി നൈമിശാരണ്യത്തിലേക്കു വരാൻതന്നെ നിശ്ചയിച്ചു എന്നുപറഞ്ഞു.

ആത്മാരാമൻ:—പ്രിയേ! നമ്മുടെ പുത്രന് ഇനിയും പ്രായപൂർത്തി വന്നിട്ടില്ല നീയും എന്നോടൊരുമിച്ചുപോന്നാൽപിന്നെ, അവനെ സൂക്ഷിക്കാനാരാണ്? അതുകൊണ്ട്, എന്റെ വാക്കു മറുക്കാതെയും അതിനു വിരോധംപറയാതെയും, പുത്രനെ രക്ഷിച്ച്, നീ ഇവിടെത്തന്നെ ഇരിക്കുക. നിനക്കു മുഖ്യമായ തപസ്സും വ്രതവും എന്റെ വാക്കനുസരിച്ചിരിക്കുന്നതാണ്. പാതിവ്രത്യത്തെപ്പാലിച്ചിരിക്കുന്നവർക്കു ഇഹലോകത്തിലും പരലോകത്തിലും നിരന്തരസുഖപ്രാപ്തിയുണ്ടാകുമെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നു. ഞാൻ സകലശാസ്ത്രങ്ങളുമറിഞ്ഞിരുന്നിട്ടും ശാസ്ത്രോക്തപ്രകാരം നടക്കാതെ അപരാധിയായിരുന്നുപോയി. ഇനി, എന്നോടു നീ തർക്കിക്കേണ്ട. സംസാരത്തിൽ മുഴുകിയിരുന്നസുഖം എനിക്കുമതിയായി. നിനക്ക് എന്തെങ്കിലും ഒരു കുറവു നേരിടുന്നുവെങ്കിൽ ഉടനേ നൈമിശാരണ്യത്തിലേക്കു വരുന്നതിനു തരക്കേടില്ല. അവിടെ മുനിമാരധികമുണ്ട്. അവരെ ദർശിക്കുന്നതിനും ജ്ഞാനോപദേശം സിദ്ധിക്കുന്നതിനും വഴിയുണ്ടാകും. ഗുരുനാഥനെനിക്കു ഉപദേശിച്ച ജ്ഞാനമാർഗ്ഗത്തിനും, ഗൃഹസ്ഥാശ്രമത്തിനും തമ്മിൽ വലിയ അന്തരമുണ്ട് എന്റെ മനസ്സു നിത്യബ്രഹ്മാനന്ദത്തിൽ മുഴുകിയിരിക്കത്തക്ക ജ്ഞാനം സിദ്ധിച്ചതാണ് മനുഷ്യജന്മത്തിന്റെ മുഖ്യാർത്ഥമായ തപസ്സുചെയ്യാത്തവൻ ശവംപോലെയാണ്. ദേഹമോ, വെള്ളത്തിലെ കുമിളപോലെ ക്ഷണഭംഗുരമാണ്. അവിവേകികളായ മനുഷ്യരെപ്പോലെ ഞാനിരിക്കുന്നതു ഭംഗിയല്ല.. പിറവിക്കടൽ കടക്കുന്നതിനുള്ള കപ്പൽതപസ്സല്ലാതെ മററൊന്നുമല്ല. ദേഹേന്ദ്രിയാദികളെക്കടന്ന്, സുഷുപ്തിനിലയെ പ്രാപിച്ചു, ആത്മമാത്രമായിരിക്കുന്ന സമാധിസാധിക്കുന്നതിനു സംസാരികൾക്കെളുപ്പമില്ല. അവർക്കു മനസ്സിനെ ഏകാഗ്രമായി നിർത്താൻ സാധിക്കയില്ല. സാധുക്കളോടൊരുമിച്ചിരുന്നു ധ്യാനിച്ചാലല്ലാതെ, സഹജജ്ഞാനത്തെ അടയുന്നതിനു കഴികയില്ല. നിസ്സാരമായ സ്വർഗ്ഗാദിഭോഗങ്ങൾക്കായി സാന്തരമായ തപസ്സുചെയ്യുന്നതായാൽ, ഒരുനാളും ലയമില്ലാത്ത അദ്വൈതമോക്ഷപ്രാപ്തിക്ക് എത്രമാത്രം പ്രയാസപ്പെടണം? "ലക്ഷംമാനുഷർകൂടും സഭയിൽ ലക്ഷണമൊത്തതിലൊന്നോ രണ്ടോ" എന്നുപറഞ്ഞതുപോലെ, കോടികോടി ജനങ്ങളാൽ നിറയപ്പെട്ടിരിക്കുന്ന ഈ ഭുവനത്തിൽ, പരമാത്മജ്ഞാനിയായി ഒരുത്തനെക്കണ്ടു മുട്ടിയാൽ ഭാഗ്യമെന്നേ പറയേണ്ടു. ഇങ്ങനെ ഓരോതത്ത്വസാരങ്ങൾപറഞ്ഞ്. ആത്മാരാമൻ, നൈമിശാരണ്യത്തെ ലക്ഷ്യമാക്കിപ്പോകുമ്പോൾ, തുളസീദാസർ പിതാവിന്റെ ജ്ഞാനോപദേശങ്ങൾകേട്ട്, മനസ്സുതെളിഞ്ഞ്, അദ്ദേഹത്തിന്റെ അടുക്കൽചെന്നു വന്ദിച്ച് "പിതാവേ! ഞാനും ഭവാനോടൊന്നിച്ചുവരികയാണ്; അതിലേക്കു അനുവദിച്ചനുഗ്രഹിക്കണം" എന്നപേക്ഷിച്ചു.

ആത്മാരാമൻ:— ഓമനപ്പുത്ര! നീ എന്നോടൊരുമിച്ചുപോരാൻഒരുങ്ങിയതുബുദ്ധികേടല്ല. എങ്കിലും നീ ഇപ്പോൾ വിഷയവിരക്തനായിത്തീർന്നിട്ടില്ല. സകലവിഷയഭോഗങ്ങളുമനുഭവിച്ചാണു വിരക്തിവരേണ്ടത്. അല്ലാതെ ജ്ഞാനോപദേശങ്ങൾകേട്ടുണ്ടാകുന്ന വിരക്തിനിലനിൽക്കത്തക്കതല്ല. അങ്ങനെ വിരക്തനാകുന്നവൻ, ഒരിക്കലല്ലെങ്കിൽ മററൊരിക്കൽ വിഷയാശയ്ക്കടിമപ്പെട്ടുഗൃഹസ്ഥാശ്രമധർമ്മവും പാലിക്കാനിടവരാതെ, ഭ്രഷ്ടനായി ഭവിക്കാനാണെളുപ്പം. "ദുഷ്ടുകടക്കെ വറട്ടും വ്രണമതുപൊട്ടും പിന്നെയുമൊരു സമയത്തു" എന്നുപറഞ്ഞതുപോലെചെയ്തുകൂടാത്തതാണെന്നും ചെയ്താൽ നരകമുണ്ടെന്നും അറിഞ്ഞിരിക്കുന്ന സ്വല്പമായ ഐന്ദ്രിയസുഖത്തെ അടക്കുന്നതിനുശക്തിയില്ലാത്തനമ്മൾ, ശതഗുണശക്തിയോടുകൂടിയ ചപലമായ മനസ്സിനെ ജയിക്കാൻ സാധിക്കു

മോ? ഭഗവാന്റെതൃപ്പാദങ്ങളിൽ ചേരാൻ സാധിക്കുമോ? ദശേന്ദ്രിയങ്ങളിൽ ഒരിന്ദ്രിയത്തെ അടക്കാൻ സാധിക്കാതെ, മാനഹാനിക്കും അധോഗതിക്കും വശംവദരാകുന്നനാം ആ ഇന്ദ്രിയദശകത്തെ ജയിക്കുന്നതെപ്പോൾ? പരിശുദ്ധമായ മനസ്സോടുകൂടി ഭഗവാനെ ധ്യാനിക്കുന്നതെപ്പോൾ? പുരുഷനും സ്ത്രീക്കും വൃത്തശുദ്ധിയാണു മോക്ഷത്തിനു പെരുവഴി. ചാരിത്രത്തെ രക്ഷിക്കുന്നതുതന്നെ, തപസ്സും ഹോമവും നിയമവും ജപവും വ്രതവും ശീലവും എന്നു ദൃഢനിശ്ചയത്തോടുകൂടിയ ഒരുസ്ത്രീ, ആജീവനാന്തം പാതിവ്രത്യത്തെ രക്ഷിക്കുന്നതായാൽ, അതുകൊണ്ടു്, അവൾക്കു മുക്തിസിദ്ധിക്കുന്നു. മുക്തിക്കു കാട്ടിൽപോകയോ തപസ്സുചെയ്കയോ വേണമെന്നില്ല. ചിത്തവൃത്തിനിരോധമാണു മുക്തിക്കു പ്രധാനസാധനം നീ അറിയാത്ത കുട്ടിയാണു്. നിനക്കു വിഷയവിരക്തി വന്നിട്ടില്ല. നിന്റെ പത്നിയും ചെറിയകുട്ടിതന്നെ അവളെപ്പിരിഞ്ഞു നീ എന്നോടൊരുമിച്ചു വരുന്നതു ശരിയല്ല. ഇനിയും കുറെക്കാലം നീ പതിവ്രതയായ പത്നിയുമായിത്താമസിച്ചു്, താനേ വിഷയവൈരാഗ്യം വരുമ്പോൾ, സംസാരത്തെ ഉപേക്ഷിച്ചു മോക്ഷമാർഗ്ഗമന്വേഷിച്ചു്, സാധുക്കളോടിടപെട്ടു്, നിത്യാനന്ദപദവിയെ ലഭിക്കുന്നതാണു നിനക്കു യോഗ്യത" എന്നുപറഞ്ഞു പുത്രനെ അനുസരിപ്പിച്ചു മടക്കിയയച്ചശേഷം, നൈമിശാരണ്യത്തിൽചെന്നുചേൎന്നു. അവിടെ സാധുക്കളായ മഹർഷിമാരുമായി, വേദാന്തവ്യവഹാരാദികളാൽ ഉല്ലസിച്ചു്, ബന്ധപാശങ്ങളെ നിശ്ശേഷം ഖണ്ഡിച്ചു്, ബ്രഹ്മനിഷ്ഠാപരനായി സകലസന്ദേഹനിവൃത്തിചെയ്തു്, നിർവികല്പസമാധിസ്ഥനായി, ബ്രഹ്മാനന്ദ കല്ലോലമാലയിൽ മുങ്ങിസുഖിച്ചിരുന്നു.

---

## നാലാം അദ്ധ്യായം.

### (തുളസീദാസരുടെ പ്രേമാധിക്യം)

അമ്മാമൻ നൈമിശാരണ്യത്തിൽ പോയതിൽപിന്നെ, അദ്ദേഹത്തിന്റെ പത്നി മരുമകളെ ആളയച്ചുവരുത്തി, കുമാരനോടൊന്നിച്ചു് അവിടെത്താമസിപ്പിച്ചു. എന്നിട്ടു പുത്രനെനോക്കി, "തുളസീദാസ! ഇനിമേലാലെങ്കിലും, ദുഷ്ടകളായ വേശ്യമാരെ എന്നല്ല, നിന്റെ സഹധൎമ്മിണിയെഒഴിച്ചു്, അന്യസ്ത്രീകളെ ആരെയുംതന്നെ സ്വപ്നേപിചിന്തിക്കരുതു്" എന്നാശംസിച്ചിട്ടു്, ദൈവനിർവിശേഷമായിത്തന്റെ ഭർത്താവിനെ ഭജിച്ചു്, അദ്ദേഹത്തിന്റെ പാദങ്ങൾ മനസ്സിലൂന്നി, കാലംകഴിച്ചുവന്നു. തുളസീദാസർ മാതൃവാക്യത്തെ അനുസ്മരിക്കകൊണ്ടും, ഭഗവന്മായാവിലാസത്താലും മമതാദേവിയിൽ അത്യന്തം അനുരക്തനായിഭവിച്ചു. തന്റെ ഭാഗ്യസർവസ്വം അവൾതന്നെയെന്നു നിശ്ചയിച്ചു്, രാപ്പകൽ വെളിക്കിറങ്ങാതെ മാളികമേൽ അവളുമായിവിനോദിച്ചിരിക്കുക പതിവായിത്തീൎന്നു. കാൎയ്യകാരണബോധമോ കർത്തവ്യബോധമോ ഇല്ലാതെ, ധൎമ്മവിരുദ്ധമായ കാമത്തിൽ മനസ്സിറക്കിദിവസങ്ങൾ നയിച്ചുവന്നു. ഇങ്ങനെ ഏതാനംദിവസങ്ങൾകഴിഞ്ഞപ്പോൾ അക്ബർചക്രവൎത്തി സകലവസ്തുതകളുംകേട്ടറിഞ്ഞു്, തുളസീദാസനെക്കാണണമെന്നുള്ള ആഗ്രഹത്തോടുകൂടി; അദ്ദേഹത്തെ കൂട്ടിക്കൊണ്ടുചെല്ലുന്നതിനു പല്ലക്കുകൊടുത്തയച്ചു. അവർ, രാജപുരിയിൽചെന്നു്, തുളസീദാസനെകണ്ടു്, ചക്രവൎത്തിയുടെ കല്പന അറിയിച്ചു. തുളസീദാസർ, അതുകേട്ടു്, കല്പനയനുസരിച്ചു പോകുന്നപക്ഷം, ഏതാനംദിവസത്തെ താമസം വേണ്ടിവരുമെന്നും അതുവരെ തന്റെ പ്രേമഭാജനമായ പ്രിയതമയെപ്പിരിഞ്ഞിരിക്കാൻ നിവൃത്തിയില്ലെന്നും നിശ്ചയിച്ചു് തൽക്കാലം വരുന്നതിനു സൌകൎയ്യമില്ലെന്നുതന്നെ ഖണ്ഡിതമായി മറുപടിപറഞ്ഞയച്ചു. പല്ലക്കുചുമട്ടു

കാർ, അതുകേട്ട്, നന്നായിഎന്നുനിശ്ചയിച്ച്, മടങ്ങി ദില്ലിയിൽചെന്നു്, വിവരം ചക്രവൎത്തിയെ വന്ദിച്ചു ധരിപ്പിച്ചു. ഏതാനംദിവസംകഴിഞ്ഞേ, ചക്രവൎത്തി വീണ്ടും പഴയപോലെ, പല്ലക്കുംകൊടുത്തയച്ചു. അന്നും തുളസീദാസൻ മുൻപത്തേപ്പോലെതന്നെ മറുപടിപറഞ്ഞയച്ചു ഇങ്ങനെ പലപരിവൃത്തി ചക്രവൎത്തി അളയയ്ക്കുകയും, തുളസീദാസൻ സമാധാനംപറഞ്ഞയയ്ക്കുയും കഴിഞ്ഞു. ഉടനേ ചക്രവൎത്തി ആശ്ചൎയ്യപരതന്ത്രനായി, മന്ത്രിമാരെവിളിച്ച്, "അല്ലയോ വിവേകികളും വിചക്ഷണന്മാരുമായ മന്ത്രിസത്തമന്മാരേ! രാജാവു്, ലോകവാസികളുടെ ആദരത്തിനും ബഹുമാനത്തിനും പാത്രമാണെന്നായിരുന്നു ഇതുവരെ എന്റെ വിചാരം. സമ്പത്തുമോഹിച്ചോ ശിക്ഷഭയപ്പെട്ടോ രാജാവുവിളിച്ചാൽ, രാജ്യവാസികൾ ചെല്ലുക പതിവുണ്ടു. ഇപ്പോൾ അനുഭവം നേരേ വിപരീതമായിരിക്കുന്നു. ഹേ മന്ത്രികളേ! ഞാൻ തുളസീദാസനെ, ഇവിടെ വരുത്തണമെന്നുനിശ്ചയിച്ച്, പലപ്രാവശ്യം അളയച്ചു എന്നിട്ട്, അദ്ദേഹം ഇതുവരെ വന്നില്ല. അതിനു കാരണം എന്തായിരിക്കും? യൌവനമദംകൊണ്ടോ ഐശ്വൎയ്യപ്രമത്തതയാലോ വിദ്യാഗൎവ്വത്താലോ അവിദ്യാസംബന്ധംകൊണ്ടോ അച്ഛനമ്മമാരെ പിരിഞ്ഞവിഷാദംകൊണ്ടോ വല്ലവരുംചെയ്ത ഉപദ്രവത്താലോ വിചാരക്കേടാലോ എന്തുകൊണ്ടായിരിക്കും? അതോ വല്ല ഹാനിയും നേരിട്ടുവോ? ആയിരം പൊന്നുവീതം പ്രതിമാസം ഇവിടെനിന്നും കൊടുത്തുവരുന്നതു മുടക്കമുണ്ടോ? അതോ നിങ്ങളിൽ ആരെങ്കിലും അദ്ദേഹത്തിനു അപ്രിയം ചെയ്തിട്ടുണ്ടോ? എന്താണു കാരണംപറയുവിൻ!" എന്നു കല്പിച്ചു. അതുകേട്ടു മന്ത്രിമാർ വന്ദിച്ച്, അല്ലയോ രാജാധിരാജ! തുളസീദാസൻ വിദ്യയും യുക്തിയുംഉള്ള ഒരു ദേഹമായിരുന്നിട്ടും, ബുദ്ധികേടാണു് കാണിച്ചിരിക്കുന്നതു്. ബുദ്ധിയില്ലാത്തവനു വിദ്യയും യുക്തിയും എത്രയുണ്ടായാലും, ശ്രദ്ധയില്ലാത്ത ഭക്തിപോലെ,നിഷ്ഫലമല്ലേ? അദ്ദേഹം ഇവിടെ വരാതിരിക്കാൻ കാരണം, തന്റെ പത്നിയോടുള്ള അതിരററപ്രേമമാണു്. മുമ്പു പിതാവിനെ ഭയപ്പെടാതെ വേശ്യമാരുടെ വീട്ടിൽനിന്നിറങ്ങാതെയിരിക്കയായിരുന്നു പതിവു്. ആ ദുൎഗ്ഗുണത്തെ മാററുന്നതിനു പിതാവായ ആത്മാരാമർ,നമ്മുടെ ഉദ്യാനത്തിൽ ഒരാശ്രമമുണ്ടാക്കി, അവിടെത്താമസിപ്പിച്ചിരുന്നിട്ടും, അവിടെയുംഒരുപെണ്ണിനെക്കണ്ടുമുട്ടി, അവളെ മോഹിച്ചു പിതാവിനെ ബുദ്ധിമുട്ടിച്ചു. അദ്ദേഹംമൂലമാണു് ആത്മാരാമർ, ഇവിടെനിന്നും കുടുംബസമേതം, രാജപുരിയിലേക്കുപോയതു്. അനന്തരം വിരക്തനായി നൈമിശാരണ്യത്തിൽ തപസ്സിനുപോകാനും കാരണംഅതുതന്നെ. എന്നു പറഞ്ഞതുകേട്ടു ചക്രവൎത്തി അത്ഭുതപ്പെട്ടുപോയി. അഹോ! നിങ്ങളുടെ വാക്കു അത്യന്തം ആശ്ചൎയ്യകരമായിരിക്കുന്നു. അദ്ദേഹം ഒരുനാഴികപോലും ഭാൎയ്യയെപ്പിരിയാതെഇരിക്കുന്നു എന്നുപറഞ്ഞതു വാസ്തവംതന്നെയോ? എന്നരുളിച്ചെയ്തു്, അതൊന്നു പരീക്ഷിച്ചറിയണമെന്നു നിശ്ചയിച്ചിരുന്നു.

അങ്ങിനെയിരിക്കെ, ആത്മാരാമരുടെ പത്നി തുളസീദാസനെവിളിച്ച്, "കുഞ്ഞേ ഇതെന്താരിപ്പാണു്? നിന്നെകാണണമെന്നാഗ്രഹിച്ച് ചക്രവൎത്തിപല്ലക്കുംകൊടുത്തു്, എത്രവട്ടം അളയച്ചു? നീ പോകാഞ്ഞതെന്തുകൊണ്ടു? അങ്ങനെനിഷേധിച്ചുപറഞ്ഞയയ്ക്കാമോ? ഉണ്ണുന്നചോററിനു ഉചിതക്കേടുകാണിക്കാമോ? മാസംതോറും ആയിരം പൊന്നുതരുന്ന കഥനീ വിസ്മരിച്ചുവോ? വളരെനാളായി നമ്മെ രക്ഷിച്ചുപോരുന്ന ധൎമ്മിഷ്ഠരാജൻ അളയയ്ക്കാതെതന്നെ ചെന്നു കാണേണ്ടതല്ലേ? അപ്പോൾ പിന്നെ അളയച്ചാലുള്ള കഥ പറവാനുണ്ടോ? ഭാൎയ്യമററാരും ഉണ്ടായിട്ടില്ലയോ? എന്നും ഇങ്ങനെയിരുന്നു കഴിച്ചുകൂട്ടാമെന്നാണോ നിന്റെ വിചാരം? നാലുവേദങ്ങളും നീതിശാസ്ത്രങ്ങളും നല്ലപോലെ നിനക്കു പാഠമായിരുന്നിട്ടും, ഇപ്രകാരമുള്ള അപകീൎത്തിക്കിടയാക്കുന്നതു നന്നാണോ? ഒരുത്തരെങ്കിലും നിന്റെ നടത്തനന്നാണെന്നു പറയുന്നില്ല. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ ചേൎന്നിരിക്കുന്ന കഥാ നാട്ടുകാരെ അറിയിക്കണമെന്നുണ്ടോ? സകലരക്ഷിതാവായ രാജാവിനെ, വെറുപ്പിക്കാമോ? പുണ്യവാന്മാർ കാകനെപ്പോലെയും, പാപികൾ ശവത്തിനെപ്പോലെയും, ശീലവന്മാർ ഗരുഡനെപ്പോലെയും, ശീലഗുണമില്ലാത്തവൻ കോഴിയെപ്പോലെയും, ആണെന്നു ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നു. നീ അതൊന്നുമറിയാത്തവനല്ലല്ലോ

എന്നുപറഞ്ഞുവിഷാദത്തോടുകൂടി മമതാദേവിയെ വിളിച്ചു്:—"എടീദുർഭഗേ! നീ ഇപ്പോൾ തന്നെ, നിന്റെഅച്ഛന്റെ വീട്ടിലേക്കുപൊയ്ക്കൊൾക എന്നുനിയോഗിച്ചു. മമതാദേവി, ഭർത്തൃമാതാവിന്റെ ആജ്ഞയെ ശിരസാവഹിച്ചു്, അക്കഥഭർത്താവിനോടു പറഞ്ഞു. ഉടനെതുളസീദാസൻ വിഷണ്ണനായി—"പ്രിയതമേ! നിന്നെനിന്റെ അച്ഛന്റെ വീട്ടിൽ നിന്നുംകൊണ്ടുവന്നതുമുതൽഒരുനിമിഷമെങ്കിലുംനമ്മൾതമ്മിൽപിരിഞ്ഞിരുന്നിട്ടുണ്ടോ? ചക്രവർത്തി ആളയച്ചിട്ടുപോലും ഞാൻപോകാഞ്ഞതു് നിന്നെപ്പിരിയുന്ന ആധികൊണ്ടല്ലയോ? അത്രമാത്രം വാത്സല്യം എനിക്കുണ്ടെന്നറിഞ്ഞുകൊണ്ടല്ലെ നീ ഇപ്പോൾ വന്നുയാത്രചോദിക്കുന്നതു്. നിന്നെപ്പിരിഞ്ഞുകാൽക്ഷണം ഈഭൂമിയിൽ ഞാൻ ജീവിച്ചിരിക്കയില്ല. ഹാ മനോരഞ്ജിനി! ഹൃദയനന്ദിനി! സ്ത്രീകുലദീപമെ! മന്മഥധാമമേ ഈ സംഗതിയിൽ അമ്മയുടെ വാക്കു്, നീഅനുസരിക്കാതിരിക്കണം എന്നപേക്ഷിച്ചു പറഞ്ഞു. "മൂർഖനാകിലും ഭർത്താനാരിമാൎക്കെല്ലാം ദൈവം" എന്നതത്വത്തെ അനുസ്മരിച്ചു് ആ പതിവ്രത, ഭർത്തൃവാക്യത്തെ തന്നെ അനുസരിച്ചുതാമസിച്ചു.

ഇങ്ങനെ ഭാൎയ്യാഭർത്താക്കന്മാർ, ഒന്നുചേൎന്നു സുഖമായിതാമസിക്കുന്നകാലത്തു്, അക്ബർ ചക്രവർത്തി തുളസീദാസനെക്കാണ്മാനായി ചതുരംഗസേനയോടുകൂടി, രാജപുരിൽ എഴുന്നെള്ളി അവിടെ ഒരുദ്യാനത്തിൽ പാളയമടിച്ചു താമസിച്ചു. അപ്പോൾ തന്നെ അദ്ദേഹം മന്ത്രിമാരെവിളിച്ചു് താൻവന്നിരിക്കുന്ന കഥ തുളസീദാസനെ അറിയിച്ചു് വേഗത്തിൽ കൂട്ടിക്കൊണ്ടു വരണമെന്നു കല്പനകൊടുത്തു. മന്ത്രിമാർ തുളസീദാസന്റെ ഭവനത്തിൽചെന്നു് രാജകല്പനയെ അറിയിച്ചു ഉദ്യാനത്തിൽ ചെല്ലുന്നതിനായി വിളിച്ചു. അതിനുമറുപടിയായി തുളസീദാസർ—"ഹേമന്ത്രിസത്തമന്മാരെ ! ഞാൻഇപ്പോൾവന്നാൽ ചക്രവർത്തി എന്നെക്കൂടി ദില്ലിയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിനും അതുമൂലംമടങ്ങിവരാൻ താമസംനേരിടുന്നതിനും ഇടവന്നേക്കും. എന്റെപ്രിയതമയെഅത്രവരെ കാണാതെ കഴിച്ചുകൂട്ടുന്നതിനുഞാൻ ശക്തനല്ലാത്തതുകൊണ്ടു്ഇപ്പോൾ വരാൻസൌകൎയ്യമില്ലെന്നും, അതിലേക്കു മാപ്പുചെയ്യണമെന്നും നിങ്ങൾ തിരുമനസ്സറിയിക്കണമെന്നും പറഞ്ഞു. അതുകേട്ടു കോപാകുലന്മാരായ മന്ത്രിമാർ തുളസീദാസനെ ശകാരവാക്കുകൾ വർഷിച്ചു്, അധിക്ഷേപിച്ചശേഷം, വിവരം തിരുമനസ്സറിയിച്ചു "സ്വാമിൻ! ഞങ്ങൾ അദ്ദേഹത്തോടു്, രാജാധിരാജനായ തിരുമനസ്സിലെകല്പന അറിയിച്ചതിൽ അയാൾ തൃണംതോളം വകവെച്ചില്ല. തിരുമനസ്സിലെ അപ്രിയത്തെക്കാളും ഭാൎയ്യയുടെ വേർപാടാണത്രേ അയാൾക്കു ദുസ്സഹമായിരിക്കുന്നതു്. അതുകൊണ്ടു് ആ കശ്മലന്റെ മുഖത്തെ അങ്ങു ദർശിക്കാതിരിക്കയാണുനന്നു്"

മന്ത്രിമാരുടെ വാക്കു കേട്ടപ്പോൾ, ചക്രവൎത്തിക്കു മുഷിച്ചിലാണു തോന്നിയതു്. അദ്ദേഹം പറഞ്ഞു—"ഹേ അമാത്യന്മാരേ! നിങ്ങളുടെവാക്കു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. പരസ്ത്രീയുടെ സംസർഗ്ഗത്തിൽപെട്ടിരിക്കുന്നവരുടെ മുഖത്തു നോക്കുന്നതു നിന്ദ്യമാകുമെന്നല്ലാതെ, കുലസ്ത്രീയുമായി ചേൎന്നിരിക്കുന്ന തുളസീദാസരുടെ മുഖത്തുനോക്കിക്കൂടെന്നില്ല. അതുകൊണ്ടു് അങ്ങോട്ടുതന്നെ പോയി അദ്ദേഹത്തെക്കണ്ടു കളയാം" എന്നു പറഞ്ഞു, തന്റെ വാഹനമായ അമ്പാരി ആനപ്പുറത്തുകയറി ചതുരംഗസേനാസമേതനായി തുളസീദാസന്റെ മാളികത്താഴത്തെഴുന്നള്ളിനിന്നു. പോകുംവഴിക്കുതന്നെ അദ്ദേഹം ഇങ്ങനെ ആലോചിച്ചു—"ആശ്ചൎയ്യംതന്നെ. ഇത്രത്തോളം കാമാസക്തിയുള്ളവരാരുംതന്നെ ഭൂമിയിലുണ്ടെന്നുതോന്നുന്നില്ല. ആത്മാരാമക്കുണ്ടായ പുത്രൻ ഇത്ര ചപലഹൃദയനായിത്തീൎന്നുവോ? അദ്ദേഹം നല്ല വിവേകവും മനശ്ശാന്തിയുമുള്ള ഒരാളാണല്ലോ. പഠിപ്പിൽ ഇദ്ദേഹം അദ്ദേഹത്തേക്കാൾ പിന്നോക്കമല്ല. കൂടുതലാണെന്നുവേണം പറവാൻ പിന്നെ, ഇങ്ങനെ വരാനെന്തു്? പുലിയുടെകുട്ടി പൂച്ചയായിത്തീരുമോ? "താതാൽഗുണാസ്സന്തതയോലഭന്തേ" എന്നാണല്ലോ ശാസ്ത്രസിദ്ധാന്തം. ഒരുപക്ഷേഞാൻ തന്നെചെന്നു വിളിക്കണമെന്നുള്ള ഉദ്ദേശമുണ്ടായിരിക്കുമോ? അതും ഇന്നു പരീക്ഷിച്ചുകളയാമല്ലോ .

ഈ ആലോചനകളോടുകൂടി ചെന്നുനിന്ന ചക്രവൎത്തി തന്റെ ഗുരുപുത്രനും ബ്രാഹ്മ

ന്നനമാണെന്നുള്ള ബഹുമാനത്തോടെ തുളസീദാസനെ വിളിച്ചു. "ഹേ ബ്രാഹ്മണോത്തമ ആചാൎയ്യനന്ദന! അങ്ങേക്കാണണമെന്നുള്ള എന്റെ ഇച്ഛയെ നിറവേററിത്തരികയില്ല യോ? അങ്ങേഅച്ഛനച്ഛന്നിൽ വളരെ പ്രീതിയുണ്ടായിരുന്നതായി അറിയാമല്ലോ അങ്ങ് അതിനു വിപരീതമായി എന്നോട്ട അപ്രിയംകാണിക്കുന്നതെന്തുകൊണ്ട് അതു ശരിയാ ണോ? ഞാ അതിനുതക്കകുററം എന്തുചെയ്തു? വല്ലതുംചെയ്തുവെങ്കിൽ പറയരുതോ? എന്നിങ്ങനെ പലപലശാന്തിവാക്കുകൾ പറഞ്ഞുവന്ദിച്ചുനിന്നു.

അതുകേട്ടുതുളസീദാസൻ—"ഹാകഷ്ടം! എന്റെ ഭാൎയ്യയെപ്പിരിഞ്ഞിരിക്കാൻ ഇ ന്നു സംഗതിയായിരിക്കുന്നോ? ഞാൻ ചക്രവൎത്തിയെച്ചെന്നുകണ്ടാൽ അദ്ദേഹം എന്നെരാ ജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോകുമെന്നുള്ളതിനു സംശയമുണ്ടോ? അങ്ങനെ പോയാ ൽപിന്നെ ഏതാനുംദിവസത്തേക്കു ഇങ്ങോട്ടുവരാൻ സാധിക്കുമോ? അതുകൊണ്ടു മറഞ്ഞി രിക്കതന്നെ—" എന്നുനിശ്ചയിച്ചുകൊണ്ട് മേറയ്ക്കകത്തു കേറിപ്പതുങ്ങിയിരുന്നു. അക്ക ഥ, എങ്ങനെയോ അറിഞ്ഞ തുളസീദാസന്റെ അമ്മവേഗത്തിൽ അവിടെ ഓടിയെത്തി "എടാദ്രോഹി! നീമേറയ്ക്കകത്തുകേറി ഒളിച്ചിരിക്കുന്നോ? പെണ്ണിനെ വിട്ടുപിരിയാൻ മനസ്സില്ലാത്ത വിദ്യയാണോഇതു? നമ്മുടെരക്ഷിതാവായ ചക്രവൎത്തിയല്ലേ, വളരെനേര മായിട്ടു നിന്നെ വന്നുനിന്നുവിളിക്കുന്നതു? ഒരുപെണ്ണുമൂലം നീ കുലംപോലും നശിപ്പി ക്കാനോ നിശ്ചയിച്ചതു? എന്നിങ്ങനെതുളസീദാസനെ അധിക്ഷേപിച്ചശേഷം മമ താദേവിയെനോക്കി—"എടീദുഷ്ടേ! എന്റെകുഞ്ഞിനെ നശിപ്പിച്ചദോഷി! നീമരം പോലെ മിണ്ടാതെ നില്ക്കുന്നോ? നിനക്ക് അവനെപ്പറഞ്ഞയച്ചുകൂടെയോ? വന്നുവി ളിക്കുന്ന ആരം ആരാണെന്നറിയാമോ? ചോദിച്ചു. ഈചോദ്യംകേട്ട മമതാദേവി ക്കു ലജ്ജയുംസങ്കടവുംതോന്നി. വേഗംതന്നെചെന്നു, ഭൎത്താവിനെ വന്ദിച്ചു, പ്രാണനാ ഥ! അങ്ങേഈനിൎബന്ധം അപമാനകരവും ആപൽകരവുമാണു. അതുകൊണ്ടു അങ്ങു, ഇപ്പോൾതന്നെപോയി ചക്രവൎത്തിയെ കാണണം. അല്ലാത്തപക്ഷം ഞാൻഎ ന്റെ ജീവനാനിവൎത്തനത്തിന് നിശ്ചയിച്ചിരിക്കുന്നു എന്നു സത്യംചെയ്തു. തന്റെ ജീവി തസൎവ്വസ്വമായ വല്ലഭയുടെ സത്യംകേട്ടു, തുളസീദാസനു അധിവഷിച്ചു "ഹാ! എന്റെ ജീവവല്ലി പടൎന്നുപിടിച്ചിരിക്കുന്ന ഈ മന്മഥക്കൊടി നശിച്ചുപോയാൽ; പിന്നെ ഞാൻ എന്തിനു ജീവിക്കുന്നു? അതിൽഭേദം ചക്രവൎത്തിയെപ്പോയിക്കാണുകയാണു എന്നു നിശ്ച യിച്ചു;" വേഗത്തിൽ ഇറങ്ങിച്ചെന്നു ചക്രവൎത്തിയെക്കണ്ടു, അദ്ദേഹം തന്റെ ഗുരുനാഥ നായ ആത്മാരാമരെ എന്നപോലെ ബഹുമാനിച്ചു, തുളസീദാസനെ തന്റെ അമ്പാരിയാ നപ്പുറത്തു കയററിയിരുത്തി, ഘോഷത്തോടുകൂടി നേരേരാജധാനിക്കു പുറപ്പെട്ടു.

തുളസീദാസൻ, തന്നെപ്പോലെയുള്ള ബ്രാഹ്മണയുവാക്കന്മാർ പലരും, ചുഴവുംകൂടി നടന്നുവരുന്നതുകണ്ടു, ഭാൎയ്യാവിയോഗത്താലും കാമാവേശത്താലും അത്യന്തം വേദനപ്പെട്ടു, ചക്രവൎത്തിയോട്ടു യാതൊന്നും സംസാരിക്കാതെ മൌനിയായിത്തന്നെയിരുന്നതേയുള്ളു. ഗൃഹത്തിൽ, ഇരുന്ന തുളസീദാസന്റെ മാതാവു, മമതാദേവിയെനോക്കി—"എടീമമതേ ഇനി നീ അരക്ഷണംപോലും ഇവിടെത്താമസിച്ചുകൂടാ. ഇപ്പോൾതന്നെ നിന്റെ അ ച്ഛനമ്മമാരുടെ ഭവനത്തിൽ പൊയ്ക്കൊള്ളണം" എന്നു നിയോഗിച്ചു. നിയോഗമനുസ രിച്ചു, മമതാദേവി സ്വന്തഭവനത്തിലേക്കുപോയി. അവിടെ അച്ഛനമ്മമാരെവന്ദിച്ചു; വൃത്താന്തങ്ങളും പറഞ്ഞു, സന്തുഷ്ടയായിരിക്കുമ്പോൾ; മുമ്പു, അവളെ സ്നേഹിച്ചിരുന്ന തോഴിമാർ പലരും അടുത്തുകൂടി ഓരോവൎത്തമാനങ്ങൾ തുടങ്ങി. "പ്രിയപ്പെട്ടതോഴി! ഭ വതി, ഭൎത്താവിനെപ്പിരിഞ്ഞുപോന്നതു, അത്യന്തം ആശ്ചൎയ്യകരമായിരിക്കുന്നു. ഭവതിയെ ക്കാണാതെ; അരക്ഷണംപോലും അദ്ദേഹം ജീവിച്ചിരിക്കുമോ? അതുപോലെതന്നെ ഭവതി യും അദ്ദേഹത്തെപ്പിരിഞ്ഞിരിക്കാൻ ധൈൎയ്യപ്പെട്ടുവോ? നിങ്ങളെപ്പോലെ കാമാസക്തരാ യ ദമ്പതിമാർ ഈ ലോകത്തിലില്ലെന്നാണല്ലോ കേട്ടുകേൾവി. എല്ലായിടത്തും ഭാൎയ്യാ ഭൎത്താക്കന്മാരില്ലയോ? അവരെല്ലാം ഇങ്ങനെ എപ്പൊഴും കെട്ടിപ്പിണഞ്ഞുകൊണ്ടിരിക്കയാ ണോ? നായ്ക്കളെപ്പോലെ നാട്ടുകാരെക്കൊണ്ടു ചിരിപ്പിക്കുന്നതാണോ കുലസ്ത്രീകൾക്കു യോ ഗ്യത? ഇങ്ങനെ ഒരാവിധത്തിൽ കുററപ്പെടുത്തിയതുകൂടാതെ പലവിധത്തിൽ അവളെ

പ്പരിഹസിച്ചു ചിരിക്കാനുംതുടങ്ങി. അതുകേട്ട മമതാദേവി പറഞ്ഞു. "തോഴിമാരേ! നിങ്ങളെന്നെപരിഹസിക്കാനാണോഭാവം? എന്നെഅച്ഛനമ്മമാർ ഒരുത്തമപുരുഷനായി ദാനംചെയ്തതെന്നോ അന്നുമുതൽ ആപുരുഷൻതന്നെ ദൈവമെന്നും അദ്ദേഹത്തിൻെറവാക്കുകൾതന്നെ വേദമെന്നും, അദ്ദേഹത്തിൻെറ ഇഷ്ടപ്രകാരം നടക്കുന്നതുതന്നെ വ്രതമെന്നും ഉള്ള വേദശാസനത്തെ അറിഞ്ഞനുഷ്ഠിച്ചുപോരുന്ന എന്നെ, പരപുരുഷകാമിനിമാരായ പരസ്ത്രീകളെപരിഹസിക്കുന്നതുപോലെ നിങ്ങൾ പരിഹാസംതുടങ്ങിയിരിക്കുന്നതു എന്തുകൊണ്ടു്?"

തോഴിമാർ:—"അപഹസിച്ചുപറഞ്ഞു. ശരിതന്നെ. ഭാൎയ്യയും ഭൎത്താവുംനാഴികനേരംപോലും പിരിയാതെ, വിടത്വംപ്രകടിപ്പിച്ചു കാമപരവശരായി കഴിച്ചുകൂട്ടണമെന്നു വല്ലശാസ്ത്രത്തിലും പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ പറക! എല്ലാററിനും കാലോസമയം വിധിച്ചിട്ടില്ലേ? മൃഗങ്ങൾക്കുപോലും ഗ്രാമ്യധൎമ്മമനുഷ്ഠിക്കുന്നതിനു കാലോക്ലിപ്തസമയങ്ങളുണ്ടല്ലോ. നിങ്ങളുടെ പ്രവൃത്തികളങ്ങനെയാണോ? രാപ്പകൽ ശൃംഗാരലീലകളിൽതന്നെ മുഴുകിയിരിപ്പല്ലേ? അതേക്കുറിച്ചു പറഞ്ഞുചിരിക്കുന്നവരെയേ കാൺമാനുള്ളു. ഭവതിയെ ഒരുനിമിഷംപോലും ഭൎത്താവു പിരിഞ്ഞിരിക്കയില്ലെന്നാണു നാട്ടിലെ പ്രസ്താവം. അതുശരിയാണോ? വേദത്തിൽ അങ്ങനെ വിധിയുണ്ടോ? ഒരുപക്ഷേ, പുരുഷന്മാർ മനസ്സടക്കമില്ലായ്കയാൽ അങ്ങനെപ്രവൎത്തിച്ചേക്കുന്നവരായാലും, അതുപറഞ്ഞു മാററങ്ങുചുമതല സ്ത്രീകൾക്കില്ലെന്നുണ്ടോ? അങ്ങനെമാററിയ സ്ത്രീരത്നങ്ങൾ എത്ര? ഭവതിക്കുമാത്രം അതുപാടില്ലെന്നോ? നല്ലശിക്ഷതന്നെ" ഇങ്ങനെ അവരാശാസിച്ചുശേഷം പലാക്ഷേപവാൎത്തകളും പറഞ്ഞു്, അവരവരുടെ വസതികളിലേക്കുപോയി.

മമതാദേവിക്കു അവരുടെവാക്കുകൾ കഠിനമായ സങ്കടത്തെ ഉണ്ടാക്കി. അവർ പറഞ്ഞതു ശരിതന്നെയെന്നു ദേവിക്കുംതോന്നി. അനന്തരം ദൈവത്തെ ലക്ഷ്യമാക്കി വിലപിച്ചു. ഹാ സൎവ്വശക്തനായ ദൈവമേ! നിന്തിരുവടി എന്നെഉപേക്ഷിച്ചോ? ഞാൻ കുലധൎമ്മംവെടിഞ്ഞു നടന്നവളല്ലല്ലോ. എന്നെ എല്ലാവരും പരിഹസിക്കാൻനിന്തിരുവടി സംഗതിയാക്കിയോ? ഹാകഷ്ടം! എൻെറ ഭൎത്താവിനെ കാമാസക്തിയാകുന്ന വിഭ്രാന്തിയിൽ മുക്കിയോ? അദ്ദേഹത്തിൻെറ നിത്യകൎമ്മങ്ങളും ജപഹോമാദികളുംഎല്ലാം നിൎത്തിവച്ചിട്ടു കാലംകുറേയായി. അത്രക്ക കാമതല്പരനായതിൻെറ അൎത്ഥമെന്താണാവോ? ഹാദൈവമേ! വേദവിധിപ്രകാരം പുരുഷന്മാരും ഭൎത്തൃനിയോഗപ്രകാരം സ്ത്രീകളും നടക്കണമെന്നല്ലേവിധി. എങ്കിലല്ലേ രണ്ടുകക്ഷിക്കും മോക്ഷമുള്ളു. പലരും പരിഹസിക്കത്തക്കവണ്ണം കൎമ്മങ്ങളെ എപ്പോൾ ദൂഷിപ്പിക്കുവന്നുവോ, അപ്പോൾ നരകക്കുഴിയിൽ പതിച്ചതിനു സമാനംതന്നെ. ഹാഹാ! നാട്ടുകാർ ചിരിക്കത്തക്കവണ്ണം ആക്കിത്തീൎത്തതും ഞാനാണെന്നല്ലേ വെറുതെയെങ്കിലും ഒരുദ്ദേശ്യം പരന്നിരിക്കുന്നതു്? ഇനി,അദ്ദേഹം എന്നു നല്ലസ്ഥിതിയിൽവരും? അതിനു വഴിയെന്തു്?" എന്നാലോചിച്ചു. സങ്കടവാക്കുകൾ വൎഷിച്ചു വന്ദിച്ചു വീണ്ടും കരഞ്ഞുകൊണ്ടിരുന്നു.

ചക്രവൎത്തിയോടുകൂടിപ്പോയ തുളസീദാസൻ, മമതാദേവിയെ ചിന്തിച്ചുചിന്തിച്ചുമനസ്സുരുകി അവശനായിഭവിച്ചു. താമസിയാതെതന്നെ വന്നു കണ്ടുകൊള്ളാമെന്നും തല്ക്കാലം പോകാൻ അനുവാദംതരണമെന്നും ചക്രവൎത്തിയെ ഒരുവിധത്തിൽസമ്മതിപ്പിച്ചുകൊണ്ടു്, കന്നുകുട്ടിയെപ്പിരിഞ്ഞപശുവിനെപ്പോലെ തിരിഞ്ഞോടി, അരനാഴികയ്ക്കകൊണ്ടു സ്വന്തഭവനത്തിൽ വന്നുചേൎന്നു. ദേവി! ദേവി! എന്നു വിളിച്ചുകൊണ്ടായിരുന്നു മേടയിൽ കടന്നുചെന്നതു്. മമതാദേവിയെ അവിടെയെങ്ങും കാണായ്കയാൽ അധീരയോടെ മാതാവിൻെറ അരികിൽചെന്നു്, "മമതയെവിടെ?" എന്നു ചോദിച്ചു. മാതാവു് വാത്സല്യത്തോടും തെല്ലൊരവജ്ഞയോടും കൂടി പുത്രനെനോക്കി. "കാമനമകനേ! നീ പരിഭ്രമിക്കുന്നതെന്തു്? അവൾ മരിച്ചുംമറഞ്ഞും പോയില്ല. അവളുടെ അച്ഛനമ്മമാരുടെഅടുക്കൽ പോയിരിക്കയാണു്. നാളെത്തന്നെ മടങ്ങിവരും, അതിനിത്ര ഉഴറുന്നതെന്തോ" എന്നുചോദിച്ചു. തുളസീദാസനു ഈ വാക്കുകൾകേട്ടപ്പോൾ, കടൽക്കരയിലെ ചുഴിയിലകപ്പെട്ടവള്ളംപോലെ, ആശാചക്രം തലകീഴായിമറിഞ്ഞു. ലോകസുഖങ്ങൾനീങ്ങി

മോക്ഷപദം അടയുന്നകാലംവന്നാലും പത്നിയെപ്പിരിഞ്ഞിരിക്കുക സാദ്ധ്യമല്ലെന്നു അക്ഷമനായിരിക്കുന്ന തുളസീദാസൻ, ഉടനെവെളിക്കിറങ്ങി, വലയിൽ നിന്നുംവിട്ടുവിട്ടുകലമാനിനെപ്പോലെയും തീക്കനൽ ചവിട്ടിയവനെപ്പോലെയും അതിവേഗത്തിൽ ഓടി മമതാദേവിയുടെ ഭവനത്തിലേക്കു പോകുമ്പോൾ, ഭഗവാൻ, തുളസീദാസനിൽ കരുണയോടുകൂടി, തുളസീദാസൻ പത്നിയെപിരിഞ്ഞിരിക്കുന്നതും സംസാരശൃംഖലയുടെ കണ്ണികയാകുന്നതുമിന്നുതന്നെയെന്നും അതുകൊണ്ടു ആകാശഗംഗാസ്നാനം ചെയ്യിക്കണമെന്നും നിശ്ചയിച്ചു്, വലിയകാറോടുകൂടിയ ഒരുവർഷമാരംഭിച്ചു. അതുവകവയ്ക്കാതെതന്നെ തുളസീദാസൻ, അതിശീഘ്രമായി ഓടിക്കൊണ്ടിരിക്കുന്നു. കണ്ടവരെല്ലാം കാരണമെന്താണെന്നു ചോദിച്ചു തടുത്തിട്ടും, വകവയ്ക്കാതെയും ഇതുതന്നെ തരമെന്നുനിശ്ചയിച്ചുകാമദേവൻ പൊഴിക്കുന്നഅസ്ത്രങ്ങൾതടുക്കാൻ ശക്തിയില്ലാതെ പരവശപ്പെട്ടും, അരഞ്ഞാണവസ്ത്രാദികൾ വഴിമേൽകഴന്നുവീഴുന്നതേക്കുറിച്ചു ഗൌനിക്കാതെയും, ഓടിയോടി യമുനാനദിയുടെ തീരത്തെത്തി. അപ്പോഴേക്കു നേരംവൈകിയതുകൊണ്ടും അത്യഗാധജലയായ ആമഹാനദി കടക്കുന്നതിനു മാർഗ്ഗം കാണായ്കകൊണ്ടും വിവശനായിനിന്നു ആകാശംമേഘമനമായിരുന്നതുകൊണ്ടു കൂരിരുൾനിബിഡമായി തിങ്ങിനിറഞ്ഞിരുന്നു. കരകവിഞ്ഞൊഴുകുന്ന നദിയുടെ ഭയങ്കരത്വംകൊണ്ടു്, നീന്തിക്കടപ്പാൻ മാർഗ്ഗമില്ലെന്നു കണ്ടും മറുകരകടത്താൻ അടുത്തെങ്ങും സഹായത്തിനാരെയും കാണായ്കയാലുംവിഷമിച്ചുനിൽക്കുമ്പോൾ, ആററിൽകൂടി ഒരുപ്രേതം ഒഴുകിവരുന്നതുകണ്ടു്, മന്മഥപരിഭ്രാന്തിയാൽ ആററിൽഎടുത്തുചാടി നീന്തിച്ചെന്നു് ആശവത്തിൻമേൽ തൂങ്ങിക്കിടന്നു നീന്തി ഒരുവിധത്തിൽമറുകരപററി. അതെല്ലാംഭഗവല്ലീലയാണെന്നുള്ള പരമാൎത്ഥമറിയാതെയും കാമാസക്തിയാൽ ക്ഷീണം അശേഷംതോന്നാതെയുംവേഗത്തിൽഓടി പത്നീഭവനത്തിലെത്തി. അവിടെവാതിലുകളെല്ലാം അടച്ചിരിക്കുന്നതുകണ്ടു് അകത്തുകടക്കാൻമാർഗ്ഗമില്ലാതെപരുങ്ങിനിന്നു. തൻെറ ജീവനായികയെക്കാണായ്കകൊണ്ടുള്ള താപവേഗത്താൽ ചുററിനടന്നുകതകുകൾ പരിശോധിക്കയും ഒന്നുംതന്നെ തുറന്നിട്ടില്ലായ്കയാൽ മനോഭംഗപ്പെട്ടു മമതാദേവി! ദേവി! എന്നിങ്ങനെ വിളിച്ചു വിലപിക്കയും ചെയ്തു. കാററിൻെറയും മഴയുടേയും ശബ്ദബാഹുല്യത്താലാണു് വിളി ആരുംകേൾക്കാത്തതെന്നും കേട്ടാൽ തൻെറപ്രിയതമനിശ്ചയമായുംതന്നെ മാനിച്ചുകതകുതുറക്കാതിരിക്കയില്ലെന്നുംനനഞ്ഞുവന്നതിനെക്കുറിച്ചു വേദനപ്പെടുമെന്നുംമററും ഓരോന്നു പുലമ്പിക്കൊണ്ടുവീണ്ടും ചുററിനടന്നു. ജനാലകൾ പരിശോധിച്ചപ്പോൾ ആ മേടയുടെ മേലേനിലയിലുള്ള ഒരുജനാലതുറന്നിരിക്കുന്നതായി കാണപ്പെട്ടു. അപ്പൊ! തുളസീദാസനു തെല്ലൊരാശ്വാസമായി. എങ്കിലും ഉയരത്തിൽഎത്തുന്നതിനു അശേഷം മാർഗ്ഗമില്ലാതെ അമ്പരന്നുനിൽക്കുമ്പോൾ ഭഗവാൻ ആ സങ്കടംകണ്ടു് ഒരു പാമ്പിൻെറ രൂപത്തിൽജനാലയുടെ പടിയിൽശിരസ്സുറപ്പിച്ചു താഴോട്ടു തൂങ്ങിക്കിടന്നുകൊടുത്തു. പാമ്പിൻെറവാൽ തുളസീദാസനു എത്തിപ്പിടിക്കത്തക്കവണ്ണം കിട്ടിയതുകൊണ്ടു് ഒരു കയറാണെന്നുതന്നെ നിശ്ചയിച്ചു് അതിൽപിടിച്ചുതൂങ്ങിമേലോട്ടുകയറിജനാലയിൽ കൂടിഅകത്തു കടന്നു. മമതാദേവി! ദേവി! എന്നുവിളിക്കയും നിരപ്പേകിടന്നുറങ്ങുന്ന ആളുകളുടെ പുറത്തു ചവിട്ടിത്തട്ടിത്തടഞ്ഞു നെടുകെ മറിഞ്ഞുവീഴുകയുംചെയ്തു. അർദ്ധരാത്രിക്കു നിർബാധമായിക്കിടന്നുറങ്ങുന്നജനക്കൂട്ടത്തിൽതുളസീദാസൻ ചെന്നുകയറി വിളിച്ചുകൂകി തട്ടിത്തടഞ്ഞു്മറിഞ്ഞുവീണപ്പോൾ പലരുംഉണൎന്നുപരിഭ്രമിച്ചെഴുന്നേററു നോക്കിയതിൽ കാലുമുഴുവൻ ചേറും പുരണ്ടു് ദേഹംനനഞ്ഞു്തലമുടിയും അഴിച്ചിട്ടുകൊണ്ടു നിൽക്കുന്ന ഒരു സ്വരൂപത്തിനെയാണു മുമ്പിൽകണ്ടതു്. വല്ലഭൂതമോ പ്രേതമോ പേയോമററോ ആണെന്നു ഭയപ്പെട്ടു ഓരോരുത്തരും പലദിക്കിലേക്കോടിയൊളിച്ചു. മമതാദേവിദേവി! എന്നുവിളിക്കുന്ന ശബ്ദംകേട്ടു് ആൾ മനസ്സിലാക്കി മമതാദേവിവേഗം തന്നെ എഴുന്നേററു് പ്രാണനാഥ ഞാൻ ഇവിടെ തന്നെയുണ്ടു്. വരണംഎന്നുപറഞ്ഞു വന്ദിച്ചുനിന്നു. അവളെക്കണ്ടയുടനെ തുളസീദാസൻ, ശ്വശ്രൂശ്വശുരാദികൾ അവിടെ നില്ക്കുന്നതു ഗണിക്കാതെനിർല്ലജ്ജനായിശൃംഗാരപരങ്ങളായപലസംബോധനകളോടുകൂടി അവളെ വിളിച്ചു പ്രിയതമേ! ഇത്രകാലം നീഎന്നെപിരിഞ്ഞിരിക്കവാൻശക്തയായ ഭവി

ച്ചുവോ? നിന്നെ അരനിമിഷംപിരിഞ്ഞിരിക്കുവാൻ ഞാൻശക്തനല്ല. അടുത്തുവരിക:— നിൻെറ ദേഹസ്പർശംഎനിക്കു അമൃതായമാനമാണ്. ഇങ്ങനെലജ്ജവിട്ടുപറഞ്ഞുകൊണ്ടു് ദേവിയുടെകൈക്കു എത്തിപ്പിടിച്ചു. അതുകൊണ്ടുനിന്നവരെല്ലാം നാണിച്ചു് അപ്പോൾതന്നെ ഇറങ്ങിതാഴെനിലയിലേക്കു പൊയ്ക്കളഞ്ഞു. തുളസീദാസൻെറ ഈ സാഹസംകണ്ടു ലജ്ജിച്ചു അല്പം പിന്മാറിനിന്നുംകൊണ്ടു മമതാദേവി—"പ്രാണനാഥ ഈ പാതിരാത്രിക്കു അങ്ങു എവിടെനിന്നുംവരുന്നു? മേടയിൽ കടന്നുകൂടിയതെങ്ങനെ?" എന്നുചോദിച്ചു.

തുള:—പ്രിയേ! ഞാൻ വളരെനേരമായി വെളിയിൽവന്നു നിൽക്കുന്നു. ചക്രവർത്തിയോടു സമാധാനംപറഞ്ഞുകൊണ്ടു ഞാൻ അപ്പോൾ തന്നെപോന്നു. വീട്ടിൽവന്നപ്പോൾ നിന്നെക്കാണായ്കയാൽ ഇങ്ങോട്ടോടിയതാണ്. യമുനാനദീതീരത്തെത്തിയപ്പോൾ നേരംഇരുട്ടി. അതിൽകൂടി ഒഴുകിവന്ന ഒരുപ്രേതത്തിൽതൂങ്ങി നീന്തിയാണ് ഞാൻ ഇക്കരപിടിച്ചതു്. ഇവിടെവന്നിട്ടും ഉള്ളിൽകടക്കാൻ വഴികാണാതെ വളരെനേരംവിഷമിച്ചുനിന്നുപോയി. പിന്നീടാണ് ജനാലയിൽ തൂങ്ങിക്കിടന്ന കയറുകണ്ടുമുട്ടിയതു്. അതിൽപിടിച്ചുതൂങ്ങിയാണ് മേടയിൽ കേറിയതു്. ഇനിഎന്നെ നിറുത്തി വിഷമിപ്പിക്കരുതു്.

**മമതാദേവി:**—പ്രിയതമ! ഈ ജനാലയിൽ കയറുതൂക്കിയിരുന്നുവെന്നാണോ അങ്ങുപറഞ്ഞതു്? അതിൽ കയറുണ്ടായിരുന്നില്ലല്ലോ. വരണംനോക്കാം. എന്നുപറഞ്ഞു്, രണ്ടാളുമായിച്ചെന്നുനോക്കിയപ്പോൾ, ജനാലപ്പടിയിൽ ശിരസ്സുറപ്പിച്ചു തൂങ്ങിക്കിടക്കുന്ന പരുത്ത ഒരുവലിയ സർപ്പത്തെയാണുകണ്ടതു. ഉടനേ, അവർ ക്രമത്തിലധികം ഭയപ്പെടുകയും അത്ഭുതപ്പെടുകയുംചെയ്തു. എന്നിട്ടു, മമതാദേവിപറഞ്ഞു. പ്രാണവല്ലഭ! അങ്ങേ സാഹസം അത്യത്ഭുതംതന്നെ. കാമാസക്തിക്കു അതിരില്ലെന്നുണ്ടോ? എന്നിലുള്ളമോഹംകൊണ്ടു, എന്തെല്ലാം ആപത്തുകളിലാണ് അങ്ങുചാടിയതു? മഴനനയുന്നതിനും, ആററിൽചാടി, ശവത്തിൽതൂങ്ങി നീന്തുന്നതിനും, രാത്രിയിൽ ഈ ഘോരസർപ്പത്തെ കയറാണെന്നു തെററിദ്ധരിച്ചു, അതിൽപിടിച്ചു കയറി സ്വജനങ്ങളുടെമേൽചാടി അവരെ ഉണർത്തി ഭയപ്പെടുത്തുന്നതിനും അവരുടെ സമക്ഷം ലജ്ജപ്പെട്ടു ഓരോശൃംഗാരവാക്കുകൾ പുലമ്പുന്നതിനും എല്ലാംകാരണം അതാണല്ലോ? കാമവികാരത്തിൻെറ ദോഷകോടികളിൽ ഒരംശം ഇപ്പോൾ അങ്ങു് അനുഭവിച്ചതാണെന്നു മനസ്സിലാക്കണം. അതുകൊണ്ടു ഈദുർവ്വികാരത്തെ ഇപ്പോൾതന്നെ നിശ്ശേഷം നശിപ്പിച്ചു് ശ്രീനാരായണപാദപത്മങ്ങൾ മനസ്സിൽ ഉറപ്പിച്ചു മുക്തിയടയുവാൻ ശ്രമിക്കണം. അതുദുഃഖമില്ലാത്തതുംഅഴിവില്ലാത്തതുമാണ്‌അദ്ദേഹത്തെ ഭജിച്ചാൽ, കാമാദിദുർവ്വികാരങ്ങൾ മനസ്സിൽനിന്നു താനേനീങ്ങും. പരമാനന്ദവും സിദ്ധിക്കും. നരകം എന്ന ശബ്ദംപോലും പിന്നെ കേൾപ്പാൻ ഇടവരികയില്ല. ലൌകികസുഖത്തെക്കാളും ആത്മാനന്ദപ്രാപ്തിയല്ലയോശ്രേഷ്ഠം? നിത്യാനന്ദമൂർത്തികളായമഹർഷിമാർ അനുഭവിച്ചു സുഖിക്കുന്ന ബ്രഹ്മാനന്ദത്തെതള്ളിമലമൂത്രാദി ദുർഗ്ഗന്ധഭാജനമായഎൻെറ ഈ ശരീരത്തെ അനുഭവിക്കുമ്പോൾ ഉണ്ടാകുന്നസുഖം ആഗ്രഹിച്ചതുഎത്രമൂഢത്വമാണ്? ആസക്തിക്കും വിധിക്കും വിപരീതമല്ലയോ? വൈരാഗ്യസിദ്ധിക്കു വിഘാതമല്ലയോ പരപരിഹാസത്തിനു കാരണമല്ലയോ? എണ്ണൂറുവർഷക്കാലംബ്രഹ്മചാരിയായിരുന്നുഭീഷ്മരെന്നു പേരെടുത്ത ഗങ്ഗാദത്തൻെറ വൈരാഗ്യത്തേയും ബലാൽഭർത്താവാകണമെന്നുചെന്നപേക്ഷിച്ച ജഗന്മോഹിനിയായ ഉർവ്വശിയെ തിരസ്കരിച്ചഅർജ്ജുനപാണ്ഡവൻെറ ധൈര്യത്തേയും നിത്യബ്രഹ്മചാരിയായി പലയുഗങ്ങളായി ജീവിച്ചിരിക്കുന്ന ഹനുമൽപൂജ്യപാദരുടെവ്രതനിഷ്ഠയേയും ഇതുവരെക്കും വിവാഹം ഇച്ഛിക്കാതെആത്മാനന്ദമനുഭവിക്കുന്ന വിഘ്നേശ്വരഭഗവാൻെറ ജ്ഞാനവിശേഷത്തേയുംകേററിച്ചു, അങ്ങുകേട്ടിട്ടില്ലയോ?മായാസഹായനായവിഷ്ണുഭഗവാൻതൻെറ പുത്രനായ കാമദേവനെക്കൊണ്ടു ജ്ഞാനമാർഗ്ഗത്തിൽപ്രവർത്തിച്ചു തപസ്സുചെയ്യുന്ന മുനീശ്വരന്മാരുടെ മനോധൈര്യത്തെ ഇളക്കിപ്പിച്ചു അധഃപ്പതിപ്പിക്കാറുള്ളകഥ, അങ്ങു അറിഞ്ഞിട്ടില്ലയോ? ആ കാമദേവനെ നെററിത്തിക്കണ്ണിലെരിച്ചു പരമശിവൻെറ മഹിമ ആരാൽതന്നെ പുകഴ്ത്താൻ കഴിയും? എല്ലാത്താഴ്ചകൾക്കും ഹേതുഭൂതനായ

കാമദേവനെ അങ്ങേപ്പോലുള്ളവൎക്കു ജയിക്കാൻസാധിക്കുമോ? കാമമെന്നമദയാനയെക്കൊന്നുകീറിട്ടുരെ എറിയുന്നപുരുഷസിംഹങ്ങളാണു മുക്തിപദത്തിന്നധികാരികൾ. എന്നാൽകാമത്തെജയിക്കുന്നതിന്നു വിദ്യ ഇന്നതാണെന്നു പറഞ്ഞറിയിക്കത്തക്കതല്ല. കാമംകൊണ്ടു നശിച്ചുപോയ ജനം അസംഖ്യമാണു. അസുരന്മാരുടെ കൈയിൽകിട്ടിയ അമൃതുപോയ്പ്പോയതു കാമവേഗത്തിന്റെ മൂർച്ഛകൊണ്ടല്ലയോ? രാക്ഷസവംശത്തോടുകൂടി രാവണൻനശിച്ചുപോയതും ആ ദുർവ്വികാരംകൊണ്ടല്ലയോ? പാണ്ഡുരാജൻമരിക്കാൻ ഇടയായതും കാമാസക്തിയുടെ കാഠിന്യത്താലല്ലയോ? യയാതിക്കു ജരാനര വന്നുകൂടിയതോ? അതും കാമത്തിന്റെ ദോഷത്താലല്ലയോ? അഷ്ടവസുക്കൾ മനുഷ്യരായി ജനിക്കാൻ ഇടയായതു കാമത്തിന്റെ ശക്തികൊണ്ടല്ലയോ? നരകം, ബന്ധം, രോഗം, ശോകം, മരണം മുതലായവയ്ക്കുകാരണം, കാമം ഒന്നല്ലെങ്കിൽ മറ്റെന്താണു? കാമവലയിൽ അകപ്പെട്ടുപോയവൎക്കു പിന്നെ മോക്ഷവഴികാണ്മാൻപോലും സാധിക്കയില്ല എന്നാണു വിദ്വാന്മാർപറയുന്നതു്.

“കാമാസക്താഃ പ്രകൃതി കൃപണാശ്ചേതനാചേതനേഷു”

എന്ന അപൂൎവ്വവാക്യം എത്രയോ പരമാൎത്ഥമാണു്. എന്നിങ്ങനെ ഓരോ നീതിവാക്യങ്ങൾ പറഞ്ഞുകൊണ്ടു നിന്നു.

---

## അഞ്ചാമദ്ധ്യായം.

### (തുളസീദാസന്റെവൈരാഗ്യം)

അല്ലയോ സിദ്ധന്മാരേ! അത്യന്തം സാരതരങ്ങളായ ഈ ഉപദേശങ്ങൾ മമതാദേവിയുടെമുഖകമലത്തിൽനിന്നും പുറപ്പെട്ടതുകേട്ടു തുളസീദാസൻ, ഉൽബുദ്ധനായി സിംഹഗൎജ്ജനംകേട്ട മദകരിയെപ്പോലെ, തലതാഴ്ത്തിപ്പോയി; എന്നിട്ടുതന്നത്താൻഇങ്ങനെപറഞ്ഞു “കഷ്ടം! ഞാൻ മഹത്തുകളായ എല്ലാജനങ്ങളുടെയും പരിഹാസത്തിന്നുപാത്രീഭവിച്ചതു എന്റെ ചാഞ്ചല്യംകൊണ്ടാണല്ലോ? അച്ഛന്റെ ആജ്ഞയെ നിഷേധിച്ചു—അമ്മയെ അത്യന്തം ദുഃഖിപ്പിച്ചു—നാണവും മാനവും വിട്ടുതിന്നു. കഷ്ടംകഷ്ടം! എന്തൊരു മൂഢതയാമായിപ്പോയി എന്റെ ചാപല്യവും അനാദരവുംകൊണ്ടു് അച്ഛൻ ഒരു ദേവകന്യകയെ വിലക്ഷണയാക്കി കാണിച്ചു്, അവളിൽനിന്നും എന്റെമനസ്സിനെ പിൻവലിപ്പിക്കേണ്ടിവന്നു. അനന്തരം, എന്നെബലാൽ പിടിച്ചുകൊണ്ടുവന്നു്, സാധുക്കളോടൊരുമിച്ചു താമസിപ്പിച്ചു്, എന്റെ വേശ്യാമോഹങ്ങളെ ഒക്കെനീക്കി, ഒടുവിൽ അദ്ദേഹം, എനിക്കുവേണ്ട ഉപദേശങ്ങൾ ചെയ്തശേഷം, വിഷയഭോഗവിരക്തനായി, ബന്ധപാശങ്ങളെ ഖണ്ഡിച്ചു്, ദേഹം അനിത്യമാണെന്നുള്ള മതിപ്പോടുകൂടി കാട്ടിൽപോയി, വൈരാഗ്യം നിറഞ്ഞു്, തപസ്സുതുടങ്ങി. അത്രപരിശുദ്ധാത്മാവായ അച്ഛനെ നിന്ദിക്കാനും അമ്മയെ വ്യസനിപ്പിക്കാനും ഭാൎയ്യയെ വെറുപ്പിക്കാനും, അവളെക്കൊണ്ടു ഗുണദോഷങ്ങൾ പറയിക്കാനും, ഒക്കെ സംഗതിയായല്ലോ, കഷ്ടം! അജ്ഞാനമൂഢമായ മനസ്സേ! നീയാണല്ലോ എന്നെ ഈ ചാപല്യങ്ങൾക്കൊക്കെ വശംവദനാക്കിയതു്. അഥവാ നിന്നെ എന്തിന്നു പറയുന്നു? എല്ലാം നിന്റെ കുറ്റമെന്നുപറഞ്ഞാൽമതി. ഇനിക്കു എന്നിമേൽ ഇച്ഛയുണ്ടായാൽ അതിനെ അപ്പോഴപ്പോൾ വലിപ്പിച്ചു്, എന്നെ നീ കെടുത്തിയെന്നേയുള്ളൂ. ഇപ്പോൾ എനിക്കു ഭഗവൽസ്മരണയുദിച്ചിരിക്കുന്നു. അപ്പോൾ നീ അതിനെയും അനുകൂലിക്കുന്നു. ഹേ മനസ്സേ! നിന്റെ ചാപല്യങ്ങൾക്കു ആത്മാവിനെ വശപ്പെടുത്താതെ ആത്മാവിന്റെ നിശ്ചയങ്ങൾക്കു നിന്നെ അടിമയാക്കി വെയ്ക്കുന്നുമെന്നുള്ള തത്വം ഇപ്പോൾ എ

നിക്കമനസ്സിലായി ഇനികരിക്കലും ഞാൻ നിനക്കധീനനാകയില്ല മരിക്കുന്നതുവരെ മനോഹാരിണികളായ സ്ത്രീജനങ്ങളെ സല്പേപി ഞാൻ സ്മരിക്കയില്ല, വിഷ്ണു തിരുനാമങ്ങൾ മറക്കയില്ല. അച്ഛന്റെ ഉപദേശങ്ങൾ നിരസിക്കയില്ല. ഇങ്ങനെ പലതും പറഞ്ഞുകൊണ്ടു തുളസീദാസൻ കാമവികാരമശേഷംമാററി ചാലസപത്രപനായ ഈശ്വരങ്കൽ മനസ്സുറപ്പിച്ചു്, തന്റെ പൂർവ്വചരിത്രത്തെക്കുറിച്ചു പശ്ചാത്താപത്തോടുകൂടി മമതാദേവിയെനോക്കി, പ്രിയതമേ! നീ എനിക്ക ഒരു ഗുരുഭൂതതന്നെ ഇന്നുമുതൽക്ക നിന്നെ ഞാൻ എന്റെ അമ്മയെപ്പോലെതന്നെ കരുതുന്നു. എന്നറിവിച്ചു, വന്ദനം പറഞ്ഞശേഷം, വൈരാഗ്യത്തോടുകൂടി ഇ ശപരധ്യാനത്തിനായി കതകുതുറന്നു വെളിക്കിറങ്ങി നിന്നു. ഉടനേ മമതാദേവി, "പ്രിയതമ! അങ്ങു്, എന്റെ ജീവനാണു്. എന്നെ വിട്ടുപിരിയരുതു്." എന്നു നിലവിളിച്ചുംകൊണ്ടു്, പുറകേ ഓടിച്ചെന്നു്, പാദങ്ങളിൽവീണു നമസ്കരിച്ചു. സ്വാമി ചിന്തിച്ചാൽ അേങ്ങക്കതന്നെ യറിയാവുന്ന ജ്ഞാനമാർഗ്ഗലേശത്തെ അല്പജ്ഞയായ ഇവൾ പറഞ്ഞതുകൊണ്ടു്, ഈ പാപയെ അമ്മയെന്നുംഗുരുഭൂതയെന്നുംപറഞ്ഞു തള്ളിക്കളയുന്നതു ശരിയാണോ? എന്നിലുള്ള സ്നേഹം മുഴുവൻ മറക്കുന്നതുധർമ്മമാണോ? വൈരാഗ്യത്തിനു് ഒരതിർ ഇല്ലെന്നുണ്ടോ? വിരാഗികൾ ഗൃഹസ്ഥധർമ്മത്തെ വിസ്മരിക്കണമെന്നുണ്ടോ? എന്നോരോന്നു പറഞ്ഞുകരഞ്ഞുതുടങ്ങി.

**തുളസീദാസൻ:**__മമതാദേവി ഇന്നുമുതൽ നാംതമ്മിലുള്ള സംബന്ധം തീർന്നിരിക്കുന്നു. കാമവികാരം വളരെ ദോഷത്തെ ചെയ്യുന്നതാണു്. എന്റെ മനസ്സിനെ ദുഷിപ്പിച്ചതു് അതൊന്നുതന്നെ. ഇപ്പോൾ ദൈവഗത്യാ ഭഗവദ്ധ്യാനത്തിലേക്ക എന്റെ മനസ്സു ഉറച്ചിരിക്കുന്നു. സത്യത്തിൽ ഞാൻ ചെയ്തതു്, അപരാധവും നീ ചെയ്തതു ഉപകാരവുംതന്നെ. നിന്നെ ഞാൻമറക്കുമോ? മരണംവരെ വെറുക്കുമോ? നീ അമ്മയാണെന്നുപറഞ്ഞതിനു നീക്കമില്ല. അത്തു നീതന്നെ ആലോചിച്ചുനോക്കിയാലും പരമാർത്ഥമാണെന്നറിയാം. ഇനി, ഇഹഭോഗാശകളെല്ലാം വെറുത്തു്, മനശ്ചാപല്യങ്ങളേയും മറുത്തു്, ഭഗവദ്ധ്യാനത്തോടുകൂടിയിരിക്കാനാണു് നിശ്ചയിച്ചിരിക്കുന്നതു്. എന്നുപറഞ്ഞു് ശേദ്ദർശനലോലനായ തുളസീദാസൻ തപസ്വിയായി കാട്ടിലേക്കതന്നെ തിരിച്ചു. ഈ അത്ഭുതകൃത്യത്തെക്കണ്ടു്, മമതാദേവിയുടെ അച്ഛനമ്മമാർ ബന്ധുക്കൾ മുതലായവരും തുളസീദാസനെ സ്തുതിച്ചു്, മമതാദേവിയെ പ്രശംസിച്ചുകൊണ്ടു്, എന്തുചെയ്യണമെന്നറിയാതെ നിശ്ചലരായി നിന്നുപോയി. മമതാദേവിയാകട്ടെ, തൽക്ഷണം ഓടിച്ചെന്നു്, തുളസീദാസന്റെ മുമ്പിൽ കമഴ്ന്നുവീണു__'പ്രാണനാഥ! എന്നെ വിട്ടുപിരിയുവാൻ അങ്ങേക്കമനസ്സുണ്ടായോ? കഷ്ടം! എന്റെ വാക്കുകളാണല്ലോ അതിനു കാരണമായതു്. അയ്യോ എന്നെ ഉപേക്ഷിക്കരുതേ. തിരിഞ്ഞു വീട്ടിൽപോകാം വരണം. നമുക്ക പഴയപടി ഭാര്യഭർത്താക്കന്മാരായി സുഖിച്ചിരിക്കാം__അതാണുനന്നു്'__എന്നപേക്ഷിച്ചുപറഞ്ഞു.

**തുളസീദാസൻ:**—ദേവീ! മാതേ! ഞാൻ നിന്നെ അമ്മയെപ്പോലെ വിചാരിച്ചു തള്ളിപ്പോയി. ഇനി ഭാര്യയെന്നുള്ള നിലയിൽ എന്റെ മനസ്സു് മാറാൻ നീ വിചാരിച്ചാൽ സാധിക്കുമെന്നുമോഹിക്കേണ്ടാ." എന്നുപറഞ്ഞു ചിരിച്ചുകൊണ്ടു, കാമദേവനെ എരിച്ച പരമശിവനെപ്പോലെ, വിരക്തനായി അവളെ നോക്കി അല്പം കോപത്തോടെ, മൂഢേ! വേഗം വീട്ടിൽപോയ്ക്കൊള്ളൂ__ജീവിതശേഷം ഭഗവദ്ധ്യാനത്തോടുകൂടി നയിച്ചുകൊൾക. പതിവ്രതയായ നിനക്കു്, എന്റെ ആജ്ഞയെനിരസിച്ചുകൂടാ. എന്നാജ്ഞാപിച്ചു ഭർത്താവിന്റെ പാദങ്ങളിൽ വീണ്ടും നമസ്കരിച്ചു കണ്ണുനീരൊഴുക്കിക്കൊണ്ടു മമത പറഞ്ഞു__പ്രിയതമ! അങ്ങേപ്പിരിഞ്ഞു ഞാൻ ജീവിച്ചിരിക്കയെന്നുള്ളതുണ്ടാകുമോ? നാംതമ്മിലുള്ള ബന്ധം ഇന്നോടുംകൊണ്ടു തീർന്നുപോയോ? എന്റെ വാക്കുകൾ അങ്ങേ ഹൃദയത്തെ വ്രണപ്പെടുത്തിയോ! ഞാൻ എങ്ങനെനിന്തിരുവടിയെ വിസ്മരിക്കും? അശ്രുധാരയെ എങ്ങനെതടുക്കും? ഏകാകിനിയായി എനിക്കെന്നു ജീവിക്കും ഇഷ്ടംപോലെ ആരോടു സംസാരിക്കും? ചന്ദനാദികൾ ആരുടെദേഹത്തുപൂശും? ആരുടെമുഖത്തുനോക്കിച്ചിരിക്കും? ആരോടു കലഹിച്ചിരിക്കും? ആരോടു സല്ലപിക്കും? എ

ന്റെ അഭീഷ്ടങ്ങൾ ആരെക്കൊണ്ടു സാധിപ്പിക്കും? ഇനി എനിക്കു പൂമാലകൾ എന്തിന്? മുത്തുമാലകൾ എന്തിന്? വസ്ത്രാലങ്കാരാദികൾ എന്തിന്? എന്റെ അഴകുനോക്കി ആനന്ദിക്കുവാൻ ഇനിആര്?—ആര്?" എന്നുപറഞ്ഞു ദീർഘശ്വാസത്തോടുകൂടി തളൎന്നു മോഹാലസ്യപ്പെട്ടു ഭൂമിയിൽ വീണു.

ഇതുകളെല്ലാം ഒട്ടുംകണ്ടുമിണ്ടാതെ തുളസീദാസൻ, അശേഷം കലുങ്ങാതെ ഭാൎയ്യയിലുള്ള അഭിലാഷത്തെ നീക്കി, ഭഗവദ്ധ്യാനത്തിൽതന്നെ മനസ്സുറപ്പിച്ചു്, ഭഗവാനെക്കാണണമെന്നുള്ള ആഗ്രഹത്തോടുകൂടി, അല്പനേരം അവിടെനിന്നശേഷം പിന്തിരിഞ്ഞു നടന്നു. അദ്ദേഹം തനിക്കഭിമുഖമായി വരുന്നവരെനോക്കി—"ഹേ ധന്യന്മാരേ! നിങ്ങൾ സന്തുഷ്ടന്മാരായിരിക്കുന്നുവല്ലോ. എന്തുകൊണ്ടാണതു്. ഭഗവാനെക്കാണ്മാൻ നിങ്ങൾക്കു ഭാഗ്യംലഭിച്ചുവോ! ആ തൃപ്പാദങ്ങളിൽ ശിരസ്സുവെച്ചുവോ? നിങ്ങളുടെഇഹലോകബന്ധങ്ങളെല്ലാം അറുത്തുവോ? അഹംഭാവവിഷവൃക്ഷത്തെ മുറിച്ചുവോ? ഭഗവാൻ ഇതുവഴി എഴുന്നെള്ളിയോ? നിങ്ങൾക്കു്, ഇഷ്ടവരങ്ങളെത്തന്നുവോ? നിങ്ങൾ അദ്ദേഹത്തെ ദർശിച്ചു പുകഴ്ത്തിയോ? ആനന്ദജലധിയിൽ മുഴുകിയോ? ഹാ ഹാ! എനിക്കു അഭീഷ്ടദാനംചെയ്കയില്ലയോ? എന്നിൽ കരുണയുദിക്കയില്ലയോ? തൃക്കണ്ണുകളാൽ എന്നെ നോക്കുകില്ലയോ? കഷ്ടം! കാലംഞാൻ വെറുതെകഴിച്ചുകൂട്ടി. ഇതുവരെയുള്ള എന്റെ ആയുസ്സു പാഴായി. അജ്ഞാനികൾക്കിങ്ങനെ പശ്ചാത്താപത്തിനു ഇടവരികസ്വാഭാവികം തന്നെയാണു്. എന്റെയുംവിധിയതായിരിക്കാം—" എന്നോരോന്നുപറഞ്ഞും പശ്ചാത്താപത്താൽ ദീർഘശ്വാസങ്ങൾവിട്ടും ഉഴറിനടന്നുപോയി. ഹരിഹരി എന്ന നാമങ്ങളല്ലാതെ മറെറാന്നുമുച്ചരിക്കാതെയും എങ്ങും നിൽക്കാതെയും കാടെന്നും നാടെന്നും കല്ലെന്നും മുള്ളെന്നും ഒന്നുംനോക്കാതെയും ഭഗവാനെക്കാണണമെന്നുള്ള ആശയോടുകൂടിമുമ്പോട്ടുനടന്നു.

മമതാദേവി, മോഹാലസ്യംതീൎന്നെഴുനേററു നോക്കിയപ്പോൾ, ഭർത്താവിനെക്കാണാഞ്ഞു്, ദുഃഖാൎത്തയായി വീണ്ടും താഴെവീണുമോഹിച്ചുപോയി. ഇങ്ങനെ ഉണൎന്നും മോഹിച്ചും കരഞ്ഞും, കണ്ണുനീരിൽനനഞ്ഞും വളരെനേരംകഴിഞ്ഞു. അനന്തരം എഴുനേററുനിന്നു മാറത്തടിച്ചു്—"അയ്യയ്യോദൈവമേ! ഇനി ഞാൻ എന്തുചെയ്യേണ്ടു? എവിടെപ്പോകേണ്ടു? എങ്ങനെ ജീവൻ ധരിക്കേണ്ടു? എന്നോരോ വിലാപങ്ങളോടുകൂടി മനസ്സുനിലവിട്ടപ്പോൾ, ഭർത്താവിനെക്കാണ്മാൻ കാട്ടിലേക്കു പോകതന്നെ എന്നുനിശ്ചയിച്ചു എഴുന്നേററുനടന്നു. അതുകണ്ടുകൊണ്ടുനിന്ന അവളുടെ അച്ഛനമ്മമാരും ബന്ധുജനങ്ങളുമെല്ലാം തിടുക്കത്തിൽ ഓടിച്ചെന്നു മുന്നിട്ടുതടുത്തു. ഒരുസ്ത്രീ തനിയെ അങ്ങനെ കാട്ടിൽ പോകുന്നതു വിഹിതമല്ലെന്നും തങ്ങൾപോയി തുളസീദാസനെ കൂട്ടിക്കൊണ്ടുവന്നുകാണിക്കാമെന്നും അതുവരെ വീട്ടിൽ ക്ഷമയോടുകൂടിയിരിക്കണമെന്നുംപറഞ്ഞു് ഒരുവിധത്തിൽ കുറഞ്ഞൊന്നു സമ്മതിപ്പിച്ചു. ഉടനെ മമതാദേവിപറഞ്ഞു. "മാന്യബന്ധുജനങ്ങളേ! നിങ്ങളുടെ ഈ സംരംഭം എത്രകണ്ടു സാദ്ധ്യമാകുമെന്നെനിക്കു സംശയമാണു് കഴിയുമെങ്കിൽ പോയി അദ്ദേഹത്തിന്റെ അമ്മയെ നിങ്ങൾ കൂട്ടിക്കൊണ്ടുവരണം അവർപോയി കണ്ടുപറഞ്ഞാൽ ഒരുപക്ഷേ അദ്ദേഹം മടങ്ങിവന്നേക്കും ഈ അഭിപ്രായം ശരിതന്നെയെന്നുസമ്മതിച്ച മമതാദേവിയുടെ സഹോദരന്മാർ ഇപ്പോൾ അവരെ കൂട്ടിക്കൊണ്ടുവരാമെന്നുംപറഞ്ഞു് വേഗത്തിൽ പുറപ്പെട്ടു. എങ്ങുംനിൽക്കാതെ അവർ ഓടിപ്പോയി യമുനാനദിയുടെ തീരത്തെത്തിയപ്പോൾ ആ മഹാനദിയെ കടത്തുന്നതിനു ആരെയുംകാണായ്കയാൽ സൂൎയ്യോദയംവരെ കാത്തുനിൽക്കേണ്ടിവന്നു.

തുളസീദാസനാകട്ടെ, ആ രാത്രിയിൽതന്നെ നാടുവിട്ടുചെന്നു്, ഒരുകാട്ടിൽ കടന്നു കല്ലിലുംമുള്ളിലും ചേററിലും കുഴിയിലും എല്ലാംതട്ടിയും തടഞ്ഞും വീണുംഎഴുന്നേററും നടന്നുപോയി. സൂൎയ്യോദയമാകുന്നതിനുമുമ്പു തന്നെ, ഒരു മലയുടെ മുകളിൽ ചെന്നുകയറി അവിടെയിരുന്നു അല്പം തളർച്ചതീൎത്തശേഷം, സൂൎയ്യോദയമായപ്പോൾ, താഴത്തിറങ്ങി പലകാടുകളിലും നാടുകളിലും ചുററിസ്സഞ്ചരിച്ചു്, ഭഗവാനെച്ചൊല്ലി സങ്കടനിവേദനം ചെയ്യും ഭഗവന്നാമംപറഞ്ഞു വിളിച്ചും കാലംനയിച്ചു. ദൈവമേ! ഇന്നു് എനിക്കുഭഗ

വദ്ദർശനം ലഭിക്കുമോ? ഞാൻ ആനന്ദത്തിരയിൽ കുളിക്കുമോ? കരുണാനിധിയായ അവിടുന്ന്, ഇന്നെന്റെമുമ്പിൽ എഴുന്നരുളുമോ? ഇങ്ങനെ ഭ്രാന്തനെപ്പോലെ പുലമ്പിക്കൊണ്ട് കാലത്തുമുതൽ ഉച്ചയാകുന്നതുവരെ നടന്നു. ഒടുവിൽ ശ്രമപ്പെട്ട്, ഞാൻ പതിനഞ്ചു നാഴിക ഇങ്ങനെ ചൊല്ലിവിളിച്ചുകൊണ്ടുനടന്നിട്ടും, ഭഗവാനെക്കാൺമാൻ കിട്ടിയില്ലല്ലോ. ഇനി, എപ്പോൾ എങ്ങനെ കാണാനാണ്? ഒരുപക്ഷേ, അദ്ദേഹം എനിക്കു ദർശനംതന്നേക്കുമോ? നിത്യാനന്ദംതന്നനുഗ്രഹിക്കുമോ? എന്നോരോ ആശാഗർഭങ്ങളായ വാക്കുകളുമുച്ചരിച്ചുകൊണ്ടു ഓരോ ദേവാലയങ്ങളിൽ ചെന്നു കടന്നു. അതിൽ കാണപ്പെട്ട വിഗ്രഹങ്ങളെനോക്കി-"ഭഗവാൻ ഇതുതന്നെയാണോ? ആണെങ്കിൽ സംസാരിക്കയില്ലയോ എഴുന്നേററുവരികയില്ലയോ? എന്റെ സങ്കടംകേട്ട്, എന്നെ അനുഗ്രഹിക്കയില്ലയോ? എന്നുള്ള സംശയസമാധാനങ്ങളോടുകൂടെ, ആ വിഗ്രഹങ്ങളെ എടുത്ത്. മാറോടണച്ചുപിടിച്ചുകൊണ്ടു സ്വാമിൻ! ഞാൻ നിന്തിരുവടിയെക്കാൺമാനായി എത്ര കാട്ടിലും മലയിലുമൊക്കെ ചുററിനടന്നു. മുള്ളും കല്ലും തറച്ച്, കാലെന്തുമാത്രം മുറിഞ്ഞു? എന്തെല്ലാം സങ്കടം അനുഭവിച്ചു. നേരവുമിതാ അസ്തമിക്കാറായിരിക്കുന്നു. എന്നിട്ടും നിന്തിരുവടി ഒന്നും അനങ്ങുന്നില്ലല്ലോ. ഞാൻ രാപ്പകൽ കൂക്കിവിളിച്ചുകൊണ്ടുനടന്നിട്ടും ഭഗവാൻ വായ്തുറന്ന് ഒരക്ഷരം ശബ്ദിക്കുന്നില്ലല്ലോ. ഇതങ്ങേയ്ക്കുധർമ്മമാണോ? അങ്ങു നിശ്ശബ്ദമായ ബ്രഹ്മമാണോ? എന്നൊക്കെ സ്തുതിച്ച്, രാത്രിയായപ്പോൾ അതിൽ ഒരമ്പലത്തിൽതന്നെ കിടന്നു. അനന്തരം "സ്വപ്നത്തിൽ ഭഗവാനെനിക്ക്, ദർശനം തരുമോ? ഇഷ്ടംപോലെ എന്നെ അനുഗ്രഹിക്കുമോ? താരകമന്ത്രമുപദേശിക്കുമോ? താമരപോലെയുള്ള ആ തൃക്കാലുകൾ കാൺമാൻ എനിക്കിടയാകുമോ? അതോ ഇനിയും പല നാൾ ഞാൻ ഇങ്ങനെതന്നെ കഴിച്ചുകൂട്ടണമോ? എന്നോരോ വിചാരങ്ങളോടുംകൂടി കിടന്നുറങ്ങി. അർദ്ധരാത്രിയായപ്പോൾ, ഉണർന്നെഴുന്നേററു വെളിക്കിറങ്ങി. ഭഗവാനേ! നിന്തിരുവടി പ്രസന്നനായി എന്റെമുമ്പിൽ എഴുന്നെള്ളുമോ? എനിക്കൊന്നുകാൺമാനാഗ്രഹമായിരിക്കുന്നു. അങ്ങേ തിരുവായ്മൊഴികൾ കേൾപ്പാൻ എന്റെ കാതുകൾ ആഗ്രഹിക്കുന്നു. അതിനെനിക്കിനി ഭാഗ്യമെത്തുന്നതു ഇന്നോ നാളയോ എന്നോ? ഇത്യാദി വാചകങ്ങളോടുകൂടി, ഭഗവാനെ സ്വപ്നത്തിൽപോലും മറക്കാതെ ഹരിഹരിശബ്ദത്തെ അരനിമിഷംപോലും കുറയ്ക്കാതെ നടന്നലഞ്ഞു, ഇടയ്ക്കിടെ വിഷ്ണുസ്തോത്രങ്ങളുംപാടി ഒടുവിൽ കാശിപട്ടണത്തിൽ ചെന്നുചേർന്നു. അവിടെക്കുടികൊണ്ടു താമസിക്കുന്ന ഭക്തജനത്തോടിടപെട്ട്, വിശ്വനാഥപൂജചെയ്ത്, അവസരമുള്ളപ്പോൾ വിഷ്ണുചരിത്രങ്ങൾ വായിച്ചും പറഞ്ഞും, ആനന്ദമായി കാലംകഴിച്ചുവന്നു. ഇതിനിടയ്ക്കു തുളസീദാസന്റെ അമ്മ, അദ്ദേഹം പോയ അന്നുതന്നെ മടങ്ങിവന്നുകാണായ്കകൊണ്ട്, പിറേറദിവസം രാവിലെ എഴുനീററ്, പുത്രനെത്തിരക്കി, വെളിക്കിറങ്ങി പല തെരുവുകളിലും ഗൃഹങ്ങളിലുംമററും അന്വേഷിച്ചിട്ടും കാണായ്കയാൽ, മമതയുടെ വീട്ടിലേക്കുതന്നെ പോകാമെന്നുനിശ്ചയിച്ചു. നേരേനടന്നുപോയി യമുനാനദിയുടെ തീരത്തെത്തി. അവിടെ അധികനേരംനിന്നുവിഷമിക്കുന്നതിനുമുമ്പുതന്നെ ഓടംകടത്തുകാരുടെ സഹായത്താൽ മറുതീരത്തെത്തി മമതയുടെ സഹോദരന്മാർ അവിടെ നിൽക്കുന്നതുകണ്ടപ്പോൾ, കുറച്ചാശ്വാസത്തോടെ, തുളസീദാസനെവിടെയെന്നുചോദിച്ചു. അവർ സകലചരിത്രങ്ങളും വിസ്തരിച്ചുപറഞ്ഞുകേൾപ്പിച്ചു. അതുകേട്ടയുടനേ, ആസ്ത്രീ മോഹാലസ്യപ്പെട്ടു വീണുപോയി. അനന്തരം ഉണർന്നെഴുന്നേററു, അലച്ചുതൊഴിച്ചുകൊണ്ട്, വേഗത്തിലോടി മമതയുടെ വീട്ടിലെത്തി, മമതാദേവിയെ വിളിച്ചുകൊണ്ടാണു കടന്നുചെന്നതു്. അതുകേട്ടു പൊട്ടിക്കരഞ്ഞുകൊണ്ട്, അടുത്തുചെന്ന മമതാദേവി, തുളസീദാസന്റെ അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട്, അമ്മേ! ഭവതി, എന്നെ ഇങ്ങോട്ടു പറഞ്ഞയയ്ക്കാതിരുന്നെങ്കിൽ ഈ അപത്ഥ്യങ്ങൾക്കിടയാകുമായിരുന്നോ? എന്നുപറകയും കണ്ണുനീർ പൊഴിക്കയും ചെയ്തുകൊണ്ടുനിൽക്കുമ്പോൾ ആ അമ്മയും വാവിട്ടുകരഞ്ഞു—"പ്രിയപുത്ര! എന്നെയും ഈ അറിയാത്ത പെൺകുട്ടിയെയും നീ ഉപേക്ഷിച്ചുവോ? നീ എവിടെക്കുപോയിരിക്കുന്നു? കഷ്ടം! നിന്റെ കുരുന്നുകാലുകൾ കല്ലിലുംമുള്ളിലും ഊന്നുന്നതെങ്ങനെ? വിശക്കുമ്പോൾ

നിനക്കാരുവല്ലതുംതരും? കഷ്ടം ഇത്രവേഗം നീ ഗൃഹസ്ഥാശ്രമത്തെ ഉപേക്ഷിച്ചുവോ? നിന്റെ ഭാര്യയുടെ ഉപദേശമാണോ നിനക്കു വൈരാഗ്യത്തെ ഉദിപ്പിച്ചതു്? നിന്റെ മനസ്സു് പകച്ചുപോയോ? നിന്റെ വിയോഗത്താൽ ഈ നാട്ടുപോലും ശൂന്യമാക്കിച്ചെയ്തുവോ? നീ എന്നോടു ഒരുവാക്കുപോലും പറയാതെയാണല്ലോ പോയതു്. ഹാ! കഷ്ടം! ഞാൻ എത്രയോ പാപിയാണു് നിന്നെക്കാണാതെ ഞാൻ ജീവസന്ധാരണംചെയ്യുന്നതെങ്ങനെ? പിരിഞ്ഞിരിക്കുന്ന ദുഃഖം സഹിക്കുന്നതെങ്ങനെ?"

ഇപ്രകാരം തുളസീദാസനെച്ചൊല്ലി വിലപിച്ചുകൊണ്ടു നിൽക്കുമ്പോൾബന്ധുജനങ്ങൾ അവരെനോക്കി—"അമ്മേ വ്യസനിക്കേണ്ട. തുളസീദാസനെ അന്വേഷിച്ചു കൂട്ടിക്കൊണ്ടുവരുന്നതിനു ഞങ്ങൾ ഇപ്പോൾതന്നെ ആളെ അയയ്ക്കാം" എന്നുപറഞ്ഞു് ആശ്വസിപ്പിച്ചു. ഏതാനും ഭൃത്യന്മാരോടുകൂടി, ഉടൻതന്നെ തുളസീദാസനെ അന്വേഷിച്ചു് മമതാദേവിയുടെ സഹോദരന്മാർ പുറപ്പെടുകയുംചെയ്തു.

അവർ, പലരാജ്യങ്ങളിലും കാനനങ്ങളിലും പർവ്വതങ്ങളിലും അലഞ്ഞുതിരിഞ്ഞു്, അവിടവിടെനിന്നും തുളസീദാസന്റെ വർത്തമാനം കേട്ടുകേട്ടു്, ഒടുവിൽ കാശിയിൽ ചെന്നുചേർന്നു.

അവിടെ സ്ഥിതിചെയ്യുന്ന വികൃതനായ തുളസീദാസനെ കണ്ടപ്പോൾ, അവർ അന്ധാളിച്ചത്ഭുതപ്പെട്ടുപോയി. ഏതോ ഒരുഭ്രാന്തനാണെന്നാണു് ആദ്യം വിചാരിച്ചതു്. മലിനമായകീറത്തുണിയും ജടപിടിച്ച മുടിയുംമററുംകണ്ടു്, അവർ വിഭ്രമിച്ചോടിവന്നു്, തുളസീദാസനു ഭ്രാന്തുപിടിച്ചു കാശിയിൽ ഇരിക്കുന്നതായി കണ്ടുകിട്ടിയെന്നു മാതാവിനോടും മമതാദേവിയോടുംമററും പറഞ്ഞുകരഞ്ഞുതുടങ്ങി. അതുകേട്ടു്, തുളസീദാസന്റെ മാതാവും മമതാദേവിയും കരഞ്ഞുവിളിച്ചു കാശിയിലേക്കു യാത്രപുറപ്പെടാൻ ഒരുക്കമായി, രണ്ടുപല്ലക്കു സജ്ജീകരിച്ചു്, അതിൽക്കയറി വേണ്ടപരിചാരങ്ങളോടുകൂടിപ്പുറപ്പെട്ടു്, അചിരേണകാശിയിൽ ചെന്നുചേർന്നു. ആഹാരനിദ്രകളില്ലാതെയും വസ്ത്രാദികളുടെ ശുചിത്വത്തിൽ അശേഷം ഗൌനിക്കാതെയും ഹരിഹരിഎന്ന വിഷ്ണുനാമങ്ങൾ ഒഴിച്ചു്, മററൊന്നും കീർത്തിക്കാതെയും എപ്പൊഴും ചുററിനടന്നു്, ഗോസായികളെപ്പോലെ, മലിനമായ കീറവസ്ത്രവും ധരിച്ചുകൊണ്ടു കുടുമയും അഴിച്ചിട്ടു്, കാലുകളിൽക്കൂടി രക്തം പുറപ്പെടത്തക്കവണ്ണംഅഭേദമായി കല്ലിലും മുള്ളിലും ചവിട്ടിനടന്നലഞ്ഞു്, മഴയുംവെയിലും വകവയ്ക്കാതെ, ഉച്ചത്തിൽ ഭഗവന്നാമപ്പേർചൊല്ലിവിളിക്കയും കൈകൂപ്പി വന്ദിക്കയുംചെയ്തുകൊണ്ടു്, ആരെയും നോക്കാതെയും ആരോടും സംസാരിക്കാതെയും പട്ടിണിയാൽ മെലിഞ്ഞ ശരീരത്തോടുകൂടിയവനായി, ഭഗവദേകധ്യാനനായി, മാളികമേൽ മണിമഞ്ചത്തിൽ ശയിക്കുന്നതുപോയിട്ടു്, സത്രങ്ങളിലുംമഠങ്ങളിലും വെറുന്തറയിൽ ശയനമാക്കി ഭ്രാന്തഭാവം കൈക്കൊണ്ടിരിക്കുന്ന തുളസീദാസനെക്കണ്ടു്, അദ്ദേഹത്തിന്റെമാതാവു്, വ്യസനാക്രാന്തയായി നയനങ്ങളിൽ ധാരധാരയായി കണ്ണുനീർവാർത്തു്, പുത്രനെ തഴുകി പറഞ്ഞു—"എന്റെ ഓമനേ! നീ ഇങ്ങനെകഷ്ടപ്പെടാൻ ദൈവം വിധിച്ചുവോ? നിന്റെ ഭാര്യയുടെ കഠോരവാക്കുകളാണോ ഇതിനു കാരണമായതു്. ദൈവം എങ്ങും നിറഞ്ഞിരിക്കുന്ന ഒരു മഹാശക്തി അല്ലയോ? നിന്റെ മണിമാളികയിൽഇരുന്നുതന്നെ അദ്ദേഹത്തെ ധ്യാനിക്കാമായിരുന്നുവല്ലോ. അജ്ഞാനത്തെ നീക്കുന്നതിനു അതു മതിയാകയില്ലായിരുന്നോ? നിന്റെ അച്ഛൻ മുൻകൂട്ടിത്തന്നെ എന്നെ വിട്ടുപിരിഞ്ഞുപോയി. ഇപ്പോൾ നീയും പിരിഞ്ഞുപോന്നു.

"പിതാരക്ഷതികൌമാരേ ഭർത്താരക്ഷതിയൌവനേ
പുത്രോരക്ഷതിവാർദ്ധക്യേ നസ്ത്രീസ്വാതന്ത്ര്യമർഹതി"

എന്നാണല്ലോ മനു വിധിച്ചിരിക്കുന്നതു്. ആ സ്ഥിതിക്കു്, എന്റെ കുഞ്ഞേ! ഈ വാർദ്ധക്യകാലത്തു നീ എന്നെ ഉപേക്ഷിച്ചുപോകയോ? ഇങ്ങനെ പലപലവാക്കുകളോടുകൂടി തുളസീദാസന്റെ കൈകൾരണ്ടും കൂട്ടിച്ചേർത്തു പിടിച്ചു്; മാറോടണച്ചുകരഞ്ഞുതുടങ്ങി.

പരമഭാഗവതനായ തുളസീദാസൻ ഉടനേമാതാവിനെ നമസ്കരിച്ചു്. "പ്രിയപ്പെട്ട അമ്മേ! ശ്രീനാരായണനെ ഞാൻ കണ്ടുവോ? അദ്ദേഹത്തിന്റെ പാദങ്ങളിൽ എന്റെ

മിഴികൾ ചേർത്തുവോ? എൻെറ സങ്കടങ്ങളെ എല്ലാം പരിഹരിച്ചുവോ? എന്നെ ഭ്രമിപ്പിക്കുന്ന നീചവിചാരങ്ങളെ നശിപ്പിച്ചുവോ? എനിക്ക ആ തൃപ്പാദങ്ങൾ ദർശിക്കാൻ ഇതുവരെ സംഗതിയായില്ല. അതുകൊണ്ടു യാതൊന്നിലും എൻെറ മനസ്സ പ്രവൎത്തിക്കുന്നില്ല. അതിനാൽ നീലവൎണ്ണനായി, താമരക്കണ്ണനായി, കോദണ്ഡഹസ്തനായി അഴിവില്ലാത്തവനായി സീതാമണാളനായി പത്മനാഭനായി മോക്ഷപ്രദനായി ഭക്തവത്സലനായിരിക്കുന്ന അദ്ദേഹത്തെക്കണ്ടു ഇഷ്ടവരങ്ങൾവാങ്ങിക്കൊണ്ടു ഞാൻ ഇപ്പോൾതന്നെ വന്നേക്കാം. ഇന്നു വൈകുന്നതിനകം ഭഗവാൻവന്നു ദർശനംതന്നു എന്നെ അനുഗ്രഹിക്കാതിരിക്കയില്ല. എൻെറ വ്രതവും ഇന്നുതന്നെ നിറവേറും എന്നുപറഞ്ഞു ഭഗവദ്ദർശനലോലനായി തിരുനാമങ്ങൾ കീർത്തിച്ചുകൊണ്ടിരുന്നു.

ഉടനേ, മമതാദേവി, ഭർത്താവിനെ വന്ദിച്ചു, സ്വാമിൻ! ഞാൻ ചെയ്തകുററം ക്ഷമിച്ചു വീട്ടിലേക്ക മടങ്ങിവരണം. ഈ ദിവ്യതിരുവടികൾ കല്ലിലും മുള്ളിലും ഊന്നി നടക്കാൻ ഇടയാക്കിയോ? മണ്ണിൽ കിടന്നുറങ്ങാൻ ഇടയാക്കിയോ? അങ്ങേ അഭിമാനമൊക്കെ എവിടെപ്പോയി. കഷ്ടം! ഇതിനൊക്കെ സംഗതിയായല്ലൊ ദുഷ്കാലമേ! ഹാ ദൈവമേ എന്നെപ്പരീക്ഷിച്ചതു ഇനിയും പോരെന്നുണ്ടോ! എന്നുപറഞ്ഞു, ശോചനീയമാകുംവണ്ണം നിലത്തുകിടന്നു നിലവിളിച്ചു. അതുകണ്ടു തുളസീദാസൻപറഞ്ഞു—മമതാദേവീ! നിൻെറ ഉപദേശപ്രകാരം ഭഗവാനെക്കാണ്മാൻ എനിക്കിതുവരെ ഇടവരാഞ്ഞതു എന്തുകൊണ്ടു! അദ്ദേഹം എനിക്ക ദർശനംതരാഞ്ഞതെന്തുകൊണ്ടു? അതിനു ഇനി എത്രനാൾ വേണ്ടിവരും? നീ അതിലേക്ക ഒരുപായംപറഞ്ഞുതരിക!— ഞാൻ രാവണാന്തകനായ അദ്ദേഹത്തെ കണ്ടുംവച്ചു ഇതാവന്നേക്കാം. നീ വീട്ടിൽതന്നെപോയി സുഖമായി താമസിക്ക."

ഇങ്ങനെ പത്നിയോടാജ്ഞാപിച്ചശേഷം ശ്രീരാമ! പരശുരാമ! ബലരാമ! തുളസീദാമൻ! മേഘശ്യാമ! പുരുഷോത്തമ! ത്രിവിക്രമ! ഇത്യാദിനാമജപത്തോടുകൂടി പലദിക്കിലും അലഞ്ഞുനടക്കാനായിപുറപ്പെട്ടു. അസംരംഭം ഭൎത്താവിനെ നിരോധിക്കാതെ മമതാദേവി ഭൎത്തൃമാതാവിനെനോക്കി— "അമ്മേ! നാം ഇപ്പോൾ വിചാരിച്ചാൽ ഇദ്ദേഹത്തെ പറഞ്ഞനുസരിപ്പിച്ചുകൂട്ടിക്കൊണ്ടു പോകാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതിനാൽ നമുക്കീ കാശിയിൽതന്നെ ഒരുമഠം ഏർപ്പെടുത്തി അതിലിരുന്നാൽ അദ്ദേഹത്തെ നിത്യവും കാണ്മാനെങ്കിലും സംഗതിവരും. എന്നാണെൻെറപക്ഷം—" എന്നു പറഞ്ഞു.

മാതാവു്:—(ഉടനേ)ശരി; നീ പറഞ്ഞ അഭിപ്രായം നന്നുതന്നെ എൻെറ സകലസ്വത്തുക്കളും നിനക്കായിത്തന്നിരിക്കുന്നു. അതുകളെ ഇവിടെക്കൊണ്ടുവന്നു നിൻെറസുഖവൃത്തിക്കും തുളസീദാസൻെറ സംരക്ഷണത്തിനുമായി വിനിയോഗിച്ചുകൊൾക. ഞാൻപോയി ആത്മാരാമദേവനെക്കണ്ടു, അദ്ദേഹത്തെ ഇവിടെ കൂട്ടിക്കൊണ്ടുവരാൻശ്രമിക്കാം. ഒരുപക്ഷേ വന്നില്ലെങ്കിൽ ഞാൻ അദ്ദേഹത്തോടുകൂടി അവിടെയിരുന്നു ഗതിയടയാം എന്നാണു വിചാരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ രാജസമാനമായ സുഖാനുഭോഗങ്ങളോടുകൂടിയിരുന്ന ഇവൻ ഏകാകിയായി ഇങ്ങനെ നടന്നലഞ്ഞു കഷ്ടപ്പെടുന്നതുകാണ്മാൻ എൻെറ മനസ്സനുവദിക്കുന്നില്ല. എത്രയായാലും പ്രസവിച്ചവളല്ലേ? അവനെ കാണുംതോറും എൻെറ മനസ്സുനടുങ്ങുന്നു. ശരീരം തളരുന്നു" എന്നുപറഞ്ഞു ദുഃഖാശ്രുക്കളോടുകൂടി തുളസീദാസനെ അരികിൽവിളിച്ചു ആശ്ലേഷിച്ചു നിറുകയിൽ ചുംബിച്ചു യാത്രപറഞ്ഞു പരിജനങ്ങളോടുകൂടി പല്ലക്കിൽ കയറി നൈമിശാരണ്യത്തിലേക്കുപുറപ്പെട്ടു. അവിടെഎത്തി സമാധിസ്ഥനായിരുന്ന ആത്മാരാമരെക്കണ്ടു അദ്ദേഹത്തിൻെറപാദങ്ങളിൽവീണു വിലപിച്ചു തുടങ്ങി.

ആത്മാരാമർ, പെട്ടെന്നു സമാധിയിൽനിന്നു വിരമിച്ചു പത്നിയേനോക്കി "പ്രിയേ! തുളസീദാസനെവിടെ? അവനെപ്പിരിഞ്ഞു ഇപ്പോൾ നീ ഇവിടെ വരാൻ കാരണമെന്തു? വേഗംപറയൂ—" എന്നുചോദിച്ചപ്പോൾ പത്നി തുളസീദാസൻെറ സകല ചരിത്രങ്ങളും സവിസ്തരംപറഞ്ഞു കരഞ്ഞുകൊണ്ടു നിന്നു.

ആത്മാരാമൻ അതുകേട്ടു സന്തോഷപരവശനായി ഹാഹാ! എന്തൊരു ശുഭവാൎത്തയാണു ഞാൻ ഈ കേൾക്കുന്നതു? നമ്മുടെമകൻ ഇഹഭോഗവൈരാഗ്യത്തോടുകൂടി ഭഗവദ്ധ്യാ

നത്തിൽ മനസ്സേകാഗ്രമാക്കി ഭഗവാനേക്കാണണമെന്നുള്ള അത്യഗ്രഹത്തോടെ ചുററിനടന്നു തുടങ്ങിയോ? കാണായ്കകൊണ്ടു ദുഃഖനിമഗ്നനായിരിക്കുന്നുവോ? അത്ഭുതം അത്ഭുതം! അവനെ എനിക്കു കാൺമാൻ വൈകുന്നു. വരിക എന്നു പറഞ്ഞു പത്നിയേയുംകൂട്ടിക്കൊണ്ടു അതിവേഗത്തിൽ വാരാണസിയിൽ എത്തി തുളസീദാസനെക്കണ്ടമാത്രയിൽ ആനന്ദനിമഗ്നനായി അടുത്തുപിടിച്ചു മാറോടണച്ചു ആശ്ലേഷിച്ചു പറഞ്ഞു. ഓമനപ്പുത്ര! നിന്നെക്കുറിച്ചു എനിക്കുണ്ടായിരുന്ന നൈരാശ്യം നിശ്ശേഷം അസ്തമിച്ചിരിക്കുന്നു നിന്റെ വിഷയാശകളെല്ലാം പരിത്യജിച്ചതിനെക്കുറിച്ചു ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഹാ പ്രിയപുത്ര! നിന്നെ ഇത്രവേഗം ഇങ്ങനെ നല്ലസ്ഥിതിയിൽ കാൺമാനിടവരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇപ്പോൾ നീ എന്റെ പ്രതീക്ഷയിലും അധികമായ മേന്മയെ പ്രാപിച്ചിരിക്കുന്നു ഇങ്ങനെ ചുററിനടന്നാൽ മൃദുവായ നിന്റെ പാദങ്ങൾക്കു നൊമ്പലം ഉണ്ടാകയില്ലയോ? ഭഗവദ്ധ്യാനത്തിനു ഒരു സ്ഥലത്തിരുന്നാലും മതിയാകുമല്ലോ. കോമളയുവവയസ്കനായ നിന്റെ ശരീരം എത്രമാത്രം ക്ഷീണിച്ചുപോയി. എന്നെപ്പോലെ മാംസശിഷ്ടമായ അസ്ഥികൂടംമാത്രമേ നിന്റെ ശരീരത്തിലുള്ളു. ശരീരം മുഴുവൻ മണ്ണല്ലേ പുരണ്ടിരിക്കുന്നതു. ഹാഹാ! നിന്നെജ്ജനിപ്പിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിയല്ലോ. നിന്നെപ്പോലെ സുകൃതിയായ പുത്രനെ സുകൃതംകൊണ്ടല്ലാതെ ആക്കുംലഭിക്കുകയില്ല. ഹാ മകനേ! നീ വിഷ്ണുഭഗവാനേ അന്വേഷിച്ചു നടക്കയാണല്ലേ? കാണാഞ്ഞു വിഷാദവുമുണ്ടു- ഇല്ലേ? ഇപ്പോഴാണു എന്റെ തപസ്സു ഫലിച്ചതു. മുക്തനായി ഭവിച്ചതുമിപ്പോഴാണു. ഇനി എനിക്കു ഈലോകത്തിൽ യാതൊരാശയുമില്ല. നിന്നെപ്പോലെ ഒരു പുത്രനുണ്ടെങ്കിൽ പിന്നെ എന്തൊരു കുറവാണുള്ളതു? നിന്നെ എന്റെ മാറോടണച്ചാശ്ലേഷിക്കുന്ന സമയം ജീവൻ പോകാൻ സംഗതിയായെങ്കിൽ അതുതന്നെ എനിക്കു മഹാഭാഗ്യം മുക്തിക്കും മറെറാന്നും വേണ്ടതില്ല. ഹാഹാ! ഞാൻ കൃതാർത്ഥനായി. ഇനി ഈ ശരീരത്തെ ധരിക്കണമെന്നു എനിക്കാശയില്ല. എന്റെ ബന്ധപാശങ്ങളെല്ലാം അററുകഴിഞ്ഞു. പരമാനന്ദവും സിദ്ധിച്ചു. നിന്റെ പാവനങ്ങളായ കരങ്ങളാൽ ഇനി എന്നെ ഈ ഗംഗയിൽ നിക്ഷേപിച്ചാലും! നിനക്കിനി യാതൊരുകുറവുമില്ല. ശ്രീനാരായണസ്വാമിയെ നീ ദർശിച്ചാലും! പരമാനന്ദമടഞ്ഞാലും! പരിപൂർണ്ണജ്ഞാനിയായി ഭവിച്ചാലും!" എന്നിങ്ങനെ പല ആശീർവാദങ്ങളോടുകൂടി തന്റെ പുത്രനെക്കണ്ട സന്തോഷത്താലോ ശരീരത്തിലുള്ള അനിച്ഛയാലോ കൈവല്യസിദ്ധിയെക്കുറിച്ചുള്ള അഭിലാഷത്താലോ മകനെ മാറിൽ ചേർത്താശ്ലേഷിക്കകൊണ്ടുണ്ടായ ആനന്ദത്താലോ മകന്റെ വികൃതമായ രൂപംകാൺമാനുള്ള നീരസത്താലൊ അതോ മകനെക്കുറിച്ചുള്ള അതിരററ വാത്സല്യത്താലൊ വിധിബലത്താലോ അഥവാ മററുകാരണങ്ങളാലോ തുളസീദാസനെത്തഴുകിക്കൊണ്ടിരിക്കുമ്പോൾതന്നെ ദേഹേന്ദ്രിയാദികളുണററു ജീവാത്മാവു സ്വാതന്ത്ര്യത്തെ പ്രാപിച്ചു പരമാത്മാവിലൈക്യപ്പെട്ടു സ്മരണയില്ലാതെ ഭൂമിയിൽ ചാഞ്ഞുകിടന്നു ആനന്ദശബ്ദം ഉച്ചരിച്ചുകൊണ്ടു ആത്മാരാമൻ ദീർഘസമാധിയടഞ്ഞു.

ആത്മാരാമരുടെ ജീവാത്മാവു്, മിന്നൽപോലെ പ്രകാശിച്ചുയർന്നുപോയി ആകാശത്തിൽ മറഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ ആധിയാൽ സ്തബ്ധയായി മുറയിട്ടുകൊണ്ടു്, ആ ശവത്തിന്മേൽ ബോധരഹിതയായി വീണു. സംസാരപരിത്യാഗിയായ തുളസീദാസനും പിതാവിനെക്കുറിച്ചുള്ള അത്യാദരത്താൽ നയനങ്ങളിൽ അശ്രുക്കൾ നിറഞ്ഞു. ക്ഷണനേരത്തേക്കു ആത്മജ്ഞാനം അദ്ദേഹത്തെ വിട്ടുപിരിഞ്ഞുപോയി. ഒരു സാധാരണബാലനെപ്പോലെ പിതാവിന്റെ ശവശരീരത്തെ കെട്ടിപ്പിടിച്ചുകൊണ്ടു്, ആ പുണ്യപുരുഷൻ പരിദേവനം ആരംഭിച്ചു. ഹാ പ്രിയപ്പെട്ട പിതാവേ! അങ്ങു്, അനാഥരായ ഞങ്ങളെ കൈവെടിഞ്ഞുവോ? ആലിംഗനം ചെയ്തുകൊണ്ടിരിക്കെ മരിച്ചവരായി ആരെയും ഇതിനുമുമ്പു കേട്ടിട്ടില്ല. അങ്ങു്, സർവ്വധർമ്മജ്ഞനും ജ്ഞാനിയും ആയിരുന്നിട്ടും, എന്നിൽ എന്തൊരു വാത്സല്യമാണു പ്രകടിപ്പിച്ചിരുന്നതു്. ഇത്രവേഗത്തിൽ ജീവനെ ഉപേക്ഷിക്കാമോ? മരിക്കുന്നതിനു എന്റെ അരികിൽ വരുന്ന താമസമേ ഉള്ളായിരുന്നോ? എന്റെ ഈ മുഖദർശനമായിരുന്നോ അങ്ങേ ആയുസ്സിന്റെ പരമാവധി. അഥവാ, പാപിയായ

എന്റെ ശരീരസ്പർശമാണോ അങ്ങേ മരിപ്പിച്ചതു്? ഞാൻ ബന്ധനത്തിലിരുന്നപ്പോഴും എന്നെ അനാദരിക്കാതെയല്ലയോ വളർത്തിയതു്. കാട്ടിൽ തപസ്സിനുപോയപ്പോഴും ജീവനെ എന്റെ മേലാണല്ലോ അങ്ങു സമർപ്പിച്ചിരുന്നതു്? ഹാ എന്റെ പ്രത്യക്ഷദൈവമായ അച്ഛാ! അങ്ങു, എന്നെപ്പിരിഞ്ഞുപോയോ? ഇനി, എന്നെ മകനേ എന്നുവിളിച്ചുലാളിക്കുന്നതിനാരുള്ളൂ? എനിക്കു നീതിയുപദേശിച്ചുതരുവാനാരുള്ളൂ? എന്നോരോ ദുഃഖവാക്കുകളോടുകൂടി തുളസീദാസൻ വിലപിച്ചുകൊണ്ടിരുന്നു. അല്ലയോ സിദ്ധന്മാരേ! പിതൃവാത്സല്യം ദേഹികൾക്കു ഏതവസ്ഥയിലും, ഒഴിക്കാൻ പാടില്ലാത്ത ഒരു ബന്ധമാണെന്നുള്ളതിനു ഇതൊരു ഉത്തമദൃഷ്ടാന്തമാണു്. തുളസീദാസൻ ജ്ഞാനിയായിരുന്നിട്ടും, പിതൃമരണത്താൽ അദ്ദേഹത്തിന്റെ ചിത്തം അത്യന്തം വ്യാകുലമായിത്തീർന്നു. ഇങ്ങനെ തുളസീദാസൻ വിലപിച്ചുകൊണ്ടിരിക്കുന്നമദ്ധ്യേ, അദ്ദേഹത്തിന്റെ മാതാവു്, മോഹാലസ്യത്തിൽനിന്നും ഉണർന്നു്, പൂർവാധികം ഭയങ്കരമായവിധത്തിൽ, അലയും മുറയും തുടങ്ങി. തുളസീദാസൻ സാന്ത്വനവാക്കുകളാൽ അവരെ ആശ്വസിപ്പിച്ചശേഷം, ശവം കണ്ടുകൊണ്ടിരുന്നാൽ, മാതാവിനു് ദുഃഖം വർദ്ധിക്കുമെന്നുള്ള അഭിപ്രായത്താലും, പിതൃദാഹ്യത്തെ ആദരിക്കേണ്ടതാണെന്നുള്ള കർത്തവ്യത്തെ, അനുസ്മരിച്ചും ആത്മാരാമന്റെ ശരീരത്തെ ചുമലിൽ വഹിച്ചുകൊണ്ടുപോയി, ഗംഗാദേവിയെ സ്മരിച്ചുകൊണ്ടു തജ്ജലത്തിൽ നിക്ഷേപിച്ചു്, കാണികളുടെ മനസ്സലിയത്തക്കവണ്ണം, കണ്ണുനീരൊഴുക്കിക്കൊണ്ടുനിന്നു. ഉടനേ, അദ്ദേഹത്തിന്റെ അമ്മ ഭർത്താവിനെ പിന്തുടർന്നു്, ഗംഗയിൽചാടി മരിച്ചുകളയാമെന്നുള്ള ഉദ്ദേശത്തോടുകൂടി, പുത്രനെ ആശ്ലേഷിച്ചുപറഞ്ഞു. "പുത്ര! എനിക്കിനി ഭൂമിയിൽ ജീവിച്ചിരിക്കാൻ ആശയും അധികാരവുമില്ല. എന്റെ അർദ്ധശരീരം പരഗതിയടഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇനി ഞാൻ ജീവിക്കുന്നുവെങ്കിൽ, കുഞ്ഞു, നിന്റെമുഖദർശനത്താൽ ആശ്വസിക്കുന്നതിനു മാത്രമാണു. എന്നാൽ നിന്റെ മുഖദർശനം ഇപ്പോൾ എനിക്കു അധികദുഃഖകരമായിട്ടാണു തീർന്നിരിക്കുന്നതു്. നീ സുഖസ്ഥിതിയിലിരുന്നതു കണ്ടുകണ്ടു്, ആനന്ദിച്ചിരുന്ന എനിക്കു് നിന്റെ ഈ കഷ്ടാവസ്ഥ ദുസ്സഹമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണു് എന്റെ ശരീരം ഇത്ര ശോഷിച്ചുപോയതു്. നിന്നെ ദുഃഖിയായിക്കണ്ടും നിന്റെ പിതാവിന്റെ വിയോഗം സഹിച്ചും, ധൈര്യമവലംബിച്ചു ഞാൻ എന്തിനുജീവിക്കുന്നു? നിന്നെ ഇങ്ങനെ കാണുംതോറും ഞാനാധിപിടിച്ചു താനേമരിക്കും, അതിൽ ഭേദം ഈ ഗംഗയിൽചാടിമരിക്കുന്നതാണു്. നിനക്കു്, അചിരേണ, "ഭഗവദ്ദർശനം സിദ്ധിക്കട്ടെ. നീ പരമഭാഗവതനായി ഭവിക്കട്ടെ" ഇത്രയും പറഞ്ഞു്, ആസതീരത്നം കുതിച്ചു ഗംഗയിൽചാടി, കല്ലോലമാലയ്ക്കിടയിൽ മറഞ്ഞു. അല്ലയോ സിദ്ധന്മാരേ! തുളസീദാസന്റെ അപ്പോഴത്തെ അവസ്ഥ എന്താണെന്നു പറവാനുണ്ടോ? രണ്ടുചിറകുകളുമറ്റുപോയ ഒരു പക്ഷിയെപ്പോലെ, മാതാപിതാക്കന്മാരുടെ വിയോഗത്താൽ, അദ്ദേഹം ഒന്നും അറിയാതെയും, ഒന്നിനും അല്ലാതെയും, വളരെനേരം ആ മഹാനദിയുടെ തീരത്തുനിന്നും,താൻകൂടി ഗംഗയിൽ ചാടിമരിക്കട്ടോ എന്നു പലപ്പോഴും വിചാരിച്ചു. ഭഗവാനെ കാണാതെ മരിക്കുന്നതു്, ശരിയല്ലെന്നു വീണ്ടുവിചാരിക്കയും, ഏതാനും അടികൾ തിരിഞ്ഞുനടന്നു അവിടെ നില്ക്കുകയും, വീണ്ടും ഗംഗാതീരത്തിലേക്കു പോകയും ചെയ്തുകൊണ്ടിരുന്നു.

അല്ലയോ സിദ്ധന്മാരേ! പുത്രവാത്സല്യവും, പിതൃവാത്സല്യവും ഇത്രത്തോളം ഉള്ളതായ ഒരു കുടുംബം, മറ്റുണ്ടായിട്ടില്ല. തുളസീദാസൻ വിരാഗിയായി ഭവിച്ചിട്ടും, അദ്ദേഹത്തിനു മാതാപിതാക്കളെക്കുറിച്ചുണ്ടായിരുന്ന സ്നേഹബന്ധം ഒഴിഞ്ഞിട്ടില്ലായിരുന്നു. അതുകൊണ്ടു്, അദ്ദേഹത്തിന്റെ ഹൃദയത്തെ വിശുദ്ധമാക്കണമെന്നുള്ള ഭഗവന്നിശ്ചയമനുസരിച്ചാണു്, മേൽപ്രകാരം തുളസീദാസന്റെ അച്ഛനമ്മമാർ ഏകകാലമരണം പ്രാപിച്ചതു. അപ്പോളന്നെയോ ഭഗവദ്ദർശനത്തിനുശേഷമോ ഗംഗയിൽ ചാടിമരിക്കേണ്ടതെന്നു സംശയഗ്രസ്തമായ മനസ്സോടുകൂടി തുളസീദാസൻ വളരെനേരം ചഞ്ചലപ്പെട്ടുനിന്നു. ഒടുവിൽ, ഭഗവദ്ദർശനമാണു ആദ്യം ചെയ്യേണ്ടതെന്നു നിശ്ചയിച്ചു. അച്ഛൻമഹാതപസ്വിയായിരുന്നതുകൊണ്ടു്, അദ്ദേഹത്തിനു പരമപദം ലഭിച്ചുകാണുമെന്നുള്ള സം

ഗതിയിൽ, തുളസീദാസന്നു സംശയമുണ്ടായില്ല. എന്നാൽ, തന്നെ പരിചരിച്ചുകൊണ്ടു ഗൃഹത്തിൽ താമസിച്ചു കഴിച്ചുകൂട്ടിയമാതാവു്, മുക്തിപദമടയത്തക്ക യാതൊരുപ്രവൃത്തിയും ചെയ്തിട്ടില്ലെന്നു്, അദ്ദേഹത്തിന്നോർമ്മയുണ്ടായി. പുത്രൻ പരമഭാഗവതനായിരുന്നാൽ, മാതാവു മുക്തയാകുമെന്നുള്ള ശാസ്ത്രവിധിയെ, അദ്ദേഹം അനുസ്മരിച്ചു. അതുകൊണ്ടു്, മാതാവിന്റെ ഗതിയെ ഉദ്ദേശിച്ചുതന്നെ മഹാജ്ഞാനിയായ ഒരു യോഗിയായി ഭവിക്കണമെന്നും മാതാവിന്നു നിഷ്കൃതിചെയ്യാത്ത പുത്രൻ പാപിയാണെന്നും, നിശ്ചയിച്ചു്, ഗംഗയെ നോക്കി—“അല്ലയോ ശിവപ്രദയായ ഗംഗാഭഗവതീ! ഇതുകാലംവരെ ഞാൻചെയ്ത തപസ്സിന്റെ ഫലമെല്ലാം, എന്റെ അമ്മയുടെ സദ്ഗതിക്കായി ഇതാപ്രദാനം ചെയ്തിരിക്കുന്നു. എന്നെച്ചൊല്ലി, ആ മഹതിയെ എന്റെ അച്ഛൻ അടഞ്ഞ പുണ്യലോകത്തിലേക്കു നയിക്കാറാകണം എന്നപേക്ഷിച്ചു. ഉടനേ ഗംഗയിൽനിന്നു്, ഒരശരീരിവാക്കുണ്ടായി. അതിങ്ങനെയായിരുന്നു—“നീ ഇനിയും ഈമാതിരി തപസ്സോടുകൂടി പന്ത്രണ്ടുസംവത്സരം ഇരുന്നാലല്ലാതെ, നിന്റെ അച്ഛൻ പ്രാപിച്ച പരമപദം അമ്മയ്ക്കു ലഭിക്കയില്ല.”

ആ വാക്കുകേട്ട തുളസീദാസൻ, “ഇതാ ഇന്നോ നാളെയോ ഞാൻ ഭഗവാനെ ദർശിച്ചു് സകല അഭിലാഷങ്ങളേയും നിറവേററുന്നുണ്ടു്” എന്നു നിശ്ചയിച്ചുകൊണ്ടവിടെനിന്നും തിരിച്ചു് പഴയപടി ഭഗവാനെ അന്വേഷിച്ചു നടന്നുതുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ, ആ കാശിയിലുള്ള ഒരു ബ്രാഹ്മണൻ, തുളസീദാസന്റെ ഭക്തിവിശേഷത്തെക്കുറിച്ചു കേട്ടറിഞ്ഞു് അദ്ദേഹത്തെ വന്നുകണ്ടു് തന്റെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. “ഹേ ഭക്തോത്തമ! നിത്യപടി ഇവിടെത്തന്നെയിരുന്നു് ഈശ്വരഭജനം ചെയ്യണം. ഞാനും അങ്ങേപ്പോലെ ഒരു ത്യാഗിയാണു്. ഇവിടെ മററാരുംതന്നെയില്ല എന്നുപറഞ്ഞു. സാധുസംസർഗ്ഗം മുക്തിപ്രദമാണെന്നുള്ള ബോധത്തോടുകൂടി തുളസീദാസൻ, ആ ബ്രാഹ്മണന്റെ അപേക്ഷപ്രകാരം സമ്മതിച്ചു അവിടെ താമസിച്ചുവന്നു. പകൽമുഴുവൻ എവിടെയൊക്കെച്ചുററിനടന്നാലും, വൈകുന്നേരം അവിടെ എത്തുക പതിവായിരുന്നു. അങ്ങിനെയിരിക്കെ, രാജപുരിയിലേക്കു പോയിരുന്ന മമതാദേവി,കുറേമുതലുകളുമായി തിരിച്ചു കാശിയിൽവന്നു്, ഭർത്താവിന്റെ അച്ഛനമ്മമാർ മരിച്ചുപോയകഥയറിഞ്ഞു് ദുഃഖിച്ചു, സകല അപത്തുകൾക്കും കാരണം താനാണെന്നുള്ള വിചാരത്താൽ വിഷണ്ണയായി ഭവിച്ചു. അനന്തരം, മുൻനിശ്ചയമനുസരിച്ചു വിശാലമായ ഒരുമഠം പണികഴിപ്പിച്ചു അതിൽ അനേകം സാധുക്കളെ കുടിപാർപ്പിച്ചു നിത്യവും വേദാദ്ധ്യയനാദി പുണ്യശബ്ദങ്ങളെക്കേട്ടു സന്തോഷിച്ചു ഭർത്താവിനു ഇഷ്ടമായവ അന്വേഷിച്ചറിഞ്ഞു നിറവേററിക്കൊണ്ടു താമസിച്ചുവന്നു.

തുളസീദാസരുടെ വൈരാഗ്യാദ്ധ്യായം സമാപ്തം.

## ആറാം അദ്ധ്യായം.

### (തുളസീദാസന്നു ഭൂതദർശനം ലഭിച്ചതു്.)

അല്ലയോ സജ്ജനന്മാരേ! തുളസീദാസൻ ഇപ്രകാരം ഭഗവൽഭജനത്തോടുകൂടി പന്ത്രണ്ടുവത്സരം ആ ബ്രാഹ്മണന്റെ വീട്ടിൽതാമസിച്ചു. അതിൽപിന്നെ ഒരുദിവസം കാലത്തെ അദ്ദേഹം പതിവുപോലെ കാലുംമുഖവും ശുദ്ധിചെയ്യുമ്പോൾ ഇരിക്കാറുള്ള കല്ലിൽചെന്നിരുന്നു മുഖം കഴുകിയശേഷം വെള്ളമൊഴിച്ചു കാൽ അതിൽതേച്ചു. ഉടനേ ഒരുഭൂതം ആ കല്ലിൽനിന്നും വെളിപ്പെട്ടിറങ്ങിവന്നു തുളസീദാസനെത്തൊഴുതു, ഹേ ബ്രാ

മണോത്തമ! അങ്ങേക്ക എന്തൊരുവരമാണ് വേണ്ടത്? ചോദിച്ചുകൊൾക. ഞാൻ ഞാൻ ഒരുക്കമാണ്—എന്നുപറഞ്ഞു. അപ്രതീക്ഷിതമായ ആ വികൃതരൂപത്തെക്കണ്ടു "നീ ആര്" എന്നു തുളസീദാസൻ ചോദിച്ചു.

ഭൂതം:—ഹേ വേദിയരേ! ഞാൻ ഈ കല്ലിൽ കുടികൊണ്ടിരുന്ന ഒരുഭൂതമാണ്. അങ്ങ്, പന്ത്രണ്ടുവർഷക്കാലമായിട്ട ഈ കല്ലിൽതന്നെ അങ്ങേ തിരുവടികൾ തേച്ചുകഴുകി വന്നതുകൊണ്ടു എന്റെ ശാപം തീൎന്നിരിക്കുന്നു. അതിനാൽ ഞാൻ അങ്ങേക്ക് സ്വാധീനപ്പെട്ടിരിക്കുന്നു. അങ്ങേക്ക് എന്താവശ്യം? അതിരൂപവതിയായ ഒരുകന്യകയെവേണമോ അതോ രാജത്വംവേണമോ? ഏഴാംകടലിനക്കരെ അങ്ങേക്കൊണ്ടു വിടണമോ? അളവില്ലാത്തധനംവേണമോ? അനൎഘങ്ങളായ രത്നങ്ങൾവേണമോ? ഇതിലേതാണ് വേണ്ടതെന്നു പറഞ്ഞാൽ തൽക്ഷണം ഞാൻ സാധിച്ചുതരാം

തുളസീദാസൻ, (ചിരിച്ചുകൊണ്ടു) ഹേ മൂഢപിശാചേ! എനിക്ക വരവും ധനവുംതരാൻ നീ ആളോ? കല്പകവൃക്ഷമന്വേഷിച്ചു നടക്കുന്നവൻ കാഞ്ഞിരക്കായെന്തിന്? നീയേ എന്റെ പാദസ്പൎശംകൊണ്ടു വിശുദ്ധിയെ പ്രാപിച്ചുഎന്നുപറയുന്നു. അനീയാണോ എനിക്ക സമ്പത്തുതരുന്നത്? സകലചരാചരഗുരുവായ ശ്രീനാരായണസ്വാമിയെ ഭജിച്ചും അദ്ദേഹത്തിന്റെ ദൎശനം കാംക്ഷിച്ചും ഇരിക്കുന്ന എനിക്ക കേവലംക്ഷുദ്രപിശാചവൎഗ്ഗത്തിലുൾപ്പെട്ടനീയാണോ ഇഷ്ടദാനംചെയ്യാൻവന്നിരിക്കുന്നത്? മോക്ഷസുഖത്തെ അപേക്ഷിച്ചിരിക്കുന്നവൻ വിഷയസുഖമിച്ഛിക്കുമോ? അമൃതമന്വേഷിച്ചു നടക്കുന്നവൻ വിഷമാഗ്രഹിക്കുമോ? പോപോ പേപിടിച്ച പിശാചേ—(എന്നധിക്ഷേപിച്ചു.)

ഭൂതം:—തപസ്വീശ്വരാ! എന്റെ പേരിൽ അങ്ങേക്ക അപ്രിയംതോന്നേണ്ടാ. അങ്ങേക്ക ശ്രീനാരായണന്റെ അനുഗ്രഹമല്ലയോ ആവശ്യം? അതുലഭിക്കുന്നതിനു വേണ്ടതു ഞാൻചെയ്യാം. എന്നോടൊന്നിച്ചുവരിക.

തുളസീദാസൻ:—ഹേ ദുഷ്ടപിശാചേ! ക്ഷുദ്രജന്തുവായ നിന്റെ വാക്കുകൾ ഞാൻ കേൾക്കയോ? സ്വൎഗ്ഗികൾക്ക ഉപദേശംചെയ്യാൻ നരകികൾ ശക്തരായിഭവിക്കുമോ? അതുപോലെ അജ്ഞാനിയായ നിന്റെവാക്ക ജ്ഞാനിയായ എനിക്കുകേൾക്കാൻപാടില്ല. അതുകൊണ്ടു നീ വെറുതേനിന്നു സംസാരിച്ചു സമയംകളയാതെ നിന്റെ വഴിക്കുപോ. എനിക്ക ഭഗവാനെ അന്വേഷിച്ചു പോകേണ്ടിയിരിക്കുന്നു വെറുതേ സമയംകളഞ്ഞതുകഷ്ടമായില്ലോ യി. ദുഷ്ടസംസൎഗ്ഗം എപ്പോഴായാലും ആപൽക്കരമാണ്. നീ ഇനി ഇവിടെനിൽക്കേണ്ടാ. മാറിദൂരത്തുപോയ്ക്കൊൾക.

ഭൂതം:—ഹേ ബ്രാഹ്മണശ്രേഷ്ഠ! ക്ഷുദ്രജീവികളെക്കൊണ്ടും മഹാകാൎയ്യങ്ങൾ സാധിച്ചേക്കാം. കുളക്കോഴി സമുദ്രത്തോടു കലഹിച്ചകഥ അങ്ങുകേട്ടിട്ടില്ലയോ? ക്ഷുദ്രങ്ങളായ മുളകൾ തമ്മിലുരഞ്ഞുണ്ടായ തീപ്പൊരി, ചന്ദനാദിമഹാമരങ്ങൾ നിറഞ്ഞ വനങ്ങളെ ഭസ്മമാക്കുന്നതു അങ്ങു കണ്ടിട്ടില്ലയോ? അതുപോലെ ഭഗവദ്ദൎശനത്തിനു അങ്ങേപ്രാപ്തനാക്കാൻ എനിക്കുകഴിയും. അതിൽ മറ്റൊന്നുംസംശയിക്കേണ്ട. എനിക്കിനി അധികംപറവാൻകഴികയില്ല. നല്ലമനസ്സുണ്ടായി എന്നോടൊന്നിച്ചുവന്നാൽ ഞങ്ങളുടെ രക്ഷിതാവായ വേതാളത്തിന്റെ അരികിൽകൂട്ടിക്കൊണ്ടുപോകാം. അതുവഴി ഭഗവദ്ദൎശനം സിദ്ധിക്കയുംചെയ്യും.

തുളസീദാ:—ഹേ ഭൂതമേ! ഭഗവദ്ദൎശനം നീമൂലം എനിക്കലഭിക്കുമെന്നിരിക്കട്ടെ എന്നാലും അതുശുദ്ധമല്ല. ദുഷ്ടസേവനം ഒരിക്കലും പാടില്ലെന്നാണ് ശാസ്ത്രങ്ങൾവിധിക്കുന്നത്. സജ്ജനങ്ങൾക്കും ദുസ്സംസൎഗ്ഗംകൊണ്ടു സ്വഭാവം ദുഷിച്ചേക്കും. ഏതുതരത്തിലായാലും നിന്റെസഹായം എനിക്കാവശ്യമില്ല. നാരായണസ്വാമിയെ ദൎശിക്കാനുള്ളമാൎഗ്ഗം നിനക്കറിയാമെങ്കിൽ നിന്റെ ഈ പിശാചത്വത്തെ മാററിപരമപദം പ്രാപിച്ചുകൂടായിരുന്നോ? കണ്ടാൽ ഭയംതോന്നുന്ന ഈ ആകൃതിഉപേക്ഷിച്ചുകൂടായിരുന്നോ?

ഭൂതം:—അവരവർചെയ്യുന്നപാപം അവരവർതന്നെ അനുഭവിച്ചുതീരേണ്ടയോ? രാജധാനിയിലേക്ക പോകുന്നവഴി അറിയുന്നവൎക്കെല്ലാം അവിടെ പ്രവേശനംകിട്ടിയെന്നുവ

തമോ? മോക്ഷസാധനങ്ങൾ ഇന്നിന്നവയാണെന്നറിഞ്ഞിരുന്നാലും, വിഷയാശകൾ മാറി മനസ്സ ശുദ്ധമാകാതെ ആ പദംലഭിക്കുമോ? അതുപോലെ എനിക്ക ശ്രീനാരായണനെ ദർശിക്കുന്നമാർഗ്ഗങ്ങൾ അറിയാമെന്നിരുന്നാലും പൂർവ്വജന്മകൃതമായ മഹാപാപം അതിലേക്ക എന്നെത്തടുക്കുന്നു അങ്ങേ പാദസ്പർശംകൊണ്ടു ഇപ്പോൾ എനിക്ക വിശുദ്ധിലഭിച്ചു. ഇനി ഉൽകൃഷ്ടപദവി എനിക്ക ലഭിക്കും.

തുളസീദാ:—നീകഴിഞ്ഞജന്മംചെയ്തപാപം എന്താണു? ഭൂതമായിത്തീരാൻ കാരണവുമെന്തു? എന്റെ പാദസ്പർശംകൊണ്ടു പാപംനീങ്ങുവാനും ഹേതുവെന്തു?

ഭൂതം:—ഹേ വിപ്രേശ്വരാ! ഞാൻ ഈ വീട്ടുടമസ്ഥനായ ബ്രാഹ്മണന്റെ പത്നിയായിരുന്നു. യൌവനത്തിളപ്പുകൊണ്ടു, ഞാൻ അന്നു ഈശ്വരനേയും ഭർത്താവിനേയും ഭയപ്പെടാതെ, എന്റെ മനസ്സിന്നിണങ്ങിയ പുരുഷന്മാരെക്കാമിച്ചു വ്യഭിചരിച്ചിട്ടുണ്ടു. ആ ദുസ്സ്വഭാവംകണ്ടു സഹിക്കാഞ്ഞു, ഭർത്താവു എന്നെ അരികിൽ വിളിച്ചിരുത്തി; "പ്രിയേ നിന്റെ ഈ ദുസ്സ്വഭാവം എനിക്ക അവമാനകാരണമായിത്തീർന്നിരിക്കുന്നു. ഒരുത്തന്റെ മുഖത്തുനോക്കുവാനും, അവനോടു മറ്റൊരുവാക്കുപറവാനും എനിക്കനിവൃത്തിയില്ലെന്നായി എല്ലാവരും എന്നെ പരിഹസിച്ചു ചിരിക്കുന്നു. വ്യഭിചാരത്തിന്റെ മഹാദോഷങ്ങൾ അല്പജ്ഞയായ നീ മനസ്സിലാക്കുന്നില്ല. ദൈവത്തെ വിചാരിച്ചു ഇനിമേലാലെങ്കിലും നീ സന്മാർഗ്ഗത്തിൽ ഇരുന്നാൽ കൊള്ളാം. അതിന്നു മനസ്സില്ലാത്തപക്ഷം ഇന്നുനീ ഇവിടെനിന്നിറങ്ങിക്കൊള്ളണം. എവിടെയോപോയി താമസിച്ചുകൊള്ളുന്നതിന്നും എനിക്കസമ്മതംതന്നെ. എന്തെന്നാൽരാവിലെ എഴുന്നേറ്റു വ്യഭിചാരിയുടെമുഖം കണ്ടാൽ അന്നുപോകുന്നവഴിക്ക ഗുണംകിട്ടുകയില്ല, ദാഹിച്ചാൽ വെള്ളംപോലുംകുടിക്കാൻ അന്നു സാധിക്കയുമില്ല. ഇതുനീചമായ ഒരുപ്രവൃത്തിമറ്റില്ലെന്നാണു യോഗ്യന്മാർപറയുന്നതു. വ്യഭിചാരിണിയോടുകൂടിയിരിക്കുന്നവന്നു മനോദുഃഖവും ദാരിദ്ര്യവുംഒരിക്കലുംഒഴിഞ്ഞുന്നവരികയില്ല വ്യഭിചാരിണിയിൽനിന്നുത്ഭവിക്കുന്ന വംശപരമ്പരയ്ക്കു ഒരിക്കലും മേന്മസിദ്ധിക്കുകയുമില്ല. വ്യഭിചരിക്കുന്ന കുലസ്ത്രീ വേശ്യയെക്കാളും നികൃഷ്ടയാണെന്നുള്ളതിന്നു സംശയമില്ല. വ്യഭിചാരികളുടെപക്കൽ, കൊല, മോഷണം, കള്ളം, കാമം, നിന്ദ, വെറുപ്പു, ചാഞ്ചല്യം, വഞ്ചനം, ചതി, ദാരിദ്ര്യം, ദുഃഖം, അവമാനം, അശ്രീ മുതലായവ കുടിയിരിക്കുന്നുവെന്നു ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നു. അതിനാൽ ദുർഭഗയായ നിന്നോടൊരുമിച്ചിരുന്നു ഈ അവമാനം സഹിക്കുന്നതിനേക്കാൾ, കാട്ടിൽപോയി തപസ്സുചെയ്യുന്നതാണു നന്നെന്നു ഞാൻവിചാരിക്കുന്നു. നീ ഈവീട്ടിൽനിന്നും ഒഴിഞ്ഞുതന്നാൽ മേലാൽ ഞാൻ സന്യസിച്ചുകൊള്ളാം. ഇനി മാനമായി ഗൃഹസ്ഥാശ്രമം പാലിക്കാൻ സാധിക്കയില്ല. ഈവിധത്തിൽ വ്യഭിചരിച്ചാൽ ഞാൻ സഹിക്കുകയുമില്ല.' എന്നോരോ ഗുണദോഷവാക്കുകൾപറഞ്ഞ ഭർത്താവിനോടു; അതിന്നുമറുപടിയായി ഞാൻ പറഞ്ഞു—"ഇനിമേൽ ആ ദുഷ്പ്രവൃത്തി എന്നിൽ നിന്നുണ്ടാകയില്ല. എനിക്കതിൽ തൃപ്തിവന്നുകഴിഞ്ഞു. പാതിവ്രത്യം ഇന്നുമുതൽ ഞാൻ രക്ഷിച്ചുകൊള്ളാം" എന്റെ ഈവാക്കുകൾകേട്ടു ഭർത്താവിന്നു വളരെ ആനന്ദമുണ്ടായി. പ്രിയതമേ! ഇന്നുമുതൽ നീ എന്റെ ആജ്ഞയനുസരിച്ചു ദുർവൃത്തികളിൽ പ്രവൃത്തിക്കാതെയിരുന്നാൽ ഇതുവരെച്ചെയ്തകുറ്റം ഞാൻ ക്ഷമിച്ചുകൊള്ളാം. വീട്ടിൽനിന്നും വെളക്കിറങ്ങിപ്പോകയോ ജാരന്മാരെ വീട്ടിലേക്ക ക്ഷണിക്കുകയോ മേലാൽ ചെയ്യരുതു. അങ്ങിനെയായാൽ, കാലംകൊണ്ടു നമ്മുടെ ഈ അവമാനം തീർന്നുപോയേക്കും. ഈ ബുദ്ധി നിനക്ക കുറേമുമ്പേ തോന്നിയിരുന്നുവെങ്കിൽ, എന്റെ അധിക്ഷേപങ്ങൾക്കും ശാസനങ്ങൾക്കും ഒന്നും നീ പാത്രീഭവിക്കേണ്ടിവരികയില്ലായിരുന്നു. മേലാൽ ഈകുററംചെയ്താൽ ഞാൻ തീരെ സഹിക്കയില്ലെന്നും, നിന്നെ കഠിനമായി ശിക്ഷിക്കുമെന്നും ഓർത്തുകൊള്ളണം. എന്നു അദ്ദേഹം എന്നെ ഗുണദോഷിച്ചു വീട്ടിൽനിന്നും എങ്ങും ഇറങ്ങിപോകാതെ ചട്ടംചെയ്തു സൂക്ഷിച്ചുവന്നു. അങ്ങിനെ കുറേനാൾ ഭർത്താവിന്റെ നിയോഗത്തെ അനുസരിച്ചുതന്നെ ഞാനിരുന്നു. ഒരിക്കൽ അദ്ദേഹം ഭിക്ഷയ്ക്കുപോയിരുന്നപ്പോൾ ദൂതികളെ അയച്ചു ഞാൻ ജാരപുരുഷന്മാരെവരുത്തി പഴയപടി ദുർവൃത്തികൾ ആരംഭിച്ചു. ഭർത്താവു മടങ്ങിയെത്തിയ

പ്പോൾ ഞാൻ സത്യവതിയെപ്പോലെ ഒക്കെ അഭിനയിക്കുകയും ശുദ്ധാത്മാവായ അദ്ദേഹം എന്റെ വഞ്ചനകളെ മനസ്സിലാക്കാതിരിക്കുകയുംചെയ്തു. അങ്ങനെ കുറേനാൾ കഴിഞ്ഞു ഒരിക്കൽ യദൃച്ഛയാ ഞാനും ജാരനുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതു് അദ്ദേഹം വന്നുകാണാൻഇടയായി. ഉടനേ കോപകരാളമായ മുഖത്തോടുകൂടി എന്നെ നോക്കി,—"എടീ! കാമഗ്രഹപിടിച്ചദുഷ്ടേ! നീ ഒരു പ്രേതമായിത്തന്നെ ഭവിക്കട്ടെ"എന്നുശപിച്ചുംവെച്ചു്, വീട്ടിനുവെളിക്കിറങ്ങി തപസ്സിനായി കാട്ടിലേക്കുതിരിച്ചു. അതുകണ്ടു ദുഃഖിതയായ ഞാൻ വേഗത്തിൽ പുറമേ ഓടിച്ചെന്നു, അദ്ദേഹത്തിന്റെ പാദങ്ങളിൽവീണു്, അറിയാതെചെയ്ത അപരാധത്തെ ക്ഷമിക്കണമെന്നും എനിക്കു ശാപമോക്ഷം തരണമെന്നും അപേക്ഷിച്ചു. ശാന്തനായ അദ്ദേഹം താൻ കോപിച്ചു ശപിച്ചുപോയതിനെക്കുറിച്ചു പശ്ചാത്താപത്തോടുകൂടിപറഞ്ഞു. "എടീ ദുഷ്ടേ! നീഎന്നെ കോപിപ്പിക്കയാണുചെയ്തതു്. കോപം പുണ്യക്ഷയകരമാണു്. ഇനി അതുപറഞ്ഞിട്ടു കാര്യമില്ല. നീ ഈ ഗംഗയിൽചാടിമരിച്ചു ഒരു ഭൂതമായി നമ്മുടെ കിണററുംകരെകിടക്കുന്ന കല്ലിൽ ആവേശിച്ചിരുന്നുകൊൾക. പുണ്യവാന്മാരുടെ പാദതീർത്ഥംകൊണ്ടു, പന്ത്രണ്ടുവർഷം ആ കല്ലു ദിവസംതോറും നനയുമ്പോൾ നിനക്കു ശാപമോക്ഷംസിദ്ധിക്കും. എന്നനുഗ്രഹിച്ചശേഷം അദ്ദേഹം കാട്ടിലേക്കുപോകാതെ തിരിഞ്ഞുപോയി വീട്ടിൽതന്നെ പ്രവേശിച്ചു എന്റെ ശാപനിവൃത്തിക്കു വേണ്ടമാർഗ്ഗങ്ങളിൽ പ്രവൃത്തിച്ചുവന്നു. ഞാൻ അസ്ഥാനത്തിൽ വന്നുകൂടിയ അപത്തിനെ അനുസരിക്കതന്നെവേണമെന്നുനിശ്ചയിച്ചു ഭർത്താവിന്റെ കാലടികളെ മനസ്സിൽധ്യാനിച്ചു ഗംഗയിൽ കുതിച്ചുചാടിമരിച്ചു്, ഭൂതസ്വരൂപത്താൽ ഈ കല്ലിൽപ്രവേശിച്ചു ശാപനിവൃത്തികാലത്തെ പ്രതീക്ഷിച്ചിരുന്നു. ഭർത്താവു് എന്റെ ശാപമോക്ഷത്തെ ഉദ്ദേശിച്ചു അന്നുമുതൽ അനേകം സാധുക്കളെ വീട്ടിൽ താമസിപ്പിച്ചു അവരുടെ പാദതീർത്ഥം ദിവസംതോറും ഈ കല്ലിൽ ഒഴിക്കുന്നതിനു ഏർപ്പാടുചെയ്തതും അതുവഴി എനിക്കു ശാപമോക്ഷമാർഗ്ഗംതെളിക്കുകയുംചെയ്തു. ഞാൻ പതിനെട്ടുസംവത്സരകാലത്തോളം പാദതീർത്ഥം കല്ലിൽ ഒഴിച്ചിട്ടും പറയത്തക്ക ഫലംയാതൊന്നും ഉണ്ടായില്ല. അങ്ങനെയിരിക്കുമ്പോഴാണു് അങ്ങേ അദ്ദേഹം കാണിച്ചുകൊണ്ടുവന്നു ഇവിടെ പാർപ്പാക്കിയതു്. പരിശുദ്ധനായ അങ്ങേ പാദസ്പർശം പന്ത്രണ്ടുവർഷം ഏററപ്പോഴേയ്ക്കു ഞാൻ വിശുദ്ധിയെപ്രാപിച്ചിരിക്കുന്നു. ഇനി ഞാൻ ഉൽകൃഷ്ടലോകത്തിലേക്കു പോകയാണു്; ഇത്രത്തോളം ഉപകാരംചെയ്ത അങ്ങേക്കു എന്തെങ്കിലും ഒരു സഹായം ചെയ്യാതെപോകുന്നതിനു മനസ്സനുവദിക്കായ്കകൊണ്ടാണു, എന്തെങ്കിലൊരുമിച്ചുവരണമെന്നു ഞാൻ അപേക്ഷിക്കുന്നതു്. സംശയിക്കാതെവരണം.

ഭൂതത്തിന്റെ വാക്കുകൾകേട്ടു തുളസീദാസൻ ഇങ്ങനെ ആലോചിച്ചു. ഇതു ഒരു ക്ഷുദ്രദേവതയായിരുന്നിട്ടും അനേകനീതികൾ പറയുന്നവല്ലോ. എനിക്കേതുവിധത്തിലായാലും ഭഗവദ്ദർശനം ലഭിച്ചാൽമതി. "ജാതിനാമാദികൾക്കല്ല ഗുണഗണങ്ങൾക്കേ" എന്നാണല്ലോ വിദ്വാന്മാർ പറയുന്നതു്. അതുകൊണ്ടു്, ഗുണംമാത്രമേ നോക്കാനുള്ളൂ. എന്നുമാത്രമല്ലാ ദശരഥമഹാരാജാവിന്റെ പുത്രലാഭം നിശ്ചയിച്ചതു്, ഒരു ഭൂതം വഹിച്ചുകൊണ്ടുവന്ന പായസത്തിന്റെ മഹിമയല്ലയോ? അനന്തരം ഭൂതത്തെനോക്കി"ഉത്തമഭൂതമേ! നീ പറഞ്ഞപ്രകാരം നമുക്കു വേതാളത്തിന്റെ അരികിൽപോകാം. വരിക" എന്നുപറഞ്ഞു. അനന്തരം അവർ രണ്ടാളുമായിപ്പോയി വേതാളം ഇരിക്കുന്നകാട്ടിൽ പ്രവേശിച്ചു്, ആ ഭൂതം വേതാളത്തെ സ്തുതിച്ചു. അപ്പോൾ വേതാളം പ്രസാദിച്ചുപ്രത്യക്ഷപ്പെട്ടു, ഹേ ഭൂതമേ! നീഎന്നെസ്തുതിക്കാൻ കാരണമെന്തു് എന്നെക്കൊണ്ടു സാധിക്കേണ്ടകാര്യം നിനക്കെന്തു? എന്നുചോദിച്ചു:

**ഭൂതം:**—ഹേ രാജാധിരാജ! എന്നെവിശുദ്ധീകരിച്ച ഈ ബ്രാഹ്മണനു് അങ്ങേ ദർശനംകൊടുത്തു്, ശ്രീനാരായണനെ ദർശിക്കുന്നതിനുവേണ്ട മാർഗ്ഗം ഉപദേശിക്കണം (എന്നപേക്ഷിച്ചു)

**വേതാളം:**—ശ്രീനാരായണനെ ദർശിക്കുന്നതിനുള്ള ഉപായം പറവാൻ ഞാൻ ആളല്ല. പക്ഷേ ഭഗവൽഭക്തശിരോമണിയായ ഹനുമാനെ ഞാൻ കാണിച്ചുകൊടുക്കാം

അദ്ദേഹത്തിങ്കൽനിന്നും ഭഗവദ്ദർശനത്തിനു വഴികിട്ടുകയുംചെയ്യും. എന്നാൽ ഹനുമദ്ദർശനത്തിനും സാധാരണന്മാർ അധികാരികളല്ല. തക്കതപസ്സുള്ളവർക്കേ അതു സാധിക്കയുള്ളൂ. അതിനുവേണ്ടതപശ്ശക്തി, ഈ ബ്രാഹ്മണനുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

നാഥ! ഇദ്ദേഹം പന്ത്രണ്ടുസംവത്സരമായി ഭഗവൽഭജനം ചെയ്തുകൊണ്ടിരിക്കുന്ന ഒരാളാണ്.

**വേതാളം:**—അങ്ങനെ യാണെങ്കിൽ തരക്കേടില്ല. എന്നുപറഞ്ഞു തുളസീദാസനെ വന്ദിച്ചുകൊണ്ട്, ഹേ ബ്രാഹ്മണ! മണ്ണാശ, പെണ്ണാശ, സ്വർണ്ണാശ, ഇതുമൂന്നും പരിത്യജിക്കാത്തവർക്ക്, ഹനുമദ്ദർശനം സിദ്ധിക്കുകയില്ല ഇതുമൂന്നും പരിത്യജിച്ച ആളാണോ അങ്ങ്? എന്നുചോദിച്ചു.

**തുളസീദാ:**—ഹേ വേതാളമേ! മണ്ണാശ, പെണ്ണാശ, സ്വർണ്ണാശ, ലോകാശ, ദേശാശ, മുതലായതെല്ലാം ഞാൻ ഉപേക്ഷിച്ചിട്ടു പന്ത്രണ്ടുവർഷമായി, അന്നുമുതൽക്കുഭഗവാനെക്കുറിച്ച് ഒരാശമാത്രമേ എനിക്കുള്ളൂ ആ പരമാർത്ഥം സർവസാക്ഷിയായ അദ്ദേഹത്തിനറിയാം.

**വേതാളം,** (സന്തോഷത്തോടുകൂടി) സ്വാമിൻ! ഈ കാശിയിൽ അസിഎന്നൊരു തെരുവുണ്ട്. അവിടെ ഒരു പുരാണപാഠകൻ വാല്മീകിരാമായണം വായിച്ച്, നിത്യവും അർത്ഥം പറക പതിവാണ്. ആ പറച്ചിലിന്റെ ശുദ്ധിയും ഭംഗിയുംകൊണ്ട്, അതുകേൾക്കാനായി പലരും വരുന്നകൂട്ടത്തിൽ ബ്രാഹ്മണവേഷം ധരിച്ചു ശ്രീഹനുമൽസ്വാമിയും വരിക പതിവാണ്- അവിടെച്ചെന്നാൽ ഹനുമദ്ദർശനം ലഭിക്കാൻ പ്രയാസമില്ല.

**തുളസീദാ:**— (അപഹാസത്തോടുകൂടി) സർവവേദാന്തവേദിയും വൈയാകരണശ്രേഷ്ഠനും സർവകലാവല്ലഭനുമായി സ്വാമി, ഹനുമാൻ കേവലം ഒരു മനുഷ്യൻ പറയുന്ന രാമായണാർത്ഥം കേൾപ്പാൻ വരുമെന്നാണോ പറഞ്ഞതു്. ഈ വ്യാജങ്ങൾ പറഞ്ഞു കേൾപ്പിക്കാനാണോ എന്നെവിളിച്ചുകൊണ്ടുവന്നതു്. പ്രേതപിശാചുക്കളെ വിശ്വസിക്കുന്നവനും പേയൻതന്നെയെന്ന്; ഇപ്പോൾ എനിക്കുതോന്നുന്നു.

**വേതാളം:**—പുണ്യാത്മാവായ ബ്രാഹ്മണ! അങ്ങനെ തെററിദ്ധരിക്കരുതേ. സാധുക്കൾകൂടിയിരുന്നു ഭഗവൽകഥകൾ കീർത്തിക്കുന്നിടത്തു് ഭഗവാൻപോലും വേഷംമാറിവന്നിരിക്ക പതിവുണ്ടെന്നു കേട്ടിട്ടുണ്ട് അതുകള്ളമാണെന്നു സംശയിക്കരുതു്. കാരണമറിയാതെ കോപിക്കുന്നതു ശരികേടാണ്, എനിക്കു താങ്കളോടു വ്യാജംപറഞ്ഞിട്ടൊരുഫലമില്ല. താങ്കൾ ഭഗവാനെക്കാണുന്നതിനു കൈക്കൊണ്ടവ്രതം ഫലിക്കാറായിരിക്കുന്നു രണ്ടുമൂന്നുദിവസത്തിനകം ഭഗവാനെ ദർശിക്കാനും ഭഗവൽപാദങ്ങളെസ്പർശിക്കാനും അങ്ങേക്കു സംഗതിയാകും.

തുളസീദാസൻ ഇതുകേട്ട് ഭഗവാനെ, ദർശിച്ചതുപോലെ, പുളകാങ്കിതശരീരനായി ആനന്ദബാഷ്പം തൂകിക്കൊണ്ട്, പറഞ്ഞു "ഹേ വേതാളമേ! പലബ്രാഹ്മണർ വരുന്നകൂട്ടത്തിൽ ഹനുമാൻ ഏതാണെന്നു തിരിച്ചറിവാൻ വഴിയെന്തു?

**വേതാളം**—ബ്രാഹ്മണ! ഹനുമാൻ പുണ്യപാദർ എല്ലാവരെക്കാളും മുമ്പേ സദസ്സിൽ വരികയും എല്ലാവരും പോയതിനുശേഷം പോകയും ചെയ്ക പതിവാണ്. അതുകൂടാതെ, പലരും കേൾക്കത്തക്കവണ്ണം അദ്ദേഹം താരക മന്ത്രമുച്ചരിക്കാറുണ്ട്— അതുതന്നെയുമല്ല, സന്തോഷാധിക്യത്താൽ നടക്കുമ്പോൾ ഇടയ്ക്കിടെ നിൽക്കുന്നതുംകാണാം. ഇതൊക്കെയാണടയാളം. ഇങ്ങനെപറഞ്ഞശേഷം തുളസീദാസനെ വന്ദിച്ചുകൊണ്ടുവേതാളം രണ്ടുംമറഞ്ഞു.

---

# ഏഴാം അദ്ധ്യായം.

## (തുളസീദാസനു ഹനുമാൻ ദർശനം കൊടുത്തതു്.)

ഹേ! രസികോത്തമന്മാരേ! ഇപ്രകാരം ഭൂതങ്ങൾ പറഞ്ഞതിൽപിന്നെ, തുളസീദാസൻ ദേവദർശനാകാംക്ഷയോടുകൂടി, തിരുനാമങ്ങളുംപാടി വൈകുന്നേരംവരെ ചുററിനടന്നു സായാഹ്നസന്ധ്യയായപ്പോൾ രാമായണപാരായണംചെയ്യുന്ന ബ്രാഹ്മണന്റെ മഠത്തിലെത്തി ഹനുമാന്റെ വരവുംനോക്കിക്കൊണ്ടിരുന്നു. ഉടനേ, വേതാളം പറഞ്ഞപ്രകാരം ഒരു വൃദ്ധബ്രാഹ്മണൻ എതിരേവരുന്നതുകാണായി. അടയാളംകൊണ്ടു്, അതു് ഹനുമാൻതന്നെയെന്നുമനസ്സിലാക്കിയ തുളസീദാസൻ വേഗംതന്നെ എഴുന്നേററുചെന്നു്, അബ്രാഹ്മണനെ പ്രദക്ഷിണംചെയ്തുവന്ദിച്ചുകൊണ്ടു്, "സ്വാമിൻ! അങ്ങേ ഭവനം ഏതുതെരുവിലാണു് സ്ഥിതിചെയ്യുന്നതെന്നു ചോദിച്ചു. അച്ചോദ്യത്തിനുത്തരം പറയാതെ, ബ്രാഹ്മണൻ രാമായണപാരായണസഭയിൽ ചെന്നിരുന്നു പാരായണം തീരുന്നതുവരെ തുളസീദാസനും അതുകേട്ടുകൊണ്ടു് അവിടെത്തന്നെയിരുന്നു. ഒടുവിൽ എല്ലാവരുംപോയശേഷം എഴുന്നേററു തിരിച്ചു്, ഹനുമാൻ ബ്രാഹ്മണന്റെ മുമ്പിൽചെന്നു വന്ദിച്ചു. തുളസീദാസൻ, സ്വാമിൻ! അങ്ങേക്കണ്ടിടത്തോളം അങ്ങു ഒരു പുണ്യപുരുഷനാണെന്നെനിക്കു തോന്നുന്നു. അതിനാൽ അങ്ങേ ആ വനവാസത്തിലേക്കു എന്നെക്കൂടിക്കൊണ്ടുപോയാൽ കൊള്ളാമെന്നപേക്ഷിച്ചു.

**ഹനുമാൻ:**—എന്റെ വസതി വളരെ ദൂരെയാണു്. എന്നുതന്നെയല്ല. ഞാൻ ഏകനായി താമസിക്കുന്നവനാണു. മററാരാളോടുകൂടി ഇരിക്കുന്നതു് എനിക്കിഷ്ടമില്ല.

**തുളസീ:**—അങ്ങേ പക്കൽനിന്നും അനുഗ്രഹം വാങ്ങിക്കണമെന്നു എനിക്കാഗ്രഹമായിരിക്കുന്നു. അതിനാൽ അങ്ങേ ആശ്രമത്തിലേക്കു എന്നെക്കൂടി കൊണ്ടുപോകണമെന്നപേക്ഷിക്കുന്നു.

**ഹനുമാൻ:**—ഞാൻ അനുഗ്രഹിപ്പാനും ഉപദേശിപ്പാനും ഒന്നും ആളല്ല. ഞാൻ ഒരു സാധുബ്രാഹ്മണനാണു്. എന്നെ നീ വെറുതെ വന്ദിക്കയാണു്. മന്ത്രവും തന്ത്രവും ഒന്നും എനിക്കറിഞ്ഞുകൂടാ. ഈ പുരാണപാഠകൻ മഹാജ്ഞാനിയായ ഒരു ബ്രാഹ്മണനാണു്. പലക്കുമുപദേശം കൊടുക്കുന്നുമുണ്ടു്. അദ്ദേഹത്തെ സേവിച്ചാൽ നിന്റെ ഇഷ്ടം സാധിക്കാനെളുപ്പമുണ്ടു്. ഇത്രയും പറഞ്ഞശേഷം അദ്ദേഹം വേഗം നടന്നുബ്രാഹ്മണരുടെ കൂട്ടത്തിൽ കടന്നു മറഞ്ഞുകളഞ്ഞു.

ഉടനേ, തുളസീദാസൻ പുറകേ ഓടിച്ചെന്നു് ബ്രാഹ്മണക്കൂട്ടത്തിൽകയറി. വൃദ്ധബ്രാഹ്മണനെ അന്വേഷണംതുടങ്ങി. ഓരോരുത്തരേയുംതട്ടുത്തു്, അവരുടെമുഖം പരിശോധിച്ചു. ആരെടാ ഇതു്? എന്തെടാഇതു്? മുന്നോട്ടുപോകാൻ സമ്മതിക്കാതെ മുഖംപരിശോധിക്കാൻവന്നിരിക്കുന്ന പൈത്ത്യാറൻ ഇവനേതെടാ? എന്നൊക്കെ ബ്രാഹ്മണർ കലശൽകൂട്ടിത്തുടങ്ങി. അതൊന്നും വകവയ്ക്കാതെ തുളസീദാസൻ എല്ലാവരെയും പരിശോധിച്ചിട്ടും, വൃദ്ധബ്രാഹ്മണനെക്കാണായ്കയാൽ അദ്ദേഹം ഹനുമാൻതന്നെയെന്നു നിശ്ചയിച്ചുകൊണ്ടു്; അന്നും മടങ്ങിപ്പോന്നു. പിറേറദിവസവും വൈകുന്നേരം കൃത്യമായി പുരാണപാഠകന്റെ വീട്ടിൽ ഹാജരായി ഹനുമാന്റെ വരവുംനോക്കിക്കൊണ്ടിരുന്നു. പതിവുപോലെ, ഹനുമാൻ അന്നും ബ്രാഹ്മണവേഷത്തിൽ അവിടെ വരികയുണ്ടായി. തുളസീദാസൻ തന്നെ കാത്തിരിക്കുന്നതുകണ്ടു്, എടാ ഈശനിപ്പിന്നും ഇവിടെ വന്നുകൂടീട്ടുണ്ടോ? ഉപദ്രവമായിഎന്നുനിശ്ചയിച്ചു്, മുഖത്തെ മറെറാരുഭാഗത്തേക്കു തിരിച്ചുകൊണ്ടു്, വേഗംതന്നെ പാഠകാംഗത്തിലേക്കു ചെന്നു. തുളസീദാസൻ അതുകണ്ടു്, ഹേ! എന്നെ നോക്കാതെ മുഖവും തിരിച്ചുപിടിച്ചു്, പോകുന്ന ബ്രാഹ്മണശ്രേഷ്ഠ! എന്നു വിളിച്ചുകൊണ്ടു ഓടിയടുത്തു്, അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തുപറഞ്ഞു.

സ്വാമിൻ! നിന്തിരുവടി, ഇന്നലെ എന്നെ കബളിപ്പിച്ചും വച്ചോടി ബ്രാഹ്മണക്കൂട്ടത്തിൽ ചാടി മറഞ്ഞുകളഞ്ഞതല്ലോ. ഇന്ന് അങ്ങനെ പോകാൻ ഞാൻ സമ്മതിക്കയില്ല. എന്നുപറഞ്ഞ് പാദങ്ങളിൽ കെട്ടിപ്പിടിച്ചു തടുത്തുനിർത്തി. ഉടനേ ഹനുമദ്ബ്രാഹ്മണൻ അല്പം കോപത്തോടുകൂടി, എടാമൂഢ! ഭഗവൽകഥാപാരായണം കേൾക്കാൻപോകുന്ന എന്നെ നീ തടുത്തുനിർത്തുന്നോ? എന്റെ കാലടികൾവിട്ടു ദൂരത്തുപോ—നിനക്കു ഉപദേശംചെയ്യുന്നതിന് എന്തെങ്കിലും ഒരു മന്ത്രം ഇപ്പുരാണപാഠകന്മാരോടു ഞാൻ ചോദിച്ചറിയാം.

തുളസീദാ:—അങ്ങ് ആരാണ്? സ്വദേശം ഏതാണ്? പേരെന്താണ്? ദൈവനാമത്തിൽ സത്യംപറയണം.

ഹനുമാൻ:—ഇതെന്തൊരുശല്യം!—ഞാൻ ആരായാലും നിനക്കെന്താണ്? നാം തമ്മിൽവല്ല സംബന്ധവുമുണ്ടോ? ഉണ്ടെങ്കിലല്ലേ നീ ഇങ്ങനെയൊക്കെ ചോദിക്കേണ്ടു. വെറും അഭാസനെപ്പോലെ ഒട്ടേറെ സമയമായി ഇതെന്തൊരുപദ്രവമാണ്? മര്യാദയ്ക്കു കാലുംവിട്ടുംവച്ചു ദൂരത്തുപോയ്ക്കോ അതാണുനല്ലത്. എന്നു ശാസനാരൂപത്തിൽ പറഞ്ഞു.

തുളസീദാസ:—സ്വാമി! അങ്ങേപരമാർത്ഥം എന്നോടു പറയുന്നതുവരെഞാൻവിട്ടയയ്ക്കയില്ല. ദാസനായ ഇവനെ എന്തുചെയ്തുകൊള്ളണം. സമ്മതംതന്നെ, എന്നുപറഞ്ഞു. ഹനുമാൻ അതുകേട്ടുകോപിച്ച്, കാലുകൾ കുതറി ദൂരെമാറിനിന്നുകൊണ്ട്, എടാ ശനിപിടിച്ചവനെ! പുരാണംകേൾപ്പാൻവന്ന എന്നെ നീ തടുക്കുന്നോ? എന്റെ ഭഗവൽകഥാശ്രവണപ്രേമം മുടക്കണമെന്നാണോ നിന്റെ പക്ഷം. ഈ ബലാൽക്കാരം നന്നാണെന്നു വിചാരിക്കേണ്ടാ—ഇനിയും ഇങ്ങനെ ചെയ്യുന്നതായാൽ നിന്നെ ഞാൻ മര്യാദപഠിപ്പിക്കാതെ വിടുകയില്ല കണ്ടോകാണണമെങ്കിൽ, എന്നുപറഞ്ഞ്, പ്രസംഗരംഗത്തിൽ കടന്നിരുന്നു. അദ്ദേഹം ഹനുമാൻതന്നെയെന്നു തുളസീദാസൻ തീർച്ചപ്പെടുത്തി. മടങ്ങിവരുമ്പോൾ പുറമേ പോയ്ക്കൊള്ളാമെന്നു നിശ്ചയിച്ച്, വാതുക്കൽ കാത്തിരുന്നു. പാരായണംകഴിഞ്ഞ്, എല്ലാവരും പിരിഞ്ഞുപോയതിനുശേഷവും, ഹനുമാൻ വെളിക്കിറങ്ങാതെ തുളസീദാസന്റെ ഉപദ്രവംശങ്കിച്ച്, അവിടെത്തന്നെ ഇരുന്നുകളഞ്ഞു. വളരെനേരം കഴിഞ്ഞിട്ടും ഹനുമദ്ബ്രാഹ്മണനെക്കാണായ്കയാൽ, തുളസീദാസൻ അകത്തുകടന്ന്, സ്വാമി! വരണം—ഞാൻ വളരെനേരമായി അങ്ങേഎഴുന്നള്ളത്തുംപ്രതീക്ഷിച്ചിരിക്കുന്നു എന്നുപറഞ്ഞു.

ഹനുമാൻ:—അഹോ ഇവൻ കൗശലമറിഞ്ഞകള്ളനോ, ഇനി എന്താനിവൃത്തി? എന്നു നിശ്ചയിച്ചുവെളിക്കിറങ്ങി പെട്ടന്നു മറഞ്ഞുകളഞ്ഞു. തുളസീദാസൻ അവിടെക്കെല്ലാമന്വേഷിച്ചിട്ടും കാണാഞ്ഞുകുണ്ഠിതത്തോടുകൂടി അടുത്തനാളെയും അദ്ദേഹംവരുമെങ്കിൽ ഞാൻ ഒരുപായംകണ്ടിട്ടുണ്ട്. എന്നു നിശ്ചയിച്ചു വീട്ടിലേക്കു മടങ്ങിപ്പോകയുംചെയ്തു. പിറേറദിവസവും വൈകുന്നേരംപുരാണപാഠകന്റെ പടിവാതുക്കൽവന്നുഹനുമാന്റെ വരവും നോക്കിയിരിപ്പായി. നേർവഴിക്കുവന്നാൽ തുളസീദാസൻ കണ്ടുകൂടുമെന്നു നിശ്ചയിച്ചു ഹനുമാൻ അപ്രത്യക്ഷനായിത്തന്നെ പാഠകസഭയിൽ ചെന്നിരുന്നു പുരാണംകേട്ടുതുടങ്ങി. എല്ലാവരുംവന്നതിനുശേഷവും വൃദ്ധബ്രാഹ്മണനെക്കാണായ്കകൊണ്ടു കുണ്ഠിതത്തോടുകൂടി തുളസീദാസൻ പുരാണപാഠകന്റെ വീട്ടിൽ കടന്നുചെന്നുനോക്കി. അവിടെ സദസ്യരുടെകൂട്ടത്തിൽ വൃദ്ധബ്രാഹ്മണൻഇരിക്കുന്നതുകണ്ടപ്പോൾ ആനന്ദപരിപ്ലുതനായിട്ടോടിയടുത്തുചെന്നുപാദങ്ങളിൽവീണു നമസ്കരിച്ചു സ്വാമി! ഇന്നലെഏതുവഴിയിൽ കൂടിയാണു വെളിയിൽ പോയതു. ഞാൻ കാത്തിരുന്നിട്ടുകണ്ടില്ലല്ലോ. ഇന്നു അകത്തുകടന്നുവന്നതുമേതുവഴിയാണ്? സത്യംപറയണംഎന്നുചോദിച്ചു.

ഹനുമാൻ:—ഹാ! ഇതെന്തൊരുപദ്രവം? ഇവൻ അകത്തുംകടന്നുവന്നുവോ? എന്നു നിശ്ചയിച്ചു യാതൊരുമറുപടിയുംപറയാതെ പുറംതിരിഞ്ഞുതന്നെയിരുന്നുപുരാണംകേട്ടുതുടങ്ങി തുളസീദാസൻ പിന്നെയും അടുത്തുചെന്നു അദ്ദേഹത്തിന്റെ കാലുകളിൽ മുഖംചായ്ച്ചുകൊണ്ടുസ്വാമി അടിയനോടിങ്ങനെ കോപിക്കുന്നതെന്തിനാണ്? പ്രസന്നനായി

കണ്ണുകൾതുറന്നു മറുപടിപറയണമെന്നപേക്ഷിച്ചു. പുരാണശ്രവണത്തിനു ഇവൻ ഉപദ്രവംചെയ്യുന്നല്ലോ എന്നു നിശ്ചയിച്ചു ഹനൂമാൻ ഒന്നും മറുപടിപറയാതെ മൌനിയായിരുന്നുകളഞ്ഞു. തുളസീദാസൻവീണ്ടും മുമ്പത്തെപ്പോലെ അലട്ടിത്തുടങ്ങി. ഉപദ്രവംസഹിക്കവയ്യാതായപ്പോൾ ഹനൂമാൻ "എടാമുട്ടാള! പറഞ്ഞാൽ നീ കേൾക്കില്ലല്ലേ? പുരാണം ഭക്തിയോടുകൂടി കേൾക്കുമ്പോൾ 'മണമണ'യെന്നൊരുചിലപ്പാണു. പോ ദൂരത്തെങ്ങാനും പോയിരി— എന്നുപറഞ്ഞു.

തുളസീദാസൻ അതുകേട്ടു "സ്വാമി! അങ്ങനെ കല്പിക്കുന്നതു സങ്കടമാണു. ഞാൻ ദൂരത്തുപോയിരുന്നാൽ സ്വാമി എന്നെ ഒളിച്ചിട്ടുവച്ചുപൊയ്ക്കളയും. അതുകൊണ്ടു ഞാൻ അടുത്തിവിടെത്തന്നെ ഞാൻതന്നെയിരുന്നുകൊള്ളാം" എന്നുപറഞ്ഞു.

ഹനൂമാൻ:—എടാ സൊല്ലക്കാ! നിനക്കുവല്ലതരത്തിലും കടപ്പെട്ടവനാണോ ഞാൻ? എന്നെ പിടിച്ചിരുത്താനും കൂടെ നടക്കാനും നിനക്കെന്തുകാര്യമാണ്? പോട പോ എന്നുപറഞ്ഞുചാടിയെഴുന്നേറ്റു, ഒട്ടകലെയായി മറ്റൊരിടത്തുമാറിപ്പോയിരുന്നു. അച്ഛനെപ്പിരിയാതെ നടക്കുന്ന പുത്രനെപ്പോലെ, തുളസീദാസൻ പുറകെചെന്നു, മുമ്പത്തേപ്പോലെ അങ്ങുകടന്നുവന്ന വഴിയേതു്? ഇറങ്ങിപ്പോയവഴിയേതു്? എന്നിങ്ങനെചോദ്യംതുടങ്ങി

ഹനൂമാൻ:—എടാ നീ ഉപദ്രവം മതിയാക്കുകയില്ലയോ! ഞാൻ പോകയും വരികയും ചെയ്യുന്ന വഴിചോദിക്കാൻ നീ ആരു്? പൊയ്ക്കോ ദൂരത്തു്. എന്നുപറഞ്ഞു് കഥകേട്ടുംകൊണ്ടിരുന്നു. തുളസീദാസൻ—സ്വാമിൻ! അവിടുത്തെ ഭക്തനായ എന്നോടു കോപിക്കരുതെ. കരുണയുണ്ടായി രക്ഷിക്കണമേ! ഇന്നവത്തെപ്പോലെ പെട്ടെന്നുമറഞ്ഞു പൊയ്ക്കളയരുതേ എന്നൊക്കെ വിനയപൂർവം അപേക്ഷിച്ചുപറഞ്ഞുതുടങ്ങി.

ഹനൂമാൻ:—എടാ മുഴുമൂഢ! നിനക്കു കാര്യംപറഞ്ഞാൽ മനസ്സിലാകയില്ലെന്നുണ്ടോ? ഈ കഥകേൾക്കാൻ നീ സമ്മതിക്കയില്ലയോ? നിന്നെ കണക്കിനു മർദ്ദിച്ചതിനുമേലല്ലാതെ നീ കേൾക്കയില്ലെന്നാണു തോന്നുന്നതു്. എന്നുപറഞ്ഞു, അവിടെനിന്നു എഴുന്നേറ്റു മറ്റൊരിടത്തുപോയിരുന്നു. തുളസീദാസനും പുറകേപോയി അദ്ദേഹത്തിന്റെ അരികിൽ ചെന്നിരുന്നുകൊണ്ടു്, സ്വാമിൻ നിഷ്കാമനു കോപം ഉചിതമല്ല. അങ്ങു് ഹനൂമാനാണെന്നുള്ളതിന്നു് സംശയമില്ല. അടിയൻ പന്ത്രണ്ടുവർഷമായി ഭഗവാനെ കാണണമെന്നുദ്ദേശിച്ചു തപസ്സുചെയ്തുവരുന്നു. അതുകൊണ്ടു് ആ പരമാത്മാവിനെ, ദർശിക്കുന്നതിനുവേണ്ട മാർഗ്ഗം അവിടുന്നു ദയവായി അരുളിച്ചെയ്യണം എന്നപേക്ഷിച്ചു.

ഹനൂമാൻ:—ഇതെന്തൊരു സൊല്ലയാണു്. ഇവനോടേതെല്ലാം വിധത്തിൽ പറഞ്ഞിട്ടും കേൾക്കാതെ എന്തോകെക്കെ പുലമ്പിക്കൊണ്ടു് എന്നെ ഉപദ്രവിക്കാനായി വന്നിരിക്കുന്നു. രാമ! രാമ! ഇനി എന്താചെയ്ക എന്നു വിഷമഭാവം പ്രകടിപ്പിച്ചിരുന്നു.

തുളസീദാസൻ:—സ്വാമി! ഇപ്പോൾ നിന്തിരുവടി സ്തുതിച്ചതു് ഏതൊരു പരമാത്മാവിനെയോ അദ്ദേഹത്തെ കാണുന്നതിനാണു പലനാളായി ഞാൻ ആഗ്രഹിക്കുന്നതു്. എനിക്കു അദ്ദേഹത്തിന്റെ ദർശനം ലഭിക്കാറാക്കിത്തന്നാൽ, ഞാൻ മരിക്കുന്നതുവരെ അങ്ങേ മറക്കാതെ സേവിച്ചുകൊള്ളാം എന്നു സത്യം ചെയ്തുപറഞ്ഞു.

ഹനൂമാൻ.—എടേഅപ്പാ! നിന്നെഞാൻ തൊഴാം. വേണമെങ്കിൽ അല്പനേരം മിണ്ടാതിരിക്കണം. കഥാപ്രസംഗമവസാനിച്ചാൽപിന്നെ നമുക്കു സംസാരിക്കാം.

തുളസീദാസൻ:—(വന്ദിച്ചുകൊണ്ടു്) സ്വാമി! രാമായണംകഥയ്ക്കു മുഖ്യപാത്രമായിരുന്ന അങ്ങേക്കു്, മറ്റൊരാൾ രാമായണം പറയുന്നതു കേൾക്കണമെന്നുണ്ടോ?

ഈ വാക്കുകൾകേട്ടു്, ഹനൂമാൻ പരിഭ്രമിച്ചു്, ആഹാ ഇവൻ നമ്മുടെ മർമ്മമെല്ലാമറിഞ്ഞ ബ്രഹ്മജ്ഞാനിയെപ്പോലെ സംസാരിക്കുന്നു. ഇവൻമുഖേന, ഈ സഭക്കാരും ഞാൻ ഹനൂമാനാണെന്നറിയുന്നപക്ഷം ഇവനെപ്പോലെ നമ്മെ ഉപദ്രവിച്ചുതുടങ്ങും. അതുകൊണ്ടു, ഏതുവിധത്തിലെങ്കിലും ഇനി ഇവിടുന്നു തപ്പിപ്പിഴക്കാൻ നോക്കണം എന്നോ

രോപചാരങ്ങളോടുകൂടി, പ്രസംഗമവസാനിച്ചപ്പോൾ യാതൊന്നും മറുപടിപറയാതെ, ബ്രാഹ്മണരുടെ കൂട്ടത്തിൽ ഇറങ്ങിമറഞ്ഞുകളഞ്ഞു.

ഉടനെ, തുളസീദാസൻ മുൻകൂട്ടി ഓടിയിറങ്ങി വാതുക്കൽ ചെന്നുനിന്നു, ബ്രാഹ്മണരെ ഓരോരുത്തരെയായി പരിശോധിച്ചു വെളിക്കേ ട്ടയക്കാൻ തുടങ്ങി. അതുകണ്ടുകോപിച്ചു, ബ്രാഹ്മണരെല്ലാം ഇവനാര്? ചുങ്കക്കാരെപ്പോലെ നമ്മെ ഓരോരുത്തരേയുംതടുത്തു പരിശോധിക്കാൻ വന്നിരിക്കുന്ന ഇവനെ കണക്കിനുശിക്ഷിക്കാതെ വിടാൻ തരമില്ല. ഓരോരുത്തർ ഓരോഅടിവീതം കൊടുത്താൽ ഇവൻ നല്ലമര്യാദക്കാരനാകുമെന്നു തോന്നുന്നു. അഥവാ ഇവനെശപിച്ചു ഭസ്മമാക്കിയാലോ?—എന്നാലും ദോഷമില്ല. പിടിച്ചുകെട്ടിക്കൊണ്ടുപോയി ശൂലത്തിലിട്ടാലും തരക്കേടില്ല. ഇങ്ങനെ ഓരോവിധത്തിൽ അധിക്ഷേപങ്ങൾ തുടങ്ങിയതൊന്നും വകവയ്ക്കാതെ തുളസീദാസൻ ഹനുമാനെക്കാണണമെന്നുള്ള ഏകാശയോടുകൂടി, പരിശോധനനടത്തിക്കൊണ്ടുതന്നെനിന്നു. ഒടുവിൽ അദ്ദേഹത്തെക്കാണായ്കകൊണ്ട് പരിഭ്രാന്തനായി അവിടെഒക്കെ ചുററിഓടിനോക്കി എന്നിട്ടും ഫലിയ്ക്കായ്കകൊണ്ടു അടുത്തദിവസം അദ്ദേഹത്തെ വിടാതെ പിടിച്ചുകൊള്ളാമെന്നുനിശ്ചയിച്ചു് തിരികെ വീട്ടിൽ മടങ്ങിപ്പോകയുംചെയ്തു. പിറേറദിവസം നേരത്തേതന്നെ പുരാണപാഠകൻെറ വീട്ടിൻെറ പടിവാതുക്കൽ ഹാജരായി ഹനുമദാഗമനത്തെപ്രതീക്ഷിച്ചിരുന്നു. ഹനുമാൻഅന്നും പതിവുപോലെ വന്നു് അപ്രത്യക്ഷനായി അകത്തുകടന്നു് രാമായണംകേട്ടുകൊണ്ടിരിപ്പായി. വെളിയിൽ വളരെനേരം ഇരുന്നിട്ടും കാണായ്കയാൽ തുളസീദാസൻ ഉള്ളിൽക്കടന്നു് ഹനുമൽസ്വാമിയുടെ അരികിൽ ചെന്നു സാഷ്ടാംഗനമസ്കാരംചെയ്തു. "മായാഗുണനാഥ സ്വാമി! നിന്തിരുവടിയെ കണ്ടുപിടിപ്പാൻ ഞാൻശക്തനല്ല. എൻെറ സങ്കടംതീർത്തുതരാനും മററാരുമില്ല. ദയയുണ്ടായി ഇന്നെങ്കിലും ഭഗവൽദർശനം എനിയ്ക്കുലഭിപ്പാൻ ഇടയാക്കണം" എന്നു വിനയാദരപൂർവ്വംപറഞ്ഞുകൊണ്ടു പാദങ്ങളിൽതന്നെ കിടന്നുസ്തുതിക്കാൻതുടങ്ങി.

ഹനുമാൻ.—"എടാ ദുരിതമേ! ഇതൊരു ഒഴിയാപ്പിണിയായിത്തീർന്നുവോ! നിനക്കു ഭഗവാനെക്കാണണമെങ്കിൽ അതിനു ഞാൻ എന്തുവേണം ഭഗവൽഭക്തിശരിയായുണ്ടെങ്കിൽ വൈകുണ്ഠത്തിൽ ചെന്നു അദ്ദേഹത്തെക്കാണാം. അതിനിവിടെ നിന്നുവഴക്കടിച്ചാൽ വല്ലഫലവുമുണ്ടോ? നിനക്കു പിച്ചുപിടിച്ചെന്നാണുതോന്നുന്നതു. അങ്ങനെയാണെങ്കിൽ അതിനു വല്ലവൈദ്യന്മാരെയുമന്വേഷിച്ചുപോകണം. ഇവിടെ നീ നിൽക്കേണ്ട എന്നോടൊന്നുംപറകയുംവേണ്ട' എന്നുപറഞ്ഞു.

തുളസീദാസൻ.—ഹേ സൽഗുരുനാഥ! സത്യജ്ഞാനസാഗര! അങ്ങു കരുണയുണ്ടെങ്കിൽ വൈകുണ്ഠത്തിൽപോയി മഹാവിഷ്ണുഭഗവാനെ ദർശിക്കാൻ പ്രയാസമുണ്ടെന്നെനിക്കു തോന്നുന്നില്ല. കൈലാസം നിഷധം ഹിമവാൻ മുതലായപർവ്വതങ്ങളെക്കടന്നുപോയി ആയിരംയോജനവിസ്താരവും ആയിരംയോജന ഉയരവും ഉള്ള സഞ്ജീവിപർവ്വതത്തെ ചുവടോടെ പറിച്ചു ഒരു കൈയിൽ താങ്ങിക്കൊണ്ടു, അരക്ഷണത്തിൽ രാമരാവണയുദ്ധക്കളത്തിലെത്തിയ വീരവീരൻ അങ്ങല്ലാതെ മററാരാണു്? അങ്ങനെയുള്ള തിരുവടിയെ അഭയംപ്രാപിച്ചിരിക്കുന്ന എനിക്കു, എന്തൊരു കുറവാണു് വരാനുള്ളതു്? എന്നുപറഞ്ഞു, ആനന്ദസാഗരത്തിൽ കുളിച്ചു കൂത്താടി പലസ്തോത്രങ്ങളും പാടിക്കൊണ്ടുനിന്നു.

അതുകണ്ടു്, ഹനുമാൻ.—എടാമൂഢാ! നീ തുള്ളിക്കളിക്കുന്നതെന്താണു്? വേണ്ടാസനങ്ങളും കളിക്കൂത്തുകളും കാണിക്കാനാണോ നീ ഇവിടെവന്നതു? വെളിക്കിറങ്ങിപ്പോയി നിന്നെപ്പോലെയുള്ള അജ്ഞാനികളുടെ മുമ്പിൽ ഈ കളികളൊക്കെക്കാണിച്ചാൽ പക്ഷേ, അവർ ബഹുമാനിക്കുമായിരിക്കും—എന്നല്പം നീരസഭാവത്തിൽ പറഞ്ഞു.

തുളസീ:—ചിരഞ്ജീവിയായദേവ! ഇനി ജീവനുള്ളപ്പോൾ നിന്തിരുവടിയെപ്പിരിഞ്ഞു ഞാൻപോകുമോ? നിന്തിരുവടി അത്യന്തം ഭക്തദയയുള്ള ആളായിരിക്കെ, വളരെനാളായി ആശ്രയിച്ചു, അലഞ്ഞുതിരിയുന്ന എന്നെ വെറുക്കാമോ? അനുഗ്രഹലോലമായമനസ്സു [illegible]

ൻ വല്ല അപരാധവും ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷമിച്ചു ഏതുവിധത്തിലോ ദേവാ നെ ഇന്നെനിക്കു കാണിച്ചുതരണം ദയാലുവായ ദേവ! ഭക്തവത്സല! ലോകവിജയിയാ യ വീര! എന്നിങ്ങനെ പലവിധത്തിൽ സ്തുതിച്ചുതുടങ്ങി.

ഹനൂമാൻ—"ഇതെന്തു്? ഭക്തിമുഴുത്തു് ഭ്രാന്തായിത്തീൎന്നോ? ഇതുനിരുന്ന വെറും വാക്കുകളല്ലയോ പുലമ്പുന്നതു്. വേശ്യാസ്ത്രീകളെപ്പോലെ കൊഞ്ചിക്കുഴഞ്ഞാടുന്നതു്, മ തി, മതി; അതുകാണാൻ ഇവിടെ ആരും ഇരിപ്പില്ല" എന്നുപറഞ്ഞു പുരാണപാഠകന്റെ സമീപം ബ്രാഹ്മണർ ഞെരുങ്ങിയിരിക്കുന്നതിനിടയ്ക്കു പോയിരുന്നു.

തുളസീദാസൻ, അതുകണ്ടു്, "ആഹാ ഇദ്ദേഹം ഇന്നലത്തെപ്പോലെ എന്നെ കബ ളിപ്പിച്ചു മറഞ്ഞുകളയാനായിരിക്കാംഭാവം" എന്നുസംശയിച്ചു പുറകേ ചെന്നു്; സ്വാമി ൻ കരുണാനിധേ! ആശ്രയമില്ലാത്ത ഈ അഗതിയെ ഉപേക്ഷിച്ചുപൊയ്ക്കളയരുതേ. എ ന്നുപ്രാൎത്ഥിച്ചുകൊണ്ടു വിശ്വാസത്തിനായി ഹനൂമദ്ദേവന്റെ ഇടതുകൈ തന്റെ വസ്ത്രാ ഞ്ചലംകൊണ്ടു കെട്ടിമുറുക്കിത്തുടങ്ങി.

ഹനൂമാൻ:—അഹോ ഇതെന്തൊരുവിഷമത? സൽക്കഥാശ്രവണംചെയ്തുകൊണ്ടി രിക്കുമ്പോൾ ഈ മുട്ടാളൻവന്നു കള്ളനെകെട്ടുന്നതുപോലെ എന്നെ കെട്ടിമുറുക്കുന്നു. ഇത്ര ത്തോളംധാൎഷ്ട്യം ഞാൻ മററാരിലും കണ്ടിട്ടില്ല. എടാമൂഢാ! വളരെനേരമായി ഇഷ്ട ത്തിനു ഭംഗംചെയ്തുതുടങ്ങിയിരിക്കുന്ന നിന്നെ ഇതേവരെ ഉപദ്രവിക്കാതിരുന്നതു എന്റെ കരുണാവിലാസവും നിന്റെ നല്ലകാലവുമാണെന്നുകരുതിക്കൊൾക. ഇനിയെങ്കിലും ദൂ രെമാറിപ്പൊയ്ക്കോ നല്ലതിനു. എന്നിങ്ങനെ അധിക്ഷേപിച്ചു പിടിച്ചൊരുതള്ളുകൊടു ത്തു. തുളസീദാസൻ അരികെഇരുന്ന ബ്രാഹ്മണരുടെമേൽചെന്നു മലൎന്നുവീണു. പെട്ടെ ന്നു ചാടിയെഴുന്നേററു ആനന്ദരോമാഞ്ചത്തോടുകൂടി കൈകൾകൂപ്പിനിന്നുകൊണ്ടു ഹാ ഹാ! നിന്തിരുവടിയുടെ കരസ്പൎശത്താൽ ഞാൻ കൃതാൎത്ഥനായിച്ചമഞ്ഞിരിക്കുന്നു. ഇത്ര ത്തോളം പുണ്യം എനിക്കുണ്ടെന്നു ബോധപ്പെട്ടതിപ്പോഴാണു്. എന്നിങ്ങനെ ആഹ്ലാ ദവാക്കുകൾ പൊഴിച്ചു വിഷ്ണുസംകീൎത്തനങ്ങളും ഹനൂമൽസ്തോത്രങ്ങളും പാടുകയും കൂ ത്താടുകയും ചെയ്തശേഷം, വീണ്ടും ഹനൂമദ്ദേവന്റെ സമീപത്തെത്തി, ഇനി ഞാൻ വി ട്ടയയ്ക്കുയില്ലെന്നുംപറഞ്ഞു് അദ്ദേഹത്തിന്റെ കൈകൾ രണ്ടാമതും മുണ്ടുകൊണ്ടുകെട്ടിത്തുട ങ്ങി. അതുകണ്ടുകൊണ്ടിരുന്ന ബ്രാഹ്മണരെല്ലാം തുളസീദാസനെനോക്കി, "എടാമുട്ടാളാ! ആ വൃദ്ധബ്രാഹ്മണനോടു നീ മല്ലടിക്കുന്നതെന്തിനു്? പേപ്പട്ടികൾപാടിച്ചുററി ഓടുന്ന തെന്തിനു്? നാളെമുതൽ നീ ഈ സഭയിൽ വന്നേക്കരുതു്. ഇറങ്ങുവെളിക്കു്—" എന്നു ശാസിച്ചു അതിനു മറുപടിയൊന്നും പറയാതെ തുളസീദാസൻ ഹനൂമദ്ദേവന്റെകൈക്കെ ട്ടു മുറുക്കിപ്പിടിച്ചുകൊണ്ടു്, "സ്വാമിൻ! നിന്തിരുവടി ഓടിപ്പൊയ്ക്കളയുന്നു ഇനി എനി ക്കൊന്നുകാണണം" എന്നാനന്ദഭരിതനായി ചിരിച്ചു.

ഹനൂമാൻ:—ആഹോ ഇവൻ രഹസ്യമറിഞ്ഞകള്ളൻതന്നെ. നമ്മുടെ രഹസ്യം ഇവനാരോ പറഞ്ഞുകൊടുത്തിട്ടുണ്ടു്. അതുകൊണ്ടിനി ഇവൻ നമ്മെ വിട്ടുമെന്നുതോന്നു ന്നില്ല. പണ്ടു്, സഹദേവനോടും അൎജ്ജുനനോടും ഇടപ്പെട്ട ശ്രീകൃഷ്ണഭഗവാനെപ്പോലെ, ഞാൻ ഇവന്റെപക്കൽ അകപ്പെട്ടിരിക്കുന്നു. ഇനി കോപംകാണിക്കാതെ തപ്പിപ്പിഴയ്ക്കു ന്നതാണു് നല്ലതെന്നുനിശ്ചയിച്ചു, തുളസീദാസനോടു, ഹേ ബ്രാഹ്മണശ്രേഷ്ഠ! ഭഗവൽക ഥാപാരായണസമയത്തു സംസാരിക്കുന്നതു പാപമാണു്. സീതാരാമമന്ത്രത്തെ ധ്യാനി ച്ചുകൊണ്ടു ഉപദ്രവിക്കാതെയിരിക്കണം. ഭഗവൽക്കഥാശ്രവണം സകലശ്രേയസ്സും തരു ന്നതാണു്. എല്ലാവൎക്കും ഗുരു ഭഗവാൻതന്നെയാണു്. എന്നുപദേശിച്ചശേഷം കഥാ ശ്രവണത്തിൽ ശ്രദ്ധപതിപ്പിച്ചു മൌനിയായിരുന്നു.

തുളസീദാ:— സ്വാമിൻ! നിന്തിരുവടി മടങ്ങിപ്പോകുമ്പോൾ, ഭഗവാനെ എനി ക്കു കാണിച്ചുതരുമോ ഒഴിച്ചുപോകുമോ എന്നുപറഞ്ഞേതീരു.

ഹനൂമാൻ:—നിനക്കു അനുസരണം എന്നൊന്നില്ല—അല്ലേ? ഇപ്പോഴൊന്നും സം സാരിക്കരുതെന്നല്ലേപറഞ്ഞതു്? കഥാപ്രസംഗംതീരട്ടെ. പിന്നീടു നിന്റെ ചോദ്യങ്ങൾ ക്കൊക്കെ മറുപടിപറഞ്ഞുതരാം.

തുളസീദാ:—അങ്ങനെ പറഞ്ഞാൽപോരാ. കഥാപ്രസംഗം കഴിഞ്ഞുപോകുമ്പോൾ ഭഗവാനെ എനിക്കു കാണിച്ചുതരാമെന്നു സത്യംചെയ്യണം. അല്ലാതെ എനിക്കു സമാധാനം ഉണ്ടാകുന്നില്ല. നാരായണസ്വാമിയുടെപേരിൽ അങ്ങനെ കരാറായിട്ടാണെങ്കിൽ ഞാൻ മിണ്ടാതെയിരുന്നേക്കാം.

ഹനുമാൻ, അതുകേട്ട്: "ഹാ! ഇവൻ ഒരു ദുസ്സാമർത്ഥ്യക്കാരൻതന്നെ. അനുസരണമില്ല മുറയ്ക്കുമുറയ്ക്കുപദ്രവം. ഇനി ഇവനോടു സംസാരിക്കാതിരിക്കുന്നതാണു നല്ലതു്" ഇങ്ങനെ നിശ്ചയിച്ചു മൌനംദീക്ഷിച്ചിരുന്നു.

തുളസീദാ:—അതുകണ്ടു്, "ഹേ സീതാരാമ! ഭക്തശിരോമണേ! ഇങ്ങനെ മൌനമവലംബിച്ചു മറഞ്ഞുപൊയ്ക്കളഞ്ഞാണു് എന്നെക്കബളിപ്പിക്കാറുള്ളതു്. അങ്ങേ രഹസ്യം ഞാൻ അറിയാതിരിക്കയല്ല. അതുകൊണ്ടു ഭഗവാനെക്കാണിച്ചുതന്നതിനുമേലേ ഇനി പൊയ്ക്കളയാവൂ. എന്നുപറഞ്ഞു മാറാറക്കയ്യും പിടിച്ചുകെട്ടിത്തുടങ്ങി. ഉടനേ ഹനുമാൻ കോപഭാവത്തിൽ തുളസീദാസനെ തള്ളിമാററി, "എടാ, ദുഷ്ടാ! മൂട്ടാളു! നിന്നെപ്പോലെ അനുസരണവും വകതിരിവുമില്ലാത്ത ജന്തുക്കളെ ഞാൻ കണ്ടിട്ടില്ല" എന്നാധിക്ഷേപിച്ചു്, ബ്രാഹ്മണരെനോക്കി "ഹേ പുരാണശ്രവണലോലന്മാരായ ബ്രാഹ്മണരേ! നിങ്ങൾ ഇവന്റെ അക്രമങ്ങളൊന്നും കാണുന്നില്ലയോ? രണ്ടുമൂന്നുദിവസമായി ഇവൻ ഇവിടെ വന്നു്, ഈ കഥാപ്രസംഗം കേൾക്കാൻ സമ്മതിക്കാതെ എന്നെ ഉപദ്രവിക്കുന്നു. ഇവനെ അടിച്ചുവെളിക്കാക്കാൻ ആരും ഇല്ലേ? എന്നോടുമാത്രം ഇവനു് ഈയുദ്ധം എന്താണാവോ? എന്റെ കഷ്ടകാലമായിരിക്കാം—" എന്നുവിളിച്ചുപറഞ്ഞു.

ഉടനെ അടുത്തിരുന്ന വിപ്രന്മാർ ചാടിഎഴുന്നേററു്, തുളസീദാസനെ പിടികൂടി. എടാദുഷ്ടാ! നീ രണ്ടുമൂന്നുദിവസമായി ഈ വൃദ്ധബ്രാഹ്മണനെ ഉപദ്രവിക്കയും "ഭഗവൽകഥാശ്രവണത്തെ അസ്വാസ്ഥ്യമാക്കുകയും ചെയ്യുവരുന്നു. നിന്നെ ഇവിടെ ക്ഷണിച്ചുവരുത്തിയവനേയും നിന്നെയും ഇപ്പോൾതന്നെ വെളിയിലാക്കുന്നുണ്ടു്" എന്നുപറഞ്ഞു. അതുകേട്ടുകൊണ്ടിരുന്ന പുരാണപാഠകൻ, "ശരിതന്നെ ഇവൻ വലിയ ഉപദ്രവിയായിട്ടാണു് തീർന്നിരിക്കുന്നതു്. അതുകൊണ്ടു നിങ്ങൾ എല്ലാവരുംകൂടി ഇവന്റെ അഹംകാരം ശമിപ്പിച്ചു വെളിയിലാക്കുകതന്നെവേണം എന്നഭിപ്രായപ്പെട്ടു. അതുകേട്ടു സദസ്യന്മാർ, "ഇതെന്തൊരുമട്ടടി, എന്നുപറഞ്ഞു, രണ്ടുപേരേയും വെളിക്കാക്കാൻ ആരംഭിച്ചു. അപ്പോൾ ഹനുമാൻ ഹേ ബ്രാഹ്മണോത്തമന്മാരേ! നിങ്ങൾ വൃദ്ധനായ എന്നെക്കൂടി ഈ ദുഷ്ടനോടൊന്നിച്ചു തള്ളിക്കളയുന്നതു ഉചിതമാണോ? എന്നുചാടിയെഴുന്നേററു തുളസീദാസന്റെ പിടിവിടുവിക്കാനായി ആൾക്കൂട്ടത്തിൽ ഞെരുങ്ങിക്കയറി ഓട്ടംതുടങ്ങി. ബ്രാഹ്മണനെത്തള്ളിമറിക്കയും അവരുടെപുറത്തു മറിഞ്ഞുവീഴുകയും മററുംചെയ്തുകൊണ്ടു വളരെനേരം ചുററിഓടിയതിലും തുളസീദാസൻ പിടവിടാതെ തൂങ്ങിക്കിടക്കയായിരുന്നു. അക്കലാപത്തിനിടയ്ക്കു്, ഭിത്തികളിലും തൂണുകളിലും ബ്രാഹ്മണരുടെ തലകളിലും മുറയ്ക്കു തട്ടിമുട്ടി തുളസീദാസന്റെദേഹം പലഭാഗം മുറിഞ്ഞു രക്തമൊഴുകിത്തുടങ്ങി. എന്നിട്ടും വസ്ത്രത്തിലെ പിടിവിട്ടില്ല. ഹനുമാൻ ഉടനെ കൂക്കിവിളിച്ചു ശബ്ദമുണ്ടാക്കിക്കൊണ്ടുവെളിക്കിറങ്ങി കാററിനേക്കാൾ വേഗത്തിൽ ഓടി. ഒരുവിധത്തിലും അനുഗമിക്കാൻ ശക്തിയില്ലായ്കകൊണ്ടു തുളസീദാസൻ താഴെവീണു വളരെദൂരം ഇഴയേണ്ടിവന്നു. അതുമൂലം ദേഹംപൊളിഞ്ഞും മുറിഞ്ഞും ഉണ്ടായ തീവ്രവേദനയാലുംമററും അദ്ദേഹം അചിരേണബോധംകെട്ടു വസ്ത്രത്തിലെ പിടിയുംവിട്ടു് വഴിമേൽകിടന്നു. ഹനുമാൻ പെട്ടെന്നുമറയുകയും ചെയ്തു എങ്കിലും ഭക്തനും വൈരാഗ്യശാലിയുമായ തുളസീദാസനെക്കുറിച്ചു അദ്ദേഹത്തിനു കരുണ തോന്നാതിരുന്നില്ല. ഇനി എന്തായാലും ദർശനം കൊടുക്കണമെന്നു നിശ്ചയിച്ചു ഒരുഭാഗത്തു മറഞ്ഞുനിന്നു. വളരെനേരം മൂർച്ഛയിൽകിടന്നശേഷം ഉണർന്നു തുളസീദാസനു ഭഗവദ്ദർശനചിന്തയാണു വീണ്ടുമുണ്ടായതു്. ഹനുമാദ്ദേവ! ദേവ! എന്നുരുവിട്ടുകൊണ്ടു നാലുദിക്കിലും നോക്കിയതിൽ അദ്ദേഹത്തെക്കാണായ്കയാൽ അധിവല്ഗിച്ചു ഇനി ജീവിച്ചിരിക്കുന്നതേക്കാൾ മരിക്കുന്നതാണുനല്ലതെന്നുനിശ്ചയിച്ചു തറയിൽതല്ലിത്തല്ലി മരിക്കാനായിഭാവിച്ചു. കരുണാനിധിയായ ഹനുമാൻ തൽക്ഷണം തന്റെകരപല്ലവങ്ങളാ

ൽ തുളസീദാസന്റെ ശിരസ്സിനെത്താങ്ങിപ്പിടിച്ചു ഹേ ഭക്തശിരോമണേ! നീ വെറുതേ മ രിക്കേണ്ടാ നിനക്കു ദർശനം തരാൻ ഞാൻ ഇതാ സന്നദ്ധനായിരിക്കുന്നു. ഇത്രത്തോളം നി ന്നെ ദുഃഖിപ്പിച്ച എന്റെ അവിവേകത്തെ ക്ഷമിച്ചാലും! എന്നരുളിച്ചെയ്തു. അതുകേട്ടതു ളസീദാസൻ മുഖം തിരിച്ചുനോക്കിയതു ലോകവിജയിയായ ശ്രീരാമദൂതന്റെ മുഖത്തായിരു ന്നു. ഉടനേ ശാരീരമായ വേദനയെല്ലാം നീങ്ങി പൂർണ്ണാരോഗ്യം സിദ്ധിച്ചതായി തോന്നു കയാൽ പെട്ടെന്നു ചാടിയെഴുന്നേററു ആ മഹാത്മാവിന്റെ പാദങ്ങളിൽ സാഷ്ടാംഗപ്ര ണാമം ചെയ്തു. സ്വാമി നിന്തിരുവടിക്കു അടിയനിൽ കാരുണ്യമുദിച്ചുവോ? പാപിയായ അടിയനു നിന്തിരുവടിയെ ദർശിക്കാൻ ഭാഗ്യം അരുളിയോ? അഹാ ഞാനെത്ര പുണ്യവാ ൻ! എന്നു പറഞ്ഞു സ്തുതിവാക്യങ്ങൾ വർഷിക്കുമ്പോൾ ഹനൂമാൻ സന്തുഷ്ടചിത്തനാ യി തുളസീദാസനെ മാറോടു ചേർത്തണച്ചു ഹേ ഭക്തോത്തമ! നിനക്കു എന്നെക്കൊണ്ടു സാ ധിക്കേണ്ട കാര്യം എന്താണ് എന്നു ചോദ്യം ചെയ്തു.

തുളസീദാ:—ശ്രീരാമചന്ദ്രന്റെ ദർശനം എനിക്കു സിദ്ധിപ്പാൻ നിന്തിരുവടി അനുഗ്രഹിക്കണം.

ഹനൂമാൻ:—നീ വളരെനാളായി തപസ്സുചെയ്തിട്ടും പ്രസാദിക്കാത്ത ആ കരുണാ നിധി ഞാൻ പറഞ്ഞാൽ നിനക്കു ദർശനം തരുമോ?

തുളസീദാ:—ഭഗവാന്റെ ദർശനം ലഭിച്ചില്ലെങ്കിൽ ഞാൻ ജീവനോടുകൂടിയിരി ക്കയില്ലെന്നുള്ളതു നിശ്ചയമാണ്.

ഹനൂമാൻ:—ഭഗവാൻ കാര്യാർത്ഥമായി ഓരോകാലത്തു അവതാരരൂപങ്ങൾ എടു ത്തിട്ടുണ്ടെങ്കിലും പരമാർത്ഥത്തിൽ അരൂപനാണ്- രൂപമില്ലാത്ത ആ പരബ്രഹ്മത്തെ ക്കാണണമെന്നു നീ ആവശ്യപ്പെട്ടാൽ ഞാനെന്തു ചെയ്യും?

തുളസീദാ:—ഭക്തന്മാരുടെ മനസ്സങ്കല്പമനുസരിച്ചുള്ള രൂപത്തിൽ ദർശനം കൊ ടുക്കുക ആ കരുണാനിധിയുടെ പതിവാകകൊണ്ട്, രാമചന്ദ്രസ്വാമി, സീതാസമേതനാ യി ഗരുഡവാഹനത്തിന്മേൽ എഴുന്നെള്ളിവന്നു ദർശനം തന്നാലല്ലാതെ എന്റെ ഈ നി ർബ്ബന്ധം ഒഴിയുന്നതല്ല.

ഹനൂമാൻ:—ശ്രീരാമരൂപം ത്രേതായുഗത്തിൽ ഭഗവാൻ സ്വീകരിച്ചൊഴിച്ചതാണ്. അതു്, ഈ കലിയുഗത്തിൽ കാണുവാൻ അനുഗ്രഹിച്ചാൽ സാധിക്കുന്നതെങ്ങനെ?

തുളസീദാ:—പ്രഹ്ളാദനുവേണ്ടി, മനുഷ്യമൃഗാകൃതികലർന്ന ഒരു രൂപം കൈക്കൊ ണ്ടു തൂണിൽനിന്നു പുറപ്പെട്ട ആ കരുണാനിധിക്കു ശ്രീരാമരൂപത്തിൽ എനിക്കു ദർശനം തരാൻ സാധിക്കാതെവരുമോ? ശ്രീരാമരൂപം ഒഴിച്ചെങ്കിലും തങ്കലല്ലേ ചേർത്തിരിക്കു ന്നതു്. വീണ്ടും ആ രൂപത്തെ പ്രകാശിപ്പിക്കാൻ സർവ്വശക്തനായ അവിടേക്കു എന്താ ണു പ്രയാസം? എന്നുമാത്രമല്ല, ഭക്തരക്ഷണത്തിനുവേണ്ടി മത്സ്യകൂർമ്മാദിരൂപങ്ങളും മോ ഹിന്യാദിരൂപങ്ങളും, അംഗീകരിച്ച കരുണാലയനായ അദ്ദേഹത്തിനു എന്നെ രക്ഷിക്കാൻ ശ്രീരാമരൂപം ധരിച്ചെഴുന്നെള്ളാൻ വിഷമതയുണ്ടോ? അതുകൊണ്ടു്, വേഗം ഭഗവാനെ എനിക്കു് ശ്രീരാമരൂപത്തിൽ കാണിച്ചുതരണം.

ഹനൂമാൻ:—നിശ്ചയിച്ചു ഉടനേ അദ്ദേഹം എഴുന്നെള്ളിവരാൻ നമ്മുടെ കളിപ്പി ള്ളയാണോ?

തുളസീദാ:—ഇക്ഷണത്തിൽ ആ പരമാത്മാവിന്റെ ദർശനം എനിക്കു ലഭിച്ചി ല്ലെങ്കിൽ ഞാൻ ജീവനോടുകൂടിയിരിക്കയെന്നുള്ളതുണ്ടാകയില്ല.

ഹനൂമാൻ:—ഹേ പുണ്യാത്മാവേ! നാളെ നീ വസിക്കുന്ന തെരുവിൽവച്ചുതന്നെ നിനക്കു ഭഗവദ്ദർശനം ലഭിക്കാൻ വേണ്ടഏർപ്പാടു ഞാൻ ഇന്നുതന്നെ ചെയ്യാം. നാളെ നിനക്കു ആ പരമാത്മാവിനെ ദർശിക്കാൻ സംഗതിയാകും സംശയമില്ല.

ഇത്രയും പറഞ്ഞശേഷം, ഹനൂമാൻ അന്തർദ്ധാനം ചെയ്തു.

---

# എട്ടാം അദ്ധ്യായം.

---

## (തുളസീദാസന ശ്രീരാമദർശനം ലഭിച്ചതു.)

ഹേ സിദ്ധന്മാരേ! ബ്രഹ്മൈകനിഷ്ഠനായ നാമദേവൻ ഇപ്രകാരം അരുളിച്ചെയ്തുമറഞ്ഞതിനുശേഷം, തുളസീദാസൻ ആനന്ദസാഗരനിമഗ്നനായി തന്റെ വസതിയിലേക്കുപോയി. "രാത്രി എപ്പോൾ അവസാനിക്കും സൂര്യൻ എപ്പോൾ ഉദിക്കും? ഭഗവാൻ എപ്പോൾ പ്രസാദിച്ചു പ്രത്യക്ഷപ്പെടും. ഭഗവാനെ കാണത്തക്കവണ്ണം മുജ്ജന്മം ഞാൻ എന്തൊരു പുണ്യമാണു ചെയ്തതു്? ഭഗവദ്ദർശനം സത്യത്തിൽ എനിക്കു ലഭിക്കുമോ? കരുണാനിധിയായ അവിടുന്നു പാപിയായ ഇവനിൽ പ്രസാദിക്കുമോ? കാട്ടിൽപോയി അനേകവർഷം ഉഗ്രമായ തപസ്സാചരിക്കുന്ന മുനിമാർക്കുപോലും ദർശനംകൊടുക്കാത്ത ഭഗവാൻ പാപിയായ എന്റെ മുമ്പിൽ എഴുന്നെള്ളിവരുമോ? ഭഗവദ്ദർശനത്തിനു എന്നെ സഹായിച്ച ഹനൂമദ്ദേവനു ഞാനെന്തൊരു പ്രത്യുപകാരമാണു ചെയ്യേണ്ടതു്? ഹനൂമാനെക്കാണ്മാൻ ഇടയാക്കിയ ആ ഭൂതത്തിനും എന്തുപകാരം ചെയ്താൽ മതിയാകും? ഭഗവാനായ ഹനൂമാൻ അരുളിച്ചെയ്ത വാക്കുകൾ വ്യാജമാകുമോ? ബ്രഹ്മൈകനിഷ്ഠനായ അദ്ദേഹം കളവുപറയുമോ? ബ്രഹ്മരുദ്രാദികൾക്കുപോലും സ്വച്ഛന്ദം കണ്മാൻ സാധിക്കാത്ത രാമചന്ദ്രസ്വാമി, ഹനൂമാന്റെ അപേക്ഷയെ സ്വീകരിച്ചെഴുന്നെള്ളുമോ?" എന്നോരോ വിചാരധാരയാൽ വിവശമായ മനോവൃത്തിയോടുകൂടി, രാത്രി മിക്കവാറും ഉറങ്ങാതെതന്നെകഴിച്ചു്, ഒരു വിധത്തിൽ നേരംവെളുപ്പിച്ചു.

തുളസീദാസൻ, ഏവംവിധങ്ങളായ മനോരാജ്യങ്ങളോടുകൂടി, സന്തുഷ്ടനായിരിക്കുമ്പോൾ, ഹനൂമാൻ വൈകുണ്ഠത്തിലെഴുന്നെള്ളി, വിരജാനദിയിൽ കുളിച്ചു നിത്യകർമ്മങ്ങളനുഷ്ഠിച്ചശേഷം, ശ്രീനാരായണന്റെ സന്നിധിയിൽചെന്നു്, പ്രദക്ഷിണംചെയ്തു വന്ദിച്ചുണർത്തിച്ചു. സ്വാമിൻ! നിന്തിരുവടിയുടെ ഭക്തനായ വാല്മീകിമഹർഷിയുടെ അവതാരമായ തുളസീദാസബ്രാഹ്മണൻ അങ്ങേദർശനം വളരെനാളായി ആഗ്രഹിക്കുന്നു. ശ്രീരാമരൂപത്തിൽ ഇന്നുതന്നെ അങ്ങേ ദർശനം ലഭിക്കാത്തപക്ഷം, അവൻ ജീവസന്ധാരണം ചെയ്യില്ലെന്നു ദൃഢനിശ്ചയത്തോടുകൂടിയിരിക്കയാണു്. സർവ്വസാക്ഷിയായ നിന്തിരുവടിക്കു്, അടിയനുണർത്തിക്കാതെതന്നെ അവസ്ഥ അറിയാവുന്നതാണല്ലോ.

ഹനൂമാന്റെ വാക്കുകൾകേട്ടു് മന്ദസ്മിതത്തോടുകൂടി ശ്രീനാരായണൻ പറഞ്ഞു—ഹേ ആഞ്ജന! കേസരിനന്ദനനായ തുളസീദാസനെ പരീക്ഷിക്കാനായി നീ വളരെ കഷ്ടപ്പെടുത്തി അല്ലേ? അതു് ഞാനറിഞ്ഞില്ലായിരുന്നു. അവൻ പരമഭാഗവതനാണു്. ഈ അരുളപ്പാടുകേട്ടു്, ഹനൂമാൻ അല്പം ലജ്ജയോടുകൂടി, സ്വാമിൻ! അടിയൻചെയ്ത അപരാധത്തെക്കുറിച്ചു, തിരുവുള്ളക്കേടുണ്ടാകരുതു്. ഭക്തോത്തമനായ തുളസീദാസനു ഇന്നുതന്നെ ദർശനം കൊടുക്കണമെന്നു അടിയനു അപേക്ഷയുണ്ടു്.

അതുകേട്ടു ഭഗവാൻ ചിരിച്ചു് ലക്ഷ്മിയെ നോക്കി, ഹേ ലോകമാതേ! ഈ ഹനൂമാൻ നിരപരാധിയായ തുളസീദാസനെ, നിർദ്ദയമായി ഉപദ്രവിച്ചതിന്റെ കാരണം നീ ഓർക്കുന്നുവോ? മുജ്ജന്മത്തിൽ തുളസീദാസൻ രാമായണത്തെ ഇരുപത്തിനാലായിരം പദ്യങ്ങളാക്കി നിർമ്മിച്ചു. ഹനൂമാൻ അതറിഞ്ഞു, രാമായണകഥയെ വിസ്തരിച്ചു നാല്പത്തിഎണ്ണായിരമാക്കിപ്പാടുകയും, വാല്മീകിരാമായണം നിസ്സാരമാണെന്നു ജനതയ്ക്കു ബോദ്ധ്യമുണ്ടാക്കുകയുംചെയ്തു. അനന്തരം ജനം വാല്മീകിരാമായണം ആദരിക്കാതെയായി, അതുമൂലം വിഷണ്ണനായ വാല്മീകി എന്റെ മുമ്പിൽ വന്നു സങ്കടം ഉണർത്തിച്ചു. ഞാൻ ഉടനെ ഇവനെ വരുത്തി, ഹനൂമദ്രാമായണത്തിലെ സുന്ദരകാണ്ഡം ഒന്നുചൊല്ലിക്കേൾപ്പിക്കാൻ ആജ്ഞാപിച്ചു. അതിൽ ഇവൻചെയ്ത വിക്രമപ്രക്രമങ്ങളെല്ലാം സവിശേഷംവർണ്ണിച്ചിട്ടു

ണ്ടായിരുന്നു. അതുകേട്ടു ഞാൻ ചിരിച്ചുപോയി. തന്നെത്താൻ പുകഴ്ത്തുന്ന ഈ സ്വഭാവം അവനുണ്ടായതിനെക്കുറിച്ചു ഞാൻ ചോദിക്കയുണ്ടായി. അതുകേട്ടു ലജ്ജിച്ച്, ആ രാമായണത്തെ അപ്പോൾതന്നെ ഇവൻ സമുദ്രത്തിലെറിഞ്ഞുകളകയുംചെയ്തു. അന്നുമുതൽക്ക വാത്മീകിയോടുണ്ടായിരുന്ന മത്സരബുദ്ധിയുടെ ഫലമായിട്ടാണു ഇപ്പോൾ തുളസീദാസനെ അകാരണമായി ഉപദ്രവിച്ചതെന്നു തോന്നുന്നു് എന്നരുളിച്ചെയ്തു വീണ്ടും ചിരിച്ചു. അതുകേട്ടു മഹാലക്ഷ്മിയും സദസ്യന്മാരും ആകമാനം ചിരിച്ചുപോയി. ഹനുമാൻ ലജ്ജാവിവശനായി ഭഗവൽപാദങ്ങളെ നമസ്കരിച്ച്, സ്വാമിൻ! "തിരുവായ്ക്കെതിർവായില്ല" എങ്കിലും അടിയനെപ്പരിഹാസപാത്രമാക്കാതെയിരിപ്പാൻ കരുണയുണ്ടാകണം. വിശേഷിച്ചും ഭക്തനായ തുളസീദാസനു ഇന്നുതന്നെ ദർശനം കൊടുക്കയും ചെയ്യണം എന്നറിയിച്ചു.

ഭഗവാൻ, ഇതുകേട്ടു്, മന്ദഹാസത്തോടുകൂടി—"എനിക്കില്ലാത്ത സങ്കടം നിനക്കിക്കാര്യത്തിലുണ്ടോ? എന്റെ ഭക്തനു ദർശനംകൊടുക്കേണ്ടകാര്യത്തിൽ നീ സഹായംപറയണമെന്നില്ല. വന്നവഴിക്കു പൊയ്ക്കൊണ്ടാൽമതി.

ഹനുമാൻ:......ഇന്നു് ഭഗവാൻ ദർശനം തരുമെന്നു തുളസീദാസനോടു അടിയൻ ഉറപ്പുപറഞ്ഞുപോയി. ആവാക്കു സത്യമാക്കാൻകരുണയുണ്ടാകണം എന്നറിയിച്ചുതൊഴുതു.

**ഭഗവാൻ**:—എന്റെ അഭിപ്രായം അറിയാതെ അങ്ങനെ വാക്കുപറവാൻ നിന്നോടാരു പറഞ്ഞു. കാമാദ്യാസക്തികൾ ഇനിയും തുളസീദാസന്റെ മനസ്സിൽനിന്നും നിശ്ശേഷം നീങ്ങിയിട്ടില്ല. അതുനീങ്ങാതെ അവനു ദർശനം കൊടുക്കാൻ പാടില്ല. മനശ്ശുദ്ധിക്കു്, ഇനിയും അവൻ പന്ത്രണ്ടുവർഷം തപസ്സു ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ, അക്കാര്യം പറയാതെ നീ മടങ്ങിപ്പൊയ്ക്കൊൾക" എന്നിങ്ങനെ വിനോദമധുരമായി അരുളിച്ചെയ്തു.

ഹനുമാൻ, ഈ അരുളപ്പാടുകേട്ടു്, എതിരായൊന്നും പറവാൻ ശക്തനല്ലാതെ നിശ്ചലനായി നിന്നുപോയി. ലക്ഷ്മീദേവി അതുകണ്ടു്, പുഞ്ചിരിതൂകി ഇങ്ങനെ അരുളിച്ചെയ്തു. പ്രിയപുത്ര! നീ വിഷാദിക്കേണ്ട. നിന്റെ അഭിപ്രായപ്രകാരം ഇന്നുതന്നെ തുളസീദാസനു ദർശനം കൊടുക്കും. നീ പൊയ്ക്കൊൾക, ദേവിയുടെ അനുഗ്രഹവാക്കുകൾകേട്ടു്; കൃതാർത്ഥനായ ഹനുമാൻ, ലോകപിതാക്കന്മാരെ വണങ്ങി സ്വസ്ഥാനത്തെ പ്രാപിച്ചു. അനന്തരം ദേവി ഭഗവാനെനോക്കി—"ജഗന്നായക! പന്ത്രണ്ടുവത്സരമായി നമ്മെ ഉന്നിത്തപസ്സുചെയ്യുന്ന ആ സാധുബ്രാഹ്മണനു ഇന്നുതന്നെനമുക്കു ദർശനം കൊടുക്കണം. എന്നറിയിച്ചു സീതാദേവിയുടെരൂപം അംഗീകരിച്ചുനിന്നു. തൽക്ഷണം ഭക്തവത്സലനായ ഭഗവാനും ഭരതലക്ഷ്മണശത്രുഘ്നസമേതനായി പ്രത്യക്ഷീഭവിച്ചു ഗരുഡനെ അരികിൽ വിളിച്ചു് എല്ലാവരുമായി ആരോഹണംചെയ്തു ആകാശമാർഗ്ഗേണ യാത്രതുടങ്ങി. വൈകുണ്ഠസുന്ദരിമാരും മഹർഷിമാരുമെല്ലാം ഭഗവാന്റെ ഭക്തവാത്സല്യത്തെപുകഴ്ത്തിസ്തുതിച്ചുകൊണ്ടു നില്ക്കുന്നതിനിടയ്ക്കു് തുളസീദാസൻഇരിക്കുന്ന തെരുവിന്റെ മേൽഭാഗത്തു് ഭഗവാൻ അപ്രത്യക്ഷനായി എഴുന്നള്ളിനിന്നു. അതിനുമുമ്പുതന്നെ ഭഗവാനെ ദർശിക്കുന്നതിനു അഗ്രഹത്തോടുകൂടിയ തുളസീദാസൻ ആ തെരുവിൽ ഇറങ്ങിനിന്നു് ഭഗവദ്ദർശനം, ഇന്നുതന്നെ എനിക്കു ലഭിക്കുമെന്നുള്ളതിനു സംശയമില്ല. ആ പരമാത്മാവിന്റെ സുകുമാരമായ തിരുമേനിയും, ചാപബാണങ്ങൾ ധരിച്ച തൃക്കൈകളും കരുണാപൂർണ്ണങ്ങളായ കൺതാമരകളും, വേദാന്തഗ്രന്ഥങ്ങളാൽപോലും കാണ്മാൻകിട്ടാത്ത പാദപ്പൂക്കളും പ്രത്യക്ഷമായി കാണ്മാൻതക്ക പുണ്യവിശേഷം ഞാൻ ചെയ്തതുണ്ടായോ? എന്നിങ്ങനെ ഉച്ചരിച്ചുകൊണ്ടു് ശ്രീരാമാവതാരകഥയെ അനുക്രമമായി കീർത്തിച്ചുതുടങ്ങി.

ശ്രീരാമരാമ! ദശരഥനന്ദന! ബാലലീലാവിനോദ! താടകാരേ! അഹല്യാമോക്ഷപ്രദ! യാഗരക്ഷക! മഹേശചാപഭഞ്ജന! സീതാനയനാനന്ദന! ഇത്യാദി രാമായണകഥാകീർത്തനങ്ങളോടുകൂടി തെരുവിൽകൂടി വരുന്നവരെയും പോകുന്നവരെയും നോക്കിക്കൊണ്ടു

സീതാരാമ എന്നു ജപിച്ചുകൊണ്ടു ഭഗവാൻെറ വരവിനെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടുമെ നിയായിരുന്നു.

അപ്പോൾ ഭഗവാൻ തുളസീദാസൻെറ ഭക്തികണ്ടു അൎദ്രഹൃദയനായിഅദ്ദേഹത്തെ ഒന്നുപരീക്ഷിക്കണമെന്നുദ്ദേശിച്ചു, ശ്രീരാമരൂപത്തെ മറച്ച്, ഒരു വൃദ്ധതുലുക്കൻെറ രൂപത്തിൽ തുളസീദാസൻെറ മുമ്പിലിറങ്ങിനിന്നു. ഭരതലക്ഷ്മണശത്രുഘ്നന്മാരും സീതാദേവിയും തുലുഷ്കവേഷത്തെത്തന്നെ അംഗീകരിച്ചു, ഗരുഡൻ അശ്വരൂപമായിഭവിച്ചു. തുളസീദാസൻെറ ഭക്തികണ്ടു ലക്ഷ്മീദേവി മനസ്സലിഞ്ഞു പരമഭാഗവതനായ ഇവനു എന്തൊരു വരമാണുകൊടുക്കേണ്ടതെന്നു ആലോചനയോടുകൂടി അല്പനേരം നിന്നപ്പോഴേക്കു ഭഗവാൻ മഹാലക്ഷ്മിയെനോക്കി—പ്രിയേ ഇവൻെറ മൂഢത്വം നോക്കൂ. എന്നെ അവൻകണ്ടില്ലെങ്കിലാട്ടെ—നിന്നെക്കണ്ടെരികിലുമറിഞ്ഞില്ലല്ലോ. ഇവൻ പാപിയും മൂഢനുമാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു നമുക്കിനി ഇവിടെ നിൽക്കേണ്ടാ എന്നു പറഞ്ഞന്തൎദ്ധാനംചെയ്തു. തുളസീദാസൻ ഇക്കഥയൊന്നുമറിയാതെ തൻെറമുമ്പിൽവന്നു നിന്നതുതുലുക്കന്മാരാണെന്നു നിശ്ചയിച്ചു അറേഴുനാഴിക ഇരുട്ടുന്നതുവരെ ഭഗവാനെ നോക്കിക്കൊണ്ടുനിന്നു. കഷ്ടം ഹനൂമാൻെറ വാക്കനുസരിച്ചു ഭഗവാൻ വരാതിരിക്കാൻ കാരണമെന്തായിരിക്കും, എന്നുശങ്കിച്ചുകൊണ്ടു, പെട്ടന്നോടി രാമായണപാരായണ സദസ്സിൽചെന്നു വൃദ്ധബ്രാഹ്മണവേഷധാരിയായ ഹനൂമാൻെറ പാദങ്ങളിൽ നമസ്കരിച്ചു നിലവിളിച്ചുകരഞ്ഞുതുടങ്ങി. ആ ശബ്ദംകേട്ടു സദസ്യരെല്ലാം പരിഭ്രമിച്ചോടിയെഴുന്നേറ്റു ഇതെന്തുകാരണം? എന്നുചോദിച്ചുകൊണ്ടു വൃദ്ധബ്രാഹ്മണൻെറ ചുറ്റുംകൂടി.

തുളസീദാസൻെറ മഹിമയെ പലൎക്കും അറിയിച്ചുകൊടുക്കണമെന്നുദ്ദേശിച്ചു ഹനൂമാൻ അദ്ദേഹത്തെനോക്കി "അപ്പാ തുളസീദാസ ഭഗവാനെ ഇന്നുകാൺമാൻ നിനക്കു സാധിച്ചില്ലയോ" എന്നുചോദിച്ചു.

തുളസീദാ:—കാലത്തുമുതൽ വൈകുന്നതുവരെ ഞാൻ കാത്തിരുന്നിട്ടും ആ കരുണാനിധി എൻെറമുമ്പിൽ എഴുന്നള്ളിക്കണ്ടില്ല. ഹനൂമാൻ ജ്ഞാനദൃഷ്ടികൊണ്ടുനോക്കി, പരമാൎത്ഥമറിഞ്ഞിങ്ങനെ പറഞ്ഞു—ആഹാ നിനക്കു തെറ്റിപ്പോയി. തുലുഷ്കവേഷത്തിൽ നിൻെറമുമ്പിൽ ഒരുകുതിരപ്പുറത്തു സീതാസമേതനായ ഭഗവാൻ എഴുന്നള്ളിവന്നു നിന്നിരുന്നു. നീ അദ്ദേഹത്തെനോക്കുകപോലും ചെയ്യായ്കകൊണ്ടു മറന്നുപോയതാണു.

തുളസീദാ;—സ്വാമി! അക്കാലം ഞാൻഎങ്ങനെയറിയാനാണു. സ്വന്തരൂപത്തിൽ എനിക്കു ദൎശനം തരാൻ അദ്ദേഹത്തിനു കഴികയില്ലയോ? ഇങ്ങനെ മായാരൂപത്തിൽവന്നു, ഭക്തനായ എന്നെച്ചതിക്കുന്നതു ധൎമ്മമാണോ? ഭഗവാൻ എൻെറ മുമ്പിൽവന്നു ദൎശനം തന്നിട്ടും ഹാ കഷ്ടം! അദ്ദേഹത്തെ ദൎശിക്കാൻ എനിക്കു ഭാഗ്യമുണ്ടായില്ലല്ലോ ദൈവമേ! ഞാൻ മഹാപാപിതന്നെ. എന്നുപറഞ്ഞുവീണ്ടും കരഞ്ഞുതുടങ്ങി. അപ്പോൾ ഹനൂമാൻ ഹേ ഭക്തോത്തമ! കരയാതിരിക്കുക നാളെ നിനക്കുഭഗവദ്ദൎശനം ലഭിക്കും നിൻെറ സഹധൎമ്മിണിയായ മമതാദേവി ഇപ്പോൾ പുതുതായി കെട്ടിയിരിക്കുന്ന മഠത്തിൽ നീപോയിരിക്കണം; ഞാൻതന്നെനാളെ അവിടെ ഭഗവാനെക്കൂട്ടിക്കൊണ്ടുവരാം.

തുളസീദാ;—സ്വാമി! സത്യമാണോപറയുന്നതു? നാളെ എനിക്കു ഭഗവദ്ദൎശനഭാഗ്യം സിദ്ധിക്കുമോ?

ഹനൂമാൻ;—തുളസീദാസ! നീവ്യൎത്ഥസംശയിക്കേണ്ടാ. നാളെനിനക്കു ഭഗവദ്ദൎശനം ലഭിക്കുമെന്നുള്ളതിനു സംശയമില്ല. നീ പരമഭക്തനാണെന്നുഅദ്ദേഹംതന്നെ അരുളിച്ചെയ്തിട്ടുണ്ടായി എന്നു പറഞ്ഞുതൻെറ സ്വന്തരൂപത്തെ ആ സദസ്യന്മാൎക്കെല്ലാവൎക്കും കാണിച്ചനുഗ്രഹിച്ചശേഷം അന്തൎദ്ധാനംചെയ്തു. അതുകണ്ടുംകേട്ടും നിന്നസദസ്യന്മാരെല്ലാം തുളസീദാസൻെറ പാദങ്ങളിൽ സാഷ്ടാംഗമായി വീണു വന്ദിച്ചു ഹേ ധന്യധന്യനായ ഭക്തോത്തമ! നിന്തിരുവടി ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പലവിധത്തിൽ സ്തോത്രകീൎത്തനങ്ങൾ വൎഷിച്ചുകൊണ്ടു മമതാദേവിയുടെ മഠത്തിൽചെന്നു അവിടെയു

ണ്ടായിരുന്ന എല്ലാവരോടും കാശിരാജൻമുതലായവരോടും എന്നുവേണ്ടാ നാടൊട്ടുക്ക, ഈ അത്ഭുതവൎത്തമാനം പറഞ്ഞറിയിച്ചു.

ഇതുകേട്ട രാജാവുമുതലായവരെല്ലാം ആനന്ദാത്ഭുതപരവശരായിത്തീൎന്നു. അദ്ദേഹം പിറേറദിവസം രാജ്യമെല്ലാം അലംകരിക്കുന്നതിനാജ്ഞാപിക്കയും പൌരന്മാരോടുകൂടിയെഴുന്നള്ളിയിറങ്ങി, മമതാദേവിയുടെ മഠത്തിൽചെന്നു, തുളസീദാസനെയും മമതാദേവിയെയും വന്ദിച്ചു അനവധി സ്തോത്രകീൎത്തനങ്ങൾ വൎഷിച്ചു സുകൃതമൂൎത്തികളായ ആ ദമ്പതികളെ രണ്ടുപല്ലക്കിലായി എഴുന്നള്ളിച്ചിരുത്തി അതിഘോഷത്തോടുകൂടി ഗംഗയിൽകൊണ്ടുപോയി സ്നാനംചെയ്യിച്ചു വിശിഷ്ടവസ്ത്രാഭരണങ്ങളും വിവിധപരിമളവസ്തുക്കളും അലങ്കരിപ്പിച്ചു പൊന്നണിഞ്ഞ ഒരാനപ്പുറത്തു കയററിയിരുത്തി സകലജനകണ്ണാനന്ദകരമായ ഗാനങ്ങളോടും വാദ്യഘോഷങ്ങളോടുംകൂടി പട്ടണപ്രദക്ഷിണംചെയ്യിപ്പിച്ചു വിഷ്ണുലക്ഷ്മിനി വിശേഷമായി ആ ദമ്പതിമാരെസ്തുതിച്ചു ശ്രോത്രിയപ്രധാനന്മാരെ മുന്നണിയിൽനടത്തി വേദസൂക്തങ്ങളെമുഴക്കിച്ചുകൊണ്ടുപോയി. മഠത്തിൽചെന്നു അവരെ രണ്ടുഭദ്രാസനങ്ങളിൽ ഉപവേശിപ്പിച്ചശേഷം എല്ലാവരും ചുററുമായി വന്ദിച്ചുനിന്നു. നയനങ്ങൾക്കു മുത്തുചൊരിയുമാറു ഭഗവാന്റെ എഴുന്നള്ളത്തുണ്ടാകുമെന്നും അപ്പോൾ തങ്ങൾക്കും ദൎശിക്കാൻ ഇടവരുമെന്നും ആശിച്ചു പ്രാൎത്ഥിച്ചു നില്ക്കുമ്പോൾ, ശ്രീ ഹനുമാൻ വൈകുണ്ഠത്തിലെത്തി ഭഗവൽ പാദങ്ങളെ വന്ദിച്ചു, തുളസീദാസന്റെ സങ്കടങ്ങളെല്ലാം ഉണൎത്തിച്ചുകഴിഞ്ഞിരുന്നു. ഉടനേ ഭഗവാൻ കോപഭാവത്തിൽ ഹേ അഞ്ജനേയ നീ ഉത്താനബുദ്ധിയാണെന്നു ഞാൻ വിചാരിക്കുന്നു. ഇന്നലെ അവനു ഞാൻ ദൎശനംകൊടുക്കാതിരുന്നില്ല. എന്റെ മായാരൂപം തിരിച്ചറിവാൻ ശക്തനാകാത്ത അവൻ പക്വമനസ്സാണെന്നും പറവാൻ പാടില്ല. അതിനാൽ അവനെക്കാണാൻ ഇന്നു ഞാൻ വരുന്നതേയില്ല. ഇനിയും പന്ത്രണ്ടുവൎഷം അവൻ തപസ്സുതന്നെചെയ്യട്ടെ. അപ്പോഴേക്ക മനഃശുദ്ധിവരുമെങ്കിൽ ദൎശനം അന്നുകൊടുത്തുകൊള്ളാം എന്നരുളിച്ചെയ്തു.

ഹനുമാൻ:—സ്വാമിൻ തിരുവടിയുടെ കല്പനയനുസരിച്ചു അങ്ങേ തിരുനാമമഹിമകളെ മനുഷ്യരുടെയിടയിൽ പ്രചരിപ്പിക്കാനായി അവതരിച്ചു വളരെനാളായി ഘോരതപസ്സുകൾ ചരിച്ചു കഷ്ടപ്പെടുന്ന ആ പുണ്യപുരുഷനെ ഇനിയും പരിശോധിക്കാനാണു ഭാവമെങ്കിൽ അതിനെതിൎത്തുപറവാനാരുള്ളൂ? എന്റെ വാക്കിനെ അസത്യമാക്കാതിരിക്കാൻവേണ്ടിയെങ്കിലും തിരുവടി ഇന്നെഴുന്നള്ളിവന്നു ആ ഭക്തനു ദൎശനംകൊടുക്കാൻ കരുണയുണ്ടാകാറാകണം എന്നിങ്ങനെ അപേക്ഷിച്ചു ഭഗവാൻ വീണ്ടും അതു നിരസിച്ചുതന്നെ പറഞ്ഞു. അതുകേട്ട ഹനുമാനുണ്ടായ വിഷാദം അപരിമിതമായിത്തീൎന്നു. എന്നിട്ടു വീണ്ടും ഭഗവൽപാദങ്ങളെ നമസ്കരിച്ചു അല്ലയോ ജഗന്നായക! എന്റെ പ്രതിജ്ഞയെ സത്യവൽകരിക്കുന്നതിനു തിരുവടി കരുണ ചെയ്യാത്തപക്ഷം അങ്ങേ അനുഗ്രഹത്താൽ ഈ വൈകുണ്ഠംതന്നെ ഇളക്കിയെടുത്തു അങ്ങേകൊണ്ടുപോയി കാശിയിലാക്കുന്നതിനു അനുവാദം ഉണ്ടാകണം, അല്ലാതെ ക്ഷമിച്ചിരിക്കാൻ എനിക്കു നിവൃത്തിയില്ല എന്നറിയിച്ചു. ഭക്തവത്സലനായ ഭഗവാൻ അതുകേട്ട ചിരിച്ചുപോയി. അനന്തരം ലക്ഷ്മിയെനോക്കി പ്രിയേ നീ ഇവന്റെ ധൃഷ്ടവാക്കുകൾ കേട്ടില്ലേ? പണ്ടൊരിക്കൽ രാവണൻപോയി ഇതുപോലെ കൈലാസത്തെ അടിയോടേ കുത്തിയെടുക്കുകയുണ്ടായിട്ടുണ്ടു. അതിനുതക്കഫലം അവനുലഭിച്ചിട്ടുമുണ്ടു്. ഇതും ഏകദേശം അതുപോലെതന്നെവരും എന്നരുളിച്ചെയ്തു. മഹാലക്ഷ്മി അതുകേട്ട ചിരിച്ചുപറഞ്ഞു. സ്വാമിൻ! എന്റെ ഓമനമകനായ ഇവൻ പണ്ടു നമുക്കുവേണ്ടി സഞ്ജീവിപൎവ്വതത്തെ കൈയിൽ പൊക്കിയെടുത്തു പന്തുപോലെ പിടിച്ചുകൊണ്ടു വളരെ ദൂരം ആകാശസഞ്ചാരംചെയ്തവനല്ലേ? അങ്ങേ അനുഗ്രഹംഉണ്ടെങ്കിൽ അവനു ഈ വൈകുണ്ഠം എടുക്കാൻ എന്തുപ്രയാസം?

**ഭഗവാൻ**:—എന്നാൽ അങ്ങനെ ചെയ്തുകൊള്ളട്ടെ. അല്ലാതെ ഞാൻ തുളസീദാസനെക്കാണാൻ പോകയില്ലതന്നെ എന്നരുളിച്ചെയ്തു വീണ്ടും ചിരിച്ചു. ഹനുമാൻ അതുകേട്ടുപറഞ്ഞു. പ്രതിജ്ഞയെ നിറവേററുന്നതിനായി പണ്ടു കാമദേവൻ അഗ്നിയിലെരിഞ്ഞു. സഗരതനയന്മാർ മരിച്ചു. എനിക്കും അതുപോലെ മരണം സംഭവിക്കു

മെങ്കിലും സങ്കടമില്ല. സ്വാമി! വൈകുണ്ഠത്തോടെ ഞാൻസ്വാമിയെ എടുത്തുകൊണ്ടു പോയി കാശിയിൽവെച്ചു ഈ തൃപ്പാദങ്ങളിൽ വീണുവണങ്ങട്ടയോ?

**ഭഗവാൻ:**—കൈലാസത്തെ കുത്തിയെടുത്ത രാവണനുവന്ന അനുഭവം നിനക്കു ഓൎമ്മയുണ്ടോ?

**ഹനുമാൻ:**—പരോപകാരാൎത്ഥം ശ്രമിക്കുന്ന അടിയനു നിന്തിരുവടിയിൽനിന്നു എന്തുസങ്കടംനേരിട്ടാലും സന്തോഷംതന്നെ. എന്നു പറഞ്ഞു മഹാകൃതിയായിവളൎന്നു അത്യായതസ്ഥൂലമായവാൽകൊണ്ടു വൈകുണ്ഠത്തെച്ചുററിപ്പിടിച്ചു മുറുക്കി ഉലച്ചിളക്കാനായി ഭാവിച്ചു. അപ്പോൾ അണ്ഡകടാഹങ്ങൾഅകെ കിടുകിടവിറച്ചുതുടങ്ങി. സപ്തസമുദ്രങ്ങളുംവൻതിരകളലച്ചുകലങ്ങി. അപ്രതീക്ഷിതമായ ഈ ക്ഷോഭത്താൽദേവകളും മുനികളും അത്യന്തഭയാകുലന്മാരായി വിഷ്ണുസ്തോത്രം തുടങ്ങി. ഹനുമാന്റെ വൈരാഗ്യംകണ്ടു ഭഗവാൻ സന്തുഷ്ടനായി പ്രിയമാരുതപുത്ര! നീ എന്തൊരുസാഹസമാണു തുടങ്ങുന്നതു്? വൈകുണ്ഠത്തെപ്പൊക്കിയെടുത്തുകൊണ്ടുപൊയ്ക്കളയാമെന്നാണോ വിചാരം? അതു നിന്റെ അന്ധബുദ്ധികൊണ്ടു തോന്നുന്ന ഒരു വ്യാമോഹംമാത്രമാണു. ഏതായാലും നീ വെറുതേ പരിശ്രമിക്കണമെന്നില്ല. നിന്റെ ഇഷ്ടംപോലെ ചെയ്വാൻ ഞാൻ സന്നദ്ധനാണു. എന്നരുളിച്ചെയ്തു.

**ഹനുമാൻ:**—ഭഗവൻ, നിന്തിരുവടിയുടെ അനുഗ്രഹത്തോടുകൂടിയ എനിക്കു ഈ വൈകുണ്ഠംകേവലം നിസ്സാരമായ ഒരു ഭാരമാണു. ഇപ്പോൾതന്നെ എടുത്തുകൊണ്ടു പോയി തുളസീദാസന്റെമുമ്പിൽ വെയ്ക്കാൻ ഞാൻ നിശ്ചയിച്ചു. ധൃഷ്ടമായ ഈ മറുപടികേട്ടു്, ഭഗവാൻ ഭക്തന്മാരെ ജയിക്കുക നമുക്കു സാദ്ധ്യമല്ല എന്നു കരുതി തൽക്ഷണംതന്നെ കാശിയിലേക്കുപോകാനായി; ശ്രീരാമരൂപം അംഗീകരിച്ചുനിന്നു. അതുകണ്ടു സന്തുഷ്ടനായ ഹനുമാൻ യഥാസ്ഥിതരൂപത്തിൽ, അദ്ദേഹത്തിന്റെ തൃപ്പാദങ്ങളിൽവീണു നമസ്കാരംചെയ്തു. അചിരേണ, ഭരതലക്ഷ്മണശത്രുഘ്നന്മാവിർഭവിക്കയും, ലക്ഷ്മീദേവി സീതാരൂപം അംഗീകരിക്കയും അവരോടുകൂടി ഗരുഡാരൂഢനായ ഭഗവാൻ സകലദേവന്മാരോടും മഹൎഷിമാരോടുംകൂടി,വിവിധദേവവാദ്യങ്ങൾ ഘോഷിച്ചു്, ഹനുമാനെ പുരസ്കരിച്ചു കാശിയിലേക്കു യാത്രതിരിക്കയുംചെയ്തു. തുളസീദാസന്റെമഠത്തിന്നുമുകളിൽ ആകാശത്തിലെത്തി അവരോഹിക്കുമ്പോൾ, കാശിദേശരാജൻ മുതലായവരെല്ലാം, ആനന്ദബാഷ്പാകുലാക്ഷന്മാരായി ഭഗവാനെയും തുളസീദാസനെയും സ്തോത്രംചെയ്തു. തുളസീദാസനെ ചിലർ മുജ്ജന്മത്തിൽ ഇദ്ദേഹംവല്ല ബ്രഹ്മൎഷിയോമറേറാ ആയിരുന്നിരിക്കണം. അതോ ലോകരക്ഷാൎത്ഥം അവതരിച്ച വിഷ്ണ്വംശഭൂതനോ? എന്നിങ്ങനെവാഴ്ത്തിയും വണങ്ങിയും നിന്നിരുന്നു.

അപ്പോൾ, തുളസീദാസൻ ഭഗവാൻ വരുന്ന കോലാഹലത്തെനോക്കി, ആനന്ദരോമാഞ്ചംകൊണ്ടു്, അഹോ! എന്റെഭഗവാൻ ഇത്ര ആഘോഷത്തോടുകൂടി എഴുന്നള്ളി എനിക്കു ദൎശനംതരത്തക്ക പുണ്യം, ഞാനെന്താണു ചെയ്തതു? ആഹോ ആകാശംമുഴുവനും ദേവകളാലും ഋഷികളാലും, നിറയപ്പെട്ടിരിക്കുന്നുവല്ലോ. ഹാഹാ! ഹനുമദ്ദേവനുംകൂടി വന്നിരിക്കുന്നോ? ഭഗവാനതാ സീതാലക്ഷ്മണഭരതശത്രുഘ്നസമേതനായി ഗരുഡന്റെ പുറത്തെഴുന്നള്ളിയിരിക്കുന്നു എന്നുപറഞ്ഞു്, കൈകൂപ്പിവണങ്ങി, ആനന്ദബാഷ്പങ്ങൾ തൂകുമ്പോൾ, ഭഗവാനുംപരിവാരങ്ങളും ഭൂമിയിൽ അവരോഹിച്ചു കഴിഞ്ഞു. ഉടനേ, എല്ലാവരും ഭക്തിപൂൎവ്വം ദണ്ഡനമസ്കാരംചെയ്തു്, കോലാഹലശബ്ദം മുഴക്കി സ്തോത്രകീൎത്തനങ്ങൾ പാടി. തുളസീദാസൻ ബ്രഹ്മാനന്ദത്തിൽ ലയിച്ചു്, യാതൊരു ചലനത്തിനും ശക്തിയില്ലാതെ സന്തോഷസ്തബ്ധനായിനിന്നുപോയി. ഭക്തവത്സലനായി ഉടനേ അടുത്തുചെന്നു്, അദ്ദേഹത്തെ (തുളസീദാസനെ) മാറിൽചേൎത്താശ്ലേഷിച്ചുകൊണ്ടു് ഹേ പ്രിയഭക്ത! നീ വളരെ കഷ്ടങ്ങൾ സഹിക്കാൻ സംഗതിയായി. ഇല്ലേ? ഇനി നീ സന്തുഷ്ടനായി ഭവിച്ചാലും! നീ ഭക്തന്മാരിൽവെച്ചു്, ഉത്തമോത്തമനാണെന്നുള്ളതിനു സംശയമില്ല. അതിനാൽ എന്തൊരുവരമാണു നിനക്കഭിലാഷം? എന്നിനിപ്പറകവേണ്ടു. മേലാൽ, തപസ്സുചെയ്തു കഷ്ടപ്പെടേണ്ട. മമതാദേവിയും നീയും മോക്ഷപദംപ്രാപിച്ചാലും! നിന്റെ

ഇഷ്ടംപോലെതന്നെ എൻെറ രാമാവതാരരൂപത്തെ, ഇതാ കണ്ടുകൊൾക. പൂവ്വോടുചേരുന്ന നാരിനും മേന്മകിട്ടുന്നതുപോലെ, നിന്നോടുചേൎന്നതുകൊണ്ടു്, ഈ പുരവാസികൾക്കെല്ലാം, ഇന്നു് എൻെറ ദർശനം ലഭിച്ചിരിക്കുന്നു എന്നരുളിച്ചെയ്തു്, തുളസീദാസനെ പാദാദികേശാന്തം തൃക്കൈകളാൽ തലോടി.

തുളസീദാസൻ തൻെറ മുമ്പിൽ എഴുന്നള്ളിനില്ക്കുന്ന സർവ്വേശ്വരനെക്കണ്ടും തൽകരസ്പർശംകൊണ്ടും മതിമറന്നു്, ഹരിഹരി! എന്നുച്ചരിച്ചു സ്തുതിച്ചുതുടങ്ങി. പങ്കജാക്ഷ! ഹരേ! രാഘവ! മാധവ! കേശവ! അദ്ഭുത! ദേവദേവ! രാവണാന്തക! ഭക്തബാന്ധവ! കാളിയമർദ്ദന! ജനാർദ്ദന! ശരധവഹന! നയനമോഹന! സകലാധാര! ദനുജബാധന! നാരായണ! ഭക്തപരായണ! ആശ്രിതശരണ! പങ്കജചരണ! അമിതകരുണ! കൌസ്തുഭാഭരണ! ഭഗവൻ മഹാവിഷ്ണോ നിന്തിരുവടിക്കു്, എപ്പോഴെങ്കിലും, ഈ പാഴനിൽ കരുണയുണ്ടായല്ലോ. ഹനൂമദ്ദേവൻെറ അനുഗ്രഹത്താലാണു്, ഇത്രവേഗത്തിൽ എനിക്കീ അനുഗ്രഹംസിദ്ധിച്ചതെന്നു ഞാൻ വിചാരിക്കുന്നു. നിന്തിരുവടി ശ്രീരാമാവതാരരൂപം ഇപ്പോൾ കാണിക്കുകകൊണ്ടു്, അങ്ങേ സുപ്രസിദ്ധമായ ഭക്തവാത്സല്യം ഞാൻ അനുഭവിക്കുന്നു. നിന്തിരുവടി തുലുക്കവേഷത്തിൽ എനിക്കു ദർശനംതന്നു മറഞ്ഞുകളഞ്ഞതിനെക്കുറിച്ചു് ഭക്തനായ ഞാൻ അതിശയിക്കുന്നു. എന്നിങ്ങനെ സ്തുതിവാക്യങ്ങൾ പൊഴിക്കയും ഭക്ത്യതിശയത്താൽ വീണ്ടും രാമാവതാരകഥയെ വർണ്ണിച്ചു പുകഴ്ത്തുകയുംചെയ്തു.

## രാമാവതാരകഥാവർണ്ണനം (കിളിപ്പാട്ടുരീതി)

അദ്വൈതാനന്ദരൂപ,മാധവമഹാവിഷ്ണോ! നിത്യനിർമ്മല!മദ്ധ്യാന്താദിവർജ്ജിതദേവ! * ഭക്തനാമിപ്പാഴനുഭവദ്ദർശനമിന്നു സിദ്ധിക്കാറായപുണ്യോൽക്കർഷത്തെപ്പുകഴ്ത്തുന്നേൻ * ദേവദേവേശ!ഭൂമിപരിപാലേച്ഛയാ നാവിരാനന്ദനനിത്യാനന്ദമാംഭംനൽകാൻ * ശോഭനേപുത്രനായിവന്നവതാരംചെയ്ത പാവനാത്മൻ!നിന്തിരുവടിക്കായ്നമസ്കാരം * വിശ്വാമിത്രാപേക്ഷയാപ്പോകുമ്പോൾമദ്ധ്യേമാർഗ്ഗം വിശ്വകണ്ടകിയായരാക്ഷസിതാടകയേ * നിഗ്രഹിച്ചോരുനിൻെറദർശനമിപ്പാഴനു സിദ്ധിക്കറായപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * ഉത്തമയാകുമഹല്യയ്ക്കുമോക്ഷംനൽകി നിഗ്രഹിച്ചസുബാഹുപ്രമുഖന്മാരെയും * സപ്തതന്തുവെപ്പാലിച്ചോരുനിന്തിരുമേനി ദർശിക്കാറായപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * മിഥിലാപുരിയിൽശൈവചാപംഖണ്ഡിച്ചുപിന്നെ മധുരാംഗിയാമിന്ദിരയെവേട്ടുകൊണ്ടോൻ * വഴിമേൽതട്ടത്തഭാർഗ്ഗവൻെറമദംതീർത്ത തവദർശനപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * കൈകേയിപറകയാൽവനത്തിലെഴുന്നള്ളി കൌതുകത്തോടും ഗുഹാതിഥിയായ്വാണുപിന്നെ * വൈകാതെപോയത്രിയെക്കണ്ടുനിന്നെദർശിപ്പാൻ കൈവന്നോരെൻെറപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * ചിത്രകൂടാചലത്തിൽവാഴവേവന്നർത്ഥിച്ച ചിത്തജാതുരയായരാവണഭഗിനിയേ * കൃത്തഗാത്രയാക്കിച്ചെയ്യിച്ചനിൻതിരുമേനി ദർശിക്കാറായപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * സുഗ്രീവനോടുസഖ്യംചെയ്തു ബാലിയെക്കൊന്നു മുഗ്ദ്ധയാംദേവിതന്നെത്തിരവാൻകപികളെ * ദിക്കെങ്ങുമയച്ചനിൻ തിരുമെയ്കാൺമാൻമമ സിദ്ധിച്ചമഹാപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * ഹനൂമാൻ പോക്കൽനിന്നുദേവിതൻവൃത്താന്തങ്ങളറിഞ്ഞുവാരിധിയോടിരന്നുവഴിപിന്നെ * നളനെക്കൊണ്ടുസേതുകെട്ടിച്ചുലങ്കപുക്ക തവദർശനപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * അഭയംപുക്കവിഭീഷണനെരാജാവാക്കി അഭിഷേകവുംചെയ്തുയുദ്ധതലനാന്തരം * പലരാക്ഷസന്മാരെവധിച്ചുവിഹരിച്ചു തവദർശനപുണ്യോൽക്കർഷത്തെപുകഴ്ത്തുന്നേൻ * ഉഗ്രജിത്തിനെക്കൊന്നുലക്ഷ്മണൻഭവാൻപിന്നെ യുദ്ധതകായനാനകുംഭകർണ്ണനെക്കൊന്നു * വന്നരാവണമൂലബലവുംനശിപ്പിച്ച നിന്മെയ്കാണ്മാനുറപുണ്യത്തെപുകഴ്ത്തുന്നേൻ * അഗസ്ത്യോപദിഷ്ടമാമാദിത്യഹൃദയത്തെ ജപിച്ചുശത്രുനാശശക്തിവർദ്ധിപ്പിച്ചുനീ * ദശമസ്തകനാംദശഗ്രീവനെക്കൊന്ന തവദർശനപുണ്യോൽക്കർഷത്തെപ്പുകഴ്ത്തുന്നേൻ * സീതയെവഹ്നിശുദ്ധയാക്കിസ്വീകരിച്ചതാ നാദരാൽദൈവതങ്ങൾതൂകുംപൂമഴയേററു് * പുഷ്പ

കവിമാനത്തിലാരോഹിച്ചയോദ്ധ്യയെ പുക്കനിന്നെക്കാണായപുണ്യത്തെപുകഴ്ത്തുന്നേൻ *
ലോകങ്ങളടക്കിവാണിരുന്നപരമാത്മൻ ലോകനായക! ലോകമാതൃവല്ലഭ! വിഭോ * നാഗാ
രികേതോസവാഹിതോനിൻദർശനമാം ഭാഗധേയംമാമകമനപാഹംപുകഴ്ത്തുന്നേൻ *

ഇങ്ങനെ സ്തോത്രംചെയ്തു ഭക്തിയിലഴിഞ്ഞുനില്ക്കുന്ന തുളസീദാസന്റെ ശിരസ്സിൽ തൃക്കൈകൾവച്ചു് ഭഗവാൻ: —"ഹേ ഭക്തശിരോരത്നമേ! നീ ഞാൻതന്നെയെന്നുവിശ്വസിച്ചുകൊൾക. നിനക്കു ഏതൊരുവരം വേണമെന്നു ഇച്ഛയുണ്ടോ അതു തരാൻ ഞാൻ സന്നദ്ധനായിരിക്കുന്നു. ചോദിച്ചുകൊൾക—" എന്നരുളിച്ചെയ്തു.

അതുകേട്ടു തുളസീദാസൻ വന്ദിച്ചുണർത്തിച്ചു. സകലചരാചരനിയാമകനായ ദേവദേവേശ! നിന്തിരുവടിയെ ദർശിക്കണമെന്നുള്ള അഭിലാഷത്തോടുകൂടി ഞാൻസ്മരിക്കുന്നതെപ്പൊഴൊ! അപ്പോൾ എന്റെ മാതാവായ സീതാദേവിയോടുകൂടി എഴുന്നള്ളിവന്നു് ദർശനംതരുവാൻ കരുണയുണ്ടാകണം.

എന്നുമാത്രമല്ല, എല്ലാ ആനന്ദങ്ങൾക്കും മേലായ ആനന്ദം ഏതൊ എല്ലാപദവികൾക്കും മേലായപദവിയേതോ ഏതൊരുകൎമ്മംകൊണ്ടു നിന്തിരുവടിയുടെ പദത്തെ പ്രാപിക്കാൻ കഴിയുമോ ഏതൊന്നുകൊണ്ടിന്ദ്രിയനിഗ്രഹം ലഭിക്കുമോ ഏതൊന്നുകൊണ്ടു മനോനിഗ്രഹം സാധിക്കുമോ നാരദാദിമഹൎഷിശ്രേഷ്ഠന്മാർ ഏതൊരുൽകൃഷ്ടനിലയിലാണു സ്ഥിതിചെയ്യുന്നതു് അതുകൾ എനിക്കു ലഭിക്കത്തക്കവണ്ണം അനുഗ്രഹിപ്പാറാകയുംവേണം എന്നുണർത്തിച്ചു വന്ദിക്കുമ്പോൾ ഭഗവാൻ ഹേ! ജ്ഞാനനിഷ്ഠനായഭക്ത! നിന്നെപ്പോലെ വിശ്രുതന്മാരും ജ്ഞാനികളും ഈലോകത്തിൽ മററില്ല. ഹേ മഹാത്മാവേ നീ ഭരദ്വാജമഹൎഷിക്കു് ആത്മജ്ഞാനത്തെ ഉപദേശിച്ച വാല്മീകി ആണു്. ആ പരമാൎത്ഥം നീ ഇപ്പോൾ നോക്കിയാൽ കാണാം എന്നരുളിച്ചെയ്തു് ഭഗവാൻ തുളസീദാസനു് ജ്ഞാനദൃഷ്ടിയെ പ്രദാനംചെയ്തു. തൽക്ഷണം തുളസീദാസനു പൂൎവ്വജന്മസ്മരണയുണ്ടായി. മുജ്ജന്മത്തിൽ താൻ വാത്മീകിയാണെന്നറിഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ വിചാരിച്ചു. അഹോ ഞാൻ ഈ ലോകത്തുള്ള മനുഷ്യൎക്കു് ഭക്തിയും മുക്തിമാർഗ്ഗവും ഉപദേശിക്കാനാണല്ലോ അവതരിച്ചതു്. പൂൎവ്വജന്മസ്മരണ ഇല്ലായ്കകൊണ്ടു സാധാരണ മനുഷ്യർപോലും ചെയ്യാത്ത മഹാപാപങ്ങൾ ചെയ്തുവല്ലോ. ലോകം നന്നാക്കാൻ അവതരിച്ച ഞാൻ, ഹീനമായ സ്ത്രീവാഞ്ഛയിൽ മുഴുകി ലോകത്തെ ദുഷിപ്പിക്കാനാണല്ലോ സംഗതിയായതു്. എന്നിങ്ങനെ പലപല വിചാരങ്ങളോടുകൂടി ഭഗവാന്റെ സമീപത്തുനില്ക്കുന്ന നാരദാദിമഹൎഷിമാരുടെ മുഖത്തുനോക്കി ലജ്ജിച്ചു അനന്തരം ഭഗവാനെവലംവച്ചു വന്ദിച്ചു്, സ്വാമിൻ! അങ്ങേ അനുഗ്രഹം സിദ്ധിച്ച അടിയൻ,ഹീനവൃത്തിയായ കാമാസക്തിയിൽ മുഴുകി, ബ്രഹ്മജ്ഞാനത്തെമറന്നു്, മായാവലയിൽപെട്ടു പലദുഃഖങ്ങൾക്കും പാത്രീഭവിക്കാൻ ഇടയായ കാരണം എന്താണെന്നു അരുളിച്ചെയ്യണം. അതുകേട്ടുഭഗവാൻ പറഞ്ഞു. "ഹേഭാഗവതോത്തമ! നിനക്കിപ്പോൾ ഇത്രമാത്രം വ്യസനം വന്നതിനെക്കുറിച്ചു ചഞ്ചലപ്പെടേണ്ടാ ഞാൻ തന്നെ ത്രേതായുഗത്തിൽ രാമാവതാരമെടുത്തകാലത്തെക്കഥകൾ നീ അറിഞ്ഞിട്ടില്ലേ? മായാമോഹിതനായി പലപല ദുഃഖങ്ങൾക്കും അജ്ഞാനജവികാരങ്ങൾക്കും പാത്രീഭവിച്ചില്ലയോ? മനസ്സിനെ അജ്ഞാനം ബാധിക്കുകയാൽ വസിഷ്ഠങ്കൽനിന്നും ജ്ഞാനോപദേശം ലഭിക്കാൻ ഇടയായില്ലയോ? അതുകൊണ്ടു മായാസംബന്ധമായ ജന്മമെടുക്കുന്നവൎക്കെല്ലാം ദുഃഖാനുഭൂതിഉണ്ടാക തന്നെ ചെയ്യും. നിനക്കും വിഷയാസക്തിവന്നതു്, മായാശക്തിയിൽ അകപ്പെട്ടുകകൊണ്ടാണന്നോൎത്തുകൊൾക കാമത്തെ ജയിച്ചവരായി ഇത്രിലോകത്തിൽ ആരുംതന്നെയില്ല. അതോൎത്തു് നീ വ്യഥാചഞ്ചലപ്പെടരുതു്.

എന്തെന്നാൽ, ഈ നില്ക്കുന്ന നാരദന്റെ ചരിത്രം കേട്ടാൽ നിന്റെ മനോവിഷാദം മുഴുവൻ തീൎന്നു നീ ആശ്ചൎയ്യപ്പെടും. കൃതയുഗത്തിൽ, ഈ നാരദൻ, ആത്മജ്ഞാനത്തെ വികസിപ്പിക്കുന്നതിന്നായി ദേവലോകത്തുനിന്നുതിരിച്ചു തപസ്വീനായി കാട്ടിൽ പോയി പതിന്നാലുദിവ്യവൎഷം ഇടവിടാതെ തപസ്സുചെയ്തു. അപ്പോഴേക്കു കാമക്രോധാദികളശേഷം നശിച്ചു്, ആത്മജ്ഞാനം പരിപൂൎണ്ണമായി പ്രകാശിച്ചു എങ്കിലും താൻ കാ

മാദികളെ ജയിച്ചവനാണെന്നു ഒരു അഹംകാരം ഇവനുണ്ടായി. ദേവലോകത്തുചെന്ന്, തപസ്സിൻെറമാഹാത്മ്യത്തെക്കുറിച്ചും, കാനനവാസസുഖത്തെക്കുറിച്ചും, പ്രശംസിച്ചുപറഞ്ഞു. അനന്തരംസത്യലോകത്തിൽ ചെന്നു ബ്രഹ്മാവിനോടും കൈലാസത്തിൽ ചെന്നു പരമശിവനോടും അതേപ്രകാരം പ്രസംഗിക്കയുണ്ടായി. എന്നിട്ടു വൈകുണ്ഠത്തിൽ വന്നെന്നെസ്തുതിച്ചു. തപസ്സിൻെറ മഹിമയെക്കുറിച്ചു പ്രസംഗിക്കുന്നതിനിടയിൽ യഥാൎത്ഥതപസ്വികളെ മായബാധിക്കാൻ സാധിക്കയില്ലെന്നു അഭിപ്രായപ്പെടുകയുണ്ടായി അതുകേട്ടു ഞാൻ ഹേ നാരദ! സുഷുപ്തിയിൽ ലയിച്ചിരിക്കുന്നവൎക്കുണ്ടാകുന്ന ആനന്ദം സ്വപ്നസ്ഥിതന്മാൎക്കുണ്ടാകുമോ എന്നുചോദിച്ചു. ഇവൻഅതിനു മറുപടിയായി സ്വാമി! എപ്പോഴും സുഷുപ്തിയിൽ ലയിച്ചിരിക്കുന്നവൎക്കു സ്വപ്നത്തിൽ വിഭ്രാന്തികൾ ഉണ്ടാകയില്ലതന്നെ എന്നുപറഞ്ഞു.

ഞാൻ:—സുഷുപ്തി സുഖത്തിൽ എപ്പോഴും ലയിച്ചിരിക്കാൻ ആൎക്കാണു സാധിക്കുക.?

ഇവൻ:—സ്വാമി! യഥാൎത്ഥജ്ഞാനമുള്ളവൻ എപ്പോഴും സമാധിനിഷ്ഠയിൽ ലയിച്ചുതന്നെയിരിക്കും.

ഞാൻഇതുകേട്ടു ഇവനെ ഒന്നുപഠിപ്പിക്കണമെന്നു നിശ്ചയിച്ച്, "ഹേ നാരദമഹൎഷേ! നിന്നെപ്പോലെജ്ഞാനംസിദ്ധിച്ചവർ മററാരുമില്ല. നീ കാമദേവനെ ദഹിപ്പിച്ചപരമശിവനാണെന്നുതന്നെ പറയണം" എന്ന് അല്പംസ്തുതിപരമായി പറഞ്ഞു. ഇവൻഅതുകേട്ടു അല്പംഅഹംകാരത്തോടുകൂടി, "സ്വാമി! ഞാൻതപസ്സിനായി കാട്ടിലേക്കുപോകുകയാണ്. അത്രസുഖം നാട്ടിലുണ്ടാകയില്ലെന്നാണു എൻെറപക്ഷം." എന്നുപറഞ്ഞുനേരേകാട്ടിലേക്കുപോകയുംചെയ്തു.

അപ്പോൾഞാൻ, ഇവൻപോകുന്നവഴിമേൽ മായകൊണ്ടു ഒരു പട്ടണമുണ്ടാക്കി അപട്ടണത്തിനു അധിപതിയായി ഒരുരാജാവിനെയും ആ രാജാവിനു അതിരൂപവതിയായ ഒരുപുത്രിയേയും, അവൾക്കുസ്വയംവരം നടക്കുന്നതായും അതിലേക്കുഅനേകം രാജാക്കന്മാർ സന്നിഹിതരായിരിക്കുന്നതായും മററുംതോന്നിച്ചു. രാജകുമാരിയുടെഅച്ഛൻ വിവാഹസംബന്ധമായ ആലോചനകൾക്കു ഒരുജ്യൌതിഷികനെ അന്വേഷിച്ചുകൊണ്ടിരിക്കുന്ന സമയത്താണ്, നാരദൻ അവിടെച്ചെന്നു ചാടിയത്. ഉടനേ, രാജാവ്, ഇവനെവിളിപ്പിച്ചുകൊണ്ടുപോയി, പുത്രിയെവിളിച്ചു മുമ്പിൽനിൎത്തി—"ഹേ മുനിശ്രേഷ്ഠ! ഈകന്യകയ്ക്കു ഏതൊരുരാജാവാണ്, അനുരൂപനെന്നും മററുള്ള ഗുണദോഷങ്ങളും അരുളിച്ചെയ്യണം, എന്നപേക്ഷിച്ചു. ഇവൻ രാജകന്യകയെ ഒരുനോക്കുകണ്ടുയുടൻതന്നെ അവളുടെ കടാക്ഷവലയിൽ കുടുങ്ങിപ്പോയി. രാജാവിൻെറ കഥനവും അപേക്ഷയും ആകപ്പാടെ ഒരനുഗ്രഹമായിത്തോന്നി കന്യകയെ തനിക്കുതന്നെ വിവാഹം ചെയ്താൽകൊള്ളാമെന്നുള്ള അഭിലാഷത്തോടുകൂടി, രാജാവിൽവളരെ സ്നേഹബഹുമാനങ്ങൾ കാണിക്കയും, പുത്രിക്കുഅനുരൂപനായ വരൻ സ്വൎഗ്ഗലോകത്തുനിന്നും, ഒരു മുഹൂൎത്തത്തിനകം വരുമെന്നറിയിക്കയുംചെയ്തു. അനന്തരം അവളെനോക്കി—"ഹേ പെൺകുലമൌലിമാലാരത്നമേ! നിനക്കു ഏതുവിധത്തിലുള്ള വരൻ വേണമെന്നാണഭിപ്രായം എന്നുചോദിച്ചു.

അവൾ:—എനിക്കുസാക്ഷാൽ മഹാവിഷ്ണുദേവനു തുല്യനായ ഒരാൾതന്നെ ഭൎത്താവാകണം. രൂപംകൊണ്ടും വൈവതപംകൊണ്ടും അദ്ദേഹത്തിനു സദൃശനായിരിക്കണം.

ഇവൻ, അതുകേട്ട് ഇപ്പോൾവരുമെന്നു പറഞ്ഞവരൻ സൎവ്വപ്രകാരേണയും "മഹാവിഷ്ണുവിനു സദൃശനാണ്" എന്നുപറഞ്ഞശേഷം അവിടെ നിന്നും ഇറങ്ങി തപോവനത്തിൽ പ്രവേശിച്ചു. ജപവുംതപവും എല്ലാം ആകന്യകയെക്കുറിച്ചായിത്തീൎന്നു. ജഗദീശ! എനിക്കു ആകന്യകയെ പതിയായിലഭിച്ചില്ലെങ്കിൽ എൻെറ ജന്മംകൊണ്ടെന്തു ഫലം? ഏതൊരുരൂപംധരിച്ചു ചെന്നാൽ, അവൾ എന്നെഭൎത്താവായിവരിക്കും? അവൾ പ്രസന്നമുഖം കാണിക്കും? ആഹാ! അവളുടെമുഖംതന്നെ മുഖം—വിലാസംതന്നെ വിലാസം—എന്തുസൌന്ദൎയ്യം! അവളെ ഭജിക്കുന്നവൻതന്നെ ഭാഗ്യവാൻ. ഇത്യാദിയാലോചി

ചാരങ്ങളോടുകൂടി, എന്നു സ്മരിച്ചു്, സ്വാമിൻ! നാരായണ! നിന്തിരുവടി ഇവിടെ എഴുന്നള്ളിവന്നു്, എനിക്കു നിന്തിരുവടിയുടെ ആകൃതി തരുമാറാകണം. അങ്ങനെ ചെയ്യുന്നതിനു കരുണചെയ്യാത്തപക്ഷം, അടിയൻ കാമാഗ്നിയിലെരിഞ്ഞുപോകും. നാരദൻ ഒരു കന്യകയെ മോഹിച്ചു മരിച്ചുവെന്നുള്ള ദുഷ്കീർത്തി പരക്കുകയുംചെയ്യും. അങ്ങേ മായയെ ജയിക്കാൻ ആൎക്കുംതന്നെ സാദ്ധ്യമല്ല, എന്നെനിക്കിപ്പോൾ, അറിയാറായി. ഇങ്ങനെ പലവിധത്തിൽ പരിതാപത്തോടുകൂടി, പരിദേവനം ചെയ്യുന്നതറിഞ്ഞു്, ഞാൻ നേരിട്ടുചെന്നു്, രൂപദാനം ചെയ്യുന്നതായാൽ ഇവന്റെ മായാമോഹം നീങ്ങാനിടവന്നേക്കുമെന്നു ഭയപ്പെട്ടു്, അപ്രത്യക്ഷനായിനിന്നുകൊണ്ടു് "ഹേ മുനിശ്രേഷ്ഠ! നിന്റെ അപേക്ഷപ്രകാരം എന്റെ രൂപത്തെ ഞാൻ പ്രദാനംചെയ്തിരിക്കുന്നു. വേഗംപോയി നിന്റെ കാമംനിറവേററിക്കൊൾക." എന്നു പറഞ്ഞു. ഇവൻ തന്റെ ശരീരം പരിശോധിച്ചുനോക്കിയപ്പോൾ, പച്ചനിറവും പീതാംബരവും കൌസ്തുഭവും മററുംകണ്ടു് സന്തുഷ്ടനായി സൂൎയ്യനേയും ദേവേന്ദ്രനേയും, തന്റെ പാർശ്വപാലന്മാരാക്കി വരുത്തണമെന്നു നിശ്ചയിച്ചു നിമിഷത്തിൽ വൈകുണ്ഠത്തിലെ പാരിഷദന്മാരുടെ വേഷത്തിൽ അവർ രണ്ടാളും ഹാജരായി വന്ദിച്ചുനിന്നു. തൽക്ഷണംതന്നെ അവരോടൊന്നിച്ചു് ഇവൻ വിവാഹസഭാരംഗത്തിലേക്കു തിരിച്ചു. അവിടെച്ചെന്നപ്പോൾ അലംകൃതന്മാരായി സഭയിൽ സ്ഥിതിചെയ്യുന്ന അമ്പത്താറു രാജാക്കന്മാരെയുംകൈയിൽ മാലയുമായി മദ്ധ്യേ നില്ക്കുന്ന മനോഹരിയായ രാജകന്യകയേയുംകണ്ടു്, കാമാൎത്തനായി ഓടിയടുത്തു്, ദേവേന്ദ്രൻ എടുത്തുകൊണ്ടുവന്നു്, ഇട്ടുകൊടുത്തസിംഹാസനത്തിൽ കയറിയിരുന്നുകൊണ്ടു്, ഹേ മനോഹരി! നീയല്ലാതെ എനിക്കു മററാശ്രയമില്ല. അതിനാൽ സദയം എന്നെക്കടാക്ഷിച്ചാലും കൈയിൽ ഇരിക്കുന്ന ആ പൂമാല എന്റെ കണ്ഠത്തിൽ അലങ്കരിച്ചാലും! എന്നു്, ഓരോപ്രാൎത്ഥനാവാക്കുകൾ വൎഷിച്ചുതുടങ്ങി. അതുകേട്ടു്, ആ സുന്ദരി ഇദ്ദേഹത്തിന്റെ മുഖത്തുനോക്കുകയുണ്ടായി. മുഖം കരിംകുരങ്ങിന്റേതുപോലെ ഇരിക്കയായിരുന്നു. അക്കഥ ഈ സാധു അറിഞ്ഞിട്ടില്ലായിരുന്നു. അവൾ അതുകണ്ടയുടനെ, പൊട്ടിവന്ന ചിരിയെ അടക്കിക്കൊണ്ടു്, മുഖംതിരിച്ചു്, രാജാക്കന്മാരുടെ അരികിലേക്കു നടന്നുപൊയ്ക്കളഞ്ഞു. ഇവനു് അവളെക്കണ്ടു സഹിച്ചിരിക്കാൻ നിവൃത്തിയില്ലാതെ എഴുന്നേററടുത്തു കൈക്കൂപ്പിത്തൊഴുതുകൊണ്ടു്, "ഹേ മനോഹരി! നിനക്കുതക്കവരൻ ഞാനല്ലാതെ മററാരാണു്? അതിനാൽ മാലയെ എന്റെ കണ്ഠത്തിൽതന്നെ ഇടുക" എന്നു പ്രാൎത്ഥിച്ചുകൊണ്ടു്, ഒരുതരം വിടന്മാരെപ്പോലെ ചില ശൃംഗാരാഭിനയങ്ങൾ തുടങ്ങി. ഓടിയടുത്തു് ആലിംഗനം ചെയ്യാൻ ഭാവിച്ചു. അവൾ, കോപത്തോടുകൂടി വളരെ അധിക്ഷേപവാക്കുകൾ പറകയും അകലെമാറി നില്ക്കയുംചെയ്തു.

ഇവൻ, വീണ്ടും, അടുത്തു്, തൊഴുതും കരഞ്ഞും പലതും പറഞ്ഞും പിടിക്കാനായി ഭാവിച്ചപ്പോൾ, അവൾ ഓടിച്ചെന്നു്, ഒരു നീരാഴിയിൽ ചാടി. ഇവനും പുറകേചെന്നു്, അതിലോട്ടു ഇറങ്ങാൻ ഭാവിച്ചപ്പോൾ, സ്വന്തം പ്രതിഛായ വെള്ളത്തിൽ നിഴലിച്ചുകാണ്മാനിടയായി. അപ്പോഴാണു കരിംകുരങ്ങിന്റെ മുഖത്തിയാണു തനിക്കുലഭിച്ചിരിക്കുന്നതെന്നു മനസ്സിലായതു്. ഹാ കഷ്ടം! എന്റെ മുഖം കരിങ്കുരങ്ങിന്റേതുപോലെ യാണോ? രാജകന്യക ഓടിപ്പൊയ്ക്കളഞ്ഞതു വെറുതെയല്ലല്ലോ. എന്നാന്തസ്താപപ്പെട്ടു: ഈ സംഗതി സൂൎയ്യനും ഇന്ദ്രനും എന്നോടു പറയാതെ മനസ്സിൽ അടക്കിവച്ചിരുന്നു്, എന്നെ പരിഹാസപാത്രമാക്കുകയാണല്ലോ ചെയ്തതു്, എന്നു വിചാരിച്ചമാത്രയിൽ രാജധാനിയും കന്യകയും രാജാക്കന്മാരുമെല്ലാം മറഞ്ഞു് യഥാപൂൎവ്വം കാനനംതന്നെ പ്രകാശിച്ചു. അപ്പോഴാണിവനുസംഗതി മനസ്സിലായതു്. "അഹോ! ഇതെല്ലാംഎന്നെ പരീക്ഷിക്കാനായി ഭഗവാൻ ചെയ്ത മായാവൈചിത്ര്യമാണല്ലോ. എന്റെ ദൃഢമനസ്സിനെ ഇളക്കി, എന്നെച്ചപലനാക്കി തപശ്ശക്തിയെ നശിപ്പിച്ചു്, ഇന്ദ്രസൂൎയ്യന്മാരെക്കൊണ്ടു ചിരിപ്പിച്ചു നാണംകെടുത്തിച്ചുവല്ലോ. കഷ്ടം! ഹേ ഭഗവൻ! അങ്ങേ മായാദേവിയെ ജയിക്കാൻ ആൎക്കുംതന്നെ സാധിക്കയില്ലെന്നുള്ളതു നിശ്ചയമാണു്—എന്നു പശ്ചാത്താപിച്ചുകൊണ്ടു്, സൂൎയ്യനെയും ഇന്ദ്രനെയുംനോക്കി "ഹേ ദേവന്മാരേ! നിങ്ങൾ രണ്ടാളും എന്റെ വാനരമുഖ

ത്തെനോക്കിച്ചിരിച്ചതുകൊണ്ട് മേൽക്കാലം നിങ്ങൾ വാനരകുലത്തിൽ ജനിച്ച്, ഒരുപോയിൽചേൎന്നിരുന്ന്, അന്യോന്യം ശത്രുക്കളായിഭവിക്കാനിടയാകട്ടെ, എന്നുശപിച്ചു. അതുകേട്ട് ആ ദേവന്മാർഭയപ്പെട്ട്, ഹേമുനിശ്രേഷ്ഠ! നിരപരാധികളായ ഞങ്ങളെ ഇങ്ങനെ ശപിച്ചതു മഹാകഷ്ടമാണു. സദയം ശാപമോക്ഷത്തിനുള്ളമാൎഗ്ഗം അരുളിച്ചെയ്യണം എന്നു അപേക്ഷിച്ചു. അതിനുമറുപടിയായി ശ്രീനാരായണനെക്കാണാൻ ഇടവരുന്നകാലത്തു നിങ്ങൾക്കു ശാപമോക്ഷംവരുമെന്നു പറഞ്ഞു, അവരെ അയയ്ക്കുകയുംചെയ്തു. അന്നുമുതൽക്കു, ഇവൻഎന്നെപ്പിരിയാതെ എന്റെ ദർശനസ്പർശനാദികളാൽനിഷ്കാമനായവിശുദ്ധിയെപ്രാപിച്ചിരിക്കുകയുമാണ്. അതിനാൽഹേതുളസീദാസ‌കാമാസക്തിയാൽകുണ്ഠനായിഭവിക്കകൊണ്ടു നിനക്കു ചാഞ്ചല്യംവന്നു. മായയെജയിക്കാൻ ശക്തിയുള്ളവരായി ആരുംതന്നെയില്ല. മുജ്ജന്മം നീ നിന്റെഭാൎയ്യയ്ക്കു ജ്ഞാനോപദേശം ചെയ്തതിനുപകരമായിട്ടാണ്, ഈജന്മം നിന്റെഭാൎയ്യ നിനക്കു, ജ്ഞാനോപദേശംചെയ്യാനിടയായതു്. ഇങ്ങിനെ ഒന്നിനൊന്നുപകരംവീട്ടുക, പ്രകൃതിയുടെ അഴിവില്ലാത്ത ഒരുസത്യമാകുന്നു. ഇപ്രകാരമുള്ള ജ്ഞാനാനുബന്ധങ്ങൾക്കും ഭ്രാന്തികൾക്കുമാണ്,മായയെന്നുപേർ; അല്ലാതെ മായയെന്നൊരു സ്വരൂപംഇല്ല. ആത്മജ്ഞാനം ഉദിക്കുമ്പോൾമായയും, മായാകാൎയ്യമായപ്രപഞ്ചംമുഴുവനും നശിച്ചുബ്രഹ്മംമാത്രം ശേഷിക്കും. പക്ഷേആ ആത്മജ്ഞാനത്തെ നിലനിൎത്തിക്കൊണ്ടു കഴിച്ചുകൂട്ടുന്നതിന്നു ബ്രഹ്മാദിദേവന്മാൎക്കും സാദ്ധ്യമല്ല. എന്നിങ്ങനെ ഭഗവാന്റെ അരുളപ്പാടുകേട്ടു തുളസീദാസൻ—അല്ലയോ ഭഗവാനെ! നിന്തിരുവടിയല്ലാതെ മായ വേറെയുണ്ടോ? അങ്ങനെയാണെങ്കിൽ അദ്വൈതസിദ്ധാന്തത്തിനു ആധാരമുണ്ടോ? മായയിൽ ഈപ്രപഞ്ചം തോന്നിച്ചുഴിക്കുന്നതു നിന്തിരുവടിതന്നെയല്ലയോ? സകല ജീവജാലങ്ങളേയും കാമക്രോധാദികൾക്കു വശപ്പെടുത്തിയിട്ടുനട്ടംതിരിക്കുന്നതും നിന്തിരുവടിയല്ലേ? വിഷയാനന്ദങ്ങൾക്കാസക്തിയുണ്ടാക്കുന്നതുംനിന്തിരുവടിയല്ലാതെമററാരുമല്ല. പിപീലികാദിബ്രഹ്മപൎയ്യന്തമുള്ള ജീവരാശികൾക്കെല്ലാം അവരവരുടെകൎമ്മഫലത്തിനനുസരിച്ചുള്ള സുഖദുഃഖങ്ങളെക്കൊടുക്കുന്നതും സംസാരമെന്ന കാരാഗൃഹത്തിൽനിന്നുംവെളിക്കിറങ്ങാതെ ജ്ഞാനകവാടത്തെ ബന്ധിച്ചിരിക്കുന്നതും നിന്തിരുവടിതന്നെ പാപപുണ്യങ്ങളെ ജീവികൾവഹിച്ചുകൊണ്ടു നടക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥചെയ്തിരിക്കുന്നതുംമറ്റാരുമല്ല. മൃഗങ്ങളെപ്പോലെസമസൃഷ്ടങ്ങൾ,തമ്മിൽത്താൻയുദ്ധംചെയ്യുന്നതിനുഇടയാക്കുന്നതുംഅങ്ങൊരാൾതന്നെ. ഭക്തിയോടുകൂടിഭജിക്കുന്നപരമഭാഗവതന്മാരെ എളുപ്പത്തിൽ അനുഗ്രഹിക്കാതെ,ഒടുവിൽ, എന്നോളംകരുണാ ശാലിയായദൈവംമറ്റില്ലെന്നു വെളിപ്പെടുത്തിക്കൊടുക്കുന്നതും നിന്തിരുവടിതന്നെ. ഭക്തന്മാരെയുപദ്രവിക്കുന്ന ദുഷ്ടന്മാരെശിക്ഷിക്കാൻ യഥാകാലം ഓരോഭയങ്കരരൂപങ്ങൾ എടുക്കുന്നതുംഅങ്ങുഅല്ലാതെ മറ്റാരുമല്ല. വിശ്വസിച്ചു ഭജിക്കുന്ന അടിയങ്ങളെ ഹാനിപറ്റാതെ സൂക്ഷിച്ചുരക്ഷിക്കുന്നതും അഹംഭാവത്തെ നശിപ്പിച്ച് മൌനമുദ്രയോടുകൂടി, ബ്രഹ്മജ്ഞാനമടഞ്ഞിരിക്കുന്ന മഹൎഷിമാരെ രക്ഷിക്കുന്നതും, പരമാത്മാവും കരുണാനിധിയുമായ നിന്തിരുവടിയത്രേ. എന്നിങ്ങനെ പലവിധത്തിൽ സ്തുതിവാക്കുകൾ വൎഷിച്ചുകൊണ്ടു നിൽക്കുന്നതുളസീദാസനെഭഗവാൻ കരുണാപൂൎവ്വം പിടിച്ച് മാറോടച്ചാശ്ലേഷിച്ചു. ഹേഭക്തശിഖാമണെ! പരമജ്ഞാനിയായ നിനക്കു അറിവാൻപാടില്ലാത്തതായി യാതൊന്നുംതന്നെയില്ല. നീ, രാമരാമമന്ത്രത്താൽ ആത്മജ്ഞാനം സമ്പാദിച്ച മഹൎഷിയല്ലേ? ഇനി ഉൽകൃഷ്ടമായ ബ്രഹ്മാനന്ദം ലഭിച്ചു, സുഖജീവിയായിഭവിച്ചാലും!" എന്നനുഗ്രഹിച്ച്, ഇനി ഞാൻ പോകട്ടെയോ എന്നുചോദിച്ചു. ഉടനേ തുളസീദാസൻ ഭഗവൻ! ബ്രഹ്മജ്ഞാനം ഒരു സദ്ഗുരുവിന്റെ ഉപദേശത്താൽലഭിക്കണമെന്നാണല്ലോ വേദങ്ങൾ മുറയിടുന്നതു്. അതു തനിയേ ഉണരത്തക്കതല്ലായ്കകൊണ്ട്, അടിയനു അതു ഉപദേശിക്കാറാകണമെന്നപേക്ഷിച്ചു.

ഭഗ:—തുളസീദാസ! ചിരഞ്ജീവിയും ഭാഗവതോത്തമനും വൈയാകരണപടുവുമായ ഈ ഹനൂമാനോടുപദേശംവാങ്ങി ആനന്ദം അടഞ്ഞാലും!

തുളസീദാ:—സ്വാമി! അങ്ങനെതന്നെചെയ്തുകൊള്ളാം. നിന്തിരുവടിയുടെഐ

തൊരു ദിവ്യ പാരായണം ചെയ്താലാണു ഭക്തിയും ശ്രദ്ധയും സിദ്ധിയും മുക്തിയും ലഭിക്കുന്നതെന്നുകൂടി അരുളിച്ചെയ്യുമാറാകണം.

ഭഗ:—ഹേ! ഭക്ത! ജീവികൾ ആയ ദാസത്വത്തിൽ പെട്ടുഴലുന്നവൎക്കു്, ഭക്തിയും ആത്മതത്വമറിഞ്ഞവൎക്കു ജ്ഞാനവും മുഖ്യമാകുന്നു. അതിനാൽ ദാസത്വമുള്ളവൎക്കു ഭക്തിയും ആനന്ദവുമുണ്ടാക്കുന്ന രാമായണപാരായണത്തിനു ശ്രേഷ്ഠം; മുജ്ജന്മത്തിൽ അതു ദേവഭാഷയിൽ ചമച്ചതുപോലെ ഈ ജന്മം ഹിന്ദുസ്ഥാനിഭാഷയിൽ എഴുതിത്തീൎത്തു തുളസീരാമായണം എന്നപേരുംകൊടുത്തു പലരും പാരായണംചെയ്വാൻ ഇടയാക്കി എന്റെ പദത്തിൽ ചേൎന്നുകൊൾക എന്നരുളിച്ചെയ്തു്, പല ആശീൎവാദങ്ങളും ചെയ്തശേഷം ദേവൎഷിജനസമേതനായി ആകാശത്തിൽ അന്തൎദ്ധാനം ചെയ്തു. തുളസീദാസൻമുതലായവരെല്ലാം ജയവിജയീഭവശബ്ദം മുഴക്കി.

എട്ടാമദ്ധ്യായം സമാപ്തം.

---

## ഒൻപതാമദ്ധ്യായം.

---

### (തുളസീദാസനു ജ്ഞാനോപദേശം ലഭിച്ചതു്.)

“അല്ലയോ സിദ്ധന്മാരേ! ശ്രീനാരായണൻ അന്തൎദ്ധാനംചെയ്തശേഷം തുളസീദാസൻ അനേകസന്യാസിമാരോടുകൂടി ആ മഠത്തിൽതന്നെ പലനാൾ താമസിച്ചു്, ഭഗവൽസ്തുതിപരങ്ങളായ പല ഗാനങ്ങളും പദ്യശകലങ്ങളും നിൎമ്മിക്കയും ദേവഭാഷയിലുള്ള വാല്മീകിരാമായണത്തെ ഹിന്ദുസ്ഥാനിഭാഷയിലാക്കി തുളസീരാമായണം എന്നു പേരുമിട്ടു ഉത്തരദേശനിവാസികൾക്കെല്ലാം പാരായണയോഗ്യമാക്കിത്തീൎക്കയുംചെയ്തു. ലൌകിക(ദാസത്വ)മാൎഗ്ഗത്തിൽ കുറച്ചുനാൾ കഴിച്ചശേഷം, സാധുസംഗത്താലും വിഷയനിഗ്രഹത്താലും അന്നദാനഫലത്താലും വേദപാരായണത്താലും ഇന്ദ്രിയനിഗ്രഹം ചെയ്യണമെന്നുള്ള അഭിലാഷത്താലും സമാധിസുഖവാഞ്ഛയാലും കൎമ്മകാണ്ഡത്തിലും ഭക്തികാണ്ഡത്തിലും ശ്രേഷ്ഠമാണു് ജ്ഞാനകാണ്ഡം എന്നു വേദത്തിൽ വിധിച്ചിട്ടുള്ളതിനാലും ബ്രഹ്മജ്ഞാനം സിദ്ധിക്കാതെ, മനോനിഗ്രഹം സാധിക്കയില്ലെന്നു ബോധത്താലും മനസ്സുണൎന്നു, ഒരുദിവസം ഇങ്ങനെ ആലോചിച്ചു—“ആഹാ! ഉൽകൃഷ്ടമായ ബ്രഹ്മജ്ഞാനത്തെ എന്റെ സൽഗുരുനാഥനായ ഹനൂമാനോടു ഉപദേശരൂപേണ വാങ്ങിക്കണമെന്നു ഭഗവാൻ തന്നെ മുഖതാവിൽ എന്നോടു പറഞ്ഞിരുന്നിട്ടും വളരെനാൾ അതിനു സംഗതിയാകാതെ വെറുതെ കഴിച്ചുകളഞ്ഞതു കഷ്ടമായിപ്പോയി. ഇങ്ങനെ ആലോചിച്ചു ഭഗവാനെ സ്തുതിച്ചശേഷം, തന്റെ ഗുരുവായ ഹനൂമാനെ ധ്യാനിച്ചു “ഹേ രുദ്രാവതാര! വായുകുമാര! ശ്രീരാമദൂത! സീതാദുഃഖവിനാശന! ആശരവംശനിഷൂദന! രാവണലങ്കാദാഹക!

“മേരുവുംലോകത്രയവുംകൊടുക്കിലും
പോരാവിലയതിനങ്ങിനെയുള്ളൊരു
ഹാരം”

ശ്രീരാമചന്ദ്രൻകൊടുത്തപ്പോൾ അതിലെ ഓരോ മുത്തുമണിയും കടിച്ചുനോക്കി, ജ്ഞാനരസമില്ലെന്നു പറഞ്ഞു്, ദൂരെ എറിഞ്ഞുകളഞ്ഞ പരമഭാഗവത! എന്നെ അനുഗ്രഹിച്ച കരുണാനിധേ! എന്നിങ്ങനെ പല സ്തോത്രങ്ങൾ ചെയ്യുമ്പോൾ അറിഞ്ഞു ഹനൂമാൻ—“ഹേ ശ്രീനാരായണഭക്ത സാധുജനശുശ്രൂഷക! ഭക്തജനദാസ! ഹേ തുളസീദാസ ഞാനിതാ വന്നുകഴിഞ്ഞു; വന്നുകഴിഞ്ഞു. ഇതുവരെ എന്നെ, വിചാരിക്കായ്കകൊണ്ടു ഞാൻ വ്യസനിച്ചിരിക്കയായിരുന്നു. എന്നുപറഞ്ഞു് പ്രത്യക്ഷനായിനിന്നു, ആശീൎവാദംചെയ്തു. ആദിത്യനെപ്പോലെ വിളങ്ങിനില്ക്കുന്ന ഹനൂമൽഗുരുവിന്റെ പാദങ്ങളിൽ സാഷ്ടാംഗ

നമസ്കാരംചെയ്യ ദേവവന്ദ്യനായ കപീശ്വര! ജ്ഞാനസ്വരൂപ! എന്നെ ഇപ്പോൾ രക്ഷിക്കേണം" എന്നറിയിച്ചു്. തൊഴുകൈയോടുകൂടി നിന്നു.

ഹനൂമാൻ തുളസീദാസനെ മാറോടണച്ചുപിടിച്ചുകൊണ്ടു് ഹേ വിഷ്ണുഭക്ത! ജീവന്മുക്ത! നീയെന്നെ ധ്യാനിച്ചതെന്തിനാണു്. വളരെനാൾ വിചാരിക്കാതെയിരുന്നിട്ടു്, ഇപ്പോൾ വിചാരിക്കാൻ കാരണമെന്തു്? നീ അജ്ഞാനജന്യമായ മനോവികാരങ്ങളോടു കൂടാതെ, പരമജ്ഞാനിയായി പലനാൾ ജീവിച്ചിരുന്നാലും എന്നരുൾചെയ്തു.

തുളസീദാസൻ വീണ്ടും വന്ദിച്ചുപറഞ്ഞു:—"സ്വാമിൻ! ഇന്ദ്രിയനിഗ്രഹത്തിനും ആത്മാഭിമാനനാശത്തിനും, നിത്യാനന്ദലബ്ധിക്കും ഉതകുന്നതായി സർവത്രപരിപൂർണ്ണമായി, ആദിമദ്ധ്യാന്തരഹിതമായി ജ്യോതിരൂപമായി ആനന്ദമാത്രമായി, നിത്യമായി, സത്യമായി നിഷ്കളങ്കമായി എല്ലാമായും എല്ലാമല്ലാത്തതുമായി, വിലക്ഷണസുലക്ഷണമായി, നിർവികാരമായി യാതൊരുവസ്തുവുമുണ്ടോ ആ പരമതത്വത്തെ അടിയനുപദേശിച്ചനുഗ്രഹിപ്പാറാകണം" എന്നപേക്ഷിച്ചു. ഹനൂമാൻ വാത്സല്യപൂർവം തുളസീദാസനെനോക്കി അപ്പനേ പരമാത്മജ്ഞാനോപദേശം ചെയ്വാൻ, കേവലം ഒരു വാനരനായ ഞാൻ ശക്തനാകുമോ? എങ്കിലും നീ മുജ്ജന്മത്തിൽ, എഴുതിത്തീർത്ത രാമായണത്തിൽ നീയിപ്പോൾചോദിച്ച പരമാത്മജ്ഞാനരഹസ്യം അടങ്ങീട്ടുണ്ടു്. അതിനെ പാരായണംചെയ്താൽനിസ്സംശയമായി മുക്തിലഭിക്കും. എങ്ങനെയെന്നുചൊല്ലാൽ, ശ്രീനാരായണകഥയായ രാമായണത്തെ പാരായണംചെയ്തു് ഭംഗിയായി വ്യാഖ്യാനിച്ചു് ശ്രോതാക്കളെ ആനന്ദനിമഗ്നരാക്കിത്തീർക്കുന്ന ഒരു മഹാശയപുരാണപാഠകൻ ഉദ്ധവദാസനെന്നുപേരോടുകൂടി ഈ കാശിയിലുണ്ടല്ലോ, അദ്ദേഹം പരമാർത്ഥബ്രഹ്മജ്ഞാനിയാണു്. അദ്ദേഹം പറയുന്നജ്ഞാനാർത്ഥങ്ങളെ കേട്ടു ബന്ധപാശവും അഹംഭാവവും സങ്കല്പവികല്പങ്ങളും ഏഷണത്രയവും ദിഗ്ദേശങ്ങളും എന്നല്ല ദേഹസ്മരണപോലും വിട്ടു വളരെപ്പേർ ഇപ്പോൾസമാധിയിലിരിക്കുന്നവർ ഉണ്ടു്. ഞാനും അതുകേട്ടു ബ്രഹ്മാനന്ദത്തിൽ മുഴുകി, ഇരിക്കയായിരുന്നു. അപ്പോഴാണു് നിന്റെ സ്തോത്രങ്ങൾ എന്റെ കാതിൽപ്പെട്ടതു്. എന്നുപറയുന്നതുകേട്ടു തുളസീദാസൻ—"സ്വാമി! എന്റെ ഹൃദയം സംകല്പവികല്പാദിവികാരങ്ങളാൽ മലിനമായിത്തീർന്നിരിക്കുന്നു. ആശ്രിതന്മാൎക്കു കല്പവൃക്ഷംപോലെ കരുണാനിധിയായ എന്റെരഘുനാഥ! ഉത്തമബ്രാഹ്മണനരും നിതിരുവടിയും കേട്ടാനന്ദമടഞ്ഞതായ ആ ജ്ഞാനരാമായണത്തെ അരുളിച്ചെയ്തു്, എന്റെ വ്യാമോഹത്തെ തീർത്തു എനിക്കാനന്ദസിദ്ധി ഉണ്ടാക്കിത്തരണം.

ഹനൂമാൻ:—ഹേ ഹരിഭക്ത! വിശാലാക്ഷിയമ്മയുടെയും വിശ്വനാഥസ്വാമിയുടെയും സാന്നിദ്ധ്യത്താൽ, പരിശുദ്ധമായ ഈ കാശിയിൽ വസിക്കുന്നതു മോക്ഷപ്രദമാണെന്നു നിശ്ചയിച്ചു് വസിഷ്ഠമഹർഷി ഒരു ബ്രാഹ്മണനായിവന്നവതരിച്ചു്, ഉദ്ധവദാസനെന്നുള്ള പേരോടുകൂടിയിരുന്നു അദ്ധ്യാത്മരാമായണത്തെ പാരായണം ചെയ്തുവരികയാണു്. അതുകേൾക്കുന്നതിനു കാട്ടിൽനിന്നു വസിക്കുന്ന തപസ്വികളെല്ലാം ബ്രാഹ്മണവേഷത്തിൽ ഇവിടെവന്നു്, ആനന്ദിച്ചുപോകയാണു് പതിവു്. അതറിഞ്ഞാണു ഞാനുംകാലഗതിയാൽ ആത്മാവിൽ വല്ല വാസനാബന്ധങ്ങളും പറ്റുന്നുണ്ടെങ്കിൽ അവയെ നിഷ്കാസനം ചെയ്വാനായി അതു കേൾക്കാൻപോയതു്. അതിനെ സംഗ്രഹിച്ചു ഞാൻപറയാം. ശ്രദ്ധിച്ചുകേട്ടു പരമജ്ഞാനത്തെലഭിച്ചു കൊൾക. എന്നുപറഞ്ഞു്, ജ്ഞാനരാമായണത്തെ വിവരിച്ചുതുടങ്ങി. എങ്ങിനെയെന്നാൽ മോക്ഷമാകുന്ന അയോദ്ധ്യയിൽ ബ്രഹ്മമാകുന്ന ദശരഥൻ, ജ്ഞാനശക്തി ഇച്ഛാശക്തി, ക്രിയാശക്തി, എന്ന മൂന്നുഭാര്യമാരോടുകൂടി വസിക്കുമ്പോൾ, ജ്ഞാനശക്തിയാകുന്ന കൌസല്യയുടെ ഗർഭത്തിൽആത്മാവായ ശ്രീരാമൻ ഉത്ഭവിച്ചു. അവ്യക്തനമൂ ബാല്യത്താൽതന്നെ മറന്നു് അജ്ഞാനമയനായ ജീവനാണു താനെന്നു നിശ്ചയിച്ചു് ദേഹേന്ദ്രിയങ്ങൾക്കു നാഥനായി ശ്രവണമെന്ന വസിഷ്ഠമുനിയെ പ്രാപിച്ചു്, മനനമാകുന്ന വിശ്വാമിത്രനെ അനുഗമിച്ചു് വൈരാഗ്യമാകുന്ന ലക്ഷ്മണനോടുകൂടെ നടന്നു് പഞ്ചമഹാപാതകങ്ങളാകുന്ന പർവതങ്ങൾ, കുന്നുകൾ, കാനനങ്ങൾ, മേടുകൾ വനാന്തരങ്ങൾ, ഇതുകളെകടന്നു് ജ്ഞാനമെന്ന

ബാണത്തെ തൊടുത്തു ആവരണമെന്നതാടകയെ നിഗ്രഹിച്ചു്, ഈർഷ്യയെന്ന മാരീചനെ ഭയപ്പെടുത്തി, നേരിട്ടുവന്നാൽ നശിച്ചുപോകുമെന്നു മനസ്സിലാക്കിയോടിച്ചു്, വ്യഭിചാരമെന്ന കല്ലിനെ ചവട്ടി, ആചാരമെന്ന അഹല്യയെ പുകഴ്ത്തി, ഏകാന്തമെന്ന മിഥിലയിൽചെന്നു്, ശാന്തിയാകുന്ന ജനകനെക്കണ്ടു്, അശാന്തിയാകുന്ന വില്ലിനെ മുറിച്ചു്, നന്ദമാകുന്ന സീതയെ വരിച്ചു്, മദമെന്ന പരശുരാമനെ മടക്കി മോക്ഷമാകുന്ന അയോദ്ധ്യയെ പ്രാപിച്ചു ഞാൻ ജീവാത്മാവല്ലെന്നുണർന്നു്, ബ്രഹ്മമാകുന്ന ദശരഥനോടു ചേർന്നിരിക്കുമ്പോൾ, ജീവന്മുക്തിയാകുന്ന മകുടാഭിഷേകത്തിനാരംഭിക്കവേ, ക്രിയയാകുന്ന കൈകേയി മൂലമുണ്ടായ ചലനംകൊണ്ടു, ബ്രഹ്മമാകുന്ന ദശരഥനെപ്പിരിഞ്ഞു്, മോക്ഷമാകുന്ന അയോദ്ധ്യയെ ഉപേക്ഷിച്ചു് വൈരാഗ്യമെന്ന ലക്ഷ്മണനോടും ആനന്ദമെന്ന വൈദേഹിയോടുംകൂടെ ചിത്തമെന്ന സരയൂനദിയെക്കടന്നു്, ബുദ്ധിയെന്ന ഗുഹനോടുചേർന്നു്, വിക്ഷേപമെന്ന വനത്തിൽ പ്രവേശിച്ചു് തപമെന്നചിത്രകൂടത്തിൽ താമസിച്ചു്, അഹംകാരമെന്ന വിരാധനെക്കൊന്നു്; മനമെന്ന കാകാസുരനെവെന്നു്, സങ്കല്പമെന്ന കണ്ണു നശിപ്പിച്ചു്, നിർവികല്പമെന്ന കണ്ണുകൊടുത്തു്, വീര്യമെന്ന അഗസ്ത്യമഹർഷിയെക്കണ്ടു്, ധീരതയെന്ന അസ്ത്രംവാങ്ങിക്കൊണ്ടു്, കാമംഎന്ന ശൂർപ്പണഖയെ ദണ്ഡിച്ചു്; ആഗാമികം എന്ന ഖരദൂഷണാദികളെ ഖണ്ഡിച്ചു്, ഈഷണയെന്ന മാരീചന്റെ ആവേശത്താൽ ആനന്ദമെന്ന സീതയെപ്പിരിയാനിടയായപ്പോൾ, രാജസംഎന്ന രാവണനടുത്തു്, ആനന്ദമെന്ന സീതയെയുമെടുത്തു് ദുഃഖമെന്ന ലങ്കയിലുള്ള ദുർവാസനയെന്ന രാക്ഷസരാൽ വളയപ്പെട്ടു് ചിന്തയെന്ന അശോകവനിയിൽ വച്ചപ്പോൾ ആത്മാവായ ശ്രീരാമൻ കോപിച്ചു്, ഈഷണയെന്ന മാരീചനെ നിഗ്രഹിച്ചു്, നിരാശയെന്ന ഭൂമിയിൽ പതിപ്പിച്ചു്, ഒരിക്കലും തന്റെ മുമ്പിൽ വരാതവണ്ണം നശിപ്പിച്ചു്, ആനന്ദമെന്ന സീതയെ അന്വേഷിച്ചതിൽ കാണായ്കയാൽ വ്യസനിച്ചു് വൈരാഗ്യമെന്ന ലക്ഷ്മണനോടുകൂടി, വിക്ഷേപമെന്ന കാനനത്തിൽഅലഞ്ഞുനടന്നു്, ചിന്തനം എന്ന കബന്ധനെക്കൊന്നു്, സന്തോഷമെന്ന ശബരിയുടെ അരികിൽചെന്നു്, നിദിധ്യാസനം എന്ന ഹനുമാനോടുചേർന്നു്, ആനന്ദമെന്ന സീതയെ അന്വേഷിച്ചു്, ജനനമെന്ന സപ്തസാലങ്ങളെ മുറിച്ചു്, ഭയംഎന്ന ബാലിയെ വധിച്ചു്, അഭയംഎന്ന സുഗ്രീവനെപ്പാലിച്ചു്, സദ്വാസനകളാകുന്ന കപികളെച്ചേർത്തു്, നിദിധ്യാസനം എന്ന ഹനുമാനെക്കൊണ്ടു്, മോഹം എന്ന സമുദ്രംകടന്നു്, ലോഭമെന്ന ലങ്കാലക്ഷ്മിയെയോടിച്ചു് ദുർവാസനയെന്ന രാക്ഷസരെ മടക്കി, ആനന്ദമെന്ന സീതയെക്കണ്ടു്, അനുഭവമാകുന്ന അനുഗ്രഹം ഏററുകൊണ്ടു്, ചിന്തയെന്ന അശോകവനത്തെ അഴിച്ചു്, അജ്ഞാനമെന്നമാല്യവാനെ നിഗ്രഹിച്ചു്, സന്ദേഹമെന്ന അക്ഷകുമാരനെയും നശിപ്പിച്ചു് വിപരീതത്വംഎന്ന ഇന്ദ്രജിത്തിനാൽ മോഹിപ്പിക്കപ്പെട്ടപ്പോൾ നിദിധ്യാസനം എന്ന ഹനുമാൻ മോഹമെന്ന പാശത്തെ ഖണ്ഡിച്ചു രാജസമെന്ന രാവണനെ എതിർത്തു്, മൌനമെന്ന അഗ്നിയെ വർദ്ധിപ്പിച്ചു്, ദുഃഖമെന്നലങ്കയെച്ചുട്ടു്, മോഹമെന്ന വെള്ളത്തെമാററി ധൈര്യംഎന്ന സേതുബന്ധിച്ചു്, സാത്വികഗുണമെന്ന വിഭീഷണനെ ആശ്രയിച്ചു്, താമസഗുണം എന്നകുംഭകർണ്ണനെക്കൊന്നു്, അതു്. രാജസമെന്ന രാവണനെ കോപിപ്പിച്ചു്, വിപരീതത്വമെന്ന ഇന്ദ്രജിത്തിനെ ഇളക്കിവിട്ടു്, വിഭ്രാന്തി (മയക്കം) എന്ന പാശത്താൽ ആത്മാവായ ശ്രീരാമനും വൈരാഗ്യാദികളായ ലക്ഷ്മണാദികളുംമടങ്ങി നിദിധ്യാസനം ആയ ഹനുമാൻമാത്രം ഉണർന്നിരിക്കുമ്പോൾ, ആ ഹനുമാന്റെ സഹായത്താൽ നിഷ്ഠയെന്ന സഞ്ജീവി ലഭിച്ചപ്പോൾ, വൈരാഗ്യമെന്ന ലക്ഷ്മണൻ വിപരീതത്വമെന്ന ഇന്ദ്രജിത്തിനെ നിഗ്രഹിച്ചു്, സഞ്ചിതമെന്നമൂലബലമെതിർത്തപ്പോൾ, ധീരത്വമെന്ന മോഹനാസ്ത്രത്താൽ അവരെ വധിച്ചു്, അശുഭവാസനകളാകുന്ന രാക്ഷസരെതിർത്തപ്പോൾ ശുഭവാസനകളാകുന്ന വാനരന്മാർ അവരെ നശിപ്പിച്ചു്, ഉടനേ ആത്മാവെന്ന ശ്രീരാമൻ കോപിച്ചു്, വിവേകമാകുന്ന വില്ലെടുത്തു്, രാജസമാകുന്ന രാവണനോടെതിർത്തു് ജ്ഞാനമാകുന്നബാണംതൊടുത്തു് അഹംഭാവംഎന്ന കലശത്തെയുടച്ചു്, ദശേന്ദ്രിയങ്ങളാകുന്ന പത്തുതലകളെയും മുറിച്ചു്, ആനന്ദമെന്ന സീതയെക്കണ്ടു്, മൌനമെന്ന അഗ്നിയി

ൽ മുഴുകിച്ച്, ബ്രഹ്മമെന്ന ദശരഥനെ അന്വേഷിച്ച്, ആനന്ദമെന്ന സീതയോടുകൂടി, മോക്ഷമെന്ന അയോദ്ധ്യയിൽചെന്ന്, ജീവന്മുക്തിയെന്നമകുടാഭിഷേകം കഴിച്ച്, ബ്രഹ്മമെന്ന ദശരഥനേ താനായി, മോക്ഷമെന്ന അയോദ്ധ്യയ്ക്കു അധികാരിയായി കേവലകൈവല്യ ബ്രഹ്മാനന്ദസ്വരൂപസാക്ഷാൽകാരമായി പ്രകാശിച്ചു."—

എന്ന്, ബ്രഹ്മജ്ഞാനിയായ ഹനുമാൻ അരുളിച്ചെയ്തു പരമാനന്ദനൃത്തം ചെയ്തുകൊണ്ടുനിന്നു. ഇങ്ങനെ ആനന്ദരാമായണംകേട്ട തുളസീദാസനും തന്നത്താൻമറന്ന്, ആനന്ദനൃത്തം ചെയ്തുതുടങ്ങി. അതുകണ്ടവരെല്ലാം സ്തുതിക്കയും ദേവകൾ പുഷ്പവൃഷ്ടിതൂകുകയുംചെയ്തു. മുമ്മൂർത്തികൾപോലും കൊണ്ടാടി ഋഷികൾ പലരും അവിടെ എഴുന്നള്ളി. അതുതന്നെമോക്ഷമെന്നു സിദ്ധന്മാർ ഘോഷിച്ചു. തുളസീദാസൻ സകലദ്വൈതഭ്രമങ്ങളെയും ഉപേക്ഷിച്ച്, ബ്രഹ്മത്തിൽ ലയിച്ച്, ബ്രഹ്മസ്വരൂപമായിഭവിച്ചു ദേവകൾപോലും സ്തുതിക്കയും ദേവസ്ത്രീകൾനൃത്തം ചെയ്കയുംചെയ്തു. തുംബുരുനാരദാദികൾ ഗാനംആരംഭിച്ചു ഹനുമാനെ എല്ലാവരുംവാഴ്ത്തി. വേദിയന്മാരെല്ലാം വേദഘോഷംതുടങ്ങി. വേദഘോഷങ്ങളാലും ദൈവസ്തുതികളാലും, ഹനുമാനും തുളസീദാസനും തങ്ങളുടെആനന്ദനൃത്തംനിർത്തി ബ്രഹ്മാനന്ദത്തിൽ ലയിച്ച്, ദേവർഷികളെ വന്ദിച്ചശേഷം, എല്ലാവരും തുളസീദാസരോടു യാത്രചോദിച്ചുകൊണ്ട്, അവരവരുടെ അസ്ഥാനങ്ങളിലേക്കുപോയി.

ജ്ഞാനോപദേശം അദ്ധ്യായം സമാപ്തം.

---

## പത്താം അദ്ധ്യായം.

---

### (ഭഗവാൻ തുളസീദാസൻെറമഠം കാത്തുനിന്നതു്)

സിദ്ധോത്തമന്മാരേ! ഹനുമാൻ മുതലായവർ, തങ്ങൾ തങ്ങളുടെ സ്ഥാനം പ്രാപിച്ചശേഷം, കാശീനിവാസികളെല്ലാം തുളസീദാസൻെറ മഠത്തിൽകൂടി, അദ്ദേഹത്തെവണങ്ങി. സ്വാമിൻ! ഞങ്ങളുടെ ഗുരുനാഥൻ നിന്തിരുവടിതന്നെ. സകലവന്ദ്യനായ ജഗന്നാഥനും അങ്ങുതന്നെ. ശുദ്ധസാത്വികമൂർത്തിയും നീതന്നെ. ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കുന്ന തീർത്ഥപാദനും അങ്ങുതന്നെ. എന്നിങ്ങനെ സ്തോത്രംചെയ്തു പുകഴ്ത്തിയപ്പോൾ, തുളസീദാസൻ എല്ലാവരെയും, കരുണാപൂർവ്വം ഉപചരിച്ച്, മഠത്തിൽ താമസക്കാരായ സന്ന്യാസിമാരെ സംഭാവിച്ച്, "ഹേ സാധുക്കളെ! ഈ മഠത്തിലുള്ള സകല മുതലുകളും, ഇന്നുമുതൽ അർത്ഥികൾക്കായി ദാനംചെയ്തുകൊള്ളുകയും, നിങ്ങൾ ഭഗവദ്ധ്യാനത്തോടുകൂടി മൌനനിഷ്ഠന്മാരായി, ആനന്ദിച്ചിരുന്നുകൊൾകയും ചെയ്താലും എന്നാജ്ഞാപിച്ച്, സംഭാഷണം ചുരുക്കി, ഏകാന്തത്തിൽ പ്രവേശിച്ച്, ദാനനിദാനധ്യാനജ്ഞാനസോപാനങ്ങളെക്കടന്ന്, മൌനമായ ബ്രഹ്മത്തിൽ ലയിച്ചിരുന്നു.

ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം രാത്രിയിൽ തുളസീദാസൻെറ മഠത്തിൽ പലനാളായി താമസിച്ചുവന്ന സന്ന്യാസിമാരിൽ നാലുപേർ വിവേകശൂന്യന്മാരായി മഠത്തിലിരുന്ന ചില അത്ഭുതവസ്തുക്കളെ ആരും അറിയാതെ മോഷ്ടിച്ചുകൊണ്ടു ഏകദേശം അർദ്ധരാത്രിസമയമായപ്പോൾ പതുക്കെ വെളിക്കിറങ്ങി. ഉടനേ ഭഗവാൻ ശ്രീരാമരൂപത്തിൽ ലക്ഷ്മണനോടുകൂടി വന്നു വാതുക്കൽനിന്നു അവരെത്തടുത്തു തുളസീദാസൻെറ മുതലുകൾ ദുർമ്മോഹത്താൽ കവർന്നുകൊണ്ടുപോകുന്ന നിങ്ങൾ ആരെടാ? അവിടെ നിൽപിൻ! കാവൽക്കാരായ ഞങ്ങൾ പരിശോധിച്ചല്ലാതെ ദുർമ്മോഹികളായ നിങ്ങളെ വെളിയിൽ വിടുകയില്ല" എന്നു പറഞ്ഞു. അതുകേട്ടു സന്ന്യാസിമാർ ശ്രീരാമലക്ഷ്മണ

ന്മാരാണതട്ടത്തതെന്നുള്ള വസ്തുതയറിയാതെ ആരോ കാവൽകാരായിരിക്കുമെന്നുദ്ദേശിച്ചുവേഗത്തിൽ പിൻവലിഞ്ഞു മഠത്തിൽ കടന്നു അല്പനേരം കഴികെമറെറാരുവഴിയിൽകൂടിവെളിക്കിറങ്ങുന്നതിനായിത്തുടങ്ങി, അവിടെയും മുൻപിലത്തെപ്പോലെ ശ്രീരാമലക്ഷ്മണന്മാർ വന്നുതടുത്തു. "എടാ ദുഷ്ടക്കള്ളന്മാരെ! നിങ്ങൾ തുളസീദാസൻെറ മുതൽ കട്ടുകൊണ്ടെവിടേക്കാണുപോകുന്നത്? നിൽപിനവിടെ എന്നുപറഞ്ഞു ഭയപ്പെടുത്തി.

ഉടനേ സന്യാസിമാർ, ഒരുഭാഗത്തൊതുങ്ങി ഭയത്തോടുകൂടി മഠത്തിൽകടന്നു ഒരുകോണിൽ ഒളിച്ചിരുന്നു. ഇക്കഥ മറ്റുള്ളസന്യാസിമാർ അറിയുന്നതിനുമുമ്പ് അവിടെ നിന്നു കടക്കണമെന്നുദ്ദേശിച്ച്, ഗൂഢമായി വേറൊരുവഴിയിൽകൂടി കാലൊച്ചപോലും കേൾക്കാതെ പതുക്കെ പോകാൻഭാവിച്ചപ്പോൾ അവിടെയും ശ്രീരാമലക്ഷ്മണന്മാർ എത്തിക്കൂടിത്തടുത്തു, എടാ തിരുട്ടുമുട്ടാളന്മാരെ! നിങ്ങൾ എവിടേക്കാണുപോകുന്നത്? നില്പിൻ" എന്നുപറഞ്ഞു. അപ്പോൾ കള്ളന്മാർ ഭ്രമിച്ച് തങ്ങളുടെ കള്ളം വെളിപ്പെട്ടുപോകുമെന്നു നിശ്ചയിച്ചു കാവൽക്കാരെനോക്കി ഹേ സ്നേഹിതന്മാരെ! നിങ്ങൾ ഞങ്ങളെ തടുത്തപമാനിക്കാൻ തുടങ്ങരുത്. ഞങ്ങൾ കട്ടെടുത്ത മുതലിൽ പകുതി നിങ്ങൾക്കു തന്നേക്കാം. ചെങ്ങാതികൾ മിണ്ടാതെ ഞങ്ങളെ വെളിക്കുവിട്ടേക്കണം എന്നുപറഞ്ഞു. ശ്രീരാമലക്ഷ്മണന്മാർ അതുകേട്ടു ഹേ സാധുബ്രാഹ്മണരേ! ഇപ്പോൾ നാം ഭാഗിച്ചെടുക്കാമെന്നു പറഞ്ഞതു നിങ്ങൾ അപഹരിച്ച മുതലോ അപഹരണകർമ്മത്തിൻെറ പാപമോ ഏതാണെന്നുപറയുവിൻ.

ബ്രാഹ്മണർ:—പാപവും മുതലുംനമുക്കുഭാഗംതന്നെ.

ശ്രീരാമ:—അതിനു ഞങ്ങൾക്കു സമ്മതമല്ല. പാപം മുഴുവൻനിങ്ങൾ എടുത്തുകൊണ്ടു മുതലിൽപകുതി ഞങ്ങൾക്കുതന്നാൽമതി.

ബ്രാഹ്മണർ:—അങ്ങനെതന്നെ. എന്നാൽ നിങ്ങൾ മുതൽമാത്രംഭാഗിച്ചെടുത്തുകൊൾവിൻ.

ശ്രീരാമ:—നിങ്ങൾ ബ്രാഹ്മണരായിരുന്നും, പാപകർമ്മം ചെയ്തു, പരമാർത്ഥംപോലെ അറിഞ്ഞിരിക്കുന്ന ഞങ്ങൾ, നിങ്ങൾക്കു ഭയംതന്ന്, ആ പാപകർമ്മത്തിൻെറ ഫലമായ മുതലിൽപകുതി അപഹരിച്ചാൽ പാപം ഞങ്ങൾക്കും വന്നുകൂടും.

അതിനുപരിഹാരമായി, നിങ്ങൾ ഇതുവരെ തപോവൃത്തിയാൽ സമ്പാദിച്ച പുണ്യം മുഴുവൻ വിട്ടുതരാൻ സമ്മതമുണ്ടോ?

ബ്രാഹ്മണർ:—"ഓഹോ എങ്ങനെയോ ചെയ്യാം. വേഗം ഇവിടം വിട്ടൊഴിഞ്ഞുമാറിപ്പോയാൽ മതി നമുക്ക്, അകലത്തെങ്ങാനും ചെന്നിരുന്നു ഭാഗിക്കാം വരുവിൻ"

ശ്രീരാമ:—ഞങ്ങൾ ഈരാജ്യത്തെ രാജാവിൻെറ കല്പനപ്രകാരം തുളസീദാസൻെറ മുതലുകൾ സൂക്ഷിക്കാൻ വന്നുനിൽക്കുന്ന കാവൽക്കാരാണ് അന്ത്യയാമംവരെഞങ്ങൾക്കു ഇവിടംവിട്ടു ഒരടിനീങ്ങാൻ നിവൃത്തിയില്ല. നിങ്ങൾ ഒട്ടുനാളുകൊണ്ടു തുളസീദാസനോടുകൂടിയിരുന്നു ബ്രഹ്മധ്യാനമനുഷ്ഠിച്ചതിൻെറഫലമായി കിട്ടിയതു് കൈയിലിരിക്കുന്ന ആ മുതലുകൾ മാത്രമാണ്. അല്ലേ? ആ കർമ്മത്തിൻെറ പാപവുമാണു. അല്ലേ?

ബ്രാഹ്മണർ:—കൊള്ളാം വ്യഭിചാരണിക്കു പാതിവ്രത്യധർമ്മം പറഞ്ഞുകൊടുക്കുന്നതുപോലെ കള്ളന്മാരായ ഞങ്ങളോടു ഈ തത്വജ്ഞാനമൊക്കെയെന്തിനാണു പറയുന്നതു? മറ്റുള്ള സന്യാസിമാരറിഞ്ഞാൽ ഞങ്ങളുടെ മാനംപോയി. ഞങ്ങൾ വേഗംഇവിടെ നിന്നുംപൊയ്ക്കൊള്ളട്ടെ.

രാമലക്ഷ്മ:—നിങ്ങൾമോഷ്ടിച്ചുകൊണ്ടുവന്ന മുതലുകളും ഇതുവരെ ചെയ്തതപസ്സിൻെറ പുണ്യവും മുഴുവൻ ഞങ്ങൾതന്നു പാപംമാത്രം നിങ്ങൾകൊണ്ടുപൊയ്ക്കൊള്ളാമെങ്കിൽ വിട്ടയയ്ക്കാം. അല്ലാതെ വിട്ടയയ്ക്കാൻപാടില്ല.

ബ്രാഹ്മണർ:—നിങ്ങൾ മഹാദുരാഗ്രഹികൾതന്നെ. നിങ്ങളെയാണോഇവിടെപ്പിടിച്ചുകാവലാക്കിയിരിക്കുന്നതു? പെരുംകള്ളന്മാരായ നിങ്ങൾക്കു മുതൽഭാഗമേതരാൻ നിവൃത്തിയില്ല. പിന്നെയല്ലേപുണ്യംതരുന്നതു്?

ശ്രീരാമ:—ഇതെന്തുകൃത്താണു, ഭാഗംതരാമെന്നുനിങ്ങളല്ലേ ബലാൽ ഇങ്ങോട്ടുപറഞ്ഞതു? അങ്ങനെപറഞ്ഞു ഞങ്ങളെ കള്ളരാക്കിത്തീർത്തിട്ടു ഇപ്പോൾ തരികയില്ലെന്നോ പറയുന്നതു. ഏതായാലും ഞങ്ങൾക്കു ഭാഗം വേണ്ടാ പുണ്യവും വേണ്ടാ. ഉത്തമോത്തമനായ തുളസീദാസന്റെ മുതലുകൾ അദ്ദേഹത്തിനു തിരിച്ചുകൊടുപ്പിക്കേണ്ട ചുമതലയെ ഞങ്ങൾക്കുള്ളു.

ബ്രാഹ്മണർ:—അഹോ! ഈ അവസരത്തിൽ ഞങ്ങളെ വിട്ടയയ്ക്കാതെകള്ളരെന്നു വരുത്തിക്കൂട്ടുന്നതു കഷ്ടമാണു്. ഏതായാലും ഞങ്ങളെ വിട്ടയയ്ക്കണമെന്നപേക്ഷിക്കുന്നു.

ശ്രീരാമ:—കൊള്ളാം—വിട്ടയയ്ക്കണമെന്നോ പറഞ്ഞതു? വ്യഭിചാരികളുടെയും കള്ളന്മാരുടെയും പക്കൽ വ്യാജം, കൊല, നിന്ദ കോപംമുതലായവ അധിവസിക്കുന്നു. അതിനാൽ കള്ളന്മാർ ഈ ലോകത്തിൽവച്ചു നിന്ദ്യന്മാരും നീചന്മാരുമാകുന്നു. അവരെ കഴിയുന്നത്ര ശിക്ഷിക്കാതെ വിട്ടയയ്ക്കുന്നവരാരുംതന്നെയില്ല. നിങ്ങളെ ഇങ്ങനെ വിട്ടയച്ചാൽ ഞങ്ങൾക്കു കുററമുണ്ടു. അതുകൊണ്ടു നിങ്ങൾ ഈ രാത്രി വെളിക്കുപൊയ്ക്കൂടാതന്നെ.

ബ്രാഹ്മണർ:—ഹേ സ്നേഹിതന്മാരേ! ഞങ്ങളുടെ ഈ ഹീനകൃത്യം വെളിക്കറിയിക്കാതെ വിട്ടയച്ചാൽ, നിങ്ങൾക്കു ഞങ്ങൾചെയ്തപുണ്യവും ഈ മുതലുംമുഴുവൻ തന്നേക്കാം.

ശ്രീരാമ:—വ്യഭിചാരികളേയും കള്ളന്മാരേയും, വിട്ടയയ്ക്കരുതെന്നു വേദവിധിയുണ്ടു്. അതുകൊണ്ടു പൊയ്ക്കളയാമെന്നാലോചിക്കണ്ടാ.

ബ്രാഹ്മണർ:—ഞങ്ങൾ ബ്രാഹ്മണരാകയാൽ, ഞങ്ങളുടെ കുററത്തെ നിങ്ങൾ സഹയംക്ഷമിക്കണം.

ശ്രീരാമ:—വ്യഭിചരിച്ച അഹല്യയേയും തപസ്സുചെയ്ത അഷ്ടവസുക്കളേയും ശാപത്തിലകപ്പെടുത്തിയതല്ലാതെ വിട്ടയച്ചുവോ? അങ്ങനെയുള്ളവരെ വിട്ടയയ്ക്കുന്നവർക്കു പാപമുണ്ടെന്നാണു് ശാസ്ത്രം. അതുകൊണ്ടു നിങ്ങളെ ഇനി വിട്ടയയ്ക്കുമെന്നു സ്വപ്നേപിവിചാരിക്കേണ്ടാ.

ബ്രാഹ്മണർ:—ഞങ്ങൾക്കിങ്ങനെ ഒരബദ്ധംവന്നുപോയതാണു്. ഇനി മരണപര്യന്തം ഞങ്ങൾ മോഷണത്തിനൊരുങ്ങുകയില്ല.

ശ്രീരാമ:—കണ്ണില്ലാത്തവർ വഴിയറിയാത്തതുപോലെ, ശാസ്ത്രമറിയാത്തവരാണു തെററായിപ്രവൃത്തിക്കുന്നതു്. നിങ്ങൾ വേദംപഠിച്ചവരായിരുന്നിട്ടും ഈ ഹീനപ്രവൃത്തിക്കൊരുങ്ങിയതുകൊണ്ടു്, നിങ്ങളെ ഇനിവിട്ടയയ്ക്കാൻ നിശ്ചയിച്ചിട്ടില്ല. വേഗം മഠത്തിനുള്ളിലേക്കുതന്നെപോകുവിൻ എന്നുപറഞ്ഞുനിർബന്ധിച്ചു. ഉടനേ ആ ബ്രാഹ്മണർ, തങ്ങൾ അപഹരിച്ചുകൊണ്ടുവന്ന വസ്തുക്കളെല്ലാം അവിടെ ഇട്ടുംവച്ചു പലവഴിക്കോടിക്കളഞ്ഞു. ഉടനേ ശ്രീരാമാദികൾ പുറകെ ഓടി അവരെ ഓരോരുത്തരേയും പിടിച്ചു തിരിച്ചുകൊണ്ടുവന്നു്, അപഹരിച്ചവസ്തുക്കൾ അവരെവരെക്കൊണ്ടു ചുമപ്പിച്ചു്, എടാ കള്ളന്മാരെ! നിങ്ങൾ കണ്ടവരുടെ മുതൽമോഷ്ടിച്ചുംവച്ചോടിപ്പൊയ്ക്കളയാനാണോ ഭാവിച്ചതു്. മോഷണംചെയ്തുംവച്ചു്, അപഹരിച്ചമുതലും തപഃപുണ്യവും തന്നുകളയാമെന്നുപറഞ്ഞു, നിങ്ങൾ ഞങ്ങളെ വശീകരിക്കാൻ ശ്രമിച്ചു, നിഷ്ഠുരന്മാരും നിന്ദ്യന്മാരുമായ നിങ്ങളുടെ പുണ്യവും പാപത്തിനുതുല്യംതന്നെ. എന്നുപറഞ്ഞു കഴുത്തിൽപിടിച്ചുംകൊണ്ടു്, “ഇതാ മഠത്തിൽ കള്ളന്മാർകയറിയേ! കള്ളന്മാർ” എന്നുകൂക്കിവിളിച്ചു. മഠത്തിൽകിടന്നവർ ഉണർന്നുവന്നു കള്ളന്മാരെപ്പിടിച്ചുകൂട്ടുന്നതുകണ്ടുംകൊണ്ടു തൽക്ഷണം മറഞ്ഞുകളഞ്ഞു.

കള്ളന്മാരെ അവർ പിടിച്ചുകൊണ്ടുപോയി വിളക്കിൻവെളിച്ചത്തു നോക്കിയപ്പോൾ, തങ്ങളുടെ കൂട്ടുക്കാരായ ചില സന്യാസിമാർതന്നെ ആണെന്നുകണ്ടു്, കോപത്തോടും അപഹാസത്തോടും “എടാ സ്വാമിദ്രോഹികളേ! ഗുരുദ്രോഹികളേ ഇതാണോ നിങ്ങളുടെ സന്യാസം?” എന്നുപറഞ്ഞു്, മുറയ്ക്കു ‘പ്രഹരാദികഷായം’ സേവിപ്പിച്ചു. അനന്തരംഅവരെ ആ മുതലോടുകൂടിപ്പിടിച്ചുതള്ളിക്കൊണ്ടുപോയി തുളസീദാസന്റെമുമ്പിൽ നിർത്തി,

സ്വാമി! ഈ മൂഢാത്മാക്കൾ അവരവൎക്കാവശ്യമുള്ള സാമാനങ്ങൾ ചോദിച്ചുവാങ്ങിക്കൊണ്ടുപോകാതെ, കള്ളന്മാരെപ്പോലെ മോഷ്ടിച്ചുകൊണ്ടോടാൻ ഭാവിച്ച ദുഷ്ടന്മാരാണ്. ഇവരെ കാവൽക്കാർ കണ്ടെത്തിപ്പിടികൂടി. അവർ ഞങ്ങളുടെപക്കൽ ഏല്പിച്ചുംവച്ചു പോയി. നേരംവെളുത്തിട്ടിവരെ രാജധാനിയിൽകൊണ്ടേല്പിക്കയാണു വേണ്ടതു്" എന്നറിവിച്ചു.

തുളസീദാസൻ അതുകേട്ട്, വന്നുപറഞ്ഞ ആ ബ്രാഹ്മണരുടെനേരേ കോപിച്ചു കള്ളന്മാരായ ആ സന്ന്യാസിമാരെ തൊഴുതുപറഞ്ഞു. ഹേ ബ്രാഹ്മണോത്തമന്മാരേ! ഇവർ ചെയ്ത തെററുകളൊക്കെ ക്ഷമിച്ചു, എന്നിൽ കരുണയുണ്ടായി നിങ്ങൾക്കിഷ്ടമായ സാധനങ്ങളൊക്കെ എടുത്തുകൊണ്ടുപൊയ്ക്കൊൾവിൻ!

**കള്ളസന്ന്യാസിമാർ:**—സ്വാമി! ഞങ്ങൾ അങ്ങേ വഞ്ചിച്ചു, ഈമുതലുകൾകൈക്കലാക്കിക്കൊണ്ടുപോകാൻ ശ്രമിച്ചതുകൊണ്ട്, ഈരാത്രിയിൽ പെട്ട പാടൊന്നും പറയാവതല്ല. അതോൎക്കുമ്പോൾ ഉള്ളം നടുങ്ങിപ്പോകുന്നു എന്നുപറഞ്ഞു കിടന്നുകരഞ്ഞുതുടങ്ങി അതുകണ്ടു തുളസീദാസൻ വിഷമിച്ചു്, ഹേ മാന്യജനങ്ങളേ! നിങ്ങൾ അവരവൎക്കിഷ്ടമായ സാധനം എടുത്തുകൊണ്ടുപോയതിനു നിങ്ങളെത്തടുത്തു വെറുതെ കഷ്ടപ്പെടുത്തിയ ദുഷ്ടന്മാരാരാണു്?

ബ്രാഹ്മണർ:—സ്വാമി! നമ്മുടെ മഠത്തും വാതുക്കൽ നില്ക്കുന്ന കാവൽക്കാരാണു തടുത്തതു്. അവരെ ഈ മഠംസൂക്ഷിക്കാൻ രാജാവുതന്നെ കല്പിച്ചാക്കിയിരിക്കയാണെന്നു പറഞ്ഞു. അവർ ഞങ്ങളെ പുറത്തുപോകാൻ സമ്മതിക്കാതെ തടുക്കയും അധിക്ഷേപിക്കയും മററുംചെയ്തെന്നുമാത്രമല്ല, വളരെനേരം ഞങ്ങളെ വഴക്കടിച്ചു വിഷമിപ്പിച്ചു്, ഒടുവിൽ എല്ലാവരെയും വിളിച്ചറിയിച്ചു അവമാനവും ദേഹോപദ്രവുമനുഭവിക്കാനിടയാക്കുകയുംചെയ്തു.

തുളസീദാസൻ, അതുകേട്ടു വിഷണ്ണനായി,—"ഹേസാധുക്കളേ! നിങ്ങളെത്തടുത്തു ബലാൽക്കാരംചെയ്തുവോ? ആ ദുഷ്ടന്മാരാരാണു? അവരെ ഒന്നു കാണിച്ചുതരാമോ! ഇക്ഷണംതന്നെ ഞാൻ അവരെ എൻെറ കൈവാളിനു ഇരയാക്കുന്നുണ്ടു്. എന്നുപറഞ്ഞു തുളസീദാസൻ വാളുമെടുത്തുകൊണ്ടു വാതില്ക്കലേക്കുപോയി. ബ്രാഹ്മണരും കാവൽക്കാരോടു പകവീട്ടണമെന്നുദ്ദേശിച്ചു ഓരോ വടിയുമായി പുറകേ എത്തി. അവർ നാലഞ്ചുദീപയഷ്ടികത്തിച്ചു വെളിച്ചംപരത്തിക്കൊണ്ടു് മഠത്തിൻെറ നാലുവാതുക്കലും ചെന്നുപരിശോധിച്ചു. എന്നിട്ടു കാവൽക്കാരെക്കണ്ടില്ല. "ഇപ്പോൾ ഇവിടെ നിന്നവർ എങ്ങോട്ടാണു പോയതു്. അവരെപ്പിടിച്ചുപിടിയായിക്കൊണ്ടുവരാം" എന്നു പറഞ്ഞു ബ്രാഹ്മണർ പലടിക്കിലും ഓടിനടന്നന്വേഷിച്ചു.

ആ ദുഷ്ടക്കാവൽക്കാരെ വേഗം പിടിച്ചുകൊണ്ടുവരുവിൻ! അവരുടെ ധിക്കാരത്തിനതക്കവണ്ണം അവരെ ഞാൻ ശിക്ഷിക്കുന്നുണ്ടു്. എന്നു തുളസീദാസൻ ബ്രാഹ്മണരോടുഉറക്കെവിളിച്ചുപറഞ്ഞു. പലടിക്കിലും അവർ അന്വേഷിച്ചിട്ടും കാണായ്കകൊണ്ടു മനോവേഗത്തോടെ മടങ്ങിവന്നു തുളസീദാസനോടു വിവരംപറഞ്ഞു.

തുളസീദാസൻ:—നിങ്ങൾ ആ കാവൽക്കാരെ വഴിപോലെകണ്ടുവോ? അവരുടെരൂപം എങ്ങനെയിരിക്കുന്നു? അവരുടെകയ്യിൽവില്ലുആയുധവുമുണ്ടോ? എന്നുചോദിച്ചുഉടനെ,

രൂപം, ഇതാ ഇങ്ങനെയാണു്—ആയുധങ്ങളും ഇതൊക്കെത്തന്നെ. എന്നരുളിച്ചെയ്തു, തങ്ങളുടെ വില്ലമ്പും കെട്ടിക്കൊണ്ടു്, ശ്രീരാമലക്ഷ്മണശത്രുഘ്നന്മാർ തുളസീദാസൻെറമുമ്പിൽ പ്രത്യക്ഷരായിനിന്നു. നിൻെറ സാമാനങ്ങൾ മോഷ്ടിച്ചുകൊണ്ടുപോയ സന്ന്യാസിബ്രാഹ്മണരെ തടുത്തുപിടിച്ചുപദ്രവിച്ചതു ഞങ്ങൾതന്നെയാണു്. വേണമെങ്കിൽ കൈവാൾകൊണ്ടു വെട്ടിക്കൊൾക, എന്നരുളിച്ചെയ്തു്, തൃക്കൈകളിലിരുന്ന വില്ലമ്പും ദൂരത്തിട്ടുംവച്ചു കുനിഞ്ഞുനിന്നുകൊടുത്തു.

തുളസീദാസൻ ആനന്ദകല്ലോലങ്ങളിൽ മുങ്ങിപ്പൊങ്ങി കൈയിലിരുന്നവാൾ ദൂരെ എറിഞ്ഞിട്ട്, തൊഴുകയ്യോടുകൂടി, സാഷ്ടാംഗം നമസ്കരിച്ചു. ഓം ഹരിഹരി! ഹരേ ജഗദീശ! നരഹരേ...! രാഘവ! യാദവ! ...ധരരക്ഷക! ബ്രാഹ്മണനാഥ! ഇത്യാദി

സ്തോത്രങ്ങൾചൊല്ലി "സ്വാമിൻ തട്ടത്തു നിന്തിരുവടിയാണെന്നറിയായ്കകൊണ്ടാണു" കാവൽക്കാരെ ശിക്ഷിക്കണമെന്നു ഞാൻപറഞ്ഞുപോയതു്. സർവ്വസഹനായ കരുണാനിധേ! നിന്തിരുവടിക്കു അതുമൂലം അപ്രിയമുണ്ടാകരുതു്. കോപാദികളെ നിശ്ശേഷം വർജ്ജിച്ചിരിക്കേണ്ട ധർമ്മത്തെ വിസ്മരിച്ച അടിയന്റെ അപരാധം ക്ഷമിപ്പാറാകണം എന്നപേക്ഷിച്ചുകൊണ്ടു നേത്രങ്ങളിൽ അശ്രുധാര വർഷിച്ചു. ഭക്തവത്സലനായ ഭഗവാൻ തുളസീദാസനെപ്പിടിച്ചു മാറോടുചേർത്താശ്ലേഷിച്ചു് ഹേബ്രഹ്മജ്ഞ! മുക്തിമാർഗ്ഗമർമ്മജ്ഞ നീബ്രഹ്മജ്ഞാനത്താൽ എന്നെവിസ്മരിച്ചുവോ? ആനന്ദാധിക്യത്താലും വിസ്മരിച്ചുവോ? എന്നുചോദിച്ചു.

തുളസീദാസൻ:—ജഗന്നായക! സകലദേവദേവ! നിന്തിരുവടിയല്ലാതെ ബ്രഹ്മം വേറെയുണ്ടോ? നിന്തിരുവടിയുടെ വക്ഷഃസ്ഥലത്തിൽ അധിവസിക്കുന്ന സീതാദേവി ഒഴികെ ആനന്ദംവേറെയുണ്ടോ? വേറുണ്ടെന്നുകരുതുന്നവൎക്കു പരമാർത്ഥബോധമോ മുക്തിയോലഭിക്കുന്നുണ്ടോ? അങ്ങേഭജിക്കുന്നവൎക്കു വല്ലതാഴ്ചയുംഭവിക്കുന്നുണ്ടോ? ഹേ! ഭഗവൻ നിന്തിരുവടിയെ വെട്ടാൻ വാൾ ഈലോകത്തുണ്ടോ? നിന്തിരുവടിയല്ലാതെ മററുവല്ലവരും ഈ പതിന്നാലുലോകത്തുമുണ്ടോ? അല്ലയോഭഗവാനെ! അടിയന്റെ അപരാധങ്ങളെ തപസ്സുപോലെഗണിച്ചു് ദൂഷണങ്ങളേയും ഭൂഷണമായിവിചാരിച്ചു എന്നെരക്ഷിക്കണം. അങ്ങേഭജനത്തിനു ഒരിക്കലുംവിഘ്നംവരാതിരിക്കുന്നതിനു യോഗ്യമായതേതോ അതിനെ എനിക്കുഉപദേശിച്ചു അനുഗ്രഹിപ്പാറാകണം. ഇങ്ങനെ പലവിധത്തിൽ സ്തുതിക്കുന്ന തുളസീദാസനെനോക്കി ഭഗവാൻ "ഹേ ഭക്തശിരോമണേ! നീഅറിയാതെ നിന്റെ മുതലുകൾ മോഷ്ടിച്ചുകൊണ്ടുപോയ കള്ളന്മാരെ ഞങ്ങൾ ഓട്ടിച്ചതല്ലാതെ വേറൊന്നും നിനക്കു അനിഷ്ടമായി പ്രവർത്തിച്ചില്ലല്ലോ. അതുനിനക്കു ഉപകാരമല്ലയോചെയ്തതു്? അതിനു വാളെടുത്തുകോപിച്ചു പുറപ്പെടാൻ എന്തുകാരണം? നിനക്കിത്ര കോപംകൊള്ളാമോ എന്നുചോദിച്ചു.

തുളസീദാസൻ അത്യന്തഖേദവിശ്വാസങ്ങളോടുകൂടി ആനന്ദബാഷ്പംതൂകി ഭഗവാന്റെപാദങ്ങളിൽവീണുകിടന്നു് സ്വാമിൻ! പുണ്ഡരീകാക്ഷ! അനേകയുഗം തപസ്സുചെയ്താലും കാണ്മാൻകിട്ടാത്ത നിന്തിരുവടിയുടെ ദിവ്യദർശനംകൊടുത്തുതിരുമെഴികളാൽഅധിക്ഷേപംചെയ്തതു ഈവിപ്രന്മാരെയാണല്ലോ. അവരെ തൃക്കൈകൾകൊണ്ടു അടിക്കുകയും ചെയ്തുവല്ലോ. ഇനിഇതിൽകൂടുതലായഭാഗ്യം അവൎക്കെന്തൊന്നാണവരാനുള്ളതു്? ഒന്നുമില്ല. അങ്ങനെയുള്ള ഈപുണ്യവാന്മാൎക്കു നാശകരവും നിസ്സാരവുമായ ഈ അല്പസ്വത്തിൽ അഭിലാഷംവരാമോ? ഒരിക്കലുംപാടില്ല. അങ്ങേദർശനത്തേക്കാൾ ഇതുവലുതോ? അങ്ങേതൃക്കൈകൾകൊണ്ടു ഒരുപ്രഹരംനൽകി അടിയനെ അനുഗ്രഹിക്കണമെന്നാഗ്രഹമുണ്ടു്. നിന്തിരുവടിയുടെ ലീലാഗതി തിരിച്ചറിയുന്നതിനു ബ്രഹ്മാദിദേവന്മാൎക്കുപോലും സാദ്ധ്യമില്ലാതിരിക്കുന്നസ്ഥിതിക്കു് അല്പജ്ഞനായ ഞാൻഎന്തറിയാനാണു്? എന്നിങ്ങനെ പലവിധത്തിൽ ധന്യവാദങ്ങൾ വർഷിക്കുമ്പോൾ ശ്രീനാരായണൻ ആശ്രിതന്റെശിരസ്സിൽ തൃക്കൈകൾവച്ചുതലോടി അനുഗ്രഹിച്ചിങ്ങനെപറഞ്ഞു.

തുളസീദാസ! ഈബ്രാഹ്മണർവളരെനാളായി നിന്നോടൊന്നിച്ചു സംസർഗ്ഗംചെയ്യുന്നവരല്ലേ? അതുകൊണ്ടുഅവർ വീണ്ടും അജ്ഞാനത്തിൽമാഴ്കി കർമ്മികളായിഭവിക്കാതെ ഞാൻതടുത്തുവെന്നേയുള്ളു. സത്സംസർഗ്ഗം സിദ്ധിച്ചവർ നരകത്തിൽ പതിക്കുന്നതു നന്നല്ലെന്നുള്ള പരമാർത്ഥംഓർത്താണങ്ങനെചെയ്തതു്. രുഗ്മാംഗദൻ പണ്ടു വിഷ്ണുഭജനംചെയ്തുകൊണ്ടു അവന്റെ പട്ടണത്തിൽ നിവസിച്ച നാവരും വൈകുണ്ഠത്തെ പ്രാപിച്ചില്ലയോ? തുളസീദാസൻ "സ്വാമി! നിന്തിരുവടി പറയുന്നതു പരമാർത്ഥമാണെങ്കിലും "പരോപകാരഃപുണ്യായ പാപായപരപീഡനം" എന്നതത്വത്തെ അനുസ്മരിച്ചു അടിയൻ അത്രയുംപറഞ്ഞുവെന്നേയുള്ളു. ഇത്രത്തോളം കൃപാകടാക്ഷം നിന്തിരുവടിക്കുണ്ടാകത്തക്കവണ്ണം അടിയൻചെയ്തപുണ്യം ഏതാണെന്നറിയുന്നില്ല. അല്ലയോ ലോകദൈവമേ! അരൂപവും ആനന്ദമാത്രവുമായ ബ്രഹ്മം അടിയാരുടെ മനോഗതിക്കനുസരിച്ചുള്ള രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന നിന്തിരുവടിയല്ലാതെ മററുണ്ടോ?—പാരില്ലാതെനീരുണ്ടോ? അ

അല്ലാതെ പരമാത്മദൈവംവേറെയുണ്ടോ? ഉണ്ടെന്നുപറഞ്ഞു അങ്ങേ മായാബന്ധത്തിൽനിന്നു ഒഴിഞ്ഞവരുണ്ടോ? ഹേദേവാധിദേവ! വാസുദേവ! മഹാനുഭാവ! എന്നുസ്തുതിച്ചുവന്ദിക്കുമ്പോൾ ഭഗവാൻ പ്രിയഭക്ത! മോക്ഷാനന്ദനിധാനമേ! ഇനി നിന്റെമുതൽ നിനക്കിഷ്ടമുള്ളവൎക്കു കൊടുത്തുകൊൾക. ഞങ്ങൾ തടുക്കയില്ല. എന്നരുളിച്ചെയ്തശേഷം അന്തർദ്ധാനംചെയ്തു. അനന്തരം തുളസീദാസൻ ഭഗവാന്റെ കൈകൊണ്ടു അടികൊണ്ട ബ്രാഹ്മണരെവന്ദിച്ചു അല്ലയോ മഹാഭാഗ്യവാന്മാരേ! നിങ്ങൾ ഭഗവാന്റെ ദർശനവും പ്രഹരവും ലഭിച്ചപുണ്യവാന്മാരല്ലേ? അദ്ദേഹത്തിന്റെ അധിക്ഷേപങ്ങൾ ശ്രമിക്കുവാൻഇടയായവരല്ലേ? നിങ്ങളുടെപേരിൽ ഭഗവാന് ഇത്രവളരെകാരുണ്യമുണ്ടാവാൻ കാരണമെന്തായിരിക്കാം.അല്ലയോസ്വാമികളെ! വിഷ്ണുമന്മാരെ വളരെനാളായിഭഗവാനെക്കാണാതെയിരുന്നപാപിയായ എനിക്ക്, അദ്ദേഹത്തിന്റെദർശനംതരുവിക്കുന്നതിനുംഅപരിചിതമായനിങ്ങളുടെ തപോമഹിമയെമറ്റുള്ളവൎക്കു കാട്ടിക്കൊടുക്കുന്നതിനുമായിട്ടായിരിക്കാം നിങ്ങൾ നിസ്സാരമായ ഈ മുതൽ മോഷ്ടിച്ചതു്. നിങ്ങളുടെ ഈ മഹിമ ഇതുവരെ അറിയാതെയിരുന്ന എന്റെ അപരാധത്തെ നിങ്ങൾ സദയം ക്ഷമിക്കണം. ഇങ്ങനെയുള്ള നിങ്ങളെ യഥായോഗ്യം പൂജിച്ചു് വയ്ക്കാനിടയാകാഞ്ഞതുകൊണ്ടു്, എനിക്കു മനസ്താപമുണ്ടു്. ഇനിമേൽ നിങ്ങൾ എന്നെക്കൊണ്ടു ശുശ്രൂഷചെയ്യിച്ചു്, മോക്ഷമാർഗ്ഗങ്ങളെ ഉപദേശിച്ചു രക്ഷിച്ചുകൊള്ളണമെന്നപേക്ഷിക്കുന്നു. എന്നുപറഞ്ഞു്, അവരുടെ കൈകൾ പിടിച്ചു്, മഠത്തിനുള്ളിൽ കയറിച്ചെന്നു മഠാധിപതികൾ അവർതന്നെയെന്നും പറഞ്ഞു്, ശ്രീനാരായണനെ സ്തുതിച്ചു്, ബ്രഹ്മാനന്ദത്തിൽലയിച്ചു്, മുക്താവസ്ഥയെ പ്രാപിച്ചു സ്ഥിതിചെയ്തു.

---

## പതിനൊന്നാം അദ്ധ്യായം

### (തുളസീദാസനെപ്പരീക്ഷിച്ച അദ്ധ്യായം.)

അല്ലയോ സിദ്ധന്മാരേ! തുളസീദാസൻ ഇങ്ങനെയിരിക്കുന്നകാലത്തു്, ഒരുദിവസം മമതാദേവി·അനേകം സാധുക്കൾക്കു അന്നദാനം ചെയ്യണമെന്നുദ്ദേശിച്ചു്, സ്വർഗ്ഗവാതിലേകാദശിയുടെ പിറേറദിവസം വലുതായ ഒരു സദ്യയൊരുക്കി, രണ്ടായിരം ബ്രാഹ്മണരെ ക്ഷണിച്ചുവരുത്തി ഭക്ഷണംകൊടുത്തു.

അവർ ഉണ്ടുകൊണ്ടിരിക്കുമ്പോൾ, ഭഗവാൻ, ഒരു വൃദ്ധബ്രാഹ്മണന്റെ വേഷത്തിൽ മഠത്തിനുള്ളിൽ കടന്നുവന്നു്, തുളസീദാസനെവന്ദിച്ചു്, "സ്വാമി! ഞാൻ ഒരു സാധുബ്രാഹ്മണനാണു്. വിശപ്പു സഹിക്കാൻ നിവൃത്തിയില്ല. അല്പം അന്നംതരുവാൻ കരുണയുണ്ടാകണം" എന്നപേക്ഷിച്ചു, ഉടനേ, ബ്രഹ്മണരുടെ ആചാരമനുസരിച്ചു്, അദ്ദേഹത്തെ മററു ബ്രാഹ്മണരുടെ പന്തിയിൽതന്നെയിരുത്തി, ചോറുവിളമ്പി ഉണ്ണാൻ ഭാവിച്ചപ്പോൾ, ആ വൃദ്ധബ്രാഹ്മണൻ മററുള്ളവരെനോക്കി, മാന്യമറയോരേ! നിങ്ങളെല്ലാം അത്യന്തം പരിശുദ്ധന്മാരാണു്. നേരേമറിച്ചു്, ഞാൻ മഹാപാപിയാണു്. അതെന്തെന്നുവച്ചാൽ, ഞാൻ അത്യന്തം ബ്രഹ്മജ്ഞാനിയായ ഒരു ബ്രാഹ്മണനെ അറിവില്ലായ്കയാൽകൊന്നു്, ഒരു ബ്രഹ്മഹത്യ ഏററുകൊണ്ടു്, അതുതീരാനായി ഈ ഗംഗയിൽവന്നു കുളിച്ചപ്പോൾ, വിശപ്പുസഹിക്കായ്കകൊണ്ടിങ്ങോട്ടുവന്നതാണു്. അതിനാൽ നിങ്ങളുടെ പന്തിയിൽ എന്നെയിരുത്തി ഊട്ടുന്നതിനുവല്ല തടസ്സവും ഉണ്ടെങ്കിൽ അതു പറയണം. സത്യംപറയുന്നതു എന്തായാലും നന്നാണല്ലോ" എന്നു പറഞ്ഞു ഉടനേ ബ്രാഹ്മണരെല്ലാം പന്തിയിൽനിന്നെഴുന്നേററു്, അദ്ദേഹത്തെ പിടിച്ചുവലിച്ചു വെളിയിൽകൊണ്ടുപോയി തള്ളാൻഭാവിച്ചു. ഉടനേ, തുളസീദാസൻ അവരെ വിലക്കി, വൃദ്ധബ്രാഹ്മ

ണനെ അടുക്കൽവിളിച്ച് വന്ദനംചെയ്തു പറഞ്ഞു. ഹേ ബ്രാഹ്മണോത്തമ! വേഗം സീതാരാമമന്ത്രം ഉച്ചരിക്കുക. താങ്കളെ ബാധിച്ചിരിക്കുന്ന സകല മഹാപാതകങ്ങളും അതുകൊണ്ടു നീങ്ങും. അതുകേട്ട വൃദ്ധബ്രാഹ്മണൻ അല്പനേരം മൌനം അവലംബിച്ചശേഷം പറഞ്ഞു. ഹേ തുളസീദാസരേ! സാധുജനരക്ഷകരേ! ഇപ്പോൾ താങ്കൾ പറഞ്ഞവാക്കു എന്റെ നാക്കിൽ വരുന്നില്ല. എനിക്കു അതു ഉച്ചരിക്കാൻതോന്നുന്നുമില്ല. എന്തുകൊണ്ടെന്നാൽ ഞാൻ അനേകവേദശാസ്ത്രങ്ങൾ വായിച്ചറിഞ്ഞവനാണ്. അതിലെങ്ങും ഈ നാമം കണ്ടിട്ടില്ലെന്നു മാത്രവുമല്ല, ഇത്രത്തോളം ഉച്ചാരണവിഷമമുള്ള വാക്കുകേട്ടിട്ടുമില്ല. ഒന്നു പറഞ്ഞു നോക്കാമെന്നുവച്ചാൽ വളരെതടസ്സംതോന്നുന്നു. ഇനി, ഞാൻ എന്താ ചെയ്യേണ്ടതു്?" എന്നു്, വിഷമതയിൽ അകപ്പെട്ടതുപോലെ ഭാവിച്ചിരുന്നു. അതുകേട്ട സാധുബ്രാഹ്മണരെല്ലാം അത്ഭുതപ്പെട്ടു്, എല്ലാവർക്കും നിഷ്പ്രയാസമായി പറയാവുന്ന ജയസീതാരാമശബ്ദം, കൊടുംപാപിയായ നിന്റെ നാവിൽ ഉദിക്കുമോ? ബ്രഹ്മഹത്യ മൂടിയിരിക്കുന്ന നിനക്കു്, അതുച്ചരിക്കാൻ സംഗതിവരുമോ? അഥവാ ഉച്ചരിച്ചാലും ഫലപ്പെടുമോ? വേഗം ഇവിടെനിന്നും വെളിക്കിറങ്ങിപ്പോയ്ക്കൊൾക എടാ ദുഷ്ട! ഭ്രഷ്ട! ഞങ്ങളുടെ പന്തിയിൽനിന്നു കിരിക്കാമോ? ചണ്ഡാലന്മാരിലും നികൃഷ്ട! എന്നധിക്ഷേപിച്ചുപറഞ്ഞു. അതുകേട്ട തുളസീദാസൻ അവരുടെ നേരെ കോപിച്ചു്, വൃദ്ധബ്രാഹ്മണന്റെ അരികിൽചെന്നു്, ഹേ ബ്രാഹ്മണശ്രേഷ്ഠ! വേദങ്ങളിൽ ഘോഷിച്ചിരിക്കുന്ന താരകമന്ത്രത്തെ അരുംതന്നെ ഉച്ചരിക്കുന്നതു് അങ്ങുകേട്ടിട്ടില്ലേ? കേട്ടിട്ടില്ലെങ്കിൽ ഞാൻ ഇനിയും ഒരിക്കൽകൂടി പറഞ്ഞുതരാം കേട്ടുകൊൾക" എന്നുപറഞ്ഞു്, അദ്ദേഹത്തിന്റെ കാതിനരികിൽ മുഖംചേർത്തുകൊണ്ടു്, "ജയസീതാരാമ" എന്നുദയചെയ്തുച്ചരിക്കണംഎന്നുപറഞ്ഞു.

മായാബ്രാഹ്മണൻ—ജയ എന്നതു നല്ലശബ്ദംതന്നെ. അതിന്റെ പുറകേനിന്ന രണ്ടുംപറഞ്ഞതു വളരെ നീചമായിരിക്കുന്നു. അതിനാൽ അതു മേലാൽനിങ്ങളും മററാരും തന്നെ ഉച്ചരിക്കരുതെന്നാണെന്റെപക്ഷം. തുളസീദാസൻ അതുകേട്ടു്, അല്പം വെറുപ്പോടെ, ഹേ ബ്രാഹ്മണശ്രേഷ്ഠ! ഈ കാശിയിൽവച്ചു മരിക്കാൻ ഇടയാകുന്ന പരിശുദ്ധന്മാരുടെ വലതുകാതിൽ പരമശിവൻ ഉപദേശിക്കുന്ന തിരുനാമമാണോ നീചമെന്നങ്ങു പറഞ്ഞതു്? അതെന്തുകൊണ്ടു പറഞ്ഞുകൂടാ?

ബ്രാഹ്മണൻ:—മരിച്ച പ്രേതത്തെ ചുമന്നുകൊണ്ടുപോകുംപോഴും മരിക്കുമ്പോഴും പറയുന്ന ഹീനവർത്തമാനം സുഖമായി ജീവിച്ചിരിക്കുമ്പോൾ ഉച്ചരിക്കത്തക്കതാണോ? അമംഗലകാര്യങ്ങൾക്കു ഉപയോഗിക്കുന്നതു മംഗലകാര്യങ്ങൾക്കു നന്നാണോ? ഇനി, ഈ വർത്തമാനമേ പറഞ്ഞിട്ടാവശ്യമില്ല.

തുളസീദാസൻ:—ദിവസംതോറും പരമശിവൻ മുതലായവർ, ജപിക്കുന്ന ഈ ദിവ്യനാമത്തിൽ, അങ്ങേക്കു് ഇത്ര വെറുപ്പിനു സംഗതി എന്തു്? വേറൊന്നുകൊണ്ടു ബ്രഹ്മഹത്തി നീങ്ങുമോ? അതിനാൽ ദയചെയ്തുവേഗത്തിൽ ആ നാമം ഉച്ചരിക്കണം.

ബ്രാഹ്മണൻ:—എനിക്കു കഴികയില്ലെന്നു പറഞ്ഞാൽഇങ്ങനെയൊരുനിർബന്ധമുണ്ടോ? താങ്കൾ പറയുന്നതൊന്നും എന്റെ മനസ്സിൽ കടക്കുന്നില്ല. മനസ്സുമാറിവരുമെന്നും വിചാരിക്കേണ്ട. ഞാൻ ആ നാമം ഉച്ചരിക്കയുമില്ല.

തുളസീദാസൻ:—ഹാ കഷ്ടം! അങ്ങുപിന്നെ ഏതൊരുദേവനെയാണ് ധ്യാനിക്കുന്നതു്?

ബ്രാഹ്മണൻ:—ഞാനോ? ഞാൻ പൂജിക്കുന്നതും ധ്യാനിക്കുന്നതും എല്ലാം പരമശിവനെയാണ്.

തുളസീദാ:—ശിവനെയാണെങ്കിൽ, ഭസ്മം ധരിക്കാതെ നാമക്കുറി ധരിച്ചിരിക്കുന്നതെന്തു്?

ബ്രാഹ്മണൻ:—എന്തോ ഓർമ്മകേടുകൊണ്ടു്, കുറുകേയിടാനുള്ള കുറിനെടുകെ ഇട്ടുപോയിട്ടേയുള്ളു. കുറിയും മററും ഞാൻ അത്രകാര്യമായി വിചാരിച്ചിട്ടില്ല. പ്രധാനമായി ഞാൻ കരുതിയിരിക്കുന്നതു്, ഈശ്വരഭക്തിമാത്രമാണ്.

തുളസീദാ:—അട്ടെ, ശിവനാമം ആയ ഹരശബ്ദവും ശക്തിനാമമായ ഉമാശബ്ദവും ഉച്ചരിക്കുന്നതു കേൾക്കട്ടെ.

ബ്രാഹ്മണൻ:—(വളരെ സന്തോഷത്തോടെ) ഹര, ഹര, ഉമാ എന്നു പലവുരു ജപിച്ചു.

തുളസീദാ:—അതിൽ 'ഹ' എന്നും 'ഉ' എന്നും ഉള്ള അക്ഷരങ്ങൾ രണ്ടും തള്ളി മററക്ഷരങ്ങൾ കൂട്ടിച്ചേർത്തു പറയണം.

ബ്രാഹ്മണൻ;—ഇതെന്തൊരു സംബന്ധം? ജീവാക്ഷരങ്ങളെത്തള്ളി, വ്യഞ്ജനാക്ഷരങ്ങളെ മാത്രമെടുത്തു കൂട്ടിച്ചേർത്തുപറയണമെന്നാണോ അങ്ങു പറയുന്നതു്? ഹരി ജീവാക്ഷരമില്ലാത്ത നാമം ഞാൻ സ്വപ്നത്തിലും ഉച്ചരിക്കയില്ല. തുളസീദാസൻ ഈ ദൃഢനിശ്ചയം കേട്ടു്, ഇനി ബ്രാഹ്മണൻ സഹിക്കയില്ലെന്നുറച്ചു്, ശേഷനാമമന്ത്രം ഒരു പക്ഷെ ഉച്ചരിക്കാൻ കഴിയാത്തവർ, അതുകേട്ടാലും മതിയാകുന്നതാണു്. സകല പാപങ്ങളും നശിക്കും. എന്നുപറഞ്ഞു്, ജയസീതാരാമമന്ത്രത്തെ പലവുരു അദ്ദേഹം ഉച്ചരിച്ചു്, വൃദ്ധനെ കേൾപ്പിച്ചു. അനന്തരം ആ വൃദ്ധബ്രാഹ്മണൻെറ സകലപാപങ്ങളും ഭസ്മമായിപ്പോയിയെന്നും, വിശുദ്ധിയെ പ്രാപിച്ചുകഴിഞ്ഞുവെന്നും, സകല ജനങ്ങളും കേൾക്കെ പ്രസ്താവിക്കയും ആ ബ്രാഹ്മണനെ വന്ദിച്ചു്, സമീപത്തുപിടിച്ചിരുത്തി, മററുള്ള ബ്രാഹ്മണരെല്ലാം അദ്ദേഹത്തോടൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതിനു യാതൊരശുദ്ധിയും ഇല്ലെന്നു ധരിപ്പിക്കയുംചെയ്തു.

അതിനു്, ആ സാധുബ്രാഹ്മണർ സമ്മതിക്കാതെ, "സ്വാമിൻ! ജയസീതാരാമമന്ത്രം ചൊല്ലുന്നതുകൊണ്ടും കേൾക്കുന്നതുകൊണ്ടും പാപങ്ങൾ നശിച്ചുപോകുമോ? അല്ല നശിച്ചാലും മഹാപാപമായ ബ്രഹ്മഹത്യ അതുകൊണ്ടുതീരുമോ? അതു നീങ്ങണമെങ്കിൽ ജപഹോമാദികളും പ്രായശ്ചിത്തങ്ങളും മററും ദീർഘകാലം നിർവ്വഹിക്കേണ്ടയോ? അതൊക്കെ കഴിച്ചതിനുമേലല്ലേ ഞങ്ങളോടൊരുമിച്ചിരുന്നു ഭക്ഷണംകഴിക്കാൻ വിശുദ്ധിയുണ്ടാകയുള്ളു" എന്നുപറഞ്ഞു.

തുളസീദാസൻ:—അതു നിങ്ങളുടെ തെററിദ്ധാരണയാണു്. ഒരുപ്രാവശ്യം രാമനാമം ഉച്ചരിച്ചാലും, അതുകേട്ടാലും ഉടനേ സകലപാപങ്ങളും നശിച്ചുപോകുമെന്നു ശ്രുതിസ്മൃതികളിൽ പറയപ്പെട്ടിരിക്കുന്നവല്ലോ. ഇദ്ദേഹം രാമനാമമന്ത്രം പലവുരുകേട്ടു ആ ഉള്ളോ? ഇനിയുംബ്രഹ്മഹത്യനീങ്ങാതെ അദ്ദേഹത്തെ ബാധിച്ചിരിക്കുന്നുവോ?

ബ്രാഹ്മണൻ:—"ജന്തുക്കളെല്ലാമൊക്കാം ഒന്നും കൊല്ലരുതല്ലാ" എന്നാണുശാസ്ത്രം. അങ്ങനെ കൊന്നാൽ അതിനുതക്ക പ്രായശ്ചിത്തംചെയ്യണം. അല്ലാതെ പാപംനശിക്കയില്ലതന്നെ. ആ പ്രായശ്ചിത്തം പലനാളത്തെ ജപഹോമാദികളാൽ അനുഷ്ഠിക്കപ്പെടേണ്ടതാകുന്നു. എന്നാണു വേദവിധി; എന്നുമാത്രമല്ല സ്ത്രീഹത്തി; ശിശുഹത്തി, ഗോഹത്തി മുതലായ പാപങ്ങളെക്കാൾ എത്രയോമഹാപാപമാണു് ബ്രഹ്മഹത്തി. പതിവ്രത തന്നെയറിഞ്ഞ ജീവന്മുക്തൻ, പരമഭക്തൻ എന്നിവരുടെ മനസ്സുവേദനപ്പെടുത്തുകപോലുംചെയ്യരുതെന്നു ശാസ്ത്രമുണ്ടു്. ആ സ്ഥിതിക്കു് ബ്രഹ്മജ്ഞനായ ഒരു ബ്രാഹ്മണനെ ഈ പാപി കൊന്നപാപം എത്രയോ മഹത്തരമാണു്. അതെളുപ്പത്തിൽ നശിക്കുന്നതാണോ? ഇവനെ നമുക്കു തീണ്ടാൻ പാടില്ലെന്നാണു് ഞങ്ങൾക്കുതോന്നുന്നതു്. പിന്നെവേണ്ടേ പന്തിഭോജനം കഴിക്കാൻ? അതിപാപിയായ ഇവൻെറ നാവിൽ രാമമന്ത്രം ഉദിക്കുമോ?

തുളസീദാസൻ:—ഹേ ബ്രാഹ്മണരേ! ഇദ്ദേഹം ഹര! ഹര! ഉമാ ഉമാ എന്നു പലപ്രാവശ്യം പറഞ്ഞതു നിങ്ങൾ കേട്ടില്ലേ? ഹര, ഉമാ, ശബ്ദങ്ങൾചേർന്നാൽ, രാമാ എന്ന താരകമന്ത്രമായി. ദശരഥനു പുത്രനായി ജനിച്ച മഹാവിഷ്ണുഭഗവാനു ഏതൊരുനാമം വിധിക്കേണ്ടു എന്നാലോചിച്ച വസിഷ്ഠമഹർഷി, ഹര, എന്ന ഈശ്വരനാമത്തേയും ഉമാ എന്ന പാർവ്വതിനാമത്തേയും ഒന്നായിച്ചേർത്തു രാമ, എന്നു പേരിട്ടതാണു്. നിങ്ങൾക്കു രാമനാമത്തിൻെറ മഹിമ അറിഞ്ഞുകൂടയോ? അതെക്കുറിച്ചിങ്ങനെ വാദിക്കുന്നതെന്താണു്?

മുനിജനങ്ങളുടെ മനസ്സിൽ രമിക്കശീലമായ ശ്രീരാമചന്ദ്രന്റെ നാമധേയത്തിന്റെ ഫലംപറവാൻ ആരെക്കൊണ്ടു സാധിക്കും? അതെന്താണെന്നു പറയാം. രാ, ശബ്ദം സകലപാപങ്ങളെയും വെളിപ്പെടുത്തുകയും മാശബ്ദം അതുകളെയെല്ലാം ഭസ്മമാക്കുകയും ചെയ്യുന്നു. അതിനു ദൃഷ്ടാന്തം, രാ വാതിൽതുറക്കുകയും മാ, വാതടയ്ക്കുകയുമല്ലെ ചെയ്യുന്നതു്. ഹേ സാധുക്കളെ! രാ, ആദിശിവൻ, മാ, ആദിശക്തി — മറെറാരുപക്ഷത്തിൽ, രാ പരബ്രഹ്മം മാ ചിച്ഛക്തി; ഇനിയുമൊരു പക്ഷത്തിൽ രാ ആത്മാവു് മാ, ജീവൻ, രാ, എന്നതു പരബ്രഹ്മവാചിയും മാ എന്നതു്, മായാവാചിയുമാണെന്നും പക്ഷമുണ്ടു്. രാ, എന്നാൽ പാപങ്ങൾ അടുക്കയില്ലെന്നും, മാ, എന്നാൽ കാലനടുക്കയില്ലെന്നും അർത്ഥം പറഞ്ഞുവരുന്നു. രാമശബ്ദത്താൽ കാലപാശം ഭസ്മീഭവിക്കും. നരകവേദനകൾ നീങ്ങിപ്പോകും. കുഷ്ഠം മുതലായ മഹാവ്യാധികൾ ശമിക്കും മായാമോഹങ്ങൾ നീങ്ങി അഷ്ടൈശ്വര്യസിദ്ധിയുണ്ടാകും. സകലഅഭീഷ്ടങ്ങളും സാധിക്കും. ബ്രഹ്മഹത്യമുതലായ മഹാപാപങ്ങളെല്ലാംഭസ്മമായി ധൂളിച്ചു മുക്തിപദവും സിദ്ധിക്കും. ആയുർവൃദ്ധി, വിദ്യാവൃദ്ധി ഇതുകളെല്ലാം സംഭവിക്കും. ശ്രീരാമനാമംതന്നെ താരകമന്ത്രം- സകലകർമ്മബന്ധങ്ങളേയുംക്ഷയിപ്പിക്കുന്നദിവ്യമന്ത്രവുമതുതന്നെ. മോക്ഷസിദ്ധിക്കും ഉത്തമമായ ആ ദിവ്യമന്ത്രനാദംതന്നെയാണു് സകലചരാചരങ്ങളിലും വ്യാപിച്ചിരിക്കുന്ന പരമാത്മാവു്”

ഇപ്രകാരമെല്ലാം തുളസീദാസൻ പറഞ്ഞിട്ടും, ബ്രാഹ്മണർക്ക് സമ്മതംവരായ്കകൊണ്ടു ബ്രഹ്മഹത്യാപാപത്തോടുകൂടിയ ബ്രാഹ്മണനു ഉണ്ണാനായിഇട്ടഇല അദ്ദേഹംകയ്യിലെടുത്തു്, ഹേസാധുക്കളേ! നിങ്ങൾക്കു രാമനാമത്തിന്റെമഹിമപറഞ്ഞിട്ടു മനസ്സിലാകുന്നില്ലെങ്കിൽ, അതിന്റെ പരീക്ഷ കാണിച്ചുതരാം വരുവിൻ!—”എന്നുപറഞ്ഞുകൂട്ടിക്കൊണ്ടുപോയി, ശ്രീകൈലാസവാസിയായ പരമശിവൻ സന്നിധാനം ചെയ്തരുളുന്ന തൃക്കോവിലിൽ പ്രവേശിച്ചു്, ശിലാരൂപമായ വൃഷഭപ്രതിമയുടെ മുമ്പിൽ ആ ഇലവച്ചു്, ശിവനെ സാഷ്ടാംഗനമസ്കാരംചെയ്തു. ഓം ഹരഹരമഹാദേവ! വാമദേവ! നീലകണ്ഠ! ഗംഗാധര! ശംഭോ!ശങ്കര! കൃത്തിവാസ!വൃഷവാഹന! മദനദഹന! കൈലാസസദന!ത്രിപുരദഹന! ഉമാപതേ പശുപതേ! സർപ്പാഭരണ! സർവ്വപാപഹരണ! കാലകാല! ത്രിശൂല! ആദിമൂർത്തേ! ശശിധര! ജടാധര! എന്നിങ്ങനെ പലവിധത്തിൽ സ്തുതിച്ചു. അനന്തരം പുരോഭാഗത്തു സ്ഥിതിചെയ്യുന്ന വൃഷഭരൂപനായ നന്ദികേശ്വരനെ സ്തുതിച്ചു. ഹേനന്ദികേശ! രാ എന്നതു പരമശിവനും മാ എന്നതു ആദിശക്തിയും അല്ലെങ്കിൽ ആ ശക്തിശിവന്മാർതന്നെ ആദിമൂലപ്പൊരുളായ ശ്രീമന്നാരായണനുമാണെങ്കിൽ, രാ എന്ന അക്ഷരത്താൽതന്നെ ബ്രഹ്മഹത്തിമുതലായ പാപങ്ങൾ നീങ്ങുമെന്നുള്ളതു സത്യമാണെങ്കിൽ ഈ ഇലയിൽ ഇരിക്കുന്ന ചോറുമുതലായ പദാർത്ഥങ്ങൾഎല്ലാം നിന്തിരുവടിഭുജിച്ചു്,ഈ സാധുക്കളുടെ സന്ദേഹത്തെനീക്കി, ബ്രഹ്മഹത്യചെയ്ത ബ്രാഹ്മണനെ കൃതാർത്ഥനാക്കി, രാമമന്ത്രത്തിന്റെ ഫലത്തെ പലർക്കും ബോധപ്പെടുത്തി, എന്നെ രക്ഷിക്കമാറാകണം എന്നപേക്ഷിച്ചമാത്രയിൽ, ശിലാരൂപമായ ആ വൃഷഭം എഴുന്നേററുനിന്നു്; പലമുക്രശബ്ദങ്ങൾ പുറപ്പെടുവിച്ചു്, ബ്രാഹ്മണരൂപമായി നില്ക്കുന്ന ദേവനെനോക്കി, മുൻകാലുകൾ നീട്ടി തലകുനിച്ചുതൊഴുതു. അന്നംമുതലായ പദാർത്ഥങ്ങൾ അതിരുന്ന ഇലയോടുകൂടിഭക്ഷിച്ചു് ചാണകവും ഇട്ടുവീണ്ടും പഴയപടി കിടന്നപ്പോൾ, രാമനാമമാഹാത്മ്യംബ്രാഹ്മണർക്കെല്ലാം ബോധപ്പെടുകയും ദേവകൾ ദുന്ദുഭിയടിച്ചു്, പൂമാരി തൂകുകയുംചെയ്തു.

തുളസീദാസൻ, അനന്തരം നന്ദികേശ്വരനേയും പരമേശ്വരനേയും, വന്ദിച്ചു. ബ്രാഹ്മണരെനോക്കി, ഹേ സാധുക്കളേ! രാ എന്ന അക്ഷരത്താൽ സകലപാപങ്ങളുംനീങ്ങുമെന്നുള്ളതിനു ഈ വൃഷഭംകാട്ടിയ ദൃഷ്ടാന്തം പോരെന്നുണ്ടോ? ഇനിയും, ഈ ബ്രാഹ്മണനു അപവാദം പറവാൻ ഒരുക്കമുണ്ടോ? കരിമ്പു കൈയിലിരിക്കുമ്പോൾ, നായ്ക്കണയെ അന്വേഷിച്ചുപോകുന്നതുപോലെയല്ലേഇതു്? ആദിത്യൻ പ്രകാശിച്ചുനില്ക്കുമ്പോൾ വെളിച്ചത്തിനു ദീപം അന്വേഷിച്ചുപോകണമോ? ശ്രീരാമമന്ത്രം ഉച്ചരിക്കാൻ കഴിവുള്ളപ്പോൾ, പാപശാന്തിക്കായിഹോമങ്ങളും പ്രായശ്ചിത്തങ്ങളും ചെയ്യേണ്ട ആവശ്യമുണ്ടോ?നി

ങ്ങൾ അതേക്കുറിച്ചു വളരെനേരം വെറുതേ ശങ്കിച്ചില്ലേ? ഈ സാധുബ്രാഹ്മണനെ ആധിക്ഷേപിച്ചില്ലേ? എന്റെവാക്കു വിശ്വസിക്കാതെയിരുന്നില്ലയോ? രാ എന്ന അക്ഷരത്തിന്റെ മഹിമ ഇത്രത്തോളമുണ്ടെങ്കിൽ, രാമമന്ത്രത്തിനു എത്രമാത്രം മാഹാത്മ്യം ഉണ്ടായിരിക്കും? രാമനാമത്തെ ഭക്തിപൂർവം ഭജിക്കുന്നവർക്കു പാപസംബന്ധമുണ്ടാകുമോ? അവരെ കാലൻ തീണ്ടുമോ?" എന്നിങ്ങനെ പലവിധത്തിൽ പ്രശംസിച്ചു്, ആനന്ദനൃത്തം ചെയ്തുതുടങ്ങി. ബ്രാഹ്മണരെല്ലാം അതുകേട്ടു്, ആശ്ചര്യപരതന്ത്രന്മാരായി, ജയസീതാരാം ജയസീതാരാം എന്നുച്ചരിച്ചു്, ആനന്ദനൃത്തം ആരംഭിച്ചു. അനന്തരം തുളസീദാസനെ വന്ദിച്ചു്, സ്വാമി! രാമനാമത്തിന്റെ മഹിമകൊണ്ടു സകലപാപങ്ങളും ശേഷിച്ചുപോകുമെന്നുള്ളതു്, ഞങ്ങൾക്കിപ്പോൾ ബോധ്യപ്പെട്ടിരിക്കുന്നു. ഇനി, ഈ വൃദ്ധബ്രാഹ്മണന്റെമേൽ പാപസംബന്ധമേയില്ലെന്നുള്ളതു ഞങ്ങൾ സമ്മതിക്കുന്നു. ഇനി, അദ്ദേഹത്തോടൊരുമിച്ചിരുന്നു്, ഊണുകഴിക്കാൻ നമുക്കുപോകാം എന്നുപറഞ്ഞു കൂട്ടിക്കൊണ്ടു മഠത്തിൽവന്നു. ബ്രാഹ്മണരെല്ലാം, വൃദ്ധബ്രാഹ്മണനെ വന്ദിച്ചു് തുളസീദാസനെ ഭഗവാനാണെന്നു തീരുമാനിച്ചു് വൃദ്ധബ്രാഹ്മണനേയും തങ്ങളുടെ പന്തിയിൽതന്നെയിരുത്തി. ഭക്ഷണംകഴിച്ചെഴുനേററശേഷം, വൃദ്ധനെ ഭസ്മം അണിയിച്ചുവന്നു് തങ്ങൾ എല്ലാവരും ചന്ദനംപൂശി, തങ്ങൾക്കെത്തിയ ഭാഗ്യാതിരേകത്തെ പുകഴ്ത്തുകയും, അതു തുളസീദാസന്റെ കടാക്ഷമാണെന്നു പ്രസ്താവിക്കുകയും ചെയ്തശേഷംതുളസീദാസനെയുംമഹാവിഷ്ണുദേവനെയും, നിരവദ്യങ്ങളായ കീർത്തനങ്ങളാൽ സ്തുതിച്ചു്, അജ്ഞാനം നീങ്ങിശുദ്ധഹൃദയന്മാരായി, അദ്വൈതാനന്ദാനുഭൂതിയോടുകൂടി, യാതൊരു ചലനവും ഇല്ലാതെ ഇരുന്നു.

അപ്പോൾ, മായാവേഷധാരിയായ ഭഗവാൻ അത്യന്തം, പ്രസന്നനായി, ഇവർ ജ്ഞാനദൃഷ്ടിയാൽ എന്നെ അറിഞ്ഞുകളുമോ എന്നുള്ള സന്ദേഹത്തോടുകൂടി ഇടയ്ക്കിടെകണ്ണുകളെ തുറന്നുനോക്കുകയും അടയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ സന്ധ്യയാകുന്നതുവരെ എല്ലാവരും നിഷ്ഠയിലിരുന്നശേഷം, സമാധിയിൽനിന്നു വിരമിച്ചു്,സന്ധ്യാവന്ദനത്തിനായി ഗംഗയിലേക്കുപോയി. ആ അവസരത്തിൽ മമതാദേവി, ദിവസംതോറും കാലത്തും വൈകുന്നേരവും, വന്നുതുളസീദാസനെ വന്ദിച്ചുപോകുന്ന പതിവനുസരിച്ചു അന്നുംവന്നു് തുളസീദാസനെയും അരികിലിരിക്കുന്ന വൃദ്ധബ്രാഹ്മണനേയും വന്ദിച്ചു.

ഉടനേ, വൃദ്ധബ്രാഹ്മണൻ മമതാദേവിയിൽ ആസക്തനായതുപോലെ അഭിനയിച്ചു കാമലീലയ്ക്കു താൽപര്യമുണ്ടെന്നു നിർല്ലജ്ജം പ്രസ്താവിക്കയും ആശാവേശത്താൽ മൂർച്ഛിതനായി താഴെപ്പതിക്കുകയും ചെയ്തു.

ഉടനേ, തുളസീദാസൻ പരിഭ്രമിച്ചെഴുനേററു്, ആ ബ്രാഹ്മണനെ വണങ്ങി, ഭാര്യയെക്കൊണ്ടു പനനീർകൊണ്ടുവരുവിച്ചു്, അദ്ദേഹത്തിന്റെമേൽ തളിച്ചുവീശി മൂർഛ പോക്കി. ബോധംതെളിഞ്ഞപ്പോൾ; ബ്രാഹ്മണൻ പറഞ്ഞു. "ഹേ തുളസീദാസരെ! ഈ സ്ത്രീയിൽ എനിക്കു ആസക്തി ജനിച്ചിരിക്കുന്നു. ഇവൾ അങ്ങയുടെ ഭാര്യയായിരുന്നാലും അവളെ എനിക്കു ഇണങ്ങത്തക്കവണ്ണം പറഞ്ഞുസമ്മതിപ്പിച്ചു തരണമെന്നപേക്ഷിച്ചു.

അതുകേട്ടു തുളസീദാസൻ, സാധുബ്രാഹ്മണനറിഞ്ഞാൽ കഷ്ടമുണ്ടെന്നു നിശ്ചയിച്ചു് ചുററുംനോക്കി, ആരുമില്ലെന്നുകണ്ടു് വന്ദനംചെയ്തു"ഹേ ബ്രാഹ്മണോത്തമ! സാധുക്കൾ ഇക്കഥയറിഞ്ഞാൽ സാമുദായികമര്യാദയെലംഘിക്കുന്ന അപരാധം ചുമത്തിയെന്നുവന്നേക്കാം. അന്യസ്ത്രീയെ പുരുഷനും അന്യപുരുഷനെ സ്ത്രീയും കാമിക്കുന്നതു ശാസ്ത്രവിരുദ്ധമാണല്ലോ. എങ്കിലും വന്ദ്യന്മാരായ ബ്രാഹ്മണരുടെ അപേക്ഷകൾ സാധിച്ചുകൊടുത്ത കുലസ്ത്രീകൾ പണ്ടുമുണ്ടായിട്ടുണ്ടു്. എന്നാലും കഴിയുന്നതും പരസ്യമാക്കാതെയിരുന്നാൽ, നാലഞ്ചുനാഴികയിരുട്ടിയതിനുശേഷം, അസ്ത്രീയെ അങ്ങേഅഭിലാഷത്തിനധീനയാക്കിച്ചെയ്യാം. ധൃതിപ്പെടാതിരുന്നാൽമതി" എന്നറിയിച്ചു.

ബ്രാഹ്മണൻ കുറേനേരം മൌനംദീക്ഷിച്ചിരുന്നശേഷം, സന്ധ്യാവന്ദനത്തിനുപോ

യ ബ്രാഹ്മണരെല്ലാം തിരിച്ചുവന്നുവെന്നു കണ്ടപ്പോൾ, തുളസീദാസനെ നോക്കിത്തൊഴുതുകൊണ്ടു്, "സ്വാമിൻ! ഭേദഭ്രമമില്ലാത്ത ബ്രഹ്മജ്ഞാനിൻ! എനിക്കു അശേഷം ക്ഷമിക്കാൻ ശക്തിയില്ല. ഇപ്പോൾ ആ സ്ത്രീ എവിടെയിരിക്കയാണു? വേഗം പറയണം" എന്നു പറഞ്ഞു.

മററുള്ളവർ കേൾക്കരുതെന്ന അർത്ഥത്തിൽ തുളസീദാസൻ അംഗ്യംകാണിച്ചുവിലക്കുകയും മിണ്ടാതിരിക്കണമെന്നപേക്ഷിക്കുകയുംചെയ്തു. അതിനുമറുപടിയായി വൃദ്ധബ്രാഹ്മണൻ:—"ഹേ തുളസീദാസ! കാമദേവനെച്ചുട്ട പരമശിവൻപോലും ഗംഗാദേവിയെക്കാമിച്ചു്, എന്തെല്ലാം ഗോഷ്ഠികൾ കാണിച്ചുപോയി. ആ സ്ഥിതിക്കു് എന്റെ ഈ ചാപല്യം ക്ഷന്തവ്യമല്ലേ? ആ മമതാദേവി ഇപ്പോൾ എവിടെയാണു് പോയതു്? എന്നെ മോഹിപ്പിച്ചിട്ടുംവച്ചു മറഞ്ഞുകളഞ്ഞോ? എനിക്കു ഉണ്ടായ കാമവികാരം ഈ സാധുക്കൾക്കു വരികയില്ലയോ?" എന്നിങ്ങനെ പശുവിനെക്കണ്ട കാളയെപ്പോലെയും, കുരങ്ങിപ്പെണ്ണിനെക്കണ്ട കുരങ്ങനെപ്പോലെയും ചപലനായി ഭ്രാന്തനെപ്പോലെ എഴുന്നേററു ചുററിയോടി മമതാദേവിയെ അന്വേഷിച്ചുതുടങ്ങി.

ബ്രാഹ്മണർക്കു്, ഈ ദുരാചാരം തീരെ സഹിച്ചില്ല. അവർ വൃദ്ധന്റെനേരെ കോപിച്ചു്,—"എടാ മൂർഖ! അന്നദാതാവിനെ ദ്രോഹിക്കുന്ന കൃതഘ്നനായ നിന്നെ തക്ക ഒരു പാഠം പഠിപ്പിക്കാതെ ഞങ്ങൾ അടങ്ങുന്നതല്ല. വന്ദ്യഗൌരവതിയായ മമതാദേവിയെയാണോ നീ ഭാര്യയാക്കിക്കാമിച്ചതു്?—ദ്രോഹി! നിനക്കുമരിച്ചാലും സുഖംകിട്ടുമോടാ?" എന്നധിക്ഷേപിച്ചുകൊണ്ടു്, വൃദ്ധനെത്തള്ളിത്താഴെയിട്ടു്, അള്ളാനും കീറാനും അടിക്കാനും ആരംഭിച്ചു. തുളസീദാസൻ ഇതുകണ്ടു്, ബ്രാഹ്മണരോടു കോപിച്ചു്, വൃദ്ധബ്രാഹ്മണനെപ്പിടിച്ചെഴുന്നേല്പിച്ചുകൊണ്ടുപോയി, മമതാദേവിയുടെ സമീപത്തെത്തി എന്തുപറയേണ്ടു എന്നു തെല്ലൊരുസംശയത്തോടെ മിണ്ടാതെനിന്നു. മമതാദേവി, അതുകണ്ടു്, തുളസീദാസന്റെ ആശയഗതിയറിയാതെ "സ്വാമിൻ! ഈ ബ്രാഹ്മണശ്രേഷ്ഠനെ എന്റെ മുമ്പിൽ കൂട്ടിക്കൊണ്ടുവന്നതെന്തിനാണെന്നറിവാനാഗ്രഹിക്കുന്നു. അങ്ങേ അഭിപ്രായം പ്രസ്താവിച്ചാലും" എന്നറിയിച്ചു വന്ദിച്ചു. ഉടനേ തുളസീദാസൻ,—പ്രിയേ! പ്രാണാധികപ്രേയസി! എന്റെ സ്നേഹം നിനക്കിഷ്ടമായിരിക്കുമെങ്കിൽ, നീ നല്ല കുലസ്ത്രീയാണെങ്കിൽ, ഭർത്തൃവാക്യമനുസരിക്കുന്ന സതിയാണെങ്കിൽ, മോക്ഷം കാംക്ഷിക്കുന്ന ജ്ഞാനവതിയാണെങ്കിൽ, ഈ ബ്രാഹ്മണശ്രേഷ്ഠന്റെ അഭിലാഷം സാധിച്ചുകൊടുക്കുന്നതിനു അനുവദിക്കണം.

പന്ത്രണ്ടുസംവത്സരകാലമായി ദുരാഗ്രഹവാക്കുകൾ യാതൊന്നും പറയാതെയിരുന്നു ഇങ്ങനെ പറഞ്ഞ ഭർത്താവിനെ വന്ദിച്ചു് മമതാദേവി—"പ്രാണനാഥ! അങ്ങേമുതൽ മററാർക്കു മനസ്സോടെ ദാനംചെയ്താൽ അതു തടുക്കുന്നതിനാരു്? ഭാര്യ, ഭർത്താവിൽനിന്നന്യയാണോ? അങ്ങേ ഇഷ്ടം എനിക്കും ഇഷ്ടം എന്നല്ലാതെ, വല്ലവ്യത്യാസവുമുണ്ടോ? എന്തെന്നാൽ പരമശിവൻ പാർവ്വതീദേവിയെ, രാവണനു സൽക്കരിച്ചപ്പോൾ ദേവി, വിപരീതമായി വല്ലതും പറകയുണ്ടായോ? അതിനാൽ നിന്തിരുവടിയുടെ കല്പനപ്രകാരം പ്രവർത്തിക്കുന്നതിനു യാതൊരു സംശയവുമില്ല. പക്ഷേ, സാധുബ്രാഹ്മണർ ഇക്കഥയറിഞ്ഞിരിക്കുന്നതുകൊണ്ടു്, ഇദ്ദേഹത്തെ ഉപദ്രവിച്ചേക്കും. അതിനിടയാകാതെ രക്ഷിക്കേണ്ടതു് അങ്ങേച്ചുമതലയാണു" എന്നുപറഞ്ഞു്, വൃദ്ധബ്രാഹ്മണന്റെ പാദങ്ങളിൽ നമസ്കരിച്ചു്, "സ്വാമിൻ! അങ്ങേ ഇഷ്ടപ്രകാരം ശുശ്രൂഷിക്കാൻ ഇതാ ഞാൻ സന്നദ്ധയായി വന്നുനിൽക്കുന്നു. അന്തഃപുരത്തിലേക്കുപോകാം" എന്നറിയിച്ചു. ക്ഷോഭിച്ചിരുന്ന ബ്രാഹ്മണർ, അതിനിടയ്ക്കു് ഓരോരുത്തരും ഓരോവടിയും കൈയിലെടുത്തുകൊണ്ടു്, പാഞ്ഞുവന്നു്, വൃദ്ധബ്രാഹ്മണന്റെ പുറത്തുവന്നുവീണു പ്രഹരംതുടങ്ങി. തുളസീദാസൻ, കഴിയുന്നതും തടുത്തിട്ടും കേട്ടില്ല; "എടാ പാമരദ്രോഹി! ഭർത്തൃനിയോഗത്തെ തടുക്കാൻ നിവൃത്തിയില്ലായ്കകൊണ്ടു ഉരുകിക്കൊണ്ടിരിക്കുന്ന ദേവിയെ ഭാര്യയാക്കാൻ നിശ്ചയിച്ച നിർല്ലജ്ജനായ നിന്റെ തലച്ചോറുതെറിക്കാതെ ഞങ്ങൾ വിടുകയില്ല. പല്ലുംപുരികവും രണ്ടും കഴയാതാക്കാതെ അടങ്ങുകയുമില്ല. എന്നല്ല, നിന്നെ ജീവനോടെ വച്ചേക്കാനും ഭാവമില്ല എന്നു

ട്ടഹസിക്കയും പ്രഹരിക്കയുംചെയ്യുന്ന ബ്രാഹ്മണരെ തുളസീദാസൻ വിലക്കുകയും അവരുടെ പ്രഹരങ്ങൾ യോഗദണ്ഡാൽ തടുക്കുകയുംചെയ്തു. ഒടുവിൽ അവർ അടങ്ങുകില്ലെന്നായപ്പോൾ, അദ്ദേഹം കോപിച്ചു തന്റെ കൈവാൾ ഊരി ഭയപ്പെടുത്തീട്ടിങ്ങനെപറഞ്ഞു. "ഹേ സാധുബ്രാഹ്മണരേ! നിങ്ങൾക്കു ആവശ്യമില്ലാത്ത കാൎയ്യങ്ങളിൽതലയിടാൻ വരരുതു്; എന്റെ ബ്രാഹ്മണന്റെനേൎക്കു നിങ്ങൾക്കു ദ്വേഷംഉണ്ടെങ്കിൽ, വേഗം ഈ മഠംവിട്ടു വെളിക്കിറങ്ങിപ്പോയി ജീവരക്ഷ ചെയ്തുകൊൾവിൻ! അല്ലാത്തപക്ഷം ഈ കൈവാളിനു നിങ്ങൾ ഓരോരുത്തരും ഇരയാകുമെന്നു നിശ്ചയിച്ചുകൊൾവിൻ!" തുളസീദാസന്റെ വാക്കുകൾകേട്ടു സാധുബ്രാഹ്മണർ പറഞ്ഞു. "സ്വാമി! നിന്തിരുവടിയുടെ കൈവാളിനു ഞങ്ങൾ ഓരോരുത്തരും ആഹാരമായിത്തീൎന്നാലും, ഈ ദുഷ്ടൻ മമതാദേവിയുടെ അരികിൽ പോകാൻ ഞങ്ങൾ വിട്ടയയ്ക്കുകയില്ല" അനന്തരം അവർ ആ സാധുബ്രാഹ്മണന്റെ കുടുമപിടിച്ചിഴുത്തു്, മുഷ്ടികൊണ്ടും വടികൊണ്ടും പ്രഹരിക്കുകയും പല്ലുകളാൽ കടിക്കുകയുംമറ്റുംചെയ്തു. ആ ഉപദ്രവങ്ങളാൽ, സാധുബ്രാഹ്മണൻ വശംകെട്ടു ബോധരഹിതനായി നിലത്തുവീണു.

തുളസീദാസൻ ഈ ക്രൂരപ്രവൃത്തികണ്ടു്, അത്യന്തം ക്രോധാകുലനായി, "ബ്രാഹ്മണരെ സംഹരിക്കുന്നതിനു നിശ്ചയിച്ചു. ഭയങ്കരാകാരംധരിച്ചു്, സംഹാരരുദ്രനെപ്പോലെ അദ്ദേഹം വളൎന്നു്, സൎപ്പജിഹ്വാപോലെ ഇളകുന്ന തന്റെ കൈവാളിളക്കി, ബ്രാഹ്മണരുടെ കൈ,കാൽ, മൂക്കു,തോൾ, ഗളതല,മെന്നിവ" ഖണ്ഡിച്ചുഖണ്ഡിച്ചു വീഴ്ത്തി ഒരുത്തനെയും വിട്ടയയ്ക്കാതെ നിഗ്രഹിച്ചു്, രക്തപ്രവാഹം പരത്തി; മായാബ്രാഹ്മണൻ മോഹിച്ചു വീണുകിടക്കുന്നതുകണ്ടു സങ്കടത്തോടുകൂടി അദ്ദേഹത്തിന്റെ അരികിൽചെന്നിരുന്നു്, പനിനീർതളിച്ചു വീശുകയും മറ്റുംപല ശുശ്രൂഷകൾ ചെയ്കയും ചെയ്തു. അല്പം ബോധംവീണപ്പോൾ അദ്ദേഹത്തിനെ അന്തഃപുരത്തിൽകൂട്ടിക്കൊണ്ടുപോയി മെത്തയിൽശയിപ്പിച്ചശേഷം, ഇഷ്ടംപോലെ ശുശ്രൂഷിക്കുന്നതിനു മമതാദേവിയെ ചുമതലപ്പെടുത്തി ഏല്പിച്ചുംവെച്ചു്, അദ്ദേഹം കൈവാളുമായി വാതുക്കൽ വന്നുനിന്നു. പാൎവതീപരമേശ്വരന്മാരുടെ രഹഃകേളിമുറയുടെ വാതുക്കൽ കാവൽനില്ക്കുന്ന നന്ദികേശ്വരനെപ്പോലെയും ബാണാസുരന്റെ വാതിൽകാത്തപരമേശ്വരനെപ്പോലെയുംമഹാബലിയുടെ വാതിൽകാത്ത വാസുദേവനെപ്പോലെയും മയിൽരാവണന്റെ ഉപദ്രവംതട്ടാതെ ശ്രീരാമലക്ഷ്മണന്മാരെ കാത്ത ഹനുമാനെപ്പോലെയും അദ്ദേഹം അന്തഃപുരം കാത്തുനില്ക്കുന്നതുകണ്ടു്, ദേവകളും മുനികളും മുക്തകണ്ഠം പുകഴ്ത്തി.

മമതാദേവി, മൂൎഛിതനായ ബ്രാഹ്മണനെ ഉണൎത്തുന്നതിനായി പാതിരാത്രിവരെ കഴിയുന്ന ഉപചാരങ്ങളെല്ലാം ചെയ്തിട്ടും ഫലിക്കായ്കകൊണ്ടു് വിഷണ്ണയായി വെളിയിൽ വന്നു്, ഭൎത്താവിനോടു വിവരംപറഞ്ഞു. "സ്വാമി! ആ ബ്രാഹ്മണോത്തമൻ മരിച്ചുപോയതുപോലെ തോന്നുന്നു. സ്വാമികൂടെ അകത്തേക്കുവരിക" എന്നുപറഞ്ഞു കൂട്ടിക്കൊണ്ടുപോയി; ശവംപോലെ കിടക്കുന്ന ബ്രാഹ്മണനെക്കാണിച്ചു. തുളസീദാസൻ, അദ്ദേഹത്തെ ഉണൎത്തുന്നതിനു ശ്രമിച്ചതിൽ യാതൊരുഫലവും ഇല്ലെന്നുകണ്ടു്, അത്യന്തം വിഷണ്ണനായി ഭവിച്ചു. ഹാ! കഷ്ടം, ഈ മഠത്തിൽ ബ്രഹ്മഹത്യ വലിച്ചുവച്ചല്ലോ. ആ ദുഷ്ടബ്രാഹ്മണരുടെ പ്രഹരംകൊണ്ടാണു്, ഈ സാധു മരിച്ചതെന്നുള്ളതിനു യാതൊരുസംശയവുമില്ല. എന്നെ ശരണംപ്രാപിച്ച ദീനനായ ഈ ശ്രോത്രിയനെ കൊല്ലിച്ചു ഞാൻ എന്തിനു ജീവിച്ചിരിക്കുന്നു. ഭക്തവത്സല! നാരായണ! നിന്തിരുവടിഎന്നോടു ഇതാണോ ചെയ്തതു? ഇനി, എനിക്കു ജീവിക്കയിലിച്ഛയില്ല. എന്നുപറഞ്ഞു്, കൈവാൾ കഴുത്തിൽ കുത്തിയിറക്കാൻ ഭാവിച്ചു.

ഉടനെ ഭക്തവത്സലനായ ഭഗവാൻ, ശവംപോലെ കിടന്നതു മാററി പെട്ടെന്നു ചാടിയെഴുന്നേററു്, ശ്രീരാമരൂപത്തിൽ പ്രത്യക്ഷനായി പ്രകാശിച്ചു്, തുളസീദാസന്റെ കൈക്കുപിടിച്ചുകൊണ്ടു്,—"ഹേ ഭക്തശിരോമണേ! ധൎമ്മിഷ്ഠശിഖാമണേ! നീ വൃഥാ മരിക്കേണ്ടാ. നിന്നെയൊന്നു പരീക്ഷിക്കുന്നതിനായി ഞാൻ ഈ രൂപം അംഗീകരിച്ചുവെന്നേയുള്ളു. ധന്യനായ ഒരു സാധുബ്രാഹ്മണന്റെ കാമനിവൃത്തിക്കു, സ്വന്തഭാൎയ്യയെ

അയച്ചുകൊടുക്കാമെന്നുനിശ്ചയിച്ച നിൻെറ വിരക്തിയും ധൎമ്മനിഷ്ഠയും വിസ്മയനീയമായിരിക്കുന്നു. നിന്നെക്കുറിച്ചു ഞാൻ അത്യന്തം പ്രസന്നനായി ഭവിച്ചിരിക്കുന്നു. നിനക്ക് എന്താണഭിലാഷമെന്നു പറഞ്ഞാൽ സാധിച്ചുതരുന്നതിനു ഞാൻ സന്നദ്ധനാണ്. നിന്നോളം ബ്രഹ്മജ്ഞനും സമഭാവനനുമായ ഒരു ഭക്തൻ ലോകത്തു മററില്ല. നീ അനേകകാലം സുഖമായിജ്ജീവിച്ചിരുന്ന്, ലോകത്തിനു നന്മചെയ്യുമാറാകട്ടെ" എന്നനുഗ്രഹിച്ചു. അനന്തരം തുളസീദാസൻെറ കൈവാളാൽ മൃതരായിക്കിടന്നബ്രാഹ്മണരെയെല്ലാം ജീവിപ്പിക്കയും, സൎവ്വജനസമക്ഷം, തുളസീദാസനെയും മമതാദേവിയേയും അശ്ലേഷിച്ച്, ഹേ സുകൃതികളേ! നിങ്ങൾ അനേകകാലം ഭൂമിയിൽ ജീവിച്ചിരുന്നു വിഷയാനന്ദങ്ങളനുഭവിച്ചശേഷം, അഴിവില്ലാത്ത എൻെറ പദത്തിൽ ചേൎന്നുകൊൾവിൻ! എന്നനുഗ്രഹിക്കുകയും ചെയ്തു.

അതുകേട്ടു വ്യസനാക്രാന്തനായ തുളസീദാസൻ "അഖിലബ്രഹ്മാണ്ഡനായകനായ ഭഗവാനേ പന്ത്രണ്ടുവൎഷമായി ഭാൎയ്യയോടു ഒരുവാക്കുപോലുംസംസാരിക്കാതെ വൈരാഗ്യത്തോടുകൂടിയിരുന്ന എന്നെ, തിരുവടി, കപടലീലാവിലാസത്താൽ അവളോടുസംസാരിക്കാനിടയാക്കിയിരിക്കുന്നു. ഛൎദ്ദിച്ചതു ഭക്ഷിക്കാറുണ്ടോ സ്വാമിൻ? ഞാൻ വിഷയാശകളെല്ലാം പരിത്യജിച്ച ഒരു വിരക്തനാണ്. ഇനി, എനിക്ക്, അതിൽ അശേഷം മോഹമില്ല. മോക്ഷസുഖമറിഞ്ഞവർ വിഷയസുഖമിച്ഛിക്കുമോ? ഹേ! ദേവദേവ! അങ്ങേതിരുവടികൾ ഭജിക്കുന്ന ഞാൻ പാപിയായാലും, വിഷയസുഖത്തെ അനുഗ്രഹിക്കുമോ? മറന്നിട്ടും സ്ത്രീയെ പരിചരിക്കാൻ തുനിയുമോ? എന്നുഞാൻ വീടുവിട്ടിറങ്ങിയോ വിഷയസുഖത്തെ അന്നു ഞാൻ പരിത്യജിച്ചതാണ്. ഇനി എനിക്കതിൽ ആശയില്ല. സ്ത്രീകളിൽ മനസ്സഴിഞ്ഞവനു മോക്ഷവും ഭാരജീവിതം നയിക്കുന്നവനു സുഖവും ലഭിച്ചു കേട്ടിട്ടുണ്ടോ? "സ്ത്രീയന്ത്രംകേനസൃഷ്ടം വിഷമമൃതമയംപ്രാണിലോകസ്യപാശം" എന്നാണല്ലോ അഭിജ്ഞന്മാർ പറഞ്ഞിരിക്കുന്നത്—കേകയപ്പുള്ളുപക്ഷി ആന വിട്ടിൽ പൂച്ചിമീൻ, വണ്ട്, ഇതുകളഞ്ചും ക്രമേണ, ശബ്ദസ്പൎശരൂപരസഗന്ധങ്ങളിൽ മോഹിച്ചു തങ്ങളുടെ ജീവഹാനിവരുത്തുന്ന കൂട്ടമല്ലേ? അതുപോലെ, പഞ്ചേന്ദ്രിയങ്ങളാൽ മയക്കുന്ന സ്ത്രീജനത്തിൻെറ വലയിൽ അകപ്പെട്ടുന്നവൻ നശിക്കുമെന്നുള്ളതിനു വല്ല സംശയവുമുണ്ടോ? നിമിഷസുഖത്തെമോഹിച്ച് വത്സരദുഃഖത്തെ സമ്പാദിക്കുന്ന ഒരു പ്രവൃത്തിയല്ലേ ഇതു്? തിരുവടിയുടെ സൃഷ്ടിയെ കാമാന്ധകാരത്താൽ മലിനമാക്കി, ആ അനുഭവേ മറിഞ്ഞ അടിയൻ, അങ്ങേ കൃപാകടാക്ഷംസിദ്ധിച്ചതിനുശേഷവും, നരകക്കുഴിയിലേക്കു കാൽവയ്ക്കുമോ? ഒരിക്കലുമില്ല. കഷ്ടംമുതലായ വ്യാധികൾക്കുംനിദാനം വിഷയഭോഗേച്ഛയല്ലയോ? പരമാത്മാവാകിയ അങ്ങേ തിരുനാമമാഹാത്മ്യം അറിഞ്ഞവർ ആരെങ്കിലും, കാമരസത്തിൽ മോഹിക്കുമോ? അറിഞ്ഞുകൊണ്ടു വിഷം വല്ലവരും ഭക്ഷിക്കുമോ? അങ്ങേ മായാവിലാസഗതി, അടിയൻ അല്പമാത്രമെങ്കിലും, അറിഞ്ഞവനല്ലേ? അതിനാൽ ആജീവനാന്തം തിരുവടിയുടെ സേവനമൊന്നൊഴിഞ്ഞു മററൊന്നിലും മനസ്സു ചലിക്കാതെയും, സ്ത്രീരൂപമാകുന്ന വിഷപ്പെട്ടിയിൽ മോഹിക്കാതെയും കാലംകഴിക്കുന്നതിനു അടിയനെ അനുഗ്രഹിച്ചുരക്ഷിപ്പാറാകണം" എന്നിങ്ങനെ പലവിധത്തിൽസ്തുതിച്ചുകൊണ്ടുനിന്നു.

ഭഗവാൻ, സന്തുഷ്ടനായി തുളസീദാസൻെറ കൈകൾരണ്ടും ചേൎത്തുപിടിച്ചുകൊണ്ട്:—"പ്രിയഭക്ത! നീ ഇങ്ങനെ ശാഠ്യംപിടിക്കരുതു്. അച്ഛൻെറ വാക്കു മറുക്കാതെ അമ്മയുടെ കഴുത്തറുത്ത പരശുരാമനെപ്പോലെയും അമ്മയുടെ വാക്കുതള്ളാതെ, സഹോദരഭാൎയ്യമാരെപ്രാപിച്ച വേദവ്യാസനെപ്പോലെയും, ഒരു ബ്രാഹ്മണൻെറ അപേക്ഷയനുസരിച്ച് തൻെറ ജീവനെപ്പോലും ദാനംചെയ്തകൎണ്ണനെപ്പോലെയും എൻെറ വാക്കു അനുസരിച്ച് പതിവ്രതാശിരോരത്നമായ മമതാദേവിയോടുകൂടി ഗൃഹസ്ഥാശ്രമധൎമ്മം പാലിച്ചു കുറേനാൾ ഇരുന്ന്, അന്ത്യത്തിൽ എൻെറ പദത്തെ പ്രാപിച്ചുകൊൾക" എന്നരുളിച്ചെയ്തു.

തുളസീദാസൻ അതുകേട്ടു വീണ്ടും തൃപ്പാദങ്ങളിൽ വന്ദിച്ചുപറഞ്ഞു. ദേവദേവ! ഈ ഒരു സംഗതിയൊഴികെ, മററു് എതുപറഞ്ഞാലും കേൾപ്പാൻ ഇതാ അടിയൻ സന്നദ്ധ

നായിരിക്കുന്നു. അതുകൊണ്ടു കഷ്ടവും ദുഃഖപ്രദവുമായ സംസാരത്തിൽ ഇനി അടിയനെ നിമഗ്നനാക്കാതിരിക്കണമെന്നു അപേക്ഷയുണ്ടു്. ത്വൽപ്പാദഭക്തയായ മമതാദേവിയെ ഇപ്പോഴേ ശ്രീവൈകുണ്ഠത്തിലേക്കു കൊണ്ടുപോകാൻ കനിവുണ്ടാകണം.

സംസാരത്തിൽ ഉൾപ്പെടുന്നതിനു തുളസീദാസൻ ഒരിക്കലും സമ്മതിക്കയില്ലെന്നുള്ളതിനു ഈ വാക്കുകൾ ഉത്തമലക്ഷ്യങ്ങളാണെന്നു ഭഗവാൻ നിശ്ചയിച്ചു. എങ്കിലും ഇങ്ങനെ അരുളിച്ചെയ്തു "അപ്പനേ! തുളസീദാസ! നീ കഴിഞ്ഞജന്മത്തിൽ മരാമരേതിജപിച്ചുകൊണ്ടു തപസ്സിലിരിക്കുമ്പോൾ, നിന്റെ ധർമ്മപത്നി, അരികിൽ വന്നു്, കാമവികാരത്താൽ മതിമറന്നു്, വിവാഹമെന്ന നിറവേററണമെന്നപേക്ഷിച്ചില്ലേ? അതു നീ തട്ടുത്തുപറഞ്ഞിട്ടുസമ്മതിക്കാതെ അവൾ ഉപദ്രവിച്ചതുമൂലം അല്പനാൾ കഴികെ, അവളുടെ ഇഷ്ടം സാധിച്ചുകൊടുക്കാമെന്നും പറഞ്ഞു്, അപ്പോൾ തപ്പിപ്പിഴയ്ക്കുകയും, മഹാവൃക്ഷങ്ങളാൽ ചുററപ്പെട്ട ഒരു കൊടുങ്കാട്ടിൽ, മറഞ്ഞിരുന്നു തപസ്സുചെയ്യുകയും ചെയ്തില്ലേ? മോഹവിഷ്ടയായ നിന്റെ പത്നി, പലരിക്കലും കലയെപ്പിരിഞ്ഞ മാനിനെപ്പോലെ ചുററിത്തിരിഞ്ഞു്, നൈരാശ്യത്താൽ ഭഗ്നഹൃദയയായി മരിച്ചു്, എന്റെ പാദങ്ങളിൽ ചേരുകയാണു ചെയ്തതു്. നീ ഇപ്പോൾ തുളസീദാസനായി പിറന്നതറിഞ്ഞു്, മുജ്ജന്മത്തിലെ അഗ്രഹം നിറവേററനായി അവളാണിപ്പോൾ മമതാദേവിയായിവന്നു ജനിച്ചിരിക്കുന്നതു്. അതുകൊണ്ടു്, നീ മുജ്ജന്മത്തിൽചെയ്ത വാഗ്ദാനം അനുസരിച്ചു് അവളുടെ അഗ്രഹം തീരുന്നതുവരെ അവളോടൊന്നിച്ചു ഗൃഹസ്ഥാശ്രമം പാലിച്ചിരിക്കേണ്ടതാണു്. അങ്ങനെയല്ലെ?

**തുളസീദാസൻ:**—ദേവദേവ! ഞാൻ മുജ്ജന്മത്തിൽ പറഞ്ഞവാക്കനുസരിച്ചു്, ഈ മമതാദേവിയുമായി വളരെനാൾ ചേർന്നിരുന്നില്ലേ? അവൾക്കു തൃപ്തിയായതിൽ പിന്നെ അവൾ എനിക്കു ജ്ഞാനോപദേശം ചെയ്യാനല്ലോ വൈരാഗ്യമുണ്ടാക്കിയതു്. പിളർന്നപാറ തമ്മിൽ ചേരാത്തതുപോലെ, പരിത്യജിച്ച സംസാരത്തെ ഇനി, ഈജന്മം വീണ്ടെടുക്കാൻ അടിയനു പ്രയാസമാണു"

തുളസീദാസൻദൃഢനിശ്ചയനാണെന്നുകണ്ടു ഭഗവാൻ മമതാദേവിയെനോക്കി, "ഉത്തമേ! നിനക്കു ഇനിഭോഗത്തിലോ പരമാത്മാവിലോ അഗ്രഹം എന്നുചോദിച്ചു. മമതാദേവി പറഞ്ഞു—"സ്വാമിൻ! വേണ്ടയെന്നുപറയുന്നവരുടെ തലയിൽകെട്ടിവയ്ക്കാറുണ്ടോ? എന്റെ ഭർത്താവു സ്ത്രീസംസർഗ്ഗംവിട്ടൊഴിഞ്ഞുവിരക്തനായിരിക്കെ അദ്ദേഹത്തോടുകൂടിഗൃഹസ്ഥാശ്രമം പാലിക്കുന്നതു ഒരിക്കലുംനന്നാകയില്ല. അതുകൊണ്ടു ഇതുപോലെ മേലുംഅദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഒന്നുകൊണ്ടു ഞാൻ തൃപ്തയായിക്കൊള്ളാം"

തുളസീദാസൻ അതുകേട്ടു—"പ്രിയേ! നീ ഇനി, ലോകത്തിലുള്ള വ്യഥകളൊന്നുമെന്നില്ല. പരമപദംചേരുന്നതാണിനി. കുറേനാൾകഴികെഞാനും ആ പദത്തിൽതന്നെ എത്തും. സംശയമില്ല. എന്റെ വാക്കു നീ ലംഘിക്കരുതു്.

**മമതാദേവി:**—അങ്ങു ഇഷ്ടമേതോ അതു അനുഷ്ഠിക്കാൻ ഞാൻ സർവദാസന്നദ്ധയാണു്.

ഇങ്ങനെ പറഞ്ഞുനിൽക്കുമ്പോൾ, ഭഗവാന്റെ സംകല്പമനുസരിച്ചു ദാരുകൻ(വിഷ്ണുസൂതൻ) ഒരു പുഷ്പകവിമാനവുമായി അവിടെ അവരോഹിക്കുന്നതു കാണ്മാറായി. ഭഗവാൻ അതിൽ എഴുന്നള്ളിയിരുന്നുകൊണ്ടു മമതാദേവിയോടുംഅതിൽകയറാൻപറഞ്ഞു. ഉടനേ ആദേവി അനന്ദാദ്ഭുതദുഃഖസമ്മിശ്രമായ മുഖഭാവത്തോടുകൂടി ഭർത്താവിനെ വന്ദിച്ചുപറഞ്ഞു. സ്വാമി! എനിക്കു മനുഷ്യസാധാരണമല്ലാത്ത ഈ പദവി ലഭിച്ചതു, നിന്തിരുവടിയുടെ അനുഗ്രഹത്താലാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. ഭക്തദാസനായ ഈ ഭഗവാന്റെ കരുണാവിശേഷം അത്യത്ഭുതംതന്നെ; നിത്യനിർവൃതിയോടുകൂടിയ പരമപദത്തിലേക്കു പോകുന്ന എനിക്കു യാതൊരു ദുഃഖത്തിനും കാരണം ഉണ്ടാകാൻ പാടില്ല; എങ്കിലും മനുഷ്യസഹജമായ മമതാബന്ധംകൊണ്ടു, അങ്ങയുടെവിയോഗം എനിക്കു ദുഃഖകാരണമായിത്തീർന്നിരിക്കുന്നു. എന്നെ അനുഗ്രഹിച്ചു യാത്രപറയണം"

തുളസീദാസൻ:—പ്രിയതമേ നിന്റെ പുണ്യാതിശയമഹിമ ഇനി ഞാൻ പറയേണമെ

ന്നുണ്ടോ? സകലചരാചരഗുരുവായ ഭഗവാൻതന്നെ എഴുന്നള്ളിവന്നു പള്ളിവാഹനത്തിൽനിന്നെക്കൂട്ടി കയറ്റിക്കൊണ്ടുപോകാൻ ഇടയായില്ലേ? ഇത്രഭാഗ്യം ആൎക്കു സിദ്ധിച്ചിട്ടുണ്ടു. ഇത്രഭക്തിയും ശുദ്ധിയും മറ്റാൎക്കുണ്ടു? ഇനി, ഭഗവല്ലോകത്തേക്കു സന്തോഷത്തോടെ പൊയ്ക്കൊൾക. താമസിയാതെ ഞാനും വരുന്നുണ്ടു്."

ഭൎത്തൃനിയോഗപ്രകാരം ഭഗവദാജ്ഞയനുസരിച്ചു മമതാദേവി പുഷ്പകവിമാനത്തിൽ ആരോഹിക്കുകയും നിമിഷമാത്രത്തിൽ ശ്രീവൈകുണ്ഠം പ്രാപിക്കുകയും ചെയ്തു.

ഈ ആശ്ചൎയ്യങ്ങളെക്കണ്ടറിഞ്ഞ മഠത്തിലുള്ള ബ്രാഹ്മണരെല്ലാം ഭയഭക്തിപുരസ്സരം തുളസീദാസന്റെ പാദങ്ങളിൽ വണങ്ങി സ്തുതിതുടങ്ങി. മമതാദേവിയുടെ മഹിമയേയും ഭാഗ്യാതിശയത്തെയും പുകഴ്ത്തി തുളസീദാസന്റെ പാദംതൊട്ടുവന്ദിക്കാൻ ബ്രാഹ്മണർ തിക്കിക്കയറി. "ആഹാ! ഭഗവാനാണെന്നറിയാതെ ആ തിരുമേനിയിൽ നിങ്ങൾ നിൎദ്ദയം പ്രഹരിച്ചുവല്ലോ. സ്വാമിയായ തുളസീദാസന്റെ വാക്കുലംഘിച്ചുവല്ലോ" എന്നിങ്ങനെ പശ്ചാത്തപിച്ചു. അനന്തരം തുളസീദാസന്റെയും മമതാദേവിയുടെയും ചരിതങ്ങൾ അവർ പാടിക്കൊണ്ടുനാടൊട്ടുക്കു സഞ്ചരിച്ചു. കേട്ടവർ കേട്ടവർ തുളസീദാസന്റെ മഠത്തിൽചെന്നു്, അദ്ദേഹത്തെ കണ്ടുവന്ദിക്കുകയും സ്തുതിക്കുകയും സേവിച്ചു താമസിക്കയും അനുഗ്രഹം വാങ്ങിപ്പോകയും മറ്റും പതിവായി. അക്കൂട്ടത്തിൽ കാശിരാജൻപോകയും തുളസീദാസന്റെ സാന്നിദ്ധ്യത്താൽ കാശിക്കുണ്ടായിരിക്കുന്ന മാഹാത്മ്യത്തെക്കുറിച്ചു പ്രസ്താവിക്കുകയും അദ്ദേഹത്തെ സേവിച്ചുതാമസിക്കുകയുംചെയ്തു.

തുളസീദാസൻ സൎവ്വദാ ഭഗവച്ചരിത്രങ്ങളെ ധ്യാനിച്ചും കീൎത്തിച്ചും ബ്രഹ്മാനന്ദത്തിൽ മുഴുകി ദേഹസ്മരണപോലുമില്ലാതെ ആത്മമാത്രനായിസ്ഥിതിചെയ്തു.

---

## പന്ത്രണ്ടാമദ്ധ്യായം.

---

### (ഭഗവാൻ തുളസീദാസന്റെ രൂപത്തിൽചെന്നു മരിച്ച ബ്രാഹ്മണനെ ജീവിപ്പിച്ചതു്.)

മഹാസിദ്ധോത്തമന്മാരെ! തുളസീദാസൻ, ഇപ്രകാരം ദിഗന്തവിശ്രാന്തകീൎത്തിയായി സൎവ്വവന്ദ്യനായി ശ്രീകാശീപട്ടണത്തിൽ താമസിച്ചുവരവേ, ഡില്ലിചക്രവൎത്തിയായ അക്ബർബാദഷാ, തന്റെ പുരോഹിതപുത്രനായ തുളസീദാസന്റെ മാഹാത്മ്യങ്ങളെക്കുറിച്ചു കേട്ടു്, അദ്ദേഹത്തെക്കാണ്മാനായി, പരിവാരസമേതം കാശിയിൽചെല്ലുകയുംകണ്ടുവന്ദിച്ചു പാദങ്ങളെ സ്പൎശിച്ചു നമസ്കരിക്കുകയുംചെയ്തു. അനന്തരം അദ്ദേഹത്തിൽനിന്നു ബ്രഹ്മജ്ഞാനോപദേശങ്ങൾ കേട്ടുകൊണ്ടിരിക്കുന്നകാലത്തു്, ആ കാശിയിലുള്ള ഒരുബ്രാഹ്മണയുവാവു്, വിവാഹംകഴിഞ്ഞല്പകാലംകഴികെ വിധിവശാൽ മരിച്ചുപോയി. അദ്ദേഹത്തെ പ്രാണനിൎവ്വിശേഷമായി സ്നേഹിക്കയും, സുഖഭോഗങ്ങളെ മേലും അനുഭവിക്കണമെന്നാശിക്കുകയും ചെയ്തിരുന്ന മഹാപതിവ്രതയായ അദ്ദേഹത്തിന്റെപത്നി, വളരെ വ്യസനിച്ചു് കണ്ണുനീരൊഴുക്കിക്കൊണ്ടു്, "ഹാ ദൈവമേ! കേവലം ബാല്യവയസ്കയായഎന്നെ ഇങ്ങനെ, വിധവയാക്കിച്ചെയ്തുവോ? എനിക്കിനി എന്തൊരു ഗതിയാണു്? ഞാൻ സമയം നയിക്കേണ്ടതെങ്ങനെ? പുരുഷന്റെ പകുതിയാണല്ലോഭാൎയ്യ. ആ സ്ഥിതിക്കു, എന്നെ നിരാധാരയാക്കിത്തള്ളിയുംവെച്ചു്, എന്റെ പുരുഷനെ, അകാലത്തിൽ അങ്ങപഹരിച്ചതു കുറേക്കഠിനമായിപ്പോയി. ഭാൎയ്യക്കു ഭൎത്താവുതന്നെ ദൈവമെന്നും, ഭൎത്തൃശുശ്രൂഷയാണു മോക്ഷസാധനമെന്നും, വേദത്തിൽ അങ്ങുതന്നെയല്ലേ വിധിച്ചിരിക്കുന്നതു്? ഇനി, ഞാൻ ദൈവമെന്നു ഭാവിക്കേണ്ടതാരെയാണു്? മോക്ഷത്തിനായി ദൈവനിൎവ്വിശേഷം പൂജിക്കേണ്ടതാരെയാണു്? ഇങ്ങനെ ജീവികളെ കഷ്ടപ്പെടുത്തുന്നതു ഭവാനേക്കു സ

ന്തോഷമാണോ? ഇപ്രകാരം ദുഃഖമയമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച്, ഇണപിരിച്ചും മററും ജീവികളെ ദുഃഖസമുദ്രത്തിൽ മുക്കുന്നതുകൊണ്ട്, അങ്ങേയ്ക്ക്, ലഭിക്കുന്ന മേന്മ എന്തൊന്നാണ്? എന്നെപ്പോലെ നിരാശ്രയകളായി ലോകത്തു ദുഃഖിച്ചിരിക്കുന്ന സ്ത്രീകൾ എത്രയാളുണ്ട്? സ്വാമി! ജീവിവർഗ്ഗത്തിൽ ആണെന്നും പെണ്ണെന്നും ഒരു വിഭാഗമുണ്ടാക്കി, അവർതമ്മിൽ അളവററ സ്നേഹബന്ധവുമുണ്ടാക്കി, സ്നേഹം അതിൻെറ പരമകാഷ്ഠയിൽ എത്തിയിരിക്കുന്ന അവസരത്തിൽ ഇങ്ങനെ അന്യോന്യം പിരിയുന്നതിനിടയാക്കുന്നതെത്ര കഷ്ടമാണ്? അതുകൊണ്ടങ്ങേക്കും എന്തൊരു ഫലമാണു സിദ്ധിക്കുന്നത്? ഭൂതഭവിഷ്യദ്വത്തമാനചരിത്രങ്ങളെല്ലാമറിയാവുന്ന നിന്തിരുവടി, പണ്ട്, സീതാദേവിയെ രാവണൻ എടുത്തുകൊണ്ടുപോയ അവസരത്തിൽ ദുഃഖാത്തനായി വിലപിച്ചു ചുററിനടന്നില്ലയോ? പിന്നെ അല്പപ്രാണിയായ എൻെറ കഥ പറവാനുണ്ടോ! ഭർത്താവിനെപ്പിരിഞ്ഞ്, അരനിമിഷമെങ്കിലും ജീവസന്ധാരണംചെയ്യാൻ ഞാൻശക്തയല്ലാതെ തീന്നിരിക്കുന്നു. സകലചരാചരസുഖദുഃഖദായിനിയായ ആ സീതാദേവിപോലും, നിന്തിരുവടിയെ പിരിഞ്ഞ അവസരത്തിൽ എത്രമാത്രം ദുഃഖിച്ചു വിലപിച്ചു. ആ സ്ഥിതിക്ക്ഭത്തൃവിയോഗത്താൽ ഞാൻ ദുഃഖിക്കുന്നത് അത്ഭുതമാണോ? എന്നെപ്പോലെയുള്ള ജീവജന്തുക്കൾ ദുഃഖിക്കുന്നതുകണ്ടു സന്തോഷിക്കുന്നതു ദീനരക്ഷകനായ അങ്ങേക്കു ധർമ്മമോ! ഈ ദുഃഖമുജ്ജന്മകൃതകർമ്മത്തിൻെറ ഫലമാണോ? സവ്വവ്യാപിയും സവ്വനിയാമകനുമായ അങ്ങേ അറിവോടുകൂടാതെ ജീവികൾക്കാപത്തു സംഭവിക്കുമോ? അങ്ങനെ ഭവിക്കുന്നതായാൽ അങ്ങേസവ്വവ്യാപിത്വവും ഈശ്വരത്വവും സാധുവാകുമോ? അഥവാ നിൻെറ മായ ചെയ്യുന്ന ആശ്ചര്യ്യങ്ങൾക്കു അധീനമാകാതെ ആരുള്ളു? ദുഃഖിച്ചുജീവിച്ചിരിക്കുന്നതേക്കാൾ മരിക്കുന്നതല്ലയോ നല്ലതു? പതിവ്രതകൾ ഭർത്താവിനെപ്പിരിഞ്ഞുജീവിച്ചിരിക്കുമോ? പരപരിഹാസത്തിനു പാത്രീഭവിക്കുന്നതിനെ സഹിക്കുമോ? പതിനഞ്ചുവയസ്സുമാത്രം പ്രായമുള്ള ഞാൻ, വിധവയായി ജീവിച്ചിരുന്നാൽ എന്തെല്ലാം ദുഃഖങ്ങൾക്കും പരിഹാസങ്ങൾക്കും പാത്രീഭവിച്ചേക്കാം. തൃതീയപുരുഷാത്ഥമായ കാമത്തെ ഞാൻ എങ്ങനെ നിവ്വഹിക്കും? ത്രിമൂത്തികൾപോലും കാമവശഗന്മാരാണെന്നു സുപ്രസിദ്ധമല്ലയോ? ചില പക്ഷിണികൾപോലും ആൺപക്ഷിയുടെ വിയോഗത്തെ സഹിക്കാതെ പ്രാണത്യാഗം ചെയ്തതായി കഥകളുണ്ട്. അപ്പോൾ വിശേഷജ്ഞാനമുള്ള മനുഷ്യക്കു അതെത്രകണ്ടു ദുസ്സഹമായിരിക്കും?" എന്നിങ്ങനെ വിലപിച്ച്, ഗംഗയിൽ നിക്ഷേപിക്കുന്നതിനായിക്കൊണ്ടുപോകുന്ന ഭർത്തൃശവത്തെ പിൻതുടന്നു താനും ഗംഗയിൽ ചാടിമരിക്കാൻതന്നെ നിശ്ചയിക്കയും ദേഹം എന്നായാലും നശിക്കുന്നതും പ്രേമം ഒരിക്കലും അഴിവില്ലാത്തതും ആണെന്നു സമാധാനപ്പെടുകയും ചെയ്തുകൊണ്ട്, ദുഃഖത്തെ അകററി ഗംഗാതീരത്തിലേക്കു തിരിച്ചു,

പോകുന്നവഴിക്കായിരുന്നു തുളസീദാസരുടെ ആശ്രമം. അവിടെ ഡില്ലിചക്രവത്തി കാശിരാജൻ മുതലായ മഹാത്മാക്കളായ ഭക്തന്മാരോടുകൂടി, ദർഭാസനത്തിലിരുന്നരുളുന്ന തുളസീദാസപൂജ്യപാദരെക്കാൺമാനിടയായി. ഇദ്ദേഹത്തെ ദർശിച്ചു അനുഗ്രഹംവാങ്ങിയതിനുശേഷം ഗംഗയിൽ ചാടിമരിക്കാമെന്നു നിശ്ചയിച്ചുംകൊണ്ട്, അവൾ ഏകാകിനിയായി മഠത്തിൽ കടന്നുചെന്ന്, തുളസീദാസരുടെ പാദങ്ങളിൽ സാഷ്ടാംഗനമസ്കാരംചെയ്തു "ഭഗവൻ അനുഗ്രഹിച്ചാലും" എന്നുച്ചരിച്ചു. അക്ബർബാദുഷാക്കു ജ്ഞാനോപദേശം ചെയ്യാനന്ദത്തിൽ മുഴുകിയിരുന്ന തുളസീദാസർ, പ്രസന്നനായി ആ ബ്രാഹ്മണസ്ത്രീയെ നോക്കി— "ഉത്തമേ! നീ അഷ്ടൈശ്വര്യ്യസിദ്ധിയോടും, അഷ്ടപുത്രസൌഭാഗ്യത്തോടുംകൂടി, സുമംഗലിയായി വളരെനാൾ ജീവിച്ചിരിക്കാൻ ഇടയാകട്ടെ, എന്നനുഗ്രഹിച്ചു. അനുഗ്രഹവചസ്സുകൾകേട്ട്, ബ്രാഹ്മണി മനസ്സറിയാതെതന്നെ ഒന്നുചിരിച്ചുപോയി. എന്നിട്ടിങ്ങനെപറഞ്ഞു. "തപസ്വീശ്വരാ! അങ്ങേ ആശീവ്വാദം അസത്യമായി വരുവാനേ തരമുള്ളൂ. എൻെറ ഭർത്താവു മരിച്ചിട്ടു ഒരുയാമം കഴിഞ്ഞിരിക്കുന്നു. എൻെറ താലിയുംപറിച്ചുകളഞ്ഞു. അദ്ദേഹത്തിൻെറശവം ഗംഗയിൽ നിക്ഷേപിക്കാൻ കൊണ്ടുപോകുന്ന ആൾക്കൂട്ടമാണ് ആ കാണുന്നത്. ഞാനും ഗംഗയിൽചാടി പ്രാണത്യാഗംചെയ്യാനായി പുറകേ

പരികയാണു്. വരുന്നവഴിക്കു മരിക്കുന്നതിനുമുമ്പു സ്വാമിയെ ഒന്നുദർശിക്കാമെന്നുദ്ദേശിച്ചാണു് ഇങ്ങോട്ടു കടന്നുവന്നതു്. അതുകൊണ്ടങ്ങേ ആശീർവ്വാദം നിഷ്ഫലമായല്ലാതെ പര്യവസാനിക്കാൻ തരമില്ല. കുലസ്ത്രീയായ എനിക്കു്, ഭർത്താവുമരിച്ചതിൽപിന്നെ പുത്രന്മാരുണ്ടാകുന്നതെങ്ങനെയാണെന്നു പറഞ്ഞുതരണം. ധർമ്മവിരുദ്ധമായ പ്രവൃത്തികൾക്കു ഞാൻ ആളല്ലെന്നുള്ളതു നിന്തിരുവടിക്കു അറിയാവുന്നതുമാണു്. അഥവാ, പരപുരുഷവാഞ്ഛയുള്ള കുലടയായി ഞാൻ പുത്രന്മാരെ ഉല്പാദിപ്പിക്കാൻ കഴിയുമെന്നിരുന്നാലും സുമംഗലിയായി ഭവിക്കുന്നതെങ്ങനെ? ഭഗവദ്ദർശനം സ്വയം ലഭിക്കയും അന്യന്മാർക്കു വരുത്തിക്കൊടുക്കയുംചെയ്യുന്ന മഹാത്മാവായ നിന്തിരുവടിയുടെവാക്കു വിഫലമാകുമോ? അതുകൊണ്ടു്, എന്റെ ഈ സന്ദേഹനിവൃത്തി വരുത്തിത്തരമാറാകണം. ഹേ ഭഗവൻ! അങ്ങു ആശീർവ്വാദപ്രകാരം ഞാൻ മംഗല്യത്തോടുകൂടിയിരുന്നു എട്ടുപുത്രന്മാരെ പ്രസവിക്കുന്നതിനു സാധിക്കണമെങ്കിൽ എന്റെ ഭർത്താവു ജീവിച്ചെഴുന്നേൽക്കണം. അങ്ങേപ്പോലെയുള്ള ദിവ്യന്മാർ വിചാരിച്ചാൽ അതു സാധിക്കാത്തതുമല്ല. അതുകൊണ്ടു്, അദ്ദേഹത്തെ കരുണാപൂർവ്വം കടാക്ഷിച്ചു്, ഉണർത്തി എഴുന്നേല്പിക്കാൻ എഴുന്നള്ളണമെന്നപേക്ഷിച്ചു സ്തുതിക്കുമ്പോൾ, അക്ബർ ബാദുഷാ മുതലായവർ തുളസീദാസന്റെ മഹിമ അറിവാൻ ഒരവസരം ഇതുതന്നെയെന്നു നിശ്ചയിക്കുകയും, മരിച്ചവരെ ജീവിപ്പിക്കുന്നവരുമുണ്ടോ? സർവ്വശക്തത്വം ഭഗവാൻ ഭക്തന്മാർക്കു കൊടുക്കുമോ! എന്തായാലും അല്പസമയത്തിനകം അറിയാമല്ലോ എന്നന്യോന്യം മന്ത്രിക്കുകയുംചെയ്തു.

തുളസീദാസനു ഇതുകേട്ടപ്പോൾ ഖേദം വർദ്ധിച്ചു. ഹാ! കഷ്ടം! അസത്യമായവാക്കു എന്റെ നാവിൽനിന്നും പുറപ്പെടാൻ എന്തു കാരണം? എന്റെ ഭഗവാനേ! കൃപണജനബന്ധോ! കൃപാപൂരസിന്ധോ! പീതാംബര! സീതാവര! ദാമോദര! എന്നെ ജനങ്ങളെക്കൊണ്ടവമാനിപ്പിക്കാനാണോ അങ്ങു നിശ്ചയിച്ചതു്? മരിച്ചവരെ ജീവിപ്പിക്കാൻ മനുഷ്യരാൽ സാദ്ധ്യമാകുമോ? ഋഷിവംശത്തിൽ ജനിച്ചമാഹാത്മ്യമേറിയവരായിരുന്നാലും വിധിയെ ലംഘിക്കാൻ സാധിക്കുമോ? അങ്ങനെയുള്ളവരെക്കൊണ്ടു വിധിക്കു വിപരീതമായ വാക്കുപറയിക്കുന്നതു ധർമ്മമാകുമോ? എന്നിങ്ങനെ പലപല പരിദേവനങ്ങളോടുകൂടി ഭഗവാനെ ധ്യാനിച്ചു തുളസീദാസൻ, ആ ബ്രാഹ്മണസ്ത്രീയെനോക്കി, അല്ലയോ മഹാഭാഗേ! ഞാൻ ഇപ്പോൾ പറഞ്ഞ ആശീർവ്വാദം ഞാനായിട്ടു പറഞ്ഞതല്ല. ശ്രീനാരായണൻ എന്റെ നാവിലിരുന്നു പറയിക്കയാണു ചെയ്തതു്. അതിനു ഞാനെന്തുവേണം? എങ്ങനെയോ വരുന്നതുപോലെ വരട്ടെ എന്റെവാക്കു്, അസത്യമായി ഭവിക്കാനാണു ദൈവസങ്കല്പമെങ്കിൽ അതിനും മനസ്താപമില്ല. നീപോയി നിന്റെ ഭർത്താവിനോടുകൂടെ ചെന്നുകൊൾക" എന്നുപറഞ്ഞു്, ബ്രഹ്മതേജോവിലസിതമായിരുന്ന അദ്ദേഹത്തിന്റെ മുഖം കറുത്തു. അക്ബർ ബാദുഷാ മുതലായവരുടെ മുഖത്തു നോക്കാനും സംസാരിക്കാനും ശക്തനാകാതെ ലജ്ജിച്ചും വ്യസനിച്ചും മുഖംതാഴ്ത്തിയിരിപ്പായി. ഭഗവൽസ്തോത്രങ്ങൾ മാത്രം അദ്ദേഹത്തിന്റെ നാവിൽ വിളയാടിക്കൊണ്ടിരുന്നു.

ഉടനേ, ഭക്തവത്സലനായ ഭഗവാൻ ശ്രീനാരായണൻ, ഗംഗയിൽ നിക്ഷേപിക്കാൻ കൊണ്ടുപോകുന്ന ശവച്ചുമട്ടുകാരുടെമുമ്പിൽ, തുളസീദാസന്റെ രൂപത്തിൽ പ്രത്യക്ഷീഭവിച്ചു്, പ്രേതമഞ്ചത്തിൽ കിടക്കുന്ന ശവത്തെ ലക്ഷ്യമാക്കി—"ഹേ മരിച്ചുകിടക്കുന്ന ബ്രാഹ്മണ! നിന്റെ പത്നിക്കു ഞാൻ കൊടുത്ത ആശീർവ്വാദത്തെ സത്യമാക്കേണ്ടതിനായി, നീ ഉണർന്നെഴുന്നേറ്റു്, എന്നോടൊരുമിച്ചു് വരുമാറാക" എന്നനുഗ്രഹിച്ചു വിളിച്ചു. തൽക്ഷണംതന്നെ ആ ബ്രാഹ്മണപ്രേതം അവയവങ്ങളിളക്കി, കണ്ണുതുറന്നു്:—"സ്വാമി! ഞാൻ ഇതാവരുന്നു" എന്നു പറയുന്നതും കേൾക്കയായി.

ചുമട്ടുകാർക്കു അതുകണ്ടുണ്ടായ സന്തോഷവും പരിഭ്രമവും അത്ഭുതവും ഇത്രയെന്നു പറവാനില്ല. അവർ, പ്രേതമഞ്ചത്തെത്താഴ്ത്തിവച്ചു്, ബ്രാഹ്മണന്റെ കെട്ടുകളൊക്കെ അറുത്തുതള്ളി മുക്തനാക്കിയശേഷം:—"ഹേ ബ്രാഹ്മണശ്രേഷ്ഠ! മരിച്ചുകിടന്നനീ ഇപ്പോൾ ഉറങ്ങിക്കിടന്നവരെപ്പോലെ ഉണർന്നതിനു കാരണമെന്തു്?" എന്നു ചോദിച്ചു. ബ്രാഹ്മണൻ, സംഭ്രമത്തോടെ ഓടിയെഴുന്നേറ്റുചെന്നു തുളസീദാസന്റെ പാദങ്ങളിൽ നമസ്സ

രിച്ചു. "സ്വാമിൻ! നിന്തിരുവടി അടിയനെ ജീവിപ്പിക്കാനായി മഠത്തിൽനിന്നും ഇത്ര ദൂരം നടന്നുവരികയാണോ ചെയ്തതു്?" എന്നു ചോദിച്ചുകൊണ്ടു നില്ക്കുമ്പോൾ, മായാതുളസീദാസൻ, നേരെ മഠത്തിലേക്കു നടന്നു. ബ്രാഹ്മണനും പുറകേ പോയി. മഠത്തിനു സമീപമെത്തിയ ഉടനേ, ബ്രാഹ്മണപത്നി, ഗംഗയിൽ ചാടിമരിക്കണമെന്നുള്ള നൈരാശ്യത്തോടെ അഭിമുഖമായി വരുന്നതുകണ്ടു മഠത്തിൽ തുളസീദാസനെക്കണ്ടുംവച്ചു പോന്ന അവൾക്കു്, വഴിമേലും അദ്ദേഹത്തെ കണ്ടപ്പോൾ അത്ഭുതമുണ്ടായി. വിശേഷിച്ചും അദ്ദേഹത്തോടൊന്നിച്ചു്, തന്റെ മരിച്ച ഭർത്താവുകൂടി വരുന്നതു കണ്ടപ്പോൾ ഉണ്ടായ അത്ഭുതത്തിനും ആനന്ദത്തിനും അതിരില്ലാതെയായി. അല്പനേരത്തേക്കു അവളുടെ കണ്ണുകളെത്തന്നെ അവൾ വിശ്വസിച്ചില്ല. ദൈവമേ! ഇതെന്തൊരത്ഭുതം! മഠത്തിൽ എഴുന്നെള്ളിയിരിക്കുന്നതായി ഞാൻ കണ്ടുംവച്ചുപോന്ന സ്വാമിതുളസീദാസനല്ലേ ഈ വരുന്നതു്? അദ്ദേഹം ഇവിടെ എങ്ങിനെ വന്നു? മരിച്ചുപോയ എന്റെ ഭർത്താവിനെ ജീവിപ്പിച്ചെഴുന്നേല്പിച്ചുകൊണ്ടല്ലേ വരുന്നു!

"ബലമാകുന്നതെല്ലാം ബ്രഹ്മതേജസ്സിൻ ബലം
ഫലമില്ലബ്രഹ്മതേജസ്വിനാംബലംകൊണ്ടും."

എന്ന ആപ്തവാക്യം എത്രസത്യമായിരിക്കുന്നു? മഹാമഹിമാവായ ഇദ്ദേഹത്തെ ശരണംപ്രാപിക്കാൻ എനിക്കുതോന്നിയതു്, എന്റെ ഭാഗ്യംതന്നെ. എന്നു്, ആനന്ദബാഷ്പങ്ങളോടുകൂടി, തുളസീദാസനേയും ഭർത്താവിനേയും വന്ദിച്ചുകൊണ്ടു്, അവരുടെ പുറകേ മഠത്തിലേക്കുതന്നെ തിരിഞ്ഞുനടന്നു. തുളസീദാസൻ സാക്ഷാൽ ശ്രീരാമൻതന്നെയെന്നായിരുന്നു ആ സാധ്വിയുടെ സങ്കല്പം. അവർ മൂന്നാളും അചിരേണ, അക്ബർബാദുഷാ മുതലായവരാൽ പരിവൃതനായി സ്ഥിതിചെയ്യുന്ന സാക്ഷാൽ തുളസീദാസന്റെ സഭയിൽ പ്രവേശിച്ചു. ഉടനേ സദസ്യന്മാരെല്ലാം അത്ഭുതസംഭ്രമങ്ങളോടുകൂടിയെഴുന്നേറ്റു് വണങ്ങിസ്തുതിച്ചുതുടങ്ങി. മായാതുളസീദാസൻ ബാദുഷാവെനോക്കി,—"ഹേ ബാദുഷാ! മരിച്ചബ്രാഹ്മണൻ ഞാനിപ്പോൾ ആശീർവദിച്ചപ്രകാരം ഇതാ ഉണർന്നെഴുന്നേറ്റുവന്നിരിക്കുന്നു. അവന്റെ പത്നിയെ ഇതാ സുമംഗലിയാക്കിച്ചെയ്തിരിക്കുന്നു. അതിനാൽ തുളസീദാസനായ എന്റെ വാക്കു സത്യമായിഭവിച്ചു. രാമനാമമാഹാത്മ്യംകൊണ്ടാണു് എനിക്കതു സാധിച്ചതെന്നു ഞാൻവിശ്വസിക്കുന്നു." എന്നരുളിച്ചെയ്തു പെട്ടെന്നന്തർദ്ധാനം ചെയ്തു. ഉടനെ ദേവന്മാർ ദുന്ദുഭിവാദ്യംമുഴക്കുകയും പുഷ്പവൃഷ്ടി തൂകുകയുംചെയ്തു. അക്ബർ ബാദുഷാ മുതലായവർ അത്യത്ഭുതവിഭ്രാന്തന്മാരായി, അവിടെ സ്ഥിതിചെയ്യുന്ന തുളസീദാസനേയും മറഞ്ഞ തുളസീദാസനേയും, മരിച്ചെഴുന്നേറ്റ ബ്രാഹ്മണനേയും, സമീപത്തു വന്ദിച്ചുനില്ക്കുന്ന ഉത്തമബ്രാഹ്മണിയേയും, കാൺകകൊണ്ടുണ്ടായ ഭയഭക്തികളോടു നമസ്കരിച്ചു, യഥാശക്തി വാഴ്ത്തിസ്തുതിച്ചു. അനന്തരം തുളസീദാസന്റെ പാദങ്ങളിൽ വന്ദനംചെയ്തുപറഞ്ഞു. സ്വാമിൻ! രാമനാമമാഹാത്മ്യം യാതൊരുത്തരാലും പുകഴ്ത്തപ്പെടാവുന്നതല്ല. കാമാസക്തനെന്നു പലരുടേയും പരിഹാസത്തിനു പാത്രീഭവിച്ചു മുഴുത്ത സംസാരിയായിരുന്ന നിന്തിരുവടി, ഇപ്പോൾ പരമഭാഗവതനും പരമേശതുല്യനുമായി തീർന്നിരിക്കുന്നു. മരിച്ചവരെ ജീവിപ്പിക്കത്തക്ക പ്രഭാവംപോലും സിദ്ധിച്ചിരിക്കുന്നു. ഇനി നിന്തിരുവടിയെ ശുശ്രൂഷിച്ചുകൊണ്ടു്, ആയുരന്തംവരെ കഴിച്ചിരിക്കണമെന്നാണ അടിയന്റെ ആഗ്രഹം. അതിനാൽ, അങ്ങു് ജനിച്ചുവളന്ന ദേശത്തേക്കുതന്നെപോയി സുഖമായിരിക്കുന്നതിനു കരുണതോന്നണം. ഇപ്രകാരം വിശ്രുതവും വിശാലവുമായ മഠവും മറ്റും അവിടെ ഇഷ്ടംപോലെ തീർപ്പിച്ചുതന്നുകൊള്ളാം" എന്നറിവിച്ചു്, ഒരുവിധത്തിൽ സ്വാമിയെ സമ്മതിപ്പിച്ചു് അമ്പാരിആനമേൽ കയറിയിരുത്തിയാത്രയാരംഭിച്ചപ്പോൾ, കാശിരാജനെ വിളിച്ചുപറഞ്ഞു—"ഹേ രാജൻ! ഞാൻ മതഭ്രമംകൊണ്ടു നശിപ്പിച്ചുപോയ ദേവാലയങ്ങളും കുളങ്ങളുംമറ്റും യഥാപൂർവ്വം കെട്ടിക്കുന്നതിനും ധർമ്മസത്രങ്ങൾ തീർപ്പിക്കുന്നതിനും പൂജാനിവേദ്യാദികൾ നടത്തുന്നതിനുമായി പതിനായിരം സ്വർണ്ണം അനുവദിച്ചിരിക്കുന്നു. വേഗംതന്നെ നിഷ്കർഷിച്ചു, ഇതൊക്കെ നടത്തിക്കണം" എന്നുകല്പിച്ചു.

അനന്തരം ദില്ലിയിലെത്തി, അവിടെ ശ്രീരാമക്കോവിൽ മുതലായ ദേവാലയങ്ങളെ പണിയിച്ചു, ഉത്തമബ്രാഹ്മണരെ വരുത്തി, യഥേഷ്ടം സ്വർണ്ണാദികൾ ദാനംചെയ്കയും രാമനാമത്തെ ജപിപ്പിക്കുകയും സ്വയം ജപിക്കുകയും ചെയ്തുകൊണ്ടു സന്തൃപ്തനായി ദിവസങ്ങൾ നയിച്ചുവന്നു.

തുളസീദാസനാകട്ടെ, ഭഗവാൻ തന്റെ ആശീർവാദത്തെ സത്യവൽകരിക്കാനായി തന്റെ രൂപമെടുത്തുവന്നു്, മരിച്ച ബ്രാഹ്മണനെ ജീവിപ്പിച്ചു തന്നെ രക്ഷിച്ച കരുണാമൃതത്തെ, തുടരെത്തുടരെ വിചാരിച്ചു, ഭഗവാങ്കൽതന്നെ മനസ്സുറപ്പിച്ചു്, പലവിധത്തിൽ സ്തോത്രംചെയ്യാൻതുടങ്ങി. ഹേ ഭക്തജനപരിപാലക! ദുഷ്ടജനസംഹാരക! സൃഷ്ടിസ്ഥിതിലയകാരണ! സ്ഥൂലസൂക്ഷ്മകാരണദേഹങ്ങളെ അതിക്രമിച്ചിരിക്കുന്നകാലസ്വരൂപ! വിവേകികളുടെ ഹൃദയകമലങ്ങളിൽ അധിവസിക്കുന്ന ജ്ഞാനസ്വരൂപ! ജന്മമരണരാഗദ്വേഷസുഖദുഃഖാദിബന്ധങ്ങളിൽ സംബന്ധമില്ലാതെ അഖണ്ഡാനന്ദാമൃതത്തിൽ മുഴുകുമാറു കരുണാകടാക്ഷമരുളുന്നവാസുദേവ! സകലകർമ്മസുകൃത ശുഭമംഗലശോഭിതസുന്ദരസ്വയംപ്രകാശ ശുദ്ധോദ്ഭൂതമോക്ഷസാധനാനുഷ്ഠാനധ്യാനപരമോക്ഷ ഭജനസ്ഥാനമായ ഇഷ്ടദൈവമേ! സാക്ഷാൽകാരസദാനന്ദസദ്ഭാവസംശോധനസാത്വിക സലക്ഷ സന്തോഷാമൃതത്തെ ദാനംചെയ്യുന്ന ജഗന്നാഥ! മോഹാന്ധകാരഗുഹയിൽ, അജ്ഞാനക്കുഴികളിൽ അകപ്പെട്ടു്, അധോഗതിയടയാൻ ഭാവിച്ച അടിയനെ ഉജ്ജീവിപ്പിച്ചു, ഇപ്രകാരം രക്ഷിച്ചതു നിന്തിരുവടിയുടെ കരുണാകണികയല്ലയോ?" എന്നിങ്ങനെ പലവിധമായ സ്തോത്രംചെയ്തു പരമാനന്ദനിമഗ്നനായിരുന്നു.

---

## പതിമൂന്നാം അദ്ധ്യായം.

---

(തുളസീദാസൻ അക്ബർബാദുഷാവെ മലിനപ്പെടുത്തിയ അദ്ധ്യായം.)

അല്ലയോ സിദ്ധന്മാരേ! അഷ്ടാക്ഷരമന്ത്രത്തിന്റെയും സ്ഥൂലപഞ്ചാക്ഷരമന്ത്രത്തിന്റെയും ദ്വിതീയാക്ഷരങ്ങൾചേർന്നുണ്ടായ തിരുനാമമന്ത്രം, അതിനെ എപ്പോഴും ഭക്തിപൂർവം ഉച്ചരിച്ചുംകൊണ്ടു വിശ്വതൈജസപ്രാജ്ഞവിരാട് ഹിരണ്യഗർഭ അവ്യാകൃതങ്ങളേയും കടന്നു സർവത്ര പരിപൂർണ്ണമായി സർവസാക്ഷിയായിരിക്കുന്ന പരമാത്മാവെ ദർശിച്ചു, കാമക്രോധാദികൾ ഷഡൂർമ്മികൾ മുതലായവയെ ജയിച്ചു ശാന്തത, മനോനൈർമ്മല്യം, സന്തോഷം, ഉപരതി, ജഗദ്വിലക്ഷണത, സംസാരവ്യതിരേകം, അന്തർമുഖത, അഖണ്ഡാനന്ദം ഇതുകളെ ഉണ്ടാക്കുന്ന നിയതിമാർഗ്ഗത്തെ പ്രാപിച്ചു, ആനന്ദമാത്രവിശ്രാന്തനായി ജന്മകർമ്മങ്ങളെ അറുത്തു്, സ്ഥിതിചെയ്യുന്ന സദ്ഗുണാലംകൃതനായ തുളസീദാസനെ ധീരവീരഗംഭീരഭാവധാതൃത്വ, ദാനതപൈശ്വര്യ, ശൌര്യാദിഗുണങ്ങളിനാൽ, രാജ്യരക്ഷ ചെയ്തുവരുന്ന സദ്ഗുണഗണനിലയനനായ അക്ബർബാദുഷാ, ദിവസംതോറും ഭജിച്ചു പൂജിച്ചു സേവിക്കയും, മഹമ്മദുമതത്തെ ദ്വേഷിച്ചു്, ഭഗവന്നാമങ്ങളെ ഉച്ചരിക്കയും, രാജ്യത്തിൽ പലേടത്തും ശിവാലയം, വിഷ്ണുക്ഷേത്രം, അന്നദാനസത്രം, വഴിക്കിണറു്, കുളം മുതലായവ ഉണ്ടാക്കിച്ചു, ഗോവധാമുതലായ അധർമ്മകർമ്മങ്ങളെ നിറുത്തൽചെയ്തു്, ഹനൂമദങ്കിതവും ഗരുഡാങ്കിതവുമായ കൊടികളെ പലദിക്കിലുംനാട്ടി, ഹിന്ദുമതത്തെ അനുസരിച്ചു പരമധർമ്മിഷ്ഠനായിരുന്നു. അക്കാലത്തു മുസൽമാൻമാർക്കു്, ഉള്ളാൽ അസന്തോഷമായി. എങ്കിലും ചക്രവർത്തിയുടെ അഭിപ്രായത്തെ എതിർത്തുപറവാൻ ധൈര്യമില്ലായ്കകൊണ്ടു്, അവർ മൌനംദീക്ഷിക്കയും, അദ്ദേഹത്തിൽ കപടഭക്തി പ്രദർശിപ്പിക്കയും തുളസീദാസനെ വ്യാജമായി പൂജ[illegible]ങ്ങളും [illegible]വിന്നുവെ വിശ്വസിച്ചിരി

ക്കനാവരാണെന്നു നടിക്കുകയും ചെയ്തു. അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം അവർ രാജസന്നിധിയിലെത്തി ഇങ്ങനെ അറിവിച്ചു:— "രാജാധിരാജ! നാം വളരെനാളായി മഹാവിഷ്ണുവെ പൂജിച്ചിട്ടും അദ്ദേഹത്തിന്റെ ദർശനം നമുക്കു ലഭിച്ചില്ലല്ലോ; സമയംപോഴിൽകളഞ്ഞുവെന്നാണു തോന്നുന്നതു്. പരമഭക്തനായ ഭവാന്നു ശ്രീരാമദർശനം ലഭിക്കേണ്ടതാണു്. മഹാഭാഗന്മാരായ ഭവാദൃശന്മാർക്കു ദർശനം ലഭിച്ചില്ലെങ്കിൽ കേവലം കൃമിപ്രായന്മാരായ ഞങ്ങളുടെ കഥ പറവാനുണ്ടോ? തുളസീദാസൻ തിരുമനസ്സിലെപ്പേരിൽ അത്യന്തം പ്രീതിയുണ്ടെന്നുള്ളതു വാസ്തവമാണെങ്കിൽ, ഒരുനിമിഷത്തിനകം ശ്രീരാമസ്വാമിയെ ഇവിടെ വരുത്തിച്ചു ദർശനം തരുവിക്കും. അങ്ങു ഇപ്പോൾതന്നെ തുളസീദാസരുടെ അടുക്കൽചെന്നു ഇന്നുമുതൽ മൂന്നുദിവസത്തിനകം ഭഗവാനെ വരുത്തിക്കാണിച്ചു രക്ഷിക്കണമെന്നപേക്ഷിച്ചു പറഞ്ഞുംവെച്ചു്, മാളികയിൽ എഴുന്നെള്ളിയിരിക്കണം. ഞങ്ങൾ ഉടനെതന്നെ പോയി അദ്ദേഹത്തെ സ്തുതിച്ചു ഈ സംഗതി ഉണർത്തിക്കയും ചെയ്യാം. എന്നാൽ നിശ്ചയമായും അദ്ദേഹം ഈ സംഗതി സാധിച്ചുതരാതെയിരിക്കയില്ല."

ബാദുഷായ്ക്കു ഇതുകേട്ടപ്പോൾ ഭക്തി പൂർവാധികം വർദ്ധിച്ചു. അദ്ദേഹം ഇങ്ങനെ വിചാരിച്ചു. "ഹേ ഭഗവാൻ! രാമചന്ദ്ര! നിന്തിരുവടിയെ ദർശിക്കാത്ത എന്റെകണ്ണുകളും നിന്തിരുപ്പാദത്തെ സ്പർശിക്കാത്ത ഈ കൈകളും പാദങ്ങളിൽ നമസ്കരിക്കാത്ത ശിരസ്സും, ഞാൻ എന്തിനു ചുമക്കുന്നു?" ഈ വിചാരത്തോടുകൂടിപ്പോയി തുളസീദാസനെ വന്ദിച്ചു—"ഹേ മഹാനുഭാവ! ഈ പാപിയിൽ കരുണതോന്നി, ശ്രീരാമചന്ദ്രനെ വരുത്തിക്കാണിച്ചു, അനുഗ്രഹിപ്പാറാകണം എന്നപേക്ഷിച്ചു.

**തുളസീദാസൻ**:— ഹേരാജൻ! പന്ത്രണ്ടുസംവത്സരം ഭഗവാനെ ഉന്നിത്തപസ്സു ചെയ്തതിനുശേഷവും, എനിക്കു ദർശനംതരാതെ അദ്ദേഹം വളരെ കഷ്ടപ്പെടുത്തി. എന്നെക്കൊണ്ടുമാത്രം ദർശനംസാധിക്കാൻ കഴിഞ്ഞതുമില്ല. അനേകവർഷം നിർവികല്പസമാധിയിൽ സ്ഥിതിചെയ്യുന്ന തപസ്വീശ്വരന്മാർക്കുപോലും, അദ്ദേഹം ദർശനംകൊടുക്കാറില്ല. ആ സ്ഥിതിക്കു ഞാനാവശ്യപ്പെടുന്ന ഈ ഘട്ടത്തിൽതന്നെവന്നു് താങ്കൾക്കു ദർശനംതരുമെന്നു നിശ്ചയിക്കാവതല്ല. വിശേഷിച്ചും ഈ പട്ടണം ഗോഹത്യമുതലായ ദുഷ്കൃത്യങ്ങളാൽ മലിനീഭൂതവുമാണു്. വിഷ്ണുദർശനം അത്ര എളുപ്പത്തിൽ ലഭിക്കാവുന്നതുമല്ല. എന്നാൽ അതു കേവലം അസാധ്യമാണെന്നും ഞാൻ പറയുന്നില്ല. ഇനിയും കുറേനാൾ കഴിയുമ്പോഴെങ്ങാനും, അദ്ദേഹം കരുണചെയ്തു പ്രത്യക്ഷപ്പെട്ടേക്കാം. എന്നല്ലാതെ പെട്ടെന്നു അതു സാധിക്കാൻ എളുപ്പമില്ല.

ബാദുഷാ:— സ്വാമി! വളരെനാളായി അത്യന്തം ഭക്തിയോടുകൂടി ഭജിക്കുന്ന എന്റെമുമ്പിൽ എഴുന്നെള്ളുന്നതിനു ഭഗവാനു യാതൊരു പ്രീതിയും ഉണ്ടായിരിക്കയില്ല. നിന്തിരുവടി വിചാരിച്ചാൽ അക്കാര്യത്തിനു യാതൊരു പ്രയാസവുമുണ്ടാകയില്ല. കാശിയിലുള്ളവരെല്ലാം കാണത്തക്കവണ്ണം പ്രത്യക്ഷപ്പെട്ട ഭക്തവത്സലനായ ഭഗവാൻ ഞാൻ കാണാൻമാത്രം വരാതിരിക്കാൻ കാരണമുണ്ടോ? ബ്രഹ്മാവിനു ആയുസ്സിനു പ്രയാസമില്ലാത്തതുപോലെ നിന്തിരുവടി വിചാരിച്ചാൽ ഭഗവദ്ദർശനത്തിനു ഒട്ടും പ്രയാസമില്ല. അതുകൊണ്ടു ഇന്നുമുതൽ മൂന്നുദിവസത്തിനകം ഭഗവദ്ദർശനത്തിനു നിന്തിരുവടി ഇടയാക്കി, എന്റെ ബന്ധപാശങ്ങളെ ഖണ്ഡിച്ചു രക്ഷിക്കണം. എന്നുപറഞ്ഞു തൊഴുതുകൊണ്ടു, ഇനി നമുക്കു ഭഗവാൻ ദർശനംതരുമെന്നു വിശ്വസിച്ചുകൊണ്ടും, മന്ത്രിപ്രധാനികളുടെ ഉപദേശം അനുസരിച്ചു തിരികെ കൊട്ടാരത്തിൽ മടങ്ങിച്ചെന്നു്, പ്രജകളെ വിളിച്ചുവരുത്തി ഭഗവദ്ദർശനം തരുവിക്കാൻ തുളസീദാസരുടെ അടുക്കൽചെന്നപേക്ഷിച്ചുപറയണമെന്നു നിർബന്ധിച്ചയച്ചു.

തുരുക്കന്മാർ തൽക്ഷണംതന്നെ ബദ്ധപ്പെട്ടു, തുളസീദാസരുടെ മഠത്തിൽചെന്നു,— "ഹേ ഹരിദാസരേ! അങ്ങു് ഇപ്പോൾ ഭഗവാനെ വരുത്തി ഞങ്ങൾക്കു കാണിച്ചുതന്നില്ലെങ്കിൽ അദ്ദേഹത്തെ അങ്ങുമുമ്പു കണ്ടതും അനുഗ്രഹംവാങ്ങിയതുമെല്ലാം വെറുംകള്ളമാണെ

ന്നതന്നെ ഞങ്ങൾ വിശ്വസിക്കും. അല്ലെങ്കിൽ ഭഗവാനെ വേഗം വരുത്തിക്കാണിച്ചുതരണം എന്നു നിർബന്ധിച്ചു. തുളസീദാസൻ അതുകേട്ടു ചിരിച്ചു, "ഹേ മുസൽമാന്മാരേ! നിങ്ങൾ ഞാൻ പറയുന്നതുകേൾക്കുവിൻ! ഭഗവാനെ ദർശിക്കാൻ നമ്മൾ നിർബന്ധിച്ചാൽ സാധിക്കയില്ല. അദ്ദേഹത്തിനു കരുണതോന്നി ഇഷ്ടപ്പെടുമ്പോൾ ദർശനംതരുമെന്നേയുള്ളു. ഈ പരമാൎത്ഥം നിങ്ങളുടെ രാജാവിനോടു പറഞ്ഞു്, ഇവിടെക്കൂട്ടിക്കൊണ്ടുവരുവിൻ എന്നരുളിച്ചെയ്തു."

തുലുക്കർ:—"സ്വാമി! രാജാവിന്റെ വാക്കുമറുത്തു്, അങ്ങേ നിയോഗം അനുസരിച്ചാൽ അദ്ദേഹം ഞങ്ങളെ ശിക്ഷിക്കും. ഭഗവാനെക്കാണാതെ ഞങ്ങൾ വിട്ടുമാറിപ്പോകയില്ല. അങ്ങേ ഉപാസനമൂൎത്തിയായ ശ്രീരാമനെവരുത്തിക്കാണിക്കുന്നതുവരെ അങ്ങു്, ഈ സിംഹാസനം വിട്ടെഴുന്നേൽക്കാൻ ഞങ്ങൾ സമ്മതിക്കയില്ല. അങ്ങുമൂലം ഞങ്ങളുടെകുലധൎമ്മങ്ങളൊക്കെമാഞ്ഞു. മഹമ്മദിനെ വന്ദിക്കാതെയായി. അനീതികൾ നാടൊട്ടുക്കു വൎദ്ധിച്ചു. അങ്ങേ തന്ത്രങ്ങളെല്ലാം ബാദുഷാവിനുമനസ്സിലെ അടുക്കൽ നടക്കുമെന്നല്ലാതെ ഞങ്ങളോടു ഫലിക്കയില്ല. അങ്ങേ ഞങ്ങൾ വെറുതേവിട്ടുകളയുമെന്നു വിചാരിക്കേണ്ടാ." എന്നൊക്കെക്രമത്തു പറയുന്നതുകേട്ടപ്പോൾ തുളസീദാസൻ:—"ഹേ തുലുക്കരേ! സന്മാൎഗ്ഗം കൈവിട്ടു ദുൎമ്മാൎഗ്ഗം തുടങ്ങുന്ന നിങ്ങൾക്കു ഭഗവാനെ ദർശിക്കാൻ സാധിക്കുമോ? എന്നെ ഉപദ്രവിക്കുന്നതു നിങ്ങൾക്കു ധൎമ്മമാണോ? ഇനി ഇവിടെത്താമസിക്കാൻ എനിക്കിഷ്ടമില്ല. ഇഷ്ടമുള്ളദിക്കിൽ പൊയ്ക്കൊള്ളുന്നതിനു നിങ്ങൾ അനുവദിക്കുവിൻ" എന്നരുളിച്ചെയ്തശേഷം സിംഹാസനംവിട്ടെഴുന്നേറ്റു. തുലുക്കന്മാർ പെട്ടെന്നു ചുററിവളഞ്ഞടുത്തു്, അദ്ദേഹത്തെ എഴുന്നേററുപോകാൻ സമ്മതിക്കാതെ പിടിച്ചു്, വീണ്ടും സിംഹാസനത്തിലിരുത്തി. "വേഗംഭഗവാനെവരുത്തിക്കാണിക്കാതെ അങ്ങേ ഞങ്ങൾ വിട്ടയയ്ക്കുകയില്ല. ജീവൻപോയാലും ഭയപ്പെടുന്നകൂട്ടരല്ല ഞങ്ങൾ. മഹമ്മദരുടെ വൈരാഗ്യം അങ്ങറിഞ്ഞിട്ടില്ല. എന്നു് കോപിച്ചുച്ചത്തിൽ പറഞ്ഞു.

തുളസീദാ:—ഹേ മുസൽമാന്മാരേ! ഇപ്രകാരമുള്ള ബലാൽക്കാരത്തോടെയാണോ നിങ്ങൾ ഭഗവാനെക്കാണാൻ വന്നിരിക്കുന്നതു? പാപങ്ങളെ തീൎക്കാൻ നിശ്ചയിക്കുന്നതും? ഇങ്ങനെയുള്ള ദുഷ്ടന്മാൎക്കു ഭഗവദ്ദൎശനം ലഭിക്കുമോ? സാധുക്കളോടു് ഈമാതിരി ബലാൽക്കാരം നടക്കുമോ? ഇനി, എന്നെത്തീണ്ടാതെയും ഭഗവാനെക്കാണണമെന്നു പറയാതെയും അവരവരുടെ ഇരിപ്പിടത്തിനുപൊയ്ക്കൊൾവിൻ! അതാണുനന്നു്, എന്നു പറഞ്ഞു.

തുലുക്കന്മാർ:—"ഹേ ദുൎഗ്ഗുണശാലിയായ സന്ന്യാസിൻ! താങ്കളുടെ ദുശ്ശീലവും ദുഷ്ടതയും ഞങ്ങളോടു കാണിക്കരുതു്. വെറുതേ പാപം വലിച്ചുവയ്ക്കരുതു്. രാജകല്പനപ്രകാരം സിംഹാസനംവിട്ടെഴുന്നേൽക്കാൻ പാടില്ല. അഭിപ്രായം ഒന്നും പറയുകയുംവേണ്ടാ അതിനുവിപരീതമായി പ്രവൎത്തിച്ചാൽ അനുഭവം വേറെയാണു്." എന്നൊക്കെ ഭയപ്പെടുത്തി. അധിക്ഷേപിച്ചു്, മൂന്നുദിവസത്തേക്കു് ആ സിംഹാസനംവിട്ടെഴുന്നേൽക്കാതെ സൂക്ഷിച്ചുകൊണ്ടിരുന്നു.

അതിനാൽ തുളസീദാസൻ വിഷമിച്ചു്, മഹമ്മദീയരെനോക്കി, ഹേ തുലുക്കപ്രമാണികളേ! നിങ്ങളുടെ ഇഷ്ടപ്രകാരം ഭഗവാനെ വരുത്തിക്കാണിച്ചുതരാം. നിങ്ങൾ പോയി ബാദുഷായെക്കൂട്ടിക്കൊണ്ടുവരുവിൻ എന്നു പറഞ്ഞു.

തുലുക്കന്മാർ:—"അദൃശ്യമായ ഭഗവാനെ വരുത്തിയാലല്ലാതെ രാജാവിനെവിളിക്കാൻ ഞങ്ങൾപോകയില്ല. ഭഗവാനെവരുത്താൻ പ്രയാസമുണ്ടെന്നുപറഞ്ഞ താങ്കൾ, ഇപ്പോൾ പ്രയാസമില്ലെന്നു പറയുന്നില്ലേ. ഇനി താമസിയാതെ വരുത്തിക്കാണിക്കുന്നതിനു ഞങ്ങളുടെ കയ്യിൽ വിദ്യയുണ്ടു്. കണ്ടുകൊൾക" എന്നു പറഞ്ഞു വീണ്ടും ഉപദ്രവിക്കാൻ തുടങ്ങി. അവരിങ്ങനെ തുളസീദാസനെ ഉപദ്രവിച്ചുകൊണ്ടിരിക്കുമ്പോൾ, ഭഗവദ്ദൎശനപ്രാപ്തിയെക്കുറിച്ചു്, ബാദുഷാ ചിന്തിക്കയായിരുന്നു. തുളസീദാസൻ മൂന്നുദിവസത്തിനകം ഭഗവദ്ദൎശനം തരുവിക്കാമെന്നല്ലേ പറഞ്ഞതു്? ഇന്നു മൂന്നാമത്തെ ദിവസമായല്ലോ. എന്തായികഥ? എന്നു മന്ത്രിപ്രഭൃതികളോടുചോദിച്ചു. മന്ത്രിമാർ അതുകേട്ടു്,

സ്വാമിൻ! നമ്മുടെ ഭക്തന്മാരുടെ ഉപദ്രവംകൊണ്ടും ഉപചാരംകൊണ്ടും ഭക്തികൊണ്ടും ഭഗവാനെ വശത്തിക്കാനിക്കാണെങ്കിൽ അദ്ദേഹം ഒരുവിധത്തിൽ സമ്മതിച്ചിട്ടുണ്ട്. ഇനിയും മൂന്നുയാമം രാത്രിയുണ്ടല്ലോ. അതു കഴിയുന്നതിനകം ഭഗവാൻ പ്രത്യക്ഷനാകും. അല്പം ക്ഷമിക്കണം എന്നറിവിച്ചു. പാദുഷാ അതുകേട്ട സന്തോഷത്തോടുകൂടി, സൂര്യൻ എപ്പോൾ ഉദിക്കും ഭഗവാൻ എപ്പോൾ ദർശനംതരും എന്ന വിചാരത്തോടുകൂടിയിരുന്നു.

അവിടെ തുളസീദാസക്ക് തുലുക്കന്മാരുടെ ഉപദ്രവംസഹിക്കവയ്യാതെ ആയപ്പോൾ, അവരെ ഒരു നല്ലപാഠം പഠിപ്പിക്കണമെന്നു നിശ്ചയിച്ച്, ഹനൂമദ്ദേവനെ ധ്യാനിച്ചു. മുസൽമാൻവംശത്തിനു ആദിഭൂതനായ മോസാമുനിയെ കത്തി പണ്ടൊരിക്കൽ കടൽമാല വെളിയിൽ തള്ളിച്ചതു ഹനൂമാനാണെന്നറിഞ്ഞിരുന്നതുകൊണ്ട്, അവരെയും അദ്ദേഹത്തെക്കൊണ്ടുതന്നെ തക്കവണ്ണം ശിക്ഷിപ്പിക്കണമെന്നുറച്ച് ഹനൂമൽസ്തോത്രം തുടങ്ങി.

## ഹനൂമൽസ്തുതി.

കമലോപമചരണംസുധയൊഴുകുംമൃദുമൊഴിയും
വിമലായതഭുജദണ്ഡുമതിപരിസ്ഫുരിതടയും
സുമഹോരസിവിലസുന്നൊരുമണിമാലയുമിയലും
രഘുനായകപദദാസക മരുദാത്മജശരണം.
മമസങ്കടവികടാനലനണയുംപടികൃപയാ-
മൃതമൊഴിയുകനിർജ്ജിതനിഖിലാശരനിചയ!
മൃദുരാഗമൊടിഹരാമചരിതനാമമതളും
മുടിചേറ്റൊരുമഹിതാശയമരുദാത്മജശരണം.
കപിശേഖരവരകേസരിതനയാഞ്ജനസൂനായ!
സുഖമഞ്ജനപ്രസവിച്ചൊരുപരിപാവനഹൃദയ
അടിയാരിലുമടയാനഹമിഹനിന്പദഭജനം
തുടരുംമുറവിളികേൾമമമരുദാത്മജശരണം.
സകലേശ്വരനരുളാലുകിലലയാഴികൾകരയാം
പകലോൻകതിരതിശീതളഗുണമായിഹതിരിയാം
വികലാശയനഹമപ്പോൾപദപങ്കജമനിശം
നിനവുറ്റിതുകരതീർത്ഥയാംമരുദാത്മജശരണം.
തുലയറ്റൊരുസുഷമക്കിനിലമാംബലിവരനീ
യലിവുറ്റിതുമമബാലകശയിൽദൃഢമതുപോൽ
അപരാധമൊരണുപോലുമേകലരാതൊരുഗതിതൻ
വിപദാറ്റുകവിമലാക്ഷരമരുദാത്മജശരണം.
കരുണാകുലമിഴിചേർത്തിഹപരമാർത്തികൾമമനീ
യരുണാധരഹിമസന്നിഭമൊഴിവാക്കുകനിയതം
ശരണാഗതജനസങ്കടഹരണ!കപിമകുടാ-
ഭരണ!ഗതമരണ!മമമരുദാത്മജശരണം.
സദയംമമവിമലാക്ഷരപദമേകുകനിയതം
മദകക്കളഭയശങ്കകളൊഴിവാക്കണമഖിലം
ഖിദനന്തകപരമപ്പൊരുളിയലുന്നൊരുതവനൽ
പദമാണഭയപദംമമമരുദാത്മജശരണം.
അകവുംബഹുപുറവുംദൃഢമൊരുപോൽനിറവിയലും
പരചിദ്ഘനപരമാർത്ഥകവിമലപ്പൊരുളയിനീ
സുഖനന്തരപുരുഷനൊന്നൊരുവരദേശികമഹിമാ

ഖിയലും പരമശിവോത്ഭവ! മരുദാത്മജശരണം
നിയമാദികനില വിട്ടൊരു വിഫലാശയനിവനിൽ
പ്രിയമാർന്നയി കരുണാകര തരുളീടുക സതതം
ജയ ചില്ലൂള! ജയനിഷ്ഠൂള! ജയപുഷ്ടള! പരമാർ
ജയമാമവ വിജയധ്വജവാസിതാമശരണം.
രഘുനായകപദപാവനപരമാത്മമതറിയും
ബുധശേഖരകമലാകരതരണേ! സുകൃതരണേ!
ജയ ചാങ്കകമലജാപ്രഹരണ ഹേ ശ്രുതിവചന!
ജയ കേസരിതനയ ശിവ മരുദാത്മജശരണം.
ഗതിനേർവഴി തുടരാൻ ദിനകരനോടു ഭ്രമമിയലും
ന്നൊരു ലങ്കയിലപശംകടമകന്നു മുഴുവൻ
കൊടുവഹ്നിയിലെരിചെയ്തൊരു ഭുജവീര്യജലധിയാം
മൃഡസംഭവ! വിജയീഭവ! മരുദാത്മജശരണം.
വിപുലാദ്ഭുതനിജബാലധി ചുരുളാക്കിയതിന്മേൽ
ദശകന്ധരകനകാസനനിലയിൽ പരമുയരെ
സ്ഥിതി ചെയ്തവനൊടു നിർമ്മലമുപദേശവുമരുളി
ക്ഷിതിജാപസവിധമെത്തിയ മരുദാത്മജശരണം.
ശരമോഹിതരഘുവീരരെ മൃതജീവനിമലയാൽ
ഉണർനല്ലിയധിരണംബലിനിമിയാന്നചിതനിലയൻ
മയിൽരാവണനനുയാതരഘുവീരരെ നിജവാൽ
തെറയാൽ പരിവൃതരാക്കിയ മരുദാത്മജശരണം.
അമർതോററ ദശകന്ധരനിടരാർന്നൊരു സമയേ
സുമഹാശരമയിൽ രാവണനെതിർവന്നിട്ടളവിൽ
തദഹംകൃതികളയും പടിയടികൂട്ടിയതാരെ പൊൽ
പദമാശ്രയമഗതിക്കിഹ മരുദാത്മജശരണം.
മഹിതാശയ! മഹിതൻമകളുടെ സംകടമഖിലം
സുഹിതോക്തികളരുളീട്ടപഗതമാക്കിയ ദേവൻ
സഹസാ തവ പദപങ്കജമഭയം തരികഗതി
ക്കഹതം, സകലഹിതം, മമ മരുദാത്മജശരണം.
സമയേ രഘുപതി ചെൽവതിനണുതാമസമുളവാ
യതിനാലപഭയമഗ്നിയിലെരിയാൻ രഘുഭരതൻ
തുടരുന്നളവഥ രാഘവശേഷാണെഴുന്നരുളും
കഥ ചെന്നുടനറിയിച്ചൊരു മരുദാത്മജശരണം.
അപവർഗ്ഗമതുളവാം വഴിയഗതിക്കരുൾ കൃപയാ-
ലവരാമുഖമരുൾ ചെയ്തൊരു സുപരാക്രമനിലയ!
ഹൃദയാന്ധത സകലം മമ പരിശോഷയ പരമാ
പരിതാപവുമൊഴിവാക്കുക മരുദാത്മജശരണം.
ഹരസംഭവ കരുണാകരണമിഹ നിത്യമവടിതം-
നരുളീടുകിലഖിലം ജയകരമാം നരകരണം
പരമാർത്കൃതമിദമുൾകടതരസംകടമഖിലം
പരിശോധയ! പരമോദയ! മരുദാത്മജശരണം.
വരതുംബുരുമധുരസ്വരകളഗാനസരസ്വാ
യൊരു നാരദമുനി നിത്യമവടിതന്നുടെ സവിധം
പരമാന്നളവെതിർ തന്നുടമൊഴിയും പരിമൃദുസു-
സ്വരമിന്ദുശബ്ദമിട്ടിയ മരുദാത്മജശരണം.

സുരമണ്ഡലമഖിലംസ്തുതിവചനംദിനമനുനിർ-
ഭരഭക്തിയൊടരുളുംശിവരനയ!ശുഭമതിനയ!
പരിപാവനഹൃദയ!മമപരിതാപമതൊഴിവായ്
വരുവാനിഹവരികാശുഭഗവൽസുതശരണം.
ഭവസങ്കടമുട്ടദുർഘടവികടക്കടൽനടുവിൽ
പതിയാതഗതിയെയാണ്ടങ്ങളുകനൽപരഗതിയെ
ഭഗവൽസ്മൃതിബുധസൽകൃതിമുതലായ്പലഗുണമൊടു
ഭഗവൻസതിയിമനന്നൽകുകമരുദാത്മജശരണം.
കരുണാരസകമനീയതകലരുംകടമിഴിയാൽ
ശരണാഗതനിവനെദിനമനുപാലയ പരമൻ
പരമാത്ഭുതപരമാർത്ഥക ദ്രൂംമമായവൻ
വരമേകുകപരമശ്ശുഭമരുദാത്മജശരണം,
നജ്ഞാതികൾസുജ്ഞാതികളഖിലംപുകൾപൊഴിയും
ഗിരിജാപതിനമ!നിൻതിരുവടിയാംതിരുമലരിൽ
ചൊരിയുംമധുകണരാശികൾ,ദുരിതക്കനൽകെട്ടമാ-
റൊളിടുകവരമീളുകമരുദാത്മജശരണം.

ശരണംമധുഹരമാധവചരണാംബുജശരണ!
ശരണം സഹജവ്രജകോടികൃതദുർമ്മദഹരണ!
ശരണംഭയകരദുസ്സഹലവണാംബുധിതരണ!
തരണംതവചരണംമമമരുദാത്മജശരണം.
തവനിർമ്മലകൃപയാലഖിലാഖിലംഭുവിസഫലം
തവകോപമതുലാശുഭനിലയംശുഭവിലയം
ഭവസംഭവദാനകെടുവിപുസങ്കടമൊഴിയും
വിധമൻപൊടുവരമേകുകമരുദാത്മജശരണം.
അണുവെങ്കിലുമതിനെങ്കലൊരാവിവൃതംതടമതിലാ-
ന്നണിമാദികസകലൈശ്വര്യഗുണ!മംഗലമരുളാൻ
പ്രണയാഞ്ചിതമിതുനിൻകഴലിണകൈതൊഴുതനിശം
ഭണിതാവലിവിതറുന്നിത!മരുദാത്മജശരണം.
നലമാർന്നൊരുമമപുണ്യവുമിഹസൽവ്രതഫലവും
പലഭാവനയകലുന്നൊരുപരിപാവനനിലയും
ബലവുംമമകുലശുദ്ധിസകലാലോകിൽനീതാ
നമയാശുഭനിലയ!മമമരുദാത്മജശരണം.
അലയാമനമൊട്ടാവണഹമാന്ത്രിയപത്തുകൈ
ത്തലയുംബലമൊട്ടൈക്കഴിയതിലാക്കിലഘുതരം
കപികളൊരൊടുമുഴയുംപദിയടികൂട്ടിയപരമൻ
കപിശേഖരപരമേശ്വരമരുദാത്മജശരണം.
തപവുംപലജപവുംവ്രതനിയമാദികളുമയിനിൻ
പദഭക്തിയൊടെതിരല്ലതു ഫലസിദ്ധിദമിഹമേ
രഘുനായകപദപങ്കജമധുമാഞ്ചിതമധുവാൽ
സുഖമാർന്നൊരുമധുപ!മമമരുദാത്മജശരണം.
മരണവുംകൃപയണയാതിവർത്തുമരംപരിഭവമി-
കഴിണമാറുക;കമളീവനകമനീയകനിലയന!
രണചക്രമിളജനിചരദഹന!ബലിപദന!
ഗുണസാഗരകരുണാകരമരുദാത്മജശരണം.

എന്നിങ്ങനെ മനസ്സുകൊണ്ടു സ്തോത്രംചെയ്ത തുളസീദാസരുടെ സങ്കടാവസ്ഥയറിഞ്ഞു്, ഹനൂമാൻ, തുലുക്കന്മാരുടെ അക്രമത്തേയും അഹങ്കാരത്തേയും ഒന്നു ശമിപ്പിക്കണമെന്നു നിശ്ചയിച്ചു്, അതിഭയങ്കരാകൃതിയായ ഒരു വാനരസൈന്യത്തെ നിർമ്മിച്ചു്, അതിനെ നോക്കിപ്പറഞ്ഞു. "അല്ലയോ പ്രിയദാസന്മാരേ! നിങ്ങൾ പതിനായിരംപേരും ഇപ്പോൾതന്നെ ഡില്ലിപ്പട്ടണത്തിൽ പോകണം. അവിടെ അധിവസിക്കുന്ന തുളസീദാസനെന്ന ഒരു ശ്രീരാമഭക്തനെ, അന്ധബുദ്ധിയാൽ തദ്ദേശവാസികളായ തുലുക്കന്മാർ ഉപദ്രവിച്ചുതുടങ്ങിയിരിക്കുന്നു. നിങ്ങൾ അവിടെച്ചെന്നു്, അവരെ അശക്തന്മാരാക്കി, രാജാവിനും ഭയമുണ്ടാക്കി അത്യന്തം ദുഷ്ടന്മാരായവരെ ഹിംസിച്ചു, തുളസീദാസനു മംഗളം ആശംസിച്ചുവരുവിൻ!"

കല്പന കേട്ടമാത്രയിൽതന്നെ മഹാകായന്മാരായ ആ വാനരന്മാർ ഡില്ലിയിലെത്തി. തോട്ടങ്ങളേയും ഉപവനങ്ങളേയും അഴിക്കുകയും മേടകളും മാളികകളും തകർക്കുകയും മററും ചെയ്തു. "പണ്ടു്, നമ്മുടെ സ്വാമിയായ ഹനൂമാൻ ലങ്കാനഗരം നശിപ്പിച്ചതുപോലെ നമുക്കിതും നശിപ്പിക്കണം" എന്നുച്ചത്തിൽ ആർത്തുപറഞ്ഞുകൊണ്ടു്, പട്ടണത്തെ ഇടിച്ചുമുടിച്ചു്, എതിർത്ത ദുഷ്ടന്മാരെ വധിച്ചു്, ഉച്ചൈസ്തരമട്ടഹസിച്ചു്, രാജഭവനത്തിൽ നിവസിച്ച ചക്രവർത്തിയെനോക്കി, അപഹസിച്ചു്, സ്ത്രീകളുടെ തലമുടിപിടിച്ചു വെളിക്കിറക്കി അവമാനിച്ചു്, കഴിയുന്നത്ര നാശങ്ങൾ ചെയ്തുതുടങ്ങി. ദുഷ്ടതുലുക്കന്മാരിൽ പലരുടേയും അവയവങ്ങൾ ഛേദിക്കുകയും, പലരെ ഒരുമിച്ചു കൂട്ടിപ്പിടിച്ചു് ആകാശത്തിലേക്കെറിയുകയും, പട്ടണത്തിലെ വിശുദ്ധസ്ഥാനങ്ങളെല്ലാം മലമൂത്രാദികളാൽ മലിനമാക്കുകയും ചെയ്വാൻ തുടങ്ങി. തുലുക്കന്മാർ അത്ഭുതപൂർവമായ ഈ ആപത്തു കണ്ടു്, പ്രാണരക്ഷയ്ക്കായി പലദിക്കിലേക്കും ഓട്ടംപിടിച്ചു. വാനരന്മാർ അവരെ എത്തിപ്പിടികൂടി പല്ലുകൊഴിക്കുക, കണ്ണുകുത്തുക മുതലായ ക്രൂരശിക്ഷകൾ ചെയ്യാതെ വിട്ടയച്ചില്ല. ഒരുവിധത്തിലും തടുക്കാൻ പാടില്ലാത്ത ഈ ആപത്തുകണ്ടു്, ചക്രവർത്തി വിത്രസ്തഹൃദയനായി അരയാലിലപോലെ വിറച്ചു്, കൊട്ടാരമുറിയിൽ പതുങ്ങിയിരുന്നതല്ലാതെ വെളിക്കിറങ്ങിയില്ല. ഈ കലാപത്തിൽപെട്ടു കണ്ണുപോയവരും കൈപോയവരും കുടൽചോരിഞ്ഞവരും മുറിവേററവരും നാക്കുപോയവരും, മൂക്കുമുറിഞ്ഞവരും ആയി അസംഖ്യം തുലുക്കന്മാർ, ഒരുവിധത്തിൽ നടന്നും ഇഴഞ്ഞും കാട്ടുകളിലും മലകളിലുംപോയി അഭയംപ്രാപിച്ചു— അവിടെയും വാനരന്മാരെത്തി ഭയപ്പെടുത്താതിരുന്നില്ല. പാദങ്ങളിൽവീണു ശരണംപ്രാപിച്ചവരെമാത്രം അവർ ഉപദ്രവിച്ചില്ല. ഇങ്ങനെ സംഹാരരുദ്രന്മാരെപ്പോലെ നാശകാരകന്മാരായ ആ വാനരന്മാർ, ഡില്ലിപ്പട്ടണം കീഴ്മേൽ മറിക്കുമ്പോൾ, തുളസീദാസൻ അക്ബർബാദുഷായെക്കുറിച്ചുണ്ടായിരുന്ന കരുണകൊണ്ടു്, വേഗംതന്നെ കൊട്ടാരത്തിലേക്കെഴുന്നള്ളിച്ചെന്നു. അവിടെ ബാദുഷാമുതലായി എല്ലാവരും പേടിച്ചു കിടുങ്ങിയിരിക്കുന്നതുകണ്ടു, കരുണയോടുകൂടിപ്പറഞ്ഞു. "ഹേ രാജൻ! അങ്ങേ പ്രജകളുടെ ദുഷ്ടത്വംകൊണ്ടല്ലയോ ഈ നാശങ്ങൾ വന്നുകൂടിയതു്. ഇനി എന്തിനു ദുഃഖിക്കുന്നു?"

ഈ വാക്കുകൾകേട്ടു്, ബാദുഷാ ലജ്ജാഭയഭരിതനായി സ്വാമിയുടെ പാദങ്ങളിൽ വീണു വന്ദിച്ചു്, "ഹേ സ്വാമി! ഭയങ്കരാകാരന്മാരായ ഈ വാനരന്മാർ ആരാണെന്നും, എവിടെനിന്നാണു വന്നതെന്നും അറിയിച്ചുതരണം എന്നപേക്ഷിച്ചു."

**തുളസീദാസൻ:**— രാജൻ! ഇവർ ശ്രീരാമസ്വാമിയുടെ സൈന്യവിഭാഗത്തിൽ ലക്ഷത്തിലൊരംശം മാത്രമാണു്. സ്വാമിയുടെ വരവറിയിക്കാൻ അവരെ മുൻകൂട്ടി അയച്ചിരിക്കയാണു്. ഇനി, പുറകേ തൊണ്ണൂററൊൻപതിനായിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂററൊമ്പതു പങ്കു സൈന്യത്തേയും അയച്ചുതീർപ്പിച്ചതിനുശേഷമേ അദ്ദേഹം വരികയുള്ളൂ. പിന്നീടു വന്നു നിങ്ങൾക്കൊക്കെ ദർശനംതരും. ബാദുഷാ ഇതുകേട്ടു്, ഇടിവെട്ടൽകേട്ട പാമ്പുപോലെ നടുങ്ങി, "സ്വാമിൻ! എനിക്കു ശ്രീരാമസ്വാമിയെക്കാണണമെന്നുള്ള മോഹം ഇതാ വിട്ടുകഴിഞ്ഞിരിക്കുന്നു. ഇനി, എനിക്കു് ആ ആഗ്രഹമേയില്ല. വല്ലവിധത്തിലും ഉപദ്രവികളായ ഈ കുരങ്ങന്മാരെ, അങ്ങു്, തിരികെവിളിക്കാൻ ഇട

യാക്കിത്തന്നാൽ മതിയാകം" എന്നറിവിച്ചു. എന്നാൽ അങ്ങനെതന്നെ ചെയ്യാം എന്നുപറഞ്ഞുകൊണ്ടു്, തുളസീദാസൻ ഹനൂമാനെ ധ്യാനിച്ചു്, വാനരസൈന്യത്തെ തിരികെ വിളിക്കണമെന്നു പ്രാർത്ഥിച്ചു. ഉടൻതന്നെ വാനരന്മാരെല്ലാം മറയുകയും, ഹനൂമാൻ അപ്രത്യക്ഷനായി ആകാശത്തിൽനിന്നുകൊണ്ടു്, ഹേ തുളസീദാസ! നീ എന്നെക്കുറിച്ചുപാടിയ സ്തോത്രം ആർ ചൊല്ലുന്നുവോ അവർ സർവ്വവിഘ്നങ്ങളും നശിച്ചു്, സുഖികളായി ഭവിക്കും എന്നനുഗ്രഹിക്കുകയും ചെയ്തു. അന്നുമുതൽക്കു തുലുക്കന്മാർ തുളസീദാസനെക്കുറിച്ചു വലിയ ഭയമായി അവർ അദ്ദേഹത്തെ അവമാനിക്കയോ അവഹേളിക്കയോ ചെയ്യാതെ ഭക്തിപൂർവ്വം ആരാധിച്ചുവന്നു. എല്ലാവരും പേടിച്ചുവിറച്ചു്, അദ്ദേഹത്തിന്റെ അരികിൽചെന്നു്, പാദങ്ങളിൽ നമസ്കരിച്ചു്, "ഹേ സിദ്ധയോഗീശ്വര! നിന്തിരുവടിയുടെ മഹിമാതിശയം അറിയാതെ പാഴ്വാക്കുകളും അടിയങ്ങൾചെയ്ത അപരാധം ക്ഷമിച്ചു്, രക്ഷിപ്പാറാകണം—എന്നപേക്ഷിച്ചുപറഞ്ഞു. അദ്ദേഹം സദയം അവർക്കെല്ലാം അഭയംകൊടുത്തു." അനന്തരം ബാദുഷായെനോക്കി,—"ഹേരാജൻ! അന്ധകൂപത്തിൽ വീഴാൻപോകുന്നവരെ തള്ളിയിടുന്നവർ ചിലരുണ്ടു് അതുപോലെ സ്വതേതന്നെ അന്ധന്മാരായ ഈ തുലുക്കന്മാരെക്കൊണ്ടു്, എന്നെ ഉപദ്രവിപ്പിച്ചതു്, അങ്ങേടെ മന്ത്രിമാരാണു്. "ഒരുത്തൻ പാപകർമ്മം ചെയ്താൽ അതിൻഫലം പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും" എന്നുപറഞ്ഞതുപോലെ, അപ്രകാരം വന്നപ്പോൾ അതെല്ലാക്കും സംബന്ധിച്ചു. അതുകൊണ്ടു മേലാൽ ദുഷ്ടസംസർഗ്ഗം വർജ്ജിച്ചുതന്നെയിരിക്കണം. എന്നിങ്ങനെ ഉപദേശംകൊടുത്തശേഷം അദ്ദേഹം മഠത്തിൽ തിരിച്ചെഴുന്നള്ളി യഥാപൂർവ്വം ബ്രഹ്മധ്യാനത്തിൽ മുഴുകി ആനന്ദിച്ചിരുന്നു.

---

## പതിന്നാലാം അദ്ധ്യായം.

---

### (തുളസീദാസൻ അക്ബർബാദുഷാവെ അനുഗ്രഹിച്ചതു്)

ഇങ്ങനെയിരിക്കെ, ബാദുഷാ മന്ത്രിമാരെ അളയച്ചുവരുത്തി, അല്ലയോ ദുർവൃത്തന്മാരായ അമാത്യന്മാരേ! നിങ്ങളുടെ ദുർബ്ബുദ്ധികൊണ്ടു പട്ടണം മിക്കവാറും നശിച്ചു. പ്രജകളിൽ പലരും മരിച്ചു. അന്യനാട്ടുകാർക്കു ചിരിക്കാനും ഇടവകയായി. ഇങ്ങനെയുള്ള നിങ്ങൾ പട്ടണത്തിൽ താമസിക്കുന്നതുതന്നെ മഹാഅപത്താണു്. പരമസാധുവായ തുളസീദാസരുടെ മനസ്സു വ്യസനിക്കത്തക്കവണ്ണം, ചെയ്തുകൂടാത്ത കാര്യങ്ങളാണു നിങ്ങൾ ചെയ്തതു്. കത്തിക്കുന്നതെ എന്റെ കഴുത്തറുക്കുന്നതിനു സമമാണിതു്. തുളസീദാസരുടെ മാഹാത്മ്യം നിങ്ങൾ അറിയാതെപോയി. അതുകൊണ്ടിനി, നിങ്ങൾ എന്റെനാട്ടിൽ താമസിക്കാൻ പാടില്ല. ഇപ്പോഴെവെളിയിൽ പൊയ്ക്കൊള്ളണം എന്നാജ്ഞാപിച്ചയച്ചശേഷം പരിതപ്തമായ മനസ്സോടെ ക്ഷൌരവസ്ത്രധാരണാദികളിൽപോലും കൌതുകമില്ലാതെ നേരെ തുളസീദാസന്റെ മഠത്തിലേക്കു നടന്നു. അവിടെച്ചെന്നതിൽ ലജ്ജകൊണ്ടു തുളസീദാസന്റെ മുമ്പിൽപോകാൻ ശക്തനാകാതെ വെളിയിൽതന്നെ ഒരു ഭാഗത്തിരുന്നു പലവിധത്തിൽ സ്തോത്രംചെയ്തുതുടങ്ങി. തുളസീദാസൻ അതുകേട്ടു് രാജാവു നിരപരാധിയാണെന്നറിയാമായിരുന്നതുകൊണ്ടു് അദ്ദേഹത്തെ സന്തോഷപൂർവ്വം വിളിപ്പിച്ചു് അടുക്കൽഇരുത്തി പറഞ്ഞു ഹേ!രാജൻ അങ്ങേക്കു ഒരുതാഴ്ചയും സംഭവിക്കയില്ല. രാജാക്കന്മാർ ഒരിക്കലും അനവധാനന്മാരായിരിക്കരുതു്. സാധുക്കളുടെ മനസ്സു വ്യസനിപ്പാൻ ഇടവരുത്തരുതു് ശിക്ഷണത്തിൽപോലും സാധുക്കളെ ദഹിപ്പിക്കാൻ ശക്തമല്ല. ഇനി, അങ്ങു്, ഇവിടെ സുഖമായിരിക്കണം. ഞാൻ ഒരു സഞ്ചാരംചെയ്യാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. സത്യജ്ഞാനലബ്ധിക്കും മനോനിർവൃതിക്കും സഞ്ചാരം കാ

ങ്ങനമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. വിശേഷിച്ചും ഈ പട്ടണത്തിൽ താമസിക്കാൻ എനിക്കിഷ്ടംതോന്നുന്നില്ല. ഇവിടെയുള്ളവരെല്ലാം അജ്ഞാനികളും അക്രമികളുമാണെന്നു കണ്ടിരിക്കുന്നു. അവർ അഹംബുദ്ധിയാൽ ക്ഷമയില്ലാത്ത കൂട്ടരാണ്. അവർ ഓരോസമയം എന്നോടു വാദിക്കാൻ വരും. താങ്കളേയും അവർ വകവയ്ക്കാതെ പലതും പ്രവർത്തിക്കുന്നതിനു മടിക്കയില്ല. ഇതിനു ദൃഷ്ടാന്തമായി ഒരു കഥ നിങ്ങളുടെ വേദത്തിൽ പറഞ്ഞിരിക്കുന്നുവല്ലോ. അതു്, എന്തെന്നുവച്ചാൽ,

അദ്വൈതാർത്ഥവാദികളായ മഹാത്മാക്കളെ ശൂലത്തിന്മേലേറ്റിയതും, അവരുടെ ശരീരത്തിലെ തുകൽ പൊളിയുംക്കവണ്ണം, അടിക്കണമെന്നു തീരുമാനിച്ചതുമാണ്. ആ മഹാത്മാക്കളെ ദ്രോഹിക്കരുതെന്നു രാജമന്ത്രി കഴിയുന്നതു പറഞ്ഞിട്ടും, പ്രജകൾ കേൾക്കാതെ, ശൂലത്തിന്മേലേറ്റി അനല്ഹക്ക് എന്ന മഹാവാക്യത്തെ ഉച്ചരിക്കരുതെന്നു ശാസിച്ചു. എന്നിട്ടു കേൾക്കായ്കയാലാണ് അവർ കോപിച്ചുനിൽക്കുമ്പോൾ, ശൂലസ്ഥിതന്മാരുടെ ദേഹത്തിൽനിന്നും വാർന്നുവീണ രക്തത്തുള്ളികളും, അതേ മഹാവാക്യത്തെ ഉച്ചരിച്ചുതുടങ്ങിയിരിക്കുന്നതുകേട്ടു്, അന്ധന്മാരായ അവർ ആ രക്തത്തുള്ളികളെയും, ദേഹത്തെയും ഒന്നാകെച്ചേർത്തു്, എരിച്ചു ചാമ്പലാക്കി ഒരുകലശത്തിൽ അടച്ചുവച്ചു. എന്നിട്ടും ആ ചാമ്പൽ മഹാവാക്യത്തെത്തന്നെ ഉച്ചരിച്ചുകൊണ്ടിരുന്നു. അതിനെ ആ രാജ്യത്തെ രാജാവിന്റെ പുത്രി തുറന്നുനോക്കിയെന്നുള്ള കാരണത്താൽ അവൾക്കു ഗർഭം ഉണ്ടാകയും ഗർഭത്തിലും ആ ശിശു മഹാവാക്യത്തെത്തന്നെ തുടരെ ഉച്ചരിച്ചുകൊണ്ടിരിക്കുകയുംചെയ്തു. അനന്തരം യഥാകാലം അവൾ പ്രസവിച്ചു. പ്രസൂതനായ കുട്ടിയും അതേവാക്യത്തെത്തന്നെ ഉച്ചരിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ, ആ രാജ്യത്തെ രാജാവിന്റെ പുത്രൻ മരിക്കുകയും, അവനെ ആ വാക്യത്താൽ കുമാരൻ ജീവിപ്പിക്കുകയുംചെയ്തു. വിഹിതമല്ലാത്ത വാക്യത്താലാണല്ലോ കുമാരനെ ജീവിപ്പിച്ചതെന്നുള്ള കുണ്ഠിതത്താൽ, ലജ്ജിതന്മാരായ തുലുക്കന്മാർ, കോപിച്ചു്, രാജപുത്രിയുടെ പുത്രനെ തുകൽ പൊളിയത്തക്കവണ്ണം അടിക്കണമെന്നു നിശ്ചയിക്കയും ഉടനേ മഹാത്മാവായ ആ ബാലൻ, അതറിഞ്ഞു്, തുകലുരിച്ചു, അവരുടെ മുമ്പിൽ എറിഞ്ഞുകൊടുത്തശേഷം. മഹാവാക്യശക്തിയാൽ സൂര്യനെ ഭൂമിയിൽ വരുത്തി, ഉഷ്ണംപരത്തി, ആ പട്ടണം അഗ്നിയിലെരിച്ചു്, അദ്വൈതജ്ഞാനത്തെ വെളിപ്പെടുത്തികാണിച്ചു്, അരക്ഷണംപോലും ആ പട്ടണത്തിൽ താമസിക്കാൻ മനസ്സില്ലാതെ, യാത്ര തിരിച്ചുവത്രേ" ഈ കഥ, താങ്കൾ കേട്ടിട്ടില്ലെന്നുണ്ടോ? എനിക്കും അതുപോലെയാണനുഭവിച്ചതു്. ഇനിയും ആ അനുഭവം വരുന്നേക്കാനിടയുണ്ടു്. അതു താങ്കൾക്കും നാട്ടിനും അപകീർത്തിക്കുകാരണമാകും. അതിനാൽ എന്നെ സൌമുഖ്യത്തോടെ യാത്രപറഞ്ഞയച്ചാലും എന്നുപറഞ്ഞു.

അതുകേട്ട ബാദുഷാ, ഭക്തിപൂർവ്വം അദ്ദേഹത്തിന്റെ പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്തു—സ്വാമിൻ! നിന്തിരുവടി എനിക്കു ഒന്നുംതന്നെ പറഞ്ഞുതരാതെ പോയാൽ കഷ്ടമാണു്. മഹമ്മദുമതാചാരങ്ങളെ ഞാൻ കൈവെടിഞ്ഞു കഴിഞ്ഞു. എന്നാൽ ഹിന്ദുമതതത്വാർത്ഥം മനസ്സിലാക്കിത്തന്നതുമില്ല. ഈ നിലയിൽ നിന്തിരുവടിപോയാൽ, ഞാൻ ഉഭയഭ്രഷ്ടനായി, അരയന്നത്തിന്റെനട പഠിക്കാൻപോയ കരിങ്കാക്കയിലിനെപ്പോലെ പരിഹാസ്യനായി ഭവിക്കും. എന്റെ മനസ്സിനെ അങ്ങുമിങ്ങുമില്ലാതെ അന്തരാളത്തിൽ തള്ളിക്കളയുന്നതു അങ്ങേക്കു ഴ?ണോ? കാരുണ്യമൂർത്തിയായ നിന്തിരുവടി എന്നെ ഇങ്ങനെതള്ളുന്നപക്ഷം, രക്ഷിക്കുന്നതിനു പിന്നെയാരാണുള്ളതു്? എന്നുപറഞ്ഞു ബാലന്മാരെപ്പോലെ കരഞ്ഞുതുടങ്ങി.

അതുകണ്ടു്, ആർദ്രഹൃദയനായ തുളസീദാസൻ, ബാദുഷാവെ സ്നേഹപൂർവ്വം ആശ്ലേഷിച്ചുപറഞ്ഞു. "ഹേ പരിശുദ്ധാത്മാവേ! സത്വഗുണവിലാസിൻ! കുറാനിൽ പറയുന്നതും വേദത്തിൽ പറയുന്നതും. പരമാർത്ഥത്തിൽ ഒരർത്ഥംതന്നെയാണു്. നിങ്ങളുടെ അള്ളാവും ഞങ്ങളുടെ വിഷ്ണുവും ഒന്നുതന്നെ. ലോകനിയന്താവായ ഒരു പരമാത്മാവിനെത്തന്നെയാണു്, ഓരോ മതസ്ഥന്മാർ ഓരോരോ നാമംകൊണ്ടുനിർദ്ദേശിക്കുന്നതു് ഹിന്ദുക്കൾ സരൂപദൈവത്തെ ആരാധിക്കുന്നു. അരൂപദൈവത്തെ മഹമ്മദന്മാർ ആരാ

ധിക്കുന്നു എന്നാത്രഭേദമുള്ളൂ. സരൂപമായി ആരാധിക്കുന്ന ഹിന്ദുക്കളും, ഒടുവിൽ അരൂപധ്യാനത്തിലാണ് ചെന്നെത്തുന്നത്. രൂപകല്പനം കേവലം ധ്യാനത്തിനെളുപ്പത്തിനുമാത്രമാണ്. നാം ഒരു മന്ത്രംതന്നെ താളിയിലോ കടലാസ്സിലോ എഴുതിപ്പഠിക്കുന്നു. പഠിച്ചുതീർന്നാൽ ആ താളിയോ കടലാസോ തള്ളിക്കളയുന്നതോ? എഴുതുന്ന എഴുത്താണിയോ മഷിയോ ഏതുതരത്തിലോ ഏതുനിറത്തിലോ ആയിരുന്നാലെന്താണ്? അതുപോലെ വിഷ്ണുവെന്നോ ശിവനെന്നോ മറ്റോ ആരെങ്കിലുമെന്നോ കല്പിച്ച്, ഹിന്ദുക്കൾ ആരാധിക്കുന്നതു, അദ്വൈതബ്രഹ്മശക്തിയെത്തന്നെയാണ്. ആ പരമാർത്ഥം പിൽക്കാലം അറിയാറാകുകയും ചെയ്യും. പക്ഷേ, മന്ത്രത്തിന്റെ അക്ഷരങ്ങൾ താളിയിലെഴുതുന്നതുപോലെ, സർവ്വവ്യാപകരൂപമായ പരബ്രഹ്മം അങ്ങിനെയുള്ള വസ്തുവാണ് നാം ഉണ്ടാക്കിവെയ്ക്കുന്ന പ്രതിമയുമെന്നു മനസ്സിലാക്കണം. വെള്ളത്തിൽ കലങ്ങിയിരിക്കുമ്പോൾ ഉപ്പോ പഞ്ചസാരയോ നമുക്കു കാണ്മാൻ കഴിയുന്നില്ല. സ്വാദറിയാനേ കഴിയുന്നുള്ളൂ. വെള്ളം വററിച്ചുകളഞ്ഞാൽ ഉടൻ കാണപ്പെടുകയും ചെയ്യുന്നു. അതുപോലെ ഉചിതപ്രവൃത്തനം കൊണ്ട്, അരൂപത്തെ സരൂപമായിക്കാണാം. സരൂപത്തെ അരൂപമാക്കി സാധിക്കുകയുംചെയ്യാം. അതുകൊണ്ടു ഇതുവരെ താങ്കൾ ധ്യാനിച്ചുവന്ന അരൂപബ്രഹ്മത്തെത്തന്നെ മേലും ധ്യാനിച്ചാൽ മതിയാകുന്നതാണ്. ബ്രഹ്മജ്ഞാനം ശരിയായി സിദ്ധിക്കുമ്പോൾ അദ്വൈതാനന്ദാനുഭൂതി താനേയുണ്ടാകും. അതിനു താങ്കൾക്കു സംഗതിവരട്ടെയെന്നു ഞാൻ അനുഗ്രഹിക്കുന്നു." എന്നരുളിച്ചെയ്തു തുളസീദാസൻ ബാദുഷായുടെ ശിരസ്സിൽ കൈവെച്ച് മഹാവാക്യം ഉപദേശിച്ചു. ദേഹേന്ദ്രിയാദികളും ആത്മാവും തമ്മിലുള്ള ഭേദത്തെപ്പററി മനസ്സിലാക്കുകയും, ജാഗ്രത് സ്വപ്നസുഷുപ്ത്യവസ്ഥാത്രയത്തിന്റെ നിലകളെ അറിയിക്കയും ബ്രഹ്മനിഷ്ഠ ശീലിക്കേണ്ട ക്രമങ്ങളെ പറഞ്ഞുകൊടുക്കുകയും ബുദ്ധിയെ അന്തർമുഖമാക്കി ബ്രഹ്മാനന്ദത്തെ അനുഭവിക്കേണ്ട മാർഗ്ഗത്തെ കാണിച്ചുകൊടുക്കയുംചെയ്തു.

അങ്ങനെ കഴിഞ്ഞുവരവേ, ഒരുദിവസം രാജാവിനെനോക്കി, മഹാരാജൻ! ഇനി നിനക്കു വല്ലസന്ദേഹവുമുണ്ടെങ്കിൽ ചോദിച്ചുകൊൾക. എന്നു കല്പിച്ചു. ബാദുഷാ, വിചാരിച്ചുനോക്കിയതിൽ തന്റെ രാജ്യത്തുള്ള അനേകം ഫക്കീരികൾ ദൈവപരമാർത്ഥത്തെക്കുറിച്ചു പറയുന്നസിദ്ധാന്തങ്ങളും, തുളസീദാസന്റെ ഉപദേശവും ഒന്നായിത്തന്നെ തോന്നിയതുകൊണ്ട്, യാതൊരുസംശയത്തിനും വഴിയില്ലാതെ കുറേനേരം മൌനം ദീക്ഷിച്ചതിന്നുശേഷം, സ്വാമിയെ നോക്കി—"ഹേ സദ്ഗുരോ! ഞങ്ങളുടെയിടയിൽ മസ്താനെന്നും വലിയെന്നും പ്രസിദ്ധിയുള്ളവരാൽ സൃഷ്ടിക്കപ്പെട്ട ഉത്തമന്മാർ ഉപദേശിക്കുന്നവഴിയും, നിന്തിരുവടി അരുളിച്ചെയ്ത വഴിയും അഭേദമായിരിക്കകൊണ്ടും, പ്രത്യക്ഷമായ അനുഭവജ്ഞാനം അതേക്കുറിച്ചു സിദ്ധിച്ചിട്ടുള്ളതുകൊണ്ടും, ആത്മജ്ഞാനവിഷയത്തിൽ യാതൊരുസംശയവുമില്ലെങ്കിലും ഇഹലോകം എങ്ങനെയുണ്ടായിയെന്നും ഒടുവിൽ നശിക്കുന്നതെങ്ങനെയെന്നുമുള്ള സംശയനിവൃത്തി വരുത്തിത്തരുമാറാകണം" എന്നപേക്ഷിച്ചുതൊഴുതു. തുളസീദാസൻ, അതുകേട്ടു ചിരിച്ചുകൊണ്ട്, "ഹേ ബാദുഷാവേ! ദിവസം തോറും മനുഷ്യർക്കുണ്ടാകുന്ന ഉറക്കത്തിന്റെ ഉല്പത്തിയേയും നാശത്തേയുംകുറിച്ച്, സൂക്ഷ്മമായി വിചാരിക്കുന്നതിനുപോലും നാം ശക്തന്മാരല്ലാതെയാണിരിക്കുന്നത്. ആ സ്ഥിതിക്ക്, മഹത്തരമായ പ്രപഞ്ചോല്പത്തിനാശങ്ങളെക്കുറിച്ചുള്ള അന്വേഷണം എത്രഗംഭീരങ്ങളാണ്. എന്നാലും, സകലജാതിമതസ്ഥന്മാരും സമ്മതിക്കത്തക്ക വേദാന്തശാസ്ത്രപ്രസ്ഥാവം അനുസരിച്ച്, പ്രപഞ്ചോല്പത്തിനാശങ്ങളെക്കുറിച്ചു നമുക്കറിയാവുന്നതു പറഞ്ഞുതരാം; ശ്രദ്ധിച്ചുകേട്ടുകൊള്ളണം. അതായത്, അഖണ്ഡപരിപൂർണ്ണസച്ചിദാനന്ദനിർമ്മലസ്വരൂപസാക്ഷാൽകാരപരംപ്രകാശമായ തുല്യമില്ലാത്ത പരബ്രഹ്മം നാമരൂപാദിരഹിതമായിരിക്കുന്നതുകൊണ്ട്, അതിന്റെ സ്വരൂപത്തെ വിവരിക്കുന്നതിനു ത്രിമൂർത്തികളാൽപോലും സാധിക്കുന്നതല്ല. പറവാൻ പാടില്ലാത്തതെന്നാണ് ബ്രഹ്മശബ്ദത്തിന്റെ അർത്ഥവും. നിരഹങ്കാരമായ ബ്രഹ്മം വിളക്കില്ലാത്ത ദീപംപോലെയും തിരയില്ലാത്ത സമുദ്രംപോലെയും ചലനമില്ലാത്ത ചിത്രംപോലെയും നിശ്ചലമായിരിക്കുമ്പോൾ ചലനശക്തിയു

ള്ള സത്വരജസ്തമോ ഗുണങ്ങൾ സാധൎമ്മമായപ്രകൃതി അതിൽ(ബ്രഹ്മത്തിൽ)നിന്നും ഉണ്ടായി അതിലടങ്ങിയിരിക്കുന്നു. അതിന്റെ സ്വഭാവം അജ്ഞാനമിശ്രമാണെന്നു പറയപ്പെട്ടിരിക്കുന്നു. ചന്ദ്രസൂൎയ്യന്മാർ ഉണ്ടാകുന്നതിനുമുമ്പ്, ലോകംഎല്ലാം അന്ധകാരമയമായല്ലെ ഇരുന്നതു്—ആ അന്ധ്യത്തെ മായയാണെന്നു കല്പിക്കുക. അപ്പോൾ ജീവികളുണ്ടെങ്കിൽ അവക്കുകണ്ണുകാണുമോ? ചന്ദ്രസൂൎയ്യന്മാർ ആവിർഭവിച്ചതോടുകൂടി കണ്ണുകൾക്കു വ്യാവൎത്തനശക്തിയുണ്ടായി. അതുപോലെ മായയെന്നതു്, മനസ്സിന്റെ അന്ധകാരമാണു്. ആ അന്ധകാരമാണു് പ്രപഞ്ചഭ്രമം തോന്നിക്കുന്നതു്. ജ്ഞാനങ്ങളാകുന്ന ചന്ദ്രസൂൎയ്യന്മാർ മനസ്സിൽ ആവിർഭവിക്കുമ്പോൾ ആ അന്ധ്യം നീങ്ങുന്നു. ബ്രഹ്മം നിർവ്വികാരമായ ഒരു ദീപമാണെന്നുവയ്ക്കുക; അതിന്റെ നിഴലാണു മായയെന്നു് ഒരുപക്ഷം പറയാം. മായയുണ്ടായി, ത്രിഗുണങ്ങൾ അതിൽ പ്രവൎത്തിച്ചു പ്രപഞ്ചംതോന്നിക്കാൻ ആരംഭിച്ചതോടുകൂടി, അതിനു സാക്ഷിയായ ബ്രഹ്മാംശത്തിനു ഈശ്വരനെന്ന ഒരു സംജ്ഞ ഏൎപ്പെട്ടു അനേകവിചിത്രരൂപയായ മായയിൽ പ്രതിബിംബീഭൂതനായ ഈശ്വരനും അനേകരൂപകല്പനകൾ ഏൎപ്പെട്ടു. അനന്തരം ആ പ്രകൃതിയിൽ നിന്നുതന്നെ ഈശ്വരസാന്നിദ്ധ്യത്താൽ പഞ്ചഭൂതങ്ങളുണ്ടായി.

അതെങ്ങനെയെന്നാൽ, ക്ഷോഭപ്രകൃതിയോടുകൂടിയ മൂലപ്രകൃതിയിൽനിന്നും, ശബ്ദഗുണമായ അരൂപ ആകാശമുണ്ടായി. അതിൽ പ്രതിഫലിച്ച ബ്രഹ്മം സദാശിവശബ്ദംകൊണ്ടു പറയപ്പെടുന്നു. അരൂപമായ ആ ആകാശത്തിൽനിന്നും, ശബ്ദസ്പർശഗുണങ്ങളോടുകൂടിയ വായുവുണ്ടായി. അതിൽ പ്രതിബിംബിച്ച ബ്രഹ്മത്തിനു മഹേശ്വരനെന്നു പറപ്പെടുന്നു. അരൂപരൂപമായ വായുവിൽനിന്നും, ശബ്ദസ്പർശരൂപഗുണങ്ങളുള്ള അഗ്നിയുണ്ടായി. അതിൽ പ്രതിഫലിച്ച ബ്രഹ്മത്തിനു രുദ്രനെന്നുപേർ. സരൂപമായ അഗ്നിയിൽനിന്നും, ശബ്ദസ്പർശരൂപരസഗുണങ്ങളോടുകൂടിയ ജലം ഉണ്ടായി. അതിൽ പ്രതിഫലിച്ച ബ്രഹ്മത്തിനു വിഷ്ണുവെന്നുപേർ. സരൂപമായ ജലത്തിൽനിന്നും, ശബ്ദസ്പർശരൂപരസഗന്ധഗുണങ്ങളോടുകൂടി പൃഥിവിയുണ്ടായി. അതിൽ ബിംബീഭൂതമായ ബ്രഹ്മത്തിനു ബ്രഹ്മാവെന്നുപേർ. ഈ ഭൂതങ്ങൾ അഞ്ചും മായാംശമാകുന്നു. ഭൂതാധിദേവതകൾ ബ്രഹ്മാംശവുമാകുന്നു. പ്രപഞ്ചോൽപത്തിക്കു കാരണമായബ്രഹ്മത്തിൽ അന്തൎഭവിച്ചു ഒരണുവാണെന്നും പറയപ്പെടുന്നു. മായയെന്ന ഹരായതിൽ ആകാശവും, ആകാശത്തിൽ വായുവും വായുവിൽ അഗ്നിയും അഗ്നിയിൽ ജലവും ജലത്തിൽ പൃഥിവിയുംഅടങ്ങിയിരിക്കുന്നു. ആകാശതുല്യം നീലമായിരിക്കുന്ന പരബ്രഹ്മത്തിൽ സ്വയം ഉണ്ടായി ചുററുന്ന ചുഴലിക്കാററുപോലെയുള്ള മായാശക്തി, ആ പഞ്ചഭൂതങ്ങളെ ഒന്നോടൊന്നിനെ ച്ചേൎക്കും.

ഈശ്വരശക്തിവിലാസത്താൽ, ഭൂതങ്ങൾ അനേകം അണ്ഡങ്ങളായിപ്പിരിഞ്ഞു് മയിൽമുട്ടപോലെ നാനാവിചിത്രരൂപങ്ങളാൽ വിളക്കമുററിരിക്കുന്നു. അഥവാ ശുദ്ധസ്ഫടികം സ്വയം വൎണ്ണരഹിതമാണെങ്കിലും അതിൽ നിറയുന്ന വസ്തുവിന്റെ നിറമനുസരിച്ചു് ഏകവൎണ്ണമായോ പഞ്ചവൎണ്ണമായോ അതു തോന്നപ്പെടുന്നതുപോലെ, അരൂപമായ ആകാശത്തിൽ പ്രതിഫലിക്കുന്ന പരബ്രഹ്മം, രൂപരഹിതനായ സദാശിവനായും അരൂപരൂപമായ വായുവിൽ പ്രതിഫലിക്കുന്ന ബ്രഹ്മം, രൂപാരൂപനായ മഹേശ്വരനായും, രൂപമുള്ള അഗ്നി,അപ്പ്, ഭൂമി, ഇതുകളിൽ പ്രതിഫലിക്കുന്നബ്രഹ്മം, സരൂപന്മാരായ രുദ്രാദികളായും വിളങ്ങുന്നു. പൃഥിവീസ്വരൂപനായ ബ്രഹ്മാവു് അഞ്ചുഗുണങ്ങളുംചേൎന്ന പൃഥിവിയെക്കൊണ്ടു്, അനേകഅണ്ഡങ്ങളെ സൃഷ്ടിച്ചു. വിഷ്ണുദേവൻ നാലുഗുണംചേൎന്ന അപ്പുവാൽ ബ്രഹ്മാവിന്റെ സൃഷ്ടിജാലത്തെ രക്ഷിക്കാൻതുടങ്ങി. രുദ്രൻ മൂന്നുഗുണമുള്ള അഗ്നിയാൽ വിഷ്ണുദേവരക്ഷിതമായ സൃഷ്ടിവൎഗ്ഗത്തെ സംഹരിപ്പാൻതുടങ്ങി. മഹേശ്വരൻ രണ്ടുഗുണമുള്ള വായുവാൽ ജീവജാലങ്ങൾക്കു ശ്വാസോച്ഛ്വാസങ്ങളും നിദ്രയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. സദാശിവൻ ഏകഗുണമുള്ള ആകാശത്താൽ ജീവികൾക്കു തെളിവുണ്ടാക്കുകയുംചെയ്യുന്നു. മായ പഞ്ചഭൂതാംശമായ ദേഹേന്ദ്രിയാദികളിൽ ഞാൻ എന്നൊരഹംബുദ്ധി ജനിപ്പിക്കുന്നു—ബ്രഹ്മം ദേഹാദികൾക്കും അതുകൾതന്നെ ഞാനെ

ന്നുള്ള അജ്ഞാനാബ്ധിയോടുകൂടിയ ജീവനും അനുകൂലപ്പെടാതെ, സർവസാക്ഷിയായിരുന്നുകൊണ്ട്, സുലക്ഷണമായി ആത്മമിത്രമായിരിക്കുന്നു. ബ്രഹ്മാവ്, ജാഗ്രദവസ്ഥാനുഭൂതിക്കു ആധാരഭൂതനായി, ജീവനെ നാനാഭോഗങ്ങളിൽ പ്രേരിപ്പിക്കുന്നു. വിഷ്ണു സ്വപ്നാവസ്ഥക്കാധാരഭൂതനായി, ജീവനു നാനാവിധലീലകളെ കാണിക്കുന്നു. രുദ്രൻ, സ്വപ്നാധാരഭൂതനായി എല്ലാവറ്റെയും ശൂന്യമാക്കി, ജീവനെ തന്നിലേ ആക്കുന്നു. മഹേശ്വരൻ, ജീവനു തുര്യാവസ്ഥയ്ക്കു തുല്യമായൊരു മയക്കമുണ്ടാക്കുന്നു. സദാശിവൻ, ജീവനു തുര്യാതീതാവസ്ഥയ്ക്കു തുല്യമായ ആനന്ദമുണ്ടാക്കുന്നു. മായാസ്വഭാവത്തെമറച്ച്, ശുദ്ധശൂന്യമായ് ഭ്രമിക്കാറാക്കിച്ചെയ്യുന്നു. ബ്രഹ്മം സ്വതന്ത്രമായി ജ്ഞാനാനന്ദരൂപമായിരിക്കും. ബ്രഹ്മൈകമാത്രമായ ഈ ആനന്ദത്തെ മായാഭ്രമത്താൽ അറിയാതെ ജീവൻ, ദുഃഖത്തെത്തന്നെ സുഖമായി നിരൂപിച്ച്, അളവറ്റ ആശയ്ക്കധീനനായി കർമ്മാനുസൃതമായ വിവിധദേഹങ്ങളെടുത്ത്; ജനനമരണക്കടൽ നടുവിൽമുങ്ങി, കരപറ്റാൻ ഒരുവഴിയും കാണാതെ ദുഃഖിച്ചുതന്നെ കഴിയുന്നു. പഞ്ചതന്മാത്രങ്ങളിൽനിന്നുണ്ടായ പഞ്ചഭൂതങ്ങളാൽ രൂപീകൃതമായ ബ്രഹ്മാണ്ഡങ്ങളെല്ലാം, മായാശക്തിയുടെ ലീലയിൽനിന്നുണ്ടായതാണെന്നറിഞ്ഞുകൊള്ളണം. വിവേകപൂർവ്വം വിചാരിച്ചുനോക്കുമ്പോൾ, ജീവൻ എന്നൊരു ശബ്ദത്തിനുപോലുമവകാശമില്ല. ദേഹമെല്ലാം പഞ്ചഭൂതസംഘടിതമാണെന്നു നിശ്ചയിച്ചുനോക്കുമ്പോൾ, ജീവൻ എന്നൊന്നില്ലെന്നുവരുന്നു. ദേഹാദികളിൽ ഞാനെന്നുള്ള ഒരുഭ്രമം ഉണ്ടല്ലോ. ആ ഭ്രമത്തിനാണ് ജീവൻ എന്നുപേര്. ആ ഭ്രമം നീങ്ങിയാൽജീവൻ പരമാത്മാവിൽനിന്നു വേറല്ലാതെ യോജിക്കും. സാക്ഷിയായിനിൽക്കുന്ന ആത്മാവ് ബ്രഹ്മംതന്നെയാണ്. അല്ലാതെ വേറല്ല. ഈ ബ്രഹ്മം അതായതു കൂടസ്ഥബ്രഹ്മം സ്വയംപ്രകാശമായി സ്ഥിതിചെയ്ത്, ജാഗ്രൽസ്വപ്നസുഷുപ്ത്യവസ്ഥകളിലുള്ള വിഷയഭോഗങ്ങളേയും നാനാഭേദവിചിത്രങ്ങളേയും, ജീവന്റെ മയക്കത്തെളിവുകളെയും വിലക്ഷണമാണെന്നറിഞ്ഞ്, അതുകൾ നാനാഭേദങ്ങളായിരുന്നാലും, താൻ ഭേദിക്കാതെ; അതുകൾ അസത്താണെങ്കിലും താൻ അഴിവില്ലാത്ത, സത്തായ്, അതുകൾ അജ്ഞാനരൂപങ്ങളാണെങ്കിലും താൻ ജ്ഞാനരൂപമായ്, അതുകൾ ദുഃഖമയങ്ങളാണെങ്കിലും താൻ ആനന്ദമയനായ്, നിർമ്മലനായ് നിർവികാരനായ് നിരൂപനായ് അഖണ്ഡപരിപൂർണ്ണനായ് വിളങ്ങിയിരിക്കുന്നു. മായ, വിവിധഭ്രമങ്ങളെ ഉണ്ടാക്കി, മിഥ്യാദുഃഖങ്ങൾക്കു ഹേതുവായിരിക്കുന്നു. മായയിൽ മുങ്ങുന്നവർക്കു പലവിധത്തിലുള്ള സിദ്ധികൾ ലഭിച്ചാലും അഭിമാനത്തെ ഇല്ലാതാക്കുന്ന ബ്രഹ്മജ്ഞാനം ഇല്ലായ്കകൊണ്ടു, അഹംകാരംവർദ്ധിച്ചു ഒടുവിൽ ദുഃഖംതന്നെ ഫലമായിത്തീരുന്നു. നേരെമറിച്ചു ബ്രഹ്മജ്ഞാനികൾക്കു പലവിധസിദ്ധികൾ കൈവരുന്നതുകൂടാതെ, നിത്യാനന്ദപ്രാപ്തിയുണ്ടായി ഒടുവിൽ മോക്ഷവുംസിദ്ധിക്കുന്നു. പരബ്രഹ്മാംശഭൂതന്മാരായ പഞ്ചകർത്താക്കളിൽ ആരെ പരദൈവമെന്നു കല്പിച്ച്, ഗാനസ്തോത്രങ്ങൾ ചെയ്താലും അതു, പരബ്രഹ്മത്തെത്തന്നെ ധ്യാനിച്ചു സ്തുതിക്കുകയാകുന്നു. അതുകൊണ്ടാണ് ഓരോരോമതസ്ഥന്മാർ അതതുമതപ്രകാരമുള്ള ദൈവങ്ങളെ ഭജിച്ച് ഒടുവിൽ ആ ദൈവത്തിന്റെ അനുഗ്രഹത്താൽ മോക്ഷം അടഞ്ഞിട്ടുള്ളതു. രൂപമുള്ള ദേവതകളെത്തള്ളി അരൂപബ്രഹ്മത്തെ ധ്യാനിക്കുക വളരെ ദുർല്ലഭവും ദുർഘടവുമാണ്. രൂപത്തിൽ നിലയ്ക്കാത്ത മനസ്സ്, അരൂപത്തിൽ നിലയ്ക്കാൻ പ്രയാസമാകകൊണ്ടു മുക്തിലഭിക്കുന്നതിനുള്ള എളുപ്പവഴി, സരൂപധ്യാനംതന്നെയെന്നു പലരും അംഗീകരിച്ചിട്ടുള്ള ഒരു വാസ്തവമാണു.

സരൂപധ്യാനംചെയ്തു മനസ്സുറച്ചതിൽപിന്നെ, അരൂപബ്രഹ്മത്തെ ധ്യാനിക്കുകയാണ്, യോഗ്യന്മാർ ചെയ്യുന്നത്. എല്ലാവരും അതുകണ്ട്, രൂപത്തെവിട്ടു അരൂപത്തെ ധ്യാനിക്കാമെന്നുവച്ചാൽ, നിഷ്പ്രയോജനമെന്നല്ലാതെ ഫലപ്പെടുകയില്ല. മനസ്സിനു ബാഹ്യവിഷയങ്ങളിൽനിന്നും നിവൃത്തിലഭിച്ചാൽ പിന്നെ അരൂപബ്രഹ്മധ്യാനംചെയ്യുന്നതു നന്നാണ്. അതേക്കുറിച്ചാർക്കും എതിർവാദമില്ല. സൃഷ്ട്യാദികർമ്മങ്ങൾ നടത്തുന്നതു ബ്രഹ്മമാണെന്നു കല്പിക്കയെന്നുവച്ചാൽ ബ്രഹ്മത്തെ നിഷ്ക്രിയമെന്നു പറ

യാവതല്ലെന്നുവരും. എന്നാൽ ബ്രഹ്മസംകല്പത്താൽ ഉണ്ടാകയാണെന്നായാൽ സംകല്പമുള്ള ബ്രഹ്മത്തിനു വികല്പവും ഇല്ലാതെവരാൻ മാർഗ്ഗമില്ല. അപ്പോൾ നിർവികല്പം എന്നുള്ള വിശേഷണം ബ്രഹ്മത്തിൽ യോജിക്കാതെവരും. സങ്കല്പവികല്പങ്ങളുണ്ടെങ്കിൽ വികാരവും രൂപവുംകൂടാതെ കഴികയില്ല. ബ്രഹ്മം അരൂപവും നിർവികാരവുമാണെന്നുള്ളതിനു പക്ഷാന്തരമില്ല. അതിനാൽ സൃഷ്ടിസ്ഥിതിലയങ്ങൾ നടത്തുന്ന ശക്തികളെ മൂന്നു ദൈവങ്ങളായി കല്പിച്ചു, ബ്രഹ്മാ, വിഷ്ണു, ശിവൻ എന്നിങ്ങനെ നാമകരണവും ചെയ്തിരിക്കുന്നു. സത്യത്തിൽ ആ ദൈവങ്ങൾ ക്രിയാധർമ്മം മായാസംബന്ധത്താൽകൈക്കൊണ്ട ബ്രഹ്മാംശമല്ലാതെ മറ്റൊന്നുമല്ല. ആ വഴി, സഗുണബ്രഹ്മമെന്നും നിർഗ്ഗുണബ്രഹ്മമെന്നും ബ്രഹ്മത്തെ വേദാന്തികൾ രണ്ടായി വ്യവഹരിച്ചുവരുന്നു. അതുകൊണ്ടു ത്രിമൂർത്തികളേയോ അവരുടെ അവതാരങ്ങളേയോ നാം ആരാധിക്കുന്നതു അസ്ഥാനത്തിലല്ല. ത്രികരണശുദ്ധിയോടുകൂടി ത്രിമൂർത്തികളേയോ പരബ്രഹ്മത്തേയോ ഭജിക്കുന്നവൻ, പരമഭക്തനാണെന്നു പറയാം. ശുദ്ധാഭക്തികളോടുകൂടി, സർപ്പത്തെപ്പോലെ വായുഭക്ഷണനായി, ദീർഘായുസ്സുണ്ടാക്കി അനേകം സിദ്ധികൾ ലഭിച്ചു നിർവ്വാകുലനായിരിക്കുന്നവൻ സാക്ഷാൽ സിദ്ധൻതന്നെയാണ്. ഭഗവൽഭക്തിയും യോഗാഭ്യാസവുംകൊണ്ടു സാധിക്കുന്നതെന്താണെന്നുവെച്ചാൽ, ജീവന്മുക്തിപദമാകുന്നു. ജീവന്മുക്തിയെന്നതു ഇന്ദ്രിയാദികളെ ബാഹ്യാർത്ഥങ്ങളിൽനിന്നും നിവർത്തിച്ചു ആത്മാവാണു താനെന്നുള്ള ബോധം ഉണ്ടായി, ബ്രഹ്മനിഷ്ഠാശീലനത്താൽ വിശ്രാന്തിയടഞ്ഞു ദേഹത്തെ മറന്നു പരമാത്മാവോടു ചേർന്നു ആനന്ദവാരിയിൽ മുഴുകി താൻ ഇന്നയാളാണെന്ന സ്മരണയകന്നു ശുദ്ധജ്ഞാനത്തോടുകൂടിയിരിക്കുന്ന അവസ്ഥയാകുന്നു. ഈശ്വരധ്യാനം അശേഷം ചെയ്യാത്ത മൃഗപ്രായന്മാരേക്കാൾ മൂർത്തിധ്യാനംചെയ്യുന്നവൻ ശ്രേഷ്ഠനാണ്. അവനേക്കാൾ ശ്രേഷ്ഠനാണ് പരബ്രഹ്മത്തെ അറിയുന്നവൻ. പരബ്രഹ്മമേതാനായിരിക്കുന്നവൻ അവനേക്കാൾ ശ്രേഷ്ഠനാണ്. അഖണ്ഡാനന്ദത്താൽ താൻ ഇന്ന ആളാണെന്നറിയാതെയിരിക്കുന്നവൻ അവനേക്കാൾ ശ്രേഷ്ഠനാത്രെ. ജ്ഞാനദൃഷ്ടിയോടുകൂടി, ദിഗ്ദേശാദികളെ മറന്നു, സ്ഥാണുതുല്യന്മാരായി സമാധിസ്ഥന്മാരായിരിക്കുന്ന ജ്ഞാനികളെക്കണ്ടുപിടിച്ചു യഥാവിധി ശുശ്രൂഷിക്കുന്നവൻ അവനേക്കാൾ ശ്രേഷ്ഠനാണെന്നു പറയപ്പെട്ടിരിക്കുന്നു. ഹേരാജൻ! ഇപ്രകാരമുള്ള ദുർല്ലഭലോഭത്തെ കൈവെടിഞ്ഞു, ദുഃഖത്തിൽപെട്ടു കിട്ടാത്ത ആയുസ്സിനെ നശിപ്പിച്ചു കർമ്മം എന്ന പാശത്താൽ കെട്ടപ്പെട്ടു കേവലം മൃഗപ്രായന്മാരായി ഉഴലുന്ന മനുഷ്യർ നാളെ കാലൻവന്നടുത്താൽ അപ്പോൾ എന്തുചെയ്യുമോ? എങ്ങിനെ അപേക്ഷിക്കുമോ? എന്തെടുത്തു തടുക്കുമോ?—എന്തോ എനിക്കറിഞ്ഞുകൂടാ—ഹേ പരിശുദ്ധനേ! എത്രനാൾ ജീവിച്ചിരുന്നാലും ഒടുവിൽ നശിച്ചുപോകുന്ന ഈ ദേഹത്തെ അസത്യമാണെന്നു ഗണിക്കാതെ സത്യമാണെന്നു നിശ്ചയിക്കകൊണ്ടുണ്ടാകുന്ന ദുഃഖത്തെ ബലാൽ വഹിച്ചുവയ്ക്കാതെ പരമാർത്ഥജ്ഞാനമാർഗ്ഗത്തെ അന്വേഷിക്കേണ്ടതല്ലയോ മനുഷ്യധർമ്മം. അതുകൂടാതെ വൃഥാ കാലംപോക്കുന്നതു യുക്തമാകുമോ? മണ്ണിനാൽ ഉണ്ടാക്കപ്പെടുന്ന പാത്രം ഉടഞ്ഞാലും ഉടയാതിരുന്നാലും മണ്ണുതന്നെ, എന്നുള്ളതുപോലെ പരമഭക്തിയും, ജീവന്മുക്തിയും അടയാത്തവരുടെ ദേഹം, മരിച്ചാലും മരിക്കാതിരുന്നാലും കേവലം പ്രേതംതന്നെയല്ലയോ? അഹോ! മൂഢബുദ്ധികളായവർക്കു എന്തെല്ലാംവിധത്തിൽ ഉപദേശങ്ങൾ ചെയ്താലും രാപ്പകൽ തിരിച്ചുകണ്ടറിവാൻ കഴിയാത്ത അന്ധനെപ്പോലെ, എപ്പോൾനോക്കിയാലും എവിടെനോക്കിയാലും ഇരുൾ അടഞ്ഞിരിക്കുന്നതല്ലാതെ മനസ്സിനു തെളിവുണ്ടാകുന്നില്ല. അവർ ബന്ധപാശങ്ങളിലകപ്പെട്ടു സർവ്വദാ ദുഃഖിതന്മാരായിത്തന്നെ കഴിയുന്നു. മതഭേദത്താൽ ജനങ്ങൾ അന്യോന്യം കാട്ടിക്കൂട്ടുന്ന ഗോഷ്ഠികൾക്കും ഉപദ്രവങ്ങൾക്കും കയ്യുംകണക്കുമില്ലാതെയാണ് തീർന്നിരിക്കുന്നതു്. അവർ അന്യോന്യം വാദുകളാടി, അന്യോന്യമതത്തെ ആക്ഷേപിച്ചു തമ്മിൽപിണങ്ങി ഞങ്ങളുടെവേദം സത്യം, നിങ്ങളുടേതസത്യം ഞങ്ങൾ സുകൃതികൾ—നിങ്ങൾ പാപികൾ എന്നൊക്കെപ്പറഞ്ഞു കലഹിച്ചു തന്നെ അറിയാതെയും തന്റെ ഉള്ളിൽ കുടികൊണ്ടിരിക്കുന്ന ആനന്ദത്തെ അനുഭവിക്കാതെയും യോഗ്യന്മാരെ ആക്ഷേപിച്ചു ദുഃഖവ്യസനങ്ങളാൽ ജീവി

ത്തനയിച്ചു മരണകാലത്തിൽ ഗോഷ്ഠികൾകാട്ടി, ചുററുമിരിക്കുന്നവരെ വിഷമിപ്പിച്ചു കഷ്ടപ്പെട്ടു ജീവൻവേർപെട്ടു നരകപ്പട്ടണത്തിലേക്കു യാത്രതിരിക്കുന്നു. അതു് എത്രകണ്ടു് അവിവേകമാണെന്നു് ഓർത്തുനോക്കുക. തന്നത്താനെ പരമതത്വത്തെ ചിന്തിക്കാതെയും പറഞ്ഞുകൊടുക്കുന്നവരെ അന്വേഷിച്ചുപോകാതെയും ഭഗവല്‍ ഭക്തിയിൽ മനസ്സുറയ്ക്കാതെയും സാധുക്കളോടു സംസർഗ്ഗംചെയ്യാതെയും വെറുതേ കളികളിക്കൊണ്ടു കാലംകഴിക്കുന്നതു ശരിയാണോ? അതിനാൽ അഹംഭാവം നീങ്ങുമോ? ക്ഷണഭംഗുരമായ ഈ ദേഹത്തെ കാര്യമായി വകവയ്ക്കാമോ? പാപകർമ്മങ്ങൾചെയ്യാമോ?

"ഹേരാജൻ! മതവാദമുള്ളവർക്കു് ചതുർവേദവും സമ്മതമാകയില്ലാ. ശാന്തന്മാരായസാധുക്കൾക്കു സാരമായ ഒരു വാക്കുകേട്ടാൽമതി. ഏഴുവക തോലുകളോടുകൂടിയ ചരാചരങ്ങൾ എത്രയുഗം ജീവിച്ചിരുന്നാലും ഒരുകാലത്തു മറഞ്ഞു ഭൂമിയിലടങ്ങിപ്പോകതന്നെ ചെയ്യും. ഭൂമിയോ സൂര്യൻെറ ഉഷ്ണത്താൽചൂർണ്ണമായിഭവിച്ചു് പ്രചണ്ഡവായുവായി ധൂളിപ്പിക്കപ്പെടുകയോ സമുദ്രജലത്താൽ മുക്കപ്പെടുകയോചെയ്യും. ജലമോ—ചൂടുകൊണ്ടു വററി ആവിയായി ആവി ഉഷ്ണിച്ചു് വായു വിശേഷങ്ങളായി പിരിഞ്ഞു് ആകാശത്തിൽ ലയിക്കുന്നു. അഗ്നി വായുവാൽ പ്രശാന്തമായിഭവിക്കുന്നു. വായു ആകാശത്തിൽ ലയിക്കുന്നു. ആകാശം അന്ധകാരമയമായ മായയിൽ അടങ്ങുന്നു. മായസൂര്യനെക്കണ്ട മഞ്ഞുതുള്ളിപോലെ ബ്രഹ്മത്തിൽ അടങ്ങിമറഞ്ഞുപോകുന്നു. പഞ്ചഭൂതങ്ങൾപോലും ഇങ്ങനെ നാശത്തെപ്രാപിക്കുന്ന വകകളായിരിക്കുമ്പോൾ ക്ഷണഭംഗുരമായ നമ്മുടെ ശരീരത്തിൻെറ കഥ പറവാനുണ്ടോ? അതിനെ ഞാനെന്നഭിമാനിച്ചു കാര്യമായിവിചാരിക്കാൻന്യായമുണ്ടോ? ഹേ ഭൂപതേ! മായ സകലപ്രപഞ്ചത്തോടുകൂടി ഇപ്രകാരം നശിക്കുന്നതും അഖണ്ഡാനന്ദമായി ആദിമദ്ധ്യാന്തരഹിതമായി നിത്യശുദ്ധബുദ്ധമുക്തമായി നിഷ്കളമായി നിരാമയമായി,നിർവ്വികാരമായി നിർലയമായി നിർവ്വാണമായിരിക്കുന്ന പരബ്രഹ്മംമാത്രം ഒരേനിലയിൽ എന്നും നിലനിൽക്കുന്നതുമാകുന്നു. അതിനാൽ തൻെറ ഉള്ളിൽ സർവ്വദാ സ്ഥിതിചെയ്യുന്ന പരബ്രഹ്മത്തെ സദ്ഗുരൂപദേശത്താലറിഞ്ഞു ആ കൂടസ്ഥബ്രഹ്മത്തെ അഖണ്ഡപരിപൂർണ്ണസ്വരൂപമെന്നും സത്യജ്ഞാനാനന്ദവസ്തുവെന്നും സർവ്വവന്ദ്യമായ ആദിദൈവമെന്നും മുക്തന്മാരും സിദ്ധന്മാരും ഭക്തന്മാരും വന്ദിക്കുന്ന പരമ്പൊരുളെന്നും ചിദാകാശസച്ചിന്മയസ്വയംപ്രകാശതേജോമയമെന്നും ദിവ്യമംഗളാദ്ഭുതബോധസ്വരൂപമെന്നും ജനനമരണാദിദുഃഖനിവൃത്തികാരണമെന്നും സകലപാപവിനാശനമെന്നും നരകദുഃഖപ്രശമനമെന്നും മോക്ഷാനന്ദപ്രദമെന്നും പറയപ്പെടുന്നു. ഇതിനു സംശയമില്ല. സംശയിക്കുന്നതു് അജ്ഞാനികളാകുന്നു. അല്ലയോ രാജാവേ! ഈ ബ്രഹ്മജ്ഞാനം എളുപ്പത്തിൽ ലഭിക്കുന്നതിനു സദ്ഗുരൂപദേശവും അഷ്ടദേവതകളുടെ വരപ്രസാദവും ഇല്ലെങ്കിൽ അതു സഫലമാകയില്ല. അതിനാൽ ഇന്നുമുതൽ ദൈവഭക്തിയും സദ്ഗുരുശുശ്രൂഷയും സാധുസംസർഗ്ഗവും ഉണ്ടായിരിക്കണം" എന്നുപദേശിച്ചു് അക്ബർബാദുഷാവോടു യാത്രയുംചോദിച്ചുകൊണ്ടു തീർത്ഥയാത്രപുറപ്പെട്ടുപോയി, മധുര വൃന്ദാവനം മുതലായ പുണ്യക്ഷേത്രങ്ങളിൽ സഞ്ചരിച്ചു അദ്വൈതാനന്ദലഹരിയാൽ സ്വദേഹത്തെ വിസ്മരിച്ചുജ്ഞാനത്തിൻെറ പരമകാഷ്ഠയിലെത്തി ബ്രഹ്മൈക്യനിലയിലെത്തി സന്തുഷ്ടനായിഭവിച്ചു. അക്ബർബാദുഷാവാകട്ടെ അന്നുമുതൽ ഭഗവൽഭക്തിയിൽ ശ്രദ്ധാലുവായി ബ്രഹ്മജ്ഞാനനിഷ്ഠയേയും ശീലിച്ചാനന്ദിച്ചിരുന്നു.

ഹേ സിദ്ധോത്തമന്മാരേ! തുളസീദാസനെ സംബന്ധിച്ചു് ഇനിയും അനേക അത്ഭുതകഥകൾ ഉണ്ടു്. അതുകൾ ഭക്തവിജയത്തിൻെറമദ്ധ്യേത്തിൽ അവിടവിടെയായി. അപ്പോൾ നിങ്ങൾക്കു കേട്ടു സന്തോഷിക്കാം എന്നുപറഞ്ഞു്, പിന്നെയും പറവാൻ തുടങ്ങി. തുളസീദാസരുടെ ചരിത്രത്തെ ഭക്തിയോടുകൂടി പാരായണംചെയ്യുന്നവർക്കും കേൾക്കുന്നവർക്കും ഭഗവൽഭക്തിയും നിഷ്കാമതയും ബ്രഹ്മജ്ഞാനവും അഖണ്ഡാനന്ദവും അഷ്ടൈശ്വര്യങ്ങളും ദീർഘായുസ്സുംസുഖവാഴ്ചയും സിദ്ധിക്കുമെന്നുള്ളതിനു സംശയമില്ല.

സിദ്ധവര്യന്മാരേ! ഞാൻ ഉദ്ധവരുടെ അവതാരമായ, നാമദേവരുടെ ചരിത്രത്തെ ഇനി പറവാൻ പോകയാണ്. അതു കേൾപ്പാൻ വളരെ രസമുള്ളതാണ്. ഇനി ഇന്നത്തെ നേരം വൈകിപ്പോയതുകൊണ്ടു എല്ലാവരും പോയി കുളിയും സന്ധ്യാവന്ദനവും കഴിക്കുവിൻ! നാളെയും അതിരാവിലെ വരണം എന്നുപറഞ്ഞു നാഭാജിസിദ്ധർ, അന്തർദ്ധ്യാനമാത്രനായി ബ്രഹ്മാനന്ദത്തിൽ ലയിച്ചിരുന്നു. ഉദ്ധവസിദ്ധർ, മുതലായവർ അവരവരുടെ വസതികളെ പ്രാപിച്ചു, നിത്യകർമ്മാദികൾ നിർവഹിച്ചുശേഷം, യോഗനിദ്രന്മാരായി ആനന്ദിച്ചിരുന്നു.

തുളസീദാസചരിത്രം സമാപ്തം.

---

# നാമദേവർചരിത്രം

---

## ഭഗവൽസ്തുതി.

ശ്രീമൽപങ്കജനാഭ! ഭക്തജനകല്യാണപ്രദാ! മഹാ-
ധാമൻ! പാണ്ഡവദൈത്യമേററകരുണാപീയൂഷപാരാകര!
കാമക്രോധമുഖാഗ്നിതന്നിലെരിയുംമാമാശു നീ മാധവ-
സ്വാമിൻ! പാലയ പാലയാഖിലജഗൽക്ഷേമപ്രദാനി! പ്രഭോ!

---

## നാമദേവസ്തുതി.

നിത്യംമാധവഭക്തിപൂണ്ടുഭഗവൽപൂജാവിധാനംനിജം
കൃത്യംനിർമ്മലമെന്നുനണ്ണിയൊരുയോ നൃത്യൽഭ്രമന്ത്യുജ്ജ്വലൻ
സ്തുത്യാത്മാവുരഭക്തിഭാവനയിൽചേർത്തോരനേകാന്ത്രവൻ
സത്യംമേതുണയാകയാവുബതനാം ശ്രീനാമദേവാഭിധൻ.

---

## ഒന്നാമദ്ധ്യായം.

---

### നാമദേവരുടെ ഉത്ഭവം.

ബ്രഹ്മരന്ധ്രത്തിൽ ശ്വാസത്തെയേററി കാലഭയത്തെ മാററി, ദേഹമായാബാധകളില്ലാതെ സുഖിച്ചിരിക്കുന്ന ഉദ്ധവസിദ്ധൻ മുതലായവർ കാലത്തെ എഴുന്നേററ്, നിത്യകർമ്മാനുഷ്ഠാനങ്ങളെ മുടിച്ച്, പരമസിദ്ധനായ നാഭാജിസിദ്ധരുടെ വാസസ്ഥാനത്തിൽ അദ്ദേഹത്തിന്റെ കാൽത്താമരകളിൽ വന്ദിച്ച്, ഓ സ്വാമി! ഉദ്ധവരുടെ അവതാരമായ നാമദേവരുടെ ദിവ്യചരിത്രത്തെ കരുണാപൂർവ്വം അരുളിച്ചെയ്യാലും! എന്നപേക്ഷിച്ചപ്പോൾ നാഭാജിസിദ്ധൻ, സന്തോഷപൂർവ്വം പറഞ്ഞുതുടങ്ങി.

അല്ലയോ സിദ്ധന്മാരേ! ദേവന്മാർക്കുപോലും അപൂർവമുണ്ടാക്കുമാറു, ഭക്തജനനിവാസസ്ഥാനമായി, ഇന്ദ്രചന്ദ്രാദിലോകങ്ങൾ പോലെ രമ്യമായി വിഷ്ണുക്ഷേത്രത്താൽ പാവനമായി ചന്ദ്രഭാഗാനദീതീരത്തിലുള്ള പണ്ഡരപുരത്തിൽ, ദാംസേട്ടിയെന്നുപേരുള്ള അത

ന്മകേതനായ ഒരു തയ്യൽക്കാരൻ പാർത്തിരുന്നു. അദ്ദേഹം സത്യസന്ധനും നിർമ്മലഗുണങ്ങളോടുകൂടിയവനും, ആത്മജ്ഞാനിയും, പരിശുദ്ധക്രിയാവാനും സർവ്വദാ രാമനാമജപവും ഭഗവൽഭക്തിയുമുള്ളവനും ആയിരുന്നു. ദൈവഭക്തിയും പരിശുദ്ധിയുമായ കുനാഭായി എന്ന ഭാര്യയോടുകൂടി അദ്ദേഹം ഗൃഹസ്ഥധർമ്മം പരിപാലിച്ചു, വിഷ്ണുഭക്തന്മാരോടുള്ള സഹവാസവും വിഷ്ണുദേവപൂജാനിവേദ്യാദികളും മുറപോലെ അനുഷ്ഠിച്ചുവന്നു. ചിന്താദികളാൽ മനസ്സിനെ വ്യാകുലപ്പെടുത്താതെ, ദൈവവിശ്വാസത്തോടുകൂടി, കോപാദിദോഷങ്ങളെ വർജ്ജിച്ചു് നിർദ്ദോഷമായ തയ്യൽവേലമാത്രം നിത്യത്തൊഴിലായി സ്വീകരിച്ചു്, മൂഢന്മാരെ ഭഗവൽഭജനത്തിനു പ്രേരിപ്പിച്ചു, സുഖമായിത്താമസിച്ചു. ഇങ്ങനെ തനിക്കു ൬൦ വയസ്സും ഭാര്യയ്ക്കു് അമ്പതുവയസ്സും പ്രായം ചെല്ലുന്നതുവരെ ഗൃഹസ്ഥാശ്രമത്തിലിരുന്നിട്ടും സന്താനം ഒന്നും ഉണ്ടായില്ല. അതുമൂലം ദുഃഖിതയായ ആ സാധുദമ്പതിമാർ വിഷ്ണുഭജനവും യഥാശക്തി ദാനധർമ്മങ്ങളും നടത്തി. താംസേട്ടി അതിരാവിലെ എഴുന്നേറ്റു്, ചന്ദ്രഭാഗാനദിയിൽ കുളിച്ചു് ഈറൻ വസ്ത്രത്തോടെ പണ്ഡരീനാഥക്ഷേത്രത്തിൽചെന്നു്, നൂറ്റിയെട്ടുപ്രദക്ഷിണംവച്ചുവന്ദിച്ചു്, അല്ലയോ ഭഗവാനേ! രുഗ്മിണീവല്ലഭ! ദുർജ്ജനദുർല്ലഭ! എനിക്കു ഒരു പുത്രസന്താനം ഉണ്ടാകുന്നതിന്നനുഗ്രഹിക്കണമേ! എന്നു പ്രാർത്ഥിക്കപതിവായിരുന്നു.

ഇദ്ദേഹത്തിന്റെ പത്നിയായ കുനാഭായിയും ഭർത്താവുണരുന്നതിനു മുമ്പേ എഴുന്നേറ്റുപോയികുളിച്ചു വിഷ്ണുദേവനെ ഭജിച്ചു്, ഹേ പണ്ഡരീനാഥ! പാണ്ഡവദൂത! എനിക്കു സന്താനമില്ലായ്കകൊണ്ടുള്ള സങ്കടം തീർത്തുതരണമേ എന്നു കണ്ണുനീരൊഴുക്കിക്കരഞ്ഞപേക്ഷിച്ചു, ഭർത്താവുതേടിവരുന്നതിനുമുമ്പേ വീട്ടിൽപോരും. ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ ഒരുദിവസം രാത്രിയിൽ ഭഗവാൻ ബ്രാഹ്മണനായിവന്നു കുനാഭായിയെ സ്വപ്നംകാണിച്ചു. "ഹേ കുനാഭായി! നീ നാളെ രാവിലെ ഒരു പുത്രനെ പ്രസവിക്കും, എന്നുപറഞ്ഞു മറയുകയുംചെയ്തു. ഉടനെ, കുനാഭായി ഉണർന്നെഴുന്നേറ്റു ഭർത്താവിനെവന്ദിച്ചു്, അപ്രതീക്ഷിതവും അത്ഭുതകരവുമായ ആ സ്വപ്നത്തെക്കുറിച്ചു പറഞ്ഞു. പ്രാണനാഥ! ആരോ ഒരു ബ്രാഹ്മണൻ എന്റെ സ്വപ്നത്തിൽവന്നു്, നേരംവെളുക്കുമ്പോൾ ഞാൻ ഒരു കുട്ടിയെ പ്രസവിക്കുമെന്നു പറഞ്ഞു മറഞ്ഞുപോയിരിക്കുന്നു. അതനുസരിച്ചു എനിക്കു കുട്ടിയുണ്ടാകുമോ എന്നരുളിച്ചെയ്യണം. അതുകേട്ടു്, അദ്ദേഹം അത്ഭുതപരവശനായി ചിരിച്ചു. എന്നിട്ടിങ്ങനെ പറഞ്ഞു.

ഹേ! അതിമുഗ്ദ്ധയായ പ്രിയേ! നീ എന്താണുപറഞ്ഞതു്? രാവിലെ ഒരു പുത്രനെ പ്രസവിക്കുമെന്നോ? പത്തുമാസം ഗർഭത്തിൽ വളരാതെ കുട്ടി ജനിക്കുമോ? അങ്ങനെയായാലും നരച്ചുകിഴവിയായ നീയാണോ ഇനി പ്രസവിക്കുന്നതു്? നിന്റെ മനസ്സിലിരിക്കുന്ന ആഗ്രഹം സ്വപ്നത്തിൽ കണ്ടുവെന്നല്ലാതെ അതു സംഭവ്യമല്ല. ജാഗ്രത്തിൽ കാണുന്നതുതന്നെ അസത്യമായിരിക്കുമ്പോൾ, സ്വപ്നത്തിൽകാണുന്നതു സത്യമാകുന്നതെങ്ങനെ? ഒരു പക്ഷേ ആ സ്വപ്നം സത്യമായിരുന്നാൽതന്നെ, ഭഗവാന്റെ കല്പനപ്രകാരം നമുക്കു പുത്രനുണ്ടാകുന്നതെവിടെനിന്നാണു്? എങ്ങനെയാണു്? കിഴവിയായ നീ ഇനി പ്രസവിക്കുമെന്നാഗ്രഹിക്കുന്നതുപോലും ലജ്ജാവഹമല്ലയോ?

അതുകേട്ടു കുനാഭായി ലജ്ജിച്ചു്, ഉത്തരം യാതൊന്നും പറയാതെ എഴുന്നേറ്റുപോയി കുളിച്ചു്, ക്ഷേത്രത്തിൽചെന്നു ഭഗവാന്റെ തിരുമുമ്പിൽനിന്നുകൊണ്ടു് ഹേ പാണ്ഡുരംഗ! പണ്ഡരീനാഥ! ശ്രീരംഗ! എന്നെ സ്വപ്നംകാണിച്ച ബ്രാഹ്മണൻ നിന്തിരുവടിയാണോ എന്നറിവാൻ ആഗ്രഹമുണ്ടു്. നിന്തിരുവടിയാണെങ്കിലും അല്ലെങ്കിലും, എന്റെ പുത്രേച്ഛ ഇന്നുതന്നെ നിറവേററിത്തരുമാറാകണം. എന്നു പ്രാർത്ഥിച്ചു്, ഭഗവൽപാദങ്ങളെ തന്നെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു്, പുത്രനെലഭിക്കുമെന്ന വിശ്വാസത്താൽ സന്തോഷിച്ചു മടങ്ങി വീട്ടിലെത്തി.

താംസേട്ടി, പതിവുപോലെ എഴുന്നേറ്റു കുളിക്കാനായി ചന്ദ്രഭാഗാനദിയിലേക്കു പോകുമ്പോൾ, ഭഗവാൻ, ഒരു വൃദ്ധബ്രാഹ്മണനായി അദ്ദേഹത്തിന്റെ മുമ്പിൽചെന്നു നിന്നു്, "ഹേ താംസേട്ടിയാരേ! താങ്കൾക്കു ഇന്നേദിവസം ഒരു പുത്രൻ ജനിച്ചുവോ?"

എന്നുചോദിച്ചു. അതുകേട്ട താംസേട്ടി, "അഹൊ! നമ്മുടെ ഭാൎയ്യ രാത്രിയിൽ പറഞ്ഞ വാക്കുകളിദ്ദേഹം കേട്ടതുപോലെതോന്നുന്നുവല്ലൊ. ഞാനും ഭാൎയ്യയും വൃദ്ധരായിട്ടും പുത്രാശയാൽ ഖേദമുള്ളവരാണെന്നു ഇദ്ദേഹത്തെ അറിയിക്കുന്നതെങ്ങിനെ? ഇദ്ദേഹത്തിന്റെ വാക്കിനുത്തരം പറവാൻ ലജ്ജതോന്നുന്നു. എന്നിങ്ങനെ ആലോചിച്ചുകൊണ്ടിരുന്നു.

അപ്പോൾ, മായാബ്രാഹ്മണൻ അടുത്തുചെന്നു താംസേട്ടിയുടെ കൈക്കുപിടിച്ചുകൊണ്ടു, "ഹേ ഹരിദാസരേ! ഞാൻ പറഞ്ഞവാക്കു താങ്കൾ കേട്ടില്ലേ? കാതിനുവല്ല കേൾവിക്കുറവുമുണ്ടോ? കാതുംപൊട്ടി നരച്ചുകിഴവനായിട്ടും പുത്രവാഞ്ഛയെല്ലാട്ടും കുറവില്ലല്ലോ. ഹേ മഹാജനങ്ങളെ നിങ്ങളാരും ഇക്കഥ അറിഞ്ഞില്ലെ? മൂത്തുനരച്ച ഇക്കിഴവനു കുട്ടികളുണ്ടാകാഞ്ഞതുള്ള സങ്കടം സ്വല്പമല്ല. എന്നു പലരേയും വിളിച്ചുവരുത്തി പ്പറഞ്ഞു പരിഹസിക്കാൻ തുടങ്ങി. താംസേട്ടിക്കു അതുകേട്ടു കോപംവൎദ്ധിച്ചു. അദ്ദേഹം, ബലാൽകാരമായി കൈയ്യിലെ പിടിവിടുവിച്ചു, ദൂരെ മാറിനിന്നുകൊണ്ടു ബ്രാഹ്മണനെനോക്കിപ്പറഞ്ഞു. ഹേ വൃദ്ധബ്രാഹ്മണ! എന്നെ വെറുതെപരിഹസിക്കുന്നതെന്തിനു? ഞാൻ താങ്കൾക്കെന്തുപിഴച്ചു? കഴിയിൽ കാലുംനീട്ടിയിരിക്കുന്ന എനിക്കു പുത്രാശയുണ്ടെന്നു താങ്കളോടാരുപറഞ്ഞു? താങ്കളുടെ വേലനോക്കിപ്പോകാതെ, പ്രയോജനമില്ലാത്തവാക്കുകൾ പറഞ്ഞുതുടങ്ങിയിരിക്കുന്നതെന്തു? ഇതു യോഗ്യതയല്ല."

ബ്രാഹ്മണൻ:—ഹേ ഭഗവൽഭക്തരേ! വൃഥാകോപിക്കുന്നതെന്താണു? താങ്കളുടെ ഭാൎയ്യ ഇപ്പോൾതന്നെ ഒരു കുട്ടിയെ പ്രസവിച്ചിരിക്കുന്നു. ഞാൻ അതുകണ്ടുകൊണ്ടാണുവന്നതു. ഉള്ളതുപറഞ്ഞാൽ കോപംവരുന്നതെന്തിനു? ഞാൻ പറഞ്ഞതു വ്യാജമാണെന്നുണ്ടെങ്കിൽ, എന്നോടൊരുമിച്ചു മടങ്ങിവീട്ടിലേക്കുവരിക. ഇപ്പോൾ ബോദ്ധ്യപ്പെടുത്തിത്തരാം; പുത്രനെ ഇപ്പോൾ അവിടെക്കാണാം. അങ്ങിനെ കാണുന്നപക്ഷം ആ സന്തോഷവൎത്തമാനം പറഞ്ഞ എനിക്കു തക്കതായ ഒരു ദക്ഷിണതരണം." എന്നു പറഞ്ഞു വീണ്ടും അദ്ദേഹത്തിന്റെ കൈപിടിച്ചുവലിച്ചുതുടങ്ങി.

താംസേട്ടി, കോപത്തോടുകൂടി "താങ്കൾ ആരാണു? വല്ലദൈന്യമായി എന്നെ ഉപദ്രവിക്കുന്നുവല്ലോ. വെറും കള്ളമല്ലയോ പറഞ്ഞുതുടങ്ങിയിരിക്കുന്നതു......പടുവൃദ്ധയായ കുനായിരിക്കുന്നവളെങ്ങനെ? ഗൎഭംധരിക്കുന്നതെങ്ങനെ? അവൾ പ്രസവിച്ചു എന്നുപറഞ്ഞതു വിശ്വസിക്കുന്നതെങ്ങനെ? വൃദ്ധമാർ പ്രസവിച്ചതായി കേട്ടിട്ടുണ്ടോ? മുമ്പൊരിക്കലും കണ്ടു പരിചയംപോലുമില്ലാത്ത താങ്കൾ, വെറുതെ എന്നെപ്പരിഹസിക്കുവാൻ കാരണമെന്തു?"

**മായാബ്രാഹ്മണൻ:—**കൊള്ളാം—താങ്കൾ യോഗ്യൻതന്നെ. ദിവസംതോറും കാണുകയും ഭിക്ഷകൊടുക്കുകയും ചെയ്യുന്ന എന്നെ, ഇന്നാണു പുതുതായി കണ്ടതെന്നും, അറിയുന്നില്ലെന്നും പറഞ്ഞതു, അത്ഭുതമായിരിക്കുന്നു. പലനാളത്തെ സ്നേഹം ഇത്രവേഗം നശിച്ചുവോ? കാതുകേൾക്കാത്തതുപോലെ കണ്ണും താങ്കൾക്കു കുരുടാണോ! കാതും കണ്ണും ഒരുപോലെ പൊട്ടിയ പടുകിഴവനായ താങ്കൾക്കു പുത്രനെക്കുറിച്ചുള്ള ആശ മാറാഞ്ഞതു എന്തോ!—എന്നുചോദിച്ചു.

**താംസേട്ടി:—**"ഹേ ബ്രാഹ്മണോത്തമ! താങ്കൾ ശാന്തബുദ്ധിവിട്ടു എന്നെക്കൂടെ ൻ ചെകിടൻ കിഴടൻ എന്നൊക്കെ ആക്ഷേപിക്കാൻ ചാടിപ്പുറപ്പെട്ടിരിക്കയാണോ? ഇല്ലാത്തതും പൊല്ലാത്തതുമൊക്കെയല്ലെ പറയുന്നതു? ഒരു പക്ഷെ, എന്റെ ഭാൎയ്യ ഒരുപുത്രനെ പ്രസവിച്ചുവെന്നിരിക്കട്ടെ, എന്നാലും താങ്കൾക്കു ഇങ്ങനെപറയാമൊ? വെറുതേ, ഓരോ നിരൎത്ഥവാക്കുകൾ പുലമ്പിക്കൊണ്ടു വഴിയേ പോകുന്നവരെ വിളിച്ചുകൂട്ടി, എന്നെ അധിക്ഷേപിക്കുന്നതു പുത്രമേൽ ധിക്കാരമാണു? തോന്നിയതു പറഞ്ഞു, നടക്കുന്ന ഇരപ്പാളികളെപ്പോലെ തുടങ്ങാതെ, ബ്രാഹ്മണയോഗ്യമായ ശാന്തസ്വഭാവത്തോടെ മടങ്ങി വീട്ടിൽപോയിരിക്കണം. അതാണു നന്നു" എന്നു കോപിച്ചുപറഞ്ഞു.

**ബ്രാഹ്മണൻ:—**എന്നോടുപോകാൻ പറയുന്ന താംസേട്ടിയാരെ താങ്കൾ ദിവസംതോറും മുടങ്ങാതെ എന്റെ വയറുനിറയെ ഭിക്ഷയിടുന്നുണ്ടു. ഇനിമേൽ താങ്കളുടെ പുത്രനായ ആ കുട്ടിയും ഭിക്ഷയിടുമെന്നുള്ളതു നിശ്ചയംതന്നെ. ഹേ ഭാഗവതോത്തമ! പി

റന്ന ആ കുട്ടിക്കു എന്തൊരു പേരാണിടാൻ നിശ്ചയിച്ചിരിക്കുന്നതു്, പേരിടുമ്പോൾ എന്നെ മറന്നുപോകുമോ?—വേറെ ഒരു ബ്രാഹ്മണനെ അന്വേഷിക്കുമോ?—അക്കാൎയ്യംനല്ല ഓൎമ്മയായിരിക്കണം.

താംസേട്ടി:—“ഇതെന്തൊരു നേരംപോക്കാണു്? പേയിൎവച്ചു്, ബ്രാഹ്മണന്റെ യാണു വല്യതെന്നു ഒരു ചൊല്ലുതന്നെയുണ്ടു്. കാലത്തുമുതൽ ഇതുവരെ എന്നെ കുളിക്കാൻ പോകാൻ സമ്മതിക്കാതെ തടുത്തുവച്ചു്, സ്വാമി! ഹരിദാസരേ! എന്നൊക്കെ വിളിച്ചു പൂജിച്ചതു പോയിട്ടു്, ഇപ്പോൾ നായേ! പേയേ! എന്നൊക്കെ ആയിരിക്കുന്നു.”

മായാബ്രാഹ്മണൻ, ഇതുകേട്ടു്, അത്യന്തം കോപാകുലനായി ഭവിച്ചിട്ടെന്നപോലെ, താംസേട്ടിയെ നെഞ്ചോടുനെഞ്ചു ചേൎത്തണച്ചു്, കുടുമയ്ക്കുപിടിച്ചു മീശമുറുക്കിക്കൊണ്ടു്, എടാ! ഭ്രൂണിപ്പുഴുതുകൾ തുന്നി മുട്ടിക്കാലംകഴിക്കുന്ന കശ്മലാ! ഞാൻ ഒരു മംഗളകാൎയ്യം പറവാൻ വന്നതു് നിനക്കു നേരേ വിപരീതമായിട്ടാ തോന്നിയതു്. ശാന്തതയാണു മാന്യതയ്ക്കധികാരമുദ്രയെന്നും “ബ്രാഹ്മണോമമ ദൈവതം” എന്നും തത്വജ്ഞാനങ്ങൾ പറഞ്ഞുകൊണ്ടിരുന്നതൊക്കെപ്പോയിട്ടു് ഇപ്പോൾ വായിൽ തോന്നിയതുപോലെ നീ എന്നെ അധിക്ഷേപിച്ചു തുടങ്ങിയിരിക്കുന്നു. ബ്രാഹ്മണപൂജയും ചന്ദ്രതപസ്സുമുള്ള ഈ ചന്ദ്രഭാഗാനദി സാക്ഷിയായിട്ടു്, നിനക്കു സത്യം പറയാമോ? പുത്രൻ വേണമെന്നുള്ള ആഗ്രഹം എപ്പൊഴും നിനക്കില്ലയോ? എടാ മുഴുത്ത സംസാരി! മനസ്സാക്ഷിയെ വഞ്ചിക്കാതെ നേരുപറ! എന്നധിക്ഷേപിച്ചു്, താംസേട്ടിയുടെ കണ്ണത്തിൽ കണക്കിനൊന്നു പ്രഹരിച്ചു.

താംസേട്ടി:—ഇതെന്തൊരുവിഷമമതു?—ധൎമ്മസംകടമായിരിക്കുന്നല്ലോ, എന്റെ രഹസ്യമെല്ലാം എല്ലാവരും അറിയത്തക്കവണ്ണമല്ലേ ഈ ബ്രാഹ്മണൻ വിളിച്ചു പറയുന്നതു്! ഒററയായിരുന്നെങ്കിൽ ഞാൻ ഇതിനുപകരം ചോദിക്കുമായിരുന്നു. ഹാ! കഷ്ടം! സൂൎയ്യൻ ഉദിച്ചു വളരെ ഉയൎന്നുവല്ലോ. എന്റെ കുളിയും ദേവപൂജയും ഒക്കെ മുടങ്ങി. ഈ ബ്രാഹ്മണന്റെ ധിക്കാരം കുറേ കടുപ്പംതന്നെ. എന്നുകോപത്തോടു കൂടിപ്പറഞ്ഞു്, പല്ലുകൾ കടിച്ചിറുമ്മിക്കൊണ്ടു്, ഒരു വടിക്കൊമ്പൊടിച്ചു്, വൃദ്ധബ്രാഹ്മണനെ പ്രഹരിച്ചു. അതുകണ്ടു്, ബ്രാഹ്മണൻ ജനങ്ങളെനോക്കി—“മാന്യജനങ്ങളേ! ഈ വൃദ്ധൻ പെരുത്തൊരു വൃക്ഷക്കൊമ്പൊടിച്ചു് എന്നെ പ്രഹരിച്ചതു നിങ്ങൾ കണ്ടില്ലേ? കണ്ടില്ലേ? എന്നു വിളിച്ചുകൂകി, ജനങ്ങളെ വരുത്തിക്കൂട്ടി, താംസേട്ടിയെ കോപത്തോടെ തള്ളിത്താഴെയിട്ടു തല്ലാൻ തുടങ്ങി. താംസേട്ടിയും മഹാശക്തി പോരാടാനാരംഭിച്ചു. രണ്ടുപേൎക്കും കുറെക്കിനു പലതരംകൾപററി. ഒടുവിൽ ബ്രാഹ്മണനെത്തള്ളിത്താഴത്താക്കിയെങ്കിലും നിന്നു പോർചെയ്വാൻ ശക്തിയില്ലാതെ ക്ഷീണിച്ചു താംസേട്ടി, നേരേ ചന്ദ്രഭാഗാ നദീതീരത്തിലേക്കോടി. ഭഗവാൻ താംസേട്ടിയെ വിടാതെ പുറകേ ഓടിച്ചെന്നു കഴുത്തിനുപിടികൂടി. അപ്പൊഴേക്കു നദീതീരത്തെത്തിക്കഴിഞ്ഞിരുന്നതുകൊണ്ടു്, തലകീഴായി നദിയിൽ മറിയത്തക്കവണ്ണം താംസേട്ടിയെ മായാബ്രാഹ്മണൻ പിടിച്ചുതള്ളി അധിക്ഷേപങ്ങൾ ചൊരിഞ്ഞുകൊണ്ടു നിന്നു. താംസേട്ടി, തലകീഴായി നദിയിൽ വീഴുകയും തനിക്കുകപ്പെട്ട ശല്യത്തെഓൎത്തു വ്യസനിച്ചു ഖേദിക്കയുംചെയ്തു, “ഇന്നെനിക്കൊരുദുൎദ്ദിവസംതന്നെ. ഈദുഷ്ടബ്രാഹ്മണനെക്കണ്ടുമുട്ടാനും അയാളുടെ പ്രഹരാദികളേൽപ്പാനുംസംഗതിയായതു എങ്ങുകൊണ്ടാണു്?—വെറും വഴക്കു വിലയ്ക്കുവാങ്ങിച്ചതുപോലെയാണു് ഇന്നെനിക്കിതകപ്പെട്ടതു്? ഇനി, ഇവൻ നദിയിലേക്കിറങ്ങിവന്നു യുദ്ധംതുടങ്ങുമോ എന്നുപോലും അറിയാൻ പാടില്ല. എന്നുവിചാരിച്ചുകൊണ്ടു്, അതിവേഗത്തിൽ ബ്രാഹ്മണൻ കാണാത്ത ഒരു ദൂരത്തിൽ ചെന്നു കുളിച്ചുകൊണ്ടുനിന്നു. അപ്പോൾ ഭഗവാൻ താംസേട്ടിയുടെ പുത്രവാഞ്ഛയേയും ദുഃഖത്തെയും തീൎക്കുന്നതിനായി ഉദ്ധവരെ മനസ്സിൽ ധ്യാനിച്ചു. ഉടൻതന്നെ ഉദ്ധവർ ആവിൎഭവിച്ചു്, ഭഗവൽപാദങ്ങളെ വന്ദിച്ചു് താനേതൊരു നിയോഗമാണനുസരിക്കേണ്ടതെന്നു ചോദിച്ചു. ഭഗവാൻ, ഉദ്ധവരെ നോക്കി:—“ഹേ പരമഭാഗവത! ഇതാ ഈ ചന്ദ്രഭാഗാ നദിയിൽ കുളിച്ചുകൊണ്ടു നില്ക്കുന്ന, ആ ഭക്തൻ മടങ്ങി, തന്റെ വീട്ടി

ൽ ചെന്നെത്തുന്നതിനുമുമ്പ്, ദേവന്റെ ഭാര്യയുടെ ഗർഭത്തിൽ നീ പ്രവേശിച്ച് ഋഷിപിണ്ഡത്തെപ്പോലെ അതേക്ഷണത്തിൽതന്നെ ലോകത്തിലവതരിക്കണം. എന്നെ ഭജിക്കുന്നതിന്റെ മാഹാത്മ്യത്തെക്കുറിച്ച്, മനുഷ്യരെ മനസ്സിലാക്കുന്നതിനും ധർമ്മത്തെ നിലനിർത്തുന്നതിനുമായി, നീ അനന്തരകാലത്തിൽ പ്രവർത്തിക്കയും വേണം" എന്നരുളിച്ചെയ്തു.

ഉദ്ധവർ, അതുകേട്ട നടുക്കത്തോടെ ഭഗവാനെത്തൊഴുതുപറഞ്ഞു. "സ്വാമി! ഭഗവാങ്കലുള്ള ഭക്തിവിശേഷത്താൽ, ജന്മത്തെ അറുത്തു മുക്തനായിരിക്കുന്ന എന്നെ ഇനിയും ജനനമരണനരകക്കുഴിയിലേക്ക തള്ളണമെന്നാണോ അങ്ങു വിചാരിക്കുന്നത്? ജഠരാഗ്നി കാമാഗ്നി കോപാഗ്നി എന്നീ മൂന്നഗ്നികളും പുകഞ്ഞെരിഞ്ഞ്, മലമൂത്രാദികളുടെ ദുർഗ്ഗന്ധം നിറഞ്ഞു കൃമിച്ച് നാറിയരക്തം ഒഴുകി, മജ്ജയുടെ കൊഴുപ്പാൽ മെഴുമെഴുപ്പോടുകൂടിയിരിക്കുന്ന ഗർഭക്കുഴിയിലാണോ ഞാൻ പോയിച്ചാടേണ്ടത്? അതേക്കാൾ വലുതായ നരകം വേറെയുണ്ടോ? ജന്മത്തെ അറുത്തിരിക്കുന്നതേക്കാൾ വലുതായമോക്ഷം ഉണ്ടോ? മാതാവിന്റെ ജഠരാഗ്നിയുടെ ചൂടും ശ്വാസവേഗത്തിന്റെ വലിവും മലമൂത്രരക്താദികളുടെ ദുർഗ്ഗന്ധവും തലകീഴായി പിറക്കുമ്പോൾ പ്രസൂതിവേദനയുമുണ്ടാകുന്ന ഭാരത്തിലും പിറന്നുവീണാലുണ്ടാകുന്ന മായാബന്ധവും എല്ലാം ദുസ്സഹദുഃഖങ്ങളല്ലയോ? നരകമെന്നതു ദുഃഖമല്ലാതെ മറ്റെന്താണ്?—തിരുവടിയോടു ഈ സംഗതികൾ അടിയൻ വിചാരിച്ചുപറയണമെന്നുണ്ടോ? കാലന്റെ ചോദ്യവും നരകപീഡയുമെല്ലാം ഗർഭത്തിലാണെന്നാണു കേട്ടിട്ടുള്ളത്. ഹാ! ദൈവമേ! മുക്തിപദത്തെ പ്രാപിച്ചിരിക്കുന്ന എന്നെ നരകക്കുഴിയിൽ ചാടാൻ കല്പിക്കരുതേ. തിരുവടി ഒരിക്കലും അങ്ങനെ കല്പിക്കയില്ലെന്നാണടിയൻ വിശ്വസിച്ചിരുന്നത്. ഭക്തികളോടുകൂടിയ ദാസനെ നരകമനുഭവിപ്പിക്കുന്നതു കഷ്ടാൽകഷ്ടതരമാണ്. നരകം ഭൂമിയിലല്ലാതെ വേറുണ്ടോ? അപ്രകാരമുള്ള ഭൂതലവാസത്തിനു അടിയനെ കല്പിച്ചയയ്ക്കയാണോ?

എന്നിങ്ങനെ തൊഴുതപേക്ഷിച്ചു നില്ക്കുന്ന ഉദ്ധവനെ ഭഗവാൻ കരുണയോടുകൂടിനോക്കി, വത്സ! എന്റെ നാമമാഹാത്മ്യത്തെ ഭൂതലവാസികൾക്കറിയിച്ച്, ധർമ്മസംസ്ഥാപനം ചെയ്യുന്നതിനു നിന്നെപ്പോലെയുള്ളവരാലല്ലാതെ സാധിക്കയില്ല. അതുകൊണ്ടാണു നിന്നെ നിയോഗിച്ചത്. നിയോഗത്തെ വേഗംപോയി അനുഷ്ഠിച്ചുകൊൾക.

**ഉദ്ധവർ;**—സ്വാമി! കല്പനപ്രകാരം ഞാൻ കുട്ടിയായി ഈ വെള്ളത്തിൽ വീണൊഴുകിച്ചെന്ന് ദാമസെട്ടിക്ക പുത്രനായി ഭവിക്കാം. പക്ഷെ, ഈ ശരീരം ഉപേക്ഷിച്ചു ഞാൻ ബാലശരീരമെടുത്താൽ പരമപദമടയുന്നതുവരെ ഭഗവൽ ഭക്തിവിടാതെയിരിക്കാൻ അനുഗ്രഹിക്കണം. എന്നോടുകൂടി ഭഗവാൻ ദിവസംതോറും ഭക്ഷണംകഴിക്കണം. എനിക്ക ദാരിദ്ര്യം ഒരിക്കലും സംഭവിക്കാതിരിക്കണം. വിചാരിക്കുമ്പോഴെല്ലാം അങ്ങേ ദർശനം ലഭിക്കയും വേണം.

**ഭഗവാൻ:**—അങ്ങനെയൊക്കെത്തന്നെ ഭവിക്കും. അതുകൂടാതെ, നിനക്ക് ഒരു തോഴനായും വേലക്കാരനായും ഞാൻ സഹവസിക്കുകയും ചെയ്യാം. എന്നാൽ ഇനി ബാലരൂപം ധരിച്ചുപൊയ്ക്കൊൾക" എന്നാജ്ഞാപിച്ചു. ഉദ്ധവർ സന്തുഷ്ടനായി ഒരു സുന്ദരബാലന്റെ രൂപമെടുത്ത് ഒരു നീലക്കുളിഞ്ഞിലിൽ തങ്ങി, ചന്ദ്രഭാഗാനദിയിൽ വീണുകിടന്നു കരഞ്ഞു ഒഴുകി ദാംസേട്ടിയുടെ സമീപം ചെന്നു. കുഞ്ഞിനെ കണ്ടയുടനെ ദാംസെട്ടി ആനന്ദസംഭ്രാന്തനായി ചാടിച്ചെന്ന്, വാരിയെടുത്ത് മാറിൽ ചേർത്താശ്ലേഷിച്ചു. പൊന്നുതങ്കമേ! നീ ഈ വെള്ളത്തിൽ വീണൊഴുകിവരാനെന്തുകാരണം? എന്റെ കൈയിൽ വന്നു ചേരാനെന്തുകാരണം? നിന്നെ എനിക്കുപുത്രനായി ഭഗവാൻ സമ്മാനിച്ചതായിരിക്കുമോ? എന്നുപറഞ്ഞുനേരെ വീട്ടിലേക്ക കൊണ്ടുപോയി. ബദ്ധപ്പെട്ടുപോകുന്ന ദാംസേട്ടിയെ പുറകിൽ വിളിച്ചുകൊണ്ടു മായാബ്രാഹ്മണൻ ഓടിച്ചെല്ലുന്നതു കണ്ടപ്പോൾ വിഷണ്ണനും വിഭ്രാന്തനുമായ ദാംസേട്ടി, കുഞ്ഞിനെയും കൊണ്ടോടാൻതുടങ്ങി. ബ്രാഹ്മണനും തുടർന്നോടിച്ചെന്ന് എടാ തിരുടാ! കള്ളാ നിന്റെ കൈയിൽ ഇരിക്കുന്നതു കുട്ടി

ഏതെടാ? നീ ഇതുവരെക്കാണിച്ച പൂച്ചസ്സന്ന്യാസം എല്ലാം എവിടെപ്പോയെടാ? നിന്റെ കള്ളിയെല്ലാം വെളിപ്പെട്ടുപോയെടാ! കുട്ടിയെക്കൊണ്ടോടുന്നതെവിടേക്കാണെടാ? ഇതിനായിട്ടാണോ ഇതുവരെ നീ ക്ഷേത്രത്തിൽ താണുവീണു തൊഴുതുകൊണ്ടു നടന്നതു? ഈ കുട്ടിയെക്കൊണ്ടു നിനക്കെന്തുചെയ്‌വാൻ പോകുന്നു? കുലവല്ലഭനാശിനികൊള്ളുമോ അല്ലേ? നിന്റെ വിഷാദം ഒക്കെ ഒന്നിനില്ലാത്തതുകൊണ്ടായിരുന്നു. എനിക്കിപ്പോൾ എനിക്കു മനസ്സിലായി" എന്നധിക്ഷേപിച്ചുകൊണ്ടു് അതിവേഗത്തിൽ ഓടിച്ചെന്നു്, താംസേട്ടിയുടെ മുമ്പിൽ കടന്നു തടുത്തു "പോടാ! തസ്കരാ! സത്യം പറ. ഈ കുട്ടിയെ പ്രസവിച്ചതാര്? കണ്ടാൽ നല്ല അഴകായിരിക്കുന്നു. ഏതോ സൽകൃത്യങ്ങൾക്കായി വന്നുപിറന്ന പുണ്യാത്മാവാണെന്നു കണ്ടാൽ തോന്നും. ഇവനെ നീ മോഷ്ടിച്ചുകൊണ്ടു വരികയല്ലേ? മോഷണക്കുറ്റത്തിനു മാപ്പുതരാം എങ്കിലും ഞാൻ കുട്ടിയെ തന്നയയ്ക്കയില്ല. എന്നു പറഞ്ഞു ബലാൽകുട്ടിയെ പിടിച്ചു വാങ്ങിക്കാൻതുടങ്ങി

ഭഗവാന്റെ മായാവിലാസത്താൽ കുട്ടിയിൽ അത്യാസക്തി മുഴുത്തുനിന്ന താംസേട്ടി കോപതാപങ്ങൾ കലർന്ന് പിടിവിടാതെ ബ്രാഹ്മണനോടു വാദാടാൻ ആരംഭിച്ചു. ഉത്തമബ്രാഹ്മണ! "താങ്കൾ പരമവേദിയനല്ലേ? അതിനാൽ അങ്ങേ ഞാൻ ശരണംപ്രാപിക്കുന്നു വെറുതേ ഓടി അങ്ങോട്ടു വടികൾ ഒന്നും വേണ്ടല്ലോ. എന്നെ ഇപ്പോൾ തടുക്കാതെ വിട്ടയയ്ക്കണം. അഥവാ, അടുത്താൽ മരണമാണു ഫലമെന്നോർത്തുകൊള്ളണം. ഞാൻ മര്യാദയായി പറയുന്നതു്. മറുത്തുവന്നാൽ താങ്കളും തൃണവും എനിക്കു സമമാണു്. മര്യാദയ്ക്കാണെങ്കിൽ അങ്ങേ ആവശ്യംപോലെ സ്വർണ്ണാദികൾ ഞാൻ തരാം ഏതായാലും ഇപ്പോൾ എന്നെ തടുക്കാതെ വിട്ടയയ്ക്കണം. വെറുതേ വായടിക്കാൻ തുനിയാതിരിക്കയും വേണം." എന്നുപറഞ്ഞു, കുട്ടിയെ കൊടുക്കാതെ മാറി തിരിഞ്ഞു്, വീണ്ടും ഓട്ടം ഇട്ടു.

മായാബ്രാഹ്മണൻ താംസേട്ടിയുടെ ഉടുപ്പിൽ പിടിച്ചു നിർത്തിക്കൊണ്ടു: "എടാ കള്ള! ഈ കുട്ടി ഏതാണെന്നുപറ. നീ ഓടുന്നതെന്തു്? എന്നോടു വഴക്കടിക്കുന്നതെന്തു്? മറുത്തുവന്നാൽ നീ എനിക്കു ഒരു പുല്ലുപോലെയാണു് നീ കോപിച്ചു പല്ലുകടിക്കുന്നതെന്തിന്? എന്നോടു യുദ്ധത്തിനാണൊരുക്കമെങ്കിൽ അറിയിക്കൊള്ളു. ഈ ദരിദ്രനായ ഞാൻ ജപിച്ചയച്ചാൽ കുലത്തോടെ നീ നശിക്കും. നീ എന്റെ കാറ്റേറ്റാൽ പറന്നുപോകത്തക്ക ഒരു മങ്കാണു്. ഈ കുട്ടിയെ മോഹിച്ചാണു് നീ പണ്ഡരിനാഥനെ ദിവസംതോറും ഭജിച്ചുവന്നതു്. അല്ലേ? മോക്ഷത്തിന്റെ സൂക്ഷ്മമായ മാർഗ്ഗം അറിയാത്ത മൂർഖ! എന്നു പറഞ്ഞു കുട്ടിയെ ബലാൽക്കാരം പിടിച്ചു വാങ്ങിക്കാൻ തുടങ്ങിയപ്പോൾ കുട്ടികരയുന്നതുകേട്ടു്, താംസേട്ടി തൊഴുതപേക്ഷിച്ചിട്ടും കേൾക്കാതെ കരുണാവിശേഷത്താൽ അദ്ദേഹത്തെ നെഞ്ചോടുകൂട്ടിപ്പിടിച്ചുഞെരിച്ചു വേദനപ്പെടുത്തി, കുടുമി പിടിച്ചുവലിച്ചു ചില ഉപദ്രവങ്ങൾ തുടങ്ങി. താംസേട്ടിയും കുട്ടിയെ കൈയിൽവച്ചുകൊണ്ടു്, കഴിയുംവണ്ണം തടുക്കുകയും അടിക്കുകയുംചെയ്തു. ശണ്ഠയിൽ എതിർത്തു നിൽക്കാൻ ശക്തിയില്ലാതെ താംസേട്ടി പിൻവാങ്ങി. ഇനി എന്താണു നിവൃത്തിയെന്നു ചിന്താഗ്രസ്തനായി നിന്നു്, അധിക്ഷേപവാക്കുകളാൽ ബ്രാഹ്മണനെ എതിർത്തു. എടാ "ലജ്ജയില്ലാത്ത ഇരപ്പാളി! ദുർവാക്കുകൾ പുലമ്പുന്ന ഭോസ! നീ എന്നെ ഉപദ്രവിക്കാൻ കോപ്പുകൂട്ടി മറ്റൊരുജോലിയുമില്ലാതെ ചുറ്റിനടക്കുകയാണോ?" എന്നൊക്കെ ആക്ഷേപിച്ചശേഷം വീണ്ടും സൌജന്യമായി ഓരോന്നു പറവാൻതുടങ്ങി. "ഹേ ബ്രാഹ്മണ! എന്നെ ഉപദ്രവിക്കാതെ നമുക്കു വീട്ടിൽപോകാം. അങ്ങേക്കു എന്താണാവശ്യമെന്നു പറഞ്ഞാൽ തരാൻഞാൻ സന്നദ്ധനാണു്. അന്നില്ലെങ്കിൽ ഇഷ്ടംപോലെ എന്നെ ഉപദ്രവിച്ചുകൊള്ളുന്നതു സമ്മതമാണു്. മല്ലടിച്ചതൊക്കെമതി. ഇനിയെങ്കിലും എന്നിൽ കരുണയുണ്ടാകണം." എന്നപേക്ഷിച്ചുപറയുമ്പോൾ,

മായാബ്രാഹ്മണൻ,—"എടാ! മൂഢ! എനിക്കു മറ്റൊന്നും ആവശ്യമില്ല. ഈ കുട്ടിയെത്തന്നാൽമതി. ആവശ്യമുള്ളതു തരാമെന്നു നീ വാഗ്ദാനം ചെയ്തതനുസരിച്ചു്, തരിക" എന്നുനിർബന്ധിച്ചു. അതിനു സമ്മതിക്കായ്കയാൽ താംസേട്ടിയെത്തള്ളി താഴെയിട്ടു്, ചരൽക്കല്ലിന്മേലേ വലിച്ചിഴയ്ക്കാൻതുടങ്ങി.

**താംസേട്ടി,—കുഞ്ഞിനു പരുക്കുപററാതെ നെഞ്ചിൽചേൎത്തു പിടിച്ചുകൊണ്ടു് ഹാ! ഇതെന്തൊരുസംകടം? എന്നുനിലവിളിക്കയും തന്റെ ഇഷ്ടദൈവമായ പണ്ഡരീനാഥനെയും മനസ്സിൽ ധ്യാനിച്ചു്, കണ്ണുനീരൊഴുക്കി സങ്കടംപറയുകയുംചെയ്തു.**

ഹേ പണ്ഡരീനാഥ! ദേവനായക! പുണ്ഡരീകാക്ഷ! ഭക്തവത്സല! പാണ്ഡവദൂത! രുക്മിണീസമേത! വേദാതീത! ലീലാവിനോദ! മോക്ഷസാധന! ദുഷ്ടശാസന! മധുസൂദന! ഞാൻ നിന്തിരുവടിയോടു കുചേലബ്രാഹ്മണനെപ്പോലെ സമ്പത്തപേക്ഷിച്ചില്ല. ഹനൂമാനെപ്പോലെ ബ്രഹ്മപ്പട്ടം അപേക്ഷിച്ചതുമില്ല വിഭീഷണനെപ്പോലെ ചിരഞ്ജീവിത്വം അപേക്ഷിച്ചതുമില്ല. ധ്രുവനെപ്പോലെ അഴിവില്ലാത്ത പദവും, പ്രഹ്ളാദനെപ്പോലെ വംശരക്ഷണവും അൎജ്ജുനനെപ്പോലെ യുദ്ധസഹായവും രുക്മാങ്ഗദനെപ്പോലെ പൌരജനങ്ങൾക്കു മുക്തിപദവും അപേക്ഷിച്ചതുമില്ല. അംബരീഷനെപ്പോലെ ദശാവതാരഗ്രഹണവും, ദേവന്മാരെപ്പോലെ അമൃതഹരണവും വിദുരനെപ്പോലെ അതിഥിഭക്ഷണവും, പരമശിവനെപ്പോലെ ബ്രഹ്മഹത്യാനാശനവും, പാൎവ്വതിയെപ്പോലെ മാനഭംഗരക്ഷണവും ലക്ഷ്മീദേവിയെപ്പോലെ വക്ഷഃസ്ഥലവിഹരണവും, നാരദനെപ്പോലെ സഹത്രപവിത്രണവും, ദേവേന്ദ്രനെപ്പോലെ ദൈത്യജനനിധനവും മുചുകുന്ദനെപ്പോലെ ആയുൎവ്വിവൎദ്ധനവും പ്രാൎത്ഥിച്ചില്ല. വാണാസുരനെപ്പോലെ യുദ്ധംചെയ്വാൻ അനുവാദവും ഉദ്ധവരെപ്പോലെ മുക്തമായ പദവും കുബ്ജയെപ്പോലെ ലൌകികസുഖവും, അനസൂയയെപ്പോലെ പുത്രത്വവും ദേവകിയെപ്പോലെ ബ്രഹ്മജ്ഞാനബോധനവും, ദുൎവ്വാസാവിനെപ്പോലെകഠിനദാസ്യവും ദ്രൌപദിയെപ്പോലെ അനവധി ഉടയാടകളും, ഗജേന്ദ്രനെപ്പോലെ നക്രസംഹാരവും അൎത്ഥിച്ചതുമില്ല. ഈ കുട്ടിയെത്തരണമെന്നു മാത്രമേ ഞാൻ അപേക്ഷിച്ചതുള്ളൂ.

അല്ലയോ ഭഗവാനേ! പിതാവിന്റെ മടിയിൽകയറാൻ സമ്മതിക്കായ്കകൊണ്ടു് ദുഃഖിച്ചുജ്വലിച്ച ധ്രുവനു്, ഒരിക്കലും നാശമില്ലാത്ത പദത്തെ ദാനംചെയ്ത തമ്പുരാനേ! ത്രിലോകത്തെ വഞ്ചരിച്ച മഹാബലിക്കു്, മോക്ഷപദത്തെ അരുളിയപെരുമാനേ! സമ്പത്തപേക്ഷിച്ച കുചേലനു ദാസനായിക്കൊള്ളാമെന്നു നിശ്ചയിച്ച ഭക്തവത്സല! ഭിക്ഷാന്നത്താൽ പൂജിച്ച ശബരിക്കു മോക്ഷംകൊടുത്തസൎവ്വേശ്വര! പത്മനാഭ! പരമശോഭ! പരമേശ്വര! ജഗദീശ്വര! സൎവ്വകാരണ! ദൈത്യദാരണ! സങ്കടഹരണ! ശംഖചക്രാഭരണ! നീലമേഘശ്യാമള! നീലാമനോഹരകോമള! എന്നിങ്ങനെ സ്തുതിച്ചു കരയുമ്പോൾ, കരുണാനിധിയായ ഭഗവാൻ സന്തുഷ്ടനായി തന്നത്താൻ മറന്നു് അല്പനേരം നിശ്ചലനായി നിന്നുപോയി. താംസേട്ടി ആ അവസരംനോക്കി, കുട്ടിയേയും എടുത്തുകൊണ്ടു്, വായുവേഗത്തിൽ, വീട്ടുനോക്കി ഓടാൻതുടങ്ങി. ഭഗവാൻ കണ്ണുതുറന്നു നോക്കിയപ്പോൾ, താംസേട്ടിയെക്കാണായ്കയാൽ, ബദ്ധപ്പെട്ടു പുറകേ ഓടി വീട്ടുവാതിൽകടന്നു കയറുന്നതിനുമുമ്പു്, മുന്നിട്ടുതുടുത്തു കഴുത്തിൽപിടിച്ചു കുനിച്ചു്, കുട്ടിയെക്കയ്യിൽവാങ്ങിക്കൊണ്ടു്, കമഴ്ത്തിത്തറയിലിട്ടു, എടാ ഞാൻ അനേകനാളായി തപസ്സുചെയ്തുലഭിച്ച ഈ കുട്ടിയെ നീ മോഷ്ടിച്ചുകൊണ്ടോടിപ്പോന്നതെന്തിനാണു്? മൂത്തുനരച്ച നിങ്ങൾക്കു ഇനി, കുട്ടി എന്തിനു്? വെറുതേ വഴക്കടിക്കാതെ മൎയ്യാദയായി എഴുന്നേററുപൊയ്ക്കോ എന്നുച്ചത്തിൽപറഞ്ഞു.

ഈ കലശൽകേട്ടു്, കുനാബായി ഓടിവെളിക്കിറങ്ങിവന്നു ഭൎത്താവുപറഞ്ഞ സകലവൎത്തമാനവും അറിഞ്ഞപ്പോൾ ബ്രാഹ്മണന്റെനേരേ ചാടിത്തിരിഞ്ഞു. ഇതു നല്ലബലാൽകാരംതന്നെ. ഹേ ബ്രാഹ്മണ! ഭഗവാൻ എന്നെ സ്വപ്നംകാണിച്ചതനുസരിച്ചു്, ഞങ്ങൾക്കു ദാനംചെയ്ത ഈ പുത്രനെ കൈക്കലാക്കിക്കൊണ്ടു പോകാൻവന്ന താങ്കൾ ആരാണു? താങ്കളുടെ പുത്രനാണെന്നുംപറഞ്ഞു് മൎയ്യാദകേടായി ഈ പുത്രനെത്തള്ളി മറിച്ചിട്ടതെന്താണു്? വെറുതേ കോപിക്കാതെ കാൎയ്യംപറയണം. നല്പതിനുകുഞ്ഞിനെ ഇങ്ങുതന്നിട്ടുപോകണം. എന്നുപറഞ്ഞു, കുട്ടിയെപ്പിടിച്ചു വാങ്ങിക്കാൻതുടങ്ങി. കുട്ടി, കഠിനമായി നിലവിളിച്ചിട്ടും അവൾ പിടിവിട്ടില്ല. അതുകണ്ടു മായാബ്രാഹ്മണൻപറഞ്ഞു.

"എടീ കിഴട്ടശവമേ! നിനക്കിനി മരിച്ചാൽപോരയോ? പെറുകയും വളൎത്തുകയും ഒക്കെ വേണമോ? കുട്ടിയെ വിട്ടുംവച്ചു ദൂരെമാറിപ്പോ ലക്ഷണംകെട്ട പിശാചേ!"

കുനാഭായി:—ലജ്ജയില്ലാത്ത ബ്രാഹ്മണ! താങ്കൾ എന്തുപറയുന്നു? ഭിക്ഷയ്ക്കുതെണ്ടിനടക്കുന്ന തരമാണോ ഇക്കാണിക്കുന്നതു്? വെറുതേ പാപംവലിച്ചുവെയ്ക്കാനാണോ ഭാവം? ഹാഹാ! കുഞ്ഞു്, അതാ വിശന്നുകരയുന്നു. കുളിരാൽ കിടുകിടുക്കുന്നു. പിടിച്ചുവലിക്കകൊണ്ടു കിടന്നുപിടയ്ക്കുന്നു. അതിനെ ഇങ്ങുതരണം. വെറുതെ ഈ പാപവും ഞങ്ങളുടെ ശാപവും വലിച്ചുവയ്ക്കാൻ ഒരുങ്ങണ്ടാ എന്നുവഴക്കടിച്ചുതുടങ്ങി. അതുകേട്ടു വഴിയേപോയ പലരുംവന്നു സമാധാനംപറഞ്ഞുനോക്കി; ബ്രാഹ്മണൻ കുട്ടിയെകൊടുക്കയില്ലെന്നു ശാഠ്യംപിടിച്ചു്, ചില ദുസ്സഹങ്ങൾ പുറപ്പെടുവിക്കുന്നതുകേട്ടു്, നിവൃത്തിയില്ലാതെ അവരൊക്കെ മടങ്ങിപ്പോയി. അപ്പോൾ, ഭഗവാൻ കുനാഭായിയുടെ പാപങ്ങളെല്ലാം ഭസ്മമായിപ്പോകത്തക്കവണ്ണം ആ സാധ്വിയെ ഒന്നുപ്രഹരിക്കയും താംസേട്ടിയേയും അതേപ്രകാരം മുഷ്ടിപ്രയോഗം ചെയ്കയുംചെയ്തു. അനന്തരംതന്റെ തൃക്കോവിലിനടിമുഖമായിഓടി വൃദ്ധദമ്പതിമാർ പുത്രാശയാൽ ബ്രാഹ്മണന്റെ പുറകേഓടിയെത്തി, ബ്രാഹ്മണനെത്തടുത്തു ശണ്ഠപിടിച്ചു. എന്റെ പുത്രൻ എന്റെ പുത്രൻ എന്നവർ തമ്മിൽ കലഹംവൎദ്ധിച്ചു. ഭഗവാൻ, കുട്ടിയെ നിൎദ്ദയമായി അമൎത്തിപ്പിടിച്ചു്, മുജ്ജന്മസ്മരണകളെയും ബ്രഹ്മജ്ഞാനത്തേയും മാററിമായയിൽ മുഴുകിച്ചു്, ഭൂമിയിലിട്ടു മറഞ്ഞുകളഞ്ഞു. തറയിൽ വീണുകിടന്നുകരയുന്ന ആ കുട്ടിയെ കുനാഭായി സംഭ്രമത്തോടെ വാരിയെടുത്തു്, പാൽകൊടുത്തുകൊണ്ടുനിന്നു. ഭഗവൽകരുണയാൽ അവളുടെ മുലയിൽ അപ്പോൾ പാൽ ഊറുകയും താൻ പ്രസവിച്ച പുത്രനാണെന്നുള്ള തോന്നൽ മായയാൽ ഉണ്ടാകുകയുംചെയ്തു. ദമ്പതിമാർ, പുത്രനെ വാത്സല്യത്തോടുകൂടി പലവുരു ചുംബിച്ചു്, ആശ്ലേഷിച്ചുകൊണ്ടു് വീട്ടിലെത്തി സന്തോഷത്തോടെ കുളിപ്പിച്ചു് കുട്ടി മേൽക്കാലംപരമഭക്തനായിത്തീരുമെന്നു പ്രശംസിച്ചു്, നെററിയിൽ തിലകംതൊട്ടു്, ബാലയോഗ്യങ്ങളായ ആഭരണങ്ങളുംഅണിയിച്ചു കുട്ടിയെ വാത്സല്യപൂൎവ്വം താലോലിച്ചു ബന്ധുക്കളെയെല്ലാം അളയച്ചുവരുത്തി വിരുന്നുകൊടുക്കയും വിശേഷങ്ങൾ പറകയുംമററുംചെയ്തു. കുട്ടിക്കു യഥാകാലം നാമദേവൻ എന്നുപേരിട്ടു. പുത്രന്റെ അഭ്യുദയത്തിനായി അൎത്ഥികൾക്കു അന്നാദിദാനങ്ങളും ചെയ്തു സന്തോഷത്തോടുകൂടിയിരുന്നു.

---

## രണ്ടാം അദ്ധ്യായം.

---

### (നാമദേവർ ഭഗവാനേ ചോറൂട്ടിയതു്)

ഇപ്രകാരം വൃദ്ധദമ്പതികൾ ഏകമനസ്സോടെ ബാലനെ രക്ഷിച്ചു് വളൎത്തുന്നകാലത്തു്, നാമദേവനു നാലാമത്തെവയസ്സുകഴിഞ്ഞു, അഞ്ചാംവയസ്സാരംഭിച്ചു. അവൻ സമവയസ്കന്മാരായ ബാലന്മാരുമായി ഓടിത്തുള്ളിക്കളിച്ചു നടന്നുതുടങ്ങി. അങ്ങനെഒരുദിവസം താംസേട്ടി ഭാൎയ്യയെനോക്കിപ്പറഞ്ഞു—പ്രിയതമേ! ഇന്നുഞാൻ എന്റെ സഹോദരൻ താമസിക്കുന്ന ദിക്കിലേക്കു പോകയാണു്. വൈകുന്നേരമേ മടങ്ങിഎത്തുകയുള്ളു. ഭഗവൽപൂജ മുടക്കരുതു്. പൂജാദ്രവ്യങ്ങളെല്ലാംഒരുക്കി നമ്മുടെ പുത്രനായ നാമദേവന്റെപക്കൽ കൊടുത്തയയ്ക്കണം കൊണ്ടുപോയി പണ്ഡരീനാഥനു നിവേദിക്കണമെന്നു പ്രത്യേകം പറഞ്ഞയയ്ക്കുകയുംവേണം. എന്നിട്ടു് നാമദേവനെനോക്കി "ഹേ പ്രിയപുത്ര! ഇന്നുനിന്റെ കൊച്ചുകൈകൾകൊണ്ടു ഭഗവാനു പൂമാലകൾചാൎത്തി പത്മനാഭ! പരമേശ്വര! എന്നുവാഴ്ത്തി, അന്നവും നിവേദിച്ചു പാപശാന്തിവരുത്തണം. പിന്നീടുവന്നു കൂട്ടരുമായി കളിക്കാം. മറന്നുപോകരുതു്"—എന്നുപറഞ്ഞേൽപ്പിച്ചുംവച്ചുയാത്രപുറപ്പെടുകയുംചെയ്തു.

കനായി പതിവുപോലെ, ഭഗവൽപൂജയ്ക്കുള്ള സാധനങ്ങളെല്ലാം ഒരുതട്ടിൽ ഒരുക്കിവച്ചു മകനെക്കുളിപ്പിച്ചു് പൂമാലകളും അണിയിച്ചു് പട്ടുവസ്ത്രവും ധരിപ്പിച്ചശേഷം ഹാ! എന്റെ കുഞ്ഞു്, ബാലസുബ്രഹ്മണ്യനെപ്പോലെയിരിക്കുന്നു. എന്നാനന്ദത്തോടുകൂടി, മകനെനോക്കി—"പുത്ര! ഇതാ ഈ പൂജാസാധനങ്ങൾ എടുത്തുകൊണ്ടുപോയി നമ്മുടെ കുലദൈവമായ പണ്ഡരീനാഥനെ പൂജിക്കണം, നീതന്നെ കൊണ്ടുപോകണമെന്നാണു നിന്റെ അച്ഛൻ പറഞ്ഞിട്ടുള്ളതും. വഴിമേൽ എങ്ങും താമസിക്കരുതു്. ആരെയും തീണ്ടുകയും അരുതു്. പാണ്ഡുരംഗ! ശ്രീരംഗ! എന്നതിരുനാമങ്ങൾ ജപിച്ചു മനസ്സിലും അദ്ദേഹത്തെ ധ്യാനിച്ചുറപ്പിച്ചുചെന്നു്, പൂജകഴിച്ചുംവച്ചു് വേഗം മടങ്ങിവരണം എന്നുനിയോഗിച്ചയച്ചു. നാമദേവർ തൽക്ഷണംതന്നെ പൂജാസാധനങ്ങളുംഎടുത്തു് തലയിൽവെച്ചു ഭഗവന്നാമങ്ങളുംപാടി വഴിയിലിറങ്ങി അവിടെപ്പന്തുകളിച്ചുകൊണ്ടുനിൽക്കുന്ന ചിലകൂട്ടാളികളെക്കണ്ടു് ബാലചാപല്യത്താൽ അല്പനേരം നോക്കിക്കൊണ്ടുനിന്നുപോയി. പന്തടിച്ചുവിട്ടതു് യദൃച്ഛയാ നാമദേവന്റെ തലയിലിരുന്ന നൈവേദ്യത്തിൽ ചെന്നുതട്ടിവീണു. നാമദേവൻ അതുകണ്ടു കോപിച്ചു് "ഹാ! ദുഷ്ടക്കുട്ടികളെ! നിങ്ങൾ എന്തൊരു സാഹസമാണു പ്രവർത്തിച്ചതു? ഭഗവാനുപൂജിക്കാനുള്ള നൈവേദ്യത്തിന്മേലല്ലേ നിങ്ങൾ പന്തടിച്ചുവിട്ടതു്. മൂഢന്മാരേ! നിങ്ങൾക്കു ദൈവഭക്തിലേശം ഇല്ലയോ? എന്നുചോദിച്ചു. അതുകേട്ടുകുട്ടികൾ എടാ ശാപ്പാട്ടുരാമാ! കീറത്തുണികൾ തുന്നിക്കാലക്ഷേപം ചെയ്യുന്ന തയ്യൽക്കാരക്കു്, ദേവപൂജ വിധിയാണോടാ? നീ വലിയ ഭക്തനാണെന്നു തോന്നുന്നുവല്ലോ. അങ്ങനെയാണെങ്കിൽ നൈവേദ്യംകൊണ്ടുപോകുന്ന നിനക്കു് പന്തുകളിക്കുന്നിടത്തെന്തുകാര്യം? ഇവിടെവന്നു നോക്കിനിൽക്കാൻ നിന്നോടാരുപറഞ്ഞു? നീ ഒരുഭാഗത്തുകൂടി ഒതുങ്ങിപ്പോയിരുന്നെങ്കിൽ പന്തുവീഴുമായിരുന്നോ?" എന്നുപറഞ്ഞു്, നൈവേദ്യത്തെത്തൊട്ടു പന്തെടുത്തുകൊണ്ടുപോയി നാമദേവനു അതുകണ്ടപ്പോൾ കോപം സഹിക്കവയ്യാതെ അവരെനോക്കി,—"ഹേ ദുഷ്ടനാസ്തികന്മാരേ! നിങ്ങൾ ഭഗവൽപൂജയ്ക്കുള്ള നൈവേദ്യംതൊട്ടു നാശപ്പെടുത്തിയോ? അതും പോരാഞ്ഞു്, തയ്യൽക്കാരക്കു പൂജചെയ്യാൻ വിധിയുണ്ടോ? എന്നൊക്കെ എന്നെപ്പരിഹസിക്കയും ചെയ്യുന്നു അല്ലേ? ഭഗവാനുനൈവേദ്യം ചെയ്യാതെ ഉണ്ണുന്ന പശുപ്രായന്മാരായ നിങ്ങളെപ്പോലെ ഞങ്ങളെയും കരുതിയായിരിക്കാം അങ്ങനെ പറഞ്ഞതു്?" എന്നുചോദിച്ചു. ബാലന്മാർ അതുകേട്ടു അന്യോന്യം നോക്കിച്ചിരിച്ചുവെങ്കിലും നാമദേവന്റെമേൽ മത്സരംവർദ്ധിച്ചു. "എടാ നാമ! നിന്നെപ്പോലെ ഭക്തന്മാർ ഈ ഊരിൽ മറ്റാരുമില്ല. നീ പണ്ഡരീനാഥനെ ഊട്ടാതെ ഒരുദിവസവും ഉണ്ണുകയുമില്ല. അതൊക്കെ ഞങ്ങൾ സമ്മതിച്ചേക്കാം എന്താപോരേ? ഹൂ! ചൊട്ടച്ചാണില്ലാത്ത ചെറുമ! നിന്റെ പൌരുഷവും മോടിയുമൊക്കെ ഞങ്ങളറിയാത്തതല്ല. ഞങ്ങളൊക്കെ മൃഗപ്രായന്മാർതന്നെ ആയിക്കൊള്ളട്ടെ, നിനക്കെന്തുചേതം?—നിന്റെ തലമണ്ടകൊട്ടിയുടയ്ക്കാതെ ഇന്നുവിട്ടയയ്ക്കുമെന്നു വിചാരിക്കേണ്ടാ അങ്ങനെയെങ്കിൽ ശണ്ഠയ്ക്കുവാടാ—" എന്നുവിളിച്ചുകൊണ്ടടുത്തു.

നാമദേവൻ നൈവേദ്യത്തട്ടു്, തെരുത്തിണ്ണയിൽ വച്ചുംവച്ചു്, കോപദീപ്തനായി, 'ആരടാ ശണ്ഠയ്ക്കു വിളിച്ചവൻ' എന്നുചോദിച്ചുകൊണ്ടു്, ബാലന്മാരുടെ കൂട്ടത്തിൽ ചാടിവീണു. അടിച്ചും ഇടിച്ചും തൊഴിച്ചും ചവിട്ടിയും തട്ടിയും മുട്ടിയും വീണ്ടുമെഴുന്നേറ്റും കഠിനമായ പോരാരംഭിച്ചു. ആനക്കൂട്ടത്തിൽ ചെന്നുചാടിയ സിംഹക്കുട്ടിയെപ്പോലെ നാമദേവൻ പലരെയും തോല്പിച്ചോടിക്കയും മുറിവേല്പിക്കുകയുംചെയ്തു. അക്കഥ ആരോവന്നു പറഞ്ഞറിഞ്ഞ ഗോണായി സംഭ്രമിച്ചോടിയിറങ്ങിച്ചെന്നു്,—"എന്റെ നാമദേവാ! ഭഗവാനു നൈവേദ്യംചെയ്യുവരുവാൻ സാധനങ്ങൾ തന്നയച്ചാൽ അതു തെരുത്തിണ്ണയിൽ കൊണ്ടുവച്ചുംവച്ചു് പിള്ളേരോടു യുദ്ധംചെയ്കയാണോ വേണ്ടതു്? ഇനി, ഈ നൈവേദ്യം ഭഗവാനു പൂജിക്കാൻ കൊള്ളാമോ? അനേകനാളായി ചെയ്തുവന്ന വ്രതത്തെ നീ കെടുത്തിയല്ലോ. ഞങ്ങളുടെ ആജ്ഞയെ മറക്കയുംചെയ്തു. ബാല്യത്തിലേ ഗുരുത്വംകെട്ടവനെന്നപേർ കേൾക്കണമെന്നാണു് നിനക്കു മോഹം അല്ലേ? എന്നെക്കണ്ടപ്പോൾ നീ

ഓടിച്ചെന്നു തട്ടെടുക്കുന്നതെന്തിനു? ച്ഛീ! അധികപ്രസംഗീ!" ഇങ്ങനെ ശകാരിച്ചുകൊണ്ടുകുമ്പോൾ, നാമദേവൻ, 'അമ്മേ ഇപ്പോൾ ഞാൻ പൂജയുംകഴിച്ചു മടങ്ങിവരാം" എന്നു വിളിച്ചുപറഞ്ഞുംകൊണ്ടു തട്ടുമെടുത്തു കോവിലിലേക്കോടി.—"എടാ, ദുഷ്ടക്കുട്ടി! പലരും തൊട്ടുതീണ്ടിയനൈവേദ്യം ഇനി വിഷ്ണുപൂജയ്ക്കുകൊള്ളുകില്ല. മടങ്ങിക്കൊണ്ടുപോരൂ" എന്നു അമ്മ ഉച്ചത്തിൽ വിളിച്ചുപറഞ്ഞതു കേൾക്കാതെപോയി, കോവിലിൽകടന്നു ദേവൽപൂജ ആരംഭിച്ചു—പണ്ഡരിനാഥ! പരമേശ്വര! പാണ്ഡുരംഗ!" ഇത്യാദി നാമജപങ്ങളോടുകൂടി, ബിംബത്തെ നീരാടിച്ചു, പൂമാലകളും ചന്ദനവുമണിഞ്ഞു; പാൽച്ചോറു മുമ്പിൽവച്ചു, ഒരു നാളികേരം എടുത്തുടച്ചു, അതിന്റെ മുറിയിൽ ധൂപദ്രവ്യങ്ങളിട്ടു പുകയുണ്ടാക്കി ഉഴിഞ്ഞു കൈയിൽ ജലംപകർന്നു അന്നമാവാഹിക്കാൻ തുടങ്ങി. "ഇഷ്ടദൈവമായ വിഷ്ണുദേവ! നിന്തിരുവടിയുടെ വലത്തുകൈകൊണ്ടു അന്നംവാരിഭക്ഷിച്ചാലും!" എന്നപേക്ഷിച്ചു തൃപ്പാദങ്ങളിൽവീണു നമസ്കരിച്ചെഴുന്നേറ്റു, തന്റെ കൈയാൽ ഒരുപിടി അന്നംവാരി ഭഗവാനെ ഊട്ടുകയുംചെയ്തു. എന്നിട്ട്, ആ അന്നംഉള്ളിലേക്കു ഇറക്കാതെയിരിക്കുന്നതുകണ്ടു നാമദേവൻ കണ്ണീരോടുകൂടി,—"ഹേ പാണ്ഡുരംഗ! ശ്രീരംഗ! ഈ അന്നം അശുദ്ധമായിപ്പോകകൊണ്ടാണോ നിന്തിരുവടി ഭക്ഷിക്കാതെയിരിക്കുന്നതു? വീട്ടിൽപോയി വേറെശുദ്ധാന്നംകൊണ്ടുവരികയെന്നുവച്ചാൽ അമ്മ എന്നെതല്ലും. നിന്തിരുവടി ഉണ്ടില്ലെന്നു ഞാൻചെന്നു പറയുകയാണെങ്കിൽ, അന്നം അശുദ്ധമാക്കിയതിനാൽ തല്ലും. അതുകൊണ്ടു, എന്നിൽ കരുണയുണ്ടായി, ഒരു പിടിയെങ്കിലും ഭക്ഷിക്കണം—" എന്നപേക്ഷിച്ചു. എന്നിട്ടും ഭഗവാൻ നിശ്ചലനായിരിക്കുന്നതു കണ്ടു, നാമദേവൻ വിഗ്രഹത്തിന്റെ കാതരികിൽ മുഖത്തെച്ചേർത്തു, ഹേപണ്ഡരീനാഥ! പാണ്ഡവദൂത! ഞാൻ പറയുന്നതൊന്നും നിന്തിരുവടി കേൾക്കുന്നില്ലയോ? കാതുചെകിടായൊന്നുണ്ടോ? ഒരുപിടിച്ചോറെങ്കിലും ഉണ്ണണമെന്നു ഞാൻ എത്രപ്രാവശ്യം പറഞ്ഞു; എന്നിട്ടും അനങ്ങുന്നില്ലല്ലോ. സകലജാതികൾക്കും ഏകദൈവമായ നിന്തിരുവടിക്കു ആരുകൊണ്ടുവന്നാലും ഭേദമില്ലാതെ ഭക്ഷിക്കേണ്ടതല്ലയോ? ഈ നൈവേദ്യത്തെത്തൊട്ടവർ നിന്തിരുവടി സൃഷ്ടിച്ചജീവികൾതന്നെയല്ലേ? അവർക്കു ശുദ്ധമെന്നും അശുദ്ധമെന്നും ഭേദമുണ്ടോ? ജാതിഭേദമുണ്ടോ? എന്താണൊന്നും പറയാത്തതു? പറവാൻ വായില്ലയോ? അതോ ഞാൻചെയ്ത കുറ്റംകൊണ്ടോ? അതോ ഉറങ്ങുകയിരിക്കയാണോ? അതോ വയറു നിറഞ്ഞിരിക്കകൊണ്ടോ? അതോ ഭക്ഷണസമയം തെറ്റിപ്പോയതുകൊണ്ടോ? അതോ കൊണ്ടുവന്ന എന്നെ പ്രിയമില്ലായ്കകൊണ്ടോ? ഉള്ളതുപറയണം. എന്റെ മുമ്പിൽവച്ചുണ്ണുന്നതിനു വല്ലസംശയവുമുണ്ടെങ്കിൽ അതും പറയണം. അന്നംപാകംചെയ്തതു ശരിയായില്ലെന്നുണ്ടോ? അന്നം കുറഞ്ഞുപോയതുകൊണ്ടോ? എന്തൊന്നാണു തിരുമനസ്സു, എന്നരുളിച്ചെയ്യണം. എന്നൊക്കെപ്പലപ്രാവശ്യം പറഞ്ഞിട്ടും ഭഗവാൻ ഇളകാതിരിക്കുന്നതുകണ്ടു ഇതെന്തൊരു വിഷമം? എനിക്കു വിശക്കുന്നല്ലോ. ദേവനുണ്ണാതെ ഞാൻ എങ്ങനെയുണ്ണുന്നതു? വിഗ്രഹത്തിനു ഒരുണർച്ചയും കാണുന്നതുമില്ല എന്നാവലാധിപ്പെട്ടുകൊണ്ടു, നാമദേവൻ—"സ്വാമി! അങ്ങേക്കു എന്റെ മുമ്പിൽവച്ചുണ്ണുന്നതു ഇഷ്ടമല്ലെന്നുണ്ടോ? എനിക്കു സങ്കടവും കോപവും തോന്നുന്നതിനെക്കുറിച്ചു കരുണയില്ലെന്നുണ്ടോ? ഇതാ മുമ്പിൽ ഇരിക്കുന്ന ഈ പാൽച്ചോറു കണ്ടില്ലെന്നുണ്ടോ? അതോ എന്നെവഞ്ചിക്കണമെന്നുള്ള മോഹംകൊണ്ടോ? എന്താണു മിണ്ടാത്തതു. എനിക്കു സഹിക്കാത്ത ദ്വേഷ്യം തോന്നുന്നു. ഞാൻ എത്രകഷ്ടപ്പെട്ടാണു, ഈ ചോറിവിടെ കൊണ്ടുവന്നതു? കുട്ടികളുടെ അടി എത്രകൊണ്ടു? ഓടിയോടിക്കാൽ എത്രനൊന്തു? ഇവിടെ വന്നിട്ടുതന്നെ എത്രനേരമായി, എന്തെല്ലാം ഞാൻപറഞ്ഞിട്ടും അങ്ങു ചെവിക്കൊള്ളുന്നില്ലല്ലോ. ഇനിയെങ്കിലും സംസാരിക്കയും ഈ പാൽച്ചോറുണ്ണുകയുംചെയ്തു എന്നെ അനുഗ്രഹിക്കണം. വയറു നിറഞ്ഞിരിക്കയാണെങ്കിൽ ഒരുരുളമാത്രം തിന്നാലുംമതി. അല്ലെങ്കിൽഅതെനിക്കു സങ്കടമാണു. ഞാൻ അറിയാത്ത കുട്ടിയല്ലേ! ബാലശാപംവലിച്ചു വയ്ക്കുന്നതു, അങ്ങേക്കഴകാണോ! ഹേ പാണ്ഡുരംഗ! ഇനിയെങ്കിലും കരുണയുണ്ടാകണമേ! എന്നാലോചിതത്തിൽ പരിദേവനംചെയ്തപേക്ഷിച്ചിട്ടും, ഭഗവാൻ പഴയപടിതന്നെ ഇരി

ക്കുന്നതുകണ്ടു ബാലൻ വ്യസനിച്ചു. ഹാ ഹാ! ഇതെന്തൊരുകഷ്ടകാലം? അച്ഛൻ ദിവസംതോറും എത്രവേഗത്തിലാണ്, അന്നം നിവേദിച്ചുംവച്ചു വരുന്നതു്? ഭഗവൽപ്രസാദം എന്നുപറഞ്ഞാണല്ലോ ഞങ്ങൾക്കു തരുന്നതു്? അദ്ദേഹം കൊണ്ടുവന്നപ്പോൾ സംശയിക്കാതെ ഉണ്ട ഭഗവാൻ ഞാൻ കൊണ്ടുവന്നതു വേണ്ടെന്നുവയ്ക്കാൻ കാരണമെന്തു്? എനിക്കു ദൈവഭക്തിയും വിശ്വാസവും കുറവാകകൊണ്ടായിരിക്കാം. അങ്ങനെയാണെങ്കിൽ ഞാൻ പാപിയാണല്ലോ. പാപിജീവിച്ചിരിക്കുന്നതുകൊണ്ടെന്തുഫലം? മരിക്കുന്നതാണു നല്ലതു്?" എന്നുപറഞ്ഞു്, ഭഗവൽപാദങ്ങളിൽ തൊഴുതുവീണുകിടന്നു—"ഹേ പണ്ഡരീനാഥ! വേഗം ഊണുകഴിക്കണമേ. ഉണ്ണുകില്ലെന്നു തീർച്ചയാണെങ്കിൽ ഞാൻ ജീവിച്ചിരിക്കയില്ലെന്നും തീർച്ചയാണ്. ഇപ്പോൾതന്നെ എന്റെ ശിരസ്സ് അങ്ങേ പാദങ്ങളിൽ അടിച്ചുമരിക്കുന്നുണ്ട്. അങ്ങനെ ഞാൻ ചെയ്യുന്നപക്ഷം, അങ്ങേക്കു അപഖ്യാതിയും, അമ്പലത്തിനു അശുദ്ധിയും സംഭവിക്കും. അങ്ങേ വന്ദിക്കാൻ ആരുംവരാതെയാകും. എന്നുപറഞ്ഞു കരഞ്ഞുകൊണ്ടു ഭഗവൽപാദങ്ങളിൽ തലതല്ലാൻ ഭാവിച്ചു.

ഉടനേ, ഭഗവാൻ പ്രത്യക്ഷനായി ബാലനെപ്പിടിച്ചെഴുന്നേല്പിച്ചു. ശംഖചക്രഗദാപത്മശോഭമായ ചതുർഭുജനായി ശ്രീവത്സവക്ഷസ്സായി, മകുടധാരനായി മന്ദസ്മിതംതൂകിക്കൊണ്ടുനില്ക്കുന്ന നീലവർണ്ണനായ വിഷ്ണുഭഗവാനെക്കണ്ടപ്പോൾ, നാമദേവൻ, ആനന്ദപരവശനായി നിന്നുപോയി. കൈകൾകൂപ്പി നിശ്ചലനായി നില്ക്കുന്ന ആ ബാലനെ ഭഗവാൻ തൃക്കൈകളാൽ തലോടി, ഇങ്ങനെപറഞ്ഞു—"ഭക്തനായബാല! നിന്റെ ഭക്തിയേയും വൈരാഗ്യത്തെയും പരീക്ഷിക്കുന്നതിനാണു ഞാൻ ഇതുവരെ അനങ്ങാതെയിരുന്നതു്. അതുകൊണ്ടു നിനക്കു കോപവും താപവും ഉണ്ടാകേണ്ട. ഹാ നിന്റെ ദേഹംമുഴുവൻ മണ്ണല്ലേ പുരണ്ടിരിക്കുന്നതു്? നൈവേദ്യം ചുമക്കയാൽ ഈ കൊച്ചുകൈകളും ഓടിനടക്കയാൽ കാലുകളും നൊന്തുപോയി—അല്ലേ" എന്നരുളിച്ചെയ്തു്, തൃക്കൈകളാൽ ബാലന്റെ ശരീരം മുഴുവൻ തലോടി ചന്ദനം പൂമാല മുതലായവ ധരിച്ചു് അവന്റെ പീതാംബരം താൻവാങ്ങിധരിക്കയും തന്റെ പീതാംബരം അവനെ ഉടുപ്പിക്കയുംചെയ്തു. ബാല! നിനക്കു വിശപ്പു്, അധികമായിരിക്കുന്നു അല്ലേ? എന്നാൽ ഇതാ ഉണ്ടോളൂ. എന്നുപറഞ്ഞു്, തൃക്കൈയാൽ അന്നം എടുത്തു ബാലനെ ഊട്ടിച്ചു. നിന്റെ കൊച്ചുകൈകളാൽ അന്നംവാരി എന്നെ ഊട്ടുക, എന്നാജ്ഞാപിക്കയുംചെയ്തു. നാമദേവൻ അതുകേട്ടു ചരിതാർത്ഥനായി അന്നം ഉരുട്ടി ഭഗവാനു കൊടുക്കയും ഭഗവാൻ ഭക്ഷിക്കയുംചെയ്തു. നാമദേവൻ ഭഗവാനെയും ഭഗവാൻ നാമദേവനെയുമായി അന്നം മുഴുവൻ ഊട്ടിത്തീർന്നപ്പോൾ, ഇനി വേഗം വീട്ടിൽ പൊയ്ക്കൊൾക എന്നു ഭഗവാൻ ബാലനെ ആജ്ഞാപിച്ചശേഷം, അന്തർദ്ധാനംചെയ്തു.

നാമദേവൻ, സന്തോഷത്തോടുകൂടി, നൈവേദ്യങ്ങൾ കൊണ്ടുപോയതട്ടും എടുത്തുകൊണ്ടു്, മടങ്ങി വീട്ടിൽവന്നു. തട്ടുമാത്രം അമ്മയുടെ മുമ്പിൽ വച്ചിട്ടു്,—"അമ്മേ! ഇന്നു നൈവേദ്യം കൊണ്ടുപോകാൻ നേരംകുറെ അധികമായിട്ടും, ഭഗവാൻ കോപിക്കാതെ അതെല്ലാം ഭക്ഷിച്ചു്, എനിക്കു അനുഗ്രഹവുംതന്നു. ഇതൊക്കെ ഭഗവാൻതന്നെ എന്നെ അണിയിച്ച കുറിക്കൂട്ടാണ്. ഈ പീതാംബരം എനിക്കു തന്നതും ഭഗവാനാണ്. എന്നുപറഞ്ഞു്, ബാലൻ ആനന്ദത്താൽ ചിരിച്ചുകളിച്ചു തുള്ളിക്കൊണ്ടുനിന്നു. കുന്നായി, പതിവില്ലാത്തവണ്ണം വെറുംതട്ടുമാത്രം മടക്കിക്കൊണ്ടുവന്നതുകൊണ്ടും, ഭഗവാന്റെ പീതാംബരം അവൻ ഉടുത്തിരിക്കുന്നതുകണ്ടും, കോപത്തോടെ, "എടാ നാമദേവ! ഇവിടെനിന്നും തന്നയച്ച പഴവും പാൽച്ചോറുംമറ്റും എവിടെ? നീ ഉടുത്തുകൊണ്ടുപോയ പീതാംബരം എവിടെ? വേഗം സത്യംപറ—നല്ലതിന്—എന്നു പറഞ്ഞു.

**നാമദേവൻ:**— അമ്മേ ഞാൻ പറഞ്ഞതു സത്യമാണ്. പാൽച്ചോറും പഴവുമെല്ലാം ഭഗവാൻതന്നെയാണു ഭക്ഷിച്ചതു്. വിശക്കുന്നു എന്നുപറഞ്ഞതുകൊണ്ടു നാലുരുളു എനിക്കുംതന്നു. ഇതാ എന്റെ വയറു നിറഞ്ഞിരിക്കുന്നതുനോക്കു. അമ്മേ എനിക്കിനി, ചോറുവേണ്ടാ.

കനാഭായി:—എടാ ദുഷ്ടക്കുട്ടി, ഭഗവാൻ നൈവേദ്യം ഉണ്ണുന്ന പതിവുണ്ടോ? നീ മുഴുവൻ വാരിത്തിന്നുംകൊണ്ടു ഭഗവാനാണുണ്ടതെന്നു കള്ളംപറയുക? ഇപ്പോഴേ നീ കള്ളംപറഞ്ഞു തുടങ്ങിയോ? എന്നുപറഞ്ഞു്, അരികിൽ ഇരുന്ന ഒരു കോലെടുത്തു് വീശി അവനെ എറിഞ്ഞു.

നാമദേവൻ:—ഇതെന്തൊരു ശാഠ്യമാണമ്മേ! ഞാൻ പറഞ്ഞതു കള്ളമാണെന്നു അമ്മക്കെങ്ങനെയറിയാം. അമ്മ വെറുതെ എന്നെ അടിക്കരുതു്. എന്നു പറഞ്ഞോടി വെളിക്കിറങ്ങിനിന്നു. "എന്റെ ജീവൻപോയാലും ഞാൻ കള്ളംപറകില്ല. ഭഗവാൻതന്നെയാണു പഴവും പാൽച്ചോറും തിന്നതു്. അദ്ദേഹത്തിനു കൊടുക്കാനാണു്, അച്ഛൻ തന്നയച്ചതു; ഞാൻകൂടി ഉണ്ണണമെന്നു ഭഗവാൻ പറഞ്ഞതുകൊണ്ടു രണ്ടുമൂന്നുരുള ഭക്ഷിച്ചുവെന്നേയുള്ളൂ. ഭഗവാൻ പറയുന്നവാക്കു തട്ടാൻ നിവൃത്തിയില്ലായ്കകൊണ്ടാണു്, അങ്ങനെ ചെയ്തതു്. അതിന്നമ്മ വെറുതെ എന്നോടു കോപിക്കുന്നതു ശരിയല്ല. വയസ്സായിട്ടും നേരും കള്ളവും തിരിച്ചറിവാൻ ശക്തിയുണ്ടാകയില്ലയോ?

കനാഭായി:—എടാ താന്തോന്നിയായകുട്ടീ! നിന്റെ അച്ഛൻ ഇന്നിവിടെ വരട്ടെ. നിന്റെകഥ ഞാൻ കഴിപ്പിച്ചേക്കുന്നുണ്ടു്. നമുക്കു ആശ്രയഭൂതനായ ഭഗവാനു ഇന്നു നൈവേദ്യം കഴിക്കാതെ നീ വയറുനിറച്ചുണ്ടുംകൊണ്ടു വന്നുനിൽക്കുന്നോ? എന്നു പറഞ്ഞു, ഭഗവത്പൂജക്കു വേറെ നൈവേദ്യം പാകപ്പെടുത്താൻ തുടങ്ങി.

നാമദേവൻ:—ഇതെന്തൊരുവിഷമമാ? ഇന്നു നേരംവെളുത്തപ്പോൾ തുടങ്ങിയ അപത്താണിതു്. വൈകാറായിട്ടും തീർന്നില്ലല്ലോ. ഇനി വൃദ്ധനായ അച്ഛൻവന്നാൽ എന്തെല്ലാമാണാവോ ശണ്ഠ? എന്നുവിചാരത്തോടെ പുറത്തൊരിടത്തു ചെന്നുനിശ്ചലനായിനിന്നു. അങ്ങനെ നിൽക്കുമ്പോൾ താംസേട്ടിയുടെ വരവായി. അദ്ദേഹം തെരുവിൽ ഇറങ്ങി നിൽക്കുന്ന പുത്രനെക്കണ്ടു്, വാത്സല്യപൂർവ്വം വാരിയെടുത്തു മാറിൽചേർത്തുകൊണ്ടു് ഓമനപ്പുത്ര! നീ എന്റെ വരവുനോക്കിനിൽക്കുകയാണു് അല്ലേ? പണ്ഢരീനാഥനു് നൈവേദ്യംകൊണ്ടുപോയി പൂജിച്ചുവോ? നിന്റെ അമ്മയെ ഇഷ്ടപ്പടി ശുശ്രൂഷിച്ചുവോ? എന്നുചോദിച്ചു ശിരസ്സിൽ ചുംബിച്ചുകൊണ്ടു്, വീട്ടിലേക്കു നടന്നു. ഭഗവാനു നൈവേദ്യംകൊണ്ടുപോയി പൂജിച്ചുവെന്നു നാമദേവൻ പറഞ്ഞതുകേട്ടു്, വൃദ്ധൻ സന്തോഷിക്കയും, അപ്പനേ നിന്റെ കൊച്ചുകൈകളാൽ, ഭഗവാനെ പൂജിച്ചുവെന്നു പറഞ്ഞതു്, എനിക്കു കർണ്ണപീയൂഷമായിരിക്കുന്നു. നിന്നെ പുത്രനായിലഭിച്ചഞാൻ ഭാഗ്യവാൻതന്നെ. എന്നു പ്രശംസിക്കയുംചെയ്തു. വീട്ടിൽ കടന്നപ്പോൾ കനാഭായി കോപഭാവത്തോടെ ഹാ! ആ കൊച്ചുകള്ളനെ അങ്ങു ലാളിക്കയാണോ? അവൻ പരമദ്രോഹിയാണു്. അവനെ കഠിനമായി ശിക്ഷിക്കണം വാളെടുത്തു കഴുത്തുവീശിയാലും വേണ്ടില്ല. ഞാൻ സമ്മതിച്ചു. എന്നു ഭർത്താവിനോടു പറഞ്ഞു. വൃദ്ധൻ അതുകേട്ടു്, അത്ഭുതത്തോടെ! സാധുകുടുംബിനീ! നീ എന്തുപറയുന്നു? ഇവൻ ഞാൻപോയതിൽപിന്നെ നിനക്കു കോപമുണ്ടാകത്തക്ക കാര്യം എന്താണു ചെയ്തതു്? വേഗം പറയൂ! തക്കഅപരാധം ചെയ്തെങ്കിൽ ഇവനെ ശിക്ഷിക്കതന്നെവേണം. ഉടനേ കനാഭായി, സകലവസ്തുതകളും പറഞ്ഞു. നാമദേവൻ നൈവേദ്യംകൊണ്ടുപോയതും, തെരുവിൽകണ്ട കുട്ടികളോടു മല്ലടിച്ചതും, അവർ നൈവേദ്യംതൊട്ടശുദ്ധിയാക്കിയതും പിന്നീടു അവർകൊണ്ടുപോയിനിവേദിച്ചു എന്നും പറഞ്ഞു് പഴവും പാൽചോറും എല്ലാം വയറുനിറയെ ഭക്ഷിച്ചു്, കുറികളും നന്നായിപൂശി, പൂമാലകളും എടുത്തുചൂടി, ഭഗവാന്റെ പീതാംബരവും അഴിച്ചുടുത്തുംകൊണ്ടു്, മടങ്ങിവന്നതാകും ഒക്കെപ്പറഞ്ഞു കേൾപ്പിച്ചു. അതുകേട്ടപ്പോൾ, താംസേട്ടിക്കു കോപംജ്വലിച്ചുപൊങ്ങി ഭഗവത്പൂജമുട്ടിച്ച ഈ ബാലനെ വധിക്കതന്നെവേണം വാളെവിടെ? വേഗം എടുത്തുകൊണ്ടുവരിക. എന്നു ഭാര്യയെനോക്കിപ്പറഞ്ഞു.

നാമദേവൻ, അതുകേട്ടമാത്രയിൽ, നടുങ്ങി, പ്രാണരക്ഷയ്ക്കായി തെരുവിലിറങ്ങി ഓട്ടമിട്ടു. താംസേട്ടിയും വാളുമായി പുറകേഎത്തി. "എടാ ദുഷ്ടക്കുട്ടി! മുളകാണുമ്പോൾ വളർച്ച നിശ്ചയിക്കാം. ബാല്യത്തിലേ കള്ളംപറവാൻ അശേഷം മടിക്കാത്ത

നീ വളരുമ്പോൾ എന്തെല്ലാം ഘോരകൎമ്മങ്ങൾ ചെയ്യാതിരിക്കയില്ല. അതുകൊണ്ടു, നിന്നെഇനി, ജീവനോടേ വച്ചിരുന്നാൽ എന്റെകുലം നശിക്കും" എന്നുച്ചത്തിൽപറഞ്ഞുകൊണ്ടു്, പിടിക്കാനായി അടുത്തു. നാമദേവൻ ഭയാക്രാന്തനായി, ഹാ! അമ്മയെപ്പോലെ, അച്ഛനും അവിവേകം ഉണ്ടായോ? ഇദ്ദേഹത്തിന്റെ കൈയിൽഇപ്പോൾഅകപ്പെട്ടാൽ പരമാൎത്ഥമറിയാതെ എന്നെ നിഗ്രഹിച്ചേക്കും. എന്നുവിചാരിച്ചു്, പിടികൊടുക്കാതെ, ഹേ പണ്ഡരീനാഥ! എന്നെ രക്ഷിക്കണമേ എന്നു ധ്യാനിച്ചുകൊണ്ടുപലദിക്കിലും ചുററിഓടിത്തളൎന്നു്, ഒടുവിൽ പണ്ഡരീനാഥക്ഷേത്രത്തിൽ ചെന്നുകയറി. അവിടെ ബിംബത്തിന്റെ പുറകിൽ മറഞ്ഞു്, അതിൽ കൈകൾ കെട്ടിപ്പിടിച്ചുകൊണ്ടിരുന്നു. താംസേട്ടി, പുറകേഎത്തിച്ചെന്നു നാമദേവന്റെ കൈകൾപിടിച്ചു വലിച്ചുഴന്നേല്പിച്ചുനിൎത്തിക്കൊണ്ടു്, എടാ! കള്ളപ്പയലേ! ഭഗവാൻതന്നയച്ച നൈവേദ്യം നീ എന്തുചെയ്തു? ദൈവസന്നിധിയിൽനിന്നുകൊണ്ടു് കള്ളം പറയരുതെന്നുചോദിച്ചു. ഭയപ്പെട്ടുനിന്നു. നൈവേദ്യം പണ്ഡരീനാഥനായ ഈ തിരുമേനിതന്നെയാണു് ഭക്ഷിച്ചതു എന്നു നാമദേവൻമറുപടിപറഞ്ഞു.

**താംസേട്ടി:**—കൊള്ളാം ഭഗവാൻ ചോറുണ്ണുമോ? അതിരിക്കട്ടെ, നീ അദ്ദേഹം അണിഞ്ഞിരുന്ന പീതാംബരത്തെ എടുത്തുടുത്തതെന്തിനു്?

**നാമദേവൻ:**—ഉടുത്തുകൊള്ളാൻ പറഞ്ഞിട്ടു്, ഭഗവാൻ എന്റെകൈയിൽ അഴിച്ചെടുത്തുതന്നു.

**താംസേട്ടി:**—(അത്ഭുതത്തോടെ) ശരി, ഇനി, ഒരിക്കൽ എന്റെ മുമ്പിൽവച്ചു നൈവേദ്യാന്നം നിനക്കു ഭഗവാനെ ഉണ്ണാമോ?

**നാമദേവൻ:**......ഒരിക്കലല്ല പലപ്പോഴും ഞാൻ ഊട്ടിക്കാണിച്ചുതരാം. നൈവേദ്യംകൊണ്ടുവരുവാൻ കല്പിച്ചയച്ചാലും.

**താംസേട്ടി:**—കൊള്ളാം—നല്ലപരീക്ഷ—അങ്ങനെ ചെയ്യാമെങ്കിൽ നീപറഞ്ഞതു ഞാൻ വിശ്വസിച്ചുകൊള്ളാം.

ഇങ്ങനെ പറഞ്ഞു്, മകനെയും കൂട്ടിച്ചുകൊണ്ടു വീട്ടിൽവന്നു നൈവേദ്യം എടുപ്പിച്ചുകൊണ്ടുപോയി. നൈവേദ്യത്തെ ഭഗവാന്റെമുമ്പിൽവച്ചിട്ടു്, "എടാകള്ളാ! നീഭഗവാനെ ഊട്ടുക. ഞാൻ കാണട്ടെ. ഊട്ടിയില്ലെങ്കിൽ നിന്നെ ഞാൻ കാലിൽതൂക്കിയെടുത്തു ഈ തളക്കല്ലിൽ അടിച്ചു്, ഭഗവാനു ബലികൊടുക്കുന്നുണ്ടു്. എന്നുപറഞ്ഞുപുലിയെപ്പോലെ ചീറിക്കൊണ്ടു വാളുമായി ശ്രീകോവിലിന്റെ വാതലിൽതന്നെനിന്നു. നാമദേവൻ ഒട്ടും സംശയിക്കാതെ ധൂപദീപങ്ങളെ ആരാധിച്ചു പുഷ്പാഞ്ജലിചെയ്തശേഷം, നൈവേദ്യം തുറന്നു്, പഴങ്ങളും അടുത്തുതന്നെ നിരത്തിവച്ചു്ഹേ പാണ്ഡുരംഗ! ശ്രീരംഗ! മുമ്പത്തെപ്പോലെ താമസത്തിനിടയാക്കാതെ തിരുവടി, ഈ പായസാന്നം ഭക്ഷിച്ചെന്നെ അനുഗ്രഹിക്കണം. അല്ലാത്തപക്ഷം എനിക്കു പ്രാണഹാനിയാണു സംഭവിക്കാൻ പോകുന്നതു്. എന്നപേക്ഷിച്ചു സ്തുതിച്ചുതുടങ്ങി. ഭഗവാൻ എന്നിട്ടുയാതൊരു ചലനവുംകൂടാതെയിരിക്കുന്നതുകണ്ടു്, നാമദേവനു്, ആധിവൎദ്ധിച്ചു. ഹാ! നിഷ്ഠുരനായദേവ! ഈ അവസരത്തിലാണോ അങ്ങു കളിക്കാൻ നിശ്ചയിക്കുന്നതു്. അച്ഛനിതാ വാളുമായി കാലനെപ്പോലെ വന്നുനിന്നു്, എന്റെ കഴുത്തിനെ ലക്ഷ്യമാക്കി ഓങ്ങാൻ തുടങ്ങുന്നു. തിരുവടി, അദ്ദേഹംകാൺകെ ഈ അല്പം ഭക്ഷിച്ചാൽ എനിക്കു ജീവൻ കിട്ടുമെന്നുമാത്രമല്ല, ഞാൻ സത്യവാനാണെന്നുള്ള ബോധം അച്ഛനുണ്ടാകയും ചെയ്യും" എന്നുപറഞ്ഞുംകരഞ്ഞും ഒരുപിടിച്ചോറുവാരി ഭഗവാന്റെ വായ്ക്കുനേരെകൊണ്ടുവച്ചു. എന്നിട്ടും യാതൊരു കുലുക്കവും ഇല്ലാതെ ഇരിക്കുന്നതുകണ്ടപ്പോൾ, നാമദേവനു വൈരാഗ്യം മുഴുത്തു. "ഹേ! നിഷ്ഠുരവൃത്തിയായദേവ! അങ്ങു കരുണയുള്ളവനാണെന്നുഞാൻ തെററിദ്ധരിച്ചുപോയി. അങ്ങേ നിൎദ്ദയത്വം ഇപ്പോഴാണെനിക്കു മനസ്സിലായതു്. എന്നെക്കള്ളനാക്കണമെന്നൊരുക്കമാണെങ്കിൽ അങ്ങു വെറുംകള്ളനാണെന്നു ഞാൻ പറയും" എന്നു അല്പം ധൃഷ്ടതയോടെ പറഞ്ഞു.

താംസേട്ടിക്കു്, ഭഗവൽദൂഷണങ്ങളായ ഈ വാക്കുകേട്ടപ്പോൾ, കോപംവൎദ്ധിച്ചു. എ

ടാ തിരുടക്കുട്ടി, നീ ഭഗവാനെക്കള്ളനെന്നുംമററും വിളിക്കാറായോ? നാസ്തികനായനീ ച! നീ പറയുന്ന കള്ളങ്ങൾക്ക സത്യസന്ധനായ ഭഗവാൻ അനുകൂലിക്കാത്തതിന വായിൽ തോന്നിയതുപറയാമെന്നാണോ നിശ്ചയിച്ചത്. നിന്നെഞാൻ മയ്യാദക്കാരനാക്കനുണ്ട്. എന്നുപറഞ്ഞു, പിടിക്കാനായി അടുത്തുചെന്ന നാമദേവൻ പൂച്ചയെക്കണ്ടഎലിപോലെ നടുങ്ങി, ഭഗവൽപാദങ്ങളിൽ കമിഴ്ന്നുവീണഭയം അപേക്ഷിച്ചു. ഭഗവാനേ! നിന്തിരുവടി ഇപ്പോൾ എൻെറ സത്യം വെളിപ്പെടുത്തിക്കൊടുത്തില്ലെങ്കിൽ ഞാൻഭഗവൽപാദങ്ങളിൽ തലതല്ലിമരിക്കുകതന്നെചെയ്യും. എന്നുപറഞ്ഞു, തലബിംബത്തിൻെറ താഴ്വാരത്തു തല്ലിയുടയ്ക്കുവാൻഭാവിച്ചു.

തൽക്ഷണം ഭഗവാൻ പ്രത്യക്ഷപ്പെട്ടു, കൈകളിൽ എത്തിപ്പിടിച്ചു സത്യസന്ധനും ഭക്തനുമായ ബാല! നിൻെറ ഭക്തിവിശേഷത്തെക്കുറിച്ചറിയാതെ വൃദ്ധൻ നിന്നെ ഉപദ്രവിക്കാൻ ഭാവിച്ചു—അല്ലേ?—വൃദ്ധയായ മാതാവു, തല്ലാൻ ഓടിച്ചു. ഇല്ലേ? നിനക്ക്, അതുകൊണ്ടു സംകടം ഉണ്ടായിരിക്കാം—നീ കൂടിവന്ന് എന്നെ ശരണംപ്രാപിച്ചതുഅതുകൊണ്ടാണല്ലോ. അതൊക്കെ ഇരിക്കട്ടെ—എനിക്ക വിശക്കുന്നു. നിൻെറകൊച്ചുകൈകൾകൊണ്ടു, മുമ്പിലത്തെപ്പോലെ പാൽചോറുരുട്ടി എന്നെ ഊട്ടണംഎന്നരുളിച്ചെയ്തുവായ് വിളർന്നുകൊടുത്തു.നാമദേവൻ, പാൽച്ചോറുവാരി,ഭഗവാനെ ഊട്ടുകയുംഭഗവാൻ തൃക്കൈകളാൽ ചോറുവാരി അവനെ ഊട്ടുകയും ചെയ്തു. ഭക്ഷണാനന്തരം തൃക്കൈകളാൽ കുറിക്കൂട്ടുകളും പൂമാലയുമെടുത്തണിഞ്ഞു, ബാലനെയുമണിയിച്ചു, ഇപ്രകാരം തൻെറ ഭക്തവാത്സല്യവും ബാലൻെറ ഭക്തിമാഹാത്മ്യവും താംസേട്ടിയെക്കാണിച്ചശേഷം, ഭഗവാൻ അപ്രത്യക്ഷനായി.

ആ അത്ഭുതംകണ്ടു, താംസേട്ടി, ഇതികർത്തവ്യതാമൂഢനായി, കൊത്തിവച്ച മരപ്പാവപോലെ വളരെനേരം നിന്നുപോയി. അനന്തരം ഉദ്ബുദ്ധനായി ഭഗവൽസ്തുതിആരംഭിച്ചു. "ഹേ പാണ്ഡുരംഗ! ശ്രീരംഗ! കമലക്കണ്ണ! കാർവർണ്ണ! ഗരുഡവാഹന! ഗോപികാമോഹന! വാമന!മധുസൂദന! സർവകാരണ! ദുഷ്ടമാരണ! ദുഃഖചോരണ!ലോകപാവന! നിന്തിരുവടിയെ ദർശിക്കത്തക്കപുണ്യം ഈ പാപിക്കുണ്ടായതു, ഏതോ? അങ്ങേപ്പിയഭക്തനായ ഈ നാമദേവൻ പറഞ്ഞവാക്കുകൾ, എൻെറ അജ്ഞാനത്താൽഅസത്യമെന്നു വിചാരിച്ചുപോയി. അവനെ ഞാൻ വധിക്കാൻ ആരംഭിക്കയുംചെയ്തു. കഷ്ടം ഞാൻ എന്തൊരുപാപകർമ്മമാണു പ്രവർത്തിച്ചതു. എൻെറ ആ പാപത്തെ പരിഹരിക്കേണ്ടതെങ്ങനെ? ഭഗവാനേ! അല്പനായ ഇവൻെറ അപരാധത്തെ ക്ഷമിക്കണമേ" ഇങ്ങനെ അപേക്ഷിച്ചുനിൽക്കുമ്പോൾ, ഭഗവാങ്കൽനിന്നും താഴെപ്പറയുംപ്രകാരം അശരീരിവാക്കുണ്ടായി. "ഹേ താംസേട്ടി! ഇന്നുമുതൽ ഈ നാമദേവനെ ഞാനാണെന്നു വിചാരിച്ചുപൂജിച്ചുകൊള്ളണം" ഇപ്രകാരം അജ്ഞപ്പനായ താംസേട്ടി, വീണ്ടും ഭഗവാനെ വിവിധസ്തോത്രങ്ങളാൽ വാഴ്ത്തി നാമദേവനെ പുത്രനെന്നുള്ള ഭാവനമറന്നു, വന്ദിച്ചു. "അപ്രതിമനും ഈശ്വരതുല്യനുമായ പുത്ര! നിൻെറവാക്ക് അസത്യമാണെന്നു വിചാരിച്ചു ഞാൻ ചെയ്തുപോയ അപരാധത്തെ കരുണയോടേ ക്ഷമിച്ചെന്നെരക്ഷിക്കണം" എന്നപേക്ഷിച്ചു. എന്നിട്ടു, പിതൃസഹജമായ വാത്സല്യത്താൽ വാരിയെടുത്തു, മാറിൽചേർത്താശ്ലേഷിച്ചു വീട്ടിൽകൊണ്ടുപോയി, സകലവൃത്താന്തങ്ങളും ഗുണാഭായിയോടുപറഞ്ഞുകേൾപ്പിച്ചു. പുത്രനെക്കുറിച്ചു പരിഭവിച്ചു ബുദ്ധികെട്ടിനെ അവർ ശപിക്കയും പശ്ചാത്തപിക്കയും മകനെ മാറോടണച്ചാശ്ലേഷിച്ചുപചരിക്കയും ആനന്ദബാഷ്പങ്ങൾ വർഷിക്കുകയും ചെയ്തു. അന്നുമുതൽ ആ വൃദ്ധദമ്പതിമാർ നാമദേവനെ, ഭഗവന്നിർവിശേഷമായിസേവിച്ചു പൂജിച്ചുവന്നു. ഭഗവൽപൂജയ്ക്കുള്ള നൈവേദ്യവും അവൻെറപക്കൽതന്നെ കൊടുത്തയയ്ക്കുക പതിവാക്കി. നാമദേവനു ഭക്ഷണം രണ്ടുനേരവും ഭഗവാനോടൊന്നിച്ചല്ലാതെ ഇല്ലെന്നായി. കേവലം ശൈശവംകഴിയാത്ത ആ ബാലൻെറ ഈ വിധമുള്ള ദിവ്യത്വം പലരും അറിയുകയും, സുകൃതിയായ ആ കുടുംബത്തെ ആരാധിക്കയും ചെയ്തുവന്നു.

# മൂന്നാമദ്ധ്യായം.

(ഭഗവാൻ നാമദേവനെക്കൊണ്ടു വിവാഹംചെയ്യിച്ചതു.)

ഹേ സിദ്ധന്മാരേ! ഇങ്ങനെ അതിററ ഭക്തിബഹുമാനങ്ങളോടുകൂടി ആ വൃദ്ധദമ്പതിമാർ, നാമദേവനെ ഉപചരിച്ചുരക്ഷിച്ചുവരുന്ന കാലത്തു, അവനു ബാലപ്രായം കഴിഞ്ഞു യൌവനദശ ആരംഭിച്ചു. അനന്തരം ഒരു ദിവസം രാത്രിയിൽ ഭഗവാൻ ദാമസേട്ടിയുടെ സ്വപ്നത്തിൽ പ്രത്യക്ഷനായി "ഹേ ദാമസേട്ടി, നിന്റെ മകനു വയസ്സു പതിനാറായിരിക്കുന്നു. ഇനി വിവാഹംചെയ്യിക്കാതെ ഇരിക്കുന്നതു നീതിയല്ല. നിങ്ങളുടെ ജാതിയിൽതന്നെ, ഇപ്പോൾ രാജാഭായി എന്നൊരു പെൺകുട്ടി ഒരിടത്തുണ്ടായി വളർന്നുവരുന്നുണ്ടു്. അവളെ അവനെക്കൊണ്ടു താമസിയാതെ വിവാഹംചെയ്യിക്കണം." എന്നരുളിച്ചെയ്തുമറഞ്ഞു. ഉടനേ ദാമസേട്ടി, കണ്ണുതുറന്നു ഭാര്യയെ വിളിച്ചുണർത്തി കുണാഭായി! ഞാൻ ഇപ്പോൾ ഭഗവാനെ സ്വപ്നം കാണുകയുണ്ടായി. നമ്മുടെ കുമാരനു വിവാഹകാലം സമീപിച്ചിരിക്കുന്നുവെന്നും, രാജാഭായി എന്ന പെൺകുട്ടിയെ താമസിയാതെ അവനെക്കൊണ്ടു വിവാഹംചെയ്യിക്കണമെന്നും അരുളിച്ചെയ്തു മറഞ്ഞു. ആ രാജാഭായി ഏതാണു്? അറിയുമോ? എന്നു ചോദിച്ചു.

കുണാഭായി:—രാജാഭായിയോ? ഓഹോ എനിക്കറിയാം. പക്ഷെ അറിഞ്ഞതുകൊണ്ടു പ്രയോജനമൊന്നുമില്ല. നമ്മുടെ മകനുവേണ്ടി അവളെ ചോദിക്കാൻ നിവൃത്തിയില്ല. അവൾ കോടീശ്വരന്റെ മകളാണു്. നമ്മുടെയും അവളുടെയും സ്ഥിതി തമ്മിൽ അജഗജാന്തരമുണ്ടു്.

ദാമസേട്ടി:—ഏതായാലും ഭഗവൽകല്പനയെ നമുക്കു ലംഘിക്കാൻ നിവൃത്തിയില്ലല്ലോ. രാജാഭായിയെത്തന്നെ വിവാഹത്തിനായി ആലോചിക്കേണ്ടതു നമ്മുടെ കടമയാണു്. എന്നുപറഞ്ഞു് പിറെറദിവസം രാവിലെ പുഴയേറ്റു്, നിത്യകർമ്മങ്ങളും നിർവഹിച്ചശേഷം, രാജാഭായിയുടെ ഗൃഹത്തിലേക്കുപോയി അവിടെച്ചെന്നു്, അവളുടെ പിതാവിനെക്കണ്ടു്, വിവാഹകാര്യം ആലോചിച്ചതിൽ, താംബൂലനിശ്ചയത്തിനു ആയിരം സ്വർണ്ണനാണയത്തോടുകൂടിച്ചെല്ലണമെന്നു പറഞ്ഞയച്ചു. ദാമസേട്ടിക്കു ആ വാക്കുകൾകേട്ടപ്പോൾ, ചാഞ്ചല്യം വർദ്ധിച്ചു. ആയിരം സ്വർണ്ണം കൊണ്ടുപോകാൻ തന്നാൽ സാദ്ധ്യമല്ലെന്നോർത്തു വിഷമിച്ചും മനോഭംഗപ്പെട്ടും വീട്ടിലേക്കു മടങ്ങി. ഭാര്യയോടു് അക്കഥയെക്കുറിച്ചു പറഞ്ഞു—പ്രിയേ! ഉയർന്നവരോടുള്ള കൂട്ടുകെട്ടു താഴ്ന്ന കക്ഷിക്കു എപ്പോഴും അപകടമാണെന്നൊരു പഴഞ്ചൊല്ലുണ്ടു്. അതിപ്പോൾ അനുഭവത്തിൽ വന്നിരിക്കുന്നു. നാം എന്തെല്ലാം കെട്ടുകൈകൾചെയ്തു സംഭരിച്ചാലും, ആയിരം സ്വർണ്ണം (വരാഹൻ) ഉരുക്കൂട്ടാൻ പ്രയാസമാണു്. ആ സ്ഥിതിക്കു വിവാഹംനടത്താൻ സാധിക്കയില്ലെന്നുതന്നെ ഞാൻ വിചാരിക്കുന്നു. പണത്തിനു ഇനി നാം ആശ്രയിക്കേണ്ടതാരെയാണു്? ആരെയും ആശ്രയിക്കാനില്ല. ഭഗവാനെത്തന്നെ പൂജിക്കാം. അദ്ദേഹം ഏതെങ്കിലും ഒരുമാർഗ്ഗം കാണിച്ചുതന്നില്ലെങ്കിൽ വിവാഹം വേണ്ടെന്നുതന്നെ വയ്ക്കാം. എന്നഭിപ്രായപ്പെട്ടുകൊണ്ടു പണ്ഡരിനാഥക്ഷേത്രത്തിലേക്കു തിരിച്ചു. അവിടെഎത്തി, ഭഗവൽപാദങ്ങളിൽ വന്ദിച്ചു്, അയ്യോ ഭഗവാനേ! നിന്തിരുഭക്തനായ നാമദേവനു്, വിവാഹത്തിനു രാജാഭായിയെ ചോദിക്കണമെന്നു്, അങ്ങു്, എന്നോടു സ്വപ്നത്തിൽ അരുളിച്ചെയ്തതനുസരിച്ചു്, ഞാൻപോയി ആലോചിച്ചതിൽ, താംബൂലനിശ്ചയത്തിനു ആയിരംവരാഹൻ കൊണ്ടുചെല്ലണമെന്നു അവളുടെ അച്ഛൻ പറഞ്ഞിരിക്കുന്നു. ഞാൻ നോക്കിയതിൽ അതിനു് ഒരുവഴിയും കാണുന്നില്ല. അതുമൂലം വിവാഹം വിഘ്നപ്പെട്ടുപോകുമെന്നാണുതോന്നുന്നതു്. എന്നു സങ്കടംപറഞ്ഞിട്ടും പ്രത്യുത്തരമൊന്നും ഉണ്ടാകായ്കയാൽ വ്യസനിച്ചു്, തിരികെ വീട്ടിൽവന്നു്, ഭാര്യയുമായി ഓരോമാർഗ്ഗങ്ങൾ

ആലോചിച്ചുകൊണ്ടിരുന്നു. സൂൎയ്യൻ അസ്തമിച്ചു രണ്ടുയാമംകഴിഞ്ഞിട്ടും പണമില്ലായ്മയെ ചിന്തിച്ച്, ഉറക്കംവരാതെ രണ്ടാളും ശയ്യകളിൽ പ്രവേശിച്ച്, ഭഗവൽസ്തോത്രങ്ങളെപ്പാടിക്കൊണ്ടുകിടന്നു. ആ സമയത്തു സ്തോത്രപ്രിയനായ ഭഗവാൻ താംസേട്ടിയുടെപുറന്തിണ്ണയിൽ അല്പം മുഷിച്ചിൽഭാവിച്ചിരിക്കയായിരുന്നു. എന്തെന്നാൽ വിവാഹത്തിനു വേണ്ട സ്വൎണ്ണനാണയങ്ങൾ, ഒരു സഞ്ചിയിൽ നിറച്ച്, താംസേട്ടിയുടെ ഭവനത്തിൽ കൊണ്ടിട്ടുംവച്ചു പോകണമെന്നുനിശ്ചയിച്ച്, പ്രച്ഛന്നവേഷത്തിൽ എഴുന്നരുളിയ വിഷ്ണുഭഗവാൻ, വാതിൽ അടച്ചിരിക്കുന്നതുകണ്ടു; അല്പം മുഷിഞ്ഞെന്ന ഭാവത്തിൽ പുറത്തിരിക്കുമ്പോഴാണ് സ്തോത്രങ്ങൾകേട്ടതു്. അപ്പോൾ അതിൽ ഒരു സ്വൎണ്ണനാണയംഎടുത്തു്, ഊക്കോടെ കതകിനു ഒരു ഏറുകൊടുത്തു. ഉറങ്ങാതെയിരുന്ന താംസേട്ടി, ആ ശബ്ദംകേട്ട്, പാതിരയ്ക്കു കതകിന്മേലെറിയുന്ന വികൃതി ആരെടാ എന്നു ചോദിച്ചു. "വികൃതിയായാലുംശരി! നികൃതിയായാലും ശരി! എന്നു മറുപടിപറഞ്ഞുകൊണ്ടു ഭഗവാൻ, രണ്ടാമതും ഒരു സ്വൎണ്ണനാണയമെടുത്തു കതകിന്മേലെറിഞ്ഞു. താംസേട്ടി കോപിച്ച്, എടാ തിരുടാ മുരടാ അന്യന്റെ ഗൃഹത്തിനു കല്ലെറിയുന്ന ധിക്കാരാ! ഞാൻ ഇവിടുന്നെഴുന്നേററുവന്നാൽ നിനക്കനുഭവംകിട്ടും. പൊയ്ക്കോ വേഗം എന്നൊക്കെ ഭയപ്പെടുത്തി. ഭഗവാൻ ഭത്സിച്ചുകൊണ്ട്, എടാ താംസേട്ടി! തിരുടാമുരടാ എന്നൊക്കെ അധിക്ഷേപിക്കുന്ന നിന്റെ നാവുകൊണ്ട്, ചില്പുരുഷ, പുണ്യപുരുഷ! പാണ്ഡുരംഗ! പണ്ഡരീനാഥ! എന്നൊക്കെ ജപിക്കുന്നതോ? അതു സത്യത്തിനു ചേരും. എന്നുപറഞ്ഞു വീണ്ടും ഒരു സ്വൎണ്ണനാണയമെടുത്തു കതകിന്മേലെറിഞ്ഞു—

ഉടനേ, കോപഭ്രാന്തനായ താംസേട്ടി, ഒരു വടിയുമെടുത്തു്, ബലപ്പെട്ടു കതകുതുറന്നു വെളിക്കിറങ്ങി,—ആരെടാ നിദ്രാഭംഗത്തിനും ഉപദ്രവത്തിനും വന്നിരിക്കുന്നതു്?—ദുഷ്ട! നില്ലവിടെ? പറഞ്ഞാൽകേൾക്കാത്ത നിന്നെ ഒന്നു പൂജിച്ചയയ്ക്കേണ്ടിയിരിക്കുന്നു. ഭഗവാൻ അതുകേട്ട്, അപരിഹാസത്തോടുകൂടി, രണ്ടുസ്വൎണ്ണനാണയങ്ങളെടുത്തു്, കതകിൻ പഴുതിൽക്കൂടി മുറിയിലേക്കു ഊക്കോടുകൂടിയെറിഞ്ഞു. അതുകണ്ടുഭയപ്പെട്ട്, കനാഭായി ഉറക്കെ നിലവിളിക്കയും അധിക്ഷേപിക്കയുംചെയ്തു. അപ്പോഴേക്കു താംസേട്ടിക്കു കോപം സഹിക്കവയ്യാതെയായി. ദൈവത്തെ ഓൎത്തു ഇവനെക്കൊന്നാലും ദോഷമില്ലെന്നു നിശ്ചയിച്ചുകൊണ്ട്, ഭഗന്നാമോച്ചാരണങ്ങളോടുകൂടി, വേഗത്തിൽ ഓടിയടുത്തു. ഭഗവാൻ വീണ്ടും ഒന്നുരണ്ടു സ്വൎണ്ണനാണയങ്ങൾകൂടി പുരയ്ക്കുള്ളിലേക്കെറിഞ്ഞു്, ശേഷംമുററത്തു ചിതറിയിട്ടുംവച്ച്, കനാഭായിയുടെ ശകാരങ്ങളും കേട്ടുകൊണ്ട്, ഇരുട്ടിൽ ഓടി മറഞ്ഞുകളഞ്ഞു.

താംസേട്ടി, അവിടെയൊക്കെച്ചുററിയോടി, കുണ്ടിലും കുഴിയിലുംമററും ചാടി, കഷ്ടപ്പെട്ട് ഒടുവിൽ ലജ്ജിതനായി മടങ്ങിപ്പോന്നു. ആരോ ഒരു കള്ളൻ—അവൻ ഇരുട്ടിൽ ഓടി മറഞ്ഞുകളഞ്ഞു. ഇനി എന്താ ചെയ്ക? എന്നു ഭാൎയ്യയോടു പറഞ്ഞു. അനന്തരം വാതിലടച്ച്, അവർ രണ്ടാളും കിടന്നുറങ്ങുകയുംചെയ്തു. പിറേറദിവസം അതിരാവിലേ പതിവുപോലെ കനാഭായി എഴുന്നേററ്, മുററംതൂക്കാനായി വാതിൽതുറന്നിറങ്ങിയപ്പോൾ, സ്വൎണ്ണനാണയങ്ങൾ ചിതറിക്കിടക്കുന്നതുകണ്ട്, അത്യാനന്ദത്തോടെ ഭൎത്താവിനെ വിളിച്ചുണൎത്തി. പ്രിയതമ! നമ്മുടെ ഭാഗ്യംതന്നെ. വീടുനിറച്ചു അനവധി സ്വൎണ്ണനാണയങ്ങൾ ഇതാ ആരോ വാരിച്ചിതറിയിട്ടിരിക്കുന്നു. ഇതു്, ഭഗവൽകൃപകൊണ്ടുനമുക്കു സിദ്ധിച്ചതാണ്. ഇനി, ആരുംഅറിയാതെ നമുക്കതു പെറുക്കി മറവുചെയ്യണം എന്നന്യോന്യം പറഞ്ഞെടുത്തു്, ഇരുവരുമായി ആ സ്വൎണ്ണനാണയങ്ങളെല്ലാം പെറുക്കി ഒരു മൂലയിൽ കുഴിച്ചുവയ്ക്കാൻ ആരംഭിച്ചു.

അതിനിടയ്ക്ക്, ഭഗവാനും രുക്മിണിയും, അന്നുരാവിലേതന്നെ താംസേട്ടിയുടെയും കനാഭായിയുടെയും രൂപംധരിച്ച്, ആയിരം സ്വൎണ്ണനാണയങ്ങളും ചുമന്നുകൊണ്ട്, രാജാഭായിയുടെ വീട്ടിലെത്തി, വിവാഹകാൎയ്യത്തെക്കുറിച്ചു പറഞ്ഞു. അവർ ചെന്നതറിഞ്ഞു് ആ കോടീശ്വരപ്രഭു, അപഹാസത്തോടെ വെളിക്കിറങ്ങിനിന്ന്, മാന്യവൃദ്ധരേ! നിങ്ങൾ വെറുതേ നടന്നു ബുദ്ധിമുട്ടണമെന്നില്ല. താംബൂലനിശ്ചയത്തിനു ആയിരം വരാഹനാ

ന്നിവിടെത്തരികപതിവു്. അതിനു ശക്തിയില്ലാത്ത നിങ്ങൾ എന്തിനു നടന്നുബുദ്ധിമുട്ടുന്നു? അതു നിങ്ങളാൽ വഹിക്കത്തക്ക ഒരു തുകയല്ലെന്നെനിക്കുതന്നെയറിയാം. ആ സ്ഥിതിക്കു നിങ്ങൾ ഇങ്ങനെ വെറുംകൈയായിവന്നു ചോദിച്ചാൽ അനുകൂലമായ മറുപടി പറവാൻ എനിക്കു പാടില്ല. ഗോപാലനും രുക്മിണിയും അതുകേട്ടു, തങ്ങൾ കൊണ്ടുപോയ വരാഹൻ ആയിരവും അവിടെ വാരിനിരത്തിക്കാണിക്കയും, മേലാലുള്ള ചെലവുകളിൽ കന്യകയുടെ ആഭരണവകയ്ക്കു, പതിനായിരംപവനും വിവാഹച്ചെലവിനു ഇരുപതിനായിരംപവനും കൊടുത്തുകൊള്ളാമെന്നു ഏററുപറകയും ചെയ്തു. അന്നുതന്നെ ഒരു നല്ല മുഹൂർത്തമുണ്ടെന്നും ആ മുഹൂർത്തത്തിൽതന്നെ വിവാഹംനടത്താൻ ആഗ്രഹിക്കുന്നുവെന്നും പ്രസ്താവിക്കയുമുണ്ടായി. അനന്തരം, ദാസ്ഥാനപ്രകാരമുള്ള വരാഹൻ മുപ്പതിനായിരവും, ആൾവശം കൊണ്ടുവരാമെന്നും അവിടെനിന്നും യാത്രപറഞ്ഞു പോരികയുംചെയ്തു. താമസിയാതെതന്നെ, താംസേട്ടി പറഞ്ഞയച്ച ആളെന്ന നിലയിൽ, ഗോപാലൻ ബ്രാഹ്മണവേഷംധരിച്ചു വീണ്ടും ആ ധനികന്റെ ഭവനത്തിൽചെന്നു. താംസേട്ടി ക്ഷണിച്ചിരിക്കുന്നുവെന്നു വ്യാജംപറഞ്ഞു്, അയാളെ കൂട്ടിക്കൊണ്ടുവന്നു. താംസേട്ടിയുടെ ഭവനത്തിൽ എത്തിയതിൽപിന്നെ, അവർ ഒളിച്ചുവച്ചു സ്വർണ്ണനാണയങ്ങൾ ബലാൽക്കാരം ചെമ്പെടുത്തുകൊണ്ടുവന്നു, ആ ധനികന്റെ മുമ്പിൽ നിരത്തി. ധനികൻ അത്ഭുതത്തോടെ അയാളെനോക്കി സന്തുഷ്ടനായി താംസേട്ടിയെ കോടീശ്വരനെന്നു അഭിസംബോധനംചെയ്തു. അനന്തരം അയാൾ ഇങ്ങനെ തുടർന്നുപറഞ്ഞു. "പ്രഭോ! അങ്ങേ ധനസ്ഥിതി ഇപ്പോഴാണെനിക്കറിവാനിടയായതു. ധനമുണ്ടായാൽ പ്രഭുത്വംനടിക്കുന്നതു അറിവില്ലാത്ത കൂട്ടരാണു്. ജ്ഞാനികൾ ശാന്തന്മാരും വിനീതന്മാരുമായിരിക്കുമത്രേ. നാണ്യങ്ങൾ അധികം കൂടുന്നതു ദുർവൃത്തർക്കാണു. വജ്രഖനികളിൽ വിലയേറിയ രത്നങ്ങൾ അടിയിൽ മറഞ്ഞും ക്ഷുദ്രങ്ങളായ ചെറുരത്നങ്ങൾ വെളിയിൽ പ്രകാശിച്ചും കാണപ്പെടും. അതുപോലെ കുലസ്ത്രീകൾ വേഷാഡംബരങ്ങളിൽ ഭ്രമിക്കുന്നില്ല. വേഷമേറിച്ചു, വ്യഭിചാരികൾ കഴിയുംവണ്ണം ഒരുങ്ങിപ്പലരേയും കാണിക്കുന്നു. സാക്ഷാൽ ഭക്തന്മാർ, വിനീതന്മാരായി മൌനംദീക്ഷിച്ചിരിക്കുന്നു. കള്ളസ്സന്യാസിമാർ അവരുടെ ഭക്തിയെക്കുറിച്ചു പ്രസ്താവിച്ചുകൊണ്ടുനടക്കുന്നു. അതുപോലെയാണു നമ്മുടെ രണ്ടുപേരുടേയുംധനസ്ഥിതി സംബന്ധിച്ച ഭാവന. ഇത്രത്തോളം വിനയാദിവിശിഷ്ടഗുണങ്ങളുള്ള അങ്ങയുടെ സംബന്ധിയാകാൻ ഇടയാകുന്നതിൽ, എനിക്കു്, അനല്പമായ ചാരിതാർത്ഥ്യം ഉണ്ടു്" എന്നിട്ടു നാമദേവനെനോക്കി—"ഇദ്ദേഹമല്ലേ? എന്റെമകൾക്കു വരനാകാൻപോകുന്നതു? ഹാ ഹാ! ഇത്രത്തോളം സൌന്ദര്യവും സൌശീല്യാദിഗുണങ്ങളുമുള്ള ഒരു ജാമാതാവിനെ ലഭിക്കാൻ ഞാൻചെയ്ത പുണ്യം എന്തായിരിക്കാം? ... ഇദൃശനായ ഒരു വരനെലഭിക്കാൻ എന്റെ മകൾ അനുഷ്ഠിച്ച തപസ്സേതായിരിക്കാം? എന്നിങ്ങനെ ധന്യവാദങ്ങൾ വർഷിച്ചു, സുകൃതികളായ ആ കുടുംബാംഗങ്ങളെയും ഗോപാലബ്രാഹ്മണനേയും തനിക്കായി സമ്മാനിച്ചു ആയിരംവരാഹനും ഒരു വണ്ടിയിൽ കയററി ഭാണ്ഡംകെട്ടി, അത്യാഘോഷത്തോടുകൂടി സ്വഭവനത്തിൽ ചെന്നുചേർന്നു. അനന്തരം, നിശ്ചിതമായ സുമുഹൂർത്തത്തിൽതന്നെ സ്വധർമ്മതപ്രകാരം വധൂവരന്മാരെ അലംകരിച്ചു, യഥാവിധി, വിവാഹകർമ്മം മംഗളമായി നടത്തി. താംസേട്ടി ജാതിമര്യാദപ്രകാരം ബോന്തിമരെ ബന്ധുവർഗ്ഗസഹിതം കൂട്ടിക്കൊണ്ടുപോരികയും മംഗളസൂചകമായി അനേകം ദാനങ്ങളും സത്രങ്ങളും നടത്തിസുഖമായി സ്വഭവനത്തിൽ വസിക്കയും ചെയ്തു.

---

# നാലാം അദ്ധ്യായം.

---

## (ഭഗവാൻ ലക്ഷ്മീവരാഹൻ ദാനംചെയ്തതു്)

ഹേ പരമഭാഗവതന്മാരേ! ധൎമ്മസ്വരൂപനായ ഭഗവാൻ ബ്രാഹ്മണരൂപത്തിൽ വന്നു, നാമദേവരുടെ വിവാഹം മംഗളമായി നിറവേററിയശേഷം, അദ്ദേഹത്തെ (നാമദേവനെ)നോക്കി, ചില സാരോപദേശങ്ങൾചെയ്തു. അതാവിതു്:—

“ഹേ പരമഭക്തശിരോമണിയായ നാമദേവ! അന്നദാനം, വസ്ത്രദാനം,സ്വൎണ്ണദാനം വിദ്യാദാനം, കന്യാദാനം, ഭൂദാനം, ഗോദാനം, മുതലായ വിവിധദാനങ്ങളിൽവെച്ചു്,അന്നദാനത്തിനാണു് ശ്രേഷ്ഠത്വം. അതിനാൽ അന്നദാനം, എല്ലാവരും യഥാശക്തി ചെയ്യേണ്ടതാകുന്നു. അന്നദാനം ജീൎണ്ണമെന്നും വിദ്യാദാനം അജീൎണ്ണമെന്നും ഒരു പഴഞ്ചൊല്ലുണ്ടെങ്കിലും, പരമഭാഗവതന്മാൎക്ക ഭക്തിയോടുകൂടി ഒരുതവണ അന്നംകൊടുക്കുന്നവന്നു അഴിവില്ലാത്ത മുക്തിപദം ലഭിക്കാവുന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനു ദൃഷ്ടാന്തം എന്തെന്നാൽമഹാഭാരതയുദ്ധത്തിൽ അൎജ്ജുനനയച്ച ബാണങ്ങളേററു തളൎന്നുദാഹംസഹിക്കവയ്യാതെ കൎണ്ണൻ പൊടിമണ്ണിൽ ചാരിക്കിടന്നു, വിഷ്ണുഭഗവാനെസ്തുതിക്കുമ്പോൾ അൎജ്ജുനനു അവനെ ധൎമ്മപുത്രനെപ്പോലെ അഗ്രജനായിത്തോന്നുകയും ബാണങ്ങളയയ്ക്കാതെ മൌനംദീക്ഷിച്ചിരിക്കയും ചെയ്തഅവസരത്തിൽ, അവന്റെ പുണ്യംമുഴുവൻ അപേക്ഷിച്ചുവാങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ശ്രീകൃഷ്ണൻ ഒരു ബ്രാഹ്മണവേഷത്തിൽചെന്നു ഭിക്ഷയാചിച്ചു. അതിനു കൎണ്ണൻ“ഹേ ബ്രാഹ്മണോത്തമ! ഈ അന്ത്യകാലത്തിൽ ഏതെങ്കിലും എന്നോടുവന്നപേക്ഷിച്ചു എന്നെക്കൊണ്ടു ഇല്ലെന്നുപറയിക്കാതെ എന്റെ കൈവശമുള്ള ഏതുസാധനമോ ചോദിച്ചുകൊൾക, തരാം” എന്നുപറഞ്ഞു.

ബ്രാഹ്മണൻ:—ഹേകൎണ്ണ! നിന്റെപക്കലുള്ള സാധനത്തെമാത്രമേ ഞാൻ ചോദിക്കയുള്ളു.

കൎണ്ണൻ:—അതിനു ദോശമില്ല; എന്റെ ജീവനെത്തന്നെ വേണമെങ്കിലുംതരാൻഎനിക്കമടിയില്ല.

ബ്രാഹ്മണൻ:—എനിക്ക ജീവൻ വേണമെന്നാശയില്ല. ജീവനു സഹായമായി അൎജ്ജിച്ചിട്ടുള്ള പുണ്യംതന്നാൽമതി.

കൎണ്ണൻ:—ഹേ ബ്രാഹ്മണോത്തമ! അങ്ങു, അൎജ്ജിച്ച പുണ്യംതരുന്നതിനു ഞാൻ സന്നദ്ധനായിരിക്കുന്നു. എനിക്ക ദാഹം സഹിക്കവയ്യാ. അതിനു കുറെ വെള്ളംകൊണ്ടുവന്നുതന്നാൽകൊള്ളാം.

ബ്രാഹ്മണൻ അതുകേട്ടു്, അപ്രകാരംസമ്മതിച്ചു്, ദാഹംതീക്കുന്നതിനു വെള്ളംഒഴിച്ചുതരാം കൈനീട്ടുക എന്നുപറഞ്ഞു. അതനുസരിച്ചു് കൎണ്ണൻ കൈനീട്ടുകയും ബ്രാഹ്മണൻ വെള്ളംഒഴിച്ചുകൊടുക്കുകയുംചെയ്തു. വെള്ളം കൈയിൽ വീണയുടനെ, സ്വൎണ്ണരൂപത്തിൽ പ്രകാശിച്ചു ഫലനിഭവിക്കകൊണ്ടു്, കുടിക്കാൻ നിവൃത്തിയില്ലാതെ കൎണ്ണൻ വിഷമിച്ചു. ഇതിനുകാരണമെന്തായിരിക്കമെന്നു ബ്രാഹ്മണനോടു ചോദിച്ചു.

ബ്രാഹ്മണൻ:—കൎണ്ണാ! ഇതു മററൊന്നുംകൊണ്ടല്ല. നീ ചെയ്തതെല്ലാം സ്വൎണ്ണദാനമാണല്ലൊ. അതിന്റെ ഫലമാണിക്കണ്ടതു്. അന്നദാനംചെയ്തിട്ടില്ലെന്നുണ്ടൊ!

കൎണ്ണൻ:—അന്നദാനംചെയ്വാൻ ഇതുവരെ എനിക്ക സാധിച്ചിട്ടില്ല. ഒരിക്കൽ ഒരുബ്രാഹ്മണൻവന്നു്, എന്നോടു ഭക്ഷണംയാചിച്ചു. അപ്പോൾ, “അതാ അവിടെ ധൎമ്മപുത്രർ അന്നദാനംചെയ്യുന്നുണ്ടു്—അങ്ങോട്ടുചെന്നാൽ ഭക്ഷണംകിട്ടും എന്നു ഞാൻ ചൂണ്ടിക്കാട്ടിക്കൊടുത്തു.

ബ്രാഹ്മണൻ:—ഏതുവിരൽകൊണ്ടാണു് ചൂണ്ടിക്കാട്ടിയതു്? ആ വിരലിൽ അന്നദാനഫലത്തിന്റെ പുണ്യം സ്വല്പമുണ്ടു്. ആ വിരലിനെ വായിൽകാണിക്കുക വെള്ളം

ഊററിച്ചീൺ്, നിൻെറ ദാഹം ശമിക്കാറാകും.” എന്നുപറഞ്ഞു. കണ്ണൻ ആ ഉപദേശപ്രകാരം ചൂണ്ടുവിരൽ വായിൽകാണിക്കയും, വെള്ളം ഊറി നിറഞ്ഞു്, ദാഹംമുഴുവൻ ശമിക്കയും ചെയ്തു. അന്നദാനത്തിൻെറ മഹിമയെ ഓൎത്തു്, കണ്ണൻ അത്ഭുതപ്പെട്ട അനന്തരം വാഗ്ദാനപ്രകാരം പുണ്യമെല്ലാം ആ ബ്രാഹ്മണനായി ദാനംചെയ്തു. ഉടനെ ശ്രീകൃഷ്ണൻ തൻെറ സ്വരൂപം കാണിച്ചു്, അവനെ അനുഗ്രഹിച്ചശേഷംമറഞ്ഞു. അതുകൊണ്ടു്, അന്നദാനത്തോളം ഫലമുള്ള മററുദാനങ്ങളില്ല. പണ്ടു്, പാഞ്ചാലി അക്ഷയപാത്രത്തിൽ പററിയിരുന്ന ഒരു ചോറു്, ശ്രീകൃഷ്ണനുദാനംചെയ്കകൊണ്ടു്, ദുൎവ്വാസാവും ശിഷ്യന്മാരും തൃപ്തിയടഞ്ഞതായി കേട്ടിട്ടില്ലേ? അതുകൊണ്ടു്, ഇന്നുമുതൽ നീ കഴിവുള്ളടത്തോളം അന്നദാനം ആചരിച്ചു പുണ്യം സമ്പാദിക്കണം. സന്ന്യാസികൾക്കു തപസ്സും ഗൃഹസ്ഥാശ്രമികൾക്കു ധൎമ്മവുമാണല്ലോ ആശ്രയം. എന്നുതന്നെയല്ല, മഹാതപസ്വികൾക്കും പരമഭക്തന്മാൎക്കും അന്നം ഒഴിച്ചുകൂടാതെയിരിക്കുമ്പോൾ അതിൽ അനുഗ്രഹംഉണ്ടാകുന്നു. മററൊന്നിലും അവൎക്കു ഇഛയുണ്ടാകയില്ല. അങ്ങനെ എല്ലാവരാലും അഭിലഷിക്കപ്പെടുന്ന അന്നം കൊടുത്താലുണ്ടാകുന്ന ഫലം, ഞാൻ ഇനി വിസ്തരിക്കണമെന്നുവിചാരിക്കുന്നില്ല. അതുകൊണ്ടു അന്നദാനനിഷ്ഠ നിനക്കെതുകാലത്തും ഉണ്ടായിരിക്കണം എന്നൊക്കെ ഉപദേശിച്ചു്, എല്ലാവരോടും യാത്രപറഞ്ഞു, ബ്രാഹ്മണൻ വെളിയിലിറങ്ങി അന്തൎദ്ധാനംചെയ്തു.

നാമദേവൻ ബ്രാഹ്മണൻെറ ഉപദേശപ്രകാരംതന്നെ അനുഷ്ഠിക്കാൻ നിശ്ചയിച്ചു. ഭഗവാനെ ധ്യാനിച്ചുകൊണ്ടു്, അന്നുമുതൽ നൂറും ഇരുനൂറും സാധുക്കൾക്കു ഭക്ഷണംകൊടുക്കയും, അവർ ഉണ്ണുന്നതുനോക്കി സന്തോഷിക്കയും ചെയ്തുവന്നു. ഇങ്ങനെ പലനാളായപ്പോൾ, മുതലെല്ലാം നശിച്ചു. ഭക്ഷണത്തിനുപോലും വകയില്ലെന്നുള്ള നിലയായി. ഭഗവാൻതന്നെ ആശ്രയമെന്നു നിശ്ചയിച്ചുകൊണ്ടു്, നാമദേവൻ പണ്ഡരീനാഥക്ഷേത്രത്തിലെത്തി, ഭഗവാനെധ്യാനിച്ചും സ്തുതിച്ചും സമയംനയിച്ചുവന്നു. വീട്ടിൽ വരികപോലും പതിവില്ലെന്നായി. അച്ഛനമ്മമാർ വാൎദ്ധക്യമധികമായെങ്കിലും തയ്യൽവേലനോക്കി ഭഗവാനു നൈവേദ്യം മുട്ടാതെ കൊടുത്തയച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം അതിനും മാൎഗ്ഗമില്ലാതെവന്നു. അക്കഥ ബന്ധുക്കളോടോ അന്യന്മാരോടോ പറയാതെ, നേരെ പണ്ഡരീനാഥക്ഷേത്രത്തിൽചെന്നു്, അല്ലയോഭഗവാനേ! ഇന്നേക്കു തിരുവടിക്കു നൈവേദ്യംകൊണ്ടുവരുന്നതിനുപോലും യാതൊന്നും ഇല്ലാതെ തീൎന്നിരിക്കുന്നു. ബാലനായ നാമദേവനും അവൻെറ പത്നിയും വിശപ്പുസഹിച്ചു പരിചയമുള്ളവരല്ല. ഭഗവാൻെറയും അവരുടെയും കാൎയ്യമാണു ഞങ്ങൾക്കു സങ്കടമായിത്തീൎന്നിരിക്കുന്നതു്. ഞങ്ങളുടേതു എങ്ങനെയായാലും സഹിക്കാം” എന്നൊക്കെ ആവലാതിപ്പെട്ടു കണ്ണുനീർ പൊഴിച്ചുകരഞ്ഞുകൊണ്ടുനിന്നു. നാമദേവൻ അതുകേട്ടു്, അന്തസ്താപത്തോടെ മാതാപിതാക്കളെ വണങ്ങിപ്പറഞ്ഞു. “പ്രിയപ്പെട്ട അച്ഛനമ്മമാരേ! വൃദ്ധരായ നിങ്ങൾ രണ്ടാളും പട്ടിണിയിരിക്കുമ്പോൾ എനിക്കു ഭക്ഷണം എന്തിനു്? ഈ ഭഗവാനു ഭക്ഷണമെന്തിനു്? അയ്യോകഷ്ടം വിശന്നു തളൎന്നിരിക്കുന്ന നിങ്ങളാണല്ലോ എന്നെ അന്വേഷിച്ചും ഭഗവാനെക്കാണ്മാനുമായി കഷ്ടപ്പെട്ടുനടന്നു്, ഇവിടെവരെ വന്നതു്” എന്ന അനുശോചനവാക്കുകളോടുകൂടി ഭഗവന്നാമങ്ങളെ ജപിച്ചുകൊണ്ടുനിന്നു. വൃദ്ധദമ്പതിമാർ ഭഗവാനെ വണങ്ങി, “സ്വാമി! ഞങ്ങളുടെ ഈ കുഞ്ഞിൻെറ വിശപ്പുതീൎപ്പാൻ വല്ലമാൎഗ്ഗവും കല്പിക്കണമേ! അവൻ പണ്ടു്, വിശപ്പുസഹിച്ചിട്ടുള്ളവനല്ല” എന്നൊക്കെ അപേക്ഷിച്ചു വീണുതൊഴുതുകൊണ്ടുമടങ്ങി വീട്ടിലെത്തി ദുഃഖിച്ചിരുന്നു. ഈ അവസരത്തിൽ ഭഗവാൻ ഒരു വേലക്കാരൻെറ വേഷത്തിൽ ഗരുഡനെ ഒരു കാളയുടെ രൂപമാക്കി, ലക്ഷം വരാഹൻ നിറച്ച ഒരു ചാക്കുകെട്ടി അതിൻെറപുറത്തിട്ടുകൊണ്ടു്, താംസെട്ടിയുടെ വീട്ടിൻെറ മുമ്പിൽവന്നുനിന്നു്, “ഹേ നാമദേവരേ” എന്നുപലപ്രാവശ്യംവിളിച്ചു. അതുകേട്ടു്, കനാഭായി, നാമദേവനെവിളിക്കുന്നതാരാണെന്നുചോദിച്ചു. ഉടനെ, വേലക്കാരൻെറ രൂപത്തിൽനിന്ന ഭഗവാൻ അതിനുമറുപടിയായി ഇങ്ങനെപറഞ്ഞു. അമ്മേ! ഞാൻ വളരെ ദൂരദേശത്തുനിന്നും, നാമദേവനെ അന്വേഷിച്ചുവരുന്നവനാണു്. ന

ടന്നുനടന്നു വശംകെട്ടുപോയി. അദ്ദേഹം എവിടെ വിളിപ്പിൻ!

കനാഭായി, അതുകേട്ട് ഇവൻ നാമദേവനെ അന്വേഷിക്കുന്നതു ഭക്ഷണം വേണമെന്നുള്ള അശയാലായിരിക്കും എന്നു നിശ്ചയിച്ചും, നാമദേവനെക്കാണിച്ചുകൊടുത്താൽ ഇവനും ചുമട്ടുകാളയ്ക്കും ഭക്ഷണത്തിനുവകകൊടുക്കേണ്ടിവരുമെന്നും, വീട്ടിൽ ഭക്ഷണത്തിനു യാതൊന്നുമില്ലാതെ പട്ടിണികിടക്കുന്ന സ്ഥിതിക്കു അതു സാദ്ധ്യമല്ലെന്നും ഉദ്ദേശിച്ചു, നാമദേവൻ ഇവിടെയില്ല; എവിടെയോ പോയിരിക്കയാണു്. അവനെക്കണ്ടിട്ട് നിനക്കെന്തുവേണം വന്നവഴിക്കു പൊയ്ക്കൊൾകേവേണ്ടു എന്നുപറഞ്ഞു.

ഭഗവാൻ:—ക്ഷോഭിക്കണം അമ്മ! നാമദേവൻ അടുത്തെങ്ങാനുമുണ്ടെങ്കിൽ അന്വേഷിച്ചു് വിളിപ്പിക്കണം. ഞാൻ എത്രദൂരത്തുനിന്നും വെയിൽകൊണ്ടു വിഷമിച്ചു് അദ്ദേഹത്തെ അന്വേഷിച്ചു വന്നവനാണു്. വെളിക്കിറങ്ങിവന്നു്, എന്നോടൊരു നല്ലവാക്കു പറകയോ എനിക്കു ദാഹത്തിനെങ്കിലും വല്ലതും തരികയോ ചെയ്യാതെ, “നാമദേവൻ ഇവിടെയില്ല. താൻ പൊയ്ക്കൊള്ളു,” എന്നു പരുഷസ്വരത്തിൽ പറയുന്നതുസൌജന്യക്കേടല്ലെ! നിങ്ങൾ എനിക്കു വിരുന്നുസൽക്കാരമൊന്നും ചെയ്യണമെന്നില്ല. നിങ്ങൾക്കതിനു ശക്തിയില്ലെന്നുള്ളതും എനിക്കറിയാം. പണമില്ലാത്തവൻപിണം എന്നൊരു ചൊല്ലുണ്ടു്. ദാരിദ്ര്യത്തെപ്പോലെ വലുതായ വ്യാധി വേറെയില്ലതന്നെ. അഷ്ടിക്കില്ലാതെ കഷ്ടപ്പെടുന്നതേക്കാൾ മരിക്കുന്നതുത്തമം.—വല്ല സൌജന്യവും ചെയ്യണമെന്നുദ്ദേശിച്ചു മൌനം ദീക്ഷിച്ചിരിക്കുന്ന നിങ്ങളുടെമുഖത്തുനോക്കിക്കൂടാത്തതാണു്. എന്നാലും യജമാനന്റെ ഉത്തരവനുസരിച്ചു് ഇവിടെവരാൻ ഇടയായിപ്പോയല്ലോ. നിങ്ങൾക്കു പക്ഷേ, വഴക്കടിച്ചാലും ഇനിനാമദേവരെക്കണ്ടതിനുമേലേ എനിക്കുമടങ്ങിപ്പോകാൻ നിവൃത്തിയുള്ളു, എന്നുപറഞ്ഞു്, വാതിൽപടിമേൽ, കേറിഇരിപ്പായി. ഈ വാക്കുകൾ കേട്ടു്, കനാഭായിക്കു കോപം സഹിക്കവയ്യാതെയായി. പഞ്ചനമുണ്ടെങ്കിൽ ചഞ്ചലഭാവവുമുണ്ടെന്ന പഴഞ്ചൊല്ലുപോലെ കാളക്കാരനെ വെറുതേ പറഞ്ഞയയ്ക്കണമെന്നുള്ള ഉദ്ദേശം അവർക്കുണ്ടായതുകൊണ്ടു്, അവന്റെ വാക്കു് പ്രത്യേകിച്ചും അവൾക്കു അഭിമാനത്തെ ഉണ്ടാക്കി. എന്നിട്ടു, അവൾ അവനെനോക്കി, അരെടാ ഇത്ര ധിക്കാരം കാണിക്കുവാൻ? നിനക്കിവിടെവല്ലവരും വല്ലതുംതരാനുണ്ടോ? വാതിൽ പടിമേൽ കേറിയിരുന്നുകൊണ്ടാക്ഷേപിക്കാൻ നീ ആര? വേഗം എഴുന്നേററു പൊയ്ക്കോ നല്ലതിനു്? എന്നുപറഞ്ഞു.

ഭഗവാൻ:—എടാ! ഇവർ കൊടുംപാപികളായിരിക്കുന്നല്ലോ. ഇങ്ങനെയുള്ള മുരട്ടുമനുഷ്യരെ ദൈവം എന്തിനു സൃഷ്ടിക്കുന്നു? കൊടുക്കാനൊന്നുമില്ലെങ്കിലും വഴിപോക്കർ വന്നാൽ കുടിപ്പാൻ കുറേവെള്ളമെങ്കിലും കൊടുത്തു നല്ലവാക്കു പറഞ്ഞയയ്ക്കരുതോ? നാമദേവൻ ഇനി, ഇപ്പോൾ വരുമോ എന്തോ? എന്നുപറഞ്ഞു്, കനാഭായിയുടെ വാക്കു വകയ്ക്കാതെ, ആ വാതിൽ പടിമേൽതന്നെ ഇരുന്നു.

കനാഭായി:—എടാ നീ വഴിമാറിത്തരികയില്ലയോടാ? അഹങ്കാരി! നിനക്കുദാഹമുണ്ടെങ്കിൽ അതാ കിണർകിടക്കുന്നു. കുറെവെള്ളംകോരി ക്കുടിച്ചു ദാഹംതീർത്തുകൊൾക.

ഭഗവാൻ:—വൃദ്ധയായ സാധ്വി! ദാഹത്തിനു ഞാൻ നിങ്ങളോടുവല്ലതുംആവശ്യപ്പെട്ടുവെങ്കിലല്ലേ എനിക്കു കിണർകാണിച്ചു തരേണ്ടതുള്ളു? പരവശനായ ഒരു വഴിപോക്കനു ദാഹത്തിനു വല്ലതും കൊടുക്കുന്നിടത്തോളം പുണ്യം വേറെയില്ല. മഹാപാപികളായ നിങ്ങൾക്കു ആ പുണ്യം കൈവരുത്തണമെന്നു എനിക്കു പക്ഷമില്ല. വൃദ്ധയായിട്ടും പ്രസവിക്കാത്ത മലടിക്കു കാരുണ്യം ഉണ്ടാകുന്നതെങ്ങനെ? വയസ്സാകുന്നതുവരെ നിങ്ങൾഗൃഹസ്ഥാശ്രമത്തിലിരുന്നതു്, ഈവിധ ധർമ്മത്തോടുകൂടിയാണോ? എങ്കിൽ അതുനന്നുതന്നെ. ഈസംസാരം കേട്ടുകൊണ്ടിരുന്ന താംസേട്ടി കോപിച്ചു്, “ആരെടാ അതു്? വഴിപോക്കൻകേറി പടിവാതുക്കൽ ഇരുന്നു് വീട്ടുകാരെ ശകാരിക്കാറായോ? എഴുന്നേററു പൊയ്ക്കോ നല്ലതിനു്? അല്ലെങ്കിൽ തക്ക അനുഭവം ഇപ്പോൾകിട്ടും.”

ഭഗവാൻ:—മഹാവൃദ്ധനേ! ഇതാണോ താങ്കളുടെ ന്യായം? ഇങ്ങനെയുള്ള നിങ്ങൾ

ക്കാനോ സഹായംചെയ്വാൻ ഞാൻവരുന്നത്. നിങ്ങളുടെധിക്കാരത്തിന്ന നിങ്ങളെ ഒരു നല്ലപാഠം പഠിപ്പിക്കേണ്ടതാണ്. പക്ഷെ, നാമദേവരുടെ മുഖംശങ്കിച്ചാണ ഞാൻഅനങ്ങാതെയിരിക്കുന്നത്. കഷ്ടം! ഇങ്ങനെയുള്ള പരമലോഭികൾക്കാണോ കേശവശെട്ടർ, ഇത്രവളരെ ദ്രവ്യം തന്നയച്ചിരിക്കുന്നത്. ഇവക്ക് ഞാൻ മരിച്ചാലും ഈ ലക്ഷംവരാഹൻ കൊടുക്കയില്ലാ എന്നുപറഞ്ഞ്, കാളയെ അടിച്ചോടിച്ചുകൊണ്ടും ഏതാനുംവരാഹൻ ചാക്കിൽ നിന്നു ചോൎന്നുവീഴത്തക്കവണ്ണംചെയ്തുംബദ്ധപ്പെട്ടുനടന്നു.

അതുകണ്ടുകുനാഭായിയും താംസേട്ടിയും പുറകേകൂടി കാളയെ മുമ്പിട്ടുതടുത്തു, ഭഗവാന്റെ (കാളക്കാരന്റെ) താടിക്കുസ്നേഹപൂൎവം പിടിക്കുകൊണ്ട്, അപ്പനേ! ഞങ്ങളുടെ ദാരിദ്ര്യംകൊണ്ടും, വിശപ്പുവൎദ്ധിച്ചുണ്ടായ ശീലക്കേടുകൊണ്ടും, വാൎദ്ധക്യത്തിന്റെ ആധിക്യംകൊണ്ടും. വകതിരിവില്ലാതെ ഓരോന്നു പറഞ്ഞുപോയതാണ്. അതു നീ ക്ഷമിക്കണം. ഞങ്ങൾക്കായികൊണ്ടുവന്ന ദ്രവ്യം തരാതെ കൊണ്ടുപൊയ്ക്കളയരുത്. ദാരിദ്ര്യപീഡിതന്മാരെ സഹായിക്കുന്നതു പരമസുകൃതമാകുന്നു എന്നു ശാസ്ത്രംതന്നെയുണ്ട്. അതുകൊണ്ട്, സാത്വികബുദ്ധിയോടുകൂടി, ഞങ്ങൾക്കായികൊണ്ടുവന്നദ്രവ്യം തിരികെക്കൊണ്ടുപോകാതെ ദാനംചെയ്യണമെന്നപേക്ഷ എന്നുപറഞ്ഞു.

ഭഗവാൻ സമീപസ്ഥന്മാരായ ആളുകളെ വിളിച്ച്, ഹേ മഹാജനങ്ങളെ! നിങ്ങൾ ഒരു ന്യായംപറയണം. ഇപ്പോൾ ഇവരുടെ ഈ സൗജന്യവും മൎയ്യാദയുമൊക്കെ, എന്നെശങ്കിച്ചോ ഈ പണത്തെ മോഹിച്ചോ എന്നുനിങ്ങൾതന്നെ പറയണം. ആരെങ്കിലും വിരുന്നുവന്ന്, ഇവരുടെവീട്ടിൽ കയറിയാൽ ദാഹത്തിന്നല്പം വെള്ളംപോലുംലഭിക്കാതെ വിശന്നു വലഞ്ഞ്, ശകാരവുംകിട്ടിയല്ലയോ പോകേണ്ടത്? ദാരിദ്ര്യാവസ്ഥ സംഭവിക്കുമ്പോഴാണല്ലോ ധൎമ്മത്തെയും ഭാൎയ്യയുടെസ്നേഹത്തെയും സ്നേഹിതന്മാരുടെ ഒത്താശയേയും, ബന്ധുക്കളുടെ വിശ്വാസത്തെയും പരീക്ഷിച്ചുനോക്കേണ്ടതു ? ധൎമ്മിഷ്ഠരായ ഇവർ, ദാരിദ്ര്യംവന്നുകൂടിയപ്പോൾ, അവരെ സഹായിക്കാൻ വന്ന എന്നെ ദാഹിച്ചവെള്ളംപോലും തരാതെ ഉപദ്രവിക്കാൻ കോപ്പുകൂട്ടിയവരാണ്. ദാരിദ്ര്യകാലത്തിൽ ദാനശീലവും അധികാരകാലത്തിൽ വിനയവും, ദുഃഖകാലത്തിൽ ധൈൎയ്യവും അവമാനകാലത്തിൽ സന്തോഷവും ഉള്ളവരത്രേ യഥാൎത്ഥപുരുഷന്മാർ. അതുപോലെ മുതലില്ലാത്ത കാലത്തു ഭൎത്താവിൽ ഭക്തിയും, കാവലില്ലാത്തകാലത്തു ചാരിത്രരക്ഷണവും, ഭൎത്താവു കോപിക്കുമ്പോൾ ശാന്തതയും, അതിഥിസൽക്കാരത്തിൽ ഉത്സാഹവും ഉള്ളവരാണ് യഥാൎത്ഥസ്ത്രീകൾ.

ഇങ്ങനെയിരിക്കെ, ഈ ദുഷ്ടപ്പരിഷയെ പുണ്യശാലികളെന്നും വ്രതശീലരെന്നുംനാട്ടിലുള്ളവർ പുകഴ്ത്തുന്നതു വെറുതേയല്ലെ? ഇവർ ദുഷ്ടരാണെന്നതെളിയിക്കുന്നതിന്നു സ്ഥാലീപുലാകന്യായേന, ഈ ഒരു പ്രവൃത്തിമാത്രം മതിയാകും.” എന്നുപറഞ്ഞു കൊണ്ടു വീണ്ടും കാളയേ അടിച്ചുനടത്തിത്തുടങ്ങി. ഉടനെ താംസേട്ടിയും കുനാഭായിയും ഹേ ക്ഷമാശീലനായ പുണ്യപുരുഷ! കോപം പാപത്തെ അറികയില്ല. എന്നുള്ള പഴഞ്ചൊല്ലുപോലെ, ദാരിദ്ര്യാധിക്യത്താലും വാൎദ്ധക്യത്താലും സംഭവിച്ചഭ്രമത്താൽ ഞങ്ങൾ ചെയ്തുപോയ തെറ്റു ക്ഷമിക്കണം. ഞങ്ങൾക്കായികൊണ്ടുവന്നധനം സദയം ദാനംചെയ്താലും! എന്നപേക്ഷിച്ചു.

**ഭഗവാൻ:**—അല്ലയോമഹാജനങ്ങളെ! ഇപ്പോൾ ഇവരുടെ നല്ലവാക്കും മൎയ്യാദയും നിങ്ങൾ കണ്ടുവോ? ഇവൎവഴക്കിന്നുനിങ്ങൾതന്നെ ഒരു സമാധാനം ഉണ്ടാക്കിത്തരണം. അച്ചാലാകട്ടും പോച്ചാൽ പോകട്ടും എന്ന നിലയാണിപ്പോൾ ഇവർ അംഗീകരിച്ചിരിക്കുന്നത്. ഇവർ അധൎമ്മിഷ്ഠരും ധനലോഭികളുമാണ്. ഈ കഴുട്ടശവങ്ങളോടുസംസാരിക്കുന്നതുപോലുംപാപമാണ്. എന്നു പറഞ്ഞ് ഹേ ലോഭികളെ! പാപികളെ അവിശ്വാസികളെ! എന്നൊക്കെ വൃദ്ധരെ അധിക്ഷേപിച്ചുകൊണ്ടുവീണ്ടും കാളയെഅടിച്ചോടിച്ചുതിരിച്ചുനടന്നു. അതുകണ്ടു കുനാഭായി അപ്പനേ ഞങ്ങളെ നിരാശപ്പെടുത്തിയുംവെച്ചു പോകരുത്. ധനത്തിലുള്ള ആശകൊണ്ടുമാത്രം ഞങ്ങൾ ഇതു പറകയാണെന്നു വിചാരിക്കയുമരുത്. നാമദേവനും കൊടുക്കാനായി തന്നയച്ചപണം ഞങ്ങളുടെ അവിവേക

ത്താൽ തിരികെക്കൊണ്ടുപോകുന്നതിനിടയാകുന്നതു ശരിയല്ലെന്നുള്ളതാണു മുഖ്യഉദ്ദേശം. ഈ ധനംകൊണ്ട്, ഞങ്ങളുടെയും മററു പലസാധുക്കളുടെയും ദാരിദ്ര്യത്തെതീർക്കാൻ സാധിക്കുമെന്നും അതുവഴി ആത്മാവിനു ശാന്തിലഭിക്കുമെന്നുംഉള്ള മോഹവും ഇല്ലെന്നില്ല, അതുകൊണ്ട്, ഞങ്ങൾ ചെയ്ത തെററുകൾ ക്ഷമിച്ച്, വീട്ടിനുള്ളിൽവന്നു വിശ്രമിച്ചു, ഈ ദ്രവ്യത്തെയുംതന്ന്, അതിൽ ഒരംശംകൊണ്ടു ഞങ്ങൾചെയ്യുന്ന സല്ക്കാരത്തെയും പരിഗ്രഹിച്ച്, ഞങ്ങളെ അനുഗ്രഹിച്ചിട്ടുവേണം പോകാൻ എന്നപേക്ഷയുണ്ട്. എന്നു പറഞ്ഞ്, ഭഗവാൻെറ കൈകളിൽ ആ വൃദ്ധദമ്പതികൾ ബലാൽ കടന്നുപിടിച്ച്, വീട്ടിനുള്ളിൽ കൊണ്ടുപോയി ആസനത്തിന്മേൽ ഉപവേശിപ്പിച്ചു. അനന്തരം ആ ധനം കൊടുത്തയച്ച കേശവശെട്ടർ എന്ന ഉദാരശീലൻ ആരെന്നും നാമദേവനുമായി അദ്ദേഹത്തിനു പരിചയവും സ്നേഹവും സിദ്ധിച്ചതെങ്ങനെയെന്നും മററും പറയണമെന്നാവശ്യപ്പെട്ടു.

**ഭഗവാൻ:**—ഹാഹാ! പണമെന്നുപറഞ്ഞാൽ പിണവുംവാപൊളിക്കും എന്നുള്ളതു സത്യംതന്നെ- കിഴട്ടുശവങ്ങളായി കുഴിയിൽ കാലുംനീട്ടിയിരിക്കുന്ന നിങ്ങളുടെ ധനാശതന്നെ അതിനു ദൃഷ്ടാന്തമല്ലേ. "മാനംവിററുംകാണംതേടണം" എന്ന നീചന്യായത്തെ മുദ്രാവാക്യമായി സ്വീകരിച്ച്, ഈ നാട്ടിനെ ദുഷിപ്പിക്കുന്നനിങ്ങളെപ്പോലെ മററാരെയും ഞാനെങ്ങും കണ്ടിട്ടില്ല. ഹേ ധനലോഭികളേ! ജീവകാരുണ്യമില്ലാത്ത പാപികളേ! എന്നൊക്കെ ഓരോരോ അധിക്ഷേപങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

താംസേട്ടി, അതിനിടയ്ക്ക്, അക്ഷമനായി വെളിക്കിറങ്ങിച്ചെന്ന്, പൊതിക്കാളയെ തട്ടത്തടിച്ചു വീട്ടിൽകയററി, അതിൻെറ പുറത്തിരുന്ന ഭാരം തള്ളിത്തറയിലാക്കീട്ട്, തൊഴുത്തിലിൽ വൃത്തിയുള്ള ഒരുഭാഗത്തു കൊണ്ടുകെട്ടി. അനന്തരം ഭഗവാൻെറ സമീപത്തു വന്നിന്ന്, ഞങ്ങൾചെയ്ത അപരാധത്തെ സദയം വിസ്മരിച്ചു കളയണമെന്നും ആ ചാക്കിലുള്ള വരാഹൻ അഴിച്ചു എണ്ണിനോക്കുന്നതിനും മററും അനുവദിക്കണം എന്നും പ്രാർത്ഥിച്ചതുമല്ലാതെ, ദാതാവായ കേശവശെട്ടരെക്കുറിച്ചുള്ള വിവരങ്ങളും നാമദേവനെ സ്നേഹിക്കാനുള്ള കാരണങ്ങളുംമററും പറയണമെന്നു ആവശ്യപ്പെടുകയുംചെയ്തു.

**ഭഗവാൻ:**—ഹേ താംസേട്ടി! താങ്കൾ വലിയ ലോഭിയാണെന്നു കാണുന്നു—"ആശാഹിപരമംദുഃഖം—നൈരാശ്യംഹിസുഖപ്രദം" എന്ന സ്മൃതിവാക്യം താങ്കൾ ഓർക്കുന്നില്ലേ? ധനത്തിലിപ്രകാരമുള്ള ആശ, താങ്കളെപ്പോലെയുള്ള ഒരുത്യാഗിക്കുചേരുന്നതാണോ? ഏതായാലും, യജമാനൻെറ കല്പനപ്രകാരം പണം ഞാൻനിങ്ങൾക്കുതന്നെതരാൻനിശ്ചയിച്ചു. അതാ, ആ ചാക്കഴിച്ച്, അതിലുള്ള സഞ്ചികൾ പത്തും എണ്ണിനോക്കുക. ഓരോസഞ്ചിയിലും പതിനായിരം വരാഹൻവീതമുണ്ട്. ഇതു, നാമദേവരെക്കുറിച്ചുള്ള പ്രത്യേകപ്രതിപത്തികൊണ്ട്, കേശവശെട്ടർ തന്നയച്ചതാണ്. അദ്ദേഹത്തിൻെറ രാജ്യം വൈകുണ്ഠപുരമാണ്. നാമദേവനെ ബാല്യത്തിലെ അദ്ദേഹത്തിനു പരിചയവും സ്നേഹവും ഉണ്ട്. പണ്ഡരീനാഥക്ഷേത്രത്തിൽ നൈവേദ്യവും കൊണ്ടുചെല്ലുമ്പോൾ, അവിടെവെച്ചു കണ്ടുള്ള പരിചയമാണെന്നാണു പറഞ്ഞുകേട്ടിട്ടുള്ളതു്. ഇനിവേഗം പണം എണ്ണിഎടുക്കണം. എനിക്കു താമസിയാതെ മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. എന്നരുളിച്ചെയ്തു മന്ദഹാസത്തോടുകൂടിയിരുന്നു.

താംസേട്ടിയും പത്നിയുമായിച്ചെന്ന് ചാക്കഴിച്ചുനോക്കിയപ്പോൾ അതിൽപത്തുസഞ്ചികൾ കാണപ്പെട്ടു. ഒരുസഞ്ചിയിലെ വരാഹൻ എണ്ണുന്നതിനായിഅഴിച്ചുകുടഞ്ഞിട്ടു. ഹാ ഹാ! അപ്പോൾ ആ വൃദ്ധദമ്പതിമാരുടെ കണ്ണുകൾ മഞ്ഞളിച്ചുപോയി. അവർ ആനന്ദസാഗരത്തിൽ മുങ്ങിക്കുളിക്കുകയും കുളിക്കുകയുംചെയ്തു. വൃദ്ധരായ അവരുടെ മുഖപത്മങ്ങൾ മന്ദഹാസപ്രഭയാ വികസിച്ചു കണ്ണുകളിൽകൂടി ആനന്ദബാഷ്പം പ്രവഹിച്ചു. ഇതികർത്തവ്യതാമൂഢരായ അവർ, കുട്ടികളെപ്പോലെതുള്ളിക്കളിച്ചുകൊണ്ട്, അപ്പൊൻകുന്നിനുചുററും ഓടിനടന്നു. അതിനിടയ്ക്കു പലപ്പോഴും ഭഗവാൻെറ മുമ്പിൽവന്ന്, ധന്യവാദങ്ങളും ആശീർവാദങ്ങളും വർഷിച്ചു, സന്തോഷാധിക്യത്താൽ തടഞ്ഞുണ്ടായതൊണ്ടയിടറലോടേ ഭാഗ്യൈശ്വര്യനാടകത്തിൻെറ പ്രസ്താവന അവർ അഭിനയിച്ചു. അതൊക്കെ

കണ്ടാനന്ദംപൂണ്ടു കരുണാസാഗരനായ ഭഗവാൻ, അവരെനോക്കി—"ഹേ ഭാഗ്യമേറിയ ദമ്പതികളെ! ഭഗവൽഭക്തിയുള്ള സുകൃതികളെ! ഞാൻ ഈ കാളയെക്കൊണ്ടുപോയി ചന്ദ്രഭാഗാനദിയിൽ കുളിപ്പിച്ച്, ഞാനും കുളിച്ച്, പണ്ഡരീനാഥക്ഷേത്രത്തിൽ കയറി, ഭഗവാനെ വന്ദിച്ച്, നാമദേവരെയും കണ്ടു സംസാരിച്ചു താമസിയാതെ മടങ്ങിവരാം എന്നുപറഞ്ഞ്, അനുവാദംവാങ്ങിക്കൊണ്ട്, കാളയുമായി വെളിക്കിറങ്ങി അന്തർദ്ധാനം ചെയ്തു.

കുനാഭായിയും താംസേട്ടിയും വേഗംതന്നെ ആ വരാഹൻ എണ്ണിത്തിട്ടപ്പെടുത്താൻ ആരംഭിച്ചു. അക്കാര്യത്തിൽ തങ്ങളെ സഹായിക്കാൻ, വിനീതയായി ഒരുഭാഗത്തുനിന്നിരുന്ന രാജാഭായിയെക്കൂടെ അവർ വിളിച്ചു ഒരു സഞ്ചിയിലെനാണയമെണ്ണി അതുപതിനായിരമുണ്ടെന്നു കണ്ടപ്പോൾ, അതേവലിപ്പത്തിലുള്ള മററുസഞ്ചികളിലും അത്രയുംതന്നെവരുമെന്നു നിശ്ചയിച്ച്, തങ്ങളുടെ ആ നിധി, പുരയ്ക്കകത്തൊരുഭാഗത്തു സംഗ്രഹിച്ചശേഷം, അതിൽനിന്നും ഒന്നുരണ്ടുവരാഹൻ എടുത്തുകൊണ്ടുപോയി, താംസേട്ടി, അന്നേക്കാവശ്യമുള്ള ഭക്ഷണസാധനങ്ങൾ വാങ്ങിക്കൊണ്ടുവന്ന്, അത്യാമോദത്തോടെ ഭഗവാന് ഷഡ്രസാപേതമായ നൈവേദ്യം, പാകപ്പെടുത്തിച്ച്, രാജാഭായിയെക്കുളിപ്പിച്ച് അവൾക്കുവേണ്ടവസ്ത്രാഭരണങ്ങൾ ആദരവോടുകൂടി വാങ്ങി അണിയിച്ച്, അവളുടെ പക്കൽ അത് (നൈവേദ്യം) ക്ഷേത്രത്തിലേക്കു കൊടുത്തയച്ചശേഷം, തങ്ങൾക്കും അതിഥികൾക്കും ആവശ്യമുള്ളടത്തോളം ഭക്ഷണസാധനങ്ങൾ സ്വാദുകരമായും ഭംഗിയായും പാകംചെയ്ത്, കുനാഭായിയേയുംതാംസേട്ടിയേയും പണ്ഡരീനാഥനെ കാത്തുവീട്ടിലിരുന്നു.

രാജാഭായി, സർവ്വാഭരണഭൂഷിതയായി നൈവേദ്യവുംകൊണ്ട്, പണ്ഡരീനാഥക്ഷേത്രത്തിലേക്കു സഹജമായ മന്ദഗതിയിൽ പോകുമ്പോൾ, കണ്ടവരെല്ലാം, ഇവൾ ദേവനടിയായ രംഭയോ ദേവലോകേശ്വരിയായ ഇന്ദ്രാണിയോ ഉമയോ രമയോ ഭാരതിയോ രതിയോ എന്നൊക്കെ പുകഴ്ത്തി അത്ഭുതപ്പെട്ടുനോക്കിക്കൊണ്ടുനിന്നു. വളരെനേരം നൈവേദ്യവുംകൊണ്ടുനടന്നു, തളർന്ന ആ പെൺകുട്ടിവൃഥാ താമസത്തിനിടയാക്കാതെ പണ്ഡരീനാഥക്ഷേത്രത്തിൽ ചെന്നുചേർന്നു. അവിടെ ഭഗവാന്റെ മുമ്പിലായി, കണ്ണടച്ച്, ഭഗവന്നാമങ്ങളും ജപിച്ച്, ഹൃദയത്തിൽനിറഞ്ഞുനിൽക്കുന്ന സന്തോഷക്കടലിൽനിന്നുംഇടയ്ക്കിടെപ്പൊന്തിവരുന്ന ആനന്ദകല്ലോലങ്ങളുടെ നൃത്തമോ എന്നുതോന്നുമാറുള്ള മുഖതേജസ്സോടും പ്രസാദത്തോടും, പട്ടിണികൊണ്ടുമെലിഞ്ഞ ശരീരത്തോടുംകൂടിയിരിക്കുന്ന ഭക്തോത്തമനായ ഭർത്താവിനേയും ഭക്തവത്സലനായ ഭഗവാനെയും കണ്ട്, ഭക്തിയും ആനന്ദവും ഉൾക്കൊണ്ട്, നൈവേദ്യം ഭഗവൽസന്നിധിയിൽ നിക്ഷേപിച്ചശേഷം, ആ സാദ്ധ്വീരത്നം ദണ്ഡനമസ്കാരംചെയ്തു തൊഴുതെഴുന്നേററ് അകലെ മാറിനിന്നു. എന്നിട്ടുഭർത്താവിനെനോക്കി—"ഹേ പ്രാണനാഥ! ഇതാഞാൻ ഭഗവാനുനൈവേദ്യംകൊണ്ടുവന്നുവച്ചിരിക്കുന്നു. വേഗംതന്നെ എഴുന്നേററു പൂജകഴിക്കണം. അങ്ങുംവിശന്നിരിക്കയാണല്ലോ അനന്തരം നമുക്കൊരുമിച്ചു വീട്ടിൽപോയി ഭക്ഷണംകഴിക്കാം. ഭഗവൽകടാക്ഷത്താൽ നമ്മുടെ ദാരിദ്ര്യം എന്നേക്കുമായിത്തീർന്നിരിക്കുന്നു" എന്നറിയിച്ചു; തന്റെ പ്രാണേശ്വരിയുടെ ഒച്ചകേട്ട്, സമാധിയിൽനിന്നും വിരതനായ നാമദേവൻ കണ്ണുതുറന്നു നോക്കി അത്ഭുതത്തോടെ, പ്രിയതമേ! നിനക്ക്, ഈ ശ്രേഷ്ഠവസ്ത്രാഭരണങ്ങൾ എവിടെക്കിട്ടി? നൈവേദ്യത്തിനു ഈ അപൂർവ്വഫലങ്ങളും പായസാന്നവും ഉണ്ടാക്കാൻ എങ്ങിനെ സാധിച്ചു? എന്നുചോദിച്ചു.

രാജാഭായി:—പ്രാണനാഥ! അങ്ങേബാല്യസ്നേഹിതനായ വൈകുണ്ഠപുരത്തിലെ കേശവശെട്ടിക്കർ എന്നമഹാൻ ലക്ഷം വരാഹൻ അങ്ങേക്കായി ഇന്നുകൊടുത്തയച്ചു. വരാഹൻ ചാക്കിൽനിറച്ച്, ഒരുകാളപ്പുറത്തിട്ട്, ഒരു വേലക്കാരനെ ഏൽപ്പിച്ചാണയച്ചത് അവൻ അവിടെ വന്നന്വേഷിച്ചതിൽ അങ്ങേക്കാണായ്കകൊണ്ടു, വരാഹൻ അമ്മയേയും അച്ഛനേയും ഏൽപിച്ചും വച്ച്, അങ്ങേക്കാണ്മാനായി ഇങ്ങോട്ടു പോന്നിട്ട്, ഇപ്പോൾ ഒരു യാമമാകും—അയാളെ അങ്ങു കണ്ടില്ലയോ? നാമദേവർക്കു ഇതുകേട്ടപ്പോൾ അത്ഭുതവും ആനന്ദവും ഉണ്ടായി. കേശവശെട്ടിക്കർ എന്നൊരു പരിചിതന്തനി

ക്കില്ലായ്കകൊണ്ടു്, സാക്ഷാൽ വൈകുണ്ഠപുരത്തിലെ കേശവസ്വാമിതന്നെയാണ വരംഹൻകൊണ്ടുപോയിക്കൊടുത്തതെന്നദ്ദേഹം ഊഹിച്ചു.

ഏതായാലും വേഗത്തിൽ പൂജകഴിച്ചുവച്ചു്, വീട്ടിൽചെന്നന്വേഷിക്കാമെന്നുനിശ്ചയിച്ചുകൊണ്ടു്, വേഗത്തിൽപോയി കുളിച്ചുവന്നു്, പൂജ ആരംഭിച്ചു. ഭഗവാൻപതിവുപോലെ ഭോജനംകഴിക്കാൻ പ്രത്യക്ഷനായപ്പോൾ, നാമദേവൻ പതിവില്ലാത്ത ദുഃഖഗതിയോടുകൂടി നിൽക്കുന്നതുകണ്ടു്, ഒന്നുമറിയാത്തവരെപ്പോലെ, അതിൻെറ കാരണംചോദിച്ചു.

**നാമദേവൻ:**—ദേവദേവനായ ഭഗവാനെ! നിന്തിരുവടി അടിയനുവേണ്ടി ഒരുവേലക്കാരൻെറ വേഷംധരിച്ചുവോ? അസംഖ്യം ദ്രവ്യം എൻെറ മാതാപിതാക്കളെ ഏല്പിച്ചുവോ? എന്നുചോദിച്ചു തൊഴുതു.

**ഭഗവാൻ:**—ഭക്തോത്തമ! നീ വളരെനാളായി എനിക്കു അന്നം ഊട്ടുകയുംഒരുശമ്പളക്കാരനെപ്പോലെ ഇവിടെ കാവലിനിൽക്കയുമല്ലെചെയ്യുന്നതു്? അതിനുഞാൻപ്രതിഫലംയാതൊന്നും തന്നിരുന്നില്ലല്ലോ. ഇപ്പോൾതന്നതു്, ആ പ്രതിഫലമാണെന്നുമാത്രം വിചാരിച്ചുകൊണ്ടാൽമതി. ഇനി മേലാൽനീ ഇങ്ങനെ രാപ്പകൽ ഇവിടെത്താമസിക്കണമെന്നില്ല പകൽ ഇവിടെയും രാത്രി വീട്ടിലുംതാമസമാക്കിക്കൊൾക" എന്നരുളിച്ചെയ്തുമറഞ്ഞു.

നാമദേവൻ സന്തുഷ്ടനായി ഭാൎയ്യയോടൊന്നിച്ചു്, സായാഹ്നമായപ്പോൾ വീട്ടിൽപോരികയും അടുത്തപ്രഭാതമായപ്പോൾ വീണ്ടും ക്ഷേത്രത്തിൽ പോകയുംചെയ്തു.

---

## അഞ്ചാമദ്ധ്യായം.

### (ഭഗവാൻ, ഭൃത്യരൂപത്തിൽവന്നുവേലചെയ്തതു്)

ഇങ്ങനെ നാളുകൾ കഴിഞ്ഞുവരവേ, ഭഗവൽപ്രസാദലബ്ധമായ ആ ധനത്തെ സദ്വിഷയങ്ങളിൽ വിനിയോഗിക്കാമെന്നു നിശ്ചയിച്ചു. "ദാനത്താൽ ധനപുഷ്ടിയെ ട്ടുന്നൂപനം കാൎശ്യാൽ പ്രകാശിക്കുമേ" എന്ന തത്വത്തെ അനുസ്മരിച്ചു്, അന്നാദിദാനങ്ങൾ ധാരാളംചെയ്തുകൊണ്ടിരുന്നു. അല്പകാലത്തിനകം വരാഹൻ മുഴുവൻ തീൎന്നു. ഒടുവിൽ താമസിക്കുന്ന ഭവനംപോലും വിററു സാധുക്കൾക്കു ദാനംചെയ്തു. യാതൊരു മുതലുമില്ലാതായപ്പോൾ പഴയപടി, പണ്ഡരിനാഥക്ഷേത്രത്തിൽചെന്നു്, ഭഗവൽഭജനം നടത്തിക്കൊണ്ടിരുന്നു. അച്ഛനമ്മമാരും രാജാഭായിയുംവീടില്ലാതായപ്പോൾ ഒരുപന്തൽകെട്ടിച്ചുകെട്ടി അതിൽ താമസിച്ചു, തയ്യൽവേലചെയ്തു് ഭഗവൽപൂജക്കുവേണ്ട നൈവേദ്യം മുട്ടാതെകൊടുത്തയച്ചുവന്നു. അങ്ങനെയിരിക്കുമ്പോൾ ഗൎഭിണിയായിരുന്ന രാജാഭായി സുമുഹൂൎത്തത്തിൽ ഒരു പുത്രനെ പ്രസവിച്ചു. അത്യന്തം സുകുമാരനായ ആ കുട്ടിയെക്കണ്ടു, നാമദേവൻെറ അച്ഛനമ്മമാരും രാജാഭായിയും വളരെസന്തോഷിച്ചു. അപ്പോൾ, ഭഗവാൻ നാമദേവൻെറമുമ്പിൽ പ്രത്യക്ഷപ്പെട്ടു് "പ്രിയനാമദേവ! നിനക്കു സുകുമാരനായ ഒരുപുത്രൻ ജനിച്ചിരിക്കുന്നു. നീപോയി വേഗംതന്നെ അവനെ ദൎശിച്ചു മടങ്ങിവരിക" എന്നരുളിച്ചെയ്തയച്ചു. ഭഗവൽകല്പനയനുസരിച്ചു നാമദേവൻ ഗൃഹത്തിൽപോയി പുത്രൻെറകോമളമായമുഖം കണ്ടാനന്ദിച്ചശേഷം വീണ്ടും ദേവാലയത്തിലേക്കു പോകാൻഭാവിച്ചു. അച്ഛനമ്മമാർ അതുകണ്ടു ഇങ്ങനെ തടുത്തുപറഞ്ഞു. "പ്രിയപുത്ര! ഇന്നുനിൻെറ ഭാൎയ്യപ്രസവിച്ചദിവസമല്ലേ? കുഞ്ഞിനെക്കണ്ടു സന്തോഷിച്ചുകൊണ്ടു ഇന്നെങ്കിലും ഇവിടെയിരിക്കരുതോ? പിതാക്കളുടെ അഭിലാഷത്തിനു വിരോധംപറയാതെ ഉടനേനാമദേവൻ യാത്രമുടക്കി ആ പന്തലിൽതന്നെ കിടന്നു. അപ്പോൾ ചെറുതായ

ഒരു മഴ ആരംഭിച്ചു. പന്തലിന്റെ മേൽതട്ടിൽ മറച്ചിരുന്ന പുല്ലുകളെല്ലാം പൊടിഞ്ഞുപോകകൊണ്ടു പഴുതുകളിൽകൂടി വെള്ളം അകത്തേക്കു വീണു. ഉടനേ ദാംസേട്ടി നാമദേവനെ നോക്കി "വിവേകഹീനനായ പുത്ര! മഴവെള്ളം പൊഴിഞ്ഞുവീഴുന്നതു നീ കാണുന്നില്ലേ? പിൽകാലത്തേക്കു ഒരു കാൎയ്യംപോലും കരുതിവയ്ക്കാതെയും താമസിക്കുന്ന വീടെങ്കിലും അധീനത്തിൽ വച്ചുകൊള്ളാതെയും ഇരുന്നതിന്റെ ഫലം ഇപ്പോൾ കണ്ടുവോ? മഴ ഒന്നുകട്ടത്തേക്കുമെങ്കിൽ പ്രസവിച്ചുകിടക്കുന്ന പെണ്ണും കൈക്കുഞ്ഞും വയസ്സുചെന്ന ഞങ്ങളും ഒക്കെ നനഞ്ഞുകുഴഞ്ഞുപോകുമല്ലോ. അതു സഹിക്കാമെന്നുവെച്ചാൽ നമ്മുടെ സംബന്ധികളും നാട്ടുകാരും അപഹസിച്ചു ചിരിക്കുന്നതും സഹിക്കേണ്ടിവരും. അതുകൊണ്ടു നീ പോയി ആരെയെങ്കിലും വിളിച്ചു ഈ പന്തൽ ഒന്നു നല്ലപോലെ കെട്ടിച്ചു മഴപെയ്താൽ ചോരാതെയിരിക്കത്തക്കവണ്ണമെങ്കിലും ആക്കണം" എന്നുപറഞ്ഞു.

**നാമദേവൻ:**—പ്രിയപിതാക്കളെ! നിങ്ങൾ പറയുന്നതു ശരിതന്നെ എങ്കിലും ഈ പന്തലിനു കാൽമൂന്നേ ബലമായുള്ളു. മേൽപുരയ്ക്കും പുല്ലുശേഷമില്ല. നന്നാക്കണമെങ്കിൽ നല്ല ഒരുതുണ്ടും പുല്ലും വേണ്ടിയിരിക്കുന്നു. ഈ രാത്രിയിൽ ഞാൻ അതു എവിടെപ്പോയാണു കൊണ്ടുവരിക. ഒരു പക്ഷേ, കൊണ്ടുവന്നാലോ കെട്ടുന്നതിനോ മേയുന്നതിനോ എന്നെക്കൊണ്ടു സാധിക്കുമോ? കൂലിക്കു ആളിനെ വിളിക്കാമെന്നാണെങ്കിൽ അവനു വല്ലതും കൊടുക്കേണ്ടേ? അതിനു പണം ഉണ്ടോ? ഈ പതനത്തിൽ നിങ്ങൾ എന്നെ ഉപദ്രവിച്ചാലെങ്ങനെയാണു. ഇതിനായിട്ടാണോ ഞാൻ ഇന്നുപോകേണ്ടാ എന്നു നിങ്ങൾ പറഞ്ഞതു്?—എന്നുപറഞ്ഞു് എഴുനീറ്റു ക്ഷേത്രത്തിലേക്കു പോകാൻതുടങ്ങി.

കനാഭായി, മകനെത്തടഞ്ഞിങ്ങനെ പറഞ്ഞു. "കുഞ്ഞേ! നീ ഇങ്ങനെ കോപിച്ചാലാകില്ല. നിന്നെ ഞങ്ങൾ എത്ര വാത്സല്യത്തോടുകൂടിയാണു് സൂക്ഷിച്ചു വളർത്തിയതു്. അതുപോലെ നീ നിന്റെ മകനെയും രക്ഷിച്ചു വളർത്തേണ്ടതാണു്. ഞങ്ങൾക്കു വയസ്സായി. ഇനി, നിന്റെ ഭാൎയ്യയേയും കുട്ടികളേയും ഞങ്ങൾ രക്ഷിച്ചെന്നുവരികയില്ല. അതു നിനക്കുതന്നെ അറിയാമല്ലോ.

നാമദേവൻ:—"അമ്മേ! എല്ലാവൎക്കും രക്ഷ ഈശ്വരൻ അല്ലയോ? ആ സ്ഥിതിക്കു്, ഒരുത്തനെ ഒരുത്തൻ രക്ഷിക്കുന്നതിനൊരുങ്ങുന്നതു്, ദൈവവിശ്വാസത്തിലുള്ള കുറവുകൊണ്ടാണു്. എറുമ്പു മുതലായ സകലജീവരാശികളേയും സുഖദുഃഖമറിഞ്ഞു രക്ഷിച്ചുപോരുന്ന ഭഗവാൻ, ഈ കുട്ടിയെ മാത്രം തള്ളിക്കളയുമോ! അമ്മയ്ക്കിങ്ങനെ തോന്നുന്നതു് അജ്ഞാനംകൊണ്ടാണെന്നേ ഞാൻ വിചാരിക്കുന്നുള്ളു".

ഇപ്രകാരം ഓരോ തത്വാൎത്ഥങ്ങൾ മാതാവിനോടു പറഞ്ഞുകൊണ്ടു്, രാത്രി അധികമായിപ്പോയതിനാൽ നാമദേവൻ പിതാക്കളുടെ വാക്കു നിരസിക്കേണ്ടായെന്നു നിശ്ചയിച്ചു് അവിടെത്തന്നെ കിടന്നു മഴയും കാറ്റും വീശുകയാൽ, ഉറക്കം വരാതെ ഭഗവാനെ ധ്യാനിച്ചു ഭഗവന്നാമങ്ങളെ ജപിച്ചു്, സമയം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, മഴയും കാറ്റും പൂൎവ്വാധികം വൎദ്ധിച്ചു. ഉടനേ, കനാഭായിയും, ദാംസേട്ടിയും എഴുനേറ്റു്, വെള്ളച്ചോൎച്ചയില്ലാത്ത സ്ഥലംനോക്കി, രാജാഭായിയേയും കുട്ടിയേയും അവിടെ ആക്കി, കാറ്റുവീശുന്നടിക്കലേക്കൊക്കെ മുറയ്ക്കുമെടകൾ എഴച്ചുമാറ്റിമാറ്റിക്കെട്ടിക്കൊണ്ടിരുന്നു കഴിച്ചുകൂട്ടി. മഴയും കാറ്റും വിട്ടതിൽപിന്നെ ഒരു ഭാഗത്തു ചെന്നു കിടന്നു്,—"അല്ലയോ ഭക്തവത്സലനായ ഭഗവാനേ! കാറ്റും മഴയും കഠിനമായി വീശിത്തുടങ്ങിയാൽ ഈ പന്തൽ ഉലഞ്ഞുവീണു് കുഞ്ഞും തള്ളയും ഞങ്ങളുമെല്ലാം നഷ്ടപ്പെട്ടുപോകുമല്ലോ. ഇതിനെന്താണു നിവൃത്തി? പണ്ഡരീനാഥ നീയേ രക്ഷ! എന്നപേക്ഷിച്ചുംകൊണ്ടു കിടന്നുറങ്ങി. അപ്പോൾ ഭക്തവത്സലനായ ഭഗവാൻ, ഒരു കൂലിക്കാരന്റെ രൂപത്തിൽ, പന്തലിനു ഒരു തുണ്ടംകൊറ്റമെടലും ചുമന്നുകൊണ്ടുവന്നു് 'നാമദേവരെ' 'നാമദേവരെ' എന്നു വിളിതുടങ്ങി.

നാമദേവൻ അതുകേട്ടു്, ഹാ ഇതെന്തൊരുപദ്രവം? ഭഗവാനെ ഒന്നു വിചാരിക്കാൻ സമയംഇല്ലെന്നുതന്നെയോ അമ്മയും അച്ഛനും ഇതുവരെ ഓരോ പാഴ്ക്കഥകൾ പറഞ്ഞുകൊണ്ടിരുന്നു്, ഇപ്പോഴാണുറങ്ങിയതു്, ഒരു ഉപദ്രവം തീൎന്നു ഭഗവദ്ധ്യാനത്തിനുതുടങ്ങി

യപ്പോൾ വീണ്ടും ആരോ ഇതാ ഉപദ്രവിക്കാൻ വന്നിരിക്കുന്നു. ഈ വിദ്വാൻ ആരായിരിക്കും. ആരായാലും ഇവൻ അമ്മയേയും അച്ഛനേയും ഉന്നത്താതെപോയെങ്കിൽ മതിയായിരുന്നു. ഉണർത്തിയാൽ പിന്നെയും അവർ വളരെനേരത്തേക്കു ശബ്ദം ഉണ്ടാക്കിക്കൊണ്ടേ ഇരിക്കു, എന്നിങ്ങനെ ആലോചിച്ചു ഭഗവദ്ധ്യാനത്തോടുകൂടി മിണ്ടാതെയിരുന്നു.

ഭഗവാൻ, കടന്നുവന്നു്, നാമദേവന്റെ അരികിൽനിന്നുകൊണ്ടു, ഹേനാമദേവ! ഞാൻ വന്നു, എത്രനേരമായി വിളിക്കുന്നു. നീ വിളികേട്ടു കണ്ണുതുറന്നിട്ടും മിണ്ടാതെയിരിക്കുന്നോ? നിന്റെ ഭാര്യയും കുട്ടിയുമല്ലെ, കാറ്റേറ്റും മഴനനഞ്ഞും കഷ്ടപ്പെടുന്നതു്. സംസാരസമുദ്രത്തിൽ സഫലമായ ആശ്വാസംതരുന്നതുപുത്രനാണു്. അങ്ങനെയുള്ള പുത്രനെക്കുറിച്ചു് യാതൊരു കരുണയുമില്ലാതെ, നീ തടിപോലെ മലർന്നുകിടക്കുന്നല്ലോ. നിന്റെ സംബന്ധക്കാരൻ വലിയകോടീശ്വരനാണെന്നല്ലേ പറയുന്നതു്. അവന്റെമകളല്ലേ ഇവിടെ പ്രസവിച്ചുകിടക്കുന്ന സ്ത്രീ. അവളെയും കുട്ടിയേയും നനയാതെയെങ്കിലും കിടത്തുന്നതിനു അവനാൽ കഴികയില്ലെന്നാണോ? ഹാ! കരുണയില്ലാത്തകൂട്ടം! കഷ്ടം! തണുപ്പോറ്റപ്രസവക്കാരിക്കു സന്നികൊള്ളുകയോ മറ്റോ ചെയ്യുമെന്നുള്ള കഥ വിചാരിച്ചപ്പോൾ, അയൽപക്കക്കാരനായ എനിക്കുപോലും ഒട്ടും സഹിച്ചില്ല. ഞാനും ഭാര്യയും കുട്ടികളുമൊക്കെയുള്ളവനാണു്. ആ അനുകമ്പകൊണ്ടു്, പന്തലിനു ഒരു തൂണും, കുറേപ്പുല്ലും കെട്ടുന്നതിനായും സംഭരിച്ചുകൊണ്ടു്, മഴയുംനനഞ്ഞു ഞാൻ വരികയാണു്. അതിലേക്കു ഒന്നു സഹായിച്ചുതരാൻ ആരെയും കിട്ടായ്കകൊണ്ടാണു നിന്നെവിളിച്ചതു്. നീ ചെയ്യേണ്ടതു മറ്റൊരാൾ ചെയ്തുതരാമെന്നു പറയുമ്പോൾ, സർവ്വാത്മനാസഹായിക്കേണ്ടതു നിന്റെ കടമയല്ലയോ? എന്നുപറഞ്ഞു്, പന്തലിന്റെ ഒരു ഭാഗത്തെതൂൺ മാററിത്തള്ളി നാമദേവന്റെ പുറത്തിട്ടു. എന്നിട്ടു് ചെന്നു നാമദേവന്റെ കൈക്കുപിടിച്ചുകൊണ്ടു,—എഴുനേൽക്കൂ—നാമദേവ! എഴുന്നേൽക്കുക പന്തൽതറയിൽവീണുപോയി ഇപ്പോൾ മഴയോകാററൊ വന്നേച്ചാൽ കഥകഷ്ടത്തിലാകും. അതിനുമുൻപു്, നമുക്കുയർത്തിക്കെട്ടിനിറുത്തണം. എഴുന്നേററു വരിക എന്നു പറഞ്ഞു.

നാമദേവൻ അതിന്റെ അടിയിൽനിന്നും തപ്പിപ്പിഴയ്ക്കാൻ നിവൃത്തിയില്ലാതെ വിഷമിച്ചു. ഒരുവിധത്തിൽ വളരെനേരംകൊണ്ടു വെളിക്കിറങ്ങി. എന്നിട്ടു കൂലിക്കാരനേനോക്കി —“എടാ! ദുഷ്ട! നീയാണോസഹായിക്കാൻ വന്നവൻ? പന്തൽതള്ളി എന്റെ പുറത്തിടുന്നതാണോസഹായം? അത്രകരുണയുള്ള നിനക്കു്, സഹായത്തിനു ഒരാളിനെക്കൂടി കൊണ്ടുപോരാൻ സാധിക്കാഞ്ഞതെന്തു്?

ഭഗവാൻ:—“ഹേനാമദേവ! കഥയറിയാതെ കോപിക്കരുതു്. പന്തൽ തൂൺ ഞാൻ പിടിച്ചുനോക്കിയപ്പോൾ മറിഞ്ഞുവീണെന്നല്ലാതെ, ഞാൻ വിചാരപൂർവ്വം ദ്രോഹം ചെയ്തില്ല. ഞാനും നിന്നേപ്പോലെ ദരിദ്രനാണു്. എന്നാൽ കഴിയുന്നതുചെയ്യാമെന്നല്ലാതെ ഒരു കൂലിയാളിനെ വിളിച്ചാൽ അവനു വല്ലതും കൊടുക്കേണ്ടയോ? അതിനു പണംവേണ്ടയോ ? നിവൃത്തിയില്ലാത്തഞാൻ പണത്തിനെവിടെപ്പോകും? നിന്റെ അച്ഛനമ്മമാരെക്കുറിച്ചു ള്ള പഴയനാളത്തെ പരിചയത്താലും ജീവവാത്സല്യത്താലും ആണു് ഇത്രയെങ്കിലും ചെയ്യാമെന്നുനിശ്ചയിച്ചതു്. ഇന്നുരാത്രി ഉറങ്ങായ്കകൊണ്ടു്, നാളെപ്പനിമുടക്കം വരുമെന്നു തോന്നുന്നു. അങ്ങനെയാണെങ്കിൽ എന്റെ വീടു പട്ടിണിയായിപ്പോകും ഈ തൂണും പുല്ലും മറെറാരാളിന്റെ വകയാകകൊണ്ടു് അവനുവിലകൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇതാണു് എന്റെഅവസ്ഥ. അതുകൊണ്ടു് നീ കൂടി കഴിയുന്നസഹായംചെയ്തുതരിക—”

അനന്തരം, ഭഗവാൻ നാമദേവനെ ബലാൽ പിടിച്ചുകൊണ്ടുപോയി പന്തലിന്റെ ഒരുഭാഗം ഉയർത്തി തോളിൽവച്ചുകൊടുത്തു. തൂണുകൾനാട്ടി ശരിപ്പെടുത്തി ഉറപ്പിച്ചു, പുൽകെട്ടുപടുത്തു്, മേച്ചിൽ ഭാഗവും അടച്ചുകെട്ടിത്തന്നതിൽപിന്നെ ഉള്ളിൽ കാററുകടക്കാതെ നാലുവശവും മെടകൾ ഉണ്ടാക്കികെട്ടി ബലപ്പെടുത്താനാരംഭിച്ചു. ആ പണിക്കു്, ഭഗവാൻ വെളിക്കും നാമദേവൻ അകത്തുമായിരുന്നു ഇരുന്നതു്. പുറത്തിരുന്ന

ഭഗവാൻ മൂലങ്കാലുകൾ കുഴിച്ചിട്ടുറപ്പിച്ചു കെട്ടുകയായിരുന്നതുകൊണ്ടു്, അതു മാററാനോ തുറക്കാനോ പാടില്ലായിരുന്നു. ചുററാകെ അപ്രകാരം തട്ടികൾ കെട്ടിയുറപ്പിച്ചു്, അകത്തിരിക്കുന്നവൎക്കു്, വെളിയിൽപോകാൻ വഴിയില്ലാതെ ആക്കിവച്ചുകൊണ്ടു്, എന്താ നാമദേവ! പന്തൽ ഒക്കെ ഭംഗിയായില്ലേ? നേരവും വെളുപ്പായി. ഇനി ഞാൻ അങ്ങുചെന്നാൽ ഉറങ്ങാൻ സമയം ഉണ്ടാകയില്ല. നാളെ ജോലിക്കു പോകാനും സാധിക്കയില്ല. പാപികൾക്കുവേണ്ടി പ്രയത്നിച്ചാൽ ഇങ്ങനെതന്നെ വരും. അതെന്തായാലും ശരി ഇനി എന്റെ വേലക്കൂലിയും പുല്ലിന്റെ വിലയും മററും തരാതെ ഞാൻ മടങ്ങിപ്പോകയില്ല എന്നു പറഞ്ഞു.

നാമദേവൻ:—ഇതുകൊള്ളാം; ഇതൊക്കെ കൊണ്ടുവന്നു പന്തൽകെട്ടിത്തരണമെന്നു നിന്നോടാവശ്യപ്പെട്ടതാര്? കൂലികൊടുപ്പാൻ പണം ഉണ്ടായിരുന്നെങ്കിൽ ഇതിനെത്രയോ മുമ്പേ പന്തൽ നന്നാക്കുമായിരുന്നു. എന്റെ കൈവശം പണവുമില്ല—ഒന്നുമില്ല—പൊയ്ക്കോ—

ഭഗവാൻ:—"എടാ നാമ! കൂലിയും വിലയും തരാതെ, നിന്നെ ഞാൻ നേരേ വിട്ടയയ്ക്കയില്ല. വീട്ടിൽചെന്നാൽ എന്റെ കുടുംബത്തിനു് ഭക്ഷിക്ക യാതൊരുവകയുമില്ല. പന്തൽകെട്ടിയതുകൊണ്ടു്, ഉപദ്രവമൊഴിഞ്ഞതു നിനക്കോ എനിക്കോ? കാററും മഴയും ഏൽക്കാതെ കിടക്കുന്നതു്, എന്റെ അച്ഛനമ്മമാരും ഭാൎയ്യയും കുഞ്ഞുമാണോ? അതോ നിന്റെയോ? മൎയ്യാദയ്ക്കു കൂലി തരിക. അല്ലെങ്കിൽ, ഇതുമുഴുവൻ ഞാനിപ്പോൾ തീവച്ചു ഭസ്മമാക്കുന്നുണ്ടു്. നീയും നിന്റെ കുടുംബവുമെല്ലാം അതിൽകിടന്നു ദഹിക്കണം. പുറത്തിറങ്ങാൻ വഴിയില്ലാതെയാണു്, ഞാനീ തട്ടികൾ കെട്ടിമുറുക്കീട്ടുള്ളതു്. നീ ദുഷ്ടനാണെന്നറിഞ്ഞിരുന്നതുകൊണ്ടു്, മുൻകൂട്ടിത്തന്നെ അതു ഞാൻ കരുതി. അല്ലെങ്കിൽ, നീ പരീക്ഷിച്ചുനോക്കിക്കൊൾക. തീയുംകൊണ്ടിതാ ഞാൻ വരുന്നു എന്നു ആക്രോശിച്ചുകൊണ്ടു് അല്പദൂരംവരെ ഓടുന്ന ശബ്ദംകേൾപ്പിച്ചിട്ടു മറഞ്ഞു.

നാമദേവൻ, തൽക്ഷണം എഴുന്നേററു്, വെളിക്കിറങ്ങാൻ മാൎഗ്ഗമുണ്ടോയെന്നു നാലുഭാഗത്തുമുള്ള തട്ടികൾ പരിശോധിച്ചുനോക്കി. ഇല്ലെന്നുകണ്ടപ്പോൾ അധിവൎദ്ധിച്ചു "ഹാ! കഷ്ടം ഞാനും എന്റെ കുടുംബവും ഇതിൽകിടന്നെരിഞ്ഞുപോകയേയുള്ളു. ഈ ദുഷ്ടൻ മുൻകൂട്ടിക്കരുതിയ കാൎയ്യമാണിതു്. തീ ഇപ്പോൾതന്നെ കൊണ്ടുവന്നു്, അവൻ കൊളുത്താതെ ഇരിക്കയും ഇല്ല. ഇനി, എന്താണു നിവൃത്തി? എല്ലാം ദൈവസങ്കല്പംപോലെ വരട്ടെ. സൎവ്വസാക്ഷിയായ ഭഗവാൻതന്നെ രക്ഷിക്കട്ടെ" എന്നു സമാധാനപ്പെട്ടു ഭഗവാനെ ധ്യാനിച്ചുകൊണ്ടു ഒരുഭാഗത്തുപോയിക്കിടന്നു.

ഇതെല്ലാം കേട്ടുകൊണ്ടുകിടന്ന രാജാഭായി, നാമദേവനെ വിളിച്ചു് സ്വാമി! വേല ചെയ്തവനു കൂലികൊടുക്കാതെയും നല്ലവാക്കെങ്കിലും പറഞ്ഞയയ്ക്കാതെയും പന്തലിനു തീ വച്ചാൽ നമുക്കെന്തു്—എന്നു നിശ്ചയത്തോടെയാണോ പോയിക്കിടക്കുന്നതു്? ദൈവഭക്തനായ അങ്ങേക്കു് അങ്ങനെ തോന്നാമെങ്കിലും, വൃദ്ധരായ മാതാപിതാക്കളേയും ഗുണദോഷജ്ഞാനമില്ലാത്ത ഈ കൈക്കുഞ്ഞിനേയും, അഗ്നിക്കാഹാരമാക്കിയാൽ പാപമില്ലയോ? എന്നു പറഞ്ഞുകൊണ്ടും വേഗത്തിൽതന്നെ വൃദ്ധരെ വിളിച്ചുണൎത്തി ഈ കലവൃത്താന്തങ്ങളും പറഞ്ഞുകേൾപ്പിച്ചു. കുഞ്ഞിനേയും എടുത്തുകൊണ്ടു വെളിയിൽപോയി, രക്ഷതേടണമെന്നപേക്ഷിക്കുകയും ചെയ്തു. അതുകേട്ടു ഭയപ്പെട്ടു, താംസേട്ടിയും കനാഭായിയും നാമദേവനെ വിളിച്ചു തീവയ്ക്കുമെന്നു പറഞ്ഞതും പന്തൽ നന്നാക്കിത്തന്നതും, ആരാണെന്നു ചോദിച്ചു. വെളിക്കോട്ടു വാതലില്ലാതെ തട്ടികൾവച്ചു കെട്ടിമുറിക്കിയപ്പോൾ അദ്ദേഹം (നാമദേവൻ) എവിടെനോക്കിക്കൊണ്ടിരിക്കയായിരുന്നുവെന്നുകുററപ്പെടുത്തുകയും വെളിയിലേക്കുപോകാൻ വേഗം മാൎഗ്ഗം ഉണ്ടാക്കിക്കൊടുക്കണമെന്നു അനുശാസിക്കയും ചെയ്തു.

അനന്തരം അവർ, നാമദേവനെക്കൂടി വിളിച്ചുകൊണ്ടു കെട്ടിമുറിക്കിവച്ചിരിക്കുന്ന ആ തട്ടികളിൽ ഒന്നിനെ ഇളക്കിമാററാൻ പ്രയത്നം ചെയ്തുതുടങ്ങി. എളുപ്പത്തിൽ അഴിയുന്നില്ലെന്നുകണ്ടു്, താംസേട്ടിയും, പത്നിയും, കൈകൊണ്ടും കാൽകൊണ്ടും തലകൊണ്ടും

തടികൊണ്ടും, വടികൊണ്ടും മററു വിധത്തിൽ തല്ലുകയും, അടിക്കുകയും ഇടിക്കുകയും നീക്കുകയും തട്ടുകയും ഉലയ്ക്കുകയും ഒക്കെച്ചെയ്തിട്ടും, യതൊരു ഫലവും ലഭിച്ചില്ല. ഒടുവിൽ ഭഗ്നാശയരായി, അഗ്നിക്കിരയാകുമല്ലോ എന്നുവ്യസനിച്ച്, ഉറക്കെ നിലവിളിച്ചു. അപ്പോഴേക്ക നേരം വെളുക്കാറായിരുന്നതുകൊണ്ട്, ഉണർന്നിരുന്ന പല അയൽവാസികളും നിലവിളികേട്ടോടിച്ചെന്നു. തലേന്നാൾ കണ്ടിട്ടില്ലാത്ത തട്ടിയും പന്തലുമെല്ലാം മഞ്ഞിൽവെളിച്ചത്തിൽകണ്ട്, അദ്ഭുതത്തോടെ അവർ സംഗതി ചോദിച്ചറിഞ്ഞു. സംഗതികളൊക്കെ ഗ്രഹിച്ചപ്പോൾ അവർ അതിൽ ഒരുതട്ടി പ്രയത്നപ്പെട്ടഴിച്ചുമാററി, വെളുക്കുന്നതുവരെ ആരും തീവയ്ക്കാൻ ഞങ്ങൾ സമ്മതിക്കയില്ലെന്നും, ഭയപ്പെടേണ്ടയെന്നും, ഉറപ്പുകൊടുത്തു സമാധാനപ്പെടുത്തി. പിന്നീട് എല്ലാവരും വെളിയിൽതന്നെ വട്ടമിട്ടിരുന്ന് ഓരോന്നു പറവാൻതുടങ്ങി. നാമദേവൻ ആ അവസരംനോക്കി ഗൃഹപ്പിഴതീർന്നു എന്നുനിശ്ചയിച്ച്; ഓടിവെളിക്കിറങ്ങി ചന്ദ്രഭാഗാനദിയിൽ പോയികുളിച്ച്, പണ്ഡരീനാഥക്ഷേത്രത്തിൽപോയി തൊഴുതുകൊണ്ട്, രാത്രിമുഴുവൻ ഉറങ്ങാൻ ഇടയാകാഞ്ഞതുകൊണ്ട്, അവിടത്തന്നെ ഒരുഭാഗത്തു കേറിക്കിടന്നുറക്കംപിടിച്ചു. നേരംവെളുക്കുന്നതിനൊരുനാഴികയുള്ളപ്പോൾതന്നെ, ഇനിയാരും തീവയ്ക്കാൻ വരികയില്ലെന്നു സമാധാനപ്പെട്ടുകൊണ്ട്, കാത്തിരുന്ന അയൽവാസികളെല്ലാം കുളിക്കാനായി ചന്ദ്രഭാഗാനദിയിലേക്കുപോയി. കുനാഭായിയും താംസേട്ടിയും അല്പംകഴിഞ്ഞു വെളിക്കിറങ്ങി, പുതുതായി കെട്ടപ്പെട്ട പന്തലിന്റെ വെടിപ്പും ഭംഗിയും ഒക്കെ നോക്കിക്കാണാൻ തുടങ്ങി. അപ്പോഴേക്ക് നേരം അരുണോദയമായതുകൊണ്ട്, സകലവും വ്യക്തമായി കാണാമായിരുന്നു. മേച്ചിൽപുറംനോക്കിയപ്പോൾതന്നെ തനിത്തങ്കപ്രഭയാൽ അവരുടെ കണ്ണു മഞ്ചിപ്പോയി. മേഞ്ഞിരുന്ന പുല്ലുകളും, മെഞ്ഞുകെട്ടിയിരുന്ന തട്ടികളും, തൂണുകളും, നാരുകളും, എല്ലാം തനിത്തങ്കമായിരുന്നു. അവർ അദ്ഭുതത്തോടെ അകത്തുകടന്നു പരിശോധന നടത്തി. മാററപ്പെട്ട നാലാമത്തെ തൂണ്, വിലയേറിയരത്നങ്ങൾ പതിച്ച തങ്കത്തടിയാണെന്നു കാണപ്പെട്ടു. ആരുമല്ലാതെ വേലക്കാരനായിവന്നതു ഭഗവാൻതന്നെയാണെന്നു തീർച്ചപ്പെടുത്തി, അദ്ദേഹത്തെ പുകഴ്ത്തിസ്തുതിച്ചു. അവിടെച്ചിതറിക്കിടന്ന, പുല്ലിന്റെയും ചീളിയുടേയും മററും അവശിഷ്ടങ്ങൾ പെറുക്കിക്കൂട്ടിക്കൊണ്ടുപോയി വിലയ്ക്കുവിററു. അതിനു അവർക്ക അയിരംവരാഹൻകിട്ടി. അപ്പോൾതന്നെ അടുത്തുള്ള ഒരുവീടു വാടകയ്ക്കെടുത്ത്, പുതുതായി നിരവധി വസ്ത്രാഭരണങ്ങളും ഭോജനസാധനങ്ങളും വാങ്ങിച്ചുവെച്ചു സുഖവാസമാരംഭിച്ചു. പന്തൽ അല്പാല്പമായി അഴിച്ചു സ്വർണ്ണമെല്ലാം ആ വീട്ടിൽ കൊണ്ടുപോയി സംഭരിച്ചു. ഭക്ഷണം ഷഡ്രസോപേതമായി പാകപ്പെടുത്തി, സ്വാദിഷ്ഠമായി ഭഗവാനു നൈവേദ്യവും പാകപ്പെടുത്തിച്ചുവാങ്ങിച്ചുകൊണ്ട്, താംസേട്ടി വേഗംതന്നെ പണ്ഡരീനാഥക്ഷേത്രത്തിലെത്തി. അവിടെ ഉറങ്ങിക്കിടന്ന നാമദേവനെ വിളിച്ചുണർത്തി ഭഗവാനു നൈവേദ്യപൂജചെയ്വാൻ അജ്ഞാപിക്കയും, വീട്ടിൽ ഭക്ഷണം പാകപ്പെടുത്തിയിട്ടുണ്ടെന്നുള്ളവിവരം പ്രസ്താവിക്കയും ചെയ്തശേഷം വേഗംതന്നെ മടങ്ങിയെത്തി, സ്വർണ്ണധാധ്യങ്ങൾ സംഗ്രഹയോഗ്യമാക്കി ശകലിച്ചുകൊണ്ടിരുന്നു. നാമദേവൻ പോയി കുളിച്ചുവന്നു, നൈവേദ്യത്തിന്റെ അടപ്പുതുറന്നുനോക്കിയപ്പോൾ, അത്ഭുതപ്പെട്ടുപോയി. പലവിധത്തിലുള്ള പലഹാരങ്ങളും പഴങ്ങളും പാൽച്ചോറും, എല്ലാംകണ്ട്, ധനികരായ അയൽക്കാർ ആരോ കൊടുത്തയച്ചതാകാമെന്നു സംശയിച്ച് ഭഗവൽപ്രസാദലബ്ധമായിരിക്കണമെന്നനുമാനിച്ചു. വേഗംതന്നെ ബിംബത്തെ നീരാടിച്ച്, ചന്ദനമാല്യാദികൾ അണിയിച്ചു വന്ദിച്ച്,—സ്വാമി! ശ്രീമഹാവിഷ്ണുദേവ! ഇന്നത്തെ നൈവേദ്യം അങ്ങേക്ക പ്രിയകരമായിരിക്കുമെന്നുതന്നെ ഞാൻ ഊഹിക്കുന്നു. സന്തൃപ്തിയോടെ ഭക്ഷിച്ചാലും! എന്നപേക്ഷിച്ചു. ഭഗവാൻ പ്രസന്നനായി പ്രത്യക്ഷപ്പെട്ട്, കുഞ്ഞേ! നാമദേവ! ഇന്നലെ ഉറക്കംഒഴിഞ്ഞുവന്നു നിനക്ക പന്തൽകെട്ടിത്തന്നതിന്റെ കൂലി കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ഇങ്ങുതരിക എന്നു മന്ദഹാസമധുരമായി അരുളിച്ചെയ്തു.

നാമദേവൻ:—"ഭഗവാനേ! ഭക്തവത്സല! എന്നെ നിന്തിരുവടിക്കുകൂലിതന്നു വേല ചെയ്യിക്കത്തക്ക യജമാനനുമാക്കിയോ? എനിക്കിരിക്കാൻ തൃക്കൈകൾകൊണ്ടുതന്നെവീ

ട്ടകെട്ടിത്തന്നുവോ? നികൃഷ്ടമായ പുല്ലും തടിയുമെല്ലാം തൃക്കൈകൾകൊണ്ടു് തൊട്ടുവോ? ഞങ്ങളുടെ ദാരിദ്ര്യവും എന്നേക്കുമായി, നശിപ്പിച്ചുവോ? എന്നുപറഞ്ഞു്, ഭഗവാനെ പതിവുപോലെ ഊട്ടിത്താനും ഉണ്ടു്, വീണ്ടും തൃപ്പാദങ്ങളിൽ വീണു വന്ദിച്ചപ്പോൾ അപ്പനേ നാമദേവ! നിന്റെ പുത്രനു വിഷ്ണുദാസനെന്നു പേരിടണം." എന്നരുളിച്ചെയ്തു ഭഗവാൻ അന്തർദ്ധാനംചെയ്തു. നാമദേവൻ പതിവുപോലെ വെറും കട്ടോടുകൂടി വീട്ടിലെത്തുകയും വീടെല്ലാം പൊന്മയമായിരിക്കുന്നതുകണ്ടും വസ്തുതകളെല്ലാം പറഞ്ഞറിഞ്ഞു ഭഗവാന്റെ വാത്സല്യത്തേയും, ധർമ്മത്തിന്റെ മാഹാത്മ്യത്തേയും അഭിനന്ദിക്കയുംചെയ്തതുമല്ലാതെ, ബന്ധുക്കളേയുംമറ്റും ക്ഷണിച്ചുവരുത്തി ഭക്ഷണാദികളാൽ സൽക്കരിക്കയും ചെയ്തു. അന്നുമുതൽ ദിവസംതോറും ആയിരവും രണ്ടായിരവും ബ്രാഹ്മണർക്കു അന്നദാനം ഭൂദാനം വസ്ത്രദാനം ഗോദാനംമുതലായവചെയ്യാൻ തുടങ്ങി ഭഗവാന്റെ അരുളപ്പാടനുസരിച്ചു്, പുത്രനു് വിഷ്ണുദാസനെന്നുതന്നെ നാമകരണംചെയ്തു. നാമദേവന്റെ അത്യന്തമായ ദാനംകണ്ടു്, വൃദ്ധമാതാപിതാക്കൾക്കു മുഷിച്ചുതോന്നി, അവർ ഇങ്ങനെ പറഞ്ഞു—"കുഞ്ഞേ! നാമദേവ! നീ മുതലെല്ലാംകൂടി ഔദാര്യംകൊണ്ടു കൊടുത്തുതീർക്കുവാനാണോ ഭാവം? അടിക്കടി, പിന്നെ ദ്രവ്യം എവിടെനിന്നുകിട്ടും? പന്തലിനു ഒരു കാലുംപുല്ലും കിട്ടായ്കകൊണ്ടു്, നമ്മൾ എത്രദിവസം മനോവേദന അനുഭവിച്ചു? കാറ്റുംമഴയും സഹിച്ചു? അതൊക്കെ നീ മറന്നുപോയോ?—ഭഗവാൻ എപ്പോഴും നമുക്കു ധനംതരുമോ?—നീതന്നെ വിചാരിച്ചുനോക്കു."

ഇങ്ങനെ കുറിവുപറകയും ദാനംചെയ്യുന്നതിന്റെശേഷം സ്വർണ്ണം വല്ലതിക്കലും സംഗ്രഹിച്ചു സൂക്ഷിക്കേണ്ടതാണെന്നഭിപ്രായപ്പെടുകയുംചെയ്തു. നാമദേവൻ, ഉടനേ, പിതാവിനെനോക്കി, ദാനഫലത്തെ പുരസ്കരിച്ചിങ്ങനെപാടി—

കിളിപ്പാട്ടു്.

ദാനമാഹാത്മ്യംപറഞ്ഞാലൊടുങ്ങുമോ മാനസദേഹനിത്യാനന്ദദായകം * മാനുഷജന്മസുകൃതസിദ്ധിക്കൊരു മാനദണ്ഡംതാനതെന്നുകേട്ടിട്ടുണ്ടു * ദേഹിയെന്നുച്ചരിപ്പോൻ നിന്ദ്യനെങ്കിലും മോദേഹനാസ്തിയെന്നോതുന്നവൻതുലോം * മാഹാസമർത്ഥനെന്നാലുംശോഭിക്കയില്ലവൻ സ്നേഹമില്ലാത്തവിളക്കിൻതിരിപോലെ * ദാനംചിലക്കുന്നവനതിലുംമഹാഹീനനാം, ദാനപ്രതിജ്ഞചെയ്തിട്ടവൻ * താനേയൊഴിഞ്ഞുപറഞ്ഞുമാറുന്നവൻ ഹീനഹീനൻതന്നെതെല്ലില്ലസംശയം * നാരകഗാമികളാണിവരേവരും പാതകംപോടെമലിനപ്പെട്ടുള്ളവോർ * രാജതപമോപുത്രമിത്രസമ്പത്തിയോ തേജസ്സുമംഗലസൌന്ദര്യസാരമോ * സായുജ്യമോക്ഷപദാർത്ഥപ്രയത്നമോ വായുമാത്രാഹാരതാപസവൃത്തിയോ * നാമജപമോ കളിയോനിയമമോ രാമായണാദീതിഹാസപഠനമോ? * ത്തുമയിലൂറവിശുദ്ധതാംശക്തിപോൽക്ഷേമംകരമായദാനംപ്രധാനമായ് * വല്ലതൃണജലാദ്യങ്ങളെന്നാകിലും നല്ലവസ്ത്രാന്നാദിവസ്തുക്കളെങ്കിലും * അല്ലലോടർത്ഥിപ്പവർക്കുകൊടുക്കായ്കിലില്ലവർക്കേതും ഗതിയെന്നു നിർണ്ണയം * ലോഭംവെടിഞ്ഞുള്ളദാനത്തിനാൽബലി ശോഭനനായ്ലോഭിശുക്രൻകുരുടനായ് * ലോഭമോദുർഗ്ഗുണമുള്ളോർക്കുദുഃഖമേലാഭമീലോകത്തിലന്യലോകത്തിലും * ദാനംതപസ്സിലുംമേന്മയുള്ളോന്നുനിർവ്വാണപ്രദംസർവ്വലോകോപകാരകം * ദാനതുല്യംപുണ്യകർമ്മമെന്തുള്ളഹോ നൂനമതില്ലാത്തമർത്ത്യൻശവംതന്നെ * പാണിദാനേനശോഭിക്കുന്നുകങ്കണശ്രേണിയാലല്ലെന്നുചൊല്ലുന്നുബോധികൾ * ദാനമില്ലാത്തകൈനിഷ്ഫലംതാൻദാനഹീനന്റെമാനസംകാനനതുല്യമാം * പ്രാണാവസാനകാലത്തുതാന്താൻചെയ്ത ദാനാദിധർമ്മങ്ങളല്ലാതെയാര്യയോ * സൂനുക്കളോധനധാന്യസമ്പത്തികൾ താനേസഹായമില്ലെന്നുബോധിക്കണം * നാഥ! ഭവാനേറ്റുതാനിപ്രകാരങ്ങൾ ഓതുവാനെന്തുള്ളുബോധിയല്ലേഭവാൻ? * പാതകനാശനദാനധർമ്മാദികൾ സാധുക്കളായസുകൃതികൾചെയ്യുവോർ * ധർമ്മിഷ്ഠരായോർക്കൊഴിവില്ലദുഃഖവും ദുർമ്മരണങ്ങളുമാധിയുംവ്യാധിയും * ഒന്നുമേബാധിക്കയില്ല, മഹൈശ്വര്യമൂന്നിദേശോദംപ്രവൃദ്ധമാംനിർണ്ണയം * കാലന്റെമുമ്പിലെത്തിടുന്നജീവനെ പാലനംചെയ്യുന്നധർമ്മമാംബാന്ധവൻ * മാലേറുമാറജ്ജനനെസാധമെന്മക മൂലമലവിക്രമ

ങ്ങളാൽകർണ്ണനും * യുദ്ധേജയിക്കുമെന്നോർത്തുജഗദ്ഭക വിത്തായവിശ്വംഭരൻവിപ്രനായ്
ചെന്നു * തൽപുണ്യസമ്പത്തുവാങ്ങിനിജപാദ മുൽപന്നമോദമവൻദാനംചെയ്താൻ * ദുഷ്ട
നാംദുര്യോധനൻരാജ്യലോഭേന നഷ്ടനായ്‌വന്നകഥയുമറിവീലെ? * പുഷ്ടമോദംധർമ്മപു
ത്രൻവനവാസ ദുഃഖകാലത്തും,ധരാഭരസമ്പത്തി * കൈക്കലിരുന്നപോതുംധർമ്മരക്ഷണം
നിഷ്കൃഷ്ടയായ് പരിപാലിച്ചതില്ലയോ? *ധർമ്മിഷ്ഠനദ്രോഹമന്ത്യകാലേനിജ ധർമ്മദാരങ്ങളും
സോദരർനാൽവരും * പിന്നിൽമരിച്ചുപതിച്ചപോതുംമുഖ മൊന്നുതിരിക്കാതെധൈര്യസ
മന്വിതം * ധർമ്മമേരക്ഷയെന്നോർത്തുപോയീടവേ മുന്നിലാമ്മാറൊരുവാഹിനികാണായ്, *
അന്യതീരംചേരുവാനെന്തുമാർഗ്ഗമെ ന്നന്നിനച്ചക്കരയിലിരിക്കുമ്പോൾ * വന്നാനവി
ടെമറുകരപൂകേണ മെന്നോർത്തുദേഹമുരുവേപുഴുത്തൊരു * നായുമതിൻെറദീനാലോകനാ
ദികൾ ഭൂയോപികണ്ടുകണ്ടുൾക്കാമ്പഴിഞ്ഞുടൻ * വായുസുതാഗ്രജൻതോൾമേലതിനെയു
മായാസമോദാതെടുത്തുകടത്തുവാൻ * നീരിലിറങ്ങവേതോൾമുങ്ങുമെന്നായനേരംപതുക്കെ
തലയിലേററീടിനാൻ * ചലവുംനാററപ്പുഴുവുംകൃമികളും പാരമുതിർന്നുതൻവായിലുംമൂക്കി
ലും * കണ്ണിലുമൊക്കെപ്പടർന്നിട്ടുമുൾക്കാമ്പി ലൊന്നുമൊരപ്രിയമില്ലാതെകൊണ്ടുപോയ് *
അന്യതീരംപ്രവേശിപ്പിച്ചുനിന്നപോ തന്യൂനശോഭമെമവിമാനവും * താണതുകണ്ടുത
ൻശ്വാവിനെക്കൂടാതെ താനതിലേറുകയില്ലെന്നുധർമ്മജൻ * ഖണ്ഡിച്ചുചൊൽകയാൽദേ
വദൂതൻചില ധർമ്മപ്രകാരങ്ങൾചൊല്ലീഹരിക്കാഞ്ഞു * ശ്വാവിനെത്തേരിൽക്കരേററാനൊരു
ടങ്ങുമ്പോൾ ശ്വാവായിനിന്നകൃതാന്തൻപ്രസന്നനായ് * രൂപംനിജംപ്രകാശിപ്പിച്ചുപുത്ര
നു ശോഭനേഭാവിയാശംസിച്ചുപോയിതു * ദേവാർത്ഥമായദധീചൻദഹിച്ചു തഥാ ദേവാർത്ഥ
മീശൻവിഷവുംകുടിച്ചിതു * ലോകോത്തരനാമഗസ്ത്യമുനിക്കുന്ന മേകായുസ്സയാൽദായകവന
ത്തിങ്കലെ * മാമുനിമാർമരിച്ചാരിന്നമിങ്ങനെ സീമയില്ലല്ലോകഥകൾചൊല്ലീടിനാൽ *

ശ്രീമന്നാമദേവർ, ധർമ്മത്തിൻെറ മഹിമയെ ഇങ്ങനെ പലവിധത്തിൽ മാതാപിതാക്കളെപ്പറഞ്ഞു ധരിപ്പിച്ചു, മനസ്സലിയിച്ചു, ശേഷിച്ച സ്വർണ്ണത്തേയും സാധുക്കൾക്കു ദാനംചെയ്തു, സംതൃപ്തനായി, പണ്ഡരിനാഥക്ഷേത്രംതന്നെ തൻെറ സ്വന്തഭവനമെന്നുള്ള ഭാവനയോടുകൂടി ഭഗവൽഭജനം ചെയ്താനന്ദിച്ചിരുന്നു.

---

## ആറാം അദ്ധ്യായം.

---

### (നാമദേവൻെറ പുത്രനു ചൌളകർമ്മവും കർണ്ണവേധനവും നടത്തിയപ്പോൾ ഭഗവാൻ പരിശകൊണ്ടുപോയതു്.)

ഇപ്രകാരം സ്വർണ്ണംമുഴുവൻ ദാനവിഷയത്തിൽ ചെലവഴിച്ചശേഷം, ലോഭത്തിൻെറ ദുർഗ്ഗുണങ്ങളെക്കുറിച്ചു പലക്കും ഉപദേശം നൽകി, നാമദേവൻ പാണ്ഡുരംഗക്ഷേത്രത്തിലേക്കു പോയപ്പോൾ, വൃദ്ധരായ മാതാപിതാക്കൾക്കു കുണ്ഠിതമുണ്ടായി, "ഹാ ഹാ! നാമദേവൻ അറിയാതെ ഒരുസ്വർണ്ണംപോലും ഒളിച്ചുവെയ്ക്കാൻ നമുക്കു കഴിഞ്ഞില്ലല്ലോ മുമ്പിലത്തെപ്പോലെ ദാരിദ്ര്യസ്ഥിതിയിലകപ്പെട്ടല്ലോ" എന്നിങ്ങനെ പലപ്പോഴും വ്യസനിച്ചു. ശേഷിച്ചിരുന്ന അല്പധാന്യങ്ങളെക്കൊണ്ടു ദിവസവൃത്തികഴിച്ചുവരികയും അതുമുഴുവൻ തീർന്നപ്പോൾ കഠിനദാരിദ്ര്യത്തിലകപ്പെടുകയും ചെയ്തു. എങ്കിലും പഴയപടി തയ്യൽപ്പണി നോക്കി, അരിഷ്ടിച്ചു നിത്യവൃത്തികഴിച്ചുവന്നു. അതിൽ ഒരോഹരികൊണ്ടു ഭഗവൽപൂജക്കു നൈവേദ്യവും മുടങ്ങാതെ കൊടുത്തയച്ചു. അങ്ങനെയിരിക്കെ രാജാബായിയുടെ പിതാവായ കോടീശ്വരൻ വാസ്തവങ്ങളെല്ലാംകേട്ടറിഞ്ഞു, മകളുടെ മകനെ കാണ്മാനായും, ക്ഷേമം അന്വേഷിക്കാനായും താംസേട്ടുവിൻെറ ഭവനത്തിലെത്തി പുത്രിയേയും പുത്രനേയും കണ്ടപ്പോൾ ആനന്ദതുന്ദിലനായ ആ വൃദ്ധൻ, താംസേട്ടിനേയും മററും അനുഭവപ്രകാരം

തന്നെ മകളെയും ആ ശിശുവിനെയും സ്വാന്തഭവനത്തിലേക്കു കൂട്ടിച്ചുകൊണ്ടുപോയി. വിഷ്ണുദാസൻ ജനിച്ചിട്ടു പതിനൊന്നാംമാസമായി. ജാതിമര്യാദപ്രകാരം ചൌളാദികർമ്മങ്ങൾക്കായി കേശീശ്വരൻ ഒരുദിവസം നിശ്ചയിക്കയും, വിവരം ഭൃത്യന്മാർമുഖേന താംസേട്ടിയുടെഭവനത്തിൽ അറിയിക്കയുംചെയ്തു. താംസേട്ടിയും ഗുണാഭായിയും, തങ്ങളുടെപൌത്രനെ ആമംഗളാവസരത്തിൽ അണിയിക്കുന്നതിനുപോലും യാതൊന്നുംകൊണ്ടുപോകാൻ നിവൃത്തിയില്ലാഞ്ഞു വിഷണ്ണരായി ഭവിച്ചു. എല്ലാവരും ഓരോഅലങ്കാരങ്ങളും മററുമായി അവിടെ വരുമ്പോൾ നാംമാത്രം വെറുംകൈയായിച്ചെല്ലുന്നതു അന്തസ്സുകേടല്ലയോ? പലരും ചിരിക്കയില്ലേ? എന്നല്ല, നമ്മുടെ ബന്ധുവിനു അതു പരിഹാസത്തിനു ഒരു കാരണംഅല്ലേ? അതുകൂടാതെ, രാമാഭായിയേയും കുഞ്ഞിനേയും ഇവിടെ വരുത്തി, ഇവിടെവച്ചു ചൌളകർമ്മം നടത്തുകയെന്നുവെച്ചാൽഅതിനുംമുതലൊന്നും കാണുന്നില്ല. ഇങ്ങനെ അവർ വ്യസനിച്ചിരിക്കുമ്പോൾ, ഭഗവാൻ ഒരു കച്ചവടക്കാരന്റെ വേഷത്തിൽ, ചിലഭൃത്യന്മാരുമായി അവിടെ കടന്നുചെന്നു. അദ്ദേഹം താംസേട്ടിയെക്കണ്ടു കുശലപ്രശ്നങ്ങളൊക്കെ കഴിച്ചശേഷം, "നാളെ നിങ്ങളുടെ പൌത്രന്റെ ചൌളകർമ്മവുംമററുമല്ലേ? അതിനുപോകേണ്ടേ?" എന്നുചോദിച്ചു. യാതൊരുമറുപടിയും പറയാതെ, താംസേട്ടി മൌനംദീക്ഷിച്ചിരിക്കുന്നതു കണ്ടു്, വീണ്ടും വ്യാപാരി ചോദിച്ചു. നിങ്ങൾ പണമില്ലായ്കകൊണ്ടു യാതൊന്നും അന്വേഷിക്കാതെയും യാത്രയ്ക്കൊരുങ്ങാതെയും ഇരിക്കയാണോ? അങ്ങനെയാണെങ്കിൽ നിങ്ങളെ ഞാൻ പണംകൊണ്ടു സഹായിക്കാം. ഞാൻ ലക്ഷാധിപതിയായതു നിങ്ങളുടെ സഹായംകൊണ്ടാണു്. എത്രപണംവേണമോ അത്രയും കടംതരാം. കാര്യംഭംഗിയായി നടത്തണം. പണം തിരികെത്തരാൻ ബുദ്ധിമുട്ടിക്കുമെന്നുള്ള ഭയംവേണ്ടാ. തൽക്കാലം പതിനായിരം വരാഹൻ നിങ്ങൾവശം കൊടുത്തയയ്ക്കാം. അതെനിക്കു നിങ്ങൾ തിരികെത്തരികയുംവേണ്ടാ. ഇത്രകരുണ എനിക്കു നിങ്ങളിൽ തോന്നാൻ കാരണം പറയാം. കുറച്ചുനാൾമുമ്പു്, ഞാൻ ഒരു കച്ചവടക്കാരനായിരുന്നുവെങ്കിലും അന്നു്, നാമദേവൻ ധർമ്മംചെയ്യുന്ന കഥയറിഞ്ഞു് ഒരു സാധുവേഷം ധരിച്ചു വന്നു ഭിക്ഷയാചിച്ചപ്പോൾ, അദ്ദേഹം എനിക്കു്, ഇരുപതിനായിരം വരാഹൻ ദാനം ചെയ്തിട്ടുണ്ടു്. അതുകൊണ്ടാണു് ഞാൻ ലക്ഷപ്രഭുവായിത്തീർന്നതു്. അതിലേക്കു്, ഒരു പ്രത്യുപകാരം ചെയ്യാമെന്നുവെച്ചാണു്, ഞാൻ ഇപ്പോൾവന്നതു്" എന്നിങ്ങനെ പലഉപചാരവാക്കുകളും പറഞ്ഞു്, വേഗംതന്നെ പതിനായിരം വരാഹൻ വീട്ടിൽപോയി കൊണ്ടുവരുന്നതിനു ഭൃത്യന്മാരെ നിയോഗിച്ചയച്ചു. തൽക്ഷണംതന്നെ വ്യാപാരി യാത്രചോദിച്ചു വെളിക്കിറങ്ങി മറയുകയുംചെയ്തു.

അനന്തരം നാമദേവരെ ഒന്നുപരീക്ഷിക്കണമെന്നു നിശ്ചയിച്ചു്, ഭഗവാൻ തന്റെ സന്നിധാനത്തിൽസ്ഥിതിചെയ്ത അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭവിച്ചു്, ഹേ!നാമദേവ! നാളെയാണു നിന്റെ മകന്റെ ചൌളാദികർമ്മങ്ങൾ നടത്താൻ നിശ്ചയിച്ചിരിക്കുന്നതു്. അതു നിന്റെ ശ്വശുരന്റെ ഭവനത്തിൽവെച്ചാകയാൽ അവിടെപ്പോകുന്നതിനുംമററും പണം ഇല്ലാതെ താംസേട്ടിയും പത്നിയും വ്യസനിച്ചിരിക്കുന്നു. അവരെ നീപോയി ആശ്വസിപ്പിച്ചു്, അതൊക്കെ ഭംഗിയായി നടത്തണം എന്നു കല്പിച്ചു. നാമദേവൻ അതുകേട്ടു സന്തുഷ്ടനായി വേഗംതന്നെ മടങ്ങി വീട്ടിലെത്തി പിതാക്കളെ വന്ദിച്ചു്, അവരുടെ ദുഃഖകാരണം ചോദിച്ചു.

അതിനുമറുപടിയായി, താംസേട്ടി—പ്രിയപുത്ര! ദുഃഖകാരണംമറെറാന്നുമില്ല. കൈയിൽ പണമില്ലായ്കകൊണ്ടുള്ള സങ്കടമാണു്. നാളെയാണുനിന്റെ മകന്റെ ചൌളാദി കർമ്മങ്ങൾ നടത്താൻ നിശ്ചയിച്ചിരിക്കുന്നതു്. അതിനുവേണ്ട മെയ്യാഭരണങ്ങളും മററും നാമല്ലേകൊണ്ടുപോകേണ്ടതു്? വെറുംകയ്യായിച്ചെല്ലുന്നതു ഭംഗിയാണോ? ആ സംഗതിയോർത്താണു് ഞാൻ വിഷാദിക്കുന്നതു്. അതു നീമൂലംവന്ന ആപത്താണു്. കുറച്ചുപണമെങ്കിലും സൂക്ഷിച്ചുവയ്ക്കേണമെന്നു ഞാൻ പറഞ്ഞപ്പോൾ നിനക്കതുസമ്മതമായില്ലല്ലോ. ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വ്യാപാരിയുടെ ഭൃത്യന്മാർ വരാഹൻപതിനായിരവും ചുമന്നുകൊണ്ടു്, അവിടെ ഹാജരായി.ഭാരംഇറക്കിവച്ചു്, എണ്ണി

എടുത്തുകൊൾവാൻ താംസേട്ടിയെനോക്കിപ്പറഞ്ഞശേഷം, അവർഅവിടെ ഒരുഭാഗത്തിരുന്നു. നാമദേവൻ അതുകണ്ടു്, ആ ദ്രവ്യംകൊടുത്തയച്ചതാരാണെന്നു പിതാവിനോടു ചോദിച്ചു. വൃദ്ധൻ സംശയിച്ചു്, യാതൊരുമറുപടിയും പറയാതെ മൌനംദീക്ഷിച്ചിരുന്നു. ഉടനേ, പണച്ചുമട്ടുകാരായി അവിടെയിരുന്നവർ പറഞ്ഞു. “ഹേ നാമദേവരേ! ഞങ്ങളുടെ യജമാനനായ വത്സകൻ മുമ്പൊരിക്കൽ ഒരു സാധുവേഷംധരിച്ചുവന്നു്, താങ്കളോടു് ഇതിവിരട്ടിദ്രവ്യം ദാനംവാങ്ങിക്കൊണ്ടുപോയിരുന്നു. ആ ദ്രവ്യംകൊണ്ടു്, അദ്ദേഹം ലക്ഷപ്രഭുവായിത്തീൎന്നു. ഇപ്പോൾ നിങ്ങൾക്കു കഷ്ടകാലംവന്നതറിഞ്ഞു്, അദ്ദേഹം ഈ ദ്രവ്യം ദാനമായിത്തന്നയച്ചതാണു്. ഉത്തമന്മാൎക്കു സഹായിച്ചാൽ ആപത്തിൽ അവരും ഉപകരിക്കും.” ഈ വാക്കുകൾകേട്ടപ്പോൾ നാമദേവൻ കാതുകൾ രണ്ടുംപൊത്തി ഹാകഷ്ടം കഷ്ടം! എന്തൊരു മഹാപാപത്തിനാണു ഞാൻ അധീനനായിത്തീൎന്നതു? ദാനംചെയ്ത മുതൽ പിന്നീടു തിരികെ വാങ്ങാറുണ്ടോ? അങ്ങനെ വാങ്ങുന്നവൎക്കു പരഗതിയുണ്ടോ? ഹേ ചുമട്ടുകാരേ! ഇക്ഷണം നിങ്ങൾ ഈ ദ്രവ്യം എടുത്തുകൊണ്ടുപോയി അതിൻെറ ഉടമസ്ഥനെ ഏല്പിക്കണം. ഇതിൽ്പ്പറ്റി യാതൊന്നും പറയരുതു്. ഈ വാക്കുകൾ താംസേട്ടിക്കു തീരെ സഹിച്ചില്ല. അദ്ദേഹം നാമദേവനെനോക്കി, കുഞ്ഞേ! ഉപകാരം ചെയ്ത നിനക്കു ഒരു സഹായമല്ലേ ആ വത്സകൻചെയ്തതു്? അങ്ങോട്ടപേക്ഷിക്കാതെ സ്വന്തമനസ്സാലെ കൊടുത്തയച്ച ഈ ദ്രവ്യം നാം മടക്കിക്കൊടുത്തയയ്ക്കുമ്പോൾ, അതു അദ്ദേഹത്തെ നിന്ദിക്കുന്നതിനു തുല്യം അല്ലേ? എന്നു ചോദിച്ചു.

നാമദേവൻ:—അച്ഛ! ദാനംചെയ്ത മുതൽ തിരികെവാങ്ങുന്നതു് ഒരുനാളും ധൎമ്മമല്ല. അതു്, നരകകാരണമാണെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നു. പണ്ടു ശ്രീരാമൻ രാവണവധം കഴിഞ്ഞു്, അയോധ്യയിലേക്കുപോകാനായി ഭാവിച്ചപ്പോൾ, ലങ്കാരാജധാനിയിലെ ചന്ദ്രകാന്തക്കല്ലുകൂടി എടുത്തുകൊണ്ടുപോരാൻ വാനരന്മാരോടു കല്പിച്ചു. ഉടനേ ജാംബവാൻ അതു വിരോധിച്ചു്, അദ്ദേഹത്തെ വണങ്ങി ഇങ്ങനെ പറഞ്ഞു.

“അല്പയോഗ്യ! പരമശിവൻ ത്രിപുരന്മാരെ സംഹരിച്ചതും, ദേവാസുരന്മാർചേൎന്നു പാൽക്കടൽ കടഞ്ഞതും, ദക്ഷൻ ശിവനെക്ഷണിക്കാതെ യാഗംകഴിച്ചതും, പാൎവതി ഹിമവൽപുത്രിയായി ജനിച്ചു പരമശിവനെ വിവാഹംചെയ്തതും, ഹിരണ്യാദികളെ നിൎത്തിരുവടി സംഹരിച്ചതും, ബ്രഹ്മാവു അഞ്ചു ശിരസ്സോടുകൂടിയിരുന്നതും, കാമദേവൻ പരമശിവൻെറ കണ്ണിൽ ദഹിക്കുന്നതിനു മുമ്പു ശരീരത്തോടുകൂടി നടന്നതും, മാൎക്കണ്ഡനുവേണ്ടി, ശിവൻ കാലനെ സംഹരിച്ചതും, സുബ്രഹ്മണ്യൻ ജനിച്ചതും, ചെങ്കരനും ശങ്കരനും തമ്മിൽ യുദ്ധംചെയ്തതും, വൃകാസുരനെ ഭയന്നോടിയ ശിവനെ നിൎത്തിരുവടിരക്ഷിച്ചതും, മറ്റു പുരാതനങ്ങളായ പല സംഭവങ്ങളും കണ്ടറിഞ്ഞിരിക്കുന്നവനാണു് ഞാൻ അന്നുമുതൽ ഇന്നുവരെ ദാനംകൊടുത്ത മുതൽ തിരികെവാങ്ങിച്ച രാജാക്കന്മാരെ ആരെയും ഞാൻ കണ്ടിട്ടില്ല. ഇപ്പോൾ അങ്ങനെ ഒരാഗ്രഹം പ്രദൎശിപ്പിച്ചതു നിൎത്തിരുവടിമാത്രമാണു്. അതുകേട്ടു ശ്രീരാമസ്വാമി കല്ലെടുക്കാതെയാണു് മടങ്ങിപ്പോയതു്. അതിനാൽ ദാനംചെയ്ത മുതൽ ഇച്ഛരിക്കുന്നതു് ഒരിക്കലും ധൎമ്മമല്ല. കഠിനനരകാനുഭൂതിക്കു അതുകാരണമാണു്. സൂൎയ്യവംശരാജാവായ രഘുരാജൻ,

(കിളിപ്പാട്ടു മട്ടു്.)

പണ്ടു പങ്കജബന്ധുവംശത്തിൽവിഖ്യാതനായ് ഉണ്ടായിവന്നരഘുവെന്നൊരുനരവരൻ * കണ്ടാൽകോമളൻ,വീൎയ്യധൈൎയ്യവിക്രമാംഭോധി പുണ്ഡരീകാക്ഷഭക്തൻപൂൎവദേവൌഘാരാതി * നന്ദനന്മാരെപ്പോലെനാട്ടിലെപ്രജകളെ നന്ദിച്ചുസംരക്ഷിച്ചുനന്മവളൎപ്പിച്ചവൻ * ധനാധികാരക്കടക്കീഴാക്കിലോകാന്തരം മന്നവസമൂഹത്തെക്കിങ്കരന്മാരുമാക്കി • ധൎമ്മവിച്ഛേദംവേരിക്കാതെനിത്യവുംനിൎമ്മലാന്നാദിദാനങ്ങളുംചെയ്തുവന്നിരിപ്പവ

ൻ * ഒരുനാൾകുടുംബികളായശുദ്ധാചാരന്മാരാം ധരണീസുരന്മാരെപ്പലരെക്ഷണിച്ചവൻ
* വിരുന്നുനൽകി, സ്വർണ്ണവസ്ത്രാദികളുമവ രിന്നീടാതെവാഞ്ഛയൊത്തപോൾദാനംചെ
യ്യാൻ * മംഗലവിപ്രന്മാർതന്നാശിസ്സുമേററുനൃപ നങ്ങനെസിംഹാസനസ്ഥിതനായ്മ
രുവുമ്പോൾ * വന്ദ്യനാമൊരുവിപ്രസത്തമൻപോന്നുവന്നാൻ മന്നവൻസൽക്കരിച്ചുചോ
ദിച്ചാനഭീഷ്ടത്തെ * ധന്യഭൂപതിവീരലക്ഷംമാണിക്യത്തെ തന്നാലുമെനിക്കെന്നുഭൂസുര
നപേക്ഷിച്ചാൻ * ഭണ്ഡമെന്നിയേനൃപൻതൽക്ഷണംതന്നുനിജ ഭണ്ഡാഗാരത്തിൽനി
ന്നുംഭാരഭാരകവർഗ്ഗം * തന്നുടെമെയ്യോപ്പുകളഴിപ്പിച്ചതിൽനിന്നും ഒന്നച്ചുലക്ഷംതാനും
തികച്ചുദാനംചെയ്യാൻ * ഇഷ്ടമായതുതന്നേൻവിപ്രസത്തമ!ഭവാ നിച്ഛമറെറന്തുള്ളെ
ന്നുചോദിച്ചുവന്ദിക്കുന്ന * പൃത്ഥ്വീപാലനെനോക്കിബ്രാഹ്മണൻകൌതൂഹല ബദ്ധചേത
സാധന്യവാദാശീർവാദലോലം * ഇനിയുമെനിക്കൊരുമോഹമുണ്ടതുംഭവാൻ കനിവോടേ
കുമെങ്കിൽഭാഗ്യമായ്വരുമെന്നാൻ * മുനിനായക!മമജ്ജീവനെപ്പോലുംതപോ ധനരാംസദ്വൃ
ത്തന്മാർചോദിച്ചാൽകൊടുക്കുവാൻ * മുനിവില്ലേതുംഭവാനേതൊന്നുവേണമെന്നു തിനവാ
ണുമടിയാതെചൊല്ലുകേവേണ്ടു * രാജോക്തികേട്ടുവിപ്രൻചൊല്ലിനാൻനൃപ!തവ തേ
ജോരൂപിണിമാരാംസധർമ്മിണിമാരിൽ * സുന്ദരിയൊരുത്തിയെനമുക്കുനൽകീടുകിൽ
വന്നീടുംമനോരഥമില്ലസംശയമേതും * മന്നവൻതാനുമപ്പോളഭ്രകേശിനിമാരാം തന്നുടെ
പത്നിമാരെയൊക്കവേവരുത്തിനാൻ * ഇന്നിതിവരിൽപ്രിയമാകുന്നുഭവാനേതു ചൊന്നാ
ലുമെന്നാലവൾതന്നെഞാനയച്ചേനേൻ * ഭൂപതേഭവാൻവിപ്രഭക്തനെന്നിരിക്കിലോ ശോ
ഭനഗാത്രിമാരെമുപ്പതാളെയുമിപ്പോൾ * ദാനംചെയ്യുന്നുകേട്ടധീരനാംനൃപൻനിജ മാനി
നിമാരെപ്പാടേവിപ്രനുസൽക്കരിച്ചാൻ * കല്യാണാംഗിമാർനിജകൈക്കലായപ്പോളവർക്കെ
ല്ലാക്കുംസുഖവൃത്തിക്കെന്തൊരുവഴിയെന്നു * വല്ലാതെവിഷണ്ണനായ്തീർന്നുഭൂസുരൻതാനും
നിർല്ലജ്ജംനൃപനോടുപിന്നെയുംചൊല്ലീടിനാൻ * കല്യനാംരഘേ!രാജഭോഗസൌഖ്യ
ങ്ങളാന്നു കല്യാണിമാരെക്കാമംപോലെ സംരക്ഷിക്കുവാൻ * ഇല്ലല്ലോപൊരുളൊന്നുമതി
നംധനമിനി വല്ലതെങ്കിലുംഭവാൻനൽകണംമടിയാതെ * ഖ്യാതിരാവിപ്രോത്തമ!നി
ന്തിരുവടിക്കെൻറെ ചെങ്കോലുംസർവ്വരാജ്യസമ്പത്തുംമെന്ന്യതല്ലാം * ശങ്കകൈവിട്ടുനൽ
കിക്കാനനമകംപുക്കു വൻതപോധനവൃത്തിയെകൈക്കൊണ്ടുവസിക്കുന്നേൻ * എന്നുരചെയ്തു
ഭൂമിവല്ലഭൻരാജ്യസമ്പ ത്തൊന്നൊഴിയാതെധാത്രീദേവനായ്ദാനംചെയ്താൻ * പിന്നെ
പ്പോയ്വിപിനഭൂതലമാന്നാത്മാനന്ദ മുനിത്താപസവൃത്തിയെക്കൈക്കൊണ്ടുവസിക്കുന്നാൾ *
നാരദമുനീശ്വരൻരഘുനാഥനെക്കാണ്മാൻ പോരതിലവതരിച്ചെത്തിനാനയോദ്ധ്യയിൽ *
ധീരനാംഭൂപൻധാത്രീദേവനധരാതലം നീരൊഴിച്ചൊഴിഞ്ഞുപോയ്കാനനംപുക്കാനെ
ന്നു * കേട്ടമാമുനിശ്രേഷ്ഠൻവിപ്രനിൽമുനിവോടും കാട്ടിലെന്നിയേചെന്നുമന്നവൻതന്നെ
ക്കണ്ടാൻ * പാർത്ഥിവശശാങ്കനാംഭൂപതേഭവാനഹോ ഗാർഹസ്ഥ്യമയ്യോ!സ്വർഗ്ഗകരമെന്നമ
രന്മാർ * കീർത്തിക്കുന്നതിന്പ്രഭാവങ്ങളുമുണ്ടുപോലെ വാഴ്ത്തുവാനാളല്ലഞാൻചാലതിഗംഭീ
രപ്രഭോ! * ദിവ്യനാംപരമിതുളക്കിച്ചുസുഖിച്ചുനീ യാവജ്ജീവംകീർത്തിയുംമോക്ഷമാനായിഭവി
ക്കെടോ! * സർവ്വശോഭനമിതുഭുജിക്കുന്നവർക്കായു സ്സുവീര്യമേ!ദേഹാരോഗ്യമായുസ്സാദിയൊക്കമെ
ല്ലോ * എന്നുരചെയ്തധന്യമാമൊരുഫലംമുനി മന്നവൻതനിക്കേകിനൽകീടിനാൻപ്രസ
ന്നനായ് * വന്ദിച്ചുവാങ്ങിക്കൊണ്ടാൻരഘുവുമിതുഭക്ഷി ച്ചുനീ ഭദ്രമേചിരംവാഴ്കെന്നാ
ശിയുംനൽകി * മറഞ്ഞുമുനിപരൻവരപാലനുമുള്ളിൽ നിനഞ്ഞുചിന്തു;എന്തീഫലമിപ്പ
ലത്തിനാൽ? * ചിന്തനാത്മധ്യാനരതന്മാരെനിക്കില്ലാ ബന്ധാവിനാവിപ്രോത്തമനെ
ടുക്കിലോ * നല്ലാരുമായിച്ചേർന്നുപലനാൾരാജ്യരക്ഷ്യ കല്യനായ്വരുമാറുഭുജിച്ചുവസിച്ചി
ട്ടും * കില്ലില്ലേതൊത്തുചെന്നുവിപ്രനെസംഭാവിച്ചു നല്പപഴവുംഭക്തിപൂർവ്വകംസമ്മാ
നിച്ചാൻ * അക്കനിതിന്നാൽമൃത്യുപുണ്ടാകയില്ലെന്നുള്ള വാസ്തകളെല്ലാമറിവിച്ചതു
നേരം * വിപ്രനുംചൊന്നാൻസഹോദരരേ!ഭോ നിപ്രദാനത്താലെനസൽകരിച്ച
തിനുഞാൻ * പ്രത്യുപകാരത്തിനാളല്ലെന്നാകിലുംമനോ മുഗ്ദ്ധമാരാമിക്കാമിങ്കണ്ടിവർകുഴ
ലിമാർ * ഒക്കവേമരിച്ചുഞാൻജീവിച്ചാലതുകൊണ്ടു ദുഃഖമേഫലമതിനൊന്നുചെയ്യണം
ഭവാൻ * മുപ്പതുപഴംകൂടെയിവർക്കീവിധമായുർവൃദ്ധിക്കുവാനായ്മമനൽകണംനരപതേ! * ത

ഈപ്രകാരങ്ങൾകേട്ടരാജരാജനംപര മുൾപ്രകമ്പമാർന്നാധിപൂണ്ടുവീണപേക്ഷിച്ചാൻ * ദു
ഷ്പ്രാപമിദം ഫലംദിവ്യമാണിതുപോലെ മൂപ്പതിന്നിനിലഭിക്കാവല്ലെന്നാകിലും * താവ
ൽകൃപാകടാക്ഷമുണ്ടെങ്കിൽഞാൻനൽകീടുവനിക്കാലമതിനൊരുമന്ദഭാവംകഴിക്കണം *
അങ്ങനെസമ്മതിച്ചുവേദിയൻകഴൽകൂപ്പി മന്നവൻകാന്താരത്തെപ്രാപിച്ചുതപസ്സിനായ്
* ഒന്നൊന്നായ് ദിവസങ്ങൾകഴിഞ്ഞുകൂടി, നാല്പത്തൊന്നാംവാസരത്തിൽമന്നവൻവി
ചാരിച്ചാൻ * എന്തേകഷ്ടമേ! വിപ്രനോട്ടുഞാനെന്തേചൊൽവ തെന്നെയുംനോക്കിനോ
ക്കി സ്സാധുവങ്ങിരിക്കുന്നു * ധന്യനാംമുനിയെനിക്കേകിയപഴംമൂലാൽ തന്നെഞാൻഭ്രമ
വാദാനംചെയ്തുമൂലം * വന്നുകൂടിയവിപത്താരോടുചൊല്ലാമിനി പുണ്ഡരീകാക്ഷപാദ
മല്ലാതില്ലവലംബം * കൊടുക്കാമെന്നുതന്നെപറഞ്ഞുപോയതിനി കൊടുത്തില്ലെങ്കിലതു
പാപമായ്വരുമന്ത്യം * ശപിച്ചേക്കാനുംമതി കോപിഭൂസുരൻമനം കല്പ്പടോത്മാവിനെ
ബന്ധിച്ചേക്കാനുംമതി * മരിച്ചുവൃജനംജനിച്ചുവേദിയന്റെ കടത്തെതീർക്കാമെന്നു
നിശ്ചയിക്കിലും * ജഡത്തെവിട്ടാലിനിജന്മമുണ്ടെന്നോവര ഡത്തിൽതന്നെജീവനാവേ
ശിച്ചീടുമെന്നോ * നിർണ്ണയമില്ലഹാഹാ! ദൈവമേപ്പൊനിങ്ങനെ കണ്ണീർതൂകിക്കേണും
മോഹിച്ചുഭൂമൗവീണും * മന്നവൻകിടക്കുമ്പോൾ നേരെകൈവന്നതിനു വെണ്ണിലാവെന്ന
പോലെവിണ്ണിൽനിന്നിഴിഞ്ഞുടൻ * നാരദമുനിയെഴുന്നള്ളിവന്നെന്തുനൃപവീരമേ! പരി
താപമെന്തെന്നുചോദ്യംചെയ്താൻ * കുരിക്കെട്ടിൽപെട്ടുവലയുന്നവൻനാകത്തെ സൂര്യ
നെക്കണ്ടപോലെമന്നവൻപ്രസാദിച്ചു * താരൊളിപ്പാദങ്ങളിൽവന്ദിച്ചുപരിതാപകാരണംമു
നീന്ദ്രനോടെപ്പേരുമറിയിച്ചാൻ * അത്ഭുതതപോനിധേ! ദേവൻഭവാനിനിമുപ്പത്തുമൂന്നുകൂടി
നൽകണമെന്നുംചൊല്ലി * നിൽക്കുന്നരാജാവിനെവാത്സല്യപൂർവംമുനി സത്തമൻസംഭാ
വിച്ചുസംപ്രീതിപുരസ്സരം * ഇന്ദ്രന്റെപൂങ്കാവിലെപ്പഴമാണിതെന്നിന്ന കിന്നരമാഗ്രാഹമെങ്കി
ൽവരികെന്നനന്തരമായി * ചുംബരമാർഗേണപോയ്ദേവലോകംപ്രാപിച്ചുസമ്മാനിക്കയുംചെ
യ്തുമുപ്പത്തുഫലങ്ങളെ * സന്തുഷ്ടനായിസ്തുതിവാക്യങ്ങൾവചിച്ചേററംസന്തുഷ്ടനായിനിന്ന
രാജരാജനെപ്പിന്നെ * തപോവനത്തിലാക്കീടിനാൻമുനിവര നന്തരംനൽതന്നെച്ചെന്നു
കണ്ടുഭൂപതിരാജം * കനികൾകാഴ്ചവച്ചുതൊഴുതുനിൽക്കുന്നേരം മനുജേന്ദ്രനെബ്ബഹുമാ
നിച്ചുമഹീദേവൻ * പ്രണയപൂർവംചൊന്നാൻ,നന്ദഹോദേവൊരായ്ക ഗുണമെന്നാലിനി
നിയൊന്നുചെയ്യണംഭവാൻ * ഏതൊരുദിക്കിൽനിന്നിപ്ഫലങ്ങൾലഭിച്ചുവോ സാദരമ
വിടേക്കെന്നെക്കൂടിനടത്താരോടും * പ്രീതിപൂർവകംനയിക്കേണമാദിവ്യസ്ഥലം ശരതമായകമെ
ന്നതോന്നുന്നുവപ്പോ! * ചൊല്ലിനാൻ രാജരാജനതുകേട്ടഹോവിപ്രശ്രേഷ്ഠ! നല്ലതല്ലിദ്ദ
മ്മോഹമെന്നല്ലാ * ചൊല്ലാൻവിഷമമാം സ്വർഗ്ഗലോകത്തിലുള്ള നല്ലൊരുപൂങ്കാവിലെക്ക
നിയാണിതുമെന്നാൽ * പോകുവാൻവഴിയില്ല,പോകാൻപുണ്യവുമില്ല ഞാകായുമുള്ളവോ
നേയുംപെൺകുലത്തേയും * നാകത്തിൽഞാനെങ്ങനെകൊണ്ടുപോകേണ്ടുധരാ ലോകത്തെ
പ്പാലിച്ചുസുഖമനുഭവിച്ചാലും * എങ്കിലനൃപന്റെരാജ്യാധികാരത്തെയും മങ്കമാ
രെയുമെല്ലാംതിരികെവാങ്ങിക്കൊണ്ണു * ശങ്കയെന്നിയേചൊന്നവിപ്രനെനമസ്കരി ച്ചു
ങ്കരിച്ചോതപേ ദർഭ്രൂനമൃദചെയ്താൻ * വേദിയോത്തമ! ദാനംചെയ്തവസ്തുവെപ്പിന്നെ യേ
തവൻവാങ്ങുന്ന ന്നനാകേശാരിയല്ലോ * പ്രീതനായതുവാഴ്കപക്ഷേമതപോബലഹേതു
നാമവോനെഞാൻസ്വർഗ്ഗത്തിൽനയിക്കുവാൻ * ശ്രമിക്കാമതുവരെയെനിക്കുവേണ്ടിയല്പം ക്ഷ
മിക്കാറാകവേണമെന്നുചീന്ദപേക്ഷിച്ചു * മുറയ്ക്കുകാന്താരപുക്കുഗ്രഹമാംതപോവൃത്തി ച
രിച്ചുപലകാലംകൊണ്ടുഭൂദേവനെയും * ഭാര്യമാരെയുംനാകലോകംചേർത്തുമൂല മറ്റുനാം
വിപ്രോത്തമൻതുഷ്ടനായ്രാജാവിനെ * പിടിച്ചാശ്ലേഷിച്ചാശീർവദിച്ചുധരാഭരമെടുക്കു
കൊള്ളാമെന്നുസമ്മതിക്കയുംചെയ്താൻ * കൊടുത്തഭൂമിവീണ്ടുവാങ്ങുവാൻകഴിയാഞ്ഞു പട്ടു
തഴെഴുംരാജാസഹിച്ചദുഃഖംകാൺമിൻ * അപ്രകാരമവിശ്വാമിത്രനായ്കൊടുത്തൊരുസ
പ്തദ്വീപയെവീണ്ടുവാങ്ങുവാൻഹരിശ്ചന്ദ്രൻ * നിർഭരംവിഷാദിച്ചുനിശ്ശങ്കംനിഷേധിച്ച
സുപ്രസിദ്ധമാംകഥയറിയുന്നതുമില്ലേ?

ഇങ്ങനെ പല ഉദാഹരണങ്ങൾപറഞ്ഞു്, നാമദേവൻ മാതാപിതാക്കളെ ഒരുവി
ധത്തിൽ സമ്മതിപ്പിച്ചു്, വരാഹൻ പതിനായിരവും ചുമട്ടുകാരെക്കൊണ്ടെടുപ്പിച്ചുയാ

തുപറഞ്ഞയച്ചു. അനന്തരം സർവ്വലോകനിയന്താവായിരിക്കുന്ന ഭഗവാൻ രക്ഷയുള്ളപ്പോൾ യാതൊരുകുറവും നമുക്കുണ്ടാകയില്ലെന്നും, സദാ അദ്ദേഹത്തെത്തന്നെ ചിന്തിച്ചുഭജിച്ചുകൊണ്ടു സന്തോഷിച്ചിരിക്കാതെ, ദുഃഖിക്കുന്നതു ഉത്തമമല്ലെന്നും, മററും പല നീതികളും, മാതാപിതാക്കന്മാൎക്ക ഉപദേശിച്ചു്, രാത്രി അധികമായെന്നുകണ്ടു് ഉറങ്ങാനായി അവിടെ ഒരിടത്തുതന്നെകിടന്നു് വിഷ്ണുസങ്കീൎത്തനങ്ങളെപ്പാടിക്കൊണ്ടിരുന്നു അ പാട്ടുകേട്ടു, താംസേട്ടിക്കും ഗുണാഭായിക്കും, അത്ഭുതപൂൎവ്വമായ ആനന്ദവും നിൎവൃതിയുമുണ്ടായി. ഒട്ടുവളരെനേരം അങ്ങനെകിടന്നശേഷം, എല്ലാവരും ഉറക്കംപിടിച്ചു.

ഇതിന്നിടയ്ക്കു്, വരാഹൻ പതിനായിരവുംകൊണ്ടുപോയ ചുമട്ടുകാർ ഭഗവൽസന്നിധാനത്തിൽചെന്നു്, വസ്തുതകളെല്ലാം ഉണൎത്തുകയും നാമദേവന്റെ ധൎമ്മബുദ്ധിയെപ്രശംസിക്കയുംചെയ്തു. ഭഗവാൻ അതുകേട്ടു സന്തുഷ്ടനായി, രാത്രിയുടെ നാലാംയാമത്തിൽ, അനേകം ദേവന്മാരോടും ദേവസ്ത്രീകളോടും മഹൎഷിമാരോടുംകൂടി, വിവിധവാദ്യങ്ങൾമുഴക്കിച്ചുകൊണ്ടു്, നാമദേവരുടെ ഭവനത്തിലേക്ക യാത്രതുടങ്ങി. പലവിധത്തിലുള്ളപുഷ്പമാലകളും ആടയാഭരണങ്ങളും കുറിക്കൂട്ടുകളും, മററും ദേവസ്ത്രീകൾ ഓരോരുത്തരും, ഓരോ തളികയിൽവെച്ചുകൈയിൽ ധരിച്ചിട്ടുണ്ടായിരുന്നു ഇങ്ങനെ പലവിധത്തിലുള്ള അലങ്കാരങ്ങളോടും ആഘോഷങ്ങളോടും അകമ്പടികളോടുംകൂടി, ഭഗവാൻ നാമദേവന്റെഭവനത്തിന്റെ മുമ്പാകെ ചെന്നു നിന്നുകൊണ്ടു അദ്ദേഹത്തെ വിളിച്ചു. വിളികേട്ടുനാമദേവൻ വേഗത്തിൽ ഞെട്ടിയുണൎന്നെഴുനേററു്, വെളിയിലിറങ്ങിനോക്കിയപ്പോൾശ്രീനാരായണസ്വാമി സപരിവാരനായി എഴുന്നള്ളിനിൽക്കുന്നതുകണ്ടു്, ആനന്ദസമുദ്രത്തിൽമുഴുകി സാഷ്ടാംഗപ്രണാമംചെയ്തു വാഴ്ത്തിസ്തുതിച്ചു ഉടനേ, ഭഗവാൻ നാമദേവനെ തൃക്കൈകളാൽ തലോടി അരുളിച്ചെയ്തു. “പ്രിയഭക്തനായ നാമദേവ! നിനക്കുമാത്രം എന്നെഇരൂപത്തിൽ കാണപ്പെടും. മററു കാണുന്നവൎക്കെല്ലാം ഒരു വൎത്തകൻഎന്നേ തോന്നുകയുള്ളു. നീ എന്നെ മററുള്ളവർകാൺകെ ഒരു വൎത്തകൻഎന്നപോലെ ഭാവിച്ചുകൊള്ളണം. നമുക്കു ഇപ്പോൾത്തന്നെ, നിന്റെ ബന്ധുഭവനത്തിലേക്ക ഈ ആഡംബരത്തോടുകൂടിപ്പോകണം. നീ വേഗംപോയി കുളിച്ചുവന്നു വസ്ത്രാഭരണങ്ങൾ ധരിക്കയും മാതാപിതാക്കന്മാരെ ധരിപ്പിക്കയും ചെയ്യണം.”

ഭഗവാന്റെ കല്പനപ്രകാരം നാമദേവൻ തൽക്ഷണംതന്നെപോയി കുളിച്ചു മാതാപിതാക്കന്മാരുമായി യാത്രയൊരുങ്ങി. ഭഗവാനെ നാമദേവൻഒഴിച്ചുള്ളവരെല്ലാം ഒരു വ്യാപാരിയാണെന്നുതന്നെ നിശ്ചയിച്ചു. നാമദേവനുമായുള്ള സ്നേഹംപ്രമാണിച്ചു്, അദ്ദേഹംകൂടി ബന്ധുഭവനത്തിലേക്കു്, പോകാൻ പരിവാരസമേതം വന്നിരിക്കയാണെന്നു എല്ലാവരും ധരിച്ചു. അനന്തരം താംസേട്ടിമുതൽപേർ, വൎത്തകനോടൊന്നിച്ചു ബന്ധുഭവനത്തിലേക്ക തിരിച്ചു.

“പാട്ടുമാട്ടവുംക്കൂത്തുംപുഷ്പവൃഷ്ടിയുമോരോ
കൂട്ടമേവാദ്യങ്ങളുംമംഗലസ്തുതികളും”

ഘോഷിച്ചു്, ആകാശമണ്ഡലം പരിമളത്താൽ ഭൂഷിച്ചു് പണ്ഡരപുരംതന്നെ ഒന്നിളകിമറിയത്തക്കവണ്ണം സന്തുഷ്ടരായിപ്പോകുമ്പോൾകാണികളെല്ലാം വളരെഅത്ഭുതപ്പെടുകയും, ആ വ്യാപാരി ഏതാണെന്നു പലരോടും ചോദിക്കയുംചെയ്തു. വൈകുണ്ഠപുരത്തിലെ കേശവശെട്ടിയാണദ്ദേഹമെന്നും നാമദേവരുമായുള്ള സ്നേഹംപ്രമാണിച്ചുവന്നു ചൗളകൎമ്മാഘോഷത്തിനു പോകയാണെന്നും പരിജനങ്ങൾ പറഞ്ഞുധരിപ്പിച്ചു. പലരും കേട്ടു, ആ വൎത്തകന്റെ പ്രൌഢിയെയും മഹാമനസ്കതയേയും വാഴ്ത്തിസ്തുതിച്ചു. നാമദേവന്റെ ബന്ധുഭവനവാതുക്കൽ ചെന്നപ്പോൾ, അത്യത്ഭുതകരമായ ആഘോഷയാത്രയെ പുകഴ്ത്തി അവിടെ കൂടിയവരെല്ലാം കൊണ്ടാടി. എല്ലാവൎക്കും അവരവരുടെ അനുഗ്രഹംപോലെയുള്ള വസ്ത്രാഭരണാദികളെ നാമദേവനുവേണ്ടിവൎത്തകൻ ദാനംചെയ്തു. ബാലായിയുടെ മാതാവിനും അവൾക്കും വിലയേറിയ പല രത്നാഭരണങ്ങൾ സമ്മാനിച്ചു. അതിഥികളായ ബ്രാഹ്മണരുംമററും പല ൦ ദാനത്താൽ സന്തുഷ്ടരായിമുക്തകണ്ഠംവാഴ്

ത്തിസ്തുതിച്ചു. അനന്തരം വിഷ്ണുദാസന്റെ മെഴുവും കണ്ണുവേധനവും സുമുഹൂർത്തത്തിൽ നടത്തിച്ചു, അനർഘങ്ങളായ പലരത്നാഭരണങ്ങളാൽ, ആപാദമസ്തകം ആ ബാലനെ അലങ്കരിച്ചു. അതിൽപിന്നെ അവിടെ കൂടിയവർക്കെല്ലാം വത്സകന്റെ ചെലവിൽതന്നെ ചതുർവ്വിധമായി ഭക്ഷണം ഒരുക്കിച്ചുകൊടുക്കയും, പരിമളവിശിഷ്ടങ്ങളായ പലകറിക്കൂട്ടുകളും വിതറിച്ചു, പനിനീർതളിച്ചു വെള്ളകപ്പുക്കൾ ദാനംചെയ്കയും ചെയ്തു. ഒടുവിൽ വിലയേറിയ ഒരു മുത്തുമാലയെടുത്തു രാജഭായിയുടെ പിതാവിനു സമ്മാനിച്ചിട്ടു വത്സകൻ ഇങ്ങനെപറഞ്ഞു. "ഹേ കോടീശ്വര! ഞാൻ അങ്ങേ ഒരുമകന്റെ ബാല്യസ്നേഹിതനായ ഒരു വത്സകനാണ്. അദ്ദേഹത്തിന്റെ മകന്റെ ചൌളാദികർമ്മങ്ങൾ ഇന്നേക്ക നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി അറിവുകിട്ടുകയാൽ യഥാശക്തി, അതിനുവേണ്ട ഉപഹാരവുംകൊണ്ടാണ്, ഞാൻ വന്നത്. വിവാഹത്തിനു വരണമെന്നുവിചാരിച്ചിരുന്നതാണ്. പക്ഷെ, അതു സാധിച്ചില്ല. ഇപ്പോഴെങ്കിലും ഇവിടെ വരാനും നാംതമ്മിൽ കാണാനും ഇടയായതിൽ അനല്പമായ സന്തോഷമുണ്ട്. ഇനി, എനിക്കയാത്ര പറഞ്ഞയയ്ക്കണം" കോടീശ്വരൻ അതുകേട്ടു, പലധന്യവാദങ്ങളോടുകൂടി തന്റെ കൃതജ്ഞതയെ പ്രദർശിപ്പിച്ചശേഷം വത്സകനെ യാത്രയാക്കി. വത്സകൻ പോകുമ്പോൾ, താംസേട്ടിയേയും നാമദേവരേയുംനോക്കി, ഹേ! സുകൃതികളേ! ഇനി നിങ്ങൾസൌഖ്യമായും സന്തോഷമായും ഇരിപ്പിൻ! ഞാൻ പണ്ഡരീനാഥക്ഷേത്രത്തിൽചെന്നു, വിഷ്ണുദർശനംകഴിഞ്ഞു, വൈകുണ്ഠപുരത്തിലേക്ക ഇപ്പോൾതന്നെ പോകും എന്നരുളിച്ചെയ്തു, പരിജനങ്ങളുമായി കുറേദൂരം നടന്നശേഷം അന്തർദ്ധാനംചെയ്തു.

വത്സകന്റെ പ്രൌഢിയും ഔദാര്യവുംകണ്ടു, സന്തുഷ്ടനും ലജ്ജിതനുമായ ആ കോടീശ്വരൻ, അല്പമായി തനിക്കുണ്ടായിരുന്ന ധനമദത്തെ നിശ്ശേഷം ഉപേക്ഷിച്ചു താംസേട്ടിനാമദേവൻമുതലായവരെ വേണ്ടപോലെ ഉപചരിച്ചു, കുറേനാൾ അവിടെത്താമസിപ്പിച്ചു. അനന്തരം, യഥായോഗ്യം സത്കരിച്ചു യാത്രപറഞ്ഞുസ്വന്തഭവനത്തിലേക്കയയ്ക്കയും ചെയ്തു. നാമദേവൻ വീണ്ടുംപഴയപടി പണ്ഡരീനാഥക്ഷേത്രത്തിൽ പോയി നൈവേദ്യാന്നം ഭഗവാനു പൂജിക്കയും, താനും അതിലോഹരി ഭക്ഷിക്കയുംചെയ്തുകൊണ്ടു താമസിച്ചുവന്നു. അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം ഭഗവാൻ പ്രത്യക്ഷനായി നാമദേവനെ പരീക്ഷിക്കാനായി ഇങ്ങനെപറഞ്ഞു. "നാമദേവ! നിനക്ക ഞാൻപലപ്പോഴും സ്വർണ്ണദാനംചെയ്കയും വേലക്കാരനായിവന്നു, പന്തൽകെട്ടുകയുംമറ്റുംചെയ്തുവല്ലോ. അതിനു ഇതുവരെയായിട്ടും! എനിക്ക കൂലിതരികയോ പകരം ഏതെങ്കിലും ചെയ്തുതരികയോ ഉണ്ടായില്ല. നാമദേവൻ അതുകേട്ടു ഭഗവാനെ വന്ദിച്ചു പറഞ്ഞു — "ദൈവമായാദേവ! തിരുവടിയുടെ വകയും തിരുവടിയുമല്ലാതെ ലോകത്തു മറെറന്തുള്ളു? ഞാൻ ആ സ്ഥിതിക്കു അങ്ങേക്ക കൂലിതരേണ്ടതു എന്തൊന്നാണു? എന്നുതന്നെയല്ല, ലോകത്തുള്ളവരെല്ലാം അങ്ങേ ഭൃത്യന്മാരായിരിക്കെ, അങ്ങേക്ക കൂലിതരേണ്ടുന്ന യജമാനൻ ഞാനാകുന്നതെങ്ങനെ? അങ്ങിൽനിന്നു അന്യനല്ലാത്ത എന്നെ വേറാക്കികല്പിച്ചു കൂലിചോദിക്കത്തക്കതാണോ? തിരുവടിയുടെ സാരഗർഭങ്ങളായ ചോദ്യങ്ങൾക്ക ഉത്തരംപറയാൻ അടിയൻ ഒരാളാകുമോ? അങ്ങുചോദിക്കുന്നതിനു മുമ്പേതന്നെ എന്റെ ജീവനെ അങ്ങേക്ക ദാനംചെയ്തിരിക്കുന്ന സ്ഥിതിക്ക അങ്ങു എന്നെ അന്യനായിക്കരുതാമോ? അങ്ങനെ കരുതിയാലും ഞാൻവേർപെട്ടിരിക്കുമോ? ഇനിയും ഈ ഭക്തനെപ്പരീക്ഷിക്കണമെന്നാണോ വിചാരിക്കുന്നതു? നാമദേവന്റെ വാക്കുകൾകേട്ടു ഭഗവാൻ, പുഞ്ചിരിയോടുകൂടി അദ്ദേഹത്തെപ്പിടിച്ചുമാറോടണച്ചാശ്ലേഷിച്ചുകൊണ്ടു, കുഞ്ഞേ! നാമദേവ! നിന്റെ വിചാരം ഇപ്രകാരമാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല എന്നരുളിച്ചെയ്തു. നാമദേവൻ, ഹേ! മയാസഹായനായഭഗവാനേ! സർവ്വാന്തര്യാമിയായ തിരുവടി എന്റെവിചാരത്തെ അറിഞ്ഞില്ലെന്നാണോ അരുളിച്ചെയ്തതു? അങ്ങേ മനോഭാവം ബ്രഹ്മാദിദേവന്മാരാൽപോലും അറിയത്തക്കതല്ലാത്തസ്ഥിതിക്കു, അല്പനായ ഞാൻ എങ്ങനെ അറിയും. ഹേ പരമേശ്വര! ഭക്തവത്സല! പാണ്ഡുരംഗ! ശ്രീരംഗ!" എന്നിങ്ങനെ പറഞ്ഞു സ്തുതിക്കുമ്പോൾ നാമദേവനു ഭഗവാ

ൻ, നിത്യാനന്ദസമ്പത്തനുഗ്രഹിച്ച്, അന്തർദ്ധാനംചെയ്തു. നാമദേവനാകട്ടെ, പണ്ഡരീനാഥക്ഷേത്രത്തെ തന്റെ സ്വന്തംവീടുപോലെ വിചാരിച്ച് രാപ്പകൽ അവിടെത്താമസിച്ചു ഭജനം നടത്തിവന്നു.

അദ്ധ്യായം സമാപ്തം.

നാമദേവൻ ജ്ഞാനേശ്വരനോടുകൂടി യാത്രപോയതും, അക്ബർബാദുഷാവിനാൽ കൊല്ലപ്പെട്ട പശുക്കുട്ടിയെ ജീവിപ്പിച്ച് മഹാരാഷ്ട്രദേശത്തിൽ ഒരു നദീപ്രവാഹത്തെ ഉണ്ടാക്കിയതും, നാഗേശ്വരൻകോവിൽ പടിഞ്ഞാറുമുഖമാക്കി തിരിച്ചതും, ആകാശത്തിൽനിന്നുംവന്ന കൊടികളെ ആ കോവിലിൽ നാട്ടിയതും, യാത്രചെയ്തു പണ്ഡരപുരത്തിൽ വന്നപ്പോൾ ശ്രീപാണ്ഡുരംഗൻ വിരുന്നൂട്ടിയതും, വിസോബാവിനോടുബ്രഹ്മോപദേശം ലഭിച്ചതും, പരിശഭാഗവതദാസനെ കണ്ടിട്ട് പുറത്തിറ അവന്റെ കൈയിലിരുന്ന പരിശവേദിയെ നദിയിൽ എറിഞ്ഞതും, അവന്റെ നിർബന്ധത്താൽ ചന്ദ്രഭാഗാനദിയിൽ മുങ്ങി, രാജാവുമുതലായ എല്ലാവരും കാൺകെ, അളവററപരിശവേദികളെ എടുത്തുകൊടുത്തതും‌മററും പല അത്ഭുതകൃത്യങ്ങളും വിവരിക്കുന്നഅദ്ധ്യായങ്ങൾ, ഇനിപ്പറവാൻപോകുന്ന ഭക്തന്മാരുടെ ചരിത്രങ്ങളിൽ ചേർന്നവരും. അത്, അവിടവിടെ ഈ പുസ്തകത്തിന്റെ രണ്ടാംഭാഗത്തിൽ കാണപ്പെടും.

ശുഭം.

ആദിമദ്ധ്യാന്തരഹിതനായ ദേവ! പിതാവിന്റെ അങ്കത്തിൽ കയറിയിരിക്കാൻ സമ്മതിക്കായ്കകൊണ്ട്, ദുഃഖിച്ചു ജ്വലിച്ചു ധ്രുവന്, കഴിവില്ലാത്ത ലോകംകൊടുത്തതുപോലെ ഒരു ചരിത്രംപോലും പറവാൻ ശക്തനാകാത്ത ഞാൻ ഭക്തന്മാരായ എഴുനൂറുപേരുടെ ചരിത്രം എഴുതിത്തീർക്കത്തക്കവണ്ണം അനുഗ്രഹിക്കുന്നതിനു അങ്ങേ തൃപ്പാദപത്മങ്ങളും ലക്ഷ്മീദേവിയുടെ കാൽത്താമരകളും അങ്ങേ ഭക്തോത്തമന്മാരുടെ പാദങ്ങളും ഭക്തിപൂർവ്വം വന്ദിച്ചു സേവിക്കുന്ന ദാസദാസനായ ഈ വെങ്കിടദാസന്റെ മന്ദബുദ്ധിയെ മാററി, ഗ്രന്ഥനിർമ്മാണത്തിൽ ശക്തിയും ശ്രദ്ധിക്കേണ്ടഭാരം മുഴുവനും ഇതാ ഞാൻ തിരുവടിയിൽതന്നെ സമർപ്പിച്ചിരിക്കുന്നു.

ശ്രീനാരായണായനമഃ

വിദ്യാബുദ്ധികൾതന്നുവിഘ്നമഖിലംതീർക്കുന്നവിഘ്നേശനും
ഭക്തന്മാർക്കുമനോരഥങ്ങൾതരുമാശ്രീപണ്ഡരീനാഥനും
തത്ത്വാർത്ഥംവിവരിച്ചഭീഷ്ടമരുളുംശ്രീശൂലിയുംസ്കന്ദനും
നിത്യംഭക്തകഥാപ്രസംഗപടുതയ്ക്കെന്നെക്കടാക്ഷിക്കണം.

ശ്രീമഹാഭക്തവിജയേ, ശ്രീമന്നാമദേവോപാഖ്യാനം സമാപ്തം.

# ജ്ഞാനേശ്വരചരിത്രം

---:o:---

### ഭഗവൽസ്തുതി.

തീക്കണ്ണൻതിരുമേനിസൂനവനാർമുഖാംനിലിമ്പേശരും
വായ്ക്കുന്നതപസാവിളങ്ങുമൃഷിവര്യന്മാരുമാരുംവിഭോ!
നോക്കിക്കാൺമതിനെത്തിടാതതവമായാശക്തിതൻവൈഭവം
മൂഢൻഞാനറിയുന്നതെങ്ങനെഹരേ!നിമ്പത്തുസമ്പത്തുമേ.

### ജ്ഞാനേശ്വരസ്തുതി.

മീനാമപന്നിനരഹര്യ്യക്ഷവാമനഹാരാമരാമഹലഭൃത്
ദീനാവനൈകരതഗോപാലകല്ക്കിമുഖരൂപൻഫണീന്ദ്രശയനൻ
താനാശുമർത്ത്യവടിവായ്‌വന്നധർമ്മനിലപാരിൽപരത്തിയമഹാ-
ജ്ഞാനേശ്വരാഖ്യവരധാമംനമുക്കവരമേകട്ടെനന്മവരുവാൻ.

### (ജ്ഞാനേശ്വരരുടെ പിതാവായ വിഡോഭാവൻെറയാത്ര)

അണിമാദ്യഷ്ടൈശ്വര്യസിദ്ധികളോടുകൂടിയിരിക്കുന്ന ഉദ്ധവസിദ്ധർ മുതലായ ഭഗവതന്മാർ, ബ്രാഹ്മമുഹൂർത്തത്തിൽ ഉന്നന്നെഴുന്നേററ്, ചന്ദ്രഭാഗാനദിയിൽ കുളിച്ചു നിത്യകർമ്മങ്ങളും കഴിച്ചുകൊണ്ട്, ബ്രഹ്മാംശഭൂതനായ നാഭാജിസിദ്ധരുടെ സന്നിധിയെ പ്രാപിച്ച്, അദ്ദേഹത്തെ വലംവച്ചു വന്ദിച്ച്, സദ്ഗുരോ! ത്രിമൂർത്തികളും ആദിശക്തിയും ലോകത്തിൽ അവതരിച്ച ചരിത്രത്തെ ഞങ്ങളെ കേൾപ്പിച്ചനുഗ്രഹിക്കുന്നതിനു കരുണയുണ്ടാകണം. എന്നപേക്ഷിച്ചു. നാഭാജിസിദ്ധർ അതുകേട്ടു സന്തുഷ്ടനായി, ഉദ്ധവസിദ്ധർ മുതലായവരെനോക്കി, ഹേ യോഗീശ്വരന്മാരേ! ഭക്തന്മാരുടെയോ ജീവന്മുക്തന്മാരുടെയോ ലീലകളായ ദിവ്യചരിത്രങ്ങൾ, ഉദാത്തമനാ കഥിക്കുന്നവരും ശ്രദ്ധാപൂർവം കേൾക്കുന്നവരും, ജീവകാരുണ്യം, ശാന്തി, സൽഭാവം സത്സംഗം, ഉപരതിസൽഗുണനിർഗ്ഗുണധ്യാനം, ബ്രഹ്മജ്ഞാനം അഖണ്ഡാനന്ദമൌനം, എന്നിവ അടയുന്നതുകൂടാതെ എളുപ്പത്തിൽ സകലസിദ്ധികളെയും പ്രാപിച്ച്, മുക്തന്മാരായി ബ്രഹ്മത്തിൽ ലയിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, ആ മഹാത്മക്കളുടെ ചരിത്രങ്ങൾക്കു തുല്യമായി മറെറാന്നുമില്ലെന്നുതന്നെപറയാം. അത്, സകലേശ്വരരൂപത്തിൽ സ്ഥിതിചെയ്യുന്ന ഒരു തത്വം പോലെയാകുന്നു. എങ്ങിനെയെന്നാൽ, അജ്ഞാനഇരുളിനെ നീക്കി, പരമാത്മതേജസ്സിനെ നൽകുന്നതാകകൊണ്ട്, ഈ ഭക്തവിജയത്തെ ജഗത്സാക്ഷിയെന്നും, ശാന്തിയെന്ന അമൃതത്തെതളിച്ച്, രാഗദ്വേഷാദികളായ അഗ്നിയെ കെടുത്തുന്നതാകകൊണ്ട്, പരമാത്മാവെന്നും അഹങ്കാരാദികളെ ശമിപ്പിച്ച്, മനസ്സിനെ നിഗ്രഹിക്കുന്നതാകകൊണ്ട്. അയ്യനെന്നും, അറിവില്ലാത്തവർക്കു വിവേകത്തെ നൽകുന്നതാകകൊണ്ട്, ഹിരണ്യഗർഭനെന്നും, പാപകർമ്മങ്ങളിൽ വീഴാതെ തടുക്കുന്നതിനാൽ വനമാലിയെന്നും, ഞാൻ എന്നുള്ള തോന്നലിനെ ഭസ്മമാക്കുന്നതുകൊണ്ടു നിടിലാക്ഷനെന്നും ബഹിർമ്മുഖവിഷയഭോഗങ്ങളിൽ മുങ്ങിമയങ്ങിയിരിക്കുന്ന ജീവനെഅന്തർമുഖമാക്കിമോക്ഷാനുഭൂതിയുണ്ടാക്കുന്നതുകൊണ്ട് മഹേശനെന്നും സ്വപ്നത്തിൽപോലും വിഷയാശ ഉണ്ടാകാതെ മോക്ഷാമൃതം അനുഭവിപ്പിക്കുന്നതുകൊണ്ടു സദാശിവനെന്നും, ഞാൻ നീ, എൻെറതു നിൻെറതു്, എന്നുള്ള വികല്പങ്ങളെത്തീർത്തു ആത്മമാത്രഭാവനയെ കൊടുക്കുന്നതാകയാൽ, പരബ്രഹ്മമെന്നും പറയാം. വിശേഷിച്ചും ഈ ജ്ഞാനേശ്വരചരിത്രത്തെ

പറയുന്നവൎക്കും കേൾക്കുന്നവൎക്കും ലഭിക്കുന്ന മഹാഫലം വാചാമഗോചരമാകുന്നു. ഹേ! സിദ്ധന്മാരേ! ആ ചരിത്രത്തെ അത്യന്തം ഭക്തിയോടുകൂടി കേട്ടുകൊൾവിൻ! എന്നുപറഞ്ഞു ഭഗവത്തിരുനാമങ്ങളെ ഉച്ചരിച്ചുകൊണ്ടു പറവാൻ തുടങ്ങി.

പുരാണപ്രസിദ്ധമായ ഗോദാവരീ നദിയുടെ സമീപത്തായി, പുണ്യശാലികളാൽപ്രസിദ്ധിനേടപ്പെട്ട ആപഗ, എന്ന ഊരിൽ, ഗോവിന്ദപണ്ഡിതൻ എന്നപേരോടുകൂടി വിഷ്ണുഭക്തനായ ഒരു ബ്രാഹ്മണൻ അനുരൂപനായ നിരുപമയെന്ന ഭാൎയ്യയുമായി താമസിച്ചിരുന്നു. അദ്ദേഹം, നിത്യനിയമാദികളെ യഥാവിധി അനുഷ്ഠിച്ച്, ഭഗവന്നാമജപംഭഗവൽപൂജമുതലായ ദേവകാൎയ്യങ്ങളിൽ ശ്രദ്ധയോടുകൂടി ദിവസം നയിച്ചു രാജധാനിയിൽ ഒരു കണക്കെഴുത്തുജോലിയിൽ ഏൎപ്പെട്ട്, അതിന്റെ മാസപ്പടികൊണ്ടു നിത്യവൃത്തിസുഖമായി കഴിച്ചുവന്നു അങ്ങനെ താമസിച്ചുവരവെ, പുത്രന്മാരില്ലായ്കകൊണ്ടുണ്ടായ മനശ്ചാഞ്ചല്യം ആ ദമ്പതിമാരുടെ നിരന്തരസുഖത്തെ കളങ്കപ്പെടുത്തി. യഥാശക്തി, അന്നാദിദാനങ്ങളും സാധുജനശുശ്രൂഷകളും, ഭഗവൽഭജനവും ചെയ്ത് അങ്ങനെതാമസിച്ചുവരുമ്പോൾ, ഈശ്വരാനുഗ്രഹത്താൽ, അവൎക്ക് ഒരാൺകുട്ടിയുണ്ടായി. ആ കുട്ടിക്ക് വിഠോബാവൻ എന്നുപേരിട്ടു. യഥാകാലം ചൌളം, ഉപനയനം, മുതലായ കൎമ്മങ്ങളും, വിദ്യാഭ്യാസവും വഴിപോലെ നടത്തി യൌവനമാരംഭിച്ചപ്പോൾ മാതാപിതാക്കന്മാർ വിവാഹത്തെക്കുറിച്ചാലോചിച്ചു. അതറിഞ്ഞുവിഠോബാവൻ, അവരുടെ പാദങ്ങളിൽ വണങ്ങി "ഹേ! മാതാപിതാക്കന്മാരേ! നിങ്ങൾ വിവാഹത്തിനുമുമ്പായി എനിക്കു ഒരു തീൎത്ഥയാത്രചെയ്യാൻ അനുവദിക്കണം" എന്നപേക്ഷിച്ചു. ആ അപേക്ഷ മാതാപിതാക്കൾക്കു ദുസ്സഹമായിത്തീൎന്നു. എന്നിട്ടു പുത്രനെനോക്കി പറഞ്ഞു. "മകനേ! നീ അറിവാത്ത കുട്ടിയല്ലേ? ഇപ്പോഴെ തീൎത്ഥയാത്രയ്ക്കുപോകണമെന്നു നിശ്ചയിച്ചതു്, ഒന്നുകൊണ്ടും ഉചിതമല്ലാ. ലോകവിഷയങ്ങളെ സന്ത്യജിച്ചവൎക്കും അച്ഛനമ്മമാരില്ലാത്തവൎക്കും ചെയ്യക്കൂടാത്ത മഹാപാപംചെയ്തവൎക്കുമാണു തീൎത്ഥയാത്ര വിധിച്ചിരിക്കുന്നതു്. നീ ഇത്ര ബാല്യത്തിലെ, ഞങ്ങളെ ദുഃഖിപ്പിക്കാൻമാത്രം അതിലേക്കു ഒരുങ്ങിയതു്, അത്യാശ്ചൎയ്യകരമായിരിക്കുന്നു. അച്ഛനമ്മമാരായ ഞങ്ങളെപ്പിരിഞ്ഞുപോകുവാനുള്ള ധൈൎയ്യം നിനക്കു സംഭവിച്ചുവോ? ഇവിടെ താമസിക്കുന്നതിനു നിനക്കു വെറുപ്പുതോന്നാൻ കാരണം എന്തു്? അഭിജാത്യമുള്ള അനുരൂപയായ ഒരു കന്യകയെ വിവാഹംചെയ്ത് വിധിപ്രകാരം ഗൃഹസ്ഥധൎമ്മം പാലിച്ചു സുഖിച്ചിരുന്ന്, വൃദ്ധരായ ഞങ്ങളേയും സുഖിപ്പിക്കുന്നതാണു നിനക്കുധൎമ്മം—അല്ലാതെ വൃദ്ധയോഗ്യമായ തീൎത്ഥാടനത്തിൽ ഇപ്പോൾ മനസ്സുവയ്ക്കുന്നതു ഒന്നുകൊണ്ടും ശരിയല്ല."

മാതാപിതാക്കളുടെ ഈ ഉപദേശംകേട്ട്, വിഠോബാവൻ, വീണ്ടും അവരെവന്ദിച്ചു പറഞ്ഞു. "പിതാക്കളേ! ഗൃഹസ്ഥധൎമ്മം പാലിച്ചു സുഖിച്ചിരിക്കണമെന്നു നിങ്ങൾ എന്നോടുപറഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുന്നു. പരമാൎത്ഥസുഖം ലൌകികന്മാൎക്കുലഭിക്കുമെന്നാണോ നിങ്ങളുടെ വിചാരം? ഓരോരോ ദുഃഖങ്ങളുടെ ശാന്തിയാൽ ഉണ്ടാകുന്നവിശ്രാന്തിക്കു സുഖമെന്നു വെറുതെ ഒരു വ്യവഹാരം ഈ ലോകത്തിൽ ഉണ്ടു്. അതുതെറ്റാണ്. ആത്യന്തികസുഖം മുക്തന്മാൎക്കല്ലാതെ സിദ്ധിക്കുന്നില്ല. അതിനുപിന്നെനാശവുമില്ല. ഈ ദേഹംതന്നെ വെള്ളത്തിലെ കുമിളപോലെ ക്ഷണഭംഗുരമാണ്. ആയുസ്സ്, പുത്തൻ കുടത്തിലെവെള്ളംപോലെ നിമിഷംതോറും കുറഞ്ഞുകുറഞ്ഞു നശിക്കുന്നതാകുന്നു. പ്രാണങ്ങൾ വൃക്ഷത്തിൽവന്നു പാൎത്തിരിക്കുന്ന പക്ഷികളെപ്പോലെക്ഷണസ്ഥായികളാണ്. വല്ല ചലനമോ ശബ്ദമോ മറ്റോ ഉണ്ടായാൽ ഉടൻ അവയുകൾ പറന്നുമറഞ്ഞുകളയും. മനസ്സ്, ചാപല്യം നിറച്ചു ഒരു കുടംപോലെയും, ജന്മസാഗരത്തിൽ മുഴുകിയ തോണിപോലെയുമാണ്. എന്നാൽ വിവേകം ആത്മാനാത്മഭേദത്തെ തോന്നിച്ച് അദ്വൈതപ്രമാണത്തെ മനസ്സിൽ പ്രതിഷ്ഠിക്കുന്നതാണ്. സംസാരം വിവേകവൃക്ഷത്തെമുറിച്ചെറിയുന്ന മൂൎച്ചയുള്ള ഒരു കോടാലിതന്നെയാണ്. അങ്ങനെയുള്ള സംസാരത്തിൽ കെട്ടപ്പെട്ടതിൽ പിന്നെ തീൎത്ഥയാത്ര പോകാമെന്നാണോ നിങ്ങൾ എന്നെ ഉപദേശിക്കുന്നതു്? അമാവാസിയിലെ അന്ധതമസ്സിനേക്കാൾ കഠിനമായ അവിവേകതമസ്സി

ൽ അകപ്പെട്ടു ബുദ്ധിമുട്ടുന്നതിനും ഭവസാഗരത്തിൽ മുഴുകുന്നതിനും വഴിതെളിക്കുന്ന സംസാരത്തെ ഞാൻ അംഗീകരിക്കുമോ? സ്ത്രീകളെ സ്വപ്നത്തിൽപോലും സ്മരിക്കുമോ?" "നാരിയെ വിവാഹം ചെയ്യും മുഹൂർത്തം തൊട്ടവർമ്മരിച്ചു ബന്ധവും കൈവിട്ടകലുന്നതുവരെ തോരുമോ പുരുഷന്റെ കണ്ണുനീരഹോ മനസ്സാറുമോ പരിശ്രമം തീരുമോ ചിന്തിച്ചാലും" എന്നാണു യോഗ്യന്മാർ പറഞ്ഞിരിക്കുന്നത്.

"കാതേകാന്താകസ്തേ പുത്രസ്സംസാരോയമതീവവിചിത്രഃ
ഇതിപരിഭാവയസാരാസാരം സർവം ത്യക്ത്വാസ്വപ്നവിചാരം"

എന്നു, ആചാര്യന്മാർ അനുശാസിക്കുന്നുമുണ്ട്. കിംബഹുനാ സംസാരത്തിലിരുന്നവർക്കാർക്കെങ്കിലും ദുഃഖമല്ലാതെ സുഖമുണ്ടായതായി കേട്ടിട്ടുണ്ടോ? സംസാരസാഗരത്തിൽ മുഴുകിയിരിക്കുന്നവൻ സുഖങ്ങളാകുന്ന തിരകളുടെ ചുഴൽച്ചയിൽപെട്ടു ഹതാശനായി നശിച്ചുപോകയല്ലാതെ മോക്ഷത്തെ പ്രാപിക്കയോ മോക്ഷമാർഗ്ഗത്തെ ഉപദേശിക്കുന്ന ഗുരുവിനെ ശരണംപ്രാപിച്ചു ശുശ്രൂഷിക്കയോ ചെയ്വാൻ ഇടയാകുന്നില്ല. ഒരുപക്ഷേ, ഇതുസാധിച്ചാലും ജ്ഞാനശാസ്ത്രങ്ങളുടെ സംശയം തീരെ മനസ്സിലാക്കാൻ സാധിക്കുമോ? മനസ്സിലാക്കാൻ സാധിച്ചുവെന്നിരുന്നാൽതന്നെയും, അതിനെ അനുഷ്ഠാനത്തിൽ കൊണ്ടുവരാൻ സാധിക്കുമോ? അതും സാധിച്ചാലും ആനന്ദസിദ്ധിയുണ്ടായി, അദ്വൈതബ്രഹ്മത്തിൽ ലയിച്ചിരിക്കുന്നതിനു സാധിക്കുമോ? ഈ പരമാർത്ഥമറിയുന്നവൻ ഗൃഹസ്ഥാശ്രമത്തെ അംഗീകരിക്കുന്നതെങ്ങനെ? മേൽപ്രകാരമുള്ള പരമാനന്ദാനുഭൂതി അടഞ്ഞവരെപ്പോലെ പ്രസംഗിക്കുന്ന ഉത്താനബുദ്ധികളായ വാചാജ്ഞാനികൾക്കു വാക്കിലല്ലാതെ അനുഭവത്തിൽ വല്ലഫലപ്രാപ്തിയും സിദ്ധിക്കുന്നുണ്ടോ?—അല്ലയോ അമ്പരന്നമ്മമാരേ! വൈരാഗ്യമില്ലാത്തവന്റെ ശാസ്ത്രവിചിന്തനവും, ജ്ഞാനമില്ലാത്തവന്റെ വിവേകവും, വിധവസ്ത്രീകളുടെ യൌവനവും, ബലവും, അഥവാ, ആരോഗ്യമില്ലാത്തവന്റെ ദേഹപുഷ്ടിയും, പാതിവ്രത്യമില്ലാത്തവളുടെ അലങ്കാരവും സൽക്കർമ്മങ്ങളെ അനുഷ്ഠിക്കാത്ത ആയുഷ്കാലവും, ഭക്തിയോടുകൂടാത്ത പൂജനവും, സ്ഥിരമനസ്സോടുകൂടാത്ത ധ്യാനവും, ജപവും നിഷ്പ്രയോജനമായി ഭവിക്കുന്നതുപോലെ യൌവനകാലത്തിൽ മോക്ഷമാർഗ്ഗമന്വേഷിക്കാത്ത പുരുഷന്റെ ജന്മവും നിഷ്ഫലംതന്നെ. അതുകൊണ്ടു എനിക്കു വിവാഹത്തിനുമുമ്പു പലദേശങ്ങളിലും ചുററിസ്സഞ്ചരിച്ചു, ജലസ്ഥലദർശനസ്പർശനാദികളാൽ ആനന്ദിച്ചു, ഉത്തമഭക്തന്മാരിൽനിന്നും ജ്ഞാനശാസ്ത്രാർത്ഥങ്ങൾ ഗ്രഹിച്ചു, മൂന്നുവത്സരത്തിനകം മടങ്ങിവന്നു നിങ്ങളുടെ ഇഷ്ടപ്രകാരം നടന്നുകൊള്ളാം. എന്നിങ്ങനെ അറിവിച്ചു വന്ദിച്ചുനിൽക്കുന്ന പുത്രനെ അച്ഛനമ്മമാർ വാത്സല്യപൂർവം ആശ്ലേഷിച്ചു പല ആശിസ്സുകളെ വചിച്ചു. ഹേ പ്രിയപുത്ര! സന്മാർഗത്തിൽ പ്രവർത്തിക്കുന്നവരെയും, ദാനംചെയ്യുന്നവരെയും തടുക്കുന്നവർക്കു മഹാപാപമുണ്ടെന്നു വേദത്തിൽ വിധിച്ചിരിക്കുന്നതുകൊണ്ടു, പുണ്യപ്രദമായ തീർത്ഥയാത്രയ്ക്കു ഒരുങ്ങിയിരിക്കുന്ന നിന്നെ, ഞങ്ങൾ വിരോധിക്കുന്നില്ല. പക്ഷെ, നീ മൂന്നുസംവത്സരം താമസിക്കാൻപാടില്ല. ഒരുസംവത്സരത്തിനകം മടങ്ങിവന്നു ഞങ്ങളെ കൃതാർത്ഥരാക്കാമെന്നു വാഗ്ദാനംചെയ്തശേഷംപോയ്ക്കൊള്ളേണ്ടു എന്നനുജ്ഞാപിച്ചു. വീഠോബാവൻ അതുകേട്ടു സന്തുഷ്ടനായി, ഒരുസംവത്സരത്തിനകംതന്നെ മടങ്ങിവരാമെന്നുസമ്മതിച്ചു മാതാപിതാക്കളുടെ അനുവാദവും അനുഗ്രഹവും വാങ്ങിക്കൊണ്ടു യാത്രതിരിച്ചു, ഭോരകാമജതീർത്ഥം, പിണ്ഡരാഗം, സുദാംപുരി, രുഗ്മിണീവിവാഹസ്ഥാനമായ മൂലമാധവം, ശ്രീകൃഷ്ണന്റെ സ്വർഗാരോഹണസ്ഥാനമായ ഭാസ്കതീർത്ഥം, മുചുകുന്ദഋഷി സമാധിയിൽ ഇരുന്ന സ്ഥലമായ ശോരതി; സോമനാഥം, ധവളഗിരി, സപ്തശൃംഗി, അരുണാവരുണ, അമരേശ്വരം, ത്ര്യംബകനാഥം, ഗുഞ്ജാവർത്തം, ശംഖപാദം, ബ്രഹ്മഗിരി, ഭീമശങ്കരം, മുതലായസ്ഥലങ്ങളിൽസഞ്ചരിച്ചു ചക്രതീർത്ഥത്തിലെത്തിക്കുളിച്ചു, നിത്യകർമ്മങ്ങളും കഴിച്ചുകൊണ്ടു സമീപമുള്ള അലങ്കാരവതി എന്ന നഗരത്തിൽ ചെന്നപ്പോൾ, അവിടെയുള്ള ശിതോബന്ധു എന്നു പേരായ ഒരുബ്രാഹ്മണൻ ദിവസംതോറും ചക്രതീർത്ഥത്തിൽപോയി കുളിച്ചു അവിടെ വരുന്ന ബ്രാഹ്മണർ എത്രപേരായാലും ക്ഷണിച്ചുകൊണ്ടുപോയി ഭക്ഷണംകൊടുക്കുന്നയുക്കുന്ന പതി

വനുസരിച്ചു. അന്നും ബ്രാഹ്മണനെ അന്വേഷിച്ചിരിക്കുന്നു. വിഡോബാവനെക്കണ്ടയുടനെ സന്തുഷ്ടനായി ഭയഭക്തിപുരസ്സരം അദ്ദേഹത്തെ കൂട്ടിച്ചുകൊണ്ടുപോയി ഭക്ഷണം കഴിപ്പിച്ചു വേദാന്തതത്വങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നു.

അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കവേ ശീതോബന്ധുവിഡോബാവനെനോക്കി,ഹേ ഭക്തോത്തമ! അല്പനായ എന്നിൽകരുണയുണ്ടായി,രണ്ടുദിവസംകൂടെ താമസിച്ചുപോവണം എന്നപേക്ഷിയ്ക്കും, ആ അപേക്ഷയെ വിഡോബാവൻ സമ്മതിക്കയുംചെയ്തു. അനന്തരം രണ്ടാളുമായി വേദാന്തവ്യവഹാരത്തിൽ ഏർപ്പെട്ടിരുന്നു. നേരം അധികം ഇരുട്ടുകയാൽ വിഡോബാവനും തനിക്കും ശീതോബന്ധുശയ്യകൾ സജ്ജീകരിച്ചു രണ്ടാളും നിദ്രയെ പ്രാപിക്കയുംചെയ്തു.

അപ്പോൾ ഭഗവാൻ, ശീതോബന്ധുവിന്റെ സ്വപ്നത്തിൽ പ്രത്യക്ഷനായി, "ഹേ ഉത്തമഭക്ത! നിന്റെ സമീപത്തിൽ കിടന്നുറങ്ങുന്നവിഡോബാവനുനാളെത്തന്നെ,നിന്റെ പുത്രിയെ വിവാഹംചെയ്തുകൊടുക്കണം എന്നരുളിച്ചെയ്തുമറഞ്ഞു. ഉടനേ, ശീതോബന്ധു കണ്ണുതുറന്നു, ഹേ ഇതെന്തൊരത്ഭുതമായിരിക്കുന്നു. ഈ പുണ്യാത്മാവിനെപോലെയുള്ള വർക്കാർക്കെങ്കിലും തന്നെ നമ്മുടെമകളെ വിവാഹംചെയ്തുകൊടുക്കണം എന്നുള്ള ആഗ്രഹം സ്വപ്നമായി പരിണമിച്ചതായിരിക്കുമോ? അതോഭഗവാന്റെ സംകല്പവും അങ്ങനെതന്നെയായിരിക്കുമോ? എന്നിങ്ങനെ പലവിധത്തിൽ ആലോചിച്ചു കൊണ്ടിരുന്നു. നാലാം യാമം ആരംഭിച്ചപ്പോൾ വിഡോബാവനെ ഉണർത്തി ഇങ്ങനെപറഞ്ഞു കുഞ്ഞേ! നിനക്കെന്റെ മകളെ വിവാഹം ചെയ്തുതരണമെന്നു ഭഗവാൻ സ്വപ്നത്തിൽ വന്നരുളിച്ചെയ്തിട്ടുമറഞ്ഞു. ഭഗവാന്റെ അഭിപ്രായത്തിനു വിപരീതമായിയാതൊന്നുംപറയാതെ നീ നാളെത്തന്നെ എന്റെമകളെ വിവാഹംചെയ്തു സന്തോഷിച്ചിരിക്കണം എന്നെനിക്കാഗ്രഹമുണ്ടു്."

വിഡോബാവൻ അതുകേട്ടുനടുങ്ങി "ഹാ കഷ്ടം ഇതെന്തൊരു ഗ്രഹപ്പിഴയാണു? ദാഹംസഹിക്കാഞ്ഞു വെള്ളത്തിനായി കുഴിക്കുമ്പോൾ ഭൂതം വായും പിളർന്നു കൊണ്ടിളകി വന്നടുക്കുന്നതുപോലെയുള്ള സംഭവമാണിതു്. പുത്രപ്രാപ്തിക്കു വരംലഭിക്കാൻപോയിത്തേവിനെ ബലികൊടുക്കാൻ ഇടയായതുപോലെയാണു പിതൃവാക്യം ഒരിക്കലും ലംഘ്യമല്ലെന്നുള്ളവിധി അറിഞ്ഞിരുന്നിട്ടും, വിവാഹകാര്യത്തിൽ ഞാൻ അദ്ദേഹത്തിന്റെ വാക്കു നിരസിക്കയാണു ചെയ്തതു. ആ സ്ഥിതിക്കു, കേവലം ഈ ബ്രാഹ്മണന്റെ വാക്കിനെ അടിസ്ഥാനപ്പെടുത്തി, ഞാൻ ബന്ധനത്തിൽ അകപ്പെടുന്നതു എത്രമാത്രം ശ്ലാഘ്യവും യോഗ്യവും ആയിരിക്കും?" എന്നിങ്ങനെ ഓരോന്നു വിചാരിച്ചു്, ശീതോബന്ധുവിനെ വന്ദിച്ചു്, അനുനയപൂർവം പറഞ്ഞു—"ഉപകർത്താവായ ബ്രാഹ്മണോത്തമ! അങ്ങു്, എന്നെയോ എന്റെ ഗോത്രത്തെയോകുറിച്ചറിയാതെ, ഇങ്ങനെ അഭിപ്രായപ്പെട്ടതു്, അത്ഭുതമായിരിക്കുന്നു പണ്ടു്, രണ്ടു വേശ്യമാർ രാജാവിന്റെ അപേക്ഷപ്രകാരം കാമലോലുപ്തമഹർഷിയെപ്രലോഭിപ്പിക്കാനായി, വളരെനാൾ പണിപ്പെട്ടു്, അദ്ദേഹത്തിന്റെ മനസ്സിളക്കി ശൃംഗാരരസം കലർത്തി കാട്ടിൽനിന്നും എഴുന്നേല്പിച്ചു നാട്ടിൽകൊണ്ടുവന്നു, സംസാരവലയിൽ കുടുക്കയാൽ, ഒടുവിൽ അദ്ദേഹം അവിടുത്തെ രാജാവിന്റെ രണ്ടുപെൺമക്കളെ വിവാഹം ചെയ്കയും അതിൽ സന്താനങ്ങൾ ജനിച്ചു്, മുഴുത്തസംസാരിപ്പട്ടം കെട്ടുകയുംചെയ്തു എന്നു കേട്ടിട്ടുണ്ടു്. അതുപോലെ എന്നെ സൽക്കരിച്ചു ക്ഷേമവുംമററും തന്നു തൃപ്തിപ്പെടുത്തിയശേഷം സംസാരക്കുഴിയിലേക്കു പിടിച്ചുതള്ളുവാനാണോഭാവിക്കുന്നതു? ദയചെയ്തു ഇനിമേലെങ്കിലും എന്റെ കാതുകേൾക്കെ ഈ വർത്തമാനം പറയാതെ നപേക്ഷിക്കുന്നു. ശീതോബന്ധുഇതുകേട്ടു്, വിഡോബാവന്റെ ഗോത്രവുംകുലവും മററും ചോദിച്ചറിഞ്ഞശേഷം, സന്തോഷത്തോടുകൂടി "അപ്പനെ നീ ഇങ്ങനെ നിർബന്ധിക്കുന്നതു യോഗ്യമല്ല. എല്ലാംകൊണ്ടും എന്റെ മകൾക്കനുരൂപമായ ഒരു ഭർത്താവു നീയെന്നാണു ഭഗവൽസംകല്പംതന്നെ" എന്നുപറഞ്ഞു ഭാര്യയെ വിളിച്ചു."പ്രിയതമേ!നമ്മുടെ ജാമാതാവാണീയിരിക്കുന്നതു്. നീകണ്ടുവോ?" എന്നുചോദിക്കയും മററു പല ആനന്ദവാർത്തകളുംപറകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ

വിഡോബാവൻ—ഇതെന്തത്ഭുതമായിരിക്കുന്നു! തീർത്ഥാടനത്തിനിറങ്ങിയ ഞാൻ വിവാഹം ചെയ്യണമെന്നാണോ പറയുന്നതു്? അതുധർമ്മമാണോ? അങ്ങനെയുള്ള ഒരാളിന്റെ നിഷ്ഠയെ നശിപ്പിക്കുന്നതു നിങ്ങൾക്കു ഭംഗിയാണോ? വേണമെന്നു പറഞ്ഞാൽ അതിന്മേലൊ ഒരു നിർബന്ധം ഉണ്ടോ? മോക്ഷമാർഗ്ഗം അന്വേഷിച്ചുപോകുന്നവനെ സംസാരത്തിൽ കുടുക്കുന്നതുവിശേഷിച്ചും പാപമല്ലയോ?

ശിതോബന്ധു;—മകനേ! രാജകല്പനയെ ലംഘിച്ചാലും മാതാപിതാക്കളുടെ ആജ്ഞയെ ലംഘിച്ചുകൂടാ. മാതാപിതാക്കളുടെ ആജ്ഞയെ ലംഘിച്ചാലും ഗുരുവാക്യത്തെ ലംഘിച്ചുകൂടാ. ഗുരുവാക്യം ലംഘിച്ചാലും ദൈവവാക്കു ലംഘിച്ചുകൂടാ. ഇങ്ങനെയാണു ശാസ്ത്രങ്ങൾ വിധിക്കുന്നതു്. നിനക്കു എന്റെ മകളെ വിവാഹം ചെയ്തുതരണമെന്നു് എന്നോടു ഭഗവാനാണരുളിച്ചെയ്തതു. അതനുസരിച്ചു നിന്നോടു പറയാതിരിക്കാൻ എനിക്കു നിവൃത്തിയില്ല കേൾക്കാതിരിക്കുന്നതു നിനക്കു ധർമ്മവുമല്ല. അതുകൊണ്ടുവിവാഹകർമ്മം മംഗളമായി നടത്തി, അവളോടൊന്നിച്ചുനിനക്കിഷ്ടമുള്ള പുണ്യസ്ഥലങ്ങളിൽ സഞ്ചരിക്കാം. കാലതാമസപ്പെടുത്താതെ എഴുന്നേറ്റു കുളിച്ചു വസ്ത്രാഭരണങ്ങൾ ധരിച്ചുവരിക.

വിഡോഭാവൻ:......ഇതെന്തൊരു വിഷമമ? കുളിക്കാൻ പോയവൻ ചേററിൽ ചാടിയപോലെയിരിക്കുന്നു. ഭഗവാൻ താങ്കളുടെ സ്വപ്നത്തിൽ ഇപ്രകാരം അരുളിച്ചെയ്തെങ്കിൽ, എന്റെ സ്വപ്നത്തിൽ വന്നുപറയാതിരുന്നതെന്തുകൊണ്ടു്? എനിക്കു ആ കരുണാനിധി ദർശനം തരാതിരിക്കത്തക്കവണ്ണം എന്തൊരു പാപമാണുഞാൻചെയ്തതു്?

ശിതോബന്ധു:—അങ്ങനെ പക്ഷമാണെങ്കിൽ, നിന്റെ സ്വപ്നത്തിലും അദ്ദേഹം പ്രത്യക്ഷപ്പെട്ടു ഇക്കഥ അരുളിച്ചെയ്യാതിരിക്കയില്ല. അതിലേക്കു ഒരു രാത്രികൂടി നാം ക്ഷമിച്ചാൽ മതിയല്ലോ. അടുത്തരാത്രിതന്നെ അപ്രകാരം നിനക്കു സ്വപ്നം ഉണ്ടാകും എന്നുപറഞ്ഞിരിക്കുമ്പോഴേക്കു സൂര്യോദയമായി. ഉടനേ, രണ്ടാളും ചക്രതീർത്ഥത്തിൽപോയി കുളിച്ചു്, നിത്യകർമ്മങ്ങൾ കഴിച്ചുകൊണ്ടു വീട്ടിൽവന്നു്, ഭക്ഷണാനന്തരം ഭഗവൽകഥകളും പ്രസംഗിച്ചുകൊണ്ടിരുന്നു്, രാത്രിയിൽ അത്താഴവും കഴിച്ചു തലേന്നാളത്തെപ്പോലെ, കിടന്നുറങ്ങുകയുംചെയ്തു. രണ്ടാമത്തെയാമത്തിൽ ഭഗവാൻ വിഡോബാവന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. പ്രിയഭക്തനായ വിഡോബാവ! ഈ ശിതോബന്ധുവിന്റെ മകളായ കന്യകയെ നീ വിവാഹംചെയ്തു സുഖമായിരുന്നാലും എന്നരുളിച്ചെയ്തു മറഞ്ഞു

ഉടനേ, വിഡോബാവൻ, കണ്ണുതുറന്നു്, ഹാ കഷ്ടമേ! എന്റെ ജന്മം വ്യർത്ഥമായല്ലോ. ആജീവനാന്തം വിവാഹം ആവശ്യമില്ലെന്നു എനിക്കുണ്ടായിരുന്ന വൈരാഗ്യം, ഭഗവാൻതന്നെ നശിപ്പിച്ചതുപോലെ കാണുന്നു. എന്നാലും അച്ഛനമ്മമാരറിയാതെഞാൻ വിവാഹം ചെയ്താൽ, അവർക്കു അതിൽ വേദനയുണ്ടാകാതിരിക്കയില്ല. അങ്ങനെചെയ്താൽ എന്റെ ജന്മത്തിനു ഗതിയുമില്ല. സുഖത്തിലിരിക്കുന്നവൻ ദുഃഖത്തിനാഗ്രഹിക്കുമോ? അമൃതിന്റെരുചി അറിഞ്ഞവൻ വിഷത്തിലിച്ഛിക്കുമോ? അതുപോലെ സന്യാസവൃത്തി അവലംബിച്ച ഞാൻ, സംസാരബന്ധത്തിൽ ഉൾപ്പെടാമോ? പെൺപിശാചിനെക്കാളും ഉപദ്രവകാരിണിയാണു ഭാര്യയെന്ന പഴമൊഴിതന്നെയുണ്ടു്; ശബ്ദത്താൽ മൃഗങ്ങളും സ്പർശത്താൽ ആനയും രൂപത്താൽ വിട്ടിലും പുഷ്പവും രസത്താൽ മത്സ്യവും. ഗന്ധത്താൽവണ്ടും ആകർഷിക്കപ്പെട്ടുനശിച്ചുപോകുന്നു. ഈ അഞ്ചുവിഷയങ്ങളുംകൂടി ഒരുരൂപമായിവന്നു്, മനുഷ്യരെ മയക്കുന്ന യന്ത്രങ്ങളാണു സ്ത്രീകൾ. അവരുടെ വലയിൽ അകപ്പെട്ടാൽ, അതിൽനിന്നും രക്ഷപ്പെടാൻജന്മാന്തരങ്ങളിൽപോലും സാധിക്കയില്ലെന്നു്, ശാസ്ത്രങ്ങൾ ഘോഷിക്കുന്നു. അയ്യയ്യോ! ഈ അന്ധകൂപത്തിൽ ചാടിയാൽ പുത്രന്മാർ ബന്ധുക്കൾ, ധനം മുതലായവയിൽ മനസ്സുമോഹിച്ചു്, കുഴങ്ങി, അധോഗതിയെ പ്രാപിക്കും. അറിഞ്ഞുകൊണ്ടു ഞാൻ തീയിൽചാടുന്നതെന്തിന്നു? ദൈവമേ! നിന്നെഭജിച്ചതിനു പ്രതിഫലം എനിക്കിതാണോ കല്പിച്ചതു ? എന്നിങ്ങനെ ഓരോ ദുഃഖവിചാരങ്ങളോടുകൂടികുറേനേരംഅവിടെക്കിടന്നു. ഇനി ഇവിടെത്താമസിക്കുന്നതുശരിയല്ലെന്നും, നേരംവെളുത്താൽ

വിവാഹം ചെയ്യാൻ ശീതോബന്ധു മുതൽപേർ നിർബന്ധിക്കുമെന്നും നിശ്ചയിച്ച്, അതൊന്നും അറിയാതെ പതുക്കെ എഴുന്നേററു വെളിക്കിറങ്ങി തലേദിവസംതന്നെ വിവാഹം ചെയ്യുന്നതിനെക്കുറിച്ച്, പറഞ്ഞുറച്ചതു കേട്ടറിഞ്ഞിരിക്കുന്നതുകൊണ്ടു ശീതോബന്ധുവിൻെറ പുത്രിയായ രുക്മിണീഭായി സന്തുഷ്ടയായി പ്രഭാതത്തേയും പ്രതീക്ഷിച്ച്, ഉറങ്ങാതെയിരിക്കയായിരുന്നു. വിഡോഭാവൻ ശയ്യയിൽനിന്നും എഴുന്നേററുകണ്ട്, അവൾ ഇങ്ങനെ വിചാരിച്ചു. "എൻെറ ഭാർഗ്ഗവിയമ്മേ! വലിയ ലോകികനും ജ്ഞാനിയുമായ ഒരു പുരുഷനെ ഭർത്താവായി കിട്ടണമെന്നുള്ള അപേക്ഷയെ സാധിപ്പിച്ചുതന്നതിനു നിൻതിരുവടിക്കു നമസ്കാരം. സർവ്വഥാ പൂജ്യപാദരായ ഈ വിഡോഭാവനെ എൻെറ ഭർത്താവായി നിശ്ചയിച്ച്, അച്ഛൻ ഇന്നലെ ഇവിടെ പ്രസ്താവിക്കുന്നതുകേട്ടു. ഇനി നേരം എപ്പോൾ പുലരും? വിവാഹം എപ്പോൾ നടക്കും? അദ്ദേഹത്തോടു സംസാരിക്കാൻ എനിക്കെപ്പോൾ സംഗതിയാകും? എന്നു ഞാൻ അഗ്രഹിച്ചിരിക്കുമ്പോൾ, ഇദ്ദേഹം ഈ അസമയത്ത്, ആരെയും അറിയിക്കാതെ, പതുക്കെ വെളിക്കിറങ്ങിപ്പോകാൻകാരണം എന്തായിരിക്കും? ഇന്നലേതന്നെ വിവാഹം അദ്ദേഹത്തിനു സമ്മതമല്ലാതെയാണിരിക്കുന്നത്. ഇനിപ്പോൾ ഇതാ വെളിക്കിറങ്ങിപ്പോകയും ചെയ്യുന്നു. ഒരുപക്ഷേ, ആരെയും അറിയിക്കാതെ, ഒഴിഞ്ഞുപോകണം എന്നായിരിക്കുമോ ഉദ്ദേശം? അച്ഛനമ്മമാർ എന്നെ അദ്ദേഹത്തിൻെറ ഭാര്യയാക്കി എപ്പോൾ നിശ്ചയിച്ചുവോ? അപ്പോൾമുതൽ ഞാൻ അദ്ദേഹത്തിൻെറ ഭാര്യയായിക്കഴിഞ്ഞിരിക്കുന്നു. ഇനി എനിക്കു ശരണം മററാരുമില്ല. അദ്ദേഹം ചതിവായി എന്നെ ഉപേക്ഷിച്ചുംവെച്ചു പോകയാണെങ്കിൽ, ജീവിച്ചിരിക്കണമെന്നാശയുമില്ല. എന്നല്ല, ഈ വിവാഹം ഭഗവാൻതന്നെ നിശ്ചയിച്ചതുമാണ്. അച്ഛനെ ഇന്നലെ സ്വപ്നംകാണിച്ചു. ഇന്നിനി, ഇദ്ദേഹത്തെയും സ്വപ്നം കാണിച്ചിരിക്കാൻ ഇടയുണ്ട്. അതുകൊണ്ടായിരിക്കും ഇദ്ദേഹം എഴുന്നേററു പൊയ്ക്കളയുന്നത്. പക്ഷേ, ഇദ്ദേഹത്തെ ഭഗവാൻസ്വപ്നം കാണിച്ചില്ല എന്നിരുന്നാലും, എന്നെ വേറെക്കാരാണെങ്കിലും ഞാൻ അദ്ദേഹത്തെ ഭർത്താവാക്കി വരിച്ചുകഴിഞ്ഞിരിക്കുന്നു. അങ്ങനെ വരിച്ചനിമിഷംമുതൽക്ക്, എൻെറ കന്യാത്വവും നഷ്ടപ്പെട്ടുകഴിഞ്ഞു. കന്യാത്വം നഷ്ടപ്പെടാൻ കാരണഭൂതനായവൻ അദ്ദേഹംതന്നെ ഭർത്താവെന്നാണു ശാസ്ത്രവിധി. അതുകൊണ്ട്, ഈ അവസരത്തിൽ ഇദ്ദേഹത്തെത്തടുക്കാൻ എനിക്കധികാരമുണ്ട്. ഇങ്ങനെ നിശ്ചയിച്ചുകൊണ്ട്, അവൾ ഏകയായി, എഴുന്നേററ്, വിഡോഭാവനെ പിൻതുടർന്നു. കുലസ്ത്രീകൾക്ക്, സഹജമായ ലജ്ജ വിനയം മുതലായ ഗുണങ്ങളാൽ അവൾ അദ്ദേഹത്തെ തടുക്കുകയോ വിളിക്കുകയോ ചെയ്യാതെ, ഓടി മുമ്പിൽകടന്ന്, പാദങ്ങളിൽവീണു നമസ്കരിച്ചു. സ്വാമി! യാതൊന്നും പറയാതെ ഇങ്ങനെയിറങ്ങിപ്പോകുന്നതെവിടെക്കാണ്? ഇവിടെത്താമസിക്കാൻ അങ്ങേക്കിഷ്ടമില്ലെങ്കിൽ, പോകുന്നേടിക്കുലേക്കു എന്നെക്കൂടി കൊണ്ടുപോകണമെന്നപേക്ഷയുണ്ട്. അതിലേക്ക്, അച്ഛൻെറ അനുവാദംമാത്രം ചോദിച്ചാൽമതി. ഭഗവാൻെറ നിയോഗംഅനുസരിച്ചും അച്ഛൻെറ നിശ്ചയം അനുസരിച്ചും ഞാൻ അങ്ങേ, ഭാര്യയായിത്തീർന്നിരിക്കുന്നു. സ്ത്രീകൾക്കു ദൈവതം ഭർത്താവാണ്. അതുകൊണ്ട്, എനിക്കിനി, അങ്ങേപ്പിരിഞ്ഞിരിക്കാൻ പാടില്ല എന്നറിയിച്ചു. ഇരുട്ടിൽ സധൈര്യം ഏകാകിനിയായി പുറപ്പെട്ടുവന്ന്, നീതികൾ പറയുന്ന ആ പെൺകുട്ടിയുടെ മധുരസ്വരവും കോമളരൂപവും വിഡോഭാവൻെറ ധൈര്യത്തെയും വൈരാഗ്യത്തെയും ശിഥിലമാക്കി. അദ്ദേഹം മനസ്സലിഞ്ഞ്, ഹേ ലോകമോഹിനി, നീ ആരാണ്? എന്നുചോദിച്ചു.

രുക്മാഭായി:—സ്വാമി! ഞാൻ ശീതോബന്ധു എന്നവരുടെ ഏകപുത്രിയാണ്. എന്നെയാണ്, അങ്ങേക്കു വിവാഹം ചെയ്തുതരണമെന്നു ഭഗവന്നിയോഗപ്രകാരം, അച്ഛൻ പറഞ്ഞിട്ടുള്ളത്. അങ്ങനെ സാധിച്ചാൽകൊള്ളാം എന്നുള്ള മോഹത്തോടും സാധിക്കുമെന്നുള്ള വിശ്വാസത്തോടുംകൂടി കിടന്നുറങ്ങുന്ന അച്ഛൻ, അറിയാതെ, ഇങ്ങനെ എഴുന്നേററുപോവാൻ കാരണം എന്തായിരുന്നാലും അങ്ങേ ഒരിക്കൽ കൂട്ടിക്കൊണ്ടു വീട്ടിൽ പോകാനായിട്ടാണു ഞാൻ വന്നത്. ഭഗവന്നിയോഗപ്രകാരം അങ്ങുതന്നെ എന്നെ വിവാഹം ചെയ്യണം. ഈ വാക്കുകൾകേട്ട്, വിഡോഭാവൻ ആശ്ചര്യവും ആനന്ദവും ഉൾ

ക്കൊണ്ടു അല്പനേരത്തേക്കു മതിമറന്നു നിന്നുപോയി. അനന്തരം ഉൽബുദ്ധനായി ഇങ്ങനെ പറഞ്ഞു. ഉത്തമയായ കന്യയെ ഒരു വരനു വിവാഹം ചെയ്തുകൊടുക്കുന്നതുവരെ, കുലകന്യക അച്ഛനമ്മമാരെ ദൈവമെന്നു വിചാരിച്ചു ശുശ്രൂഷിക്കണമെന്നും, അന്യപുരുഷന്മാരുടെമുഖം നോക്കുകപോലും ചെയ്യരുതെന്നും, മററും നിഷ്കൃഷ്ടയായവിധിയുണ്ടു്. ആ സ്ഥിതിക്കു നീ, ഇങ്ങനെ തനിച്ചിറങ്ങിവന്നു എന്നോടു സംസാരിക്കാനൊരുമ്പെട്ടതു നീതിയല്ല. രാത്രിയിൽ വെളിയിൽപോയി അന്യപുരുഷനെ ദർശിക്കുന്ന സ്ത്രീ വേശ്യയാണു്. അങ്ങനെയുള്ള നിന്നെ, വിവാഹംചെയ്താൽ നരകം അനുഭവിക്കുന്നതിനു എനിക്കു പിന്നെ എന്തുവേണം? അന്യപുരുഷനുമായി ഒരുകന്യക, വിജനസ്ഥലത്തുവച്ചു് എപ്പോൾ സംസാരിക്കാൻ തുടങ്ങിയോ അപ്പോൾ, അവൾ വേശ്യയായിത്തീന്നു എന്നാണു്, ആചാര്യന്മാരുടെ അഭിപ്രായം. അതു പ്രത്യക്ഷം കണ്ടറിഞ്ഞ ഞാൻ നിന്റെ മുഖത്തു നോക്കുന്നതുതന്നെ ശരിയാണോ? വ്യഭിചാരിണികളുടെ മുഖദർശനത്തേക്കാൾ കൊടിയപാപം മറെറന്തൊന്നുണ്ടു്? അതുകൊണ്ടു നിന്നെക്കാണാൻ എനിക്കിഷ്ടമില്ല. വേഗം മറയത്തുപോ എന്നധിക്ഷേപിച്ചാട്ടിക്കളഞ്ഞു. രുക്മാഭായി, വിഠോഭാവനെ വീണ്ടും തടുത്തു്, പാദങ്ങളിൽവീണു്, "അല്ലയോ പ്രാണനാഥ! എന്നെ അങ്ങേക്കു വിവാഹം ചെയ്തുതരണമെന്നു ഭഗവാൻ എപ്പോൾ അച്ഛനെ സ്വപ്നം കാണിച്ചുവോ, എപ്പോൾ അതേക്കുറിച്ചു്, അച്ഛൻ അങ്ങയോടു പറഞ്ഞുവോ അതനുസരിച്ചു്, അങ്ങേ ഞാൻ ഭർത്താവായി എപ്പോൾ മനസ്സാ വരിച്ചുവോ, അപ്പോൾ വിവാഹം നടന്നുവെന്നുതന്നെ വിചാരിക്കണം. വിവാഹബന്ധത്തേക്കാൾ പ്രധാനം മനോബന്ധമാണു്. ആ മനോബന്ധത്തെ, ദൈവസാക്ഷികമായും ലോകസാക്ഷികമായും അഗ്നിസാക്ഷികമായും ദൃഢപ്പെടുത്തുന്ന ഒരാചാരമത്രേ വിവാഹം. കർമ്മാദികളൊന്നുമില്ലാത്ത ഗാന്ധർവവിവാഹംതന്നെ ഇതിനു ലക്ഷ്യമാണല്ലോ. അതുകൊണ്ടു്, നാംതമ്മിലുള്ള ഭാര്യാഭർത്തൃത്വത്തിനു ഇനി, വിശേഷാൽ ഒരുവിവാഹം ആവശ്യമാണെന്നു എനിക്കു തോന്നുന്നില്ല. പക്ഷേ, അച്ഛനമ്മമാരോടു്, ഇക്കാര്യത്തെക്കുറിച്ചു്, പറവാൻ അങ്ങേക്കു്, സമ്മതമില്ലാത്തപക്ഷവും ഞാൻ ഇനി, അങ്ങേ വിട്ടുപിരിയുന്നതല്ല. എന്നെ, തള്ളിക്കളഞ്ഞുംവച്ചു പോകാനാണു ഭാവമെങ്കിൽ എന്റെ ജീവിതത്തെ അങ്ങേക്കുവേണ്ടി ബലികഴിപ്പാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു" എന്നു ദൃഢമായിപ്പറഞ്ഞു.

ഈ വാക്കുകൾകേട്ട വിഠോഭാവൻ:—ഹാഹാ ദൈവമേ! ഇതെന്തൊരുവഴക്കാണു്. ഹേ കന്യകാരത്നമേ! നീ പറഞ്ഞ ന്യായങ്ങൾ എനിക്കു സമ്മതമാകുന്നില്ല. ലോകത്തു കന്യകമാരുടെ മാതാപിതാക്കൾ, തങ്ങളുടെ പുത്രിമാരെ പലൎക്കും വിവാഹംചെയ്തു കൊടുപ്പാൻ ഇച്ഛിച്ചെന്നുവരാം. അതിൽ ഒരുത്തൻമാത്രമേ ഒടുവിൽ, ഭർത്തൃസ്ഥാനത്തെ പ്രാപിക്കയുള്ളൂ. ആ സ്ഥിതിക്കു്, മാതാപിതാക്കൾ ആലോചിക്കുന്ന വരന്മാരെയെല്ലാം കന്യക ഭർത്താവാക്കി വരിച്ചെന്നു വരുമോ? നിശ്ചയതാംബൂലം മുതലായ ചടങ്ങുകൾ നടന്നതിനുശേഷവും എത്രയോ വിവാഹം നടക്കാതെ പോകുന്നു. ഇക്കഥയൊന്നും നീ അറിഞ്ഞിട്ടില്ലയോ? അറിയായ്കകൊണ്ടായിരിക്കാം ഇങ്ങനെ പറഞ്ഞതു്. ഇതു വല്ലവരുംകേട്ടാൽ ആക്ഷേപിക്കും അതുകൊണ്ടു വേഗം, വീട്ടിൽ കയറി, പോകുക. എന്നെക്കരുതി നില്ക്കേണ്ട. ഞാൻ ഒരു നാടോടി മനുഷ്യനാണു്. എനിക്കു്, സംസാരേച്ഛ അശേഷമില്ല. സന്യാസിമാരോടു്, വിവാഹം ചെയ്യണമെന്നാവശ്യപ്പെടുന്ന, സ്ത്രീകൾ, നിന്നെപ്പോലെ ലോകത്തിൽ മററാരുമില്ല. നിനക്കു ഭ്രാന്തുപിടിച്ചുവോ? രുക്മാഭായി, പിന്നെയും തടുത്തു്—"പ്രാണവല്ലഭ! എന്റെ പാതിവ്രത്യത്തെപ്പാഴിലാക്കരുതു്. പതിവ്രത, ഒരുത്തനെ ഭർത്താവാക്കി വരിച്ചുകഴിഞ്ഞാൽ അവനെയല്ലാതെ മററൊരുപുരുഷനെ സ്വപ്നത്തിൽപോലും അവൾക്കു സ്മരിക്കാൻ പാടില്ല. അങ്ങനെ സ്മരിക്കുന്നവൾക്കാണു് അങ്ങു്, പറഞ്ഞതുപോലെയുള്ളപാപം വന്നിടകൂടുന്നതു്. അങ്ങേ ഭർത്താവാക്കി വരിച്ച ഞാൻ ഇനി വേർപെട്ടുപോകുന്നതെങ്ങനെ? അതുധർമ്മമാണോ? ഇനി മററൊരു പുരുഷനെ എനിക്കു കൊള്ളാമോ? പക്ഷേ, ഇങ്ങനെ ഗാന്ധർവവിവാഹം കഴിച്ചു്, നാം

പോയാൽ, നാട്ടുകാർ പരിഹസിക്കുമെന്നാണെങ്കിൽ ഇക്കഥ, ആരെയും അറിയിക്കണമെന്നില്ല. വരണം—നമുക്കു പോകാം.”

**വിഠോഭാവൻ:**—കന്യകേ! നിന്റെവാക്ക് സ്വാർത്ഥത്തെമാത്രം ഉദ്ദേശിച്ചാണ്. അന്യന്നു എന്തുദുഃഖം വന്നാലും നിന്റെ ഇഷ്ടം സാധിക്കണമെന്നാണു കരുതൽ. നല്ല കാര്യമായി. അവരവരുടെബുദ്ധി അവരവൎക്കു സുഖമായിത്തന്നെതോന്നും. “സ്വബുദ്ധിസുഖം; ഗുരുബുദ്ധി വിശേഷസുഖം; പരബുദ്ധി വിനാശകാരണം സ്ത്രീബുദ്ധിപ്രളയം” എന്നൊരു പഴഞ്ചൊല്ലുണ്ട്. അതിപ്പോൾ എനിക്കനുഭവപ്പെട്ടു. ആരുമറിയാതെ നീ എന്റെ അരികിൽ വന്നതു് എന്തന്യായമാണ്. സ്വേച്ഛപ്രകാരം നിന്നെ ഞാൻകൂട്ടിക്കൊണ്ടുപോകുന്നതും എന്തന്യായമാണ്—“എത്രതന്നെയായാലും പെൺബുദ്ധി പിൻബുദ്ധി” എന്നചൊല്ലു ശരിയായിരിക്കുന്നു. വാത്സല്യപൂർവം വളർത്തിയ, മാതാപിതാക്കളെ വഞ്ചിച്ചു്, വഴിപോക്കനായ എന്റെ അരികിൽവന്ന മഹാപാപയായ നിന്റെ മുഖത്തു നോക്കുകയോ നിന്നോടു സംസാരിക്കുകയോ ചെയ്തുകൂടാത്തതാണ്. ഇനി, നീ എന്റെമുമ്പിൽ നില്ക്കേണ്ട. എന്റെവാക്കു തടുത്തുപറകയും വേണ്ട” എന്നു നീരസത്തോടെ പറഞ്ഞു.

**രുക്മാഭായി:**—പ്രിയതമ! നാംതമ്മിൽ ഭാര്യാഭർത്താക്കളായി ഭവിക്കണമെന്നുള്ള ദൈവനിശ്ചയം അനുസരിച്ചല്ലയോ ഭഗവാൻ അച്ഛന്റെ സ്വപ്നത്തിൽ വന്നരുളിച്ചെയ്തതു്? അങ്ങേ സ്വപ്നത്തിലുംവന്നു പറഞ്ഞുകാണാതെയിരിക്കയില്ല. ദൈവത്തിന്റെഅഭിമതം നാം അനുസരിക്കേണ്ടവരല്ലയോ? അനുസരിക്കാതെ കഴിവുണ്ടോ? അങ്ങേ ഈ ആരംഭം എന്നെപ്പരീക്ഷിക്കാനാണെന്നു ഞാൻ വിചാരിക്കുന്നു. എന്നെ ഭത്സിക്കയോകുററപ്പെടുത്തുകയോ എന്തോ ചെയ്തുകൊൾക. എനിക്കതു സന്തോഷമാണ്. സന്തോഷപൂർവം അനുസരിക്കേണ്ടതു എന്റെ കടമയുമാണ്. വിശേഷിച്ചു ഞാൻ അങ്ങേ സ്വത്തായിത്തീർന്നിരിക്കുന്നസ്ഥിതിക്കു, അങ്ങേക്കു എന്താണു ചെയ്യാൻ പാടില്ലാത്തതു ?

**വിഠോഭാവൻ.**—ഇതുകേട്ടു്, ഇങ്ങനെ വിചാരിച്ചു. “കൊള്ളാം ഇതു എന്തു വിപരീതമായിരിക്കുന്നു? ഞാൻ നിശ്ചയിച്ചുവന്ന സംഗതിയെന്തു്? ഭഗവാൻ സങ്കല്പിച്ച മായമെന്തു്? ഇനി, എന്തായാലും ഇവളെ നല്ലവാക്കുപറഞ്ഞു സമ്മതിപ്പിക്കാൻ നോക്കാം” ഈ വിചാരങ്ങളോടുകൂടി, അദ്ദേഹം അവളെ നോക്കി.—കാര്യാകാര്യബോധമില്ലാത്ത ബാലികേ! നീ എന്നെയാണോ ഭർത്താവായി വേണമെന്നാഗ്രഹിക്കുന്നതു്? ജടയും മുടിയും ധരിച്ചു സന്യാസിയായി നടക്കുന്ന ഈ വിരൂപൻ, നിനക്കനുരൂപനാകുന്നതെങ്ങനെ? സർവസൌന്ദര്യധാമമായ നീയെവിടെ? ഭസ്മവും രുദ്രാക്ഷവും ധരിച്ചു വിരൂപനായി നടക്കുന്ന ഞാനെവിടെ? ഹാ നല്ലചേർച്ച!—കാണുന്നവർക്കെങ്കിലുമൊരു യോജിപ്പു തോന്നേണ്ടെ? നീ എന്റെ ഭാര്യയായിത്തീർന്നാൽ രാഹുവാൽ ഗ്രസിക്കപ്പെട്ട ചന്ദ്രനെപ്പോലെയിരിക്കും. എന്നെ ആഗ്രഹിക്കാൻ നിനക്കു ലജ്ജയില്ലല്ലോ. കഷ്ടം! നാട്ടുകാർ കേട്ടാൽ ചിരിക്കയില്ലയോ? നിന്റെ അച്ഛൻ ഇങ്ങനെ ആലോചിച്ചതു അദ്ദേഹത്തിന്റെ മൂഢഗതികൊണ്ടാണ്. അതിനനുസരിച്ചു നീയും ഒരുങ്ങിയതല്ലേ അത്ഭുതം? നീ വിവേകമുള്ളവളല്ലേ? നിനക്ക് ഈ ഭിക്ഷക്കാരൻ മതിയെന്നുതോന്നിയതു് എന്തുകൊണ്ടു? എന്തായാലും ഇനി ഇവിടെ നില്ക്കേണ്ടാ. ഇക്കഥ ആരെയും അറിയിക്കയുംവേണ്ടാ. വേഗംവീട്ടിൽ പൊയ്ക്കോ.

**രുക്മാഭായി:**—കൊള്ളാം ഇതെന്തസംബന്ധമാണരുളിച്ചെയ്യുന്നതു്? ചിത്തശുദ്ധി, ആത്മബോധം മുതലായതുകളാണ് ഒരു പുരുഷനെ യോഗ്യനാക്കുന്നതു്? “കേയൂരാണി നഭൂഷയന്തിപുരുഷംഹാരാനചന്ദ്രോജ്ജ്വലാഃ” എന്നു തുടങ്ങുന്ന പദ്യം അങ്ങു കേട്ടില്ലയോ? “വിദ്യാനാമനരസ്യരൂപമധികം” എന്ന പദ്യവും തോന്നുന്നില്ലയോ? എന്നുമാത്രമല്ല; പതിവ്രതയായ ഒരുസ്ത്രീ, ഒരുപുരുഷനെ ഭർത്താവാക്കിവരിച്ചാൽപിന്നെ അദ്ദേഹത്തിന്റെ ദോഷങ്ങളെല്ലാം ഗുണങ്ങളായേ ഗണിക്കയുള്ളു. അദ്ദേഹം മൂഢനോ ദരിദ്രനോ രോഗിയോ വിരൂപനോ ആയിരുന്നാലും അതു ഭൂഷണമായി വിചാരിക്കുമെന്നല്ലാതെ, മ

റെറാരുത്തൻ കാമസുന്ദരനോ കോടീശ്വരനോ ആയിരുന്നാലും അവനെ അംഗ്രഹിക്കയില്ല. നാളായണിയുടെകഥ കേട്ടിട്ടില്ലേ? ഭർത്താവു കുഷ്ഠരോഗിയും വൃദ്ധനും വിരൂപനുമായിരുന്നിട്ടും അദ്ദേഹത്തെ അവർ വെറുത്തുവോ? അതുപോലെതന്നെ ഗംഗാദത്തനെ (ഭീഷ്മരെ) ഇച്ഛിച്ച കാശികന്യകയായ അംബ, അദ്ദേഹം (ഭീഷ്മർ) അനുകൂലിയ്ക്കാകകൊണ്ടു യോഗാഗ്നിയിൽ ദഹിപ്പിച്ചല്ലാതെ മറെറാരുത്തനെ അംഗ്രഹിക്കയോസ്വീകരിക്കയോചെയ്തോ? നൈഷധങ്കൽ മനസ്സുചേർത്ത ദമയന്തി, നൈഷധരൂപം ധരിച്ചുവന്ന ദേവേന്ദ്രാദികളേ വരിച്ചുവോ? ഈ പരമാർത്ഥങ്ങളെല്ലാം അറിഞ്ഞിരിക്കുന്ന ഞാൻ പ്രാണൻ പോയാലും ഇനി മറെറാരുത്തനെ ഭർത്താവാക്കി വരിക്കുമോ? അതുവഴി ആത്മാവിനു അധോഗതി വരുത്തിവയ്ക്കുമോ?

രുക്മാബായിയുടെ ഈ ദൃഢനിശ്ചയം കേട്ടപ്പോൾ, വിഠോബാവൻ വിഷണ്ണനായി വിചാരിച്ചു. “ഹേ! ദേവദേവനായ ഭഗവാനെ! ഇതെന്തൊരു വിഷമത? എന്നെ സംസാരത്തിൽ ബന്ധിക്കണമെന്നാണോ നിശ്ചയിച്ചതു്. ഈ പെൺകുട്ടിയെ ഏതൊരുവിധത്തിലാണു ഞാൻ സമ്മതിക്കേണ്ടതു്?” എന്നൊക്കെ വിചാരിച്ചു്, അല്പം കോപത്തോടുകൂടി—“ഹേ ശാഠ്യമുള്ള പെൺകുട്ടി! നിന്റെ നിർബന്ധം എന്നിൽ ഫലിക്കുമെന്നുവിചാരിക്കേണ്ടാ. നല്ലതിനു വിട്ടയയ്ക്കുന്നോ? അതോ എന്റെ ശാപത്തിനു വശപ്പെടുന്നോ? എന്നു ചോദിച്ചു”

രൂക്ഷമായ ഈ വാക്കുകേട്ടു, രുക്മാബായി പരിതാപത്തോടെ കണ്ണുനീർ തൂകിക്കരഞ്ഞു. എന്നിട്ടു വിഠോബാവനെ വന്ദിച്ചു,—“പ്രാണനാഥ ‘‘സത്സംഗംകൊണ്ടല്ലയോ നല്ലതു വരുന്നതു്” എന്നതത്വത്തെ ഞാൻ ഓർക്കുന്നു. എന്നുമാത്രമല്ല “നല്ലവരോടുകൂടി സംസർഗ്ഗമുണ്ടായിവന്നാൽ നല്ലതുമഹോത്തമുണ്ടാമെന്നരികിലും നല്ലതുപോകയില്ല പോകുമാകാതതെല്ലാം നല്ലതില്ലതും മറ്റുസൽസംഗത്തിനുസമം” എന്നാണല്ലോ യോഗ്യന്മാരുടെപക്ഷം. അതുകൊണ്ടു, അങ്ങേ ശരണം പ്രാപിച്ചിരിക്കുന്ന എന്നെ അനുഗ്രഹിക്കയോ നിഗ്രഹിക്കയോ ഇഷ്ടംപോലെ ചെയ്തുകൊള്ളാം. അങ്ങേ ഇഷ്ടം എന്റെ ഭാഗ്യമെന്നല്ലാതെ, മറെറാന്നും എനിക്കു വിചാരമില്ല” എന്നുപറഞ്ഞു തിരിഞ്ഞുപോകാതെമുന്നിട്ടുനിന്നു കരഞ്ഞുതുടങ്ങി.

അതുകണ്ടിട്ടും കരുണതോന്നാതെ വിഠോബാവൻ:—ദുർഭഗേ! നീഎന്തുപറയുന്നു? നിന്നെ ഞാൻ പരിഗ്രഹിച്ചുവെന്നോ? അതോ പരിഗ്രഹിക്കണമെന്നോ ഒണ്ടുംനീമോഹിക്കേണ്ട—“അസാദ്ധ്യമായുള്ളതിലാശവച്ചാൽ ദുഃഖിക്കതന്നെഫലം” എന്ന പഴമൊഴിപോലെ നീമുറയ്ക്കു കണ്ണുനീർതൂകുകയും കാലിൽ വീണുതൊഴുകയും ചെയ്യുന്നതെന്തിനു്? ഫലമില്ലാത്തവേലചെയ്യാതെ വേഗം മടങ്ങിവീട്ടിൽപൊയ്ക്കൊ—എന്നുച്ചത്തിൽപറഞ്ഞു

ആ ശബ്ദംകേട്ടു് ശ്രീതബന്ധുവുംപത്നിയും ഉണർന്നു. വേഗംതന്നെ അവർ ഓടി എഴുന്നേററു വെളിയിൽവന്നുനോക്കിയപ്പോൾ നല്ലശിക്ഷതന്നെ. ഉടനേ അവർവിഠോബാവനൊക്കി—ഹേ സദ്വൃത്തനും സാരവേദിയുമായ വേലിയോത്തമ! ഇതെന്തൊരു ആചാരമാണു്? അറിയാത്തപെൺകുട്ടിയെ ഇങ്ങനെ അയമറിയാതെ വശീകരിച്ചു വെളിയിൽ കൊണ്ടുവന്നു സംഭാഷണം ആരംഭിച്ചിരിക്കയാണോ? ഇതാണോമര്യാദ? എന്നുചോദിച്ചു.

കർണ്ണകഠോരമായ ആ ചോദ്യംകേട്ടു്, വിഠോബാവൻകാതുരണ്ടുംപൊത്തി,—“ഹരി! ഹരി! എന്തൊരുദുർവാക്കുകളാണു്കേൾക്കുന്നതു്?—ഞാൻ ഈ കന്യകയെ വിളിച്ചു വെളിയിൽ കൊണ്ടുപോന്നു എന്നാണോ നിങ്ങൾ പറയുന്നതു്?—കഷ്ടം—കുററംചെയ്യാത്തവർ കുററക്കാരനായതുഞാനും—നല്ലകാര്യമായി. ഞാൻഎന്റെ വഴിക്കുപോകനായിഗ്രദ്ധമായി വെളിക്കിറങ്ങിയപ്പോൾ ബലാൽ ഈ പെൺകുട്ടി ഇറങ്ങിവന്നു്, എന്നെമുന്നിട്ടു തടുക്കയാണുണ്ടായതു് എന്നിട്ടു്, അവൾ എന്റെഭാര്യയായിത്തീർന്നിരിക്കുന്നുവെന്നുംഅവളെ ഉപേക്ഷിച്ചുപോകുന്നതെനിക്കു ധർമ്മമല്ലെന്നുംമറ്റുംകുതർക്കവാദംചെയ്യുന്നതിനെ ബന്ധിച്ചുകൊണ്ടു ഞാനും ഇവിടെ നിന്നുവെന്നല്ലാതെ, നിങ്ങൾ സംശയിച്ചതുപോലെയൊന്നും ഇവിടെയുണ്ടായില്ല. താങ്കൾ എനിക്കായി അവളെ നിശ്ചയിച്ചു വാക്കുപറ

ഞ്ഞ നിമിഷംമുതൽ അവൾ എന്റെ പത്നിയായിത്തീർന്നുവെന്നും ഞാൻ അവളുടെ വരനായി എന്നുമാണു അവളുടെ വാദം—അതല്ലാ നിങ്ങൾപറഞ്ഞതുപോലെയുള്ള വല്ല ദുരാശയും എനിക്കുണ്ടെങ്കിൽ, അതിന്റെ പാപംശതഗുണമായി അനുഭവിക്കാൻ ഞാൻ സന്നദ്ധനാണു്. അപ്രകാരമുള്ള കുടിലബുദ്ധി ഞാൻ മനസ്സിൽസ്വപ്നം അനുഭവിച്ചതു സത്യമാണെങ്കിൽ അറിയാത്ത ഈ പെൺകുട്ടിയെ ഞാൻ വശീകരിച്ചു വെളിയിൽകൊണ്ടുപോകയാണു ചെയ്തതെങ്കിൽ—അഥവാ അല്ല, ഞാൻ സ്വപ്നത്തിലെങ്കിലും മനസ്സിൽ കണ്ടതു കാര്യമാണെങ്കിൽ, അതിന്റെപാപവും ദീനന്മാരായ അർത്ഥികൾക്കുമുഖംകൊടുക്കാത്ത ലോഭിയുടെ പാപവും ഞാൻ അനുഭവിച്ചുകൊള്ളാം. എന്നല്ല ഗുരുവെനിന്ദിക്കകൊണ്ടുണ്ടാകുന്ന പാപം, ആശ്രിതന്മാരെ കൈവെടിയുന്ന പാപം, ദീനന്മാരെ ഉപദ്രവിക്കുന്നപാപം, അറിവുള്ളവരോടെതിർവാക്കു പറയുന്നപാപം, ദൈവദൂഷണപാപം, പിതാവിനെ നിഗ്രഹിക്കുന്നപാപം, പരദാരഗമനപാപം, ഭഗിനീഗമനമഹാപാപം, പരപുരുഷനെ ഇച്ഛിക്കുന്ന കുലസ്ത്രീയുടെപാപം, അധമന്മാരെ ആശ്രയിക്കുന്നപാപം, സ്ത്രീകളെ ഇച്ഛിക്കുന്ന ബ്രഹ്മചാരിയുടെ പാപം, ഒരുകുലത്തെ നശിപ്പിക്കണമെന്നു വിചാരിക്കുന്നപാപം, സാധുക്കളെ ദുഃഖിപ്പിക്കുന്നപാപം, അർത്ഥികളെ അധിക്ഷേപിക്കുന്നപാപം, അതിഥിയെ സൽകരിക്കാതെ ഭക്ഷിക്കുന്നവന്റെപാപം, സാധുദ്വേഷണപാപം, ദുർജ്ജനത്തിനു ദാസ്യംചെയ്യുന്നപാപം, ഗോവധപാപം, മുതലായ സകലപാപങ്ങളുംഞാൻ അനുഭവിച്ചുകൊള്ളാം. ഏതായാലും ഇതുവരെച്ചെയ്ത ഉപകാരങ്ങൾക്കു ഞാൻ താങ്കൾക്കു നന്ദിപറയുന്നു. ഇനി ഈ നിലയിൽ എന്നെവിട്ടയച്ചേച്ചാൽമതി—" എന്നു പറഞ്ഞു് പോകാൻഭാവിച്ചു.

ഉടനേ, ശിതോബന്ധു മകളെ ആശ്ലേഷിച്ചു്, "ഓ മനേ! നിന്റെ മനോധർമ്മത്തെ ഞാൻ സർവാത്മനാശ്ലാഘിക്കുന്നു. ശരിതന്നെ—ഇദ്ദേഹത്തെ ഭർത്താവായി വിചാരിക്കാൻനിനക്കന്യായം ഉണ്ടു്—നിന്നെവിഠോബാവനുദാനംചെയ്വാൻ ഭഗവാൻ എപ്പോൾ എന്റെ സ്വപ്നത്തിൽവന്നു കല്പിച്ചുവോ, അപ്പോൾമുതൽ നീ അദ്ദേഹത്തിന്റെ ഭാര്യയായിത്തന്നിരിക്കുന്നു. പൊയ്യുള്ളതല്ലാതെ നീ ഇറങ്ങി ഇദ്ദേഹത്തെത്തടുത്തതു്, ധർമ്മവും നമ്മുടെ കുലത്തിന്റെ ഭാഗ്യവുമാണു—ഇനിനീ അകത്തുപൊയ്ക്കൊൾക. ഞങ്ങൾ അദ്ദേഹത്തെ അനുസരിപ്പിച്ചു കൂട്ടിക്കൊണ്ടുവരാം—" എന്നുപറഞ്ഞയച്ചു—അനന്തരം വിഠോബാവനെനോക്കി—"പ്രിയജാമാതാവേ! ഭഗവാൻ നിന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു വല്ലതും അരുളിച്ചെയ്തയുണ്ടായിട്ടുണ്ടോ" എന്നു ചോദിച്ചു.

വിഠോബാവൻ:—ഉണ്ടെങ്കിൽ എന്താണു്? അദ്ദേഹം പ്രത്യക്ഷപ്പെട്ടുവന്നു്, വിവാഹകാര്യത്തെക്കുറിച്ചെന്നോടു പറഞ്ഞിട്ടുണ്ടു്. പക്ഷേ, അക്കാര്യം ഭഗവാൻതന്നെ നിയോഗിച്ചാലുംകേൾക്കാൻ എനിക്കു നിവൃത്തിയില്ല. ജീവനുള്ളപ്പോൾ ഞാൻ കേൾക്കയുമില്ല. നിങ്ങൾ നിങ്ങളുടെ ജോലിക്കു പൊയ്ക്കൊൾക എന്നുപറഞ്ഞു് വേഗത്തിൽ മുന്നോട്ടു നടന്നുതുടങ്ങി. ശിതോബന്ധുമുന്നിട്ടു തടുത്തു—"അപ്പനേ! വിഠോബാവ! ദൈവകല്പനയെ നിഷേധിക്കുന്നതു മഹാപാപമാണു്. നീ അറിവില്ലാത്തവനല്ല അതുകൊണ്ടു വെറുതേ വഴക്കടിക്കാതെ സന്തോഷത്തോടുകൂടി മടങ്ങിവന്നു്, വിവാഹകർമ്മംനടത്തിയതിനുമേൽ എവിടെയോപൊയ്ക്കൊൾക" എന്നുപറഞ്ഞു കൈക്കുപിടിച്ചു വലിച്ചുതുടങ്ങി;

വിഠോബാവൻ ഉടനേ, ശിതോബന്ധുവെത്തൊഴുതുകൊണ്ടു്—മാന്യരേ! എന്റെ ജീവനെത്തന്നെവേണമെന്നുചോദിച്ചാലും തരുവാൻ എനിക്കു മടിയില്ല. പക്ഷേ, ഇക്കാര്യംമാത്രം എന്നോടു പറയരുതു്

ശിതോബന്ധു:—പ്രിയവിഠോബാവ! നീ എന്റെമകളെക്കൈവെടിയരുതു് അങ്ങനെ കൈവെടിയുന്നതായാൽ ആ കുട്ടി ഉടനേ പ്രാണത്യാഗംചെയ്യും എന്നുള്ളതിൽ സംശയമില്ല. ഞാനും പിന്നെ ജീവിച്ചിരിക്കാൻ ഇട വരികയില്ല. അതുവഴി, സ്ത്രീഹത്തിക്കും ബ്രഹ്മഹത്തിയ്ക്കും നീ കാരണഭൂതനാകുന്നു. ആ മഹാപാപങ്ങളും ചുമന്നുകൊണ്ടു തീർത്ഥയാത്രയ്ക്കു പോയാൽ എന്തുഫലം? തപസ്സുചെയ്താ

ൽ എന്തുഫലം? മോക്ഷം ലഭിക്കുന്നതെങ്ങനെ? ഈ വാക്കുകൾകേട്ടു്, വിഡോബാവൻ അധിവഷിച്ചു. അദ്ദേഹം ഭഗവാനേദ്ധ്യാനിച്ചു്—"അല്ലയോ ഭക്തവത്സല! എൻെറവ്രതത്തെ ഭഞ്ജിക്കണമെന്നാണോ അങ്ങേസ്സങ്കല്പം? പോകാൻ സമ്മതിക്കാതെ ഇവരെന്നെത്തടുത്തുവച്ചു ബുദ്ധിമുട്ടിക്കുന്നതു തിരുവടി കാണുന്നില്ലയോ? നചചാലുപരിഭോക്തുംനചത്യക്തുമീശേ" എന്നൊരു വിദ്വാൻ പറഞ്ഞതുപോലെഞാൻ അന്തരാളത്തിൽ അകപ്പെട്ടിരിക്കുന്നു. ഹേ ഭഗവൻ! ഈ ധർമ്മസങ്കടത്തിൽനിന്നും എന്നെ രക്ഷിക്കണമേ! എന്നോരോതരത്തിൽ വിലപിക്കുമ്പോൾ, ഭഗവാൻ അശരീരിയായിനിന്നു, —"ഹേ വിഡോബാവ! നീ ഈ ഉത്തമബ്രാഹ്മണൻെറമകളെ വിവാഹംചെയ്തു സുഖമായിരിക്കുക. എൻെറ ആജ്ഞയെ നിഷേധിക്കരുതു്—എന്നരുളിച്ചെയ്തു. ഭഗവാക്യങ്ങൾകേട്ടു, വിഡോബാവൻ ഒന്നു നടുങ്ങി ഹാ! ദൈവമേ! തിരുവടിക്കു അടിയൻ ഇത്രത്തോളം കരുണയില്ലാതെയായോ? എന്നു വേദനയോടെപറഞ്ഞുനിന്നു. ശിതോബന്ധു ഭഗവൽകല്പനകേട്ടു്, സന്തോഷത്തോടുകൂടി, ഇത്രത്തോളം പരമഭാഗവതനായ ഒരുത്തനു പുത്രിയെക്കൊടുക്കത്തക്കവണ്ണം ഞാൻ എന്തൊരുഭാഗ്യമാണാവോ ചെയ്തതു. ഇദ്ദേഹത്തിൻെറ സഹധർമ്മിണിയാകത്തക്കവണ്ണം എൻെറമകൾ ചെയ്തതു് എന്തൊരുഭാഗ്യമാണാവോ? എന്നനുമോദനമായി പ്രസ്താവിച്ചു, വിഡോബാവൻെറ കൈക്കുപിടിച്ചുവീട്ടിൽകൊണ്ടുപോയി. വിവാഹവും ഉടനെതന്നെനടത്താൻവേണ്ട ഒരുക്കങ്ങൾചെയ്തു, സകലബന്ധുക്കളെയും ആളയച്ചുവരുത്തി, ഒരുസുമുഹൂർത്തത്തിൽ അന്നുതന്നെ വിവാഹകർമ്മംനടത്തപ്പെട്ടു. അതിൻെറ മൂന്നാംദിവസം ശിതോബന്ധുവെ വന്ദിച്ചു്, വിഡോബാവൻപറഞ്ഞു......"പ്രിയശ്വശുര! എന്നേക്കുമായി ഞാൻ നിഷേധിച്ചിരുന്ന സംസാരബന്ധത്തിൽഎന്നെ നിങ്ങൾ അകപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ദൈവസങ്കല്പം വൃഥാവാകുന്നതെങ്ങനെ? ഏതായാലും തീർത്ഥയാത്രമുടങ്ങി. എൻെറ വൈരാഗ്യവുംനശിച്ചു എങ്കിലും "പ്രാരബ്ധമുത്തമഗുണാനപരിത്യജന്തി" എന്നന്യായമനുസരിച്ചു, തീർത്ഥയാത്രമുഴുവനാക്കുന്നതിനു ഞാൻകടപ്പെട്ടിരിക്കുന്നു. അതിലേക്കു നിങ്ങൾ അനുവദിക്കണം"

ശിതോബന്ധു അതുകേട്ടു, വിഡോബാവനെ വിശ്വാസമില്ലായ്കകൊണ്ടു തീർത്ഥയാത്രയ്ക്കു താനുംകൂടിപുറപ്പെട്ടു. പണ്ഡരപുരം, അഹോര, ബലനരസിംഹം, തിരുവെങ്കിടം, ഗോകർണ്ണം, ശോലാപുരം, രാമേശ്വരം, ചിദംബരം, ദക്ഷിണകൈലാസം, ദണ്ഡകം, കതിർകാമം, സുബ്രഹ്മണ്യം തണികാചലം, തൃക്കഴുക്കുന്നം, മഹാബലിപുരം, മുതലായദിവ്യസ്ഥലങ്ങളും ദർശിച്ചു, പുണ്യനദികളിൽ സ്നാനംചെയ്തു ഏതാനും മാസങ്ങൾകൊണ്ടു മടങ്ങിയെത്തി അതിൻെറനാലാംദിവസം വിഡോബാവൻ ശിതോബന്ധുവിൻെറ അരികിൽചെന്നു തൻെറ മാതാപിതാക്കളെ പിരിഞ്ഞിരുന്നിട്ടു വളരെനാളായെന്നും വിവാഹസംഗതിപോലും അവരെ അറിയിക്കാതിരിക്കുന്നസ്ഥിതിക്കു വേഗത്തിൽ അവരെപ്പോയിക്കാണേണ്ടതാവശ്യമാണെന്നും, അതിനനുവാദംകൊടുക്കണമെന്നും അപേക്ഷിച്ചു. ശിതോബന്ധു ആ അപേക്ഷയെ സമ്മതിച്ചു അടുത്തദിവസം രാവിലെതന്നെ ജാതിമര്യാദപ്രകാരം പരിവാരങ്ങളോടുകൂടി എല്ലാവരുമായി യാത്രപുറപ്പെട്ടു അചിരേണ ആപഗാപുരത്തിൽചെന്നുചേർന്നു ചിരവിരഹിതരായ മാതാപിതാക്കളെദർശിച്ചുവിഡോബാവൻ, ദണ്ഡനമസ്കാരംചെയ്തു വന്ദിച്ചു് സ്തുതിവാക്യങ്ങൾ വർഷിച്ചുകൊണ്ടുനിന്നു. ശിതോബന്ധുവും മകളും ഭാര്യയും യഥാചാരം വന്ദനംചെയ്തുനിൽക്കുന്നതുകണ്ടു ഗോവിന്ദപണ്ഡിതർ സംശയിച്ചു. അനന്തരം അദ്ദേഹവും നിരുപമയുമായി, മകനെ ഗാഢാശ്ലേഷംചെയ്തു നിറുകയിൽ ചുംബിച്ചു പ്രിയപുത്ര! നിന്നോടൊന്നിച്ചുവന്ന ഇവർ ആരാണു്? എന്നുചോദിച്ചു. അതിനുമറുപടിയായി ശിതോബന്ധു സകലവസ്തുതകളും അവരോടുപറഞ്ഞു. തീർത്ഥയാത്രയ്ക്കുപോകുംവഴി ചക്രതീർത്ഥത്തിൻെറ കരയ്ക്കുവെച്ചു വിഡോബാവനെക്കണ്ടു ക്ഷണിച്ചുകൂട്ടിക്കൊണ്ടുപോയതും ഭഗവാൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു വിവാഹസംഗതിയെക്കുറിച്ചു പറഞ്ഞതും, വിഡോബാവൻ അതിനെ നിഷേധിച്ചുനിന്നതും, ഒടുവിൽ ഭഗവാൻ അശരീരിയായിനിന്നാജ്ഞാപിച്ചതനുസരിച്ചു വിഡോബാവൻ വിവാഹംചെയ്തതും അനന്തരം തീർത്ഥയാത്രമുഴുവനാക്കിമടങ്ങിവന്നതും എല്ലാം ഒന്നൊഴിയാതെ പറഞ്ഞുകേൾപ്പിച്ചു. അതുകേ

ട്ടു നിരുപമരുക്മാഭായിയെ സൂക്ഷിച്ചുനോക്കി. അവളുടെ കാന്തിവിലാസവും സൌന്ദര്യസൌശീല്യാദിഗുണങ്ങളും കണ്ടു പണ്ടു നവോഢയായ വൈദേഹിയെക്കണ്ടാനന്ദിച്ച കൌസല്യയെപ്പോലെയും പാഞ്ചാലിയെക്കണ്ടു സന്തോഷിച്ച കുന്തിയെപ്പോലെയും മന്ദഹാസസുമുഖിയായി അല്പനേരം മൌനം ദീക്ഷിച്ചു. അനന്തരം മരുമകളെ അടുക്കൽവിളിച്ചു മാറോടുചേർത്താശ്ലേഷിച്ചു നിരവധിധന്യവാദങ്ങൾ വർഷിക്കയും അവളുടെ മാതാവിനും വേണ്ട ഉപചാരങ്ങൾചെയ്യുകയുംചെയ്തു. ഗോവിന്ദപണ്ഡിതർ ശീതോബന്ധുവേയും പരിജനത്തേയും വേണ്ടപോലെ ഉപചരിച്ചു. എന്നിട്ടു അദ്ദേഹം ഇങ്ങനെ പറഞ്ഞു—"മന്യശീതോബന്ധോ എന്റെ പ്രിയപുത്രനെ ഇപ്പോൾ മടങ്ങിവന്നുകാണ്മാൻ ഇടയായതും അവന്റെ വൈരാഗ്യബുദ്ധിമാററിയതും തങ്ങളുടെ കൃപമൂലം ആണെന്നു ഞാൻ അറിയുന്നു. അതിലേക്കു എന്തൊരു പ്രത്യുപകാരമാണു ഞാൻ ചെയ്യേണ്ടുന്നതു്.

ശീതോബന്ധു:—പരമഭാഗവതനായ അങ്ങേ പുത്രനു എന്റെ മകളെക്കൊടുക്കത്തക്ക ഭാഗ്യവും പരമസാധുവായ അങ്ങേ ദർശിക്കുന്നതിനും അങ്ങേ സഹവാസം അനുഭവിക്കുന്നതിനും ഉണ്ടായ പുണ്യവും എന്തായിരിക്കും? എന്നു ഞാൻ അത്ഭുതപ്പെടുന്നു. ഇങ്ങനെ അന്യോന്യംപ്രിയഭാഷണങ്ങളോടുകൂടി എല്ലാവരും സന്തുഷ്ടരായി ചിലനാൾ അവിടെ താമസിച്ചു.

രണ്ടാമദ്ധ്യായം സമാപ്തം.

---

## മൂന്നാം അദ്ധ്യായം.

---

### (വിഡോഭാവൻ സന്യസിച്ചതു്)

ഇങ്ങനെ അവർ ഏതാനുംദിവസം സുഖമായികഴിച്ചുകൂട്ടിയശേഷം ശീതോബന്ധുമുതലായവർ യാത്രയ്ക്കൊരുങ്ങി. അവർ, ബാലയായ രുക്മാഭായിയെ അരികേവിളിച്ചു ഗൃഹിണീധർമ്മങ്ങൾ ഉപദേശിച്ചു തങ്ങളുടെ വിയോഗത്തെക്കുറിച്ചു വ്യസനപ്രദർശിപ്പിച്ചു ദുഃഖത്തെ സമാധാനവാക്കുകളാൽ ആശ്വസിപ്പിച്ചശേഷം, യാത്ര പറഞ്ഞുപോയി അലങ്കാരപുരിയെ പ്രാപിക്കയുംചെയ്തു.

വിഡോഭാവൻ, വിവാഹംകഴിഞ്ഞു് അഞ്ചുവത്സരക്കാലമായിട്ടും ഭാര്യയുടെ മുഖത്തു നോക്കുകപോലും ചെയ്യാതെ സന്യാസിമാരോടുസഹവസിച്ചും വേദാന്തസംഗതികളിൽ ശ്രദ്ധിച്ചും, സന്യസിക്കാൻ ഏതൊരുകാലത്തു ഭാഗ്യമെന്നാലോചിച്ചും ദിവസംനയിച്ചുവന്നു. വത്സരത്തിൽ വർഷകാലം ഉഷ്ണകാലം മഞ്ഞുകാലം എന്നു മൂന്നുകാലങ്ങൾഉള്ളതുപോലെ, ദേഹസഹജമായ ബാല്യയൌവന വാർദ്ധക്യദശകളെ അനുഭവിച്ചു്, ഗുണദോഷം അറിഞ്ഞഗോവിന്ദപണ്ഡിതരും പത്നിയും, ദേഹസ്നേഹത്തെ വെടിഞ്ഞു്, ആത്മധ്യാനമാത്രരായിരുന്നു്, ആനന്ദമനുഭവിച്ചു, ദീർഘസമാധിയടഞ്ഞു. വിഡോഭാവൻ പിതാക്കളുടെ മരണത്തെക്കുറിച്ചു ദുഃഖമാചരിച്ചു, പുത്രയോഗ്യമാംവണ്ണം സംസ്കാരകർമ്മാദികളെല്ലാം നിർവഹിക്കയുംചെയ്തു. അനന്തരം, ഭാര്യയെനോക്കി—"ഹേ സഹധർമ്മിണി—ഞാൻപിതാക്കളുടെ അസ്ഥി ഗംഗാജലത്തിൽ കൊണ്ടുനിക്ഷേപിക്കാൻ പോകയാണു്. തിരിച്ചുവരാൻ കുറേ താമസം ഉണ്ടായേക്കും. അതുവരെ നീ തനിച്ചു, ഇവിടെ താമസിക്കുന്നതു ശരിയല്ല. നിന്നെ നിന്റെ പിതൃഭവനത്തിൽ കൊണ്ടുപോയിആക്കാമെന്നു ഞാൻവിചാരിക്കുന്നു എന്നുപറഞ്ഞു്, പൈതൃകമായിതനിക്കു ലഭിച്ചദ്രവ്യമെല്ലാം അവളെക്കാണിച്ചു്—ഇതിൽ നിനക്കാവശ്യമുള്ളതെടുത്തുകൊൾക. ശേഷം ഇപ്പോൾതന്നെ അർത്ഥികൾക്കുദാനം ചെയ്യണമെന്നുഞാൻ വിചാരിക്കുന്നു. എന്നുപ്രസ്താ

വിച്ചു. രുക്മാഭായി ഭർത്താവിന്റെ നിയോഗപ്രകാരം അന്നുതന്നെ സകലദ്രവ്യങ്ങളുംവിട്ടുമുതലായതും അർത്ഥികൾക്കു ദാനംചെയ്തു തനിക്കു ഒരുകാശുപോലും ആവശ്യമില്ലെന്നു ഭർത്താവിനെഅറിവിച്ചു വന്ദിച്ചുനിന്നു. മംഗല്യസൂത്രമൊഴിച്ചുള്ളതെല്ലാം രുക്മാഭായി ദാനംചെയ്തതുകണ്ടു് വിഠോബാവൻ അത്ഭുതപ്പെട്ടുപോയി. ഇവൾ ഉത്തമസ്ത്രീതന്നെ എന്നുനിശ്ചയിച്ചു് അവളെക്കൂട്ടിക്കൊണ്ടുപോയി ശീതോബന്ധുവിന്റെ വേശ്മത്തിലാക്കി. അവരെവന്ദിച്ചു സകലവസ്തുക്കളും ധരിപ്പിക്കയുംചെയ്തു. ഏതാനുംദിവസം അവിടെ താമസിച്ചശേഷം പോയാൽമതിയെന്നു ശീതോബന്ധു അപേക്ഷിച്ചുപറഞ്ഞതിനെ വിഠോബാവൻ സമ്മതിച്ചു. അങ്ങനെ താമസിച്ചുവരവേ രുക്മാഭായി അച്ഛനമ്മമാരോടു ഭർത്താവിന്റെ വൈരാഗ്യബുദ്ധിയെക്കുറിക്കുംമറ്റും പറഞ്ഞറിയിക്കയും, പിരിഞ്ഞുപോയാൽ പിന്നെ അദ്ദേഹംമടങ്ങിവരുന്നകാര്യം സംശയഗ്രസ്തമാകകൊണ്ടു് എല്ലാവരുംകൂടി അദ്ദേഹത്തെ അനുഗമിക്കേണ്ടതാണെന്നഭിപ്രായപ്പെടുകയുംചെയ്തു. ഇതിനിടയ്ക്കു യാത്രക്കു അനുവാദംകൊടുക്കണമെന്നു പലപരിവൃത്തി വിഠോബാവൻ ശീതോബന്ധുവിനോടപേക്ഷിക്കയുണ്ടായി. തനിച്ചുപോകാൻ അദ്ദേഹം അനുവദിക്കായ്കകൊണ്ടു വിഷണ്ണനായി ഒരുദിവസംരാത്രി ഇങ്ങനെവിചാരിച്ചു.

കഷ്ടം! അച്ഛനമ്മമാർ ദീർഘസമാധിയടഞ്ഞതു്, എന്റെ കണ്ണുകൾകൊണ്ടുകണ്ടറിഞ്ഞിരുന്നിട്ടും, ദേഹംഅനിത്യം എന്നു നിശ്ചയിക്കാതെയും, സൽഗുരുനാഥനെയോ മോക്ഷമാർഗ്ഗത്തെയോ അന്വേഷിക്കാതെയും, സജ്ജനസംസർഗ്ഗത്തിൽ ആഗ്രഹിക്കാതെയുംപലനാളായിനിഷ്ഫലമായസംസാരബന്ധത്തിൽഅകപ്പെട്ടുകിടന്നുവലയുന്നു. എന്റെ അവിവേകമാണിതെന്നല്ലാതെ എന്താണുപറക? മനശ്ചാപല്യം ഞാനിനിഎന്നാണുകളക! അഹംഭാവം എന്നാണുമായുക? അന്തർമ്മുഖനിഷ്ഠ എന്നാണുലഭിക്കുക? ആഹാ ഇനി ഞാൻ അരക്ഷണംപോലും സംസാരത്തിലിരുന്നുകൂടാ. എന്റെ ഈ മനോഭാവം അറികകൊണ്ടായിരിക്കാം ശീതോബന്ധു യാത്രയ്ക്കനുവദിക്കാത്തതു്! അനിത്യത്തെ നിത്യമെന്നുവിചാരിക്കുന്നിടത്തോളം മൂഢത്വം മറ്റൊന്നുണ്ടോ? മനുഷ്യജന്മം സകലജന്മങ്ങളിലുംവച്ചു ദുർല്ലഭമല്ലയോ? അതു്, ഭാഗ്യത്താൽ എനിക്കിപ്പോൾ സിദ്ധിച്ചിരിക്കുന്നു. ഈ ജന്മം തുലഞ്ഞാൽ ഇനി ലഭിക്കുന്നതെന്തൊരു ജന്മമാണാവോ? ഒരുപക്ഷേ മനുഷ്യജന്മംതന്നെലഭിച്ചാലും ദേഹസംബന്ധമായ ദുഃഖം ഇല്ലാതെ ഇരിക്കുമോ? ഈ ജന്മം ഇങ്ങനെകഴിച്ചുകൂട്ടീട്ടു് അടുത്തജന്മത്തിൽ മോക്ഷമാർഗ്ഗം അന്വേഷിച്ചുകൊള്ളാമെന്നുള്ള തോന്നൽമനുഷ്യർക്കുണ്ടാകുന്നതെന്തൊരു മൂഢത്വംകൊണ്ടാണോ ആ മൂഢത്വം പലരിലുംകാണപ്പെടുന്നതു എന്തൊരുകാരണത്താലാണോ അതിനെയാണു് മായാബന്ധം എന്നുപറയേണ്ടതു്.

പുരുഷന്മാരെമയക്കി പണം പറിക്കുന്ന വേശ്യയെപ്പോലെയുള്ള മായയുടെ ഈ സാമർത്ഥ്യം, അതായതു്—ജനനമരണക്കടലിൽനിന്നും ഒരിക്കലും കരകേറാതെ, ബദ്ധപ്പെട്ടിരിക്കത്തക്കവണ്ണമുള്ള വാസനാബന്ധങ്ങൾ, മനുഷ്യരിൽ നിന്നുവിട്ടുമാറാൻ സമ്മതിക്കാതെവച്ചുകൊള്ളുന്ന സാമർത്ഥ്യംതന്നെ സാമർത്ഥ്യം. മായയെക്കടക്കുക പ്രയാസമാണെന്നു വിദ്വാന്മർ പറയുന്നതും ഇതുകൊണ്ടാണു്. ഹാ ഹാ! അനിത്യമായുള്ള ദേഹാദിവസ്തുക്കളിൽ നിത്യമെന്നുള്ള ഭാവനയോടുകൂടി ഭ്രമിച്ചു നരകക്കുഴിയിൽ മൂഢമനുഷ്യരെപ്പോലെ താണുതുടങ്ങുന്നതു ഭംഗിയാകുമോ? ആയിരം സ്വർണ്ണംകിട്ടിയാലും അരനിമിഷം ജീവിതദുഃഖമനുഭവിക്കുന്നതിനു പ്രതിഫലമാകയില്ല എന്നുള്ളചൊല്ലു് അസത്യമാണോ? ദുഃഖം അനുഭവിക്കാമെന്നു വച്ചാലും ജീവിതംനിത്യമാണോ? മരിച്ചുപോകുന്നതു പ്രത്യക്ഷമായി നാം കാണുന്നില്ലേ? മുജ്ജന്മപുണ്യത്താൽ കിട്ടുന്ന മനുഷ്യജന്മം വിവേകഹീനമായിനയിക്കുന്നതു എത്രപരിഹാസ്യവും പാപകരവുമാണു്. കഷ്ടം! നാടു്, വീടു, ഭാര്യ, കുട്ടി പണം പദാർത്ഥംഇതുകളെല്ലാം മരിക്കുമ്പോൾകൂടവരുമോ? അടുത്ത ജന്മത്തിൽ ഉപകരിക്കുമോ? ഞാൻ പരമാർത്ഥജ്ഞാനത്തെ അന്വേഷിക്കാതെ ഇതുവരെക്കഴിച്ചതു് എത്രത്തോളം ബുദ്ധികേടായിപ്പോയിയെന്നു പറഞ്ഞറിയിക്കാവതല്ല.”

ഇങ്ങനെ ഓരോ വിചാരങ്ങളിൽ മുഴുകിയ വിഠോബാവൻ പത്നിയെ വിളിച്ചു, പ്രിയപത്നി! ഇനി എനിക്കു ഇത്തരം ജീവിതം ആവശ്യമില്ല. ഞാൻ സന്ന്യാസിയാകണമെന്നു നിശ്ചയിച്ചിരിക്കുന്നു. എന്നാൽ അക്കഥ നിന്നെ അറിയിക്കാതെ കഴിക്കുന്നതു ഭംഗിയല്ലെന്നു വിചാരിച്ചാണ്, ഇത്രയുംപറഞ്ഞതു്. സൂര്യോദയമായാലുടൻതന്നെ ഞാൻ യാത്രതിരിക്കും. അതിനുമുമ്പ്, നിന്റെ അച്ഛനമ്മമാരോടു വിവരംപറഞ്ഞു്, അനുവാദംവാങ്ങിക്കൊണ്ടുവരിക എന്നുപറഞ്ഞയച്ചു. ഭർത്തൃവാക്കു നിഷേധിച്ചു സംസാരിക്കുന്നതു ശരിയല്ലെന്നുകരുതി രുക്മാബായി കല്പനപോലെ എന്നുപറഞ്ഞുകൊണ്ടു്, അച്ഛനമ്മമാരുടെ സമീപത്തെത്തി വിവരങ്ങൾ അറിയിച്ചു വാടിയമുഖത്തോടുകൂടിനിന്നു.

ശിതോബന്ധു അതുകേട്ടു് വിഠോബാവനെ അടുക്കൽവിളിച്ചു്—"പ്രിയജാമാതാവേ! നീ ഇത്രചെറുപ്പത്തിലെ സന്ന്യസിക്കാനാലോചിക്കുന്നതു്? അറിയാത്ത ഒരു പെൺകുട്ടിയല്ലേ നിന്റെഭാര്യ? അവളോടാണോ ഇങ്ങനെ പറയേണ്ടതു്? എഴുപത്തഞ്ചുവയസ്സിനുമേലാണു സന്ന്യാസം ശാസ്ത്രങ്ങൾ വിധിക്കുന്നതു. ആ വിധി അറിഞ്ഞിരിക്കുന്ന നീ ഇങ്ങനെ പറയുന്നതിൽ എനിക്കത്ഭുതം തോന്നുന്നു. യൌവനത്തിൽ ഇന്ദ്രിയനിഗ്രഹം ഒരിക്കലുംപാടില്ലാത്ത ഒരു കാര്യമാണ്. യൌവനത്തിൽ മധുരിക്കുന്നതു വാർദ്ധക്യത്തിൽ കയ്ക്കും എന്നൊരു ചൊല്ലുതന്നെയുണ്ടു്. നിന്റെ ബാല്യമാകകൊണ്ടു്, കാര്യാകാര്യവിവേകം നന്നേ കുറയും—സന്ന്യാസമാണു സുഖമെന്നിപ്പോൾ തോന്നുന്നതു കേവലം ക്ഷണികമായ ഒരഭിനിവേശത്തിന്റെ ഫലമാണു്. അതിൽ പ്രവേശിച്ചുനോക്കുമ്പോഴേ സംഗതി മനസ്സിലാകയുള്ളൂ. പാപ്പാന്റെ കാൽക്കൂത്തു കടന്നു കേറുന്ന മദയാനയെപ്പോലെ, യൌവനത്തള്ളലിലെ ഇന്ദ്രിയത്തിളപ്പു നിന്റെ നിഷ്ഠയെ ഭഞ്ജിക്കുമെന്നുള്ളതിനു സംശയമില്ല. ജാഗ്രത്തിൽ സുഷുപ്തിനിലയെ അനുഭവിക്കുന്നവനാണ് സന്ന്യാസി എന്നുപറയപ്പെട്ടിരിക്കുന്നു. കുളിയും കുറിയും കാഷായവസ്ത്രവും മാത്രംകൊണ്ടു്, ഒരുത്തൻ സന്ന്യാസിയാകയില്ല. മനസ്സിനെ നിഗ്രഹിച്ചു് ആത്മമാത്രനിലീനനായി സമഭാവനയടയുന്നവനാണ് സന്ന്യാസി. അങ്ങനെയുള്ള സന്ന്യാസം അത്ര എളുപ്പത്തിൽ സിദ്ധിക്കത്തക്കതാണെന്നു നീ തെററിദ്ധരിക്കരുതു്. "ലക്ഷംമാനുഷർകൂടും സഭയിൽ ലക്ഷണമൊത്തതിലൊന്നോ രണ്ടോ" എന്നുപറഞ്ഞതുപോലെ, നാം ദിവസംപ്രതി കാണുന്ന പല സന്ന്യസിമാരിൽ പരമാർത്ഥസന്ന്യാസമുള്ളവർ വളരെ ചുരുങ്ങും. പൂജകളിൽവച്ചു മാനസപൂജയ്ക്കു ശ്രേഷ്ഠത്വംകല്പിച്ചിരിക്കുന്നതുപോലെ, സന്ന്യാസങ്ങളിൽ ഉത്തമം മനോനിഗ്രഹസന്ന്യാസമാണു്. മായയെ ജയിച്ച നാരദമഹർഷിപോലും ഒരു സ്ത്രീയുടെ രൂപസൌന്ദര്യംകണ്ടു മയങ്ങിപ്പോയി. ബ്രഹ്മാവിനെപ്പോലെ സൃഷ്ടിക്കാൻപോലും ശക്തനായ വിശ്വാമിത്രമഹർഷി മേനകയുടെ ആകർഷണത്തിൽ അകപ്പെട്ടു. ദേവഗുരുവായ ബൃഹസ്പതിയും അസുരഗുരുവായ ശുക്രമഹർഷിയും ഓരോസ്ത്രീകളാൽ മോഹിതന്മാരായി ഭവിച്ചു. സൃഷ്ടിസ്ഥിതിസംഹാരകർത്താക്കന്മാരും ഭാര്യമാരുടെ വശവർത്തികളായിട്ടാണ് കഴിയുന്നതു്. കാലനെ ജയിച്ചാലും കാമനെ ജയിക്കാൻ പ്രയാസമാണെന്നുള്ളതിനു പരമശിവന്റെ അനുഭവംതന്നെ നമുക്കു ദൃഷ്ടാന്തമാണ്. ഭഗവൽഗീതമുതലായ വേദാന്തഗ്രന്ഥങ്ങളിൽ ധർമ്മാവിരുദ്ധമായ കാമം മോക്ഷത്തിനു വിരോധിച്ചിട്ടില്ല. ഗൃഹസ്ഥാശ്രമികൾക്കും മോക്ഷം ലഭിച്ചുകൂടെന്നില്ല. മോക്ഷമെന്നതു ചിത്തവൃത്തിനിരോധത്തെ ആശ്രയിച്ചുണ്ടാകുന്ന ഒരു നിർവൃതിയാണ്. ഇതൊന്നും നിനക്കു ഞാൻ പറഞ്ഞുതരേണ്ട ആവശ്യമില്ല. നീതന്നെ ആലോചിച്ചാലറിയാം" എന്നിങ്ങനെ ഓരോതത്ത്വസാരങ്ങളുപദേശിച്ചു. ഉടനേ ശീതോബന്ധുവിനെ വന്ദിച്ചു വിഠോബാവൻപറഞ്ഞു.

"ഹേ വേദിയോത്തമ! അമൃതം അനുഭവിച്ചു ആനന്ദിച്ചിരിക്കുന്നവൻ അമേദ്ധ്യത്തിൽ ആഗ്രഹിക്കുമോ? അതുപോലെ സന്ന്യാസിയായിത്തീർന്നിരിക്കുന്ന ഞാൻ കാര്യാർത്ഥം ഒരുപക്ഷേ, ലോകവ്യവഹാരങ്ങളിൽ ഏർപ്പെട്ടിരുന്നാലും, മനസ്സിനെനിഗ്രഹിച്ചു്, മുക്തനാകാൻ ശ്രമിക്കയല്ലാതെ, ഭയങ്കരവും ദുഃഖകാരവുമായ സംസാരക്കുഴിയിൽ കണ്ണുംകെട്ടിച്ചാടാൻ ഒരുമ്പെടുമോ? കല്പകഫലം അന്വേഷിച്ചു പോകുന്നവൻ അതുകിട്ടിയില്ലെന്നുവച്ചു്, കാഞ്ഞിരക്കായിൽ മോഹിക്കുമോ? അപ്രകാരം, മോക്ഷസുഖത്തെ ആഗ്രഹിച്ചു ഞാ

ൻ അതു ലഭിക്കുന്നതുവരെ അതിലേക്കു ശ്രമിക്കുമെന്നല്ലാതെ, ക്ഷണികവിശ്രാന്തിപ്രദവും അനന്തരദുഃഖപാത്രവുമായ സ്ത്രീസുഖത്തെമോഹിക്കുമോ? മലമൂത്രാദിദുർഗ്ഗന്ധവസ്തുക്കളാൽ നിറയപ്പെട്ട സ്ത്രീരൂപത്തിൽ അനുഗ്രഹിക്കുന്നതു്, നികൃഷ്ടവും നീചവുമായ വാസനാശക്തിയുടെ പ്രേരണംകൊണ്ടല്ലയോ? എന്നിങ്ങനെ പല സാരാൎത്ഥവാക്കുകൾപറഞ്ഞു്, ബന്ധുജനങ്ങളുടെ വാക്കു നിശ്ശേഷം ഗണിക്കാതെ, വാരാണസിക്കുപോകാൻ ഭാവിച്ചു പുറപ്പെട്ടു

ഭൎത്താവിൻെറ പ്രയാണംകണ്ടു മനോവേദനയോടുകൂടി രുക്മാഭായി, തലമുടിയുംഅഴിച്ചിട്ടു മാറത്തടിച്ചു കരഞ്ഞുകൊണ്ടു പുറകേ ഓടിയിറങ്ങി. മകളുടെ പരിദേവനവും പരിതാപവും കാൺകയാൽ, ദുഃഖത്തോടുകൂടി ശീതോബന്ധുവും പത്നിയും അവരെ പിൻതുടൎന്നു്, വിഡോഭാവനെ മുന്നിട്ടുതടുത്തു്, യാത്രമുടക്കണമെന്നു വളരെ അപേക്ഷിച്ചുപറഞ്ഞു. അതുകേൾക്കാതെ വിഡോഭാവൻ മുന്നോട്ടുതന്നെ നടന്നപ്പോൾ, രുക്മാഭായി ഓടി മുന്നിൽകടന്നു്, പാദങ്ങളിൽവീണു നമസ്കരിച്ചു. അദ്ദേഹത്തെപ്പിരിഞ്ഞിരിക്കാൻ താൻ ശക്തയല്ലെന്നും പിരിഞ്ഞിരുന്നാൽ പ്രാണഹാനിതന്നെ സംഭവിക്കുമെന്നുംമററും വളരെ ദയനീയമായവിധത്തിൽ പറഞ്ഞുതുടങ്ങി. വിഡോഭാവൻ അതുകേട്ടു, "ഹേ സതീരത്നമേ! ഭാൎയ്യമാൎക്കു ഭൎത്തൃനിയോഗത്തെ അനുസരിക്കുന്നതാണു ധൎമ്മം. അതിനെ ലംഘിക്കുന്നതു മഹാപാപമാണു്. ആകയാൽ നീ എൻെറ നിയോഗപ്രകാരം ദുഃഖത്തെമാററി, അച്ഛൻെറ അടുക്കൽ പോയി താമസിച്ചുകൊൾക;" എന്നാജ്ഞാപിച്ചശേഷം അതിവേഗത്തിൽ നടന്നു മറഞ്ഞുകളഞ്ഞു.

ഭൎത്താവിൻെറ ക്രൂരതരമായ ഈ കല്പനകേട്ടു്, ഇടിത്തീയേററ മാനിനെപോലെ വാടി രുക്മാഭായി തറയിൽ മോഹിച്ചുവീണു. ശീതോബന്ധുവും ഭാൎയ്യയും മകളുടെ കഷ്ടാവസ്ഥകണ്ടു വ്യസനിച്ചു്, കഴിയുന്ന ഉപചാരങ്ങളെല്ലാംചെയ്തു്, ഒരുവിധത്തിൽ ബോധമുണ്ടാക്കി. ഉടനേ, രുക്മാഭായി, പിതാവിൻെറ മുഖത്തുനോക്കിപ്പറഞ്ഞു. പിതാവേ! ഇനി ഞാൻ എന്താണുചെയ്ക?—ഭൎത്തൃവിരഹം സതിമാൎക്കു ദുസ്സഹമാണല്ലോ. അതിനാൽ ഇനി കാൽക്ഷണംപോലും ഭൂമിയിൽ ജീവിച്ചിരിക്കേണ്ടാ എന്നാണു ഞാൻ നിശ്ചയിക്കുന്നതു്.

ശീതോബന്ധു:—ഓമനേ! നീ അങ്ങനെ പറയരുതു്. നിന്നെക്കൂടാതെ ഭൂമിയിൽ ജീവിച്ചിരിക്കണമെന്നു വൃദ്ധരായ ഞങ്ങൾക്കു വിചാരമില്ല, അതു ഞങ്ങളാൽസാധിക്കുന്ന കാൎയ്യവുമല്ല. അങ്ങനെ നീയും നീ മൂലം ഞങ്ങളും മരിക്കുന്നതായാൽ, അതിൻെറ പാപം, അതിലേക്കു കാരണഭൂതനായ നിൻെറഭൎത്താവിനായിരിക്കും—ഭൎത്താവിനു പാപം വലിച്ചുവെയ്ക്കുന്നതു പതിവ്രതയായ ഒരു പത്നിക്കു ധൎമ്മമാണോ?

രുക്മാഭായി:—"പ്രിയപിതാക്കളെ ഭൎത്താവിനെപ്പിരിഞ്ഞു ഞാൻ ജീവിച്ചതുകൊണ്ടെന്തുഫലമാണുള്ളതു്? അതാണു മരിച്ചുകളയാമെന്നു ഞാൻ നിശ്ചയിച്ചതു്. മരിച്ചാൽ ആ പാപം അദ്ദേഹത്തിനു തട്ടുമെങ്കിൽ ആ ആരംഭത്തിൽനിന്നും പിൻമാറി അദ്ദേഹത്തെ അന്വേഷിച്ചു യാത്രപുറപ്പെടാമെന്നു ഞാൻ വിചാരിക്കുന്നു" എന്നുപറഞ്ഞു നടന്നുതുടങ്ങി. ശീതോബന്ധു തൽക്ഷണം അവളെ മുന്നിട്ടു തടുത്തുപറഞ്ഞു—"ഓമനേ! നീ ഇങ്ങനെ സാഹസംപ്രവൃത്തിക്കരുതു്. കുമാരിയും സുകുമാരിയുമായ ഒരു സ്ത്രീ തനിച്ചു തീൎത്ഥയാത്രചെയ്യുന്നതു ഭയപ്പെടത്തക്ക ഒരു കാൎയ്യമാണു്. നീ സമൎത്ഥയാണെങ്കിൽ ഇതൊന്നും കൂടാതെ ഉദ്ദിഷ്ടസിദ്ധി വരുത്താം. മരിച്ചുപോയ സത്യവാനെ വ്രതനിഷ്ഠകൊണ്ടു ജീവിപ്പിച്ച സാവിത്രിയുടെകഥ നീ കേട്ടിട്ടില്ലയോ? അതുപോലെ, ഏതാനുംദിവസം നീയും ഗൌരീവ്രതത്തെ അനുഷ്ഠിച്ചു ഭജിച്ചാൽ ഭൎത്താവു നിൻെറ സമീപത്തു വന്നുചേരുമെന്നുള്ളതിനു സംശയമില്ല. ഭൎത്താക്കന്മാരുടെ വൈരാഗ്യത്തെക്കാൾ ഭാൎയ്യമാരുടെതിനു ശക്തികൂടും. മരിച്ചവനെ ജീവിപ്പിക്കാൻസാധിച്ച വ്രതത്തിനു ജീവിച്ചിരിക്കുന്നവനെ കൈവശപ്പെടുത്താൻ വല്ലപ്രയാസവുമുണ്ടോ? പരമേശ്വരനെ വിവാഹംചെയ്യണമെന്നാഗ്രഹിച്ച പാൎവ്വതീദേവിയും ശ്രീകൃഷ്ണനെയനുഗ്രഹിച്ച രുക്മിണിയും ഗൌരീവ്രതത്താലല്ലേ അവരവരുടെ അഭീഷ്ടം സാധിച്ചതു്? ആ വ്രതത്തെത്തന്നെ നീയുംഅനുഷ്ഠി

ച്ചാൽ നിശ്ചയമായും നിന്റെ ഭർത്താവു മടങ്ങിവന്നു്, നിന്നെസ്നേഹിച്ചു യോജിച്ചിരിക്കാൻ ഇടവരുമെന്നുള്ളതിനു സംശയമില്ല. ഇങ്ങനെ പിതാവിന്റെ ഉപദേശംകേട്ടപ്പോൾ രുക്മാഭായിക്കും അതു ശരിയാണെന്നുതോന്നി. ഞാൻഇപ്പോൾ ഭർത്താവിനെ അനുഗമിക്കാമെന്നുവെച്ചാൽ, അതു്, അദ്ദേഹത്തിന്റെ കല്പനയ്ക്കുവിരുദ്ധമാകുമെന്നു മാത്രമല്ല, സ്നേഹിച്ചിരിക്കാൻ ഇടയാകയുമില്ല. അതുകൊണ്ടു വ്രതമനുഷ്ഠിക്കുന്നതുതന്നെഉത്തമം. എന്നുനിശ്ചയിച്ചു മടങ്ങി വീട്ടിൽവന്നു ഭക്തിപൂർവം ഗൌരീപൂജയെല്ലാം തുടങ്ങുകയും ചെയ്തു.

വിഠോബാവൻ, അലങ്കാരപുരിയെകടന്നുപോയി, പല കാടുകളും നാടുകളുംകടന്നു വളരെനാൾകൊണ്ടു കാശിയിലെത്തി, പിതാക്കളുടെ അസ്ഥി ഗംഗയിൽ നിക്ഷേപിച്ചു വിധിപ്രകാരം മുങ്ങിക്കുളിച്ചുവന്നു വിശ്വനാഥവന്ദനം കഴിച്ചു. പിന്നീടുജ്ഞാനോപദേശത്തിനുതക്ക ഒരു ഗുരുനാഥൻ എവിടെയാണുള്ളതെന്നദ്ദേഹം അന്വേഷിച്ചു. ഒടുവിൽ, ചിലസാധുക്കളുടെ ഉപദേശപ്രകാരം ശ്രീപാദസ്വാമികളെ പോയി കണ്ടു. ദിഗംബരനായി, മായാതീതനായി ദേഹസ്മരണവിട്ടു്, ബ്രഹ്മാനന്ദത്തിൽ മുഴുകിയിരിക്കുന്ന അദ്ദേഹത്തെ ദർശിച്ചമാത്രയിൽ പരമാനന്ദപരിപ്ലുതനായ വിഠോബാവൻ പ്രദക്ഷിണംചെയ്തു വന്ദിച്ചിങ്ങനെ ഉണർത്തിച്ചു. ഹേ ശാന്തനും നാദാന്തബ്രഹ്മദർശിയുമായ യോഗീശ്വര! വിജയീഭവ! എന്നിങ്ങനെ പലതരത്തിൽ സ്തോത്രംചെയ്തുനിൽക്കുമ്പോൾ, സന്തുഷ്ടനായ സ്വാമികൾ വിഠോബാവനെ അരികിൽവിളിച്ചു്, തൃക്കൈകളാൽപിടിച്ചു മാറോടണച്ചാശ്ലേഷിച്ചു്,—പുണ്യാത്മാവായ ബാല! നീഎന്നെ ബ്രഹ്മനിർവിശേഷമായി ഭാവിച്ചു സേവിപ്പാൻകാരണമെന്തു്? എന്നുചോദിച്ചു.

ആ ചോദ്യം വിഠോബാവനു അമൃതായമാനമായിത്തോന്നി. അദ്ദേഹം സന്തുഷ്ടനായി ഇങ്ങനെ അറിവിച്ചു. സദ്ഗുരുനായക! ജനനമരണാദികളോടുകൂടിയ സംസാരചക്രത്തിരിപ്പിൽപെട്ടു വലയുന്ന ഞാൻ അതിൽനിന്നും നിവൃത്തിക്കണമെന്നുള്ള മോഹത്താലാണു് അങ്ങേഅഭയംപ്രാപിച്ചതു് എന്നെ രക്ഷിക്കണം" എന്നപേക്ഷിച്ചു.

**സ്വാമികൾ.**—ബാലക! മനുഷ്യജന്മം നിനക്കു ദുസ്സഹമായിത്തോന്നുന്നുവോ? ഇതാ ഇക്കാണപ്പെട്ട ജനങ്ങളെല്ലാം സന്തോഷമായി വിഷയഭോഗങ്ങളെ അനുഭവിച്ചുകൊണ്ടു്: അതുതന്നെ ശ്രേഷ്ഠമെന്നുഭാവിച്ചാനന്ദിച്ചിരിക്കുന്നു. നിനക്കുമാത്രം അതു ദുഃഖകരമായതെങ്ങനെ?

**വിഠോബാവൻ:**—സ്വാമി! വിഷയങ്ങളായ തേളുകളും ഇന്ദ്രിയങ്ങളായ സർപ്പങ്ങളും കാമക്രോധവ്യാഘ്രങ്ങളും ചിന്തകളായ മന്തികളും അഹങ്കാരവാരണങ്ങളും അഭിമാനമായ ശല്യങ്ങളും ഇച്ഛയെന്ന ചെന്നായ്ക്കളും അജ്ഞാനമെന്ന അന്ധകാരവും നിറഞ്ഞ ദേഹമെന്ന കൊടുംകാട്ടിലകപ്പെട്ടു നേർവഴികാണാൻ പാടില്ലാതെയും തപ്പിനടക്കാൻനിവൃത്തിയില്ലാതെയും വളരെനാളായി കഷ്ടപ്പെടുന്ന എന്നെ കരുണയോടുകൂടി നിന്തിരുവടി രക്ഷിക്കാറാകണം.

സ്വാമികൾ:—കുഞ്ഞേ! ഈ വിഷയേന്ദ്രിയാദിമൃഗങ്ങളെ ഖണ്ഡിക്കുന്ന വാളും അജ്ഞാന ഇരുളിനെ നീക്കുന്നവഴിയും അറിയാതെ അതിനെ ഉപദേശിക്കത്തക്ക ഒരു ഗുരുനാഥനെ ഞാനും വളരെനാളായി അന്വേഷിച്ചിരിക്കയാണു്. നീ അതന്വേഷിച്ചാണുവന്നതു് അല്ലേ? അതുകൊണ്ടു അക്കാര്യംമാത്രം നീ ചോദിക്കേണ്ടാ; വേറേതോ ആവശ്യമുള്ളതു ചോദിച്ചുകൊൾക തരാം.

വിഠോബാവൻ:—അന്തഃകരണബഹിഷ്കരണവ്യാപാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗംമാത്രം അരുളിച്ചെയ്യുന്നതിനു കരുണയുണ്ടായാൽമതി. അതുകൊണ്ടു ആത്മധ്യാനശക്തിയും ജ്ഞാനവും സിദ്ധിക്കുമെന്നാണെന്റെ വിശ്വാസം.

സ്വാമികൾ:—ഹേ പരിശുദ്ധ! എനിക്കറിയാവുന്നതിൽവെച്ചു ശ്രേഷ്ഠമായ രാജവശ്യമന്ത്രത്തെ നിനക്കു ഞാനുപദേശിക്കാം. അതിനെ ഒരു മണ്ഡലം ജപിച്ചാൽ രാജാവു വശപ്പെടും. അതുവഴി, സ്ത്രീഭോഗസൌഖ്യം വാഹനാഗമനം സ്വാദിഷ്ഠഭക്ഷണം ശ്രേഷ്ഠ

യോഗം; മുതലായവകളാൽ സുഖമനുഭവിക്കാം. അതിനെ ഉപേക്ഷിച്ചു സന്ന്യാസവൃത്തിയവലംബിച്ചു സംകടമനുഭവിക്കുന്നതെന്തിനു്?

വിഠോബാവൻ:—ഹരിശ്ചന്ദ്രൻ, നളൻ, മുചുകുന്ദൻ, പുരുകുത്സൻ പുരൂരവസ്സ്, കാർത്തവീര്യൻ എന്നീ ചക്രവർത്തികളൊക്കെയും അനുഭവിച്ച സംകടങ്ങൾ നാം പുരാണങ്ങളിൽ വായിച്ചറിഞ്ഞിരിക്കയല്ലെ? എന്നുള്ള ഓരോ രാജാക്കൾ അനുഭവിക്കുന്ന കഷ്ടതകൾ കണ്ടറിയുന്നതുമില്ലേ? ആ സ്ഥിതിക്കു രാജഭോഗംവേണമെന്നു ഞാനാഗ്രഹിക്കുന്നതെങ്ങനെ? മോക്ഷാശയുള്ളവർ വിഷയസുഖത്തിലിച്ഛിക്കുമോ?

സ്വാമികൾ:—എടാ ഭാഗ്യമില്ലാത്ത മൂഢ! ലൌകികസുഖസിദ്ധിക്കുള്ള പല ദിവ്യമന്ത്രങ്ങളും ഞാൻ ഉപദേശിച്ചുതരാം അതുജപിച്ചു്, ഗൃഹസ്ഥാശ്രമത്തിലിരുന്നു്, യാഗാദികർമ്മങ്ങളാൽ സ്വർഗ്ഗത്തെ പ്രാപിച്ചു്, രംഭ മുതലായ അപ്സരസ്ത്രീകളുടെ സംഗമസുഖവുമനുഭവിച്ചു്, ആനന്ദിക്കാം. അതുപേക്ഷിച്ചു ഇരന്നുണ്ണുന്ന ഭിക്ഷുവിന്റെ ആശ്രമത്തെ ആഗ്രഹിക്കുന്നതെന്തു?

വിഠോബാവൻ:—ദേവലോകേശ്വരനായ ദേവേന്ദ്രൻ അനുഭവിച്ചിട്ടുള്ള കഷ്ടതകളെല്ലാം നാം കേട്ടറിഞ്ഞിരിക്കയല്ലേ? ഒരിക്കൽ ബ്രഹ്മഹത്യയെ ഭയന്നു്, അദ്ദേഹം താമരത്തണ്ടിൽ ഒളിച്ചിരുന്നുവിശ്രമിച്ചതും, സ്വർഗ്ഗാധിപതിയാണെങ്കിലും, തന്റെ നന്ദനവനത്തിനു ജലമില്ലാതെ കഷ്ടപ്പെട്ടതും ഇന്ദ്രജിത്തുമുതലായ രാക്ഷസന്മാരാൽ പല പരിഭ്രാന്തിപീഡിക്കപ്പെട്ടതും, ഇന്ദ്രപദവിയെ ഉപേക്ഷിച്ചു്, പലപ്പോഴും ഓടിയൊളിച്ചു നടന്നിട്ടുള്ളതും. എല്ലാം നമ്മൾ വായിച്ചറിഞ്ഞിരിക്കയല്ലേ? അപ്പോൾ പിന്നെ ഒരു മനുഷ്യൻ സ്വർഗ്ഗത്തുചെന്നാൽ നിത്യസുഖമനുഭവിക്കാൻ സാധിച്ചെന്നുവരുമോ? എന്നല്ല ക്ഷണഭംഗുരമായ സ്വർഗ്ഗസുഖത്തെ വിവേകികളാഗ്രഹിക്കുമോ?

സ്വാമികൾ:—ഹേ ഭക്തോത്തമ! എന്നാൽ നിനക്കു ഞാൻ അഷ്ടാക്ഷരമന്ത്രത്തെ ഉപദേശിച്ചുതരാം. കുറേനാൾ അതുജപിച്ചാൽ ശ്രീനാരായണവാസസ്ഥാനമായ വൈകുണ്ഠപദത്തെ പ്രാപിക്കാം സംശയമില്ല. അതു അഭിലഷണീയമല്ലയോ?

വിഠോബാവൻ:—സ്വാമി! വൈകുണ്ഠം നിത്യസുഖപദമെന്നാണോ പറയുന്നതു്. വൈകുണ്ഠവാസികളും വിഷ്ണുദേവപാർഷദന്മാരുമായ ജയവിജയന്മാർ, സനകസനന്ദാദിമഹർഷിമാരുടെ ശാപത്തിനു പാത്രീഭവിച്ചു്, ഭൂമിയിൽ രാക്ഷസവംശത്തിൽ ജനിച്ചതും, പലദുഷ്ടതകൾചെയ്തു്, ഒടുവിൽ മഹാവിഷ്ണുവിന്റെ കൈയാൽ മരണം പ്രാപിച്ചതും എല്ലാം സുപ്രസിദ്ധമല്ലേ? എനിക്കു വൈകുണ്ഠപദത്തിൽ ആഗ്രഹമേയില്ല.

സ്വാമികൾ:—അട്ടെ, എന്നാൽ ബ്രഹ്മവിഷ്ണുപ്രമുഖന്മാരാൽപോലും ആരാധ്യനായ പരമശിവന്റെ പദമായ ശ്രീകൈലാസത്തെ പ്രാപിക്കുന്നതിനുള്ള പഞ്ചാക്ഷരമന്ത്രം നിനക്കു ഞാനുപദേശിച്ചുതരാം അതുജപിച്ചാൽ പരമഭാഗവതനാകാമല്ലോ.

വിഠോബാവൻ:—സ്വാമി കൈലാസവാസത്തിലും എനിക്കാഗ്രഹമില്ല. പരമശിവൻ ബ്രഹ്മഹത്യയെ ഭയപ്പെട്ടു്, ഭിക്ഷതെണ്ടിനടന്നതും സതീദേവി ദക്ഷയാഗഭൂവിൽ വച്ചു ദക്ഷന്റെ അപ്രീതിക്കു പാത്രമായി ശരീരത്തെ ദഹിപ്പിച്ചു പർവ്വതപുത്രിയായി ജനിച്ചകഥയുമെല്ലാം ഞാൻ അറിഞ്ഞിരിക്കയാണു്. ഭയരഹിതമായ പദത്തെ മാത്രമെ ഞാൻ ഇച്ഛിക്കുന്നുള്ളു.

സ്വാമികൾ—അട്ടെ, അജപാമന്ത്രവും യോഗാഭ്യാസക്രമങ്ങളും എന്നാൽ ഞാനുപദേശിച്ചുതരാം. അതിനാൽ സിദ്ധപുരുഷനായി കല്പാന്തത്തിൽപോലും നശിക്കാത്ത ദീർഘായുസ്സോടുകൂടി ജീവിച്ചിരിക്കാം.

വിഠോബാവൻ:—അതും എനിക്കാവശ്യമില്ല. ജനിച്ചാൽ മരിക്കാതെ ആയുസ്സിനെ നീട്ടുന്നതു ഐശ്വര്യസിദ്ധി, മരിച്ചാൽ ജനിക്കാതെയിരിക്കുന്നതു മുക്തി. ഇതിൽ ഏതാണഭിലഷണീയം? സൂക്ഷ്മത്തിൽ മോക്ഷമാർഗ്ഗത്തെ ഉപദേശിക്കാൻ ശക്തനായ സ്വാമികൾ ഉള്ളപ്പോൾ, യോഗാഭ്യാസം ശീലിച്ചു്, ശരീരത്തെ ഒഞ്ചേിച്ചു്, പ്രാണങ്ങളെ ശരീരത്തിലിട്ടു ബുദ്ധിമുട്ടിച്ചു്, കണ്ടവരെ അത്ഭുതപ്പെടുത്തുന്ന ചില വിദ്യകളും കാണിച്ചു നിൽക്കുന്നതുകൊണ്ടുള്ള ഫലമെന്തു്? അതുകൊണ്ടു നല്ലതു ജ്ഞാനമാർഗ്ഗത്തെത്തന്നെ ഉപദേശിക്കുന്ന ക

കതിയല്ലേ? എത്രയുഗം ജീവിച്ചിരിക്കാൻ സാധിച്ചാലും, ഒടുവിൽ ദേഹം നശിക്കുമെന്നുള്ളതിനു പക്ഷാന്തരമുണ്ടോ? ദേഹമുക്തിയടയാൻ സാധിക്കുമോ? അസത്യമായ പ്രപഞ്ചം പുകഴ്ത്തുന്ന ചെപ്പടിവിദ്യയ്ക്കു തുല്യമായ പല സിദ്ധികളും അഹങ്കാരത്തെ വൎദ്ധിപ്പിക്കുന്നവയല്ലേ? അറുപത്തുനാലുസിദ്ധികൾകൊണ്ടും മുക്തിലഭിക്കാൻ സാധിക്കുമോ? അതുകൊണ്ടു താമസാദികളെ നീക്കുന്നതും, സത്വഗുണത്തെ പ്രകാശിപ്പിക്കുന്നതുമായ മോക്ഷമാൎഗ്ഗത്തെത്തന്നെ എനിക്കു ഉപദേശിച്ചുതരണം.

സ്വാമികൾ:—ഹേ പുണ്യാത്മാവേ! വേദോക്തങ്ങളായ മന്ത്രതന്ത്രങ്ങളേയും ഉപദേശങ്ങളേയും ഞാൻ നിനക്കു പറഞ്ഞുതരാമെന്നു നിശ്ചയിച്ചതിൽ അതിലൊന്നുംതന്നെ നിനക്കാവശ്യമില്ലെന്നു പറയുന്നു. മറ്റെന്താണിനി ഞാൻ ഉപദേശിക്കേണ്ടതു്? ഇതിൽ ഉപരിയായ ഉപദേശത്തിനു ഞാൻ അളല്ല. അങ്ങനെ വേണമെങ്കിൽ അതിനുവേറെ ആചാൎയ്യനെ അന്വേഷിച്ചുകൊൾക.

ഇങ്ങനെ അരുളിച്ചെയ്തു്, ശ്രീപാദസ്വാമികൾ മൌനമുദ്രയവലംബിച്ചിരുന്നു.

---

## നാലാം അദ്ധ്യായം.

---

### വിഠോബാവന്റെ ജ്ഞാനോപദേശസിദ്ധി.

ഇപ്രകാരം ശ്രീപാദസ്വാമികൾ മൌനംദീക്ഷിച്ചിരുന്നശേഷം, വിഠോബാവൻ, അദ്ദേഹത്തെ പിരിഞ്ഞുപോകാതെ അടുക്കൽതന്നെനിന്നു. ഗുരുസമാധിവിരതനാകുമ്പോൾ ഓരോ ശുശ്രൂഷകൾ ചെയ്യുകയും സമാധിസമയം മുഴുവൻ ഭക്തിപൂൎവ്വം സമീപത്തു കാത്തുനിൽക്കുകയും പതിവായിരുന്നു. അങ്ങനെ കുറേനാൾകഴികെ ഒരുദിവസം വിഠോബാവൻ സ്വാമികളെ വന്ദിച്ചു്, ഇങ്ങനെ ഉണൎത്തിച്ചു. സദ്ഗുരോ! അങ്ങേഅല്ലാതെ ഇനിമറെറാരാചാൎയ്യനെ ശരണംപ്രാപിക്കാൻ എനിക്കു മനസ്സില്ല. ഉത്തമസാധ്വിമാർ സ്വന്തംഭൎത്താവിനെയല്ലാതെ ത്രിമൂൎത്തികൾതന്നെവന്നാലും അവരെ അംഗീകരിക്കുമോ? ഭൎത്താവു് ഒരുപക്ഷേ അയോഗ്യനായിരുന്നാലും അവർ യോഗ്യനായ അന്യനെ അനുഗ്രഹിക്കുമോ, ഇല്ല, അതുപോലെ ഉത്തമനായവൻ ഒരു ഗുരുവിനെ ശരണംപ്രാപിച്ചാൽ, അദ്ദേഹത്തിനു ജ്ഞാനോപദേശശക്തിയില്ലെന്നുള്ള കാരണത്തിന്മേൽ മറെറാരാചാൎയ്യനെ അന്വേഷിച്ചുപോകയില്ല. അങ്ങനെ പോകുന്നവനു, വാസ്തവജ്ഞാനസിദ്ധിക്കിടവരികയുമില്ല. പതിവ്രതമാർ ഭൎത്താക്കന്മാരെ അവർ എത്ര ദുൎഗ്ഗുണമുള്ളവരായിരുന്നാലും ഈശ്വരനിൎവ്വിശേഷമായി പൂജിക്കേണ്ടതല്ലയോ? അതുപോലെതന്നെയാണു്, ശിഷ്യന്മാർ ഗുരുക്കന്മാരെക്കുറിച്ചും ആരാധിക്കേണ്ടതു്. പണ്ടു്, മൂന്നുശതവൎഷകാലം രാജ്യംഭരിച്ചു്, യാഗാദിപുണ്യകൎമ്മങ്ങൾ അനുഷ്ഠിച്ച ത്രിശങ്കുമഹാരാജൻ തന്റെ പൂൎവ്വഗുരുവായ വസിഷ്ഠനെ ഉപേക്ഷിച്ചു, വിശ്വാമിത്രനെ ഗുരുവാക്കി വരിച്ചതുകാരണം ചണ്ഡാലനായി ഭവിക്കയും താൻ അനുഗ്രഹിച്ചതുപോലെ സ്വൎഗ്ഗലോകത്തുചെന്നെത്താൻ സാധിക്കാതെ, ഈലോകത്തിലും തങ്ങാൻ ഇടവരാതെ, അവാന്തരലോകത്തിൽ തലകീഴായി തൂങ്ങിനിൽക്കാനിടവന്ന കഥ സുപ്രസിദ്ധമല്ലേ! അതിനാലിനി എനിക്കു, അങ്ങല്ലാതെ മറെറാരാചാൎയ്യൻ ആവശ്യമില്ല. അങ്ങേ തിരുവടികളെ ശരണംഗമിച്ച ഞാൻ ഇനി, മറ്റുകാലടികളെ അഭിഗമിക്കയുമില്ല. എന്നെ പരീക്ഷിക്കാനാണോ അങ്ങു തുടങ്ങുന്നതു്? ബ്രഹ്മജ്ഞാനോപദേശം അങ്ങേക്കു വശമല്ലെന്നോ പറയുന്നതു്? എനിക്കതുവിശ്വസിക്കാൻ പാടില്ല. അതുകൊണ്ടു ബ്രഹ്മജ്ഞനായ അങ്ങുതന്നെ, എനിക്കു ജ്ഞാനോപദേശംചെയ്തു, മമതാഹങ്കാരാദികൾ നശിക്കുമാറു്, അജ്ഞാനത്തെ അകററി ബ്രഹ്മാനന്ദവാരിധിയിൽ മുഴുകിച്ചു, ദേഹസ്മരണമററി ആത്മാവിൽ ലയിപ്പിക്കുന്നതിനു കരുണയുണ്ടാകണമെന്നപേക്ഷിക്കുന്നു." ഈ അപേക്ഷകേട്ടു് സ്വാമികൾ കരുണാപുരസ്സരം വി

ചാ

ഡോബാവനെ ആശ്ലേഷിച്ചു്, "മഹാത്മൻ! നിന്നെപ്പോലെ തീവ്രവൈരാഗ്യമുള്ള ഒരുവനെ ഞാനന്വേഷിച്ചിരിക്കയായിരുന്നു. നീ വിവാഹംകഴിച്ച ഗൃഹസ്ഥനോ അതോ വിഷയഭോഗം അറിയാത്ത ബ്രഹ്മചാരിയോ? എന്നുചോദിച്ചു.

ഗൃഹസ്ഥനെന്നുപറഞ്ഞാൽ ഉപദേശംതരാൻ സ്വാമികൾ മടിക്കും എന്നുനിശ്ചയിച്ചു്, വിവാഹംചെയ്തെങ്കിലും ബ്രഹ്മചര്യവ്രതത്തെ താൻ ലംഘിച്ചിട്ടില്ലെന്നുള്ള വാസ്തവത്തെ അനുസ്മരിച്ചു്, വിഷയഭോഗം അറിയാത്ത ബ്രഹ്മചാരിയാണെന്നുതന്നെ വിഡോബാവൻപറഞ്ഞു- സ്വാമികൾഅതുകേട്ടു്, വിഡോബാവന്റെ അച്ഛനമ്മമാർ ജീവിച്ചിരിപ്പുണ്ടോ എന്നു ചോദ്യംചെയ്തു. ഇല്ലഎന്നു മറുപടികിട്ടി. സ്വാമികൾസന്തോഷിച്ചു്, ഹേ വിഡോബാവ! നിനക്കു ഉപനിഷൽസാരസ്വരൂപമായ ബ്രഹ്മജ്ഞാനത്തെഞാൻ ഉപദേശിക്കുന്നുണ്ടു്. മനസ്സിനെ ഏകാഗ്രമാക്കി ശ്രദ്ധിച്ചുകേൾക്കണം എന്നരുളിച്ചെയ്തു, ശിരസ്സിൽ കൈകൾവച്ചു്- പ്രണവാദിമന്ത്രങ്ങളെക്കാൾ ഉൽകൃഷ്ടമായും ശബ്ദമാത്രമായും, സകലസിദ്ധിപ്രദമായും നിർഗ്ഗുണധ്യാനപരമായും, അദ്വൈതവാചിയായും വേദാന്തസാരസ്വരൂപമായും, ദേഹപീഡകളെയും മനശ്ചാപല്യങ്ങളെയും അകറ്റുന്നതായും, ചതുർവേദങ്ങളുടെ ഉല്പത്തിബീജമായും, സ്വഹസ്യപ്രകാശമായും, ബ്രഹ്മഭാവനയെ സ്വയം ഉളവാക്കുന്നതായും ത്രിമൂർത്തികളാൽപോലുംധ്യേയമായുംത്രിപദാർത്ഥങ്ങളാൽ പരിപൂർണ്ണമായും ശൈവവൈഷ്ണവാദിവിവിധമതങ്ങളെ ഖണ്ഡിക്കുന്നതായുംഅജ്ഞാനസന്ദേഹവൈപരീത്യങ്ങളെ നശിപ്പിക്കുന്നതായും, മമതാഹംകാരാദികളെ അടിയോടെ നീക്കുന്നതായും, ജ്ഞാനപ്രദമായും മോക്ഷപ്രദമായുമുള്ള മഹാവാക്യത്തെ സ്വാമികൾ വിഡോബാവനു ഉപദേശിച്ചു.

വിഡോബാവൻ അത്ഭുതാനന്ദപരവശനായി ആ മഹാവാക്യത്തിന്റെ അർത്ഥംകൂടി പറഞ്ഞുകൊടുക്കണമെന്നു സ്വാമികളോടാവശ്യപ്പെട്ടു. ആ അപേക്ഷ സ്വാമികൾക്കു വളരെ സന്തോഷമായി. ഇപ്രകാരം തീവ്രവൈരാഗ്യമുള്ള ഒരുത്തനു പറഞ്ഞുകൊടുക്കേണ്ടധർമ്മമുണ്ടു്. ഇവൻ നമുക്കുചേർന്ന ശിഷ്യൻതന്നെ. എന്നിങ്ങനെ നിശ്ചയിച്ചു് അവനെനോക്കി,—ഹേ! വിഡോബാവ! നീപുണ്യവാനാകകൊണ്ടു് നിനക്കുഈ മഹാവാക്യത്തിന്റെ അർത്ഥം ഞാൻ പറഞ്ഞുതരാം. പന്ത്രണ്ടുസംവത്സരം പരിശോധിച്ചതിനുമേലെ മഹാന്മാർ രഹസ്യങ്ങൾ പറഞ്ഞുകൊടുക്കയുള്ളൂ. അപക്വബുദ്ധികൾക്കു പറഞ്ഞുകൊടുക്കുന്നതു പാറപ്പുറത്തു വിത്തുവിതയ്ക്കുന്നതുപോലെ നിരുപയോഗമാണെന്നു മാത്രമല്ല, ഉപദേഷ്ടാവിനു ആയാസവും ഉപദിഷ്ടനു അധോഗതിയും ഉണ്ടാകയുംചെയ്യും. നീ അതിനുതക്കവനാണെന്നു ബോധപ്പെട്ടിരിക്കുന്നതുകൊണ്ടു പറയാം — ശ്രദ്ധിച്ചുകേൾക്കണം. മറന്നുപോകാതെ മനസ്സിൽ കരുതിക്കൊള്ളുകയുംവേണം. ആ മഹാവാക്യത്തിന്റെ സാരം, ജ്ഞാനംതന്നെ ബ്രഹ്മം എന്നുള്ളതാണു് എന്നുവേദത്തിൽ പറഞ്ഞിരിക്കുന്നു. ബ്രഹ്മാവുപോലും മഹാവാക്യാർത്ഥം നാലുവേദങ്ങളെക്കൊണ്ടു വിവരിച്ചിട്ടും മുഴുവനാകാതെ വിഷമിച്ചു. ദേവഗുരുവായ ബൃഹസ്പതിയും മററുപല മഹർഷിമാരും, ജ്ഞാനകാണ്ഡത്തിൽ മഹാവാക്യാർത്ഥങ്ങളെ കഴിയുംവണ്ണം വ്യാഖ്യാനിച്ചിട്ടും,അവസാനിക്കാതെ ക്ഷീണന്മാരായിഭവിച്ചു. ഈപ്രകാരമുള്ള വാക്യലക്ഷണത്തെ ഞാൻ എങ്ങനെയാണു പറക? എന്നാലും ഗുരുമുഖത്തുനിന്നും കേട്ടറിഞ്ഞതുപോലെ വിസ്തരിച്ചില്ലെങ്കിലും ചുരുക്കത്തിൽ നിനക്കു പറഞ്ഞുതരാൻ ശ്രമിക്കാം.

ജ്ഞാനംഎന്നതു ജീവാത്മാവു്—ബ്രഹ്മംഎന്നതു പരമാത്മാവു്—ജ്ഞാനം ബ്രഹ്മസ്വരൂപംതന്നെ—എന്നാണിതിന്റെ അന്തരാർത്ഥം.

**വിഡോബാവൻ**—ജ്ഞാനംഎന്തെന്നും ബ്രഹ്മം എന്തെന്നും, ജീവാത്മാവാണു് പരമാത്മാവെന്നു പറഞ്ഞതിന്റെ സൂക്ഷ്മഗതിയും വിസ്തരിച്ചുപറഞ്ഞുതരണം.

**സ്വാമികൾ**—പ്രിയശിഷ്യ! ജ്ഞാനംഎന്നതു വിഷയഗ്രാഹികളായ ഇന്ദ്രിയങ്ങളേയും ഇന്ദ്രിയബോധഗ്രാഹിയായ അന്തഃകരണത്തേയുംഅന്തഃകരണബോധിയായചിദാഭാസനേയും, ഇതുകളെല്ലാം അടങ്ങുന്ന അവിദ്യയേയും സാക്ഷിയായ്നിന്നറിയുന്നതാകുന്നു. അപ്രകാരം എല്ലാവററിലും ഇരിക്കുന്നതായ ഉണർസാക്ഷിയെ ബ്രഹ്മം എന്നുംപറ

യുന്നു. വേദപ്രസ്താവം ഇങ്ങനെയാണ്. കൂടാതെ, കൂടസ്ഥൻ പ്രത്യേക ആത്മാവാകുന്നു. അതായതു്, ജീവാത്മാനാമത്തിൽ ശരീരത്തിലിരിക്കുന്ന പരമാത്മാവിനെ കൂടസ്ഥൻ എന്നു വ്യവഹരിച്ചുവരുന്നു. ചൈതന്യം, സത്തു്, ചിത്തു്, ആനന്ദം, നിത്യം നിർമ്മലം, നിർഗ്ഗുണം, നിർവ്വികാരം, നിരഞ്ജനം, എന്നിങ്ങനെ പലനാമങ്ങൾക്കാധാരമായ സാക്ഷി ജ്ഞാനത്തെ ജീവാത്മാവെന്നും, പരബ്രഹ്മം പരിപൂർണ്ണം, പരാപരം, പരമേശ്വരം പരം ജ്യോതിഃ—പരാൽപരം നിരൂപം, നിർന്നാമം, നിഷ്കളങ്കം; അചലം, അഖണ്ഡഖണ്ഡം അദ്വി അനാദി അക്ഷയം, എന്നിങ്ങനെ പലനാമങ്ങൾക്കാധേയമായ സർവ്വസാക്ഷിയായ ബ്രഹ്മത്തെ പരമാത്മാവെന്നും പറയാം എന്നു് ഈശ്വരവാക്യമുണ്ടു്.

**വിഠോഭാവൻ:—**സ്വാമി! ഒരുദേഹത്തിൽമാത്രം വ്യാപിച്ചിരിക്കുന്ന ജീവാത്മാവു്, സാക്ഷിയായ പരമാത്മാവാണെന്നു പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല. അതൊന്നു വിസ്തരിച്ചുപറഞ്ഞുതന്നാൽകൊള്ളാം.

**സ്വാമികൾ:—**അഗ്നി, സർവ്വവ്യാപിയായിരിക്കുന്ന ഒരു തേജസ്സാണെങ്കിലും വിളക്കിലോ ദീവട്ടിയിലോമററോ കത്തിക്കുമ്പോൾ അതിനെ നാം പ്രത്യേകനാമംകൊണ്ടു വ്യവഹരിക്കുന്നില്ലയോ? അതുപോലെ വ്യക്തികളിലടങ്ങിയിരിക്കുന്ന സർവ്വവ്യാപിയായ പരമാത്മാവിനെ, നമ്മൾ ജീവാത്മാവെന്നു വ്യവഹരിച്ചുവരുന്നു. ജലാശയംതന്നെ വലുതായിരുന്നാൽ തടാകമെന്നും ചെറുതായിരുന്നാൽ കുളമെന്നും നാം പറയുന്നു. ജലപ്രവാഹം വലുതായിരുന്നാൽ നദിയെന്നും ചെറുതായിരുന്നാൽ തോടെന്നും പറയുന്നു. അതുപോലെ ജനക്കൂട്ടത്തിനു സമുദായം എന്നും സമുദായാംശത്തിനു മനുഷ്യനെന്നും പറയുന്നു. വൃക്ഷക്കൂട്ടത്തിനു തോപ്പെന്നും ഒററതിരിച്ചാൽ വൃക്ഷമെന്നും പറയുന്നു. ഇങ്ങനെ ഉപാധിഭേദത്താലോ വ്യവഹാരഭേദത്താലോ വെള്ളത്തിനോ മനുഷ്യർക്കോ വൃക്ഷത്തിനോ ഭിന്നഭാവം ഉണ്ടാകുന്നുവോ? അതുപോലെ ജീവാത്മപരമാത്മാക്കൾക്കും വ്യവഹാരത്താൽ ഭേദം കല്പിതമായിരിക്കുന്നു. എന്നല്ലാതെ വ്യത്യാസമൊന്നുമില്ല. പരമാത്മാവുതന്നെയാണു് ജീവാത്മാവും—എന്നു വേദത്തിൽ പറഞ്ഞിട്ടുള്ളതുകൂടാതെ ജീവാത്മപരമാത്മാക്കളെ ഭിന്നമായി വിചാരിക്കുന്നവൻ അത്യന്തം മൂഢനാണെന്നു വേദവ്യാസൻ വിഷ്ണുപുരാണത്തിലും വസിഷ്ഠൻ വാസിഷ്ഠത്തിലും, വാല്മീകി അദ്ധ്യാത്മരാമായണത്തിലും, ഭഗവാൻ ഭഗവദ്ഗീതയിലും ശിവൻ ശിവഗീതയിലും ബ്രഹ്മാവു ബ്രഹ്മഗീതയിലും, ശ്രീരാമൻ രാമഗീതയിലും പറഞ്ഞിരിക്കുന്നു. എന്നല്ല ഈ പരമാർത്ഥംതന്നെ, ശുകബ്രഹ്മർഷിക്കു നാരദനും സനകാദികൾക്കു ശങ്കരനും, ഭരദ്വാജനു വാല്മീകിയും, ശ്രീരാമനു വസിഷ്ഠനും, ശുക്രമുനിക്കു ജ്യേഷ്ഠനും പ്രഹ്ളാദൻ അർജ്ജുനൻ ഉദ്ധവർ, മുതലായവർക്കു ഭഗവാനും, സുദേവകേതുവിനു ഉദ്ദാലകനും, ഇന്ദ്രനു ബൃഹസ്പതിയും വിദുരനു മൈത്രേയനും, ധർമ്മദേവനു ദുർവ്വാസാവും മഹാബലിക്കു ശുക്രാചാര്യനും ഹനുമാനു സീതാദേവിയും അഗസ്ത്യനു സുബ്രഹ്മണ്യനും ഭുശുണ്ഡനു അംബികയും ശതാനന്ദനു ഗൌതമനും, ഭഗീരഥനു ത്രിതാപവനും, ദേവഹൂതിക്കു കപിലനും, ഉപദേശിച്ചിട്ടുണ്ടു്. അതിനാൽമറന്നിട്ടും ജീവാത്മപരമാത്മാക്കളിൽ ഭേദകല്പനയുണ്ടാകരുതു്.

**വിഠോഭാവൻ:—**സ്വാമി! ജീവാത്മാവുതന്നെ പരമാത്മാവാണെങ്കിൽ (൧)മുക്തിയടയുന്നു എന്നുപറയുന്നതിനർത്ഥമെന്താണു്? (൨) ബന്ധത്തിലിരിക്കുന്നതാരു്? (൩) ആത്മാവിനു മോക്ഷംകൊടുക്കുന്നതാരു്? (൪) ജന്മംകെട്ടുവാൻ പരിശ്രമിക്കുന്ന കാരണമെന്തു്? (൫) സാധുസംസർഗ്ഗത്തിന്റെ ഉദ്ദേശമെന്തു്? (൬) പുണ്യത്തെ സമ്പാദിക്കുന്നതെന്തിനു്? (൭) ശാസ്ത്രവിചാരണം എന്തു്? (൮) ഗുരുവിശ്വാസമെന്തു്? (൯) ഈശ്വരഭക്തിയെന്തു്? ഇങ്ങനെ പലസംശയങ്ങൾക്കു കാരണമായിരിക്കുന്നു. ആ സംശയനിവൃത്തി വരുത്തിത്തരുമാറാകണം.

**സ്വാമികൾ:—**ഹേ വിശാലഹൃദയ! മുക്തിയടയുന്നതു ജീവനാണെന്നുപറയാം. ആ ജീവനെക്കുറിച്ചു്, അവഗാഢമായി ചിന്തിച്ചുനോക്കിയാൽ, ശൂന്യശൂന്യമായിരിക്കുന്ന നിഴലോടു പോരാടുന്നതുപോലെ, മതഭേദത്തോടുകൂടി അന്തഃകരണ

ബാഹ്യകരണങ്ങളുടെ സംബന്ധവിശേഷത്താൽ ജീവാത്മാവിനെ ഞാൻ എന്നഭിമാനിക്കുന്നു. കുട്ടികൾ കളിയിൽ, ഇവൻ രാജാവ്, ഇവൻ മന്ത്രി, എന്നിങ്ങനെ പേരുകൾ കല്പിച്ച്, വ്യവഹരിക്കുന്നതുപോലെ, ഇല്ലാത്ത ജീവത്വത്തെ ഏല്പ്പെടുത്തി, അതിന്മേൽ ഭേദങ്ങളെ ചുമത്തി അനിത്യമായ സംസാരത്തിൽ ഭ്രമിച്ച്, ഇല്ലാത്തതിനെ ഉള്ളതാണെന്നു വകവെച്ച്, ജനനമരണബന്ധത്തിലകപ്പെട്ടു ദുഃഖിക്കുന്നു. താൻ സച്ചിദാനന്ദസ്വരൂപനായ ആത്മാവായിരിക്കെ, മായാന്ധകാരത്താൽ അതു വിസ്മരിച്ച്, താനല്ലാത്ത ദേഹാദിവസ്തുക്കളെ താനാണെന്നഭിമാനിച്ച്, നാടു നഗരം ഭാര്യ, പുത്രൻ, പണ്ടം, പദാർത്ഥം മുതലായതെല്ലാം സത്യമാണെന്നും സുഖത്തെ തരുന്നതുകളാണെന്നും വിശ്വസിച്ച്, നിത്യമാണെന്നു ഭാവിച്ച്, തനിക്കു താൻതന്നെ അപത്തു വലിച്ചുവെയ്ക്കുന്നു എന്ന പഴമൊഴിപോലെ, ക്ഷണഭംഗുരമായ ദേഹത്തെ രക്ഷിച്ച് ഭാര്യാദികളേയും സംരക്ഷിച്ചു, ആത്മബോധമില്ലാതെ, ദേഹേന്ദ്രിയഭാവം അടയുന്നതാണ് ബന്ധം. എത്രകാലം ജീവിച്ചിരുന്നാലും, ദുഃഖമയമായ ഈ ശരീരംതന്നെ താനെന്നും, ആത്മാവല്ലെന്നുമുള്ള മിഥ്യാഭ്രമമാണു മായാബന്ധം. സ്ഥൂലം സൂക്ഷ്മം കാരണം എന്ന ശരീരത്രയത്തിന്റെ വാസ്തവം അന്വേഷിച്ചറിയായ്കയാണു മഹാമാന്ദ്യം. എന്റെ ദേഹം എന്റെ കണ്ണ്, എന്റെ ചെവി, എന്റെ വായ്, എന്റെ മനസ്സ്, എന്റെ പ്രാണൻ എന്റെ ജീവൻ എന്നൊക്കെപ്പറയുന്ന നീ ദേഹത്തിൽനിന്നും അന്യനാണെന്നു സ്പഷ്ടമായി അറിഞ്ഞു, ജാഗ്രദവസ്ഥയിൽ ഇന്ദ്രിയവ്യാപാരത്തേയും, സ്വപ്നാവസ്ഥയിൽ മനോവ്യാപാരത്തേയും സുഷുപ്ത്യവസ്ഥയിൽ ക്ലേശശൂന്യമായിരിക്കുന്ന ജീവതന്മയേയും ഒരു സാക്ഷിയായി അറിഞ്ഞുകൊണ്ടിരിക്കുന്ന നിന്നെ അതുകളുടെ പരമാർത്ഥം കരതലാമലകംപോലെ കാണിച്ചുതരുന്ന കാരണഗുരുവിനെ, മോക്ഷപ്രദനായ ജഗദീശ്വരനാണെന്നു പറയാം. (൩) വൈകുണ്ഠനിവാസികളായ ജയവിജയാദികൾപോലും, ജന്മം എടുക്കാൻ ഇടയായ കഥയോർത്താൽ ജന്മം തുലയ്ക്കുന്ന കാര്യം സുസാധ്യമല്ലെന്നു സ്പഷ്ടമായിരിക്കെ, പ്രത്യക്ഷനരകപാത്രമായ ദേഹം വഹിക്കാതിരിക്കത്തക്കവണ്ണം, ജാഗ്രൽസുഷുപ്തിനിലയെ അടയുന്നതിനു പ്രയത്നിക്കുന്നതുതന്നെ, പരമാത്മാവിലൈക്യപ്പെടുന്നതിനു കാരണമാകുന്നു. (൪) ചാണകം ഉരുട്ടുന്ന വണ്ടിനെപ്പോലെ, ദുർഗ്ഗന്ധബഹുലമായ വിഷയാനന്ദഭോഗത്തിൽ മുങ്ങി, നരകത്തിൽ വീഴാനുള്ള ശരീരവാഞ്ഛയേയും, ദുഃഖത്തെ സുഖമായി തോന്നിപ്പിക്കുന്ന ഇന്ദ്രിയഭോഗത്തെ മേന്മേൽ വർദ്ധിപ്പിക്കുന്ന ദുസ്സംഗത്തേയും, നീക്കി, ഇന്ദ്രിയപ്രലോഭനങ്ങളെ മാററി വൈരാഗ്യശീലരായി എപ്പോഴും സമാധിനിഷ്ഠാനുഭൂതിയാൽ അഖണ്ഡാനന്ദസംതൃപ്തി ഉണ്ടാകുന്ന സത്സംഗം ചെയ്യേണ്ടതാവശ്യമാകുന്നു. (൫) അനിത്യമായ ദേഹത്തെ രക്ഷിക്കുന്ന പുണ്യത്തേയും തുലച്ച്, നിത്യമായ പരബ്രഹ്മത്തെ അപേക്ഷിച്ച്, അന്ത്യകാലത്തിൽ സാക്ഷാൽ ജഗദീശ്വരനെ ദർശിച്ച് മറുജന്മത്തിൽ പരമഭാഗവതനായി ജനിച്ച്, പണ്ടു കാർത്തികേയങ്കൽനിന്നും ബ്രഹ്മജ്ഞാനോപദേശം വാങ്ങി പുണ്യപദവികളെ ദർശിച്ച്, വിവേകകൈവല്യം അടഞ്ഞ കണ്വനെപ്പോലെ സൽഗുരുവിങ്കൽനിന്നുപദേശം വാങ്ങി, ജ്ഞാനവഴി കാണുന്നതുതന്നെ ഉത്തമന്മാരാൽ സ്തുതിക്കപ്പെടുന്ന മുക്തിക്കുമാർഗ്ഗം. (൬) മൂഢശിരോമണികളായ ചിലർ, കാപട്യഗുരുക്കളാൽ ഉപദേശിക്കപ്പെടുന്ന ഏതോ ഒരു നിലയിൽ, മനസ്സിനെ നിറുത്തി, ഏതിനേയോ ഒന്നിനെ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ, മറെറാരു മാർഗ്ഗം ശ്രേഷ്ഠമാണെന്നു വല്ലവരും പറഞ്ഞാൽ, അതിലാഗ്രഹിച്ച്, മുമ്പ് അനുഷ്ഠിച്ചതിനെ വെറുത്ത്, ചഞ്ചലഹൃദയന്മാരായി ഭവിക്കുന്നു. ൭ അവിവേകത്താൽ അജ്ഞാനത്തിൽ മുഴുകാതെ മനോധൈര്യത്തേയും, സൽഭാവത്തേയും സന്തോഷത്തേയും ശാന്തിയേയും; ഏകാത്മധ്യാനത്തേയും നിശ്ചലചിത്തത്വത്തേയും അനുഭവജ്ഞാനത്തേയും ത്ര്യവസ്ഥകളുടേ മർമ്മത്തേയും അറിയിക്കുന്നതും; മനസ്സിന്റെ ഉൽപത്തിനാശങ്ങളേയും, ബന്ധസംബന്ധത്തേയും, ഭയഹേതുവായ കർമ്മബന്ധത്തേയും, ഞാൻ നീ എന്നുള്ള അഹംഭാവത്തേയും; മാററുന്നതും ആയ ജ്ഞാനശാസ്ത്രവിചാരണത്തെ അവശ്യം ചെയ്യേണ്ടതാണ്. (൮) ജന്മമരണകാലചക്രത്തിൽ ചുററി ദുഃഖിച്ച് മോഹാന്ധകാരകൂപത്തിൽ പതിച്ച് നന്മതികൾ തിരിച്ചറിയാത്ത മൃഗത്തെപ്പോലെ

മേന്മേൽ കഷ്ടപ്പെടാതെ ജ്ഞാനദൃഷ്ടിയോടുകൂടി, ജന്മബീജമായ പ്രാരബ്ധത്തെ തീക്കനലിലിട്ട പഞ്ഞിക്കെട്ടുപോലെ നശിപ്പിച്ച്, ബ്രഹ്മാകാരമായിരുന്ന്, സദാകാലം ആനന്ദം അനുഭവിക്കാനിടയാക്കുന്ന സദ്ഗുരുനാഥനിൽ ഭക്തിവിശ്വാസങ്ങൾ സ്ഥിരമായും നിഷ്കളങ്കമായും ഉണ്ടായിരിക്കേണ്ടതാകുന്നു. (൯) അപമൃത്യുമുതലായ ആത്മഗതവിഘ്നങ്ങളായ അനുഭവങ്ങളെനീക്കി നരകഹേതുക്കളായ ദുഷ്കർമ്മങ്ങളെ പരിത്യജിച്ച്, മോക്ഷത്തിനായി പ്രയത്നിക്കുമ്പോൾ, അതിനിടയാകാതെ മരിച്ചുപോകുന്ന സാധുക്കൾക്ക്, മറുജന്മത്തിൽ ക്ഷേമമുണ്ടാകുംപ്രകാരം; അനുഗ്രഹിച്ചു മുക്തിയെ കൊടുക്കുകയും, കഷ്ടകാലങ്ങളിൽ പ്രസാദിച്ചു പ്രത്യക്ഷപ്പെട്ട്, ഇഷ്ടവരങ്ങളെ കൊടുക്കുകയും ചെയ്യുന്ന കുലദൈവത്തെക്കുറിച്ച്, പൂർണ്ണഭക്തിയുണ്ടായിരിക്കേണ്ടതാണ്, ഇങ്ങനെ വിഡോബാവൻ ചോദിച്ച ഒൻപതുസംശയങ്ങൾക്കും ഉത്തരം പറഞ്ഞശേഷം, ഇനി നീ ദേഹാദ്യഭിമാനങ്ങളെ തള്ളി ജീവാത്മാവിനെ, പരമാത്മാവാണെന്നു വിശ്വസിച്ച്, ആനന്ദമനുഭവിച്ചാലുംഎന്നരുളിച്ചെയ്തു.

**വിഡോബാവൻ:**—ജീവാത്മാവിനെ പരമാത്മാവാണെന്നറിഞ്ഞതുകൊണ്ടുമാത്രം ആനന്ദസിദ്ധിയുണ്ടാകുമോ സ്വാമി! എന്നു ചോദിച്ചു.

**സ്വാമികൾ:**—നീ ആനന്ദസ്വരൂപനായിരിക്കുമ്പോൾ വേറെ ആനന്ദം അന്വേഷിക്കാനെന്തുള്ളൂ?

**വിഡോബാവൻ:**—ഞാൻ ആനന്ദസ്വരൂപനായിരിക്കുന്നതെങ്ങനെയാണ്? ആനന്ദസ്വരൂപനായിരുന്നാൽ ഈ ദുഃഖമുണ്ടാകുമോ?

**സ്വാമികൾ:**—ഇനിയും, നീ നിന്റെ യഥാർത്ഥസ്വരൂപത്തെ അറിയാതെ അജ്ഞാനമനസ്സായിരിക്കുന്നതുകൊണ്ട്, ആനന്ദമയനാകുന്നില്ലെന്നേയുള്ളൂ.

**വിഡോബാവൻ:**—യഥാർത്ഥസ്വരൂപത്തെ അറിയേണ്ടതെങ്ങനെ? ദേഹേന്ദ്രിയകരണപ്രാണജീവാദികളിൽനിന്നും വേറായ ആത്മാവാണു ഞാനെന്നുള്ള ബോധം സിദ്ധിച്ചിട്ടും, എനിക്കു ആനന്ദാനുഭൂതിയുണ്ടാകുന്നില്ലല്ലോ എന്തുകാരണം?

**സ്വാമികൾ:**—ദേഹാദികളല്ല ആത്മാവാണു താൻ എന്നറിഞ്ഞതുകൊണ്ടുമാത്രം പോരാ. ആ അറിവനുസരിച്ച്, ആത്മസ്വരൂപനായിരിക്കാറും അറിയണം. എന്നാലേ ആനന്ദലബ്ധിയുണ്ടാകയുള്ളൂ.

**വിഡോബാവൻ:**—ആത്മസ്വരൂപനായിരിക്കുന്നതെങ്ങനെയാണ്? അതിനുള്ള വിധി ഏതാണ്? സദയം അരുളിച്ചെയ്യണം.

**സ്വാമികൾ:**—ദേഹാദികൾ താനല്ല എന്നു നിശ്ചയിച്ചപ്രകാരം ദേഹായാസങ്ങൾക്കും ഇന്ദ്രിയപ്രവൃത്തികൾക്കും മനോരാജ്യങ്ങൾക്കും ഇടംകൊടുക്കാതെ, മനസ്സിനെ നിഗ്രഹിച്ച്, ഇന്ദ്രിയേശനായി മാനാപമാനങ്ങളേയും കടന്ന്, സങ്കല്പവികല്പങ്ങൾക്കും പ്രതീക്ഷിക്കാതെ, മൌനമുദ്രനായി നിർവികല്പസമാധിയിൽ ലയിച്ച്, ആത്മമാത്രനായിരിക്കുന്നതാണ് ബ്രഹ്മാനുസന്ധാനം എന്നു പറയപ്പെടുന്നത്.

**വിഡോബാവൻ:**—ബഹിർമുഖദൃഷ്ടിയെ അടക്കി, അന്തർമുഖദൃഷ്ടിയെ പ്രകാശിപ്പിച്ചു നിശ്ചലനായിരിക്കുന്നതുകൊണ്ടു അഖണ്ഡാനന്ദത്തെ അനുഭവിക്കാൻ സാധിക്കുമോ?

**സ്വാമികൾ:**—ജാഗ്രത്തിൽ സുഷുപ്തിനിലയെ പ്രാപിക്കുന്നതാണ് ആനന്ദാനുഭൂതിയുടെ ലക്ഷണം.

**വിഡോബാവൻ.**—ഇന്ദ്രിയാദികളെ നിയമിച്ച്, മനസ്സിനെ നിഗ്രഹിച്ച്, ശുദ്ധശൂന്യപ്രകാശത്തിലേക്ക്, ആത്മാവിനെ, ഉദ്ധരിച്ച്, ചിദ്രൂപമാത്രനായി അനക്കമില്ലാത്ത ചിത്രംപോലെയിരുന്നിട്ടും ആനന്ദം ഉദിക്കുന്നില്ലതന്നെ.

**സ്വാമികൾ:**—ഇന്ദ്രിയവ്യാപാരാദികളോടുകൂടാത്ത സുഷുപ്തി എങ്ങനെയിരിക്കും? പറയാമോ?

വിഡോബാവൻ:—ആനന്ദമയമായിരിക്കും.

സ്വാമികൾ:—ആനന്ദമയമായിരിക്കുന്നതു എന്തൊരു കാരണംകൊണ്ടാണു്?

വിഡോഭാവൻ:—പ്രപഞ്ചവ്യാപാരവും മനോവികല്പവുമില്ലായ്കകൊണ്ടുതന്നെ.

സ്വാമികൾ:—സുഖദുഃഖങ്ങൾക്കിരിപ്പിടമായമനസ്സു്; സുഷുപ്ത്യവസ്ഥയിൽമറഞ്ഞു്, ഇന്ദ്രിയവ്യാപാരങ്ങളും ഒഴിഞ്ഞു് ശുദ്ധശൂന്യമായ ആത്മാവൊന്നുമാത്രം അപ്പോൾ പ്രകാശിക്കുന്നതുകൊണ്ടാണു്, ആനന്ദാനുഭൂതിയുണ്ടാകുന്നതു്. ആ ആനന്ദംതന്നെയാണു് ആത്മസ്വരൂപം.

വിഡോഭാവൻ:—ഈജാഗ്രദവസ്ഥയിൽ ആനന്ദാനുഭൂതി എങ്ങനെയുണ്ടാകുന്നു?

സ്വാമികൾ:—അന്തഃകരണബഹിഷ്കരണങ്ങൾ സർവ്വാദുഃഖസ്വഭാവത്തോടുകൂടിയവയാണു്. ആത്മാവു്, എപ്പോഴും ആനന്ദശീലമുള്ളതുമാണു്. ഈ പരമാർത്ഥമറിയാതെ ദേഹാദികളുടെ പീഡയെ ആത്മാവിൽ ചുമത്തുന്നതെന്തിനു്?

വിഡോഭാവൻ:—ദേഹേന്ദ്രിയാദികളുടെ ദുഃഖത്താൽ ആത്മാനന്ദം മറഞ്ഞുപോകുന്നു.

സ്വാമികൾ:—മരണംവരെ ദേഹാദികൾക്കു സുഖദുഃഖം ഇടകലർന്നുകൊണ്ടേ ഇരിക്കും. ആത്മാനുഭവമുള്ളവനു്, ആ സുഖദുഃഖങ്ങൾ സ്വപ്നാനുഭൂതിപോലെ അനുഭവപ്പെടുന്നതായി തോന്നിയാലും വാസ്തവത്തിൽ ഇല്ലാത്തതായി കാണപ്പെടും. ഇങ്ങനെ തോന്നുന്നതും അഭ്യാസിക്കല്ലാതെ അനുഭവം സംഭവിക്കുന്നില്ല. അവൻ സർവ്വദാ ആനന്ദിച്ചുതന്നെയിരിക്കുന്നു.

വിഡോഭാവൻ:—ഇങ്ങനെ ആനന്ദിച്ചിരിക്കുന്നവനാണോ മോക്ഷത്തിനധികാരി. മററുള്ളവർക്കു മോക്ഷസിദ്ധിയുണ്ടാകയില്ലയോ?

സ്വാമികൾ:—ബ്രഹ്മവിത്തു് ബ്രഹ്മവാൻ ബ്രഹ്മവര്യൻ ബ്രഹ്മവരിഷ്ഠൻ എന്നിവർ നാലും മോക്ഷത്തിനധികാരികൾതന്നെ, എങ്കിലും താൻ ഇന്നാളെന്നും ഇന്ന ദേശത്തിലിരിക്കുന്നവനെന്നുംമററും അറിയാതെയും, മലജലവിസർജ്ജനാദികളോടുകൂടാതെയും, ആത്മാവല്ലാതെ മറെറാന്നുമില്ലെന്നു അനുഭവിച്ചറിഞ്ഞുകൊണ്ടുമിരിക്കുന്നവൻ ബ്രഹ്മവരിഷ്ഠനാകുന്നു. അവനാണു്. ബ്രഹ്മാനന്ദത്തിൽമുഴുകി ദേഹസ്മൃതിപോലുംഇല്ലാതെ, ജീവന്മുക്തിപദത്തെ കരതലാമലകംപോലെ കണ്ടറിഞ്ഞാനന്ദിക്കുന്നവൻ ആ ശ്രേഷ്ഠപദത്തെത്തന്നെ നീയും പ്രാപിച്ചു് ആനന്ദമനുഭവിച്ചാലും.

വിഡോഭാവൻ:—ജീവിച്ചിരിക്കുമ്പോൾതന്നെമോക്ഷമടയാൻ സാധിക്കുമോ?

സ്വാമികൾ:—മോക്ഷമെന്നതു് ഒരു മോചനമാണു്. എന്നുവച്ചാൽ ബന്ധവിമോചനംതന്നെ. ബന്ധംനരകവും ബന്ധവിമോചനം മോക്ഷവുംദുഃഖം നരകവുംബ്രഹ്മാനന്ദം മോക്ഷവും എന്നിങ്ങനെ നീ സാരം മനസ്സിലാക്കണം. അല്ലാതെ മോക്ഷം, മരിച്ചുചെന്നതിനുശേഷം നമുക്കു കിട്ടുന്ന ഒരു മഹനീയപദമല്ല. അതിനാൽ ദുഃഖമയമായ വ്യാപാരങ്ങൾ ഒഴിഞ്ഞു്, സദാ ആനന്ദാനുഭൂതിയോടുകൂടിയിരിക്കാൻ സാധിച്ചെങ്കിൽ അതുതന്നെ മോക്ഷം.

വിഡോഭാവൻ:—സ്വാമി! ഞാൻ മോക്ഷാനന്ദത്തിൽ മുഴുകി, ജീവന്മുക്തിയെ പ്രാപിക്കുന്നതിനു ഇനി എത്രകാലം വേണ്ടിവരുമെന്നു സദയം അരുളിച്ചെയ്യണം. സ്വാമിയോളം മാഹാത്മ്യം ഉണ്ടാകാൻ എനിക്കു എപ്പോഴെങ്കിലും സംഗതിയാകുമോ എന്നുംഅറിയിച്ചുതരണം.

സ്വാമികൾ;—പ്രിയഭക്ത! ഇന്നുമുതൽ ദേഹാഭിമാനത്തെവിട്ടു യാതൊന്നിലുംഇച്ഛയോടുകൂടാതെ വിശപ്പിനു വല്ലതും ലഭിക്കുന്നതുമാത്രംഭക്ഷിച്ചുശിഷ്യന്മാർക്കാനന്ദത്തെഉപദേശിച്ചു യാതൊരുചിന്തകൾക്കും അധീനനാകാതെ മാനാപമാനങ്ങളെ ഗണിക്കാതെ പരമാത്മസ്വരൂപനായി സർവ്വത്ര പരിപൂർണ്ണനായി പരമാനന്ദപരവശനായി മൌനസമാധിയെ പ്രാപിച്ചാലും! എന്നനുഗ്രഹിച്ചു. അനന്തരം വിഡോഭാവനു ചൈതന്യസ്വാമിയെന്നനാമവും കല്പിച്ചുകൊടുത്തു. സ്വാമികൾ നിർവ്വികല്പസമാധിസ്ഥനായി സ്ഥിതിചെയ്കയുംചെയ്തു.

വിഡോഭാവൻ ഗുരുനാഥന്റെ പരിപൂർണ്ണകടാക്ഷംലഭിക്കകൊണ്ട്, സകല ഇന്ദ്രിയവ്യാപാരങ്ങളേയും മനോവൃത്തികളെയും നിഗ്രഹിച്ചു പരമാനന്ദനിഷ്ഠയിൽ ലയിച്ചു, തന്നെമറന്ന് ശ്രീകാശിക്കൊരലംകാരമായി പ്രകാശിച്ചിരുന്നു.

---

## അഞ്ചാമദ്ധ്യായം.

---

### (വിഡോഭാവന്റെ ഗൃഹസ്ഥാശ്രമം)

വിഡോഭാവൻ ഇപ്രകാരം കാശിയിൽ സ്ഥിതിചെയ്യുമ്പോൾ, അലങ്കാരവതിയിൽ ശീതോബസ്ഥുതന്റെ പുത്രിയുടെ ഭാഗ്യദോഷത്തെക്കുറിച്ച്, ഭഗവാനെച്ചൊല്ലി വിലപിക്കപതിവായിരുന്നു. "കല്ല്യാണ ഭക്തവത്സലനായ ഭഗവാനേ! എന്റെ ഓമനപ്പുത്രിയെ സംസാരേച്ഛയില്ലാത്ത വിഡോഭാവൻ പാണിഗ്രഹണംചെയ്തുകൊടുപ്പിച്ച്, എന്നെനിരാശനാക്കിയോ? അവർതമ്മിൽ യാതൊരു ചേർച്ചയുംഇല്ലെങ്കിലും, ഒരുമിച്ചിരിക്കുന്നതുകണ്ടാൽ മതിയായിരുന്നു. അതിനും സംഗതിയാക്കാതെ, അവരെത്തമ്മിൽ പിരിഞ്ഞിരിക്കാൻ സംഗതിയാക്കിയോ? പരമസാദ്ധ്വിയായ എന്റെ മകൾ അനുഭവിക്കുന്ന കഷ്ടതകൾകണ്ടു സഹിച്ചിരിക്കാൻ എനിക്കു ശക്തിയില്ലാതെ തീർന്നിരിക്കുന്നു, ഹാദൈവമേ! ഇനി ഞാൻ എന്താണുചെയ്യു." എന്നിങ്ങനെ പ്രാർത്ഥിച്ചുവന്നു.

അദ്ദേഹത്തിന്റെ (ശീതോബസ്ഥുവിന്റെ) ഭാര്യയും ഇതേപ്രകാരം മഹാലക്ഷ്മിയെച്ചൊല്ലി വിലപിക്കയും തല്പരിഹാരത്തിനായി പൂജിക്കയുംചെയ്തു. രുക്മാഭായിദിവസംതോറും പ്രഭാതകാലത്തിൽ എഴുനേററ്, ചക്രതീർത്ഥത്തിൽപോയികുളിച്ച് അരശുംവേപ്പുംകൂടി നിൽക്കുന്ന ഉത്തമവൃക്ഷത്തെ നൂറെറാന്നു പ്രദക്ഷിണംചെയ്തുവന്ദിച്ച്, തന്റെഭർത്താവിന്റെ തിരുനാമമായ വിഡോഭാവ ശബ്ദത്തെ പതിനായിരം ഉരുജപിച്ച്, മൂന്നാംയാമത്തിൽ വീട്ടിൽചെന്ന്, ഒരുനേരം ഭക്ഷണംകഴിച്ച്, തറയിൽതന്നെ കിടക്കുകയും നല്ല വസ്ത്രാഭരണങ്ങളെ ധരിക്കാതെയും, അച്ഛനമ്മമാരോടുപോലും സംസാരിക്കാതെയും, ജട പിടിച്ചതലമുടി എപ്പോഴും അഴിച്ചിട്ടുകൊണ്ട്, ഭ്രാന്തിയെന്നും ഭദ്രകാളിയെന്നും മററും പറഞ്ഞു കണ്ടവർ പരിഹസിക്കത്തക്ക നിലയിൽ ഗൃഹസ്ഥാശ്രമസ്ഥിതിയിൽനിന്നു ഭേദിച്ചു ദിവസംകഴിക്കയുംചെയ്തുവന്നു. ഇങ്ങനെ പതിനാറുമാസം കഴിഞ്ഞപ്പോൾ, രുക്മാഭായിയുടെയും അവളുടെ അച്ഛനമ്മമാരുടെയും പൂജാഫലം വിഡോഭാവന്റെമനസ്സിനെ ചലിപ്പിക്കാൻ സമർത്ഥമാണെങ്കിലും അതേക്കാൾ പ്രയോജനം അദ്ദേഹത്തിനു സന്ന്യാസം ഉപദേശിച്ച ശ്രീപാദസ്വാമികളുടെ മനസ്സിനെ ചലിപ്പിക്കുകയാണെന്നുള്ള ദൈവഗതിവിശ്വാസംകൊണ്ട്, അദ്ദേഹത്തിന്റെ (സ്വാമികളുടെ) മനസ്സിനെയിളക്കി, അത്രദൃഢജ്ഞാനനിഷ്ഠയെ അഴിച്ച്, സഞ്ചാരസമാധി ചെയ്യണമെന്നുള്ള ഒരഭിനിവേശത്തെജനിപ്പിച്ചു. അദ്ദേഹം അതനുസരിച്ച്, സ്വാശ്രമത്തെ വിട്ടിറങ്ങി, അലങ്കാരവതിയിലേക്കു യാത്രതിരിച്ചു. പലകാടുകളും മേടുകളും കടന്ന്, പലനാൾകൊണ്ട്, അലങ്കാരവതിയിലുള്ള ചക്രതീർത്ഥത്തിന്റെ തീരത്തിലെത്തി. അതിന്റെ അരികിലായി നിൽക്കുന്ന അരയാൽ ചുവട്ടിൽ ക്ഷീണംതീർക്കാനായി കേറിക്കിടന്നു. അനന്തരം ബ്രഹ്മധ്യാനംചെയ്തുകൊണ്ടു അവിടെത്തന്നെ ഇരുന്നു.

പിറേറദിവസം രാവിലെപതിവുപോലെ ചക്രതീർത്ഥത്തിൽ കുളിക്കാൻവന്ന രുക്മാഭായി, സ്വാമികളുടെ ഭാവവും രൂപവും ഇരിപ്പുമെല്ലാംകണ്ടു നിഷ്കർഷിച്ച്, സൂക്ഷിച്ചു നോക്കി. നിശ്ചലനായി ബ്രഹ്മധ്യാനംചെയ്തുകൊണ്ടിരിക്കുന്ന ഈ മഹാത്മാവു ആരായിരിക്കാം. ആരായാലും ഇദ്ദേഹത്തെ പൂജിക്കുന്നതുകൊണ്ട്, എന്റെ അഭീഷ്ടംസാധിക്കാതെയിരിക്കയില്ല. എന്നോരോ വിചാരങ്ങളിൽനിന്നും ഉദിച്ച ഭയഭക്തിയോടുകൂടി, അദ്ദേഹത്തെ വന്ദിച്ചുകൊണ്ട്, വീട്ടിൽപോയി കുറെപ്പലഹാരങ്ങളും പാൽചോറും, എ

ടുത്തുകൊണ്ടുവന്നു. അതുകൾ സ്വാമികളുടെമുമ്പിൽവെച്ചു പൂജിച്ചുവന്ദിച്ചു്,—ഹേ ഭഗവൻ! അങ്ങേക്കു ഭക്ഷണം ഇല്ലായ്കകൊണ്ടുള്ള ക്ഷീണം ഉണ്ടെന്നുതോന്നുന്നു. ത്വൽപാദഭക്തയായ ഞാൻകൊണ്ടുവന്നിരിക്കുന്ന ഈ ഫലഹാരങ്ങളും പായസച്ചോറും ഭക്ഷിച്ചു സംതൃപ്തിയടഞ്ഞാലും! എന്നപേക്ഷിച്ചു. കുയിൽനാദംപോലെ മധുരമായ അവളുടെ ഒച്ചകേട്ടു്, സ്വാമികൾ സമാധിയിൽനിന്നും വിരമിച്ചു കണ്ണുതുറന്നുനോക്കി. പണ്ടു പരമശിവനെ ഉദ്ദേശിച്ചു തപോവൃത്തി അംഗീകരിച്ച പാർവതിയെപ്പോലെ, തേജസ്വിനിയും സുഭഗയുമായ ഒരു ബാലസ്ത്രീയെയാണു അദ്ദേഹം മുമ്പിൽകണ്ടതു്. ഉത്തമയായ കന്യകേ നീ ആരു? ഈ തപോവൃത്തി അംഗീകരിക്കാൻ കാരണം എന്തു്? നിനക്കെന്തൊരഭിലാഷമാണു സാധിക്കാനുള്ളതു്? എന്നു ഉൽക്കണ്ഠയോടെ ചോദിച്ചു.

രുക്മാഭായി:—സ്വാമി! എന്റെ അഭിപ്രായവും അഭിലാഷവുമൊക്കെ ഞാൻ പിന്നാലെ തിരുമനസ്സറിയിച്ചുകൊള്ളാം. ഇപ്പോൾ, ഈ ഫലഹാരങ്ങളും പായസച്ചോറും ഭക്ഷിച്ചുക്ഷീണംതീർക്കുവാൻ കരുണയുണ്ടാകണം.

സ്വാമികൾ അതുകേട്ടു്, ആ ഭക്ഷണസാധനങ്ങൾ ഇഷ്ടമാകുംവണ്ണം ഭക്ഷിച്ചു തൃപ്തനായ ശേഷം അവളുടെ അഭിലാഷം എന്താണെന്നു പറവാൻ ആജ്ഞാപിച്ചു.

രുക്മാഭായി,—സ്വാമി! തിരുവടിയുടെ കരുണയുണ്ടായി എനിക്കൊരുപുത്രനുണ്ടാകുമാറനുഗ്രഹിക്കണം എന്നപേക്ഷിച്ചു. സ്വാമികൾ, രുക്മാഭായിയുടെ ഉപചാരങ്ങളാൽ സന്തുഷ്ടനായി, ഉത്തമേ! നിനക്കുനാലുപുത്രന്മാരുണ്ടാകട്ടെ; എന്നനുഗ്രഹിക്കയും ഈ വേഷത്തെമാററി സർവമംഗളങ്ങളോടുകൂടി നിന്റെ ഭർത്താവുമായി സുഖിച്ചിരിക്കണം അതിനു സർവശക്തൻ കടാക്ഷിക്കട്ടെ—എന്നരുളിച്ചെയ്കയുംചെയ്തു.

അതുകേട്ട രുക്മാഭായി:—ഹാ! എന്റെ ഭർത്താവു മടങ്ങിവരുന്നതിനു്,അനുഗ്രഹം തരാതെ നാലുകുട്ടികൾ ഉണ്ടാകട്ടെ എന്നല്ലേ സ്വാമി അശീർവദിച്ചതു്. ഭർത്താവിനെ ഇനി കണ്ടുകിട്ടുന്നതെപ്പോൾ? അദ്ദേഹത്തോടുയോജിച്ചിരിക്കുന്നതെപ്പോൾ? കുട്ടികളെ പ്രസവിക്കുന്നതെപ്പോൾ? എന്നോരോ വിചാരങ്ങളാൽ പത്രുക്കെ ഒന്നുചിരിച്ചു.

സ്വാമികൾ:—കുഞ്ഞേ! നീ ഇപ്പോൾ ചിരിച്ചതു്, എന്റെ വാക്കുവ്യർത്ഥമായിത്തീരുമെന്നുള്ള ശങ്കയാലായിരിക്കാം. ത്രിമൂർത്തികൾതന്നെ തടുത്താലും എന്റെ അശീർവാദം ഫലിക്കാതെ പോകുമെന്നു ശങ്കിക്കേണ്ട. പണ്ടു്, മാന്ധാതാവിന്റെ പത്നിക്കുനാലു പുത്രന്മാരുണ്ടാകട്ടെയെന്നൊരുമുനി അശീർവദിച്ചതും എന്തെല്ലാമായിട്ടും ഒടുവിൽ അങ്ങനെതന്നെ ഭവിച്ചതും നീ കേട്ടിട്ടില്ലയോ? അതുപോലെ നീയും നാലുപുത്രന്മാരെ പ്രസവിച്ചു സുഖമായിരിക്കാൻ ദൈവാനുഗ്രഹം ഉണ്ടാകും. സംശയമില്ല. എന്നരുളിച്ചെയ്തു-സ്വാമികളുടെ ഉറപ്പായ വാക്കുകേട്ടപ്പോൾ രുക്മാഭായിക്കു തെല്ലൊരാശ്വാസവും വിശ്വാസവും ഉണ്ടായി. അപ്രകാരം ഭവിക്കാനുള്ളഭാഗ്യം അവൾക്കുണ്ടോയെന്നുതന്നെ താൻ സംശയിച്ചു. ഭവിക്കുമെന്നുള്ള വിശ്വാസം മുഴുത്തപ്പോൾ ആനന്ദബാഷ്പങ്ങൾ അവളുടെ കണ്ണുകളിൽ നിറഞ്ഞൊഴുകി. മന്ദഹാസം പൂണ്ടു മുഖത്തുകളിയാടുകയും ചെയ്തു. ഇങ്ങനെ സന്തോഷസ്തബ്ധയായി നിന്ന അവളെനോക്കി, സ്വാമികൾ, സംശയത്തോടുകൂടി അതിന്റെ കാരണംചോദിച്ചു.

രുക്മാഭായി പറഞ്ഞു,—സ്വാമി! തിരുവടിയുടെ അശീർവാദപ്രകാരം, പുത്രലാഭം മുതലായ സകലമംഗലസമ്പത്തുകളോടുകൂടി എനിക്കു ജീവിച്ചിരിക്കാൻ സംഗതിയാകുമെന്നു വിശ്വാസമുണ്ടെങ്കിലും, അഗ്നിയില്ലാതെ അന്നം പാകപ്പെടുന്നതെങ്ങനെ? എണ്ണയില്ലാതെ വിളക്കെരിയുന്നതെങ്ങനെ? വെള്ളമില്ലാതെ വിത്തുമുളയ്ക്കുന്നതെങ്ങനെ? വൃക്ഷമില്ലാതെ ഫലമുണ്ടാകുന്നതെങ്ങനെ? അതുപോലെ, ഭർത്താവില്ലാത്ത ഞാൻ പുത്രനെ പ്രസവിക്കുന്നതെങ്ങനെ?

സ്വാമികൾ:—ഉത്തമേ! നീ സുമംഗലിയാണെന്നുകാണുന്നു. ആ സ്ഥിതിക്കു് നിനക്കു ഭർത്താവുമായുള്ള വേർപാടുമാത്രമേയുള്ളുവെന്നു ഞാൻ വിചാരിക്കുന്നു. ഭർത്താവു നിന്നെ വെറുത്തു് അകലെപ്പോയിരിക്കയായിരിക്കാം. അല്ലേ? അങ്ങനെയാണെങ്കിലും എന്റെ അശീർവാദഫലംകൊണ്ടു്, അവനു നിന്നിൽ പ്രിയമുണ്ടായിമടങ്ങിയെത്തിനി

ങ്ങൾക്ക തമ്മിൽചേൎന്നിരിക്കാൻ അചിരേണ സംഗതിയുണ്ടാകും. അൎശേഷം അവൈ യ്യപ്പെടരുത്.

**രുക്മാഭായി:**—സംസാരത്തിലിരുന്നപ്പോൾതന്നെ, ഭൎത്താവ്, എന്നെനോക്കുക പോലും പതിവില്ലായിരുന്നു. ഇപ്പോൾ അദ്ദേഹം സന്ന്യസിച്ചിരിക്കയാണ്. ഇനി, അദ്ദേഹം സംസാരത്തിൽ ഉൾപ്പെടുമെന്നെനിക്കുതോന്നുന്നില്ല. കാരണങ്ങൾ ചോദിച്ചറിയുംമുമ്പേ അങ്ങ്, ആശീൎവ്വാദിക്കയുംചെയ്തു ഇനി ആ ആശീൎവാദംഫലിക്കണമെങ്കിൽ സന്ന്യാസിയായ ഭൎത്താവ്, സംസാരിയാകേണ്ടിയിരിക്കുന്നു. അത് അസാദ്ധ്യമല്ലെങ്കിലും ദുസ്സാധ്യമല്ലയോ സ്വാമി!?

**സ്വാമികൾ:**—ഹേ പുണ്യവതി! സംസാരത്തിലിരിക്കേണ്ട നിന്റെ ഭൎത്താവിനെ സന്ന്യാസിയാക്കി ഉപദേശംകൊടുത്ത ആചാൎയ്യർ ഏതു? ആചാൎയ്യനും ശിഷ്യനും ആക്കാൎയ്യത്തിൽ ഒരുപോലെ കുററക്കാരാണ്. ആയിരംപേൎക്ക ശിഷ്യനാകാൻ ഒരുത്തനുസാധിച്ചേക്കും. ഒരാൾക്ക ആചാൎയ്യനാകുന്നത് അത്ര എളുപ്പമുള്ളകാൎയ്യമല്ല. എന്തെന്നാൽ, ഏഴുപട്ടണങ്ങളെ തീവച്ചിരിക്കുന്നതും, ശിഷ്യന്റെ സപ്തജന്മപ്രാരബ്ധങ്ങളെ ഭസ്മമാക്കുന്നതും തമ്മിൽ ഒടുവിൽപറഞ്ഞതാണ് പ്രയത്നമേറിയതും ഭയങ്കരവുമായ സംഗതി. എന്തെന്നാൽ നഗരം എരിക്കുന്നതുകൊണ്ടുള്ള രാജശിക്ഷയോ പാപമോ എളുപ്പത്തിൽ നീങ്ങത്തക്കതാണ്. എന്നാൽ, അനേകജന്മങ്ങൾക്ക ബീജമായ ശിഷ്യന്റെ പ്രാരബ്ധത്തെ നശിപ്പിക്കുന്നതിൽ വല്ല അപകൎമ്മങ്ങളും അകപ്പെട്ടുപ്പോയെങ്കിൽ ആ പാപം ജന്മജന്മാന്തരത്തിലും ഇല്ലായ്മചെയ്യുന്നതല്ല. ഒരുശിഷ്യനെ ജന്മസാഗരത്തിൽ മുങ്ങാതെ മുക്തിപദത്തെ പ്രാപിപ്പിക്കുന്നതു അത്ര എളുപ്പമായ കാൎയ്യമല്ല.ഒരുശിഷ്യനെ കൃതാൎത്ഥനാക്കണമെങ്കിൽ ആചാൎയ്യൻ ചെയ്ത തപസ്സെല്ലാം അതിലേക്ക ബലികൊടുക്കേണ്ടിവന്നേക്കും. അപരമാൎത്ഥം അറിയാതെ ആചാൎയ്യന്മാർ, ഡംഭത്തിനും ശിഷ്യസമ്പത്തിനും ആയി, അനേകം ആളുകളെ ശിഷ്യവൎഗ്ഗത്തിൽ ചേൎത്തു്, അധോഗതി അടയിക്കുന്നുണ്ട്. അതുപോലെ നിന്റെ ഭൎത്താവു സംസാരിയായിരിക്കെ അവനു സന്ന്യാസംകൊടുത്ത ആചാൎയ്യൻ ആര്? നിന്റെഭൎത്താവ് ഇപ്പോൾ ഏതുദേശത്തിലിരിക്കുന്നു?ഉപദേശം വാങ്ങിയതാരോട് —അറിയാമോ?

**രുക്മാഭായി:**.....സ്വാമി! അദ്ദേഹംഇപ്പോൾ കാശിയിലിരിക്കയാണു. ഉപദേശം ആരോടുവാങ്ങിയെന്നെനിയ്ക്കറിഞ്ഞുകൂടാ.

**സ്വാമികൾ:**—ഹേ! ഭാഗ്യവതി! സൎവഗുണസമ്പന്നയായ നിന്നെ അവൻപിരിഞ്ഞുപോകാൻ കാരണം എന്താണ്? പിരിഞ്ഞുപോയിട്ടെത്രകാലമായി? പതിവ്രതയായ നീഅവനെ അനുഗമിക്കാതിരിക്കാൻ കാരണംഎന്തു്?പറയുക!

രുക്മാഭായി, ഈചോദ്യങ്ങൾകേട്ട ആദിമുതൽക്കുള്ള സകലചരിത്രങ്ങളുംസ്വാമികളോടു പറഞ്ഞുകേൾപ്പിച്ചു. ഭൎത്താവു വിവാഹംചെയ്യണമെന്നു്അദ്ദേഹത്തിന്റെ അച്ഛനമ്മമാർ പറഞ്ഞതുകേൾക്കാതെ, തീൎത്ഥയാത്രക്കിറങ്ങിയതും ചക്രതീൎത്ഥത്തിൽവച്ചുശീതാബന്ധുകണ്ടുമുട്ടിക്ഷണിച്ചു വീട്ടിൽകൊണ്ടുവന്നതും,തന്നെ വിവാഹംചെയ്യണമെന്നുഭഗവാൻ സ്വപ്നത്തിൽ വന്നരുളിച്ചെയ്തതും, അതിനു സമ്മതമില്ലായ്കകൊണ്ടു ഭൎത്താവു പാതിരാത്രിയിൽവെളിക്കിറങ്ങിപ്പൊയ്ക്കളയാൻ ഭാവിച്ചതും താൻതടുത്തതും തന്നെവിവാഹംചെയ്യണമെന്നുഭഗവാന്റെ അശരീരിവാക്കുണ്ടായതനുസരിച്ചുഒരുവിധത്തിൽസമ്മതിച്ചതുംവിവാഹംകഴിഞ്ഞു അദ്ദേഹത്തിന്റെ അച്ഛനമ്മമാരെ പോയിക്കാണ്കയും അത്യൊററുമിഷം തന്നെനോക്കുകപോലുംചെയ്യാതെ അവിടെത്താമസിച്ചതും ഒടുവിൽ അച്ഛനമ്മമാർ മരിച്ചപ്പോൾ അദ്ദേഹം സന്ന്യസിച്ചു സകലവസ്തുക്കളും സാധുക്കൾക്കായി ദാനംചെയ്തതുംവീടുവിട്ടിറങ്ങിപ്പോയതും തിരികെ തന്റെഭവനത്തിൽ വന്നതും സന്ന്യസിക്കാൻ യാത്ര ഒരുങ്ങിയതിൽ തന്റെ കുടുംബക്കാർതടുത്തതും അതുവകവയ്ക്കാതെ അദ്ദേഹംപോയതും താൻകൂടി അനുഗമിക്കാൻ ഭാവിച്ചതിൽ ചെല്ലേണ്ടാ എന്നദ്ദേഹംആജ്ഞാപിച്ചതിനാൽഭൎത്തൃവാക്യത്തെ ലംഘിക്കുന്നതു പതിവ്രതയ്ക്കുഴകല്ലെന്നുള്ള സത്യത്താൽ താൻ അടങ്ങിപ്പാൎത്ത

ത്തും എല്ലാം വിസ്തരിച്ചുപറഞ്ഞു. അങ്ങനെയിരിക്കെ സ്വാമി ആശീർവദിച്ചാൽതാൻ പ്രസവിക്കുന്നതെങ്ങനെയാണെന്നു ചോദിക്കയും ചെയ്തു.

സ്വാമികൾ:—ഹേ പതിവ്രതാരത്നമേ! നിന്റെ ഭർത്താവിന്റെ ഗുണങ്ങളും ശരീരലക്ഷണങ്ങളും വയസ്സും പറയുക എന്നു പറഞ്ഞു.

രുക്മാഭായി അതുകേട്ടു, അദ്ദേഹത്തിന്റെ ആകൃതിയും പ്രകൃതിയും ഓരോന്നായി വർണ്ണിച്ചുതുടങ്ങിയപ്പോൾ സ്വാമികൾക്കു അൽപ്പം ഒരു സംശയമായി. അദ്ദേഹം കേവലം ഒരു കുറ്റക്കാരനെപ്പോലെ ആ സാധ്വിയുടെ മുമ്പിൽ സ്ഥിതിചെയ്തു, താൻ സന്യാസം ഉപദേശിച്ച വിഠോബാവൻതന്നെയല്ലയോ അവളുടെ ഭർത്താവെന്നദ്ദേഹം സംശയിച്ചു. എന്നിട്ടു അവളെനോക്കി ഹേ സാധ്വി! നിന്റെ ഭർത്താവിന്റെ പേരെന്താണ്? അതുകേൾക്കാൻ ഞാൻ അക്ഷമനായിത്തീർന്നിരിക്കുന്നു, എന്നരുളിച്ചെയ്തു. അതിനു മറുപടിയായി ഭർത്താവിന്റെ നാമധേയം നാക്കാൽ പറയുന്നതു തനിക്കു ധർമ്മമല്ലെന്നും അതിനു നാമത്തെ തറയിൽ എഴുതിക്കാണിക്കാമെന്നും പറഞ്ഞു ആ സാധ്വി ഭക്തിപൂർവം ആ നാമം തറയിൽ എഴുതി ആ എഴുത്തിൽ ചുംബിച്ചു വന്ദിച്ചുനിന്നു. അതുകണ്ടു സ്വാമികൾക്കു കഠിനമായ കോപം ഉണ്ടായി ഹാ! കഷ്ടം വിഠോബാവൻ ഇത്രകള്ളനാണോ? അവൻ എന്നോടു കള്ളം പറഞ്ഞാണല്ലോ സന്യാസത്തിനുപദേശം വാങ്ങിയതു്. അവനെ ഞാൻ ഇക്ഷണം ശപിച്ചു ഭസ്മമാക്കുന്നുണ്ടു്. ഹാഹാ! അതിനും ഒരു വിഘ്നം നേരിട്ടിരിക്കുന്നുവല്ലോ. ഞാനങ്ങനെ ചെയ്യുന്നപക്ഷം നിനക്കു ഞാൻ ചെയ്ത ആശീർവാദം വിഫലമായിപ്പോയേക്കും. അതുകൊണ്ടിപ്പോൾ ഞാൻ ക്ഷമിക്കുന്നു. പരമപതിവ്രതയായ നിന്നെച്ചതിച്ചു അവനെന്നോടസത്യം പറഞ്ഞു എന്നെ കുറ്റക്കാരനാക്കിച്ചെയ്തു. ഇപ്പോൾ തന്നെ ഞാൻ കാശിയിൽ ചെന്നു അവന്റെ ഈ ധിക്കാരത്തിനു തക്ക പ്രതിഹാരം ചെയ്യുന്നുണ്ടു്. എന്നു പറഞ്ഞു രോഷത്തോടുകൂടി എഴുന്നേറ്റു കാശിക്കു പോകാൻ പുറപ്പെട്ടു. രുക്മാഭായി അതുകണ്ടു ഭയപ്പെട്ടു ഹാ ദൈവമേ! ഇതെന്തൊരു സങ്കടമായിത്തീർന്നു. ഞാനിനി എന്താണു ചെയ്യേണ്ടതു്? എന്നു വിലപിച്ചുകൊണ്ടു ഓടിച്ചെന്നു സ്വാമികളുടെ പാദങ്ങളിൽ നമസ്കരിച്ചു,—ഹേ ഭഗവൻ തിരുവടി ഇങ്ങനെ കോപിക്കരുതു്. എന്റെ ഭർത്താവു ജീവനോടുകൂടിയിരിക്കുന്നു എന്നുള്ള വർത്തമാനം എനിക്കത്യന്തം സന്തോഷപ്രദമാണു. അതെനിക്കു സകലഭാഗ്യങ്ങളേയും തരുന്നതുമായിരിക്കും. അതിനു ഭംഗം ചെയ്യാൻ തിരുവടി ഒരുമ്പെടരുതെന്നപേക്ഷയുണ്ടു. എനിക്കു പുത്രഭാഗ്യവും ഐശ്വര്യവും ഒന്നും വേണമെന്നില്ല. എന്റെ ഭർത്താവിനെക്കുറിച്ചു തിരുവടി കോപിക്കാതിരുന്നാൽ അതിൽപരമായ ഭാഗ്യം എനിക്കു വരുവാനില്ല. അതുകൊണ്ടു ഭക്തയും ആശ്രിതയുമായ എനിയ്ക്കു, മംഗല്യഭിക്ഷതന്നു രക്ഷിക്കാറാകണം എന്നു പ്രാർത്ഥിച്ചു കരഞ്ഞുതുടങ്ങി.

സ്വാമികൾ:—ഉത്തമയായ ബാലികേ! നീ നിശ്ശേഷം ഭയപ്പെടേണ്ടാ- നിന്റെ ഭർത്താവു വരുമെന്നാൽ നിന്നോടുകൂടി സുഖിച്ചിരിക്കാനും നീ നാലുകുട്ടികളെ പ്രസവിക്കാനും ഞാൻ ആശീർവാദം ചെയ്തതു വിഫലമാകയില്ല. അതിനാൽ ധൈര്യപ്പെട്ടു മടങ്ങി വീട്ടിൽ പൊയ്ക്കൊൾക. എന്നനുഗ്രഹിച്ചയച്ചശേഷം അദ്ദേഹം പലകാടുകളും നാടുകളും കടന്നു കാശിയിൽ ചെന്നുപറ്റി തൽക്ഷണം തന്നെ വിഠോബാവനെ ചെന്നുകണ്ടു എടാ അസത്യവാദി വഞ്ചക! നിനക്കു ഭാര്യയില്ലെന്നല്ലേ പറഞ്ഞതു്? സത്യം പറയണം! അല്ലെങ്കിൽ പണ്ടു അഗസ്ത്യൻ തന്റെ ശിഷ്യനെ പർവതമായിപ്പോകട്ടെ എന്നു ശപിച്ചതുപോലെയും ബൃഹസ്പതി തന്റെ ശിഷ്യനെ കുഷ്ഠരോഗിയായിപ്പോകട്ടെയെന്നു ശപിച്ചതുപോലെയും നിന്നെ ഞാൻ ശപിക്കാതെ വിടുകയില്ല. എന്നലറിക്കൊണ്ടു ദുർവാസാവിനെപ്പോലെ കോപിച്ചുനിന്നു.

വിഠോബാവൻ:—പൂച്ചയുടെ മുമ്പിൽ എലി എന്നപോലെ കിടുകിടെ വിറച്ചു സംസാരിക്കാൻ തൊണ്ടയിടറി ദൈവമേ "മനത്തകത്തഴുക്കറ്റ മൌനയോഗജ്ഞാനികൾമുലത്തടത്തിരിക്കിലും മനത്തകത്തഴുക്കറാർ" എന്നു പറഞ്ഞതുപോലെ മനോനിഗ്രഹം ചെയ്ത എനിയ്ക്കു ഭാര്യ ഏതു? ഭാര്യയുമായി എന്തു സംബന്ധം? ഞാൻ എന്നും എന്റേതെന്നും ഉള്ള ഭാവനയേതു്? ഭാര്യ പുത്രൻ അച്ഛൻ അമ്മ ബന്ധു ശത്രു മുതലായ ബന്ധം ഏതു്?

അവരെക്കുറിച്ചുണ്ടാകുന്ന അഭിമാനം ഏതു? അങ്ങനെയിരിക്കെ, എൻെറഗുരുനാഥൻമോ
പാത്താടുകൂടിവന്നു ഭാൎയ്യയുണ്ടോ ഉണ്ടെങ്കിൽ സത്യംപറയണം എന്നു പരമാൎത്ഥം അന്വേ
ഷിച്ചറിഞ്ഞവരെപ്പോലെ ചോദ്യം തുടങ്ങിയിരിക്കുന്നു. സ്നേഹിതനോടു അസത്യം പറ
ഞ്ഞാൽ വിരോധവും ജനങ്ങളോടു അസത്യ പറഞ്ഞാൽ അപമാനവും രാജാവിനോടു അ
സത്യംപറഞ്ഞാൽ ശിക്ഷയും ഗുരുവിനോട സത്യാപറഞ്ഞാൽ നരകപ്രാപ്തിയും പ്രത്യക്ഷ
ഫലമാണെന്നു ശാസ്ത്രജ്ഞന്മാർ വിധിക്കുന്നു. എന്നുമാത്രമല്ല, അസത്യം പഞ്ചമഹാപാത
കങ്ങളിൽ ഒന്നായിപ്പറയപ്പെട്ടിട്ടു ഉണ്ടു്. അതിനാൽ സത്യം തന്നെ പറയണം. മാതാപി
താക്കളുടെയും മഹാത്മാക്കളുടെയും ദൈവത്തിൻെറയും കോപത്തേക്കാൾ അനിഷ്ടതരമാ
ണു ഗുരുകോപം എന്നു കേട്ടിട്ടുണ്ടു എന്നല്ല, മററുള്ളവരുടെ ശാപം എല്ലാം ഗുരുവിൻെറ
അനുഗ്രഹംകൊണ്ടു തീൎന്നുപോകും. ഗുരുശാപം തീൎക്കാൻ ഹരിഹരാദികൾക്കുപോലും സാ
ധ്യമല്ലെന്നാണു പ്രമാണം. ഇപ്പോൾ ഭാൎയ്യയുണ്ടെന്നു പറഞ്ഞാൽ മുമ്പില്ലെന്നു പറഞ്ഞതു
എന്താണെന്നു ചോദ്യംചെയ്തു കോപിക്കും. ഇനി ഞാൻ എന്താചെയ്യു? എന്നിങ്ങനെ ഓ
രോ വിചാരങ്ങളാൽ പരിഭ്രാന്തനായി വളരെനേരം കണ്ണുനീരൊഴുക്കിക്കൊണ്ടു ഇളകാതെ
നിന്നുപോയി. ഒടുവിൽ സ്വാമികളുടെ പാദങ്ങളിൽ വീണു തൊഴുതു, സ്വാമിൻ! എ
ൻെറ ശരീരത്തേയും പ്രാണങ്ങളേയും മുമ്പേതന്നെ നിന്തിരുവടിക്കു ദാനംചെയ്തിരിക്കുന്നതു
കൊണ്ടു ശിരസ്സു ദേഹത്തിൽനിന്നു വേർപെടുത്തിയാലും അതല്ല, കോപാഗ്നിയിലോ ശാ
പാഗ്നിയിലോ ഭസ്മമാക്കിയാലും എനിക്കു അതൊരു ഭൂഷണം ആണെന്നല്ലാതെ യാതൊരു
കുറവും വരാനില്ല. അങ്ങനെവല്ലകുറവും വന്നാലും അതേക്കുറിച്ചു ചിന്തിക്കാൻ സൎവ്വ
ഥാ അങ്ങേക്കു അടിമയായിരിക്കുന്ന എനിക്കെന്തൊരു സ്വാതന്ത്ര്യമാണുള്ളതു. ഹേശാ
ന്തിപ്രദ! ചതുർവേദവേദാന്തപാരഗ! അവധൂതയോഗിൻ! ശരണം ഹേ ദേവ! ജഗന്നായക
കരുണാനിധേ! ശരണം അനാദി മദ്ധ്യാന്ത! മോക്ഷപ്രദ! ശരണം ആനന്ദരൂപ! അമൃത
സ്വരൂപ! പ്രപഞ്ചരഹിത! ജ്ഞാനാചാൎയ്യ! ദേവവന്ദ്യ! ശരണം ഇങ്ങനെ പലപ്രകാര
ത്തിൽ സ്തുതിച്ചുതുടങ്ങി. അതുകണ്ടു് അടുത്തുണ്ടായിരുന്ന ശിഷ്യന്മാരും യഥാമതി സ്വാ
മികളെസ്തുതിച്ചു. സ്വാമികൾ വിഠോബവൻെറ ദയനീയപരിദേവനവും സ്തുതിവാക്യവും
കേട്ടുമനസ്സലിഞ്ഞു, കോപത്തെനീക്കി, "ഹാ! കഷ്ടംകോപം പാപമെന്നവൃക്ഷത്തിൻെറ
വിത്താണെന്നും ക്ഷമ കടലിനേക്കാൾ വലിപ്പമുള്ളതാണെന്നും, പറയപ്പെട്ടിരിക്കുന്നു എ
ന്നല്ല, ഒരുത്തനെ വേദനപ്പെടുത്തുന്നതു കൊല്ലുന്നതിനേക്കാൾ മഹാപാപം ആകുന്നു. മ
നസ്സിൻെറ ഗതിയാണു പാപപുണ്യങ്ങളെ സമ്പാദിക്കുന്നതു. ഒരു സ്ത്രീതന്നെ അന്യ
പുരുഷനെ മനസ്സുകൊണ്ടു കാമിച്ചാൽമതി. അതിനു വ്യഭിചാരത്തിൻെറ ഫലമുണ്ടു്, അ
തുപോലെ വാക്കുകൊണ്ടധിക്ഷേപിച്ചാലും ഹൃദയത്തിൽ ഭക്തിയുണ്ടെങ്കിൽ, അതുപൂജയുടെ
ഫലത്തെച്ചെയ്യുന്നു. മനസ്സിൽതൃപ്തിയില്ലാതെ സകലവിഭവങ്ങളോടുകൂടി ഭക്ഷണംകൊ
ടുക്കുന്നതിനേക്കാൾ തൃപ്തിയോടുകൂടി പച്ചവെള്ളംകൊടുക്കുന്നതാണു ശ്രേഷ്ഠം. "അഹിം
സാ പരമോധൎമ്മഃ" എന്നു മനു വിധിക്കുന്നുമുണ്ടല്ലോ. വിശേഷിച്ചും, ശാന്തിയെ അ
ലങ്കാരമായി ധരിച്ചു സാധുവെന്നു പേരുകേട്ട ഞാൻ, സ്വശിഷ്യൻെറ ചെയ്തകുററത്തെ സഹി
ക്കാൻ അരുതല്ലെന്നു വന്നുകൂടാ. കോപം നരകമൂലമാണു. അതുകൊണ്ടു വിഠോബാവി
നെക്കുറിച്ചു എനിക്കു കോപമുണ്ടായതു, ഒട്ടും യുക്തമായില്ല. ദീൎഘതപസ്യനും
സ്വപ്രയത്നത്താൽ ബ്രഹ്മൎഷിപദത്തെ പ്രാപിച്ചവനുമായ വിശ്വാമിത്രനെ വസി
ഷ്ഠമഹൎഷി ക്ഷമകൊണ്ടല്ലയോ ജയിച്ചതു. ക്ഷമതന്നെയാണു സൽഗതിയും, ജീവ
ന്മുക്തിയും ധ്യാനവും ജ്ഞാനവും എല്ലാം എന്നല്ല, ഞാൻ എന്ന അഹങ്കാരവും
എൻെറതെന്നമമതയും നശിച്ചവനാണു മോക്ഷത്തിനധികാരിയാകുന്നതു. എന്നോരോവി
ചാരങ്ങളോടുകൂടി, വിഠോബാവനെ വാത്സല്യപൂൎവ്വം അരികിൽ വിളിച്ചു ഹേ പ്രിയശിഷ്യ,
നിൻെറ ചരിത്രമെല്ലാം അലംകാരവതിയിലുള്ള ഒരു പതിവ്രത പറഞ്ഞു ഞാൻ അറിഞ്ഞു.
അശരീരിവാക്യത്തെ പ്രമാണമാക്കിയല്ലേ നീ വിവാഹംചെയ്തതു? വിവാഹംചെയ്തവെ
ന്നുപറഞ്ഞാൽ, ഞാൻ ഉപദേശം തരികയില്ലെന്നു ഭയപ്പെട്ടല്ലേ നീ എന്നോടു കള്ളംപറ
ഞ്ഞതു ? എന്നാൽ എൻെറ നിയോഗത്തെ അനുസരിക്കയല്ലാതെ യാതൊന്നും മറുത്തുപറ

യരുത്. ഒന്നും ഭയപ്പെടുകയുംവേണ്ടാ. വരിക എന്നുപറഞ്ഞു വിളിച്ചുകൊണ്ട്, രണ്ടാളുമായി തിരിച്ചു. അലങ്കാരവതിയിൽഎത്തി, ശിരോബന്ധുവിൻെറ പടിവാതുക്കൽച്ചെന്നുനിന്ന്, സ്വാമികൾ, അമ്മാ രുക്മാഭായി എന്നുവിളിച്ചു. സായംകാലത്തു പരമശിവനെപ്പോലെ വന്നുനിന്നുവിളിക്കുന്ന ശ്രീപാദസ്വാമികളുടെ മധുരസ്വരംകേട്ടു രുക്മാഭായി, ഇടിനാദംകേട്ട മയിൽപേടപോലെ സന്തോഷിച്ച് ഓടിയിറങ്ങി വെളിയിൽച്ചെന്നു. അവിടെ താൻമുമ്പു ചക്രതീർത്ഥത്തിൽവെച്ചു കണ്ട മഹാത്മാവായ സ്വാമികളും അദ്ദേഹത്തിൻെറ പുറകിലായി, ജടാമകുടകാഷായാംബരധാരിയായ തൻെറ ഭർത്താവും നിൽക്കുന്നതുകണ്ടപ്പോൾ, ഹൃദയം ചിന്തിനിറഞ്ഞ ആനന്ദത്തിരമാലകൾ, കണ്ണുകളിൽക്കൂടിക്കവിഞ്ഞു, അവൾ തൽക്ഷണം സ്വാമികളുടെ പാദങ്ങളിൽ ദണ്ഡനമസ്കാരംചെയ്തു. അനന്തരം ഭർത്താവിനെവണങ്ങി യാതൊന്നും സംസാരിക്കാൻ ശക്തയല്ലാതെ, തൊഴുകൈയോടുകൂടി തൊണ്ട പിറച്ചു മിണ്ടാതെ നോക്കിക്കൊണ്ടുനിന്നു. വിഠോബാവൻ രുക്മാഭായിയുടെ താപസവേഷംകണ്ടു ത്രപ്പെട്ടു. ഇവളോടൊന്നിച്ചിരിക്കാൻ സ്വാമികളെന്നിച്ചേക്കുമോ എന്നുഭയപ്പെടുകയുംചെയ്തു. അന്തുകാരണം തലയുയർത്തിനോക്കാതെ കുനിഞ്ഞുനിന്നുകളഞ്ഞു. സ്വാമികൾ അതു നിലകണ്ടു,—ഹേ ശിഷ്യോത്തമ! ഈ പതിവ്രത ആരുടെ ഭാര്യയാണ്? എന്നുചോദിച്ചു. മറുപടി യാതൊന്നും പറവാൻ ശക്തനാകാതെ വിഠോബാവൻ മൌനംദീക്ഷിച്ചുനിന്നുപോയി. സ്വാമികൾ വീണ്ടുംപറഞ്ഞു "ഹേ വിഠോബാവ! പുരാണപ്രസിദ്ധകളായ അരുന്ധതി, അനസൂയ, ചന്ദ്രമതി, ദമയന്തി മുതലായ പതിവ്രതമാരെല്ലാം തലയിൽവെച്ചു താലോലിക്കേണ്ട, ഉത്തമസതീരത്നമായ ഈ സാദ്ധ്വിയെ ഉപേക്ഷിച്ചുംവച്ച് നീ സന്യസിച്ചതുകൊണ്ടെന്തുപ്രയോജനം? ആയിരം സന്യാസിമാർ കൂടിയാലും ജ്ഞാനിയായ ഒരു ഗൃഹസ്ഥനതുല്യം ആകയില്ല. പതിവ്രതയായ ഒരു ഗൃഹണിയുടെ വൃത്തിശുദ്ധികൊണ്ടുതന്നെ കൈവല്യം സിദ്ധിക്കും എന്നുവിധിയുണ്ട്. ഈ മഹാസാദ്ധ്വിയുടെ ഇഷ്ടത്തെ നീ അനുസരിക്കാതെയിരുന്നാൽ, നാം രണ്ടാളുംഅവളുടെ ചാരിത്രാഗ്നിയിൽ ഭസ്മമായിപ്പോകും എന്നുള്ളതിനു സംശയമില്ല. അനസൂയയുടെ ചാരിത്രശുദ്ധികൊണ്ട് ത്രിമൂർത്തികൾപോലും അവൾക്കു പുത്രരായി ജനിച്ചകഥ നീ ഓൎക്കുന്നില്ലേ? വൃന്ദയുടെ ചാരിത്രവിശേഷത്താൽ ജലന്ധരൻ ത്രിമൂർത്തികളെപ്പോലും ജയിക്കാൻ ശക്തനായിഭവിച്ചില്ലേ? നാളായണിയുടെ ചാരിത്രശുദ്ധിയാൽ അവളുടെ അപേക്ഷയനുസരിച്ചു സൂര്യൻ ഉദിക്കാതെ ഏഴുദിവസം ലോകംമുഴുവൻ അന്ധകാരത്തിൽ മുഴുകിക്കിടന്നില്ലയോ? പതിവ്രതകളുടെ മനസ്സ് വ്യസനിച്ചാൽ ലോകംമുഴുവൻ ദഹിപ്പിക്കുന്നതിനു അതു ശക്തമായിഭവിക്കുമെന്നുമാത്രമല്ല, വ്യസനിപ്പിക്കുന്നവൻ രൌരവാദിനരകങ്ങളെ പ്രാപിക്കയുംചെയ്യുന്നു അതുകൊണ്ടു നീ വേഗംതന്നെഇവളോടു സൌമുഖ്യംകാണിച്ചു സാന്ത്വനവാക്കുകളാൽ ആശ്വസിപ്പിക്കേണ്ടതു ആവശ്യമാകുന്നു." അനന്തരം കൈയ്യുപിടിച്ചുകൊണ്ടു—"ഹേ ഉത്തമോത്തമ! നീ എൻെറ വാക്കനുസരിച്ചു, സത്യനിഷ്ഠനായി സാദ്ധ്വിയായ ഈ ഭാര്യയോടൊന്നിച്ചിരുന്ന്, ഗൃഹസ്ഥധർമ്മംപാലിച്ച്, ബ്രഹ്മജ്ഞാനിയായി മോക്ഷമടയാറാക എന്നരുളിച്ചെയ്തു. മനസ്സാന്യാസമാണ് സന്യാസം—അല്ലാതെ സന്യാസവേഷമല്ല. ഗുരുഭക്തി സർവ്വപ്രധാനമാണെന്നും ഗുരുവാക്യത്തെ അനുസരിക്കേണ്ടതു പരമോത്തമമായ ധർമ്മമാണെന്നും നീഅറിയുന്നുവെങ്കിൽ, ഇനി മറ്റൊരുവാക്കു പറകയില്ലെന്നു ഞാൻവിശ്വസിക്കുന്നു. ഗുരുഭക്തിനിന്നോളം മററാൎക്കുമില്ലെന്നുള്ള വസ്തുത അറിയുന്നുമുണ്ട്. നീ പ്രപഞ്ചവ്യാപാരങ്ങളേയും അഹംകാരാദികളേയുമുപേക്ഷിച്ച ബ്രഹ്മജ്ഞാനിയാണെന്നുമറിയാം. അജ്ഞാനത്തിനോ, അതുവഴിയുള്ള മോക്ഷപ്രാപ്തിക്കോ, ഈ ഗൃഹസ്ഥാശ്രമം വിഘാതമാകയില്ല" എന്നരുളിച്ചെയ്തു

വിഠോബാവൻ ഭക്തിപൂർവ്വം അനുസരിക്കയും സ്വാമികളുമായി ഗൃഹത്തിൽ പ്രവേശിച്ചശേഷം, ശിരോബന്ധു മുതലായവരെ ദർശിക്കയുംചെയ്തു. അപ്പോൾതന്നെ ഭാര്യാഭർത്താക്കന്മാരുടെ സന്യാസവേഷംമാററി രാജസങ്ങളായ മോടികൂടിയ വസ്ത്രാഭരണങ്ങളലംകരിപ്പിച്ചു, സ്വാമികൾ മഹാവാക്യത്തെ ഉപദേശിക്കയും സുകൃതികളായ നിങ്ങൾ

ഇനി സുഖമായിരുന്നു യഥാകാലം മോക്ഷത്തെ പ്രാപിക്കുവിൻ എന്നു ദമ്പതിമാരെ അനുഗ്രഹിക്കയുംചെയ്തു. സ്വാമികൾ അപ്പോൾതന്നെ യാത്രപറഞ്ഞു വെളിക്കിറങ്ങി. വിഠോബാവൻ സ്വാമികളെത്തുടൎന്നുപോയി പാദങ്ങളിൽനമസ്കരിച്ചു—ഹേ സദ്ഗുരോ! നിസ്സാരമായ ഈ സംസാരസാഗരത്തിൽ എന്നെത്തള്ളിയിട്ടുംവച്ചു സ്വല്ലഴിഞ്ഞവരെപ്പോലെ അരക്ഷണവുംതാമസിക്കാതെ പോകുന്നാണോഭാവം? ഞാൻ ഇനി ഭൂമിയിൽ ജീവിച്ചിരിക്കയില്ല. എന്നോടു ഇത്രവളരെ വെറുപ്പാണോ തോന്നിയിരിക്കുന്നതു്? നിന്തിരുവടിയല്ലാതെ ഈലോകത്തിൽ എനിക്കെന്താശ്രയമാണു്. പശുവിനെ പശുക്കന്നു പിരിഞ്ഞിരിക്കുമോ? അനുഗ്രഹം മൂൎത്തീകരിച്ചുവന്നെന്നെ രക്ഷിച്ചു കരതലാമലകംപോലെ മോക്ഷത്തെക്കാണിച്ചുതന്ന ഗുരുനായക! ജഗന്നായക! എന്നിങ്ങനെ കീൎത്തിച്ചു കണ്ണുനീരൊഴുക്കിക്കൊണ്ടു കാലടികളിൽ വീണുകിടന്നു സ്തുതിച്ചു ഭക്തിപൂൎവ്വം സ്തോത്രംചെയ്തുകരഞ്ഞുകൊണ്ടുകിടക്കുന്ന വിഠോബാവനെ ശ്രീപാദസ്വാമികൾ വാരിയെടുത്തു മാറോടണച്ചു ആനന്ദബാഷ്പങ്ങളോടുകൂടിപ്പറഞ്ഞു. അതുല്യനായ ശിഷ്യോത്തമ! ഇതുവരെ ഞാൻചെയ്ത തപസ്സിന്റെ ഫലമെല്ലാം നിനക്കായിത്തന്നിരിക്കുന്നു. നിന്റെ വംശത്തിൽമുമ്പുംപിമ്പും ഏഴേഴുതലമുറക്കാരെ സൎവ്വപാപങ്ങളിൽനിന്നും മുക്തരാക്കിയിരിക്കുന്നു. ത്രിമൂൎത്തികളും ആദിശക്തിയും നിനക്കു സന്താനങ്ങളായി ജനിക്കുമാറു ഞാൻ അനുഗ്രഹിക്കുന്നു. നിനക്കു മഹാവാക്യോപദേശംചെയ്വാൻ എത്തിയഭാഗ്യത്തെ ഞാൻ അഭിനന്ദിക്കുന്നു. നീ ബ്രഹ്മാനന്ദനിഷ്ഠനായി അഖണ്ഡപരിപൂൎണ്ണസ്വരൂപനായി ഇരിക്കുമാറാകട്ടെ. എന്റെവാക്കുതെറ്റാതെയും അതിൽ സംശയംതോന്നാതെയും കുറേനാൾ രുക്മാബായിയുമായി സുഖിച്ചിരിക്കുക. ഞാൻ ഒട്ടുനാൾ ചുററിസഞ്ചരിച്ചശേഷം മടങ്ങിവന്നു നിന്നെ കാണുകയും അതിൽപിന്നെ നമുക്കു തമ്മിൽപിരിയാതെ ഇരിക്കുകയുംചെയ്യാം. എന്നാൽ ഞാൻപോയിവരട്ടെയോ?

സ്വാമികളുടെ വാക്കുകേട്ടു ഗുരുശാസനം അലംഘ്യമാണെന്നുള്ള സ്മരണത്താൽ വിഠോബാവൻ വീണ്ടുംവന്ദിച്ചു. സ്വാമി! ചഞ്ചലസ്വഭാവമായ ഈ സംസാരം സമാധിനിഷ്ഠയെ ഭഞ്ജിച്ചു ബ്രഹ്മജ്ഞാനത്തെ മറയ്ക്കുന്നതിനും ഓരോവഴി ഞാൻ അജ്ഞാനാന്ധകാരത്തിൽ പതിക്കുന്നതിനും സംഗതിയാകയില്ലയോ? അതിനെ നീക്കുന്നതിനുള്ള ഉപായംഎന്താണു്? എന്നുചോദിച്ചു. മറുപടിയായി സ്വാമികൾ ബ്രഹ്മധ്യാനംഉപദേശിച്ചു.

## കിളിപ്പാട്ടുരീതി.

### പരബ്രഹ്മസ്തുതി

ബ്രഹ്മശങ്കരവിഷ്ണുമൂൎത്തികൾക്കുപാസ്യംനിത്യം ഉണ്മയിലാനന്ദാധികംതേജസ്സാംപരബ്രഹ്മം * നിൎമ്മലമുക്തിസ്ഥാനംപ്രാപിപ്പാനപേക്ഷിച്ചും നിൎമ്മാണംവിലസുന്ന ഭാവസ്വപ്രവരരും * അനപായമകതാരിൽധ്യാനിച്ചുകൊണ്ടാനന്ദധന്യരായ്ഭജിക്കുന്നചൈതന്യംപരബ്രഹ്മം * വഹ്നിലോചനൻമുന്നംവസിഷ്ഠനുപദേശിച്ചന്യൂനബോധംചേൎത്തസുജ്ഞാനം പരബ്രഹ്മം * അഖണ്ഡാനന്ദബ്രഹ്മംജനകൻശുകമുനിക്കാമനാശനമുപദേശിച്ചപരബ്രഹ്മം * അസത്തായ്സത്തുമായിസദസത്താംപൃഥ്വിമുതലാംപ്രപഞ്ചബീജാകാരഭൂതങ്ങളായ് * അൎത്ഥമായനുഗ്രഹമായ്പുനരനുഭവചിത്തായിഗുരുനാഥപദവിയായിച്ചെമ്മേ * നിൎഗ്ഗുണമായിഗുണോപേതമായ്ഗുണാതീതവസ്തുവായവസ്തുവായ്വിലസുംപരബ്രഹ്മം * നിത്യമനുഗ്രഹവസ്തുവായ് സൎവ്വൎക്കായ് പത്മജൻമുതലായോർഭജിക്കും പൊരുളായി * മുക്തരാലനുദ്ധ്യേയമായിവേദാന്താൎത്ഥങ്ങൾക്കെത്താത്തപരമാൎത്ഥവസ്തുവായ്വിളങ്ങുന്ന * ശുദ്ധജ്യോതിസ്സാംപരബ്രഹ്മത്തെയനുദിനം മുക്തനിൎമ്മലപദപ്രാപ്തിക്കായ്ഭജിക്കുന്നേൻ * ത്രിവിധകരണത്താലറിവനാവതല്ല ത്രിപുടിഗുണമില്ല,ഗുണരൂപങ്ങളില്ല * ദിശാദേശംകാലമെന്നിവയാൽച്ഛേദ്യമല്ല വിശദമല്ല,ഗൂഢമല്ല, ശുദ്ധവുമല്ല * അണുവായ്ബൃഹത്തുമായ്വിളങ്ങുവോന്നാകിലും അണുവുംബൃഹത്തുമല്ലങ്ങനെയിരിക്കുന്ന * പരബ്ര

ഹമത്തെത്തന്നെനിത്യവുംസുഖസിദ്ധി വരുത്തിക്കൊൾവാനുപാസിക്കുന്നേൻഭക്തൈക്യവത്സാൻ * സവ്വപൂണ്ണമേജ്ജീവജീവനാംചൈതന്യമേ നിവ്വികല്പമേനാമരൂപാദിരഹിതമേ * സവ്വവേദാർത്ഥങ്ങൾക്കുമെത്താത്തപരാർത്ഥമേ സവ്വാഭാചൽപദമാശ്രയംസദ്ബ്രഹ്മമേ * സൃഷ്ടിമാത്രംമൂൎത്തിത്രയവുംദേവന്മാരും ഭക്താഢ്യന്മാരാംപ്രഹ്ലാദാദിപുണ്യാത്മാക്കളും * നിത്യോപാസനവസ്ഥവാഗംഗീകരിച്ചൊരു തത്വമേതവപദമാശ്രയംസദൈവമേ * അന്തമാദിയുംകീഴ്മേലിതുകളില്ലാത്തതായ് ബന്ധപാശമാമിതൾനീക്കുന്നവിളക്കായി * ചിന്തയ്ക്കുവിഷയമല്ലാതെന്നുംസ്വതന്ത്രമായ് സന്തതാനന്ദരൂപബ്രഹ്മത്തെയുപാസിച്ചേൻ * ഊമയായവൻകണ്ടസ്വപ്നമെന്നതുപോലുൾപ്പൂമലക്കുന്നാലുംവെളിയിൽപറയുവാൻ * അമല്ലാതൊരുനിന്ദാകാരപ്പൊരുളായ സോമസൂയ്യാഗ്നിജ്യോതിർബ്രഹ്മത്തെയുപാസിച്ചേൻ * ജഗത്തെസ്സൃഷ്ടിച്ചുരക്ഷിച്ചുസംഹരിപ്പതും ജഗത്തിൻ ചേഷ്ടിപ്പതുംജഗത്സാക്ഷിയായ്നിത്യം*സമസ്തശുഭാശുഭകമ്മങ്ങൾനൽകുന്നതും നിമിത്തകായ്യരൂപംകൈക്കൊള്ളുന്നതുമെല്ലാം * ഏതൊരുദിവ്യമായപരമാത്മാവോസവ്വസാധകമാമബ്രഹ്മതേജസ്സെയുപാസിച്ചേൻ * പുണ്യകമ്മങ്ങൾകൊണ്ടുംതീർത്ഥസേവനംകൊണ്ടും ധന്യമാംദൈവനാമസ്തോത്രകീർത്തനംകൊണ്ടും*മനംകൊണ്ടുമേകാൺമാനെത്താത്തപരബ്രഹ്മമെന്മനോമുകുരത്തിൽതെളിഞ്ഞുവിളങ്ങണം * വേദങ്ങൾപഠിച്ചാലുംതീർത്ഥത്തിൽകുളിച്ചാലും കോവിലിൽചെന്നുവലംവച്ചുടൻഭജിച്ചാലും * യോഗങ്ങൾശാസ്ത്രവിധിപോലെയഭ്യസിച്ചാലും ഏതുമേവെളിപ്പെടാതൊളിവിൽവിളങ്ങുന്ന*പരമപ്പൊരുളായപരബ്രഹ്മത്തെത്തന്നെ പരമാർത്ഥാപേക്ഷജ്ഞാനനിഃശംഭജിക്കുന്നേൻ* കേശവകേശന്മാർവാഴ്ത്തീടവേയശരീരി വാക്യമായ്മുഴങ്ങിയോരക്ഷരസന്മന്ത്രമേ * ഈശ്വരൻസനകാദിമാമുനീശ്വരന്മാക്ക് ശാശ്വതോപദേശമായോതിയസന്മന്ത്രമേ * വാഗ്രൂപമടിയനിൽകനിഞ്ഞുലോകബന്ധുക്ലേശനാശനംചെയ്യുപരമാർത്ഥബ്രഹ്മമേ * ജ്ഞാനരൂപമായ്മൌനധ്യാനൈകവിഷയമായ് ഞാനെന്നുള്ളഭിമാനംതീക്കുന്നപൊരുളായി * ആനന്ദവിധായകമായ്സത്യസന്ധമായ മാനഹീനമാംപരബ്രഹ്മത്തെയുപാസിച്ചേൻ *

എന്നു്, വിലക്ഷണലക്ഷണഭാവത്തെക്കാട്ടുന്ന ദ്വൈതാദ്വൈത ധ്യാനത്തെ ഉപദേശിച്ചു്, മായാമോഹത്തെനീക്കി മൌനനിഷ്ഠയാൽ പ്രകാശിച്ചു, പരമാത്മരൂപനായി വിളങ്ങി ഇരിക്കാറാകാഎന്നനുഗ്രഹിച്ചു്, സവ്വത്ര ഗുരു സ്വരൂപംകാണപ്പെടുന്നഗുരുതുയ്യാനന്ദബോധത്തെഉപദേശിച്ചു് സ്വാമി മറഞ്ഞുപോയി. വിഠോബാവൻ, ജീവതുയ്യവും പരതുയ്യവുംകടന്നു്, ഗുരുതുയ്യാനന്ദബോധത്താൽ സവ്വത്രഗുരുസ്വരൂപത്തെദർശിച്ചു്, സന്തുഷ്ടനായി മൌനനിഷ്ഠയോടുകൂടി അവിടെത്തന്നെയിരുന്നു. രുക്മാഭായി ഭത്താവിൻെറ ഉയിർപ്പുകണ്ടു് ശ്രീപാദസ്വാമികളെ അത്യന്തം സ്തുതിക്കയും അദ്ദേഹം ഉപദേശിച്ച മഹാവാക്യത്തെ മനസ്സിൽ ധ്യാനിക്കയുംചെയ്തുകൊണ്ടു് ഭത്താവിനെവന്ദിച്ചു് കൂട്ടിക്കൊണ്ടുവീട്ടിൽവന്നു് ഷഡ്രസോപേതവും സ്വാദുകരവുമായി ഒരുക്കപ്പെട്ടഭക്ഷണത്തെ അദ്ദേഹത്തിനും അച്ഛനമ്മമാക്കും വിളമ്പിക്കൊടുത്തു താനും ഭക്ഷിച്ചു സന്തുഷ്ടയായി സുഖിച്ചിരുന്നു.

---

## ആറാംഅദ്ധ്യായം.

---

### (ത്രിമൂത്തികളും ആദിശക്തിയും അവതരിച്ചതു്)

ഹേ സിദ്ധോത്തമന്മാരേ! ഗുരുവാക്യത്തെ നിരസിക്കാതെ വിഠോബാവൻ ഗൃഹസ്ഥാശ്രമത്തിൽ ഉൾപ്പെട്ടിരിക്കുന്ന അത്ഭുതത്തെക്കണ്ടു് ശീതോബന്ധു കൃതാത്ഥനായി മംഗളസൂചകമായി ഒരു സത്ര നടത്തണമെന്നുദ്ദേശിച്ചു. സമീപവാസികൾക്കും മറ്റുബ്രാഹ്മണക്കും ഇഷ്ടവും മൃഷ്ടവുമായ അന്നദാനത്തെ നടത്തണമെന്നുള്ളഭാവത്താൽ അതിനു വേണ്ടസംഭാരങ്ങളെല്ലാം സംഭരിച്ചു് പിറ്റേദിവസംരാവിലെതന്നെ സത്രയജ്ഞവട്ടംകൂട്ടി. ബന്ധുക്കളേയും സ്നേഹിതന്മാരെയും ക്ഷണിച്ചുവരുത്തി സദ്യയുണ്ണാനായിവന്നബ്രാഹ്മണർ

വിഡോബാവനെ കണ്ടപ്പോൾ അല്പം നീരസത്തോടെ ഹേ ശിതോബന്ധോ! നീ എന്തൊരുക്രമമാണുകാണിക്കുന്നതു്? സന്ന്യസിക്കാനെന്നും പറഞ്ഞു്, നാടൊക്കെച്ചുററിനടന്നുതൊട്ടതിനു, നാനാജാതിക്കാരുംനിറഞ്ഞ കാശിയിലെധർമ്മസത്രത്തിൽ താമസിച്ചിരുന്ന വിഡോബാവനെ വീട്ടിൽവരുത്തിവച്ചുകൊണ്ടു ഞങ്ങളെയൊക്കെതൊട്ടുതീററാനാണോ ഈ സന്ന്യാസമൊരുക്കിയതു്. താൻ കെട്ടകുരങ്ങു് പണ്ടു് വനത്തെയെല്ലാം കെടുത്തിയതുപോലെ നീയും നിൻെറ ഭവനക്കാരും ദുഷ്ടന്മാരായതുപോരാഞ്ഞിട്ടു, ഞങ്ങളെക്കൂടെ കെടുത്താനാണോ ഭാവം? സന്ന്യാസിയായ സ്ഥിതിക്കു ജാതിഭേദശങ്കയേ ഞങ്ങൾ ഗണിക്കാതെയിരിക്കാം എങ്കിലും അമൃതുകുടിച്ചവൻ കള്ളുകുടിക്കാൻ ഒരുമ്പെട്ടതുപോലെയും വേദമോതിയവൻ നാസ്തികഗ്രന്ഥങ്ങൾ വായിക്കുന്നതുപോലെയും സന്ന്യാസിയായവൻ സംസാരത്തിൽമനസ്സുവച്ചതു്, ചിന്തിക്കത്തക്കകാര്യമല്ലേ? ഇത്രത്തോളം നീചതാപ്രവൃത്തിക്കുന്നവരെക്കണ്ടാൽ കാണുന്നവൎക്കുപോലും പാപമുണ്ടു്. അവൻ നിന്നെയും നിൻെറ കുടുംബത്തേയും ഞങ്ങളെയും എല്ലാം കെടുത്താനായിട്ടാണുവന്നിരിക്കുന്നതു്. അതുകൊണ്ടു്, അവനെ ഇവിടെനിന്നും വെളിക്കാക്കിയാൽ ഞങ്ങൾ സംശയംകൂടാതെ ഉണ്ണാം. അല്ലാത്തപക്ഷം നിന്നെജാതിയിൽനിന്നുതള്ളും. എതിൎത്തുപറഞ്ഞാൽ നിനക്കു ഞങ്ങൾ പ്രായശ്ചിത്തംവിധിക്കും. എന്നിട്ടേനിന്നെ പന്തിയിൽ ചേൎക്കുകയുള്ളു. എന്നൊരോന്നുപുലമ്പാൻതുടങ്ങി. അതുകേട്ട ശിതോബന്ധുപറഞ്ഞു. അല്ലയോ ബ്രാഹ്മണോത്തമന്മാരേ! നിങ്ങളെ ഞാൻ വന്ദിക്കുന്നു. വിപരീതവാക്കുകൾ പറയാതെ വിഡോബാവനെ പന്തിയിൽഇരുത്തി, എല്ലാവരുമായി യോജിച്ചുണ്ണുന്നതിനുകരുണയുണ്ടാകണംഎന്നപേക്ഷിച്ചു.ബ്രാഹ്മണർകോപിച്ചു എടാദുഷ്ട!ഭ്രഷ്ട!നീ ഉപചാരംചെയ്യുന്നവെന്നുവച്ചു് ഞങ്ങൾ അപചാരത്തിൽഅകപ്പെടണമെന്നാണോപറയുന്നതു്? ജാതിനിഷ്ഠയേ ഞങ്ങൾ ഉപേക്ഷിക്കാൻഭാവമില്ല. ഛീ! നായേ! നിന്നെ ഇനി ഞങ്ങടെ പന്തിയിൽ ഇരുത്തുകയോ സദ്യകൾക്കു ക്ഷണിക്കുകയോ ചെയ്യുകയില്ല എന്നൊക്കെ ശിതോബന്ധുവിനെ അധിക്ഷേപിച്ചുപറഞ്ഞുംവച്ചു് എല്ലാവരും ഇറങ്ങി അവരവരുടെ വീട്ടിലേക്കുപോയി.

അതറിഞ്ഞു വിഡോബാവൻ:—ഹാഹാ! പ്രപഞ്ചാശയിൽ മുഴുകി വിഷയാനന്ദഭോഗത്തിലാസക്തരായി മായയെന്ന ചുഴലിയിൽപെട്ടു വലയുന്ന ഉന്മത്തരായ ഈ ബ്രാഹ്മണർ അപഹാസപൂൎവം കൂക്കിവിളിച്ചുകൊണ്ടു ഓടിപ്പോയിരിക്കുന്നു. ഒരുപക്ഷേ ഇനി മടങ്ങിവന്നു മതഭ്രമംഎന്നവായിലുള്ള കോപമെന്ന പല്ലുകൾ പതിയത്തക്കവണ്ണം വിരുദ്ധവാക്കുകളായ അമൎത്തലോടുകൂടികടിച്ചാൽ അഭിമാനം എന്നവിഷംതലയ്ക്കുകൊണ്ടു അജ്ഞാനമെന്ന നരകക്കുഴിയിൽവീണു പ്രപഞ്ചനാമദുഃഖമനുഭവിച്ചു പരമാൎത്ഥജ്ഞാനം എന്ന വിവേകം നശിച്ചുപോയേക്കും. അതിനാൽ ഇതിൽനിന്നും ഇപ്പോഴേ തപ്പിപ്പിഴയ്ക്കുന്നതാണുത്തമം— എന്നുനിശ്ചയിച്ചു ശിതോബന്ധുവിനെ വണങ്ങി ഹേ പരിശുദ്ധാത്മൻ! ഒന്നാമത്തെ ഉരുളയിൽ നിറയെകല്ലുകടിച്ചാൽ ആചോറു പിന്നെവിവേകമുള്ളവൻ ഭക്ഷിക്കുമോ? കുടിക്കാൻ പാലുകൊടുക്കുമ്പോൾ വിഷപ്പല്ലും വെളിക്കുകാട്ടിച്ചീറിക്കൊണ്ടുവരുന്ന പാമ്പുകളിണങ്ങിക്കൂടി അതിൻെറ കൃതജ്ഞതയെ പ്രദർശിപ്പിക്കുന്ന സ്വഭാവത്തോടുകൂടിയതായി ഭവിക്കുമോ? സുഭാഷിതംകേൾക്കുമ്പോൾ വാളും കുന്തവും എടുത്തുകൊണ്ടു സംസാരിക്കാനായി അടുക്കുന്നകാപ്പിരകളോടെ രമിച്ചുസഹവാസംചെയ്യാൻവിവേകമുള്ളവൻ ആഗ്രഹിക്കുമോ? അതുപോലെ ഗൃഹസ്ഥാശ്രമം ആരംഭിച്ചതിൻെറ അടുത്തദിവസംതന്നെ ഇത്രത്തോളം ശണ്ഠയും മത്സരവും വഴക്കും ഒക്കെസംഭവിച്ചതോൎത്താൽ ലജ്ജാവിവശനായി വീട്ടിലിരിക്കുന്നതിനേക്കാൾ കാട്ടിലെങ്ങാനുംപോയി വിജനമായ ഒരു സ്ഥലമന്വേഷിച്ചു അവിടെയിരിക്കുന്നതാണുനന്നെന്നു ഞാൻ വിചാരിക്കുന്നു. എന്നുപറഞ്ഞെഴുന്നേററു വിജനകാനനത്തെ നോക്കിപ്പുറപ്പെടാൻ ഒരുങ്ങി. രുക്മാഭായിയുംകരഞ്ഞുംകൊണ്ടു പുറകേഇറങ്ങി. ശിതോബന്ധു വിഡോബാവനെ മുന്നിട്ടുതടുത്തുപറഞ്ഞു— "നീ എന്താണിങ്ങനെ സാഹസംതുടങ്ങുന്നതു്? ബ്രാഹ്മണരുടെ കോപംകൊണ്ടു നമുക്കെന്തുവരാനാണു്? നമ്മുടെ വീട്ടിൽ സുഖമായിരിക്കരുതോ? അതിനകത്തുനമ്മുടെ അനുവാദമില്ലാതെ ആരുകടക്കും? അതുകൊണ്ടു മടങ്ങിവരിക"

വിഡോബാവൻ അതിന്നനുകൂല്യം കാണിക്കാതെ പറഞ്ഞു. പ്രിയശ്വശുര! ഞാൻ ഭ്രഷ്ടനാണെന്നു ആ ബ്രാഹ്മണൻ പറഞ്ഞതു കേട്ടില്ലേ?—അതു പരമാർത്ഥവുമാണല്ലോ, ഞാൻമൂലം നിങ്ങളുടെ കുടുംബക്കാരെല്ലാം ഭ്രഷ്ടന്മാരാകുന്നതു ഭംഗിയാണോ? വർണ്ണാശ്രമധർമ്മത്തെ ലംഘിച്ചുള്ള നടപടി ബ്രാഹ്മണർക്ക് വിധിച്ചിട്ടുണ്ടോ? അതുകൊണ്ടു ഞാൻ കാട്ടിലേക്കു തന്നെ പോകയാണ്. പരമാർത്ഥത്തിൽ അതു നമുക്കു രണ്ടുകൂട്ടർക്കും ബാധയൊഴിയാൻ നല്ല ഒരുപായമാണ് എന്നു പറഞ്ഞു പോകാൻ ഭാവിച്ചു. എന്നാൽ ഞാനും എൻറ ഭാര്യ്യയുംകൂടി കാട്ടിലേക്കു തന്നെ വരുന്നു എന്നു ശിതോബന്ധു പറഞ്ഞു. രുക്മാബായി അതുകേട്ടു തടുത്തു പറഞ്ഞു—ഹേ പിതാക്കളേ! വാർദ്ധക്യത്താൽ ക്ഷീണിച്ചിരിക്കുന്ന നിങ്ങളാണോ ഈ കാട്ടിലേക്കു യാത്ര പുറപ്പെടാൻ നിശ്ചയിച്ചിരിക്കുന്നതു്? അവിടെ കിടന്നു കഷ്ടപ്പെട്ടേക്കും. നിങ്ങൾ വീട്ടിൽ തന്നെ ഇരിക്കണമെന്നാണെൻറ അപേക്ഷ. ഞങ്ങൾ കാട്ടിൽ പോയാലും ഇടയ്ക്കിടെ വന്നു നിങ്ങളെ കാണാം." ഇങ്ങനെ മാതാപിതാക്കളെ സമാധാനപ്പെടുത്തിയിട്ട് ഭർത്തൃഭക്തിയോടുകൂടി വിഡോബാവൻറ പുറകേ പോയി. വിഡോബാവൻ നാട്ടിൽനിന്നും ഒരു ദിവസത്തെ വഴിയകലമുള്ള ഒരു മലയുടെ മുകളിൽ ചെന്നിരുന്ന് ബ്രഹ്മധ്യാനസമാധിയിൽ ലയിച്ചു. രുക്മാബായി അതുകണ്ടു മാർഗ്ഗക്ലേശാവകവയ്ക്കാതെ മടങ്ങി വീട്ടിൽ വന്നു അച്ഛനമ്മമാരെ വിവരം ധരിപ്പിക്കയും ഭർത്താവിന്നു ഭക്ഷണത്തിന്നു സ്വാദിഷ്ഠങ്ങളായ പദാർത്ഥങ്ങൾ പാകപ്പെടുത്തിക്കൊണ്ടുപോയി ഭർത്തൃസമീപത്തിൽ വെച്ചു, സമാധിവിരതിയെ പ്രതീക്ഷിച്ചു നിൽക്കയും ചെയ്തു. സമാധിയിൽനിന്നും വിരമിച്ച വിഡോബാവൻ രുക്മാബായിയുടെ ഭർത്തൃശുശ്രൂഷാഭിവൃദ്ധിയാൽ സന്തുഷ്ടനായി ഭക്ഷണം കഴിച്ചു. ഇങ്ങനെ മുറയ്ക്കു രുക്മാബായിയുടെ ശുശ്രൂഷകളോടുകൂടിയ വിഡോബാവൻ കാട്ടിൽ സമാധിസ്ഥനായിരിക്കുമ്പോൾ ശ്രീപാദസ്വാമികൾ ശിഷ്യനായ വിഡോബാവൻറ സംഗതിയെക്കുറിച്ചു സ്മരിച്ചു. ഞാൻ എൻറ പ്രിയശിഷ്യനായ വിഡോബാവന്നു ത്രിമൂർത്തികളും ആദിശക്തിയും പുത്രരായി ജനിക്കുമെന്നു വരം കൊടുത്തു. അതു എളുപ്പത്തിൽ സംഭവിക്കത്തക്ക ഒരു കാര്യമല്ല. ശിഷ്യവാത്സല്യത്താൽ അങ്ങനെ പറഞ്ഞുപോയെന്നേയുള്ളൂ. വരം കൊടുത്തതുപോലെ കുട്ടികൾ ജനിക്കാതെ പോയാൽ, എൻറ വാക്കു വിഫലമാകും. ഇനി എന്താ ചെയ്ക? എന്നു വിചാരിച്ചു ഏകാഗ്രമനസ്സോടുകൂടി ത്രിമൂർത്തികളും ആദിശക്തിയും പ്രസാദിക്കത്തക്കവണ്ണം ബ്രഹ്മധ്യാനം ആരംഭിച്ചു. അചിരേണ മൂർത്തിത്രയവും ആദിശക്തിയും പ്രസാദിച്ചു പ്രത്യക്ഷരായി സ്വാമികളെ നോക്കി, ഹേ ബ്രഹ്മജ്ഞോത്തമ! നീ ഞങ്ങളെ ധ്യാനിക്കാൻ കാരണമെന്തു്? എന്നു ചോദ്യം ചെയ്തു. സ്വാമികൾ ആ ദേവതകളെ ഭക്തിപൂർവ്വം വന്ദിച്ച് ഹേ ജഗദ്രക്ഷകരേ! ഈ ഭക്തൻ നിങ്ങളെ ധ്യാനിച്ചതെന്തിനാണെന്നു ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാവുന്ന ഒരു കാര്യമാണല്ലോ. എങ്കിലും കല്പിച്ചു ചോദിച്ചതുകൊണ്ടു പറയാം. നിങ്ങൾ നാൽവരും എൻറ പ്രിയശിഷ്യനായ വിഡോബാവന്നു സന്താനങ്ങളായി ജനിക്കണം. നിങ്ങൾ പ്രത്യക്ഷപ്പെട്ടു ചോദ്യം ചെയ്തപ്പോൾ തന്നെ എൻറ അഭിലാഷം നിറവേറിക്കഴിഞ്ഞു. കരുണാനിധികളായ നിങ്ങൾ എന്നെപ്പോലെയുള്ള ആശ്രിതന്മാരുടെ അപേക്ഷകളെ നിറവേറ്റുന്നതിന്നു കടപ്പെട്ടവരാകുന്നു. എന്നുണർത്തിച്ചു നിൽക്കുമ്പോൾ, പ്രസന്നനായ വിഷ്ണുദേവൻ ഇങ്ങനെ അരുളിച്ചെയ്തു, ഹേ അവധൂതയോഗിൻ! ഞങ്ങൾ ഈ ഭൂമിയിൽ അവതരിച്ച്, വർണ്ണാശ്രമധർമ്മങ്ങളേയും സഗുണനിർഗ്ഗുണധ്യാനത്തേയും ഉപദേശിച്ചു ധർമ്മത്തെ നിലനിറുത്തണമെന്നു മുമ്പേ തന്നെ കല്പിച്ചിരിക്കയാണ്. അതു ഭവിക്കത്തക്ക കാലമായപ്പോഴാണ് ഈ അപേക്ഷ അറിയിക്കാനിടയായതു്. ഞങ്ങൾ അചിരേണ വിഡോബാവൻറ ഭാര്യ്യയിൽ ജനിക്കും. വിഡോബാവൻ സാക്ഷാൽ വസിഷ്ഠമഹർഷിയുടെ അംശമാണ്. വസിഷ്ഠൻ ഇങ്ങനെ മനുഷ്യനായിവന്നു ജനിക്കാൻ കാരണം എന്തെന്നാൽ പണ്ടു അറുപതിനായിരം വർഷം അയോദ്ധ്യാരാജ്യം ഭരിച്ചുവാണിരുന്ന ദശരഥമഹാരാജന്നു പുത്രന്മാരായി ഞാനും എൻറ ശയ്യയും ശംഖചക്രങ്ങളും ജനിച്ചുവല്ലോ, അന്നു ഞങ്ങളുടെ ബാല്യത്തിൽ ഞാൻ ദശരഥരാജാവിൻറ മടിയിൽ ഇരിക്കുന്നതു കണ്ടു ഭരതലക്ഷ്മണശത്രുഘ്നന്മാരും അതിലേക്കാശിച്ചു കടന്നുകേറി തമ്മിൽ കലഹിച്ചു. ദശരഥൻ ഉടനേത

ന്നെ, രണ്ടുപേരെ മടിയിലും രണ്ടുപേരെത്തോളിലും, കയററിവച്ചുകൊണ്ടിരുന്നു. മടിയിൽ എന്നോടൊന്നിച്ചിരുന്ന ലക്ഷ്മണന് അപ്പോൾ രാജാവിൻെറ തോൾമേൽകയറി ഇരിക്കണമെന്നുള്ള ആഗ്രഹത്താൽ, ഭരതശത്രുഘ്നന്മാരുടെ കൈകളിൽ എത്തിപ്പിടിച്ചു വലിച്ചു. അവർ തോളിൽനിന്നിറങ്ങാതെ പിതാവിൻെറ കഴുത്തിൽ മുറുകെക്കെട്ടിപ്പിടിച്ചുകൊണ്ടിരുന്നു. അപ്പോൾ ഞാൻ മുമ്പിലും ലക്ഷ്മണൻ പിമ്പിലും ആയിനിന്ന് പിതാവിൻെറ കഴുത്തിൽതന്നെ കെട്ടിപ്പിടിച്ചുതുടങ്ങി. അതു നോക്കിക്കൊണ്ടിരുന്ന കൌസല്യയും, കൈകേയിയും സുമിത്രയും സന്തോഷിച്ചു കൈകൊട്ടിച്ചിരിച്ചു. ദശരഥൻ തനിക്കു പുത്രന്മാരില്ലാതെ ദുഃഖിച്ചിരിക്കുന്നകാലത്തു്, ഏകകാലത്തിൽ നാലുപുത്രന്മാർ ജനിച്ച് അവരുടെ ലീലാവിനോദങ്ങൾ അനുഭവിക്കുന്നതിന് ഭാഗ്യമെത്തിയതിൽ, പരമാനന്ദചിത്തനായി രോമാഞ്ചത്തോടുകൂടി, സന്തോഷാശ്രുക്കൾ തൂകിക്കൊണ്ടിരുന്നു. ഈ സംഭവങ്ങളെല്ലാം നോക്കിക്കൊണ്ടു വസിഷ്ഠൻ അടുക്കൽതന്നെ ഇരിക്കയായിരുന്നു. ലോകത്തിൽവച്ചു പുത്രഭാഗ്യംതന്നെ ഭാഗ്യം എന്നുള്ള തോന്നലാൽ, വസിഷ്ഠൻെറ കണ്ണുകളിലും ആനന്ദബാഷ്പം നിറഞ്ഞു. അച്ഛൻെറ തോളിൽ തലോടിക്കൊണ്ടു മടിയിലിരുന്ന എന്നെ വേഗംതന്നെ അവൻ (വസിഷ്ഠൻ) വന്നെടുത്തു്, തോളിലിരുത്തി ലക്ഷ്മണനെ മററേത്തോളിലും എടുത്തിരുത്തിക്കൊണ്ടു്, വാസനാബന്ധവിശേഷത്താൽ പുത്രവാഞ്ഛയെ പ്രകാശിപ്പിച്ചു. എന്നിട്ടു്, ഹേ ശ്രീരാമ! നിന്നെ പുത്രനായിവച്ചു ലാളിക്കുന്നതിനു എനിക്കു ഭാഗ്യമുണ്ടാകുമോ? എന്നു പറകയും കണ്ണുനീരാൽ എൻെറപാദം കഴുകുകയുംചെയ്തു. ഉടനേ, ഞാൻ ത്രിമൂർത്തിസ്വരൂപത്തിൽ വസിഷ്ഠനുമാത്രം ദർശനം കൊടുത്തു- അവൻ (വസിഷ്ഠൻ) ഉടനേ എന്നെനോക്കി "ഹേ ഭഗവൻ ഏകനായ നീ ഇങ്ങനെ മൂന്നായി തോന്നപ്പെടുന്നതുകൊണ്ടു്, നിങ്ങൾ മൂവരും പണ്ടു അത്രിമഹർഷിക്കു പുത്രരായി ജനിച്ചതുപോലെ എനിക്കും പുത്രരായി ജനിച്ചു് ഈ ദശരഥനെപ്പോലെ എന്നെയും ആനന്ദസമുദ്രത്തിൽ മുക്കുന്നതിനു കരുണയുണ്ടാകണം" എന്നപേക്ഷിച്ചു. തൽക്ഷണം ആ തോന്നൽ മായുകയും ഞാൻ മറയുകയുംചെയ്തു. എന്നിട്ടു്, അവൻ ദശരഥനെനോക്കി ഹേ രാജൻ! നീചെയ്ത പുണ്യംതന്നെപുണ്യം. നിനക്കു ഈ പുത്രഭാഗ്യം ഉണ്ടായതു കലേക്കോട്ടു മഹർഷിയുടെ അനുഗ്രഹത്താലല്ലയോ എന്നു ചോദിച്ചു. അതുകേട്ടു ദശരഥൻ വസിഷ്ഠനെ വണങ്ങി, "കലേക്കോട്ടു മഹർഷിയെവരുത്തി എനിക്കു പുത്രഭാഗ്യം ഉണ്ടാക്കിത്തന്നതു നിന്തിരുവടിയല്ലാതെ മററാരാണു്? ഹേമുനിശ്രേഷ്ഠ! അങ്ങേപ്പോലെയുള്ളമുക്തന്മാർക്കു പുത്രഭാഗ്യം ഒരു ഭാഗ്യമാണെന്നു തോന്നുന്നസ്ഥിതിക്കു ഞങ്ങളെപ്പോലെയുള്ള സംസാരികൾക്കു പുത്രവാഞ്ഛ എത്രകണ്ടു ശക്തിമത്തായിരിക്കും" എന്നു പറഞ്ഞു വന്ദിച്ചു. ഉടനേ വസിഷ്ഠൻ കുട്ടികളെ രണ്ടിനേയും രാജാവിൻെറ മടിയിൽവച്ചു് അനുനയപൂർവം യാത്രപറഞ്ഞു പിരിഞ്ഞുപോയി സ്വന്തവസതിയിലെത്തി. എന്നിട്ടു് അരുന്ധതിയെ വിളിച്ചു ഹേ സഹധർമ്മിണി! എനിക്കു അത്ഭുതപൂർവമായി ഇന്നു പുത്രവാഞ്ഛയുണ്ടായി. അതായതു് പുത്രഭാവേന ത്രിമൂർത്തികളെ ലഭിച്ചാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചു എന്നുപറഞ്ഞു.

**അരുന്ധതി**:—"സ്വാമി! ആശ എനിക്കും ഉണ്ടായതാണു്. ദേവസഭയിൽവവച്ചു് അനസൂയയുടെ ഭാഗ്യാതിശയത്തെ നാരദൻ പുകഴ്ത്തിയപ്പോൾ, ത്രിമൂർത്തികളെപുത്രരായി ലഭിച്ചാൽകൊള്ളാമെന്നു എനിക്കും മോഹംതോന്നി. അതുപോലെതന്നെ ആദിശക്തി, പർവതപുത്രിയായി ജനിച്ചു്, പരമശിവനെ കല്യാണം കഴിച്ചപ്പോൾ, ആദേവിയും മകളായി ജനിച്ചാൽകൊള്ളാമെന്നു ഞാൻ ആശിച്ചിട്ടുണ്ടു്.

ഇങ്ങനെ ആദമ്പതികൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നാരദൻ അവിടെ ച്ചെന്നു. അവൻ വസിഷ്ഠനോടിങ്ങനെ പറഞ്ഞു. "അല്ലയോ മുനിശ്രേഷ്ഠ! താങ്കളുടെയും പത്നിയുടേയും പുത്രവാഞ്ഛയുംമററു പലമഹർഷിമാരുടെ വാഞ്ഛകളുമെല്ലാംകലിയുഗത്തിൽ ഭഗവാൻ നിറവേററും, അതുകൊണ്ടു് ചാഞ്ചല്യമുണ്ടാകേണ്ട"

വസിഷ്ഠൻ ഇതുകേട്ടു നാരദനറിയുന്നകാര്യം നാടൊട്ടുക്കു പരത്തുമെന്നുള്ള ശങ്കയോടുകൂടി പറഞ്ഞു—"ഹേ മഹർഷേ! ത്രിമൂർത്തികളെ പുത്രരാക്കുവാനായി ഞങ്ങൾ മന

ഷ്യകാലത്തിൽ ജനിക്കുമ്പോൾ അന്ന്, ഞങ്ങൾക്കാചാര്യനായിരിക്കത്തക്കവണ്ണം മനുഷ്യനായി ജനിക്കണം. മൂർത്തിത്രയത്തെ ഞങ്ങൾക്കു പുത്രരായി ലഭിക്കുന്നതിനു താങ്കളുടെ നാവുകൊണ്ടുതന്നെ അനുഗ്രഹിക്കയും, അതിലേക്കു പ്രവർത്തിക്കയുംവേണം. അതുവരെ ഈ സംഗതി മറന്നതുപോലെ തള്ളിക്കളയേണം എന്നല്ലാതെ ആരോടും പറയരുതെന്നും അപേക്ഷയുണ്ട്"

ഇങ്ങനെ അവർതമ്മിൽ പറഞ്ഞൊത്തശേഷം നാരദൻ പിരിഞ്ഞുപോയി. ആ നാരദൻതന്നെയാണിപ്പോൾ ശ്രീപാദസ്വാമിയെന്ന നാമത്തിൽ ഭൂമിയിൽവന്നു ജനിച്ചിരിക്കുന്നത്. വസിഷ്ഠൻ വിദ്യോഭാവനായും അരുന്ധതി രുക്മാഭായിയായും അവതരിച്ചിരിക്കുന്നു. ഞാനും ഇവരും നിന്റെ അപേക്ഷപ്രകാരം വിദ്യോഭാവനു പുത്രരായി ജനിക്കാൻ പോകുന്നു. നിനക്കതുകൊണ്ടു സന്താപം ഉണ്ടാകേണ്ട. ഇങ്ങനെ അരുളിച്ചെയ്തശേഷം, മൂർത്തിത്രയവും ആദിശക്തിയും അന്തർധാനംചെയ്തു. ശ്രീപാദസ്വാമികൾ ഭഗവാന്റെ അരുളപ്പാടുകേട്ട്, അത്ഭുതപ്പെടുകയും, ആനന്ദിക്കയുംചെയ്തു. അനന്തരം ബ്രഹ്മധ്യാനനിഷ്ഠനായി ആനന്ദസമാധിയിൽ ലയിച്ചിരുന്നു.

അങ്ങനെയിരിക്കുമ്പോൾ, ശ്രീവൈകുണ്ഠത്തിൽ ഭഗവാൻ ശ്രീനാരായണൻ പരമശിവനെനോക്കി—ഹേ മഹാദേവ! ഭവാൻ ആദ്യമായിപോയി വിദ്യോഭാവന്റെ പുത്രനായി ജനിക്കണമ. ഞങ്ങൾ മൂവരും അങ്ങേ കനിഷ്ഠസോദര്യരായി അനന്തരം ഉത്ഭവിച്ചുകൊള്ളാം; എന്നരുളിച്ചെയ്തു. അതിനു പരമശിവൻ, ഹേ ഭഗവൻ! അങ്ങേ ഇഷ്ടപ്രകാരം ഞാൻതന്നെ മുമ്പേപോയി വിദ്യോഭാവനു പുത്രനാകാം. ഞാൻ ദുർവാസാവു മുതലായ അവതാരമൂർത്തികളായി എനിക്കു ശ്രേഷ്ഠത്വം ലോകത്തു പ്രതിപാദിച്ചു. അങ്ങ് വ്യാസാദ്യവതാരങ്ങൾ എടുത്ത്, അങ്ങേക്കു ശ്രേഷ്ഠത്വം പ്രതിപാദിച്ചു. ഈ പ്രതിപാദനങ്ങളെ അടിസ്ഥാനപ്പെടുത്തി പല മഹർഷിമാരും ശൈവവൈഷ്ണവപക്ഷപാതികളായിരണ്ടു കക്ഷിതിരിഞ്ഞ്, ചതുർവേദങ്ങളെ അന്യന്മാക്കറിയിക്കാതെ മറച്ചുവച്ച് ആറു ശാസ്ത്രങ്ങളിലും പതിനെട്ടു പുരാണങ്ങളിലും ഉപപുരാണങ്ങളിലുമായി തങ്ങളുടെ അഭിപ്രായത്തെ വിസ്തരിച്ചെഴുതിച്ചേർത്ത് സഗുണോപാസനത്തിനു പ്രാധാന്യം കല്പിക്കുകയും നിർഗുണോപാസനത്തെ ഉപനിഷത്തുകളിൽ വെളിപ്പെടുത്താതെ പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ട്, ജ്ഞാനം മറഞ്ഞ്, അജ്ഞാനം നിറഞ്ഞ്, കർമ്മകാണ്ഡത്തിനു ശക്തികൂടി ആത്മാവെ അന്വേഷിച്ചറിയുന്ന വിവേകം നശിച്ച്, ജ്ഞാനദൃഷ്ടി തെളിയാതെയും ഊനദൃഷ്ടി മറയാതെയും നിർഗുണധ്യാനപരരായ ഇസ്‌ലാം മുതലായ മതങ്ങളിൽ പലരും കടന്നുകൂടി ഹരിഹരന്മാരായ നമ്മെ ദൂഷിച്ച്, അധോഗതിയെ പ്രാപിച്ചിട്ടുണ്ട്. അതുകൊണ്ടു നാം ഇപ്പോൾ അവതരിച്ചാൽ, നിർഗുണധ്യാനക്രമത്തെ ഉപദേശിച്ച്, ഹീനമതസ്ഥന്മാരുടെ അജ്ഞാനങ്ങളെ വാദിച്ചു മാററി, വധംമുതലായ പാതകങ്ങളെച്ചെയ്യാതെ നമ്മെ പൂജിക്കത്തക്കവണ്ണം അവരെ ആസ്തികന്മാരാക്കണം എന്നു പറഞ്ഞു. അതുതന്നെ നല്ലതെന്നു ബ്രഹ്മാവും ആദിശക്തിയും സമ്മതിച്ചു. ഉടനെ ഭഗവാൻ പറഞ്ഞു—"ഞാൻ നിങ്ങളുടെ ഇഷ്ടംതന്നെസമ്മതിക്കുന്നു. ആത്മബോധികളായ ബ്രഹ്മജ്ഞാനികൾപോലുംസഗുണധ്യാനത്തിൽ ആസക്തരായി കാണപ്പെടുന്നതുകൊണ്ട്,പലക്കും ആ ധ്യാനക്രമം ഉപദേശിച്ച്, നിർഗുണധ്യാനന്മാരായ അന്യമതസ്ഥന്മാരെസഗുണധ്യാനപരന്മാരെക്കൊണ്ടുതോല്പിക്കുകയുംചെയ്യാം. അതുവഴി നിർഗുണധ്യാനപരന്മാരായവർ സഗുണോപാസനത്തിൽ മനസ്സുവയ്ക്കാൻ ഇടവരും. ആകാശത്തെ കൈകൊണ്ടെത്തിപ്പിടിക്കാൻ ഭാവിക്കുന്നതുപോലെ അരൂപമായ പരബ്രഹ്മത്തെ അനേകം ബുദ്ധികൾ ധ്യാനിച്ചു ഫലമടയാൻ പ്രയാസമാകകൊണ്ട്, സഗുണോപാസകന്മാരായി നമ്മെ പൂജിക്കേണ്ടതായിരിക്കെ, അതു ചെയ്യാതെ, ദോഷിച്ച് ദുഃഖമനുഭവിച്ച് മരിച്ച്, മനുഷ്യജന്മം പോലും കിട്ടാതെ അധോഗതിക്കു പാത്രീഭവിക്കുന്നു. എന്നല്ല, ദേഹാഭിമാനബ്രഹ്മജ്ഞാനിയും ലോകോപകാരകമായി ദേവപൂജ നാമജപം മുതലായവ അനുഷ്ഠിക്കേണ്ടതാണെന്നു വിധിയുമുണ്ട്. അല്ലയോ മഹാദേവ! ഭവാൻപോയി അവതരിച്ച്, ബ്രഹ്മധ്യാനത്തേയും നിർവികല്പധ്യാനത്തേയും ലോകത്തു പ്രചരിപ്പിക്കുക. എന്നരുളി

ച്ചെയ്തശേഷം പന്നരണ്ടുപേക്കും യാത്രപറഞ്ഞയയ്ക്കുകയുംചെയ്തു. അതനുസരിച്ചു്, പരമശിവൻ തന്റെ അംശത്തെ വിഡോഭാവന്റെ ബീജത്തിൽ ചേൎത്തി സമാധിയെ വെടിഞ്ഞു്, രുക്മാഭായിയിൽ പ്രേമവും കാമവും ഉദ്ദീപിപ്പിച്ചു. അചിരേണ അവൾ ഗൎഭവതിയായി സുമുഹൂൎത്തത്തിൽ അതിദിവ്യനായ ഒരു പുത്രനെ പ്രസവിക്കയുംചെയ്തു. പ്രസവസമയത്തു ദേവകൾ പൂമാരി ചൊരികയും ദേവദുന്ദുഭികൾ മുഴക്കുകയും ഉണ്ടായി. ആ വിശേഷസംഭവംകണ്ടു്, വിഡോഭാവനും പത്നിയും അത്യന്തം സന്തുഷ്ടരായിഭവിച്ചു. തങ്ങളുടെ ഓമനപ്പുത്രനെ അവർ വാത്സല്യപൂൎവ്വം ലാളിച്ചു വളൎത്തിവന്നു. സൎവ്വസംഗപരിത്യാഗിയായ പരമഹംസനെപ്പോലെ ഒട്ടും അനക്കമില്ലാതെ മൌനാദീക്ഷിക്കശീലമായ ആ കുട്ടിക്കു നിവൃത്തിസാധുവെന്നു നാമകരണംചെയ്തു. വീണ്ടും ഭഗവാന്റെ അംശംകൊണ്ടു രുക്മാഭായി യഥാകാലം ഒരു പുത്രനെ പ്രസവിച്ചു. പ്രസവിച്ചപ്പൊഴേതന്നെ, എല്ലാവരെയും അത്ഭുതപ്പെടുത്തത്തക്ക ജ്ഞാനോപദേശങ്ങളോടുകൂടിപ്പിറന്ന ആ കുമാരനു ജ്ഞാനേശ്വരൻ എന്നുതന്നെപേരിട്ടു. മൂന്നാമതും ബ്രഹ്മാംശത്താൽ രുക്മാഭായി ഒരു പുത്രനെ പ്രസവിച്ചു. ആ കുട്ടിപിറന്നുവീണപ്പോൾ ഉണങ്ങിനിന്ന വൃക്ഷങ്ങൾ തളിൎത്തും മരിച്ചുകിടന്ന എറുമ്പുമുതലായ ജന്തുക്കൾ ജീവിച്ചും കാണപ്പെട്ടതുകൊണ്ടു് ശോഭനമായമുഹൂൎത്തത്തിലാണു് കുമാരന്റെ ജനനമെന്നു സന്തോഷിച്ചു മാതാപിതാക്കൾ അവനു ശോഭനദേവൻ എന്നു പേരിട്ടു വളൎത്തിവന്നു. ആദിശക്തിയുടെ അംശംകൊണ്ടു വീണ്ടും ഗൎഭംധരിച്ച രുക്മാഭായി, യഥാകാലം ഒരു പുത്രിയെ പ്രസവിച്ചു. ജനിച്ചപ്പോൾതന്നെ മൌനമേ മുക്തിയെന്നു ഉച്ചരിച്ച ആ കുട്ടിക്കു മുക്താഭായിയെന്നു പേരിട്ടു. ഈവിധമഹിമകളോടുകൂടിയ ആ കുട്ടികൾ നാലിനേയും, വിഡോഭാവനും രുക്മാഭായിയും കണ്ടാനന്ദിച്ചു വാത്സല്യപൂൎവ്വം വളൎത്തിവന്നു.

ആറാംഅദ്ധ്യായം സമാപ്തം.

---

## ഏഴാംഅദ്ധ്യായം.

### (വിഡോഭാവൻ സംസാരനിവൃത്തിക്കു പരബ്രഹ്മത്തെ സ്തുതിച്ചതു്)

ശ്രീമന്നാരായണസ്വാമിയുടെ തൃക്കാലടികൾ ഭക്തിപൂൎവ്വംസേവിച്ചുധ്യാനിച്ചിരിക്കുന്ന സിദ്ധന്മാരേ! ത്രിമൂൎത്തികളും ആദിശക്തിയും തനിക്കു മക്കളായിജനിക്കത്തക്ക ഭാഗ്യത്തോടുകൂടിയും പരമഹംസന്മാൎക്കുപോലും സിദ്ധിക്കാൻ പ്രയാസമായ ബ്രഹ്മൈക്യത്തെ പ്രാപിച്ചും, ബോധഭേദങ്ങളില്ലാതെ മൌനനിഷ്ഠയോടുകൂടി തപോവൃത്തിയനുഷ്ഠിച്ചിരുന്ന വിഡോഭാവൻ 'ബ്രഹ്മജ്ഞാനിയുടെ മനസ്സുംപുത്രനെക്കാണുമ്പോൾ അലിയും' എന്നുള്ള പഴമൊഴിയനുസരിച്ചു്, കുട്ടികളിൽ വാത്സല്യം വൎദ്ധിച്ചു സംസാരബദ്ധനായിഭവിച്ചു. രുക്മാഭായി ആഴ്ചയിലൊരിക്കൽ അച്ഛന്റെവീട്ടിൽപോയി ഭക്ഷണസാധനങ്ങൾ കൊണ്ടുവരികയും ഭൎത്താവിനും കുട്ടികൾക്കും പാകപ്പെടുത്തിക്കൊടുത്തു താനും ഭക്ഷിക്കയുംചെയ്തുവന്നു. ഇങ്ങനെ ആറുസംവത്സരംകഴിഞ്ഞു. അപ്പോഴേക്കു ശിദ്ധോബന്ധുവിന്റെ സമ്പത്തെല്ലാംനശിച്ചു്, മഹാദാരിദ്ര്യാവസ്ഥയെ പ്രാപിച്ചു. നിത്യവൃത്തിക്കു ഭിക്ഷയെടുക്കേണ്ട നിലയിലായി. രുക്മാഭായി അതറിഞ്ഞു് ഭൎത്താവിനെ വന്ദിച്ചുപറഞ്ഞു. നമുക്കു ഭക്ഷണത്തിനുവേണ്ടമുതൽ പലകാലമായിത്തരുകകൊണ്ടു അച്ഛൻ ദരിദ്രനായിത്തീൎന്നിരിക്കുന്നു. ഇക്കാട്ടിലിരുന്നാൽ നമുക്കും കുട്ടികൾക്കും ആഹാരത്തിനുയാതൊരുമാൎഗ്ഗവും ഞാൻ കാണുന്നില്ല. നാട്ടിൽപോയാൽ ഭിക്ഷയെടുത്തെങ്കിലും കാലക്ഷേപംചെയ്യാം"—എന്നറിവിച്ചു.

വിഡോബാവൻ അതുകേട്ട്, സംസാരികളുടെ സങ്കടങ്ങളെക്കുറിച്ചു ചിന്തിച്ചുശ ഹിച്ചുകൊണ്ട് "ഹാകഷ്ടം! എൻെറ സമാധിയും തപസ്സെല്ലാം നശിക്കാൻ കാരണം ഈ സംസാരംതന്നെ എന്നു നിശ്ചയിച്ച്, ഭാര്യയെനോക്കി—പ്രിയതമെ! അങ്ങിനെയാണെങ്കിൽനീ കുട്ടികളുമായി നാട്ടിൽപോയിരുന്നു കാലക്ഷേപംചെയ്യുക. ഞാൻകാട്ടിലെങ്ങാനുംതന്നെ ഇരുന്നുകഴിച്ചുകൂട്ടിക്കൊള്ളാം.

രുക്മാബായി:—"പ്രാണനാഥ! ഭാര്യമാൎക്കു ദൈവം ഭൎത്താവാണ്. ആ ഭൎത്താവിനെപ്പിരിഞ്ഞിരിക്കുവാൻ കുലസ്ത്രീകൾക്കു വിധിയില്ല. പിരിഞ്ഞിരുന്നാൽ നരകമുണ്ടെന്നാണു ശാസ്ത്രവും. അങ്ങിപ്രകാരംപറയുന്നതു തപസ്സിലുള്ള നിഷ്ഠകൊണ്ടായിരിക്കാം. അതു ശരിതന്നെ. നമുക്കു ഈ വിഷമത നേരിട്ടതു കുട്ടികൾമൂലമാണല്ലോ. അവരെ ഇക്ഷണത്തിൽ ഞാൻ വീട്ടിൽകൊണ്ടാക്കീട്ടു മടങ്ങിവരാം" എന്നുപറഞ്ഞു. വിഡോബാവൻ തൻെറ മനോഗതിപോലെതന്നെ അവൾ പറയുന്നതുകേട്ടപ്പോൾ സന്തോഷമായി. വേഗംതന്നെ കുട്ടികളെക്കൊണ്ടാക്കീട്ടുവരിക എന്നു ഭാര്യയോടാജ്ഞാപിച്ചു. രുക്മാബായി നാട്ടിലേക്കു പോകുമ്പോൾ തനിക്കു അവിടെനിന്നും മറിപ്പോയുള്ളയാമെന്നായിരുന്നു അയാളുടെ വിചാരം. ഭൎത്തൃവാക്യം അലംഘ്യമാണെന്നുള്ള വിചാരത്താൽ രുക്മാബായി കുട്ടികളെയുംകൊണ്ടു നാട്ടിലേക്കുതിരിച്ചു. അതു നല്ലതക്കമാണെന്നുകരുതി വിഡോബാവൻ സംസാരബന്ധത്തിൽനിന്നും ഒഴിഞ്ഞിരിക്കുന്നതാണുത്തമം എന്നുള്ളവിചാരത്തോടുകൂടി ഒഴിഞ്ഞു കാട്ടിൽ തപസ്സിനുപോകാനായി. എഴുനേററു തിരിക്കുകയും കുറച്ചുദൂരംചെന്നപ്പോൾ സംസാരേച്ഛ മനസ്സിൽ സ്ഥലം പിടിക്കയാൽ ഭാര്യയെ പ്രതീക്ഷിച്ചിരിക്കാനായി വീണ്ടും ഗൃഹത്തിലേക്കു വരികയും ആരെ ആർ രക്ഷിക്കുന്നു എല്ലാം ഈശ്വരൻതന്നെ എന്നുവിചാരിച്ചു പിന്നെയും കാട്ടിലേക്കു തിരിക്കയും കാലുപൊങ്ങായ്കയാൽ വീണ്ടും മലയിലേക്കു മടങ്ങുകയും പിന്നെയും പോകയും വരികയും ഇങ്ങിനെ വളരെനേരം ഊഞ്ഞാലുപോലെ അങ്ങോട്ടുമിങ്ങോട്ടുമാടി നടന്നു ഒടുവിൽ സംസാരേച്ഛ അശേഷം നീങ്ങി മനസ്സുതെളിഞ്ഞു ബ്രഹ്മജ്ഞാനം ഉദിച്ചു മോക്ഷത്തിൽ ബുദ്ധിയുറപ്പിച്ചു ഒരു കൊടുംകാട്ടിൽ പ്രവേശിച്ചു. ഇതു തപസ്സിനു പററിയസ്ഥലംതന്നെയെന്നു സന്തോഷത്തോടുകൂടി ഗുരുനാമങ്ങളെ കീൎത്തിച്ചുകൊണ്ടു, ബ്രഹ്മധ്യാനനിഷ്ഠനായി പത്മാസനംഉറപ്പിച്ചു ദേഹത്തെയിളക്കാതെ കണ്ണുമടച്ചു ജീവാത്മപരമാത്മാക്കളെ ഏകീകരിച്ചിരുന്നു. പൂൎവ്വജന്മസഞ്ചിതമായ പ്രാരബ്ധങ്ങളും തജ്ജന്യങ്ങളായ വാസനകളും അശേഷംനശിപ്പിച്ചു ചിത്രദീപംപോലെയും നിൎവ്വാതദീപംപോലെയും ബ്രഹ്മാനന്ദത്തിൽ ലയിച്ചുദേഹസ്നേഹമോസ്മരണയോ കൂടാതെ സ്ഥിതിചെയ്തു.

അദ്ദേഹം അവിടെ അങ്ങിനെയിരിക്കുമ്പോൾ രുക്മാബായി കുട്ടികളെയുംകൊണ്ടുവീട്ടിൽ എത്തി അച്ഛനമ്മമാരെക്കണ്ടു പ്രിയപ്പെട്ടമാതാപിതാക്കന്മാരേ! ഈ കുട്ടികളെ നിങ്ങൾതന്നെ മേലാൽ രക്ഷിക്കേണ്ടിയിരിക്കുന്നു. കാട്ടിലിരിക്കുന്ന ഞങ്ങൾക്കു അതിനുനിവൃത്തിയില്ല. അതുകൊണ്ടു അവരെ ഇവിടെകൊണ്ടേല്പിക്കണമെന്നു അദ്ദേഹം പറഞ്ഞതനുസരിച്ചാണു ഞാൻ വന്നതു്. അതുകേട്ടു ശീതാബന്ധു പ്രിയപുത്രീ! മക്കൾക്കുവേണ്ടി മഹർഷിമാർപോലുംതപസ്സുചെയ്യുന്നുണ്ട്. അങ്ങിനെയിരിക്കെ ദുർല്ലഭമായതപോബലത്താലും ഗുരുവിൻെറ അനുഗ്രഹത്താലും ലഭിച്ച ഈ ഓമനസ്സന്താനങ്ങളെപ്പിരിഞ്ഞു ഇരുന്നുകളയാമെന്നു വിഡോബാവൻ ധൈര്യപ്പെട്ടുവോ? നിനക്കും അതിനു ധൈര്യം എങ്ങിനെയുണ്ടായി! നിന്നെപ്പിരിഞ്ഞു ഒരുനിമിഷനേരമെങ്കിലും അവർ ഇരിക്കുമോ?

രുക്മാബായി:—ഈ കുട്ടികൾമൂലം എൻെറ ഭൎത്താവിൻെറ ബ്രഹ്മജ്ഞാനം കുറഞ്ഞുപോകുമെന്നു ഭീതിയായിരിക്കുന്നു. എന്തെന്നാൽ അവൎക്കുവേണ്ടി നിത്യവുംഫലമൂലങ്ങൾ അന്വേഷിച്ചു പോകാനും ദൂരദേശങ്ങളിലുള്ള അരുവികളിൽപോയി വെള്ളംകോരിക്കൊണ്ടു വരുവാനും മററും കുട്ടികളെ ഒന്നും വേണ്ടപോലെ നോക്കാനും ഒക്കുന്നില്ല. ബ്രഹ്മധ്യാനത്തിനു നേരം കിട്ടുന്നില്ല. അതുകൊണ്ടു മുഷിഞ്ഞു ഒരുവിധത്തിൽ ഇതുവരെക്കഴിച്ചുകൂട്ടി. ഇനിയും അതിനു നിവൃത്തിയില്ലെന്നുകണ്ടു അവരെ നാട്ടിൽ കൊണ്ടാക്കീട്ടു വരണം എന്നു അദ്ദേഹ

എന്നെ നിയോഗിച്ചയച്ചിരിക്കയാണ്. ഭർത്താവിന്റെ വാക്കനുസരിക്കയല്ലാതെ കുല സ്ത്രീകൾക്കു വേറെ എന്തൊരു ഗതിയാണ്. എന്നുതന്നെയല്ല രണ്ടാമതും ഇപ്പോൾ അദ്ദേഹം സമാധിക്കൊരുമ്പെട്ടിരിക്കുന്ന അങ്ങനെയാണെങ്കിൽ ഞാൻ ഇവിടെ വന്നുവല്ലേ ക്ഷണസാധനങ്ങളുമൊക്കെ വാങ്ങിക്കൊണ്ടുചെല്ലുംപോഴേക്കു കുട്ടികളെ ഹിംസ്രമൃഗങ്ങൾ കടിച്ചുതിന്നാലുമായി. ഏതായാലും കുട്ടികളെ ഇവിടെക്കൊണ്ടാക്കണമെന്നാണദ്ദേഹം പറഞ്ഞത്? ഏതിന്നുത്തരം പറവാൻ എനിക്കു ധൈര്യവുമില്ല.

ശ്രീതോബെസ്ഥു:—അങ്ങനെയാണെങ്കിൽ നിന്റെ ഭർത്താവിനുകൂടി ഇങ്ങോട്ടുപോരാമായിരുന്നില്ലേ? തപസ്സ് കാട്ടിൽതന്നേ ആകാവൂ എന്നുണ്ടോ? വീട്ടിലിരുന്നാലും നിർവ്വഹിക്കാവുന്ന ഒരു കാര്യമല്ലേ?

രുക്മാബായി:—അതൊന്നും എനിക്കു ചോദിക്കാനും പറവാനും അവകാശമില്ല. ഭർത്താവിന്റെ കല്പനപ്രകാരം ഞാൻ ചെയ്തിരിക്കുന്നു. ഇനി എനിക്കിവിടെനിന്നുതാമസിക്കാൻ തരമില്ല. എന്നുപറഞ്ഞു കുട്ടികളെ രണ്ടാളെയും അരികിൽവിളിച്ചു ആലിംഗനംചെയ്തശേഷം ഒഴുകുന്ന കണ്ണുനീരോടുകൂടി കാട്ടിലേക്കു പോകാൻ പുറപ്പെട്ടു. അമ്മാ അമ്മാ! എന്നുപുറകേവിളിക്കുന്ന കുട്ടികളുടെ നിലവിളിയും കുട്ടികളെക്കാളും ഭർത്താവോ വലുത് എന്നുള്ള കാണികളുടെ ചോദ്യവും കേൾക്കാതെ തിരിഞ്ഞു കുട്ടികൾ ഇരിക്കയില്ല എന്നുള്ള മാതാവിന്റെ അവലാതിയും ദൈവമേ! ഇതെന്തൊരു ധർമ്മസങ്കടം എന്നിങ്ങനെ പിതാവിന്റെ വിലാപവും വകവയ്ക്കാതെ അവൾ പണ്ട് നളനോടുകൂടികാട്ടിൽപോയ ദമയന്തിയുടെയും രാമചന്ദ്രനോടുകൂടി (വനവാസത്തിനു) പോയ സീതാദേവിയുടെയും കഥകളെ ഉദാഹരണമാക്കിപ്പറഞ്ഞു തനിക്കുംപോകാതെനിവൃത്തിയില്ലെന്നുസ്ഥാപിച്ചുകൊണ്ടു ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞു. ഒട്ടുദൂരംചെന്നപ്പോൾ പൈതലേ! വേർപെട്ടുപോയ പശുവിനുള്ളാധിപറഞ്ഞറിയിച്ചീടരുതല്ലോ എന്നുപറഞ്ഞതുപോലെ കുട്ടികളെക്കുറിച്ചുള്ള ആശ അവളുടെ ഗതിയെതടുത്തു. ഒരുവിധത്തിലും തടുക്കാൻ പാടില്ലാതെ അതുമുന്നിട്ടു കയറിയപ്പോൾ അവൾ തിരിഞ്ഞുനടന്നു വീട്ടിൽവന്നെത്തി കുട്ടികളെ കൈകൊണ്ടുവാരിയെടുത്താശ്ലേഷിച്ചു ചുംബിക്കയും തലോലിക്കയുംമറ്റുംചെയ്തശേഷംവീണ്ടും ഭർത്താവിനെക്കുറിച്ചോർത്തു, ഉടനേ വെളിക്കിറങ്ങിക്കാട്ടിലേക്കു നടന്നു. വീണ്ടും കുട്ടികളെക്കുറിച്ചുള്ള വിചാരംതുടങ്ങി. രണ്ടാമതും അവൾ വീട്ടിലേക്കു മടങ്ങി, ഇങ്ങനെ പലപരിവൃത്തി വീട്ടിലേക്കും കാട്ടിലേക്കും, ഉള്ളയാത്ര ആവർത്തിക്കേണ്ടിവന്നു. രണ്ടുപുറത്തും അഗ്നിയിട്ടിരിക്കുന്നതിന്റെ നടുവിൽ പെട്ടാലെന്നപോലെ, അവൾ, ധർമ്മസങ്കടത്തിൽ പെട്ടുകുഴങ്ങി, ഒടുവിൽ ദൃഢനിശ്ചയയായി കാനനത്തിലേക്കുതന്നെ തിരിച്ചു. മലയുടെ ഗുഹയിൽചെന്നുനോക്കിയപ്പോൾ, ഭർത്താവിനെക്കാണാഞ്ഞു, അത്യന്തം അധീരയായി. സമീപപ്രദേശങ്ങളിലൊക്കെച്ചുററിനോക്കീട്ടും കണ്ടില്ല. മടങ്ങിപ്പോകാമെന്നുവച്ചാൽ നേരവും വൈകിക്കഴിഞ്ഞു. അതിനാൽ സമീപമുള്ള കാടുകളിലെങ്ങാനുംകാണുമെന്നാശിച്ചു വീണ്ടും അന്വേഷണംതുടങ്ങി. കല്ലുകളും മുള്ളുകളും ചാടിട്ടിയും കൊതുകുകളുടെയും പുഴുക്കളുടെയും കടിയേററും വഴിയറിയാതെ കുണ്ടിലും കുഴിയിലും പതിച്ചും, കരടി, പുലിമുതലായ ദുഷ്ടമൃഗങ്ങളെക്കണ്ടുഭയപ്പെട്ടും, രക്തത്താലും കണ്ണുനീരാലും അഭിഷിക്തയായി, വിധാതാവിനെച്ചൊല്ലിവിലാപംതുടങ്ങി—ഹേ പ്രാണനാഥ! സർവ്വസംഗപരിത്യാഗിൻ! സർവ്വസംകടപരിഹരണ! നീ എന്നെച്ചതിച്ചുവോ? ഇങ്ങനെചെയ്യുമെന്നാരറിഞ്ഞു. ദുഷ്ടമൃഗങ്ങളാൽ പരിപൂർണ്ണവുംകണ്ടകശർക്കരാസങ്കടവുമായുള്ള ഈ കൊടുങ്കാട്ടിൽ ഈ ക്രൂരത്വം, അനാഥയായ ഒരബലയെതള്ളിക്കളയുവാൻ തന്മനഃകാഠിന്യം, ദയാലുവായ അങ്ങേക്കുണ്ടായോ? സംസാരത്തിൽനിന്നു മുക്തനാകണമെന്നുദ്ദേശിച്ചാണോ നിന്തിരുവടി ഇങ്ങനെചെയ്തത്? മാതാപിതാക്കളേയും പരിത്യജിച്ചുവോ? അങ്ങു മോക്ഷാശയാൽ നിർവ്വികല്പസമാധിയിൽ ലയിച്ചിരിക്കയാണോ? ഘോരമൃഗങ്ങളുടെ ഗർജ്ജനംകേട്ട്, എനിക്കുഭയം തോന്നുന്നു. അങ്ങേകാണായ്കകൊണ്ടു മനസ്സു നടുങ്ങുന്നു. ഇരുട്ടുകൊണ്ടു വഴികാണാൻപാടില്ല. എന്റെ ദയനീയമായ ഈ വിലാപങ്ങളിൽ കേട്ടിട്ടും അങ്ങേക്കു കരുണതോന്നുന്നില്ലയോ? ഭയത്താൽ ഞാൻ മരിച്ചുപോകുമെന്നു ഭീരുവായിരിക്കുന്ന എ

ന്നെ ഇത്രമാത്രം പരീക്ഷിച്ചാൽപോരേ! ഹേ പുണ്യപുരുഷ! ഭൂതദയാലോ ഞാൻ ഏകാകിനിയായി ഈ കൂരിരുട്ടിൽ അങ്ങേ അന്വേഷിച്ചലഞ്ഞുതിരിയുന്നു. അങ്ങേ ഒരുശബ്ദം കേട്ടെങ്കിൽ എനിക്കാശ്വാസമായേനേ—ഇനി അധികസമയം പ്രാണധാരണംചെയ്യാൻ എനിക്കു സാധിക്കുമെന്നു തോന്നുന്നില്ല. ഇങ്ങനെ വിലപിച്ചുകൊണ്ടുനടന്നു്, ഒരുവിധത്തിൽ നേരംവെളുപ്പിച്ചു. അനന്തരം മലയുടെഗുഹയിലും ദ്രോണികളിലുംമററും വളരെ പരിശോധിക്കയും കാണാഞ്ഞു വിഷാദിച്ചു കണ്ണുനീരൊലിപ്പിക്കയുംചെയ്തുകൊണ്ടു്, പണ്ടു സീതയെക്കാണാഞ്ഞു വൃക്ഷലതാദികളോടുപോലും വിളിച്ചുചോദിച്ചുകൊണ്ടു ചുററിനടന്ന ശ്രീരാമനെപ്പോലെ, കാനനമൃഗത്തോടും പക്ഷിയോടും മരത്തോടും വിഠോബാവനെക്കണ്ടോ കണ്ടോ എന്നു ചോദ്യംതുടങ്ങി. നിഷ്ഫലമായ ആ പ്രയത്നം ഒടുവിൽ ദൈവസ്തോത്രത്തിൽ അവസാനിച്ചു. ഹാ പത്മനാഭ! പരമപുരുഷ! ഭർത്താവിനു എന്നിൽ കരുണയുദിപ്പിക്കുമാറാകണേ! പുത്രവാത്സല്യത്താൽ എനിക്കുവന്ന വിപത്താണിതു്. ഈ ദുഃഖം മുൻകൂട്ടിയറിഞ്ഞിരുന്നെങ്കിൽ പുത്രവാഞ്ഛയെനിക്കുണ്ടാകയില്ലായിരുന്നു. അല്ലയോ ഭഗവാനേ! എന്റെ ഭർത്താവിനെ വല്ലമൃഗങ്ങളും കടിച്ചുകൊന്നുവോ തിന്നുവോ? അതോ സംസാരവൈരാഗ്യത്താൽ അദ്ദേഹം എന്നെ വിട്ടൊഴിഞ്ഞു മറഞ്ഞുവോ? എന്നെപ്പോലെ നിർഭാഗ്യ ഈ ലോകത്തിൽആരുണ്ടു്? ആരും ചെയ്യാത്ത മഹാപാപം ഞാനെന്താണു ചെയ്തതു്? വിവാഹം കഴിഞ്ഞിട്ടിപ്പോൾ പതിന്നാലുസംവത്സരമായിരിക്കുന്നു. ഇതിനകം ഒരുദിവസമെങ്കിലും എനിക്കു സുഖപ്പെടുക്കാൻ സാധിച്ചിട്ടില്ല. മുഴുവൻ ദുഃഖപരിപൂർണ്ണമായിട്ടാണു കഴിഞ്ഞതു്. ഹേ ആദികാരണ! അനന്തശയന! കമലനയന! പാണ്ഡുരംഗ! ശ്രീരംഗ നാരായണ! എന്നിങ്ങനെ നിലവിളിച്ചുകൊണ്ടു, നോക്കിയദിക്കിലൊക്കെത്തന്നെപിന്നെയുംനോക്കിയും കണ്ണുനീർ വാർത്തുംചുററിനടന്നു.

അങ്ങനെയിരിക്കെ വീട്ടിലിരുന്ന കുട്ടികൾ നാലുപേരിൽ നിവൃത്തിസാധുവെന്നു പേരായ മൂത്തകുട്ടി, മാതാപിതാക്കളെവിചാരിച്ചു വിലപിച്ചു. ഹാ കഷ്ടം! എന്റെഅമ്മ എവിടെപ്പോയി? ഇതാവരുന്നു എന്നുപറഞ്ഞിട്ടാണല്ലോ ഇന്നലെപ്പോയതു്. അതുപോലെതന്നെ എന്നെ സർവ്വദാ തോളിലും മടിയിലുംവച്ചു ലാളിക്കുക പതിവായിരുന്ന, എന്റെ പ്രിയപ്പെട്ട പിതാവെവിടെ? പ്രിയപ്പെട്ട അമ്മേ വാത്സല്യമേറിയ അച്ഛാ! എന്നോരോ വിലാപത്തോടുകൂടി അമ്മപോയ വഴിനോക്കി ഇറങ്ങിനടന്നു. അപ്പോൾ അതിനിളയകുട്ടിയായ ജ്ഞാനേശ്വരൻ, പ്രിയമേറിയ അമ്മേ! അച്ഛ നിങ്ങൾ എവിടെ? എന്നുവിലപിച്ചുകൊണ്ടു്, പുറകേ ഇറങ്ങിത്തിരിച്ചു. അതുകണ്ടു്, മാതാപിതാക്കളെച്ചൊല്ലിക്കരഞ്ഞുവിളിച്ചു്, അതിനിളയകുട്ടികൾരണ്ടുംകൂടിയിറങ്ങി തിരിച്ചറിവില്ലാത്ത ആ കുട്ടികളുടെ സംരംഭംകണ്ടു്, ശീതോബാസ്ധു ഓടിയിറങ്ങിച്ചെന്നു്, അവരെ മുന്നിട്ടുതടഞ്ഞു്, "എന്റെ ഓമനകളേ! നിങ്ങൾ എവിടേക്കാണുപോകുന്നതു്? നിങ്ങളുടെഅച്ഛനുമമ്മയുമിപ്പോൾവരും. നിങ്ങൾ വീട്ടിൽകയറിപ്പോവിൻ! നിങ്ങൾക്കു മധുരമുള്ള പലഹാരങ്ങളുംമററും തരാം. എന്നോരോന്നുപറഞ്ഞു സമ്മതിപ്പിച്ചു വീട്ടിൽകൊണ്ടുപോയി. എന്നിട്ടും കുട്ടികളുടെ കരച്ചിൽനിന്നില്ല. അവർ വൈകുന്നതുവരെ അമ്മേ! അമ്മേ അച്ഛ! അച്ഛ! എന്നുചൊല്ലിക്കരഞ്ഞുകൊണ്ടിരുന്നു. അതുകണ്ടു ശീതോബസ്ധുവിനു വ്യസനം ഉണ്ടായി. അദ്ദേഹം സർവസാക്ഷിയായ ദൈവത്തെച്ചൊല്ലി നിലവിളിച്ചു. ദൈവമേ ഇതെന്തൊരുസങ്കടമാണു്? ഞങ്ങളേയും ഈ കുട്ടികളേയും ഇങ്ങനെയിട്ടു ദുഃഖിപ്പിക്കുന്നതു നിന്തിരുവടിക്കു ധർമ്മമാണോ? തൃക്കണ്ണുകളാൽ ഈ കുട്ടികളെ ഒന്നുനോക്കരുതോ! വിഠോബാവനെ നാട്ടിൽകൊണ്ടുവന്നുചേർക്കരുതോ? അച്ഛനമ്മമാരെപ്പിരിഞ്ഞിരിക്കാൻ ശക്തരല്ലാതെ ഇതാ ഈ അറിയാത്തകുട്ടികൾ കിടന്നു നിലവിളിക്കുന്നു, അങ്ങേക്കു കരുണയില്ലയോ? അതോ ഞങ്ങളുടെ പാപശേഷത്താലിങ്ങനെ ദുഃഖിപ്പിക്കുന്നുവോ? ഹേപരമേശ! പരിശുദ്ധ! എന്നുപരിദേവനംതുടങ്ങി, അദ്ദേഹത്തിന്റെ ഭാര്യയും അപ്രകാരംതന്നെകരഞ്ഞുവിളിച്ചു്, കുട്ടികളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ഇങ്ങനെ മൂർത്തിത്രയത്തിന്റേയും ആദിശക്തിയുടേയും അംശമായ ആ ബാലരും അരുന്ധത്യംശമായ രുക്മാബായിയും അവരുടെ മാതാപിതാക്കന്മാരും സങ്കടത്തോടുകൂടി നിലവിളിച്ചപ്പോൾ, കൊടുങ്കാട്ടിൽ സമാധി

യിലിരുന്ന വിഠോബാവന്റെ ധ്യാനം തനിയേ അഴിഞ്ഞു. അദ്ദേഹത്തിനു പുത്രന്മാരെക്കുറിച്ചു ആശയും വാത്സല്യവുംതോന്നി. അവരുടെ വേർപാടിനെക്കുറിച്ചു ദുഃഖിച്ചു. അടിക്കടി അവരെ വിചാരിച്ചു കണ്ണുനീർ വാർത്തുകരഞ്ഞു. സമാധിയഴിഞ്ഞു പുത്രവാഞ്ഛ വർദ്ധിച്ചപ്പോൾ, അദ്ദേഹം ദൈവത്തെച്ചൊല്ലി, “ഹേ ദേവാധിദേവ! പരമാത്മൻ! വൈരാഗ്യത്തോടുകൂടിയിരുന്ന എനിക്കു വിവാഹമുണ്ടാക്കിവച്ചതെന്തിന്? എന്നിട്ടും സന്ന്യസിച്ചിറങ്ങിയ എന്നെവീണ്ടും സംസാരത്തിൽ കുടുക്കിയതെന്തിന്? നിഷ്കാമനായ എനിക്കു കാമംവർദ്ധിപ്പിച്ചതെന്തിന്? കുട്ടികളെ ആവശ്യമില്ല എന്നുനിശ്ചയിച്ചിരുന്ന എനിക്കു നാലുകുട്ടികളെ എന്തിനു പ്രദാനംചെയ്തു—കേവലം വിശുദ്ധനമായ എന്നെ ഭ്രഷ്ടനെന്നു ബ്രാഹ്മണരെക്കൊണ്ടു പറയിച്ചതെന്തിന്? അതൊക്കെ അങ്ങനെയായെങ്കിലുംപ്രിയപ്പെട്ട ആ കുട്ടികളെ പിരിഞ്ഞിരിക്കണമെന്നുള്ള നിർബന്ധബുദ്ധി, എനിക്കുതോന്നിയതെന്തിന്?” ഇങ്ങനെ ഓരോവിലാപങ്ങൾചെയ്തശേഷം പത്നിയേയും പുത്രന്മാരേയുംകുറിച്ചു വാത്സല്യം വർദ്ധിച്ചു; ഹേ നിവൃത്തിസാധോ! ജ്ഞാനേശ്വര! നിങ്ങളുടെ സ്പർശം യാതൊരുസിദ്ധികൊണ്ടും ലഭിക്കാത്ത മനോനിർവൃതിയെച്ചെയ്യുന്നതാണ്. അങ്ങനെയുള്ള നിങ്ങളെപ്പിരിഞ്ഞിരിക്കാൻ എനിക്കുതോന്നിയതെന്തുകൊണ്ട്? മുജ്ജന്മപാപശേഷഫലമായിരിക്കാം. ഹേ സോപാനദേവ! മഹാഭാഗ! മുക്തിദായക നിങ്ങളുടെ ദർശനംതന്നെ എനിക്കെത്രത്തോളം ആനന്ദത്തേയും അണിമാദിസിദ്ധികളേയും ദാനംചെയ്യുന്നതുപോലെ പരിപാവനം ആകുന്നു. എന്നുപറഞ്ഞു കരയുകയും ഇടയ്ക്കിടെ വിവേകമുണ്ടായിപുത്രവാഞ്ഛവെടിഞ്ഞു സമാധിയിൽ ലയിക്കയും വീണ്ടും സമാധിയഴിഞ്ഞു ഭാര്യയെവിളിച്ചു വിലപിക്കയും, വീണ്ടും ആത്മാഭിപരിത്യജിക്കയും നിശ്ചയിലിരിക്കയും പിന്നെയും നിഷ്ഠഅഴിയുകയും തന്നത്താനെ ശപിക്കയും വിലപിക്കയുംചെയ്തു. വളരെനേരം കഴിഞ്ഞപ്പോൾ മനസ്സിളകി ഭ്രമിച്ചു സമാധിരക്ഷിക്കാൻ ശക്തനല്ലാതെ പണ്ട്, അശരീരിവാക്കുണ്ടായതും വിവാഹംചെയ്തതും വൈരാഗ്യംതോന്നിയതും സന്ന്യസിച്ചതും, ഇങ്ങനെ ഓരോപൂർവ്വചരിത്രങ്ങൾ വിചാരിച്ചുവിചാരിച്ചു ഒന്നുംതോന്നാതെയും ഒന്നിനും ആളല്ലാതെയും ഭവിച്ചു. ആ പരിഭ്രമത്തിൽ പരബ്രഹ്മത്തെസ്തുതിക്കാൻതുടങ്ങി:—

## പരബ്രഹ്മസ്തുതി.

അംബരോപമമെങ്ങുമെങ്ങുമടഞ്ഞുതിങ്ങിനിറഞ്ഞതായ്
സംവിദാത്മകമായ്സ്വയംഭവശംഭുവാൽഭജനീയമായ്
കമ്പമറ്റമകമ്പമായഴിവററനുഗ്രഹവസ്തുവായ്
ബിംബമായുമബിംബമായുമെഴുന്നസൽപരബ്രഹ്മമേ!
ഭൂതരാശിമനസ്സതൊട്ടെഴുമിന്ദ്രിയങ്ങളസത്തുസ-
ത്താദിയന്തമൃതാന്തതങ്ങളനീതിനീതിശുഭാശുഭം
നാദവുംമഹനീയമാംഒളിഭേദബോധമിതൊക്കെയും
വേദസാരവുമായ്വിളങ്ങുമനന്തസൽപരബ്രഹ്മമേ!
തന്നെയാരറിയുന്നവൻതവതത്ത്വമൊട്ടറിയുന്നപോൽ
മിന്നൽപോലുണറുറനിൽക്കമഖണ്ഡചിൽപ്രഭവസ്തുനീ
വന്നദുഃഖമിതാരെതോൽപ്പതെഴുന്നയാളുകദൈവമേ!
ഭിന്നമായുമഭിന്നമായുമെഴുന്നനൽപരബ്രഹ്മമേ!
മുക്തയോഗികൾതൻമനോമുകുരപ്രയുക്തവിളക്കമായ്
നിഷ്കളാത്മകമായിവിശ്വജഗച്ചരാചരസാക്ഷിയായ്
ഭക്തിപൂണ്ടുനിനപ്പവർക്കുനിരന്തരേഷ്ടദതത്ത്വമായ്
സത്യമായ്വിലസുന്ന ചിന്മയ ബ്രഹ്മമേപരബ്രഹ്മമേ!
നിർവികല്പസമാധിചേർന്നുവിളങ്ങിടുന്നതപസ്വികൾ-
ക്കവ്യളീകസുഖസ്വരൂപമുണർത്തുമുദ്ബണതത്ത്വമേ

സർവ്വവും തവ ചിൽപ്രകൃതിവിലാസമേവ പരാൽപരം
സർവ്വസാക്ഷിക ബിന്ദുനാദമയാവ്യയം പരബ്രഹ്മമേ!
ചക്ഷുരാദികളാം ദശേന്ദ്രിയങ്ങളുമാധാരാംബുജം
ചിദ്ഘനാനലതത്വതേജസി മുങ്ങുമോ മമ ദൈവമേ!
പറകയെന്തിനു പക്ഷ്മളാക്ഷികൾതൻവിലാസമഭവിച്ചിടാ
തക്ഷയംപദമാളുവാൻ വരമേകമോ പരബ്രഹ്മമേ!
അമ്മയച്ഛനഭീഷ്ടരായിന പതിപുത്രസഹോദരം
ധർമ്മമച്ഛലവൃത്തിശുദ്ധികൾ വസ്ത്രഭൂഷനികേതനം
നമ്മതന്നകളൻപുമിമ്പവുമാദിമൂലവുമൊക്കെനീ
നമ്മെയാളുകഭക്തിയില്ലക ബ്രഹ്മമേ പരബ്രഹ്മമേ!
നാകലബ്ധനിതപ്രവാസികളേവരാലുമുപാസ്യരാം
ലോകനായകകേശകേശവദേവരാലുമഭിധ്യേമ
ഏകമാദ്യമഖണ്ഡമേവമപിണ്ഡപിണ്ഡവുമായൊരം-
സ്ഥൂലപ്രകൃതിവിലാസമേ ജയ ലോകലോകനിവാസമേ.
ഇച്ഛയാപരമാം പ്രപഞ്ചമൊടുങ്ങിയാലുമൊഴിഞ്ഞിടാ
തച്ചരാചരപ്രഭൂതാത്മകമാളുമൈശപദാമമേ
നിത്യമേ നിരവദ്യമേ ഗതിയദ്വയമേ തികച്ചമേ
സത്യമേ ദൃഢതത്വമേ ജയ ബ്രഹ്മമേ പരബ്രഹ്മമേ!
കൃത്യമോർമ്മശേഷമെണ്ണിയൊഴിഞ്ഞിട്ടുന്നൊരു പാപി ഞാൻ
ബദ്ധരാഗമഹാഭവാമയഗർത്തമാർന്നു കഴങ്ങിനേൻ
ഇദ്ദുരാപദകറ്റി നിത്യമഭീഷ്ടമാശു ലഭിക്കുവാൻ
അത്യുദാരമനുഗ്രഹക്കുളിർമാരി പെയ്യുക ദൈവമേ.
ഏഴയാമിവനാശ്രയിച്ചുഭജിച്ചിട്ടുന്നു മനസ്സഴി-
ഞ്ഞൂഴിവാസമഹാകുലാർണ്ണവദുസ്തരം ഭയമേതിനാൽ
വാഴുവാൻ കൊതിയില്ല ഭൂതലഭോഗമോഹവുമില്ലമേ
കോഴനീക്കിയനുഗ്രഹിക്കുക ബ്രഹ്മമേ പരബ്രഹ്മമേ.
മുക്തരായ തപസ്വികൾക്കകമേകമെന്നനിഴക്കറു-
ത്തിളമാതലഭൂഷയായ് വിലസുന്ന ക്ഷേത്രജ്ഞനത്തിനും
നിത്യനിർവൃതിയേകിടും തവ സേവനേ രതിപൂണ്ടൊരെൻ
ദുഃഖപാപവിപത്തൊഴിക്കുക ബ്രഹ്മമേ പരബ്രഹ്മമേ
വിദ്യയാലറിയാവതോ തവതത്വ,മല്ലതിലുച്ചമാം
സിദ്ധിയാലറിയാവതോ പുനർഭക്തിയാലറിയാവതോ
വിദ്യമാനമഹസ്സുചേതനയുള്ള ശക്തിവിശേഷമെ-
ന്നൊക്കെയെന്നി, നിനക്കൊരാഖ്യ കഥിപ്പതെന്തയിബ്രഹ്മമേ?
ആശതൊട്ടൊരശുദ്ധമാനസപാശമൊക്കെയൊഴിഞ്ഞവ-
ർക്കാശു നിത്യപദത്തെ നൽകിടുമീശശക്തിവിശേഷമേ
പേശലാംഗികൾതൻവിലാസവലയ്ക്കകത്തുവലഞ്ഞിടാ
താശി കൂറിയനുഗ്രഹിക്കുക, ബ്രഹ്മമേ പരബ്രഹ്മമേ!
ധരണിചന്ദ്രദിവാകരാശുഗചലനരൂപനിദാനമേ
കരണജീവവിചിവൃത്തികൾക്കുളുമാന്തരദൈവമേ
മരണജന്മവികൃതിലേശമിയന്നിടാത്തസുധാമമേ
കരുണയടിയനിലരുളുകാശു പരാൽപരാത്മകബ്രഹ്മമേ.
അമ്മയില്ലിവനച്ഛനില്ല സഹോദരാദികളാരുമി-
ല്ലന്നധാന്യധനാദിയില്ലൊരു തോഴനില്ല പരേശകൻ
തന്നെയാണൊരു തുണ്ണുരുപിന്നെനീയായ നിൻകൃപയെന്നിമ-

റ്റൊന്നൊരാശ്രയമില്ല നമ്മെയനുഗ്രഹിക്കുകബ്രഹ്മമേ!
സൽകൃപാമൃതസിന്ധുനീമമ ബന്ധുജീവനുമന്ന്യമ-
ല്ലിത്രമാനുഷജന്മസങ്കടവങ്കടൽക്കിരയായിഞാൻ
ഭ്രമേകിയനുഗ്രഹിപ്പതിനിന്നുനീതുനിയാഞ്ഞമ-
റ്റുത്തമാശ്രയമാരെനിക്കുപരാപരാത്മകബ്രഹ്മമേ!
ശുദ്ധസാത്വികതത്വമേ ഭവമുക്തരേന്തിനമന്ത്രമേ
നിസ്തമസ്കഹൃദന്തരേ ഉദിതചിൽപ്രകാശവിലാസമേ
മുക്തിയാംപദമായതന്യൊടുനൽകിടുന്നതുമായസം-
വിത്സ്വതാത്മകമേ,ദിശാശ്രുശിവഞ്ചമേശിവ ബ്രഹ്മമേ!
ഭക്തദാസതപൂണ്ടനിൻപരമാർത്ഥബോധമുദിക്കുവാ
നെത്രദുർഘടമാശയൊന്നഭിമാനമൊന്നിതുരണ്ടിനാൽ
മർത്ത്യമാനസമെത്രനീചമലീമസസ്ഥിതിപൂണ്ടിട്ടു-
ന്നത്യമേതരികേകഭാവനബ്രഹ്മമേപരബ്രഹ്മമേ!
അന്തമാദിയുമെന്നിസർവ്വനിദാനമായിവിളങ്ങിടും
ബന്ധമോചനമറ്റതെജ്ജനധാമമേയവിരാമമേ
ഹന്തഭ്രമസമൃദ്ധിയാലെവിശിഷ്ടമാകിയനിന്നെഞാ-
നന്ത!മാത്മനിചിന്തചെയ്യിതുമോചിന്മയബ്രഹ്മമേ!
മേടമാളികസേനആനകൾവിവിധലോകമഹാധനം
കൂട്ടുവിട്ടുയിർപോയുമളവഹമീഭവിക്കുമസംശയം
ശുദ്ധമായവിശാല്യമായഭവൽപ്രശാന്തസനാതനാ-
ശുദ്ധകാന്തിവിലാസമാണഴിവുറ്റതെൻപരബ്രഹ്മമേ!
ഹന്തമുജ്ജനവിൽചരിച്ചൊരുതിന്മയോമതിമോഹമോ
ബന്ധപാശവിഹീനനജ്ജനശാപമോമമപാപമോ
ചിന്ത്യമാംതവനിത്യസൽപദമെന്തുകൊണ്ടുമറന്നുഞാൻ
അന്തമാദിയുമെന്നിനന്നവിളങ്ങുമെൻപരബ്രഹ്മമേ!
പാപനാശനതീർത്ഥമേപരിപൂതമുക്തിപദാർത്ഥമേ
സാവധാനനിധാനമേസകലാർത്ഥസാധനമൌനമേ
പാവനാത്മമഹത്വബോധനബോധമേഗതഗാധമേ
പാപനാമഗതിക്കൊരാശ്രയമാകണേപരബ്രഹ്മമേ!
വേദപാഠശപൂതമാനസർദുഃഖമാർന്നതുമൂലമോ?
ബോധദായകദേശികോത്തമർശാപമേറ്റതുമൂലമോ!
ഏതിനാലിരുളെൻമനസ്സിനെമൂടിനില്പതുദൈവമേ!
ബോധമേറ്റിമനഃപ്രകാശമിയറ്റുകെൻപരബ്രഹ്മമേ!
ബന്ധമാർന്നൊരുമന്മനസ്സിനിയെന്നുമുക്തിപദേശ്വരയാ-
ന്നന്തരാമമലോകവാസനനീങ്ങിനിർമ്മലമാകുമോ
ബന്ധമറ്റുവസിച്ചുഞാൻചിലനാളതെന്തിനൊഴിച്ചുനീ
ഹന്ത!ദാരസുതാദിപാശമിയറ്റിയെൻപരബ്രഹ്മമേ.
ഭ്രാന്തിസാധനമായമായയെനീക്കിവയ്പതുനല്ലതെ-
ന്നാന്ധ്യമറ്റുണറ്റുഞാൻബഹുധാവിമോഹിതനായിഹ
കാന്തനന്ദനനർത്ഥമാലയമൊക്കെയായവയുള്ളക-
ത്താണ്ടുകൺമറപൂണ്ടതെന്തൊരുമായയോപരബ്രഹ്മമേ.
ഊരുമെന്തിഹപേരുമെന്തിഹലോകവാഴ്ചയുമെന്തഹോ
ശീരുമർത്ഥവുമെന്നപോലെഴുംവപുപ്രധാനവിശേഷവും
താരിലുണ്ണിശിരീശാംബുജനേത്രനെന്നിവയെന്തഹോ
ഘോരമൂരമെഴുന്നനീപകമാശ്രയമെൻബ്രഹ്മമേ!

ദേഹമിന്ദ്രിയസംഘമെന്നിവതാരണത്തിനദീപമേ
ലോഭമോഹമദാദിദുഷ്ടകൾ നഷ്ടമാക്കിന ധൂപമേ
ശോഭനാത്മവികാസനിർവൃതി നൽകുമുദ്ബണബോധമേ!
ശിഖിഹംസസുപർണ്ണവാഹനവന്ദ്യമേ പരബ്രഹ്മമേ.
വേർപൊടിഞ്ഞമരങ്ങൾപോൽ പിണിയാടലറ്റുള്ളിനപിള്ളപോൽ
വിട്ടുപോയ നതാംഗിപോലെയുമീവിധം നിലവിട്ടു ഞാൻ
ഉടൽപൂണ്ടുഴലുന്നു നിൻകൃപയെന്നിലൂന്നുക വേലമി
ഷ്ട തുതീർത്തസുഖാശ്രയം തരികൻപിലെൻ പരബ്രഹ്മമേ!
ധ്യാനനിഷ്ഠകനവർക്കനുഭോഗമേ പ്രണിധാനമേ!
മൗനിമാനസദീപമേ പരമുക്തിസിദ്ധിവിധാനമേ
ഹീനനാമഭിമാനി ഞാനവിവേകി നിൻകരുണാസുധാ
പാനലോലുപനത്രമാമവ ബ്രഹ്മമേ പരബ്രഹ്മമേ.
ദുഷ്കരമായ ധനേച്ഛയാലെത്രികുല്ലദുഷ്കൃതസഞ്ചയം
നിശ്ചയം വിചരിക്കുമംബുജപത്രലോചനമാർകളിൽ
ചിത്തപത്മമുടഞ്ഞിടാതെ വിശുദ്ധമാക്കിയനന്തമ-
ത്യുത്തമം തവ മുക്തമാം പദസിദ്ധി നൽക പരബ്രഹ്മമേ!
നീതിയില്ല ഗുരോരുദാരകൃപാകടാക്ഷവുമില്ല വി-
ഖ്യാതിയില്ല, വിവേകമില്ല വിശേഷബോധവുമില്ലമേ!
ഭീതിദായകമായ സംസൃതി നീക്കിയെന്നെയനുഗ്രഹി-
ക്കായ്കിലില്ല പരാശ്രയം മമ ബ്രഹ്മമേ പരബ്രഹ്മമേ!
മുഗ്ദ്ധഭാവവിമോഹ്യമേ പരിശുദ്ധിമെന്നൊരുപാസ്യമേ
മുക്തമാനസലേഹ്യമേ ഗുരുഭക്തബോധനസാഹ്യമേ
ബുദ്ധലോകസുധർമ്മമേ അപവർഗ്ഗസാധനമർമ്മമേ!
മുക്തമാക്കുക കർമ്മമേ പരബ്രഹ്മമേ പരബ്രഹ്മമേ!
ദാനധർമ്മമറിഞ്ഞു ചെയ്തതുമില്ല, വേദമഹാവിധി-
ക്കുന്നമെന്നിയിരുന്നു മോഹമൊഴിച്ചുവെച്ചതുമില്ല ഞാൻ
ഹാനിചേർപ്പൊരു കർമ്മപാശമറുത്തതില്ല, മികച്ചൊര-
ജ്ഞാനിയായിട്ടുമെന്നെയാളുക ബ്രഹ്മമേ പരബ്രഹ്മമേ!
വന്ദ്യസുന്ദരശോഭിസദ്ഗുരുരൂപമേ ശുഭമേ നമോ
നന്ദനീയ ചിദാത്മകാന്തിഗഭസ്തിസഞ്ചയമേ നമഃ
കിന്നതേ കരുണാരസം മയി! ദൈവമേ ഖലു നൈവമേ
ധന്യമാശ്രയമന്യമെൻ പരബ്രഹ്മമേ പരബ്രഹ്മമേ!
അച്യുതാമലവസ്തുവേ ഹിനമോത്തുതപ്പൊരുളേ നമ-
സ്സച്ചിദദ്വയതത്ത്വമേ പരമാത്മമേ പരമേ നമഃ
ശുദ്ധനിത്യപരാൽപരേശ പരസാക്ഷിഭൂതസചേതന
പ്രത്യഗാഖിലരൂപമേ പരബ്രഹ്മമേ പരബ്രഹ്മമേ.
മുഗ്ദ്ധദേഹിലശക്തമേ പരിമുക്തമേ സതതം നമോ
ബുദ്ധനിത്യനിരുക്തമേ! നിരവദ്യമേ! സുഖമേ നമഃ
ബദ്ധനായിട്ടുമെന്നെ നീ പരിമുക്തനാക്കുക ദൈവമേ!
സത്യസന്ധവിശിഷ്ടമേ പരബ്രഹ്മമേ പരബ്രഹ്മമേ!

ഇങ്ങനെ നാനൂററിമുപ്പത്തു പദ്യങ്ങൾ പരബ്രഹ്മസ്തുതിയായിപാടി. ബ്രഹ്മസ്തോത്രം ചെയ്തു തീർന്നമാത്രയിൽ, അശരീരിയുണ്ടായി: ഹേ വിഡോഭാ! നിന്റെ ന്യൂനതകളെല്ലാം നീങ്ങി. അഖണ്ഡാനന്ദം ലഭിക്കുവാൻ ഞാൻ വരം തരുന്നതുമല്ലാതെ, ഈ പരബ്രഹ്മസ്തുതിയെ ഭക്തിപൂർവം കീർത്തിക്കുന്നവരും നിനക്കു തന്ന വരത്തിനു അധികാരികളാകുന്നു. ഇപ്രകാരം അശരീരിവാക്കു ശ്രവിച്ചമാത്രയിൽ വിഡോഭാവന്റെ മനശ്ചാപല്യങ്ങളെല്ലാം

ങ്ങളോടെ നീങ്ങി. നിർവികല്പസമാധിക്ക മനസ്സുവച്ചു അദ്ദേഹം പുത്രഭാര്യാദിസ്വജനങ്ങൾ വിട്ടു വീണ്ടും സമാധിസ്ഥനായിഭവിച്ചു. വിഠോബാവൻ ഇങ്ങനെ സമാധിയിൽ ലയിച്ചിരിക്കുമ്പോൾ, രുക്മാബായി അന്വേഷിച്ചന്വേഷിച്ചു, അവിടെത്തന്നെ ചെന്നുചേൎന്നു ഭർത്താവിനെക്കണ്ടയുടനേ ആനന്ദാത്ഭുതകല്ലോലങ്ങളിൽ കുളിച്ചു അവൾ അദ്ദേഹത്തിന്റെ പാദങ്ങളിൽവന്ദിച്ചു പ്രാണേശ്വരാ! പതിവ്രതയായ എന്നെ ഇപ്രകാരം ചതിച്ചുവോ? പുത്രഭാര്യാദികളിലുള്ള മമത്വം മുഴുവൻ പരിത്യജിച്ചുവോ? എന്നോരോവിധത്തിൽ അവൾ കിടന്നു കരയുമ്പോൾ, വിഠോബാവൻ സമാധിവിരതനായി കണ്ണുകൾമിഴിച്ചുനോക്കി. പ്രിയേ! നീ ഈ കൊടുങ്കാട്ടിൽ എങ്ങനെവന്നുപററി! എന്നെ അന്വേഷിച്ചു എന്തിനു ബുദ്ധിമുട്ടി! നമ്മുടെ കുട്ടികളെ എവിടെവിട്ടു? തപസ്സു മുടക്കാനായി ഇവിടെ വന്നു ചാടിയതെന്തിന്? എന്നെക്കുറിച്ചുള്ള ആശ നീ വിട്ടുകളയണം. ഇപ്പോൾതന്നെ നാട്ടിലേക്കുപോയി കുട്ടികളെ സൂക്ഷിച്ചുകൊൾക. ഈ കുട്ടികൾ നിന്നു കഷ്ടപ്പെട്ടിട്ടെന്തു കാൎയ്യം ഭർത്തൃവാക്യങ്ങൾ അനുസരിച്ചു, ഭർത്താവിനെ ധ്യാനിച്ചുകൊണ്ടിരിക്കുന്നതാണ് പതിവ്രതമാൎക്കു ധൎമ്മം. നീ വീട്ടിൽ ചെന്നു ദൈവത്തെ ധ്യാനിക്കണം. ഞാൻ കാട്ടിലിരുന്നും ധ്യാനിക്കാം. നമുക്കെല്ലാം അധിപതി അദ്ദേഹമാണ്. എന്നാൽ വേഗം പൊയ്ക്കോൾക എന്നാജ്ഞാപിച്ചു, ധ്യാനനിഷ്ഠനായി കണ്ണടച്ചു. രുക്മാബായി, പുത്രന്മാരിൽ അളവററവാത്സല്യം ഉണ്ടായിരുന്നിട്ടും, ഭർത്താവിനെപ്പിരിഞ്ഞുപോകാൻ വിശ്വാസമില്ലായ്കകൊണ്ടു, അവിടെത്തന്നെ താമസിച്ചു, ഫലമൂലങ്ങളും മററും അന്വേഷിച്ചുകൊണ്ടുവന്നു, ഭർത്താവിനു ഭക്ഷണംകൊടുത്തും ശുശ്രൂഷിച്ചും ദിവസം നയിച്ചു. ഇങ്ങനെ മൂന്നുദിവസം ആയപ്പോൾ വിഠോബാവന്റെ മനസ്സലിഞ്ഞു, ഭാൎയ്യയെനോക്കിപ്പറഞ്ഞു. പ്രിയേ! വൃദ്ധരായ നിന്റെ മാതാപിതാക്കളുടെ കഥ എന്താണെന്നറിഞ്ഞില്ലല്ലോ. കുട്ടികൾ നമ്മെക്കാണാഞ്ഞു, എന്തെല്ലാം കാട്ടിക്കൂട്ടുന്നെന്നും അറിഞ്ഞില്ല അതുകൊണ്ടു, ഞാൻ വീണ്ടും മുമ്പിരുന്ന മലയുടെ ഗുഹയിൽതന്നെ വന്നിരിക്കാം അപ്പോൾ വീട്ടുകാൎയ്യങ്ങളും മുറയ്ക്കറിയാമല്ലോ"

വിഠോബാവൻ ഇത്രയും പറഞ്ഞു, ഭാൎയ്യയുമായിപ്പിരിച്ചു, മുമ്പിരുന്ന മലയുടെ ഗുഹയിൽചെന്നുചേൎന്നു. ഇനി നീ വീട്ടിൽപോയി മാതാപിതാക്കളുടെയും കുട്ടികളുടെയും കഥ അന്വേഷിച്ചറിഞ്ഞുവരണമെന്നു രുക്മാബായിയെ ആജ്ഞാപിച്ചയയ്ക്കയുംചെയ്തു. ഭർത്തൃനിയോഗപ്രകാരം അവൾ വീട്ടിലെത്തി മാതാപിതാക്കളെയും കുട്ടികളെയും ആശ്വസിപ്പിച്ചു, രണ്ടുമൂന്നുദിവസം കഴിഞ്ഞശേഷം വീണ്ടും കാട്ടിലേക്കുപോയി. വിഠോബാവൻ സകലബന്ധങ്ങളുംവിട്ടു, ബ്രഹ്മാനന്ദസമാധിയിൽ ലയിച്ചിരുന്നു, രുക്മാബായി വീട്ടിലും കാട്ടിലുമായി മാറിത്താമസിച്ചു, മക്കളെയും ഭർത്താവിനെയും ശുശ്രൂഷിച്ചു സന്തുഷ്ടയായി ദിവസങ്ങളെ നയിക്കയുംചെയ്തു.

---

## എട്ടാം അദ്ധ്യായം.

---

### (ജ്ഞാനേശ്വരൻ ബ്രാഹ്മണരെ അപമാനിച്ചതും ഐശ്വൎയ്യംലഭിച്ചതും)

ഹേ സിദ്ധന്മാരേ! വിഠോബാവനും രുക്മാബായിയും ഇങ്ങനെ സന്തുഷ്ടരായി കാട്ടിലിരിക്കുമ്പോൾ, നാട്ടിൽ സീതാബന്ധുവിന്റെ കഥ ദയനീയമായിത്തീൎന്നു. സമ്പത്തെല്ലാം നശിച്ചു ദരിദ്രനായ അദ്ദേഹം ആ കുട്ടികളെ എങ്ങനെ രക്ഷിക്കുമെന്നുള്ള വേദനയോടുകൂടി തന്റെ പൂൎവ്വസ്നേഹിതന്മാരോടു, ആ സങ്കടാവസ്ഥ അറിയിക്കയും യഥാശക്തി അവർ ചെയ്ത സംഭാവനവാങ്ങി ഭാൎയ്യയെക്കൊണ്ടേല്പിക്കയും ചെയ്തുവന്നു. ഇങ്ങനെ എല്ലാസ്നേഹിതന്മാരുടേയും അടുക്കൽ മാറിമാറിച്ചെന്നുതീൎന്നപ്പോൾ, വീട്ടുതോറുംനടന്നു ഭിക്ഷയാചിച്ചുതുടങ്ങി. മാതാമഹന്റെ ദുഃഖാവസ്ഥകണ്ടു ഒരുദിവസം ജ്ഞാ

ഭേശ്വരൻ, പല അജ്ഞാനികൾക്കും തന്റെ ദർശനംകൊടുക്കാനായും ആശാപാശങ്ങളെ തീർത്തുരക്ഷിപ്പാനായും, താൻകൂടി ഭിക്ഷാടനത്തിനിറങ്ങി, സാക്ഷാൽ വിഷ്ണുദേവന്റെ അവതാരമായ ജ്ഞാനേശ്വരനെക്കണ്ടമാത്രയിൽ ഉത്തമജനങ്ങൾ ആനന്ദത്തോടുകൂടി ഭിക്ഷകൊടുക്കയും കോമളാംഗനായ ആ ബാലനെ വെയിൽനടത്തി ദുഃഖമനുഭവിപ്പിക്കുന്നതിനെക്കുറിച്ച്, ശീതോബന്ധുവിനോടു വന്ദിച്ചു സങ്കടം പറയുകയുംചെയ്തു. പലരും ആ ബാലന്റെ മൂർദ്ധാവിൽ ചുംബിച്ച്, ആശ്ലേഷിക്കാതെയുമിരുന്നില്ല. അവന്റെ അഴകിനേയും അറിവിനേയുംകുറിച്ചു ജനങ്ങൾ പുകഴ്ത്തി. ധാന്യങ്ങളും ആഭരണങ്ങളും അവശ്യംപോലെ ദാനംചെയ്തു. ശീതോബന്ധുവിനു ചുമന്നുകൊണ്ടുപോകാൻ പാടില്ലാതവണ്ണം, അതധികപ്പെട്ടതിനാൽ അയാൾ അവറ്റെ ഒരു തെരുത്തിണ്ണയിൽ കൂട്ടിച്ചേർത്തുവച്ച്, നിന്നുവിഷമിക്കുന്നതുകണ്ട്, പകുതി താൻകൂടിയെടുത്തുകൊള്ളാമെന്നു ജ്ഞാനേശ്വരൻ പറഞ്ഞു. അതനുസരിച്ച്; അതിലൊരുഭാഗം ഒരു വസ്ത്രത്തിലാക്കിക്കെട്ടി, തലയിൽവച്ചുകൊണ്ട്, മാതാമഹന്റെ പുറകേനടന്നു. കുറേനേരംചെന്നപ്പോൾ കാലിടറി ജ്ഞാനേശ്വരൻ ചുമടുംകൊണ്ടു താഴെവീണു. ശീതോബന്ധുവിൽനിന്നും ജ്ഞാനേശ്വരൻ കുറേദൂരം വിട്ടുനടക്കുകയായിരുന്നതുകൊണ്ട്, പെട്ടെന്നു അയാൾകണ്ടില്ല. മാതാമഹൻ കണ്ടാൽ കോപിക്കുമെന്നു ഭയത്തോടുകൂടി വേഗംതന്നെ ജ്ഞാനേശ്വരൻ വെളിക്കുതൂകിയ ധാന്യമണികൾ പെറുക്കിക്കൊണ്ടുനിന്നു. അതിനിടയ്ക്കു ശീതോബന്ധു തിരിഞ്ഞുനോക്കി ആ സംഭവം കാണ്മാനിടയായി. കണ്ടപ്പോൾതന്നെ അയാൾ കോപത്തോടുകൂടി, എടാ മൂഢക്കുട്ടി, നീ എടുക്കേണ്ടാ എന്നു ഞാൻ പല ആവൃത്തിപറഞ്ഞില്ലേ? അതു കേൾക്കാഞ്ഞതെന്തുകൊണ്ട്? ഇപ്പോൾ തറയിൽകൊണ്ടുതട്ടിയുംവച്ചിരുന്നു, തള്ളിപ്പെറുക്കുന്നുവോ? എന്നുപറഞ്ഞെടുത്ത്, അടിക്കാനായി ജ്ഞാനേശ്വരന്റെ കൈക്കുപിടിച്ചു. അടിക്കുമെന്നുള്ള ഭയത്താൽ ബാലനായ ജ്ഞാനേശ്വരൻ, കൈകുതറി മാതാമഹനെ പുറകോട്ടൊന്നുതള്ളി. വാർദ്ധക്യത്താലുള്ള ശക്തിക്ഷയത്താൽ ആ തള്ളേറ്റു ശീതോബന്ധു താഴെവീണുപോയി. എടാ ദുഷ്ടക്കുട്ടി! നിന്നെ ഞാൻ ഓമനിച്ചുവളർത്തിയതിന്നു ഇതാണോ പ്രത്യുപകാരം എന്നു കോപത്തോടെ ചോദിച്ചുകൊണ്ട്, അടിക്കാനായി അവിടെനിന്നും ചാടിയെഴുന്നേറ്റു. ജ്ഞാനേശ്വരൻ ഭയപ്പെട്ടു ധാന്യക്കെട്ടും കൈവിട്ടോടോൻ തുടങ്ങി. കെട്ടിലുള്ള ധാന്യം ചിതറിവീഴാൻ ഇടയായതുകണ്ടും മറ്റും കോപാകുലനായ ശീതോബന്ധു പിന്തുടർന്നോടിച്ചെന്നു, ജ്ഞാനേശ്വരനെ എത്തിപ്പിടിച്ചധിക്ഷേപിക്കാനും അടിക്കാനും തുടങ്ങി. ജ്ഞാനേശ്വരൻ, വേദനസഹിക്കവയ്യാതെ നിലവിളിച്ചുകരഞ്ഞു. ഈ ലീലാവിനോദങ്ങളെല്ലാം കണ്ടുകൊണ്ട് ആകാശത്തിൽനിന്നു ദേവന്മാർ ഹാ ഹരിഹരി! മുരഹര! നരഹരേ! പുണ്ഡരീകാക്ഷ! ഗരുഡവാഹന! നയനമോഹന! പരമപാവന! നാരായണ! ഭക്തപരായണ! ഭൂഭാരഹരണാർത്ഥം യഥാകാലം ഓരോ അവതാരമെടുത്തു ലോകരക്ഷചെയ്ത ഭക്തവത്സല! കൃഷ്ണാവതാരകാലത്തിൽ ദന്തവക്ത്രനെയെന്നതായി ഭാവിച്ചോടിയപ്പോൾ അവനു പിടികൊടുക്കാത്ത നിന്തിരുവടി, ഇപ്പോൾ ഈ വൃദ്ധനു പിടികൊടുത്ത കാരണം എന്തായിരിക്കാം. മഹാഘോരനായ ഹിരണ്യാക്ഷനെപ്പോലും നിഗ്രഹിക്കാൻ ശക്തനായ ഭഗവാൻ, ഈ വൃദ്ധന്റെകൈയാൽ അടിപെട്ടുകേഴുന്നതെന്തായിരിക്കും? ഗോവർദ്ധനഗിരിയെ ഒരുവിരലാൽ തടുത്തുനിർത്തിയ അങ്ങേക്കു ഈ ധാന്യക്കെട്ടു ചുമക്കാൻ ശക്തിയില്ലാതെവന്നതെന്തായിരിക്കാം? ഭീഷ്മാദികളുടെ ശസ്ത്രങ്ങളേറ്റു ദേഹംമുറിഞ്ഞപ്പോൾ കരയാത്ത നിന്തിരുവടി ഈ വൃദ്ധന്റെ അശക്തമായകൈയാൽ അടികൊണ്ടപ്പോൾ നിലവിളിച്ചതെന്തായിരിക്കാം__ ഇങ്ങനെ പലവിധ സ്തോത്രങ്ങൾ ചെയ്യുന്നതുകേട്ടു ജ്ഞാനേശ്വരൻ സന്തുഷ്ടനായി തന്റെ മാതാമഹനോടു ആ തെറ്റു ക്ഷമിക്കണമെന്നും, മേലാൽ അങ്ങനെ വരികയില്ലെന്നുംമറ്റും സമാധാനവാക്കുകൾപറഞ്ഞ്, മൌനമുദ്രനായിരുന്നു. വഴിയാത്രക്കാരിൽ പലരും വൃദ്ധനോടു സമാധാനംപറകയും ജ്ഞാനേശ്വരനെ അടിച്ചതിനു കുറ്റപ്പെടുത്തുകയുംചെയ്തു. ശീതോബന്ധു കോപംശമിച്ച്, ധാന്യക്കെട്ടുകൾ ഒരു കൂലിക്കാരനെക്കൊണ്ടു ചുമപ്പിച്ചുകൊണ്ടു വീട്ടിലെത്തി, ജ്ഞാനേശ്വരന്റെ ദുശ്ശീലത്തെക്കുറിച്ചുംമറ്റും ഭാര്യയോടുപറഞ്ഞു.

ഇങ്ങനെയിരിക്കുന്ന കാലത്തൊരിക്കൽ സമീപദേശത്തൊരിടത്തു്, ഒരു ശ്രാദ്ധത്തിനു്, ശിതോബന്ധുവിനെയുംകുടുംബത്തേയും ക്ഷണിച്ചിരുന്നു. അതനുസരിച്ചു് ശിതോബന്ധുവും ഭാൎയ്യയും കുട്ടികൾ നാൽവരുംകൂടി അവിടെപ്പോകയുണ്ടായി; ബ്രാഹ്മണർ ആ കുട്ടികളെക്കണ്ടു ശിതോബന്ധുവെനോക്കി—എടാ ദുഷ്ടബ്രാഹ്മണ! ഭ്രഷ്ടനാക്കി സമുദായത്തിൽനിന്നും തള്ളപ്പെട്ട വിധവോപാവനുജനിച്ച ഈ കുട്ടികളെ നീ ഇവിടെ എന്തിനു കൊണ്ടുവന്നു? ഇവരെ കൂടി പന്തിയിലിരുത്തി ഊട്ടി ഞങ്ങളെ അശേഷം ഭ്രഷ്ടരാക്കണമെന്നാണോ നിന്റെ അഭിപ്രായം?......ഇവരെ ഇപ്പോൾതന്നെ വെളിക്കിറക്കിയില്ലെങ്കിൽ താങ്കളേയും ഞങ്ങൾ പന്തിയിൽനിന്നെഴുന്നേല്പിക്കും. എന്നുപറഞ്ഞു് കുട്ടികളുടെ കൈക്കുപിടിച്ചു്, വലിച്ചു്, ദൂരെ മാററിനിറുത്തീട്ടു് പന്തിയിൽഇലയിട്ടു് ചോറു വിളമ്പി പിടിച്ചുമാററുകകൊണ്ടു് വിഷണ്ണരായി നില്ക്കുന്ന ആ കുട്ടികളിൽ ജ്ഞാനേശ്വരൻമാത്രം മുമ്പോട്ടു ചാടി പന്തിയിലെക്കോടി. നിവൃത്തിസാധു കഴിയുന്നത്ര വിരോധിച്ചിട്ടും കേൾക്കാതെ അവൻ പന്തിയിലിരുന്നുണ്ണുന്ന മാതാമഹന്റെ ഇലയിൽകൂടി ചെന്നിരുന്നു് ചോറു വാരിത്തുടങ്ങി. അതു കണ്ടു ബ്രാഹ്മണർ കോപിച്ചു—എടാ ദുഷ്ടക്കുട്ടീ! നീ പന്തിയിരുന്നവരെ മുഴുവൻ അശുദ്ധരാക്കിയോ? ഞങ്ങളുടെയെല്ലാം ഊണുമുട്ടിച്ചുവോ? എന്നധിക്ഷേപങ്ങൾ വർഷിച്ചുകൊണ്ടു് ജ്ഞാനേശ്വരന്റെനേൎക്കു് പാഞ്ഞെടുത്തു. ഇനി ഈ ചോറെടുത്തുകൊണ്ടു് കളകയല്ലാതെ നിവൃത്തിയെന്തു? എന്നന്യോന്യം അവർ ശഠിച്ചുതുടങ്ങി. അതുകണ്ടു ശിതോബന്ധു പറഞ്ഞു—ഹേ! ബ്രാഹ്മണരെ! അറിയാത്ത ഈ കുട്ടി തൊട്ടുപോയെന്നുവച്ചു് നിങ്ങളുടെ ആചാരത്തിനു ഭംഗമില്ല. വെറുതെ വഴക്കുണ്ടാക്കരുതു്. കേവലം ശിശുവായ ഈ കുട്ടിയെ എന്തുചെയ്യാമെന്നുദ്ദേശിച്ചാണു് നിങ്ങളെല്ലാവരുംകൂടി ശട്ടത്തിരിക്കുന്നതു്? പൊല്ലാത്തകാൎയ്യംചെയ്താൽ വല്ലാത്ത അനുഭവമുണ്ടു്—എന്നു നിങ്ങൾ മനസ്സിലാക്കണം.

ഈ വാക്കുകൾകേട്ടു കോപിച്ചു ബ്രാഹ്മണർ—എടാ ശിതോബന്ധുവേ! നീ ഇങ്ങനെ അറിയാത്ത കുട്ടികളാണെന്നുംപറഞ്ഞു്, ഈ ഭ്രഷ്ടന്മാരെ കൂടെയിരുത്തി ഊട്ടുന്നതു ഞങ്ങൾ അറിഞ്ഞിട്ടില്ല. അഥവാ അറിഞ്ഞിട്ടില്ലെന്നു സമാധാനപ്പെട്ടുകൊള്ളാം. ഇന്നു പ്രത്യക്ഷമായി ഞങ്ങളുടെ മുമ്പാകെ വച്ചു് ചെയ്തതുകൊണ്ടു മേലാൽ നിന്നെ ഞങ്ങളുടെ പന്തിയിൽ ചേർക്കയില്ല. കൂട്ടത്തിൽ ചേൎത്തു നടത്തുകയുമില്ല. അതുകൊണ്ടുവേഗം എഴുന്നേററു ദൂരത്തുപൊയ്ക്കൊൾക. അല്ലെങ്കിൽ തക്ക അനുഭവംകിട്ടും. എന്നുപറഞ്ഞു തങ്ങളുടെ കൂട്ടരെയെല്ലാം പന്തിയിൽനിന്നെഴുന്നേല്ക്കണമെന്നു പ്രേരിപ്പിച്ചതുകണ്ടു്, ശിതോബന്ധു തന്റെ സമീപത്തിരുന്ന പഞ്ചപാത്രമെടുത്തു്, ബ്രാഹ്മണരുടെനേരെ വീശിയെറിഞ്ഞു. ആ അനാചാരത്താൽ അത്യന്തം ക്രുദ്ധരായ വിപ്രന്മാർ, ചുററിക്കൂടി ശിതോബന്ധുവിനെ അദ്ദേഹംബോധംകെട്ടുവീഴുന്നതുവരെ പ്രഹരിച്ചു. അതുകണ്ടു ബാലനായ ജ്ഞാനേശ്വരൻ ക്രോധപരവശനായി ബ്രാഹ്മണരെനോക്കി, ഹേ ബ്രാഹ്മണോത്തമന്മാരേ! "ബ്രഹ്മജ്ഞാനീശാന്ത" ഇതി ബ്രാഹ്മണഃ എന്നാണല്ലോ വേദവാക്യം. നിങ്ങൾ അപ്രകാരമുള്ളവരാണോ? അനിഷ്ടം ചെയ്യുന്നവൎക്കുവേണ്ടിയും ഇഷ്ടം ചെയ്യുന്നതാണല്ലോ ബ്രാഹ്മണധൎമ്മം. ആ ധൎമ്മം ലേശംപോലുമില്ലാത്ത നിങ്ങൾ ബ്രാഹ്മണരാണെന്നാരു പറയും? കൊലചെയ്യുന്ന നിങ്ങൾ നീചന്മാരല്ലേ? വിവേകമില്ലാത്ത മ്ലേച്ഛന്മാരല്ലേ? നിങ്ങൾ വെറുതേ എന്റെ മാതാമഹനെ പ്രഹരിച്ചു് ബോധംകെടുത്തിയല്ലോ ഇനി നിങ്ങളെ നേരേവിട്ടയയ്ക്കാൻ ഞാൻ നിശ്ചയിച്ചിട്ടില്ല. എന്നുപറഞ്ഞു്, മാതാമഹന്റെ അരികിൽകിടന്ന ഒരു വലിയ വിറകുകോലെടുത്തു്, അദ്ദേഹത്തോടാരുമടുക്കാതിരിക്കത്തക്കവണ്ണം ചുററി വീശിക്കൊണ്ടിരുന്നു. ബ്രാഹ്മണർ കോപിഷ്ഠരായി ബാലനെ ധ്വംസിക്കണമെന്നുള്ള ഉദ്ദേശത്തോടെ, അതുപോലെ ഓരോ വിറകുകോലുകളും എടുത്തുകൊണ്ടു്, അടുക്കുന്നതുകണ്ടപ്പോൾ, നിവൃത്തിസാധു അവിടെ തടഞ്ഞുപറഞ്ഞു—"ഹേ ദീനദയാലുക്കളായ ബ്രാഹ്മണരേ! ബാലരേയും വൃദ്ധരേയും അധിക്ഷേപിക്കുന്നതുപോലും ധൎമ്മമല്ലെന്നാണല്ലോ നീതിശാസ്ത്രം—അങ്ങനെയിരിക്കെ നിങ്ങൾ ഇങ്ങനെ ഉപദ്രവിക്കാൻതുടങ്ങുന്നതു്, എത്രമാത്രം അനീതിയാണു്. വിശേഷിച്ചും ബ്രാഹ്മണൎക്കു ക്രൂരസ്വഭാവം കൊള്ളാ

മോ? ശാന്തിയല്ലേ ബ്രാഹ്മണരുടെ പ്രധാനനീതി—ദുർബ്ബലരോടെതിർക്കുന്നതു് പ്രബലനായ ഒരു ബ്രാഹ്മണന്നു ചേരുന്നതല്ല"

ഇങ്ങനെ നിവൃത്തിസാധുവിന്റെ നീതിവചനങ്ങൾ കേട്ടപ്പോൾ ബ്രാഹ്മണർ കോപിച്ചു "കാഹോ വിളയുന്നപയർ മുളയിലറിയാം" എന്ന പഴമൊഴിപോലെ മേൽക്കാലം നമുക്കു വിപരീതമായി പ്രവൃത്തിക്കാൻ ഇരിക്കുന്ന ഇവർ ഇപ്പോൾ നീതികൾ പറഞ്ഞു് തങ്ങളുടെ ഗുണത്തെ കാണിക്കുന്നു. വേണ്ടാസനം പ്രവൃത്തിച്ചുംവച്ചു് നീതികൾപറഞ്ഞു കബളിപ്പിക്കുന്നു. ഭ്രഷ്ടരുജനിച്ചവരുടെ ദുഷ്ടത്വം ബാല്യത്തിലേ വെളിപ്പെട്ടുകാണുന്നുണ്ടു്. ഇവനെയും അവനെയും ഇപ്പോൾതന്നെ പിടിച്ചുകെട്ടി കൂട്ടക്കെ പ്രഹരിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇവർ നമ്മുടെ കുലശത്രുക്കളായി ഭവിക്കും. ബ്രാഹ്മണർ ഇങ്ങനെ തമ്മിൽപറഞ്ഞശേഷം നിവൃത്തിസാധുവിനേയും ജ്ഞാനേശ്വരനേയും കല്ലുകൊണ്ടു കൊളികൊണ്ടും വടികൊണ്ടും എറിയാനും അടിക്കാനും തുടങ്ങി. അതിനാൽ കോപിഷ്ഠനായ ജ്ഞാനേശ്വരൻ പല്ലുകളെക്കടിച്ചുറുമ്മിക്കൊണ്ടു് ബ്രാഹ്മണരെ അധിക്ഷേപിച്ചു് ആനക്കൂട്ടത്തിൽകടന്ന സിംഹത്തെപ്പോലെയും രാക്ഷസക്കൂട്ടത്തിൽകടന്ന ഹനുമാനെപ്പോലെയും ബ്രാഹ്മണരുടെയിടയിൽചാടി തന്റെ കൈയിലിരുന്ന വിറകുകോൽകൊണ്ടു് ഇടംവലംവീശി പ്രഹരംതുടങ്ങി. ചിലരുടെ കൈഒടിഞ്ഞു; ചിലരുടെകാൽമുറിഞ്ഞു; ചിലരുടെ മുഞ്ഞിചതഞ്ഞു; ചിലരുടെകണ്ണുപോയി; ചിലർക്കു എല്ലൊടിഞ്ഞു; ചിലരുടെപൽമുറിഞ്ഞു. ചിലർ മോഹിച്ചുവീണു. ചിലർ ഓടിയൊളിച്ചു. ചിലർ അഭയംപ്രാപിച്ചു. ചിലരെ ജ്ഞാനേശ്വരൻ ഓടിച്ചിട്ടു പിടിച്ചുപ്രഹരിച്ചു. അക്കപ്പാടെ അതൊരു മഹാ യുദ്ധക്കളംപോലെ ആക്കിച്ചെയ്തു.

ഉടനേ നിവൃത്തിസാധു ജ്ഞാനേശ്വരന്റെ കൈക്കുപിടിച്ചുകൊണ്ടു്, "ഹേ ഭഗവാനേ! നാം എന്തൊരുദ്ദേശത്തോടുകൂടിയാണവതരിച്ചതു്? കുഞ്ഞു്, ഇക്കാണിക്കുന്ന കോലം എന്താണു്? കലിയുഗത്തിൽ ധർമ്മസ്ഥിതി വിരുദ്ധമായിരിക്കുമെന്നറിഞ്ഞിരുന്നിട്ടും ഇങ്ങനെ ബ്രാഹ്മണരെ ഉപദ്രവിച്ചതു ഭംഗിയാണോ? അതിനാൽ ശാന്തനായിഭവിക്കുക" എന്നറിയിച്ചശേഷം മരിച്ചുപോയ ബ്രാഹ്മണരെല്ലാം ജീവിച്ചെഴുന്നേൽക്കുമാറനുഗ്രഹിച്ചു്, ഇനിയും കുറേനാൾ നമ്മുടെ പരമാത്മം വെളിപ്പെടുത്താതെ കഴിക്കേണ്ടതാണെന്നു ജ്ഞാനേശ്വരൻ ഉപദേശിച്ചു്, മോഹിച്ചുകിടന്ന മാതാമഹനെ ഉണർത്തി എഴുന്നേല്പിച്ചു്, വീട്ടിലേക്കു കൊണ്ടുപോകുമ്പോൾ, ജ്ഞാനേശ്വരൻ ശാന്തനായി, തനിക്കിളയകുട്ടികളെയും ബ്രാഹ്മർ ഉപദ്രവിച്ചേക്കുമെന്നുള്ള ഭയത്താൽ മുമ്പിൽനടത്തി മാതാമഹന്റെ പുറകേപോയി വീട്ടിലെത്തി ദുഃഖംശമിപ്പിച്ചിരുന്നു. അതിനിടയ്ക്കു ഓടിപ്പോയ ബ്രാഹ്മണർ രാജധാനിയിലെത്തി, ദേഹത്തെ മുറിവുകൾകാണിച്ചു സങ്കടംപറഞ്ഞു. ശീതോബന്ധുവിനെയും അവന്റെ വീട്ടിലിരിക്കുന്ന കുട്ടികളെയും ഇപ്പോൾതന്നെ ആട്ടിയോടിച്ചു കളകയോ കഴുവിൽകയററി വധിക്കുകയോ ചെയ്യില്ലെങ്കിൽ അവർ ബ്രാഹ്മണരുടെ വംശനാശംചെയ്യുമെന്നുള്ളതിനു സംശയമല്ല എന്നറിയിച്ചുനിന്നു. രാജാവതുകേട്ടു്, ഹാഹാ! സാധുബ്രാഹ്മണരെ ദ്രോഹിക്കുന്ന ദുഷ്ടന്മാർ ആരായാലും അവരെ ഇപ്പോൾതന്നെ പിടിച്ചിവിടെക്കൊണ്ടുവരട്ടെ എന്നു മന്ത്രിയോടു കല്പിച്ചശേഷം, ബ്രാഹ്മണരെ ഉപചരിച്ചുകൊണ്ടിരുന്നു. മന്ത്രി ഉടനെ ഭൃത്യന്മാരെനോക്കി—"നിങ്ങൾ ഇപ്പോൾതന്നെ പോയി ശീതോബന്ധുവിന്റെ വീട്ടിൽചെന്നു്, അവനെയും അവിടെപ്പാർക്കുന്ന കുട്ടികളെയുംപിടിച്ചു്, ഇവിടെ ഹാജരാക്കുവിൻ! എന്നു കല്പിച്ചയച്ചു. ഭൃത്യന്മാർ വീരവാദങ്ങളുംപറഞ്ഞു ചീറിക്കൊണ്ടുവിളിച്ചു്, ശീതോബന്ധുവിന്റെ വീട്ടിൽചെന്നു്, അദ്ദേഹത്തെ അഭിസംബോധനംചെയ്തു പറഞ്ഞു—ഹേ ദുഷ്ടബ്രാഹ്മണ! ഹേ ഭ്രഷ്ടക്കുട്ടികളേ! നിങ്ങളെ വേഗത്തിൽ കൂട്ടിച്ചുകൊണ്ടുചെല്ലണമെന്നു മഹാരാജൻ കല്പിച്ചിരിക്കുന്നു വേഗം ഇറങ്ങിനടപ്പിൻ—എന്നുശാസിച്ചു. അതുകേട്ടു ജ്ഞാനേശ്വരൻ പറഞ്ഞു—മാന്യരാജപുരുഷരേ! രാജകല്പന അലംഘ്യമാണെന്നു ഞങ്ങൾക്കറിയാം എന്നാൽ അതനുസരിച്ചു വരുന്നതിനു മാതാമഹനു നിവൃത്തിയില്ല. ബ്രാഹ്മണരുടെ അടികൊണ്ടു അദ്ദേഹംഅവ

ശനായിക്കിടക്കുകയാണു്. അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനു ജ്യേഷ്ഠന്റെസാന്നിദ്ധ്യംഇവിടെ ആവശ്യവുമാണു്. ഇളയകുട്ടികൾരണ്ടും അദ്ദേഹത്തെ പിരിഞ്ഞുവരത്തക്ക തന്റേടമുള്ളവരല്ല. അവൎക്കെല്ലാവൎക്കുംവേണ്ടി ഞാൻകൂടിവരാം—രാജാവിന്റെ ചോദ്യങ്ങൾക്കെല്ലാം മറുപടിഞാൻ പറഞ്ഞുകൊള്ളുകയും ചെയ്യാം. എന്നുപറഞ്ഞു്, അവരോടൊന്നിച്ചുപോയി, രാജധാനിയെ പ്രാപിച്ചു. എന്നിട്ടു്, രാജാവിനെ അഭിവാദനംചെയ്തു്,—ഹേരാജൻ! ഞങ്ങളെ കൂട്ടിക്കൊണ്ടുവരണമെന്നു കല്പനയായതു്, ഏതൊരുകാരണത്താലാണെന്നറിഞ്ഞാൽ കൊള്ളാം—എന്നു വിനയപൂൎവ്വംപറഞ്ഞു. ബാലന്റെ ധൃഷ്ടമായ ഈ വാക്കുകൾകേട്ടു്, രാജാവിനു അല്പം നീരസമാണുതോന്നിയതു്. അദ്ദേഹം ഹാഹാ!മുലകൊട്ടുച്ചാൺപോലും വളൎച്ചയില്ലാത്ത ഇവൻ എന്റെ മുമ്പിൽ എത്രകണിശമായിട്ടാണു ചോദ്യംതുടങ്ങിയിരിക്കുന്നതു്. ഇവൻ ദുഷ്ടൻതന്നെയെന്നുള്ളതിനു സംശയമില്ല. അത്രേ, നോക്കിക്കൊള്ളാം എന്നു തന്നത്താൻ പറഞ്ഞുകൊണ്ടു്, ജ്ഞാനേശ്വരനെനോക്കി എടാ ദുഷ്ടപ്പയലേ! ഭ്രഷ്ടാ! നീയും നിന്റെ സഹോദരന്മാരുംകൂടി ഈ സാധുബ്രാഹ്മണരെ ഉപദ്രവിക്കാൻ കാരണംഎന്തു്? വേഗംപറയുക എന്നു ചോദിച്ചു.

ജ്ഞാനേശ്വര—ഹേ മണ്ഡലാധിപതേ! സാധുസംരക്ഷക! ദുഷ്ടശാസന! ഞങ്ങൾ ക്ഷണനപ്രകാരം ഒരു ശ്രാദ്ധത്തിനുചെന്നു്, പന്തിയിൽ ഉണ്ണാനായി ഇരുന്നപ്പോൾ, ഈ ബ്രാഹ്മണർ തടുക്കാൻകാരണം എന്തെന്നും, അവർ വേദജ്ഞന്മാരായിരുന്നിട്ടും, യാതൊരു കുററവും ചെയ്യാത്ത ഞങ്ങളുടെ മാതാമഹനെ ബോധംകെട്ടു വീഴത്തക്കവണ്ണം, അടിക്കാൻ കാരണമെന്തെന്നും, അടിക്കരുതേ എന്നു സമാധാനംപറഞ്ഞപേക്ഷിച്ച എന്നെ, അവരെല്ലാവരുംകൂടി ഉപദ്രവിക്കാൻ കാരണം എന്തെന്നും, കല്പിച്ചുചോദിച്ചറിഞ്ഞതിനുശേഷം, കുററം ഞങ്ങളുടെ പക്കലാണെങ്കിൽ, ഞങ്ങളെ ശിക്ഷിക്കുന്നതിനുവിരോധമില്ല. പരമാൎത്ഥമറിയാതെ രക്ഷിതാവായ അങ്ങു്, ഇങ്ങനെ കോപിച്ചാൽ അതിനുമറുത്തുപറവാൻഞാൻ ശക്തനല്ല. രാജാവിനുനീതിയും ആചാൎയ്യനു വിവേകവും മന്ത്രികൾക്കു ആലോചനയും, സ്ത്രീകൾക്കു പാതിവ്രത്യവും ആണു് ഭൂഷണമെന്നു പറയപ്പെട്ടിരിക്കുന്നു. അതില്ലാത്തപക്ഷം, ഈനാലുകൂട്ടരും നരകവാസികളാകുമെന്നാണു ശാസ്ത്രം എന്നറിവിച്ചു മിണ്ടാതെനിന്നു. രാജാവു ബാലന്റെ നീതിവാക്യങ്ങൾകേട്ടു്, അത്ഭുതപ്പെട്ടു്, ബ്രാഹ്മണരെനോക്കി ഹേ വിപ്രന്മാരേ! പന്തിയിൽ വന്നിരുന്ന ശ്രീതോബന്ധുവിനെയും കുട്ടികളെയും നിങ്ങൾവിരോധിക്കാൻ കാരണംഎന്തു്? എന്നുചോദിച്ചു.

ബ്രാഹ്മണൻ:—രാജൻ! ഈകുട്ടികളുടെ അച്ഛനായ വിഠോബാവൻ എന്നവൻ സന്ന്യസിച്ചുതെണ്ടിനടന്നു്, തൊട്ടതിന്നു്, ഭ്രഷ്ടനായിപ്പോയവനാണെന്നുള്ള കാരണത്താൽ മുമ്പേതന്നെ അവനെകുലത്തിൽനിന്നും തള്ളിയിട്ടിരിക്കയാണു്. അവൻ കാട്ടിൽപോയതിൽപിന്നെ അവനുപിറന്ന ഈകുട്ടികൾ, പിന്നെനാട്ടിൽവന്നു ഞങ്ങളുടെ പന്തിയിൽകിടന്നിരുന്നുണ്ണാൻ ആരംഭിച്ചതുകൊണ്ടാണു ഞങ്ങൾവിരോധിച്ചതു്. അങ്ങനെ ഉണ്ണുന്നതായാൽ മതാചാരപ്രകാരം, ഞങ്ങൾക്കു ഭ്രഷ്ടുംഉണ്ടു്. എന്നറിവിച്ചു. അതു കേട്ടു്, ജ്ഞാനേശ്വരൻ ഹേ മഹാരാജൻ ബ്രഹ്മജ്ഞാനത്തിനു ഉപദേശംവാങ്ങി, ബ്രാഹ്മണശബ്ദത്തെ അൎത്ഥവൽക്കരിക്കുന്നതിനായിട്ടാണു്, അച്ഛൻ സന്ന്യസിക്കാൻപോയതു്. അദ്ദേഹത്തിനു ശ്രേഷ്ഠനായ ഒരാചാൎയ്യകൽനിന്നും ആ ഉപദേശം ലഭിക്കയുംചെയ്തു. അതിൽപിന്നെ ആചാൎയ്യന്റെ നിയോഗപ്രകാരം കുറേനാൾ സംസാരത്തെസ്വീകരിച്ചു്, പുത്രോല്പാദനംചെയ്തു. ഇതാണു പരമാൎത്ഥം. ഇതുകൊണ്ടു അച്ഛനു ഭ്രഷ്ടുവന്നതെങ്ങനെയെന്നു കല്പിച്ചുചോദിച്ചറിയണം" ഉടനേ, ബ്രാഹ്മണർ:—സന്ന്യാസിക്കു ഭക്ഷണകാൎയ്യത്തിൽ ജാതിഭേദമില്ല. തീണ്ടുംതൊടക്കമില്ല. സന്ന്യാസിയെ സമുദായത്തിൽ ചേൎത്തു നടത്താൻ പാടില്ലെന്നു വിധിയുണ്ടു. അതാണു ഞങ്ങൾ വിഠോബാവനുഭ്രഷ്ടുകല്പിച്ചതു്" എന്നറിവിച്ചു.

ജ്ഞാനേശ്വരൻ:—ജാതിഭേദമില്ലാതെ എല്ലാവരെയും ഒന്നുപോലെ വിചാരിച്ചു് എല്ലാവരെയും തൊട്ടതിന്നുനടക്കുന്ന പരമഹംസനെ ബ്രാഹ്മണരുടെ പന്തിയിലിരുത്തിയൂട്ടാമെന്നു വേദത്തിൽ വിധിച്ചിരിക്കുന്നതുനോക്കിയാൽ സന്ന്യാസിയായ ഞങ്ങളുടെ അ

ച്ചുന ഭ്രഷ്ടുകല്പിക്കാൻ കാരണമുണ്ടോ? എന്നുമാത്രമല്ല സന്ന്യസിച്ചു തപസ്വികളായി ഭവിച്ചവർ, പിൽക്കാലം സംസാരികളായിഭവിച്ചതായി പൂർവ്വചരിത്രങ്ങളിൽ കാണുന്നില്ലയോ? കലൈക്കോട്ടു മഹർഷിതന്നെ തപസ്സിലിരുന്നതിനുശേഷം രണ്ടു ദാസിമാരെ കല്യാണംകഴിച്ചില്ലയോ? വളരെനാൾ തപസ്സിലിരുന്ന ശംഖമുനി, ഒരു രാജാവിൻെറ മകളെ വിവാഹംചെയ്തു സംസാരിയായി ഭവിച്ചില്ലയോ? ഉഗ്രതപസ്വിയായ സൌഭരി, മാന്ധാതാവിൻെറ അമ്പതുപെൺമക്കളെ ഒരുമിച്ചു വിവാഹംചെയ്തു അതിലൊക്കെ പുത്രരെ ഉല്പാദിപ്പിച്ചില്ലയോ? ഞങ്ങളുടെ അച്ഛൻ അങ്ങനെചെയ്തതുമാത്രം കുററമായിപ്പോയോ? എന്നല്ല, ബ്രഹ്മജ്ഞാനികൾക്കു ജാതിഭേദമുണ്ടെന്നു സമർത്ഥിക്കുന്ന ശാസ്ത്രമേതു? അങ്ങനെ ശാസ്ത്രമുണ്ടെങ്കിൽ ചെമ്മാൻെറ വീട്ടിൽ വളൎന്ന അരുന്ധതിയെ വിവാഹംചെയ്ത വസിഷ്ഠനും, മത്സ്യഗന്ധിയുടെ ഗർഭത്തിൽ ജനിച്ചവ്യാസനും, കാട്ടാളവംശത്തിൽ ജനിച്ച വാല്മീകിയും, മുക്കവൻെറ ശിഷ്യൻെറ എച്ചിൽ ഉണ്ട നാരദനും, ഭ്രഷ്ടന്മാരല്ലെന്നുവരുമോ? അവരെ ഭ്രഷ്ടന്മാരാക്കി ഇതുവരെ ആരെങ്കിലും കല്പിച്ചിട്ടുണ്ടോ? പരമാർത്ഥമിങ്ങനെയിരിക്കെ വിശുദ്ധനും സത്യവാനുമായ എൻെറ അച്ഛനു ഭ്രഷ്ടുകല്പിച്ചവരാരല്ലേ ഭ്രഷ്ടന്മാർ? അതിനിവർക്കു ദൈവശിക്ഷയുണ്ടാകാതെപോകുമോ? ഹേ രാജൻ! ഞങ്ങളുടെ അച്ഛൻ ബ്രഹ്മജ്ഞാനത്തിൽ ഇച്ഛിച്ചുതീർത്ഥയാത്ര പുറപ്പെട്ടുപോയി, കാശിയിൽചെന്നു ഗംഗാസ്നാനംചെയ്തു വിശ്വനാഥദർശനവും കഴിച്ചു, ബ്രാഹ്മണോത്തമനായ ഗുരുപാദസ്വാമികളെ ഗുരുവായി സ്വീകരിച്ചു, ഉപദേശംവാങ്ങി സന്ന്യസിക്കയാണു ചെയ്തതു. അതിൽപിന്നെ സംസാരത്തിൽ ഉൾപ്പെടണമെന്നുള്ള ഗുരുശാസനത്തെ നിഷേധിക്കാൻ നിവൃത്തിയില്ലായ്കകൊണ്ടു, പുത്രോല്പാദനത്തിനായിമാത്രം അദ്ദേഹം സംസാരത്തെ സ്വീകരിച്ചുവെന്നേയുള്ളു! ഈ സ്ഥിതിക്കു അദ്ദേഹം ഭ്രഷ്ടനാവതെങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. അനീതിയായ കാര്യങ്ങൾ ചെയ്യുന്നവരല്ലാതെ ബ്രഹ്മജ്ഞാനികൾ ഭ്രഷ്ടരാകുമോ? കൂടാതെ മനോഗുണമാണു ശ്രേഷ്ഠമെന്നും കുലശ്രേഷ്ഠത്വം ഗണ്യമല്ലെന്നും വ്യാസൻ വസിഷ്ഠൻ മുതലായ മഹർഷിമാർ പ്രത്യക്ഷമായി പറഞ്ഞിരിക്കുന്നുമുണ്ടു. അതുകൊണ്ടു ഇക്കാര്യത്തിൽ അങ്ങേഇഷ്ടംപോലെ തീർച്ചചെയ്യുന്നതിനെ സഹിപ്പാൻ ഞാൻകാത്തിരിക്കുന്നു എന്നുപറഞ്ഞു വിരമിച്ചു. അതുകേട്ടു രാജാവു, ഹേ വിവേകിയായബാല! നീപറഞ്ഞ, അഥവാ അരുളിച്ചെയ്ത, വാക്കുകളെ വേദവാക്യംപോലെ ഞാൻ ബഹുമാനിക്കുന്നു. എനിയ്ക്കതുകേട്ടിട്ടു, അത്ഭുതപൂർവ്വമായ സന്തോഷമുണ്ടാകുന്നു. ഹേ വിദ്വോദേവപുത്ര! അരികിൽവരിക! എന്നുവിളിച്ചു സമീപത്തുവരുത്തി, സന്തോഷാധിക്യത്താൽ മാറോടണച്ചാശ്ലേഷിച്ചുപറഞ്ഞു, കുഞ്ഞേ നീ എട്ടുവയസ്സുതികയാത്ത ഒരുബാലനായിരുന്നിട്ടും, നിൻെറവാക്കുകൾ സാരസമ്പൂർണ്ണവും പഠനയോഗ്യവുമായിരിക്കുന്നു. നിൻെറ വാക്കിനെതിർത്തുപറവാൻ ഈലോകത്തിൽ ആരുമുണ്ടെന്നു തോന്നുന്നില്ല. ലക്ഷംബ്രാഹ്മണർ കൂടിയാലും നിനക്കുതുല്യമാകയില്ല” അനന്തരം മന്ത്രിയെനോക്കി ഹേ! മന്ത്രിസത്തമ! താങ്കൾ ഈബാലൻെറ വാക്കുകൾകേട്ടിട്ടില്ലേ? അതിൽ അത്ഭുതവും ബഹുമാനവും താങ്കൾക്കു തോന്നുന്നില്ലേ? എന്നരുളിച്ചെയ്തശേഷം, മൂന്നു പല്ലക്കുകൾ തയ്യാറാക്കിക്കൊണ്ടുപോയി നിവൃത്തി സാധുവിനെയും മററുരണ്ടു കുട്ടികളേയും, അതിൽ കയററിക്കൊണ്ടുവരുന്നതിനു ഭൃത്യന്മാരെ നിയോഗിച്ചയച്ചു. അതിൻപ്രകാരം അവരെല്ലാവരും വന്നുചേൎന്നയുടനേ, രാജാവു സന്തുഷ്ടനായി, ഹാ! ഈപുണ്യശാലികൾ എൻെറരാജ്യത്തിലധിവസിക്കത്തക്ക ഭാഗ്യം ഞാൻ എന്താണുചെയ്തതു്? എന്നരുളിച്ചെയ്തു അവരെയെല്ലാം പൂജ്യകോടിയിൽചേൎത്തുബഹുമാനിച്ചു വന്ദിച്ചുനിന്നു. അതിൽപിന്നെ അവരെ ഓരോരുത്തരേയും ഓരോസിംഹാസനത്തിൽ ഉപവേശിപ്പിക്കയും, നാലുപേൎക്കും പ്രത്യേകം താമസിക്കുന്നതിനു ഓരോമേടകൾ തീൎപ്പിച്ചുകൊടുത്തു, ചെലവിനുവേണ്ട വസ്തുക്കളും വസ്ത്രാഭരണങ്ങളും ധാരാളം ദാനംചെയ്തയുംചെയ്തു. എന്നിട്ടു ബ്രാഹ്മണരെനോക്കി ഹേ ഭൂസുരന്മാരേ! യാതൊരുകുററവും കറവുമില്ലാത്ത ഇവരെക്കൂടി നിങ്ങളുടെ സമുദായത്തിൽചേൎത്തുനടന്നുകൊൾക. പന്തിഭോജനം അനുവദിക്കയും ചെയ്യുക. ഇവർ,നിങ്ങൾക്കും എനിക്കും മംഗളംചെയ്യത്തക്ക സുകൃതികളാണെന്നുള്ളതിനു സംശയമില്ല. നിങ്ങളുടെ സ

കട നിവൃത്തിക്കായി ഓരോരുത്തനും ആയിരം വരാഹൻ ഭണ്ഡാരത്തിൽനിന്നും വാങ്ങിക്കൊണ്ടു പൊയ്ക്കൊൾവിൻ എന്നിങ്ങനെ ആജ്ഞാപിച്ചു.

രാജകല്പന ബ്രാഹ്മണർ സമ്മതിച്ചതായി ഭാവിച്ചു പണവും കെട്ടിവാങ്ങിക്കൊണ്ടു്, എല്ലാവരും പിരിഞ്ഞുപോയി. പിറ്റേദിവസം അവർ മടങ്ങിവന്നു്, രാജാവിനെവന്ദിച്ചു്, ഹേ രാജൻ! ഞങ്ങളുടെ മതാചാര്യന്റെ അനുമതിപത്രം ലഭിക്കാതെ, ഇവരെക്കൂട്ടി നടത്താൻ ഞങ്ങൾക്കു നിവൃത്തിയില്ല. അദ്ദേഹം പണ്ഡരപുരത്തിൽ താമസിക്കയാണു്. ഈ കുട്ടികളെയും അവരുടെ അച്ഛനമ്മമാരെയും അവിടെ അയച്ചു്, വിധിപ്രകാരമുള്ള പ്രായശ്ചിത്തങ്ങൾ ചെയ്യിച്ചശേഷം, ആചാര്യന്റെ അനുമതിപത്രം വാങ്ങിക്കൊണ്ടുവരാൻ ഏർപ്പാടുചെയ്യണം. എന്നാൽപിന്നെ ഞങ്ങൾ സമുദായത്തിൽ ചേർത്തു നടത്തിക്കൊള്ളാം രാജാവു്, അങ്ങനെ ചെയ്യാമെന്നു നിശ്ചയിച്ചു്, ശീതോബന്ധുവിനെ ആളയച്ചുവരുത്തി ഹേ ശീതോബന്ധോ താങ്കളും ഈ കുട്ടികളും ഓരോ പല്ലക്കിൽ കയറിച്ചെന്നു്, കാട്ടിലിരിക്കുന്ന സുകൃതികളായ വിഠോബാവിനെയും രുക്മാഭായിയെയുംകൂട്ടിക്കൊണ്ടുവരിക എന്നാജ്ഞാപിച്ചു്, പല്ലക്കുകളിലേറ്റി അയച്ചു. ശീതോബന്ധു സന്തുഷ്ടനായി, അപ്രകാരം കാട്ടിൽചെന്നു്, വിഠോബാവിനെക്കണ്ടു സംഗതികളെല്ലാംപറഞ്ഞു പ്രിയജാമാതാവേ! ദിവ്യന്മാരായ നിന്റെ കുട്ടികൾമൂലം എന്റെ ദാരിദ്ര്യം മുഴുവൻ തീർന്നിരിക്കുന്നു നിന്നെയും രുക്മാഭായിയേയും കൂട്ടിക്കൊണ്ടു ചെല്ലുന്നതിനു രാജാവു പല്ലക്കും കൊടുത്തയച്ചിരിക്കുന്നു രാജകല്പനയെ നിഷേധിക്കാതെ നീകൂടി വരണം. എന്നുപറഞ്ഞു. വിഠോബാവർ അതുകേട്ടു ചിരിച്ചു, പ്രിയപ്പെട്ടശ്വശുര! അങ്ങേക്കു്, ഇങ്ങനെ ബുദ്ധിഭ്രമം വന്നതെന്താണു്? രാജാക്കന്മാരും മരണമുള്ള മനുഷ്യരല്ലേ? അവർ ഒരുത്തനെ സുഖിപ്പിക്കാനോ ദുഃഖിപ്പിക്കാനോ ശക്തരാകുന്നതെങ്ങനെ? ഒരു ഉത്തമജ്ഞാനിയുടെ ദൃഷ്ടിയിൽ രാജാവും സാധാരണമനുഷ്യരുമായിട്ടു്, എന്തുഭേദമാണുള്ളതു് രാജാവു ദുഃഖിയായ ഒരു ജീവിയാണെന്നല്ലാതെ, അദ്ദേഹത്തിനു ഭേദം കല്പിക്കാനെന്തുള്ളൂ? അദ്ദേഹത്തിന്റെ കല്പന ലംഘ്യമല്ലെന്നു ആദരിക്കത്തക്ക കാരണമുണ്ടോ? തപോനിഷ്ഠനായി സകലസംഗപരിത്യാഗിയായി ആഡംബരാശയശേഷമില്ലാതെ കാട്ടിലിരിക്കുന്ന ഒരു സന്യാസിയെക്കൊണ്ടു ചെല്ലാൻ, പല്ലക്കു കൊടുത്തയച്ചതിന്റെ അർത്ഥമെന്തു്? എന്തായാലും ഞാൻ ഇപ്പോൾ വരുന്നില്ല. അങ്ങു്, ഈ കുട്ടികളോടൊന്നിച്ചു നാട്ടിൽപോയിരുന്നാലും? എന്നുപറഞ്ഞു്, കുട്ടികളെനോക്കുകപോലും ചെയ്യാതെ, ബ്രഹ്മധ്യാനത്തിൽ ലയിച്ചു്, മൗനനിഷ്ഠനായിരുന്നു. ഉടനേ, ജ്ഞാനേശ്വരൻ മാതാമഹനെയും ഭൃത്യന്മാരെയുംനോക്കി, നിങ്ങൾ, ഈ പല്ലക്കുമുതലായവകൊണ്ടിപ്പോൾതന്നെ മടങ്ങിപ്പൊയ്ക്കൊൾവിൻ! ഞാൻ നാലുദിവസത്തിനകം അച്ഛനെക്കൂട്ടിക്കൊണ്ടുവരുന്നുണ്ടു്. എന്നുയാത്രപറഞ്ഞയച്ചശേഷം, സഹോദരന്മാരുമായി പിതാവിനോടൊന്നിച്ചു താമസിച്ചു.

---

## ഒമ്പതാം അദ്ധ്യായം.

---

### (ജ്ഞാനേശ്വരൻ പിതാവിനെ നാട്ടിൽ കൊണ്ടുപോയതു്.)

ഭക്തന്മാരുടെ അഭിലാഷത്തെ സവിശേഷം നിറവേററുന്ന കരുണാകരനായ വിഘ്നേശ്വരനെ, ഷഡാധാരമൂലസ്ഥാനമായ മൂലാധാരത്തിൽ ഉണർന്നുകണ്ടാനന്ദിച്ചിരിക്കുന്ന സിദ്ധന്മാരേ! ബ്രഹ്മൈകാഗ്രചിത്തന്മാരേ! ശീതോബന്ധുവും ഭൃത്യന്മാരും നാട്ടിൽപോയശേഷം, കാട്ടിൽ താമസിച്ചുവന്ന ശ്രീനാരായണമൂർത്തിയായ ജ്ഞാനേശ്വരൻ തന്റെ പിതാവു പഞ്ചപ്രാണങ്ങളേയുമടക്കി, ബ്രഹ്മജ്ഞാനനിഷ്ഠനായി, ആനന്ദമടഞ്ഞു തന്നെത്താൻ മറന്നു്, ദക്ഷിണാമൂർത്തിയെപ്പോലെ സമാധിയിലിരിക്കുന്നതുകണ്ടു്, അദ്ദേഹത്തോടു ചിലവാദം നടത്തണമെന്നുള്ള മോഹത്താൽ മടിയിൽ ചെന്നിരുന്നു. പരാൽപരനാ

യ ജ്ഞാനേശ്വരന്റെ സ്പർശംലഭിച്ചമാത്രയിൽ വിഠോബാവന്റെ നിർവികല്പസമാധിവഴിഞ്ഞു് പുളകാങ്കിതശരീരനായി വികല്പമനസ്സോടുകൂടിമാംസചക്ഷുസ്സുകളെത്തുറന്നു്, തന്റെ മടിയിലിരിക്കുന്ന ക്ഷേമാത്സലനായ ജ്ഞാനേശ്വരനെ വാത്സല്യപൂർവം വാരിയെടുത്തു്, ആശ്ലേഷിച്ചു ചുംബിച്ചു നിവൃത്തി സാധുമുതലായവരെയും അതുപോലെതന്നെ ആശ്ലേഷിച്ചശേഷം. ആനന്ദബാഷ്പത്തോടുകൂടി ഹേ സുകൃതികളായ കുട്ടികളെ! നിങ്ങൾ ധന്യന്മാരാണെന്നുള്ള പരമാർത്ഥം ഞാൻ അറിയുന്നു. താമസിക്കുന്നതിനു സുഖമുള്ളനാട്ടിൽനിന്നും ദുഃഖഭൂയിഷ്ഠമായ ഈ കാട്ടിൽ നിങ്ങൾ എന്തിനു താമസിക്കുന്നു? സ്നേഹമില്ലാത്ത എന്നെത്തേടി നിങ്ങൾ എന്തിനു ബുദ്ധിമുട്ടുന്നു. അഴകുള്ള നിങ്ങളുടെ മുഖദർശനം എനിക്കുതന്നതെന്തിനു്? അനേകനാളായി ആ ദർശനം എനിക്കു നിങ്ങൾ തരാതിരുന്നതു എന്തുകൊണ്ടു്? ഇങ്ങനെ പലവാത്സല്യവാക്കുകളും പറഞ്ഞിരിക്കുന്നതിനിടയ്ക്കു്, മായാവരണം നീങ്ങുകയാൽ ആത്മജ്ഞാനത്തിൽ ലയിച്ചു്, പരബ്രഹ്മസങ്കീർത്തനങ്ങൾ പാടി, പുത്രാശംകൈവെടിഞ്ഞിരിപ്പായി. തൽക്ഷണംതന്നെ കുട്ടികളെനോക്കി, ഇനി നിങ്ങൾ നാട്ടിൽപോയി രാജാവിനോടൊന്നിച്ചു സുഖമായിരിക്കുവിൻ! എന്നാജ്ഞാപിച്ചു്, മടിയിലിരുന്ന ജ്ഞാനേശ്വരനോടു എഴുന്നേറ്റു മാറാൻ പറഞ്ഞു. കപടലീലാവിനോദനായ ജ്ഞാനേശ്വരൻ ഉടൻ പിതാവിനെനോക്കി—"പ്രിയജനയിതാവേ! സദയം അങ്ങു ഞങ്ങളോടൊന്നിച്ചു നാട്ടിലേക്കുവരണം. നമുക്കു മേൽക്കാലം ഒരുമിച്ചിരുന്നുതന്നെ കഴിയണം. അതിലേക്കിപ്പോൾതന്നെ വരംതരണം" എന്നപേക്ഷിച്ചു്, നിവൃത്തിസാധുവിനെ ഇടതുഭാഗത്തും മററുരണ്ടുകുട്ടികളേയും മുൻഭാഗത്തും വിളിച്ചിരുത്തിക്കൊണ്ടു വീണ്ടും പിതാവിനോടുപറഞ്ഞു. അച്ഛ! അങ്ങു കാട്ടിലും ഞങ്ങൾ നാട്ടിലുമിരുന്നാൽ മതിയോ? അങ്ങിവിടിരുന്നു ദുഃഖിക്കുമ്പോൾ ഞങ്ങൾ നാട്ടിലിരുന്നു സുഖിക്കുന്നതു നീതിയാണോ? വേഗം ഞങ്ങളോടൊന്നിച്ചു പട്ടണത്തിലേക്കു വരണം."

വിഠോബാവൻ:—മകനേ! നീ എന്താണു്, അറിയാത്തവരെപ്പോലെ പറയുന്നതു്? ഛർദ്ദിച്ചതു വല്ലവരും ഭക്ഷിക്കുമോ? ഞാൻ നാട്ടിൽനിന്നല്ലേ കാട്ടിലേക്കു പോന്നതു്? ഇനി, കാടുവിട്ടു നാട്ടിലേക്കു വരുന്നതു ശരിയാണോ? അറിവില്ലാത്ത മനുഷ്യരോടു സഹവസിക്കാമോ? ജീവപാശമായ ലോകവ്യവഹാരത്തിൽ ഏർപ്പെടാമോ? അല്പജീവിയായ രാജാവിനെ പൂജിക്കാമോ? നിത്യവും സത്യവുമല്ലാത്ത നാട്ടുവാഴ്ച അതുകൊണ്ടു്, എനിക്കിനിവേണ്ട. കാട്ടിലിരുന്നുതന്നെ കഴിച്ചുകൂട്ടിയാൽമതി. നിങ്ങൾക്കങ്ങനെയല്ല നിങ്ങൾ നാട്ടിൽതന്നെ ഇരിക്കേണ്ടവരാണു്. അതിനാൽ വേഗംപോകുവിൻ!

ജ്ഞാനേശ്വരൻ:—അച്ഛ! നാടെന്നും കാടെന്നുമുള്ളതിന്റെ വ്യത്യാസമെന്താണു്. അച്ഛൻ കാട്ടിൽതന്നെ ഇരിക്കയുള്ളു എന്നുപറഞ്ഞതിനു കാരണമെന്തു്?

വിഠോബാവൻ:—മകനേ എനിക്കിനി നാട്ടിൽവന്നു ഭുജിക്കേണ്ട ഭോഗങ്ങൾ ഒന്നുമില്ല. നാട്ടിൽ ഇരുന്നാൽ മോക്ഷത്തിനു പല വിഘ്നങ്ങൾ ഉണ്ടാകും. നിർജ്ജനമായ ഈ കാടാണു സമാധിസ്ഥന്മാൎക്കു യോഗ്യമായസ്ഥാനം.

ജ്ഞാനേശ്വരൻ:—കൊള്ളാം അച്ഛന്റെ ഭേദബുദ്ധി വിസ്മയമായിരിക്കുന്നു. സംസാരങ്ങളിൽ കിടന്നുകൊണ്ടു മോക്ഷത്തിനാചരിച്ചാൽ സാധിക്കുമോ? ഞാനെന്ന അഭിമാനം നീങ്ങാത്ത ജ്ഞാനനിഷ്ഠ സാധുവാകുമോ? അതുപോലെയാണു്; നാടെന്നും കാടെന്നുമുള്ള ഭേദബുദ്ധിയോടുകൂടിയ അങ്ങേ ബ്രഹ്മനിഷ്ഠ! ആത്മമാത്രഭാവനയുള്ളവൎക്കു ഭേദബുദ്ധിയാകാമോ?

വിഠോബാവൻ:—എന്റേതെന്നുള്ള ബോധം നീങ്ങുന്നതുവരെ ഞാനെന്നുള്ള അഭിമാനവും അതു്, ഇതു്, എന്നദ്വൈതഭ്രമവും വിട്ടുമാറുകയില്ല. ഈ ഭേദഭാവനകളെ നീക്കുന്നതാണു നിർവികല്പനിഷ്ഠ—സങ്കല്പവികല്പങ്ങൾ നീങ്ങുമ്പോൾ നിർവികല്പനിഷ്ഠ ലഭിക്കുന്നു. സങ്കല്പവികല്പങ്ങൾ നീങ്ങുന്നതിനു വിജനമാണു നല്ലതു്. അതുകൊണ്ടു നിർജ്ജനമായ ഈ കാട്ടിൽതന്നെ ഇരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു.

ജ്ഞാനേശ്വരൻ:—താൻ ആത്മാവാണെന്നറിഞ്ഞു. ആത്മമാത്രനായിരിക്കുന്നതാണു ബ്രഹ്മനിഷ്ഠ. അല്ലാതെ തന്നത്താൻ കാട്ടിലിരിക്കുന്നതു ബ്രഹ്മനിഷ്ഠയാകയല്ല.

ആത്മശക്തിയുള്ളവൎക്കു സജനവിജനസ്ഥാനഭേദവും നോക്കാനില്ല.

വിഠോബാവൻ:—സദ്ഗുരുകടാക്ഷത്താൽ ആത്മബോധം സിദ്ധിച്ചാലും ആത്മധ്യാനനിരതനായിരിക്കുന്നതിനു വിജനസ്ഥാനമല്ലേ ആവശ്യം!

ജ്ഞാനേശ്വരൻ:—കാട്ടിൽ തനിച്ചിരുന്നു തപസ്സുചെയ്യുന്നതുകൊണ്ടു അജ്ഞാനത്തിൽനിന്നും നിവൃത്തിലഭിക്കയില്ല. അഹംഭാവവും ശമിക്കയില്ല. അജ്ഞാനനിവൃത്തിയും അഹംഭാവനാശവും ഭേദബുദ്ധിനശിക്കാതെ ഭവിക്കയുമില്ല. അതുകൊണ്ടാണു പരമാത്മബോധികൾ കാടെന്നും നാടെന്നും സന്ന്യാസമെന്നും സംസാരമെന്നുമുള്ള ഭേദഭാവനകൾ വിട്ടു, നിൎവ്വികല്പസമാധി ശീലിക്കുന്നതു. ആ സ്ഥിതിക്കു സംസാരത്തെ ഭയപ്പെട്ടു, അച്ഛൻ ഈ കാട്ടിലിരിക്കുന്നതിന്റെ അൎത്ഥമെന്താണു്.

വിഠോബാവൻ:—ആത്മബോധികളായി ആത്മൈക്യം സിദ്ധിച്ചിരിക്കുന്നവരായാലും സംസാരത്തിലുൾപ്പെട്ടിരുന്നാൽ സമാധിസാധനയ്ക്കു വിഘ്നം സംഭവിക്കാം. അതുകൊണ്ടു സഹസാനന്ദാനുഭൂതിയുള്ളവർ സംസാരാപേക്ഷ സ്വപ്നത്തിൽപോലും മാഗ്രഹിക്കയില്ലതന്നെ.

ജ്ഞാനേശ്വരൻ:—ഇതുവേണം ഇതുവേണ്ടാ എന്ന സംകല്പവികല്പങ്ങൾ കൂടാതെയിരിക്കുന്നതാണു സഹസാനന്ദാനുഭൂതിക്കു നിദാനമായ ബ്രഹ്മധ്യാനനിഷ്ഠ എന്നല്ലാതെ നാട്ടിൽ കാൽ ചവിട്ടാതെ കാട്ടിൽതന്നെയിരിക്കണമെന്നുള്ള നിൎബ്ബന്ധത്തിനും നിഷ്ഠയ്ക്കും തമ്മിലെന്തു സംബന്ധം!

വിഠോബാവൻ:—സംകല്പവികല്പങ്ങളില്ലാതവൎക്കു വ്യാപാരമുണ്ടോ? വ്യവഹാരസംബന്ധമില്ലാത്തവൻ നാട്ടിലിരിക്കുന്നതുകൊണ്ടെന്തു പ്രയോജനം? അതുകൊണ്ടു അനിത്യം ദുഃഖാസ്പദവുമായ ദേഹത്തെ പോഷിപ്പിക്കുന്നതിനു അനവരതം അപൽഗൎത്തങ്ങളിൽ വീണുഴന്നുകഴിയുന്ന നാട്ടിൽ ഇരിക്കുന്നതു ത്യാഗികൾക്കു ഒരുനാളും യോഗ്യമല്ല.

ജ്ഞാനേശ്വരൻ:—വ്യാപാരങ്ങളെ നിശ്ശേഷം പരിത്യജിച്ചിരിക്കുന്നവൻ സമാധിസാധനകൾ ശീലിക്കുന്നുവെങ്കിൽ, ആ സാധനകൾ വ്യാപാരമല്ലെന്നുണ്ടോ? ആ വ്യാപാരത്തോടുകൂടി, സംസാരവ്യാപാരവുമിരിക്കട്ടെ—അതിനെന്താണു്?

വിഠോബാവൻ:—സമാധി ഒരു വ്യാപാരമാണെങ്കിലും, അതു സങ്കല്പവികല്പങ്ങളെയെല്ലാം നശിപ്പിക്കുന്നതാണു്. നേരെമറിച്ചു സംസാരവ്യാപാരം സങ്കല്പവികല്പങ്ങളെ പോഷിപ്പിച്ചു, ചാഞ്ചല്യങ്ങൾക്കിടംകൊടുത്തു ദുഃഖം വൎദ്ധിപ്പിക്കുന്നതല്ലയോ?

ജ്ഞാനേശ്വരൻ:—സച്ചിദാനന്ദസ്വരൂപനായ പരമാത്മാവാണു താൻ എന്നു അറിയുന്നവൎക്കു സമാധിസാധനകൾ എന്തിനുവേണം?

വിഠോബാവൻ:—ജാഗ്രദവസ്ഥയിൽ സുഷുപ്തിനില ലഭിക്കുന്നതാണു, ബ്രഹ്മനിഷ്ഠയെന്നു ഉത്തമന്മാർ പറയുന്നു. ആ വിധമല്ലാത്ത സമാധികൊണ്ടു നിരന്തരമായ ആനന്ദം ലഭിക്കുമോ?

ജ്ഞാനേശ്വരൻ:—ജാഗ്രദവസ്ഥയിൽ ഇന്ദ്രിയവ്യാപാരങ്ങളെയും സ്വപ്നാവസ്ഥയിൽ മനോവ്യാപാരത്തേയും, സുഷുപ്ത്യവസ്ഥയിൽ ശുദ്ധശൂന്യാനുഭൂതിയേയും, വേൎതിരിച്ചു കണ്ടറിഞ്ഞിരിക്കുമ്പോൾ ഉണ്ടാകുന്ന നിൎവ്വൃതിയാണു ആത്മാനന്ദമെന്നും ജലംപോലെ എല്ലാററിലും സ്പൎശിച്ചും എന്നാൽ വാസ്തവത്തിൽ സ്പൎശിക്കാതെയും, ഇരിക്കുന്നതാണു ജാഗ്രത്തിലെ സുഷുപ്തിനിലയെന്നും, വേദത്തിൽ പറഞ്ഞിട്ടുണ്ടു്: ആ സ്ഥിതിക്കു ശുദ്ധശൂന്യമായ സുഷുപ്തിനിലയെ അനുഭവിക്കുന്നതാണു ആനന്ദമെന്നും, ജാഗ്രൽസുഷുപ്തിയെന്നും വിചാരിക്കുന്നതു ശരിയാണോ?

വിഠോബാവൻ:—ജാഗ്രദവസ്ഥയും സ്വപ്നാവസ്ഥയും ജീവികളെ പ്രപഞ്ചവ്യാപാരത്തിൽ മുക്കി, വിഷയങ്ങളായ മൃഗങ്ങൾക്കാഹാരമാക്കി കഠിനവേദന അനുഭവിപ്പിക്കുന്നു. അതുകൊണ്ടു പ്രപഞ്ചവ്യാപാരമില്ലാത്ത ശുദ്ധശൂന്യമായ സുഷുപ്ത്യവസ്ഥക്കു തുല്യമായ സമാധിയാണു ഉത്തമസമാധി. അല്ലാതെ വേറെയില്ല.

ജ്ഞാനേശ്വരൻ:—ഉഷ്ണം ഉഷ്ണേന ശാന്തം എന്നു പറഞ്ഞതുപോലെ പ്രപഞ്ചവ്യാപാരത്തിലുൾപ്പെട്ടിരുന്നുതന്നെ, വിഷയങ്ങളെന്ന മൃഗങ്ങളെ ബ്രഹ്മജ്ഞാനമെന്ന ഖഡ്ഗ

ത്താൽ ഖണ്ഡിച്ച സുഖദുഃഖങ്ങൾക്കു ആത്മാവിൽ സംബന്ധംകൊടുക്കാതെ ജനകരാജനെപ്പോലെയിരിക്കുന്നതാണു് പരമസമാധി. അല്ലാതെ ശുദ്ധശൂന്യമായിരിക്കുന്നതു സമാധിയല്ല.

വിഠോബാവൻ:—അനേകജന്മങ്ങളിൽ ചെയ്ത കർമ്മങ്ങളുടെ ഫലങ്ങൾ നിഴലിച്ചു വാസനകളായി ത്രപിക്കകൊണ്ടു മലീമസമായിരിക്കുന്ന മനഃകരണത്തെ, ജന്മമുക്തനായ ശുകബ്രഹ്മർഷിയാൽ ജയിക്കപ്പെട്ടുവെന്നല്ലാതെ, സുഷുപ്തി നിലയില്ലാതെ ആത്മജ്ഞാനത്തോടുകൂടിയിരുന്ന ജനകരാജനാൽ ജയിക്കപ്പെട്ടിട്ടില്ല.

ജ്ഞാനേശ്വരൻ:—അങ്ങിനെയല്ല. സുഷുപ്തിനിലയില്ലാതെ ആത്മാനാത്മാവിവേകം സിദ്ധിച്ച ജനകരാജനാൽ തന്നെയാണു മനോനിഗ്രഹം, ശുകബ്രഹ്മർഷിക്കു ലഭിച്ചതു്. കാടേഗതിയെന്നിരുന്ന ശുകനാൽ ജനകനു മനോനിഗ്രഹംസാധിച്ചു എന്നു പറഞ്ഞതു തെററാണു്.

വിഠോബാവൻ:—ദൃക്കായിരുന്ന ദൃശ്യത്തെ അകററുകയെന്നല്ലാതെ, ദൃശ്യത്തിലിരുന്ന ദൃശ്യത്തെ അകററുന്നതെങ്ങിനെയാണു്? വിഷബാധ നീങ്ങാൻ വിഷംതന്നെകുടിച്ചാൽ മതിയോ?

ജ്ഞാനേശ്വരൻ:—വിഷംതീരുന്നതിനു പ്രത്യൌഷധമായ ഒരുവിഷവസ്തു ഉപയോഗിക്കേണ്ടിവന്നാൽ അതിനു് ദോഷമെന്താണു്? ഭയരൂപമായവിഷയേന്ദ്രിയാദികളെ അഭയരൂപമായ ദൃഢജ്ഞാനത്താൽ നിഗ്രഹിക്കുന്നവനാണു സമർത്ഥൻ. അല്ലാതെ, എപ്പോഴും നിഷ്ഠയിൽതന്നെയിരിക്കണമെന്നും നിഷ്ഠ വഴിഞ്ഞുപോയെങ്കിൽ വിഷയാദിമൃഗങ്ങളുടെ ഉപദ്രവം നേരിട്ടേക്കുമെന്നുമുള്ള ഭയത്തോടുകൂടി സമാധി ശീലിച്ചിരിക്കുന്നവൎക്കു ബ്രഹ്മാനന്ദംലഭിക്കുന്നതെങ്ങിനെ( വിഷയമൃഗങ്ങളെന്നൊരുകൂട്ടംശത്രുക്കൾ അവൎക്കു ഭവിക്കുന്നില്ലേ? ആ ശത്രുക്കൾകടന്നുകേറുമെന്നുള്ള ഭയവുമില്ലേ? ആ ഭയംതന്നെ അവൎക്കുലാഭം എന്നല്ലാതെ ആനന്ദലബ്ധിക്കവകാശമേയില്ല, നല്ലപോലെ വിചാരിച്ചുനോക്കണം.

വിഠോബാവൻ:—സന്ന്യാസിയായിസദാ സമാധിനിഷ്ഠയിലിരിക്കുന്നവനെപ്പോലും ഭയപ്പെടുത്തുന്ന വിഷയങ്ങളായ ഘോരമൃഗങ്ങൾ, സംസാരത്തിലുൾപ്പെട്ടിരിക്കുന്നവനെ പെടുത്തിക്കൂട്ടുന്ന സങ്കടം എന്തായിരിക്കും? പെരുവെള്ളക്കുത്തൊഴുക്കിൽ പൊന്തിക്കിടക്കുന്ന സാധനത്തിൻെറ അവസ്ഥ എന്തായിരിക്കും?

ജ്ഞാനേശ്വരൻ—ഇതു, തനിത്താൻ പിഴച്ചതിനു അന്യനെക്കുററംപറയുന്നതുപോലെയാണു്. ദൃഢജ്ഞാനമില്ലാത്തവൻ എത്രയോകാലം സമാധി ശീലിച്ചാലും, (അന്തൎദ്ദൃഷ്ടിയായിരുന്നാലും) ഇന്ദ്രിയങ്ങൾ മനസ്സിനെ വിഷയാശയ്ക്കധീനമാക്കി ദുഃഖിപ്പിക്കാതെയിരിക്കയില്ല പെരുവെള്ളക്കുത്തൊഴുക്കിൽ ഒരുവലിയ കരിങ്കല്ലുവീണാൽ അതിനുചലനം ഭവിക്കാത്തതുപോലെ വിഷയാദിവികാരങ്ങൾ എത്രകടന്നുവന്നു ദുഃഖിപ്പിക്കാൻ തുടങ്ങിയാലും ഇളകാതെ മനസ്സിനെ നിഗ്രഹിച്ചു ദൃഢജ്ഞാനത്തോടുകൂടിയിരിക്കുന്നവനല്ലാതെ ബ്രഹ്മാനന്ദഭുക്തിക്കധികാരിയാകയില്ല. മനോനിഗ്രഹത്തിനു ശക്തിയില്ലാത്തതിനു നാടിനെക്കുററംപറയുന്നതു ശരിയല്ല. ദൃഢജ്ഞാനമുണ്ടെങ്കിൽ നാടുംകാടും ഒരുപോലെതന്നെ. ഇല്ലെങ്കിലുംഒരുപോലെതന്നെ.

വിഠോബാവൻ—ദൃഢജ്ഞാനം എത്രയുണ്ടായാലും, നിസ്സങ്കല്പനായ് സമാധിബ്രഹ്മാനുസന്ധാനം ഇല്ലാതെയിരുന്നാൽ, മായാന്ധകൂപത്തിൽ പതിച്ചുപോകുമെന്നുള്ളതിനു സംശയമില്ല.

ജ്ഞാനേശ്വരൻ—ബ്രഹ്മമല്ലാതെ മായയെന്നൊന്നുണ്ടോ—അങ്ങിനെയുണ്ടെങ്കിലല്ലേ സദാനിഷ്ഠയിലിരുന്നു അതിനെ നീക്കേണ്ടതു്? തൻെറനിഴൽ തന്നോടെതിർത്തുയുദ്ധം ചെയ്വാൻ ശക്തമാകുമോ? അതുപോലെ, വാസ്തവത്തിലില്ലാത്ത മായയും അഹംഭാവവും ബാധിക്കുമെന്നുഭയപ്പെട്ടു, സദാനിഷ്ഠയിലിരിക്കണമെന്നാണോ പറയുന്നതു ഇല്ലാത്തതു, ഇല്ലാത്തതാണെന്നറിഞ്ഞു മൌനം ദീക്ഷിച്ചിരിക്കാതെ, ഉള്ളതാണെന്നു ഭ്രമിച്ചു അതിനെ ഭയപ്പെട്ടു രക്ഷാമാൎഗ്ഗം അന്വേഷിക്കുന്നതുഎത്രമൂഢതയാണു.

വിഠോബാവൻ—കരണങ്ങളെ അന്തർമുഖമാക്കാതെയും, ആത്മാത്മയോഗം ശീലിക്കാതെയും, മുക്തനിലയെ അനുഭവിക്കാതെയും ശുദ്ധജ്ഞാനം സിദ്ധിക്കുന്നതെങ്ങനെ?

ജ്ഞാനേശ്വരൻ—കരണങ്ങളെ അന്തർമുഖമാക്കാൻ ശ്രമിക്കുന്തോറും പുറത്തിൽ നിന്നീയാം പാററകൾപുറപ്പെടുന്നതുപോലെ, വിഷയാശകൾ ഒന്നൊന്നായി കടന്നുകേറി അതിനെത്തടുക്കും. ആത്മധ്യാനത്തിൽ മനസ്സുറപ്പിക്കുംതോറും പന്തുകുതിച്ചു പൊങ്ങുന്നതുപോലെ, മനസ്സുതെററിക്കൊണ്ടേയിരിക്കും. മുക്തനിലയെ അനുഭവിക്കാൻതുടങ്ങവേ ഗുണബദ്ധങ്ങളായവാസനാബന്ധങ്ങൾ, അഹംഭാവാദിഭ്രമങ്ങളെ ഉണ്ടാക്കിക്കൊണ്ടിരിക്കും. അതുകൊണ്ടു അവിദ്യാജന്യങ്ങളായ മായാഭ്രമങ്ങളെ രജ്ജുസർപ്പന്യായേന മിഥ്യയാണെന്നറിഞ്ഞു, പരമാത്മാവാണു താനെന്ന ബോധത്തോടുകൂടി, വിവേകിയായിരിക്കുന്നതാണു്, ശുദ്ധമായ ബ്രഹ്മജ്ഞാനം അഴിവില്ലാത്ത ബ്രഹ്മാനന്ദനിലയും അതുതന്നെ.

വിഠോബാവൻ—സാധനകൾ യാതൊന്നും കൂടാതെ, കേവലം വിവേകത്താൽ താൻ ബ്രഹ്മമെന്നുണർന്നിരിക്കാൻ സാധിക്കുമോ? അങ്ങനെ ഉണർന്നിരുന്നാൽ ദുഃഖസ്വഭാവമായ വിഷയാദികളെ ജയിക്കാൻ സാധിക്കുമോ? അഖണ്ഡാനന്ദആത്മാവിൽ ലയിക്കാൻ സാധിക്കുമോ?

ജ്ഞാനേശ്വരൻ—ജീവനുള്ള പശുവിനെയല്ലാതെ മരിച്ചുപോയ പശുവിനെ പുലി എതിക്കുന്നുണ്ടോ? അതുപോലെ നിത്യമായും നിഷ്കളമായും അഖണ്ഡാനന്ദമയമായും വിളങ്ങിനിൽക്കുന്ന ആത്മാവിനെ വിഷയാദികൾ എന്തുചെയ്യാൻകഴിയും? പശു എത്ര ശക്തിയുള്ളതായാലും പുലിയുടെ മുമ്പിൽ അകപ്പെട്ടാൽ അതു നടുങ്ങിപ്പോകുന്നില്ലേ? ഉത്തരക്ഷണത്തിൽ കൊല്ലപ്പെടുന്നതുമില്ലേ? അതുപോലെ, ശുദ്ധജ്ഞാനത്തോടുകൂടിയ ഒരു മഹാത്മാവിൻെറ മുമ്പിൽ വിഷയങ്ങൾകടന്നു വരികില്ല. ഒരുപക്ഷെ, വന്നാൽ പുലിയുടെ മുമ്പിൽ അകപ്പെട്ട പശുവെപ്പോലെ ഹനിക്കപ്പെടുമെന്നുള്ളതിനു സംശയമില്ല.

വിഠോബാവൻ—"സംസർഗ്ഗജാദോഷഗുണാഭവന്തി" എന്ന ന്യായപ്രകാരം, അജ്ഞാനികളോടുള്ള സംസർഗ്ഗംകൊണ്ടു്, ജ്ഞാനികളും മനശ്ചാഞ്ചല്യം മുതലായ ദുഃഖങ്ങൾക്കടിമപ്പെടുകയില്ലയോ.

ജ്ഞാനേശ്വരൻ;—സൂര്യൻ ലോകത്തെ സ്പർശിക്കുന്നുവെങ്കിലും സൂര്യരശ്മിയെസ്പർശിക്കാൻ ലോകത്തിനുസാധിക്കാത്തതുപോലെ, ശുദ്ധജ്ഞാനമുള്ളവൻ സംസാരത്തിലിരുന്നാലും കന്താരത്തിലിരുന്നാലും ഒരുപോലെതന്നെ. അവനെ വിഷയാദിബന്ധങ്ങൾ സ്പർശിക്കുന്നില്ല. അവൻ അജ്ഞാനികളുടെ മദ്ധ്യത്തിൽ സർവ്വദാ സഹവസിച്ചാലും അവൻെറ ജ്ഞാനനിലയ്ക്കു കുറച്ചോ അഴിവോ ഭവിക്കുന്നില്ല—ശുദ്ധജ്ഞാനമില്ലാത്തവൻ വിജനമായ കാനനത്തിലിരുന്നാലും അവൻെറ മനസ്സു ചലിച്ചു വിഷയാദികൾക്കധീനമായിപ്പോകുന്നു.

വിഠോബാവൻ;—സംസാരവ്യാപാരത്തിലേർപ്പെട്ടിരുന്നുകൊണ്ടു്, ശുദ്ധജ്ഞാനം സമ്പാദിക്കുന്നതെങ്ങനെ?

ജ്ഞാനേശ്വരൻ:—ബ്രാഹ്മണൻ, കാര്യാർത്ഥമായ് ഒരു ചണ്ഡാലൻെറ വേഷംധരിച്ചാലും അവൻ ബ്രാഹ്മണനായിത്തന്നെയിരിക്കും. ചണ്ഡാലനാകയില്ല. അതുപോലെ ജ്ഞാനനിഷ്ഠൻ അജ്ഞാനികളോടു സഹവസിച്ചു്, ലോകവ്യവഹാരങ്ങളിൽ കാര്യാർത്ഥമായി ഏർപ്പെട്ടിരുന്നാലും, അവൻ നിത്യമുക്തനായിത്തന്നെയിരിക്കും.

വിഠോബാവൻ:—ശുദ്ധജ്ഞാനം എത്രമാത്രമുള്ളവനായാലും. ഒരുമുഹൂർത്തനേരമെങ്കിലും ബ്രഹ്മാനുസന്ധാനം ചെയ്യാതെയിരുന്നാൽ, ബ്രഹ്മജ്ഞാനംനിലനില്ക്കുമോ?

ജ്ഞാനേശ്വരൻ,—ചണ്ഡാലവേഷം ധരിച്ചാടുന്ന ബ്രാഹ്മണൻഇടയ്ക്കിടെ ഞാൻ ബ്രാഹ്മണനാണു് ഞാൻ ബ്രാഹ്മണനാണു് എന്നിങ്ങനെ പറയണമെന്നുണ്ടോ? പറ

ത്തില്ലെങ്കിലും ബ്രാഹ്മണജാതിത്വം നീക്കമുണ്ടോ? അതുപോലെ ബ്രാഹ്മണനാണെന്നു എല്ലാവരാലും അറിയപ്പെട്ട ഒരുവൻ ബ്രാഹ്മണചിഹ്നമായ പൂണുനൂൽ എടുത്തു കാണിക്കേണ്ട ആവശ്യമുണ്ടോ? അതുപോലെ ദൃഢമൂലമായ ജ്ഞാനം സിദ്ധിച്ചാൽ യാതൊരനുസന്ധാനവും ചെയ്യാതിരുന്നാലും ജ്ഞാനത്തിനു കുറവോ ജ്ഞാനിയെന്നുള്ള ജനസമ്മതത്തിനു നീക്കമോ ഭവിക്കയില്ലതന്നെ.

**വിദേഹഭവാൻ:**—സാക്ഷാൽ ജഗദീശ്വരനെപ്പോലെ മഹിമയുള്ളവൻ ആയാലും താൻ ബ്രഹ്മമാണെന്നുള്ള അനുസന്ധാനം ദിവസംതോറും ചെയ്യാതിരുന്നാൽ, അജ്ഞാനം ബാധിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ദേഹാദികളിൽ ഞാനെന്നുള്ള അഭിമാനം നീങ്ങുന്നകാര്യം അത്ര എളുപ്പമാണെന്നാണോ പക്ഷം? വളരെ വളരെ പ്രയാസമാണ്.

ജ്ഞാനേശ്വരൻ:—ദീപം കയ്യിൽവച്ചുകൊണ്ട്, "ഇരുളേ ഇരി" എന്നുപറഞ്ഞാൽ ഇരിക്കുമോ? അതുപോലെ, ദേഹാഭിമാനത്തെ നശിപ്പിച്ചു, പരമാത്മാവാണു ഞാൻ എന്നുള്ള ബോധം ഉണ്ടായതിൽപിന്നെ, അജ്ഞാനത്തെ ബലാൽ വിളിച്ചാൽപോലും അടുക്കുകയില്ല. ജീവേശ്വരപ്രപഞ്ചാദികൾ മിഥ്യയാണെന്നറിഞ്ഞതിൽ പിന്നെ മായയെ അന്വേഷിച്ചു നടന്നാൽപോലും കാണാൻകിട്ടുമോ? ബ്രഹ്മം സത്യമെന്നും മായ മിഥ്യയെന്നും ബ്രഹ്മം നിർവ്വികല്പമെന്നും മായ സങ്കല്പവികല്പസ്വരൂപമെന്നും താൻ ബ്രഹ്മമെന്നും ബ്രഹ്മം താനെന്നും സദ്ഗുരുവാക്കിൽനിന്നും സന്ദേഹംതീരത്തക്കവണ്ണം അറിഞ്ഞവനു സങ്കല്പമേതു? വികല്പമേതു? ബന്ധമേതു? മോക്ഷമേതു? ജനനമേതു? മരണമേതു? നാടേതു? കാടേതു? ദാനമേതു? തപസ്സേതു? സന്ന്യാസമേതു? സംസാരമേതു? അവൻ യാതൊരുബന്ധവും ചലനവുംകൂടാതെ ബ്രഹ്മത്തെയൊഴിച്ചു മറ്റൊന്നിനെയും കാണാതെ ഇരുന്നുകൊള്ളുന്നു. അവൻ ജീവൻപോയ ശവംപോലെ യാതൊരുവികാരങ്ങൾക്കും വശംവദനാകുന്നില്ല. അവനോടു മായ എന്തുചെയ്യാനാണ്? ചിന്തിച്ചു നോക്കിയാലും!

ഈ വാക്കുകൾ കേട്ടുകൊണ്ടിരുന്ന നിവൃത്തിസാധു പറഞ്ഞു. മഹോപിതാവേ! നിങ്ങളുടെ വാദം രസകരംതന്നെ. ജ്ഞാനേശ്വരന്റെ തത്വപ്രതിപാദനങ്ങൾ പിതാവിനിനിയും സമ്മതമാകുന്നില്ലെങ്കിൽ അതു വിസ്മയംതന്നെ. ഏതൊന്നിന്റെ ചിന്തനമാത്രത്താൽ സകല പാപങ്ങളും ഭസ്മീഭവിക്കുമോ, ഏതൊന്നിന്റെ അന്വേഷണത്താൽ ശരീരബന്ധം ഒഴിയുമോ ഏതൊന്നിനെ ജ്ഞാനദൃഷ്ട്യാ ദർശിച്ചാൽ ശരീരസ്മരണവിട്ടുമാറുമോ, ജ്ഞാനാർച്ചയ്ക്കു യോഗ്യമായതേതൊന്നോ അദ്വൈതമായി സർവ്വത്ര പരിപൂർണ്ണമായിരിക്കുന്നതേതൊന്നോ അതിനെ അറിയണം. നിത്യാനന്ദകരമായും ഏകകാലത്തെ ദർശനംകൊണ്ട്, [illegible]പര്യന്തം മായാബന്ധത്തെ ഒഴിക്കുന്നതായും, ഇടയിലും വെളിയിലും അരികിലും അകലെയും ഒരുപോലെ വ്യാപിച്ചിരിക്കുന്നതായും, കോടിസൂര്യപ്രഭയോടുകൂടിയതായും, 'തത്വമസി' 'തദേകംബ്രഹ്മ' മുതലായ മഹാവാക്യങ്ങളുടെ ലക്ഷ്യമായും കേടുകളുംകുറവുകളും ബാധിക്കാതെ സർവ്വദാ പുതുമയോടുകൂടിയതായുംവിളങ്ങിനിൽക്കുന്നതേതൊന്നോ അതിനെ ധ്യാനിക്കണം. അഖിലാണ്ഡകോടി ബ്രഹ്മാണ്ഡങ്ങളും ഏതിന്റെ മഹിമയാൽ അതിലുൾപ്പെട്ടുതോന്നപ്പെടുന്നുവോ ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങൾ മൂന്നിലും നിർഭേദമായി അദ്വൈതമായി ഏതൊന്നു പ്രകാശിക്കുന്നുവോ അവാങ്മനോഗോചരമായി ഏതൊന്നുസ്ഥിതിചെയ്യുന്നുവോ ഏതിനുള്ളിൽ അതിന്റെസാന്നിദ്ധ്യത്താൽ നാം രൂപവികാരം പ്രാപിച്ചുഴലുന്നുവോ അതിനെ ബ്രഹ്മമെന്നുപറയാം. എന്നു വേദത്തിൽപറയുന്നു. [illegible]കിലും, സകലജീവജാലങ്ങളിലും പൃഥിവ്യാദിപഞ്ചഭൂതങ്ങളിലും ശബ്ദാദിപഞ്ചതന്മാത്രകളിലും, അവ്യക്തമഹത്തത്വാഹങ്കാരതത്വങ്ങളിലും സത്വരജസ്തമോഗുണങ്ങളിലും തൽപ്രതിബിംബിതന്മാരായ ത്രിമൂർത്തികളിലും, പരമാണുക്കളിലും പരിപൂർണ്ണമായി എന്നും ഒരേനിലയിൽ സ്ഥിതിചെയ്യുന്ന പരബ്രഹ്മത്തെ നിർദ്ദേശിക്കാനോ അറിയാനോ വന്ദിക്കാനോ ഇന്നവിധത്തിലുള്ളതെന്നു വാക്കുകൊണ്ടുപറവാനോ മനസ്സുകൊണ്ടുവിചാരിപ്പാനോ കഴിവില്ല. അങ്ങനെയുള്ള പരബ്രഹ്മത്തെ സ്മരിക്കുന്നതെ

ങ്ങനെ? ചിന്തിക്കുന്നതെങ്ങനെ? നാമരൂപാദികളില്ലാത്ത വസ്തുവിനെ ദർശിക്കണമെന്നും, സ്തുതിക്കണമെന്നുംമററും പറയുന്നതുകൊണ്ടെന്തുപ്രയോജനം? ശ്രുതിസ്മൃതികൾപോലും ആ പരമാത്മാവിന്റെ നിലയെ വിവരിക്കുന്നതിനുകഴിവില്ലാതെ മൌനംദീക്ഷിച്ചിരിക്കുന്ന സ്ഥിതിക്കു നമ്മൾ വിവരിക്കുന്നതെങ്ങനെ? നാമരൂപാദികളെക്കവിഞ്ഞു, ഏതൊരുതത്വം പ്രകാശിക്കുന്നുവോ, ആ തത്വമേ, താൻ എന്നറിഞ്ഞു, എല്ലാററിലും സമഭാവനയോടുകൂടിയിരിക്കുന്നതാണ് ശ്രേഷ്ഠമായ ബ്രഹ്മധ്യാനം. ഇഷ്ടാനിഷ്ടങ്ങളിലും സുഖദുഃഖങ്ങളിലും സമചിത്തനായി ഞാൻ എന്ന അഭിമാനത്തെ നശിപ്പിക്കുന്നതാണ് പരിശുദ്ധമായ ബ്രഹ്മനിഷ്ഠ. പരമാർത്ഥം ഇതായിരിക്കെ, കാട്ടിൽതന്നെ ഇരിക്കണമെന്നു പിതാവു പറവാൻകാരണം എന്ത്? മരക്കുററിപോലെ ഒരു സ്ഥലത്തു ഇളകാതെയിരിക്കുന്നതുകൊണ്ടെന്തുഫലം?

എന്നിങ്ങനെ പല യുക്തികൾ ഉപന്യസിച്ചുകേട്ട് പുത്രന്മാരോടു തർക്കിക്കാൻ അളല്ലാതെ വിഠോബാവൻ, ഇങ്ങനെ പറഞ്ഞു. "ജ്ഞാനികളായ പുത്രന്മാരേ! നിങ്ങൾ ജനിച്ചപ്പോൾതന്നെ ജ്ഞാനമുദ്രയും വാചകവും ഉള്ളവരായിരുന്നതുകൊണ്ടു നിങ്ങളോടുവാദിച്ചു ജയിക്കാൻ ഞാൻ ശക്തനല്ല. ഇത്ര മാഹാത്മ്യത്തോടുകൂടിയ നിങ്ങളെ പുത്രന്മാരായിലഭിക്കത്തക്കവണ്ണം ഞാൻചെയ്ത ഭാഗ്യം എന്താണെന്നറിയുന്നില്ല"

വിഠോബാവൻ അനന്തരം ആനന്ദാശ്രുക്കളോടുകൂടി അവരെ മാറോടുചേർത്താശ്ലേഷിച്ചുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്നു ബ്രഹ്മധ്യാനത്തിൽ മനസ്സുലയിച്ചു മൌനംദീക്ഷിച്ചു. ഉടനെ നിവൃത്തിസാധുവും ജ്ഞാനേശ്വരനും സ്വകീയമായ ശിവവിഷ്ണുസ്വരൂപം ധരിച്ചുനിന്നു, വിഠോബാവൻ കണ്ണുതുറന്നുനോക്കുമ്പോൾ പുത്രന്മാരെ ശങ്കരശാർങ്ഗപാണികളായി സ്ഥിതിചെയ്യുന്നതുകണ്ടു, രോമമയിർക്കൊണ്ടു ആനന്ദതുന്ദിലനായി അവരെ സ്തുതിച്ചു.

## ശങ്കരനാരായണസ്തുതി.

ഹരേഹര!ജഗൽപവിത്രഭരണപ്രണാശങ്ങൾചെ
യ്തൊരേനിലയിൽവച്ചുധർമ്മമഴിയാതെരക്ഷിച്ചുടൻ
വരേപ്സിതപദത്തെഭക്തജനതയ്ക്കുനൽകുംപരാൽ
പരേശ്വരപദാംബുജങ്ങൾപണിയുന്നുഭക്ത്യാവനതാൻ.
ജരാനരശമിക്കുവാൻത്രിദിവാസികൾക്കുള്ളെഴും
സുരാസുരജനംമുതിന്നുതലബ്ധിയിമഥിച്ചുടൻ
പുരാവിമലദുഗ്ദ്ധവാരിധിമഥിക്കവേമഗ്നമാം
ധരാധരമയഞ്ഞുവാരിധിയിൽമുങ്ങുമാറായിതേ.
ഭ്രമിച്ചുവിലദൈത്യവർഗ്ഗമുടനാധിപൂണ്ടീടവേ
മികച്ചുകമഠേശ്വരാകൃതികലർന്നുന്തിച്ചുടൻ
സമസ്തഭയമാററിമാധവ!ഭവാനിദാനീമഹോ
നമുക്കുമകനായതെന്തുമഹിതദൈവമേദൈവമേ. (യുഗ്മകം)
തദാമദനപാശമാനഭുജഗേന്ദ്രബന്ധമേ-
ററുദാരതനുശ്രമാൽഗരളമുദ്വമിച്ചുപരാ
സദാശയമതേററശിച്ചപരമേശനംപുത്രനായ്
വരാനിവനഹോചരിച്ചപുരുപുണ്യമെന്തായ്വരാം.
ചരാചരജഗത്തുമഖിലാണ്ഡഭേദങ്ങളും
നിരാകുലമഹോചമച്ചവിധിയുംഭവൽപുത്രനാം
പരാപരവിധേഭവാനൊരുപിതാവുഞാനായനിർ-
ഭരാത്ഭുതചരിത്രമെന്തൊരുവിചിത്രമെൻദൈവമേ!
നിരസ്തഭയമീശ!നീഭുവനസൃഷ്ടികർത്താവുതൻ
ശിരസ്സതുമുറിച്ചുകണ്ഠതലമാലയാക്കീപുരാ

ഒരുത്തനിഹനിൻെറതാതപദമാളുവാനാശുവാൻ
പെരുത്തസുകൃതത്തിനാലിവനതൊത്തുഹാവിസ്മയം!
ഭയങ്കരദുരാത്മവാഞ്ഛിതനശിംശുമാരാസുര
ക്ഷയംകര!രമേശനീകരുണപൂണ്ടുമൽപുത്രനായ്
പ്രിയംതരമുദാരലീലകളിലുള്ളുഴിച്ചീടുവാ-
നയംചിരതരംചരിച്ചപുണ്യമെന്തായ്വരാം.
പുരാന്തകഭവാൻകൃതാന്തനെഹനിച്ചുമാർക്കണ്ഡനാം
ധരാസുരനനിത്യഷോഡശവയസ്സനൽകീലയോ?
ദുരാസദചരിത്ര!നീയിവനുപുത്രനായീവിധം
വരാനിഹഭവിച്ചദൈവഗതിവിസ്മയംവിസ്മയം.
ഹരേതവപദാബ്ജഭക്തമണിയായപ്രഹ്ളാദനെ
പരേതഗതിലക്ഷ്യവാൻതുനിയുമൂക്കനാംദൈത്യനെ
സുരേഡ്യനരസിംഹമായിനിഹനിച്ചനീപുത്രനായ്
വരാനിവനുദിച്ചദൈവഗതിവിസ്മയംവിസ്മയം.
മതംഗജമഹാകൃതിപ്പൃഥിമച്ചൂണ്ടഘോരാസുര
പ്രചണ്ഡനെഹനിച്ചുലോകപരിരക്ഷണംചെയ്തന
ഭുജംഗവരഭൂഷണ!മനുജകീടമായോരമ-
ന്മകൻെറവടിവായതെന്തുകഥശംകരശംകര.
പിതാവിനുടെയങ്കസീമനികരമേറുവാൻസാധിയാ
ഞ്ഞതാന്തമെഴൽപ്പൈതൽധ്രുവനചഞ്ചലാത്മൽപദം
മഹോന്നതമുദാരമേകിയഭവാൻമുദാപുത്രനാ-
യഹോമനുജകീടമാമിവനുചേർന്നതെന്തൽഭുതം.
ഹരസ്മരഹരോത്ഭവാന്തരഹിതംഭവൽകീർത്തനം.
സുരാസുരരഹോജപിച്ചുപരിതാപമാററീടുവോർ
നിരാശമിഹദുഃഖവാരിധിയിലുഴന്നഞങ്ങൾക്കുനീ
പരാപരസുതത്വമാർന്നകഥഹാവിസ്മയംവിസ്മയം.

ഇങ്ങനെ സ്തോത്രംചെയ്തു ഭക്തിയിൽലയിച്ചു, "ഹേ വൈകുണ്ഠവാസ! കൈലാസവാസ! നിങ്ങൾ എനിക്കു പുത്രനായി ജനിച്ചിരിക്കുമ്പോൾ എന്നേപ്പോലെ ധന്യനാരുണ്ടു്? ഞാൻ തപസ്സുചെയ്യുന്നതെന്തിനു്? നിങ്ങളെ സേവിച്ചു്, നിങ്ങളോടൊരുമിച്ചിരിക്കാതെ ഈ കാട്ടിലിരിക്കാൻ നിശ്ചയിച്ച എൻെറ അറിവുകേടിനെ ഞാൻ ശപിക്കുന്നു, ജനിച്ചപ്പോൾ തന്നെ നിങ്ങളുടെ സ്വന്തരൂപംകാണിച്ചു് എന്നെ അനുഗ്രഹിക്കാൻ പാടില്ലായിരുന്നോ? ഇത്രനാളും മറഞ്ഞിരിക്കാൻ കാരണം എന്തോ? എന്നു് അഭ്യർത്ഥനാസൂചകമായിപ്പറഞ്ഞിട്ടു് ശോഭാനദേവനെനോക്കി—"ഹേ ദേവദേവ! നിന്തിരുവടിയുടെ ദിവ്യരൂപത്തെയും അടിയനെ ദർശിപ്പിച്ചനുഗ്രഹിക്കാൻ കരുണയുണ്ടാകണം എന്നപേക്ഷിച്ചു. ശോഭാനദേവൻ അതുകേട്ടു് ആത്മീയമായ ബ്രഹ്മരൂപം പ്രകാശിപ്പിച്ചുനിന്നു. എന്നിട്ടു് പിതാവിനെനോക്കി—"ഹേ പരമസാധോ പരബ്രഹ്മത്തെ പരമാർത്ഥമായറിഞ്ഞു്, ബ്രഹ്മം താനെന്നുള്ള ബുദ്ധിയോടുകൂടി തനിക്കു ജനനമരണങ്ങളില്ലെന്നു ബോധിച്ചു് സർവ്വത്ര പരിപൂർണ്ണനായിരുന്നാൽ അവനു സംസാരദുഃഖമുണ്ടോ? ഇപ്രകാരം സംസാരമുക്തനായ ബ്രഹ്മജ്ഞാനിക്കു്, നരകമേതു? സ്വർഗ്ഗമേതു്? ബന്ധമേതു്? മോക്ഷമേതു? എല്ലാം ബ്രഹ്മമെന്നുള്ള അദ്വൈതവേദമഹാകാവ്യപ്രകാരം, സകല ചരാചരവസ്തുക്കളും ബ്രഹ്മമയമെന്നും, ബ്രഹ്മം അണുവിൽ അണുവായി മഹത്തിൽ മഹത്തായി സ്ഥിതിചെയ്യുന്ന പരാപരവസ്തുവാണെന്നും, അറിഞ്ഞവനാണു് ബ്രഹ്മാനന്ദാനുഭൂതിയോടുകൂടിയവൻ എന്നു മാത്രമല്ല, ഈ അനുഭൂതിയോടുകൂടി സംസാരത്തിലുൾപ്പെട്ടിരിക്കുന്നവനെ ബ്രഹ്മവിത്തെന്നും, ബ്രഹ്മജ്ഞാനിയെന്നും പറയും. ഗൃഹസ്ഥാശ്രമത്തിൽ ഇരുന്നവസി

ഷ്ഠനോടു വിശ്വാമിത്രനും ജനകനോടു ശുകബ്രഹ്മഷിയും, ശ്രീകൃഷ്ണനോടു ദുർവ്വാസാവും ചേന്നിരുന്നിട്ടുണ്ട്. അതിനാൽ ഗൃഹസ്ഥാശ്രമത്തിലിരിക്കുന്ന ജ്ഞാനിയാണ് സന്ന്യാസിയേക്കാൾ ഉൽകൃഷ്ടൻ" എന്നരുളിച്ചെയ്തു.

അതിനു ഉത്തരമായി, വിഠോബാവൻ—"അല്ലയോ സൃഷ്ടികർത്താവായ ദേവ! നിന്തിരുവടിയുടെ കല്പനകേൾപ്പാൻ അടിയനു യാതൊരു സംശയവുമില്ല. മേലാൽ കല്പനയനുസരിച്ചുതന്നെ നടന്നുകൊള്ളാവുന്നതാണ്" എന്നറിവിച്ചശേഷം, രുക്മാബായിയെ നോക്കി—"പ്രിയേ! ആചാര്യന്റെ അനുഗ്രഹപ്രകാരം ത്രിമൂർത്തികൾ നമ്മുടെ പുത്രനായി ജനിച്ചു നമ്മെ കൃതാർത്ഥരാക്കിയിരിക്കുന്നു. ഇനി നമ്മൾ തപസ്സു ചെയ്യണമോ? വനത്തിലിരിക്കണമോ? നമ്മെപ്പോലെ പുണ്യമുള്ളവർ മററാരുണ്ട്?" എന്നോരോ അനുമോദനവാക്യങ്ങൾ വർഷിച്ചു. രുക്മാബായി അത്ഭുതാനന്ദപരവശയായി, ഹാ ഹാ ഈ വിധമുള്ള അത്ഭുതങ്ങളും ലോകത്തു നടക്കുമോ? അനസൂയാദേവി പണ്ട്, അഭ്യർത്ഥിക്കയാൽ ത്രിമൂർത്തികൾ അവരുടെ പുത്രന്മാരായി ജനിച്ചിരുന്നു. മഹർഷിശ്രേഷ്ഠനായ അത്രിയുടെ തപോബലംകൊണ്ടും അനസൂയാദേവിയുടെ ആചാരശുദ്ധികൊണ്ടും, മൂർത്തിത്രയം അവരുടെ പുത്രഭാവം കൈക്കൊണ്ടതാണ്. എന്നാൽ യാതൊരുഗുണവുമില്ലാത്ത അല്പന്മാരായ ഞങ്ങൾക്ക്, പുത്രരായി ജനിക്കുവാൻ ആ ദേവന്മാർക്കു കരുണതോന്നിയതു്, ആശ്ചര്യമായിരിക്കുന്നു. എന്നനുമോദനമായി പറഞ്ഞു്, ആനന്ദബാഷ്പങ്ങൾ തൂകിക്കൊണ്ടു്, മുക്താബായിയെനോക്കി—"ഹേ ദേവി! നീ സരസ്വതിയോ ലക്ഷ്മിയോ പാർവ്വതിയോ ആരാണെന്നറിയത്തക്കവണ്ണം, നിന്റെ സ്വന്തരൂപം കാണിച്ചു ഞങ്ങളെ അനുഗ്രഹിക്കണം എന്നപേക്ഷിച്ചു. മുക്താബായി, സഹോദരന്മാരുടെ അനുമതിയോടുകൂടി ഉടനേ, സ്വന്തരൂപം പ്രകാശിപ്പിച്ചുനിന്നു. വിഠോബാവനും രുക്മാബായിയും അത്യാശ്ചര്യഭരിതരായി പരമേശ്വരിയുടെ പാദങ്ങളിൽ വന്ദിച്ചു സ്തുതിവാക്യങ്ങൾ വർഷിച്ചു. ഹേ ജഗദീശ്വരീ! ശംകരീ! ഭയംകരീ! ത്രിശൂലിനി കപാലമാലിനി! മഹാദേവി! ഭവതിയുടെ ഉദരത്തിൽ സകലചരാചരലോകങ്ങളും, അടക്കിവച്ചിരിക്കുമ്പോൾ, ഞങ്ങളുടെ പുത്രിയായി ജനിച്ചു്, ബാലഭാവം കൈക്കൊണ്ടിരിക്കുന്നതു ഉചിതമാണോ? ഭവതിയുടെ അച്ഛനമ്മമാർ എന്ന പേരിനു ഞങ്ങൾ അർഹരാണോ? ഇങ്ങനെ മാതാപിതാക്കളുടെ വാക്കുകേട്ടു ദേവി പറഞ്ഞു—"സുകൃതികളേ! ഞങ്ങൾ നാലാളും ലോകത്തിലുള്ള അധർമ്മത്തെ പരിഹരിപ്പാനും, ഗോഹത്യമുതലായ ദുഷ്ടതകൾ ചെയ്യുന്നവരെ നിഗ്രഹിപ്പാനും, സഗുണനിർഗ്ഗുണധ്യാനമാർഗ്ഗങ്ങളെ ഉപദേശിപ്പാനും, ആയി പുണ്യശാലികളായ നിങ്ങളുടെ സന്താനങ്ങളായി ജനിച്ചു. അവതാരകാര്യങ്ങൾ സാധിക്കുന്നതിനു നാട്ടിൽപോയി താമസിക്കേണ്ട കാര്യമുണ്ടു്. അതുകൊണ്ടു്, ഞങ്ങളുടെവാക്കു മറുക്കാതെ നിങ്ങളും നാട്ടിലേക്കു വരണം. ബ്രഹ്മാനുഭൂതി ലഭിക്കത്തക്ക അദ്വൈതജ്ഞാനം ഉള്ളവർക്കു നാടെന്നും കാടെന്നുമുള്ള ഭേദഭാവന ഭവിച്ചുകൂടാത്തതാകുന്നു. സുഗന്ധദുർഗ്ഗന്ധങ്ങളെ ഇഷ്ടാനിഷ്ടഭേദംകൂടാതെ വിചാരിക്കയും വിഷമത്തേയും അമൃതത്തേയും ഒരുപോലെ കരുതിഭക്ഷിക്കുകയും സുഖദുഃഖങ്ങളിൽ സന്തോഷസന്താപങ്ങളുണ്ടാകാതെ, അനുഭവിക്കയും സ്നേഹവും വിരോധവും ഒരുപോലെ കരുതിപ്പെരുമാറുകയും ചെയ്യുന്ന ബ്രഹ്മനിഷ്ഠയ്ക്കു സമാനം ഭേദഭാവത്തോടുകൂടിയ ബ്രഹ്മനിഷ്ഠയ്ക്കു ശ്രേഷ്ഠത്വം കല്പിക്കാവതല്ല. അതുകൊണ്ടു നാടെന്നും കാടെന്നുമുള്ള ഭേദചിന്ത ഇരിക്കുന്ന കാലംവരെ പരമാർത്ഥജ്ഞാനം നിങ്ങൾക്കുണ്ടാവാൻ സംഗതിയാകയില്ല. ത്രിമൂർത്തികൾ മുതലായ ദേവന്മാരും മനുഷ്യാദി സകലജീവികളും ഭജനീയവും സൂക്ഷ്മവേദികൾക്കു അനന്ദദാനം ചെയ്യുന്നതും, അഖണ്ഡാനന്ദരൂപവും, ചരാചരങ്ങളിൽ നിറഞ്ഞിരിക്കുന്ന പരാപരചൈതന്യവും യാതൊന്നോ അതിനെയാണ് പരബ്രഹ്മമെന്നു പറയുന്നതു്. അതിനെ ഏകമെന്നോ അനേകമെന്നോ പറഞ്ഞുകൂടാ. ഏകമെന്നു നിശ്ചയിക്കുമ്പോൾ, ദ്വൈതഭേദങ്ങൾ മനസ്സിൽ സ്ഥലംപിടിക്കുന്നു. ആ പരാവസ്ഥ ഇന്നവിധത്തിലുള്ളതാണെന്നു പറവാൻ നിവൃത്തിയില്ലായ്കകൊണ്ടു ഈ പരമശിവൻ സനകസനന്ദാദികൾക്കു ചിന്മുദ്രകൊണ്ടു കാട്ടിക്കൊട്ടി പരമാത്മാവിനൈക്യപ്പെട്ടു മൌനമുദ്രയിലിരിക്കുന്നു. ഈ മഹാവിഷ്ണുവും ആ പരബ്രഹ്മമെന്ന ഭാവനയോടുകൂടിയുള്ളതെന്നു പ

റവാൻ കഴിവില്ലാതെ, ശ്രീബുദ്ധാവതാരമെടുത്തു മൌനം ദീക്ഷിച്ചു. ബ്രഹ്മദേവനും അതിലേക്കു ശക്തിയില്ലെന്നു കണ്ടു മൌനം ദീക്ഷിച്ചിരിക്കയാണു്. വാക്കിനെ വാക്കുകൊണ്ടു തന്നെ സ്ഥിരപ്പെടുത്തേണ്ടതുപോലെ പരമാത്മാവിന്റെ നിലയെ പരമാത്മാവുകൊണ്ടുതന്നെയാണറിയേണ്ടതു്. ശരീരത്തിലുണ്ടാകുന്ന സുഖദുഃഖങ്ങൾ താനല്ലാതെ മറ്റൊരാളറിയാത്തതുപോലെയും, മറ്റൊരാളാൽ അറിവിക്കാൻ കഴിവില്ലാത്തതുപോലെയും, ആ പരമാത്മാവിനെ സ്വയം അന്വേഷിച്ചറിഞ്ഞുകൊള്ളണമെന്നല്ലാതെ മറ്റൊരാൾക്കു അറിയിക്കാൻ നിവൃത്തിയില്ല. ഗുരുവും ശിഷ്യനും ഒന്നായി അനുഭവപ്പെട്ടിരിക്കുമ്പോൾ ഉപദേശം വാങ്ങുന്നവൻ കൊടുക്കുന്നവൻ എന്നുള്ള ഭേദം ഉണ്ടാകുമോ? ഗുരു ശിഷ്യനെനോക്കി, നീയേ ഞാൻ ഞാനേ നീ എന്നുള്ള ചൈതാനുഭവത്തെപ്പറഞ്ഞുകൊടുക്കുമ്പോൾ, ശിഷ്യൻ ഗുരുവിൽനിന്നന്യനായിരിക്കാൻ സാധിക്കുമോ? തന്റെസ്ഥിതി അഭിന്നകീർത്തിയായിരിക്കെ, ഭിന്നകല്പന ചെയ്യുന്നതെന്തിനു്? എങ്ങനെ? ഘടാഗ്നിക്കു തുല്യമായിരിക്കുന്നേക്കു കാടെന്നും നാടെന്നുമുള്ള ഭേദചിന്ത ഭവിക്കാമോ? (വിഡോഭാവനോടു) ഹേ പുണ്യവാനേ! പരമാർത്ഥം ഇങ്ങനെ ഇരിക്കെ, താങ്കൾ നാട്ടിനെ വെറുത്തു കാട്ടിൽതന്നെയിരിക്കാൻ കാരണം എന്തു്?

വിഡോഭാവൻ അതുകേട്ടു ചിരിച്ചു ദേവിയോടു പറഞ്ഞു—"ഇനി നിങ്ങളുടെ ഇഷ്ടപ്രകാരം നടക്കുന്നതാണു് എനിക്കു മുഖ്യമായ തപസ്സ്; അതുകൊണ്ടു നാട്ടിൽതന്നെ പോകാമെന്നു ഞാൻ സമ്മതിക്കുന്നു. വരുവിൻ! എന്നാലിപ്പോൾതന്നെ പുറപ്പെടാം" എന്നു പറഞ്ഞു. ത്രിമൂർത്തികളും ആദിശക്തിയും ഉടനേ വിഡോഭാവനോടു്,—"ഹേ ഭക്തോത്തമ! താങ്കൾ ഞങ്ങളുടെ രഹസ്യത്തെ വെളിക്കറിയിക്കാതെയും മേലാൽ ഞങ്ങൾചെയ്യുന്ന ലീലകൾക്കു വിപരീതമായി പ്രവർത്തിക്കാതെയും ഇരിക്കണം. അതാണു താങ്കളുടെ വാസ്തവബ്രഹ്മനിഷ്ഠ" എന്നരുളിച്ചെയ്തു. അനന്തരം നാലുപേരും ബാലഭാവം കൈക്കൊണ്ടു്, വിഡോഭാവനെയും രുക്മാഭായിയേയും യഥാപൂർവം പുത്രവത്സലരാക്കി മോഹിപ്പിക്കയും, അചിരേണ എല്ലാവരുമായിത്തിരിച്ചു്, ശീതോബാന്ധുവിന്റെ ഗൃഹത്തെ പ്രാപിച്ചു സാധാരണബാലരെപ്പോലെ ലീലാവിനോദങ്ങളിൽ ഏർപ്പെടുകയുംചെയ്തു.

വിഡോഭാവനെക്കണ്ടപ്പോൾ ശീതോബാന്ധുവിനു അപാരമായ ആനന്ദവും ആശ്ചര്യവും ഉണ്ടായി. അദ്ദേഹം പലഉപചാരങ്ങളുംചെയ്യാൻതുടങ്ങി. വിഡോഭാവൻ സന്തുഷ്ടനായി തന്റെ പത്നിയുടെ അച്ഛനമ്മമാരെ വന്ദിച്ചുപചരിച്ചു. രുക്മാഭായി തന്റെ ഭാഗ്യത്തെക്കുറിച്ചു വിചാരിച്ചു കോൾമയിർകൊണ്ടു്, നേത്രങ്ങളിൽ ആനന്ദബാഷ്പം തൂകിക്കൊണ്ടിരുന്നു.

---

## പത്താമദ്ധ്യായം.

### (വിഡോഭാവൻ എരുമക്കുട്ടിയെക്കൊണ്ടു വേദത്തെ വ്യാഖ്യാനിപ്പിച്ചതു്)

വിഡോഭാവൻ നാട്ടിൽവന്നുചേർന്നതിന്റെ പിറ്റേദിവസംകാലത്തു ജ്ഞാനേശ്വരൻ അദ്ദേഹത്തെ രാജധാനിയിൽ കൂട്ടിച്ചുകൊണ്ടുപോയി അദ്ദേഹത്തെ രാജാവിനെക്കാണിച്ചു. നാട്ടിൽ വരുന്നതിനു ആദ്യം വിസമ്മതമുണ്ടായിരുന്നുവെങ്കിലും ഒടുവിൽ പൂർണ്ണസമ്മതത്തോടുകൂടിയാണു് വന്നതെന്നുള്ള വിവരം അറിയിക്കയുംചെയ്തു. രാജാവു്, അതുകേട്ടു്, അവരെ രണ്ടാളെയും വന്ദിച്ചുശേഷം, വിഡോഭാവനെനോക്കി"—ഹേ പരിശുദ്ധ തപോധന! ഏതല്ലോകപരലോകസുഖങ്ങൾക്കു നിദാനവും ഉത്തമസ്ഥാനവും ആയ നാട്ടിനെ ഉപേക്ഷിച്ചു് കാട്ടിൽപോയിരിക്കാനുണ്ടായ കാരണം എന്തെന്നരുളിച്ചെയ്യണം എന്നപേക്ഷിച്ചു.

വിഡോബാവൻ:—രാജാവിനെ ആശീൎവദിച്ചുപറഞ്ഞു. ഹേ ധൎമ്മിഷ്ഠനും കൎമ്മശ്രേഷ്ഠനും പ്രബലനുമായ രാജശ്രേഷ്ഠ! നാട്ടിനാശ്രയം നരന്മാരാണ്. നരന്മാൎക്കാശ്രയം നരപതിയാണ്. നരപതിക്കാശ്രയം ഗുണമാണ്. ഗുണത്തിന്നു കരുണയാണാശ്രയം. കരുണയ്ക്കു ശാന്തിയാശ്രയം. ശാന്തിക്കു ധൎമ്മമാശ്രയം. ധൎമ്മത്തിന്നാശ്രയം സാധുക്കൾ. സാധുക്കൾക്കു ജഗദീശ്വരനാശ്രയം. ജഗദീശ്വരന്നു ഭക്തന്മാരാശ്രയം. ഭക്തന്മാൎക്കു സമഭാവനയാശ്രയം. സമഭാവനയ്ക്കു, ആത്മജ്ഞാനമാശ്രയം. ആത്മജ്ഞാനത്തിന്നു സൎവ്വസാക്ഷിത്വമാശ്രയം. സൎവ്വസാക്ഷിത്വത്തിന്നു ബ്രഹ്മസാക്ഷാൽകാരമാശ്രയം. ബ്രഹ്മസാക്ഷാൽകാരത്തിന്നു ശാസ്ത്രവിചാരണമാശ്രയം. ശാസ്ത്രവിചാരണത്തിന്നു സാക്ഷിത്വമാശ്രയം. സാക്ഷിത്വത്തിന്നു സദാകാരമാശ്രയം. സദാകാരത്തിന്നു ജഗദ്വൈലക്ഷണ്യമാശ്രയം. ജഗദ്വൈലക്ഷണ്യത്തിന്നു സൎവ്വസംഗപരിത്യാഗമാശ്രയം. സൎവ്വസംഗപരിത്യാഗത്തിന്നു നിരന്തരനിഷ്ഠയാശ്രയം. നിരന്തരനിഷ്ഠയ്ക്കു തപസ്സാശ്രയം. തപസ്സിന്നു കാനനം പ്രധാനം. അതുകൊണ്ടാണു ഞാൻ കാട്ടിൽ പോയിരുന്നതു്. ധ്യാനത്തിന്നു തപസ്സും ദാനത്തിന്നു സംസാരവും പ്രധാനമാകുന്നു. അതിനാൽ, ധ്യാനത്തിന്നുതകുന്ന തപസ്സു ചെയ്തുകൊണ്ടിരിക്കയായിരുന്നു.

രാജാവു്, ഇതുകേട്ടു പെട്ടന്നെഴുന്നേറ്റു്, അദ്ദേഹത്തിന്റെ പാദങ്ങളിൽവീണു നമസ്കരിച്ചു്, ഹേ പരിശുദ്ധഭക്ത! പരമാൎത്ഥയോഗിൻ! പ്രജകൾ ചെയ്യുന്ന കുറ്റത്തിന്നു രാജാവാണുത്തരവാദി എന്നുള്ള സ്മൃതിവാക്യപ്രകാരം, അജ്ഞാനികളും മതാചാരഭ്രാന്തന്മാരുമായ ബ്രാഹ്മണർ, അങ്ങേ അവമാനിച്ചു കാട്ടിലാക്കിയ അനാചാരത്തെ ക്ഷമിച്ചു എന്നെ അനുഗ്രഹിക്കാറാകണമെന്നപേക്ഷയുണ്ടു" എന്നുണൎത്തിച്ചു.

വിഡോബാവൻ, സന്തുഷ്ടനായി രാജാവിനെ ചാടുവാക്യങ്ങളാൽ ആശ്വസിപ്പിച്ചു് ഹേ രാജൻ താങ്കൾ പരിശുദ്ധഹൃദയനാകയാൽ സകലോത്തമമായ രാജഭോഗത്തെ അനുഭവിച്ചു സുഖിച്ചിരിപ്പാറാകട്ടെ എന്നനുഗ്രഹിച്ചു.

രാജാവു്, ഉടനേതന്നെ മന്ത്രിയെ അരികിൽവിളിച്ചു്, "ഹേ മന്ത്രിസത്തമ! വേഗം തന്നെ ഈ എഴുത്തു വൈഢനപുരിയിൽ കൊണ്ടുപോയി മതാചാൎയ്യനു കാട്ടുകണം. ഇദ്ദേഹവും കുഞ്ഞുങ്ങളുംകൂടിവരും. ഇവരെല്ലാവരും പരിശുദ്ധന്മാരെന്നും പന്തിഭോജനാദികൾക്കു ബ്രാഹ്മണരോടു ചേൎന്നുനടക്കുന്നതിൽ ആക്ഷേപമില്ലെന്നും ഒരുസമ്മതിപത്രം വാങ്ങിക്കൊണ്ടു വരണം" എന്നും ആജ്ഞാപിച്ചു. മന്ത്രി കല്പനയനുസരിച്ചു്, വിഡോബാവൻ ജ്ഞാനേശ്വരൻ മുതലായവരോടുകൂടി പുറപ്പെട്ടു. വൈഢനപുരിയിൽ ചെന്നപ്പോൾ ഗോദാവരിയിൽ കുളിക്കാനായി, പോകുന്ന മതാചാൎയ്യനെ വഴിമദ്ധ്യേ കണ്ടുമുട്ടി രാജാവിന്റെ എഴുത്തുകൊടുത്തു.

മതാചാൎയ്യൻ അതിന്നുമുമ്പേതന്നെ അലങ്കാരവതിയിലെ ബ്രാഹ്മണരുടെ നിവേദനത്താൽ ആ സംഗതി അറിഞ്ഞിരുന്നതുകൊണ്ടു്, ഈ എഴുത്തു കിട്ടിയ ഉടനേ, കുളിക്കാനായി അതുവഴിപോന്ന ബ്രാഹ്മണരെ എല്ലാം അരികിൽ വിളിച്ചുവരുത്തി, ഹേ ബ്രാഹ്മണരേ സന്യാസിയായി നടന്നു ജാതിഭേദം നോക്കാതെ ഭക്ഷിച്ചു ഭ്രഷ്ടനായവനെയും അവന്നു ജനിച്ചു്, ബ്രാഹ്മണരെത്തല്ലിയ ദുഷ്ടക്കുട്ടികളേയും, നമ്മൾ ആചരിച്ചു്, പന്തിയിൽ ചേൎത്തു നടത്തത്തക്ക ശുദ്ധിയുള്ളവരെന്നു സമ്മതിപത്രം കൊടുക്കണംപോൽ. ഇതുപോലെ ഒരത്ഭുതം നിങ്ങളെങ്ങാനും കണ്ടിട്ടുണ്ടോ? കേട്ടിട്ടുണ്ടോ? ഇങ്ങനെയൊക്കെ നടപ്പായാൽ ആശ്രമധൎമ്മങ്ങളും ജാത്യാചാരങ്ങളും ലോകത്തു നിലനില്ക്കുന്നതെങ്ങനെ? എന്നു പരിഹാസമായിപ്പറഞ്ഞു.

ബ്രാഹ്മണർ:—ഗുരോ! ഇതത്ഭുതം തന്നെയാകുന്നു. കറുത്തിരിക്കുന്ന കാക്കയെ വെളുത്തതാക്കണമെന്നു പറയുന്നതുപോലെയാണിതും. സന്യാസിക്കു ശൂദ്രരുടെ പന്തിയിൽ പോലും ഇരുന്നുണ്ണാൻ പാടില്ല. ആ സ്ഥിതിക്കു ബ്രാഹ്മണരുടെ പന്തിയിൽ എങ്ങനെയാണിരുത്തേണ്ടതു്? സ്വയംഭ്രഷ്ടനായിത്തീൎന്നിരിക്കുന്ന ഇവന്റെ ഭ്രഷ്ടു തീൎക്കുന്നതെങ്ങനെ? കാഞ്ഞിരം കല്പകവൃക്ഷമാക്കാൻ സാധിക്കുമോ? എന്നിങ്ങനെ ഓരോന്നു പറയുന്നതുകേട്ടു്, മതാചാൎയ്യൻ ആ എഴുത്തു വലിച്ചുകീറി ദൂരത്തെറിഞ്ഞുകളഞ്ഞു. എന്നിട്ടു്

മന്ത്രിയെനോക്കിപ്പറഞ്ഞു. ഹേ രാജമന്ത്രി, ഇവരെ ഈ ജന്മം ബ്രാഹ്മണരോടു ചേൎത്തുനടത്താൻ പാടില്ല. അടുത്തജന്മത്തിൽ ഒരു വേള സാധിച്ചേക്കും. ഇങ്ങിനെ ഞാൻ പറഞ്ഞതായിരാജാവിനോടുപോയിപ്പറയൂ.

മതാചാൎയ്യന്റെ വാക്കുകേട്ടു മന്ത്രി, ജാതിമൎയ്യാദകളെ ലംഘിക്കുക അസാദ്ധ്യമെന്നു തന്നെ നിശ്ചയിച്ചു സമാധാനപ്പെട്ടുകൊണ്ടു തിരിഞ്ഞുനടന്നു. ജ്ഞാനേശ്വരൻ തൽക്ഷണംതന്നെ ബ്രാഹ്മണരെ അരികിൽവിളിച്ചു; വിഠോബാവൻ പരിശുദ്ധനാണെന്നും ഭ്രഷ്ടുകല്പിക്കുന്നതു കേവലം അവരുടെ വ്യാമോഹംകൊണ്ടാണെന്നും മറ്റും യുക്തിപൂൎവ്വം പ്രസ്താവിച്ചു. പരമാൎത്ഥബോധമുള്ളവർ അദ്ദേഹത്തിനു ഭ്രഷ്ടുകല്പിക്കയില്ലെന്നും പറയാതിരുന്നില്ല. അതുകേട്ടു ബ്രാഹ്മണർ "എടാ തിരുട്ടുപ്പയലേ! പരമാൎത്ഥബോധികളെ നീയേ കണ്ടിട്ടുള്ളു? നീ ഇങ്ങിനെ പറഞ്ഞതു നിന്റെ കുറ്റമല്ല. കണ്ടേടമൊക്കെത്തൊട്ടുതിന്നുനടന്നു ഭ്രഷ്ടുഭവിച്ച ദുഷ്ടന്റെ ബീജത്തിൽ ജനിച്ചവർ സുശീലരായിവരാൻ ഇടയില്ല. നിങ്ങളെത്തൊട്ടാൽ എന്നല്ല കണ്ടാൽപോലും പാപമുണ്ടു്.

ജ്ഞാനേശ്വരൻ:—ശരി; അജ്ഞാനികളായി മനസ്സന്ന്യാസമില്ലാതെ ശൂദ്രനോടുഭിക്ഷയാചിച്ചുനടക്കുന്ന നിങ്ങളെക്കണ്ടാലാണു് പാപമുള്ളതു്. ഞങ്ങൾ മനസ്സന്ന്യാസമുള്ള പരിശുദ്ധരാണു്. ഈ സംഭാഷണം കേട്ടുകൊണ്ടുനിന്ന വിഠോബാവൻ ഉടനെ പുത്രനെനോക്കി—"കുഞ്ഞേ! ജ്ഞാനേശ്വരാ! നമുക്കിവിടെരക്ഷിച്ചിട്ടുകാൎയ്യമെന്തു? ഇവൎക്കു നമ്മെക്കൂട്ടിച്ചേൎത്തുനടത്താൻ നിവൃത്തിയില്ലെന്നുപറഞ്ഞാൽ പിന്നെ നാം നിൎബ്ബന്ധിക്കുന്നതഴകല്ല. നമുക്കു അലങ്കാരവതിയിലേക്കു മടങ്ങിപ്പോകാം. വരിക" എന്നു പറഞ്ഞു.

പുത്രനെ വിഠോബാവൻ ജ്ഞാനേശ്വരനെന്നുവിളിക്കുന്നതുകേട്ടു്, ബ്രാഹ്മണർ കൈകൊട്ടിച്ചിരിച്ചുകൊണ്ടുപറഞ്ഞു.

"ഹേ വിഠോബാവ! നീ ഈകുട്ടിയെ വിളിച്ചപേരെന്താ? ഒന്നുകൂടികേൾക്കട്ടെ."

വിഠോബാവൻ:—എന്തു്? ജ്ഞാനേശ്വരൻ എന്നാണു് ഞാൻ വിളിച്ചതു്? അവന്റെ പേരതാണു്.

ബ്രാഹ്മണർ:—വീണ്ടും ചിരിച്ചു,—അട്ടെ. മറ്റുള്ളവരുടെ പേരുകൾ കേൾക്കട്ടെ.

വിഠോബാവൻ:—മൂത്തവന്റെ പേർ നിവൃത്തിസാധു എന്നാണു്. ഈ ഇളയകുട്ടിയുടെപേർ സോപാനദേവൻ എന്നു്—പെൺകുട്ടിക്കു മുക്താബായിയെന്നുപേരു്.

ബ്രാഹ്മണർ;—"ഹാസ്യഭാവത്തോടെ, കൊള്ളാം ഇതു് ഇടപ്പുഴ്ക്കു പട്ടുചരടുകെട്ടിയപോലെയിരിക്കുന്നു. പട്ടിക്കു സിംഹക്കുട്ടിയെന്നു പേർവിളിക്കുന്നതുപോലെയുമിരിക്കുന്നു. ഭ്രഷ്ടനായ നിനക്കു ജനിച്ച ദുഷ്ടക്കുട്ടികൾക്കു നിവൃത്തിസാധു ജ്ഞാനേശ്വരൻ എന്നൊക്കെ പേർകൊടുത്തതുകൊണ്ടെന്തുഫലം? കാക്കയ്ക്കു കുയിലെന്നു പേരിട്ടാൽ അതു കുയിലാകുമോ? ഇതുപോലെ ഒരത്ഭുതം ഇതിനുമുമ്പു കേട്ടിട്ടില്ല" എന്നിങ്ങനെ പരിഹസിച്ചു, അവർ വന്നാഴിക്കു കുളിക്കാനായിപ്പോയി, ഉടനേ ജ്ഞാനേശ്വരൻ അവരെ വിളിച്ചു്, ഹേ ബുദ്ധികെട്ടബ്രാഹ്മണരെ! ചന്ദ്രനെക്കണ്ടു നായ് കുരച്ചാൽ അതുക്ഷീണിക്കുമെന്നല്ലാതെ ചന്ദ്രനു് വല്ല കുറവും വരാനുണ്ടോ? ദൈവത്തെ ദൂഷിക്കുന്നവൎക്കു നരകം അനുഭവമെന്നല്ലാതെ ദൈവത്തിനതുകൊണ്ടെന്തുതാഴ്ചയാണുള്ളതു്? അതുകൊണ്ടു കാൎയ്യാകാൎയ്യവിവേകമില്ലാത്ത അജ്ഞാനികളായ നിങ്ങൾ കൈകൊട്ടിപ്പല്ലുകാട്ടിച്ചിരിച്ചാൽ അതിൽ നിങ്ങൾക്കു അപമാനവും പരിഹാസവും ഉണ്ടാകുമെന്നല്ലാതെ ഞങ്ങൾക്കു യാതൊരുകുറവും വരാനില്ല.

ബ്രാഹ്മണർ:—എടാ ദുഷ്ടാ! നിങ്ങൾ ചന്ദ്രനും ഞങ്ങൾ നായ്ക്കളും എന്നൎത്ഥത്തിലാണോ നീ പറഞ്ഞതു്. ശരി, നിന്നെ നേരേവിട്ടയയ്ക്കാൻപാടില്ല. നില്ലവിടെ എന്നുപറഞ്ഞു പ്രഹരിപ്പാനായി അടുത്തു. ഉടനേ നിവൃത്തിസാധു അവരെ വണങ്ങി—ഹേ വിപ്രന്മാരേ! ഞങ്ങളുടെ സ്ഥിതി വാസ്തവംപോലെ നിങ്ങളോടുപറഞ്ഞുകഴിഞ്ഞു. ഇനി നിങ്ങളുടെ ഇഷ്ടംപോലെ ഞങ്ങളെ ഉത്തമന്മാരെന്നോ അധമന്മാരെന്നോ കല്പിച്ചു

ഒരുപത്രിക എഴുതിത്തരണം. എഴുതിത്തന്നില്ലെങ്കിലുംശരി—ഇങ്ങനെ നിന്ദിക്കാതെയിരുന്നാൽമതി—എന്നല്ല വെറുതേനില്ക്കുന്ന ഞങ്ങളെ പ്രഹരിപ്പാൻ വട്ടംകൂട്ടുന്നതു എന്തു ന്യായമാണു്?

ബ്രാഹ്മണർ:—നിങ്ങൾ വെറുതേ ആക്ഷേപിക്കാതെ വന്നവഴിക്കുപോയെങ്കിൽ ഞങ്ങൾ ഉപദ്രവിക്കാൻ വരുമായിരുന്നോ? ഞങ്ങളെ നായെന്നുംമററും പറയുന്നതെന്തിനു്?

നിവൃത്തിസാധു:—ഞങ്ങൾ വന്നതു ഭ്രഷ്ടതീർത്തു ഒരു വൈദികവിധി വാങ്ങിക്കൊണ്ടുപോകാനാണെല്ലോ അതെഴുതിത്തന്നേച്ചെങ്കിൽ ഞങ്ങൾ ഒരക്ഷരം ശബ്ദിക്കുമായിരുന്നോ.

ബ്രാഹ്മണർ:—നിങ്ങൾ പറയുന്നതു നിങ്ങളുടെമോഹം—പറയൻബ്രാഹ്മണനാകുമോ? അതുപോലെ ഭ്രഷ്ടന്മാരായ നിങ്ങൾ ബ്രാഹ്മണസമുദായത്തിൽ കൂടിനടക്കാൻ യോഗ്യന്മാരാകുന്നതെങ്ങനെ? അതുകൊണ്ടു അക്കാര്യംമാത്രം പറഞ്ഞുസമയംകളയേണ്ട.

നിവൃത്തിസാധു;—ബ്രാഹ്മണരേ! നിങ്ങൾ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. വേദത്തെ പകുത്ത വ്യാസനും അദ്ദേഹത്തിന്റെ മുത്തച്ഛനായ വസിഷ്ഠനും രാമന്റെ ഗുരുവായ വാല്മീകിയും, ശുകനും വിശ്വാമിത്രനും താഴ്ന്നകുലത്തിൽ ജനിച്ചവരാണെങ്കിലും, തപസ്സുകൊണ്ടല്ലയോ അവർക്കു മേന്മ സിദ്ധിച്ചു്, അവർ ബ്രാഹ്മണർക്കു ഗുരുക്കന്മാരായതു്, അങ്ങനെയിരിക്കെ തപസ്വിയായി എന്നുള്ളകാരണത്താൽഞങ്ങളുടെ അച്ഛനു് നിങ്ങൾ ഭ്രഷ്ടുകല്പിച്ചതെങ്ങനെ?

ബ്രാഹ്മണർ:—കൊള്ളാം അറിവില്ലാത്ത നിന്നോടെന്തിനുസംസാരിക്കുന്നു. ഇതുവരെപ്പറഞ്ഞിട്ടും നിനക്കു മനസ്സിലാകുന്നില്ലല്ലോ. കാരണം പറവാനില്ലെന്നായപ്പോൾപഴംകഥകളൊക്കെപ്പറഞ്ഞുതുടങ്ങിയിരിക്കുന്നു—അല്ലേ? വസിഷ്ഠനും വാല്മീകിയും വിശ്വാമിത്രനുമൊക്കെ ആരാണെന്നു നിനക്കറിയാമോ? അവർ ശാപാനുഗ്രഹശക്തിയുള്ള ദിവ്യന്മാരല്ലേ? നിന്റെ അച്ഛനും അവരും തുല്യരാകുമോ? ചിറകു ഉണ്ടെന്നുള്ള കാരണത്താൽ കൊതുകും ഗരുഡനും സമമാകുമോ? നീ ആ മഹർഷിവര്യന്മാരെ പുകഴ്ത്തുന്നു എന്നവ്യാജേന പഴിക്കയാണുചെയ്യുന്നതു്? അല്ലേ? ഗോസലമാമുനി ഒരു നീചസ്ത്രീയിൽ ജനിച്ച ഏഴുകുട്ടികളേയും കൂട്ടിക്കൊണ്ടു സ്വർഗ്ഗത്തുചെന്നു്, അവരെ ഉപനയനംകഴിച്ചനുഗ്രഹിക്കണമെന്നു്, മഹർഷിമാരോടു അപേക്ഷിച്ചതിൽ സാധിക്കയില്ലെന്നാണു മറുപടികിട്ടിയതു്. അതു നീ കേട്ടിട്ടില്ലയോ? അപ്രകാരം ഭ്രഷ്ടനുജനിച്ച നിങ്ങളേയും വിശുദ്ധരാക്കാൻആരെക്കൊണ്ടും സാധിക്കയില്ല. മരിക്കുന്നതുവരെ ഭ്രഷ്ടന്മാരായിത്തന്നെയിരിക്കും. വെറുതേ വീണ്ടുംവീണ്ടും ഓരോന്നുപറഞ്ഞു സമയംകളയുന്നതെന്തിനു്?

നിവൃത്തിസാധു:—അപ്പോൾ ഞങ്ങൾ നീചനായ ഒരുവനു ജനിച്ചവർ ആണെന്നാണോ പറയുന്നതു്?

ബ്രാഹ്മണർ:—സംശയമെന്തു്? സന്ന്യാസിയായി ജാതിഭേദമില്ലാതെ കഴിച്ചുനടന്നവൻ നീചനേക്കാളും താഴ്ന്ന മ്ലേച്ഛനാണെന്നുവേണം പറവാൻ.

നിവൃത്തിസാധു—നിങ്ങൾ ഇങ്ങനെ പറയുന്നതു്, അറിവുകേടിന്റെയും അഹംകാരത്തിന്റെയും കൂടുതൽകൊണ്ടാണെന്നെ, ഞാൻ വിചാരിക്കുന്നുള്ളു. വേദം പഠിച്ചുള്ളതബ്രാഹ്മണരാരും ഇങ്ങനെ പറകയില്ലെന്നാണു് എന്റെപക്ഷം.

ബ്രാഹ്മണർ; —വേദംപഠിച്ച ബ്രാഹ്മണർ, സന്ന്യാസിയെ ഭ്രഷ്ടനാണെന്നുതന്നെ പറയും.

നിവൃത്തിസാധു—പരമാർത്ഥജ്ഞാനത്തിനായി പരമഹംസപദത്തെ പ്രാപിച്ചസന്ന്യാസി ഭ്രഷ്ടനാണെന്നു വേദത്തിൽ പറഞ്ഞിട്ടുണ്ടോ?

ബ്രാഹ്മണർ—സംശയമെന്തു്? അങ്ങനെതന്നെ പറഞ്ഞിട്ടുണ്ടു്.

ഇതുംകേട്ടപ്പോൾ ജ്ഞാനശാലനു അത്ഭുതവും നീരസവും ഉണ്ടായി. എന്നിട്ടു്, വെള്ളംചുമന്നുകൊണ്ടു അക്കൂട്ടത്തിൽ നിന്ന ഒരു എരുമക്കിടാവിനെ ചൂണ്ടിക്കാട്ടിപ്പ

റഞ്ഞു—"വേദബ്രാഹ്മണരേ! ഈ എരുമക്കിടാവിനു സമന്മാരാണ് നിങ്ങൾ. വേദംപഠിച്ചിട്ടുണ്ടെങ്കിലല്ലേ നിങ്ങൾക്കു നീതിയറിവാൻ സാധിക്കയുള്ളു. വേദം കണ്ണിനു കാണുകപോലും ചെയ്തിട്ടില്ലാത്ത നിങ്ങൾ ഈ എരുമക്കിടാവിനോടുപോലും യുക്തിപറഞ്ഞുനില്ലാൻ അളാകുമെന്നു നിക്കുതോന്നുന്നില്ല നിങ്ങളോടു സംസാരിക്കുന്നതിൽ ഭേദം ഈ എരുമക്കിടാവിനെവിളിച്ചു യുക്തികൾ പറയുകയാണ്.

ബ്രാഹ്മണർ:—ശരി, മൂക്കൻമൂഢനെ സ്തുതിക്കുന്നതു മുഴുമൂഢനാണല്ലോ. അതുപോലെ ഈ എരുമക്കിടാവിനോളംപോലും അറിവില്ലാത്ത നിനക്കു യുക്തിവാദംചെയ്വാൻ അതുതന്നെ കൊള്ളാം.

ജ്ഞാനേശ്വരൻ:—ശരി, ഈ എരുമക്കിടാവിനുള്ളതിൽ ശതാംശംബോധം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളെ മാനിക്കതന്നെവേണം—ഇല്ലെങ്കിലോ?

ബ്രാഹ്മണർ,—എടാദുഷ്ടാ! നീ വെറും അസംബന്ധങ്ങൾ പറഞ്ഞുതുടങ്ങിയോ? എരുമക്കിടാവിനു അല്പമെങ്കിലും അറിവുണ്ടെങ്കിലല്ലേ അതിൽ ശതാംശം ഞങ്ങൾക്കുണ്ടാകേണ്ടതു? നിനക്ക്, എന്തുംപറഞ്ഞുകളയാമെന്നുള്ള അഹംകാരം കുറേ കൂടുതൽതന്നെ. എരുമക്കിടാവിനു ഗുണദോഷജ്ഞാനമുണ്ടെന്നു ഇക്ഷണം നീ ഞങ്ങൾക്കു ബോധപ്പെടുത്തിത്തരണം. അല്ലെങ്കിൽ, അഹങ്കാരംപറഞ്ഞതിന്റെ അനുഭവം തരാതെ നിന്നെ ഞങ്ങൾ വിട്ടയയ്ക്കയില്ല. എന്നുച്ചത്തിൽ പറഞ്ഞുകൊണ്ടു, അകലെക്കൂടിപ്പോയഎരുമക്കിടാവിനെ അവർ പിടിച്ചു, ജ്ഞാനേശ്വരന്റെ മുമ്പിൽകൊണ്ടുനിർത്തി.

അട്ടെ, ബോധപ്പെടുത്തിത്തരാം എന്നുപറഞ്ഞുകൊണ്ടു ജ്ഞാനേശ്വരൻ തന്റെ കൈ എരുമക്കിടാവിന്റെ തലയിൽതൊട്ടു തലോടി, "ഹേ എരുമക്കുട്ടി! ഒരുത്തൻ ബ്രാഹ്മണനാകുന്നതു, തപസ്സുകൊണ്ടോ ജാതികൊണ്ടോ ബ്രഹ്മജ്ഞാനംകൊണ്ടോ അതോ ജാത്യാചാരങ്ങൾകൊണ്ടോ?—എന്തുകൊണ്ടാണെന്നു പരമാർത്ഥംപറഞ്ഞിവരെ മനസ്സിലാക്കിക്കൊടുക്കുക" എന്നരുളിച്ചെയ്തു.

ജ്ഞാനേശ്വരന്റെ അരുളപ്പാടുകേട്ടമാത്രയിൽ ആ എരുമക്കുട്ടി, മനുഷ്യരെപ്പോലെ സംസാരിക്കാൻതുടങ്ങി. നാലുവേദങ്ങളിൽനിന്നും അനേകവാക്യങ്ങൾ ഉച്ചരിച്ചു. ഒടുവിൽ, താഴെവരുന്ന പദ്യങ്ങൾചൊല്ലി,

ജന്മനാ ജായതേശൂദ്രഃ കർമ്മണാ ജായതേദ്വിജഃ
വേദമഭ്യസ്തുവിപ്രാണാം ബ്രഹ്മജ്ഞാനീതുബ്രാഹ്മണഃ ൧
ദാസീഗർഭസമുദ്ഭൂതം നാരദസ്യമഹാമുനേഃ
തപസാബ്രാഹ്മണോഭൂച്ച ധന്യംജന്മനകാരണേൽ. ൨
ഉർവശീഗർഭസംഭൂതം വസിഷ്ഠസ്യമഹാമുനേഃ
തപസാബ്രാഹ്മണോഭൂച്ച തച്ചജന്മനകാരണേൽ. ൩
ശൂനീഗർഭസമുദ്ഭൂതം ശൌനകസ്യമഹാമുനേഃ
തപസാബ്രാഹ്മണോഭൂച്ച തച്ചജന്മനകാരണേൽ ൪

എന്നിങ്ങനെ ബ്രാഹ്മണഭാവത്തിനു പ്രധാനം തപസ്സാണെന്നുകാണിക്കുന്ന ഈ പദ്യങ്ങളും പാടി ജ്ഞാനേശ്വരനെ വന്ദിച്ചുനില്ക്കുന്നതുകണ്ടപ്പോൾ, ബ്രാഹ്മണർക്കു ആശ്ചര്യത്തേക്കാൾ ഭയമുണ്ടായി. "ഹാ! ഇവൻ വലിയ അഭിചാരക്കാരൻതന്നെ. ഇവനെ ഭയപ്പെടുകതന്നെവേണം. ഇനി ഇവിടെ നിന്നാൽ ഇവൻനമ്മെ എന്തെല്ലാമാണു ചെയ്യുന്നതെന്നറിഞ്ഞുകൂടാ. അതുകൊണ്ടു നമുക്കുപൊയ്ക്കളയാം എന്നുഅന്യോന്യം മന്ത്രിച്ചു പ്രാണരക്ഷയ്ക്കായി ഓരോ വഴിയ്ക്കോടിയൊളിച്ചു.

മഠാചാര്യൻ, ഉടനെ ഭയവിഹ്വലനായി, ഓടിച്ചെന്നു. ജ്ഞാനേശ്വരന്റെ പാദങ്ങളിൽ നമസ്കരിച്ചു. അനന്തരം വിഠോബാവനെയും നിവൃത്തിസാധുമുതലായ മറ്റു കുട്ടികളെയും വന്ദിച്ചു, ക്ഷമായാചനംചെയ്തു. എരുമക്കുട്ടി പറഞ്ഞതെല്ലാം വേദവിധിയിലുള്ളതാണെന്നും സത്യമാണെന്നും പരമാർത്ഥബോധമില്ലാതെ ഭിന്നന്മാരായ അവരെ

അവമതിച്ച അപരാധത്തെ ക്ഷമിക്കണമെന്നും മററും പറഞ്ഞു വിളിച്ചു തന്റെ ഭവനത്തിൽ കൊണ്ടുപോയി, തന്റെ ബന്ധുക്കളോടൊരുമിച്ചിരുത്തി പന്തിഭോജനം കഴിപ്പിച്ചു. വേദാന്തവിഷയമായി പലതും സംസാരിച്ചുകൊണ്ടിരുന്നു. മററുള്ള ബ്രാഹ്മണർ ഇതറിഞ്ഞു്, ഒരു സ്ഥലത്തുകൂടി ആലോചനതുടങ്ങി. ഭ്രഷ്ടന്മാരായ വിഠോബാവൻ മുതലായവരെ മാതാചാര്യൻ തന്നോടൊന്നിച്ചു പന്തിഭോജനംകഴിപ്പിച്ചിരിക്കുന്നതുകൊണ്ടു, മേലാൽ മതാചാര്യനെ തങ്ങളുടെ സമുദായത്തിൽ ചേർത്തു നടത്തുകയോ വൈദികനാക്കി വക വയ്ക്കയോ യാതൊന്നും ചെയ്തുകൂടായെന്നു അവർ തീരുമാനിച്ചു. അന്നുമുതൽക്കു വൈദികനെ കണ്ടാൽ അവർ മിണ്ടുകപോലും ചെയ്യാതെയായി. അങ്ങനെ കഴിഞ്ഞുവരുമ്പോൾ ഒരുദിവസം മാതാചാര്യന്റെ പിതാവിന്റെ ശ്രാദ്ധം വന്നു. അന്നു്, പിതൃദേവപൂജയെല്ലാക്കെ ഒരുക്കി ക്രിയകളെല്ലാം ചെയ്തുകഴിഞ്ഞശേഷം ബ്രാഹ്മണരെ ഭുജിപ്പിക്കുന്ന അവശ്യത്തിലേക്കു്, വൈദികൻ തന്റെ ഉററസ്നേഹിതന്മാരായ ഏതാനും പേരെ ക്ഷണിച്ചു. അതിനു അവർ പറഞ്ഞതു്, "ഹേ വൈദികരേ! താങ്കൾ ഭ്രഷ്ടനായിത്തീർന്നിരിക്കുന്നു. ഏതോ കൺകെട്ടുവിദ്യകൊണ്ടോ മറേറാ ഒരു എരുമക്കിടാവിനെക്കൊണ്ടു സംസാരിപ്പിച്ചു എന്ന കാരണത്തിന്മേൽ, ചില ഭ്രഷ്ടന്മാരെ താങ്കൾ പന്തിഭോജനം ചെയ്യിച്ചില്ലേ?—ഇനി അവരോടുകൂടി നടക്കുകയല്ലാതെ ഞങ്ങളോടുകൂടി നടക്കാൻ സാധിക്കയില്ല. ഞങ്ങളാരും താങ്കളുടെ ഭവനത്തിൽ ഇനിയാതൊരു ശുഭാശുഭകർമ്മങ്ങൾക്കും വരികയുമില്ല" എന്നായിരുന്നു. അതുകേട്ടു്, മാതാചാര്യനു അധിവർദ്ധിച്ചു. ഇനി എന്താണു നിവൃത്തി എന്നിങ്ങനെ ചിന്താമഗ്നനായി മങ്ങി വീട്ടിലെങ്ങി ഒരു ദിക്കിൽ ദുഃഖിച്ചിരുന്നു. നിവൃത്തി സാധു അതുകണ്ടു് ആചാര്യരോടു ആ ഭാവഭേദത്തിന്റെ കാരണം ചോദിച്ചു. ആചാര്യൻ സകലവൃത്താന്തങ്ങളും ഒന്നൊഴിയാതെ പറഞ്ഞു കേൾപ്പിച്ചു. ബ്രാഹ്മണരുടെ കൂടിനടപ്പില്ലെങ്കിൽ തനിക്കു വലുതായ വിഷമതയുണ്ടെന്നും പറഞ്ഞു നിവൃത്തിസാധു അതുകേട്ടു്, ഹേ ആചാര്യരേ! ഗുണമുള്ളവൻതന്നെ ഉത്തമജാതീയൻ ഗുണമില്ലാത്തവൻ ഏതുവംശത്തിൽ പിറന്നാലും അവൻ ചണ്ഡാലനാകുന്നു. വേദത്തിലും അപ്രകാരമാണു പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു ഗുണം കെട്ട ആ ദുഷ്ടന്മാരെ ക്ഷണിക്കാതിരിക്കയായിരുന്നു നന്നു്. അവർ വന്നാലും ഉദ്ദിഷ്ടഫലം കിട്ടുകയില്ല" എന്നുപറഞ്ഞു.

**മതാചാര്യൻ:**—എങ്കിലും ലോകവ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്ന കാലത്തോളം അതു നിരസിക്കാൻ നമുക്കു പാടില്ലല്ലോ. അല്ലെങ്കിൽ എല്ലാം സന്യസിക്കണം. രണ്ടും കെട്ടനിലയിലിരുന്നാൽ ആളുകൾ പരിഹസിക്കും. നാട്ടുക്കൊപ്പമിരിക്കണമെന്ന സംഗതി എനിക്കിന്നനുഭവമായി.

**നിവൃത്തിസാധു:**—ബ്രഹ്മജ്ഞാനവും തപസ്സുമാണു ബ്രാഹ്മണചിഹ്നമെന്നു ഒരു എരുമക്കിടാവു പറഞ്ഞിട്ടുപോലും വിശ്വസിക്കാത്ത അജ്ഞാനികളായ ബ്രാഹ്മണരോടു നാം എന്തുചെയ്യാനാണു്—"കെട്ടവനിട്ടാൽ ഇട്ടവനുംകെട്ടും" എന്ന പഴമൊഴിപോലെ ഭ്രഷ്ടന്മാരും ഭാഗ്യഹീനന്മാരുമായ ഞങ്ങളോടു സഹവസിക്കകൊണ്ടാണല്ലൊ താങ്കൾക്കും ഈ ആപത്തു വന്നുകൂടിയതു്. കഷ്ടം! എന്നനുശോചിച്ചു പാരവശ്യം കാണിച്ചപ്പോൾ,

**മാതാചാര്യർ പറഞ്ഞു:**—പരമാത്മജ്ഞാനികളായ നമുക്കു്, അജ്ഞാനികളായ ഈ ബ്രാഹ്മണരുടെ കൂട്ടുകെട്ടേ ആവശ്യമില്ലായിരുന്നു. അതില്ലെന്നുവെച്ചു യാതൊരുതരക്കേടും വരുവാനുമില്ല. പക്ഷേ പിതൃദേവതകൾക്കു പൂജിച്ച അന്നം ബ്രാഹ്മണരെത്തന്നെ ഊട്ടണമെന്നു വിധിയുണ്ടു്. അല്ലാതെ അവർ തൃപ്തിപ്പെടുകയില്ല. മററാരെയെങ്കിലും ഊട്ടിയാൽ ഊട്ടുന്നവനും അവന്റെ കുടുംബവും നരകത്തിൽ പതിക്കുമെന്നാണു് വേദവിധി. അതാണു എന്റെ വ്യസനത്തിനുകാരണം.

ഈ സംഭാഷണം കേട്ടുകൊണ്ടു നിന്ന ജ്ഞാനേശ്വരൻ ഉടനേ പറഞ്ഞു—"ഹേ ആചാര്യോത്തമ! പിതൃദേവതകൾക്കായി കല്പിച്ച അന്നം ആ പിതൃദേവതകൾ തന്നെയല്ലയോ ഭുജിക്കേണ്ടതു്? അല്ലാതെ, ഈ ബ്രാഹ്മണർ ഉണ്ണുന്നതുകൊണ്ടു എന്തുഫലം?

**ആചാൎയ്യൻ**:—പിതൃദേവതകളെത്തന്നെ വരുത്തി ഊട്ടുന്നതിനുള്ള സാമൎത്ഥ്യം അക്കുണ്ടു? അതു സാധിക്കത്തക്ക കാൎയ്യമാണോ?

**ജ്ഞാനേശ്വരൻ**:—അതുകൊണ്ടു സംകടപ്പെടേണമെന്നില്ല. പിതൃദേവതകളെ ഇപ്പോൾ തന്നെ ഞാൻ ഇവിടെ വരുത്താം. അവർ തന്നെ പന്തിയിൽ ഇലയിൽ വിളമ്പിയിരിക്കുന്ന അന്നം ഭക്ഷിക്കുന്നതു കാണിച്ചുതരികയും ചെയ്യാം; നോക്കിക്കൊൾക.

ഇങ്ങനെ പറഞ്ഞതിനുശേഷം ആകാശത്തിലേക്കു നോക്കി. "ഹേ പിതൃദേവതകളെ! നിങ്ങൾക്കായി ഈ ബ്രാഹ്മണോത്തമനാൽ സംസ്കരിക്കപ്പെട്ട ഈ അന്നം ഇക്ഷണം തന്നെ സൎവ്വജനസമക്ഷം വന്നു ഭക്ഷിച്ചു ബ്രാഹ്മണൎക്കു ബോധം ഉദിപ്പിച്ചുകൊടുത്തു് അദ്ദേഹത്തെ അനുഗ്രഹിക്കുവിൻ എന്നാജ്ഞാപിച്ചു.

ഉടനേ, ആകാശത്തിൽ നിന്നും അനവധി വിമാനങ്ങൾ ഭൂമിയിലേക്കു താഴുന്നതു കാണപ്പെട്ടു. പരിശുദ്ധരായ പിതൃദേവതകൾ ഓരോരുത്തരായി വിമാനങ്ങളിൽവന്നു് മതാചാൎയ്യന്റെ അംകണമുറ്റത്തിറങ്ങി, പന്തിയിൽ വിളമ്പിയ അന്നപാത്രങ്ങളുടെ (ചോറിലകളുടെ) പക്കത്തിലിരുന്നു ഭക്ഷിച്ചുതുടങ്ങി. അതു കണ്ടപ്പോൾ ബ്രാഹ്മണർ മുതലായ എല്ലാവരും ആനന്ദാശ്ചൎയ്യഭയവിവശന്മാരായി ഓടിച്ചെന്നു മതാചാൎയ്യന്റെ പാദങ്ങളിൽ നമസ്കരിച്ചു. അനന്തരം പിതൃദേവതകളെയും പ്രത്യക്ഷം വണങ്ങിയശേഷം, ജ്ഞാനേശ്വരനെയും നിവൃത്തിസാധുവിനെയും വന്ദിച്ചു സ്തുതിച്ചു. "ഹേ മഹാത്മാക്കളേ! നിങ്ങൾ തന്നെ പ്രത്യക്ഷദൈവങ്ങൾ. നിങ്ങളേയും നിങ്ങളെ ഉപചരിച്ച മതാചാൎയ്യനെയും അവമതിച്ച ഞങ്ങളുടെ അറിവുകേടിനെ ക്ഷമിപ്പിൻ". എന്നിങ്ങനെ അഭയപ്രാൎത്ഥന ചെയ്തപ്പോൾ മതാചാൎയ്യന്റെ മനസ്സുതെളിഞ്ഞു. അദ്ദേഹം ആനന്ദനിമഗ്നനായി ജ്ഞാനേശ്വരന്റെ തൃപ്പാദങ്ങളിൽ വന്ദിച്ചു്,—"സ്വാമിൻ! നിന്തിരുവടിതന്നെയാണു് സാക്ഷാൽ ജഗദീശ്വരൻ, എന്നൊക്കെ സ്തുതിക്കുന്നതുകേട്ടു്, ജ്ഞാനേശ്വരൻ—ബ്രാഹ്മണരെ നോക്കിപ്പരിഹാസമായിട്ടു്,—ഹേ ബ്രാഹ്മണോത്തമന്മാരേ! ഭ്രഷ്ടന്മാരെയും ഭ്രഷ്ടന്മാരെ ഉപചരിച്ച വൈദികനെയും നിങ്ങൾ എന്തിനു വന്ദിക്കുന്നു? അതു നിങ്ങൾക്കു കുറവല്ലേ?" എന്നു ചോദിച്ചു.

ബ്രാഹ്മണർ:—ജഗന്നായക! സ്വാമിൻ! ഇങ്ങനെ കല്പിക്കുന്നതു സംകടമാണു്. അറിവില്ലാതെ ഞങ്ങൾ ചെയ്തുപോയ അപരാധങ്ങളെ ക്ഷമിച്ചു ഞങ്ങളെ അനുഗ്രഹിക്കണം.

ജ്ഞാനേശ്വരൻ:—വേദിയരേ! നിങ്ങളുടെ അനാചാരം ക്ഷമിക്കത്തക്കതല്ല. പിതൃദേവതകൾ അന്നം ഭക്ഷിക്കുന്നിടത്തു നിങ്ങൾക്കെന്തുകാൎയ്യം? അവരെ തീണ്ടി അശുദ്ധപ്പെടുത്താതെ വേഗം പൊയ്ക്കൊള്ളുവിൻ!

ബ്രാഹ്മണർ—സ്വാമിൻ! കരുണാനിധേ! 'ഉണ്ണികളിടാങ്ങൾ പിഴച്ചു കാൽവെയ്ക്കിലും കണ്ണിനു കൌതുകമുണ്ടാം പിതാക്കൾക്കു" എന്ന ചൊല്ലുപോലെ, നിന്തിരുവടിയുടെ സൃഷ്ടിവൎഗ്ഗത്തിൽ പെട്ട അജ്ഞാനികളായ ഈ പാപന്മാരെ അനുഗ്രഹിച്ചു രക്ഷിക്കണമേ!

ബ്രാഹ്മണരുടെ അപേക്ഷകേട്ടു്, ജ്ഞാനേശ്വരൻ പ്രസന്നനായി, അവരെ ഒരുഭാഗത്തു ചെന്നിരുന്നുകൊൾവാൻ ആജ്ഞാപിച്ചു. പിതൃദേവതകൾ ഭക്ഷിച്ചു സംതൃപ്തരായി ജ്ഞാനേശ്വരനെ വന്ദിച്ചപ്പോൾ അദ്ദേഹം അവൎക്കു യാത്രപറഞ്ഞയച്ചു. അനന്തരം ബ്രാഹ്മണൎക്കു പ്രത്യേകം ഇലയിട്ടു്, അന്നം വിളമ്പിച്ചു ഊട്ടിതൃപ്തരാക്കി, മതാചാൎയ്യനെ ആനന്ദപരിപ്ലുതനാക്കിച്ചെയ്തു.

അന്നുമുതൽ ആ നാട്ടിലുള്ള ബ്രാഹ്മണർമുതലായ നാലുജാതികൾക്കും ജ്ഞാനേശ്വരനെക്കുറിച്ചു ഭയഭക്തി വൎദ്ധിച്ചു. അദ്ദേഹം സാക്ഷാൽ ഭഗവാന്റെ അവതാരം തന്നെയെന്നു നിശ്ചയിച്ചു വന്ദിച്ചു പൂജിച്ചുവന്നു. അങ്ങനെ കുറേനാൾ അവിടെ താമസിച്ചശേഷം, ജ്ഞാനേശ്വരന്റെ നിയോഗപ്രകാരം എല്ലാവരുമായി അദ്ദേഹത്തേയും വിഠോബാവൻ മുതലായവരെയും കൂട്ടിക്കൊണ്ടു അലങ്കാരവതിയിലെത്തി രാജാവും മന്ത്രി മുതലായവരും പ്രജകളുമെല്ലാം ഈ വൎത്തമാനമറിഞ്ഞു ശിവോബാസാധുവിന്റെ ഗൃഹത്തിലെത്തി, ജ്ഞാനേശ്വരൻ മുതലായവരെ വന്ദിച്ചുനിന്നു. ജ്ഞാനേശ്വരൻ എല്ലാവരെയും ഉചിതോ

പചാരങ്ങൾ ചെയ്തനുഗ്രഹിച്ചു യാത്രയാക്കിയശേഷം അവതാരകാൎയ്യങ്ങൾ സാധിക്കാൻ ആരംഭിച്ചു. അദ്ദേഹത്തിന്റെ ഓരോ തിരുവിളയാടൽ മാതാപിതാക്കൾക്കും രാജ്യവാസികൾക്കും ആനന്ദത്തെയും അത്ഭുതത്തെയും വൎദ്ധിപ്പിച്ചു. അദ്ദേഹം, ഉചിതകാലങ്ങളിൽ സദ്ഗുരുദ്ധ്യാനവും ബ്രഹ്മജ്ഞാനവും ഉപദേശിച്ചശേഷം, ഗോഹത്യ മുതലായ ദുഷ്കൃത്യങ്ങളെ നിഷ്കാസനം ചെയ്യിച്ചു ലോകത്തെ വിശുദ്ധമാക്കി, ധൎമ്മത്തെ നിലനിൎത്തി പരമസാധ്വിയായ സഹധൎമ്മചാരിണിയോടും സദാചാരരതരായ സഹോദരരോടും, സുകൃതികളായ മാതാപിതാക്കളോടുംകൂടി അലങ്കാരവതിയെ അലങ്കരിച്ചിരുന്നു.

ജ്ഞാനേശ്വരചരിത്രം സമാപ്തം.

---

# കുചേലചരിത്രം.

---

പൊൽപൂമാതിൻമനോമോദനകരമധുരാകാരമാവിഷ്കരിച്ചു-
സ്സൎപ്പേന്ദ്രങ്കൽശയിച്ചും വിമലസഗുണചിത്തായിവിശ്വംഭരിച്ചും
മുപ്പാരൊക്കെയ്ക്കധിപ്പതിന്നനുഗുണമാംരൂപമംഗീകരിച്ചും
വിദ്യോതിക്കുന്നവേദാന്തഗമഹിതപരന്ധാമമേകാശ്രയംമേ

പിറ്റേദ്ദിവസവും പതിവുപോലെ അഗതന്മാരായ ഉദ്ധവസിദ്ധർ മുതലായ ഭാഗവതന്മാരെനോക്കി, നാരദസിദ്ധൻ പറഞ്ഞു. ഭക്തജനമകുടാലങ്കാരമുക്താമണികളായ ധീരന്മാരേ! നിങ്ങളുടെ അപേക്ഷയനുസരിച്ച് ഞാൻ ഇതുവരെപ്പറഞ്ഞ കഥകളെല്ലാം എന്നാൽ എഴുതപ്പെട്ടവയായിരുന്നു. ഇനി കുചേലചരിത്രം വ്യാസമഹർഷി ഭാഗവതപുരാണത്തിന്റെ അവസാനത്തിൽ എഴുതിച്ചേൎത്തിട്ടുള്ളതുതന്നെ ഇവിടെ ഉദ്ധരിച്ചു നിങ്ങളെ കേൾപ്പിക്കാമെന്നു ഞാൻ വിചാരിക്കുന്നു; ഭക്തിപൂൎവം ശ്രവിച്ചുകൊൾവിൻ!

ശുകബ്രഹ്മൎഷി പരീക്ഷിത്തു രാജാവിനോടു ഇങ്ങനെ പറഞ്ഞുതുടങ്ങി.

അഖണ്ഡാനന്ദസച്ചിൽസ്വരൂപനായ ഭഗവാൻ ശ്രീകൃഷ്ണനെ, മനഃപീഠത്തിൽ വച്ചാരാധിക്കുന്ന ഭാഗവതാഗ്ര്യനായ പരീക്ഷിത്തുരാജാവേ! ശ്രീകൃഷ്ണഭഗവാന്റെ സതീൎത്ഥ്യനായിരുന്ന ദരിദ്രനായ കുചേലബ്രാഹ്മണന്റെ ഐശ്വൎയ്യപ്രാപ്തിയും മോക്ഷസിദ്ധിയും അടങ്ങിയ ദിവ്യചരിത്രത്തെ ഞാൻ പറവാൻപോകുന്നു. അതു, പാവനവും പാപവിനാശനവും ആകുന്നു. അലയാഴികളാൽ വളയപ്പെട്ട ഭൂതലത്തിന്റെ മുഖംപോലെ ശോഭിക്കുന്ന ഈ ഭാരതഖണ്ഡത്തിൽ വിലയേറിയ തിലകപ്പൊട്ടുപോലെ വിളങ്ങുന്നതായി ഉത്തരമധുര എന്നു നാമധേയത്തോടുകൂടി ഒരു രാജ്യമുണ്ടു്. ലൌകികവും വൈദികവുമായ മഹിമാതിശയത്താൽ അപട്ടണം ഒരുകാലത്തു മഹാലക്ഷ്മീദേവിയുടെ മംഗല്യസൂത്രംപോലെ, ശോഭിച്ചിരുന്നു. ഐശ്വൎയ്യസമൃദ്ധിയാൽ സ്വൎഗ്ഗലോകത്തെപ്പോലും ജയിക്കുന്ന ആ രാജ്യത്തിൽ അവന്തി എന്നൊരു ദേശം ശോഭിക്കുന്നു. ആവിടെ ഈ കഥ നടക്കുന്ന കാലത്തു് അധിവസിച്ചിരുന്ന സുന്ദരിമാരായ ബാലസ്ത്രീകൾ കാന്തന്മാരുമായുള്ള പ്രണയകലഹത്തിൽ കഴുത്തിൽനിന്നും പൊട്ടിച്ചെറിയുന്ന മുത്തുമാലകളാലും മറ്റു രത്നാഭരണങ്ങളാലും, ഭവനപ്രാന്തങ്ങൾ വിളങ്ങിക്കൊണ്ടിരുന്നു എന്നു മാത്രമല്ല, ബ്രഹ്മജ്ഞന്മാരായ ഭക്തന്മാരുടെ നാമഘോഷങ്ങളാലും, വേദപാഠങ്ങളാലും ആകാശമണ്ഡലം നിരന്തരമായി മുഴങ്ങിക്കൊണ്ടുമിരുന്നു. വയലുകളിലെ നെല്ലുകൾ ഭഗവദ്ധ്യാനനിരതന്മാരായ ഭക്തന്മാർ നമസ്കരിക്കുന്നതുപോലെ, ചിലേടിക്കൽ താഴ്ന്നും ബ്രഹ്മജ്ഞാനനിരതന്മാരായി നിവിൎന്നിരിക്കുന്ന യോഗികളെപ്പോലെ ചിലേടിക്കൽ ഉയൎന്നും, ഞൊറിവോടുകൂടിയ പച്ച

സൂൎയ്യപടം വിരിച്ച മഹാലക്ഷ്മിയുടെ നൃത്തരംഗം പോലെ പ്രകാശിച്ചു്, വിചിത്രവൎണ്ണങ്ങളായ സുഗന്ധപുഷ്പങ്ങളോടും മധുരഫലങ്ങളോടും കൂടിയ പൂന്തോട്ടങ്ങളാലും അഴകേറിയ ചെറുതരം മത്സ്യങ്ങൾ തത്തിക്കളിക്കുന്ന അമലസ്ഫടികജലസമ്പൂൎണ്ണങ്ങളായതടാകങ്ങളാലും പൂഞ്ചോലകളാലും, അൎത്ഥന്മാരായി ഉഴന്നുവരുന്ന അതിഥികളെ സല്ക്കരിച്ചന്നം നല്കുന്നതിൽ ബദ്ധശ്രദ്ധകളായ ഗൃഹിണികളാലും, മററും ആ ദേശം സവിശേഷംകമനീയവും രമണീയവുമായിരുന്നു. കാർമേഘമെന്നു ചിന്തിച്ചു്, മയിലുകൾ നടനമാടത്തക്ക കേശഭാരവും എതിർ പക്ഷിയെന്നുവിചാരിച്ചു കുയിലുകൾ പാടത്തക്ക സ്വരമാധുൎയ്യവും, താമരകളെന്നു ഭ്രമിച്ചു്, വണ്ടുകൾ അണയത്തക്ക മുഖസൌന്ദൎയ്യവും കലൎന്ന വരവൎണ്ണിനിമാരായ ബാലസ്ത്രീകളാൽ പ്രശോഭിതമായും ഇരുന്നു. രമ്യങ്ങളായ പ്രാസാദങ്ങളും, ഹൎമ്മ്യങ്ങളും ചന്ദ്രശാലകളും നാടകശാലകളും മുനിയാശ്രമങ്ങളും ധൎമ്മസത്രങ്ങളും വൎണ്ണാശ്രമധർമ്മങ്ങളിൽനിന്നു വ്യതിചലിക്കാതെ, ബ്രാഹ്മണാദിചാതുൎവ്വൎണ്ണ്യകൾ കുടിപാൎക്കുന്ന തെരുവുകളും, സമൃദ്ധങ്ങളായ ആപണങ്ങളും, നിൎഗ്ഗന്ധകുസുമങ്ങളെ ശ്വാസഗന്ധത്താൽ സുഗന്ധീകരിച്ചു്, സുഗന്ധപുഷ്പമാണെന്നു പുരുഷന്മാരെ ഭ്രമിപ്പിച്ചു വിൽക്കുന്ന ബാലസ്ത്രീകളുടെ വിനോദലീലകളും ആബാലവൃദ്ധം സ്ത്രീപുരുഷന്മാരിൽ പ്രകാശിച്ചുകാണപ്പെടുന്ന സൌശീല്യാദിഗുണങ്ങളും, ശാസ്ത്രജ്ഞാനവിധങ്ങളും ദേവസാന്നിദ്ധ്യമുള്ള അനേകം ദേവാലയങ്ങളും, മററുംകൊണ്ടു അവിടം അളകാപുരത്തേയും, സ്വൎഗ്ഗലോകത്തെയും നാഗലോകത്തെയും അതിശയിച്ചു. ആ ദേശത്തിനു സമീപമായി, മനോജ്ഞങ്ങളായ വൃക്ഷലതാദികളാൽ പ്രശോഭിതമായ വനത്തിന്റെ മദ്ധ്യത്തിൽ, ത്രിഭുവനത്തെ മൂന്നടിയാക്കിയളന്ന ത്രിവിക്രമസ്വാമിയെപ്പോലെ, നീണ്ടുനിവൎന്നുനില്ക്കുന്ന ഒരു പൎവ്വതമുണ്ടു്. ഈ കഥനടക്കുന്നകാലത്തു്, അതിന്റെ താഴ്വരകളിൽ അധിവസിച്ചിരുന്ന വേടന്മാർ മരവുരി ഉടുത്തും ഫലമൂലം ഭക്ഷിച്ചും മുനിവരന്മാരെപ്പോലെ ദിവസംകഴിച്ചുവന്നു. സിംഹം ആന മുതലായ ഘോരമൃഗങ്ങളാൽ അധിവസിക്കപ്പെട്ട വനാന്തരങ്ങൾ അനവധി ഭേച്ചിരുന്നു. കൊട്ടുമുടികളിൽ അസംഖ്യം പൎണ്ണശാലകളും, ആ ശാലകളിൽ അധിവസിക്കുന്ന തപോധനന്മാരുടെ വേദഘോഷങ്ങളും, യാഗകൎമ്മങ്ങളും ഹവിൎഭാഗം സ്വീകരിച്ചു്, ആശീൎവ്വദിക്കുന്ന ദേവന്മാരുടെ ശബ്ദഘോഷങ്ങളും, ദൎഭ, അരണി, സ്രുവമുതലായ യാഗസാധനങ്ങളുടെ സമൂഹങ്ങളും നിരന്തരമായിഭവിച്ചു. അവിടെയുള്ള ഭക്തന്മാരും സിദ്ധന്മാരും ശാസ്ത്രവാദങ്ങളിലും ഭക്തി, കൎമ്മം യോഗം ജ്ഞാനം എന്നീ മോക്ഷോപകരണങ്ങളിലും, വേദപാഠങ്ങളിലും വേദാന്തതത്വാന്വേഷണങ്ങളിലും സൎവ്വദാ പ്രവൎത്തിച്ചുകൊണ്ടിരുന്നു. പരിപാവനമായ ആ ഋഷികുലത്തിലൊന്നിൽ പാലാഴിയിൽ പൂൎണ്ണചന്ദ്രനെന്നപോലെ സാത്വികതേജസ്സോടുകൂടി ഒരു ബാലൻ ജനിച്ചു. അവനെ മാതാപിതാക്കൾ ശ്രദ്ധയോടുകൂടിപ്പരിപാലിച്ചു വളൎത്തിവന്നു. ജാത്യാചാരവിധിപ്രകാരം വേണ്ടകൎമ്മങ്ങളും നാമകരണവും ചെയ്തു യഥാകാലം വിദ്യാഭ്യാസവും ചെയ്യിപ്പിച്ചു. ബാല്യത്തിലേതന്നെ ആ ബാലനിൽ ദൈവഭക്തി, ആത്മജ്ഞാനംമുതലായ ഗുണങ്ങൾ പ്രകാശിച്ചു. വിദ്യാഭ്യാസവിഷയത്തിൽ ഗുരുവായിവരിച്ചതു് സാന്ദീപനിമഹൎഷിയെ ആയിരുന്നു. സകലചരാചരഗുരുവായ ഭഗവാൻ ശ്രീകൃഷ്ണനും, അക്കാലത്തു അദ്ദേഹത്തിന്റെ സതീൎത്ഥ്യനായി ഭവിക്കാൻ ഇടയായി. വിദ്യാഭ്യാസാവസാനത്തിൽ സമാവൎത്തനം കഴിഞ്ഞശേഷം ആ ബ്രാഹ്മണബാലൻ ഗാൎഹസ്ഥ്യത്തെ പാലിക്കണമെന്നുള്ള മാതാപിതാക്കളുടെ നിൎബന്ധമനുസരിച്ചു്, വയോശീലരൂപാദിഗുണങ്ങളും ആഭിജാത്യവുമുള്ള ഒരുകന്യകയെ വിവാഹംചെയ്തു എങ്കിലും ലോകവ്യവഹാരങ്ങളിൽ സ്വതേവിരക്തനും, ആത്മജ്ഞാനിയുമായ അദ്ദേഹം കൃച്ഛ്രചാന്ദ്രായണാദിവ്രതാനുഷ്ഠാനങ്ങളിലും വേദഘോഷങ്ങളിലും ഭഗവദ്ധ്യാനത്തിലും സക്തനായി ക്ഷമയും കരുണയും പുരസ്കരിച്ചു്, ശാന്തിയെ ഭജിച്ചു്, ദിവസങ്ങളെ നയിച്ചുവന്നു. ദിവസംതോറും ബ്രാഹ്മമുഹൂൎത്തത്തിൽ എഴുന്നേററുകളിച്ചു് നിത്യകൎമ്മങ്ങൾ കഴിച്ചു ഭഗവന്നാമങ്ങൾപാടി ഇന്ദ്രിയാദികളെ അന്തൎമ്മുഖമാക്കി നിയമിച്ചു, ഭഗവദ്ധ്യാനത്തിൽ മുഴുകിയിരിക്കുക പതിവായിരുന്നു. കാടെന്നും വീടെന്നും ഞാനെന്നും നീയെന്നും മററുമുള്ള ഭേദഭാവനകളോടുകൂടാതെ സൎവ്വം ബ്രഹ്മമയം ബ്രഹ്മമേനിത്യംഎന്നുള്ള നി

ശ്രയത്താൽ ബുദ്ധിയെ ഉറപ്പിച്ചു ജീവസന്ധാരണം ചെയ്തു. അതുമൂലം അക്കാലത്തു ജീവിച്ചിരുന്ന ആസ്തികന്മാരെല്ലാവരും അദ്ദേഹത്തെ വാക്കുകൊണ്ടും മനസ്സുകൊണ്ടും ബഹുമാനിച്ചു പൂജിച്ചുവന്നു. അർത്ഥത്തെക്കുറിച്ചു ഭിക്ഷിക്കയോ പ്രയത്നിക്കയോ ചെയ്യാതെയിരുന്നതുകൊണ്ട്, കഠിനമായ ദാരിദ്ര്യം അദ്ദേഹത്തെ ബാധിച്ചു. മിക്കവാറും മലിനമായ കീറത്തുണികൾ തുന്നി നഗ്നതയെ മറയ്ക്കേണ്ടിയിരുന്നതിനാൽ ചീന്തവസ്ത്രം ധരിക്കുന്നവൻ എന്ന അർത്ഥത്തിൽ 'കുചേലൻ' എന്നു അദ്ദേഹത്തെ എല്ലാവരും വിളിക്കപ്പെടുവതിന്നായിത്തീർന്നു. സാധ്വിയായ അദ്ദേഹത്തിന്റെ സഹധർമ്മിണി ഭർത്താവു യാചിച്ചുകൊണ്ടുവരുന്ന അല്പധാന്യാദികളെക്കൊണ്ടു മിതമായും ഹിതമായും നിത്യവൃത്തികഴിക്കയും യഥാശക്തി അതിഥികളെ സൽക്കരിക്കയും വേദവിധിപ്രകാരം പതിവ്രതാധർമ്മം വിടാതെ ഭർത്താവിനെ ശുശ്രൂഷിക്കയും ചെയ്തു കുലസ്ത്രീകൾക്കൊരു മാതൃകയായി ശോഭിച്ചു. അങ്ങനെ കഴിഞ്ഞുവരവെ പുത്രന്മാരില്ലാത്തവർക്കു നരകമുണ്ടെന്നുള്ള വേദവാക്യത്തെ പ്രമാണമാക്കി കുചേലൻ തന്റെ ധർമ്മപത്നിയിൽ ശുഭാവസരത്തിൽ പുത്രോല്പാദനം ചെയ്കയും ഗർഭിണിയായ അവൾ യഥാകാലം കോമളനായ ഒരു പുത്രനെ പ്രസവിക്കയും ചെയ്തു. പുത്രന്മാർ വർദ്ധിക്കുംതോറും പാപം തുലയുമെന്നുള്ള ശാസ്ത്രോക്തിയനുസരിച്ചു വീണ്ടും തന്റെ ധർമ്മപത്നിയിൽ പുത്രനെ ഉല്പാദിപ്പിച്ചു; ഇങ്ങനെ കാലംതോറും പ്രസവിക്കയാൽ ഒടുവിൽ ഇരുപത്തേഴു സന്താനങ്ങൾക്കു ആ ദമ്പതിമാർ മാതാപിതാക്കളായി ഭവിച്ചു. കുചേലനും പത്നിയും ഭിക്ഷയാചിച്ചുകൊണ്ടുവരുന്ന മുതൽകൊണ്ടായിരുന്നു പരാധീനഭൂരിഭാഗമായ ആ കുടുംബം നിത്യം കഴിച്ചുവന്നതു്. അവർക്കു തൃപ്തിയാംവണ്ണം ഭക്ഷണം കഴിക്കുന്നതിനുതന്നെ അതു തികയുകയില്ലെങ്കിലും അതിലൊരോഹരി, അഭ്യാഗതന്മാരായ അതിഥികൾക്കു കൊടുക്കുക പതിവായിരുന്നു. ഭിക്ഷാടനവും ഭക്ഷണവും ഒഴിച്ചുള്ള സമയങ്ങളിൽ ആ കുടുംബാംഗങ്ങൾ നാമജപവും ഈശ്വരഭജനവും ചെയ്തുകൊണ്ടിരിക്കും. നിഷ്കിഞ്ചനനായ കുചേലനു് ഇത്രയുമധികം സന്താനങ്ങളെപ്പോറ്റുന്നതു ദുർഭരമായ ഒരു ഭാരമായിരുന്നെങ്കിലും അദ്ദേഹം ജ്ഞാനിയായിരുന്നതിനാൽ ആവകസങ്കടങ്ങൾക്കിടംകൊടുക്കാതെ, സർവ്വദാ സന്തുഷ്ടനായി സമയം നയിച്ചു. പലവിധം പുണ്യങ്ങൾ ചെയ്തു പുത്രാശയോടുകൂടിയിരിക്കുന്ന ധനികന്മാർക്കു ഒരു പുത്രനെപ്പോലും കൊടുക്കാത്ത ജഗദീശ്വരൻ ഈ ദരിദ്രബ്രാഹ്മണനു ഇത്രയധികം സന്താനങ്ങളെ ദാനം ചെയ്തതു, അദ്ദേഹത്തിന്റെ മായാവിലാസമെന്നല്ലാതെ നമുക്കെന്തു പറവാൻ കഴിയും!

ഒടുവിലൊടുവിൽ കുചേലൻ ഭിക്ഷാടനത്തിനു പോകാതെ സർവ്വദാ ബ്രഹ്മധ്യാനനിഷ്ഠയിലിരിക്കുക പതിവായി. അതിനാൽ അനവധി സന്താനങ്ങളെ പുലർത്തുന്നവിഷയത്തിൽ ആ മാതാവിനുണ്ടായ സങ്കടം അപരിമേയമായിത്തീർന്നു. പ്രായമുള്ള സന്താനങ്ങളും അവളുമായി യാചിച്ചുകൊണ്ടുവരുന്ന അല്പധാന്യം പാകപ്പെടുത്തിയാൽ പതിവുപോലെ അതിഥികൾക്കൊരു ഭാഗം നീക്കിവച്ചാൽ ശേഷിക്കുന്നതുകൊണ്ടു കുഞ്ഞുങ്ങൾക്കോ മാതാപിതാക്കൾക്കോ വിശപ്പടക്കാൻപോലും നിവൃത്തിയില്ലാതെയിരുന്നു. ചോറായിപ്പാകപ്പെടുത്തിയാൽ തെല്ലും മതിയാകയില്ലെന്നുകണ്ടു കഞ്ഞിയായിത്തന്നെ വെച്ചു ഓരോ കുത്തിലകുത്തി അവയിൽ കുട്ടികൾക്കും ഒരു കുത്തിലയിൽ ഭർത്താവിനും ഭാഗിച്ചുകൊടുത്തശേഷം കുചേലപത്നി ഏറ്റവും കുറഞ്ഞ ഒരംശംമാത്രമേ ഭക്ഷിക്കാറുണ്ടായിരുന്നുള്ളൂ. അതിനിടയിൽ അറിവില്ലാത്ത കുട്ടികൾ വിശപ്പുണ്ടായിട്ടു മറ്റു കുത്തിലകൾക്കു പിടിക്കുന്നതും അതുമൂലം പലപ്പോഴും കഞ്ഞി തറയിൽ വീണു നഷ്ടപ്പെടുന്നതും കുട്ടികളുടെ നിലവിളിയും മറ്റുപദ്രവസങ്കടങ്ങളും സഹിക്കേണ്ടിയിരുന്നു. ധനികന്മാരുടെ കുട്ടികൾ വിശിഷ്ടവസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞിരിക്കുന്നതുകാണുമ്പോൾ അതുപോലെ തങ്ങൾക്കുണ്ടാക്കിത്തരണമെന്നു തുടങ്ങുന്ന കുട്ടികളുടെ നിർബന്ധവും പലപ്പോഴും ദുസ്സഹമായിരുന്നു. എന്തെന്നാൽ കുചേലപുത്രന്മാരുടെ ആഭരണങ്ങൾ പളുങ്കുമണികളും വസ്ത്രം മരവുരികൊണ്ടും മാത്രമായിരുന്നു. വിശപ്പു സർവ്വദാ ബാധിച്ചുകൊണ്ടിരുന്ന കുട്ടികളുടെ ഉപദ്രവത്താലും, മറ്റുമുണ്ടായ അസ്വാസ്ഥ്യം പത്നിയെയല്ലാതെ ജ്ഞാനിയായ കുചേലനെ സംബന്ധി

ച്ചില്ല. സൎവ്വും ബ്രഹ്മമയമാണെന്നും സുഖദുഃഖങ്ങൾ തത്തൽകൎമ്മഫലങ്ങളല്ലാതെ മറ്റല്ലെന്നും നിശ്ചയം വന്നതുകൊണ്ടു് അദ്ദേഹം സൎവ്വദാ സന്തുഷ്ടനായിത്തന്നെ ബ്രഹ്മധ്യാനം ചെയ്തുകൊണ്ടിരുന്നു. ദാരിദ്ര്യത്തെ തൃണമാത്രംപോലും ഗണിച്ചില്ല. ഈ ദുഃഖങ്ങളും ഭൎത്താവിന്റെ അചഞ്ചലസ്വഭാവവും ഒന്നും കാൎയ്യമായി ഗണിക്കാതെയും അതുകുറിച്ചു അന്യന്മാരുകളോടു ഒരു വാക്കുപോലും പറയാതെയും കുചേലപത്നിയും മനസ്സന്തോഷത്തെ പാലിച്ചുതന്നെ ദിവസങ്ങളെ നയിച്ചു. എങ്കിലും മാതൃസഹജമായ പ്രജാവാത്സല്യംകൊണ്ടും കരണങ്ങളുടെ ശക്തിക്ഷയത്താൽ ക്ഷീണം വൎദ്ധിക്കകൊണ്ടും, ദാരിദ്ര്യപരിഹാരമാൎഗ്ഗം അവൾ വിചാരിക്കാതെയിരുന്നില്ല. ഒരുദിവസം ജ്ഞാനോദയഭാനുവായ ഭൎത്താവു അന്യകാൎയ്യങ്ങളിൽനിന്നൊഴിഞ്ഞിരിക്കുന്ന സമയംനോക്കി വിനയപൂൎവ്വം വന്ദിച്ചു മന്ദഹാസസുമുഖിയായി ഇങ്ങനെ ഉണൎത്തിച്ചു. അല്ലയോ പ്രാണനാഥ! നിന്തിരുവടി ലോകവ്യവഹാരമുക്തനും ഞാനും ഈ കുട്ടികളും സംസാരബദ്ധരുമായിട്ടാണു കഴിയുന്നതു്. ഭവാൻ സുഖദുഃഖാദികൾ ശരീരത്തിനുള്ളതാണെന്നുതള്ളി ദേഹസ്നേഹം വെടിഞ്ഞു ആത്മമാത്രനായി ആനന്ദിച്ചിരിക്കുന്നു. കുട്ടികളെപ്പോററാൻ ഭിക്ഷയാചിക്കാൻപോലും പോകുന്നില്ല. ജ്ഞാനികൾക്കു ഈ സ്വഭാവം വരത്തക്കതാണെന്നുള്ള പരമാൎത്ഥം ഞാൻ അറിയാതിരിക്കയല്ലെങ്കിലും മായയുടെ ഭേദത്താൽ മാതാവിനു മക്കളെക്കുറിച്ചുണ്ടാകുന്ന സ്നേഹവാത്സല്യത്തെ അടിസ്ഥാനപ്പെടുത്തി ചിലതു പറവാൻ ഭാവിക്കുന്നതിൽ അപ്രിയമുണ്ടാകാതിരിക്കണമെന്നപേക്ഷയുണ്ടു്. വിശപ്പുസഹിക്കാഞ്ഞു കരഞ്ഞു നമ്മുടെ കുട്ടികൾ അങ്ങിങ്ങായിത്തളൎന്നുകിടക്കുന്നു. കുട്ടികളെ സംരക്ഷിക്കേണ്ടതു മാതാപിതാക്കളുടെ ധൎമ്മമാണെന്നു പുരാണങ്ങൾഘോഷിക്കുന്നു. അങ്ങനെയിരിക്കെ വിശപ്പുകൊണ്ടു നശിക്കാൻ പോകുന്ന ഈ ചെറിയവരുകളെ കണ്ടുകൊണ്ടു മിണ്ടാതെയിരുന്നുകളയുന്നതു്, നിന്തിരുവടിക്കു ധൎമ്മമോ? ഈ ദുഃഖം ഒക്കെ സഹിച്ചിരിക്കാൻ എനിക്കിടയാക്കിയതു് മുജ്ജന്മകൎമ്മമോ? ഹരിഹരി പാപിയായ എന്റെ ഗൎഭത്തിൽവന്നു് ജനിക്കാൻ ഇടയാകകൊണ്ടല്ലയോ നിൎദ്ദോഷികളായ ഈ കുട്ടികൾ ഇത്രസങ്കടമനുഭവിക്കേണ്ടിവന്നതു്? കഷ്ടം ദാരിദ്ര്യത്തോളം വലുതായ ദുഃഖം ലോകത്തിൽ മറെറന്തുള്ളൂ? വിശേഷിച്ചും ദാരിദ്ര്യം ദുഷ്കൎമ്മഫലമായ പാപത്തിന്റെ ലക്ഷണമാണെന്നു പരമാൎത്ഥവേദികൾ പറഞ്ഞിരിക്കുന്നു. ദാരിദ്ര്യം ഭയങ്കരസ്വരൂപമുള്ള ഒരു പിശാചാണെന്നാണു് സൂക്ഷ്മം ചിന്തിച്ചുനോക്കിയാൽ പറയേണ്ടതു്. ദേഹം ധരിക്കുന്നകാലത്തോളം ദാരിദ്ര്യം ജ്ഞാനികൾക്കായാലും അജ്ഞാനികൾക്കായാലും അനിഷ്ടഫലത്തെത്തന്നെ ചെയ്യുന്നു. കരണങ്ങളുടെ ശക്തിയെ ക്ഷയിപ്പിച്ചു്, ഹൃദയത്തെവരട്ടിച്ചു്, ദേഹത്തെ ശോഷിപ്പിച്ചു വിലക്ഷണമാക്കി പ്രവൃത്തിക്കു അശക്തമാക്കുന്ന ഒരു മഹാബാധയാണുദാരിദ്ര്യം. സ്നേഹബന്ധംവിട്ടു അന്യോന്യം കലഹിക്കുന്നതിനു സഹോദരന്മാരെയും ഭാൎയ്യാഭൎത്താക്കളെയും അതുകാരണമാക്കുന്നു. നീചപ്രവൃത്തികൾ ചെയ്യുന്നതിനും ഭഗവൽസ്മരണവിടുന്നതിനും അതു്, ഹേതുവാണെന്നുള്ളതിനു വാല്മീകിമഹൎഷിയുടെ ആദ്യചരിത്രംതന്നെ ഒരു സാക്ഷ്യമല്ലയോ? എല്ലാംകൊണ്ടും മഹാഭയങ്കരമായ ഈ ദാരിദ്ര്യപിശാചത്തെ, നമ്മുടെ പടിക്കുവെളിയിലാക്കുന്നതിനു കരുണ ചെയ്തുകൊള്ളണം. ഞാൻ നോക്കിയതിൽ അതിനൊരുപരിഹാരമാൎഗ്ഗമുണ്ടു്. ഭവാനും ഭഗവാനായ ശ്രീകൃഷ്ണനും സതീൎത്ഥ്യന്മാരായി വളൎന്നവരാകകൊണ്ടു്, ജഗന്നിവാസനായ ആ തിരുമേനിയെച്ചെന്നുകാണണം. ഈ സങ്കടമുണൎത്തിച്ചാൽ അദ്ദേഹം കരുണാകടാക്ഷം പൊഴിക്കാതിരിക്കയില്ല ഭൂഭാരഹരണത്തിനായി അവതരിച്ച മഹാവിഷ്ണുദേവൻതന്നെയല്ലേ അദ്ദേഹം. ലോകകണ്ടകന്മാരായ കംസൻ മുതലായവരെക്കൊന്നു്, ഭൂലോകവൈകുണ്ഠമായ ദ്വാരകയിൽ, സൎവ്വൈശ്വൎയ്യസമ്പന്നനായി അധിവസിക്കുന്ന ആ മഹാനുഭാവനെച്ചെന്നുകണ്ടാൽ നമ്മുടെ കുട്ടികൾക്കൊന്നുംദിവസത്തെ ഭക്ഷണത്തിനുവേണ്ട വകയെങ്കിലും കല്പിച്ചുതന്നയയ്ക്കാതെയിരിക്കയില്ല. രാപ്പകൽ അദ്ദേഹത്തെത്തന്നെ ഭജിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സങ്കടത്തെ ആ കരുണാകരൻ സഹിക്കയില്ല. വിശ്വംമുഴുവൻ ഭരിക്കുന്ന ആ തിരുവടി അനാഥരായ ഈ കുട്ടികളുടെ സംരക്ഷണത്തെമാത്രം ഉപേക്ഷിക്കയില്ല. ഒന്നും തന്നില്ലെങ്കിലും വേദങ്ങൾ മുഴുവൻതിരഞ്ഞാലും കാണാത്ത ആ അ

രിയതിരുവടികളെ ദർശിക്കുന്നതു്, പുണ്യപ്രദവും പാപനാശനവുമാണല്ലോ. മുക്തിക്കും ആ പാദദർശനംതന്നെ മതിയാകും. ഏതായാലും ജഗദാധാരഭൂതനായ ഭഗവാന്റെ രാജധാനിയിലേക്കു ഇപ്പോൾതന്നെ പുറപ്പെട്ടുപോയി, നമ്മുടെ സങ്കടം അറിയിക്കണം. എന്നിങ്ങനെ അമൃതമധുരമായും, മാർദ്ദവമഞ്ജുവായും ഭാൎയ്യപറയുന്നതുകേട്ടു്, തപോധനനായ കുചേലൻ, പറഞ്ഞു.

"മക്കൾക്കുവേണ്ടി മനോദുഃഖമനുഭവിക്കുന്നസുമുഖേ! നിന്റെ വാക്കുകൾകേട്ടു ഞാൻ അത്ഭുതപ്പെടുന്നു. ഈ ജന്മത്തിൽ ദുഃഖം അനുഭവിക്കുന്നവർ മുജ്ജന്മം പാപം ചെയ്തവരും സുഖമനുഭവിക്കുന്നവർ പൂൎവ്വജന്മപുണ്യമുള്ളവരാകുന്നു. അതിനെപ്പററി വിചാരിച്ചു ദുഃഖിക്കുന്നതു ശരിയാകുമോ? ഹേ സുന്ദരി,

"പൂമകന്റെവിധിപോൽധനംലഭിയുമല്ലതാപുനരനല്പമോ
കാമമത്രമരുഭൂവിലുംകവിയുകില്ലമേരുവതിലാകിലും."

എന്നാണല്ലോ നീതിജ്ഞന്മാർ പറഞ്ഞിരിക്കുന്നതു്; അതുകൊണ്ടു്, ഈലോകത്തെ അനുഭവം വിധിയാണെന്നല്ലാതെ സങ്കടപ്പെട്ടിട്ടാവശ്യമില്ല. അവരവർ വിചാരിക്കുന്നതുപോലെ കാൎയ്യങ്ങൾ സാധിക്കുമെങ്കിൽ ലോകത്തു കീഴ്മേലെന്നുള്ള ഭേദം ഉണ്ടായിരിക്കുമോ? കൎമ്മഫലമെന്നതു്, ജന്മാന്തരങ്ങളിൽചെയ്ത പുണ്യപാപങ്ങളാണെന്നു മഹാന്മാർ പറഞ്ഞിരിക്കുന്നു. കൎമ്മംതന്നെ ജനനമരണങ്ങളേയും സുഖദുഃഖങ്ങളേയും ഉണ്ടാക്കിത്തീൎക്കുന്നു. കൎമ്മങ്ങളുടെ ശുഭാശുഭമനുസരിച്ചു്, ലോകത്തു്, സുഖിയെന്നും ദുഃഖിയെന്നും, ധനിയെന്നും ദരിദ്രനെന്നും ബ്രാഹ്മണനെന്നും ചണ്ഡാലനെന്നും മററുള്ളഭേദങ്ങളുണ്ടാകുന്നു. അതു്, ഈശ്വരപ്രകൃതിവിലാസമാകുന്നു. അല്ലയോ കുടുംബിനി! നീ ബാലന്മാരെ ഉപചരിച്ചു രക്ഷിക്കുന്നതിനുധനം വേണമെന്നാഗ്രഹിക്കുന്നു. ആകാശത്തിൽ പറക്കുന്ന പക്ഷികളും കാട്ടിൽ സഞ്ചരിക്കുന്ന മൃഗങ്ങളും, തങ്ങളുടെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ ധനം ആഗ്രഹിക്കുന്നുണ്ടോ? അതിനായി നടന്നു യാചിക്കാറുണ്ടോ? നാളെയ്ക്കൊന്നുമില്ലെന്നുള്ള വിചാരമുണ്ടോ? ഭക്ഷണം കിട്ടാഴികയാൽ അവ വളൎന്നുവരാതെ നശിച്ചുപോകുന്നുണ്ടോ? അതുകൾ രക്ഷപ്പെടുന്നതെല്ലാം ഈശ്വരകാരുണ്യംകൊണ്ടല്ലയോ? അങ്ങനെ സമാധാനപ്പെടാൻ നിനക്കെന്തുകൊണ്ടു സാധിക്കുന്നില്ല. ഈ വിശ്വവാസികളായ സകലജീവജാലങ്ങളെയും, യഥോചിതം സൂക്ഷിച്ചുരക്ഷിച്ചുപോരുന്ന ആ ജഗദീശ്വരൻ, നിന്റെ കുട്ടികളെമാത്രം രക്ഷിക്കയില്ലെന്നുവരുമോ? ഒരിക്കലുമില്ല. എന്നുധൈൎയ്യപ്പെട്ടുകൊള്ളുക. ശിശുക്കൾ ഗൎഭത്തിൽ വളരുന്നതും പിറന്നുവീണയുടനെ തനിയെ മുലപ്പാലുണ്ണുന്നതും മലമൂത്രങ്ങൾ വിസർജ്ജിക്കുന്നതുമെല്ലാം സൎവ്വേശ്വരന്റെ കല്പനപ്രകാരമാണെങ്കിൽ, പിൽക്കാലം അതുകൾ ജീവിക്കേണ്ട മാർഗ്ഗത്തെ അദ്ദേഹംതന്നെ കാണിച്ചുകൊടുക്കാതെയിരിക്കുമോ? ജീവിതം എത്രനാളത്തേക്കെന്നു ബ്രഹ്മാവു ശിരസ്സിൽ വരച്ചതിനു മാററമുണ്ടാകുമോ? നിന്റെ കുട്ടികളെ ആരും രക്ഷിച്ചില്ലെങ്കിലും, ആയുസ്സെത്തുന്നതുവരെ അവനവന്റെ കൎമ്മത്തിനൊത്ത സുഖദുഃഖങ്ങളോടുകൂടി ജീവിച്ചിരിക്കതന്നെ ചെയ്യും. ജീവസന്ധാരണത്തിനാവശ്യമുള്ള ഭക്ഷണാദികൾ ലഭിച്ചുകൊള്ളുകയുംചെയ്യും. എന്തനുഭവിക്കുമ്പോഴും അതു വിധിയാണെന്നു സമാധാനപ്പെടണം. ഞാൻ ധനികനാണെന്നും എനിക്കു സുന്ദരിയായ ഒരു ഭാൎയ്യയുണ്ടെന്നും, പല പുത്രന്മാരെ അവളിൽ ഞാൻ ജനിപ്പിച്ചു എന്നും അവരെ ഞാൻ സംരക്ഷിക്കുന്നുവെന്നും, എന്റെ സംരക്ഷണമില്ലെങ്കിൽ അവർ ജീവിക്കുന്നതെങ്ങനെയെന്നും, ഞാൻ നല്ലയോഗ്യനാകുന്നു, സുന്ദരൻ, എന്നും, ഞാൻ സുഖമായിരിക്കുന്നതെന്റെ സാമൎത്ഥ്യത്താലാണെന്നും, മററും മൂഢന്മാർ വിചാരിക്കുന്നു. കൂടാതെ, കുത്തിക്കൊന്നും മോഷ്ടിച്ചും വഞ്ചിച്ചും വ്യാജംപറഞ്ഞും കള്ളസ്സാക്ഷിപറഞ്ഞും തന്നെ സംബന്ധിച്ചസ്ത്രീകളെ വ്യഭിചരിപ്പിച്ചും വ്യഭിചാരദൂത്യം വഹിച്ചും മററും ഹീനപ്രവൃത്തികൾ ചെയ്തു ധനംസമ്പാദിക്കയും ചെയ്യുന്നു. ധനം നിത്യവൃത്തിക്കുള്ള ഉപകരണമാകുന്നു. നിത്യവൃത്തികഴിക്കുന്നതിനും ശേഷിച്ചതു സമ്പാദിച്ചു ധനവാനാകുന്നതിനും അതിനെ അർത്ഥികളാഗ്രഹിക്കുന്നു ചിലർ ധനം ഉണ്ടാക്കി ഭൂമിയിൽകുഴിച്ചുംവച്ചും മററും നിധികാക്കുന്ന ഭൂതംപോലെ സൂക്ഷിക്കുന്നു ലുബ്ധനെന്നും നീചനെന്നും പേർ സമ്പാദി

ച്ച്, യാതൊരുധമ്മവും ചെയ്യാതെയിരുന്നുമരിച്ചുപോകുന്നു. അതിനിടയിൽ, ഇന്ദ്രനെന്നും ചന്ദ്രനെന്നും കല്പവൃക്ഷമെന്നും കാമധേനുവെന്നും മററുംമുഖസ്തുതിചെയ്യുന്ന ചില യാചകന്മാൎക്ക അവശ്യമുള്ളതൊക്കെ കൊടുക്കുമെങ്കിലും അഗതികളായി വിലപിച്ചു പടിക്കൽവന്നുകിടക്കുന്ന അൎത്ഥികളെ മാളികയിലിരിക്കുന്ന അവർ തിരിഞ്ഞുനോക്കുകപോലും ചെയ്യുന്നില്ല. പോരെങ്കിൽ അവരെ അവിടുന്നുദൂരത്തിലോട്ടാൻ കല്പനകൊടുക്കയും ചെയ്യും. ഇങ്ങനെയുള്ള ധനികന്മാർ കുബേരതുല്യന്മാരായാലും അതുകൊണ്ടു സാധുക്കളുടെ അക്ഷേപത്തിനും നരകാനുഭൂതിക്കും ഇടനാകുമെന്നല്ലാതെ എന്തുഫലമാണുള്ളതു്? രാജാവിങ്കൽനിന്നും, ദായാദന്മാരിൽനിന്നും ഭയമവക്കുണ്ടായിക്കൊണ്ടുമിരിക്കും.

"അൎത്ഥാനാമാൎജ്ജനേദുഃഖമാൎജ്ജിതനാംതുരക്ഷണേ.
ആയേദുഃഖംവ്യയേദുഃഖംധിൎത്ഥാഃകിംദുഃഖഭാജനം"

എന്നാണല്ലോ ശാസ്ത്രം. ഇങ്ങനെ സൎവ്വപ്രകാരേണയും ദുഃഖഭാജനമായ അൎത്ഥത്തെഅറിവുള്ളവർ അംഗ്രഹിക്കുമോ? എത്രഅൎത്ഥമുണ്ടായാലും മരണമൊഴിച്ചുവയ്ക്കാനോ മരണസമയത്തു കാലദൂതന്മാർവരുമ്പോൾകൈക്കൂലികൊടുത്തുതാമസിപ്പിക്കാനോ സാധിക്കുമോ? പാപകൎമ്മങ്ങൾചെയ്തതിലേക്കുള്ള നരകം അനുഭവിക്കാൻ പോകുമ്പോൾപകരംമററൊരാളെപണംകൊടുത്തേല്പിട്ടത്താൻ സാധിക്കുമോ? അതുകൊണ്ടു അൎത്ഥംനിരൎത്ഥമാണെന്നുംവ്യക്തമാകുന്നു. അൎത്ഥം, അഹങ്കാരം, കോപം, മുതലായദുൎവ്വികാരങ്ങളെയുംമനോബന്ധങ്ങളെയുംവൎദ്ധിപ്പിക്കുന്നു. പണത്തിലുള്ള അശ ജീവകാരുണ്യദീപത്തെമറയ്ക്കുന്ന ഒരുനിഴലുംഈശ്വരവിചാരധാരയെമുറിക്കുന്ന ഒരുവാളുമാകുന്നു. എന്നുതന്നെയല്ല, അതു മനുഷ്യൎക്ക സ്ഥിരമായി സമ്പാദിച്ചു വയ്ക്കാവുന്നതുമല്ല. വേശ്യകളെപ്പോലെ ഓരോരുത്തരിൽ മാറിമാറി സ്ഥിതിചെയ്യുന്നതുമാകുന്നു. എന്നാൽ. യാതൊരഴിവും ഇഴിവുമില്ലാത്ത മഹാസമ്പത്തുവേറെയുണ്ടു. അതു സകല ചരാചരനിയാമകനായ ഭഗവാന്റെ പാദാരവിന്ദഭജനമാകുന്നു. ആ സമ്പത്തു സമ്പാദിക്കുന്നവർ, ഒരിക്കലുമഴിവില്ലാത്ത ആനന്ദത്തിൽ മുഴുകി, നിത്യനിൎവ്വാണപദത്തെ പ്രാപിക്കുന്നു. മററുള്ള സമ്പത്തു ദുഃഖസമുദ്രത്തിൽ മുക്കി, നരകദ്വാരത്തിലേക്കു കൊണ്ടുപോകുന്നതാകുന്നു. മണ്ണാശ, പെണ്ണാശ, സ്വൎണ്ണാശ, എന്നീമൂന്നുപാശങ്ങളാണു്, ജ്ഞാനമാൎഗ്ഗത്തിലേക്കു മനുഷ്യനെ വിടാതെ ബന്ധിച്ചുകൊള്ളുന്നതു്. നീ ഈ കുട്ടികളെ നിന്റെ പുത്രന്മാരാണെന്നഭിമാനിക്കുന്നു. ഇവർ ഇതിന്മുമ്പു എത്രയോപേരുടെ പുത്രന്മാരായി ജനിച്ചിരിക്കണം. എത്ര പുത്രന്മാരെ ജനിപ്പിച്ചിരിക്കണം. ഇനി, എത്രപേൎക്ക പുത്രന്മാരായും അച്ഛന്മാരായും ഭവിക്കാനിരിക്കുന്നു. അതൊന്നും വിചാരിച്ചുനോക്കാതെ ഇങ്ങനെ ഭ്രമിക്കുന്നതു അത്ഭുതമായിരിക്കുന്നു. അജ്ഞാനബുദ്ധിയിൽ ഈവക മിഥ്യാവിചാരങ്ങളുദിക്കുന്നതു്, മായാശക്തിയുടെ വിലാസമത്രേ ആകുന്നു അബലകൾ ചപലകളാണെന്നതാനുമല്ലോ. നരകത്തിൽ അന്ധസൂൎയ്യയേയും അന്ധതാമസ്സത്തെയും അതിശയിക്കുന്ന ഹേ കുടുംബിനി! പുത്രന്മാരും, അൎത്ഥമെന്നപോലെ സൎവ്വദാ ദുഃഖകാരണമാകുന്നു.പ്രസവിക്കുമ്പോഴും വളൎത്തുമ്പോഴും ദുഃഖം വല്ലരോഗവും അവൎക്ക പിടിപെട്ടാൽ അപ്പോൾദുഃഖംവല്ലവഴിക്കും പ്രവൎത്തിച്ചാപത്തുണ്ടാക്കിയാൽ അപ്പോൾ ദുഃഖം മരിക്കുമ്പോൾദുഃഖംമരിച്ചില്ലെങ്കിലും ആയുസ്സിനു പ്രമാണമില്ലായ്കയാൽ, മരണമെപ്പോൾ ഭവിച്ചേക്കുമെന്നു ശങ്കിച്ചുള്ളദുഃഖം. വിവാഹത്തിനുമുമ്പു മകൻ ജ്ഞാനമാൎഗ്ഗമാചരിച്ചാൽ അതു ദുഃഖം. അജ്ഞാനിയായാൽ അതും ദുഃഖം. എന്നുവേണ്ട, പുത്രന്മാരെക്കൊണ്ടു ദുഃഖമല്ലാതെ സുഖമൊരിക്കലുമുണ്ടാകുന്നില്ല. ബാല്യത്തിൽ മാതാപിതാക്കൾക്കു പുത്രന്മാരോടും പുത്രന്മാൎക്ക മാതാപിതാക്കന്മാരോടും വാത്സല്യവും സ്നേഹവും വൎദ്ധിച്ചിരിക്കുന്നു പുത്രന്മാർ ഭാൎയ്യാവാന്മാരാകുമ്പോൾ പ്രകൃതിസ്നേഹം ആ ഭാൎയ്യയിലായിത്തീരുന്നു. അതിൽപിന്നെ കുട്ടികളുണ്ടായാൽ, അവരുടെ സ്നേഹം മുക്കാലും എന്നല്ല, മുഴുവനുംതന്നെ ആ കുട്ടികളിലോട്ടുമാറുന്നു. ധൎമ്മമനുസരിച്ചുള്ള ഒരു ബഹുമാനംമാത്രമേ, മാതാപിതാക്കളിൽപിന്നെ ശേഷിക്കുന്നുള്ളു. ഇതാണു ലോകസമ്പ്രദായം. ഇതൊന്നും മനുഷ്യൎക്കല്ലാതെ മൃഗാദി കൾക്കുണ്ടാകുന്നില്ല.ഇങ്ങനെയുള്ള പുത്രന്മാരാര്? —നീയാര്? ഞാനാര്? അവരും നാമും തമ്മിലുള്ള സംബന്ധമെന്തു്? എന്നീപരമാൎത്ഥം ചിന്തിച്ചുനോക്കാതെ, ധനാശ അപൽകരവും ബന്ധ

പാശവുമാണെന്നറിയാതെ, സാരാസാരങ്ങളുടെ ഗുണദോഷചിന്തനം ചെയ്യാതെ, ഇങ്ങനെ, നിരർത്ഥവാക്കുകൾ പറയുന്നതു അജ്ഞാനബുദ്ധികൊണ്ടാകുന്നു. ഇതുകൊണ്ടെനിക്കു മനസ്സിലാകുന്നതു്, നിനക്കു ജന്മബന്ധാദികകാരണത്തെക്കുറിച്ചു ജ്ഞാനമില്ലെന്നും ചരാചരഗുരുവായ ജഗദീശ്വരനാണു്, എല്ലാവരെയും രക്ഷിക്കുന്നതെന്നുള്ള ബോധമില്ലെന്നും മാത്രമാകുന്നു. അറിവുള്ളവർ ഇങ്ങനെ ഭ്രമിക്കുകയോ ദുഃഖിക്കുകയോ ചെയ്യുന്നില്ല. ഞാൻ മുമ്പെപറഞ്ഞതുപോലെ സുഖദുഃഖങ്ങൾ പുണ്യപാപഫലങ്ങളാണെന്നു നിർണ്ണയിച്ചു് കർമ്മങ്ങളെ ഈശ്വരാർപ്പണമാക്കി, മനസ്സിനെ സദാ സന്തോഷസാഗരത്തിൽ മുഴുകിച്ചിരിക്കുന്ന സുകൃതികൾ ഒടുവിൽ നിത്യനിർവ്വാണപദത്തെ പ്രാപിച്ചാനന്ദിക്കുന്നു.

ഇനിയും ഒരുഭേദം നോക്കുക ദേവന്മാരും മനുഷ്യരും ഒരുപോലെ കയ്യുംകാലും കണ്ണും മൂക്കും മററുമുള്ള ജീവികളല്ലേ? എന്നാൽ അവയ്ക്കു തമ്മിലുള്ള അനുഭവത്തിനു എന്തുമാത്രം വ്യത്യാസം നാം കാണുന്നു. ദേവന്മാർ അമൃതുഭക്ഷിച്ചു ആകാശഗംഗയിൽ കുളിച്ചു നന്ദനപുഷ്പകാവനത്തിലെ കാററുമേററു ഇഷ്ടസുന്ദരിമാരുമായി പരമാനന്ദമനുഭവിച്ചിരിക്കുന്നു. മനുഷ്യരോ പലരും രാപ്പകൽ ദുഃഖാർത്തന്മാരായി പാപകർമ്മങ്ങൾചെയ്തു പരലോകത്തിലും നരകമനുഭവിക്കുന്നു. ഈ ഭേദത്തിനു കാരണം പുണ്യത്തിന്റെ കൂടുതൽ കുറവല്ലാതെ മററൊന്നുമല്ല. അതുപോലെ നമ്മുടെ കുട്ടികളും ദൈൈദാഹങ്ങളാൽ പീഡിതരായി വലയുന്നുവെങ്കിൽ അതു അവരുടെ പാപശേഷം കൊണ്ടാണെന്നേവരൂ. അതിനു നീ ദുഃഖിക്കേണ്ട ആവശ്യമില്ല. പരിഹാരമാർഗ്ഗങ്ങളുമാലോചിക്കേണമെന്നില്ല. പുണ്യമുള്ളവരെ ദുഃഖിപ്പിക്കാനോ ഇല്ലാത്തവരെ സുഖിപ്പിക്കാനോ ആരും ആളാകുന്നില്ല. പൂർവ്വജന്മകർമ്മങ്ങളുടെ ഫലങ്ങൾ ഒരുതരം നിഴലുകൾപോലെ ജീവാത്മാവിൽ സ്ഥലംപിടിച്ചുചേർന്നിരിക്കുന്നതിനാണു്, പാപമെന്നും പുണ്യമെന്നും പറയുന്നതു്. അതു്, അനന്തരജന്മത്തിൽസുഖദുഃഖാനുഭവേന തുലഞ്ഞുപോകുന്നു. അതിനെയാണു് വിധിയെന്നും ശിരോലിഖിതമെന്നും മററും യോഗ്യന്മാർ പറയുന്നതു്. പുണ്യത്തേക്കാൾ പാപം അധികപ്പെട്ടിരുന്നാൽ മൃഗപക്ഷ്യാദികളായും അംഗഹീനന്മാരും ദീനന്മാരും രോഗികളുമായ മനുഷ്യരായും ഭൂമിയിൽജനിക്കുന്നു. പുണ്യമധികപ്പെട്ടിരുന്നാൽ ഉൽകൃഷ്ടയോനികളിൽ ജനിച്ചു സുഖമനുഭവിക്കയുംചെയ്യുന്നു. ജന്മാവധിയിൽ കവിഞ്ഞ പുണ്യമുണ്ടായിരുന്നാൽ അതുതീരുന്നതുവരെ ആ ജീവാത്മാവു് അന്തരീക്ഷത്തിൽവർത്തിക്കയും ഒടുങ്ങിയാൽചന്ദ്രമണ്ഡലത്തിൽപതിച്ചു കിരണങ്ങൾവഴി ഭൂമിയിലെത്തി ഔഷധികളിൽകലന്നു് ആ ഔഷധങ്ങൾ ഭക്ഷിക്കുന്ന സ്ത്രീപുരുഷന്മാരുടെ ശോണിതശുക്ലങ്ങളായി സംയോഗത്തിൽ പ്രജാരൂപം കൈക്കൊണ്ടു ക്രമേണ ഗർഭത്തിൽവളന്നു ജനിക്കുന്നുവെന്നാണു് ശാസ്ത്രവിധി. ഗർഭസ്ഥമായ ശോണിതശുക്ലങ്ങൾ വളരുന്നക്രമവും പറയാം. ഒരുദിവസംകൊണ്ടു അവതമ്മിൽ കലന്നുചേരുന്നു. അഞ്ചുദിവസംകൊണ്ടു അവ നീർകുമിളപോലെയായി ക്രമേണ ഉറച്ചു പത്താംദിവസത്തിൽ ഒരു മാംസപിണ്ഡമായിത്തീരുന്നു. ഒരുമാസംകൊണ്ടു മാംസം കട്ടയായി ഉറയ്ക്കുന്നു. രണ്ടാംമാസത്തിൽ തലയും ഉടലും വേർതിരിയുന്നു. മൂന്നാംമാസത്തിൽ കൈകാലുകൾ തോന്നിച്ചു നാലാംമാസത്തിൽ ജ്വലനം ഉണ്ടായി അഞ്ചാംമാസത്തിൽ ശിരസ്സും ഉടലും പൂർണ്ണമായി ആറാംമാസത്തിൽ കണ്ണു, മൂക്കു, ചെവി മുതലായതുണ്ടായി ഏഴാംമസത്തിൽ ഉണർച്ചവീണു എട്ടാംമാസത്തിൽ അവയവങ്ങൾക്കു പൂർണ്ണത ലഭിച്ചു ഒൻപതാംമാസത്തിൽ ബോധം ഉണ്ടാവുന്നു. അപ്പോൾ പൂർവ്വജന്മസ്മരണകൾ ആ ശിശുവിനുതന്നിയേ ഉണ്ടായി ദുഃഖത്തോടുകൂടി മേലാൽ ജനനം ഉണ്ടാകാതിരിക്കുന്നതിനു ജഗദീശ്വരനെ പ്രാർത്ഥിക്കയും നാമങ്ങളെ ജപിക്കയും മൂലമന്ത്രത്തെ ധ്യാനിച്ചുകൊണ്ടിരിക്കയുംചെയ്യുന്നു. ആ ഗർഭശിശു ശുക്ലം അധികം ആയിരുന്നാൽ പുരുഷനായുംരക്തം അധികമായിരുന്നാൽ സ്ത്രീയായും ശുക്ലരക്തങ്ങൾ തുല്യമായിരുന്നാൽ നപുംസകമായും ഇരിക്കും. അച്ഛനമ്മമാരുടെ മനോവികാരാദിദോഷങ്ങളാൽ ചെകിടനോ കുരുടനോ മൂകനോ ഊമയോ മററോ ആയിത്തീരുന്നു. അപാനവായുവാൽ ശുക്ലശോണിതങ്ങൾ ഭിന്നിച്ചാൽ പ്രജ ഇരട്ടയായിത്തീരുന്നു, പത്തുമാസംതികഞ്ഞാൽ പ്രാജാപത്യവായു ഗർഭസ്ഥ

ശിശുവിനെ അധോമുഖമാക്കി വെളിയിലേക്കെറിയുന്നു. ഭൂമിയിൽ പിറന്നുവീണാലുടനെ പൂർവ്വജന്മസ്മരണകൾ എല്ലാം അററുപോകയും മാതാവിൻെറ പരിചരണത്താലും സ്തന്യപാനത്താലും ജീവസന്ധാരണംചെയ്തു വളരുകയുംചെയ്യുന്നു. പ്രായമാകുന്തോറുംപൂർവ്വജന്മസ്മരണയില്ലാത്ത ഓരോ അഭിരുചി ഉണ്ടാകയും പുണ്യപാപകർമ്മങ്ങളുടെ ഏററക്കുറച്ചിലനുസരിച്ചു സുഖിയോ ദുഃഖിയോ ആയിത്തീരുകയുംചെയ്യുന്നു. ഇങ്ങനെ മോക്ഷംലഭിക്കുന്നതുവരെ ജന്മമരണങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കും. പരമാത്മാവടികളാം സംസാരസമുദ്രത്തെ ഭഗവൽപാദഭജനമാകുന്ന കപ്പൽമാർഗ്ഗമായിക്കടക്കും. അവർസുഖം ദുഃഖം രണ്ടും അനുഭവിക്കുന്നില്ല. വേദാഗമവിധിപ്രകാരം നിഷ്കാമകർമ്മികളായി സുഖദുഃഖങ്ങൾ ആത്മാവിൽ സംബന്ധിപ്പിക്കാതെ മുക്ത്യാനന്ദസ്വരൂപനാകുന്ന പരമാത്മാവിൽലയിച്ചു ആനന്ദിച്ചിരിക്കുന്നു. ഹേ വല്ലഭേ! ശരീരത്തിലുള്ള മാംസം രക്തം, അസ്ഥി മുതലായവൾക്കായിരം പലം തൂക്കമുണ്ടെന്നാണു് പറയപ്പെടുന്നതു്. അതു് ഓരോരോകാരണങ്ങളാൽ കൂടിയും കുറഞ്ഞും വരികയും ഒടുവിൽ നശിച്ചുപോകയുംചെയ്യുന്നു. അതിനെ നിത്യമാണെന്നുവിചാരിച്ചു സ്നേഹിച്ചു രക്ഷിച്ചുപുലർത്തി ചുമന്നുകൊണ്ടുനടക്കുന്നതു് അറിവില്ലായ്മതന്നെയാകുന്നു. അങ്ങനെയുള്ള അനിത്യശരീരത്തെ അഭിമാനിക്കാതെശരീരസുഖംസാക്ഷാൽ സുഖമാണെന്നു വിചാരിക്കാതെ വിരക്തിയായ നീ പരമാത്മപദത്തിനുംപരമാത്ഥസുഖത്തിനും ശ്രമിക്കയാണുവേണ്ടതെന്നുള്ളതിനു സംശയമില്ല.

പരമജ്ഞാനിയായ ഭർത്താവിൻെറ ഈ ഉപദേശമെല്ലാം സത്യംതന്നെയെന്നു മനസ്സിലാക്കിയെങ്കിലും കുചേലപത്നി പ്രകൃതിസിദ്ധമായ പുത്രവാത്സല്യംകൊണ്ടും പുത്രന്മാരുടെ ദാരിദ്ര്യംകൊണ്ടും വിവശയായി ഇങ്ങനെപറഞ്ഞു. പരമാത്ഥവേദിയും തപോനിധിയുമായ ഭർത്താവേ! സുഖദുഃഖങ്ങൾ ജന്മാന്തരകർമ്മഫലങ്ങളാണെന്നുനിന്തിരുവടിപറഞ്ഞതു ശരിതന്നെയെങ്കിലും ദൈവവിധിക്കനുസരിച്ചു മനുഷ്യപ്രയത്നവും ആവശ്യമാകുന്നു. ഒരു പ്രയത്നവും ചെയ്യാതിരുന്നാൽ ദൈവംതന്നെ നമുക്കനുഭവംതരുന്നില്ല. ദാരിദ്ര്യനിവാരണത്തിനായി ശ്രമിക്കണമെന്നു ഭവാനോടുണർത്തിച്ചതു, അങ്ങനെശ്രമിച്ചാൽഫലം കിട്ടുന്നെങ്കിൽ അതും വിധിയാണെന്നു വരാവുന്നതല്ലയോ. വിധിക്കനുരൂപമല്ലയോമനുഷ്യരുടെ മനഃസ്ഥിതി. ഭഗവൽപ്രസാദം ലഭിച്ചിട്ടുള്ളവരെല്ലാം അതിനായി അദ്ദേഹത്തെ പ്രാത്ഥിക്കയും സേവിക്കയും ചെയ്തവരല്ലയോ. അതുപോലെ ദ്വാരകയിൽ ചെന്നു കരുണാനിധിയായ ഭഗവാനെക്കണ്ടു നമ്മുടെ സങ്കടം ഉണർത്തിച്ചാൽ അദ്ദേഹംനമ്മെരക്ഷിക്കുമെന്നുള്ളതിനു സംശയമില്ല. താൻപാതി ദൈവംപാതി എന്നാണല്ലോപഴഞ്ചൊല്ലു. അതുകൊണ്ടു് എൻെറ അപേക്ഷയെ അനുസരിച്ചു നിന്തിരുവടിഭഗവാനെ ചെന്നുകാണണം.

പത്നിയുടെ വാക്കുകൾ ഇങ്ങനെകേട്ടു ഭക്തശിരോമണിയായ കുചേലൻ ഭഗവാനെ കാണ്മാൻപോകതന്നെയെന്നു നിശ്ചയിച്ചു എന്നിങ്ങനെപറഞ്ഞു. പ്രിയേ! സച്ചരാചരഗുരുവായ ഭഗവാൻ ശ്രീകൃഷ്ണൻെറ പാദാരവിന്ദങ്ങൾ സന്ദർശിച്ചുവന്ദിക്കുന്നതിനു ഞാൻ ഒന്നുപോയിവരാം. എന്നാൽപ്രഭുത്വമുള്ളവരെ താഴ്ന്നനിലയിലുള്ളവർ കാണുമ്പോൾ ഏതെങ്കിലും ഒരുകാഴ്ചദ്രവ്യംവേണ്ടതാണ്. പക്ഷേ അതുശക്തിക്കു തക്കതായിരിക്കണമെന്നല്ലാതെ വലുതായിട്ടൊന്നുംവേണ്ട. വിശേഷിച്ചും ഭക്തവത്സലനായഅവിടുത്തേക്കുകാഴ്ചവയ്ക്കുന്നതിനു ജലമായാലും പൂവായാലും അവലായാലും ഇലയായാലും എല്ലാം ഒരുപോലെതന്നെ. കാഴ്ചവയ്ക്കുന്നവർക്കു അകളങ്കമായ ഭക്തിഉണ്ടായിരിക്കണമെന്നേയുള്ളൂ. മഹാപ്രഭുവായ അവിടുത്തേക്കു അല്പവസ്തുക്കൾ കാഴ്ചവയ്ക്കുന്നതെങ്ങിനെയാണെന്നുള്ള ശങ്ക നിനക്കശേഷം ഉണ്ടാകേണ്ട. അതുകൊണ്ടു നിന്നാൽ കഴിന്നതുവല്ലതും വേഗംകൊണ്ടുവന്നുതരിക. ഇങ്ങിനെ ഭർത്തൃനിയോഗം കേട്ടു കുചേലപത്നി വെളിയിലിറങ്ങിപ്പോയി യാചിച്ചുകുറേനെല്ലുവാങ്ങിക്കൊണ്ടുവന്നു അതുവറുത്തിടിച്ചു അവലാക്കി ഒരുകീറത്തുണിയുടെ അററത്തുകെട്ടി ഭക്തിപൂർവ്വം ഭർത്താവിൻെറ കൈയിൽകൊടുത്തു. പ്രാണനാഥ! ഇത്രമാത്രമേ എന്നാൽസാധിക്കുന്നുള്ളൂ. സർവ്വാന്തര്യാമിയായ ഭഗവാൻ നമ്മുടെപരമാത്ഥം അറിഞ്ഞിരിക്കുന്ന ആളാകകൊണ്ടു ശങ്കിക്കാനൊന്നുമില്ല. ഇതുതന്നെ

കൊണ്ടുപോയി തിരുമുൽകാഴ്ചവച്ചു സങ്കടമുണർത്തിക്കണം എന്നറിവിച്ചു. കുചേലൻ ആ പ്രാട്ടതവുംവാങ്ങിക്കൊണ്ടു പിറേറദിവസം പ്രഭാതത്തിൽതന്നെ ദ്വാരകയിലേക്കു പുറപ്പെടുകയുംചെയ്തു.

ജ്ഞാനദൃഷ്ടിയിൽ സർവ്വദാ കണ്ടുകണ്ടാനന്ദിച്ചിരിക്കുന്ന പരാപരനായ ആ ഭഗവാനെ പ്രത്യക്ഷം സന്ദർശിക്കുന്നതിനു ഇടയാകാൻപോകുന്ന ഭാഗ്യോദയത്തെക്കുറിച്ചു ആനന്ദിച്ചും അതുവരെ കാണ്മാൻപോകാതെയിരുന്ന ഉദാസീനതയെശപിച്ചും, ഭഗവാൻ തന്നെക്കണ്ടാലറിയുമോ സംസാരിക്കുമോ എന്നിങ്ങനെ ഓരോ ശങ്കകൾ ഉദിച്ചും, പരമാത്മാവായ അവിടുത്തേക്കു ആ ഭേദഭാവനകളൊന്നും ഇല്ലെന്നു ഉടനെ സമാധാനപ്പെട്ടും. പലകാടുകളും നാടുകളും കടന്നുനടന്നു. കൈയിൽ കീറിപ്പൊളിഞ്ഞ ഒരു കുടയുംഒരുപുസ്തകവുംമാത്രം അദ്ദേഹം ധരിച്ചിരുന്നു. ഉടുത്തിരുന്നവസ്ത്രം സർവ്വത്ര കീറിപ്പറിഞ്ഞതും മുഷിഞ്ഞതുമായിരുന്നു. പട്ടിണിയാൽശോഷിച്ച്, എല്ലുകൾമാത്രംശേഷിച്ച ആകൃതിയും പഴന്തുണിയും കീറക്കുടയുമായുള്ള കുചേലന്റെ ആ യാത്രകണ്ടാൽ, ദാരിദ്ര്യംതന്നെ ഒരു മൂർത്തിയായി, സമ്പന്നിധാനമായ ദ്വാരകയിലേക്കു ആവലാതിപറവാൻ പോകയാണെന്നാക്കുംതോന്നിപ്പോകും. ഉഷ്ണകാലമായിരുന്നതിനാൽ വെയിലേററു വിയർത്തു വിശന്നും ദാഹിച്ചും വൃക്ഷത്തണലുകളിൽ ഇരുന്നു വിശ്രമിച്ചു ഏകദേശം ദ്വാരകയോടടുത്തു ഭാര്യയുടെ വാക്കുകേട്ടു ചാടിപ്പുറപ്പെട്ടതു് ഒട്ടും ഉചിതമായില്ലെന്നും, അതു ദുഃഖകാരണമായിത്തീരുമെന്നും, ഇടയ്ക്കിടെതോന്നിയെങ്കിലും, സർവ്വസാക്ഷിയും സ്വഭാവനുമായ ഭഗവാന്റെ സന്നിധിയിൽ, പരമാർത്ഥമുണർത്തിക്കുന്നതിൽ യാതൊരസംഗത്യവുമില്ലെന്നു സമാധാനപ്പെടാതെയുമിരുന്നില്ല. കരവഴിയെല്ലാം കടന്നു കടലോരത്തു ചെന്നുചേർന്നപ്പോൾ, ഭൂലോകസ്വർഗ്ഗമായ ദ്വാരകയുടെ പുരമതിലുകളും മാളികകളുംമററും അകലത്തായിക്കാണപ്പെട്ടു. സുവർണ്ണത്തെപ്രഭാവിശിവിളങ്ങുന്ന ആ മഹാപുരത്തെനോക്കി, ഹാഹാ! ഹീനനും വൃത്തഹീനനുമായ ഞാൻ ഇതിനുള്ളിൽ പ്രവേശിക്കുന്നതെങ്ങനെ? എന്നെ അവിടെ ആരറിയുന്നു. ആർ ഗണിക്കുന്നു ലോകംവാഴുന്ന രാജാക്കന്മാർ കാഴ്ചകളുംകപ്പങ്ങളും കെട്ടിച്ചുമന്നുകൊണ്ടു കാത്തുകിടക്കുന്ന ഗോപുരവാതുക്കൽ ഞാനെങ്ങനെയാണു് കടന്നുചെല്ലുക. വികൃതനും ദരിദ്രനുമായ എന്നെ ആരാനു് അകത്തുകടത്തുകീകടത്തിയാൽതന്നെ ഏഴാംമാളികമുകളിൽ ഇരിക്കുന്ന ആ ജഗന്നാഥനെ ഏതൊരുപ്രകാരത്തിലാണു് കാണ്മാൻ സാധിക്കുക? കണ്ടാലും കല്പകവൃക്ഷച്ചുവട്ടിൽചെന്നുനിന്നു കാഞ്ഞിരക്കായവേണമെന്നുചോദിക്കുന്നതുപോലെ, മോക്ഷപ്രദനായ അദ്ദേഹത്തോടു ദുഃഖഭാജനമായ അർത്ഥത്തെ എങ്ങനെയാണപേക്ഷിക്കുക? എന്നിങ്ങനെ ഓരോവിചാരങ്ങളോടുകൂടി പ്രഭാപൂർണ്ണമായ രത്നസേതുവിൽകൂടികടന്നു്, ദ്വാരകാപുരത്തിൽചെന്നുചേർന്നു.

ഒന്നാം അദ്ധ്യായം സമാപ്തം.

---

## രണ്ടാം അദ്ധ്യായം.

---

### (കുചേലൻ ദ്വാരകാപുരിയെ ദർശിച്ചതു്)

അല്ലയോ പരീക്ഷിത്തു മഹാരാജ! പരമഭാഗവതനായ കുചേലബ്രാഹ്മണൻ ദ്വാരകാപുരിയിൽകടന്നു്, അതിലെ ദിവ്യപ്രഭാവങ്ങൾനോക്കി ആനന്ദമഗ്നനായി സാക്ഷാൽ ഭഗവദ്ദർശനംതന്നെ ലഭിച്ചാലെന്നപോലെ കൃതാർത്ഥനായി നടന്നുപോകുമ്പോൾ ചുററുമുള്ള അലയാഴിയിലെ ചെറുകല്ലോലങ്ങളുടെ നൃത്തത്തെ അതിശയിക്കുമാറു തുള്ളിക്കളിക്കുന്ന വായുവേഗങ്ങളായ കുതിരകളേയും അഞ്ജനപർവ്വതംപോലെ നടന്നടുക്കുന്ന ആനകളേയും മേരുശിഖരങ്ങളെന്നു ശങ്കിക്കത്തക്ക രഥങ്ങളുടെ ധ്വജങ്ങളിൽ മിളങ്ങു

ന്ന ഗരുഡപ്രതിമകളെയുംകണ്ടു വഴിയൊതുങ്ങി ആശ്ചൎയ്യഭയപരതന്ത്രനായിനിന്നും, സുവൎണ്ണമന്ദിരവരങ്ങളേയും സുവൎണ്ണമാരുടെ മുഖങ്ങളേയും, സുവൎണ്ണമധുരവചോവിലാസാദികളാൽ പ്രധാനകാമുകഹൃദയഭിത്തികളെ ഭേദിച്ചുവാഴുന്ന വാരനാരീമണികളേയും, രജതപാളികളാൽ പരികീൎണ്ണങ്ങളായ തെരുവീഥികളുടെ പ്രാന്തങ്ങളിൽ, വജ്രാദിനവരത്നങ്ങളെക്കൊണ്ടു ശോഭമാനമായ മന്ദിരങ്ങളുടെ ചന്ദ്രശാലകളിൽ വീണാരസത്തോടുകൂടി ഭഗവദപദാനങ്ങളെ വൎണ്ണിച്ചു പാടിരസിക്കുന്ന ചന്ദ്രബിംബമുഖിമാരായ സുന്ദരിമാരുടെ മന്ദാക്ഷവീക്ഷണങ്ങളുടെ വിലാസങ്ങളേയും, ഇന്ദ്രനീലങ്ങളാൽ കെട്ടപ്പെട്ട താമരപ്പൊയ്കകളിൽ കളിയാടുന്ന അരയന്നങ്ങളുടെ നടനത്തിനു ചിതമാംവണ്ണം പാടിപ്പാറക്കുന്ന വണ്ടിൻകൂട്ടങ്ങളേയും, ഇന്ദ്രന്റെ നന്ദനവനത്തെപ്പോലും അധഃകരിക്കുന്ന വൃക്ഷവല്ലീപരിശോഭിതങ്ങളായ പൂങ്കാവനങ്ങളേയുംമററും കണ്ടുകണ്ടു വിസ്മയിച്ചും, ശ്രവണമധുരങ്ങളായ ഗാനങ്ങളാൽ മനോഹരമാക്കിച്ചെയ്യുന്ന വീണാവേണുമൃദംഗാദിവാദ്യങ്ങളുടെഘോഷങ്ങളും ഭഗവൽഭജനതല്പരന്മാരായ ഭക്തന്മാരുടെ നാമസങ്കീൎത്തനങ്ങളും, കേട്ടുകേട്ടാനന്ദിച്ചും മാൎഗ്ഗസഞ്ചാരം ചെയ്യുന്ന സ്ത്രീപുരുഷന്മാരുടെ ഇടയിൽ താൻ അകപ്പെട്ടുപോകകൊണ്ടു അവരുടെ അംഗങ്ങളുടേയും വസ്ത്രാഞ്ചലങ്ങളുടേയും സ്പൎശംനിമിത്തം പലതരത്തിലുള്ള സുഗന്ധദ്രവ്യങ്ങളുടെ ആലേപനത്തിനു പാത്രീഭൂതനായും, സകലപാപങ്ങളും നശിക്കണമെന്നാഗ്രഹിക്കുന്നവർ വേഗത്തിൽവന്നു സാക്ഷാൽ ശ്രീകൃഷ്ണഭഗവാന്റെ പാദദൎശനം കഴിച്ചാൽ മതിയാകുമെന്ന അൎത്ഥത്തിൽമാടി വിളിക്കയാണൊ എന്നു തോന്നുമാറു്, കാററിലാടിക്കളിക്കുന്ന മഞ്ഞക്കൊടിക്കൂറകളെകണ്ടു കൺകുളുൎത്തും, രാജവീഥികളും ആപണങ്ങളും അഗ്രഹാരങ്ങളും കടന്നുനടന്നും, വളരെനേരംകൊണ്ടു മായാമനുഷ്യനായ ഭഗവാൻ ശ്രീകൃഷ്ണനിരുന്നരുളുന്ന മണിമേടയുടെ ഗോപുരദ്വാരത്തിൽ ചെന്നുചേൎന്നു.

അവിടെ ഭിത്തികൾതോറും ശ്രീകൃഷ്ണന്റെ ഗോപാലനാദിലീലകളും കംസാദിദുഷ്ടജനസംഹാരകഥകളുംമററും അതിവിചിത്രമായി എഴുതി, വൎണ്ണമാടിയലേഖനപരമ്പരകളെ വായിച്ചുമോദിച്ചും, ദീൎഘയാത്രകൊണ്ടുണ്ടായ പൈദാഹശ്രമങ്ങളെ വിസ്മരിച്ചും ഭക്തനായ കുചേലൻ ഭഗവൽപദങ്ങളെ ധ്യാനിച്ചുകൊണ്ടുനിന്നു. വാതിൽകാത്തുനില്ക്കുന്ന ജയവിജയതുല്യന്മാരായ കൃഷ്ണഭൃത്യന്മാരെ കണ്ടു് ആനന്ദാശ്ചൎയ്യഭരിതനായ കുചേലൻ വിനയത്തോടുകൂടി അല്ലയോ പരമപാവനന്മാരായ കൃഷ്ണഭക്തന്മാരെ! നിത്യവും ഭഗവദ്ദൎശനം ലഭിച്ചിരിക്കുന്ന ഭാഗ്യവാന്മാരെ! ബ്രഹ്മാദിസകലദൈവതങ്ങളുടേയും ദൈവതമായി വിളങ്ങുന്ന ഭഗവാൻ ശ്രീകൃഷ്ണനെകണ്ടു വന്ദിപ്പാനായി, വളരെദൂരത്തുനിന്നും വന്നിരിക്കുന്ന ഒരു സാധുബ്രാഹ്മണനാണു ഞാൻ. ഭഗവാന്റെ ഭക്തനും സതീൎത്ഥ്യനുമാണു്. കുചേലൻ എന്നാണുപേരു്. നിങ്ങൾ ഞാൻ കാണ്മാൻ വന്നിരിക്കുന്ന വിവരം തിരുമനസ്സറിയിച്ചുകഴിഞ്ഞെന്നെ കൂട്ടിക്കൊണ്ടുപോകണം എന്നുപറഞ്ഞു. ഇതുകേട്ടുകൊണ്ടടുക്കൽ നിന്നിരുന്ന രാജകിങ്കരന്മാർ കുചേലനെനോക്കി അപഹാസത്തോടെ പറഞ്ഞു. ഹേസാധുബ്രാഹ്മണ! ഏററവും ദരിദ്രനായ ഭവാനും ലോകാധിപതിയായ ഭഗവാനുംതമ്മിൽ സഖ്യമുണ്ടെന്നോ പറഞ്ഞതു്? പുഷ്ടനും വിപുഷ്ടനുംതമ്മിൽ സഖ്യമില്ലെന്നാണല്ലോ നീതിജ്ഞന്മാരുടെ അഭിപ്രായം. ഭഗവാനെയും ഭവാനെയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ, മേരുപൎവ്വതവും ഒരു കടുകും തമ്മിലുള്ള അന്തരമുണ്ടു്. ഇത്രവികൃതവും ഹീനവുമായ രൂപത്തിലും വേഷത്തിലും ഇതുവരെ ആരും ഭഗവാനെക്കാണ്മാൻ വന്നതായി ഓൎമ്മയില്ല. കനകമണികളാൽ അലംകൃതവും, മൃദുതൂലങ്ങളാൽ ആസ്തൃതവുമായ, മണിമേടയുടെ പടികളിൽ ഈ മലിനപാദങ്ങളെ ഊന്നുവാൻ നിശ്ചയിച്ചുവോ? അതിലേക്കു അനുവാദം തരുന്നതാരാണു്? ഹേസാധോ! വെറുതേ നിങ്ങൾതാമസിക്കാതെ വന്നവഴിക്കു മടങ്ങിപ്പൊയ്ക്കൊൾകവേണ്ടു. ഭിക്ഷുക്കൾക്കും ബീഭത്സന്മാൎക്കും കൊട്ടാരത്തിൽപ്രവേശമില്ല. പ്രായേണഭഗവദ്ദൎശനത്തിനു വരുന്നവർ വിശിഷ്ടവസ്ത്രാഭരണങ്ങളാൽ അലംകൃതന്മാരായിരിക്കുന്നതും, അങ്ങനെയിരിക്കേണ്ടതുമാകുന്നു. പണ്ടെങ്ങാനും ഭഗവാന്റെ ഗുരുവിൽനിന്നും ഭവാനും വല്ലതുമഭ്യസിച്ചിട്ടുണ്ടെങ്കിൽ അതു തിരുമനസ്സിലേക്കിപ്പോൾ ഓൎമ്മകാണുകയില്ല. ഓൎമ്മിച്ചാൽതന്നെ അതു നിങ്ങൾതമ്മിലുള്ള ബന്ധുത്വത്തിനു ഒരു കാരണമാകയുമില്ല.

രാജാവിനെ അറിയുന്ന ആളുകളെയെല്ലാം രാജാവറിഞ്ഞെന്നു വരികയില്ല. തിരുമനസ്സിലേക്കു കോപമുണ്ടാകാൻ ഭവാന്റെ ഈ ആഗമനം മതിയാകും. താങ്കളെക്കുറിച്ചു സ്മരണയുണ്ടായിരുന്നുവെങ്കിൽ ഭഗവാൻ ഇതിനുമുമ്പെയൊരിക്കലെങ്കിലും ആ കാൎയ്യമന്വേഷിക്കയും വല്ലകാരണവശാലും താങ്കളെക്കുറിച്ചു സംസാരിക്കയും ചെയ്യുമായിരുന്നു. അങ്ങിനെ ചെയ്യാത്തസ്ഥിതിക്കു സ്നേഹംഭാവിച്ചു കടന്നുചെന്നാൽ, സൽക്കാരത്തിനുപകരം ധിക്കാരമായിരിക്കും അനുഭവം. ബ്രാഹ്മണനല്ലേ? വല്ലേടത്തും നടന്നു ചാതമുണ്ടാലും വയറു നിറയ്ക്കാമല്ലോ. ആ സ്ഥിതിക്ക്, കൊള്ളാത്ത കാൎയ്യത്തിനു വ്യാമോഹിച്ചു കല്ലുകെട്ടി അപത്തിൽ ചാടുന്നതെന്തിന്? ഇന്ദ്രൻ മുതലായ ദേവന്മാർപോലും ഭഗവദ്ദർശനത്തിനു കാത്തുനിന്ന്, സമയംകിട്ടാതെ മടങ്ങിപ്പോകയാണുപതിവ്. കൊങ്കണേശൻ, കാശീശൻ, മുതലായ എത്രരാജാക്കളാണ്, ദിവസംതോറുംവന്നു സമയം കാത്തുനില്ക്കുന്നതു? അങ്ങിനെയുള്ള തൃപ്പാദങ്ങൾ കണ്ടുതൊഴുന്നതിനു എള്ളും പ്രയാസമില്ലെന്നു നിശ്ചയിച്ചു വന്നതു ബ്രാഹ്മണസഹജമായ അവിവേകത്തിന്റെ ലക്ഷണമെന്നല്ലാതെ ഞങ്ങൾ എന്താണു പറയുന്നതു? ഈ മാതിരി ദുർമ്മോഹംകൊണ്ടാണ്, ഭവാൻ ഒട്ടാകെ ദാരിദ്ര്യമനുഭവിക്കുന്നതെന്നു തോന്നുന്നു. ഇനിയെങ്കിലും മോഹമൊക്കെക്കളഞ്ഞു തിരികെ മടങ്ങിപ്പൊയ്ക്കൊൾക”

ഇങ്ങിനെ അപഹസിച്ചതുകേട്ടു കുചേലൻ പറഞ്ഞു:—“വിവേകികളായ രാജഭൃത്യന്മാരേ! നിങ്ങൾപറഞ്ഞതൊക്കെപ്പരമാൎത്ഥംതന്നെ. നിങ്ങൾ വിചാരിക്കുന്നതുപോലെ വല്ലതുമപേക്ഷിച്ചുവാങ്ങിക്കൊണ്ടു പോകാമെന്നുള്ള മോഹത്താലല്ല ഞാൻ വന്നതു്. പാപനാശനകരമായ തൃപ്പാദങ്ങൾ കണ്ടു തൊഴുതുപോകാൻ മാത്രമാണ്. വിശിഷ്ടവസ്ത്രാഭരണങ്ങൾ ധരിക്കത്തക്ക ധനപുഷ്ടിയുമെനിക്കില്ല. അതിനാൽ എന്നെ ഭഗവൽസന്നിധാനത്തിലേക്കു നയിക്കുന്നതിനു നിങ്ങൾക്കു കരുണയുണ്ടാകണം. ഇങ്ങിനെ വിനീതനായിപ്പറഞ്ഞശേഷം, താൻകൊണ്ടുവന്ന അവൽപ്പൊതി അവർ കാണരുതെന്നുദ്ദേശിച്ച് കക്ഷത്തിൽ നല്ലപോലെ മറച്ചുവച്ചു. കിങ്കരന്മാരുടെ വാക്കുകൾ കേട്ടു ദ്വാരപാലന്മാർ അവരെനോക്കി—ഹേ മൂഢന്മാരേ! നിങ്ങൾ ഈ സാധുബ്രാഹ്മണനെ അപഹസിച്ചതു കഠോരസാഹസമായില്ലേ? ഇദ്ദേഹം ആരാണെന്നു നിങ്ങൾ അറിയുന്നില്ല. വേദശാസ്ത്രപാരംഗതനും, വേദാന്തവേദ്യനായ ശ്രീവൈകുണ്ഠദേവന്റെ പാദഭക്തന്മാരിൽവച്ചുത്തമനുമാകുന്നു. ബ്രഹ്മസഭയിൽപോലും പ്രവേശിക്കത്തക്ക മഹിമ ഇദ്ദേഹത്തിനുണ്ട്. ജന്മങ്ങളിൽവച്ചു ദുർല്ലഭമായ മനുഷ്യജന്മം അതിൽതന്നെ വളരെ ദുർല്ലഭമായ ബ്രാഹ്മണജന്മം. ബ്രാഹ്മണർ ഏതുകാലത്തും എവിടെയും പൂജ്യന്മാരാകുന്നു. ആചാൎയ്യന്മാരും ലോകദൈവങ്ങളും അവർതന്നെ. ഭഗവാൻ വിശേഷിച്ചും ബ്രാഹ്മണപ്രിയനാണ്. അതുകൊണ്ടിദ്ദേഹത്തെ അവമാനിക്കാനോ അപലപിക്കാനോ നാം ഒരുങ്ങുന്നതു ശരിയല്ല. ബ്രാഹ്മണരിൽവച്ചുതന്നെ ഇദ്ദേഹം ബ്രഹ്മജ്ഞാനിയാകകൊണ്ടു ഈശ്വരതുല്യനാകുന്നു. ഈശ്വരന്മാർപോലും ഇങ്ങിനെയുള്ളവരെ വന്ദിക്കുന്നു. ആശാപാശങ്ങളോ ഏഷണത്രയമോ ഇവരെ ബന്ധിക്കുന്നില്ല. അതിനാൽ വേഷാഡംബരത്തിലും മറ്റും അവൎക്കു ഭ്രമമില്ല. ആരെക്കൊണ്ടും അവൎക്കു യാതൊരാവശ്യവുമില്ലെന്നുമാത്രമല്ല, അവർ ആരെയുംതന്നെ അവമാനിക്കുന്നതും ബഹുമാനിക്കുന്നതുമില്ല. ഇപ്രകാരമുള്ള അവധൂതന്മാർ ഭൂമി കീഴ്മേൽ മറിഞ്ഞാലും സമുദ്രം കരകവിഞ്ഞാലും യാതൊന്നും ഭയപ്പെടുന്നതുമില്ല. ദേഹത്തെക്കുറിച്ചുള്ള സ്മരണപോലും അവൎക്കില്ലെന്നുതന്നെ പറയാം. അതുകൊണ്ടാണിദ്ദേഹം മലിനനും കൃശനുമായിരിക്കുന്നതെന്നു തോന്നുന്നു. ലോകത്തിൽ ഒരു ജ്ഞാനിയെ കണ്ടുമുട്ടുക അത്രസുലഭമല്ല. മഹാജ്ഞാനിയായ ഇദ്ദേഹത്തെക്കാണ്മാൻ നമുക്കു സംഗതിവന്നതു്, പൂൎവ്വജന്മസുകൃതംതന്നെ ആയിരിക്കാം. ഇങ്ങിനെയുള്ളവർ സംസാരത്തിൽ ഉൾപ്പെട്ടിരുന്നാലും സംസാരം അവരെ ബന്ധിക്കുന്നില്ല. താമരയിലയിലെ വെള്ളംപോലെ അവർ മുക്തന്മാരായിത്തന്നെയിരിക്കുന്നു. അതുകൊണ്ടിദ്ദേഹത്തിന്റെ വരവിനെക്കുറിച്ചു നാമിപ്പോൾതന്നെ സ്വാമിയോടുണൎത്തിക്കേണ്ടതാണു, എന്നു പറഞ്ഞു കുചേലന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു.

ഈ അവസരത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ വൈകുണ്ഠപുരത്തേയും അധഃകരിക്കുന്ന തന്റെ മണിമന്ദിരത്തിൽ, കനകമണിഭിത്തികളാലും പവിഴസ്തംഭങ്ങളാലും, നിൎമ്മിതവും ശില്പവൈചിത്ര്യങ്ങളാൽ അലംകൃതവും മനോഹരവുമായ മണിമാളികയുടെ ഏഴാമത്തെ നിലയിൽ ദേവസ്ത്രീകളെപ്പോലും അതിശയിക്കുന്ന സുന്ദരിമാരായ ദാസിമാരോടുകൂടിയ രുക്മിണീദേവിയുമായി ചൂതുകളിച്ചുകൊണ്ടിരിക്കയായിരുന്നു. കനകവാതിലുകളാലും കനകതോരണങ്ങളാലും പുഷ്പമാല്യങ്ങളാലും, അലങ്കരിക്കപ്പെട്ട ചന്ദ്രകാന്തവേദികയിൽ സുഗന്ധവിലേപനാദികളുടെ പരിമളത്താൽ പരമാഹ്ലാദസത്തോടുകൂടി, സുന്ദരിമാരുടെ സംഗീതനൃത്തങ്ങൾ കേട്ടും കണ്ടും ആനന്ദിച്ചും ചാമരവ്യജനാദികളാലുള്ള അവരുടെ വീജനപാതമേററു സുഖിച്ചു വിനോദിച്ചിരിക്കുമ്പോൾ, ദ്വാരപാലന്മാരുമായി സംസാരിച്ചുകൊണ്ടുനില്ക്കുന്ന ഭക്തശിരോമണിയായ കുചേലനെ ദൂരത്തുകണ്ടു തൽക്ഷണം ഉദ്ബുദ്ധനായി ഭക്തവാത്സല്യത്താൽ പുളകാങ്കിത ശരീരനായി ചാടിയെഴുനേററു വീണ്ടും സൂക്ഷിച്ചുനോക്കിയശേഷം, മന്ദസ്മിതം തൂകിക്കൊണ്ടു തന്നത്താൻ താഴത്തേക്കു ചാടിയിറങ്ങി ഗോപുരദ്വാരത്തിലേക്കു പാഞ്ഞുചെന്നു. രുക്മിണീദേവിയും ദാസിമാരും ദ്വാരപാലന്മാരും ഭൃത്യന്മാരുമെല്ലാം ഇതെന്തൊരത്ഭുതമെന്നു സംഭ്രമിച്ചു നോക്കിനില്ക്കുമ്പോൾ, ഭഗവാൻ, വിയർത്തൊലിച്ചു ദുൎഗ്ഗന്ധമേറി മലിനമായ കുചേലശരീരത്തെ, പരിമളവസ്തുക്കളാൽ അലംകൃതമായി ലക്ഷ്മീവിലാസസൌഭാഗ്യമായിരിക്കുന്ന തന്റെ മാറോടുചേൎത്തു പലപ്രാവശ്യം ഗാഢാശ്ലേഷംചെയ്തു ആ ദ്രോഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു അനന്തരം വിനയബഹുമാനങ്ങളോടുകൂടി മുൻനടത്തിക്കൊണ്ടുപോയി, ഏഴാംമാളികയുടെ മുകളിൽ സുവൎണ്ണമഞ്ചത്തിൽ ഉപവേശിപ്പിച്ചു്, രുക്മിണീദേവി കൊണ്ടുവന്ന സ്വൎണ്ണഭാജനത്തിലെ ജലംകൊണ്ടു പാദക്ഷാളനംചെയ്തു. ആ തീൎത്ഥം താനുംദേവിയും ശിരസ്സിൽ ധരിച്ചു്, മററുള്ളവരെയും ആ തീൎത്ഥജലത്താൽ വിശുദ്ധരാക്കി ഭക്തിപൂൎവം വന്ദിച്ചുനിന്നു. രുക്മിണീദേവി, തൽക്ഷണംതന്നെ ഭൎത്താവിന്റെ അഭിമതമറിഞ്ഞു്, ആലവട്ടത്താൽ കുചേലബ്രാഹ്മണനെ വീശിത്തുടങ്ങി. അഭൂതപൂൎവമായിത്തനിക്കനുഭവിക്കാനിടയായ ആ മഹാസൽക്കാരത്തെക്കുറിച്ചു സംഭ്രാന്തനായ കുചേലൻ, മണിമഞ്ചത്തിൽ നിന്നും ചലിച്ചു താഴത്തിറങ്ങുകയും, രുക്മിണിയുടെ വീജനം ആവശ്യമില്ലെന്നു തടുക്കുകയും, ഭഗവാനേയും ദേവിയേയും, സാഷ്ടാംഗപ്രണാമംചെയ്യാൻ ഒരുങ്ങുകയും മററുംചെയ്തു. ഭക്തദാസനായ ഭഗവാൻ അതൊന്നും സമ്മതിക്കാതെ, ആ സാധുബ്രാഹ്മണനെ മഞ്ചത്തിൽ പിടിച്ചിരുത്തി ഉചിതോപചാരങ്ങൾ ചെയ്തുനിന്നു. എന്നിട്ടിങ്ങനെ അരുളിച്ചെയ്തു. "സുകൃതിയായ ഭൂദേവേശ്വര! അങ്ങേ നിൎമ്മലപാദപാംസുക്കൾ, എന്റെ മന്ദിരത്തെ വിശുദ്ധമാക്കിയിരിക്കുന്നു. പൂൎവജന്മകൃതമായ പുണ്യം എനിക്കു ഫലിച്ചുവെന്നു ഞാൻ വിചാരിക്കുന്നു. അജ്ഞാനികളായ ഞങ്ങൾ അങ്ങേപാദതീൎത്ഥം അങ്ങോട്ടുവന്നു വാങ്ങേണ്ടതായിരിക്കെ, ഇങ്ങോട്ടെഴുന്നെള്ളാൻ കരുണതോന്നിയതു്, അങ്ങേ മഹാമനസ്കതയുടെ ലക്ഷണമെന്നല്ലാതെ ഞാൻ എന്താണു പറയുക? എന്നെപ്പോലെ ധന്യനായി അന്യൻ ഈ ലോകത്തിലാരുണ്ടു്? നിന്തിരുവടിയെ ഞാൻ ചിന്തിക്കാത്ത സമയമില്ല. എങ്കിലും ഇതിനിടയ്ക്കു്, അങ്ങോട്ടുവന്നു കാണ്മാൻ ഇടയാകാത്ത ഭാഗ്യക്കേടിനെ ഞാൻ ശപിക്കുന്നു. അതൊരപരാധമാകയാൽ നിന്തിരുവടി ക്ഷമിക്കണമെന്നപേക്ഷിക്കയും ചെയ്യുന്നു. ഭവാദൃശന്മാരായ ജ്ഞാനികളുടെ അനുഗ്രഹംകൊണ്ടാണു് ഈ ലോകം നിലനിന്നുപോരുന്നതു്. അല്പജ്ഞനായ ഞാൻ ലോകസന്ധാരണത്തിനു ശക്തനായിഭവിച്ചതുമതുകൊണ്ടാണു്. ഹേ വേദവേദാംഗപാരംഗതനായ വിപ്രേശ്വര! വിവേകികളായ ജ്ഞാനികളുടെ സംസൎഗ്ഗവും ശുശ്രൂഷയും ഇല്ലാത്തവർ ഈ ലോകത്തിൽ ശ്വാവിനെക്കാളും അധമന്മാരാകുന്നു. "സാധുസംഗതിതന്നെ മോക്ഷകാരണം" മെന്നു വേദജ്ഞന്മാർ പറഞ്ഞിരിക്കുന്നു. ലോകവ്യവഹാരത്തിൽ നിന്നു മുക്തനായിരിക്കുന്ന ഒരു സാധുവിനെക്കാണുന്നതും സംസാരിക്കുന്നതും പരമപുരുഷാൎത്ഥമാണെന്നു ശ്രീപാഞ്ചരാത്രാഗമം മുതലായവയിൽ പറഞ്ഞിരിക്കുന്നു. സാധുസേവനമില്ലാത്തവൻ എത്ര സമ്പന്നനായാലും വിദ്വാനായാലും അവന്റെ ജന്മം നിഷ്ഫലംതന്നെ. അല്പനാൾ ... ായിട്ടുള്ള ബാല്യസ്നേഹത്തെ വിസ്മരിക്കാതെ ഇങ്ങോട്ടു

ഴുന്നള്ളി എന്നെ അനുഗ്രഹിച്ചതു എന്റെ ഭാഗ്യവിശേഷത്താലാണ്. സജ്ജനങ്ങളുടെ മൈത്രിക്കു ഏഴടി ഒരുമിച്ചു നടക്കുന്ന സമയം മതിയാകുമെന്നു വിദ്വാന്മാർ പറയുന്നു. ബാല്യസ്നേഹത്താൽ ഭവാൻ ഇപ്പോൾ ആഗമിച്ചതിൽനിന്നും എനിക്കതനുഭവമായി. സ്നേഹസ്വരൂപനായിട്ടാണ് ഈശ്വരൻ ലോകത്തെ ഭരിക്കുന്നതെന്നു പറയപ്പെട്ടിരിക്കുന്നു. സ്നേഹംതുല്യമില്ലാത്ത ഒരു സാധനവും ധനവുമാണ്. സമ്പത്തിനും സൌഖ്യത്തിനും മുക്തിക്കുമെല്ലാം ബീജവുമാണ്.

അക്കഥ നില്ക്കട്ടെ, ഇനി ഭവാന്റെ യോഗക്ഷേമത്തേയും ജീവിതചരിത്രത്തേയും കുറിച്ചു അരുളിച്ചെയ്യണം. സമാവർത്തനം കഴിഞ്ഞു നാം തമ്മിൽ പിരിഞ്ഞതിൽപിന്നെ, ഭവാൻ ഗൃഹസ്ഥാശ്രമത്തെ അംഗീകരിച്ചു എന്നുകേട്ടു. ഉത്തമയായ ആ സഹധർമ്മിണി ഭവാനനുരൂപതന്നെയൊ? ദാരിദ്ര്യാദിപീഡകൾ നേരിട്ടാലും സ്വധർമ്മത്തിൽ നിന്നണുപോലും വ്യതിചലിക്കാതെ ആ സാധ്വീരത്നം വർത്തിക്കുന്നുവോ? കുലദീപങ്ങളായ സന്താനങ്ങളെ ഭവാൻ ആ അന്തർജ്ജനത്തിൽ ഉല്പാദിപ്പിച്ചുവോ? ആ സാധുകുമാരന്മാരെ ഭക്ഷണവസ്ത്രാദികൾ നൽകി വഴിപോലെ സംരക്ഷിക്കുന്നുവോ? അവരുടെ ഉപനയനാദികർമ്മങ്ങൾ കഴിഞ്ഞുവോ? വിദ്യാഭ്യാസം വഴിപോലെ ചെയ്യിച്ചുവോ? ഭവാങ്കലും ദേവാങ്കലും അവർ ഭക്തിയുള്ളവരായി ഭവിക്കുന്നില്ലയോ? ജപതപോനിയമാദി സ്വകൃത്യങ്ങളെ ഭവാൻ ശരിയായി അനുഷ്ഠിച്ചുപോരുന്നില്ലയോ? ഭവാന്റെ സ്വദേശം അതുകളുടെ അനുഷ്ഠാനത്തിനു സൌകര്യമുള്ളതല്ലയോ?

ഇങ്ങനെ ഓരോ കുശലപ്രശ്നങ്ങൾ ചെയ്ത ഭഗവാന്റെ കാരുണ്യാതിശയത്തെ അഭിനന്ദിച്ചു കുചേലൻ ഉചിതമായ മറുപടി പറകയും, വേദാർത്ഥസ്വരൂപനായ അച്യുതനെ, പരമാത്മാവിനെ, ഹൃദയാന്തരത്തിൽ ധ്യാനിച്ചുറപ്പിച്ചു്, ആനന്ദബാഷ്പങ്ങൾ വർഷിച്ചുകൊണ്ടു നിശ്ചലനായിരിക്കയും ചെയ്തു. വീണ്ടും ഭഗവാൻ ഓരോ പ്രശ്നങ്ങൾ ആരംഭിച്ചു. ഹേ മുനിശ്രേഷ്ഠ! നമ്മൾ ഗുരുകുലവാസം ചെയ്ത കാലത്തെ കഥകൾ എല്ലാം അങ്ങേക്കോർമ്മയുണ്ടോ? ഒരുദിവസം നമ്മുടെ ഗുരുനാഥന്റെ ധർമ്മപത്നി നമ്മെ വിറകിനായി കല്പിച്ചയച്ചതോർക്കുന്നുണ്ടോ? വിറകൊടിക്കാൻ നമ്മൾ കാട്ടിൽപോയപ്പോൾ, കഠിനമായ ഇടിനാദത്തോടുകൂടിയ പെരുമഴപെയ്തതും, കടവില്ലാഞ്ഞു നമ്മൾ നനഞ്ഞു വൃക്ഷച്ചുവട്ടിൽ പറ്റിപ്പിടിച്ചുനിന്നതും, ശീതം ബാധിച്ചു കിടുകിടുത്തതും മഴവെള്ളംപൊങ്ങി നമ്മെ നനയ്ക്കയാൽ, വൃക്ഷക്കൊമ്പിൽക്കയറി നാം അഭയംപ്രാപിച്ചതും, മഴകഴിഞ്ഞപ്പോഴേക്കു നേരം ഇരുട്ടിപ്പോകയാൽ വഴിയറിയാതെ അരുണോദയമാകുന്നതുവരെ കൊടുംകാട്ടിൽ ചുറ്റിനടന്നതും, പിറ്റേദിവസം നനഞ്ഞൊലിച്ചു വിറകുമായി നാം വരുമ്പോൾ മഹർഷി നമ്മേ അന്വേഷിച്ചുനടന്നുവന്നു വഴിമദ്ധ്യേ കണ്ടുമുട്ടി ഓരോ ഉപചാരവാക്കുകൾ പറഞ്ഞു അനുഗ്രഹിച്ചതും, പിന്നീടു ഗൃഹത്തിൽ ചെന്നപ്പോൾ ഗുരുപത്നി പ്രീതിപൂർവം അശീർവദിച്ചതും, എല്ലാം ഓർക്കുന്നുണ്ടോ? വിശേഷിച്ചും അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽവെച്ചു അത്യന്തം ഗുരുഭക്തിയുള്ളവരും നമ്മളാണെന്നു അരുളിച്ചെയ്തതും ഓർക്കുന്നുണ്ടോ?

ഇങ്ങനെ കുശലപ്രശ്നങ്ങളും ഗുരുകുലവാസവൃത്താന്തപ്രസ്താവങ്ങളും കൊണ്ടാനന്ദിച്ചിരുന്നശേഷം, ഭഗവാൻ,—"പ്രിയവയസ്യ! വളരെനാളായിട്ടിപ്പോഴാണല്ലോ ഭവാൻ എന്നെക്കാണ്മാൻ വന്നതു്. എനിക്കു ഭക്ഷിക്കാൻ വല്ലതുംകൊണ്ടുവന്നിട്ടുണ്ടോ? നന്നേ വിശക്കുന്നു. കൊണ്ടുവന്നിട്ടുണ്ടെങ്കിൽ വേഗം ഇങ്ങുതരിക. ഉത്തമയായ ഭവാന്റെ ധർമ്മപത്നി എനിക്കു യാതൊന്നും തരായ്കയില്ലാതെ ഇരിക്കയില്ല" എന്നരുളിച്ചെയ്തു, ചെന്താമരപ്പൂപോലെയുള്ള തൃക്കൈകൾ നീട്ടിയപ്പോൾ, കുചേലൻ ലജ്ജാവിവശനായി, "ഹാ കഷ്ടം! ദേവന്മാർക്കു തൃപ്തിയാംവണ്ണം പീയൂഷത്തെ ദാനംചെയ്ത ഭഗവാനു കല്ലും കരടും പോകാത്ത ഈ അവിൽ ഞാനെങ്ങിനെയാണു കൊടുക്കേണ്ടതു്?" എന്നു നിശ്ചയിച്ചു്, ഒന്നും മറുപടി പറഞ്ഞില്ല. അതു മനസ്സിലാക്കിയ കരുണാകരനായ ഭഗവാൻ, കുചേലൻ കക്ഷത്തിൽ ഒളിച്ചുവച്ചിരുന്ന അവിൽക്കിഴി കൈപിടികൂടി. അഭിമാനത്താൽ കുചേലൻ അതു മുറുകെപ്പിടിച്ചു എങ്കിലും ഭഗവാൻ അതു കൈക്കലാക്കി അഴിച്ചു.—"ഹേ പ്രിയവയസ്യ! അവിൽ എനിക്കു വളരെ പ്രിയപ്പെട്ടതാണ്. ആ പരമാർത്ഥം ഭവാൻ മുൻകൂട്ടി അറിഞ്ഞ

തിനെക്കുറിച്ചു ഞാൻ അത്ഭുതപ്പെടുന്നു. ഇഷ്ടാനിഷ്ടങ്ങൾ മുൻകൂട്ടി അറിഞ്ഞനുവർത്തിക്കുന്നതു പരമാർത്ഥസ്നേഹത്തിന്റെ ചിഹ്നമാകുന്നു." എന്നരുൾചെയ്തു്, അത്യാർത്തിയോടെ ഒരു പിടിവാരി ഭക്ഷിച്ചു.—ഹാഹാ! ഇതു് അത്യന്തം രുചികരമായിരിക്കുന്നു. ഇതിൽ നെയ്യും ശർക്കരയും രുചിക്കുന്നു. ഇത്ര സ്വാദിഷ്ടവും ശ്രേഷ്ഠവുമായ ഒരു ഭക്ഷണസാധനം ഇതിനുമുൻപു ഞാൻ അനുഭവിച്ചിട്ടില്ല. പ്രിയപ്പെട്ട ജനങ്ങൾ ചെയ്യുന്നതെല്ലാം പ്രിയംകരമായല്ലാതെ വരികയില്ലെന്നുള്ള സുഭാഷിതം പരമാർത്ഥമാകുന്നു. എന്നോരോ ധന്യവാദങ്ങളോടുകൂടി രണ്ടാമതും അവലിൽ കൈവെച്ചു്, ഒരു മുഷ്ടിവാരി ഭക്ഷിക്കാൻ ഭാവിച്ചു.

ആ ആരംഭംകണ്ടു രുഗ്മിണീദേവി, പരിഭ്രാന്തയായതുപോലെ, അലവട്ടം ദൂരത്തിട്ടുംവെച്ചു് ഓടിയടുത്തു ഭർത്താവിന്റെ കൈക്കുപിടിച്ചു. ആ മുഷ്ടിയിൽപെട്ട അവിൽ എനിക്കു തരണം. എന്നാവശ്യപ്പെട്ടുകൊണ്ടു രഹസ്യമായിങ്ങനെ പറഞ്ഞു. പ്രാണനാഥ! ഭക്തനായ ഈ കുചേലനു ഐശ്വര്യമുണ്ടാകട്ടെ, എന്നു സങ്കല്പിച്ചു്, ഒരു പിടി അവിൽ ഭക്ഷിച്ചപ്പോൾതന്നെ അദ്ദേഹം ലോകോത്തരസമ്പന്നനായിക്കഴിഞ്ഞു. ഇനി, രണ്ടാമത്തെ അവിൽ പിടികൂടി ഭക്ഷിക്കുന്നതായാൽ, ഞാൻ അദ്ദേഹത്തിന്റെ ദാസ്യം വഹിക്കത്തക്കനിലയാകും. അങ്ങേ പാദശുശ്രൂഷചെയ്തു ദിവസങ്ങൾ നയിക്കണമെന്നാഗ്രഹിക്കുന്ന എന്നെ ഈ ബ്രാഹ്മണന്റെ ദാസിയാക്കുന്നതു പരമസങ്കടമാണു്.

**ഭഗവാൻ:**—പ്രിയേ! ഭക്തന്മാരെക്കാണുമ്പോൾ എന്നെപ്പോലും ഞാൻ മറന്നുപോകുമെന്നുള്ള പരമാർത്ഥം ഭവതി അറിഞ്ഞിരിക്കയില്ലേ? ഭവതിയെ ദാസിയാക്കണമെന്നു ഞാൻ ഉദ്ദേശിച്ചില്ല. എങ്കിലും ഇപ്രകാരം ഇപ്പോൾ എന്നെ നിരോധിച്ചില്ലായിരുന്നുവെങ്കിൽ ഭവതിയുടെ വിരഹം എനിക്കു സംഭവിക്കുമായിരുന്നു. എന്നരുളിച്ചെയ്തു വാരിയ അവിൽ തിരികെ പാത്രത്തിലിട്ടിട്ടു കുചേലനെ ഉപചരിച്ചു സ്നാനം ചെയ്യിച്ചു മൃഷ്ടാഷ്ടിയാൽ തൃപ്തനാക്കി,—"തങ്കത്താർ തൻതതിലളിതമാം ദന്തശില്പോല്ലസൽ പല്യങ്കത്തിന്മേൽ" ശയിപ്പിച്ചു. താനും, അതിനരികേതന്നെ സ്വർണ്ണരത്നഖചിതമായ ഒരു മഞ്ചത്തിൽ ശയിച്ചു്, പരമാനന്ദചിത്തനായി രാത്രിമിക്കവാറും നിദ്രയില്ലാതെതന്നെ കഴിച്ചുകൂട്ടി. അടുത്തദിവസം അരുണോദയമായപ്പോൾ, കുചേലൻ ഉണർന്നെഴുന്നേറ്റു നിത്യകർമ്മങ്ങളുംകഴിച്ചുശേഷം യാത്രപറഞ്ഞു പുറപ്പെട്ടു. ഭഗവാൻ അനുയാത്രയായി, ഗോപുരവാതിൽവരെച്ചെന്നു്, ഉപചാരവാക്കുകൾ പലതും പറഞ്ഞു പിരിഞ്ഞുപോകയും ചെയ്തു.

ഭഗവാൻ അത്യന്തബഹുമാനഭക്തിയോടുകൂടി ഉപചരിച്ചു സൽകരിച്ച ബ്രാഹ്മണൻ യാതൊരു പ്രതിഫലവും ലഭിക്കാതെ വെറും കയ്യോടെ പോകുന്നതുകണ്ടു്, പലരും അത്ഭുതപ്പെട്ടു. ഹാ! കഷ്ടം! ഇദ്ദേഹം എത്ര ദൂരത്തുനിന്നും, കഷ്ടതകൾ സഹിച്ചു്, വല്ലതും ലഭിക്കുമെന്നാശിച്ചുവന്ന ഒരു ദേഹമാകുന്നു. യാതൊന്നും കൊടുക്കാതെയാണല്ലോ ഭഗവാൻ യാത്രയാക്കിയതു്. കരുണാനിധിയായ അവിടുത്തേക്കു ഇത്ര നിഷ്കരുണത്വം ഭവിക്കുമോ? അഥവാ മായാസഹനായ അവിടുത്തെ മനോഗതി ആരറിഞ്ഞു? എന്നിങ്ങനെ പലപുരുഷന്മാരും സ്ത്രീകളും അനുകമ്പയോടുകൂടിപ്പറഞ്ഞുകൊണ്ടു നിൽക്കുമ്പോൾ, കുചേലൻ സംതൃപ്തനായി ധനത്തിന്റെ ചിന്തപോലുമില്ലാതെ മുമ്പോട്ടുനടന്നു. ഭഗവാന്റെ ഭക്തവാത്സല്യത്തേയും സൽക്കാരവിശേഷത്തേയുംകുറിച്ചനുമോദിച്ചും, അഴിവില്ലാത്ത ഭഗവൽപാദങ്ങളെ ധ്യാനിച്ചും ഭഗവന്മന്ദിരത്തിലെ ദിവ്യാഡംബരങ്ങളോർത്തു് വിസ്മയിച്ചും, നടന്നുപോകുമ്പോൾ കഴുത്തിൽകിടന്നരുദ്രാക്ഷമാലകൾ രത്നമാലകളായി ഭവിക്കയും, നിസ്തേജവും വികൃതവുമായ ശരീരം ദിവ്യതേജോവിലാസസുന്ദരമാകയും കീറത്തുണികൾ പീതാംബരങ്ങളാകയുംചെയ്തു. സ്വഭവനത്തോടു അടുക്കാറായപ്പോൾ കുചേലൻ തന്റെ പത്നിയുടെ സന്ദേശത്തെക്കുറിച്ചോർത്തു. കഷ്ടം! പട്ടിണിയായി വീട്ടിൽകിടക്കുന്ന അസാധുകുടുംബം എന്റെ വരവും കാത്തിരിക്കയാണു്. ഹാ ജഗദീശ! ഞാൻ അവരോടു എന്തൊരു സമാധാനമാണു പറയേണ്ടതു്. കത്തിക്കാളുന്ന ജഠരാഗ്നിയുടെ ചൂടു സഹിക്കാൻ ശക്തരാകാതെ കിടന്നു നിലവിളിക്കുന്ന ഇളംപൈതങ്ങളോടു അച്ഛനിപ്പോൾവരും ക

ഞങ്ങളെ! അദ്ദേഹം നിങ്ങൾക്കു ഭക്ഷണത്തിനാണുപോയിരിക്കുന്നതു്. എന്നിങ്ങനെ
പറഞ്ഞാശ്വസിപ്പിച്ചു്, എൻെറ വരവും കാത്തിരിക്കുന്ന ആ പതിവ്രതയെ കാണുമ്പോ
ൾ ഞാൻ എന്താണു പറക? ഭഗവാനോടു ഈ ദാരിദ്ര്യസ്ഥിതിയെക്കുറിച്ചു്, ഒരുവാക്കുപോ
ലും പറവാൻ എനിക്കു സാധിച്ചില്ല. അഥവാ, പറയാതെതന്നെ എല്ലാവസ്തുതയും അ
വിടെ അറിയാവുന്നതുമാണു്. ഞാൻ ഒന്നൊട്ടറിയിച്ചില്ലെങ്കിലും കല്പിച്ചിട്ടൊട്ടുചോദി
ച്ചതുമില്ല. അതു്, ദൈവസങ്കല്പമാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. മതിയല്ല
വിധിതന്നെ വലുതു്—എന്നപഴഞ്ചൊല്ലു സത്യംതന്നെ. ആത്മാവിനു പരഗതിയെ ദാ
നംചെയ്യുന്ന ആ ഭഗവാനെക്കണ്ടപ്പോൾ മുക്തിയെക്കുറിച്ചല്ലാതെ ധനത്തെക്കുറിച്ചെന്നി
ക്കോൎമ്മ വന്നില്ല. അതെൻെറ പുണ്യവിശേഷമാണെന്നുള്ളതിനു തൎക്കമില്ല. എങ്കിലും സം
സാരബന്ധത്താൽ എനിക്കു മനസ്സമാധാനമുണ്ടാകുന്നില്ല. "ആഹാ! അച്ഛൻവന്നു—
അച്ഛൻവന്നു—അച്ഛ! ഞങ്ങൾക്കെന്തുകൊണ്ടുവന്നു ഭോഗംതരണം"—എന്നിങ്ങനെപറ
ഞ്ഞുകൊണ്ടോടിവരുന്ന പുത്രന്മാരോടു മറുപടിപറയുന്ന കഥ ഓൎക്കുമ്പോൾ, തിരികെ ദ്വാ
രകയ്ക്കുതന്നെപോയി ഭഗവാനെക്കണ്ടു്, വല്ലതും യാചിച്ചാലോ എന്നു തോന്നിപ്പോകുന്നു.
അല്ലെങ്കിൽ അതെന്തിനു? സകലജ്ഞനമനനായ അവിടേക്കു നിഗ്രഹാനുഗ്രഹശക്തി
സ്വാധീനമല്ലേ? അവിടുന്നു സൎവസാക്ഷിയുമല്ലേ? വിശേഷിച്ചും. ദ്വാരകയിൽ
നിന്നും ഞാൻ തിരിക്കുമ്പോൾ കണ്ടതു്, ശുഭലക്ഷണങ്ങളായ ശകുനങ്ങളാണല്ലൊ. എ
ന്നെല്ലാം ഓരോവിചാരപരമ്പരയാൽ വിവശീകൃതമനസ്സായ കുചേലൻ വഴിയുടെ ദൂര
മോ ദ്രുതമോ അറിയാതെ യാത്രചെയ്യുമ്പോൾ, ഉത്തുംഗമായി സുവൎണ്ണംതപരികീൎണ്ണമായ
ഒരു മണിമന്ദിരം ആകാശചുംബികളായ ഗോപുരങ്ങളാൽ അലംകൃതമായി കാണപ്പെട്ടു.
ഹാഹാ! ഞാൻ വീണ്ടും ഭഗവദധിവാസസ്ഥാനമായ ദ്വാരകയിലേക്കാണോ വന്നുചേൎന്നതു്?
അഥവാ, ഇതു ദ്വാരകയല്ലയോ? സമുദ്രം കാണുന്നില്ലല്ലോ—എന്നിങ്ങനെ പരിഭ്രാന്ത
മനസ്സനായ കുചേലൻ ദിഗ്ഭ്രമത്താൽ നിശ്ചലനായി നിന്നുപോയി. തൽക്ഷണംതന്നെ
സൎവാഭരണവിഭൂഷിതഗാത്രികളായ ഒരു സുന്ദരീദാസിമാരാൽ പരിവൃതയായി, അഷ്ടമംഗ
ല്യാദികൾ കൈയിൽധരിച്ചു്, ഒരു രത്നപല്ലക്കും ചുമപ്പിച്ചുകൊണ്ടു്, അഭിമുഖമായി വരു
ന്നതുകാണായി. അതു സാക്ഷാൽ മഹാലക്ഷ്മിതന്നെയാണെന്നു നിശ്ചയിച്ചും വാസ്തുതകൾമ
നസ്സിലാകാഞ്ഞു പരിഭ്രമിച്ചും കുചേലൻ നില്ക്കുമ്പോൾ, കൈയിൽ വളകളും കാലിൽത
ളകളും മാറുരത്നാഭരണങ്ങളും ദിവ്യവസ്ത്രങ്ങളും ധരിച്ചു്, തുള്ളിച്ചാടിക്കളിച്ചുകൊണ്ടോടിവ
രുന്ന തൻെറ പുത്രന്മാരെയും കാണായി. അഹോ സൎവേശകരുണാകടാക്ഷംതന്നെ, ഈ
കാണപ്പെട്ട മണിമന്ദിരാദികളെല്ലാം ഭഗവാൻ എൻെറ സാധുകുടുംബത്തിനായി അനുഗ്ര
ഹിച്ചു. എന്നു തന്നത്താൻ പറഞ്ഞുകൊണ്ടു്, കുചേലൻ പുത്രന്മാരെ ആലിംഗനംചെ
യ്തുനില്ക്കുന്നതിനിടയ്ക്കു്, പത്നിയും പരിവാരങ്ങളും കാൽക്കൽവീണു നമസ്കരിച്ചു്, അ
ദ്ദേഹത്തെ പല്ലക്കിൽ ഉപവേശിപ്പിച്ചു. അനന്തരം സൎവവിധവാദ്യഘോഷങ്ങളോടുകൂടി
ത്തിരിച്ചു അളകാപുരത്തെയും അതിശയിക്കുന്ന തൻെറ മണിമന്ദിരത്തിൽ ചെന്നുകടന്നു.
ലോകംവഴിക്കു ദേവകൾ പുഷ്പവൃഷ്ടിചെയ്കയും ദുന്ദുഭിഘോഷിക്കയും കാണികൾ വിസ്മയാ
കുലരായി വാഴ്ത്തിസ്തുതിക്കയുംചെയ്തു.

## മൂന്നാംഅദ്ധ്യായം.

### (കുചേലൻ ഐശ്വൎയ്യംസിദ്ധിച്ചുപരമപദമടഞ്ഞതു്)

അല്ലയോ പരീക്ഷിത്തുമഹാരാജ! കുചേലബ്രാഹ്മണൻ വിചിത്രവും വിശാലവുമായ
തൻെറ മണിമന്ദിരത്തിൽ കടന്നപ്പോൾ ദ്വാരകയിൽ പ്രവേശിച്ചസമയത്തുണ്ടായതുപോ
ലെ മതിഭ്രമവും വിസ്മയവും വൎദ്ധിച്ചു. അനേകംദാസീദാസന്മാർ അവിടവിടെനിന്നു്, ഓടു

ഹത്തെ വന്ദിച്ചു. അടുത്ത അഗ്രഹാരങ്ങളിലുള്ള പലരും അദ്ദേഹത്തിന്റെ ഭാഗ്യോദയത്തെ അഭിനന്ദിക്കാനും ആശീർവദിക്കാനുമായി അവിടെക്കു വന്നിരുന്നു. ഭഗവദ്ഭജനത്തിന്റെ ഫലം സമ്പത്താണോ മുക്തിയാണോ എന്നു ചില സാധുക്കൾ സംശയിച്ചു. കുചേലപത്നിയുടെ അഭിമതപ്രകാരം, ഭഗവാൻ ഈ സമ്പത്തിനെ ദാനംചെയ്തതാണെന്നും, കുചേലൻ ധനത്തിൽ വിരക്തനാണെന്നും പലരും സംസാരിച്ചു—ജ്ഞാനികൾക്കു ധനമുണ്ടായാലും അവരുടെ മനസ്സ്, അതിൽ പതിയുകയോ ബദ്ധം കരിക്കുകയോ ചെയ്യുന്നില്ലെന്നും അതിലേക്കു ജനകൻമുതലായ രാജാക്കൾ ദൃഷ്ടാന്തമാണെന്നും കുചേലനും അതുപോലെ വിരക്തനും ജ്ഞാനിയുമാണെന്നും ചിലർ പറഞ്ഞു. സമ്പത്തും ഭാര്യയും പുത്രന്മാരുമെല്ലാം സംസാരികൾക്കല്ലയോ വേണ്ടതു്? മുനിമാർക്കെന്തിനാ? എന്നു ചിലർ ചോദിക്കയും അതിനു മറുപടിയായി, ച്യവനമുനി ബാല്യകാലംമുതൽക്കേ തപസ്സുചെയ്കയും ഒടുവിൽ സംസാരിയായിരുന്നു മുക്തിയടയുകയും ചെയ്തകഥ ചിലർ പറഞ്ഞുകേൾപ്പിക്കയും ചെയ്തു.

ഇത്രയുംകേട്ടപ്പോൾ, ശുകനെവന്ദിച്ചു്, ച്യവനമുനിയുടെ ചരിത്രം കേൾപ്പിക്കണമെന്നു പരീക്ഷിത്താവശ്യപ്പെട്ടു. ശുകൻ ഇങ്ങനെ പറഞ്ഞു. ഹേരാജൻ ഭൃഗുമുനിയുടെ മകനായ ച്യവനൻ ഹിമവാൻപർവ്വതത്തിന്റെ താഴ്വരയിലുള്ള കൊടുംകാട്ടിൽ പലനാൾ തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശരീരംമുഴുവൻ പുററുകൊണ്ടു മൂടിപ്പോയി. അക്കാലത്തു്, ഒരുദിവസം ശര്യാതിഎന്ന രാജാവിന്റെ മകളും തോഴിമാരുമായി ആ വനത്തിൽ പൂവിറുക്കാനായിപ്പോയി, അവർ അങ്ങനെ ചുററിനടക്കവേ, ഒരു ഭാഗത്തു പുററുവളർന്നുനില്ക്കുന്നതുകണ്ടു്, അതിനുള്ളിൽ എന്താണെന്നു പരിശോധിപ്പാനായി രാജപുത്രി അടുത്തുചെന്നുനോക്കി. മുനിയുടെതോൾഭാഗത്തുപുററിൽ ഒരു ദ്വാരമുണ്ടായിരുന്നതിൽക്കൂടിയാണു നോക്കിയതു്. ധ്യാനിച്ചിരുന്ന അദ്ദേഹത്തിന്റെ കണ്ണുകൾകണ്ടു് അതു വണ്ടുകളോമറേറാ ആണെന്നു സംശയിച്ചു്, ഒരു പുൽക്കൊടിയെടുത്തു്, അതിലൊന്നിൽകുത്തി. വേദനകൊണ്ടു സമാധിയഴിഞ്ഞ മുനി മുഖത്തെപുററു തട്ടിനോക്കിസർവ്വാംഗസുന്ദരിയായ ഒരു കന്യകയെയാണു ഉടനേ മുമ്പിൽകണ്ടതു്, തൽക്ഷണംതന്നെ കാമവിവശനായി കന്യകയുടെ കൈകളിൽ എത്തിപ്പിടിക്കാൻ ഭാവിച്ചു. അതിനിടകൊടുക്കാതെ അവർ വേഗത്തിൽ ദൂരത്തോടിമറഞ്ഞുകളഞ്ഞു. യദൃച്ഛയാ ആ അവസരത്തിൽ ശര്യാതി നായാട്ടിനായി ആ വനത്തിൽ ചെന്നുചേർന്നു. ച്യവനമുനിയെ അദ്ദേഹംകണ്ടുകൂടി വന്ദിക്കയും കണ്ണുകളിൽക്കൂടി നീരൊഴുകുന്നതിന്റെ കാരണം ചോദിക്കയുംചെയ്തു. ഒരു കന്യക കണ്ണിൽ ഒരു പുൽക്കൊടികൊണ്ടുകുത്തിവ്രണപ്പെടുത്തിയെന്നും അവൾ ആരാണെന്നന്വേഷിച്ചറിയണമെന്നും രാജാവിനോടു പറഞ്ഞു. മുനിയുടെ ആജ്ഞയനുസരിച്ചു രാജാവുപോയി അന്വേഷിച്ചപ്പോൾ വസ്തുതകളെല്ലാംമനസ്സിലായി. അറിവില്ലായ്കകൊണ്ടു തന്റെ പുത്രിയാണു്, ആ തെററുചെയ്തുപോയതെന്നും, ക്ഷമിച്ചനുഗ്രഹിക്കാൻകരുണയുണ്ടാകണമെന്നും രാജാവു മുനിയോടു ആവശ്യപ്പെട്ടു. അവളെ, തനിക്കു കല്യാണം കഴിച്ചുതരാത്തപക്ഷം താൻ ക്ഷമിക്കുന്നതല്ലെന്നു മുനിപറഞ്ഞു. ശാപശങ്കിതനായരാജാവു ഉടൻതന്നെ, പുത്രിയെ ആമുനീശ്വരനു വിവാഹംചെയ്തുകൊടുത്തു. അവരങ്ങനെ ദമ്പതിമാരായിരിക്കുന്നകാലത്തു ഒരുദിവസം വനത്തിൽവച്ചു്, അശ്വിനീദേവന്മാർ ആ രാജസ്ത്രീയെക്കണ്ടിങ്ങനെ പറഞ്ഞു—ഹേസുന്ദരി നീയാരുടെ പുത്രിയാണു്? പേരെന്താണു്? സമ്മതമുള്ളപക്ഷം ഞങ്ങളെ നീ വിവാഹംചെയ്യണം എന്നാഗ്രഹമുണ്ടു്.

**രാജപുത്രി**:—ഹേ ദേവന്മാരേ! ഞാൻ ശര്യാതിയെന്ന രാജാവിന്റെ മകളാണു്? സുകന്യകയെന്നാണുപേരു് ച്യവനമുനിയുടെ പത്നിയാണു്. മറെറാരാളെ ഇനി എനിക്കു വരിക്കാൻപാടില്ല—എന്നറിയിച്ചു.

അശ്വിനീദേവന്മാർ അതുകേട്ടുപറഞ്ഞു—"സുന്ദരി! ഭവതിയുടെ ഭർത്താവു കരിയില ഭക്ഷിച്ചും കാട്ടാറിലെ വെള്ളംകുടിച്ചും ജീവിക്കുന്ന ഒരു മുനിയല്ലേ? അയാൾക്കു രജോഗുണമെവിടെ? അതുകൊണ്ടു ശൃംഗാരരസികന്മാരായ ഞങ്ങളിലൊരാളെ ഭർത്താവായി വരിച്ചു് യൌവനത്തെ സഫലമാക്കുക—സുകന്യ:—ദേവന്മാരേ! എന്റെ ഭർത്താവു വൃദ്ധനും വിരൂപനുമല്ല. യൌവനയുക്തനും സുകുമാരശരീരനുമാണു്—കാണണമെങ്കിൽ ഞാൻ ഇപ്പോ

ൻ കൂട്ടിക്കൊണ്ടുവരാം. എന്നുപറഞ്ഞുചെന്നു്, ച്യവനമഹർഷിയെക്കണ്ടു്, സകലവസ്തുതകളും പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹം ഉടൻതന്നെ അടുത്തുള്ള ഒരു താമരപ്പൊയ്കയിലിറങ്ങി മുങ്ങി. നിവൎന്നപ്പോൾ അതികോമളശരീരനായിഭവിച്ചു. കന്ദൎപ്പസുന്ദരനായ ച്യവനൻ ഉടൻതന്നെ, പത്നിയുമായിച്ചെന്നു്, ദേവന്മാരെ വന്ദിച്ചുനിന്നു. സന്തുഷ്ടന്മാരായ അവർ ആ സാധുദമ്പതിമാരെ അനുഗ്രഹിക്കയും പരീക്ഷണാർത്ഥം ചോദിച്ചതാണെന്നുള്ള വസ്തുത പ്രസ്താവിക്കയുംചെയ്തശേഷം അന്തർദ്ധാനംചെയ്തു. ച്യവനൻ ധൎമ്മവിരുദ്ധമായ കാമത്തെ പാലിച്ചു്, അവളിൽ പുത്രോല്പാദനംചെയ്തു പലനാൾ ജീവിച്ചുശേഷം മുക്തിയടഞ്ഞു; ഇങ്ങനെയാണു ച്യവനകഥ. അതിനാൽ കുചേലൻ ഭാൎയ്യവാനാണെങ്കിലും അദ്ദേഹത്തിന്റെ തപോനിഷ്ഠയ്ക്കോ മുക്തിമാൎഗ്ഗത്തിനോ യാതൊരുവിഘ്നവുമില്ല. പലരും ഇങ്ങനെ പലതും പറഞ്ഞുകൊണ്ടുനില്ക്കുമ്പോൾ, കുചേലൻ ഗ്രഹാന്തർഭാഗത്തിലെത്തി, മാളികത്താഴെയുള്ള ചന്ദ്രകാന്തവേദിയിൽ ആരോഹിച്ചു. പത്നി,സജ്ജകലശജലത്താൽ ഭർത്താവിന്റെ പാദങ്ങൾകഴുകിച്ചു മാളികമേൽ കൂട്ടിക്കൊണ്ടുപോയി, സ്വൎണ്ണപല്യങ്കത്തിന്മേൽഉപവേശിപ്പിച്ചു്, ഉപചരിച്ചുനിന്നു. കാണപ്പെട്ടതെല്ലാം ഭഗവദനുഗ്രഹത്താൽസിദ്ധിച്ചതാണെന്നുള്ള ബോധത്തോടുകൂടി, വിരക്തരും നിസ്പൃഹരുമായ ആ ദമ്പതിമാർ, സന്തോഷിച്ചിരുന്നു. അനന്തരം കുചേലൻ ഈ സമ്പത്തുകളെല്ലാം എപ്പോൾ എങ്ങനെയുണ്ടായി എന്നു പത്നിയോടു ചോദിച്ചു. ഭർത്താവു പോകയുണ്ടായ ദിവസംതന്നെ സായംകാലം സമീപിച്ചപ്പോൾ സർവ്വാംഗസുന്ദരിയായ ഒരു ദേവി കൈയിൽ ഒരു ചെന്താമരപ്പൂവു ധരിച്ചുകൊണ്ടുപുറത്തുവന്നിട്ടു്, ഹേ സാധ്വീമണേ! ഭവതിയുടെ ഭർത്താവു ശ്രീകൃഷ്ണഭഗവാനു അവിൽ സമർപ്പിച്ചതിന്റെ ഫലമായി നിങ്ങൾക്കു സമ്പത്തുനല്കാനാണു ഞാൻവന്നതു്. അനല്പമായ സമ്പത്തു, ഇനിയെന്നും നിങ്ങൾ അനുഭവിക്കാറാകും—എന്നിങ്ങനെ തന്നോടു അരുളിച്ചെയ്തു മറഞ്ഞുവെന്നും, ഉത്തരക്ഷണത്തിൽ മണിമാളികമുതലായതെല്ലാം അവിടെ ആവിർഭവിച്ചുവെന്നും കുചേലപത്നിപറഞ്ഞു. അപ്പോഴേക്കു പരിചാരകവൃത്തിക്കു ‘ഞാൻ ഞാൻ’ എന്നമട്ടിൽ അനവധിജനങ്ങൾവന്നു്, കുചേലനെ ബലാൽതന്നെ ശുശ്രൂഷിക്കാൻ തുടങ്ങി—പനിനീർ തളിച്ചുവീശുക—താംബൂലാദികൾ ഒരുക്കിക്കൊടുക്കുക—സ്നാനാശനാദികൾക്കു ക്ഷണിക്കുക—മുതലായി ആരംഭിച്ച പരിചരണങ്ങൾ, ഒടുവിൽ കുചേലനെ ഒരു ബുദ്ധിമുട്ടാക്കിത്തീൎത്തു. എന്നിട്ടു അദ്ദേഹം ഇങ്ങനെ വിചാരിച്ചു കഷ്ടം! അർത്ഥം അനർത്ഥംതന്നെ. പാമരന്മാർ അർത്ഥത്തെ അനുഗ്രഹിക്കാത്തതിന്റെ പരമാർത്ഥം ഇപ്പോൾ എനിക്കുമനസ്സിലായി. ഇതു നരകപ്രദമാണെന്നല്ല ദുഃഖപ്രദവുമാണെന്നുള്ളതിനു സംശയവുമില്ല. എന്റെവീട്ടു്, എന്റെധനം ഇത്യാദി അഭിമാനങ്ങളെയുണ്ടാക്കി ജന്മത്തെ ആവർത്തിപ്പിക്കുന്നു. അതിനെ ഉപേക്ഷിക്കാതെ ഒരിക്കലും മുക്തിലഭിക്കയില്ലെന്നു ഉപനിഷത്തുകൾ ഘോഷിക്കുന്നു. ബ്രഹ്മമേസത്യം പ്രപഞ്ചം അസത്യം എന്നനിശ്ചയബുദ്ധി ലഭിക്കുന്നവനോ അവൻമാത്രമേ ധനാശയിൽനിന്നു വിമുക്തനാകയുള്ളു. അല്ലാത്തവൻ എത്ര സദ്ഗുണങ്ങളോടുകൂടിയവനായാലും അജ്ഞാനിതന്നെ. സമ്പൽസുഖങ്ങളനുഭവിച്ചുകൊണ്ടിരുന്നു, മുക്തനാകാൻ ആഗ്രഹിക്കുന്നതു്, വെള്ളത്തിൽ മുങ്ങിക്കിടന്നുകൊണ്ടു തീ കായാൻ തുടങ്ങുന്നതുപോലെ അസാദ്ധ്യംതന്നെയാണു്. അതിനാൽ ഭഗവദ്ധ്യാനത്തിൽതന്നെ ഞാൻ മനസ്സുവയ്ക്കുന്നു. എന്നു് നിശ്ചിതമനസ്സായി മൌനംദീക്ഷിച്ചു ജ്ഞാനനിഷ്ഠനായിരുന്നു.

വിധിപ്രകാരം ആസനം ഉറപ്പിച്ചു ഭഗവദ്ധ്യാനംചെയ്തിരുന്ന കുചേലമുനിയുടെ പുരോഭാഗത്തു കരുണാകരനായ ഭഗവാൻ ശ്രീനാരായണൻ പ്രത്യക്ഷപ്പെട്ടു. “ഹേ! ഭാഗവതവര്യ! അർത്ഥം ദുഃഖകരമാണെന്നുള്ള ചിന്തയാണോ നിന്നെ ചഞ്ചലപ്പെടുത്തുന്നതു്? ദാരിദ്ര്യംതന്നെ വേണമെന്നാണോ നിന്റെപക്ഷം? അങ്ങനെ തോന്നാൻ കാരണമെന്തു്? എന്നുചോദിച്ചു. ശാർങ്ഗായുധനായ ഭഗവാനെ അഗ്രഭാഗത്തു ദർശിച്ചമാത്രയിൽ പരമാനന്ദപരിപ്ലുതനായ കുചേലൻ ആനന്ദാശ്രുക്കൾതൂകി വന്ദിച്ചുണർത്തിച്ചു. സ്വാമിൻ! ഭഗവൽപാദഭജനത്തിനു ധനം വിഘ്നകാരണമാണെന്നടിയനു തോന്നുന്നു, മാനമോദിമദാ

ഷന്മാരെ മനസ്സിലുളവാക്കുന്നതു ധനമാണ്. അതിനാൽ ധനത്തോടുകൂടാതെയിരിക്കുന്നതാണു നല്ലതെന്നു തോന്നുന്നു.”

ഭഗവാൻ:—“പരമജ്ഞാനിയായ ബ്രാഹ്മണ! നീ പറഞ്ഞതിൽവളരെ പരമാർത്ഥമുണ്ടെങ്കിലും താമരയിലയിൽ വെള്ളത്തുള്ളി പററാത്തതുപോലെ ജ്ഞാനികളുടെ ഹൃദയത്തെ ആകർഷിക്കാനോ ദൂഷിപ്പിക്കാനോ ധനം മതിയാകുന്നില്ല. നിനക്കുവേണ്ടിയല്ല ഞാൻ ഈധനം ദാനംചെയ്തിട്ടുള്ളതു്. ധനേച്ഛുക്കളായ നിന്റെഭാര്യയേയും പുത്രന്മാരെയും ഉദ്ദേശിച്ചുമാത്രമാണ്. അനാശനംകൊണ്ടുംമററും ശരീരത്തിനുണ്ടാകുന്ന സങ്കടങ്ങളെ മനസ്സിൽ പ്രവേശിപ്പിക്കാതെ വയ്ക്കത്തക്ക ജ്ഞാനശക്തി അവൎക്കില്ല; അതുകൊണ്ടു അവർ ഭക്ഷണാദികളാൽ സംതൃപ്തരായിരുന്നുതന്നെ എന്നെ ധ്യാനിക്കട്ടെയെന്നു ഞാൻ നിശ്ചയിച്ചു. നീ പണ്ടുമിന്നും ഒരുപോലെ സംതൃപ്തൻതന്നെ. ദാരിദ്ര്യം നിന്നെ ഒരിക്കലും ബാധിച്ചിരുന്നില്ല. അർത്ഥമില്ലല്ലോ എന്നു സന്തപിക്കുന്നവനും അർത്ഥാശയൊരിക്കലും തീരാത്തവനുമാണു് ദരിദ്രൻ. അവനെത്രസമ്പത്തുണ്ടായാലും ദാരിദ്ര്യമൂർത്തിതന്നെ. അല്പംപോലും അർത്ഥമില്ലെങ്കിലും അർത്ഥാശകൂടാതെ സംതൃപ്തനായവൻ സംപൂർണ്ണസമ്പന്നനാണ്. എന്നാൽ ഈസമ്പത്തു, അനർത്ഥമാണെന്നോ നിരർത്ഥകമാണെന്നോ നീ ശപിക്കേണ്ടതില്ല” എന്നരുളിച്ചെയ്തു.

അഷ്ടപ്പാട്ടുകളാൽ ഉദ്ബുദ്ധനായ കുചേലൻ വേദസൂക്തങ്ങളാൽ ഭഗവാനെസ്തുതിച്ചു. അനന്തരം ഭഗവദ്ദശാവതാരകഥകളെ വാഴ്ത്തി—സ്തുതിവാക്യങ്ങൾകേട്ട വിഷ്ണുഭഗവാൻ സന്തുഷ്ടനായി, ഹേ കുചേല! നീ ഇപ്രകാരം പരമഭാഗവതാഢ്യനായി ഭാര്യാപുത്രാദികളോടുകൂടി ഭൂമിയിൽ ജീവിച്ചിരുന്നു ഒടുവിൽ എന്റെ പദത്തെ പ്രാപിച്ചാലും—എന്നരുളിച്ചെയ്തുമറഞ്ഞു.

വിഷ്ണുനിയോഗം പോലെതന്നെ കുചേലൻ ഭാഗവതോത്തമനായി ഭാര്യാപുത്രസമ്പത്തുകളിൽ ചേരാതെ ചേർന്നിരുന്നു വളരെനാൾ ഭഗവദ്ഭജനം ചെയ്കയും, ഒടുവിൽ ഭഗവന്നിയോഗപ്രകാരം വിഷ്ണുദൂതന്മാർ എഴുന്നെള്ളിവന്നു്, അദ്ദേഹത്തെ വിമാനത്തിൽ ആരോഹിപ്പിച്ചു, ദേവാദികളുടെ പുഷ്പവൃഷ്ടിയോടും വാദ്യഘോഷത്തോടുംകൂടി, വൈകുണ്ഠത്തെ പ്രാപിപ്പിച്ചു ഉടനെ ഭഗവാൻ കരുണാപൂർവ്വം സായുജ്യമുക്തിയെ കൊടുക്കയും ചെയ്തു.

കുചേലചരിത്രം സമാപ്തം.